ഇടനിലക്കാരായ കാണക്കാർ ഭൂമിയെ ഒരു നിക്ഷേപമായാണ് (Investmet) കണ്ടത്. ഇതിൽ നിന്നും പരമാവധി നേട്ടങ്ങൾ ഉണ്ടാക്കുന്നതിനായി അവർ വിവിധ ചൂഷണ മാർഗ്ഗങ്ങൾ സ്വീകരിച്ചു. ഇതുവഴി ജന്മിമാർക്ക് ലഭിച്ചിരുന്നതിനേക്കാൾ കൂടുതൽ പാട്ടം ഇവർക്ക് ലഭിച്ചു. അറ്റ ഉൽപ്പാദനത്തിന്റെ (Net Produce) 30 മുതൽ 35 ശതമാനം വരെ ഇടത്തട്ടുക്കാരായിരുന്നവർ കൈക്കലാക്കിയപ്പോൾ ജന്മികൾക്ക് കിട്ടിയത് 2 മുതൽ 10 ശതമാനവും, കൃഷിചെയ്തവർക്ക് കിട്ടിയത് 15 മുതൽ 20 ശതമാനവുമാണ്. ഇതിൽ നിന്ന് കൃഷി ചെയ്തവരുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നുവെന്ന് ബോദ്ധ്യപ്പെടും. തറവാടുകളും സ്ഥാനങ്ങളും അനുഭവിച്ചിരുന്ന ഭൂകുത്തക ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിലുള്ള മലബാറിൽ ഒന്നുകൂടി ശക്തിയായി. ഒരു ബ്രിട്ടീഷ് അനുകൂല ഭൂപ്രഭു വർഗ്ഗത്തെ സൃഷ്ടിക്കാൻ ഉതകുന്ന ഭൂനികുതി നയം 1792 ൽ മലബാറിൽ നടപ്പാക്കി. യഥാർത്ഥത്തിൽ ഈ നയം വളരെയധികം ഭൂമി കൃഷിചെയ്യാതെ തരിശായി ഇടുന്നതിന് ഇടവരുത്തി. അന്നത്തെ കുടിയായ്മ സമ്പ്രദായം വൻതോതിൽ ഭൂമിയിൽ മൂലധന നിക്ഷേപം ചെയ്യാൻ പ്രോത്സാഹിപ്പിച്ചില്ലെന്ന് മാത്രമല്ല. ഭൂവുടമകൾ കർഷകരെ ചൂഷണം ചെയ്യുന്നതിനും കൃഷിഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്നതിനും ഇടവരുത്തി. ഭൂമിയെ നിക്ഷേപമായി കാണുന്ന പ്രവണത വർത്തമാന കാലത്ത് കൂടുതൽ ശക്തമായി കാണുന്നു.

ബ്രിട്ടീഷുകാരുടെ ധാർഷ്ട്യഭരണരീതികൾക്കെതിരെയും ചൂഷണങ്ങൾക്കെതിരേയും ഏറനാട്ടിലും വള്ളുവനാട്ടിലും കർഷക വിഭാഗങ്ങളുടെ ചെറുത്ത് നിൽപ്പ് ഉയർന്നു വന്നു. ഈ പ്രദേശങ്ങളിലെ അരക്ഷിതാവസ്ഥയുടെ കാരണം കണ്ടു പിടിക്കാൻ ഈസ്റ്റ് ഇന്ത്യാ കമ്പനി ''സ്ട്രേഞ്ച് '' എന്ന ജഡ്ജിയെ നിയമിച്ചു. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ച സ്ട്രേഞ്ച്- ന്റെ റിപ്പോർട്ട് പ്രകാരം ഈ കലാപങ്ങൾ ഒക്കെയും മതഭ്രാന്തൻമാരുടെ "ഹാലിളക്കങ്ങൾ" ആയിരുന്നു. 1881 വരെ ഹാലിളക്കങ്ങൾക്ക് യാതൊരു അറുതിയും വരാതായപ്പോൾ വില്യം ലോഗനെ അന്വേഷണ കമ്മീഷനായി നിയമിച്ചു.

ഇതാണ് സുപ്രധാനമായ മലബാർ മാന്വലിന്റെ ജന്മത്തിനിടയാക്കിയത്.

1887 ജനുവരി 7 ന് സമർപ്പിച്ച റിപ്പോർട്ട് മലബാറിലെ കലാപത്തിന്റെ മൂലകാരണങ്ങൾ കാർഷിക വ്യവസ്ഥയിലുള്ള ബന്ധങ്ങളാണെന്ന് സമർത്ഥിച്ചു. കുടിയാന്മാരെ ഒഴിപ്പിക്കുമ്പോൾ ഭൂമിയിൽ അവർ ഉണ്ടാക്കിയ കുഴിക്കൂർ ചമയങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതാണെന്നുള്ള നിയമം (Malabar Compensation Tenant Improvement Act) മലബാറിൽ 1890 ൽ പാസാക്കി. ഇതുകൊണ്ടും കാർഷിക കലാപങ്ങളെ നിയന്ത്രിക്കാൻ ബ്രിട്ടീഷുകാർക്ക് സാധിച്ചില്ല.

1921 ലെ മലബാർ കലാപം പത്തൊമ്പതാം നൂറ്റാണ്ടിൽ മലബാറിൽ കർഷകർ നടത്തിപ്പോന്ന അനേകം സമരങ്ങളുടെ ഗുണപരമായ പരിണാമമായിരുന്നു. അത്തരം ഒരു മാറ്റത്തിന് ഉത്തേജനം നൽകിയത് 1885 ൽ ആരംഭിച്ച ഇന്ത്യൻ നാഷണൽ കോണഗ്രസ്സിന്റെ മലബാറിലെ പ്രവർത്തനങ്ങളായിരുന്നു. അധികാര സംസ്ഥാപനത്തിന് ശേഷം കാർഷിക രംഗത്ത് തോട്ടം മേഖലയിലാണ് ബ്രിട്ടീഷുകാർ ശ്രദ്ധ പതിപ്പച്ചത്. 1830 ഓടെ മെസ്സേഴ്സ് പാരിഡയർ ആൻറ് കമ്പനി തോട്ടം രംഗത്തെ തുടക്കക്കാരായി. തുടർന്ന് വൻ തോട്ടങ്ങൾ ഉയർന്നു വന്നു. 1862 ൽ ബ്രിട്ടീഷുകാരായ റോബർട്ട് എച്ച്.പിയേഴ്.സും, പാട്രിക് ലസ്സിയും ചേർന്ന് വയനാട്ടിലെ തോട്ടവിളകളെ അടിസ്ഥാനമാക്കി കോഴിക്കോട്ട് ആദ്യത്തെ കാപ്പി സംസ്ക്കരണ യൂണിറ്റ് സ്ഥാപിച്ചു. പിന്നീട് വില്യം ഗുഡേക്കർ ഹാരിസൺസ്, ക്രോസ് ഫീൽഡ്, ഫോൾക്കാൾട്ട് ബ്രദേഴ്സ്, ആസ്പിൻ വാൾ, മധുര കമ്പനി തുടങ്ങിയ നിരവധി സ്ഥാപങ്ങൾ നിലവിൽ വന്നു.

നേരിട്ട് കൃഷി ചെയ്യാതിരുന്ന ജന്മികളുടെ കയ്യിൽ ഭൂമി കേന്ദ്രീകരിച്ചത് വരുത്തിയ പ്രധാനപ്പെട്ട മാറ്റം സവർണ്ണ നായർ വിഭാഗങ്ങൾ ഉൾപ്പെടെ 'കാണക്കാർ' (Kanakkar) വിഭാഗത്തിന് ലഭിച്ച സാമൂഹ്യവും സാമ്പത്തികവുമായ ഉയർച്ചയായിരുന്നു. ജന്മിമാരിൽ നിന്നും ഭൂമി ലീസിന് വാങ്ങി വെറും പാട്ട വ്യവസ്ഥയിൽ കൃഷിചെയ്തിരുന്നവർക്ക് സബ് ലീസിന് നൽകി ജന്മിമാർക്ക് ലഭിച്ചിരുന്ന പാട്ടത്തിന്റെ ഒരു പങ്കും കർഷകർ ഉൽപാദിപ്പിച്ച ഉൽപ്പന്നത്തിൽ നല്ലൊരു പങ്കും ഇവർ കൈക്കലാക്കി.

കൊളോണിയൽ കാലഘട്ടത്തിലെ വ്യവസായം

നികുതി പിരിവിലൂടെയും സർക്കാർ ഉദ്യോഗങ്ങളിലൂടെയും ബ്രിട്ടീഷ് പങ്കുകച്ചവടത്തിലൂടെയും കരുത്താർജ്ജിച്ച പുതിയ ധനാഢ്യവർഗ്ഗം പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ വ്യവസായിക രംഗത്ത് മുതൽ മുടക്കാൻ പാകത്തിൽ വളർന്നു വന്നു. തുണി, മരം , തീപ്പെട്ടി നിർമ്മാണം, സോപ്പു നിർമ്മാണം, ഓട്, ഇഷ്ടിക നിർമ്മാണം, ഫർണ്ണിച്ചർ വ്യവസായം ബീഡി നിർമ്മാണം, പ്രിൻറിംഗ് എന്നിവയായിരുന്നു മുഖ്യവ്യവസായം.

1800 ൽ കോഴിക്കോട് സന്ദർശിച്ച ഡോ.ഫ്രാൻസിസ് ബുക്കാനൻ എഴുതിയതനുസരിച്ച് കോഴിക്കോടിന്റെ തീരദേശങ്ങളിൽ ഉപ്പ് നിർമ്മാണം വ്യാപകമായുണ്ടായിരുന്നു. 52 ഉപ്പളങ്ങൾ ഇക്കാലത്ത് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ബുക്കാനൻ നൽകിയ കണക്കനുസരിച്ച് 2096 വിൻജിസ്റ്റർ ബുഷൽ ഉപ്പ് കോഴിക്കോട്ട് ഉൽപാദിപ്പിച്ചിരുന്നു. കോഴിക്കോടിന്റെ പ്രകൃതിദത്ത ഉപ്പളങ്ങളിൽ നിന്ന് നാൽപ്പതിനായിരം പറയിൽ കൂടുതൽ ഉപ്പ് അന്യ പ്രദേശങ്ങളിലേക്ക് കയറ്റിയയച്ചിരുന്നു. ഇവിടുത്തെ മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഒന്നായിരുന്ന ഈ ഉപ്പളങ്ങൾ പിന്നീട് ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.

തോട്ടം രംഗത്തും കടൽ വ്യാപാര രംഗത്തും ഒതുങ്ങി നിന്നിരുന്ന ബ്രിട്ടീഷുകാരുടെ സാമ്പത്തിക പ്രവർത്തനം വ്യവസായ മേഖലയിലേക്ക് പ്രവേശിക്കുന്നത് 1834- ൽ ബാസൽ മിഷന്റെ വരവോടെയാണ്. കോഴിക്കോട് നഗരത്തിന്റെ കേന്ദ്രഭാഗങ്ങളിലൊക്കെ മിഷനറി സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചു നൽകാൻ ബ്രിട്ടീഷ് ഗവൺമെൻറ് തയ്യാറായി മിഷണറികൾ വ്യാവസായിക പ്രവർത്തനത്തെ മത പ്രചരണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങളുമായി കോർത്തിണക്കി.

ബാസൽ മിഷന്റെ ആദ്യത്തെ നെയ്ത്തുശാല - കോമൺവെൽത്ത് ടെക്സറ്റയിൽസ് 1855-ൽ നഗരത്തിൽ സ്ഥാപിതമായി. ഇതിന് മുമ്പ് തന്നെ തുണി നെയ്ത്തിന് കോഴിക്കോട് പ്രശസ്തമായിരുന്നു. 1878-ൽ സ്ഥാപിക്കപ്പെട്ട കാലിക്കറ്റ് ടൈൽ വർക്സ് ആണ് ഓട് വ്യവസായ രംഗത്തെ ആദ്യത്തെ സ്ഥാപനം.

ബാസൽ മിഷന്റെ ആദ്യത്തെ ഓട് ഫാക്ടറി

- കോമൺവെൽത്ത് ടൈൽസ്, 1902 -ൽ പുതിയറയിൽ സ്ഥാപിതമായി. 1905 ൽ ഇതേ പേരിൽ ഫറോക്കിലെ ഫാക്ടറിയും. ഈ രണ്ട് വ്യവസായങ്ങളിലും പാശ്ചാത്യ സാങ്കേതിക വികാസവും മാനേജ്മെൻറ് സങ്കല്പങ്ങളും വളർന്ന് വന്നത് മിഷനറിമാരുടെ പ്രവർത്തനത്തോടെയാണ്. 1885-ൽ മധുര കമ്പനി എന്ന പേരിൽ ജർമ്മൻക്കാർ തുടങ്ങിയ ഫറോക്ക് ടൈൽസ്, 1909-ൽ ആരംഭിച്ച പുതിയറ ഓട്ടുകമ്പനി, 1918-ൽ തുടങ്ങിയ സ്റ്റാന്റേഡ് ടൈൽസ്, 1920-ൽ ആരംഭിച്ച മലബാർ ടൈൽസ് വർക്ക്സ്, 1921-ൽ ആരംഭിച്ച സ്റ്റാർ ടൈൽസ് എന്നിവ ഈ കാലത്തെ പ്രശസ്ത ഓട്ടു കമ്പനികളാണ്. കോഴിക്കോട് നിർമ്മിച്ച ഓടുകൾ രാജ്യം മുഴുവനും കാലിക്കറ്റ് ഓടുകൾ എന്ന പേരിലറിയപ്പെട്ടിരുന്നു. ബർമ്മ, സിലോൺ, മലയ, ആസ്ത്രേലിയ തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്ക് ഇവിടെ നിന്നും ഓടുകൾ കയറ്റിയയച്ചിരുന്നു. ലോക പ്രശസ്തമായ കല്ലായി-ഫറോക്ക് തടി വ്യസായ മേഖല കോഴിക്കോടിന്റെ സാമ്പത്തിക ഉയർച്ചയിൽ വഹിച്ച പങ്ക് വലുതാണ്. ഒരു കാലത്ത് നഗരത്തിലെ മൂലധന സ്വരൂപണത്തിന്റേയും ഇടപാടിന്റേയും മുഖ്യസ്രോതസ്സായിരുന്നു മരം/ഈർച്ച വ്യവസായം. സൗത്ത് വയനാട്, നിലമ്പൂർ വനങ്ങളിലെ എണ്ണമറ്റ തടി സമ്പത്തായിരുന്നു ഈ വ്യവസായത്തിന്റെ അടിത്തറ. ലോകത്തിലെ രണ്ടാമത്തെ മരവ്യവസായ കേന്ദ്രമായിരുന്നു കല്ലായി. ഫർണിച്ചർ നിർമ്മാണം ഇക്കാലത്തെ പ്രധാനപ്പെട്ട വ്യവസായങ്ങളിലൊന്നായിരുന്നു. മരപ്പണിയിൽ ബാസൽ മിഷൻ തുടക്കം കുറിച്ച സാങ്കേതി വികാസം തദ്ദേശിയർ തുടർന്നു. ഈർച്ച മില്ലിന്റെ കാര്യത്തിലും വികാസമുണ്ടായി. ഡട്ട് കമ്പനി, യു.കെ. സോമിൽ എന്നിവ മുഖ്യ സ്ഥാപനങ്ങളായിരുന്നു.

വ്യാപാരരംഗം

പൗരാണിക കാലം മുതൽ കോഴിക്കോട് ഒരു പ്രമുഖ വാണിജ്യ കേന്ദ്രമായിരുന്നു. ലോകത്തിലെ പ്രധാന കേന്ദ്രങ്ങളിൽ നിന്നെല്ലാം വ്യാപാരികൾ കോഴിക്കോട്ടെത്തിയിരുന്നു. ചൈന, അറബ് രാജ്യങ്ങൾ എന്നിങ്ങനെ പുറത്തുനിന്നും, സിന്ധികൾ, ഗുജറാത്തികൾ, പഞ്ചാബികൾ എന്നിങ്ങനെ ഇന്ത്യ ക്കകത്തുനിന്നും കച്ചവടക്കാർ ഇവിടെ പ്രവർത്തിച്ചുവന്നു. 1498 ലെ പോർച്ചുഗീസ് വരവിനെ തുടർന്ന് നിരന്തരമുണ്ടായ നാവികയുദ്ധങ്ങൾ രണ്ട് മൂന്ന് നൂറ്റാണ്ടോളം ഇവിടത്തെ വ്യാപാരത്തെ പ്രതികൂലമായി ബാധിച്ചു. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലബാർ ജില്ലയുടെ ആസ്ഥാനമായി കോഴിക്കോട് മാറിയതോടെ വീണ്ടും ഉണർവ്വുണ്ടായി. വിഭാഗീയ ചിന്തകൾക്കതീതമായി കോഴിക്കോടിന്റെ നിലപാട് വാണിജ്യ വളർച്ചക്ക് സഹായിച്ചു. വൈവിധ്യമാർന്ന ഓട്, തുണി, സോപ്പ് തുടങ്ങിയ വ്യാവസായി കോൽപ്പന്നങ്ങളും ഗുണമേൻമയേറിയ കാർഷികോ ൽപ്പന്നങ്ങളും ചേർന്ന് സമ്പന്നമാക്കി യതായിരുന്നു കോഴിക്കോട്ടെ വ്യാപാര വിപണി. നാളികേരം, കൊപ്ര, മലഞ്ചരക്ക് വ്യാപാരം ധാന്യ മൊത്ത ക്കച്ചവടം, മരച്ചീനി, ഉപ്പ്, നൂൽ, ഹോസിയറി, തുണി, മരം ഉരുപ്പടികൾ, വെളിച്ചെണ്ണ, കശുവണ്ടിപ്പരിപ്പ്, ബീഡി, ചുരുട്ട്, തീപ്പെട്ടി എന്നിവയുടെ വാണിജ്യ കേന്ദ്രമായിരുന്നു കോഴിക്കോട്. കോഴിക്കോട്, ബേപ്പൂർ തുറമുഖങ്ങൾക്ക് കോഴിക്കോടിനെ ഒരു വാണിജ്യകേന്ദ്രമാക്കിയതിൽ നിർണ്ണായക സ്ഥാനമുണ്ട്.

ഫർണിച്ചർ നിർമ്മാണത്തിനാവശ്യമായ പ്രധാന അസംസ്കൃത പദാർത്ഥമായ മരത്തിന്റെ ലഭ്യത ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സഹായിച്ചു. ആകർഷകവും വൈവിധ്യവുമാർന്ന ഫർണിച്ചറുകൾക്ക് ഇന്ത്യയൊട്ടുക്കും ആവശ്യക്കാരുണ്ടായിരുന്നു. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്ക് കോഴിക്കോട്ടുനിന്നും ഫർണിച്ചർ കയറ്റിയയച്ചിരുന്നു. മദ്രാസ് പ്രസിഡൻസിയിൽ മദ്രാസ് നഗരം കഴിഞ്ഞാൽ പ്രധാന ഫർണിച്ചർ നിർമ്മാണ കേന്ദ്രം കോഴിക്കോടാണെന്ന് സി.എ.ഇൻസ്, മലബാർ ഗസറ്റിയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്ടെ ആദ്യത്തെ തുണിമിൽ ഫാക്ടറി ബാസൽ മിഷൻ ആരംഭിച്ചതാണ്. ഇതിന് നിട്ടൂർ, ചോമ്പാല തുടങ്ങിയ സ്ഥലങ്ങളിൽ ബ്രാഞ്ചുകൾ ഉണ്ടായിരുന്നു. 1884-ൽ ആരംഭിച്ച തിരുവണ്ണൂർ കോട്ടൺ മിൽ ആധുനിക മാനേജ് മെൻറ് സങ്കൽപ്പങ്ങളോടെ കോഴിക്കോട് നഗരത്തിൽ തുടങ്ങിയ ആദ്യത്തെ തദ്ദേശിയ വ്യവസായ സ്ഥാപനമാണ്. നെയ്ത്തുകാരുടെ നഗരമെന്ന ഖ്യാതി ഗതകാല കോഴിക്കോടിനുണ്ട്. ലോകപ്പെരുമ കൈവരിച്ച "കാലിക്കോ" തുണിയും "കാക്കി" തുണിയും കോഴിക്കോടിന്റെ ചിഹ്നങ്ങളാണ്.

ചെറുകിട കുടിൽ വ്യവസായമായ കയർ പതിനഞ്ചാം നൂറ്റാണ്ട് മുതൽ കോഴിക്കോട്ടുണ്ട്. അസംസ്കൃത പദാർത്ഥമായ ചകിരിയുടെ ഉയർന്ന ലഭ്യത, ചകിരി സംസ്കരിക്കുന്നതിനുള്ള

കായലുകൾ, ചെലവു കുറഞ്ഞ ജലഗതാഗതം, കുറഞ്ഞ കൂലിക്ക് തൊഴിലാളികളുടെ ലഭ്യത തുടങ്ങിയവ ഈ വ്യവസായത്തിന്റെ വളർച്ചയ്ക്ക് സഹായകമായി. ബേപ്പൂർ, പന്നിയങ്കര, വളയനാട്, ചെറുവണ്ണൂർ, നല്ലളം, കൊയിലാണ്ടി, തിക്കോടി എന്നിവയായിരുന്നു പ്രധാന ചകിരി സംസ്ക്കരണ കേന്ദ്രങ്ങൾ. കൊപ്ര വ്യവസായവും പ്രധാന ചെറുകിട വ്യവസായമായിരുന്നു.

സ്വാതന്ത്ര്യ സമര പ്രസ്ഥാനം

1885 ൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അന്ന് മുതൽക്ക് തന്നെ മലബാറിലെ ജനങ്ങളെ ആകർഷിച്ചിരുന്നു. ആദ്യകാല കോൺഗ്രസ് പ്രവർത്തനം മലബാറിലേക്കും മലബാറിന്റെ ആസ്ഥാനമായ കോഴിക്കോട്ടേക്കും വ്യാപിച്ചിരുന്നുവെന്നതിന് ഏറ്റവും വലിയ തെളിവ് 1897 ൽ അമരാവതി സമ്മേളനത്തിൽ അദ്ധ്യക്ഷൻ മലബാറുകാരനായ സർ സി.ശങ്കരൻ നായരായിരുന്നു എന്നതാണ്. 1903 ൽ കോഴിക്കോട് സംഘടിപ്പിക്കപ്പെട്ട രാഷ്ട്രീയ സമ്മേളനത്തെ തുടർന്ന് ദേശീയ കോൺഗ്രസ്സിന്റെ മലബാറിലെ ആസ്ഥാനമായി കോഴിക്കോട് മാറി. 1908 ൽ മലബാറിൽ ഡിസ്ട്രിക്റ്റ് കോൺഗ്രസ് കമ്മറ്റി രൂപീകൃതമായെങ്കിലും സംഘടിത രാഷ്ട്രീയപ്രവർത്തനം ആരംഭിച്ചത് ഒന്നാം ലോക മഹായുദ്ധകാലത്താണ്. ഒന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ ബ്രിട്ടീഷ് ഗവൺമെൻറിനോടുള്ള സമീപനം എന്തായിരിക്കണമെന്നതിനെപ്പറ്റി ആശയസംഘട്ടനം മലബാറിലുമുണ്ടായി. ബ്രിട്ടനെ സഹായിക്കുകയെന്ന നിലപാടായിരുന്നു കോൺഗ്രസ്സിൽ ഭൂരിപക്ഷത്തിനും. ഓട്ടോമൻ തൂർക്കി സാമ്രാജ്യവും അതിന്റെ ആത്മീയ രാഷ്ട്രീയ നേതാവായിരുന്ന ഖലീഫയും ബ്രിട്ടനെതിരെ പൊരുതുന്നതിനാൽ യുദ്ധത്തിൽ ഖലീഫിനെ സഹായിക്കാൻ ബ്രിട്ടനെ എതിർക്കണമെന്ന് ഒരു ന്യൂനപക്ഷമെങ്കിലും അഭിപ്രായപ്പെട്ടിരുന്നു. 1915-ൽ മലബാറിൽ വ്യാപകമായിരുന്ന കുടിയാൻ പ്രക്ഷോഭം ബ്രിട്ടനെതിരായ നിലപാട് ബലപ്പെടുത്തി.

1915 ൽ ആത്മവിദ്യസംഘം സ്ഥാപിച്ച വാഗ്ഭടാനന്ദ ഗുരു കോഴിക്കോട് കാരപ്പറമ്പിൽ തന്റെ പ്രവർത്തനം ആരംഭിച്ചു. ആത്മവിദ്യാസംഘത്തിന്റെയും ബ്രഹ്മസമാജത്തിന്റെയും തിയോസഫിക്കൽ സൊസൈറ്റിയുടെയും സംരംഭം ആയിരുന്നു 1916ൽ പ്രവർത്തനമാരംഭിച്ച ഹോംറൂൾ പ്രസ്ഥാനം. ഗവൺമെൻറിനെതിരെ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് പ്രകടനവും പൊതുയോഗവും കോഴിക്കോട് ആദ്യമായി നടന്നത് 1917 ജനുവരിയിലായിരുന്നു. യുദ്ധകാലത്ത് കോഴിക്കോട് നടന്ന ചരിത്ര പ്രസിദ്ധമായ ഒരു സംഭവം ടൗൺ ഹാളിലെ ഇറങ്ങിപോക്കായിരുന്നു. മദിരാശി ഗവർണർ കോഴിക്കോട് സന്ദർശിക്കുന്നതിന്റെ ഭാഗമായി യുദ്ധാവശ്യത്തിലേക്ക് പൊതുജനങ്ങളുടെ പേരിൽ പണക്കിഴി നൽകാൻ തീരുമാനിക്കുന്നതിനായി വിളിച്ചു ചേർത്ത യോഗത്തിൽ ശ്രീ.കെ.പി.കേശവമോനോൻ അതിനെതിരെ സംസാരിച്ചത് ശ്രദ്ധേയമായി. 1917 ലെ മൊണ്ടേഗു ചെംസ്ഫോർഡ് ഭരണ പരിഷ്കാരം സ്വീകരിക്കണമെന്ന ആനിബസന്റിന്റെ നിലപാട് മലബാറിലെ കോൺഗ്രസ്സിൽ വലിയ അഭിപ്രായ വ്യത്യാസങ്ങൾക്ക് വഴിവെച്ചു. പുതിയ പരിഷ്കാരം അതൃപ്തികരവും ഇച്ഛാഭംഗജനകവുമാണെന്ന് 1920 ലെ സമ്മേളനം പാസ്സാക്കിയ പ്രമേയം വിലയിരുത്തി. 1920 ൽ ഗാന്ധിജിയും ഷൗക്കത്തലിയും മലബാറിൽ പര്യടനം നടത്തി. നിസ്സഹകരണ സമര പ്രചരണാർത്ഥം ഗാന്ധിജി കോഴിക്കോട് സന്ദർശിച്ചപ്പോൾ ഇരുപതിനായിരത്തിലധികം പേർ ഗാന്ധിജിയുടെയും മൗലാന മുഹമ്മദലിയുടെയും പ്രസംഗം കേൾക്കാൻ കോഴിക്കോട് കടപ്പുറത്ത് എത്തിയിരുന്നു. ഗാന്ധിജി അന്ന് നടന്ന് പോയ നിരത്താണ് ഗാന്ധിറോഡ്. നിസ്സഹകരണ പ്രസ്ഥാനക്കാലത്ത് മലബാറിലും വിദേശ വസ്തുക്കൾ, ചട്ടങ്ങൾ, കോടതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ബഹിഷ്കരിക്കുകയുണ്ടായി. ഇതേ കാലത്തുതന്നെയാണ് ഖിലാഫത്ത് പ്രസ്ഥാനവും ആരംഭിക്കാൻ ഇടയായത്. ഖിലാഫത്ത് കമ്മറ്റികളും കോൺഗ്രസ് കമ്മറ്റികളും യോജിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഇക്കാലത്ത് മലബാറിലുണ്ടായി. ഈ ഐക്യത്തെ തുരങ്കം വെക്കാനുള്ള ഗൂഢാലോചനയും കുതന്ത്രവുമായിരുന്നു അന്നത്തെ ജില്ലാ മജിസ്ട്രേറ്റായിരുന്ന തോമസ് പോലിസ് സന്നാഹത്തോടെ തിരൂരങ്ങാടി പള്ളിവളഞ്ഞ് ജനക്കൂട്ടത്തിന് നേരെ നടത്തിയ വെടിവെപ്പ്. ഇതാണ് 1921 ഓഗസ്റ്റ് 20 ന് ആരംഭിച്ച മലബാർ കലാപത്തിന് കാരണമായത്. ഹിന്ദു മുസ്ലീം വിരോധം ആളിക്കത്തിക്കാൻ ഗവൺമെൻറ് ആവുന്നതൊക്കെ ചെയ്തു. ലഹള തലവൻമാരെ ശിക്ഷിക്കുകയും ചെയ്തു. കെ.കേളപ്പൻ, എം.പി. നാരായണമേനോൻ, മൊയ്തുമൗലവി, മുഹമ്മദ് അബ്ദുറഹിമാൻ എന്നിവർ ഇങ്ങനെ ശിക്ഷിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു.

ലഹളയ്ക്കുശേഷം കുറേക്കാലം കോഴിക്കോട്ട് യാതൊരു പൊതു പ്രവർത്തനവും സാധ്യമായിരുന്നില്ല. ഖിലാഫത്തിനോടനുബന്ധിച്ച് നടന്ന ലഹളയ്ക്ക് പ്രധാന ഉത്തരവാദികൾ കോൺഗ്രസ്സുക്കാരാണെന്ന് ബ്രിട്ടീഷുകാർ പ്രചരിപ്പിച്ചു. ദേശീയ പ്രസ്ഥാനത്തെ ക്ഷീണിപ്പിക്കാനും നിർവ്വീര്യമാക്കാനും ചില സാമുദായിക നേതാക്കൻമാർ അക്കാലത്ത് ശ്രമിച്ചിരുന്നു. ദുരിതങ്ങൾക്ക് വിധേയരായ ജനങ്ങൾക്ക് സംരക്ഷണം നൽകാനും കോഴിക്കോട്ട് അനൗദ്യോഗിക റിലീഫ് ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു.

1923-ൽ കെ.പി.കേശവമേനോന്റെ മുഖ്യ പത്രാധിപത്യത്തിൽ തുടങ്ങിയ 'മാതൃഭൂമി' പത്രം ദേശീയ സമരത്തിന്റെ പ്രചാരണ മാധ്യമമായി പ്രവർത്തിച്ചു തുടങ്ങി. 1924-ൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് 'അൽഅമീൻ' പത്രം ആരംഭിച്ചു. 1927 ഡിസംബർ 21 ന് ഡോ.ആനിബസന്റിന്റെ ഉത്സാഹത്തിൽ കോഴിക്കോട് ടൗൺ ഹാളിൽ ചേർന്ന യോഗം സൈമൺ കമ്മീഷനെ ബഹിഷ്കരിക്കാനാഹ്വാനം നൽകി. സൈമൺ കമ്മീഷൻ ബഹിഷ്കരണം, ലാലാ ലജാപത് റായിയുടെ മരണം, തുടർന്ന് അസംബ്ലിയിൽ നടന്ന ബോംബേറ്, ഭഗത് സിംഗിന്റേയും കൂട്ടുകാരുടെയും മരണശിക്ഷ തുടങ്ങിയ സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട് രാഷ്ട്രീയ രംഗത്തുണ്ടായ ഉണർവ്വ് കോഴിക്കോട്ടും പ്രതിഫലിച്ചു.

1930 ജനുവരി 26 ന് ഇന്ത്യയിലെല്ലാം പൊതുയോഗങ്ങൾ ചേർന്ന് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തണമെന്നുള്ള ആഹ്വാനം കോഴിക്കോട്ടും നടപ്പാക്കപ്പെട്ടു. പയ്യന്നൂരിൽ ഉപ്പുസത്യാഗ്രഹം നടത്താൻ കോഴിക്കോട്ടു നിന്ന് ജാഥകൾ സംഘടിപ്പിക്കപ്പെട്ടു. ആദ്യത്തെ വളണ്ടിയർ സംഘം 1931 ഏപ്രിൽ 13 ന് കെ.കേളപ്പന്റെ നേതൃത്വത്തിൽ പുറപ്പെട്ടു. മെയ് 12 ന് കോഴിക്കോട് കടപ്പുറത്ത് നടന്ന ഉപ്പ് നിയമ ലംഘനത്തിൽ പങ്കെടുത്തവരെ പോലീസ് ക്രൂരമായി മർദ്ദിച്ചു. കെ.കേളപ്പൻ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, പി. കൃഷ്ണപ്പിള്ള എന്നിവരെ അറസ്റ്റു ചെയ്ത് കഠിന തടവിന് ശിക്ഷിച്ചു. കോൺഗ്രസ് സംഘടനയെ ഗവൺമെൻറ് നിയമ വിരുദ്ധമായി പ്രഖ്യാപിച്ചു. നേതാക്കൾ അറസ്റ്റു ചെയ്യപ്പെട്ടു. ഇതിൽ പ്രതിഷേധിക്കാൻ വിദ്യാർത്ഥികൾ പ്രകടനം നടത്തി സാമൂതിരി കോളേജിന് മുന്നിലുള്ള അരയാൽത്തയ്ക്ക് സമീപം യോഗം ചേർന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശം യുവതലമുറയിലേക്ക് വ്യാപിക്കുന്നതിന്റെ ആദ്യത്തെ പ്രകടനമായിരുന്നു ഈ സംഭവം. ഇക്കാലത്ത് ദേശീയ പ്രസ്ഥാനത്തിൽ സ്ത്രീകളുടെ സജീവമായ പങ്കാളിത്തമുണ്ടായിരുന്നു.

1932 ജനുവരി 4 ന് ഗാന്ധിജിയേയും കോൺഗ്രസ് വർക്കിംഗ് കമ്മറ്റി അംഗങ്ങളേയും അറസ്റ്റു ചെയ്തതോടെ നിയമ ലംഘന പ്രസ്ഥാനം വീണ്ടും സജീവമായി. കോൺഗ്രസ് നിരോധിച്ചിരുന്നതിനാൽ പൊതു പ്രവർത്തനങ്ങൾ സാധ്യമായിരുന്നില്ലെങ്കിലും ഭരണത്തിനെതിരെ വൻതോതിൽ ജനങ്ങൾ അണിനിരക്കാൻ തുടങ്ങിയിരുന്നു. നിരോധിത കോൺഗ്രസ്സിന്റെ ആറാം അഖിലകേരള സമ്മേളനം 1932 മെയ് 15 ന് കോഴിക്കോട് ചേർന്നു. 300 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം അതീവ രഹസ്യമായിട്ടാണ് സംഘടിപ്പിച്ചത്. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സർവ്വാധികാരിയായി ചുമതലയേറ്റ് കോഴിക്കോടെത്തിയ ഇ.എം.എസ് അറസ്റ്റ് ചെയ്യപ്പെട്ടു. 100 രൂപ പിഴയും മൂന്ന് കൊല്ലം തടവും വിധിക്കപ്പെട്ടു. കോഴിക്കോട് വെച്ചായിരുന്നു ഇ.എം.എസ്സിന്റെ ആദ്യത്തെ അറസ്റ്റ്. 1934 ലെ നിയമ ലംഘന സമരത്തെ ഗവൺമെൻറ് ക്രൂരമായി നേരിട്ടു. 1934 ഏപ്രിൽ 7 ന് നിയമലംഘനസമരം പിൻവലിച്ചു. ഇത് യുവ കോൺഗ്രസ്സുക്കാർക്കിടയിൽ നിരാശയുണ്ടാക്കി. പലരും സോഷ്യലിസ്റ്റ് ആശയങ്ങളിലേക്ക് ആകർഷിക്കപ്പെട്ടു. ഇതിന്റെ പരിണിത ഫലമായാണ് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കപ്പെട്ടത്. 1934 മുതൽ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിക്കകത്ത് കമ്മ്യൂണിസ്റ്റുകാർ പ്രവർത്തിച്ചിരുന്നു. ഇവർക്ക് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ഭൂരിപക്ഷമുണ്ടായിരുന്നു. കേരളത്തിലെ നേതാക്കളിൽ എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള, ഇ.എം.എസ്. എൻ.സി.ശേഖർ, കെ. എ കേരളീയൻ, കെ.പി.ആർ ഗോപാലൻ തുടങ്ങിയവർ വമ്പിച്ച ബഹുജന പിന്തുണയുള്ളവരായിരുന്നു.

1936-ൽ ഭരണഘടന പ്രകാരം മദിരാശി അസംബ്ലിയിലേക്ക് തിരഞ്ഞെടുപ്പ് നടന്നപ്പോൾ മലബാറിൽ നിന്നുള്ള എല്ലാ കോൺഗ്രസ് സ്ഥാനാർത്ഥികളും വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. ഇതേ കാലത്ത് നടന്ന മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പിലും കോൺഗ്രസിന് വൻ ഭൂരിപക്ഷം കിട്ടി. ഈ കാലഘട്ടത്തിലാണ് മലബാർ രാഷ്ട്രീയത്തിൽ മുസ്ലീംലീഗ് പ്രവർത്തിച്ചു തുടങ്ങുന്നത്. 1939-ൽ

തലശ്ശേരി താലൂക്കിലെ പിണറായി ഗ്രാമത്തിൽ സ്ഥാപിക്കപ്പെട്ട കമ്യൂണിസ്റ്റ് പാർട്ടി കേരള ഘടകത്തിന്റെ സിരാകേന്ദ്രം കോഴിക്കോട് നഗരമായിരുന്നു. 1939 സെപ്തംബർ 3 ന് ആരംഭിച്ച രണ്ടാം ലോക മഹായുദ്ധത്തെ സാമ്രാജ്യത്വ യുദ്ധമായി കോൺഗ്രസ്സുകാരും കമ്യൂണിസ്റ്റുകാരും അധിക്ഷേപിച്ചു. ഗാന്ധിജി നിർദ്ദേശിച്ച വ്യക്തി സത്യാഗ്രഹത്തെ കമ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റു കാരും സ്വാഗതം ചെയ്തില്ല. 1940 സെപ്തംബറിൽ മർദ്ദന പ്രതിഷേധപ്രകടനത്തിന് കെ.പി.സി.സിയും കർഷകസംഘവും ആഹ്വാനം ചെയ്തു. മലബാറിൽ 16 ഇടങ്ങളിൽ നിരോധനാജ്ഞ ലംഘിച്ചുകൊണ്ട് പ്രകടനങ്ങൾ നടന്നു.

കൂത്താളി എസ്റ്റേറ്റിലെ ഫലഭൂയിഷ്ടമായ ഭൂമിയിൽ കർഷകർ കാലാകാലമായി നടത്തിയിരുന്ന പുനംകൃഷി സർക്കാൻ നിയമം മൂലം നിരോധിച്ച തിനെതിരെ ഉയർന്ന പ്രതിഷേധമായാണ് ചരിത്ര പ്രസിദ്ധമായ കൂത്താളി സമരം വളർന്നുവന്നത്.

1942-ൽ ക്വിറ്റ് ഇന്ത്യാ സമരം കോഴിക്കോട്ടും നടന്നു. കോൺഗ്രസ് നേതാക്കളെ അറസ്റ്റ് ചെയ്ത് കാരാഗൃഹത്തിലടച്ചു. ഫറൂക്ക് പാലം, ചേമഞ്ചേരി-നടുവണ്ണൂർ രജിസ്ട്രാഫീസ്, മറ്റു ചില സർക്കാർ ഓഫീസുകൾ എന്നിവ കരുതിക്കൂട്ടി ബോംബ് വച്ച് തകർക്കാൻ ഗൂഢാലോചന നടത്തിയെന്നായിരുന്നു കേസ്. ഡോക്ടർ.കെ.ബി.മേനോൻ, മത്തായി മാഞ്ഞൂരാൻ തുടങ്ങി 27 പേരാണ് കേസിലെ പ്രതികൾ. ബാക്കി 5 പേർ പിടികൊടുത്തില്ല. ദേശീയ പ്രസ്ഥാനത്തിന്റെ മുൻപന്തിയിലുണ്ടായിരുന്ന കുറുമയിൽ നാരായണൻ, തൈക്കണ്ടി പാച്ചർ, കുറുമയിൽ കേളുക്കുട്ടി, മുള്ളംകണ്ടി മീത്തൽ കുഞ്ഞിരാമൻ, കെ. നാരായണൻ എന്നീ പ്രതികൾ കീഴരിയൂർകാരായിരുന്നു. മുഴുവൻ പ്രതികളും വർഷങ്ങളോളം ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്നു.

തൊഴിലാളികൾ എല്ലായിടത്തും സാമ്പത്തിക പുരോഗതിയുടെ ചാലക ശക്തികളാണ്. തൊഴിലാളി സംഘടനകൾ ഈ ശക്തികളുടെ പ്രതീകങ്ങളാണ്. ദേവദാർ മലബാർ റീ- കൺസ്ട്രക്ഷൻ ട്രസ്റ്റ് (ഡി.എം.ആർ.ടി) നഗരത്തിലെ ആദ്യത്തെ ട്രേഡ് യൂണിയനായി കരുതപ്പെടുന്നു. 1930 കളിൽ പി.കൃഷ്ണപിള്ള, എ.കെ.ജി, കേരളീയൻ എന്നിവരുടെ നേതൃത്വത്തിൽ ശക്തമായ സമരങ്ങൾ കാർഷിക-വ്യാവസായിക രംഗങ്ങളിലുണ്ടായി. ഈ സമരങ്ങൾ അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം രാജ്യത്തിന്റെ സ്വാതന്ത്ര്യം ലക്ഷ്യം വെച്ചുള്ളവ കൂടിയായിരുന്നു. ഇത്തരം സമരങ്ങളാണ് ജില്ലയിൽ തൊഴിലാളി സംഘടനയ്ക്ക് അടിത്തറ പാകിയത്.

നിയമ വാഴ്ചയെ കാറ്റിൽപ്പറത്തി നടത്തിയ യുദ്ധകാലയളവിലെ ക്രൂരഭരണം ജനങ്ങളിൽ വ്യാപകമായ വെറുപ്പുണ്ടാക്കിയെങ്കിലും അതൊരു സംഘടിത പ്രസ്ഥാനമായി ഉയർന്നില്ല. യുദ്ധത്തിന്റെ സ്വഭാവത്തെക്കുറിച്ചും ബ്രിട്ടീഷുകാരെ പരാജയ പ്പെടുത്താൻ ആരെയൊക്കെ കൂട്ടു പിടിക്കണ മെന്നതിനെ പ്പറ്റിയും രാഷ്ട്രീയ പാർട്ടികൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായതാണ് ഇതിന് കാരണം.

സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ

ജാതി നവീകരണത്തിനു വേണ്ടി ബ്രഹ്മ വിദ്യാസംഘത്തിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ ആദ്യകാലങ്ങളിൽ തന്നെ ജില്ലയിൽ നടന്നിട്ടുണ്ട്. റാവു സാഹേബ്, അയ്യത്താൻ ഗോപാലൻ, വാഗ്ഭടാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന നവോത്ഥാന ശ്രമങ്ങളും പ്രസ്ത്യാവ്യമത്രേ. എന്നാൽ അധ:കൃത ജനതയുടെ ഉദ്ധാരണത്തിനായി സംഘടിത ശ്രമങ്ങൾ ആരംഭിച്ചത് അധ:കൃത പ്രസ്ഥാനത്തിന്റെ പിതാവായി അറിയപ്പെടുന്ന റെവറൻറ്. വി.ആർ. ഷിൻഡെ. ബ്രഹ്മസമാജക്കാരുടെ ക്ഷണം സ്വീകരിച്ച് കോഴിക്കോട് വന്നത് മുതൽക്കാണ്. തുടർന്ന് ഡിപ്രസ്സ്ഡ് ക്ലാസ്സസ് മിഷന്റെ ഒരു ശാഖയും ഇവിടെ സ്ഥാപിതമായി. വാഗ്ഭടാനന്ദന്റെ നേതൃത്വത്തിൽ അധഃസ്ഥിതികർക്ക് ജോലി നൽകാൻ വേണ്ടി രൂപീകരിച്ച സഹകരണ സംഘമാണ് ഇന്ത്യയിലെ തന്നെ പ്രശസ്തമായ നിർമ്മാണ കമ്പനിയായ കോഴിക്കോട്ടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS).

സ്ഥായിയായ മാറ്റങ്ങൾ ആരംഭിച്ചത് 1920 കളോടെയാണ്. 1924 ൽ കൊയിലാണ്ടിക്കടുത്ത മൂടാടിയിലെ പാവൂർ കുന്നിൽ കേളപ്പജി സ്ഥാപിച്ച ''പഞ്ചമ'' സ്കൂളാണ് നവോത്ഥാനത്തിന്റെ ആദ്യത്തെ സാക്ഷ്യം. ഗോപാലകൃഷ്ണ ഗോഖലെയുടെ സ്മരണയ്ക്കായി "ഗോപാലപുരം" സ്കൂളെന്നാണ് അതിന് അദ്ദേഹം പേരിട്ടത്. ഇവിടെ ഇതേ പേരിൽ പട്ടികജാതിക്കാരുടെ കോളനിയും സ്ഥാപിതമായി. വി.ആർ.നായനാരുടെ സേവനവും ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്.

ദേവ്ധാർ മലബാർ റീ കൺസ്ട്രക്ഷൻ ട്രസ്റ്റാണ് പിന്നീട് സ്കൂൾ നടത്തിയത്.

ആര്യസമാജത്തിന്റെ നേതൃത്വത്തിൽ തളി ക്ഷേത്രത്തിൽ നടന്ന തീണ്ടൽ വിരുദ്ധ സമരം ഹരിജനോദ്ധാരണ രംഗത്തെ പുതിയൊരുചുവട് വെപ്പായിരുന്നു. കെ.പി.കേശവമേനോൻ, ടി.കെ.മാധവൻ, കുറൂർ, ടി.ആർ.കൃഷ്ണസ്വാമി അയ്യർ, ടി.പി.ആർ നമ്പീശൻഎന്നിവരുടെ നേതൃത്വത്തിലുള്ള അയിത്തോച്ചാടന കമ്മറ്റിയുടെ പ്രവർത്തനവും ശ്രദ്ധേയമായിരുന്നു. 1927-ൽ ഗാന്ധിജി കോഴിക്കോട്ടെത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഹരിജനോദ്ധാരണത്തിനായി "ആദികേരളോദ്ധാരണ സംഘം" സ്ഥാപിതമായി. ഗാന്ധിയൻ പ്രവർത്തനരീതിയിലൂടെ ഹരിജനോദ്ധാരണ സംഘം ഊർജ്ജിതമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

ഗോപാലപുരത്ത് തുടങ്ങിവെച്ച ദൗത്യം വളർന്ന് പന്തലിച്ചത് പയ്യോളിക്കടുത്ത് നല്ലമ്പ്ര കുന്നിൽ ''പാക്കനാർ പുരം'' സ്കൂൾ സ്ഥാപിക്കപ്പെട്ടതോടെയാണ്. ഇവിടെ വിദ്യാർത്ഥി കൾക്കിടയിൽ നടന്ന പന്തിഭോജനവും ഹരിജനും നായരും കൂടി കഞ്ഞിവെപ്പും (എം.പി.മന്മഥൻ) കേരള മന:സാക്ഷിയിലേല്പിച്ച മാറ്റം വാക്കുകൾക്ക തീതമാണ്.

ഗുരുവായൂരമ്പലത്തിലേയ്ക്ക് പ്രവേശനം ആവശ്യപ്പെട്ടുകൊണ്ട് 1931 - ൽ ശ്രീ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹ ത്തിന്റെ മുന്നണിയിലും പിന്നണിയിലും കോഴിക്കോട്ടുകാരുണ്ടായിരുന്നു. സമീപ ജില്ലകളിലെ എ.കെ.ജി, മൊയ്യാരത്ത് ശങ്കരൻ, പി.കൃഷ്ണപിള്ള എന്നീ നേതാക്കന്മാരും കോഴിക്കോട്ടുകാരുടെ സമരവീര്യം വർദ്ധിതമാക്കാൻ സഹായിച്ചിട്ടുണ്ട്. ഗുരുവായൂർ സത്യാഗ്രഹത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വടകരയിൽ നടന്ന പ്രക്ഷോഭങ്ങളുടെ ഫലമായി 1946-ൽ വടകര ലോകനാർകാവ് "ഹരിജന" ങ്ങൾക്ക് കൂടി തുറക്കപ്പെട്ടത് മറ്റൊരു നിർണ്ണായക ചരിത്ര മുഹൂർത്തമായിരുന്നു. തുടർന്ന് സ്വാമി ആനന്ദ തീർത്ഥന്റെ നേതൃത്വത്തിൽ പ്രദേശത്തെ വിവിധ ക്ഷേത്രങ്ങളിലും ഊട്ടുപുരകളിലുമായി പന്തിഭോജനങ്ങളും വിവിധ സമരങ്ങളും അയിത്തത്തിനെതിരായി നടന്നിരുന്നു. ഒപ്പം, ജില്ലയുടെ വടക്കൻ പ്രദേശമായ ഒഞ്ചിയം, അഴിയൂർ ഭാഗങ്ങൾ കേന്ദ്രീകരിച്ച് ആത്മവിദ്യാ സംഘത്തിന്റെ പ്രവർത്തനവും ഇക്കാലത്ത് തുടങ്ങിയിരുന്നു.

കേരളത്തിന്റെ രൂപീകരണത്തിന് ശേഷം അയിത്തോച്ചാടന പരിപാടികളിൽ നിന്ന് മാറി അടിസ്ഥാന വർഗ്ഗങ്ങൾക്ക് സാമ്പത്തിക സുരക്ഷിതത്വത്തിനുകൂടി ഉതകുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. തൊഴിൽ ചെയ്യുന്നവർക്ക് മാന്യത ലഭ്യമാക്കുവാൻ തൊഴിലാളിവർഗ്ഗ സംഘടനകൾ സജീവമായി. പട്ടിക ജാതിക്കാരായ നിരവധി കുടുംബങ്ങൾക്ക് കുടികിടപ്പ് പതിച്ചുകിട്ടി. പക്ഷെ കൃഷിഭൂമി കർഷക തൊഴിലാളികളായ ഭൂരിപക്ഷം പട്ടികജാതി ക്കാർക്കും ലഭിച്ചില്ല. മാത്രമല്ല കുടികിടപ്പ് അനുവദിച്ച് കിട്ടിയത് മറ്റാർക്കും എത്തിപ്പെടാൻ പറ്റാത്ത സ്ഥലങ്ങളുമായി. അതിനാൽ പട്ടിക ജാതിക്കാർ പിന്നീടും പൊതു വികസന പ്രക്രിയകളിൽ നിന്ന് വേറിട്ട് തന്നെ നിന്നു.

കോഴിക്കോടിന്റെ കലാസഹിത്യമേഖല വളരെ വിപുലമാണ്. 'ഒരു ദേശത്തിന്റെ കഥ' പറഞ്ഞ് രണ്ടാം തവണ മലയാളത്തിന് ജ്ഞാനപീഠ പുരസ്ക്കാരം നേടിത്തന്ന എസ്.കെ.പൊറ്റക്കാട്. വിവിധ പ്രദേശങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിന്റെ യാത്രാവിവരണ ഗ്രന്ഥങ്ങൾ വായനക്കാരന് യാത്രാനുഭൂതി നൽകും വിധം മനോഹരങ്ങളാണ്. നിരവധി ദേശവാസ സഞ്ചാരങ്ങൾക്കൊടുവിൽ കോഴിക്കോട്ടുകാരനായിത്തീർന്ന ബേപ്പൂർ സുൽത്താൻ എന്ന വൈക്കം മുഹമ്മദ് ബഷീർ. ഭാഷാ ലാളിത്യം കൊണ്ടും ജീവിതാനുഭവം കൊണ്ടും സാധാരണക്കാരന്റെ കഥപറഞ്ഞ് വിസ്മയം തീർത്ത എഴുത്തുകാരനാണ് ബഷീർ. മലയാള സാഹിത്യത്തിലെ കുലപതിയും ജ്ഞാനപീഠ ജേതാവും കേരളത്തിന്റെ സാംസ്കാ രിക നായകനുമായ എം. ടി വാസുദേവൻ നായരുടെ കർമ്മ മണ്ഡലവും കോഴിക്കോട് തന്നെയാണെന്നത് അഭിമാനകരമാണ്.

നാടകത്തിലൂടെ സ്വന്തം സമുദായത്തിലെ യും പൊതു സമൂഹത്തിലേയും തിന്മകൾക്കെതി രെയും പൊരുതിയ കെ.ടി. മുഹമ്മദും, അമേച്ചർ നാടകവേദിയിലൂടെ കടന്ന് വന്ന് നാടക മേഖലയിൽ സ്വന്തം സ്ഥാനം അരക്കിട്ടുറപ്പിച്ച തിക്കോടിയനും കോഴിക്കോടിന്റെ സംഭാവനകളാണ്. മലയാളത്തി ലെ ആദ്യത്തെ വർണചിത്രമായ 'കണ്ടം ബച്ച കോട്ടി' ന്റെ തിരക്കഥ രചിച്ചത് കെ.ടി. മുഹമ്മദാണ്. നാടക രചനയിൽ തീവ്രമായ ഇടപെടലുകൾ നടത്തിയ എഴുത്തുകാരനായിരുന്നു പി.എം.താജ്.

മലയാളത്തിൽ "സുന്ദരികളും സുന്ദരൻമാരും" എന്ന നോവലിലൂടെ മലയാളസാഹിത്യത്തെ ആഗോളതലത്തിലേക്കെത്തിച്ച പ്രസിദ്ധ നോവലിസ്റ്റായ ഉറൂബും (പി.സി. കുട്ടികൃഷ്ണൻ) കോഴിക്കോട്ടുകാരനായിരുന്നു.

സിനിമയിലൂടെ കോഴിക്കോടൻ സംസാരരീതി കേരളത്തിലുടനീളമെത്തിച്ച ഹാസ്യത്തിന് പുതിയ മാനം നൽകിയ കുതിരവട്ടം പപ്പുവും, ഭാവാഭിനയത്തിൽ മികവ് പുലർത്തിയ നെല്ലിക്കോട് ഭാസ്ക്കരനും, കുഞ്ഞാണ്ടിയും കോഴിക്കോട്ടു കാർക്ക് അഭിമാനിക്കാവുന്ന താരങ്ങളായിരുന്നു. കോഴിക്കോടിന്റെ സാഹിത്യ സാംസ്ക്കാരിക ചരിത്രത്തിലെ നാഴികകല്ലാണ് 'ദേശപോഷിണി' വായനശാല.

കോഴിക്കോട്ടെ പുസ്തക പ്രസാധക രംഗത്തുള്ള സ്ഥാപനങ്ങൾ സാഹിത്യമേഖലയെ എന്നും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പുതിയ കാലത്ത് ഓൺലൈൻ എഴുത്തിന്റെ സാധ്യതകൾ പലരും നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ട്. എഴുത്തിനേയും എഴുത്തുകാരെയും ആഴത്തിൽ സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവരാണ് കോഴിക്കോട്ടുകാർ എന്നത് അഭിമാനകരമാണ്.

ചെറുകഥാകൃത്തും നോവലിസ്റ്റുമായ യു.എ.ഖാദർ മുസ്ലീം സമുദായത്തിന്റെ ജീവചരിത്രങ്ങൾ പകർത്തിയെഴുതിയ എൻ.പി.മുഹമ്മദ്, 'മരുന്നും' 'സ്മാരകശിലകളു'മെഴുതിയ പുനത്തിൽ കുഞ്ഞബ്ദുള്ള, 'സഫലമീയാത്ര' എന്ന കവിതയിലൂടെ മലയാള മനസ്സ് കീഴടക്കിയ എൻ.എൻ.കക്കാട്, 'തക്ഷൻകുന്ന് സ്വരൂപം' എന്ന നോവലീലൂടെ വയലാർ അവാർഡ് നേടിയ യു.കെ. കുമാരൻ, 'നെല്ല്' നോവലിലൂടെ പ്രശസ്തയായ പി.വത്സല തുടങ്ങി മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ കോഴിക്കോടൻ എഴുത്തുകാർ നിരവധിയുണ്ട്. വിവിധ സാംസ്കാരിക മേഖലകളിൽ നിറസാന്നിധ്യം അറിയിച്ചുകൊണ്ടിരുന്നവരിൽ കെ പി രാമനുണ്ണി, മാമൂക്കോയ, ഗിരീഷ് പുത്തഞ്ചേരി, വി.ടി മുരളി, ഹരിഹരൻ തുടങ്ങിയ നിരവധി പേരും ഉൾപ്പെടുന്നു. തിക്കോടിയൻ, ശാന്താദേവി, കെ. പി ഉമ്മർ, ബാലൻ കെ നായർ, എം.പി മേനോൻ, തെരുവത്ത് രാമൻ, മൊയ്തു മൌലവി, അക്ബർ കക്കട്ടിൽ തുടങ്ങിയ സാംസ്കാരിക മേഖലകളിലെ മൺമറഞ്ഞ പ്രതിഭകൾ കോഴിക്കോട് ജില്ലക്കാരായിരുന്നു.

2017 ലെ പത്മശ്രീ പുരസ്ക്കാരം പ്രഖ്യാപിച്ചപ്പോൾ കേരളത്തിൽ നിന്നും പത്മശ്രീ ലഭിച്ചത് അഞ്ച് പേർക്കാണ് . ഇതിൽ രണ്ടു പേർ കോഴിക്കോട് ജില്ലയിൽ നിന്നുള്ളവരാണെന്നുള്ളത് ഏറെ അഭിമാനകരമാണ്. കഥകളി ആചാര്യൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായരും വടകര കടത്തനാട് കളരി സംഘത്തിലെ വനിത ഗുരുക്കൾ മീനാക്ഷി അമ്മയുമാണ് ആ രണ്ട് പേർ. കഥകളി ചരിത്രത്തിലെ കെടാവിളക്കാണ് ഗുരുചേമഞ്ചേരി കുഞ്ഞിരാമൻ നായർ. ചേലിയ കഥകളി വിദ്യാലയത്തിലെ നൃത്ത അദ്ധ്യാപകനായ ഇദ്ദേഹം കലയ്ക്കുവേണ്ടി ജീവിതമുഴിഞ്ഞു വച്ച മഹാഗുരുവാണ്. നൂറ് പിന്നിട്ടിട്ടും പിഴയ്ക്കാത്ത ചുവടുകളോടെ വേദി കീഴടക്കുകയാണ് ഈ മഹാ പ്രതിഭ. 1979 ൽ നൃത്തത്തിന് അവാർഡും, 1990 ൽ നൃത്തത്തിനും കഥകളിയ്ക്കും കൂടി ഫെലോഷിപ്പും നൽകി കേരള സംഗീതനാടക അക്കാദമി ആദരിച്ചു. കൂടാതെ നിരവധി പുരസ്ക്കാരങ്ങൾ ഇദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. രാജ്യം ആദരിച്ച ഈ മഹാപ്രതിഭ കഥകളിയെ ജീവിത വ്രതമാക്കിയ കലാകാരനാണ്. മീനാക്ഷിയമ്മ കളരിയെ ജീവിതത്തോട് ചേർത്തുവെച്ച ആയോധന കലയിലെ ധീരവനിതയും.

ഭൂപ്രകൃതി

കേരള സംസ്ഥാനം ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിന് മുൻപ് മദ്രാസ് സ്റ്റേറ്റിലെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു കോഴിക്കോട്. 1956 ൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ കോഴിക്കോട് ജില്ല രൂപീകൃതമായി. കേരള സംസ്ഥാനത്തിന്റെ വടക്കു വശത്തുള്ള ജില്ലകളിലൊന്നാണ് കോഴിക്കോട്. കേരളത്തിലെ വൻനഗരങ്ങളിൽ ഒന്നായ കോഴിക്കോട് നഗരമാണ് ജില്ലയുടെ ആസ്ഥാനം. ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീര പ്രദേശത്താണ് ഈ നഗരം സ്ഥിതി ചെയ്യുന്നത്. വടക്ക് കണ്ണൂർ ജില്ല, തെക്ക് മലപ്പുറം ജില്ല, കിഴക്ക് വയനാട് ജില്ല പടിഞ്ഞാറ് അറബികടൽ എന്നിവയാണ് കോഴിക്കോട് ജില്ലയുടെ അതിർത്തികൾ. കോഴിക്കോട്, കൊയിലാണ്ടി. വടകര, താമരശ്ശേരി എന്നിവയാണ് ജില്ലയിലെ നാല് താലൂക്കുകൾ.

ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ തീര ഭൂമിയും കിഴക്ക് മലമ്പ്രദേശവുമാണ്. കേരളത്തിലെ നാലാമത്തെ നീളം കൂടിയ നദിയായ ചാലിയാർ, കുറ്റ്യാടിപ്പുഴ, കോരപ്പുഴ, കല്ലായിപ്പുഴ, പൂനൂർപ്പുഴ

എന്നിവ ഈ ജില്ലയിലൂടെ ഒഴുകുന്നു. വർഷത്തിൽ നൂറ്റിമുപ്പതിലേറെ ദിവസവും മഴലഭിക്കുന്ന ഇവിടെ ശൈത്യകാലമൊഴികെ മിക്കപ്പോഴും സാമാന്യം ചൂടനുഭവപ്പെടുന്നു.

കക്കയം ഡാം, കുറ്റ്യാടി ഡാം (പെരുവണ്ണാമൂഴി), തുഷാരഗിരി വെള്ളച്ചാട്ടം, ബേപ്പൂർ തുറമുഖം, കാപ്പാട് കടൽ തീരം, ലോകനാർകാവ് ക്ഷേത്രം, ഇരിങ്ങൽ 'സർഗ്ഗാലയ' ശില്പഗ്രാമം തുടങ്ങി കേരളത്തിൽ നിന്നും പുറത്തുനിന്നും ഒട്ടേറെ സഞ്ചാരികളെ ആകർഷിക്കാനുതകുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളും ഇന്ത്യയിൽ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചാത്തമംഗലം, കോഴിക്കോട് മെഡിക്കൽ കോളേജ്, ഫാറൂഖ് കോളേജ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്.മെന്റ്, ഗവ. ആർട്സ് & സയൻസ് കോളേജ് മീഞ്ചന്ത, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, മലബാർ ക്രൈസ്തവൻ കോളേജ്, സെൻറ് ജോസഫ് കോളേജ് ദേവഗിരി എന്നിവയും കോഴിക്കോടിന്റെ അഭിമാനമാണ്.

ഭൂവിനിയോഗത്തിൽ വന്ന മാറ്റം

1969 ൽ മലപ്പുറം ജില്ലാ രൂപീകരണവും 1980 ൽ വയനാട് ജില്ലാ രൂപീകരണവും നടന്നതോടെ ജില്ലയ്ക്ക് ഭൂവിസ്തൃതിയിലും ഘടനയിലും കാര്യമായ മാറ്റങ്ങളുണ്ടായി. അതു കൊണ്ടുതന്നെ എൺപതുകൾക്ക് മുമ്പുള്ള ഭൂവിനയോഗത്തിലുള്ള മാറ്റം ഇപ്പോൾ പ്രസക്തമല്ല. അതിനാൽ എൺപതുകൾക്ക് ശേഷമുള്ള 4 ദശകങ്ങളിലെ ഭൂവിനിയോഗത്തിലുണ്ടായ മാറ്റമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഭൂമിയിൽ 89 ശതമാനം വർദ്ധനവുണ്ടായി. കൃഷിയോഗ്യമല്ലാത്ത തരിശ്ശ് ഭൂമിയിൽ ഗണ്യമായ കുറവ് (ഏകദേശം 67 ശതമാനം) ഈ കാലയളവിൽ ജില്ലയിലുണ്ടായിട്ടുണ്ട്.

പട്ടിക 1.1

ജില്ലയിലെ ഭൂവിനിയോഗം (ഹെക്ടറിൽ)

ഭൂമിയുടെ തരം	വർഷം		
	1981–82	1995–96	2015–16
ആകെ ഭൂവിസ്തൃതി	234641	234641	234641
വനം	310.27	310.27	310.27
കാർഷികേതര ആവശ്യം	16798	22032	31763
കൃഷിയോഗ്യമല്ലാത്ത തരിശ്	1754	1295	582
മറ്റിനം വൃക്ഷങ്ങൾ	3816	1283	608
കൃഷിയോഗ്യമായ തരിശ്	3234	778	2832
3 വർഷമായി തരിശ്	1549	867	1676
1 വർഷമായി കൃഷിചെയ്യാത്ത ഭൂമി (കാലികതരിശ്)	2395	1718	2000
കൃഷിക്ക് ലഭ്യമായ ഭൂമി	162284	163932	149940
ഒന്നിലേറെ വിളവെടുക്കുന്ന സ്ഥലം	27755	57742	50902
ആകെ കൃഷിഭൂമി	190039	221674	200842

(സ്രോതസ്സ്: ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്-,അഗ്രിക്കൾച്ചറൽ & സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടുകൾ)

നെൽകൃഷി വിസ്തൃതി 1981-82 കാലയളവിൽ 27000 ഹെക്ടർ പ്രദേശത്ത് ഉണ്ടായിരുന്നത് 1997-98 ആയപ്പോൾ 7988 ഹെക്ടറായും 2015-16 ൽ ഇത് വീണ്ടും 2872 ഹെക്ടറായും ചുരുങ്ങി. ഉല്പാദന ക്ഷമത ഹെക്ടറിന് 1256 കിലോഗ്രാം അരി മാത്രമാണ് ഉള്ളത് ഉല്പാദന ക്ഷമത സംസ്ഥാനത്ത് ഏറ്റവും കുറവ് കോഴിക്കോടാണ്. തൃശ്ശൂരിൽ ഇത് 3203 കിലോഗ്രാം ആണ്. ജില്ലയുടെ മൊത്തം ഭൂവിസ്തൃതിയുടെ 63 ശതമാനം (147732 ഹെ.) കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്നു. ഇതിൽ 1987 ഹെക്ടർ സ്ഥലമാണ് നെൽകൃഷിയ്ക്ക് ഉപയോഗിക്കുന്നത്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാളികേരം കൃഷി ചെയ്യുന്ന ജില്ലയാണ് കോഴിക്കോട്. 1981-82 കാലയളവിൽ 94466 ഹെക്ടർ ഭൂമിയിൽ തെങ്ങ് കൃഷിയുണ്ടായിരുന്നത് ക്രമേണ വർദ്ധിച്ച് 120683 ഹെക്ടറായി ഉയർന്നു. എന്നാൽ 20 വർഷമായി തെങ്ങ് കൃഷി വ്യാപനത്തിൽ മുരടിപ്പാണ് കാണുന്നത്. നാളികേര ഉല്പാദനം 456 ദശലക്ഷത്തിൽ നിന്ന് 975 ദശലക്ഷമായി ഉയർന്നു. ഉല്പാദന ക്ഷമത സംസ്ഥാന ശരാശരിയിലേക്ക് എത്തിയിട്ടില്ല. കോഴിക്കോടിന്റെ ഉല്പാദനക്ഷമത തെങ്ങൊന്നിന് 40 തേങ്ങ മാത്രമാണ്. ജില്ലയുടെ കാർഷിക ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലത്തിന്റെ 60.83 ശതമാനവും നാളികേര കൃഷിക്കാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് നാളികേര കൃഷിക്ക് ഏറ്റവും കൂടുതൽ സ്ഥലം ഉപയോഗിക്കുന്ന ജില്ല കോഴിക്കോടാണ്. കാർഷിക ഭൂവിസ്തൃതിയുടെ 14.83 ശതമാനം (21930 ഹെക്ടർ) റബ്ബർ കൃഷിക്കായും ഉപയോഗിക്കുന്നു.

കുരുമുളക് കൃഷി വിസ്തൃതിയും ഉല്പാദനവും ഗണ്യമായി കുറഞ്ഞു വന്നതായി കാണാം. 1981-82 ൽ 13588 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുണ്ടായിരുന്നത് 2015-16 ൽ 3474 ഹെക്ടറിലേക്ക് ചുരുങ്ങി. ഉല്പാദനമാകട്ടെ 4701 ടണ്ണിൽ നിന്ന് 934 ടൺ ആയും കുറഞ്ഞു. ജില്ലയിലെ 1981-82, 1995-96, 2015-16 വർഷങ്ങളിലെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക 1.1 ൽ കൊടുത്തിരിക്കുന്നു.

ജില്ലയുടെ സാമ്പത്തിക ഘടന

കാർഷിക-വ്യവസായ-വാണിജ്യ- സേവന മേഖലകൾ, ജനസംഖ്യ, ആഭ്യന്തര ഉത്പാദനം, തൊഴിൽ പങ്കാളിത്തം, ധനകാര്യ സ്ഥാപനങ്ങൾ എന്നീ ഘടകങ്ങൾ പരിഗണിച്ചുകൊണ്ടാണ് ജില്ലയുടെ സാമ്പത്തിക ഘടന അവലോകനം ചെയ്യുന്നത്.

കാർഷിക രംഗം

1950 കളുടെ അവസാനം ജനസംഖ്യയുടെ 52.36 ശതമാനവും ഉപജീവനത്തിന് ആശ്രയിച്ചിരുന്നത് കാർഷിക മേഖലയേയും അനുബന്ധ പ്രവർത്തനങ്ങളെയുമായിരുന്നു. ഭൂമിയിലുള്ള ജനസംഖ്യാ സമ്മർദ്ദം കൃഷിഭൂമിയുടെ തുണ്ടുവൽക്കരണത്തിന് ഇടയാക്കി. ജില്ലയിലെ വരുമാനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ ലഭിച്ചിരുന്നത് കാർഷിക രംഗത്തു നിന്നായിരുന്നു. കാർഷിക പ്രവൃത്തികളുടെ വൈജാത്യവും ഉൽപന്നങ്ങളുടെ വൈവിധ്യവും ജില്ലയിലെ ഈ മേഖലയുടെ പ്രത്യേകതയാണ്. വാണിജ്യ വിളകളും ഭക്ഷ്യ വിളകളുമാണ് കൃഷി ചെയ്തിരുന്നത്. കുരുമുളക്, നാളികേരം, അടയ്ക്ക, മരച്ചീനി, റബർ, സുഗന്ധവിളകൾ, മറ്റു മലഞ്ചരക്കുകൾ എന്നിവയാണ് പ്രധാന ഉൽപ്പന്നങ്ങൾ വാണിജ്യ വിളകൾ മുഖ്യമായും മലനാടു പ്രദേശങ്ങളിലാണ് കൃഷി ചെയ്തത്.

1963 ലെ കേരള ഭൂപരിഷ്കരണം മധ്യവർത്തികളെ ഒഴിവാക്കി കുടിയാന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിനും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ ഉയർന്ന പരിധി നിശ്ചയിച്ച് മിച്ചം വരുന്ന ഭൂമി വിതരണം ചെയ്യുന്നതിനും ലക്ഷ്യമിട്ടു. കുടിയിരിപ്പ്, കുടികിടപ്പ് എന്നിങ്ങനെ രണ്ടു വിധത്തിൽ ഭൂമി നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ട്. 1970 മുതൽ പ്രാബല്യത്തിൽ വന്ന നിയമത്തിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തിയതിൽ ജില്ലയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇന്നത്തെ നിലയിൽ രൂപപ്പെട്ടതിന് ശേഷമുള്ള കോഴിക്കോട് ജില്ലയിലെ 1981-82, 1995-96, 2015-16 വർഷങ്ങളിലെ കാർഷികവിളകൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1.2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.2

ജില്ലയിലെ പ്രധാന കാർഷികോൽപന്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ

വർഷം ഇനം	1981 -82		1995-1996		2015-2016	
	വിസ്തൃതി (ഹെക്ടർ)	ഉൽപാദനം	വിസ്തൃതി (ഹെക്ടർ)	ഉൽപാദനം	വിസ്തൃതി (ഹെക്ടർ)	ഉൽപാദനം
നെല്ല്	26953		8749		2872	
അരി		27504 ടൺ		10593 ടൺ		3608 ടൺ
തെങ്ങ്	94466	456 മില്ല്യൺ	122838	925 മില്ല്യൺ	120683	975 മില്ല്യൺ
കുരുമുളക്	13588	4701 ടൺ	11976	2746 ടൺ	3474	934 ടൺ
റബ്ബർ	NA	NA	17349	19490 ടൺ	21920	19000 ടൺ

(സ്രോതസ്സ്: ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് , അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 1995 -96, 2015-16)

മത്സ്യ വികസനം

കോഴിക്കോട് ജില്ലയ്ക്ക് 71 കി.മീറ്റർ കടൽ തീരവും 3 പ്രധാന മത്സ്യബന്ധന തുറമുഖങ്ങളും കൂടാതെ 36 ഓളം മത്സ്യബന്ധന ഗ്രാമങ്ങളുമുണ്ട്. ജില്ലയുടെ ആഭ്യന്തരോല്പാദനത്തിൽ മത്സ്യമേഖലയുടെ പങ്ക് വലുതാണ്. കടൽ മത്സ്യബന്ധനത്തിന് പുറമെ ഉൾനാടൻ മത്സ്യബന്ധനവും ജില്ലയിൽ സജീവമാണ്. ജില്ലയിലെ ബേപ്പൂർ, പുതിയാപ്പ, ചോമ്പാല തുറമുഖങ്ങളുടെ വികസനവും തീരദേശമായി ബന്ധപ്പെട്ടു കൊണ്ടുള്ള വ്യവസായവും വിനോദ സഞ്ചാരവും പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള വികസന നയങ്ങൾക്ക് ജില്ലയിൽ ഏറെ പ്രസക്തിയുണ്ട്.

വ്യവസായ രംഗം

തുണിമില്ലുകൾ, ഈർച്ചമില്ലുകൾ, തീപ്പെട്ടി കമ്പനികൾ, കുട നിർമ്മാണം, സോപ്പ് നിർമ്മാണം, ഓട് , ഇഷ്ടിക നിർമ്മാണം, ഫർണ്ണിച്ചർ, ബീഡി-സിഗർ നിർമ്മാണം തുടങ്ങിയായിരുന്നു ജില്ലയിലെ പ്രധാന വ്യവസായങ്ങൾ ജില്ലയുടെ സാമ്പത്തിക പുരോഗതിയിൽ ഈ വ്യവസായങ്ങൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

1962 ൽ കോഴിക്കോട് അമ്പത്തോളം ഈർച്ച മില്ലുകൾ ഉണ്ടായിരുന്നു. അയ്യായിരത്തിലധികം പേർ ഈ മേഖലയിൽ തൊഴിൽ ചെയ്തിരുന്നു. അഞ്ഞൂറിനടുത്തു തൊഴിലാളികൾ ജോലി ചെയ്തിരുന്ന കല്ലായിക്കടുത്തുള്ള സ്റ്റാൻഡേർഡ് ഫർണ്ണിച്ചർ കമ്പനി കോഴിക്കോട്ടെ ഫർണ്ണിച്ചർ നിർമ്മാണ വ്യവസായ രംഗത്തുണ്ടായ ഏറ്റവും വലിയ കമ്പനിയായിരുന്നു. ഒട്ടനവധി ചെറിയ സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിച്ചിരുന്നു.

1980 കളിൽ 13 വൻകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ജില്ലയിൽ ഉണ്ടായിരുന്നു. മാവൂർ ഗ്വാളിയോർ റയോൺസ്, കോമൺവെൽത്ത് ട്രസ്റ്റ് തുടങ്ങിയവ ഇക്കൂട്ടത്തിൽപെടുന്നു. പൊതുമേഖല സ്ഥാപനമായ കേരള സോപ്പ്സ് & ഓയിൽസ് (കെ.എസ്.ഒ) സോപ്പ് കയറ്റി അയച്ചതിനു പുറമേ സോപ്പു നിർമ്മാണത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനത്തുള്ളവർക്ക് പരിശീലനം നൽകിയ സ്ഥാപനമായിരുന്നു. സോപ്പിനു പുറമെ ഷാർക് ലിവർ ഓയിലും വൈറ്റമിൻ എണ്ണയും കമ്പനി വിപണിയിറക്കിയിരുന്നു. കമ്പനിയുടെ ഉൽപന്നങ്ങൾ ഇന്ത്യയ്ക്കു പുറത്ത് ബർമ്മ, പാക്കിസ്ഥാൻ, ശ്രീലങ്ക എന്നിവടങ്ങളിൽ പോലും വിറ്റഴിച്ചിരുന്നു.

മലബാർ സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് മിൽസ്, സ്റ്റീൽ കോപ്പക്സ്, കേരള സോപ്സ്, സിഡ്കോ-ടൂൾ-റൂംസ് & ട്രെയിനിംഗ് സെൻറർ, പി.കെ. സ്റ്റീൽസ്, കേരള ഫീഡ്സ്, മിനാർ തുടങ്ങിയവ ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളാണ്.

ഒരു കാലത്ത് ഭാരതത്തിന്റെ തന്നെ അഭിമാനമായിരുന്ന കാലിക്കോ മസ്ലിൻ എന്ന തുണിത്തരങ്ങൾ ഉൽപാദിപ്പിച്ചിരുന്നത്

കോഴിക്കോട് ജില്ലയിലെ ശാലിയ സമുദായക്കാരായിരുന്നു ഇന്നും ബാലരാമപുരം, കണ്ണൂർ, ചേന്ദമംഗലം എന്നീ പ്രദേശങ്ങളോടൊപ്പം മികച്ച കൈത്തറി കോഴിക്കോട് ജില്ലയിലെ വടകര മണിയൂർ, തിക്കോടി, കോഴിക്കോട് നഗരം, കീഴരിയൂർ, ബാലുശ്ശേരി, ചെറുവണ്ണൂർ, പയ്യോർമല എന്നീ പ്രദേശങ്ങളിൽ ഉൽപദിപ്പിച്ചു വരുന്നു. സമീപകാലത്ത് വ്യവസായ രംഗത്ത് ജില്ലയിൽ ചെരിപ്പ് നിർമ്മാണ വ്യവസായത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്.

ആഭ്യന്തര ഉൽപാദനം പതിറ്റാണ്ടുകളിലൂടെ

2015-16 ൽ (2011 -12 നടപ്പ് വിലയിൽ) ജില്ലാ ആഭ്യന്തരോല്പാദനത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ വിഹിതം യഥാക്രമം 8.2 ശതമാനം, 30.5 ശതമാനം, 61.3 ശതമാനം എന്നിങ്ങനെയാണ്. 2013-14, 2014-15 സാമ്പത്തിക വർഷത്തിലെ ഉല്പാദന നിരക്ക് പരിശോധിച്ചാൽ മേൽപറഞ്ഞ മൂന്ന് മേഖലകളിലും കാര്യമായ വ്യതിയാനം കാണുന്നില്ല. മുൻ വർഷങ്ങളെ അപേക്ഷിച്ചു, 2015-16 ൽ പ്രാഥമിക മേഖലയുടെ സംഭാവനയിൽ നേരിയ കുറവ് വന്നപ്പോൾ ദ്വിതീയ, തൃതീയ മേഖലയിൽ ചെറിയ വർദ്ധനവ് വന്നു. ജില്ലയുടെ ആഭ്യന്തരോല്പാദനത്തിന്റെ (നടപ്പ് വിലയിൽ) 1980-81, 1990-91, 2000-01, 2013-14, 2014-15, 2015-16 വർഷത്തെ വിവരങ്ങൾ (ശതമാനത്തിൽ) പട്ടിക 1.3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1 . 3

ജില്ലയിൽ ആഭ്യന്തരോല്പാദനത്തിന്റെ മേഖല തിരിച്ചുള്ള വിവരങ്ങൾ (ശതമാനത്തിൽ)

മേഖല	1980–81	1990–91	2000–01	2013–14	2014–15	2015–16
പ്രാഥമികം	38.66	28.84	17.24	8.8	9.7	8.2
ദ്വിതീയം	26.30	26.81	19.9	31.2	29.3	30.5
തൃതീയം	35.04	43.74	62.86	60.0	61.0	61.3

(സ്രോതസ്സ്: വിവിധ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ)

1980-81 വർഷം പ്രാഥമിക മേഖലയുടെ വിഹിതം 38.66 ശതമാനമായിരുന്നത് ക്രമാതനുഗതമായി കുറഞ്ഞ് 2015-16 വർഷം 8.2 ശതമാനം മാത്രമായി. ദ്വിതീയ മേഖലയുടെ വിഹിതമാകട്ടെ 1980-1981 26.3 ശതമാനമായിരുന്നത് 2015-16ൽ 30.5 ശതമാനമായി വർദ്ധിച്ചു. 1980-81 ൽ തൃതീയ മേഖലയുടെ വിഹിതം 35.04 ശതമാനമായിരുന്നെങ്കിൽ 2015-16 ൽ ഈ മേഖലയുടെ വിഹിതം 61.3 ശതമാനമായി വർദ്ധിച്ചു. ഗതാഗതം, സംഭരണം, വാർത്താവിതരണവും പ്രക്ഷേപണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, റിയൽ എസ്റ്റേറ്റ്, പ്രൊഫഷണൽ സേവനങ്ങൾ, ഭവനം എന്നീ മേഖലകളിലെ വളർച്ചയാണ് തൃതീയ മേഖലയുടെ വളർച്ചയ്ക്ക് കാരണമായത്.ചിത്രം 1.1, ചിത്രം 1.2 കാണുക.

ചിത്രം 1.1

ജില്ലാ വരുമാനത്തിന്റെ വിഹിതം (1980–81)



ചിത്രം 1.2

ജില്ലാ വരുമാനത്തിന്റെ വിഹിതം (2015–16)



ജനസംഖ്യാ വിവരങ്ങൾ

1980 മുതലുള്ള സെൻസസുകളിലെ ജില്ലയിലെ ജനസംഖ്യ പട്ടിക 1.4 ൽനൽകിയിരിക്കുന്നു.

പട്ടിക 1.4

1981 മുതൽ 2011 വരെയുള്ള ജനസംഖ്യാ വിവരങ്ങൾ

ജനസംഖ്യ	1981	1991	2001	2011
പുരുഷൻ	1111480	1292765	1399358	1615351
സ്ത്രീ	1133856	1327176	1479773	1470942
ആകെ	2245265	2619941	2879131	3086293
ജില്ല നഗര ജനസംഖ്യ 27.17 (ശതമാനത്തിൽ)	38.34	38.25	67.15	
സംസ്ഥാന നഗര ജനസംഖ്യ (ശതമാനത്തിൽ)	27.18	25.96	25.96	47.7

അവലംബം സെൻസസ് റിപ്പോർട്ട്

സംസ്ഥാന വിസ്തൃതിയുടെ 6.03% വരുന്ന കോഴിക്കോട് ജില്ലയിൽ 2011 ലെ സെൻസസ് പ്രകാരം 30, 86, 293 ജനങ്ങളുണ്ട്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9 ശതമാനമാണ്. ഇതിൽ ഗ്രാമീണ ജനസംഖ്യ 32.85 ശതമാനവും നഗര ജനസംഖ്യ 67.15 ശതമാനവുമാണ്. സ്ത്രീ-പുരുഷ അനുപാതം 1098 ആണ്. ജനസാന്ദ്രത സംസ്ഥാനത്ത് ച.കി. മീറ്ററിന് 860 ആണെങ്കിൽ ജില്ലയിൽ 1316 ആണ്. കുടുംബത്തിലെ ശരാശരി അംഗസംഖ്യ 4.2 ആളുകൾ ആണ്. ജില്ലയിലെ സാക്ഷരതാ നിരക്ക് 95.08% ആണ്. സ്ത്രീ സാക്ഷരതാ നിരക്ക് 92.99% വും പുരുഷ സാക്ഷരതാ നിരക്ക് 97.42% വും ആണ്. 1961 മുതൽ 2011 വരെയുള്ള സംസ്ഥാനത്തിന്റെയും ജില്ലയുടെയും ഗ്രാമ-നഗര ജനസംഖ്യ വിവരങ്ങൾ അനുബന്ധം 1.1 ലും വയസ്സ് അടിസ്ഥാനപ്പെടുത്തിയുള്ള വിവരങ്ങൾ അനുബന്ധം 1. 2 ലും പ്രായം അടിസ്ഥാനപ്പെടുത്തിയ വിവരങ്ങൾ അനുബന്ധം 1.3 ലും കൊടുത്തിരിക്കുന്നു. പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച പിരമിഡ് രൂപത്തിലുള്ള മാപ്പിൽ ചിത്രം 1.3 ൽ നൽകിയിരിക്കുന്നു.

ചിത്രം 1.3

ജില്ലയിലെ ജനസംഖ്യ പ്രായഘടന



പിരമിഡിൽ വിവിധ പ്രായ വിഭാഗത്തിലെ ആൺ - പെൺ ജനസംഖ്യ ശതമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആകെ ജനസംഖ്യയുടെ 24% പേർ 15 വയസ്സിന് താഴെ പ്രായമുള്ളവർ (കുട്ടികൾ) ആണ്. 12% പേർ 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ (വയോജനങ്ങൾ) ആണ് . ആകെ ജനസംഖ്യയുടെ 39% പേർ 15 മുതൽ 39 വയസ്സ് വരെ പ്രായമുള്ളവരും 25% പേർ 40 മുതൽ 59 വയസ്സ് വരെ പ്രായമുള്ളവരും ആണ്. അതായത് ജില്ലയിൽ 64% പേർ തൊഴിലിൽ ഏർപ്പെടാൻ പ്രാപ്തിയുള്ളവർ (Labour force) ആണ്. ജില്ലയുടെ വികസന സമീപനത്തിൽ ഇവരുടെ സാന്നിദ്ധ്യം വളരെ നിർണ്ണായകമാണ്. ജില്ലയുടെ 2023 വർഷം വരെയുള്ള പ്രൊജക്ടഡ് പോപ്പുലേഷൻ അനുബന്ധം 1.4 ൽ നൽകിയിരിക്കുന്നു.

2015 ലെ കണക്കുകൾ പ്രകാരം ജില്ലയിലെ ജനനനിരക്ക് 18.60 ഉം മരണ നിരക്ക് 7.87 ഉം ശിശു മരണ നിരക്ക് 14.49 ഉം നിർജ്ജീവ ജനനനിരക്ക് 9.65 ഉം മാതൃമരണ നിരക്ക് 0.12 ഉം (1000 ത്തിന്) ആണ്. വിശദ വിവരങ്ങൾ അനുബന്ധം 1.5 ൽ കൊടുത്തിരിക്കുന്നു.

വരുമാനവും തൊഴിലും

ഒരു പ്രദോശത്തിന്റെ വികസനത്തിന്റെ അളവുകോൽ അവിടുത്തെ ജനങ്ങളുടെ വരുമാനവും തൊഴിലുമാണ്. വരുമാന വർദ്ധനവ് ജീവിത നിലവാരം ഉയർത്തുന്നതിന് ഇടവരുത്തും. ജില്ലയുടെ വളർച്ചയിൽ 80 കളിലും 90 കളിലും കഴിഞ്ഞ 5 വർഷങ്ങളിലുമുണ്ടായ മാറ്റവും സംസ്ഥാനങ്ങളുമായുള്ള താരതമ്യവും പട്ടികകൾ 1.5, 1.6, 1.7 എന്നിവയിൽ നൽകിയിരുന്നു.

എൺപതുകളിൽ ജില്ലയുടെ വരുമാനം സംസ്ഥാന വരുമാനത്തിന്റെ ശരാശരി 8% ആയിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഇതിൽ നേരിയ വർദ്ധനവ് ഉണ്ടാവുകയും ജില്ലയുടെ വരുമാനം സംസ്ഥാന വരുമാനത്തിന്റെ 8.8 % മാറിയിട്ടുണ്ട്.

പട്ടിക 1.5

പ്രതിശീർഷവരുമാനം അയൽ ജില്ലകളുമായുള്ള താരതമ്യം

(സ്ഥിരം വിലയിൽ 1970–1971)

വർഷം	ജില്ലകൾ			സംസ്ഥാനം
	കോഴിക്കോട്	വയനാട്	മലപ്പുറം	
1981–82	555	855	400	622
1982–83	597	680	391	616
1985–86	559	955	403	646

സ്രോതസ്സ്: സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്

പട്ടിക 1.6

പ്രതിശീർഷവരുമാനം അയൽ ജില്ലകളുമായുള്ള താരതമ്യം

(സ്ഥിരം വിലയിൽ 1980–1981)

വർഷം	ജില്ലകൾ			സംസ്ഥാനം
	കോഴിക്കോട്	വയനാട്	മലപ്പുറം	
1990–91	1670	1933	1094	1815
1991–92	1742	1762	1167	1826
1995–96	2126	6376	1309	2264
1996–97	2217	3544	1369	2363

സ്രോതസ്സ്: സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്

പട്ടിക 1.7

പ്രതിശീർഷവരുമാനം അയൽ ജില്ലകളുമായുള്ള താരതമ്യം
(സ്ഥിരം വിലയിൽ 2000-2001)

വർഷം	ജില്ലകൾ			സംസ്ഥാനം
	കോഴിക്കോട്	വയനാട്	മലപ്പുറം	
2011-12	80352	70461	71836	89628
2012-13	89980	76544	71839	94242
2013-14	90197	77834	76622	98641
2014-15	96308	79998	78200	102415
2015-16	100261	81501	81384	106502

സ്രോതസ്സ്: സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്

പ്രതിശീർഷ വരുമാനത്തിൽ കോഴിക്കോട് ജില്ല സംസ്ഥാന നിലവാരത്തേക്കാൾ എന്നും പിറകിലായിരുന്നു. 1980 കളിലും 90 കളിലും ജില്ലയുടെ പ്രതിശീർഷ വരുമാനം വയനാട് ജില്ലയേക്കാൾ കുറവായിരുന്നുവെങ്കിലും 2010നു ശേഷം വയനാട് ജില്ലയേക്കാൾ കൂടുതൽ പ്രതിശീർഷക വരുമാനം ഉള്ള ജില്ലയായി കോഴിക്കോട് മാറി. 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ജില്ലാ വരുമാനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1.6 ൽ കൊടുത്തിരിക്കുന്നു.

വിദ്യാഭ്യാസം

മാനവശേഷി വികസനത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിനും അനൌപചാരിക വിദ്യാഭ്യാസത്തിനും അതീവ പ്രാധാന്യമുണ്ട്. സംസ്ഥാനത്തിന്റെ സാക്ഷരതാ നിരക്ക് 93.91% ആണെങ്കിൽ ജില്ലയുടേത് 95.01 % ആണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്കൂളുകളുള്ള ജില്ലകളിൽ മുന്നാം സ്ഥാനത്താണ് കോഴിക്കോട്. നിലവിൽ 740 എൽ പി വിഭാഗങ്ങളും 326 യു പി വിഭാഗങ്ങളും 212 ഹൈസ്കൂൾ വിഭാഗങ്ങളും 178 ഹയർ സെക്കണ്ടറി വിഭാഗങ്ങളുമടക്കം 1283 സ്കൂളുകൾ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ ഉണ്ട്. 2017-18 ൽ ഒന്നു മുതൽ പത്ത് വരെ ക്ലാസിൽ 3.55 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ വിവിധ തരത്തിലുള്ള ഗുണപരമായ മാറ്റങ്ങളെ തുടർന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്കിൽ കുറവുണ്ടായിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനുമായി ജില്ലയിൽ നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ എൻ.ഐ.ടി, ഐ.ഐ.എം എന്നിവ ഇതിൽ ഉൾപ്പെടുന്നു. മെഡിക്കൽ എഞ്ചിനിയറിംഗ് രംഗത്തും ആവശ്യമായ സ്ഥാപനങ്ങൾ ജില്ലയിൽ ഉണ്ട്. മലബാറിലെ മറ്റു ജില്ലകളെ താരതമ്യം ചെയ്യുമ്പോൾ കോഴിക്കോട് ജില്ലയെ സംസ്ഥാനത്തെ എജുക്കേഷണൽ ഹബ്ബായി പരിവർത്തനം ചെയ്യാനുള്ള എല്ലാ വിധ ഭൌതിക സാഹചര്യങ്ങളും നിലവിലുണ്ട്. ഇതിനുള്ള കർമ്മ പദ്ധതികളാണ് ഇനി ആവശ്യം.

പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം

എല്ലാവർക്കും പാർപ്പിടം എന്ന സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ വഴി സർവ്വെ നടത്തിയപ്പോൾ കോഴിക്കോട് ജില്ലയിൽ ഭൂരഹിത ഭവനരഹിതരായി 17846 പേരും, ഭവനരഹിതരായി 10426 പേരും ഉള്ളതായി കണ്ടെത്തി. കൂടാതെ പണി പൂർത്തീകരിക്കാത്ത വീടുകൾ ധാരാളം ഉള്ളതായി കണ്ടെത്തി. ത്രിതല പഞ്ചായത്തുകൾ വഴി 2017-18

വർഷത്തിൽ കോഴിക്കോട് ജില്ലയിൽ 8207 വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനു തുക വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യം

പകർച്ച വ്യാധികൾ തടയുന്നതിനും, നിയന്ത്രിക്കുന്നതിനും ജില്ലാ മെഡിക്കൽ, ഓഫീസിന്റെ ഭാഗമായി ഐ.ഡി.എസ്.പി എന്ന പ്രത്യേക സംവിധാനം തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്.

പകർച്ചേതര വ്യാധികളും വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്, പ്രമേഹം, ഹൃദയ സംബന്ധമായ രോഗങ്ങൾ, വൃക്കരോഗങ്ങൾ എന്നിവ ജീവിതശൈലി രോഗങ്ങൾ എന്ന നിലയിൽ വർദ്ധിച്ചുവരുന്നതായി അച്യുതമേനോൻ സ്റ്റഡിസെൻറർ അടുത്തയിടെ നടത്തിയ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്.

ആരോഗ്യരംഗത്തെ പുത്തൻ ഭീഷണികളായ മാനസികരോഗങ്ങൾ മദ്യത്തി ന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം കൗമാര കാലത്തെ ആരോഗ്യ പ്രശ്നങ്ങൾ എന്നിവയും ജില്ലാ ആരോഗ്യ വകുപ്പ് വിവിധ തലങ്ങളിലെ ഇടപെടലുകളിലൂടെ പരിഹരിക്കാൻ ശ്രമിച്ചുവരുന്നു.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പ്രവർത്തനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും, തീര പ്രദേശങ്ങളിലും നടത്തിവരുന്നുണ്ട്. ജില്ലയിലെ ഇപ്പോഴത്തെ ഒരു പ്രധാന പ്രശ്നമായ ഇതര സംസ്ഥാന തോഴിലാളികൾക്കിടയിൽ കാണുന്ന മലമ്പനിരോഗം, കോളറ, എയ്ഡ്സ് രോഗം, മന്ത് രോഗം എന്നിവ കണ്ടെത്തുന്നതിന് പ്രത്യേക സ്ക്രീനിംഗ് പരിപാടികളും നടത്തിവരുന്നുണ്ട്.

പകർച്ച വ്യാധികൾക്ക് കാരണമാകുന്ന സാമൂഹ്യ ഘടകങ്ങളുടെ മെച്ചപ്പെടുത്തൽ എന്ന നിലയിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത ഖര-ദ്രാവക മാലിന്യ സംസ്ക്കരണം, എന്നിവ ജില്ലയിൽ പരിശീഗണിക്കപ്പെടേണ്ട മേഖലകളാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന പദ്ധതികൾ മേൽപ്പറഞ്ഞ പ്രശ്ന പരിഹാരത്തിനുകൂടി ഉതകുന്ന തരത്തിൽ ആയാൽ ജില്ലയിൽ ആരോഗ്യരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളോടൊപ്പം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മികച്ച ആരോഗ്യ പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുകയും കൂടി ചെയ്താൽ ജില്ലക്ക് അത് ഗുണകരമാകും.

സംസ്ഥാന ആരോഗ്യ സൂചികകളും ജില്ലയുടെ ആരോഗ്യ സൂചികകളും പരിശോധിക്കുമ്പോൾ മാതൃ മരണ നിരക്കിൽ സംസ്ഥാന നിരക്കിനേക്കാൾ താഴെയാണ് ജില്ലയിലെ നിരക്ക്. 2015 ലെ കണക്ക് പ്രകാരം സംസ്ഥാന മാതൃ മരണ നിരക്ക് ആയിരത്തിന് 0.17ഉം ജില്ലാ മാതൃ മരണ നിരക്ക് 0.12 ഉം ആണ്. ജില്ലയുടെ മറ്റു ആരോഗ്യ സൂചികകളായ ജനനനിരക്ക്, മരണ നിരക്ക്, ശിശു മരണ നിരക്ക്, നിർജ്ജീവ ജനനനിരക്ക്, എന്നിവ സംസ്ഥാന ശരാശരിയേക്കാൾ അല്പം ഉയർന്നതാണ്. ജില്ലയിലെ 2015 ലെ ആരോഗ്യ സൂചിക അനുബന്ധം 1.5 ൽ കൊടുത്തിരിക്കുന്നു.

കായികം, യുവജനകാര്യം

പുതിയ കാലത്തിന്റെ ബാല്യവും കൗമാരവും യൗവ്വനവും നാടിന്റെ വികസനത്തിനു വേണ്ടി പ്രാപ്തമാക്കാൻ സമഗ്ര കായിക വികസനം സാദ്ധ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഓരോ ഗ്രാമ മുനിസിപ്പൽ- കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് അക്കാദമികൾക്ക് രൂപം നൽകുക, ഹൈസ്ക്കൂൾ കേന്ദ്രീകരിച്ച് ഒരു ഗെയിം തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകുക, വിദ്യാർത്ഥികളുടെ ബോഡി മാസ് ഇൻറക്സ് (BMI) തയ്യാറാക്കുക എന്നിവയാണ് ഏറ്റെടുക്കുന്ന ദൗത്യം.

ഖലാസികൾ

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ തുറമുഖം കേന്ദ്രീകരിച്ച് ജോലി ചെയ്യുന്ന കപ്പൽ നിർമ്മാണ തോഴിലാളികളാണ് മാപ്പിള ഖലാസികൾ. ബേപ്പൂരിലെ ഉരു നിർമ്മാണത്തോളം തന്നെ പഴക്കമുണ്ട് ഖലാസികളുടെ മെയ്ക്കരുത്തിന്റെ ചരിത്രത്തിനും

എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ബേപ്പൂരിലെ ഉരു നിർമ്മാണത്തിന്റെ പ്രതാപത്തിന് മങ്ങലേറ്റിട്ടുണ്ട്. ഉരു നിർമ്മാണവുമായി ബന്ധപ്പെട്ട ഖലാസിമാരുടെ ചരിത്രവും ഏകദേശം അസ്തമിച്ചുകൊണ്ടിരിക്കുകയാണ്

ദുരന്തഭൂമിയിലും മറ്റും ചാടിയിറങ്ങിയെത്തി

രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന മാപ്പിള ഖലാസിമാരുടെ കഴിവുകൾ ജന്മസിദ്ധമാണ്. കോഴിക്കോടെ ഖലാസിമാരുടെ മെയ്ക്കരുത്തിനു മുന്നിൽ ഒരിക്കൽ ഇന്ത്യൻ എയർലൈൻസിന്റെ വിമാനവും അടിയറവു പറഞ്ഞിട്ടുണ്ട്. കരിപ്പൂർ എയർപോർട്ടിൽ റൺവേയിൽ നിന്നും തെന്നിമാറിയ വിമാനം തിരിച്ച് റൺവേയിൽ എത്തിച്ചത് ഇവരായിരുന്നു. ക്രയിനുകൾ പരാജയപ്പെട്ടിടത്താണ് ഖലാസികളുടെ മെയ്ക്കരുത്ത് വിജയമായിത്തീർന്നത്. പല വൻകിട പദ്ധതികളിലും ഖലാസികളുടെ സേവനം ഉണ്ടായിട്ടുണ്ട്. ഇടുക്കി ഡാം, ഫറോക്കിലെ പാലങ്ങളായ വടക്കുമ്പാട്, കല്ലായ് പാലം, എന്നിവ ഇവയിൽപെടുന്നു. ആധുനിക യന്ത്രങ്ങൾ ചെയ്തുവരുന്ന പല ക്ലേശകരമായ ജോലികളും ഖലാസികൾ അവരുടെ തനത് വൈദഗ്ദ്ധ്യവും കൈവഴക്കവും ഉപയോഗിച്ച് ചെയ്യുന്നു.

കുടിയേറ്റം

1939 ൽ ആരംഭിച്ച രണ്ടാം ലോക മഹായുദ്ധത്തിൽ ഇന്ത്യ ബ്രിട്ടന്റെ സഖ്യകക്ഷിയായി ചേർന്നതിന്റെ ഫലമായി യുദ്ധത്തിന്റെ കെടുതികൾ മലയാളികളെയും ദുരിതത്തിലാഴ്ത്തി. ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ അത്രയും യുദ്ധ മുഖങ്ങളിലേക്കും ട്രെയിനിംഗ് കേന്ദ്രങ്ങളിലേക്കു മൊഴുകി. ഭക്ഷ്യയോഗ്യമല്ലാത്ത അരിയും കേരളീയർക്ക് പരിചിതമല്ലാത്ത ഗോതമ്പ്, ബജ്റ, മെയിസ്, ചോളം തുടങ്ങിയവയും റേഷൻ കടകൾ വഴി വിതരണം ചെയ്യപ്പെട്ടു. മരച്ചീനി കൊണ്ടായിരുന്നു അക്കാലത്ത് കേരളീയർ വിശപ്പടക്കിയിരുന്നത്. 1945 ൽ യുദ്ധം അവസാനിച്ചതോടെ ആയിരകണക്കിന് പട്ടാളക്കാർ പിരിച്ചു വിടപ്പെട്ടു. ഭക്ഷ്യ ക്ഷാമത്തിനു പുറമെ തൊഴിലില്ലായ്മയും കൂനിന്മേൽ കുരുവായി തീർന്നു. ജനസംഖ്യാ വർദ്ധനവ് കൃഷി ഭൂമിയുടെ തോത് കുറച്ചു. കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും നിമിത്തം ദാരിദ്ര്യം അതിന്റെ പരകോടിയിലെത്തി. കർഷകർ മണ്ണുതേടി ഹൈറേഞ്ചിലേക്കും മലബാറിലേക്കും നെട്ടോട്ടമോടി തുടങ്ങി. തിരുവിതാംകൂറിലെ കർഷകർ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് ഗവൺമെൻറിനെതിരെ നിവർത്തന പ്രസ്ഥാനം പോലുള്ള സമരപരിപാടികളിൽ ഏർപ്പെടുകയും തൽഫലമായി തിരുവിതാംകൂർ ദിവാനായിരുന്ന സർ.സി.പി.രാമസ്വാമിയുടെ അപ്രീതിക്ക് പാത്രീഭവിക്കുകയും ചെയ്തു. ഇതെ തുടർന്ന് ഭീകരമായ അതിക്രമങ്ങൾ കർഷകർക്ക് നേരിടേണ്ടി വന്നു. ഈ കാലഘട്ടത്തിൽ ഉണ്ടായ സാമ്പത്തിക ഞരുക്കവും കുടുംബങ്ങളുടെ അംഗസംഖ്യയിൽ വന്ന വർദ്ധനവും രാഷ്ട്രീയ-സാമൂഹിക രംഗത്തെ അസ്വസ്ഥതകളും മദ്യവർജ്ജനം നിലകൊള്ളുന്ന മലബാറിലേക്ക് കുടിയേറുന്നതിന് സ്ത്രീകൾ കാട്ടിയ താല്പര്യവും മലബാറിലെ വളക്കൂറുള്ള മണ്ണുതേടിയുള്ള യാത്രയ്കും നിർബന്ധിതരാക്കി.

1928 നും 1945 നും ഇടയ്ക്കാണ് ആദ്യ കുടിയേറ്റക്കാർ മലബാറിലെ വിവിധ സ്ഥലങ്ങളിൽ എത്തിയത്. തിരു കൊച്ചിയിൽ നിന്നുള്ള കുടിയേറ്റം 1960 കൾ വരെ പ്രധാനമായും നടന്നത് കോഴിക്കോട ജില്ലയുടെ കിഴക്കൻ മലയോര മേഖലകളിലേക്കായിരുന്നു.

പ്രവാസികൾ

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും കോഴിക്കോട് ജില്ലയിലേക്കു കുടിയേറിയവർ കൂടുതലും കാർഷിക മേഖലയിലായിരുന്നു എന്നാൽ ഇതര സംസ്ഥാന തൊഴിലാളികൾ ആദ്യകാലത്ത് ജില്ലയിലേക്ക് കുടിയേറിയത് പ്രധാനമായും കാർഷിക മേഖലയിലേക്കായിരുന്നില്ല. കെട്ടിട നിർമ്മാണത്തിലെ നൈപുണ്യം ആവശ്യമില്ലാത്ത മേഖലകളിലേയ്ക്കും വ്യാപിക്കുവാൻ തുടങ്ങി. ആരംഭത്തിൽ തമിഴ് നാട്ടിൽ നിന്നുള്ളവരായിരുന്നു കൂടുതലും ഉണ്ടായിരുന്നത്. എന്നാൽ തമിഴ്നാടിന്റെ വ്യവസായിക അന്തരീക്ഷം മെച്ചപ്പെട്ടതോടുകൂടി അവരുടെ വരവ് കുറയുകയും പശ്ചിമ ബംഗാൾ, ബീഹാർ, ആസാം, ഒറീസ്സ, യു.പി. തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കൂടുതൽ കുടിയേറാൻ തുടങ്ങി. ഇതര സംസ്ഥാന തൊഴിലാളികളോട് കേരള ജനത കാണിക്കുന്ന ഉദാര സമീപനവും ഇവിടുത്തെ നല്ല കാലാവസ്ഥ, വൃത്തിയായ പരിസരം, സംസ്ക്കാരം, പ്രകൃതി ക്ഷോഭങ്ങൾ കുറവുള്ള സംസ്ഥാനം എന്നിവയെല്ലാമാണ് ഇതര സംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് പ്രത്യേകിച്ചും കോഴിക്കോട് ജില്ലയിലേക്കു വരാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. കേരളത്തിലെ യുവജനങ്ങൾക്ക് മെച്ചപ്പെട്ട ജോലി ലഭിച്ചു തുടങ്ങിയതോട് കൂടി കാർഷിക മേഖലയിലേക്ക് വരുവന്നവരുടെ എണ്ണം തീരെയില്ലാതെയായി. ചുരുക്കത്തിൽ കേരളത്തിലെ ജനങ്ങൾക്കു ഇതര സംസ്ഥാന തൊഴിലാളികളുടെ സേവനം അത്യാവശ്യമായി. അതുപോലെ തന്നെ

പശ്ചിമ ബംഗാൾ, ബീഹാർ, ആസ്സാം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ വേതനം കുറവും ജോലിസമയവും കൂടുതലുമായിരുന്നു. ഇവയെല്ലാം കുടിയേറ്റ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കാരണമായി.

ജില്ലയിൽ നിലവിൽ 2 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ വിവിധമേഖലകളിൽ ജോലി ചെയ്തുവരുന്നുണ്ട്. ഇവരിൽ 10% പേർ മാത്രമെ തൊഴിൽ വകുപ്പിന് കീഴിൽ രജിസ്ട്രർ ചെയ്തിട്ടുള്ളൂ. തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഇൻഷുറൻസ് പദ്ധതിയായ ആവാസ് സ്കീമിൽ രജിസ്റ്റർ ചെയ്ത ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ പട്ടിക 1.8 കൊടുത്തിരിക്കുന്നു.

പട്ടിക 1.8

ജില്ലയിലെ ഇതര സംസ്ഥാന തൊഴിലാളികൾ (രജിസ്റ്റർ ചെയ്തത്)

ക്രമ നം	സംസ്ഥാനത്തിന്റെ പേര്	തൊഴിലാളികളുടെ എണ്ണം
1	തമിഴ് നാട്	1865
2	പശ്ചിമബംഗാൾ	8346
3	ഒറീസ്സ	3876
4	ബീഹാർ	2526
5	രാജസ്ഥാൻ	788
6	ആന്ധ്രാപ്രദേശ്	134
7	ആസ്സാം	1938
8	കർണ്ണാടക	323
9	മഹാരാഷ്ട്ര	423
10	ഉത്തർപ്രദേശ്	1104
11	ജാർഖണ്ഡ്	648
12	ഡൽഹി	114
13	നേപ്പാൾ	175
14	മറ്റു സംസ്ഥാനക്കാർ	387
	ആകെ	22647

സ്രോതസ്സ് - തൊഴിൽ വകുപ്പ്.

കോഴിക്കോട് ജില്ല അടങ്ങുന്ന മലബാർ പ്രദേശത്ത് നിന്ന് മറ്റു രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഇന്ത്യ സ്വാതന്ത്ര്യം കൈവരിക്കുന്നതിന് വളരെ മുമ്പുതന്നെ ആരംഭിച്ചിരുന്നു. ഇതിൽ പ്രധാന കുടിയേറ്റങ്ങൾ നടന്നത് ശ്രീലങ്ക, മലേഷ്യ, സിങ്കപ്പൂർ, ഇറാൻ, ഇറാക്ക്, ചില ആഫ്രിക്കൻ രജ്യങ്ങൾ എന്നിവിടങ്ങളിലേക്കായിരുന്നു.

1970 കളിൽ എണ്ണ വിലയിലുണ്ടായ വർദ്ധന പശ്ചിമേഷ്യൻ രാജ്യങ്ങളെ പെട്ടെന്നു സമ്പന്നരാക്കിയതിനെ തുടർന്ന് ഈ രാജ്യങ്ങളിലേക്ക് അവിദഗ്ദ്ധരായ തൊഴിലാളികളുടെ കുടിയേറ്റം വർദ്ധിക്കുകയും 1980 കളിൽ ഇത് ഉച്ചാവസ്ഥയിൽ എത്തുകയും ചെയ്തു.

പ്രവാസികളുടെ വരുമാനം അവരുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുറമെ ബാങ്കുകളിലെ നിക്ഷേപം വർദ്ധിപ്പിക്കുകയും നാട്ടിൽ വിവിധതരത്തിലുള്ള പുതിയ സംരംഭങ്ങൾ തുടങ്ങുവാൻ വഴി തുറക്കുകയും ചെയ്തു. കോഴിക്കോട് ജില്ലയിലും നഗരമെന്നോ ഗ്രാമമെന്നോ നോക്കാതെ ഈ പ്രതിഭാസം സംഭവിക്കുകയുണ്ടായി. 2016 മാർച്ചിലെ കണക്കനുസരിച്ച് ജില്ലയിലെ വിവിധ ബാങ്കുകളിലായി 6271.33 കോടി രൂപ എൻ.ആർ.ഐ നിക്ഷേപമുണ്ട്.

2013-ൽ എക്കണോമിക് സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസെസ് പ്രകാരം 5 ലക്ഷത്തോളം പേർ കോഴിക്കോട് ജില്ലയിൽ പ്രവാസികളെ ആശ്രയിച്ചു ജീവിക്കുന്നു. കോഴിക്കോട് ജില്ലയിൽ നിന്നുള്ള പ്രവാസികളിൽ 95 ശതമാനം പേരും ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവരാണ്. ജില്ലയിലെ പ്രവാസികൾ സംസ്ഥാനത്തെ പ്രവാസികളുടെ 10 ശതമാനം വരും. സെൻസസ് റിപ്പോർട്ട് പ്രകാരം മൊത്തം ജില്ലയിൽ നിന്നുള്ള പ്രവാസികൾ 161236 പേരും ജോലി ചെയ്യുന്ന പ്രവാസികൾ 147996 പേരുമാണ്. പ്രവാസികളിൽ 30.4 ശതമാനം പേർ യു.എ. ഇ യിലും 27.6 ശതമാനം സൗദി അറേബ്യയിലും 16.36 ശതമാനം പേർ ഖത്തറിലും 11.64 ശതമാനം പേർ ബഹ്റനിലും ജോലി ചെയ്യുന്നു.

പ്രവാസികളുടെ, രാജ്യം തിരിച്ചുള്ള വിവരങ്ങളും ജോലി സംബനിധിച്ച വിവരങ്ങളും അനുബന്ധം 1.7, 1.8 ൽ കൊടുത്തിരിക്കുന്നു.

ധനകാര്യ സ്ഥാപനങ്ങൾ

കോഴിക്കോട് ജില്ലയിൽ ധനകാര്യ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ പൊതുമേഖലാ വാണീജ്യ ബാങ്കുകളുടെ മൊത്തം 247 ശാഖകളും റീജണൽ റൂറൽ ബാങ്കിന്റെ 80 ശാഖകളും സ്വകാര്യ മേഖലാ വാണിജ്യ ബാങ്കുകളുടെ 107 ശാഖകളും സഹകരണ ബാങ്കു കളുടെ 169 ശാഖകളും ആയി 604 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

മേൽ സ്ഥാപനങ്ങളിൽ പൊതുമേഖലാ വാണിജ്യ ബാങ്കുകളിൽ നിന്നും 860781.75 ലക്ഷം രൂപയും കേരള ഗ്രാമീൺ ബാങ്കുകളിൽ നിന്നും 171898 ലക്ഷം രൂപയും പ്രൈവറ്റ് സെക്ടർ ബാങ്കുകളിൽ നിന്നും 437759.70 ലക്ഷം രൂപയും കൂടി ആകെ 2,206,622.35 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി വായ്പയായി നൽകിയിട്ടുണ്ട്. മൊത്തം എല്ലാ ബാങ്കുകളിലും കൂടി നിക്ഷേപമായി എത്തിയ 2808216.90 ലക്ഷം രൂപയിൽ നിന്നാണ് ഇത് നൽകാൻ കഴിഞ്ഞത്. ലീഡ് ബാങ്ക് കണക്കനുസരിച്ച് 2015-16 ലെ ജില്ലയുടെ അത്തരത്തിൽ മൊത്തമായി ക്രെഡിറ്റ് അനുപാതം 80 ആയിരുന്നു.

ഭരണ സംവിധാനങ്ങൾ

ജില്ലയിലെ റവന്യൂ വിഭാഗങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എണ്ണം സംബന്ധിച്ച വിവരങ്ങൾ പട്ടിക 1.9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1.9

കോഴിക്കോട് ജില്ലയിലെ റവന്യൂ വിഭാഗങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എണ്ണം

ക്രമ നം	താലൂക്കിന്റെ പേര്	വില്ലേജുകളുടെ എണ്ണം	പഞ്ചായത്തുകളുടെ എണ്ണം	ബ്ലോക്കുകളുടെ എണ്ണം	കോർപ്പറേഷന്റെ എണ്ണം	മുനിസിപ്പാലിറ്റികളുടെ എണ്ണം
1	കോഴിക്കോട്	39	16	4	1	3
2	വടകര	28	22	4		1
3	കൊയിലാണ്ടി	31	21	4		2
4	താമരശ്ശേരി	30	11			1
	ആകെ	**128**	**70**	**12**	**1**	**7**

കോഴിക്കോട് ജില്ലയിൽ നിലവിൽ 2 റവന്യൂ ഡിവിഷനുകളും 4 താലൂക്കുകളുമാണുള്ളത്. വടകര, കൊയിലാണ്ടി, താമരശ്ശേരി, കോഴിക്കോട് എന്നിവയാണിവ. വടകര താലൂക്കിൽ 28 വില്ലേജുകളും കൊയിലാണ്ടി താലൂക്കിൽ 31 വില്ലേജുകളും താമരശ്ശേരി താലൂക്കിൽ 20 വില്ലേജുകളും കോഴിക്കോട് താലൂക്കിൽ 39 വില്ലേജുകളുമാണ് ഉള്ളത്. ഇവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1.9 ൽ കൊടുത്തിരിക്കുന്നു. ജില്ലയിൽ നിലവിൽ 70 ഗ്രാമപഞ്ചായത്തുകളും, 12 ബ്ലോക്ക് പഞ്ചായത്തുകളും, 7 മുനിസിപ്പാലിറ്റികളും 1 മുനിസിപ്പൽ കോർപ്പറേഷനുമാണുള്ളത്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 1.10 ൽ കൊടുത്തിരിക്കുന്നു.

അദ്ധ്യായം 2

വിഭവ ലഭ്യത



വിഭവ ലഭ്യത

ആസൂത്രണം എന്നത് ലഭ്യമായ വിഭവങ്ങളുടെ ഉപയോഗം കൊണ്ട് സമൂഹത്തിന് ആവശ്യമായ വികസനങ്ങൾ കൈവരിക്കുക എന്നതാണ്. ഇതിന് മനുഷ്യ-പ്രകൃതി-ധന-സ്ഥാപന വിഭവങ്ങളും സാങ്കേതിക വിദ്യയും അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള ആസൂത്രണ തന്ത്രങ്ങൾക്ക് രൂപം നൽകേണ്ടതായുണ്ട്. ജില്ലയുടെ വികസന തന്ത്രം രൂപപ്പെടുത്തുന്നതിനായി ജില്ലയുടെ നിലവിലുള്ള അവസ്ഥയും വിഭവ ലഭ്യതയും സാധ്യതകളും അപഗ്രഥനം നടത്തേണ്ടതായുമുണ്ട്.

ജില്ലാ വരുമാനം

കോഴിക്കോട് ജില്ല ഇന്നത്തെ അവസ്ഥയിൽ രൂപപ്പെട്ടതിന് ശേഷമുള്ള (1980 ൽ കോഴിക്കോട് കണ്ണൂർ ജില്ലകളുടെ ഭാഗമായിരുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് വയനാട് ജില്ല രൂപം കൊണ്ടതിനു ശേഷം) ജില്ലയുടെ സാമ്പത്തിക ചരിത്രം വിശകലനം ചെയ്യുമ്പോൾ ജില്ലാ ആഭ്യന്തര വരുമാനത്തിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളുടെ സംഭാവനകളിൽ കാര്യമായ മാറ്റങ്ങൾ വന്നതായി കാണാം.

ചിത്രം 2.1

ജില്ല ആഭ്യന്തര ഉൽപ്പാദനത്തിൽ വിവിധ മേഖലകളുടെ സംഭാവന



1980-81 കാലഘട്ടത്തിൽ ജില്ലാ ആഭ്യന്തര ഉൽപ്പാദനത്തിൽ ഏറ്റവും കൂടുതൽ വിഹിതം സംഭാവന ചെയ്തിരുന്നത് പ്രാഥമിക മേഖലയായിരുന്നു (38.66%). എന്നാൽ 2014-15 ആവുമ്പോഴേക്കും ജില്ലാ വരുമാനത്തിൽ ഏറ്റവും കുറവ് വിഹിതം സംഭാവന ചെയ്യുന്ന മേഖലയായി പ്രാഥമിക മേഖല മാറിയിട്ടുണ്ട്. ദ്വിതീയ മേഖലയിൽ ഈ കാലയളവിന്റെ ആദ്യഘട്ടത്തിൽ ഋണാത്മകമായ മാറ്റം ഉണ്ടായിരുന്നെങ്കിലും 2000-01 ന് ശേഷം ധനാത്മകമായ മാറ്റമാണ് കണ്ടുവരുന്നത്. ത്രിതീയ മേഖലയിൽ 2010-11 വരെയുള്ള കാലയളവിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നെങ്കിലും പിന്നീട് ജില്ലാ വരുമാനത്തിലെ വിഹിതത്തിൽ കുറവ് വന്നതായി കാണാം.

പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളുടെ ഉപമേഖലകളിലും ഈ കാലയളവിൽ കാര്യമായ മാറ്റങ്ങൾ വന്നതായി കാണാം.

പ്രാഥമിക മേഖല

പ്രാഥമിക മേഖലയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ് വരുമാനത്തിന്റെ സിംഹഭാഗവും സംഭാവന ചെയ്തു വരുന്നത്. എങ്കിലും ജില്ലയിൽ കൃഷിയോടും അനുബന്ധ മേഖലയോടും പുതിയ തലമുറയ്ക്കുള്ള താൽപര്യക്കുറവ് കാരണം വിഹിതത്തിൽ കാര്യമായ കുറവ് വന്നതായി കാണാം.

ചിത്രം 2.2

ജില്ല ആഭ്യന്തര ഉൽപ്പാദനത്തിൽ പ്രാഥമിക മേഖലകളുടെ സംഭാവന



1	കൃഷിയും അനുബന്ധപ്രവർത്തനങ്ങളും
2	വനവും വനസമ്പത്തും
3	മീൻപിടിത്തം
4	ഖനനവും കൽപണിയും

പ്രാഥമിക മേഖലയുടെ തകർച്ചക്കിടയിലും മത്സ്യബന്ധനമേഖലയും ഖനനമേഖലയും പ്രാഥമിക മേഖലയുടെ വരുമാനത്തിന്റെ വിഹിതത്തിൽ വർദ്ധനവ് വരുത്തിയതായി കാണാം. അതായത് കൃഷിയും അനുബന്ധ പ്രവർത്തനങ്ങളിലും ഉണ്ടായിട്ടുള്ള ഋണാത്മകമായ മാറ്റങ്ങളാണ് ജില്ലാ വരുമാനത്തിൽ പ്രാഥമിക മേഖലയുടെ വിഹിതത്തിൽ വൻ ഇടിവ് വരാൻ കാരണം. വാണിജ്യ വ്യവസായ മേഖലകളിൽ തനതായ കൈയ്യൊപ്പ് ചാർത്തിയ ജില്ലയാണ് കോഴിക്കോട്. അതുകൊണ്ട് തന്നെ ജില്ലാ വരുമാനത്തിനും ദ്വിതീയ മേഖലയുടെ വിഹിതത്തിലും അതു കാണാവുന്നതാണ്.

ദ്വിതീയ മേഖല

ചിത്രം 2.3

ജില്ല ആഭ്യന്തര ഉൽപ്പാദനത്തിൽ ദ്വിതീയ മേഖലയുടെ സംഭാവന



1	ഉൽപ്പന്ന നിർമ്മാണം
2	വൈദ്യുതി, ഗ്യാസ്, ജലവിതരണം
3	നിർമ്മാണം

1980-81 കാലഘട്ടത്തിൽ ദ്വിതീയ മേഖലയുടെ വിഹിതത്തിൽ ഏറിയ പങ്കും സംഭാവന ചെയ്തിരുന്നത് ഉൽപ്പാദന നിർമ്മാണ മേഖലയായിരുന്നു. എന്നാൽ 2014-15 ആവുമ്പോഴേക്കും നിർമ്മാണ മേഖല ആ സ്ഥാനം കൈയ്യടക്കുകയും ദ്വിതീയ മേഖലയുടെ 61 % വും സംഭാവന ചെയ്യുന്ന മേഖലയായി മാറുകയും ചെയ്തിട്ടുണ്ട്.

ത്രിതീയ മേഖല

ചിത്രം 2.4

ജില്ല ആഭ്യന്തര ഉൽപാദനത്തിൽ ത്രിതീയ മേഖലയുടെ സംഭാവന



1	വ്യാപാരം, ഹോട്ടൽ & റസ്റ്റോറന്റ്
2	ഗതാഗതം, സംഭരണം, വാർത്താ വിനിമയം
3	ബാങ്കിങ്ങും, ഇൻഷുൻസും
4	റിയൽ എസ്റ്റേറ്റ് ഉടമസ്ഥത, നിയമപരമായ ക്രയവിക്രയം
5	പൊതുഭരണം
6	ഇതര സേവനങ്ങൾ

ത്രിതീയ മേഖലയിൽ വ്യാപാരം, ഹോട്ടൽ & റസ്റ്റോറന്റ് , റിയൽ എസ്റ്റേറ്റ് എന്നീ മേഖലയിൽ വന്നിട്ടുള്ള പുരോഗതിയാണ് ഈ മേഖലയെ ജില്ലാ വരുമാനത്തിൽ മുഖ്യ മേഖലയാക്കി മാറ്റിയത്. 2010-11 ൽ ആഭ്യന്തര വരുമാനത്തിന്റെ 2/3 ഭാഗവും സംഭാവന ചെയ്തത് ത്രിതീയ മേഖലയാണെന്ന് കാണാം. ഇതിൽ 49 ശതമാനവും സംഭാവന ചെയ്തത് വ്യാപാരം, ഹോട്ടൽ & റസ്റ്റോറന്റ് , റിയൽ എസ്റ്റേറ്റ് തുടങ്ങിയവയാണെന്ന് കാണാം.

ജില്ലാ ആഭ്യന്തര ഉൽപാദനം (2016-17 ത്വരിത കണക്ക് - സ്ഥിരവിലയിൽ)

സംസ്ഥാന ആഭ്യന്തര ഉൽപാദനമായ 42458889 ലക്ഷം രൂപയിൽ കോഴിക്കോട് ജില്ലയുടെ വിഹിതം 3633202 ലക്ഷം രൂപയാണ് (8.55 ശതമാനം - 2016-17 ത്വരിത കണക്ക് 2011-12 സ്ഥിരവിലയിൽ). ജില്ലയുടെ പ്രതിശീർഷ വരുമാനം (113307 രൂപ) കേരളത്തിന്റെ പ്രതിശീർഷ വരുമാനത്തേക്കാൾ (123707 രൂപ) താഴെയാണ്.

ചിത്രം 2.5

ജില്ലാ ആഭ്യന്തര ഉൽപാദനം മേഖല തിരിച്ച്



(അവലംബം: സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്)

കോഴിക്കോട് ജില്ലയുടെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ പ്രാഥമിക ദ്വിതീയ ത്രിതീയ മേഖലകളുടെ സംഭാവന യഥാക്രമം 8.07%(293308 ലക്ഷം രൂപ), 30.20% (1097468 ലക്ഷം രൂപ), 61.72% (2242426 ലക്ഷം രൂപ) എന്നിങ്ങനെയാണ്. അതായത് ജില്ലയുടെ ആഭ്യന്തര ഉൽപാദനത്തിന്റെ വലിയ ഒരു ഭാഗവും സംഭാവന ചെയ്യുന്നത് സേവന മേഖലയായ ത്രിതീയ മേഖലയാണ്. ത്രിതീയ മേഖലയിൽ വ്യാപാരം, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് മേഖലയും (32.24%) റിയൽ എസ്റ്റേറ്റ് മേഖലയും (20.89%) ചേർന്ന് 53.13% വിഹിതവുമാണ് സംഭാവന ചെയ്യുന്നത്.

ജില്ലാ വരുമാനത്തിൽ കഴിഞ്ഞ ഒരു ദശാബ്ദ കാലത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ തുടർച്ചയായ വർദ്ധനവ് രേഖപ്പെടുത്തിയതായി കാണാം. സേവന മേഖലയിലുണ്ടായിട്ടുള്ള വർദ്ധനവാണ് ജില്ലാ വരുമാനത്തിലെ വർദ്ധനവിന്റെ പ്രധാന സ്രോതസ്സ്.

ചിത്രം 2.6

ജില്ലാ വരുമാനത്തിലെ വർദ്ധനവ് (2004-05 മുതൽ 2015-16 വരെ)



ജില്ലാ വരുമാനത്തിൽ പ്രാഥമിക മേഖലയുടെ സംഭാവന കഴിഞ്ഞ 10 വർഷത്തിനിടയിൽ നേരിയ ഇടിവ് വന്നതായി കാണാം. അതേ സമയം ദ്വിതീയ മേഖലയിൽ പ്രകടമായ വർദ്ധനവ് ഉണ്ടായത് ആശാവഹമായ കാര്യമാണ്. ഒരു പ്രദേശത്തിന്റെ വികസനം ആ പ്രദേശത്തെ മനുഷ്യ പ്രകൃതി ധന സ്ഥാപന വിഭവങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. ലഭ്യമായ ഈ വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുമ്പോൾ മാത്രമേ വികസനം ശരിയായ അളവിൽ സാധ്യമാവുകയുള്ളൂ.

മനുഷ്യ വിഭവം

വികസ്വര രാജ്യങ്ങളിൽ മനുഷ്യ വിഭവങ്ങൾക്ക് വികസന പ്രക്രിയയിൽ ഗണ്യമായ സ്ഥാനമുണ്ട്. ലഭ്യമായ മനുഷ്യ വിഭവങ്ങളുടെ സമഗ്രമായ ആസൂത്രണം സാമ്പത്തിക വികസനത്തിന്റെ മുന്നുപാധിയാണ്. പ്രകൃതി, ധന വിഭവങ്ങളെ ഫലപ്രദമായി ചലിപ്പിക്കണമെങ്കിൽ അനുയോജ്യമായ മനുഷ്യ ശക്തി ആവശ്യമാണ്. അഭ്യസ്തവിദ്യരായ ജനങ്ങളാൽ സമ്പന്നമായ നമ്മുടെ ജില്ലയിൽ മനുഷ്യ വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പരമപ്രധാനമാണ്. അതുകൊണ്ട് ജനസംഖ്യയുടെ ഘടനയും സവിശേഷതകളും വിശകലനം ചെയ്യേണ്ടതുണ്ട്.

ജനസംഖ്യ

1981 മുതൽ 2011 വരെയുള്ള കാലയളവിലെ മൊത്തം ജനസംഖ്യ ജില്ല-സംസ്ഥാനാടിസ്ഥാനത്തിൽ പട്ടിക 2.1 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2.1

കോഴിക്കോട് ജില്ലയിലെ ജനസംഖ്യ

വർഷം	കോഴിക്കോട്			സംസ്ഥാന ജനസംഖ്യ	ജില്ല ജനസംഖ്യ (ശതമാനത്തിൽ)	സ്ത്രീ - പുരുഷാനുപാതം	
	പുരുഷൻ	സ്ത്രീ	ആകെ			ജില്ല	സംസ്ഥാനം
1981	1111409	1133856	2245265	25453680	8.8	1020	1032
1991	1292765	1327176	2619941	29098518	9.0	1027	1036
2001	1399358	1479773	2879131	31838619	9.0	1057	1058
2011	1470942	1615351	3086293	33406061	9.2	1098	1084

(അവലംബം -സെൻസസ് റിപ്പോർട്ട് 2011)

2011 ലെ സെൻസസ് പ്രകാരം, സംസ്ഥാന ജനസംഖ്യയുടെ 9.2 ശതമാനമാണ് ജില്ലയുടെ ജനസംഖ്യ. 1901 - ൽ കോഴിക്കോട് ജില്ലയിലെ മൊത്തം ജനസംഖ്യ 610058 ആയിരുന്നു. 1941 വരെ ജില്ലയിലെ ജനസംഖ്യ പത്ത് ലക്ഷത്തിൽ താഴെയായി തുടർന്നു. 1951 മുതൽ 1971 വരെയുള്ള കാലഘട്ടത്തിൽ അത് 10 ലക്ഷത്തിനും 20 ലക്ഷത്തിനും ഇടയിലേക്ക് ഉയർന്നു. തദ്ദേശ ഭരണ പ്രദേശങ്ങളിലെ 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യ വിവരങ്ങൾ **അനുബന്ധം 2.1** ൽ കൊടുത്തിരിക്കുന്നു.

നഗര/ഗ്രാമ ജനസംഖ്യ

ഇന്ത്യയിൽ ത്വരിതഗതിയിൽ നഗരവൽക്കണം നടന്നുവരുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കോഴിക്കോട് ജില്ലയിലും നഗരവൽക്കരണത്തിന്റെ തോത് ഉയർന്ന് തന്നെയാണ് നിൽക്കുന്നത്. 1981 മുതലുള്ള സെൻസസുകളിലെ നഗര/ഗ്രാമ ജനസംഖ്യ ആൺ-പെൺ തിരിച്ച് പട്ടിക 2.2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.2

ജില്ലയിലെ ഗ്രാമ/നഗര ജനസംഖ്യ (1981-2011)

ജനസംഖ്യ		1981	1991	2001	2011
ആകെ ജനസംഖ്യ	ആകെ	2245265	2619941	2879131	3086293
	പുരുഷൻ	1111409	1292765	1399358	1470942
	സ്ത്രീ	1133856	1327176	1479773	1615351
ഗ്രാമ-ജനസംഖ്യ	ആകെ	1635033	1615444	1777974	1013721
	പുരുഷൻ	807535	796303	863632	484784
	സ്ത്രീ	827498	819061	914342	528937
നഗര-ജനസംഖ്യ	ആകെ	610232	1004497	1101157	2072572
	പുരുഷൻ	303874	496382	535726	986158
	സ്ത്രീ	306358	508115	565431	1086414
ജില്ലാ നഗര-ജനസംഖ്യ	ശതമാനത്തിൽ	27.17	38.34	38.25	67.15
സംസ്ഥാന നഗര ജനസംഖ്യ		27.18	25.96	25.96	47.7

(അവലംബം - സെൻസസ് റിപ്പോർട്ട്)

2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 32.85% പേർ ഗ്രാമങ്ങളിലും 67.15% പേർ നഗരങ്ങളിലും താമസിക്കുന്നു. അതേ സമയം സംസ്ഥാന തലത്തിലെ ഗ്രാമ-നഗര ജനസംഖ്യ യഥാക്രമം 52.3%, 47.7% ഉം ആണ്. പട്ടിക 2.2 ൽ നിന്നും മൊത്തം ജനസംഖ്യയിൽ നഗരവാസികളുടെ ശതമാനത്തിൽ കഴിഞ്ഞ മുപ്പത് വർഷത്തിനിടക്ക് ഉണ്ടായ വർദ്ധനവിന്റെ തോത് സംസ്ഥാനത്തെ അപേക്ഷിച്ച് ജില്ലയിൽ ഉയർന്നതാണെന്ന് മനസ്സിലാക്കാം.

സാക്ഷരത

ജില്ലയിലെയും സംസ്ഥാനത്തെയും സാക്ഷരതാ നിരക്കിന്റെ താരതമ്യം പട്ടിക 2.3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.3

ജില്ലയിലെയും സംസ്ഥാനത്തെയും സാക്ഷരതാ നിരക്കിന്റെ താരതമ്യം

ക്രമ നം.	സംസ്ഥാനം/ജില്ല	സാക്ഷരതാ നിരക്ക്					
		ആൺ		പെൺ		ആകെ	
		2004	2016	2004	2016	2004	2016
1	കേരളം	94.24	96.02	87.77	91.98	90.86	93.91
2	കോഴിക്കോട്	96.11	97.57	88.62	93.16	92.24	95.24

(അവലംബം- സാമ്പത്തികാവലോകനം 2016, കേരളസർക്കാർ)

ജില്ലയിലെ സ്ത്രീ സാക്ഷരതാ നിരക്ക് പുരുഷന്മാരരിലേതിനേക്കാൾ കുറവാണ്. പട്ടികയിൽ നിന്നും ജില്ലയിലെ സാക്ഷരതാ നിരക്ക് സംസ്ഥാന സാക്ഷരതാ നിരക്കിനേക്കാൾ മുന്നിലാണെന്ന് കാണാൻ കഴിയും. തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള സാക്ഷരതാ നിരക്ക് അനുബന്ധം 2.1 ൽ കാണിച്ചിരിക്കുന്നു.

തൊഴിൽ പങ്കാളിത്ത നിരക്ക്

ജില്ലയിലെയും സംസ്ഥാനത്തെയും തൊഴിൽ പങ്കാളിത്ത നിരക്ക് താഴെ ചേർക്കുന്നു.

പട്ടിക- 2.4

തൊഴിൽ പങ്കാളിത്ത നിരക്ക്

സംസ്ഥാനം/ ജില്ല	വർഷം	പുരുഷൻമാർ	സ്ത്രീകൾ	സ്ഥിര തൊഴിലാളികൾ	അസ്ഥിര തൊഴിലാളികൾ	തൊഴിലിൽ ഏർപ്പെടാത്തവർ
കോഴിക്കോട്	2001	48.7	8.2	21.9	6.0	72.1
കേരളം		50.2	15.4	25.9	6.4	67.7
കോഴിക്കോട്	2011	51.1	12.2	24.4	6.3	69.3
കേരളം		52.7	18.2	27.9	6.9	65.2

(അവലംബം : സെൻസസ് റിപ്പോർട്ട് 2011)

തൊഴിലിൽ ഏർപ്പെടാത്തവരുടെ നിരക്ക് ജില്ലയിൽ സംസ്ഥാനനിരക്കിനേക്കാൾ കൂടുതലാണ്. സ്ത്രീ-പുരുഷ തൊഴിൽ പങ്കാളിത്ത നിരക്കിൽ 2001 നെ അപേക്ഷിച്ച് നേരിയ വർദ്ധനവ് 2011 ൽ കാണുന്നുണ്ടെങ്കിലും സ്ത്രീകളിൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ശതമാനത്തിൽ ഉള്ള കുറവ് ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കുറയാൻ കാരണമാകുന്നുണ്ട്.

തൊഴിൽരഹിതരുടെ എണ്ണത്തിൽ അനുദിനം വർദ്ധനവുണ്ടാകുന്നുവെങ്കിലും വിദഗ്ധ തൊഴിലാളികളുടെ എണ്ണത്തിലെ കുറവ് വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കാറുണ്ട്. ജില്ലയിലെ തൊഴിലിൽ ഏർപ്പെടാൻ ശേഷിയുള്ള ജനസംഖ്യയുടെ വലിയൊരു വിഭാഗവും വരുമാനദായകമായ തൊഴിലിൽ ഏർപ്പെടാതെ മാറി നിൽക്കുന്നതായി കാണാം. ജില്ലയുടെ തൊഴിൽ ശക്തിയുടെ ഭാഗമാകാൻ ശേഷിയുള്ള ഈ വിഭാഗത്തിന്റെ കൈകളിലേക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ എത്തിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പദ്ധതി രൂപീകരണ പ്രക്രിയക്ക് സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും സമാരംഭം കുറിച്ചാൽ അത് ജില്ലയുടെ സമഗ്രവികസനത്തിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.

സംസ്ഥാനത്തെയും ജില്ലയിലെയും 2011 ലെ സെൻസസ് പ്രകാരമുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിഭാഗം തിരിച്ചുള്ള സ്ഥിതിവിവരകണക്ക് **പട്ടിക 2.5** കൊടുത്തിരിക്കുന്നു.

പട്ടിക 2.5

സംസ്ഥാനത്തെയും ജില്ലയിലെയും 2011 ലെ സെൻസസ് പ്രകാരമുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിഭാഗം തിരിച്ചുള്ള സ്ഥിതി വിവരക്കണക്ക് (ശതമാനത്തിൽ)

ജോലിക്കാരുടെ വിഭാഗങ്ങൾ		കേരളം	കോഴിക്കോട്
തൊഴിലിൽ ഏർപ്പെട്ടവർ	ആകെ	34.78	30.75
	പുരുഷൻമാർ	52.73	51.15
	സ്ത്രീകൾ	18.23	12.17
1. കൃഷിക്കാർ	ആകെ	5.77	2.8
	പുരുഷൻമാർ	6.47	2.9
	സ്ത്രീകൾ	3.89	2.42
2. കാർഷിക തൊഴിലാളികൾ	ആകെ	11.39	6.76
	പുരുഷൻമാർ	10.15	6.28
	സ്ത്രീകൾ	14.68	8.61
3. ഗാർഹിക വ്യാവസായിക തൊഴിലാളികൾ	ആകെ	2.35	1.4
	പുരുഷൻമാർ	1.95	1.26
	സ്ത്രീകൾ	3.42	1.94
4. മറ്റു ജോലിക്കാർ	ആകെ	80.50	89.04
	പുരുഷൻമാർ	81.43	89.56
	സ്ത്രീകൾ	78.01	87.04

(അവലംബം : സെൻസസ് റിപ്പോർട്ട് 2011)

സംസ്ഥാനത്തെയും ജില്ലയിലെയും തൊഴിൽ പങ്കാളിത്ത നിരക്ക് താരതമ്യം ചെയ്യുമ്പോൾ പുരുഷൻമാരുടെ നിരക്കിൽ കാര്യമായ വ്യത്യാസം കാണുന്നില്ല. എന്നാൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിൽ സംസ്ഥാന നിരക്കിന്റെ മൂന്നിൽ രണ്ട് ഭാഗം മാത്രമേയുള്ളൂ. കൃഷി-അനുബന്ധമേഖലകളിലും, . ഗാർഹിക വ്യാവസായിക മേഖലയിലുമാണ് ഈ അന്തരം കൂടുതലായി കണ്ടുവരുന്നത്. അതേസമയം മറ്റ് മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം സംസ്ഥാന നിരക്കിനേക്കാൾ കൂടുതലാണ്.

കൃഷിയും അനുബന്ധമേഖലകളിലുമുള്ള ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ വളരെ താഴെയാണ്. കാർഷിക മേഖലയിലെ തൊഴിലിനോട് പുതുതലമുറക്കുള്ള വിമുഖത, കൃഷി ലാഭകരമല്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ ജില്ലയിലെ കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കിന് കാരണമാകുന്നുണ്ട്. കാർഷികമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ സർക്കാറിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

സംഘടിത മേഖലയിലെ തൊഴിൽ

പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടുന്നതാണ് സംഘടിതമേഖല. കേരളത്തിലെ സംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം പട്ടിക 2.6 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.6

ജില്ലയിലെ സംഘടിത മേഖലയിലെ തൊഴിലാളികളുടെ എണ്ണം (2016 മാർച്ച് 31 ലെ കണക്കനുസരിച്ച്)

വർഷം	പൊതുമേഖല	സ്വകാര്യ മേഖല	ആകെ
2000	40000	50000	90000
2005	36000	45000	81000
2010	39000	33000	72000
2011	48000	32000	80000
2012	38000	32000	70000
2013	38000	32000	70000
2014	39000	44000	83000
2015	38000	49000	87000
2016	38000	50000	88000

(അവലംബം : സാമ്പത്തികാവലോകനം - 2016)

ജില്ലയിലെ പൊതുമേഖലയിലും സംഘടിത സ്വകാര്യ മേഖലയിലും ജോലിചെയ്യുന്നവരുടെ എണ്ണത്തിൽ 2000, 2016 വർഷങ്ങളിൽ കാര്യമായ വ്യതിയാനം കാണുന്നില്ല. എങ്കിലും 2011, 2012, 2013 വർഷങ്ങളിൽ സംഘടിത സ്വകാര്യ മേഖലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തൊഴിലവസരങ്ങളിൽ വൻ ഇടിവ് സംഭവിച്ചതായി കാണാം.

തൊഴിലന്വേഷകർ

കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേരളത്തിൽ ഉയർന്ന സാമ്പത്തിക വളർച്ചാനിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൊഴിലവസരം സൃഷ്ടിക്കുന്നതിലേക്ക് ഇത് പരിവർത്തനം ചെയ്തു കാണുന്നില്ല. ഭാരത തൊഴിൽ മന്ത്രാലയം 2015-2016 ൽ നടത്തിയ അഞ്ചാമത് വാർഷിക തൊഴിൽ - തൊഴിലില്ലായ്മ സർവ്വേ പ്രകാരം പ്രധാന സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ തൊഴിലില്ലായ്മ നിരക്ക് ഏറ്റവും കൂടുതൽ രേഖപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം (12.5%). ഇതിന്റെ പ്രതിഫലനം കോഴിക്കോട് ജില്ലയിലും ദൃശ്യമാണ്.

പട്ടിക 2.7

30.9.2016 വരെ ജില്ലയിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരുടെ എണ്ണം

പൊതു തൊഴിലന്വേഷകർ			സാങ്കേതിക/ പ്രൊഫഷണൽ തൊഴിലന്വേഷകർ			ആകെ തൊഴിലന്വേഷകർ		
പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
102957	195268	298225	18900	33657	52557	121857	228925	350782

(അവലംബം- ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട്)

2016 സെപ്തംബർ 30 ലെ കണക്ക് പ്രകാരം ജില്ലയിൽ സാങ്കേതിക/പ്രൊഫഷണൽ തൊഴിലന്വേഷകർ ഉൾപ്പെടെ ആകെ 3,50,782 പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ 65.26 ശതമാനവും സ്ത്രീകളാണ്.

ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള വിവരങ്ങൾ പട്ടിക 2.8 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2.8

ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള വിവരങ്ങൾ

ക്രമ നം	വിദ്യാഭ്യാസ യോഗ്യത	എണ്ണം
1	പ്രാഥമിക വിദ്യാഭ്യാസം	33,597
2	എസ് എസ് എൽ സി	2,02,153
3	ഹയർസെക്കന്ററി	56,007
4	ബിരുധധാരികൾ	35,822
5	ബിരുധാനന്തര ബിരുധധാരികൾ	23,033
6	നവസാക്ഷരർ	210
	ആകെ	**3,50,822**

(അവലംബം- ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട്)

ജില്ലയിലെ ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശങ്ങൾ

നിലവിൽ ജില്ലയിലെ തൊഴിൽ മേഖലയിൽ ബംഗാൾ, ബീഹാർ, ഒഡീഷ, ഉത്തർപ്രദേശ്, ആസ്സാം, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കൂടി വരുന്നു. ഇവരിൽ കൂടുതൽ തൊഴിലാളികൾ കൃഷി, കെട്ടിട നിർമ്മാണം, ഹോട്ടൽ വ്യവസായം, ഉൽപ്പന്ന നിർമ്മാണം, വ്യാപാരം എന്നീ മേഖലകളിലാണ് പ്രവർത്തിക്കുന്നത്. കണക്കുകൾ പ്രകാരം 60% അന്യസംസ്ഥാന തൊഴിലാളികൾ നിർമ്മാണ മേഖലയിലും 8% പേർ ഉൽപ്പാദനമേഖലയിലും 7% പേർ ഹോട്ടൽ റസ്റ്റോറന്റ് മേഖലയിലും 2% പേർ വ്യാപാര മേഖലയിലും ബാക്കി 23% മറ്റു പല മേഖലകളിലുമാണ് തൊഴിലെടുക്കുന്നത്.

ലേബർ ഡിപ്പാർട്ടമെന്റിൽ രജിസ്റ്റർ ചെയ്ത കണക്കുകൾ പ്രകാരം (2017 മാർച്ച്) ജില്ലയിൽ ആകെയുള്ള 22647 ഇതരസംസ്ഥാന തൊഴിലാളികളിൽ 20988 പുരുഷൻമാരും 1268 സ്ത്രീകളും 391 കുട്ടികളും ഉൾപ്പെടുന്നു.

മുൻകാലങ്ങളിൽ ഇതരസംസ്ഥാനതൊഴിലാളികളുടെ അംഗസംഖ്യയിൽ ഭൂരിഭാഗവും കേരളത്തിന്റെ തൊട്ടയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ നിന്നുമായിരുന്നുവെങ്കിൽ ഇപ്പോൾ ഇതരസംസ്ഥാന തൊഴിലാളികളായി കേരളത്തിൽ എത്തുന്നവരിൽ കൂടുതലും പശ്ചിമബംഗാൾ, ഒറീസ്സ, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് (പട്ടിക 1.8 കാണുക). കേരളത്തിൽ നിലനിൽക്കുന്ന ഉയർന്ന വേതന നിരക്കും മെച്ചപ്പെട്ട ജീവിത നിലവാരവുമാണ് ഇതര സംസ്ഥാന തൊഴിലാളികളെ കേരളത്തിലേക്ക് ആകർഷിക്കുന്നത്.

ലഭ്യമായ മനുഷ്യവിഭവം കാര്യക്ഷമമായി ഉപയോഗിക്കുന്നതിൽ ജില്ല വളരെ പിറകിലാണെന്ന് കാണാം. 95 ശതമാനത്തിൽ കൂടുതൽ ജനങ്ങളും സാക്ഷരരായ നമ്മുടെ ജില്ല മാനവ വികസന സൂചികയുടെ കാര്യത്തിലും വികസിത

രാജ്യങ്ങളുടെ സൂചികകളോട് കിടപിടിക്കുന്നതാണ്. അതേ സമയം തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും സ്ത്രീകളുടെ പങ്കാളിത്ത നിരക്കിൽ ജില്ല വളരെ പിറകിലാണ്. ആയതിനാൽ ലഭ്യമായ മനുഷ്യവിഭവങ്ങൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്താവുന്ന തരത്തിലുള്ള പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ്.

ജൈവ, ഭൌതിക വിഭവ ലഭ്യത

സമുദ്രതീരവും താഴ്ന്ന പ്രദേശങ്ങളും ഇടനാടും കുന്നുകളും മലമ്പ്രദേശങ്ങളും നിറഞ്ഞ കോഴിക്കോട് ജില്ല സമുദ്രനിരപ്പിൽ നിന്ന് 1339 മീറ്റർ വരെ വ്യത്യസ്ത ഉയരത്തിലുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്നു.

ചിത്രം 2.7

ജില്ലയുടെ ഭൂപ്രകൃതി



കേരളതീരത്തിന്റെ ഏതാണ്ട് 12% വരുന്ന തീരപ്രദേശം, സമുദ്രനിരപ്പല്നി ന്നും 7.6 മീറ്റർ വരെ മാത്രം ഉയരത്തിലുള്ള താഴ്ന്ന സമതല പ്രദേശമാണ്. തീരപ്രദേശത്തിനും മലനാടിനും ഇടയിൽ നിമ്നോന്നതമായ പീഠഭൂമികളും താഴ്വര കളും ഇടചേർന്ന് കാണപ്പെടുന്ന ഇടനാട് സമുദ്രനിരപ്പിൽ നിന്നും 7.6 മുതൽ 76 മീ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. സമുദ്രനിരപ്പിൽ നിന്നും 76 മീറ്റർ കൂടുതൽ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പാറകളോട് കൂടിയ കുന്നുകളും മലകളും അടങ്ങിയ മലനാട് ജില്ലയുടെ കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു.

ഭൂരൂപ വ്യവസ്ഥ:

ഭൂസവിശേഷതകൾ അനുസരിച്ച് കോഴിക്കോടിനെ തീരദേശം, ഇടനാട്, ഇടനാട് (എം.യു.ടി.), മലനാട്, പർവ്വത പ്രദേശങ്ങൾ എന്നിങ്ങനെ അഞ്ച് ഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്.

ചിത്രം 2.8



1. തീരദേശം (Costal Plain and low land) :-

ജില്ലയുടെ തെക്ക് മുതൽ വടക്ക് വരെ നീണ്ടു കിടക്കുന്ന തീരപ്രദേശവും താഴ്ന്ന പ്രദേശവും ചേർന്നതാണ് തീരദേശ മേഖല.

2. ഇടനാട് (Low Rolling Terrain):-

ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 1/5 ഭാഗം ഈ ഭൂപ്രദേശമാണ്. വെട്ടുകൽക്കു ന്നുകളും അവയെ ചുറ്റിക്കിടക്കുന്ന വയലേലകളും ഈ ഭൂഭാഗങ്ങളിൽ പെടുന്നു.

3. ഇടമലനാട് (Moderatery Undulating Terrian) :-

ജില്ലയുടെ മൊത്തം വിസ്തൃതിയുടെ ഏറിയ പങ്കും ഈ ഭൂഭാഗമാണ്. നാളികേരം, കമുക് തുടങ്ങിയ കാർഷിക വിളകൾക്ക് പുറമേ റബ്ബർ കൃഷിയും ഇവിടെ വ്യാപകമാണ്.

4. മലനാട് (Highly Undulatlatine Terrain):-

പശ്ചിമഘട്ട മലനിരകളുടെ അതീവ നിമ്നോന്നതമായ താഴ്വരകളാണിത്. വയനാടൻ പീഠഭൂമിയുടെ താഴ്വാരത്തിലുള്ള ഈ ഭൂഭാഗം മിക്കവയും മണ്ണൊലിപ്പ് ഭീഷണി നിലനിൽക്കുന്ന താഴ്വര മലമ്പ്രദേശങ്ങളാണ്.

5. പർവ്വതപ്രദേശങ്ങൾ (Hilly Area) :-

ചെങ്കുത്തായ ചരിവുകളും മൊട്ട ക്കുന്നുകളും ഉൾപ്പെട്ട ഈ ഭാഗം മൊത്തം വിസ്തൃതിയുടെ 7% വരും. റബ്ബർ തോട്ടങ്ങളും വനപ്രദേശങ്ങളും ആണ് ഈ പ്രദേശത്ത് പ്രധാനമായും കണ്ടുവരുന്നത്.

കാലാവസ്ഥ

ജില്ലയിൽ പ്രധാനമായും ഉഷ്ണമേഖലാ കാലാവസ്ഥയാണ് ഉള്ളത്. അറബിക്കടൽ തീരത്ത്

സ്ഥിതിചെയ്യുന്നതുകൊണ്ടും കിഴക്ക് പശ്ചിമഘട്ട നിരകളുടെ സാന്നിദ്ധ്യമുള്ളതു കൊണ്ടും ധാരാളം മഴകൊണ്ട് അനുഗ്രഹീതമാണ് ഈ പ്രദേശം. ഒരു വർഷത്തിൽ ലഭിക്കുന്ന ശരാശരി മഴ 380 സെ.മീ. ആണ്. ഇതിന്റെ സിംഹഭാഗവും തെക്ക് പടിഞ്ഞാറൻ കാലവർഷങ്ങളിൽ (ജൂൺ മുതൽ ആഗസ്ത് വരെയുള്ള മാസങ്ങളിൽ) ലഭിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം ലഭ്യമായ മഴവെള്ളത്തിന്റെ ഭൂരിഭാഗവും വളരെ പെട്ടെന്ന് തന്നെ ഒഴുകി കടലിൽ എത്തിച്ചേരുകയാണ് ചെയ്യുന്നത്.

തെക്കുപടിഞ്ഞാറൻ മൺസൂൺ കാലം അഥവാ കാലവർഷം എന്ന് അറിയപ്പെടുന്ന ജൂൺ മുതൽ സെപ്തംബർ മാസം വരെയുള്ള കാലയളവിൽ ശരാശരി 273 സെ.മീ മഴ ലഭിക്കുന്നുണ്ട്. തുലാവർഷം എന്ന പേരിൽ അറിയപ്പെടുന്ന വടക്ക് കിഴക്കൻ മൺസൂൺ കാലത്ത് (ഒക്ടോബർ മുതൽ നവംബർ വരെയുള്ള കാലയളവിൽ) ശരാശരി 48 സെ.മീ. മഴ ലഭിക്കുന്നു.

ജില്ലയിൽ അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ അളവ് പൊതുവെ കൂടുതലാണ്. വർഷത്തിൽ മിക്കസമയങ്ങളിലും ആർദ്രതയുടെ (Humidity) അളവ് 75% നും മേലെയാണ്. കാലവർഷസമയങ്ങളിൽ ആർദ്രതയുടെ നിരക്ക് 85 % നും മുകളിൽ ഉയരാറുണ്ട്.

തുലാവർഷത്തിലും വടക്കുകിഴക്കൻ കാലവർഷത്തിന്റെ ആരംഭത്തിലും വേനൽക്കാലങ്ങളിലുമാണ് ഇടിയോട് കൂടിയ മഴ (Thunder Storm) കണ്ടുവരുന്നത്. ഇടിയോട് കൂടിയ മഴ ആരംഭിക്കുന്നതിന് തൊട്ട് മുമ്പും മഴയുടെ ആദ്യഘട്ടങ്ങളിലും ശക്തമായി കാറ്റുവീശുന്നത് സാധാരണമാണ്. ഈ സമയത്ത് ജില്ലയിൽ മൊത്തത്തിൽ ശക്തിയേറിയ മഴയും തീരപ്രദേശങ്ങളിൽ ശക്തമായ കാറ്റോടുകൂടിയ മഴയും ലഭിക്കുന്നു.

ഒരു വർഷത്തിൽ ശരാശരി മഴദിവസങ്ങളുടെ എണ്ണം 128 ആണ്. മഴ ദിവസങ്ങൾ കോഴിക്കോട് 117 ഉള്ളപ്പോൾ കുറ്റ്യാടിയിൽ 142 ആണ്.

ജില്ലയിലെ കിഴക്കൻ ഭാഗങ്ങളിലെ കുന്നിൻ ചെരുവുകളിൽ മൺസൂൺ കാലങ്ങളിൽ ഉണ്ടാകുന്ന വിനാശകരമായ ഉരുൾപൊട്ടലുകൾ ഈയടുത്ത കാലത്തായി സാധാരണ സംഭവമായി മാറിയിരിക്കുന്നു. കുന്നിൻചെരുവിലെ ഭൂതലത്തിന്റെ ഘടനയിന്മേലുള്ള മനുഷ്യന്റെ വിവേചനരഹിതവും തിടുക്കത്തിലുമുള്ള കടന്നാക്രമണത്തിന്റെ ഫലമായി ചെരിവുകളുടെ സ്ഥിരത നഷ്ടപ്പെടുകയും തദ്വാര ഉരുൾപൊട്ടലുകൾ സംഭവിക്കുകയും ചെയ്യുന്നു. വടകര താലൂക്കിലെ കാവിലുംപാറ, ചിറ്റാരിമല, കൊയിലാണ്ടി താലൂക്കിലെ പെങ്ങോട്ട്മല, അമ്പായപ്പാറ, കൂരാച്ചുണ്ട്, കോഴിക്കോട് താലൂക്കിലെ താമരശ്ശേരി, വെള്ളരിമല, കൂടരഞ്ഞി എന്നീ ഭാഗങ്ങളിലുള്ള ഭൂരിഭാഗം കുന്നിൻ ചെരുവുകളിലും ഉരുൾപൊട്ടലിന് സാധ്യത ഉള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ജലവിഭവങ്ങൾ

ജില്ലയിലെ ലഭ്യമായ ജലസ്രോതസ്സുകളെ പ്രധാനമായും ഉപരിതലജലമെന്നും ഭൂഗർഭജലമെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഭൂതലത്തിലെ പുഴകൾ, തടാകങ്ങൾ, അരുവികൾ, ജലസംഭരണികൾ, കുളങ്ങൾ മുതലായവയിൽ സംഭരിക്കപ്പെടുന്ന ജലത്തെയാണ് ഉപരിതലജലമെന്ന് പറയുന്നത്. കോഴിക്കോട് ജില്ലയിൽ പ്രധാനമായും 6 നദികളാണ് ഉള്ളത്. മയ്യഴി പുഴ, കുറ്റ്യാടിപുഴ, കോരപ്പുഴ, കല്ലായിപുഴ, ചാലിയാർ, കടലുണ്ടിപുഴ എന്നിവയാണ് ഈ പുഴകൾ. ഇവയെല്ലാം പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു. നദീതടങ്ങളിൽ കുറ്റ്യാടി, കോരപ്പുഴ, കല്ലായി എന്നിവ പൂർണ്ണമായും മറ്റുള്ളവ ഭാഗികമായും കോഴിക്കോട് ജില്ലയിലാണ്. കരയിടിച്ചിൽ, അനിയന്ത്രിതമായ മണൽവാരൽ മലിനീകരണം എന്നിങ്ങനെ നദീതടങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്ന നിരവധി രൂക്ഷമായ പ്രശ്നങ്ങൾ ജില്ലയിൽ നിലനിൽക്കുന്നു.

കോഴിക്കോട് ജില്ലയിലെ നദികളിൽ മഴക്കാലങ്ങളിൽ അഴിമുഖത്തുനിന്നും ഏകദേശം ഒരു കിലോമീറ്ററും വേനൽക്കാ ലങ്ങളിൽ 15 മുതൽ 28 കിലോമീറ്റർ വരെയും ഉപ്പുവെള്ളം കയറുന്നു. ചാലിയാർപുഴയിൽ ഏപ്രിൽ മാസത്തിൽ അഴിമുഖത്തുനിന്നും 28 കി.മീ അകലെ, ഉപ്പിന്റെ അളവ് 5500 ppm വരെ രേഖപ്പെടുത്തിടിട്ടുണ്ട്. ജില്ലയിലെ നദികളിൽ എല്ലാം തന്നെ മഴക്കാലം കഴിഞ്ഞാൽ ഉപ്പുവെള്ളം കയറുന്ന അവസ്ഥയാണുള്ളത്.

പട്ടിക 2.9

ജില്ലയിലെ നദീതടങ്ങളുടെ നീളവും വിസ്തൃതിയും

നദീതടം	നീളം	വിസ്തൃതി
മാഹി നദീതടം	54 കി.മീ.	394 ച.കി.മീ
കുറ്റ്യാടി നദീതടം	75 കി.മീ.	583 ച.കി.മീ
കോരപ്പുഴ നദീതടം	40 കി.മീ	624 ച.കി.മീ
കല്ലായ് നദീതടം	22 കി.മീ	96 ച.കി.മീ
ചാലിയാർ നദീതടം	169 കി.മീ	2923 ച.കി.മീ
കടലുണ്ടി നദീതടം	130 കി.മീ	1099 ച.കി.മീ

ജലസംഭരണികൾ

കോഴിക്കോട് ജില്ലയിൽ കക്കയത്തും, പെരുവണ്ണാമൂഴിയിലുമായി രണ്ട് പ്രധാന ജലസംഭരണികളാണുള്ളത്. കക്കയം ജലസംഭരണ വിസ്തീർണ്ണം 2.61 ച.കി.മീറ്ററും ശേഷി 33.98 ദശലക്ഷം ഘനമീറ്ററുമാണ്. പെരുവണ്ണാമൂഴിയിലെ ജലസംഭരണ വിസ്തീർണ്ണം 10.64 ച.കി.മീറ്ററും, സംഭരണശേഷി 121.2 ദശലക്ഷം ഘനമീറ്ററുമാണ്.

കുളങ്ങൾ

കോഴിക്കോട് ജില്ലയിൽ 2300 ഓളം കുളങ്ങളുണ്ട്. ഇതിനെല്ലാം കൂടി 11.19 ppm വെള്ളം ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൂരിഭാഗവും നാശോന്മുഖ ഭീഷണിയിലാണ്.

കടലോര മേഖലയിലെ ജലസ്രോതസ്സുകൾ

ജില്ലയിൽ 362.82 ച.കി.മീ ദൈർഘ്യമുള്ള കടലോര മേഖലക്ക് സമാനമായി ഭൂമിയുടെ അന്തർ ഭാഗത്ത് 6 മീറ്ററോളം കനത്തിൽ കാണപ്പെടുന്ന മൺപാളികൾ ജലസംഭരണശേഷി തികഞ്ഞ ഒരു പ്രധാന ഘടകമായി കണ്ടെത്തിയിട്ടുണ്ട്. ഫറോക്ക് മുതൽ നടക്കാവ് വരെയുള്ള പ്രദേശങ്ങളിൽ ഇത്തരം ഘടന ഉള്ളതായി കാണുന്നു. എന്നാൽ ഈ പ്രദേശങ്ങളിലെ കിണറുകളിൽ വേനൽകാലത്ത് ഉപ്പുവെള്ളം കയറി മലിനപ്പെടാറുണ്ട്. കടലോര മേഖലയിൽ ഭൂജലനിരപ്പ് ഒരു സെന്റീമീറ്റർ താഴുമ്പോൾ ജലത്തിലെ ഖരധാതുക്കളുടെ (TDS) അളവ് 1 മുതൽ 20 ppm വരെയും ക്ലോറൈഡിന്റെ അളവ് 0.5 മുതൽ 8 ppm വരെയും വർദ്ധിക്കു ന്നതായി കണ്ടിട്ടുണ്ട്.

ഇടനാട് പ്രദേശത്തെ ജലസ്രോതസ്സുകൾ

ഇടനാട് പ്രദേശം ജില്ലയിൽ 1344 ച.കി.മീ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. വെട്ടുകല്ല്, കളിമണ്ണ് കലർന്ന വെട്ട് കല്ല് എന്നിവയാൽ സംപുഷ്ടമായ ഈ പ്രദേശം ഏറെ ജലസംഭരണ ശേഷിയുള്ളതാണ്. തുറസ്സായ കിണറുകൾ വളരെയേറെ ഉള്ളതാണ് ഈ ഭൂഭാഗം.

മലനാട് മേഖലയിലെ ജലസ്രോതസ്സുകൾ

മൊത്തം വിസ്തീർണ്ണത്തിന്റെ 26.8% ത്തോളം വരുന്ന ഈ പ്രദേശത്തിന്റെ സവിശേഷത വെട്ടുകല്ലുകൾ തീരെ പരിമിതവും പാറകൾ കൂടുതലുമാണെന്നതാണ്. പാറകൾക്കിടയിലെ വിടവുകളിൽ സംഭരിക്കപ്പെടുന്നതാണ് ഈ മേഖലയിലെ ജലസ്രോതസ്സുകൾ. വളരെ ആഴത്തിൽ കാണപ്പെടുന്ന ഈ ജലസ്രോതസ്സുകൾ കുഴൽക്കിണറുകൾ കുഴിച്ച് ശേഖരിക്കപ്പെടുന്നു.

മണ്ണ്

ജില്ലയിൽ കണ്ടുവരുന്ന മണ്ണിനങ്ങളെ പ്രധാനമായും തീരദേശ എക്കൽമണ്ണ്, നദീതട എക്കൽമണ്ണ്, ബ്രൌൺ ഹൈഡ്രോമോർഫിക്, ലാറ്ററൈറ്റ് മണ്ണ്, വനമണ്ണ് എന്നിങ്ങനെ 5 വിഭാഗങ്ങളായി തരംതിരിക്കാം.

ഭൂപ്രതലത്തിന്റെ സ്ഥിതി, മണ്ണിന്റെ ഘടന,ആഴം, നീർവാർച്ച, ഉൽഭവം, നിറം, രചന എന്നിവയെ അടിസ്ഥാനമാക്കി ജില്ലയിലെ മണ്ണുകളെ 8 ശ്രേണികളായി തിരിച്ചിരിക്കുന്നു.

പട്ടിക 2.10

ജില്ലയിലെ മണ്ണിന്റെ ഘടന

ശ്രേണിയുടെ പേര്	മണ്ണിന്റെ ഘടന	പ്രധാന വിളകൾ
തിക്കോടി ശ്രേണി	തവിട്ട് നിറത്തിലും മണൽ രൂപത്തിലും കാണപ്പെടുന്നു	നെല്ല്, തെങ്ങ്, അടയ്ക്ക, വാഴ, പച്ചക്കറി, കറുകപ്പട്ട
നന്മണ്ട ശ്രേണി	ചുവപ്പുനിറത്തിൽ ചരലും മണലും കലർന്ന പശിമരാശി മണ്ണിന്റെ രൂപത്തിലും കാണുന്നു.	തെങ്ങ്, വാഴ, കുരുമുളക്, കശുവണ്ടി, പഴങ്ങൾ, മരച്ചീനി
കക്കോടി ശ്രേണി	തവിട്ട് നിറത്തിൽ മണൽ കലർന്ന പശിമരാശി മണ്ണിന്റെ രൂപത്തിൽ കാണപ്പെടുന്നു	നെല്ല്, വാഴ, പച്ചക്കറി ധാന്യങ്ങൾ
തിരുവമ്പാടി ശ്രേണി	നൈതിക്ക് പാറകളിൽ നിന്നും രൂപപ്പെട്ടതും തവിട്ടുനിറത്തിലും മഞ്ഞ കലർന്ന ചുവപ്പുനിറത്തിലും ചരൽ കലർന്ന കളിമണ്ണിന്റെ രൂപത്തിലും കാണപ്പെടുന്നു.	പഴങ്ങൾ, റബ്ബർ, കുരുമുളക്, തേങ്ങ
കുന്ദമംഗലം ശ്രേണി	ചെങ്കൽമണ്ണ് ചുവപ്പ് കലർന്ന തവിട്ട് നിറത്തിലും കളിമണ്ണും ചരലും കലർന്ന പശിമരാശി മണ്ണിന്റെ രൂപത്തിലും കാണപ്പെടുന്നു.	വാഴ, കുരുമുളക്, കശുവണ്ടി, പഴമരങ്ങൾ, മരച്ചീനി
അടിവാരം ശ്രേണി	ചുവപ്പും, മഞ്ഞയും കലർന്ന തവിട്ട് നിറത്തിൽ ചരൽ കലർന്ന കളിമണ്ണിന്റെ രൂപത്തിൽ	കൈതച്ചക്ക, റബ്ബർ, തെങ്ങ്, കുരുമുളക്
മേൽമല ശ്രേണി	തവിട്ടുനിറത്തിൽ ചരലും കളിമണ്ണും കലർന്ന പശിമരാശി മണ്ണിന്റെ രൂപത്തിൽ കാണപ്പെടുന്നു	പഴമരങ്ങൾ, കൈതച്ചക്ക, തേങ്ങ, റബ്ബർ
ചെറിയ ശ്രേണി	തവിട്ടുനിറത്തിൽ ചരൽകലർന്ന കളിമണ്ണിന്റെ രൂപത്തിൽ കാണപ്പെടുന്നു	തെങ്ങ്,റബ്ബർ, വനവൃക്ഷങ്ങൾ

വനസമ്പത്ത്

ജൈവ വൈവിദ്ധ്യസമൃദ്ധമായ നിരവധി പരിസ്ഥിതി വ്യൂഹങ്ങൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു. നല്ല മഴ ലഭിക്കുന്ന പ്രദേശമായതിനാലും അന്തരീക്ഷ ഊഷ്മാവ് കുറവായതിനാലും കിഴക്ക് ഭാഗം പശ്ചിമഘട്ടത്തിന്റെ സാന്നിദ്ധ്യമുള്ളതിനാലും കോഴിക്കോട് ജില്ലയിലെ സസ്യജാലങ്ങളും വൃക്ഷങ്ങളും ട്രോപ്പിക്കൽ മേഖലകളിൽ കാണുന്ന തരത്തിലുള്ളവയാണ്. ജില്ലയിലെ പ്രധാന കാർഷിക വിളകൾ നാളികേരം, നെല്ല്, വാഴ, കപ്പ, ചേമ്പ്, ചേന, പച്ചക്കറികൾ എന്നിവയാണ്.

ജില്ലയിലെ വനമേഖലയുടെ വിസ്തൃതി 309.06 ച.കി.മീറ്ററാണ്. ജില്ലയുടെ 13 ശതമാനത്തോളം വരും വനപ്രദേശം. ചെക്യാട്, വാണിമേൽ, നരിപ്പറ്റ, കാവിലുംപാറ, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പുതുപ്പാടി, തിരുവമ്പാടി, കോടഞ്ചേരി, കൂടരഞ്ഞി, കട്ടിപ്പാറ, പനങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിലായിട്ടാണ് ജില്ലയിൽ വനമേഖല കണ്ടുവരുന്നത്. ഇതു കൂടാതെ ഏകദേശം 1.018 ച.കി.മീ കണ്ടല്കാകടുകളും 0.50 ച.കി.മീ കാവുകളും ജില്ലയുടെ പലഭാഗത്തായി ഉണ്ട്. ജില്ലയിലെ വനഭൂമിയിൽ 24.40 ച.കി.മീ. റിസർവ്വ് വനവും, 231.13 ച.കി.മീ. നിക്ഷിപ്ത വനവുമാണ്

ചിത്രം 2.9



ജൈവസമ്പത്തിന്റെ അശാസ്ത്രീയമായ ഉപയോഗവും കാലാവസ്ഥയിൽ വന്നിട്ടുള്ള സ്വാഭാവികമായ മാറ്റങ്ങളും ജൈവഘടനയെ പ്രതീകൂലമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതി പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനതലം മുതൽ ആരംഭിക്കേണ്ടതാണ്.

ധനവിഭവ ലഭ്യത

ധനലഭ്യതയ്ക്കും അതിന്റെ കാര്യക്ഷമമായ വിനിയോഗത്തിനും പദ്ധതി രൂപീകരണ നിർവ്വഹണ പ്രവർത്തനത്തിൽ നിർണ്ണായക പങ്കുണ്ട്. ഭൌതിക വിഭവശേഷിയും മനുഷ്യവിഭവ ശേഷിയും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തണമെങ്കിൽ ഫലപ്രദമായ ധനവിനിയോഗം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാറുകൾ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വർഷം തോറും അനുവദിച്ച് വരുന്ന വിഹിതവും, വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാലം മുതൽ പ്രാദേശിക സർക്കാറുകൾക്ക് നൽകുന്ന വിഹിതവുമാണ് ജില്ലയുടെ ധനവിഭവ ലഭ്യതയിൽ പ്രധാനപ്പെട്ടത്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനവിഭവ ലഭ്യത:

കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഏറ്റവും വലിയ സവിശേഷത സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 30% ത്തിലധികം തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതമായി നൽകുന്നു എന്നതാണ്. 1997-98 സാമ്പത്തിക വർഷം മുതലാണ് ഇപ്രകാരം പദ്ധതി വിഹിതം കൈമാറിയിട്ടുള്ളത്. ഇങ്ങനെ ലഭിക്കുന്ന പദ്ധതി വിഹിതമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വിഭവസ്രോതസ്സ്. സർക്കാറുകൾ മാറി മാറി വരുന്നുവെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടുതൽ മെച്ചപ്പെടുത്തി നൽകുന്ന രീതിയാണ് നാളിതുവരെയായി അനുവർത്തിച്ചു വരുന്നത്.

പന്ത്രണ്ടാം പദ്ധതി കാലയളവിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്നായി 4611.03 കോടി രൂപ ലഭിക്കുകയുണ്ടായി. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട്, കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന വിഹിതം, വായ്പയായും, സംഭാവനയായും ഗുണഭോക്തൃവിഹിതമായും സമാഹരിക്കുന്ന വിഹിതം തുടങ്ങിയവയിലൂടെയായിരുന്നു കഴിഞ്ഞ 5 വർഷക്കാലം തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തിയിരുന്നത്.

2012-13 മുതൽ 2016-17 വരെ ലഭ്യമായ കണക്കുകൾ പരിശോധിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിൽ 53.16 ശതമാനം വർദ്ധനവ് ഉണ്ടായതായി കാണാം. (ചിത്രം 2.10)

ചിത്രം 2.10



2015-16, 2016-17 കാലയളവുകളിലെ വിഭവസമാഹരണത്തിൽ വികസനഫണ്ടിൽ ഒഴികെ മറ്റ് സ്രോതസ്സുകളിൽ നിന്ന് ലഭിച്ച ഫണ്ടുകളിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല, കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട്, തനത് ഫണ്ട്, സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എന്നിവയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നതായി കാണാം. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിവിധ സ്രാതസ്സുകളിൽ നിന്നായി ലഭിച്ച ഫണ്ടിന്റെ വിശദവിവരങ്ങൾ അനുബന്ധം 2.2 ആയി ചേർത്തിരിക്കുന്നു.

ഇതേ കാലയളവിൽ ലഭ്യമായ വികസനഫണ്ടിന്റെ 63.23 ശതമാനം മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ എന്നത് പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് വെളിവാക്കുന്നത്. 2012-13 മുതൽ 2016-17 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച വികസനഫണ്ടിന്റെ വിശദവിവരങ്ങൾ അനുബന്ധം 2.3 ആയി ചേർത്തിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനവിഭവ ലഭ്യത:

വികസന ഫണ്ട്, പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, തനത് ഫണ്ട് എന്നിവയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനലഭ്യതയുടെ പ്രധാന സ്രോതസ്സുകൾ. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന ധനവിഭവ ലഭ്യത പട്ടിക 2.11 ആയി ചേർക്കുന്നു.

പട്ടിക 2.11

ധനലഭ്യത - തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പതിമൂന്നാം പദ്ധതിക്കാലയളവിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന തുക (ലക്ഷത്തിൽ)

ക്രമ നമ്പർ	തദ്ദേശഭരണ സ്ഥാപനം	വികസന ഫണ്ട്				ധനകാര്യ കമ്മീഷന് ഗ്രാന്റ്	മെയിന്റനൻ ഗ്രാന്റ്	തനത് ഫണ്ട്	ആകെ
		പൊതു വിഭാഗം	എസ്.സി. എസ്.പി.	ടി.എസ്. പി.	ആകെ				
1	ഗ്രാമ പഞ്ചായത്ത്	67339.86	20968.39	1015.95	89324.21	37218.89	50188.99	16416.70	193148.78
2	ബ്ലോക്ക് പഞ്ചായത്ത്	25239.40	7876.31	348.05	33463.76	0.00	3196.20	72.67	36732.64
3	ജില്ലാ പഞ്ചായത്ത്	25253.62	7876.49	348.11	33478.23	0.00	32168.69	1193.43	66840.35
4	മുനിസിപ്പാലിറ്റി	16332.73	4104.15	28.21	20465.09	12157.76	8213.92	4260.58	45097.35
5	കോർറേഷൻ	31360.37	5888.31	0.00	37248.68	31683.52	19773.26	6044.05	94749.50
	ആകെ	165525.99	46713.66	1740.32	213979.97	81060.16	113541.06	27987.43	436568.62

2017-18 വർഷത്തെ വിഹിതത്തിൽ നിന്നും 10% വിഹിതം വീതം കൂട്ടിച്ചേർത്താണ് തനത് ഫണ്ട് ഒഴികെയുള്ള വിഭവലഭ്യത കണക്കാക്കിയിട്ടുള്ളത്. 2016-17 വർഷം ചെലവഴിച്ച തനത് ഫണ്ടിനോട് 10 ശതമാനം വീതം വർദ്ധനവ് കണക്കാക്കിയാണ് പഞ്ചവത്സരക്കാലയളവിലെ തനത്ഫണ്ട് ലഭ്യത കണക്കാക്കിയിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന 81060.16 ലക്ഷം രൂപ ശുചിത്വം, മാലിന്യ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, കുടിവെള്ള വിതരണം, നടപ്പാതകളുടെ നിർമ്മാണം, തെരുവു വിളക്കുകൾ സ്ഥാപിക്കൽ, ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം, റോഡ് സംരക്ഷണം, പരിപാലനം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിനും അവയുടെ സേവനം മെച്ചപ്പെടുത്തുന്നതിനുമായി മെയിന്റനൻസ് ഫണ്ട് ഇനത്തിൽ 113541.06 ലക്ഷം രൂപയും, കൂടാതെ തനത്ഫണ്ടിനത്തിൽ 27987.43 ലക്ഷം രൂപയും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ജില്ലയിലെ ജനസംഖ്യയുടെ 6.95 ശതമാനം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി മൊത്തം വികസന ഫണ്ടിന്റെ 22.64 ശതമാനം തുകയായ 48453.98 ലക്ഷം രൂപ ലഭ്യമാകും. അടുത്ത 5 വർഷക്കാലത്തേക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന ധനവിഭവ ലഭ്യതയുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2.4 ആയി ചേർത്തിരിക്കുന്നു.

1. സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം

സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ മുഖേന നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇത്തരം പദ്ധതികൾ ഓരോ ജില്ലയിലും എത്രമാത്രം ലഭ്യമാകുന്നു എന്ന് വ്യക്തമായ ധാരണയില്ലാതെയാണ് നാളിതു വരെയായി തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണം നടത്തിയത്. എന്നാൽ വരും വർഷങ്ങളിൽ പ്രദേശിക പദ്ധതികൾ തയ്യാറാക്കുന്നതിനു മുമ്പ് സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ജില്ലയിലെ വിവിധ വികസന വകുപ്പ് മുഖേന ലഭിക്കുന്ന ഫണ്ടിനെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതു കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് സമാന്തരമായ പ്രാദേശിക പദ്ധതികൾ ഒഴിവാക്കുന്നതിനും സാധിക്കും. അടുത്ത 5 വർഷക്കാലം സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായി വിവിധ വകുപ്പുകൾ മുഖേന ജില്ലക്ക് 4370 കോടി രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. മേഖല തിരിച്ചുള്ള വിശദാംശങ്ങൾ പട്ടിക 2.12 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2.12

സംസ്ഥാന പദ്ധതി വിഹിതം മേഖലാടിസ്ഥാനത്തിൽ (തുക ലക്ഷത്തിൽ)

ക്രമ നം	മേഖല	2017-18	2018-19	2019-20	2020-21	2021-22	ആകെ
1	കൃഷി	9559.48	10515.43	11566.97	12723.67	13996.03	58361.58
2	ഗ്രാമവികസനം	3506.36	3857.00	4242.70	4666.97	5133.66	21406.68
3	സഹകരണം	756.25	831.88	915.06	1006.57	1107.23	4616.98
4	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	1664	1830.40	2013.44	2214.78	2436.26	10158.89
5	ഊർജ്ജം	12495	13744.50	15118.95	16630.85	18293.93	76283.22
6	വ്യവസായവും ധാതുസംസ്ക്കരണവും	8625.66	9488.23	10437.05	11480.75	12628.83	52660.52
7	ഗതാഗതവും വാർത്താ വിനിമയവും	6103	6713.30	7384.63	8123.09	8935.40	37259.43
8	ശാസ്ത്രസാങ്കേതിക വിദ്യയും പരിസ്ഥിതി സംരക്ഷണവും	2257	2482.70	2730.97	3004.07	3304.47	13779.21
9	സാമൂഹ്യ സേവനങ്ങൾ	25895.99	28485.59	31334.15	34467.56	37914.32	158097.61
10	സാമ്പത്തിക സേവനങ്ങൾ	550.24	605.26	665.79	732.37	805.61	3359.27
11	പൊതുസേവനങ്ങൾ	170	187.00	205.70	226.27	248.90	1037.87
	ആകെ	**71583**	**78741.28**	**86615.41**	**95276.95**	**104804.64**	**437021.25**

(അവലംബം : 2017-18 ബഡ്ജറ്റ് വിഹിതം - സംസ്ഥാന ആസൂത്രണ ബോർഡ് ജില്ല തിരിച്ച് തയ്യാറാക്കിയത്)

2. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം

സംസ്ഥാനാവിഷ്കൃത പദ്ധതികൾ പോലെ തന്നെ കേന്ദ്രാവിഷ്കൃത പദ്ധതികളും ജില്ലയിൽ നടപ്പാക്കുന്നുണ്ട്. ഒരോ വർഷവും 10% വീതം വർദ്ധനവ് ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് 2021-22 വരെയുള്ള പദ്ധതി തുക കണക്കാക്കിയിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ വിശദാംശങ്ങൾ പട്ടിക 2.13 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 2.13

കേന്ദ്ര പദ്ധതി ഫണ്ട് വിഹിതം (2017–18 മുതൽ 2021–22) വരെ വിഹിതങ്ങൾ

(തുക ലക്ഷത്തിൽ)

1. ഭാഗിക കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ

ക്രമ നം.	വകുപ്പ്	2017–18	2018–19	2019–20	2020–21	2021–22	ആകെ
1	സർവ്വശിക്ഷാ അഭിയാൻ (എസ്. എസ്. എ) നടത്തിപ്പ് ചെലവ് : (60 % സി.എസ്.എസ്)	3564.58	3921.04	4313.14	4744.46	5218.90	21762.12
2	സംയോജിത ശിശു വികസന പദ്ധതി (60 % സി.എസ്.എസ്)	430.42	473.46	520.81	572.89	630.18	2627.76
3	പൂരക പോഷകാഹാര പദ്ധതി (50 % സി.എസ്.എസ്)	186.87	205.56	226.11	248.72	273.60	1140.86
4	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.പി)	20814.28	22895.71	25185.28	27703.81	30474.19	127073.27
5	പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) (60 % കേന്ദ്ര പദ്ധതി വിഹിതം)	2076.28	2283.91	2512.30	2763.53	3039.88	12675.90
6	പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന (60 % കേന്ദ്ര പദ്ധതി വിഹിതം)	2499.98	2749.98	3024.98	3327.47	3660.22	15262.63
7	പൗരാവകാശ നിയമത്തിന്റെ പരിരക്ഷയും നടത്തിപ്പും (50 % സംസ്ഥാന വിഹിതം)	112.25	123.48	135.82	149.40	164.35	685.30
8	സ്വച്ഛ് ഭാരത് മിഷൻ	1211.67	1332.84	1466.12	1612.73	1774.01	7397.37
	ആകെ	30896.33	33985.98	37384.56	41123.01	45235.33	188625.21
	2. 100 % കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ						
1	കാർഷിക സാമ്പത്തിക സ്ഥിതിവിവര കണക്ക് പദ്ധതി യഥാസമയം അവതരിപ്പിക്കൽ (ഇ.എ.ആർ.എ.എസ്)	171.89	189.08	207.99	228.79	251.66	1049.41
2	മെട്രിക്കുലേഷന് ശേഷമുള്ള സ്കോളർഷിപ്പ്	49.21	54.13	59.54	65.50	72.05	300.43

3	പട്ടികവർഗ്ഗ പരമ്പരാഗത ആദിവാസികളുടെ പദ്ധതി നടത്തിപ്പ്	1	1.10	1.21	1.33	1.46	6.10
4	മെട്രിക്കുലേഷന് മുമ്പുള്ള 9, 10 ക്ലാസിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	18	19.80	21.78	23.96	26.35	109.89
5	പ്രാഥമിക വാണിജ്യ സഹകരണ ഫെഡറേഷനുള്ള സാമ്പത്തിക സഹായം	32	35.20	38.72	42.59	46.85	195.36
6	എസ്.സി.എ ടു ടി.എസ്.പി	40	44.00	48.40	53.24	58.56	244.20
7	എസ്.സി.എ ടു എസ്.സി.പി	12.38	13.62	14.98	16.48	18.13	75.59
	ആകെ	324.48	356.93	392.62	431.89	475.06	1980.98
	ആകെ (1 + 2)	**31270.81**	**34342.91**	**37777.18**	**41554.9**	**45710.39**	**190606.19**

(അവലംബം : പ്ലാൻസ്പേസ്, സംസ്ഥാന ആസൂത്രണബോർഡ്)

3. എം പി / എം എൽ എ പ്രാദേശിക വികസന ഫണ്ടും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടും

പ്രാദേശിക വികസന ഫണ്ടായി എല്ലാ എം.പി.മാർക്കും ഓരോ വർഷവും 5 കോടി രൂപ വീതവും, എം.എൽ.എ. മാർക്ക് 1 കോടി രൂപ വീതവും, ആസ്തി വികസന ഫണ്ടായി എല്ലാ എം.എൽ.എ. മാർക്കും ഓരോ വർഷവും 5 കോടി രൂപ വീതവും മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. ജില്ലയിൽ കോഴിക്കോട് ലോകസഭാ മണ്ഡലം മുഴുവനായും, വടകര, വയനാട് ലോകസഭാ മണ്ഡലങ്ങളുടെ ഭാഗങ്ങളാണുമുള്ളത്. കൂടാതെ 13 നിയമസഭാ അസംബ്ലി മണ്ഡലങ്ങളുമുണ്ട്. ഈ ഇനത്തിൽ ജില്ലക്ക് പതിമൂന്നാം പഞ്ചവൽസര കാലയളവിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ പട്ടിക 2.14 ആയി ഉൾപ്പെടുത്തിയിരിക്കുന്നു

പട്ടിക 2.14

പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന എം പി / എം എൽ എ പ്രാദേശിക വികസന ഫണ്ടും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടും (തുക ലക്ഷത്തിൽ)

ക്രമ നം.	ലോകസഭാ/ നിയമസഭാ മണ്ഡലം	2017–18	2018–19	2019–20	2020–21	2021–22	ആകെ
	എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ട് (ലോകസഭാ മണ്ഡലം തിരിച്ച്)						
1	കോഴിക്കോട്	500.00	500.00	500.00	500.00	500.00	2500.00
2	വടകര	400.00	400.00	400.00	400.00	400.00	2000.00
3	വയനാട്	100.00	100.00	100.00	100.00	100.00	500.00
	ആകെ	**1000.00**	**1000.00**	**1000.00**	**1000.00**	**1000.00**	**5000.00**
4	എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് (13 മണ്ഡലങ്ങൾ)	1300.00	1300.00	1300.00	1300.00	1300.00	6500.00
5	എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് (13 മണ്ഡലങ്ങൾ)	6500.00	6500.00	6500.00	6500.00	6500.00	32500.00
	ആകെ (15)	**8800.00**	**8800.00**	**8800.00**	**8800.00**	**8800.00**	**44000.00**

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലെ മൊത്തം ധനവിഭവ ലഭ്യത

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വിവിധ സ്രോതസ്സുകളിൽ നിന്നായി ജില്ലയ്ക്ക് ഏകദേശം 13221.76 കോടി രൂപ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ മുഖേനയും പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഹിതം

പട്ടിക 2.15

ക്രമ നം.	സ്രോതസ്സ്	ഫണ്ട് (കോടി രൂപയിൽ)
1	തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം	4365.69
2	സംസ്ഥാന സർക്കാർ വിഹിതം	4370.21
3	കേന്ദ്രസർക്കാർ വിഹിതം	1906.06
4	എം.പി./എം.എൽ.എ. ഫണ്ട്	440.00
	ആകെ	11081.96

ചിത്രം 2.11



ജില്ലയുടെ ധനവിഭവലഭ്യതയിൽ 39 ശതമാനം വീതം ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും, സംസ്ഥാന സർക്കാർ മുഖേനയും, ശേഷിക്കുന്നത് കേന്ദ്ര വിഹിതമായും, എംപി/എംഎൽഎ തുടങ്ങി മറ്റ് സ്രോതസ്സുകൾ മുഖേനയും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജില്ലയുടെ മൊത്തം വികസനത്തിനായുള്ള ധനവിനിയോഗത്തിൽ സംസ്ഥാന സർക്കാറിനോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും തുല്യ പ്രാധാന്യമുണ്ട്.

ബാങ്കിംഗ് മേഖല

ഏതൊരു പ്രദേശത്തിന്റേയും വികസനത്തിന്റെ ചാലക ശക്തി ആ പ്രദേശത്തെ ലഭ്യമായ ധനവിഭവങ്ങളെ കാര്യക്ഷമമായി വിതരണം ചെയ്യുന്ന ബാങ്കിംഗ് ശൃംഖലയാണ്. ധനകാര്യ മേഖലയിൽ ശക്തമായ അടിത്തറയുള്ള ജില്ലയാണ് കോഴിക്കോട് ജില്ല. ജില്ലയിലെ ബാങ്കുകളുടെയും അവയുടെ ശാഖകളുടെയും എണ്ണത്തിലും ധനകാര്യ ഇടപാടുകളിലും പൊതുമേഖലയും സഹകരണ മേഖലയുമാണ് മുഖ്യപങ്ക് വഹിക്കുന്നതെന്ന് കാണാം.

പട്ടിക 2.16

കോഴിക്കോട് ജില്ലയിലെ ബാങ്ക് ശാഖകളുടെ എണ്ണം

ധനകാര്യസ്ഥാപനങ്ങൾ	വർഷം					
	2011-12	2012-13	2013-14	2014-15	2015-16	2016-17
സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്	66	73	78	86	86	87
മറ്റ് ദേശസാൽകൃത ബാങ്കുകൾ	116	122	138	150	157	160
ആർ.ആർ.ബി.	68	69	72	77	79	80
ആകെ ദേശസാൽകൃത ബാങ്കുകൾ	250	264	288	313	322	327
സ്വകാര്യ ബാങ്കുകൾ	78	88	95	99	102	107
സഹകരണ ബാങ്കുകൾ	159	160	161	161	163	169
കെഎഫ്.സി	1	1	1	1	1	1
ആകെ	**488**	**513**	**545**	**574**	**588**	**604**

ചിത്രം 2.12

ജില്ലയിലെ ബാങ്ക് ശാഖകൾ



2017 മാർച്ച് മാസത്തെ കണക്ക് പ്രകാരം ജില്ലയിലെ മൊത്തം ബാങ്ക് ശാഖകളുടെ എണ്ണം 604 ആണ്. ഇതിൽ 40 ശതമാനം ശാഖകളും ദേശസാൽകൃത ബാങ്കുകളുടേതാണ്. 28 ശതമാനം ശാഖകളുമായി സഹകരണ ബാങ്കുകളും അവയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു.

നിക്ഷേപം

ജില്ലയിലെ ബാങ്ക് നിക്ഷേപം കഴിഞ്ഞ കുറച്ചു വർഷങ്ങളായി വർദ്ധിച്ചു കൊണ്ടിരിക്കുന്നതായി കാണാം(അനുബന്ധം 2.5). 2015-16 വർഷത്തെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 ൽ ജില്ലയിലെ മൊത്തം ബാങ്ക് നിക്ഷേപത്തിൽ 59 ശതമാനം വർദ്ധനവ് ഉണ്ടായതായി കാണാം. നോട്ട് നിരോധനവും ഗവണ്മെന്റിന്റെ നയസമീപനങ്ങളിൽ വന്ന മാറ്റവും നിക്ഷേപത്തിൽ വർദ്ധനവുണ്ടാകാനുള്ള പ്രധാന കാരണങ്ങളാണ്.

ചിത്രം 2.13



ചിത്രം 2.14



നിക്ഷേപങ്ങൾക്കായി ജില്ലയിലെ ജനങ്ങൾ പ്രധാനമായും പൊതുമേഖലാ സ്ഥാപനത്തെയാണ് സമീപിക്കുന്നത്. പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾക്ക് ജനങ്ങൾക്കിടയിലുള്ള വിശ്വാസ്യത യെയാണ് ഇത് വെളിവാക്കുന്നത്. ജില്ലയിലെ ബാങ്ക് നിക്ഷേപത്തിന്റെ 68 ശതമാനവും പൊതുമേഖലാ ബാങ്കുകളിലാണ്. 2015-16 ൽ നിക്ഷേപത്തിന്റെ 16 ശതമാനവും സമാഹരിച്ച് സഹകരണ ബാങ്കിംഗ് മേഖല ജില്ലയിലെ സാന്നിദ്ധ്യം വെളിവാക്കുന്നു. 2011-12 മുതൽ 2016-17 വരെയുള്ള കാലഘട്ടത്തിൽ ജില്ലയിലെ മൊത്തം നിക്ഷേപത്തിൽ രണ്ട് മടങ്ങ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളാണ് സമാഹരിച്ചിരിക്കുന്നത്.

പ്രവാസി നിക്ഷേപം

ജില്ലയുടെ സാമ്പത്തിക രംഗത്ത് പ്രവാസികൾ നൽകുന്ന സംഭാവന വളരെ വിലപ്പെട്ടതാണ് 2016-17 വർഷത്തെ ജില്ലയുടെ മൊത്തം നിക്ഷേപത്തിന്റെ 17 ശതമാനം സംഭാവന ചെയ്തിരിക്കുന്നത് പ്രവാസികളാണ്. ജില്ലയിലെ പ്രവാസി നിക്ഷേപത്തിന്റെ വിശദവിവരങ്ങൾ അനുബന്ധം 2.6 ആയി ചേർത്തിരിക്കുന്നു.

ചിത്രം 2.15



ചിത്രം 2.16



മൊത്തം പ്രവാസി നിക്ഷേപത്തിന്റെ 36 ശതമാനവും സ്വകാര്യ മേഖലയിലാണ് വന്നിരിക്കുന്നത്.

വായ്പ/അഡ്വാൻസ്

ബാങ്കുകൾ വിവിധ ആവശ്യങ്ങളാക്കായി നൽകി വരുന്ന വായ്പയിലും സമീപ കാലത്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ നിക്ഷേപത്തിൽ ഉണ്ടായ വർദ്ധനവിന് ആനുപാതികമായി വായ്പയിൽ വർദ്ധനവ് ഉണ്ടായിട്ടില്ലായെന്നു കാണാം. (വിശദവിവരങ്ങൾ അനുബന്ധം 2.7 ആയി ചേർത്തിരിക്കുന്നു)

ചിത്രം 2.17



ചിത്രം 2.18



2015-16 ലെ 22,398.9 കോടി രൂപയെ അപേക്ഷിച്ച് ജില്ലയിലെ ബാങ്കുകൾ 2016-17 ൽ 31,953.6 കോടി രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. അതായത് വായ്പാ വിതരണത്തിൽ 42.65 ശതമാനത്തിന്റെ വർദ്ധനവ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഉണ്ടായിട്ടുണ്ട്.

2013 മുതൽ 2017 വരെ ബാങ്കുകൾ വിവിധ ആവശ്യങ്ങൾക്കു നൽകിയ വായ്പയുടെ വിശദ വിവരങ്ങൾ പട്ടിക 2.17 ൽ നൽകിയിരിക്കുന്നു.

പട്ടിക 2.17

വിവിധ വർഷങ്ങളിൽ അനുവദിച്ച വായ്പ ഇനം തിരിച്ച് (ലക്ഷം രൂപയിൽ)

ഇനം	2012-13	2013-14	2014-15	2015-16	2016-17
ആകെ നിക്ഷേപം	1689900	2082695	2389762	2808216	4467318
ആകെ വായ്പ	1444681	1671423	1848954	2239895	3195360
സി.ഡി. റേഷ്യോ	85	80	77	80	72
കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും	354716	417593	457276	473985	487981
ചെറുകിട വ്യവസായം	133835	218739	341272	360422	299993
മറ്റു മുൻഗണനാ മേഖല					
വിദ്യാഭ്യാസം	69235	80319	101471	102292	107300
പാർപ്പിടം	166691	171857	202685	265867	310821
മറ്റുള്ളവ	48281	70887	43045	30579	36582
ആകെ	772758	959395	1145749	1233145	1242677
മുൻഗണനാ മേഖല	671923	712028	703205	1006750	1952683

കൃഷിയും അനുബന്ധ മേഖലകൾക്കും, വിദ്യാഭ്യാസ പാർപ്പിട ആവശ്യങ്ങൾക്കും ബാങ്കുകൾ നൽകിവരുന്ന വായ്പ വിവിധ വർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് നോക്കുമ്പോൾ 2013-14 ന് ശേഷം കുറഞ്ഞു വരുന്നതായി കാണാം. 2013-14 ൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി മൊത്തം വായ്പയുടെ 24.55 ശതമാനം തുക വിനിയോഗിച്ചിരുന്നെങ്കിൽ 2016-17 ആവുമ്പോഴേക്കും ഇത് 15.27 ശതമാനമായി കുറഞ്ഞതായി കാണാം.

ജില്ലയിൽ നിന്നുള്ള നിക്ഷേപത്തിന്റെ വലിയൊരു ഭാഗവും ജില്ലയിൽ തന്നെ വായ്പയായി വിതരണം ചെയ്യപ്പെടുന്നുണ്ട് എന്ന് കാണാം (അനുബന്ധം 2.5, 2.7 കാണുക). എങ്കിലും 2011-12 മുതൽ 2016-17 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ നിക്ഷേപത്തിലുണ്ടായ വർദ്ധനവിന് (2.04 മടങ്ങ്) ആനുപാതിക മായി വായ്പയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല (1.61 മടങ്ങ്) എന്ന് കാണാം. മൊത്തം നിക്ഷേപത്തിൽ വായ്പയായി അനുവദിക്കുന്നതിന്റെ ശതമാനം ഓരോ വർഷവും കുറഞ്ഞ് വരുന്നതായും കാണാം. ഇത് ജില്ലയുടെ സാമ്പത്തിക പുരോഗതിയെ മന്ദീഭവിക്കുന്നതിന് കാരണമായേക്കാം.

സ്ഥാപന വിഭവങ്ങൾ

ശാസ്ത്ര സാങ്കേതികമായ അറിവ് വികസന പ്രക്രിയയിൽ പ്രയോജനപ്പെടുത്തുന്നതിൽ ഗവേഷണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുണ്ട്. വികസനത്തോടൊപ്പം ഗവേഷണ പരിപാടിയും പുരോഗമിച്ചെങ്കിൽ മാത്രമേ ശാസ്ത്ര രംഗത്തുള്ള പുരോഗതി വികസന പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുകയുള്ളൂ. കോഴിക്കോട് ജില്ലയിൽ ഉന്നത നിലയിൽ പ്രവർത്തിക്കുന്ന നിരവധി വികസന സ്ഥാപനങ്ങളുണ്ട്. ജില്ലയിലെ പ്രധാന ഗവേഷണ വികസന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ് ഡവലപ്പ്മെന്റ് & മാനേജ്മെന്റ് (CWRDM)

സംസ്ഥാന സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക നയത്തിന്റെ ഭാഗമായി 1978 ഫെബ്രുവരിയിൽ, രൂപീകൃതമായ സ്വതന്ത്ര ഗവേഷണ സ്ഥാപനമാണ് CWRDM. 2003 ൽ ഈ സ്ഥാപനത്തെ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലുമായി സംയോജിപ്പിച്ചു. ജലസംബന്ധമായ ശാസ്തീയ പഠനങ്ങളിലും ജലവിഭവ മാനേജ്മെന്റിലും നിർണ്ണായകമായ സംഭാവനകൾ നൽകിയ സ്ഥാപനമാണ് ഇത്. നീർത്തട വികസനം, ചതുപ്പുനില വികസനം, കൃഷിക്കായുള്ള ജലവിനിയോഗം, ഭൂഗർഭ ജലവികസനം, ജലഗുണനിലവാര നിർവ്വഹണം ജലാനുബന്ധ പരിസ്ഥിതി പ്രശ്നങ്ങൾ, ജലനിർഗ്ഗമന ജലസേചന പ്രശ്നങ്ങൾ, നദീമുഖ മാനേജ്മെന്റ് തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ CWRDM ഫലപ്രദമായി നടത്തി വരുന്നുണ്ട്.

ത്രിതല പഞ്ചായത്തുകൾ കാർഷിക ജലസേചന കുടിവെള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഏറ്റവുമധികം സഹായം ലഭിക്കാവുന്ന സ്ഥാപനമാണ് CWRDM. നീർത്തടാധിഷ്ഠിതമായ കൃഷി വികസനത്തിന് മുൻഗണന നൽകേണ്ട സാഹചര്യത്തിൽ ഓരോ നീർത്തടത്തിനും അനുയോജ്യമായ പദ്ധതികൾ നിർദ്ദേശിക്കുവാൻ ഈ സ്ഥാപനത്തിന് കഴിയും. ഓരോ പദ്ധതിയും നടപ്പാക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കുന്നതിനും വെള്ളക്കെട്ട് പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും CWRDM ന്റെ സഹായം ലഭ്യമാണ്. കുടിവെള്ള/ജലസേചന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള വിദഗ്ദ്ധ നിർദ്ദേശങ്ങളും ഇവിടെ നിന്നു ലഭിക്കും.

2. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് (NIT)

പൂർണ്ണമായും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലൊന്നാണ് കോഴിക്കോടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് (NIT). 1961 ൽ റീജിയണൽ എഞ്ചിനിയറിംഗ് കോളേജ് ആയി ആരംഭിച്ച സ്ഥാപനം 2002 ലാണ് NIT ആയി മാറിയത്. ഉന്നതതല സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതോടൊപ്പം എല്ലാ എഞ്ചിനിയറിംഗ് വിഷയങ്ങളിലും ഗവേഷണ പഠനം നടത്തുക എന്നതാണ് NIT യുടെ ലക്ഷ്യം. വിവിധ മേഖലകളിലുള്ള ഏറ്റവും മികച്ച സാങ്കേതിക വിദഗ്ദ്ധരെ സംഭാവന ചെയ്യുവാൻ കഴിഞ്ഞു എന്നതാണ് NIT യുടെ പ്രധാന പ്രവർത്തന നേട്ടം. ലോകത്തിലെ തന്നെ മികച്ച സാങ്കേതിക ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായസ്ഥാപ നങ്ങളുമായി ഇടപെടുക വഴി NIT നവീനമായ പ്രവർത്തന മികവ് കൈവരിച്ചു കൊണ്ടിരി ക്കുകയാണ്.

വ്യവസായ മേഖലയിലേയും നിർമ്മാണ മേഖലയിലേയും സാങ്കേതിക പ്രശ്നങ്ങളെയും വികസന സാധ്യതകളെയും ഫലപ്രദമായി അഭിമുഖീകരിക്കാൻ കഴിയുന്നത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ്. സവിശേഷ പ്രാധാന്യമുള്ള വൻകിട പദ്ധതികൾ ഏറ്റെടുക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് NIT യുടെ സാങ്കേതിക സഹായവും ഉപദേശവും സ്വീകരിക്കാവുന്നതാണ്.

3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR)

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ ഉപസ്ഥാപനമാണ് IISR

കോഴിക്കോട്. സുഗന്ധ വിള ഗവേഷണ രംഗത്തെ പ്രമുഖ സ്ഥാപനമായ IISR സെൻട്രൽ പ്ലാന്റേഷൻ ക്രോപ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CPCRI) പ്രാദേശിക കേന്ദ്രമായിട്ടാണ് IISR 1976 ൽ ആരംഭിച്ചത്. CPCRI യുടെ ഈ പ്രാദേശിക കേന്ദ്രവും കർണ്ണാടകത്തിലെ ഏല ഗവേഷണ കേന്ദ്രവും തമ്മിൽ കൂട്ടിചേർത്താണ് 1986 ൽ IISR ആരംഭിച്ചത്.

സുഗന്ധ വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ ഗവേഷണ സ്ഥാപനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. പരീക്ഷണശാലകളിലൂടെ വികസിപ്പിച്ചെടുത്തിട്ടുള്ള വിത്തിനങ്ങളും നടീൽവസ്തുക്കളും കൃഷിഭൂമിയിലെത്തിക്കുക എന്ന ഉത്തരവാദിത്വമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ IISR സഹായത്തോടെ നടത്തേണ്ടത്. കൂടാതെ സുഗന്ധ വിളകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളായ രോഗങ്ങളും കീടബാധയും പ്രതിരോധിരിക്കുന്നതിന് ഇത്തരം ഗവേഷണ സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്.

4. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)

1947 ഫെബ്രുവരി 3 ന് കേന്ദ്ര- കൃഷി കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിലാണ് CMFRI ആരംഭിച്ചത്. സമുദ്ര മത്സ്യ ഗവേഷണ രംഗത്ത് ലോകത്തിലെ തന്നെ ഏറ്റവും മികച്ച ഗവേഷണ സ്ഥാപനങ്ങളിലൊന്നാണ് CMFRI. CMFRI യുടെ പ്രധാന നേട്ടം 8000 കിലോമീറ്റർ സമുദ്ര തീരത്ത് സ്ട്രാറ്റിഫൈഡ് റാൻഡം സാംപ്ലിഗ് രീതി ഉപയോഗിച്ച് മത്സ്യ ബന്ധന സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുവാനുള്ള സവിശേഷരീതി മുഖേന കഴിഞ്ഞു എന്നുള്ളതാണ്. കോഴിക്കോട് നഗര പ്രദേശത്തുള്ള വെസ്റ്റ്ഹില്ലിലാണ് CMFRI യുടെ ആസ്ഥാനം.

തദ്ദേശഭരണ സ്ഥാപനങ്ങൾ മത്സ്യതൊഴിലാളികൾക്കു വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഏറ്റവുമധികം പ്രയോജനപ്പെടുന്ന സ്ഥാപനമാണ് CMFRI പ്രധാനമായും മത്സ്യബന്ധന സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുവാൻ സഹായമേകും എന്നതാണ് ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ സംഭാവന. കൂടാതെ മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും അത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള അറിവ് ഇവിടെ നിന്നും ലഭിക്കുന്നു.

5. കിർത്താഡ്സ്

കേരളസംസ്ഥാനത്തിലെ ഏക പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ, പരിശീലന വികസന പഠന വകുപ്പാണ് കിർത്താഡ്സ്. ട്രൈബൽ റിസർച്ച് സെന്റർ എന്ന പേരിൽ അന്നത്തെ ഗിരിജനക്ഷേമ വകുപ്പിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി 1970 ഏപ്രിൽ മാസത്തിലാണ് ഈ വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്. 1979 ഒകടോബർ 23 മുതൽ കിർത്താഡ്സ് എന്ന പേരിൽ കേരള സർക്കാറിന്റെ ഭരണ നിയന്ത്രണത്തിൽ ഒരു പ്രത്യേക വകുപ്പായി ഇത് പുനഃസംഘടിപ്പിക്കപ്പെട്ടു. ഇതോടുകൂടി ഈ വകുപ്പിന്റെ പ്രവർത്തന മേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക് കൂടി വ്യാപിച്ചു.

ഈ വകുപ്പ് കേരളസർക്കാറിന്റെ സെക്രട്ടറിയേറ്റിലെ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പട്ടികജാതി/ പട്ടികവർഗ്ഗ ജന വിഭാഗങ്ങളെക്കറിച്ചും, അവരുടെ ഉന്നമനത്തിനായി സർക്കാരും, മറ്റ് ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റിയും അടിസ്ഥാനപരമായ ഗവേഷണപഠനങ്ങൾ നടത്തുക, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക, വിവിധ പദ്ധതികൾ കൊണ്ടുള്ള പ്രയോജനം ഈ വിഭാഗക്കാർക്ക് എത്രമാത്രം ലഭ്യമായി എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തുക, വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് സംവരണാദി ആനുകൂല്യങ്ങൾ അന്യസമുദായക്കാർ തട്ടിയെടുക്കുന്നത് തടയുന്നതിനുള്ള പൊതുവായ അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കുക, പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃക സംരക്ഷണം എന്നിവയാണ് ഈ വകുപ്പിന്റെ മുഖ്യ ചുമതലകൾ. ഇപ്പോൾ കേരളത്തിലെ വിവിധ പട്ടികവർഗ്ഗക്കാരുടെ (പ്രത്യേകിച്ച് ദുർബല ഗോത്രവർഗ്ഗം) സമഗ്രമായ ഒരു ഡിജിറ്റൽ ഡോക്യുമെന്റേഷൻ നടന്നു കഴിഞ്ഞു.

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതര വകുപ്പുകളിൽ നിന്നും വ്യത്യസ്തമായ ഒരു ഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല

സംസ്ഥാനമൊട്ടാകെ വ്യാപിച്ച് കിടക്കുന്നുണ്ടെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ ഓഫീസുകൾ ഇല്ല.

കേരളത്തിന്റെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഏറ്റവുമധികം മുൻഗണന നൽകുന്ന പദ്ധതികളാണ് എസ്.സി.എസ്.പിയും ടി.എസ്.പിയും. ഈ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ഏറ്റവും ആധികാരികമായി പറയുവാൻ കഴിയുന്ന സ്ഥാപനമാണിത്. തദ്ദേശഭരണ സ്ഥാപനതലത്തിൽ എസ്.സി.എസ്.പി/ടി.എസ്.പി പദ്ധതികൾക്ക് രൂപം നൽകുമ്പോൾ കിർത്താഡ്സിന്റെ സഹായം തേടാവുന്നതാണ്. വ്യാജ സർട്ടിഫിക്കറ്റ് വഴി അനർഹർ എസ്.സി/എസ്.ടി വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ കൈപ്പറ്റിയാൽ അത്തരം പ്രശ്നങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നത് കിർത്താഡ്സ് ആണ്.

6. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM) കോഴിക്കോട്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി 1996 ൽ കേരളത്തിൽ ആരംഭിച്ച ആദ്യത്തെ മാനേജ്മെന്റ് സ്ഥാപനമാണ് IIM കോഴിക്കോട്. 42 വിദ്യാർത്ഥികളുമായി ആരംഭിച്ച IIM കോഴിക്കോടിന് ഇന്ന് 356 പേരുടെ ബാച്ചാണ് ഉള്ളത്. രാജ്യത്തെ മാനേജ്മെന്റ് വിദഗ്ദ്ധർക്കുവേണ്ടി വിദൂരവിദ്യാഭ്യാസ പരിപാടി ആരംഭിക്കുകയും അവർക്കായി കോൺടാക്റ്റ് ക്ലാസ്സ് നടത്തുകയും ചെയ്യുന്നു. 2003 ൽ പുതിയ ക്യാംപസിലേക്ക് മാറിയതോടെ പ്രവർത്തനപരിപാടികൾ വിപുലീകരിക്കുകയുണ്ടായി. പരിശീലന പരിപാടികൾ കൂടുതലായി ആരംഭിക്കുകയും അതിനാവശ്യമായ സൗകര്യങ്ങൾ ക്യാമ്പസിൽ തന്നെ ഉറപ്പാക്കുകയും ചെയ്തു. ഇന്ന് IIM രാജ്യത്തെ പ്രമുഖരായ പരിശീലക പോഷണ കേന്ദ്രവും, ഗുണനിലവാര പരിഷ്കരണ കേന്ദ്രവും അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ മാനേജ്മെന്റ് വിഷയ കേന്ദ്രവുമാണ്. കോഴിക്കോട് വയനാട് റോഡിലെ കുന്നമംഗലത്താണ് IIM കോഴിക്കോട് സ്ഥിതി ചെയ്യുന്നത്.

ഫലപ്രദമായ പദ്ധതി നടത്തിപ്പിന് മികച്ച രീതിയിലുള്ള മാനേജ്മെന്റ് ആവശ്യമാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിദഗ്ദ്ധപരിശീലനം നൽകുന്നതിനും പദ്ധതി ആസൂത്രണ നിർവ്വാഹണ പ്രക്രിയകളിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും IIM പോലുള്ള സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

7. ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്

1957 ലാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആരംഭിച്ചത്. മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഗവ: ഡെന്റൽകോളേജ്, ഗവ: നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രി, സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക്, ചെസ്റ്റ് ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. 3025 ഓളം കിടക്കകളുള്ള ഈ ആശുപത്രി ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ആശുപത്രികളിലൊന്നാണ്. ഈ ആശുപത്രി ഏകദേശം 270 ഏക്കറോളം സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. മലബാർ മേഖലയിലെ അത്യാധുനിക സൌകര്യങ്ങളുള്ള ഒരേയൊരു സർക്കാർ മെഡിക്കൽ കോളേജാണ് ഇത്.

പുതുതലമുറ രോഗങ്ങളെയും പകർച്ച വ്യാധികളെയും നേരിടുന്നതിനും, ജനങ്ങളുടെ ആരോഗ്യസ്ഥിതി കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനും മെഡിക്കൽ കോളേജിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

8. അടക്കാ സുഗന്ധവിള വികസന കോർപ്പറേഷൻ (Directorate of Arecanut and Spices Development Corporation)

ദേശീയ തലത്തിൽ സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിൽ കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ ഒരു ശാഖയായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് അടക്കാ സുഗന്ധവിള വികസന കോർപ്പറേഷൻ (DASD). 1966 ഏപ്രിൽ 1 നാണ് കോഴിക്കോട് DASD സ്ഥാപിതമായത്.

ദേശീയ ഹോട്ടികൾച്ചർ മിഷന്റെ വികസന പ്രവർത്തനങ്ങളുടെ ഏകോപനവും ധനപരമായ ഉത്തരവാദിത്തവും വഹിക്കുന്നത് DASD ആണ്. സുഗന്ധവ്യഞ്ജന നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും നടത്തുക,

സുഗന്ധവ്യഞ്ജന നഴ്സറി സെന്ററുകൾ സ്ഥാപിക്കുക, വിത്തുകളുടെ കാര്യക്രമവും ശേഖരണവും നടത്തുക, സുഗന്ധവ്യഞ്ജനങ്ങളെക്കുറിച്ചുള്ള വർക്ക്ഷോപ്പുകളും സെമിനാറുകളും ട്രെയിനിംഗുകളും സംഘടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ നടത്തുകയാണ് DASD യുടെ പ്രവർത്തനങ്ങൾ. കോഴിക്കോട് നഗരത്തിൽ നിന്നും 3.5 കി.മീ അകലത്തിൽ ചക്കോരത്ത്കുളത്താണ് DASD സ്ഥിതി ചെയ്യുന്നത്.

തെങ്ങും റബ്ബറും കഴിഞ്ഞാൽ കോഴിക്കോട് ജില്ലയിൽ ഏറ്റവും അധികം കൃഷി ചെയ്യുന്നത് കമുകാണ്. സുഗന്ധ വിളകളും താരതമ്യേന മെച്ചമായി കൃഷി ചെയ്യുന്നു. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും വികസിപ്പിച്ചെടുക്കുന്നതിനും ഈ സ്ഥാപനം ഏറെ സഹായകമാണ്.

9. കൃഷി വിജ്ഞാൻ കേന്ദ്ര, കോഴിക്കോട്

കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴിയിലാണ് കൃഷി വിജ്ഞാൻ കേന്ദ്രം. കർഷകർക്കും ഗ്രാമീണ യുവജനങ്ങൾക്കും വേണ്ടിയുള്ള വിവിധ കാലദൈർഘ്യമുള്ള പരിശീലന പരിപാടികൾ കെ.വി.കെ നടത്തിവരുന്നുണ്ട്. രണ്ട് തരത്തിലുള്ള പരിശീലന പരിപാടികൾ കെ.വി.കെ നടത്തിവരുന്നുണ്ട്. ഒന്ന് കേന്ദ്രം നേരിട്ട് പരിശീലന തീയതിയും വിഷയങ്ങളും തീരുമാനിച്ച് വിപുലമായ പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ചുകൊണ്ടും, രണ്ടാമത്തേത് വ്യക്തിഗത കർഷകർ, കാർഷിക ഗ്രൂപ്പുകൾ, സന്നദ്ധ സംഘടനകൾ, വികസന വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ആവശ്യ പ്രകാരവും നടത്തുന്നു.

കൂടാതെ, കൃഷിയെക്കുറിച്ചും കൃഷി അനുബന്ധ മേഖലകളിലെ കർഷകരുടെ സംശയങ്ങൾക്കും കത്തിലൂടെയും ഫോണിലൂടെയും റേഡിയോയിലൂടെയും സംശയ നിവാരണം നടത്തുക, പരിശീലന പരിപാടിയുടെ ഭാഗമായി കർഷകർക്കുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളിലേക്കും മികച്ച കർഷകരുടെ കൃഷിയിടങ്ങളിലേക്കും പഠനയാത്ര സംഘടിപ്പിക്കുക, വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉണ്ടാക്കുക പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ അവ നൽകുക, ക്ലിനിക്കുകൾ വഴി കൃത്രിമ ബീജ സങ്കലനത്തിനുള്ള സൌകര്യം ലഭ്യമാക്കുക, സംസ്ഥാന മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് മൃഗാരോഗ്യ ക്ലാസുകളും മൃഗങ്ങൾക്കും വളർത്തു പക്ഷികൾക്കുമുള്ള പ്രതിരോധ കുത്തിവെപ്പ് സൌകര്യങ്ങൾ ഒരുക്കുക തുടങ്ങിയ സേവനങ്ങൾ കൂടി കൃഷി വിജ്ഞാൻ കേന്ദ്ര വഴി ലഭ്യമാണ്.

അദ്ധ്യായം 3

ജില്ലയുടെ സ്ഥലപരവിശകലനം



കോഴിക്കോട് ജില്ലയുടെ സ്ഥലപരവിശകലനം

ഒരു വികസന പ്രക്രിയ സ്ഥായിയും സന്തുലിതവുമാക്കുന്നതിൽ സ്ഥലപരമായ ആസൂത്രണത്തിനും വിശകലനത്തിനും നിർണ്ണായകമായ പങ്കുണ്ട്. വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗവും ഭൌതിക സൌകര്യങ്ങളുടെ ശാസ്ത്രീയമായ വിന്യാസവും യുക്തിഭദ്രമായ ക്രമീകരണവും ഉറപ്പുവരുത്തുവാൻ സ്ഥലപരമായ ആസൂത്രണത്തിന് സാധിക്കും

ചിത്രം 3.1

ജില്ലയുടെ ഭൂപരമായ സ്ഥാനം



കേരള സംസ്ഥാനത്ത് കോഴിക്കോട് ജില്ലയുടെ ഭൂപരമായ സ്ഥാനം

ഉത്തര അക്ഷാംശം $11^0 08'$ $11^0 15'$ നും പൂർവ്വ രേഖാംശം $75^0 30'$ $76^0 08'$ നും മധ്യേ കേരളത്തിന്റെ പടിഞ്ഞാറൻ തീരത്താണ് കോഴിക്കോടിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം. ഇത് ചിത്രം 3.1- ൽ കാണിച്ചിരിക്കുന്നു.

ജില്ലാ അതിർത്തി

വടക്ക് കണ്ണൂർ, തെക്ക് മലപ്പുറം, കിഴക്ക് വയനാട് ജില്ലകളുമായി അതിർത്തി പങ്കിടുന്ന കോഴിക്കോട് ജില്ലയുടെ പടിഞ്ഞാറ് അറബിക്കടലാണ്.

ചിത്രം 3.2

ജില്ലയിലെ താലൂക്കുകൾ



ചിത്രം 3.3

പ്രാദേശിക ബന്ധം



പ്രധാന നഗരങ്ങളുമായുള്ള ബന്ധം

സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് നിന്ന് 434 കിലോമീറ്ററും വാണിജ്യ തലസ്ഥാനമായ കൊച്ചിയിൽ നിന്ന് 215 കിലോമീറ്ററും വടക്ക് മാറിയാണ് കോഴിക്കോട് നഗരം സ്ഥിതി ചെയ്യുന്നത്. സമീപത്തെ മെട്രോപോളിറ്റൻ നഗരമായ ചെന്നൈയിൽ നിന്ന് ഏതാണ്ട് 678 കിലോമീറ്ററും മംഗലാപുരത്ത് നിന്ന് 221 കിലോമീറ്ററും അകലെ സ്ഥിതിചെയ്യുന്ന കോഴിക്കോട് നഗരത്തിൽ എത്തിച്ചേരാൻ വ്യോമ, റെയിൽ, ജല, റോഡ് മാർഗ്ഗേ സുഗമവും സജീവവുമായ ഗതാഗതസൗകര്യങ്ങളുണ്ട്. രാജ്യത്തെ വിവിധ നഗരങ്ങളുമായി ജില്ലയെ ബന്ധിപ്പിക്കുന്നതിൽ റെയിൽവേ പ്രധാന പങ്ക് വഹിക്കുന്നു. കോഴിക്കോടിന്റെ ഗതാഗത ആവശ്യങ്ങളിൽ മുഖ്യപങ്ക് നിർവ്വഹിക്കുന്നത് റോഡ് ശൃംഖലകൾ തന്നെയാണ്. തിരുവനന്തപുരത്തേയും ഹോസ്ദുർഗ്ഗിനേയും ബന്ധിപ്പിക്കുന്ന പടിഞ്ഞാറൻ തീര ജലപാതയും ജില്ലയിലൂടെ കടന്നുപോകുന്നു.

രാജ്യത്തിന് അകത്തും പുറത്തുമുള്ള വൻ നഗരങ്ങളിലേക്ക് വ്യോമഗതാഗത സൗകര്യമൊരുക്കി നഗരത്തിൽ നിന്നും 35 കിലോമീറ്റർ തെക്ക്-കിഴക്ക് മാറി കരിപ്പൂരിൽ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്നു. ജില്ലയുടെ വടക്കേ അതിർത്തി പങ്കിടുന്ന കണ്ണൂരിൽ ഒരു അന്താരാഷ്ട്ര വിമാനത്താവളം നിർമ്മാണവും പൂർത്തിയായി വരുന്നു. ഈ രണ്ട് വിമാനത്താവളങ്ങളെയും ബന്ധിപ്പിക്കുന്ന തരത്തിൽ റോഡ് കണക്ടിവിറ്റി നിലവിൽ വന്നാൽ ജില്ലയുടെ വികസന പ്രവർത്തനങ്ങളെ അത് ത്വരിതപ്പെടുത്തും.

ഭൂപ്രകൃതി

ജില്ലയിലെ ഭൂപ്രകൃതിയെ മൂന്ന് വ്യത്യസ്ത മേഖലകളായി തരംതിരിക്കാവുന്നതാണ്. 1) മണൽ സമൃദ്ധമായ തീരദേശ മേഖല 2) പശ്ചിമഘട്ട മലനിരയുടെ ഭാഗമായ പാറക്കെട്ടുകൾ നിറഞ്ഞ മലനാട് 3) തീരദേശത്തിനും മലനാടിനും മധ്യേ വരുന്ന ഇടനാട് എന്നിവയാണ് ഈ ഭൂപ്രദേശങ്ങൾ. ജില്ലയുടെ ആകെയുള്ള 2345 ച.കി.മീറ്റർ ഭൂവിസ്തൃതിയിൽ തീരദേശം 366 ചതുരശ്ര കിലോമീറ്ററും, ഇടനാട് 1342 ചതുരശ്ര കിലോമീറ്ററും, മലനാട് 637 ചതുരശ്ര കിലോമീറ്ററും വിസ്തൃതിയിലാണുള്ളത്. താമരശ്ശേരി ഒഴികെയുള്ള ജില്ലയിലെ മറ്റ് മൂന്ന് താലൂക്കുകളിലും തീരദേശം, ഇടനാട്, മലനാട് എന്ന രീതിയിലാണ് ഭൂപ്രദേശത്തിന്റെ കിടപ്പ്.

പ്രകൃതി ഉപമേഖലകൾ

ദേശീയ ആസൂത്രണ കമ്മീഷൻ മാനദണ്ഡപ്രകാരം കാർഷിക കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ല പടിഞ്ഞാറൻ തീരസമതല മേഖലയിലും മലനിരമേഖലയിലുമാണ് ഉൾപ്പെടുന്നത്. ഭൂസവിശേഷതകൾക്കനുസരിച്ച് ജില്ലയിലെ ഭൂപ്രകൃതിയെ താഴെ പറയും പ്രകാരം മൂന്നായി തരംതിരിച്ചിരിക്കുന്നു.

1) മലനാട് - സമുദ്ര നിരപ്പിൽ നിന്നും 75 മീറ്ററിന് മുകളിൽ

2) തീരപ്രദേശം - സമുദ്ര നിരപ്പിൽ നിന്നും 7.5 മീറ്റർ വരെ

3) ഇടനാട് - മലനാടിനും തീരപ്രദേശത്തിനും ഇടയിലുള്ള നിമ്നോന്നത പ്രദേശങ്ങൾ

ജില്ലയുടെ ഭൂചരിവ്

ജില്ലയുടെ ഭൂനിരപ്പ് ഭൂപടത്തിൽ ഭൂചെരിവ് വിശകലനം ചെയ്യുമ്പോൾ, ചെക്യാട്, വളയം, വാണിമേൽ, കാവിലുംപാറ, ചക്കിട്ടപ്പാറ, കൂത്താളി, ചങ്ങരോത്ത്, കൂരാച്ചുണ്ട്, പുതുപ്പാടി, ഉണ്ണികുളം, കാക്കൂർ, നരിക്കുനി, കിഴക്കോത്ത്, കോടഞ്ചേരി, തിരുവമ്പാടി, കുന്ദമംഗലം എന്നീ പഞ്ചായത്തുകളുടേയും, കൊടുവള്ളി, രാമനാട്ടുകര, ഫറോക്ക് മുനിസിപ്പാലിറ്റികളുടേയും മുഖ്യഭൂഭാഗങ്ങളെല്ലാം 50^{0}ക്ക് മുകളിൽ ഭൂപരമായി ചെരിവുള്ളവയാണെന്ന് കാണാൻ കഴിയും. കായക്കൊടി, പേരാമ്പ്ര, കായണ്ണ, നൊച്ചാട്, പനങ്ങാട്, കട്ടിപ്പാറ, മരുതോങ്കര, കുറ്റ്യാടി, വേളം, നരിപ്പറ്റ, ഓമശ്ശേരി, മടവൂർ, കൂടരഞ്ഞി, ചാത്തമംഗലം, പെരുവയൽ, പെരുമണ്ണ, മാവൂർ, ഒളവണ്ണ ഗ്രാമപഞ്ചായത്തുകളുടെ ചില ഭാഗങ്ങളും സമാന ഭൂചരിവ് പരിധിയിൽ വരുന്നു. ഏറെക്കുറെ ജില്ലയുടെ മറ്റെല്ലാ പ്രദേശങ്ങളും 15^{0}-30^{0} പരിധിയിൽ സ്വാഭാവിക ഭൂചെരിവ് മാത്രമാണ് കാണിക്കുന്നതെന്ന് ചിത്രം 3.4 വ്യക്തമാക്കുന്നു.

ചിത്രം 3.4

ജില്ലയുടെ ഭൂചെരിവ്



പശ്ചിമഘട്ട മേഖല

കോഴിക്കോട് ജില്ലയുടെ കിഴക്കൻ അതിർത്തി പശ്ചിമഘട്ട മലനിരകളാണ്. ഇന്ത്യാ ഗവൺമെന്റിന്റെ പരിസ്ഥിതി, വനമന്ത്രാലയം, നിയമിച്ച വെസ്റ്റേൺ ഗാട്ട്സ് എക്കോളജി എക്സ്പർട്ട് പാനൽ (WGEEP) റിപ്പോർട്ട് പ്രകാരം തമിഴ്നാട്, കർണ്ണാടക, ഗോവ, ഗുജറാത്ത്, കേരളം, മഹാരാഷ്ട്ര എന്നിങ്ങനെ പശ്ചിമഘട്ട മേഖലയിൽ വരുന്ന സംസ്ഥാനങ്ങളിലെ 44 ജില്ലകളിൽപ്പെട്ട 142 താലൂക്കുകളെ പാരിസ്ഥിതിക ദുർബല പ്രദേശങ്ങളായി (ESZ) 1, 2, 3 കാറ്റഗറിയിലായി രേഖപ്പെടുത്തിയിട്ടുണ്ട്. ജില്ലയുടെ വടക്കും തെക്കും കിഴക്കും അതിർത്തി മേഖലകളിൽ വരുന്ന വില്ലേജുകളിൽ പാരിസ്ഥിതിക ദുർബല പ്രദേശങ്ങളുടെ കേന്ദ്രീകരണ സ്വഭാവം കാണിക്കുന്നു.

ജലാശയങ്ങൾ

ആറ് നദികളാലും ധാരാളം കുളങ്ങളാലും കായലുകളാലും സമ്പന്നമായ ജില്ലയാണ് കോഴിക്കോട്. ജലസേചനാവശ്യാർത്ഥം കുറ്റ്യാടി പുഴയിൽ നിർമ്മിച്ചിട്ടുള്ള പെരുവണ്ണാമൂഴി ഡാമും, വൈദ്യുതോത്പാദനത്തിനായി നിർമ്മിച്ചിട്ടുള്ള കക്കയം ഡാമും ജില്ലയിലെ പ്രധാന ജലസംഭരണികളാണ്.

നദികൾ

നദികൾ ചെലവു കുറഞ്ഞ ജലഗതാഗത മാർഗ്ഗത്തെ പ്രദാനം ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ ജലാശയങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചിത്രം 3.5 -ൽ കാണിച്ചിരിക്കുന്നു. കുറ്റ്യാടി പുഴ, കോരപ്പുഴ, കല്ലായി പുഴ, ചാലിയാർ, കടലുണ്ടി പുഴ, മാഹി പുഴ എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട പുഴകൾ.

1. **കുറ്റ്യാടി പുഴ:** സമുദ്രനിരപ്പിൽ നിന്നും 1200 മീറ്റർ ഉയരത്തിൽ വയനാടൻ കുന്നുകളുടെ പടിഞ്ഞാറൻ ചെരിവുകളിൽ നിന്ന് ഉത്ഭവിക്കുന്ന കുറ്റ്യാടിപ്പുഴ, 3 കിലോമീറ്ററോളം തെക്കോട്ട് ഒഴുകിയ ശേഷം പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നു. കടിയങ്ങാട് പുഴ, ഒലിപ്പുഴ എന്നിവയാണ് കുറ്റ്യാടിപ്പുഴയുടെ ഉപനദികൾ. 74 കിലോമീറ്റർ ദൈർഘ്യത്തിലൊഴുകുന്ന കുറ്റ്യാടിപ്പുഴ പ്രധാനമായും ജലഗതാഗതത്തിന് ഉപയോഗിച്ചു വരുന്നു. 430 ചതുരശ്ര കിലോമീറ്ററാണ് പുഴയുടെ വൃഷ്ടിപ്രദേശം.

2. **കോരപ്പുഴ:** അകലാപുഴയും പൂനൂർ പുഴയും കൂടിചേർന്നുള്ള ഒഴുക്കാണ് കോരപ്പുഴയായി പരിണമിച്ച് എലത്തൂരിൽ അറബിക്കടലിൽ ലയിക്കുന്നത്. 40 കിലോമീറ്ററാണ് പുഴയുടെ ദൈർഘ്യം . അകലാപ്പുഴ സമുദ്ര നിരപ്പിൽ നിന്നും 700 മീറ്റർ ഉയരത്തിൽ കടിയങ്ങാട് മലയിൽ നിന്നും ഉത്ഭവിക്കുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ സംവിധാനത്തിൽ ഈ പുഴ മുഖ്യ പങ്ക് വഹിക്കുന്നു. 25 കി.മീ ദൂരത്തിൽ പുഴ സഞ്ചാരയോഗ്യമാണ്. കോരപ്പുഴയുടെ ഉപനദിയായ പൂനൂർ പുഴയുടെ വൃഷ്ടി പ്രദേശം 280 ച.കി.മീ വിസ്തീർണ്ണത്തിൽ പരന്നുകിടക്കുന്നു.

3. **കല്ലായി പുഴ:** കോഴിക്കോട് താലൂക്കിലെ ചെറുകുളത്തൂർ വില്ലേജിൽ സമുദ്രനിരപ്പിൽ നിന്ന് 45 മീറ്റർ ഉയരത്തിൽ നിന്നും ഈ പുഴ ഉത്ഭവിക്കുന്നു. നിർമ്മിത കനാലുകളാൽ ഈ പുഴ ചാലിയാർ പുഴയുമായും കോരപ്പുഴയുമായും ബന്ധിപ്പിച്ചിരിക്കുന്നു. വേലിയേറ്റ-വേലിയിറക്കങ്ങൾ ബാധിക്കുന്ന ഈ പുഴക്ക് 22 കി.മീ നീളമാണുള്ളത്. 10 കി.മീ നീളത്തിൽ ഈ പുഴ സഞ്ചാരയോഗ്യമാണ്.

4. **ചാലിയാർ/ബേപ്പൂർ പുഴ:** സംസ്ഥാനത്തെ പ്രധാന നദികളിൽ ഒന്നായ ചാലിയാർ/ ബേപ്പൂർ പുഴ ഇലമ്പിലേരി കുന്നിൽ നിന്നാണ് ഉത്ഭവിക്കുന്നത്. 169 കി.മീ നീളമുള്ള ഈ പുഴ, നിർമ്മിത കനാൽ വഴി കല്ലായി പുഴയുമായി ബന്ധിപ്പിച്ചിരിക്കുന്നു. 70 കി.മീ നീളത്തിൽ ഈ പുഴയ്ക്ക് ഗതാഗത യോഗ്യമായ ഭാഗമുണ്ട്. കൂടാതെ 22 കി.മീ നീളത്തിൽ ബേപ്പൂർ മുതൽ വാഴക്കാട് വരെയുള്ള ഭാഗത്ത് യന്ത്രവത്കൃത ബോട്ടുകൾ ഓടിക്കാനുള്ള സൗകര്യവും നിലവിലുണ്ട്.

5. **കടലുണ്ടി പുഴ:** കടലുണ്ടി പുഴ, കരിമ്പുഴ എന്നും ഒറവൻപുരം പുഴ എന്നും അറിയപ്പെടുന്നു. സമുദ്ര നിരപ്പിൽ നിന്നും 1220 മീറ്റർ ഉയരത്തിൽ സൈലന്റ്വാലിയിൽ നിന്നുമാണ് ഇത് ഉത്ഭവിക്കുന്നത്. ഉപനദികളായ ഒലിപ്പുഴയും വെള്ളിയാറും ചേർന്ന് കടലുണ്ടി പുഴയായി കടലുണ്ടിയിൽ വെച്ച് അറബിക്കടലിൽ ലയിക്കുന്നു. 130 കി.മീ നീളമുള്ള ഈ പുഴയുടെ വൃഷ്ടി പ്രദേശം 430 ച.കി.മീ ആണ്. പാലത്തുങ്കൽ മുതൽ മണ്ണൂർ വരെ 23 കി.മീ നീളത്തിൽ ഈ പുഴ വെസ്റ്റ് കോസ്റ്റ് കനാൽ സംവിധാനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു. ജില്ലയിൽ പ്രളയ സാധ്യത കൂടുതലുള്ള പുഴയാണ് കടലുണ്ടി പുഴ.

6. **മാഹി പുഴ:** പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉത്ഭവിച്ച് നരിപ്പറ്റ, വാണിമേൽ, വളയം, നാദാപുരം, ചെക്യാട്, തൂണേരി, എടച്ചേരി, ഏറാമല, അഴിയൂർ എന്നീ പഞ്ചായത്തുകളെ സ്പർശിച്ചുകൊണ്ട് മാഹിയിൽ വെച്ച് അറബിക്കടലിൽ പതിക്കുന്നു.

ചിത്രം 3.5

കോഴിക്കോട് ജില്ലയിലെ ജലാശയങ്ങൾ



കായലുകളും കനാലുകളും

വടകരയിൽ കുറ്റ്യാടി പുഴയോട് ചേർന്നുള്ള ചൊവ്വാപ്പുഴ കായലും കൊയിലാണ്ടിയിലെ കോരപ്പുഴയോട് ചേർന്നുള്ള അകലാപ്പുഴ കായലും ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ പഞ്ചായത്തുകളെ സ്പർശിച്ചുകൊണ്ടുള്ള പൂനൂർ പുഴയുടെ ഭാഗമായ അകലാപ്പുഴ ചെറുകായലുമാണ് ജില്ലയിലെ പ്രധാന കായലുകൾ. വടകര മുതൽ പൊന്നാനി വരെ തുടർച്ചയായി ജലഗതാഗത പാത നിലവിലുണ്ട്. ഇത് തിരുവനന്തപുരം മുതൽ ഹോസ്ദുർഗ് വരെയുള്ള സംസ്ഥാന ജല പാതയുടെ ഭാഗം കൂടിയാണ്.

തണ്ണീർത്തടങ്ങളും കണ്ടൽക്കാടുകളും

കോഴിക്കോട് നഗരപരിധിക്കുള്ളിലെ കോട്ടൂളി തണ്ണീർത്തടപ്രദേശവും ചതുപ്പ്നിലവും പ്രകൃത്യാ രൂപപ്പെട്ടതാണ്. വേനൽക്കാലത്ത് നഗരത്തിന്റെ ജലലഭ്യത ഉറപ്പാക്കുന്നതിൽ ഈ ചതുപ്പിൽ സംഭരിക്കപ്പെടുന്ന ജലത്തിന്റെ അളവ് നിർണ്ണായകമാണ്. ഈ പ്രദേശം കണ്ടൽക്കാടുകളാൽ സമൃദ്ധമാണ്. നീർപ്പക്ഷികളുടേയും ദേശാടനപക്ഷികളുടേയും വിവിധങ്ങളായ ജലജീവികളുടേയും സുപ്രധാനമായ ആവാസവ്യവസ്ഥയും വിവിധയിനം മത്സ്യങ്ങളുടെ പ്രജനനകേന്ദ്രവും കൂടിയാണിവിടം. കോട്ടൂളി തണ്ണീർത്തട പ്രദേശ സംരക്ഷണത്തിനായി സർക്കാർ 2004-ൽ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച്

നടപ്പാക്കി വരുന്നു. ഈ തണ്ണീർത്തടപ്രദേശം ലോഹസങ്കരങ്ങളാൽ അപകടകരമാം വിധം മലിനീകരിക്കപ്പെട്ട നിലയിലാണ്. കനോലി കനാലിന് കിഴക്ക് വശം ചേർന്ന് എരഞ്ഞിപ്പാലം മുതൽ അരയടത്ത്പാലം വരെയുള്ള മേഖലയെ അപേക്ഷിച്ച് മറ്റ് ഭാഗങ്ങൾ താരതമ്യേന മലിനീകരണത്തോത് കുറവാണ്. വിനോദസഞ്ചാരമേഖലയുടെ വികസനം ലക്ഷ്യമിട്ട് നിർദ്ദിഷ്ട 'സ്വപ്നനഗരി' പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇവിടെ നടന്നു വരികയാണ്. തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനത്തിൽ ഈ മേഖല കാറ്റഗറി 1 -ൽ വരുന്നു. (അവലംബം : CWRDM)

ജില്ലയുടെ ആകെ കൃഷിഭൂമിയുടെ 2% നെൽവയലുകളാണ്. ഭക്ഷ്യധാന്യസുരക്ഷയ്ക്കൊപ്പം പാരിസ്ഥിതിക സന്തുലനത്തിലും നെൽവയലുകൾ നിർണ്ണായക പങ്കാണ് നിർവ്വഹിക്കുന്നത്. എന്നാൽ ഉയർന്ന ഉൽപ്പാദനച്ചെലവ് തൊഴിലാളികളുടെ അപര്യാപ്തത, നാഗരിക സ്വഭാവവും അതിവേഗ നഗരവൽക്കരണ പ്രവണതകളും പ്രകടിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾ, കാർഷികേതരാവശ്യങ്ങൾക്കായുള്ള കൃഷിഭൂമിയുടെ തരംമാറ്റലുകൾ, വിളമാറ്റം, കൃഷിയുടെ യന്ത്രവൽക്കരണ സാധ്യതകൾക്ക് വിഘാതമാകുന്ന കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം, ജൈവകീടനിയന്ത്രണസംവിധാനങ്ങളുടെ അപര്യാപ്തത, ഉപ്പുജലവ്യാപനവും വെള്ളക്കെട്ടുകളും, ശാസ്ത്രീയ കൃഷി നടത്തിപ്പിലുള്ള അറിവില്ലായ്മ, പാടശേഖരങ്ങളിൽ കാര്യക്ഷമമായ നീർവാർച്ച സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവയെല്ലാം നമ്മുടെ നെൽവയൽ മേഖലയെ നാശോന്മുഖമാക്കുകയാണ്.

തീരദേശ മേഖല

പ്രകൃതിരമണീയമായ കടൽത്തീരവും അഴിമുഖങ്ങളും ഉള്ള ജില്ലയാണ് കോഴിക്കോട്. കടലുണ്ടി മുതൽ അഴിയൂർ വരെ നീണ്ടുകിടക്കുന്നതാണ് ജില്ലയുടെ തീരപ്രദേശം. ജില്ലയിലെ പ്രധാന നഗര പ്രദേശങ്ങളായ കോഴിക്കോട്, കൊയിലാണ്ടി, പയ്യോളി, വടകര എന്നിവ തീരപ്രദേശങ്ങളാണ്. ജില്ലയിലെ പ്രധാന ദേശീയ പാതയും റെയിൽപാതയും മേൽ പറഞ്ഞ നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തീരദേശത്തുകൂടിയാണ് കടന്ന് പോകുന്നത്. അതുകൊണ്ട് തന്നെ ജനസാന്ദ്രത ജില്ലയുടെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഇവിടെ വളരെ കൂടുതലാണ്.

കാവുകൾ

കാവുകളുടെ സാന്നിധ്യം ജില്ലയിലെ എല്ലാ മേഖലകളിലും കണ്ടുവരുന്നു. ജില്ലയിൽ ഏതാണ്ട് 1800-ഓളം കാവുകളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവയിൽ മിക്കവയും സ്വകാര്യ ഉടമസ്ഥതയിലാണുള്ളത്. ഭൂമിയുടെ ആവശ്യകതയിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവും ഭൂവിലയിലുണ്ടായ വൻകുതിച്ചുചാട്ടവും കാരണം കാവുകൾ നശീകരണ ഭീഷണിയിലാണ്.

പാരിസ്ഥിതിക നിയന്ത്രിത മേഖലകൾ

കടലോരങ്ങളാലും ജലാശയങ്ങളാലും ചതുപ്പ് നിലങ്ങളാലും സമൃദ്ധമായ അഴിമുഖ ആവാസ വ്യവസ്ഥകളാലും പ്രകൃത്യാ അനുഗ്രഹീതമാണ് കോഴിക്കോട് ജില്ല. കൂടാതെ ഒട്ടേറെ കുളങ്ങളും കാവുകളും ഈ മേഖലയിലുണ്ട്. കണ്ടൽക്കാടുകൾ, ജലാശയങ്ങൾ, നദീതടങ്ങൾ, കടലോരങ്ങൾ, തുരുത്തുകൾ, ചതുപ്പ് നിലങ്ങൾ, നെൽവയലുകൾ എന്നിവയടങ്ങുന്ന ഭൂഭാഗങ്ങൾ പരിസ്ഥിതി ലോല മേഖലകളായി കണക്കാക്കപ്പെടുന്നു. ജൈവവൈവിധ്യങ്ങളേയും സ്വാഭാവിക നീരൊഴുക്കിനേയും സംരക്ഷിക്കുവാനും നദീതടങ്ങളും കടലോരങ്ങളും ജലാശയങ്ങളും കൈയ്യേറുന്നത് തടയുവാനും വേണ്ടി ഈ മേഖലകളിലെ വികസനപ്രവർത്തനങ്ങൾക്ക് പ്രത്യേക നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

ഭൂവിനിയോഗം

കോഴിക്കോട് ജില്ലയുടെ ആകെ ഭൂവിസ്തൃതി 2345 ചതുരശ്ര കിലോമീറ്റർ ആണ്. 71 കിലോമീറ്റർ ദൈർഘ്യമുള്ള കടലോരമാണ് ജില്ലയ്ക്കുള്ളത്. ജില്ലയുടെ ഭൂവിനിയോഗ ഭൂപടം ചിത്രം 3.6-ലും കാണിച്ചിരിക്കുന്നു.

ചിത്രം 3.6

ഭൂവിനിയോഗം കോഴിക്കോട് ജില്ല



ഭൂവിനിയോഗ കേന്ദ്രീകരണത്തിന്റെ ഘടന

ജില്ലയുടെ ഭൂവിസ്തൃതിയുടെ 5% പൂർണ്ണമായും നിർമ്മിതി പ്രദേശവും (Built up area), 42% വാസ-കാർഷികമേഖലയും ആണെന്നത് ജില്ലയുടെ ഉയർന്ന ജനസാന്ദ്രതയെ സാധൂകരിക്കുന്നതാണ്. ജില്ലയിലെ വനവും തോട്ടങ്ങളും മൊത്തം വിസ്തൃതിയുടെ 20 % ത്തോളം ഉൾകൊള്ളുന്നു എന്നത് ആശാവഹമായ വസ്തുതയാണ്.

ചിത്രം 3.7

ജില്ലയുടെ ഭൂവിനിയോഗം (ശതമാനത്തിൽ)



1. വാസമേഖല

ജില്ലയുടെ ഭൂവിസ്തൃതിയുടെ 2% പൂർണ്ണമായും വാസമേഖലയായി ഉപയോഗിക്കുന്നു. അത് ജില്ലയുടെ എല്ലാ ഭാഗത്തുമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. തെക്കുഭാഗത്ത് കോഴിക്കോട് കോർപ്പറേഷനും അതിനോട് ചേർന്നു തദ്ദേശഭരണ പ്രദേശങ്ങളും, ജില്ലയുടെ വടക്കു പടിഞ്ഞാറ് ഭാഗത്തുള്ള വടകര നഗരസഭയും ഒഞ്ചിയം, ഏറാമല, ചോറോട്, വില്ല്യാപ്പള്ളി, തിരുവള്ളൂർ, വേളം, കുറ്റ്യാടി, കുന്നുമ്മൽ, ചങ്ങരോത്ത്, കൂത്താളി, പേരാമ്പ്ര പഞ്ചായത്തുകളും തെക്ക് കിഴക്കൻ പ്രദേശമായ കൂടരഞ്ഞിയും വാസസാന്ദ്രതാ കേന്ദ്രീകരണം കൂടുതലുള്ള പ്രദേശങ്ങളാണ്. വാസമേഖലയുടെ കേന്ദ്രീകരണം ചിത്രം 3.8 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.8

വാസമേഖലയുടെ കേന്ദ്രീകരണം



2.വാസ-കാർഷിക മേഖല

ജില്ലയിലെ വാസ-കാർഷികമേഖലയുടെ കേന്ദ്രീകരണം ചിത്രം 3.9 ൽ കാണിച്ചിരിക്കുന്നു. ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളും വാസ-കാർഷിക യോഗ്യതാ മേഖലയിൽ വരുന്നു. ഏറ്റവും കൂടുതലുള്ള ഭൂവിനിയോഗം വാസ-കാർഷിക മേഖലയാണ്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ മുഖ്യമായും വനമേഖലയാണ്. അതുകൊണ്ട് തന്നെ ആ ഭാഗത്ത് വാസ- കാർഷിക ഉപയോഗം കുറവാണ്.

ചിത്രം 3.9

വാസ-കാർഷിക മേഖല



3. കാർഷിക മേഖല

ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 5 ശതമാനത്തോളം കാർഷിക ഭൂവിനിയോഗ മേഖലയിൽ വരുന്നു. തെങ്ങ് കൃഷിയാണ് മുഖ്യവിള. മിശ്രവിള, നെല്ല്, റബ്ബർ എന്നിങ്ങനെയാണ് മറ്റുവിളകളുടെ ഭൂവിനിയോഗക്രമം.

4. നിർമ്മാണ ഭൂമേഖല

ജില്ലയിലെ തദ്ദേശഭരണ പ്രദേശങ്ങളിൽ കോഴിക്കോട് കോർപ്പറേഷൻ, രാമനാട്ടുകര മുൻസിപ്പാലിറ്റി, നാദാപുരം, പേരാമ്പ്ര, വില്ല്യാപ്പള്ളി, തിക്കോടി, മൂടാടി, ചേമഞ്ചേരി, തലക്കുളത്തൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവ കെട്ടിട വ്യാപന കേന്ദ്രീകരണം കൂടുതൽ ഉള്ള പ്രദശങ്ങളാണ് എന്നു കാണുന്നു. ജില്ലയിൽ കെട്ടിടവ്യാപനത്തിന്റെ കേന്ദ്രീകരണം ചിത്രം 3.10 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.10

കെട്ടിട വ്യാപനത്തിന്റെ കേന്ദ്രീകരണം



5. വനമേഖല

ഭൂവിനിയോഗത്തിന്റെ തോത് പരിശോധിച്ചതിൽ വനമേഖല ജില്ലാ വിസ്തൃതിയുടെ 13ശതമാനത്തോളം വരും. ജില്ലയുടെ കിഴക്കൻ അതിർത്തിയിൽ വരുന്ന നരിപ്പറ്റ, കാവിലുംപാറ, കൂരാച്ചുണ്ട് എന്നീ തദ്ദേശഭരണ പ്രദേശങ്ങൾ മുഖ്യമായും വനമേഖലയിലാണുള്ളത്. കൂടാതെ വാണിമേൽ, കായക്കൊടി, ചക്കിട്ടപ്പാറ, പനങ്ങാട്, കട്ടിപ്പാറ, പുതുപ്പാടി, തിരുവമ്പാടി, കൂടരഞ്ഞി ഗ്രാമപഞ്ചായത്തുകളും വനമേഖല കേന്ദ്രീകരണമുള്ള പ്രദേശങ്ങളാണ്. ജില്ലയിൽ വനമേഖലയുടെ കേന്ദ്രീകരണം ചിത്രം 3.11 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.11
ജില്ലയിലെ വനമേഖല കേന്ദ്രീകരണം



6. ചതുപ്പ് നിലം

ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 0.18% ഭൂമി ചതുപ്പ് നിലമാണ്. വടകര, കൊയിലാണ്ടി മുനിസിപ്പാലിറ്റികൾ, വില്ല്യാപ്പള്ളി, വേളം, ചെറുവണ്ണൂർ, പേരാമ്പ്ര, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, പെരുവയൽ, മാവൂർ, കാരശ്ശേരി, കൊടിയത്തൂർ, കോഴിക്കോട് കോർപ്പറേഷൻ എന്നിവിടങ്ങൾ ചതുപ്പ് നിലങ്ങളുടെ കേന്ദ്രീകരണം കൂടുതലുള്ള സ്ഥലങ്ങൾ ആണ്. ജില്ലയിലെ ചതുപ്പ് നിലങ്ങളുടെ കേന്ദ്രീകരണം ചിത്രം 3.12 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.12
ജില്ലയിലെ ചതുപ്പുനില കേന്ദ്രീകരണം



7. ജലസ്രോതസ്സുകൾ

ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 2% ത്തോളം ഈ മേഖലയിൽ വരുന്നു. ജലസ്രോതസ്സുകളുടെ ക്രമീകരണവും ആയതിന്റെ സ്വാധീന പ്രദേശങ്ങളും ചിത്രം 3.13 ൽ കാണാം.

8. മറ്റുള്ളവ:

ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 7% ഭൂവിനിയോഗം ഈ മേഖലയിൽ വരുന്നു. പാറക്കൂട്ടങ്ങളും ഉരുണ്ടകല്ലുകളും നിറഞ്ഞ തരിശ് സ്ഥലം, പാഴ് നിലങ്ങൾ, ചെങ്കൽമട, ക്വാറികൾ മുതലായവ ഇതിൽപെടുന്നു. വിശദാംശങ്ങൾ ചിത്രം 3.14 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.13
ജില്ലയിലെ ജലസ്രോതസ്സുകളുടെ കേന്ദ്രീകരണം



ചിത്രം 3.14
മറ്റ് ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണം



ജില്ലയിലെ മലനാട്, ഇടനാട് എന്നിങ്ങനെ വിശേഷിപ്പിക്കാവുന്ന മേഖലകളിൽപ്പെടുന്ന തദ്ദേശഭരണ പ്രദേശങ്ങളിലാണ് കാർഷിക പ്രവർത്തന മേഖലകളുടെ കേന്ദ്രീകരണം കാണപ്പെടുന്നത്. തോട്ടവിളമാതൃകകൾ പ്രധാനമായും കാണപ്പെടുന്നത് ചെക്യാട്, വേളം, കുറ്റ്യാടി, കട്ടിപ്പാറ, താമരശ്ശേരി, പുതുപ്പാടി, കോടഞ്ചേരി, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിലാണ്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ പ്രധാനമായും വനമേഖലയാണ്.

ജനസംഖ്യാ കേന്ദ്രീകരണ ഘടന

അറ്റവാസകേന്ദ്ര സാന്ദ്രതയുടെ (Density of Net Residential Area) വെള്ളക്കെട്ടുകൾ, വന മേഖല, തണ്ണീർത്തടങ്ങൾ മറ്റ് വാസയോഗ്യമല്ലാത്ത മേഖലകൾ എന്നിവയുടെ വിസ്തീർണ്ണം കിഴിച്ചുള്ള വാസയോഗ്യ ഭൂപ്രദേശങ്ങളുടെ വിസ്തീർണ്ണം കൊണ്ട് മൊത്തം ജനസംഖ്യയെ ഭാഗിച്ച് കിട്ടുന്നത്) അവരോഹണ ക്രമത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സഞ്ചിത ജനസംഖ്യ കണക്കാക്കിയാണ് ജനസംഖ്യാ കേന്ദ്രീകരണ ക്രമം കണ്ടെത്തുന്നത്.

കോഴിക്കോട് ജില്ലയുടെ ജനസംഖ്യാ കേന്ദ്രീകരണ ഘടന ചിത്രം 3.15-ൽ കാണിച്ചിരിക്കുന്നു. ആയത് പ്രകാരം ജനസംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗം അധിവസിക്കുന്നത് ജില്ലയുടെ 41.48 ശതമാനം വിസ്തീർണ്ണം വരുന്ന പ്രദേശത്താണെന്ന് കാണാം.

ചിത്രം 3.15

ജനസംഖ്യാ കേന്ദ്രീകരണം 2011



ജനസാന്ദ്രത

ജനസാന്ദ്രത വളരെ കൂടുതലുള്ള ജില്ലയാണ് കോഴിക്കോട്. സംസ്ഥാന ജനസാന്ദ്രത 860 ആയിരിക്കുമ്പോൾ ജില്ലയുടേത് 1316 ആണ്. ജില്ലയുടെ ജനസാന്ദ്രത ചിത്രം 3.16 ൽ കൊടുത്തിരിക്കുന്നു.

ചിത്രം 3.16

ജന സാന്ദ്രത 2011



കോഴിക്കോട് കോർപ്പറേഷൻ പരിധിയിലും ജില്ലയുടെ തീരദേശ മേഖലയിലുമാണ് ജനസാന്ദ്രത വളരെ കൂടുതലായി കാണുന്നത്.

നഗരവൽക്കരണം

ജില്ലയിൽ നഗരസഭകളായി അംഗീകരിക്കപ്പെട്ട പ്രദേശങ്ങൾ കൂടാതെ ധാരാളം സെൻസസ് ടൗണുകളുമുണ്ട്. ഇവ രണ്ടും ചേർത്താൽ മാത്രമേ ജില്ലയിലെ നഗരവത്കരണത്തിന്റെ തോത് കണക്കാക്കാൻ കഴിയുകയുള്ളൂ. ജില്ലയുടെ നഗരകേന്ദ്രീകരണത്തിന്റെ സ്ഥലപരവിന്യാസം സൂചിപ്പിക്കുന്നത് നിലവിലുള്ള നിയമാനുസൃത നഗരകേന്ദ്രങ്ങളും പ്രാന്തപ്രദേശങ്ങളും ഉയർന്ന നഗര കേന്ദ്രീകരണ സൂചകം കാണിക്കുന്നു എന്നതാണ്. വിജ്ഞാപിത നഗരപ്രദേശങ്ങൾ കൂടാതെ നാദാപുരം, കുന്നുമ്മൽ, കുറ്റ്യാടി, ചങ്ങരോത്ത്, കൂത്താളി, പേരാമ്പ്ര, നൊച്ചാട് എന്നീ പഞ്ചായത്തുകളും ഉയർന്നള നഗര കേന്ദ്രീകരണം കാണിക്കുന്നു. ജില്ലയുടെ നഗര കേന്ദ്രീകരണത്തോത് ചിത്രം 3.17 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.17

ജില്ലയിലെ നഗര കേന്ദ്രീകരണം



ജില്ലയിലെ വിജ്ഞാപിത നഗര കേന്ദ്രങ്ങൾ

ഒരു കോർപ്പറേഷനും ഏഴ് മുനിസിപ്പാലിറ്റികളും ഉൾപ്പടെ ജില്ലയിൽ 8 വിജ്ഞാപിത നഗരകേന്ദ്രങ്ങൾ ഉണ്ട്. കോഴിക്കോട് കോർപ്പറേഷൻ, വടകര, കൊയിലാണ്ടി, പയ്യോളി, രാമനാട്ടുകര, ഫറോക്ക്, മുക്കം, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികളുമാണ് അവ. ചിത്രം 3.18 കാണുക.

ചിത്രം 3.18

ജില്ലയിലെ നിയമാനുസൃത നഗര കേന്ദ്രങ്ങൾ



ഭാവി നഗരരേഖാചിത്രം

സെൻസസ്സ് കണക്കുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദവി, നഗര വികസന പദ്ധതികളുടെ സ്വാധീനം, സഞ്ചിത പ്രവർത്തന സൂചിക, അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള ക്രമവും വിഭാവിത ക്രമവും, നിലവിലുള്ള നഗരകേന്ദ്രങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് ഭാവി നഗര രേഖാചിത്രം രൂപപ്പെടുത്തുന്നത്. ജില്ലയുടെ ഭാവി നഗരരേഖാചിത്രം ചിത്രം 3.19-ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.19

ജില്ലയുടെ ഭാവി നഗര രേഖാചിത്രം ജില്ലയിലെ നിയമാനുസൃത നഗര കേന്ദ്രങ്ങൾ



കോഴിക്കോട് കോർപ്പറേഷൻ, വടകര, കൊയിലാണ്ടി, പയ്യോളി, രാമനാട്ടുകര, ഫറോക്ക്, മുക്കം, കൊടുവള്ളി മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് പുറമെ ഒളവണ്ണ, പെരുവയൽ, കുന്ദമംഗലം, അഴിയൂർ, പേരാമ്പ്ര, വില്യാപ്പള്ളി, ബാലുശ്ശേരി, അത്തോളി, ഏറാമല, മാവൂർ, ചേമഞ്ചേരി, കടലുണ്ടി, ചാത്തമംഗലം, ചേളന്നൂർ എന്നിവയും 2030-ൽ നഗരപദവിയിൽ ഉണ്ടായിരിക്കുമെന്നാണ് ഭാവിനഗരകേന്ദ്ര രേഖാചിത്രത്തിന്റെ പഠനം വ്യക്തമാക്കുന്നത്.

ഗതാഗത മേഖല

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഭാഗങ്ങളുമായി ബന്ധപ്പെടുന്നതിന് ജില്ലയിൽ റോഡ്, റെയിൽ, സമുദ്ര ജല ഗതാഗത സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും റോഡ് ഗതാഗത ശൃംഖലയാണ് ഏറ്റവും പ്രധാനപ്പെട്ടത്. തിരുവനന്തപുരം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കാനാൽ സിസ്റ്റം ജില്ലയിലൂടെ കടന്നു പോകുന്നുണ്ടെങ്കിലും ജലപാതയുടെ തുടർച്ചയില്ലായ്മ കാരണം ഇത് ഒരു ഗതാഗത സംവിധാനമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.

1. വ്യോമഗതാഗതം

കോഴിക്കോട് ജില്ലാ അതിർത്തിയിൽ നിന്നും 14 കി മീ മാത്രം അകലെയുള്ള മലപ്പുറം ജില്ലയിലെ കരിപ്പൂർ വിമാനത്താവളം ആണ് വ്യോമഗതാഗതത്തിന് ജില്ല ഇപ്പോൾ ആശ്രയിക്കുന്നത്. ജില്ലയുടെ വടക്കൻ അതിർത്തി പങ്കിടുന്ന കണ്ണൂരിൽ നിർമ്മാണം അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം ഭാവിയിൽ ജില്ലയുടെ വ്യോമഗതാഗതത്തിന് ഉണർവ്വേകുന്നതാണ്.

2. റോഡ് ഗതാഗതം

ജില്ലയിലെ പൊതുഗതാഗത സംവിധാനത്തിൽ പ്രാമുഖ്യം റോഡ് ഗതാഗതത്തിനാണ്. എൻ.എച്ച് 66, എൻ.എച്ച് 766, എൻ.എച്ച് 966 എന്നീ മുന്ന് നാഷണൽ ഹൈവേകൾ ജില്ലയിൽ കൂടി കടന്നുപോകുന്നു. പ്രമുഖ നഗരങ്ങളായ മംഗലാപുരത്തേയും കൊച്ചിയേയും ബന്ധിപ്പിക്കുന്ന എൻ.എച്ച് 66 ജില്ലയിലൂടെ 77 കി.മീ നീളത്തിൽ തെക്ക് വടക്ക് ദിശയിൽ കടന്നു പോകുന്ന പ്രധാനപ്പെട്ട ഗതാഗത ഇടനാഴിയാണ്. കോഴിക്കോട് ജില്ലയെ മൈസൂർ, ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളുമായി എൻ.എച്ച് 766 മുഖേന ബന്ധിപ്പിച്ചിരിക്കുന്നു. ഇതിന്റെ നീളം ജില്ലയിൽ 55 കി.മീ ആണ്. എൻ.എച്ച് 966 തുടങ്ങുന്നത് ജില്ലയുടെ അതിർത്തി തെക്കെ പ്രദേശത്ത് നിന്നുമാണ്. ഇത് ചെന്നൈ, കോയമ്പത്തൂർ തുടങ്ങിയ നഗരങ്ങളുമായി ജില്ലയെ ബന്ധിപ്പിക്കുന്നു. ഇതിന്റെ നീളം ജില്ലയിൽ 2.5 കി.മീ ആണ്.

ദേശീയ പാതകൾ, സംസ്ഥാന പാതകൾ തുടങ്ങിവ കോഴിക്കോട് നഗരത്തെ കൊയിലാണ്ടി, മുക്കം, പയ്യോളി, കൊടുവള്ളി, രാമനാട്ടുകര, ഫറോക്ക് എന്നീ മുനിസിപ്പാലിറ്റികളുമായും ജില്ലയിലെ മറ്റ് പ്രധാന നഗരകേന്ദ്രങ്ങളുമായും ബന്ധിപ്പിക്കുന്നു. ജില്ലയിൽ സംസ്ഥാന പാതകളുടെ നീളം 176.2 കി.മീ ആണ്. കൂടാതെ 1674 കി.മീ നീളത്തിൽ പ്രധാന ജില്ലാ റോഡുകളും 227.09 കി മീ നീളത്തിൽ പി എം ജി എസ് വൈ റോഡുകളും 7446.67 കി.മീ നീളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകളും നിലവിലുണ്ട്. പുതുതായി ഉദ്ദേശിക്കുന്ന മലയോര ഹൈവേ, ടൂറിസം ഇടനാഴി, തീരദേശ റോഡ് മുതലായവ ജില്ലയിലെ ഗതാഗത മേഖലയ്ക്കും സാമ്പത്തിക വികസനത്തിനും ഉണർവ്വുണ്ടാക്കും. ചിത്രം 3.20-ൽ ജില്ലയിലെ നിലവിലുള്ള ഗതാഗത ശൃംഖല കാണിക്കുന്നു.

3. റെയിൽ ഗതാഗതം

ജില്ലയുടെ തെക്ക് വടക്ക് പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് 72 കി മീ നീളത്തിൽ കേരളത്തിന്റെ തീരപ്രദേശത്തോട് ചേർന്നാണ് റെയിൽ ശൃംഖല. സതേൺ റെയിൽവെയുടെ പാലക്കാട് ഡിവിഷന് കീഴിലാണ് ഇത് വരുന്നത്. മുഖ്യ റെയിൽവെ സ്റ്റേഷനായ കോഴിക്കോട് ക്ലാസ് ബി കാറ്റഗറിയിലാണ്. വടകര, കൊയിലാണ്ടി, ഫറോക്ക് എന്നിവയാണ് ജില്ലയിലെ മറ്റു പ്രധാന റെയിൽവേ സ്റ്റേഷനുകൾ. കടലുണ്ടി, കല്ലായി, വെള്ളയിൽ, വെസ്റ്റ്ഹിൽ, എലത്തൂർ, ചേമഞ്ചേരി, വെള്ളറക്കാട്, തിക്കോടി, പയ്യോളി, ഇരിങ്ങൽ, നാദാപുരം റോഡ്, മുക്കാളി തുടങ്ങിയ മറ്റ് ചെറു സ്റ്റേഷനുകളും നിലവിലുണ്ട്. രാജ്യത്തെ മറ്റ് ഭാഗങ്ങളിലേക്കുള്ള യാത്രാമാർഗ്ഗമായും ചരക്കുഗതാഗത മാർഗ്ഗമായും റെയിൽവേ സംവിധാനത്തെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നീ നടപടികൾ പൂർത്തിയായത് ജില്ലയിലെ റെയിൽവേ വികസനത്തിന് കാരണമാകുന്നുണ്ടെങ്കിലും ജില്ലയുടെ വർദ്ധിച്ചുവരുന്ന ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് അപര്യാപ്തമായി തുടരുന്നു. ചിത്രം 3.21 ൽ ജില്ലയിലെ റെയിൽ ഗതാഗത ശൃംഖല കാണിക്കുന്നു.

ചിത്രം 3.20

ജില്ലയിലെ നിലവിലുള്ള റോഡ് ഗതാഗതശൃംഗല



ചിത്രം 3.21

ജില്ലയിലെ റെയിൽശൃംഖല



4. ജല ഗതാഗതം

ദൈർഘ്യമേറിയ തീരപ്രദേശവും രണ്ട് തുറമുഖങ്ങളുടെ സാന്നിധ്യവും ജില്ലയിലെ തെക്ക് വടക്ക് ജലഗതാഗതത്തിന്റെ സാധ്യതയെയാണ് വെളിവാക്കുന്നത്. ജില്ലയിലെ ഇടത്തരം തുറമുഖമായ ബേപ്പൂർ ചരക്ക് ഗതാഗതത്തിനാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കൊപ്ര, കയർ, മത്സ്യം, മരം, ഇരുമ്പ്, ധാന്യങ്ങൾ, യന്ത്ര സാമഗ്രികൾ, കെട്ടിട നിർമ്മാണ വസ്തുക്കൾ എന്നിവയാണ് മുഖ്യമായ ചരക്കുകൾ. ചരക്കു നീക്കത്തിനും ജലഗതാഗതത്തിനുമുള്ള മേഖല യായി ഫറോക്ക് മേഖലയെ മാറ്റാനുള്ള സാധ്യത നിലനിൽക്കുന്നു.

തിരുവനന്തപുരം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള വെസ്റ്റ് കോസ്റ്റ് കാനാൽ സിസ്റ്റത്തിന്റെ ഭാഗമായി ജില്ലയിൽ കടലുണ്ടി മുതൽ അഴിയൂർ വരെ നിലവിലുള്ള കനാലാണ് ജില്ലയിലെ പ്രധാന ജലഗതാഗത സംവിധാനം. നിലവിലുള്ള ജലഗതാഗതം വികസിപ്പിക്കുകയാണെങ്കിൽ അത് ഏറ്റവും ചെലവ് കുറഞ്ഞ സഞ്ചാര, ചരക്ക് ഗതാഗത മർഗ്ഗമായിരിക്കും. കൂടാതെ റോഡ് ഗതാഗത ശൃംഖലയിൽ തിരക്ക് കുറക്കുന്നതിനും സഹായകമാവും. വെസ്റ്റ് കോസ്റ്റ് കനാൽ സിസ്റ്റത്തിന്റെ പൊന്നാനി മുതൽ വടകര വരെയുള്ള ഭാഗം തുടർപാതയായി നിലവിലുണ്ടെങ്കിലും വടകര മുതൽ മാഹി വരെയുള്ള ഭാഗത്തെ തുടർച്ച യില്ലായ്മ വെസ്റ്റ് കോസ്റ്റ് കനാൽ സിസ്റ്റത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് തടസ്സമാണ്. ഈ തടസ്സം നീക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. തുടർപാത നിലവിൽ വന്നാൽ യാത്രാ ചരക്ക് ഗതാഗതത്തിനും ടൂറിസത്തിനും ഉണർവ്വേകും. ജില്ലയിലെ കനാൽ ശൃംഖലയുടെ വിശദാംശങ്ങൾ പട്ടിക 3.1-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.1

ജില്ലയിലെ കനാൽ ശൃംഖലയുടെ വിശദാംശങ്ങൾ

ക്രമ.	വിശദ വിവരം	നീളം-കി.മീ	നിർമ്മിത കനാലിന്റെ നീളം (കി.മി)
1	വടകര മുതൽ ഇരിങ്ങൽ വരെ	0.8	...
2	ഇരിങ്ങൽ മുതൽ പയ്യോളി വരെ	5.2	5.2
3	പയ്യോളി മുതൽ പന്തലായനി വരെ	8.5	.....
4	പന്തലായനി മുതൽ അകലാപ്പുഴ	4.8	4.8
5	അകലാപ്പുഴ മുതൽ എലത്തൂർ വരെ	15.3	15.3
6	എലത്തൂർ മുതൽ കല്ലായി വരെ (കനോലി കനാൽ)	11.3	11.3
7	കല്ലായി മുതൽ ഒളവണ്ണ വരെ	3.2	.....
8	ഒളവണ്ണ മുതൽ ബേപ്പൂർ വരെ	7.6	7.6
9	ബേപ്പൂർ മുതൽ കടലുണ്ടി വരെ	16.1	.....

വിഭാവിത മേഖലാ ഗതാഗത ശൃംഖല

ഭാവിയിലെ മേഖലാ ഗതാഗത ശൃംഖല വിഭാവനം ചെയ്യുമ്പോൾ ജില്ലയിലെ തദ്ദേശ ഭരണപ്രദേശങ്ങളുടെ വികസനശ്രേണീക്രമവും വിഭാവിത ജനവാസമേഖലകളും അവയുടെ കേന്ദ്രങ്ങളും, നിലവിലുള്ള ഗതാഗത സംവിധാനങ്ങളും, വിഭാവിത മേഖലാ വികസന കേന്ദ്രങ്ങളും പരിഗണിക്കപ്പെടേണ്ടതുണ്ട്. ഇങ്ങനെ പരിഗണിക്കുമ്പോൾ കോഴിക്കോട് കോർപ്പറേഷനാണ് ജില്ലയിൽ ആദ്യ ക്രമത്തിൽ വരുന്ന കേന്ദ്രമായി നിലവിലുള്ളത്. രണ്ടാം ക്രമത്തിൽ വരുന്ന ആറ് കേന്ദ്രങ്ങളിൽ കുന്ദമംഗലവും കൊയിലാണ്ടിയും വടകരയുമാണ് പ്രധാനപ്പെട്ടവ. മൂന്നാം ക്രമത്തിൽ ആകെ 16 കേന്ദ്രങ്ങളാണ് ഉള്ളത്. ഒന്ന്, രണ്ട്, മൂന്ന് ക്രമത്തിലുള്ള ആവാസ കേന്ദ്രങ്ങളുടെ ചിത്രം 3.22-ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.22

ഒന്ന്, രണ്ട്, മൂന്ന് ക്രമത്തിലുള്ള ആവാസ കേന്ദ്രങ്ങൾ



1. വിഭാവിത വ്യോമ ഗതാഗത ശൃംഖല

കരിപ്പൂർ വിമാനത്താവളത്തിന് പുറമെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന കണ്ണൂർ വിമാനത്താവളം ജില്ലാ അതിർത്തിയിൽ നിന്നും 35 കി.മീ മാത്രം അകലത്തിലാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം പൂർത്തിയാവുന്നത് ജില്ലയിലെ വ്യോമ ഗതാഗത രംഗത്തിന് പുത്തനുണർവേകുമെന്ന കാര്യം തീർച്ചയാണ്. വിമാനത്താവളത്തിലേക്കുള്ള ജില്ലാ റോഡുകൾ സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്.

2. വിഭാവിത റോഡ് ശൃംഖല

ആവാസ കേന്ദ്രങ്ങൾ തീർച്ചയായും പരസ്പരം ബന്ധിപ്പിക്കപ്പെടേണ്ടതാണ്. ഏതാണ്ട് പ്രധാനപ്പെട്ട എല്ലാ ആവാസ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് റോഡ്ശൃംഖല നിലവിലുണ്ട്. കോഴിക്കോട് കോർപ്പറേഷനുകൾ, വടകര, കൊയിലാണ്ടി, ഫറോക്ക്, രാമനാട്ടുകര മുനിസിപ്പാലിറ്റികൾ മുതലായവ നാഷണൽ ഹൈവേ മുഖാന്തിരം ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ട്. മുക്കം മുനിസിപ്പാലിറ്റി, ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം എന്നിവ സ്റ്റേറ്റ് ഹൈവേ മുഖാന്തിരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

രണ്ടാം ക്രമ ആവാസ കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ സംസ്ഥാന പാതയുടെ നിലവാരത്തിലും മൂന്നാം ക്രമ ആവാസ കേന്ദ്രങ്ങൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ പ്രധാന ജില്ലാ റോഡുകളുടെ നിലവാരത്തിലും വികസിപ്പിക്കേണ്ടതാണ്. വ്യത്യസ്ത ക്രമത്തിലുള്ള ആവാസ കേന്ദ്രങ്ങളെ റോഡ് ശൃംഖല വഴി യോജിപ്പിക്കേണ്ട വിധം പട്ടിക 3.2 -ൽ കാണിച്ചിരിക്കുന്നു.

പട്ടിക 3.2

വ്യത്യസ്ത ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് ശൃംഖല

ആവാസ കേന്ദ്രത്തിന്റെ പേര്	ആവാസ കേന്ദ്രത്തിന്റെ പേര്	നിലവിലുള്ള യാത്രാ മാർഗ്ഗം	മാറ്റം വരുത്തേണ്ടത്/ ഏത് നിലവാരത്തിലേക്ക്
കോഴിക്കോട്	രാമനാട്ടുകര	നാഷണൽ ഹൈവേ	
	ഫറോക്ക്	നാഷണൽ ഹൈവേ	
	കുന്ദമംഗലം	നാഷണൽ ഹൈവേ	
	കൊയിലാണ്ടി	നാഷണൽ ഹൈവേ	
	ചേളന്നൂർ	പ്രധാന ജില്ലാ റോഡ്	സംസ്ഥാന ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുക
കുന്ദമംഗലം	മുക്കം	പ്രധാന ജില്ലാ റോഡ് ഭാഗിക ജില്ലാ റോഡ്,	സംസ്ഥാന ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുക.
	ഫറോക്ക്	നാഷണൽ ഹൈവേ	പ്രധാന ജില്ലാ റോഡുമായി ബന്ധിപ്പിക്കുക
	ബാലുശ്ശേരി	പ്രധാന ജില്ലാ റോഡ് സംസ്ഥാന ഹൈവേ	
ചേളന്നൂർ	ബാലുശ്ശേരി	ജില്ലാ റോഡ്	സംസ്ഥാന ഹൈവേയായി ഉയർത്തുക

കൊയിലാണ്ടി	പേരാമ്പ്ര	പ്രധാന ജില്ലാ റോഡ്	പ്രധാന ജില്ലാ ഹൈവേയായി ഉയർത്തുക
	വടകര	നാഷണൽ ഹൈവേ	
	മണിയൂർ	ജില്ലാ പാത	ജില്ലാ ഹൈവേയായി ഉയർത്തുക
മണിയൂർ	വടകര	പ്രധാന ജില്ലാ റോഡ്	പുതുതായി പ്രധാന ജില്ലാ റോഡിന് ശുപാർശ
	പേരാമ്പ്ര	പ്രധാന ജില്ലാ റോഡ്	പുതുതായി പ്രധാന ജില്ലാ റോഡിന് ശുപാർശ
നാദാപുരം	വടകര പേരാമ്പ്ര	പ്രധാന ജില്ലാ റോഡ് സംസ്ഥാന പാത	പ്രധാന ജില്ലാ റോഡ് സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തുക

3. വിഭാവിത റെയിൽ ശൃംഖല

ബേപ്പൂർ തുറമുഖത്തെ നിലവിലുള്ള റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഒരു പുതിയ റെയിൽപാതയ്ക്ക് ജില്ലയുടെ ഭാവി വികസനത്തിലും സാമ്പത്തിക അഭിവൃദ്ധിയിലും വലിയ പങ്ക് വഹിക്കാൻ കഴിയും. ജില്ലയിലെ വ്യാവസായിക മേഖലയിൽ നിന്ന് രാജ്യത്തിന് അകത്തും പുറത്തുമുള്ള സ്ഥലങ്ങളിലേക്കുള്ള ചരക്ക് നീക്കത്തിന് ഇത്തരമൊരു പാത ഏറെ സഹായകരമാകും. വിഭാവിത റോഡ്-റെയിൽ ശൃംഖല ചിത്രം 3.23-ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.23

വിഭാവിത റോഡ്-റെയിൽ ശൃംഖല



പദവീശ്രേണി

ലഭ്യമായ പ്രൊഫഷണൽ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ, മാർക്കറ്റുകൾ തുടങ്ങിയവയും, പശ്ചാത്തല മേഖലയിലെ സൌകര്യങ്ങളുടെയും (ദേശീയ-സംസ്ഥാന പാതകൾ, റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റാന്റ്, ബോട്ട് ജെട്ടി തുടങ്ങിയവ) അടിസ്ഥാനത്തിൽ സഞ്ചിത നിർവ്വഹണ സൂചിക കണക്കാക്കി അധിവാസകേന്ദ്രങ്ങളെ താഴെ പറയും പ്രകാരം 1, 2, 3, 4 എന്നിങ്ങനെ ക്രമീകരിച്ചിരിക്കുന്നു.

1. നിലവിലുള്ള ഒന്നാം ക്രമം (First order existing)
2. നിലവിലുള്ള രണ്ടാം ക്രമം (Second order existing)
3. കൂട്ടിചേർക്കപ്പെട്ട രണ്ടാം ക്രമം (Additional second order)
4. വിഭാവിത രണ്ടാം ക്രമം (Second order proposal)

ചിത്രം 3.24

അധിവാസകേന്ദ്രങ്ങളുടെ പദവീശ്രേണി



നിലവിലുള്ള പദവിക്രമത്തെ പഠിച്ചും കാലിക വികസന സൂചകങ്ങൾ പരിഗണിച്ചും എത്തിച്ചേരുന്ന വിഭാവിത പദവീശ്രേണി ചിത്രം 3.25-ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.25

അധിവാസകേന്ദ്രങ്ങളുടെ വിഭാവിത പദവീശ്രേണി



തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിലുള്ള ജില്ലയുടെ പ്രവർത്തനമാതൃക

മുകളിൽ ചൂണ്ടിക്കാട്ടിയ എല്ലാ ഘടകങ്ങളേയും സമഗ്രമായി അപഗ്രഥിച്ചു കൊണ്ടാണ് തദ്ദേശ സ്വയംഭരണാടിസ്ഥാനത്തിലുള്ള ജില്ലയുടെ പ്രവർത്തമനമാതൃക രൂപപ്പെടുത്തുന്നത്. ഭൂവിനിയോഗത്തിന്റെ സ്ഥലപരവിശകലനം, ജനസാന്ദ്രത, ഭൂചരിവ്, നഗര/നഗരേതര സ്വഭാവം, ജില്ലയിലെ നിയന്ത്രിത മേഖലകളുടെ പദവീശ്രേണി എന്നിവ ഇക്കാര്യത്തിൽ നിർണ്ണായകമാണ്. ഭൂവിനിയോഗമെന്ന ഘടകത്തെ കാർഷിക ഉപയോഗം, നിർമ്മാണ ഉപയോഗം, വനഭൂവുപയോഗം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ഭൂചരിവ് ഘടകത്തെ 0-15, 15-30, 30-50, 50 ഡിഗ്രിക്ക് മുകളിൽ എന്നിങ്ങനെ നാല് പരിധികളിലായി തരംതിരിച്ചിരിക്കുന്നു. അതുപോലെ ജനസാന്ദ്രതയുടേയും പദവീശ്രേണിയുടേയും ഘടകങ്ങളെ ആരോഹണാടിസ്ഥാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

ചിത്രം 3.26

പ്രവർത്തന മാതൃകയ്ക്കായി പരിഗണിക്കപ്പെട്ട ഭൂവിനിയോഗം



വിഭവങ്ങൾ

കോഴിക്കോട് ജില്ലയുടെ സാമ്പത്തിക അടിത്തറ നിലനിർത്തുന്ന പ്രധാന വിഭവങ്ങൾ കൃഷി, കാർഷികാനുബന്ധ പ്രവർത്തനങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയാണ്. ജില്ലയിലെ ലഭ്യമായ വിഭവങ്ങളുടെയും അവയുടെ സ്ഥലപരമായ വിശകലനത്തെ ആസ്പദമാക്കിയുള്ള പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിലാണ് ജില്ലയുടെ വികസനത്തിന്റെ തോത് നിർണ്ണയിക്കപ്പെടുന്നത്.

കാർഷികം

ജില്ലയിലെ മുഖ്യ കാർഷിക വിളയാണ് തെങ്ങ്. ജില്ലാകാർഷികവിള ഭൂപടത്തിന്റെ 80 ശതമാനവും തെങ്ങ് കൃഷിയാണ്. മഴയെ ആശ്രയിക്കുന്ന കൃഷിരീതിയാണ് ജില്ലയിൽ ഇപ്പോഴും പ്രധാനമായും നടന്നുവരുന്നത്. ജലസേചന സൌകര്യങ്ങൾ ഉപയോഗപ്പെടുത്തികൊണ്ടുള്ള തെങ്ങ്കൃഷിയിൽ നാമമാത്രമായ വർദ്ധനവ് മാത്രമാണ് കണ്ടുവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ തരംതിരിച്ച കാർഷിക ഭൂവിനിയോഗ വിവരങ്ങൾ ചിത്രം 3.27 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 3.27

തദ്ദേശഭരണ പ്രദേശാടിസ്ഥാനത്തിലുള്ള കാർഷിക ഭൂവിനിയോഗ വിവരങ്ങൾ



ഒഞ്ചിയം, ചോറോട്, എടച്ചേരി, തൂണേരി, ആയഞ്ചേരി, നാദാപുരം, കുന്നുമ്മൽ, തിരുവള്ളൂർ, ചെറുവണ്ണൂർ, കുറ്റ്യാടി, നരിപ്പറ്റ, തിക്കോടി, ഉള്ളേരി, നൊച്ചാട്, കക്കോടി, നടുവണ്ണൂർ, തലക്കുളത്തൂർ, കുരുവട്ടൂർ, കോട്ടൂർ എന്നീ തദ്ദേശഭരണ പ്രദേശങ്ങൾ കൃഷിവിപുലീകരണത്തിന് അനുയോജ്യമാണെന്നാണ് അന്തിമ വിശകലനം കാണിക്കുന്നത്. ജില്ലയിലെ താരതമ്യേന ജനസാന്ദ്രതയും നഗരസ്വഭാവവും കുറഞ്ഞവയായതു കൊണ്ടും വാസകേന്ദ്ര പദവീ ശ്രേണിയിൽ 3, 4 ഗണത്തിൽപ്പെടുന്നത് കൊണ്ടും മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഇവിടെ നിയന്ത്രണങ്ങൾ ഉള്ളതുകൊണ്ടുമാണ് കാർഷിക ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും മേൽപ്രദേശങ്ങളെ കൃഷിവിപുലീകരണത്തിനായി കണ്ടെത്തിയിട്ടുള്ളത്. മേൽ തദ്ദേശഭരണപ്രദേശങ്ങളിൽ 50 ഡിഗ്രിയിലധികം ഭൂചരിവ് കാട്ടുന്ന മേഖലകളെ ഈ ആവശ്യങ്ങളിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

മൃഗസംരക്ഷണവും ക്ഷീരവികസനവും

സംസ്ഥാനത്തെ ആകെ കന്നുകാലികളുടെ എണ്ണത്തിൽ 6.23 ശതമാനം മാത്രമുള്ള കോഴിക്കോട് ജില്ല മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ആറാമത് സ്ഥാനത്താണ്.

താഴെ പറയുന്ന കന്നുകാലി ഇനങ്ങളാണ് ജില്ലയിൽ പ്രധാനമായും കണ്ടുവരുന്നത്.

1. ബോവിൻസ് (കന്നുകാലികളും പോത്തുകളും)
2. ഓവിൻസ്, കാപ്രിൻസ് (ആടുകളും ചെമ്മരിയാടുകളും)
3. സ്വിൻ (പന്നികൾ)
4. ഇക്വൻസ് (Equins)

കാർഷിക ഭൂവിനിയോഗ മേഖലകൾ പരിഗണിച്ചും, വികസന നിയന്ത്രണമുള്ളതും അല്ലാത്തുമായ നഗര, നഗരേതര പ്രദേശങ്ങളിലെ ജനസാന്ദ്രതയുടെ (ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങൾ ഒഴിവാക്കി) അടിസ്ഥാനത്തിലും ഭൂചെരിവിലും, പദവീശ്രേണിയിലും ഉൾപ്പെടുന്ന താഴെ പറയുന്ന തദ്ദേശഭരണപ്രദേശങ്ങൾ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അനുയോജ്യമാണെന്ന് കാണുന്നു.

ചിത്രം 3.28
കൃഷി വിപുലീകരണത്തിന് അനുയോജ്യമായ മേഖലകൾ



ചിത്രം 3.29
മൃഗസംരക്ഷണത്തിന് അനുയോജ്യമായ മേഖലകൾ



ചിത്രം 3.30

മുഖ്യ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ



മത്സ്യബന്ധനം

ദീർഘമായ കടലോരവും പുഴകളും ഉൾനാടൻ ജലാശയങ്ങളുമടക്കമുള്ള വിപുലമായ ജലസമ്പത്തിനാൽ അനുഗ്രഹീതമാണ് കോഴിക്കോട് ജില്ല. ഇവയെ ഉൾനാടൻ, തീരദേശം, ആഴക്കടൽ എന്നിങ്ങനെ മൂന്ന് മേഖലകളായി തരംതിരിച്ചിരിക്കുന്നു. മത്സ്യബന്ധനത്തിനുള്ള സമുദ്രവ്യാപ്തി പരിഗണിക്കുമ്പോൾ 800 കിലോമീറ്റർ ദൈർഘ്യത്തിലും 200 നോട്ടിക്കൽ മൈൽ വീതിയിലുമുള്ള സംസ്ഥാനത്തെ പ്രത്യേക സാമ്പത്തിക മേഖല (EEZ) യിൽ 71 കിലോമീറ്റർ ദൈർഘ്യമാണ് കോഴിക്കോട് ജില്ലയ്ക്ക് ഉള്ളത് (ചിത്രം 3.31) . നാം മുഖ്യമായും മത്സ്യബന്ധനത്തിനായി പ്രയോജനപ്പെടുത്തുന്നത് 50 മീറ്റർ വരെ ആഴമുള്ള കടൽഭാഗമാണ്. ഇത് തീരത്ത് നിന്ന് ഏതാണ്ട് 95 കിലോമീറ്റർ വരെ ദൂരം വരും.

ചിത്രം 3.31

ജില്ലയിലെ സമുദ്ര വിഭവഭൂപടം (EZZ)



സംസ്ഥാനത്തെ രണ്ടാമത്തെ വലിയ മത്സ്യബന്ധന തുറമുഖമായ പുതിയാപ്പയും, വാണിജ്യകേന്ദ്രമെന്ന നിലയിൽ ഇന്ത്യാചരിത്രത്തിൽ തന്നെ ഇടം പിടിച്ച ബേപ്പൂർ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ മത്സ്യബന്ധന തുറമുഖവും ജില്ലയിലാണ്. കോഴിക്കോട് വെള്ളയിലും കൊയിലാണ്ടിയിലും പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

ഏതാണ്ട് 1.07 ലക്ഷം വരുന്ന ജില്ലയിലെ മത്സ്യത്തൊഴിലാളികളിൽ 0.95 ലക്ഷം പേരും സമുദ്രമത്സ്യബന്ധനത്തിലാണ് ഏർപ്പെട്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളി ജനസംഖ്യയിൽ കോഴിക്കോട് കോർപ്പറേഷൻ (22826 പേർ) ഒന്നാം സ്ഥാനത്തും വടകര മുനിസിപ്പാലിറ്റി (15055 പേർ) രണ്ടാം സ്ഥാനത്തുമാണ്. ഏതാണ്ട് 24000-ത്തോളം പേരാണ് ജില്ലയിൽ സമുദ്രമത്സ്യബന്ധന മേഖലയിൽ സജീവമായുള്ളത്. ഏതാണ്ട് അത്രയും പേർ മത്സ്യസംസ്കരണ വിതരണ വിൽപ്പന മേഖലകളിലും ജോലി ചെയ്യുന്നുണ്ട്. മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളുമാണ്

ജില്ലയുടെ തീരദേശ മേഖലയിലെ ദരിദ്ര ജനവിഭാഗങ്ങളിൽ ബഹുഭൂരിഭാഗത്തിന്റെയും മുഖ്യജീവനോപാധി.

വനം

ജില്ലയിലെ മൊത്തം ഭൂവിസ്തൃതിയുടെ 13 ശതമാനമാണ് വനം. ജില്ലയിലെ വനവ്യാപ്തിയുടെ മുഖ്യപങ്കും കേന്ദ്രീകരിച്ചിരിക്കുന്നത് കിഴക്കൻ മേഖലയിലാണ്. വനപ്രദേശങ്ങളുള്ള തദ്ദേശഭരണ പ്രദേശങ്ങളുടെ വിവരങ്ങൾ ചിത്രം 3.32 ൽ കൊടുത്തിരിക്കുന്നു.

ചിത്രം 3. 32

വനകേന്ദ്രീകരണം തദ്ദേശ ഭരണാടിസ്ഥാനത്തിൽ



വ്യവസായങ്ങൾ

വിശാലവും വിഭവസമ്പന്നവുമായ ഇടനാടൻ പ്രദേശങ്ങളുടെ സജീവ വാണിജ്യ കേന്ദ്രമെന്ന നിലയിൽ നിസ്തർക്കമായ സാമ്പത്തിക സുസ്ഥിരത പുലർത്തുന്ന കോഴിക്കോട്, മലബാർ തീരദേശത്തിന്റെ ആസ്ഥാനമെന്ന പദവി അലങ്കരിക്കുന്നു. മലബാറിന്റെ ആദ്യകാല വാണിജ്യ വ്യാപാര കേന്ദ്രമായിരുന്ന കോഴിക്കോട് ജില്ലയ്ക്ക് ഇടക്കാലത്ത് ഈ പ്രാമുഖ്യം നഷ്ടമായെങ്കിലും സർക്കാരിന്റെ അവസരോചിതവും സമയബന്ധിതവുമായ ഇടപെടൽ മൂലം ചില വ്യവസായങ്ങളിൽ പുതുജീവൻ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. മലബാർ സ്പിന്നിങ് മിൽ, കേരള സോപ്സ്, സ്റ്റീൽ കോംപ്ലക്സ് മുതലായ വ്യവസായസംരംഭങ്ങൾ ജില്ലയുടെ വ്യവസായ വളർച്ചാ സാധ്യതകളുടെ ഉദാഹരണങ്ങളാണ്.

സമീപകാലത്ത് മെച്ചപ്പെട്ട വളർച്ച കൈവരിക്കാൻ കഴിഞ്ഞ മേഖലകളിൽ ആട്ട നിർമ്മാണം, കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധന ഉറപ്പുവരുത്തുന്ന സംരംഭങ്ങൾ, സമുദ്രോത്പന്ന സംസ്കരണം, ഔഷധ നിർമ്മാണം, സൌന്ദര്യ വർദ്ധക വസ്തുക്കൾ, ചെരുപ്പ് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. എങ്കിലും ഈ വളർച്ചയൊന്നും ജില്ലയുടെ സാധ്യതകൾക്കനുസരിച്ചുള്ള തലത്തിലേക്ക് ഉയർന്നിട്ടില്ല. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർ, ഉയർന്ന പ്രവാസി സാന്നിധ്യം ഉറപ്പുനൽകുന്ന മെച്ചപ്പെട്ട വിഭവ സമാഹരണ സാധ്യത എന്നിവ പരിഗണിക്കുമ്പോൾ വ്യവസായ രംഗത്തുണ്ടായ മാറ്റങ്ങൾ തൃപ്തികരമെന്ന് പറയാൻ കഴിയില്ല.

കുരുമുളകും ഏലവും അടക്കമുള്ള മലഞ്ചരക്കുകളുടെ മേഖലയിലെ പ്രധാന വിപണിയും കോഴിക്കോടാണ്. കോഴിക്കോട് നഗരസമീപത്ത് കല്ലായിപ്പുഴയുടെ തീരങ്ങളിൽ ഒട്ടേറെ തടിവ്യവസായശാലകളും പ്രവർത്തിക്കുന്നു. വിവിധ വിഭാഗങ്ങളിൽപ്പെട്ട വ്യവസായങ്ങളുടെ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള വിന്യാസം 3.33, 3.34, 3.35 എന്നീ ചിത്രങ്ങളിൽ കാണിച്ചിരിക്കുന്നു. കഴിഞ്ഞ പതിറ്റാണ്ടിനിടയിൽ 2 ഐ.ടി പാർക്കുകളുടെ നിർമ്മാണം തുടങ്ങി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഈ മേഖല കാര്യമായ വളർച്ച പ്രാപിച്ചിട്ടില്ല.

ചിത്രം 3.33

ജില്ലയിലെ മൈക്രോ വ്യവസായങ്ങളുടെ സ്ഥലപരവിന്യാസം



ചിത്രം 3.34

ജില്ലയിലെ മൈക്രോ വനവ്യവസായങ്ങളുടെ സ്ഥലപരവിന്യാസം



ചിത്രം 3.35

A& B ജില്ലയിലെ ചെറുകിട വ്യവസായങ്ങളുടെ സ്ഥലപരവിന്യാസം

A ഉൽപ്പാദനം



B സേവനം



കോഴിക്കോടിന്റെ വാണിജ്യ സമ്പദ് വ്യവസ്ഥയിൽ തടിവ്യവസായത്തിന് പ്രമുഖ സ്ഥാനമുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അയൽ ജില്ലകളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന മരങ്ങളെ ആശ്രയിച്ചാണ് ഈ മേഖല നിലനിൽക്കുന്നത്. കല്ലായി, ചെറുവണ്ണൂർ, ഫറോക്ക് മേഖലകളിലായി രജിസ്റ്റർ ചെയ്ത 1564 തൊഴിലധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തടിവ്യവസായ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

ഓടുവ്യവസായമായിരുന്നു ജില്ലയിലെ മറ്റൊരു പ്രധാന വ്യവസായം. 1874-ൽ ആദ്യത്തെ ഓട് ഫാക്ടറി കോഴിക്കോട് പുതിയറയിൽ തുടക്കമിടാൻ പ്രയത്നിച്ച ബാസൽ മിഷനറിമാരോട് തീർച്ചയായും ജില്ലയുടെ വ്യവസായരംഗം കടപ്പെട്ടിരിക്കുന്നു. ഗുണമേന്മയുള്ള കളിമണ്ണിന്റെ ലഭ്യത കാരണം ഓടുവ്യവസായങ്ങൾ പൊതുവെ ഫറോക്ക്, ചെറുവണ്ണൂർ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. രാജ്യമാകെ പെരുമയുള്ള കോഴിക്കോടൻ ഓടുകൾ വിദേശങ്ങളിലേക്ക് പോലും കയറ്റുമതി ചെയ്യപ്പെട്ടിരുന്നു. വൈവിധ്യവൽക്കരണം വഴി സെറാമിക്, ക്രോക്കറി പാത്രങ്ങൾ, സ്റ്റോൺവെയർ കുഴലുകൾ, വൈദ്യുത അചാലക ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണം കൂടി ഓടുവ്യവസായ മേഖലയോടൊപ്പം ഇവിടെ സജീവമായിരുന്നു. കളിമണ്ണിന്റെ ലഭ്യതക്കുറവും കാലോചിത വൈവിധ്യവൽക്കരണത്തിന്റെ അപര്യാപ്തതയും വിപണിയിലെ പിന്നോട്ടടിയും പരിസ്ഥിതി സംരക്ഷണ പ്രശ്നങ്ങളും കാരണം നിലവിൽ മേഖലയിലെ ഓട് വ്യവസായശാലകൾ അടച്ചുപൂട്ടലിന്റെ വക്കിലാണുള്ളത്.

ഇന്ത്യയിലെ തന്നെ പ്രധാന പിവിസി, റബ്ബർ ചെരുപ്പ് നിർമ്മാണ കേന്ദ്രങ്ങളിലൊന്നാണ് കോഴിക്കോട്. ചെറുവണ്ണൂർ, ഫറോക്ക് മേഖലകളിലാണ് ചെരുപ്പ് വ്യവസായം മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത്. കയർ, കയറുൽപ്പന്നങ്ങൾ, നെയ്ത്ത്, പാത്ര നിർമ്മാണം കള്ള്, എണ്ണയുൽപ്പാദനം തുടങ്ങി

നിരവധി പരമ്പരാഗത കുടിൽവ്യവസായ സംരംഭങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. നാരെടുക്കുന്നതിനായി ചകിരിത്തൊണ്ട് കുതിർക്കാൻ ലവണാംശമുള്ള നീർക്കെട്ടുകളാണ് ഉത്തമമെന്നുള്ളതുകൊണ്ടു തന്നെ ഇവിടുത്തെ കയർ വ്യവസായം മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയിലൂടെ ഒഴുകുന്ന ആറ് പ്രധാന നദികളുടെ അഴിമുഖപ്രദേശങ്ങളിലാണ്. ടെക്സ്റ്റൈൽസ്, വെനീർസ്, അച്ചടിയും, പ്രസാധനവും, ജനറൽ എഞ്ചിനീയറിങ്, ഓട്ടോമൊബൈൽസ് തുടങ്ങിയവയാണ് ജില്ലയിലെ മറ്റ് പ്രധാന വ്യവസായ മേഖലകൾ.

കോഴിക്കോട് വെസ്റ്റ്ഹില്ലിൽ 12.43 ഏക്കറിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ 1962-ൽ സ്ഥാപിതമായ വ്യവസായ എസ്റ്റേറ്റിൽ 52 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. റബ്ബർ അധിഷ്ഠിതമായതും അനുബന്ധമായതുമായ ഉൽപ്പന്നങ്ങൾ, പെയിന്റുകൾ, വാർണ്ണിഷുകൾ, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക്, ബേക്കറി, സ്റ്റീൽ ഫാബ്രിക്കേഷൻ, പേപ്പർ ബാഗുകൾ തുടങ്ങിയവയാണ് ഇവിടെ പ്രധാനമായും ഉൽപാദിപ്പിക്കുന്നത്. പെരുവയൽ, കുന്ദമംഗലം, കുന്നുമ്മൽ, നടുവണ്ണൂർ, ചാത്തമംഗലം, പയ്യോളി, ബാലുശ്ശേരി, ഉണ്ണികുളം, കടലുണ്ടി, പേരാമ്പ്ര എന്നീ പത്ത് തദ്ദേശ ഭരണ പ്രദേശങ്ങളിലായി ജില്ലയിൽ പത്ത് മിനി വ്യവസായ എസ്റ്റേറ്റുകൾ കൂടി സ്ഥാപിതമായിട്ടുണ്ട്. 118 വ്യവസായ സഹകരണ സംഘങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു. ലഭ്യമായ ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ജില്ലയിൽ 16 വൻകിട-ഇടത്തരം വ്യവസായ സംരംഭങ്ങളും 7709 ചെറുകിട വ്യവസായ യൂണിറ്റുകളുമാണ് പ്രവർത്തിക്കുന്നത്. 7709 ചെറുകിട വ്യവസായ സംരംഭങ്ങളിൽ 843 എണ്ണം കാർഷികാധിഷ്ഠിതവും 204 എണ്ണം കെട്ടിട നിർമ്മാണാധിഷ്ഠിതവും 2794 എണ്ണം പലവിഭാഗത്തിൽപെട്ടവയുമാണ്.

സ്വാഭാവിക ഭൂചരിവ് (015, 1530 ഡിഗ്രി) കാണിക്കുന്നതും വികസന പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതും, നിർമ്മാണ ഭൂവിനിയോഗ വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ മേഖലകളാണ് വ്യാവസായികാവശ്യങ്ങൾക്ക് അനുയോജ്യമായതെന്നാണ് സ്ഥലപരവിശകലനം ചൂണ്ടിക്കാട്ടുന്നത്. കുറഞ്ഞ ജനസാന്ദ്രതയും നഗരേതര സ്വഭാവവും പുലർത്തുന്ന, പദവീശ്രേണിയിൽ 2,3 ക്രമത്തിൽ പെടുന്നതുമായ പ്രദേശങ്ങളാണ് വൻകിട വ്യാവസായിക പ്രവർത്തനങ്ങൾക്ക് പരിഗണിക്കേണ്ടതെന്നും, താഴെപറയുന്ന തദ്ദേശഭരണ പ്രദേശങ്ങളാണ് (പട്ടിക 3.3) ഇതിന് കൂടുതൽ അനുയോജ്യമായതെന്നും അപഗ്രഥനഫലങ്ങൾ കാണിക്കുന്നു.

പട്ടിക 3. 3

പ്രധാന വ്യാവസായിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനം	ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനം	ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനം
1	ഒഞ്ചിയം	11	മണിയൂർ	21	നന്മണ്ട
2	ചോറോട്	12	ചെറുവണ്ണൂർ	22	കാക്കൂർ
3	എടച്ചേരി	13	മേപ്പയ്യൂർ	23	തലക്കുളത്തൂർ
4	തൂണേരി	14	തുറയൂർ	24	കക്കോടി
5	നാദാപുരം	15	തിക്കോടി	25	നടുവണ്ണൂർ
6	കുന്നുമ്മൽ	16	മൂടാടി	26	കോട്ടൂർ
7	പുറമേരി	17	അരിക്കുളം	27	നരിക്കുനി
8	ആയഞ്ചേരി	18	മച്ചാട്	28	മടവൂർ
9	കുറ്റ്യാടി	19	ചെങ്ങോട്ട്കാവ്	29	പെരുമണ്ണ
10	തിരുവള്ളൂർ	20	ഉള്ളേള്യരി	30	കൊടിയത്തൂർ
				31	കീഴരിയൂർ

നഗര, നഗരേതര സ്വഭാവം പുലർത്തുന്ന വാസകേന്ദ്ര പദവീശ്രേണിയിൽ 1, 2, 3 ക്രമത്തിൽ വരുന്ന മേഖലകളിൽ ഇടത്തരം/കുറവ് ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ് ചെറുകിട വ്യവസായങ്ങൾക്ക് പരിഗണിക്കാവുന്നത്. മുകളിൽ പറഞ്ഞതിന് പുറമെ ബാലുശ്ശേരി, അത്തോളി, പെരുവയൽ, മാവൂർ, മുക്കം തുടങ്ങിയ പ്രദേശങ്ങളും ചെറുകിട വ്യവസായ വികസനത്തിന് ഏറ്റവും അനുയോജ്യമായവയാണെന്ന് പഠനഫലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ചിത്രം 3.36

പ്രധാന വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ



ചിത്രം 3.37

ചെറുകിട വ്യവസായങ്ങൾക്ക് അനുയോജ്യമായ മേഖലകൾ



പൈതൃക വിനോദസഞ്ചാരം, വ്യാവസായിക ടൂറിസം, മെഡിക്കൽ ടൂറിസം, സാംസ്കാരിക വിനോദ സഞ്ചാരം എന്നീ രംഗങ്ങളിൽ ജില്ലയ്ക്ക് ഭാവിവികസന പ്രതീക്ഷകളുണ്ട്.

കൃഷി, മൃഗസംരക്ഷണം, വ്യവസായം എന്നീ മുഖ്യ പ്രവർത്തന മേഖലകളെ അടിസ്ഥാനമാക്കി ജില്ലയിലെ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളെ താഴെ പറയുംവിധം തരംതിരിച്ചിരിക്കുന്നു. കൃഷി-വൻകിട വ്യവസായം, മൃഗസംരക്ഷണം -ചെറുകിട വ്യവസായം, കൃഷി-മൃഗസംരക്ഷണം, കൃഷി-മൃഗസംരക്ഷണം-ചെറുകിട-വൻകിട വ്യവസായങ്ങൾ എന്നിങ്ങനെയുള്ള മിശ്രിത രീതികൾ അവലംബിക്കുന്നത് മേൽ പ്രദേശങ്ങളുടെ വികസനത്തെ പുഷ്ടിപ്പെടുത്താൻ ഏറെ സഹായകരമാകും. ഈ സംയുക്ത മേഖലകളുടെ സ്ഥലപരവിതരണം പട്ടിക 3.4, 3.5 കളിൽ വിശദീകരിച്ചിരിക്കുന്നു.

പട്ടിക 3.4

കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ

മൃഗസംരക്ഷണം		കൃഷിയും മൃഗസംരക്ഷണവും				കൃഷിയും പ്രധാന വ്യവസായങ്ങളും			
1	കിഴക്കോത്ത്	1	ചക്കിട്ടപ്പാറ	6	മരുതോങ്കര	1	ചെങ്ങോട്ടുകാവ്	7	മുടാടി
2	കോടഞ്ചേരി	2	കട്ടിപ്പാറ	7	നരിപ്പറ്റ	2	ചോറോട്	8	നാദാപുരം
3	താമരശ്ശേരി	3	കാവിലുംപാറ	8	പുതുപ്പാടി	3	എടച്ചേരി	9	ഓമശ്ശേരി
4	വളയം	4	കൂരാച്ചുണ്ട്	9	ഉണ്ണികുളം	4	കക്കോടി	10	ഒഞ്ചിയം
		5	കൂത്താളി	10	വാണിമേൽ	5	കുന്നുമ്മൽ	11	പെരുമണ്ണ
						6	കുരുവട്ടൂർ		

പട്ടിക 3.5

കാർഷിക, ചെറുകിട വ്യവസായ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ

മൃഗസംരക്ഷണം		മൃഗസംരക്ഷണം, കൃഷി, പ്രധാന വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും							
1	അത്തോളി	1	അരിക്കുളം	9	കായണ്ണ	17	മേപ്പയ്യൂർ	25	തിരുവളളൂർ
2	ബാലുശ്ശേരി	2	ആയഞ്ചേരി	10	കീഴരിയൂർ	18	നടുവണ്ണൂർ	26	തിരുവമ്പാടി
3	മാവൂർ	3	ചങ്ങരോത്ത്	11	കൊടിയത്തൂർ	19	നന്മണ്ട	27	തൂണേരി
4	മുക്കം നഗരസഭ	4	ചെക്യാട്	12	കൂടരഞ്ഞി	20	നരിക്കുനി	28	തുറയൂർ
5	പേരാമ്പ്ര	5	ചെറുവണ്ണൂർ	13	കോട്ടൂർ	21	നൊച്ചാട്	29	ഉള്ളിയേരി
		6	കാക്കൂർ	14	കുറ്റ്യാടി	22	പനങ്ങാട്	30	വേളം
		7	കാരശ്ശേരി	15	മടവൂർ	23	പുറമേരി		
		8	കായക്കൊടി	16	മണിയൂർ	24	തലക്കുളത്തൂർ		

മറ്റ് പ്രവർത്തന മേഖലകൾ

മേൽ പരാമർശിച്ച പ്രവർത്തന മേഖലകൾക്ക് പുറമെ, മറ്റ് നിരവധി മേഖലകളെ കൂട്ടിയിണക്കി കൊണ്ടുള്ള വിനോദസഞ്ചാര പ്രവർത്തനങ്ങൾക്ക് നല്ല സാധ്യതകളുണ്ട്.

കോഴിക്കോട് കോർപ്പറേഷൻ, വടകര, പയ്യോളി, കൊയിലാണ്ടി, തിക്കോടി, ചേമഞ്ചേരി മുതലായ ജില്ലയുടെ പടിഞ്ഞാറൻ തീരദേശ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ കടലോരങ്ങളേയും അഴിമുഖങ്ങളേയും കേന്ദ്രീകരിച്ചുള്ള വിനോദ സഞ്ചാരവികസനം നിർവ്വഹിക്കാവുന്നതാണ്. തലക്കുളത്തൂർ, ചേളന്നൂർ, കക്കോടി എന്നീ മേഖലകളിൽ നദീബന്ധിത വിനോദ സഞ്ചാര വികസനം സാധ്യമാണ്.

കുറ്റ്യാടി, മരുതോങ്കര, ചക്കിട്ടപ്പാറ, കൂരാച്ചുണ്ട്, കോടഞ്ചേരി, താമരശ്ശേരി, ഫറോക്ക്, കടലുണ്ടി തുടങ്ങിയ മേഖലകൾ പാരിസ്ഥിതിക വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമാണ്.

കുന്ദമംഗലം, ചാത്തമംഗലം, മുക്കം മുനിസിപ്പാലിറ്റി തുടങ്ങിയ മേഖലകളിൽ വിദ്യാഭ്യാസ സംബന്ധമായ വികസന പ്രവർത്തനങ്ങൾക്ക് നല്ല സാധ്യതയുണ്ട്.

അദ്ധ്യായം 4

വികസനമേഖലകൾ:
അവസ്ഥയും പരിപ്രേക്ഷ്യവും

അദ്ധ്യായം 4.1

ഉൽപാദന മേഖല



കൃഷി

ജില്ലയിലെ പ്രധാനപ്പെട്ട സാമ്പത്തിക പ്രക്രിയ കൃഷിയുമായി ബന്ധപ്പെട്ടതാണ്. 2011 ലെ സ്ഥിതി വിവരകണക്കുപ്രകാരം കാർഷിക മേഖല ജില്ലയിലെ മൊത്തം തൊഴിലാളികളിൽ 13.56%പേർക്ക് സ്ഥിരമായ തൊഴിൽ നൽകുന്നു. ജില്ലയിലെ കൃഷിരീതിയുടെ ഏറ്റവും വലിയ പ്രത്യേകത പ്രാദേശിക വ്യത്യസ്തതയാണ്. തീരദേശത്തും ഇടനാട്ടിലും തെങ്ങും ഇടവിളകളും കൃഷി ചെയ്യുമ്പോൾ മലയോരമേഖലകളിൽ കൂടുതലായി കൃഷി ചെയ്തുവരുന്നത് റബ്ബറാണ്. കമുക് കൃഷി എല്ലാ പ്രദേശങ്ങളിലും ചെയ്തു വരുമ്പോൾ നെൽകൃഷി സമതല പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങുന്നു.

പട്ടിക 4.1.1

ജില്ലയിൽ ഭൂവിനിയോഗത്തിൽ കഴിഞ്ഞ ഒരു ദശകത്തിൽ വന്ന മാറ്റം

ഭൂവിനിയോഗം (ഹെക്ടറിൽ)	2007–08	2013–14	2014–15	2015–16	2016–17
ഭൂവിസ്തൃതി	234641	234641	234641	234641	234641
ഫോറസ്റ്റ് ഏരിയ	41386	41386	41386	41386	41386
കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏരിയ	25423	29798	31039	31763	33445
കൃഷിയോഗ്യമല്ലാത്ത തരിശ്	1084	784	766	582	603
പലവക വൃക്ഷ വിളകൾ	188	103	108	108	90
കൃഷി യോഗ്യമായ തരിശ്	1364	2585	2520	2832	2862
തന്നാണ്ട് തരിശ് ഒഴികെയുള്ള തരിശ്	714	1581	1502	1676	955
തന്നാണ്ട് തരിശ്	2522	2151	1897	2000	1938
ചതുപ്പ് നിലങ്ങൾ	50	5	5	5	5
വെള്ളം നിൽക്കുന്നത്	5037	3933	3933	3933	5041
വെള്ളകെട്ട് പ്രദേശം	469	382	382	382	547
സോഷ്യൽ ഫോറസ്റ്ററി	38	34	34	34	37
നെറ്റ് ഏരിയ സോൺ	156366	151899	151069	149940	147732
ഒന്നിലധികം തവണ വിതയ്ക്കുന്ന വിസ്തൃതി	55210	48217	50925	50902	50657
ആകെ കൃഷി ചെയ്യുന്ന സ്ഥലം	**211576**	**200116**	**201994**	**200842**	**198389**

(അവലംബം - എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

കോഴിക്കോട് ജില്ലയുടെ ഭൂവിനിയോഗത്തിൽ വന്ന മാറ്റം

ജില്ലയിലെ ഭൂവിനിയോഗത്തിൽ കഴിഞ്ഞ ഒരു ദശകത്തിൽ വന്ന മാറ്റം പരിശോധിക്കുമ്പോൾ കാർഷികേതര ഭൂമിയുടെ വിസ്തൃതിയും, തരിശ് ഭൂമിയുടെ വിസ്തൃതിയും കൂടി വരുന്നതായി കാണുന്നു

ചിത്രം 4.1.1

ജില്ലയിലെ കാർഷികേതര ആവശ്യത്തിനുപയോഗിക്കുന്ന ഭൂമി (2007-08 മുതൽ 2016-17 വരെ)



(അവലംബം എക്കണോമിക്സ്&സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.2

കോഴിക്കോട് ജില്ലയിലെ കൃഷിയോഗ്യമായ തരിശ്



(അവലംബം - എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.3

ജില്ലയിലെ വിളവിറക്കിയ വിസ്തൃതി (നെറ്റ് ഏരിയ)



(അവലംബം എക്കണോമിക്സ്&സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.4

ജില്ലയിൽ ഒന്നിൽ കൂടുതൽ തവണ വിളവിറക്കിയ സ്ഥലത്തിന്റെ വിസ്തൃതി



(അവലംബം എക്കണോമിക്സ്&സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.5

ജില്ലയിൽ കൃഷി ഇറക്കിയതിന്റെ മൊത്തം വിസ്തൃതി



(അവലംബം എക്കണോമിക്സ്&സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

മൊത്തമുള്ള ഭൂവിസ്തൃതിയായ 234641 ഹെക്ടറിൽ വനഭൂമി 41386 ഹെക്ടറാണ്. ആകെ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 147732 ഹെക്ടറാണ്. ഒന്നിൽ കൂടുതൽ തവണ കൃഷി ചെയ്യുന്ന ഭൂമി 50657 ഹെക്ടറായതിനാൽ ആകെ കൃഷി ചെയ്യുന്ന വിസ്തൃതി 198389 ഹെക്ടറാണ്. മൊത്തമുള്ള കൃഷി ഭൂമി കഴിഞ്ഞ 10 വർഷത്തിനിടയിൽ 156366 ഹെക്ടറിൽ നിന്ന് (2007-08) 147732 ഹെക്ടറായി കുറഞ്ഞു. 5.52% (8634 ഹെക്ടർ) ത്തിന്റെ കുറവ് കൃഷി ഭൂമിയിലുണ്ടായി. കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമി 25423 ഹെക്ടറിൽ നിന്ന് 33445 ഹെക്ടറായി വർദ്ധിച്ചു. കൃഷിഭൂമിയിലുണ്ടായ കുറവ് 8634 ഹെക്ടർ ആണെങ്കിൽ കാർഷികേതര ആവശ്യങ്ങൾക്കായുള്ള ഭൂവിസ്തൃതിയുടെ വർദ്ധനവ് 8022 ഹെക്ടറാണ്. കൃഷിയോഗ്യമായ തരിശുഭൂമിയുടെ കാര്യത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2007-08ൽ 1364 ഹെക്ടറായിരുന്നത് 2016-17 ആയപ്പോൾ 2862 ഹെക്ടറായി വർദ്ധിച്ചു. ഭൂമി വൻതോതിൽ കാർഷികേതര ആവശ്യങ്ങൾക്ക് പ്രത്യേകിച്ചും കെട്ടിട നിർമ്മാണത്തിന് അമിതമായി ഉപയോഗിച്ച് വരുന്നതായാണ് കാണുന്നത്. കൃഷിയോഗ്യമായ തരിശുഭൂമിയിലുണ്ടായ വർദ്ധനവ് കാർഷികമേഖലയിലെ ഒരു പ്രധാന പ്രശ്നവും ഇടപെടലിന് സാധ്യതയുള്ള വിഷയവുമാണ്. ബ്ലോക്ക് തലത്തിലുള്ള തരിശുനിലങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

2007-08 ന് ശേഷമുള്ള 10 വർഷത്തിനിടയിൽ തന്നാണ്ട് തരിശ് 2522 ഹെക്ടറിൽ നിന്നും 1938 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെയും പ്രാദേശിക സർക്കാറുകളുടേയും ഫലപ്രദമായ ഇടപെടലുകളാണ് ഇതിന് ഇടയാക്കിയത്. തരിശിടുന്ന ഭൂമി കൃഷിക്ക് ലഭ്യമാക്കുന്നതിനായി ഭൂവുടമയ്ക്ക് പ്രോത്സാഹന ആനുകൂല്യം നൽകികൊണ്ടാണ് കൂടുതൽ സ്ഥലത്ത് നെല്ലും പച്ചക്കറികളും കൃഷി ചെയ്തുവരുന്നത്.

പട്ടിക 4.1.2

തരിശു ഭൂമി സംബന്ധിച്ച വിശദാംശങ്ങൾ (വയൽ പ്രദേശം)

ക്രമ നം	ബ്ലോക്കിന്റെ പേർ	കൃഷി യോഗ്യമായ തരിശ് (ha)
1	തൂണേരി	5.00
2	കുന്നുമ്മൽ	40.00
3	കൊയിലാണ്ടി	376.10
4	കൊടുവള്ളി	56.60
5	ബാലുശ്ശേരി	146.30
6	കുന്ദമംഗലം	68.00
7	കോഴിക്കോട്	40.00
8	തോടന്നൂർ	118.00
9	തിക്കോടി	130.00
10	വടകര	49.60
11	പേരാമ്പ്ര	232.00
12	ചേളന്നൂർ	59.40
	ആകെ	**1321.00**

(അവലംബം കൃഷി വകുപ്പ്, കേരള)

ചിത്രം4.1.6

നെൽകൃഷിക്കായി മാറ്റാവുന്ന ജില്ലയിലെ തരിശു ഭൂമികളുടെ വിവരങ്ങൾ



ചിത്രം4.1.7

തരിശു ഭൂമി വികസനത്തിലെ പ്രശ്നങ്ങൾ (തദ്ദേശഭരണ പ്രദേശ തലത്തിൽ)



വിള ക്രമം

കോഴിക്കോട് ജില്ലയിലെ മുഖ്യകൃഷി തെങ്ങാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിക്കുന്നത് ഈ ജില്ലയിൽ നിന്നാണ്. മൊത്തം കൃഷിഭൂമിയുടെ 60.83%വും തെങ്ങ് കൃഷിയാണ്. വിസ്തൃതിയിൽ രണ്ടാം സ്ഥാനത്ത് വരുന്ന റബ്ബർ 21930 ഹെക്ടറാണ്. ഇത് ആകെ കൃഷിഭൂമിയുടെ 10.99% വരും. കമുക് കൃഷി ആകെ കൃഷിയുടെ 5.10% വരും. തെങ്ങിന് ഇടവിളകളായി ഇഞ്ചി, മഞ്ഞൾ, വാഴ, കുരുമുളക്, ജാതി, കൊക്കോ, പച്ചക്കറി എന്നിവയെല്ലാം കൃഷി ചെയ്യുന്നുണ്ട്. 2015-16 ൽ തെങ്ങിന്റെ ഉൽപാദനക്ഷമത ഹെക്ടറിന് 8079 നാളികേരം ആയിരുന്നു (തെങ്ങൊന്നിന് ശരാശരി 40 എണ്ണം). ഇത് 7432 എന്ന സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.

ചിത്രം 4.1.8

ജില്ലയിലെ ആകെ വിളവെടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം



(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

നാളികേരം

കേരളത്തിന്റെ പൊതുവായ വിള പരിക്രമം നാണ്യവിളകൾക്ക് മുൻഗണന നൽകുന്ന രീതിയിലാകുമ്പോൾ അതിൽ നിന്നും വ്യത്യസ്തമായി കോഴിക്കോട് ജില്ലയിൽ നാളികേര കൃഷിയാണ് ഏറ്റവും കൂടുതൽ. കേരളത്തിലെ ആകെ തേങ്ങ ഉൽപാദനത്തിന്റെ 17% കോഴിക്കോട് ജില്ലയിൽ ആണ്. തെങ്ങുകൃഷിയുടെ വിസ്തീർണ്ണത്തിൽ 2005 മുതൽ 2010 വരെ കുറവു വരുന്ന അവസ്ഥയാണ് നിലനിന്നിരുന്നത്. എന്നാൽ 2011 മുതൽ 2014 വരെ തെങ്ങുകൃഷി വിസ്തൃതിയിൽ വർദ്ധനവ് ഉണ്ടാവുകയും പിന്നീട് വിസ്തൃതി ക്രമാനുഗതമായി കുറഞ്ഞു വരുന്ന പ്രവണതയുമാണ് കണ്ടു വരുന്നത്. എങ്കിലും ഉത്പാദനക്ഷമതയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്

പട്ടിക 4.1.3

2005-06 മുതൽ 2016-17 വരെയുള്ള കാലയളവിലെ നാളികേരത്തിന്റെ വിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത - ഒരു താരതമ്യം

വർഷം	വിസ്തൃതി (ഹെക്ടറിൽ)	ഉല്പാദനം (ദശലക്ഷം/എണ്ണം)	ഉല്പാദനക്ഷമത (എണ്ണം/ഹെക്ടർ)	എണ്ണം (തെങ്ങൊന്നിന്)
2005-06	129500	845	6525.09	37.28
2006-07	129401	824	6367.80	36.38
2007-08	122929	851	6922.69	39.56
2008-09	120704	941	7795.90	44.58
2009-10	119166	868	7283.90	41.62
2010-11	121688	770	6327.65	36.15
2011-12	127699	852	6671.90	38.12
2012-13	124819	882	7066.23	40.38
2013-14	123115	948	7700.00	44.00
2014-15	123066	1001	8133.80	46.47
2015-16	120683	975	8079.00	46.16
2016-17	119064	837	7029.00	40.00

(അവലംബം - എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.9

2005-06 മുതൽ 2016-17 വരെയുള്ള തെങ്ങ് കൃഷിയുടെ വിസ്തൃതി (ഹെക്ടറിൽ)



(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.10

2005-06 മുതൽ 2016-17 വരെയുള്ള നാളികേര ഉൽപാദനം(ദശലക്ഷത്തിൽ)



(അവലംബം - എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.11

2005-06 മുതൽ 2016-17 വരെയുള്ള നാളികേരത്തിന്റെ ഉൽപാദനക്ഷമത(ഹെക്ടറിൽ)



(അവലംബം - എക്കണോമിക്സ് & സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

നെൽകൃഷി

ഒന്നാം വിളയുടെ വിസ്തൃതി കഴിഞ്ഞ 10 വർഷത്തിനിടെ അഞ്ചിലൊന്നായി കുറഞ്ഞു. എന്നാൽ 2016-17ൽ 11 ഹെക്ടറോളം വർദ്ധനവുണ്ടായി. രണ്ടാം വിള നെൽകൃഷിയുടെ കാര്യത്തിൽ 2015-16 വരെ വിസ്തൃതി വർദ്ധനയുണ്ടായെങ്കിലും 2016-17ൽ കുറവാണ് കാണിക്കുന്നത്. മൂന്നാം വിള വിസ്തൃതി സ്ഥിരമായി കുറഞ്ഞാണ് വരുന്നത്. 2007-08 ലെ 788 ഹെക്ടറിൽ നിന്നും 2016-17ൽ 432 ഹെക്ടറായി കുറഞ്ഞിരിക്കുന്നു. ഉൽപാദനക്ഷമത 2183ൽ നിന്നും 1477 ആയി കുറഞ്ഞിട്ടുണ്ട്.

പട്ടിക 4.1.4

നെൽകൃഷി വിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത - ഒരു താരതമ്യം

	വിസ്തൃതി , ഉത്പാദനം, ഉത്പാദനക്ഷമത	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള	ആകെ
2007-08	വിസ്തൃതി (ഹെക്ടറിൽ)	232	1163	768	2183
	ഉൽപാദനം (ടണ്ണിൽ)	264	3232	1601	5097
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	1138	1163	2032	2334
2013-14	വിസ്തൃതി (ഹെക്ടറിൽ)	79	1791	563	2433
	ഉൽപാദനം (ടണ്ണിൽ)	120	2293	1437	3850
	ഉത്പാദനക്ഷമത (കിലോ/ ഹെക്ടർ)	1519	1280	2552	1582
2014-15	വിസ്തൃതി (ഹെക്ടറിൽ)	62	1708	551	2321
	ഉൽപാദനം (ടണ്ണിൽ)	62	2077	1284	3423
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	1000	1216	2330	1475
2015-16	വിസ്തൃതി (ഹെക്ടറിൽ)	47	2337	448	2872
	ഉൽപാദനം (ടണ്ണിൽ)	58	2614	936	3608
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	1234	1100	2089	1256
2016-17	വിസ്തൃതി (ഹെക്ടറിൽ)	58.26	1496.94	432.07	1987.27
	ഉൽപാദനം (ടണ്ണിൽ)	112.238	1612.28	1210.966	2935.489
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	1926	1077	2803	1477

(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

കോഴിക്കോട് ജില്ലയിലെ നെൽകൃഷിയുടെ ഉത്പാദനക്ഷമത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെക്കുറവാണ്. ശരാശരി ഉത്പാദനക്ഷമത ഹെക്ടറിന് ഒന്നാംവിളയ്ക്ക് 1926 കിലോയും രണ്ടാം വിളയിൽ 1077 കിലോയും മൂന്നാം വിളയിൽ 2803 കിലോയുമാണ്. മൂന്ന് സീസണുകളും പരിഗണിക്കുമ്പോൾ നെല്ലിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് ശരാശരി 1477 കിലോഗ്രാമാണ്. (പട്ടിക 4.1.4 കാണുക) അത്യുൽപാദനശേഷിയുള്ള നെൽ വിത്തിനങ്ങൾക്ക് ഹെക്ടറിന് 5-6 ടൺ ഉത്പാദനക്ഷമതയുണ്ടെങ്കിലും ജില്ലയിൽ അത്യുൽ പാദനശേഷിയുള്ള ഇനങ്ങൾ കൃഷിചെയ്യുന്നത്

രണ്ടാംവിളയിൽ വിസ്തൃതിയുടെ 10% സ്ഥലത്തു മാത്രമാണ്. എന്നാൽ മൂന്നാം വിളയിൽ (പുഞ്ച) 99% സ്ഥലത്തും അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. രണ്ടാംവിള സീസണിൽ 90% സ്ഥലത്തും നാടൻ വിത്തിനങ്ങളാണ് കൂടുതലും കൃഷി ചെയ്തു വരുന്നത്. ഈയിനങ്ങൾക്ക് ഉത്പാദനക്ഷമത ഹെക്ടറിന് 2000 കിലോയിലും കുറവാണ്. എങ്കിലും വയ്ക്കോൽ കൂടുതൽ ലഭിക്കുന്നതും അരിയുടെ ഗുണമേൻമയും കാരണം കർഷകർ ഈയിനങ്ങളോട് കൂടുതൽ താല്പര്യം കാണിക്കുന്നു. കൂടാതെ നാടൻ വിത്തിനങ്ങളുടെ ഉയർന്ന രോഗ കീടപ്രതിരോധശേഷിയും വെള്ളക്കെട്ടിനെ അതിജീവിക്കാനുള്ള കഴിവും ഇതിന് കാരണമാണ്. ആവളപ്പാണ്ടി, കരുവോട്ചിറ തുടങ്ങിയ തരിശായിക്കിടന്ന വയലുകളിൽ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങളായ ഉമ, ജ്യോതി, കാഞ്ചന തുടങ്ങിയ വിത്തുകൾ കൃഷി ചെയ്ത് ഹെക്ടറിന് 4000-5000 കിലോ വീതം വിളവ് ലഭിച്ചിട്ടുണ്ടെങ്കിലും നാടൻ ഇനങ്ങൾ കൂടുതൽ കൃഷി ചെയ്യുന്നതാണ് ജില്ലയിലെ ശരാശരി ഉത്പാദനക്ഷമത കുറഞ്ഞിരിക്കാൻ കാരണം.

മറ്റു പ്രധാന വിളകൾ

തെങ്ങും നെല്ലും ഒഴികെയുള്ള പ്രധാന വിളകളുടെ വിസ്തീർണ്ണവും ഉത്പാദനക്ഷമതയും പട്ടിക 4.1.5 ൽ കൊടുത്തിരിക്കുന്നു. തെങ്ങ് കഴിഞ്ഞാൽ കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം കൃഷി ചെയ്യുന്ന റബ്ബർകൃഷിയിൽ സ്ഥിരമായി വിസ്തൃതി വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എങ്കിലും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞുവരുന്നതായാണ് കാണുന്നത്. 2007-08 ൽ 1502 കിലോഗ്രാം ഉണ്ടായിരുന്ന ഉൽപ്പാദനക്ഷമത 2016-17 ൽ 1049 കിലോഗ്രാം ആയി കുറഞ്ഞു. എങ്കിൽപോലും ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് (796 കിലോ). എന്നാൽ ഉൽപ്പാദനം 29445 ടണ്ണിൽ നിന്ന് 23000 ടണ്ണായി കുറയുകയാണുണ്ടായത്.

കുരുമുളക് കൃഷി 2007-08 ൽ 9665 ഹെക്ടറിൽ നിന്നും 2016-17 ൽ 3755 ഹെക്ടറായി കുറഞ്ഞു. ഉൽപ്പാദനക്ഷമത 91 കിലോയിൽ നിന്നും 282 കിലോ ആയും ഉൽപ്പാദനം 884 ടണ്ണിൽ നിന്നും 1059 ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഉൽപ്പാദനക്ഷമത കൂടിയ കുരുമുളക് തൈകൾ കൃഷി വകുപ്പ് വഴി വിതരണം ചെയ്യുന്നതും കുരുമുളക് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതുമാണ് കാരണം. നാടൻ വാഴ കൃഷിയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2007-08 ൽ നാടൻ വാഴയുടെ വിസ്തൃതി 2801 ഹെക്ടറിൽ നിന്ന് 2016-17 ൽ 3609 ഹെക്ടറായി വർദ്ധിച്ചു. ജനകീയാസൂത്രണ പദ്ധതിയിൽ ഇടവിള കൃഷി പ്രോത്സാഹനമായി വാഴക്കന്ന് വിതരണം ഇതിന് പ്രധാന കാരണമാണ്.

കശുമാവ്, കമുക്, കപ്പ തുടങ്ങിയ കൃഷികളിൽ കുറവുണ്ടായപ്പോൾ പച്ചക്കറി കൃഷിയിൽ വർദ്ധനവുണ്ടായിട്ടുള്ളതായാണ് കാണുന്നത്.

പട്ടിക 4.1.5

പ്രധാന വിളകളുടെ വിസ്തൃതി-ഉൽപാദനം-ഉൽപാദനക്ഷമത ഒരു താരതമ്യം

വിളകൾ	വിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത	2007-08	2010-11	2016-17
നേന്ത്രവാഴ	വിസ്തൃതി (ഹെക്ടറിൽ)	1983	1586	1863.90
	ഉൽപാദനം (ടണ്ണിൽ)	14980	11723	17264
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	7554	7392	9262
നാടൻ വാഴ	വിസ്തൃതി (ഹെക്ടറിൽ)	2801	3220	3609
	ഉൽപാദനം (ടണ്ണിൽ)	14458	13227	17884
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	5162	4108	4955

റബ്ബർ	വിസ്തൃതി (ഹെക്ടറിൽ)	19600	21380	21930
	ഉൽപാദനം (ടണ്ണിൽ)	29445	29920	23000
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	1502	1399	1049
കുരുമുളക്	വിസ്തൃതി (ഹെക്ടറിൽ)	9665	7613	3755
	ഉൽപാദനം (ടണ്ണിൽ)	884	823	1059
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	91		282
കപ്പ	വിസ്തൃതി (ഹെക്ടറിൽ)	2130	1806	1477
	ഉൽപാദനം (ടണ്ണിൽ)	49119	47770	42128
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	23060	26451	28520
കൊക്കോ	വിസ്തൃതി (ഹെക്ടറിൽ)	788	707	839
	ഉൽപാദനം (ടണ്ണിൽ)	421	487	607
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	534	689	724
കശുമാവ്	വിസ്തൃതി (ഹെക്ടറിൽ)	2864	1964	1756
	ഉൽപാദനം (ടണ്ണിൽ)	1899	882	553
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	663	449	315
കവുങ്ങ്	വിസ്തൃതി (ഹെക്ടറിൽ)	12258	9662	10261
	ഉൽപാദനം (ടണ്ണിൽ)	13773	8774	11684
	ഉൽപാദനക്ഷമത (കിലോ/ ഹെക്ടർ)	1124	908	1139

(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

പച്ചക്കറി

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ വിവിധ പരിപാടികൾ ഊർജ്ജിതമായി നടന്നു വരുന്നുണ്ട്. ജൈവപച്ചക്കറിയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ സഹായകമായ രീതിയിൽ നിരവധി പഠനക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകയും വിദ്യാലയങ്ങളിലൂടെ പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും വിദ്യാലയങ്ങളിലും സ്ഥാപനങ്ങളിലും പച്ചക്കറി

കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കൂലിചെലവ് നൽകുന്നതിനുള്ള പദ്ധതികളും ഗ്രോബാഗ് വിതരണം, പച്ചക്കറി തൈകൾ വിതരണം എന്നീ പ്രോജക്ടുകളും നടപ്പിലാക്കി വരുന്നു. പ്രോജക്ടധിഷ്ഠിത പദ്ധതികളിലൂടെ സർക്കാർ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. റസിഡൻറ്സ് അസോസിയേഷനുകൾ/അയൽകൂട്ടങ്ങൾ/കുടുംബശ്രീ/സ്വയംസഹായക സംഘങ്ങൾ എന്നിവ വഴിയും പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണവും ഉൽപാദനവും ക്രമാനുഗതമായ വർദ്ധനവാണ് കഴിഞ്ഞ വർഷങ്ങളിൽ രേഖപ്പെടുത്തുന്നത്. 2016-17 ൽ 2500 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്ത് 35000 മെട്രിക് ടൺ പച്ചക്കറിയാണ് ഉൽപാദിപ്പിച്ചിട്ടുള്ളത്. 2010-11 മുതൽ 2016-17 വരെയുള്ള കാലയളവിൽ ജില്ലയിലെ പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉത്പാദനവും സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.1.6ലും ചിത്രം 4.1.12, 4.1.13 ലും കൊടുത്തിരിക്കുന്നു.

പട്ടിക 4.1.6

ജില്ലയിലെ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണവും ഉത്പാദനവും

വർഷം	വിസ്തൃതി ഹെക്ടറിൽ	ഉൽപാദനം ഹെക്ടറിൽ
2010-11	718	6577
2011-12	945	8339
2012-13	1663	10505
2013-14	1681	20230
2014-15	2598	33301
2015-16	2665	35169
2016-17	2530	35253

(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.12

ജില്ലയിലെ പച്ചക്കറി കൃഷിയുടെ അവസ്ഥ - വിസ്തീർണ്ണം (ഹെക്ടറിൽ)



(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ചിത്രം 4.1.13

ജില്ലയിലെ പച്ചക്കറി ഉൽപാദനത്തിന്റെ സ്ഥിതി (ഉൽപാദനം മെട്രിക് ടണ്ണിൽ)



(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

വിപണനം

കോഴിക്കോട് ജില്ലയിലെ മുഖ്യകാർഷി കോൽപ്പന്നമായ പച്ചതേങ്ങ 2013 മുതൽ 2016 വരെ 60 കൃഷി ഭവനുകൾ വഴി താങ്ങുവില നൽകികൊണ്ട് കേരഫെഡ് സംഭരണം നടത്തിയിരുന്നു. ഇത് കർഷകർക്ക് ഏറ്റവും ആശ്വാസകരമായതും തേങ്ങയുടെ വിലത്തകർച്ച തടയാൻ പര്യാപ്തവുമായിരുന്നു. എന്നാൽ 2016 മുതൽ പച്ചതേങ്ങ സംഭരണം സർക്കാർ നിർത്തിവെച്ചതിനാൽ കർഷകർ പൊതുമാർക്കറ്റിനെ ആശ്രയിക്കേണ്ടി വരികയും വിലയിലെ ഏറ്റക്കുറച്ചിലുകൾക്ക് വിധേയരാവുകയും ചെയ്യുന്നു. നാഫെഡ് വഴിയുള്ള കൊപ്രസംഭരണവും ഇപ്പോൾ നിലവിലില്ല . കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി തേങ്ങ സംഭരണം തുടങ്ങാൻ സർക്കാർ ഉത്തരവുണ്ടെങ്കിലും ഇതുവരെ സംഭരണം തുടങ്ങിയിട്ടില്ല.

നെല്ലിന്റെ വിപണനത്തിന് കർഷകർക്ക് പ്രയാസം നേരിടുന്നതായി പൊതുവെ പരാതികളില്ല. സപ്ലൈക്കോ മുഖേന താങ്ങുവിലയ്ക്ക് നെല്ല് സംഭരണം നടത്തുന്നുണ്ടെങ്കിലും ജില്ലയിൽ വളരെകുറച്ചു കർഷകർ മാത്രമേ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂ.

വാഴകൃഷിക്കാർക്കും പച്ചക്കറി, കപ്പ തുടങ്ങിയവ കൃഷിചെയ്യുന്നവർക്കും വിപണനത്തിന് ആശ്രയിക്കാവുന്നത് ഹോർട്ടികോർപ്പ്, നഗരകാർഷിക മൊത്തവിപണന കേന്ദ്രം, വേങ്ങേരി, വി.എഫ്.പി.സി.കെ. തുടങ്ങിയവയും കൃഷിവകുപ്പിന്റെ ഇക്കോഷോപ്പുകളും ആഴ്ചചന്തകളുമാണ്. കൂടാതെ ഓണക്കാലത്തും, വിഷുക്കാലത്തും കൃഷിവകുപ്പ്/സഹകരണ ബാങ്കുകൾ/സന്നദ്ധ-സാമൂഹ്യ സംഘടനകൾ എന്നിവ നടത്തിവരുന്ന ഓണം, വിഷു സീസണുകളിൽ വിൽപ്പനക്കായി കർഷകരുടെ ഉൽപന്നങ്ങൾ കൂടുതൽ വില നൽകി സംഭരിക്കുകയും ന്യായവിലയ്ക്ക് വിപണിയിൽ വിൽക്കുകയുമാണ് ചെയ്യുന്നത്. 2017 ലെ ഓണക്കാലത്ത് കൃഷിവകുപ്പ് നേരിട്ട് ഓണസമൃദ്ധി എന്ന പേരിൽ 72 ഓണച്ചന്തകളും വി.എഫ്.പി.സി.കെ. 8 ചന്തകളും ഹോർട്ടികോർപ്പ് 30 ചന്തകളുമടക്കം ആകെ 110 ചന്തകൾ നടത്തി. കൂടാതെ സ്ഥിരമായി കൃഷിവകുപ്പിന്റെ കീഴിൽ 30 ആഴ്ചചന്തകളും കുടുംബശ്രീ നേരിട്ട് 35 ആഴ്ചചന്തകളും വിജയകരമായി നടത്തിവരുന്നു.

വേങ്ങേരി മാർക്കറ്റിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് കർഷകർക്ക് ഉൽപന്നങ്ങൾ എത്തിച്ച് ലേലത്തിൽ പങ്കെടുത്ത് വിൽപ്പന നടത്താവുന്നത്. ഇങ്ങനെ ഉൽപന്നങ്ങൾ വേങ്ങേരി മാർക്കറ്റിൽ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ടേഷൻ ചെലവായി ഒരു കിലോ ഉൽപന്നത്തിന് 1.50 രൂപ മുതൽ 2.50 രൂപ വരെ നിരക്കിൽ ദൂരത്തിന് അനുസരിച്ച് നൽകിവരുന്നുണ്ട്. (25 കിലോമീറ്റർ വരെ കിലോഗ്രാമിന് 1.5 രൂപ , 25 കിലോമീറ്റർ മുതൽ 50 കിലോമീറ്റർ വരെ കിലോഗ്രാമിന് 2 രൂപ , 50 കിലോമീറ്ററിന് മുകളിൽ കിലോഗ്രാമിന് 2.50 രൂപ). കൃഷിക്കാരുടെ ഉൽപന്നങ്ങൾ വേങ്ങേരി കാർഷിക മൊത്ത വിപണി സംവിധാനം ഉപയോഗപ്പെടുത്തികൊണ്ട് ലേലം

നടത്തിയും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയുടെ സഹായത്താലും ഉപഭോക്താക്കളിലേക്ക് എത്തിച്ചു വരുന്നു.

ഉൽപാദനോപാധികൾ

കാർഷിക മേഖല നേരിടുന്ന മുഖ്യമായ ഒരു വിഷയമാണ് ഗുണമേൻമയുള്ള ഉൽപാദനോപാധികളുടെ ലഭ്യതക്കുറവ്. കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഉൽപാദനോപാധികളായ നെൽവിത്ത്, പച്ചക്കറി വിത്തുകൾ, തെങ്ങിൻ തൈകൾ, ടിഷ്യുകൾച്ചർ വാഴത്തൈകൾ, ഫലവൃക്ഷത്തൈകൾ, ഇഞ്ചി-മഞ്ഞൾ വിത്തുകൾ എന്നിവയെല്ലാം ജില്ലയിലെ ഫാമുകളായ ജില്ലാ ഫാം കൂത്താളി, സ്റ്റേറ്റ് സീഡ്ഫാം പേരാമ്പ്ര & പുതുപ്പാടി, കോക്കനട്ട് നഴ്സറി തിക്കോടി എന്നിവിടങ്ങളിലും കൂടാതെ കൃഷിവിജ്ഞാനകേന്ദ്രം പെരുവണ്ണാമുഴി, സുഗന്ധവിള ഗവേഷണ കേന്ദ്രം ചെലവൂർ എന്നിവിടങ്ങളിലും ലഭ്യമാണ്. പച്ചക്കറിത്തൈകളും മറ്റും കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൽ മിനിനഴ്സറികളും അഗ്രോസർവ്വീസ് സെൻററുകൾ വഴി നടത്തുന്ന നഴ്സറികളുമുണ്ട്. കൂടാതെ വി.എഫ്.പി.സി.കെ. യുടെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറികളിലും പച്ചക്കറിതൈകളും ഫലവൃക്ഷത്തൈകളും ലഭ്യമാണ്. ഇവയ്ക്ക് പുറമേ ജില്ലയിൽ ധാരാളം സ്വകാര്യ നഴ്സറികളും പ്രവർത്തിക്കുന്നുണ്ട്. ജൈവവളങ്ങളും രാസവളങ്ങളും സർവ്വീസ് സഹകരണബേങ്കുകളും സ്വകാര്യഡീലർമാരും നടത്തുന്ന ഡിപ്പോകൾ വഴിയാണ് മുഖ്യമായും കർഷകർക്ക് ലഭ്യമാക്കുന്നത്. ജൈവ-ജീവാണുവളങ്ങളും ജൈവ-ജീവാണു കീടനാശിനികളും ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുവാനായി കൃഷിഭവനുകളോടനുബന്ധിച്ചു നടത്തുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലും അഗ്രോസർവ്വീസ് സെന്ററുകളിലും ഇക്കോഷോപ്പുകളിലും സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഗുണമേൻമയുള്ള ക്ഷീരവികസന വകുപ്പിനു കീഴിലുള്ള ക്ഷീരസൊസൈറ്റികൾ വഴി കാലിവളം കർഷകർക്ക് ലഭ്യമാക്കാനും ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾ വഴി കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനും നടപടി സ്വീകരിക്കാവുന്നതാണ്.

സംയോജിതകൃഷി രീതിയിൽ മുൻകാലങ്ങളിൽ ഇടവിളയായി കവുങ്ങ്, കുരുമുളക്, വാഴ, ജാതി, കൊക്കോ തുടങ്ങിയ വൃക്ഷവിളകളും ചേമ്പ്, ചേന, കാച്ചിൽ, മരച്ചീനി തുടങ്ങിയ വാർഷിക വിളകളും കൂടാതെ കാലിവളർത്തലും ഉണ്ടായിരുന്നു. എന്നാൽ കവുങ്ങ്, കുരുമുളക് തുടങ്ങിയവയെല്ലാം രോഗബാധ നിമിത്തം നാശോന്മുഖമാണ്. കാലിസമ്പത്ത് പൊതുവേ കുറഞ്ഞു വരുന്നു. തോട്ടങ്ങളുടെ പുനരുദ്ധാരണങ്ങളിലൂടെയും കന്നുകാലിവളർത്തൽ, ബയോഗ്യാസ്, മണ്ണിര കമ്പോസ്റ്റ് ഉൾപ്പെടെ സമഗ്ര കൃഷിരീതി കൊണ്ടുവരുന്നതിലൂടെയും ഇതിന് പരിഹാരമുണ്ടാകും. ഇതിനായി 3000 ഹെക്ടറിൽ സമ്മിശ്ര കൃഷിക്കുള്ള പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

നെൽകൃഷിയുടെ രംഗത്ത് വയൽ നികത്തൽ മൂലവും ഭൂമി മറ്റാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കപ്പെട്ടതിനാലും കൃഷിയ്ക്ക് ഉപയോഗിക്കുന്ന ഭൂവിസ്തൃതി, ഉൽപാദനം എന്നിവ കുറഞ്ഞുവന്നിരിക്കുന്നു. നെൽകൃഷി ഇപ്പോൾ മുഖ്യമായും കുന്ദമംഗലം, കൊടുവള്ളി, ബാലുശ്ശേരി, പേരാമ്പ്ര, തോടന്നൂർ, മേലടി ബ്ലോക്കുകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ചിലയിടങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുമ്പോൾ മറ്റിടങ്ങളിൽ കൃഷിയ്ക്കാവശ്യമായ ജലം ലഭ്യമാകാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. ആവളപാണ്ടി, അകലാപ്പുഴ, ചെരണ്ടത്തൂർ ചിറ, വേളം, ആയഞ്ചേരി, വെളിയന്നൂർ ചെല്ലി, കൊടിയത്തൂർ പുഞ്ചപ്പാടം, കരുവോട് ചിറ, എന്നിവ ഫലപ്രദമായ ഇടപെടലിലൂടെ നെല്ലറകളായി മാറ്റാൻ സാധിക്കുന്ന പ്രദേശങ്ങളാണ്.

2016-17 വർഷം മുതൽ ലഭ്യമായ സ്ഥലങ്ങൾ എല്ലാം കൃഷിയ്ക്ക് ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ കരനെൽകൃഷി പ്രോത്സാഹനത്തിന് തുടക്കം കുറിച്ചു. ഇതിനായി ഹെക്ടറിന് 13600/ രൂപ വീതം സഹായം നൽകുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകി. അതുപ്രകാരം 2016-17 ൽ ജില്ലയിൽ 473.24 ഹെക്ടറിൽ കരനെൽകൃഷി ചെയ്യുകയും സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനത്ത് എത്തുകയും ചെയ്തു. ഹെക്ടറിന് ശരാശരി 1500 കിലോഗ്രാം പ്രകാരം 708 ടൺ നെല്ല് ഉൽപ്പാദിപ്പിച്ചു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ നേട്ടം. 2017-18 വർഷത്തിൽ 485 ഹെക്ടറിൽ കരനെൽകൃഷി ചെയ്ത് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്താണ് ജില്ല. വരും വർഷങ്ങളിൽ കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിയും.

ആവളപ്പാണ്ടി, ചെരണ്ടത്തൂർ ചിറ, തിരുവള്ളൂർ, കൊടിയത്തൂർ പുഞ്ചപ്പാടം, കരുവോട്ചിറ എന്നിവിടങ്ങളിലെ വർഷങ്ങളായി തരിശായി കിടക്കുന്ന കൃഷിസ്ഥലങ്ങളും ജില്ലയിലെ

മറ്റിടങ്ങളിലുള്ള തരിശുനിലങ്ങളും ഉൾപ്പെടെ 2016-17 ൽ 378.24 ഹെക്ടർ തരിശ് സ്ഥലം കൃഷിക്ക് ഉപയുക്തമാക്കി. 1.11 കോടി രൂപ ആനുകൂല്യമായി കർഷകർക്ക് നൽകിയിട്ടുണ്ട്. തരിശ് കൃഷിയിലും രണ്ടാം സ്ഥാനത്തോടെ മികച്ച നേട്ടം കൈവരിക്കാൻ ജില്ലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ശരാശരി വിളവ് ഹെക്ടറിന് 4000 കിലോഗ്രം വീതം തരിശ് കൃഷിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1512 ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. കടുത്ത വരൾച്ച ഉണ്ടായിട്ടും നെൽകൃഷി വിസ്തൃതിയിൽ വന്ന കുറവ് നികത്തപ്പെട്ടത് തരിശ് കൃഷിയിലൂടെയാണ്.

ജലസേചനം

ജില്ലയിലെ കാർഷിക ജലസേചനത്തിന്റെ വിശദാംശം പട്ടിക 4.1.7 ൽ കൊടുത്തിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ മുഖ്യ വിളയായ തെങ്ങ് കൃഷിയ്ക്ക് കേവലം 1.8% മാത്രമാണ് ജലസേചന സൗകര്യമുളളത്. ജലസേചനം കൊണ്ട് ഉൽപാദനക്ഷമത പരമാവധി വർദ്ധിപ്പിക്കാവുന്ന വിളയാണ് തെങ്ങ് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. വൻകിട ജലസേചന പദ്ധതിയിലൂടെ ഈ കുറവ് പരിഹരിക്കുവാൻ സാധിക്കുന്നതല്ല എങ്കിലും ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ (തടം തുറക്കൽ, പുതയിടൽ, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തൊണ്ടടുക്കൽ, കണിക ജലസേചനം മുതലായവ) അവലംബിച്ചു കൊണ്ട് മഴയെ ആശ്രയിക്കുന്ന തെങ്ങിൻ തോട്ടങ്ങളിലും മികച്ച ഉൽപ്പാദനക്ഷമത കൈവരിക്കാം.

പട്ടിക 4.1.7

ജില്ലയിലെ പ്രധാന വിളകൾക്കുള്ള ജലസേചനം സംബന്ധിച്ച വിവരങ്ങൾ (2016-17)

വിളകൾ	ജലസേചനം ചെയ്യുന്ന വിസ്തീർണ്ണം (ഹെക്ടറിൽ)	ആകെ വിസ്തീർണ്ണം (ഹെക്ടറിൽ)	ശതമാനം
നെൽകൃഷി	556	1987	27.97
പച്ചക്കറികൾ	831	2500	33.24
തെങ്ങ്	2258	119064	1.89
കവുങ്ങ്	256	10261	2.49
ഗ്രാംമ്പു	23	32	71.87
ജാതി	96	383	25.06
ഏത്തവാഴ	1824	1864	97.85
മറ്റുള്ളവ	975	-	-
ആകെ	6819	198389	3.44

(അവലംബം - എക്കണോമിക്സ് &സ്റ്റാറ്റിറ്റിക്സ് ഡിപ്പാർട്ട്മെൻറ്, കേരള)

ജലസേചന സൗകര്യക്കുറവ്

ജില്ലയിലെ ആകെ തെങ്ങ് കൃഷിയുടെ 2% ത്തിൽ കുറവ് മാത്രമേ ജലസേചനം ചെയ്യുന്നുള്ളൂ. ജലസേചനം ചെയ്യുന്ന വിസ്തൃതി 2258 ഹെക്ടർ മാത്രമാണ്. ജലസ്രോതസ്സുകളുടെ കുറവും മേൽ സൂചിപ്പിച്ച മണ്ണ്-ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കാത്തതും ഇതിന് കാരണങ്ങളാണ്. നെൽകൃഷിയിൽ ആകെ വിസ്തൃതിയുടെ 27.97% (556 ഹെക്ടർ) ആണ് ജലസേചിത വിസ്തീർണ്ണം. ഇത് പ്രധാനമായും കുറ്റ്യാടി കനാൽ വഴി പുഞ്ചകൃഷിക്കുള്ള ജലസേചനമാണ്. കനാൽ ചോർച്ച നിമിത്തമുള്ള വെള്ളക്കെട്ടൊഴിവാക്കിയും കൂടുതൽ സ്ഥലത്തേക്ക് കനാൽ ജലം എത്തിച്ചും ലിഫ്റ്റ് ഇറിഗേഷൻ വഴിയും കൂടുതൽ നെൽകൃഷി ചെയ്യാൻ സാധിക്കും.

നേന്ത്രവാഴ, പച്ചക്കറി എന്നീ കൃഷിയുടെ 95% വും ജലസേചിതമാണ്. മറ്റുവിളകൾ ഒന്നും തന്നെ ഗണ്യമായി ജലസേചനത്തെ ആശ്രയിക്കുന്നില്ല. ജലസേചനത്തിലൂടെ ഉൽപാദനവും ഉൽപാദനക്ഷമതയും കൂട്ടാൻ കഴിയുന്ന വിളകളാണ് തെങ്ങ്, കവുങ്ങ്, ജാതി, വാഴ, പച്ചക്കറി മുതലായവ.

തെങ്ങ് കൃഷി ബാലുശ്ശേരി, പേരാമ്പ്ര, കുന്ദമംഗലം, കൊടുവള്ളി, കുന്നുമ്മൽ ബ്ലോക്കുകളിലാണ് കൂടുതലായും കേന്ദ്രീകരിച്ചിരിക്കുന്നത്. മഴയെ ആശ്രയിച്ച് 1,20,161 ഹെക്ടർ സ്ഥലത്തും ജലസേചനത്തെ ആശ്രയിച്ച് 2954 ഹെക്ടർ സ്ഥലത്തും തെങ്ങ് കൃഷി നടക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. 948 മെട്രിക് ടൺ തേങ്ങയാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഉല്പാദനക്ഷമതയാകട്ടെ മഴയെ ആശ്രയിച്ചുള്ള കൃഷിയിൽ 7556 ഉം ജലസേചനത്തെ ആശ്രയിച്ചുള്ളതിൽ 14000 ഉം ആണ്. തെങ്ങ് കൃഷി ചെയ്യുന്നവരെ സംഘടിപ്പിച്ച് കൊണ്ട് നാളികേര വികസന ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന കമ്പനികൾ നിലവിലുണ്ട്. സൊസൈറ്റികൾ, ഫെഡറേഷനുകൾ, കമ്പനി എന്നിവ ഉൾപ്പെടുന്ന ത്രിതല സംവിധാനത്തിലാണ് ഇതിന്റെ പ്രവർത്തനം.

തെങ്ങ് അടിസ്ഥാന വിളയായ പുരയിടകൃഷി സമ്പ്രദായത്തിലും മിശ്രവിളത്തോട്ട രീതിയിലും ഏകവിളയായ തോട്ടങ്ങളിലുമെല്ലാം സമീപകാലത്തുണ്ടായ വരൾച്ച രൂക്ഷമായി ബാധിക്കുകയും ദീർഘകാലാടിസ്ഥാനത്തിലുള്ള നഷ്ടം കർഷക സമൂഹത്തിന് വരുത്തിവെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും നഷ്ടപരിഹാരം ലഭിക്കുന്നത് പൂർണ്ണമായ വിളനാശത്തിന് മാത്രമാണ്. വരൾച്ച നിമിത്തം ദീർഘകാല വിളകൾക്കുണ്ടാകുന്ന ആദായനഷ്ടം കൃത്യമായി കണക്കാക്കാനോ നഷ്ടപരിഹാരം നൽകാനോ കഴിയുന്നില്ല.

തെങ്ങിൻ തോട്ടങ്ങളിൽ വരൾച്ചാ പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനായി 2016-17ൽ എസ്.എച്ച്.എം. പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഇൻസിറ്റു മോയിസ്ചർ കൺസർവ്വേഷൻ എന്ന ഘടകവും More Crop Per Drop എന്ന പേരിൽ കണിക ജലസേചന പദ്ധതിയും നീർത്തടാധിഷ്ഠിത വികസന പദ്ധതിയായ സംയോജിത നീർത്തട പരിപലന പദ്ധതി മുഖേന തെരഞ്ഞെടുത്ത നീർത്തട പ്രദേശങ്ങളിലും, മഴവെള്ള സംഭരണത്തിനും വരൾച്ചയെ ചെറുക്കാനുമുള്ള പദ്ധതികൾ നടപ്പാക്കുന്നുണ്ട്. എങ്കിലും ഇവ ആശാവഹമായ രീതിയിൽ കർഷകർ ഏറ്റെടുക്കാത്തതിനാൽ സംയോജിത നീർത്തടപരിപാലന പദ്ധതിയിലും മറ്റും ഫണ്ടുകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. വരൾച്ചാ പ്രതിരോധ മാർഗ്ഗങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും ഓരോ തുള്ളി മഴവെള്ളവും പാഴായിപ്പോകാതെ സംരക്ഷിക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്.

മലയോര മേഖലയിലെ പ്രധാന വിളയായ റബർ, പേരാമ്പ്ര, ബാലുശ്ശേരി, കുന്ദമംഗലം ബ്ലോക്കുകളിലാണ് കേന്ദ്രകരിച്ചിരിക്കുന്നത്. 21800 ഹെക്ടറിലെ കൃഷിയിൽ നിന്നുള്ള ഉൽപാദനം 24950 ടണ്ണും ഉല്പാദനക്ഷമത ഹെക്ടറിന് 1.04 ടണ്ണുമാണ്.

ജില്ലയുടെ കിഴക്കൻ മേഖലയിൽ ഒരു കാലത്ത് കുടിയേറ്റകർഷകരിലൂടെ കാർഷികരംഗത്ത് ഏറെ മുന്നേറ്റമുണ്ടായി. എന്നാൽ ഈ പ്രദേശങ്ങളിൽ ഇന്ന് കൃഷിയിൽ നിന്ന് ആളുകൾ അകന്നുപോകുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. കൃഷിസ്ഥലം കൈമാറ്റത്തിലൂടെ ഭൂവിനിയോഗത്തിൽ മാറ്റം വന്നിട്ടുണ്ട്. വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗശല്യം ഏറിവരുന്നത് കൃഷിക്ക് ഏറെ ഭീഷണിയാകുന്നുണ്ട്.

MGNREGSൽ 2017 -18 വർഷത്തിൽ രജിസ്റ്റർ ചെയ്ത 465922 തൊഴിലാളികൾ ഉണ്ടെങ്കിലും 139457 പേർ മാത്രമാണ് നിലവിൽ തൊഴിലിൽ ഏർപ്പെടുന്നത്. ഇവർക്കാകട്ടെ വർഷത്തിൽ ശരാശരി 47.25 തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. കാർഷിക മേഖലയിൽ ഫലപ്രദമായ സംയോജിത പദ്ധതികൾ രൂപപ്പെടുന്നതിലൂടെ ഈ തൊഴിൽ ശേഷി പൂർണ്ണമായും ഉപയോഗിക്കാൻ കഴിയും.

ജില്ലയിൽ പ്രവർത്തിക്കുന്ന പ്രധാന കാർഷിക ഗവേഷണ സ്ഥാപനം ചെലവൂരിൽ ഉള്ള ദേശീയ സുഗന്ധവിള ഗവേഷണ കേന്ദ്രമാണ്. ഇവിടെ പ്രധാനമായും സുഗന്ധവിളകളുടെ കൃഷിയുമായി ബന്ധപ്പെട്ട ഗവേഷണത്തിനാണ് ഊന്നൽ നൽകുന്നത്. ഈ സ്ഥാപനത്തിന്റെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തി കൊണ്ട് ജില്ലയുടെ മലയോര പഞ്ചായത്തുകളിൽ കുരുമുളക്, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ കൃഷി കൂടുതൽ വ്യാപിപ്പിക്കാം. കോഴിക്കോട് ജില്ലയിൽ നിലവിൽ കാർഷിക സർവ്വകലാശാലയുടെ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങൾ ഒന്നും തന്നെ ഇല്ല.

കർഷക തൊഴിലാളികളുടെ ദൗർലഭ്യം

ജില്ലയിൽ 64198 കർഷക തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. 8 അഗ്രോസർവ്വീസ് സെൻററുകളും 6 കാർഷിക കർമ്മസേനകളും കാർഷിക തൊഴിലുകൾ ചെയ്യുന്നതിനായി സജ്ജമാക്കിയിട്ടുണ്ട്. നിലവിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽ രജിസ്റ്റർ ചെയ്തതും പണിയെടുക്കുന്നവരുമായ 139457 തൊഴിലാളികളുണ്ട്. ഇതൊക്കെയായാലും നെൽകൃഷി മുതൽ തെങ്ങ് കയറ്റം വരെയുള്ള ജോലികൾക്ക് ഇതര സംസ്ഥാന തൊഴിലാളികളെ കൂടി ആശ്രയിച്ചാണ് ഇപ്പോൾ കാർഷികമേഖല മുന്നോട്ട് പോകുന്നത്.

കാർഷിക മേഖലയിലെ പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങൾ

- ജലസേചന സൗകര്യകുറവ്
- കർഷക തൊഴിലാളികളുടെ ദൗർലഭ്യം
- നല്ലയിനം നടീൽവസ്തുക്കളുടെ അഭാവം, നാടൻ വിത്തിനങ്ങളുടെ ദൗർലഭ്യം
- ജൈവവള ലഭ്യതകുറവ്
- രോഗ കീടശല്യം
- വിപണന സൗകര്യങ്ങളുടെ അഭാവം
- കാർഷിക വിജ്ഞാന വ്യാപനത്തിന്റെ കുറവ് (മണ്ണുപരിശോധന, കീട-കുമിൾ നിയന്ത്രണ പരിശീലനക്കുറവ്)
- വന്യമൃഗശല്യം
- വെള്ളക്കെട്ടും തരിശിടലും
- കാർഷിക രംഗത്തെ ആധുനികവത്കരണം ഇല്ലായ്മ (യന്ത്രവത്കരണം ഇല്ലായ്മ)
- ഭൂവുടമകളുടെകാർഷിക ആഭിമുഖ്യമില്ലായ്മ
- ഉൽപ്പന്നങ്ങളുടെ ശേഖരണത്തിനും മൂല്യവർദ്ധനവിനുമുള്ള സൗകര്യകുറവ്.
- അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത
- കൃഷിക്കാർക്ക് നേരിട്ട് ഉൽപന്നങ്ങൾ വിപണനം നടത്താൻ സാധിക്കാത്തതു കൊണ്ട് ന്യായവില ലഭിക്കാതെ വരുന്നു.
- ഉൽപന്നങ്ങൾ വാഹനങ്ങളിൽ വിപണനത്തിന് എത്തിക്കുന്നതിനാലുള്ള നഷ്ടങ്ങൾ നേരിടുന്നു.
- ഉൽപന്നങ്ങളുടെ വില വിപണിയിൽ നിന്നും യഥാസമയം ലഭിക്കുന്നില്ല.
- തൂക്കത്തിലും വിലയിലും ഉള്ള വ്യത്യാസങ്ങൾ കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

ഫാമുകളിലെ പ്രശ്നങ്ങൾ

- ഫാമിലുള്ള കാട് വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കാൻ പലപ്പോഴും കഴിയുന്നില്ല.
- പ്രായാധിക്യമുള്ള തെങ്ങ്, ഫലവൃക്ഷങ്ങൾ, എന്നിവ വെട്ടി മാറ്റാത്ത അവസ്ഥ
- ഗുണമേൻമയുള്ള ജൈവവളത്തിന്റെ അഭാവം.
- സെയിൽസ് കൗണ്ടറുകളുടെ അഭാവം
- ഫാമുകളുടെ ഭൂമി മുഴുവൻ വേലികെട്ടി ആസ്തികൾ സംരക്ഷിക്കപ്പെടുന്നില്ല.
- മതിയായ ട്രാൻസ്പോർട്ടേഷൻ സൗകര്യങ്ങൾ ഇല്ല

സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം പുതുപ്പാടി & പേരാമ്പ്ര, കോക്കനട്ട് നഴ്സറി

തിക്കോടി, ജില്ലാ ഫാം കൂത്താളി എന്നിവയാണ് ജില്ലയിലെ നാല് സർക്കാർ ഫാമുകൾ. കോക്കനട്ട് നഴ്സറി തിക്കോടി ഒഴിച്ച് മറ്റ് മൂന്നു ഫാമുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന് നിരവധി കാരണങ്ങളുണ്ട്. സ്ഥിരം തൊഴിലാളികളില്ലാത്തത്, ജലസേചന കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് മുതലായവ അവയിൽ ചിലതാണ്. കൂത്താളി ഫാമിൽ നല്ലൊരുഭാഗം മരങ്ങൾ ഇടതൂർന്ന് നിൽക്കുന്നത് കാരണം ഇവിടെ കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് തടസമാകുന്നു. വനം വകുപ്പിന്റെ അനുമതി കിട്ടിയാലേ അത്തരം സ്ഥലങ്ങളിലെ മരം വെട്ടിമാറ്റാനും കൃഷി വ്യാപിപ്പിക്കാനും കഴിയുകയുള്ളൂ. കൂടാതെ വന്യമൃഗശല്യം നിമിത്തവും കൂത്താളി ഫാമിലെ മുഴുവൻ സ്ഥലവും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

വികസന സാധ്യതകൾ

നെൽകൃഷിയിൽ ആവളപാണ്ടി, അകലാപ്പുഴ, ചെരണ്ടത്തൂർ ചിറ, വേളം ആയഞ്ചേരി, വെളിയന്നൂർ ചെല്ലി, കൊടിയത്തൂർ പുഞ്ചപ്പാടം, കരുവോട് ചിറ, എന്നിവ ഫലപ്രദമായ ഇട പെടലിലൂടെ നെല്ലറകളായി മാറ്റാൻ സാധിക്കുന്ന പ്രദേശങ്ങളാണ്. ജില്ലയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും ഒരുപ്പൂ കൃഷി മാത്രം ചെയ്യുന്ന പ്രദേശങ്ങളാണ്. ഇവിടെ ഇരുപ്പൂ നിലങ്ങളാക്കി മാറ്റുകയും കൃഷിയെ ശാസ്ത്രീയമായി സമീപിച്ചും ഉൽപാദനത്തിലും ഉത്പാദനക്ഷമതയിലും വൻ വർദ്ധനവ് സാധ്യമാണ്.

തെങ്ക്കൃഷിയിൽ ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. ശാസ്ത്രീയ പരിപാലന മുറകളും തോട്ടങ്ങളിൽ ബഹുതല സമ്മിശ്രകൃഷിരീതികളും അവലംബിച്ച് വരുമാനവർദ്ധനവ് സാധ്യമാണ്. തെങ്ങ്, കമുക് തോട്ടങ്ങളിൽ ഇടവിളകൃഷിക്ക് ഏറെ സാധ്യതയാണുള്ളത്.

കാർഷിക സംസ്കരണ രംഗത്തും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ രംഗത്തും ജില്ലക്ക് ഏറെ സാധ്യതകളുണ്ട്. ഈ രംഗത്തേക്ക് പുതിയ സംരംഭകർ കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കാനാവണം. ജില്ലയോട് ചേർന്ന് കിടക്കുന്ന കരിപ്പൂർ, കണ്ണൂർ വിമാനത്താവളങ്ങളുടെ സാധ്യതകൾ കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് പ്രയോജനപ്പെടുത്താനാവും. ജില്ലയിൽ ശക്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും പ്രാഥമിക സഹകരണ സംഘങ്ങളും നിലവിലുണ്ട്. ഇതോടൊപ്പം ഉൽപാദക സംഘങ്ങളുടെ ശക്തമായ സാന്നിധ്യവുമുണ്ട്. ഈ സാധ്യതകളെ കാർഷികരംഗത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുകയും ചെയ്യാം.

കൃഷിയും മത്സ്യകൃഷിയും സംയോജിപ്പിച്ചുകൊണ്ടുള്ള കൃഷിസമ്പ്രദായത്തിന് ഏറെ സാധ്യതകളുണ്ട്. ഉൾനാടൻ ജലാശയങ്ങൾ, കുളങ്ങൾ, കാറികൾ എന്നിവയിൽ മത്സ്യകൃഷി നടത്തുകയും അതിൽ നിന്നുള്ള വെള്ളം ജലസേചനത്തിന് പ്രയോജനപ്പെടുത്തുകയും ചെയ്യാം.

ജില്ലയിൽ തെങ്ങ് കഴിഞ്ഞാൽ പ്രധാനപ്പെട്ട വിളയാണ് റബ്ബർ. അതുകൊണ്ടു തന്നെ റബ്ബർ അധിഷ്ഠിതമായ വ്യവസായങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് ഏറെ സാധ്യതകളുണ്ട്. റബ്ബർ മുറിച്ച് മാറ്റുന്ന സ്ഥലങ്ങൾ പൈനാപ്പിൾ, വാഴ, പച്ചക്കറി, പുൽകൃഷി എന്നിവക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

ജില്ലയിൽ പ്രവർത്തിക്കുന്ന പ്രധാന കാർഷിക ഗവേഷണ സ്ഥാപനം ചെലവൂരിൽ ഉള്ള ദേശീയ സുഗന്ധവിള ഗവേഷണ കേന്ദ്രമാണ്. ഇവിടെ പ്രധാനമായും സുഗന്ധവിളകളുടെ കൃഷിയുമായി ബന്ധപ്പെട്ട ഗവേഷണത്തിനാണ് ഊന്നൽ നൽകുന്നത്. ഈ സ്ഥാപനത്തിന്റെ സാധ്യതകൾ കൂടുതലായി പ്രയോജനപ്പെടുത്തികൊണ്ട് കുരുമുളക്, ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ കൃഷി കൂടുതൽ വ്യാപിപ്പിക്കാം.

ജില്ലയിൽ ജലവിഭവരംഗത്ത് പ്രവർത്തിക്കുന്ന CWRDM, കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ അടക്ക സുഗന്ധവിള വികസന കേന്ദ്രം, എൻ.ഐ.ടി, ഐ.ഐ.എം തുടങ്ങിയ സ്ഥാപനങ്ങളുടെ മികവ് കാർഷിക വികസനത്തിന് പ്രയോജനപ്പെടുത്താനാവും.

പ്രകൃതിരമണീയമായ ഒട്ടേറെ പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന കൃഷിയിടങ്ങൾ ജില്ലയിലുടനീളമുണ്ട്. ഇവിടെ ടൂറിസംവകുപ്പിന്റെ സഹായത്തോടെ 'ഉത്തരവാദിത്വ ഫാം ടൂറിസം' പദ്ധതികൾക്ക് ഏറെ സാധ്യതകളുണ്ട്.

സംയോജന സാധ്യതകൾ

കാർഷിക മേഖല സർവ്വതല സ്പർശിയായ

വികസന മേഖലയാണ്. അതു കൊണ്ട് തന്നെ കാർഷിക വികസനത്തിന് വിവിധ മേഖലകളുമായി ഫലപ്രദമായ സംയോജനം ആവശ്യമാണ്. പ്രധാനമായ സംയോജന സാധ്യതകൾ ചുവടെ ചേർക്കുന്നു.

ജലസേചന പദ്ധതി

കാർഷികോൽപാദന വർദ്ധനയ്ക്ക് ആരംഭിച്ച വൻ പദ്ധതിയായ കുറ്റ്യാടി ജലസേചന പദ്ധതി ഒരുപ്പൂ നിലം ഇരുപ്പൂ ആയും നിലവിലെ ഇരുപ്പൂ നിലം മുപ്പൂ ആയും മാറ്റി നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിലേക്ക് ഇത് പൂർണ്ണമായും പ്രയോജനപ്പെട്ടിട്ടില്ല. മണ്ണ്-ജല സംരക്ഷണവും കാർഷിക പ്രവർത്തനങ്ങളും സംയോജിപ്പിച്ച് ഇതിനെ ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഹരിതകേരളം പദ്ധതിയിൽ ഏറ്റവുമധികം പ്രാധാന്യം നല്കുന്ന ജലസുരക്ഷാ പ്രവർത്തനം പ്രാദേശികമായി കാർഷിക-മൃഗപരിപാലന പരിപാടികളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നികൊണ്ടാവണം ഈ പ്രവർത്തനം. തോടുകളിൽ തടയണകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, ചെക്ക് ഡാമുകൾ, വി.സി.ബികൾ തുടങ്ങിയവ നിർമ്മിച്ചു കൊണ്ടുള്ള ജലസേചന പദ്ധതികൾ, ഉപ്പുവെള്ളം തടയാനുള്ള ബണ്ടുകൾ മുതലായവ ജലസേചന വകുപ്പുമായി ചേർന്നു കൊണ്ടു നടപ്പിലാക്കാവുന്നതാണ്. മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കാവുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി

മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കാർഷിക പ്രവർത്തികളുമായി സംയോജിപ്പിക്കാനുള്ള സാധ്യതകൾ കൂടുതൽ ഫലപ്രദമായി നടത്തേണ്ടതുണ്ട്. നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കയ്യാല നിർമ്മാണം, തെങ്ങ് തടം മൂടൽ തുടങ്ങിയ പ്രവൃത്തികളും തൊഴിലുറപ്പുമായി ബന്ധപ്പെടുത്തി ചെയ്യാവുന്നതാണ്.

ക്ഷീരവികസനം - മൃഗസംരക്ഷണം

കാലിത്തീറ്റ, തീറ്റപ്പുല്ല്, സംപുഷ്ടീകരിച്ച കാലിവളം, മറ്റു ജൈവവളങ്ങൾ എന്നിവ കൃഷി - മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളുമായി സംയോജിപ്പിക്കുക. ഇവ പ്രാദേശികമായി ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ തലത്തിൽ നടത്താവുന്നതാണ്.

ക്ഷീരവികസന വകുപ്പ്

ശുദ്ധമായ കാലിവളം, സംപുഷ്ടമാക്കിയ കാലിവളം എന്നിവ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പ്രോജക്ടുകളിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.

സംപുഷ്ടമാക്കിയ കാലിവളം കൃഷിവകുപ്പിന്റെ ഇക്കോഷോപ്പുകൾ വഴി വിതരണം ചെയ്യുക.

ഗോമൂത്ര എമൽഷൻ, പഞ്ചഗവ്യം തുടങ്ങിയ ഉൽപ്പന്നങ്ങൾ ക്ഷീരസൊസൈറ്റി വഴി വാങ്ങുന്ന ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ടിൽ ധനസഹായം നൽകുക.

സംയോജിത കൃഷി രീതി മാതൃകകൾ (ഇൻറഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം മോഡൽസ്) വിവിധ വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സംയോജനത്തിലൂടെ നടപ്പാക്കുക.

പാൽസൊസൈറ്റികളുടെ പാലുൽപ്പന്നങ്ങളും കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുട്ടകളും കൃഷിവകുപ്പിന്റെ ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുക.

മണ്ണ് സംരക്ഷണവും മണ്ണ് പര്യവേക്ഷണവും

വിവിധങ്ങളായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, മണ്ണ് പര്യവേക്ഷണം, മണ്ണ് പരിശോധന എന്നീ ബന്ധപ്പെട്ട വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങളെ കൃഷി വകുപ്പുമായി ഏകോപിപ്പിക്കേണ്ടതാണ്.

വ്യവസായം

കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പുമായി സംയോജിപ്പിക്കേണ്ടതാണ്. പാഴായി പോകുന്ന ചക്ക, മാങ്ങ, പറങ്കിമാങ്ങ, വാഴയുടെ വിവിധ ഭാഗങ്ങൾ, തേങ്ങ തുടങ്ങിയവ സംസ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഇപ്രകാരം ഏകോപിപ്പിക്കാവുന്നതാണ്.

ഹരിതകേരള മിഷനുമായി സംയോജനം

കാർഷിക മേഖലയിൽ പ്രത്യേകിച്ചും ഉത്പാദന മേഖലയിൽ പൊതുവിലും മുന്നേറ്റം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഹരിതകേരള മിഷനിലെ 3 ഉപമിഷനുകളും കാർഷിക മേഖലയുമായി സംയോജിപ്പിക്കാം. 1. ജൈവകൃഷി 2. ജലസുരക്ഷ 3. മാലിന്യനിർമ്മാർജ്ജനം.

ഹരിതകേരള മിഷൻ ലക്ഷ്യമിടുന്ന മാലിന്യനിർമാർജ്ജനം പദ്ധതിയുടെ ഭാഗമായി ജൈവ അവശിഷ്ടങ്ങൾ ഉപയോഗിച്ച് മണ്ണിര കമ്പോസ്റ്റ്, സാധാരണ കമ്പോസ്റ്റ്, തുമ്പൂർമുഴി കമ്പോസ്റ്റ് എന്നിവ ഉൽപാദിപ്പിച്ചുകൊണ്ട് മാലിന്യനിർമ്മാർജ്ജനവും ജൈവവള നിർമ്മാണവും സംയോജിപ്പിക്കാം.

പരിപ്രേക്ഷ്യം

ജില്ലയിൽ കൃഷിയെയും അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങളെയും മറ്റു വികസനത്തുറകളിലെ പ്രവർത്തനങ്ങളെയും സാധ്യമായ തലങ്ങളിലെല്ലാം സംയോജിപ്പിച്ചു കൊണ്ടും ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ച് ക്രമാനുഗതമായി ജനങ്ങൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കിക്കൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തിലൂന്നിയാണ് കാർഷിക മേഖലയെ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്. ആയതിന് താഴെ പറയും പ്രകാരമുള്ള നയസമീപനവും കാഴ്ചപ്പാടുമാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. തരിശ് കുറക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സമീപനം ഫലപ്രദമായി ഉപയോഗപ്പെടുത്തിയും സബ്സിഡി മാനദണ്ഡങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും കൃഷിയോഗ്യമായ തരിശുഭൂമി 2862 ഹെക്ടറിൽ നിന്ന് 5 വർഷം കൊണ്ട് 1500 ഹെക്ടറായും തന്നാണ്ട് തരിശ് 1938 ഹെക്ടറിൽ നിന്ന് 1000 ഹെക്ടറായും കുറയ്ക്കുക. ഇത് തരിശ് രഹിത കോഴിക്കോട് എന്ന ലക്ഷ്യം കൈവരിക്കാൻ ഉപകരിക്കും.
2. ശാസ്ത്രീയമായ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചും കാര്യക്ഷമമായ ജലസേചന മാർഗ്ഗങ്ങൾ ഉപയോഗിച്ചും നാളികേരത്തിന്റെ ഉൽപ്പാദനം തെങ്ങൊന്നിന് 40ൽ നിന്ന് 5 വർഷം കൊണ്ട് 60 ആയി ഉയർത്തുക.
3. കുറ്റ്യാടി ജലസേചന പദ്ധതി നവീകരിച്ചും, നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെയും, കൂടുതൽ ജലസേചന സാധ്യതകൾ ഉപയോഗിച്ചും നെല്ല് കൃഷിയുടെ ഒന്നാം വിള വിസ്തൃതി 58 ഹെക്ടറിൽ നിന്ന് 100 ഹെക്ടറിലേക്കും മൂന്നാം വിള വിസ്തൃതി 432 ഹെക്ടറിൽ നിന്ന് 1000 ഹെക്ടറായും ഉയർത്തൽ.
4. ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് സഹകരണ സംഘങ്ങൾ, കുടുംബശ്രീ, മറ്റ് സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ പച്ചക്കറി ഉൽപ്പാദനം 35000 ടണ്ണിൽ നിന്നും ഒരു ലക്ഷം ടണ്ണായി വർദ്ധിപ്പിക്കൽ.
5. നിലവിലുള്ള സൌകര്യങ്ങളുടെ പ്രയോജന ക്ഷമത വർദ്ധിപ്പിച്ചും പുതിയ സൌകര്യങ്ങൾ നടപ്പിലാക്കിയും തെങ്ങ്, കവുങ്ങ് എന്നിവയുടെ ജലസേചിത വിസ്തൃതി 2500 ഹെക്ടറിൽ നിന്ന് 10000 ഹെക്ടറായി ഉയർത്തൽ.
6. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഘടകങ്ങളെ കൃഷിയിലേയും അനുബന്ധ മേഖലകളിലെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി അതുവഴി ഭാവിയിൽ ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ, കാർഷിക ഉൽപാദനം, സംഭരണം, വിപണനം എന്നിവ പരസ്പര ബന്ധിതമായി നടപ്പാക്കൽ.
7. കാർഷിക അനുബന്ധ മേഖലകളിലെ തൊഴിൽ സാധ്യതകൾ വൻതോതിൽ വർദ്ധിപ്പിക്കുവാൻ മേൽപ്പറഞ്ഞ പ്രവർത്തനത്തിന്റെ ഭാഗമായി സാധ്യമാകണം.
8. ജില്ലയിലെ നെൽകൃഷിയുടെ വിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കാനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താൻ കഴിയണം. ഇപ്പോഴുള്ള നെൽകൃഷി (2015-16) 2872 ഹെക്ടറിൽ നിന്നും 4600 ഹെക്ടറായി ഉയർത്തുക എന്നതാണ് ലക്ഷ്യമിടുന്നത്.
9. ഇതിനായി നെൽകൃഷി ചെയ്യാവുന്ന തരിശു ഭൂമി ആവളപ്പാണ്ടി, കരുവോട് ചിറ, ചെരണ്ടത്തൂർ ചിറ, വെളിയന്നൂർ ചെല്ലി തുടങ്ങിയ വലുതും ചെറുതുമായ പാടശേഖരങ്ങളിൽ ആവശ്യമായ പശ്ചാത്തല സൌകര്യമൊരുക്കി കൃഷിയോഗ്യമാക്കുക.

10. പരമ്പരാഗത നെല്ലിനങ്ങളെ സംരക്ഷിക്കാനും വ്യാപിപ്പിക്കാനുമുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

11. കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രാദേശിക പദ്ധതികളും നാളികേര ക്ലസ്റ്റർ പോലുള്ള കർഷക കൂട്ടായ്മകളും ഏകോപ്പിപ്പിച്ച് ഇതിനുള്ള പരിപാടി തയ്യാറാക്കണം.

12. തെങ്ങിന്റെയും നാളികേരത്തിന്റെയും മൂല്യ വർദ്ധിത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അതിന്റെ സാമ്പത്തിക നേട്ടം കർഷകർക്ക് ലഭ്യമാക്കാനുള്ള പരിപാടികളാവിഷ്കരിക്കണം.

13. തെങ്ങിൻ തോപ്പുകളിൽ ഇടവിളകൃഷി വ്യാപനത്തിനുള്ള പരിപാടികൾ ആവിഷ്കരിക്കുക. ചേന, ചേമ്പ്, കാച്ചിൽ, വാഴ, മരച്ചീനി തുടങ്ങിയവയുടെ ഉത്പാദനം ഇതിന്റെ ഭാഗമായി ഹരിതകേരളമിഷനുമായി സംയോജിപ്പിച്ച് പ്രോത്സാഹിപ്പിക്കും.

14. വിഷരഹിത പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ.

15. കവുങ്ങ് കൃഷിയുടെ രോഗബാധ തടഞ്ഞ് അടക്ക ഉൽപാദനം വർദ്ധിപ്പിച്ച് കർഷകർക്ക് അധിക വരുമാനം ഉണ്ടാക്കാൻ പരിപാടി തയ്യാറാക്കൽ.

16. ഗവേഷണ സ്ഥാപനമായ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ കുരുമുളക്, ഇഞ്ചി, ഗ്രാമ്പൂ, മഞ്ഞൾ, ഏലം തുടങ്ങിയ സുഗന്ധവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കൽ.

മേൽത്തട്ടുനിർദ്ദേശങ്ങൾ

1. മൂന്നാം വിള നെൽകൃഷിക്ക് സഹായകരമായ രീതിയിൽ കുറ്റ്യാടി കനാലിന്റെ ചോർച്ച തടഞ്ഞ് ജലസേചന പദ്ധതിയുടെ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനുള്ള നടപടികൾ. ജലം ഒഴുകാത്ത വിതരണ കനാലുകളെ പ്രവർത്തനക്ഷമമാക്കണം. ഇത് വെള്ളം ലഭിക്കാതെയുള്ള പ്രദേശങ്ങളിൽ നെൽകൃഷിയ്ക്കും മറ്റ് കാർഷിക വിളകൾക്കും സഹായകമാകും.

2. കാർഷിക മേഖലയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ കൃഷി ഭൂമി കൂടുതലുള്ള കർഷകർക്ക് മുൻഗണന ലഭിക്കത്തക്ക രീതിയിൽ മുൻഗണനാമാനദണ്ഡം പരിഷ്കരിക്കണം.

3. കേന്ദ്രാവിഷ്കൃത പദ്ധതികളായ കണിക ജലസേചന പദ്ധതിയും ബയോഗ്യാസ് പദ്ധതിയും നിലവിൽ നൽകുന്ന സബ്സിഡി, യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനമെങ്കിലും ലഭ്യമാക്കണം.

4. കേരള കാർഷിക സർവ്വകലാശാലയുടെ സബ് സെന്റർ വേങ്ങേരി മാർക്കറ്റിൽ ആരംഭിച്ച് കാർഷിക ഗവേഷണങ്ങൾ നടത്തുവാനുള്ള നടപടി സ്വീകരിക്കണം. ജില്ലയിലെ കൃഷി അനുബന്ധ വകുപ്പുകളുടെ ഉൽപന്നങ്ങൾക്ക് കൂടി ഇവിടെ വിപണന സൗകര്യം ഒരുക്കണം.

5. തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക മേഖലയിലെ എല്ലാതരം പ്രവൃത്തികളും നടത്താവുന്ന രീതിയിൽ പദ്ധതി പ്രയോജനപ്പെടുത്തണം.

6. തെങ്ങ്കയറ്റ തൊഴിലാളികൾക്ക് ഇൻഷൂറൻസ് പരിരക്ഷ നൽകുന്നതിന് ഉതകുന്ന രീതിയിൽ ജനകീയാസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കണം.

7. നടീൽ വസ്തുക്കളുടെ ശേഖരണം, ഉൽപാദനം, ഉൽപാദനക്ഷമത, ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ഫലപ്രദമാക്കുന്നതിന് ജില്ലയിലെ കർഷകരെ മുഴുവനായും ഉൾപ്പെടുത്തി സംഘങ്ങൾ രൂപീകരിച്ച് കെട്ടുറപ്പുള്ള ശൃംഖല രൂപപ്പെടുത്തണം. 25 ഹെക്ടർ മുതൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ളതും കൃത്യമായ അതിരുകൾ ഉള്ളതുമായ ഒരു പ്രദേശത്തെ കർഷകരെ ഒരുമിച്ച് ക്ലസ്റ്ററുകൾ രൂപീകരിക്കുക. ഇവയിൽ നിന്നും തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിലും ബ്ലോക്ക്തലത്തിലും ജില്ലാതലത്തിലും ഏകോപന സമിതികൾ രൂപീകരിക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ത്രിതല പഞ്ചായത്തുകൾ നിലവിലുള്ള നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ പരിഷ്ക്കരിച്ചതിനു ശേഷം കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

2. ജില്ലയിലെ മുഖ്യകൃഷിയായ നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജലസേചന സൌകര്യങ്ങൾ

മെച്ചപ്പെടുത്തേണ്ടതുണ്ട്. വൻകിട ജലസേചന പദ്ധതികൾക്ക് ഇനി പ്രസക്തിയില്ലാത്തതിനാൽ പെയ്തു വീഴുന്ന മഴവെള്ളം വിവിധ ജല സുരക്ഷാ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൃഷി ഭൂമിയിൽ സംരക്ഷിക്കുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ നടപ്പിലാക്കുക.

3. ബ്ലോക്ക് തലത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ കാർഷിക യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റുന്നതും പകരം തൈകൾ വെച്ചുപിടിപ്പിക്കുന്നതും ഗ്രൂപ്പ് പ്രകിയയായി നടപ്പിലാക്കണം. കേരസമിതി, കൃഷിഭവൻ, തദ്ദേശഭരണ സ്ഥാപനം എന്നിവയുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം സാധ്യമാക്കണം.

5. ജില്ലയിലെ നെൽപ്പാടങ്ങളിൽ 80 ശതമാനവും ഒരു വിള മാത്രം കൃഷി നടത്തുന്ന പാടങ്ങളാണ്. ഇവിടെ മൂന്നാം വിള സീസണിൽ എള്ള്, ചെറുപയർ, ഉഴുന്ന്, മുതിര പോലുള്ള വിള കൂടുതൽ ലഭിക്കുന്നതും കൂടുതൽക്കാലം സംഭരിച്ചു വെക്കാൻ കഴിയുന്നതുമായ വിളകൾ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക.

6. കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ഗുഡ് അഗ്രിക്കൾച്ചർ പ്രാക്ടീസ് (ജി.എ.പി) പദ്ധതിയുടെ ഭാഗമായി സേഫ് റ്റു ഈറ്റ് എന്ന ബ്രാന്റിൽ ജൈവകാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഇക്കോ ഷോപ്പുകൾ എല്ലാ പ്രധാന കാർഷിക കേന്ദ്രങ്ങളിലും ആരംഭിക്കാവുന്നതാണ്.

7. കാർഷിക ഉൽപ്പന്നങ്ങൾ പ്രാദേശികമായി സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉൽപ്പനങ്ങളായി മാറ്റുന്നതിനുള്ള കേന്ദ്രങ്ങൾ പ്രധാന കാർഷിക മേഖലകളിൽ ആരംഭിക്കുക.

8. ക്ലസ്റ്ററുകൾക്ക് പ്രൊഡക്ഷൻ പ്ലാൻ തയ്യാറാക്കി ഉൽപാദനവും ഉൽപാദനക്ഷമതയും കൂട്ടാനുള്ള പദ്ധതികളും, വിള തീവ്രത കൂട്ടാനുള്ളവയും, മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളും, രോഗ കീടബാധ തടയലും, തൊഴിൽ സേനകൾ ഉൽപ്പന്ന ശേഖരണം, സംസ്ക്കരണം, മാർക്കറ്റിംഗ് എന്നിവയെല്ലാം ചെയ്യാവുന്ന തരത്തിൽ വേണം പദ്ധതികൾ.

9. കൃഷിയോജ്യമായ തരിശു ഭൂമിയുടെ വിശദാംശങ്ങൾ ബ്ലോക്ക്തലത്തിലും മറ്റ് തദ്ദേശഭരണ സ്ഥാപന തലത്തിലും ലഭ്യമാണ്. ഇത്തരം സ്ഥലങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്.

10. കർഷകരുടെ അഭിവൃദ്ധിക്കും വിളകളുടെ ഉൽപാദനം, ഉൽപാദനക്ഷമത കൂട്ടുന്ന പ്രവർത്തനങ്ങൾ, രോഗബാധ തടയൽ, മണ്ണ്-ജല സംരക്ഷണം, ഉൽപ്പന്നങ്ങളുടെ ശേഖരണം, സംസ്ക്കരണം, വിപണനം തുടങ്ങിയ കർഷകർക്കാവശ്യമായ മുഴുവൻ കാര്യങ്ങളും കൂട്ടായി ചെയ്യുന്നതിനും ഒരു സുസ്ഥിര സംവിധാനം രൂപീകരിക്കുക.

11. ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കുന്നതിനും, ഇരുപ്പൂ നിലങ്ങൾ മുപ്പൂ നിലങ്ങളാക്കുന്നതിനും സമഗ്രമാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

12. സമ്മിശ്രകൃഷിയ്ക്ക് പ്രോത്സാഹനം നൽകുക. ഇതിലൂടെ വിവിധ കാർഷിക വിളകൾ, കന്നുകാലികൾ, കോഴി, മത്സ്യം എന്നിവയെല്ലാം കൃഷി ചെയ്യുക ബയോഗ്യാസ് പ്ലാൻറ്, മണ്ണിര കമ്പോസ്റ്റ്, വിവിധ കമ്പോസ്റ്റിംഗ് രിതികൾ എന്നിവയ്ക്ക് പ്രോൽസാഹനം നൽകുക.

13. ജില്ലയിലെ നാല് ഫാമുകളും മാതൃകാ കൃഷി ഫാമുകളാക്കി വികസിപ്പിക്കുക, ജില്ലയിൽ വേണ്ട മുഴുവൻ നടീൽവസ്തുക്കളും ശാസ്ത്രീയമായി ഉല്പാദിപ്പിക്കുക, ആധുനിക കൃഷി രീതിയിലും യന്ത്രവൽക്കരണത്തിലും പരിശീലനം നൽകുക.

14. കർഷകതൊഴിലാളികളുടെ നൈപുണ്യവികസനത്തിന് പരിപാടികൾ ആവിഷ്കരിക്കുക.

15. കൃഷിഫാമുകളെ വികസിപ്പിച്ച് ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുക.

16. മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിൽക്കുന്നതിന് നഗരപ്രദേശങ്ങളിൽ കർഷകരുടെ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുക.

17. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ഹരിതകേരളമിഷനുമായി സംയോജിപ്പിച്ച് കൊണ്ട് നടപ്പിലാക്കണം.

18. ബയോഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

19. തോടുകളുടെയും പുഴകളുടെയും വശങ്ങൾ പരിസ്ഥിതി സൌഹൃദ രീതികളിലൂടെ സംരക്ഷിക്കുക.

20. കോഴിക്കോട് ജില്ലയിലെ 5 നാളികേര ഉത്പാദനകമ്പനികളുടെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ, കർഷക സ്വാശ്രയ ക്ലസ്റ്ററുകൾ വഴി എത്തിച്ച് കൊടുക്കുന്നതിനും മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിനും പിൻബലം നൽകുന്ന പദ്ധതികൾ വേണം.

21. മലയോരമേഖലകളിൽ സുഗന്ധവിളകൃഷിക്ക് ധനസഹായം നൽകി പ്രോത്സാഹിപ്പിക്കണം.

22. മലയോരമേഖലകളിലെ വന്യമൃഗശല്യം - പ്രത്യേകിച്ചും കുരങ്ങ്, മുള്ളൻ പന്നി എന്നിവയെ - തടയുന്നതിനുള്ള നടപടികൾ വനം വകുപ്പുമായി ചേർന്ന് നടപ്പിലാക്കണം.

നൂതന ആശയങ്ങൾ

കർഷകരുടെ സ്വാശ്രയ ക്ലസ്റ്ററുകളിലൂടെ സംഭരിക്കപ്പെടുന്ന എല്ലാ കാർഷിക ഉത്പന്നങ്ങൾക്കും ഉത്പാദന ബോണസ് ലഭ്യമാക്കുക. ഇങ്ങനെ സംഭരിക്കപ്പെടുന്ന എല്ലാ കാർഷിക ഉത്പന്നങ്ങളും സംസ്കരണ വിപണന ശൃംഖലയുമായി സംയോജിപ്പിക്കുക.

ജലസേചനം

അതിവർഷത്തെയോ, കടുത്ത വരൾച്ചയെയോ നേരിടുന്നതിന് ഫലപ്രദമായ ഒരു ജലസേചന സംവിധാനം നമുക്കുണ്ട് എന്ന് അവകാശപ്പെടാൻ കഴിയില്ല. ഇക്കാരണത്താൽ അതിവർഷമോ, കടുത്ത വരൾച്ചയോ നേരിടുന്ന അവസരങ്ങളിൽ കാർഷിക മേഖലയുടെ സമയബന്ധിതമായ ആവശ്യങ്ങൾ നേടാൻ നമുക്ക് കഴിഞ്ഞതുമില്ല. മൺസൂൺ കാലത്ത് ധാരാളം ലഭിക്കുന്ന മഴവെള്ളം സംഭരിച്ച് പിന്നീട് കൃഷി ആവശ്യത്തിനുപയോഗിക്കുന്നത് ഉൽപാദനത്തിലും കൃഷിയുടെ രീതിയിലും ഉണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള വിവിധങ്ങളായ നടപടികൾ സമീപകാലത്ത് കൈക്കൊണ്ടുവരുന്നുണ്ട്.

നമ്മുടെ സംസ്ഥാനത്ത് ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള കാലവർഷക്കാലത്തും ഒക്ടോബർ, നവംബർ മാസങ്ങളിലെ തുലാവർഷക്കാലത്തുമായി വാർഷിക മഴയുടെ 90 ശതമാനത്തോളം ലഭിക്കുന്നു. ഡിസംബർ മുതൽ മേയ് വരെ വരണ്ട കാലാവസ്ഥയാണ്. ഈ കാലത്ത് വളരെ കുറച്ചാണെങ്കിലും വേനൽ മഴയും ലഭിക്കുന്നു. പക്ഷേ നമ്മുടെ ഭൂപ്രകൃതിയുടെ പ്രത്യേകത കാരണം മൺസൂൺ കാലത്ത് ലഭിക്കുന്ന മഴ മുഴുവൻ 48 മണിക്കൂറിനുളളിൽ കടലിൽ പതിക്കുകയാണ് ചെയ്യുന്നത്. ഈ ദുരവസ്ഥ മാറ്റി കൃഷി വിജയകരമാക്കുന്നതിന് ജലസേചന സംവിധാനങ്ങൾ കേരളത്തിന് എത്രത്തോളം ആവശ്യമാണെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

ജലസേചനത്തിനായി വെളളം സംഭരിക്കുന്നതിന് പല മാർഗ്ഗങ്ങളും നിലവിലുണ്ടെങ്കിലും കേരളത്തിന് ഏറ്റവും അനുയോജ്യം മൺസൂൺ കാലത്ത് കിട്ടുന്ന മഴവെളളം ശേഖരിക്കുന്നതിന് ആവശ്യമായ ജലസംഭരണികൾ സൃഷ്ടിക്കുകയും, അവയിലെ വെളളം ആവശ്യമായ സമയത്ത് കൃഷിക്ക് വിട്ടുകൊടുക്കുകയുമാണ്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതി ഇതിന് ഒരുദാഹരണമാണ്. ജലസേചനക്ഷമത വർദ്ധിപ്പിക്കുന്നതിന് പുതിയ ചെറുകിട ജലസേചന പദ്ധതികൾ കണ്ടുപിടിച്ച് നടപ്പാക്കേണ്ടത് ആവശ്യമാണ്. നദികളിലും തോടുകളിലും അനുയോജ്യമായ സ്ഥലങ്ങളിൽ ഗതാഗത സൗകര്യ വർദ്ധനകൂടി പരിഗണിച്ച് പാലത്തോടു കൂടിയ റഗുലേറ്ററുകൾ നിർമ്മിച്ച് ആവശ്യാനുസരണം ജലസേചന സൗകര്യം സൃഷ്ടിക്കാവുന്നതാണ്.

നിലവിലെ ജലലഭ്യത

കോഴിക്കോട് ജില്ലയിലെ വിവിധ പദ്ധതികളിലൂടെയുള്ള ജലലഭ്യത പട്ടിക 4.1.8 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.1.8

ജില്ലയിലെ ജലസംഭരണം സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ജലസ്രോതസ്സ്	ജല ലഭ്യത
1	കുറ്റ്യാടി ജലസംഭരണിയിലെ സംഭരണം	120 .50 Mm3
2	ബാണാസുരഡാമിൽ നിന്നുള്ള നീരൊഴുക്ക് (ഒരുദിവസം)	1 Mm3
3	മൈനർ ഇറിഗേഷൻ പദ്ധതികൾ	50.36 Mm3

അവലംബം: ഇറിഗേഷൻ വകുപ്പ്, കോഴിക്കോട്

പട്ടിക 4.1.9

ജില്ലയിലെ ജലസേചന നിർമ്മിതികൾ - ഇനം/പരിപാലനം

ഇനം	വാർഷികപരിപാലനം		ആകെ
	വകുപ്പ്നേരിട്ട്	ഗ്രാമപഞ്ചായത്ത്/ ഗുണഭോക്തൃസമിതി മുഖേന	
ശുദ്ധജലം	2	275	277
ഉപ്പുവെള്ളപ്രതിരോധം	14	168	182
ആകെ	**16**	**443**	**459**

അവലംബം ഇറിഗേഷൻ വകുപ്പ്,, കോഴിക്കോട്

ജില്ലയിൽ ലഭിക്കുന്ന മഴ

തെക്കുപടിഞ്ഞാറൻ കാലവർഷം ജൂൺ ആദ്യ ആഴ്ച തുടങ്ങി സെപ്റ്റംബർ വരെ നീണ്ടുനിൽക്കും. തുലാവർഷം ഒക്ടോബർ, നവംബർ മാസങ്ങളിലാണ് അനുഭവപ്പെടുക. ഇതിൽ കാലവർഷക്കാലത്തെ മഴവെള്ളം ജില്ലയിൽ വേണ്ടത്ര ശേഖരിക്കപ്പെടുന്നില്ല. തുലാവർഷക്കാലത്തെ മഴവെള്ളം മൈനർ ഇറിഗേഷൻ നിർമ്മിച്ചിട്ടുള്ള നിർമ്മിതികളിൽ ഏറെക്കുറെ ശേഖരിക്കപ്പെടുന്നുണ്ട്.

ജില്ലയിൽ 2012 മുതൽ 2016 വരെ തുലാവർഷക്കാലത്ത് ലഭിച്ച മഴയുടെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 4.1.10

തുലാവർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ (2012-16)

വർഷം	ഒക്ടോബർ മാസത്തെ മഴ മി.മി	ശരാശരിയിൽ നിന്നുള്ള വ്യത്യാസം	നവംബർ മാസത്തെ മഴ മി.മി	ശരാശരിയിൽ നിന്നുള്ള വ്യത്യാസം
2012	214.3	-18	159.8	23
2013	269	3	96.6	-26
2014	331.6	27	105.6	-19
2015	351.3	34	199.3	53
2016	42.5	-84	8.9	-93

അവലംബം: ഇന്ത്യൻമറ്റിരിയോളജിക്കൽഡിപ്പാർട്ട്മെന്റ്

ജില്ലയിലെ നീരൊഴുക്ക്

കോഴിക്കോട് ജില്ലയിൽ 6 പ്രധാനപുഴകളാണ് കുറ്റ്യാടിപ്പുഴ, മാഹിപ്പുഴ, കോരപ്പുഴ, കല്ലായിപ്പുഴ, ചാലിയാർപ്പുഴ, കടലുണ്ടിപ്പുഴ എന്നിവ. മൊത്തം വാർഷിക നീരൊഴുക്കിന്റെ 60 ശതമാനം ഉപയോഗിക്കാനാവുന്ന വിഭവശേഷിയായി കണക്കാക്കാവുന്നതാണ്.

പട്ടിക 4.1.11

ജില്ലയിലെ പുഴകളിലെ നീരൊഴുക്കിന്റെ വിശദമായ വിവരങ്ങൾ

ക്രമ നം	റിവർ ബേസിൻ	റിവർ ഗേജിംഗ് സ്റ്റേഷൻ	കാച്ച്മെന്റ് ഏരിയ (Sq km).
1	മാഹി	വാണിമേൽ	131.08
2	കുറ്റ്യാടി	കടന്താരപുഴ	33.60
3	കുറ്റ്യാടി	കടിയങ്ങാട്	77.87
4	കുറ്റ്യാടി	കുറ്റ്യാടി	238
5	കോരപ്പുഴ	കൊല്ലിക്കൽ	34.82
6	കോരപ്പുഴ	കുന്ദമംഗലം	146.97
7	ചാലിയാർ	കൂടത്തായി	117.00
8	ചാലിയാർ	മുക്കം	206.25

പട്ടിക 4.1.12

ജില്ലയിലെ ജലസംഭരണികളിലെ നീരൊഴുക്ക് സംബന്ധിച്ച വിവരങ്ങൾ

കാലക്രമം	നീരൊഴുക്ക്
ജൂൺ - നവംബർ	3450.59 Mm3
ഡിസംബർ- മേയ്	272.2 Mm3
ആകെ വാർഷിക നീരൊഴുക്ക്	3722.79 Mm3

അവലംബം- CWRDM Kozhikode

മേൽപ്പട്ടിക വ്യക്തമാക്കുന്നത് ജില്ലയിലെ നീരൊഴുക്കിന്റെ 93 ശതമാനവും ജൂൺ മുതലുള്ള 6 മാസക്കാലയളവിലാണ് ലഭിക്കുന്നത്. ഇതിനെ ആശ്രയിച്ച് ബാക്കിയുള്ള 6 മാസങ്ങളിലെ ജില്ലയിലെ ജല ആവശ്യകത നിറവേറ്റേണ്ടി വരുന്നു. ഇത് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു.

വിവിധ മൈനർ ഇറിഗേഷൻ പദ്ധതികൾ വഴി ജില്ലയിൽ ഏകദേശം 50.35 mm^3 ജലവും ഇപ്പോൾ സംഭരിക്കുന്നു.

പട്ടിക4.1.13

ചെറുകിട ജലസേചന നിർമ്മിതികളിലെ ജലസംഭരണം വിവരങ്ങൾ

ക്രമ നം	ഇനം	നീരൊഴുക്ക്
1	കുളങ്ങൾ	0.38
2	ചെക്ക്ഡാം	22.32
3	വിസിബി	25.70
4	ലിഫ്റ്റ് ഇറിഗേഷൻ	1.95
	ആകെ	**50.35 mm^3**

അവലംബം മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട്

ജലസംഭരണ പ്രവർത്തനങ്ങൾ

ജില്ലയിൽ വിവിധ നദികൾക്കും തോടുകൾക്കും കുറുകെയുള്ള അഞ്ഞൂറോളം ജലസംരക്ഷണ നിർമ്മിതികൾ നിലവിലുണ്ട്. തീര പ്രദേശങ്ങളിലെ നിർമ്മിതികൾ അധികവും ഉപ്പുവെള്ള പ്രതിരോധത്തിനുള്ളവയാണ്.

ജില്ലയിൽ നടത്തിയ ഫീൽഡ് സർവേയിൽ ലഭ്യമായ കണക്കനുസരിച്ച് ആകെ 459 നിർമ്മിതികളിൽ 363 ഉം ഉപയോഗശൂന്യമായ അവസ്ഥയിലാണുള്ളത്. പ്രധാനമായും ഇവയുടെ വെന്റുകൾ അടയ്ക്കാനുപയോഗിക്കുന്ന മരപ്പലകകൾ നഷ്ടപ്പെടുന്നതിനാലാണ് ഇവ ഉപയോഗശൂന്യമായി കിടക്കുന്നത്. കുളങ്ങളോടൊപ്പം ഇവയെല്ലാം അറ്റകുറ്റപ്പണികൾ നടത്തി പരിപാലിക്കുകയാണെങ്കിൽ 50.365 mm^3 വെള്ളം സംഭരിക്കുവാൻ കഴിയും. ഈ നിർമ്മിതികളുടെ പുനരുദ്ധാരണം പൂർണ്ണമായി നടത്തിയാൽ ജലസേചനത്തിനും കുടിവെള്ളത്തിനും ആവശ്യമായ വെള്ളത്തിന്റെ ക്ഷാമം വളരെയധികം കുറയ്ക്കാൻ സാധിക്കും.

പട്ടിക4.1.14

ജലസംഭരണത്തിന് നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ

പദ്ധതിയുടെപേര്	ഇപ്പോഴത്തെ അവസ്ഥ	സംഭരിക്കാവുന്നജലം mm^3
ചിറ്റാരിക്കടവ്	നടന്നുവരുന്നു	1.1
പെരിഞ്ചേരിക്കടവ്	ഭരണാനുമതിലഭിച്ചു	4.5
ചുള്ളിക്കാട്ടുകടവ്	പര്യവേക്ഷണം	0.3
മണ്ണിലിടംകടവ്	പര്യവേക്ഷണം	0.56
പൂളക്കടവ്	പര്യവേക്ഷണം	2.214
കൊയമ്പ്രംകടവ്	പര്യവേക്ഷണം	0.45
	ആകെ	**9.124**

ചിറ്റാരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രധാന ജലസേചന പദ്ധതിയായ ചിറ്റാരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് (ആർ.സി.ബി) യാഥാർത്ഥ്യമാകുന്നതോടുകൂടി കൊയിലാണ്ടി മുനിസിപ്പാലിറ്റി, അരിക്കുളം, ഉള്ളേരി, നടുവണ്ണൂർ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് തടയുന്നതിനു സഹായകമാകും. ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിനും ഈ പദ്ധതി ഉപകരിക്കും. 1660.55 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കുന്നതിനും 20.18 കോടി ചെലവു വരുന്ന ഈ പദ്ധതികൊണ്ട് കഴിയുന്നതാണ്.

പെരിഞ്ചേരിക്കടവ് റെഗുലേറ്റർ

കോഴിക്കോട് ജില്ലയിൽ തീരപ്രദേശത്തോട് അടുത്തു കിടക്കുന്ന പ്രദേശങ്ങളിൽ പുഴകളിലെ ജലം, ഉപ്പുവെള്ളം കയറി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. ഉപ്പുവെള്ളം കയറുന്നത് തടയാനായി ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ ഇനിയും നിർമ്മിക്കേണ്ടതുണ്ട്. കുറ്റ്യാടിപുഴയിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാനായി പെരിഞ്ചേരി ക്കടവിൽ ഒരു റെഗുലേറ്റർ നിർമ്മിക്കേണ്ടത് ആവശ്യമാണ്. വടകര താലൂക്കിലെ വേളം പഞ്ചായ ത്തിനെയും കൊയിലാണ്ടി താലൂക്കിലെ ചെറുവ ണ്ണൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാല ത്തോടു കൂടിയ ഈ പദ്ധതി യാഥാർത്ഥ്യമാകു ന്നതോടെ ഇപ്പോൾ കുടിവെള്ള പ്രശ്നം രൂക്ഷമായി നേരിടുന്ന വടകര മുനിസിപ്പാലിറ്റിയിലെയും തൂണേരി, നാദാപുരം, ആയഞ്ചേരി, വേളം, കുറ്റ്യാടി, തിരുവള്ളൂർ, ചെറുവണ്ണൂർ എന്നീ പഞ്ചായത്തു കളിലെയും കുടിവെള്ള ദൗർലഭ്യത്തിന് ശാശ്വതമായ പരിഹാരമുണ്ടാകും. ഇതിന് പുറമെ തിരുവള്ളൂർ, വേളം, ചെറുവണ്ണൂർ, ആയഞ്ചേരി എന്നീ പഞ്ചായത്തുകളിലെ കാർഷിക അഭിവൃ ദ്ധിക്കും ഈ പദ്ധതി ഗുണകരമാണ്. പെരിഞ്ചേരി ക്കടവ് ആർ.സി.ബി, കിഫ്ബിയിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്.

ഇതോടൊപ്പം തന്നെ ചാലിയാറിന്റെ പോഷകനദിയായ ഇരുവഴിഞ്ഞിപ്പുഴയിൽ ചുള്ളിക്കാട്ടുകടവിലും മറ്റൊരു പോഷകനദിയായ ഇരുതുള്ളിപുഴയ്ക്ക് കുറുകെ മണ്ണിലിടംകടവ് എന്ന സ്ഥലത്തും റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മി ക്കാനുള്ള പര്യവേഷണ പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ മാഹിപുഴക്ക് കുറുകെ വടകര താലൂക്കിൽ കൊയമ്പ്രംകടവിൽ ഒരു ആർ.സി.ബി നിർമ്മിക്കാനുള്ള പദ്ധതി നിർദ്ദേശവുമുണ്ട്.

ചുള്ളിക്കാട്ടുകടവ് പദ്ധതിയിലൂടെ താമരശ്ശേരി താലൂക്കിലെ, കോടഞ്ചേരി, തിരുവമ്പാടി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരവും വേനൽക്കാലത്ത് ജലസേചനത്തിന് വേണ്ട ജലസംഭരണവും സാധ്യമാവും.

ചെറുപുഴയിലെ നിർദ്ദിഷ്ട മണ്ണിലിടം കടവ് പദ്ധതിയിലൂടെ ചാത്തമംഗലം പഞ്ചായത്തിന്റെയും എൻ.ഐ.ടി കാമ്പസിന്റെയും ശുദ്ധജലക്ഷാമത്തിന് പരിഹാരം ലക്ഷ്യമിടുന്നു. ചെമ്പുകടവ് പദ്ധതി കോടഞ്ചേരി പഞ്ചായത്തിലെ കുടിവെള്ളം, ജലസേചനം എന്നീ മേഖലകൾക്ക് ഗുണപ്രദമാവും

മാഹിപ്പുഴയിലെ കൊയമ്പ്രം കടവ് പദ്ധതിയിലൂടെ ചെക്യാട്, തൂണേരി പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരവും ജലസേചനവും സാധ്യമാവും.

വിവിധ മൈനർ ഇറിഗേഷൻ നിർമ്മിതികൾ

15 ഹെക്ടർ മുതൽ 2000 ഹെക്ടർ വരെയുള്ള പ്രദേശത്ത് ജലസേചനസൗകര്യം നടത്തുവാൻ വേണ്ടിയാണ് ചെറുകിട ജലസേചന നിർമ്മിതികൾ വിഭാവനം ചെയ്തിരിക്കുന്നത്. ചെക്ക് ഡാം, വി.സി.ബി എന്നിവക്ക് പുറമെ കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട നിർമ്മിതികൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

ലിഫ്റ്റ് ഇറിഗേഷൻ

ജില്ലയിൽ 5 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നിലവിലുണ്ട്. ഇതുമൂലം 609.03 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ കഴിയുന്നുണ്ട്. 16 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇതു വഴി പുതുതായി 1614 ഹെക്ടർ സ്ഥലം കൃഷി യോഗ്യമാക്കുവാൻ കഴിയും. ഇതിൽ ഒന്ന് പ്രവർത്തനം ആരംഭിക്കുകയും മറ്റൊന്ന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി തയ്യാറാക്കി വരുന്ന പദ്ധതികളും നിലവിൽ പണി ആരംഭിച്ചിട്ടുള്ളതും അനുമതി ലഭിച്ചതുമായ എല്ലാം തന്നെ കവണക്കല്ല് റഗുലേറ്ററിന്റെ മുകൾഭാഗത്തായതുകാരണം എല്ലാ സമയത്തും ജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കും. അതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് കോഴിക്കോട് ജില്ലയിൽ ഒരുപാട്

സാധ്യതകൾ ഉണ്ട്. കവണക്കല്ല് റെഗുലേറ്ററിൽ നിന്നും ചെറുപുഴ വഴിയെത്തുന്ന ജലം പരമാവധി ഉപയോഗിക്കുവാനായി ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

പട്ടിക 4.1.15

ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ

ക്രമ നം.	പദ്ധതിയുടെ പേര്	മൊത്തം പമ്പുകളുടെയും മോട്ടോറുകളുടെയും കപ്പാസിറ്റി	ആയക്കെട്ട് ഹെക്ടർ	കനാലിന്റെ നീളം
1	മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർചിറ ലിഫ്റ്റ് ഇറിഗേഷൻ	60HP -1No, 40HP -1No, 10HP -2Nos, 7.5HP vaccum pump -1No,	150Ha	6.33Km
2	ചെറുവണ്ണൂർ പഞ്ചായത്തിലെ കരുവോട്ടുചിറ എസ്.ഡബ്ല്യു.ഇ/ ഡ്രെയിനേജ്	60HP -2Nos, 40HP -1No,	260Ha	3.65 Km
3.	ചാത്തമംഗലം പഞ്ചായത്തിലെ തറമ്മൽകടവ് ലിഫ്റ്റ് ഇറിഗേഷൻ	20HP -2Nos,	50Ha	7.2 Km
4.	ചാത്തമംഗലം പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ	30HP -3Nos,	120Ha	
5.	മാവൂർ പഞ്ചായത്തിലെ കണ്ണിപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ	25HP -3Nos, 5HP vaccum pump -1No,	89.03Ha	

അവലംബം മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട്

കുളങ്ങൾ

ജില്ലയിൽ പൊതുസിഥലത്തും, സ്വകാര്യസ്ഥലത്തുമായി, (അമ്പലം /പള്ളി കുളം അടക്കം) 1933 കുളങ്ങൾ ഉണ്ട്. ഇവയിൽ പലതും ശരിയായ സംരക്ഷണം ലഭിക്കാത്തതു മൂലം നാശോന്മുഖമാണ്. 503 പൊതുകുളങ്ങളിൽ 372 എണ്ണത്തിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഈ കുളങ്ങൾ ശരിയായ രീതിയിൽ സംരക്ഷിക്കുകയാണെങ്കിൽ 3221.265 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കുവാനും സമീപപ്രദേശങ്ങളിലെ ഭൂഗർഭജലവിതാനം ഉയർത്തി വേനൽക്കാലത്ത് ജലലഭ്യത ഉറപ്പു വരുത്താനും സാധിക്കും.

കുളങ്ങളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത്

പരിസരത്തുള്ള കൃഷി സ്ഥലത്തേക്ക് ജലസേചനം നടത്താവുന്നതാണ്. കുടിവെള്ളത്തിന് ഉപയോഗിക്കുന്ന കുളങ്ങൾ ഭൂരിഭാഗവും വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലാണ്.

മൈനർ ഇറിഗേഷൻ നിർമ്മിതികൾ കൊണ്ട് 13962 ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചനം നടത്തുവാനാണ് ഉദ്ദേശിച്ചതെങ്കിൽ കാലപ്പഴക്കവും കാലാകാലങ്ങളിലായി നടത്തേണ്ടിയിരുന്ന സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവവും മൂലം ഏതാണ്ട് 4188 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ ജലസേചനം നടത്തുവാൻ കഴിയുകയുള്ളൂ.

കുറ്റ്യാടി ജലസേചന പദ്ധതി

ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട പുഴയായ കുറ്റ്യാടി പുഴയിൽ നിർമ്മിച്ച ജലസേചന പദ്ധതിയാണിത്. കോഴിക്കോട് ജില്ലയിലെ, കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ പഞ്ചായത്തിൽ, പെരുവണ്ണാമൂഴി എന്ന സ്ഥലത്ത് കുറ്റ്യാടി പുഴക്ക് കുറുകെ അണകെട്ടി വെള്ളം സംഭരിച്ച് ജില്ലയിലെ വടകര, കൊയിലാണ്ടി, കോഴിക്കോട് എന്നി മൂന്നു താലൂക്കുകളിൽ കനാൽ വഴി ജലവിതണം നടത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. അണക്കെട്ടിന്റെ റിസർവോയറിന് 1052 ഹെക്ടർ വിസ്തീർണ്ണത്തിൽ 120.50 mm^3 അളവിൽ വെള്ളം സംഭരിക്കാൻ ശേഷിയുണ്ട്. ഇത്തരത്തിൽ സംഭരിക്കുമ്പോൾ റിസർവോയറിൽ പരമാവധി സംഭരിക്കാവുന്ന വെള്ളത്തിന്റെ ഉയരം 44.41 മീ. ആകുന്നു. കൂടാതെ കേരള വൈദ്യുതി ബോർഡിന്റെ കീഴിലുള്ള കക്കയം ഡാമിന്റെ സംഭരണശേഷിയായ 33.99 mm^3 ജലവും വയനാട് ജില്ലയിലെ പടിഞ്ഞാറത്തറയിലുള്ള ബാണാസുര സാഗർ ഡാമിന്റെ സംഭരണശേഷിയായ 190.42 mm^3 ജലവും വൈദ്യുതി ഉൽപ്പാദിപ്പിച്ചതിനുശേഷം പെരുവണ്ണാമൂഴി ഡാമിലേക്ക് ഒഴുകിയെത്തുന്നു. അതുകൊണ്ട് കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലവിതരണത്തിന് പുറമെ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ ആവശ്യത്തിന് ശേഷവും പെരുവണ്ണാമൂഴി ജലസംഭരണിയിൽ ഏതാണ്ട് പൂർണ്ണ തോതിൽ ജലനിരപ്പ് നിലനിന്നു വരുന്നു.

കുറ്റ്യാടി പദ്ധതിയുടെ ക്ഷമത വർദ്ധിപ്പിച്ച് ജലസേചന സൗകര്യം മെച്ചപ്പെടുത്താനും കുടിവെള്ളലഭ്യത ഉറപ്പുവരുത്താനുമുള്ള നിർദ്ദേശങ്ങൾ

കോഴിക്കോട് ജില്ലയിലെ കാർഷിക ആവശ്യത്തിനായി ജലവിതരണം നടത്തുകയെന്ന ലക്ഷ്യത്തോടു കൂടി 1962 ൽ ആരംഭിച്ചതാണ് കുറ്റ്യാടി ജലസേചന പദ്ധതി. കോഴിക്കോട് ജില്ലയിലെ, കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ പഞ്ചായത്തിൽ, പെരുവണ്ണാമൂഴി എന്ന സ്ഥലത്ത് കുറ്റ്യാടി പുഴയ്ക്ക് കുറുകെ അണകെട്ടി വെള്ളം സംഭരിച്ച് ജില്ലയിലെ വടകര, കൊയിലാണ്ടി, കോഴിക്കോട് എന്നീ മൂന്നു താലൂക്കുകളിൽ കനാൽ വഴി ജലവിതരണം നടത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. 1973 ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. 1993 ൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്തതായി സർക്കാർ പ്രഖ്യാപിച്ചു. ഇപ്പോൾ ഈ പദ്ധതി കാർഷിക ആവശ്യത്തിനുപരി കുടിവെള്ളത്തിനായും ഉപയോഗിച്ചു വരുന്നു. കൂടാതെ കുറ്റ്യാടി കനാലിലൂടെ വേനൽകാലത്ത് ജലലഭ്യത ഉള്ളതുകാരണം ജില്ലയെ വരൾച്ച കാര്യമായി ബാധിക്കുന്നുമില്ല. 2017 ൽ വരൾച്ചയുടെ ആഘാതം വലിയ തോതിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് കോർപ്പറേഷന്റെയും അനുബന്ധ പഞ്ചായത്തുകളുടെയും കുടിവെള്ളാവശ്യ ത്തിനായി ജെ.ബി.ഐ.സി മുഖേന 174 MLD ജലം ഈ പദ്ധതിയുടെ റിസർവ്വോയറിൽ നിന്നാണ് എടുക്കുന്നത്. കോഴിക്കോട് ജില്ലയിലെ ഭൂരിഭാഗം ജലനിധി പദ്ധതികളുടെയും പഞ്ചായത്ത്തല കുടിവെള്ള പദ്ധതികളുടെയും കിണറുകൾ റിച്ചാർജ്ജ് ചെയ്യപ്പെടുന്നത് കുറ്റ്യാടി ജലസേചന പദ്ധതി കനാലുകളുടെ വെള്ളംമുഖേനയാണ്. ഇതിനു പുറമെ 2 x 3 MWA പെരുവണ്ണാമൂഴി ചെറുകി ജല വൈദ്യുത പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ വെള്ളം റിസർവ്വോയറിൽ നിന്ന് ടണൽ വഴിയാണ് എടുക്കുന്നത്.

അണക്കെട്ടും ജലസംഭരണിയും

കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരുണ്ണാമൂഴിയിൽ 170.69 മീ. നീളത്തിലും 35.36 മീ. ഉയരത്തിലും ഉള്ള, കരിങ്കല്ല് കൊണ്ട് നിർമ്മിച്ച അണക്കെട്ടാണ് നിലവിലുള്ളത്. കൂടാതെ ജലസംഭരണിക്ക് ചുറ്റിലും ആകെ 1844 മീ. നീളത്തിലും 23.77 മീ. ഉയരത്തിലും (സമുദ്രനിരപ്പിൽ നിന്ന്) ആയി 13 Earthen Dam നിലവിലുണ്ട്. സംഭരിക്കപ്പെടുന്ന ജലം പരമാവധി ഉപയോഗപ്പെടുത്തുന്നതിന് പര്യാപ്തമല്ലാത്ത വിധം ശോചനീയാവസ്ഥയിലാണ് കനാൽ ശൃംഖലയുള്ളത്. സ്ലൂയിസ് ഉപയോഗിച്ചാണ് ഡാമിൽ നിന്നും മെയിൻ കനാലിലേക്ക് വെള്ളം നിയന്ത്രിച്ചു വിടുന്നത്.

കുറ്റ്യാടി ഡാം 1973 ലാണ് കമ്മീഷൻ ചെയ്തത്. എന്നാൽ ആ വർഷകാലത്ത് തന്നെ

ഇതിന്റെ റിവർ ട്രെയിനിങ്ങ് വാൾ ഇടിഞ്ഞ് പോവുകയും 1974 ൽ ഇതിന്റെ ബലക്ഷയത്തെ പറ്റി പഠിക്കാൻ ചീഫ് എഞ്ചിനീയർമാരുടെ ഒരു കമ്മിറ്റിയെ സർക്കാർ നിയമിക്കുകയുണ്ടായി. ഡാമിന് സ്റ്റെബിലിറ്റി കുറവുണ്ടെന്ന് കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

കനാൽ

അണക്കെട്ടിൽ നിന്നും, സ്ലൂയിസ് വഴി മെയിൻ കനാലിലേക്ക് വെള്ളം തുറന്നാണ് ജല വിതരണം നടത്തുന്നത്. വേനൽക്കാലത്ത്, പ്രധാനമായും രണ്ടാം വിളയ്ക്കും മൂന്നാം വിളയ്ക്കും ആവശ്യമായ വെള്ളമാണ് കനാൽ വഴി വിതരണം നടത്തുന്നത്. ജനുവരി മാസം അവസാനം കനാൽ ജലവിതരണം ആരംഭിച്ച്, കാലവർഷം ആരംഭിക്കുന്നതുവരെ ജലവിതരണം തുടരും. അണക്കെട്ടിൽ നിന്നും 3.08 കി.മീ നീളത്തിൽ മെയിൻ കനാൽ, പട്ടാണിപ്പാറ എന്ന സ്ഥലത്തു നിന്ന് രണ്ടായി പിരിയുന്നു. ഇതിൽ വലതുകര കനാൽ വടകര താലൂക്കിലേക്കും, ഇടതുകര കനാൽ കൊയിലാണ്ടി താലൂക്കിലേക്കും ജലവിതരണം നടത്തുന്നു. പദ്ധതിയുടെ ജലവിതരണം 1973 ൽ ആരംഭിക്കുകയും നാളിതുവരെ മുടക്കം കൂടാതെ നടന്നു പോരുകയും ചെയ്തിട്ടുണ്ട്. വലതുകര കനാലിന്റെ നീളം 34.27 കിലോമീറ്ററും ഇടതുകര കനാലിന്റെ ആകെ നീളം 40.02 കിലോമീറ്ററും ആകുന്നു. ഇരു മെയിൻ കനാലിലും കൂടി ആകെ 10 ബ്രാഞ്ച് കനാൽ ഉണ്ട്. ബ്രാഞ്ച് കനാലുകളുടെ ആകെ നീളം 136.33 കി.മീ ആണ്. കൂടാതെ 254 കി.മീ നീളത്തിൽ ഡിസ്ട്രിബ്യൂട്ടറി കനാലും, സബ് ഡിസ്ട്രിബ്യൂട്ടറി കനാലും ഉണ്ട്. ഫീൽഡ് ചാനലുകളടക്കം ആകെ പദ്ധതിയുടെ കീഴിൽ 603 കി.മീ നീളം വരുന്ന കനാൽ ശൃംഖല നിലവിലുണ്ട്. ഈ കനാലുകളിലൂടെ ആകെ 14568.70 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനായിരുന്നു പ്രൊജക്ട് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുടെ പ്രധാന കനാൽ രൂപകല്പന ചെയ്തത് സെക്കന്റിൽ 18.38 ക്യുബിക് മീറ്റർ എന്ന തോതിൽ ജലം നൽകുവാനാണ്.

ചിത്രം 4.1.14

കുറ്റ്യാടി കനാലിന്റെ രൂപരേഖ



കനാലുകളിലെ തകരാറുകൾ

1. മെയിൻ കനാലിന്റെ 1/350 കി.മീറ്റർ മുതൽ 1/650 വരെയുള്ള ഭാഗം 4 മീറ്റർ ആഴത്തിൽ പാറ പൊട്ടിച്ച് നിർമ്മിച്ചതാണ്. ഈ ഭാഗത്ത് കനാലിന്റെ അടിത്തട്ടിൽ 5.8 മീറ്റർ വീതി വേണ്ടിടത്ത് 3.5 മീറ്റർ മാത്രമേയുള്ളൂ. മെയിൻ കനാലിലെ ഈ കുപ്പിക്കഴുത്ത് കാരണം രൂപരേഖയനുസരിച്ചുള്ള ഒരു സെക്കൻഡിൽ 18.38 ഘനമീറ്റർ എന്നതിനു പകരം 12.60 ഘനമീറ്റർ വെള്ളം മാത്രമേ വിതരണം നടത്താൻ കഴിയുന്നുള്ളൂ. ജലവിതരണത്തിലെ ഈ കുറവ് താഴോട്ടുള്ള എല്ലാ കനാലുകളിലെയും ജലവിതരണത്തെ ബാധിക്കുന്നുണ്ട്. അതുപോലെയുള്ള ഒരു കുപ്പിക്കഴുത്ത് ഇടതുകര മെയിൻ കനാലിലെ 6/700 കി.മീറ്ററിലുമുണ്ട്.

2. അറ്റകുറ്റപ്പണികളുടെ അഭാവം കാരണം ഏതാണ്ട് എല്ലാ കനാലുകളിലും അക്വഡേറ്റുകളിലും സൈഫണുകളിലും ഭീമമായ ചോർച്ചയുണ്ട്. ഡിസൈൻ പ്രകാരം കനാലിൽ കൂടിയുള്ള ജലവിതരണത്തിന്റെ 7.5% ആണ് പരമാവധി ചോർച്ചയുണ്ടാവുക. എന്നാൽ യഥാർത്ഥത്തിലുള്ള ചോർച്ച ഇതിന്റെ നാലിരട്ടിയാണ്.

3. വലതുകര മെയിൻ കനാലിന്റെ പല ബ്രാഞ്ചു കനാലുകളിലെയും അക്വഡേറ്ററുകളും സൈഫണുകളും തകർന്നു വീണിട്ടുണ്ട്. ഇടതുകര മെയിൻ കനാലിന്റെ പല ബ്രാഞ്ച് കനാലുകളിലെയും അക്വഡേറ്ററുകൾക്കും സൈഫണുകൾക്കും സാരമായ കേടുപാടുകളുമുണ്ട്.

4. കനാലുകളിലെ ജലവിതരണം നിയന്ത്രിക്കുന്നതിനുള്ള റെഗുലേറ്റർ ഷട്ടറുകൾ ഭൂരിഭാഗവും പ്രവർത്തനക്ഷമമല്ലാത്ത രീതിയിൽ കേടു വന്നിരിക്കുന്നു.

5. കനാലുകളിൽ നിന്ന് ഫീൽഡ് ബോത്തികളിലേക്കും പാടശേഖരങ്ങളിലേക്കും വെള്ളം തുറന്നുവിടുന്നതിനുള്ള സ്ലൂയിസ്സുകൾ കാലഹരണപ്പെട്ടതും ജലവിതരണം നിയന്ത്രിക്കാൻ പറ്റാത്തവയുമാണ്. ഇതിനാൽ വളരെയധികം വെള്ളം പാഴായി പോകുന്നു.

6. അറ്റകുറ്റപ്പണികളുടെ അഭാവം മൂലം മെയിൻ കനാലുകൾ, ബ്രാഞ്ചുകനാലുകൾ, ഡിസ്ട്രിബ്യൂട്ടറികൾ, സബ് ഡിസ്ട്രിബ്യൂട്ടറികൾ എന്നിവയുടെ പല ഭാഗങ്ങളിലും കരകളിടിഞ്ഞ് തകർന്നു പോയിരിക്കുന്നു.

7. പല ഡിസ്ട്രിബ്യൂട്ടറികളും സബ് ഡിസ്ട്രിബ്യൂട്ടറികളും, ഫീൽഡ് ബോത്തികളും മണ്ണിട്ട് നികത്തി റോഡാക്കി മാറ്റിയിരിക്കുന്നു.

8. ഉയർന്ന കരകളിൽ നിന്നുള്ള മഴവെള്ളം കനാലുകൾക്ക് കുറുകെ തുറന്നു വിടുന്നതിന് നിർമ്മിച്ച സൂപ്പർ പാസേജുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ മഴവെള്ളവും മണ്ണും കനാലിലേക്ക് എത്തിയിരുന്നു. കനാലുകളുടെ കരകളിടിഞ്ഞു പോകുന്നു.

9. കനാലുകളുടെ കരകളിൽ കൂടി റോഡുകളും കനാലുകൾക്ക് കുറുകെ പാലങ്ങളും നിർമ്മിക്കുന്നത് കനാലുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു.

10. ഫണ്ടിന്റെ അപര്യാപ്തത കാരണം വാർഷിക അറ്റകുറ്റപണികൾ, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകളാണ് നടത്തുന്നത്. കനാലുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണ്ണ് കാര്യക്ഷമമായ രീതിയിൽ നീക്കം ചെയ്യുന്നില്ല. ജലവിതരണം തടസ്സപ്പെടുന്നു. ഒരു വർഷം 200 ലക്ഷം രൂപ മാത്രമാണ് അറ്റകുറ്റപണികൾക്ക് ലഭിക്കുന്നത്.

11. പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നത് കാരണം റെഗുലേറ്ററുകൾ, അക്വഡക്ടുകൾ, സൈഫണുകൾ എന്നിവ നശിക്കാനിടയാവുകയും ജലവിതരണം തടസ്സപ്പെടുകയും ചെയ്യുന്നു.

12. സ്ലൂയിസ്സുകൾ വഴി തുറന്നു വിടുന്ന വെള്ളം പാടശേഖരത്തിന്റെ എല്ലാ ഭാഗങ്ങളിലും ആവശ്യത്തിനനുസരിച്ച് എത്തിക്കാനുള്ള ഫീൽഡ് ബോത്തികളില്ല. മിക്കവാറും പാടശേഖരങ്ങളിൽ ജലനിർഗമന തോടുകൾ വഴിയാണ് ജലവിതരണം നടത്തുന്നത്. വളരെയധികം വെള്ളം പാഴായി പോകുന്നു.

13. കനാലുകളുടെ സംരക്ഷണത്തിനും ജലവിതരണം നിയന്ത്രിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ സാങ്കേതിക ജീവനക്കാരില്ല. തസ്തികകൾ പലതും ഒഴിഞ്ഞു കിടക്കുകയാണ്.

14. എല്ലാ കനാലുകൾക്കും കനാൽ കമ്മിറ്റികൾ രൂപീകരിക്കുകയോ കാര്യക്ഷമമായി പ്രവർത്തിക്കിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ

പല കനാലുകളിൽ നിന്നും വെള്ളം അനധികൃതമായി ചോർത്തുന്നു.

ജലവിതരണ സമയത്ത് റോഡാക്കി മാറ്റപ്പെടുകയോ, നികത്തപ്പെടുകയോ ചെയ്ത കനാൽ ഭാഗങ്ങളിൽ ചാല് കീറി ഹൈഡ്രോളിക് പർട്ടിക്കുലേർസ് അനുസരിച്ച് വശങ്ങൾ ചരിച്ച് വേണ്ടത്ര വീതിയിലും ഉയരത്തിലും മണ്ണ് നികത്തി കനാൽ ബണ്ടുകൾ നിർമ്മിച്ച് ഭൂവസ്ത്രമുപയോഗിച്ച് പ്രകൃതി സൗഹൃദമായി ബലപ്പെടുത്തി വരുന്നു.

വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച മൺകനാലുകൾ സ്വാഭാവിക മണ്ണൊലിപ്പ് മൂലവും ഉയർന്ന സ്ഥലങ്ങളിൽ നിന്നും മണ്ണൊലിച്ചിറങ്ങിയും അടിവശം ഉയർന്ന് കിടക്കുന്നുണ്ട്. ഇങ്ങനെ മൂന്നിൽ ഒരു ഭാഗം വരെ മണ്ണ് നികത്തപ്പെടുന്ന സ്ഥലങ്ങൾ മെയിൻ കനാലിലും ബ്രാഞ്ച് കനാലുകളിലും ഉണ്ട്.

അടിഞ്ഞു കൂടിയ മണ്ണ് ഉപയോഗിച്ച് കനാൽ വശങ്ങൾ ശരിയായ അളവിലും രൂപത്തിലും ആക്കി മാറ്റുന്ന പ്രവൃത്തി പല സ്ഥലങ്ങളിലും പുരോഗമിച്ചു വരുന്നു. ഇത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ രണ്ട് കാര്യങ്ങളാണ് സാധ്യമാവുന്നത്. കനാലിൽ അടിഞ്ഞ് കൂടിയ മണ്ണ് നീക്കം ചെയ്യപ്പെടുന്നതിന് പുറമേ കനാൽ വശങ്ങൾ ബലപ്പെടുത്തുകയും ചെയ്യുന്നു.

കനാലുകളുടെ പുനരുദ്ധാരണം, പുനർ നിർമ്മാണം

പ്രൊജക്ടിലെ എഞ്ചിനീയർമാർ എല്ലാ കനാലുകളും വിശദമായി പരിശോധിക്കുകയും കനാലുകളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

1. മെയിൽ കനാലിലെ 1/350 മുതൽ 1/650 കി.മീ വരെയുള്ള കുപ്പിക്കഴുത്തും ഇടതുകര മെയിൻ കനാലിലെ 6/700 കി.മീ ലെ കുപ്പിക്കഴുത്തും വീതി കൂട്ടുകയും കോൺ ക്രീറ്റ് ലൈനിങ്ങോടു കൂടി പരിഷ്കരിക്കുകയും ചെയ്യുക.
2. കരകളിടിഞ്ഞു പോയിട്ടുള്ള എല്ലാ കനാലുകളും ആവശ്യമായ വീതിയിലും ആഴത്തിലും പുനർ നിർമ്മിക്കുക, റിപ്പയർ ചെയ്യാൻ പറ്റുന്നവ റിപ്പയർ ചെയ്യുക.
3. റിപ്പയർ ചെയ്യാൻ പറ്റാത്ത അക്വിഡക്ടുകൾ, സൈഫണുകൾ, റെഗുലേറ്ററുകൾ തുടങ്ങിയവ പുനർ നിർമ്മിക്കുക, റിപ്പയർ ചെയ്യാൻ പറ്റുന്നവ റിപ്പയർ ചെയ്യുക.
4. മണ്ണിട്ട് നികത്തിയ റോഡുകളാക്കി മാറ്റിയിട്ടുള്ള ഡിസ്ട്രിബ്യൂട്ടറികൾ, സബ്ഡിസ്ട്രിബ്യൂട്ടറികൾ, ഫീൽഡ് ബോത്തികൾ എന്നിവ പുനർ നിർമ്മിക്കുക.
5. ജലവിതരണം കൃത്യമായി നിയന്ത്രിക്കാൻ പറ്റുന്ന ആധുനിക സ്ലൂയിസ് ഷട്ടറുകൾ എല്ലാ കനാലുകളിലും സ്ഥാപിക്കുക.
6. എല്ലാ കനാലുകളിലെയും ചോർച്ചയുള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ലൈനിംഗ് നടത്തുക.

കേരളത്തിലെ വൻകിട ജലസേചന പദ്ധതികളിൽ വളരെ നല്ല രീതിയിൽ ജലവിതരണം നടത്തിപ്പോരുന്ന ഒരു ജലസേചന പദ്ധതിയാണ് കുറ്റ്യാടി ജലസേചന പദ്ധതി. കോഴിക്കോട് ജില്ലയെ വരൾച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് കുറ്റ്യാടി ജലസേചന പദ്ധതിക്ക് വളരെയധികം സാധ്യതകളുണ്ടെങ്കിലും അത് ഭാഗികമായി മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളൂ. 44 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കനാലുകളും, കനാൽ സ്ട്രക്ചറുകളും കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ കുറവ് മൂലവും ഇന്ന് വളരയധികം ശോചനീയാവസ്ഥയിലാണ്. ഇത് കാരണം ഓരോ വർഷവും ജലവിതരണം നടത്തുന്ന കനാലുകളുടെ നീളം കുറഞ്ഞു വരികയാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണത്തിനായി സമഗ്രമായ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു. വർഷംതോറും അറ്റ കുറ്റപ്പണികൾക്കായി അനുവദിച്ചുകൊണ്ടിരിക്കുന്ന തുക വളരെ അപര്യാപ്തമാണ്. കൂടാതെ ആവശ്യമായ ജീവനക്കാരുടെ അഭാവവും പരിഹരിക്കേണ്ടിയിരിക്കുന്നു. പദ്ധതിയുടെ ആരംഭകാലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ആയതിനാൽ ഈ പദ്ധതിക്ക് പുനർജീവൻ നൽകുവാൻ വേണ്ടി ചുരുങ്ങിയത് 148 കോടി രൂപ അനുവദിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇതിൽ 60 കോടി രൂപയുടെ പ്രവൃത്തികൾ അടുത്ത വർഷത്തെ ജലവിതരണത്തിന് മുമ്പേ തന്നെ ചെയ്യേണ്ടതുണ്ട്. ഈ പദ്ധതിക്ക് പുനർ ജീവൻ വെക്കുന്നതോടൊപ്പം കോഴിക്കോട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങളും കുടിവെള്ള പ്രശ്നവും പരിഹരിക്കാനും കഴിയും.

മേഖല നേരിടുന്ന പ്രശ്നങ്ങൾ

കൃഷി

ഒരു പ്രദേശത്തെ സാമ്പത്തിക സ്ഥിതി നിർണ്ണയിക്കുന്നതിൽ കൃഷിക്ക് പ്രധാന പങ്കുണ്ട്. വെള്ളത്തിന്റെ ദൗർലഭ്യം മൂലം ഉപജീവന മാർഗ്ഗമായി കൃഷിയെ ആശ്രയിക്കുന്നവരുടെ എണ്ണം ഓരോ കൊല്ലം കഴിയും തോറും ജില്ലയിൽ കുറഞ്ഞു വരികയാണ്. കൃഷിഭൂമി കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നു. ജലസേചന ദൗർലഭ്യം മൂലം പ്രധാനപ്പെട്ട കൃഷിയായ നെൽ കൃഷിയുടെ ഉത്പാദനം ഗണ്യമായി കുറയുന്നുണ്ട്. ഇത് കൂടാതെ മറ്റ് കാർഷിക വിളകളായ വാഴ, പച്ചക്കറികൾ, സുഗന്ധ ദ്രവ്യങ്ങൾ എന്നിവയും ഇവിടെ കൃഷി ചെയ്യുന്നുണ്ട്. വിവിധ പ്രൊജക്ടു കളിൽ നിന്നും വെള്ളം ലഭിക്കുന്നുണ്ടെങ്കിലും നെൽകൃഷിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ അളവിൽ വെള്ളം ലഭിക്കാത്തതിനാൽ വേണ്ടത്ര ഉത്പാദനം നെൽകൃഷി മേഖലയിൽ നടക്കുന്നില്ല. കാർഷിക വൃത്തിയിൽ തല്പരരായ കർഷകർക്ക് ജലസേചനത്തിന്റെ അപര്യാപ്തത കാർഷിക വൃത്തിയിലേർപ്പെടാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. കുറ്റ്യാടിപദ്ധതി വിഭാവനം ചെയ്ത ആയക്കെട്ട് 14569 ha പ്രദേശത്താണ്, പക്ഷേ 10232 ha പ്രദേശത്തേ ജലസേചനം നടത്തുന്നുള്ളൂ. ചെറുകിട ജലസേചന പദ്ധതികൾ വഴി 10290 ha പ്രദേശത്ത് ജലസേചനം നടത്താനാണ് ലക്ഷ്യമിട്ടിരുന്നതെ ങ്കിലും 4188 ഹെക്ടർ മാത്രമേ കൈവരിക്കാനായിട്ടുള്ളൂ.

തരിശ്ശിടങ്ങളെ നെൽകൃഷിക്കുപയുക്തമാക്കാനുള്ള നിർദ്ദേശങ്ങൾ.

കൃഷി വകുപ്പ് തരിശ്ശുനിലങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിലെ വിവിധ നദികൾക്കും തോടുകൾക്കും കുറുകെ നിലവിലുള്ള അഞ്ഞൂറോളം ജലസംരക്ഷണ നിർമ്മിതികളു ടെയും കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായുള്ള കനാലുകളുടെയും പുനരുദ്ധാരണം പൂർണ്ണമായി നടത്തിയാൽ ഈ തരിശുനിലങ്ങളുടെ 93% വിസ്തൃതിയിൽ ജലസേചനം നടത്തി കൃഷിക്ക് യോഗ്യമാക്കാൻ സാധിക്കും.

പട്ടിക 4.1.16

ജില്ലയിലെ തരിശു നിലത്തിന്റെ വിസ്തൃതി

ക്രമ നം.	ബ്ലോക്കിന്റെ പേർ	കൃഷിയോഗ്യമായതരിശ് (ha)	നിലവിലുള്ള കൃഷി (വ്യത്യസ്തം കാലാവസ്ഥ അനുസരിച്ച്)	ആകെ വിസ്തൃതി	ബണ്ട്	പുതിയ വി.സി.ബി	വി.സി.ബി റിപ്പയർ	ലിഫ്റ്റ് ഇറിഗേഷൻ	ഉപ്പുവെള്ള പ്രതിരോധം	ജലനിർഗമന പദ്ധതി	കുളം	മറ്റുള്ളവ
1	തൂണേരി	5	55	60			X	X				
2	കുന്നുമ്മൽ	40	227	267		X				X		KylP കനാൽ നവീകരണം
3	കൊയിലാണ്ടി	376.1	220	596.1		X	X	X	X	X	X	KylP കനാൽ നവീകരണം
4	കൊടുവള്ളി	56.6	124	180.6		X	X			X		
5	ബാലുശ്ശേരി	146.3	288	434.3		X	X	X		X		KylP കനാൽ നവീകരണം
6	കുന്ദമംഗലം	68	207	275	X	X		X	X	X		KylP കനാൽ നവീകരണം
7	കോഴിക്കോട്	40	47	87		X	X			X		KylP കനാൽ നവീകരണം
8	തോടന്നൂർ	118	230	348						X		വടകര-മാഹി കനാൽ പൂർത്തീകരണം ലോക്ക് നവീകരണം
9	തിക്കോടി	130	146		X				X	X		ഫാം റോഡ്, കനാൽ നവീകരണം
10	വടകര	49.6	21	70.6		X				X	X	കനാൽ നവീകരണം
11	പേരാമ്പ്ര	232	340	572	X	X	X			X	X	
12	കാക്കൂർ	59.4	231	290.4		X	X		X	X		
ആകെ		**1321**	**2136**	**3181**								

പട്ടിക 4.1.17

തരിശുഭൂമി കൃഷിയോഗ്യമാക്കാൻ വേണ്ട പ്രവൃത്തികൾ

ക്രമ നം	പ്രവൃത്തി	കൃഷി യോഗ്യമാകുന്ന ഭൂമിയുടെ വിസ്തൃതി(ശതമാനത്തിൽ)
1	ഉപ്പുവെള്ള പ്രതിരോധ വി സി ബി	45
2	പുതിയ വി സി ബി /വി സി ബി പുനരുദ്ധാരണം	48
3	ലിഫ്റ്റ്ഇറിഗേഷൻ	7
	ആകെ	100

അവലംബം- കൃഷി വകുപ്പ്, കോഴിക്കോട്

ജില്ലയിൽ പൊതുവായി കൃഷി ചെയ്യുന്ന വിളകളും ജലസേചനം ആവശ്യമുള്ള ഭൂമിയുടെ വിസ്തൃതിയും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു

പട്ടിക 4.1.18

ജലസേചനം ആവശ്യമുള്ള ഭൂമിയുടെ വിസ്തൃതി

ക്രമ നം	വിള	വിസ്തൃതി (ഹെക്ടർ)	
		ജലസേചിതമല്ലാത്തത്	ജലസേചിതം
1	നെല്ല് (ഖാരിഫ്)	79	0
	നെല്ല് (റാബി)	1789	2
	നെല്ല് (സമ്മർ)	0	563
2	പയറുവർക്ഷങ്ങൾ	13	0
3	കുരുമുളക്	3345	0
4	ഇഞ്ചി	46	0
5	മഞ്ഞൾ	301	0
6	ഏലം	220	0
7	അടക്ക	9628	269
8	ഗ്രാമ്പൂ	32	0
9	ജാതി	189	194
10	മാങ്ങ	8275	0
11	നേന്ത്രപഴം	86	1547
12	വാഴപ്പഴം	3055	0
13	കൈതച്ചക്ക	137	0
14	പപ്പായ	1790	0
15	കശുവണ്ടി	2103	0
16	കപ്പ	1647	0

17	കിഴങ്ങുവർക്ഷങ്ങൾ	695	0
18	പച്ചക്കറികൾ	1675	2533
19	തേങ്ങ	120161	2954
20	വെറ്റില	3	7
21	കൊക്കോ	610	–
22	റബ്ബർ	21800	–
	ആകെ	**177679**	**8069**

അവലംബം ജില്ല ഇറിഗേഷൻ പ്ലാൻ

പട്ടിക 4.1.19

ജില്ലയിലെ ജല ആവശ്യകത

ജില്ല	ഘടകങ്ങൾ				ആകെ (bcm)
	ആഭ്യന്തരം	കാർഷികം	വ്യാവസായികം	പക്ഷിമൃഗാദികൾ	
കോഴിക്കോട്	0.211	1.363	0.165	.0024	1.7414

bcm - Billion Cubic Metre

അവലംബം ജില്ല ഇറിഗേഷൻ പ്ലാൻ

പട്ടിക 4.1.20

ജില്ലയിലെ ജല ബഡ്ജറ്റ് (in BCM)

ജില്ല	നിലവിലുള്ള ജലലഭ്യത			ജല ആവശ്യകത		ജല ദൌർലഭ്യം	
	ഉപരിതല ജലം (BSP ഉൾപ്പെടെ)	ഭൂഗർഭ ജലം	ആകെ	നിലവിലുള്ളത്	പ്രൊജക്ടട് (2020)	നിലവിലുള്ളത്	പ്രൊജക്ടട് (2020)
കോഴിക്കോട്	1.363	0.347	1.71	1.7414	2.196	0.0314	0.486

അവലംബം ജില്ല ഇറിഗേഷൻ പ്ലാൻ

പട്ടികയിൽ നിന്നും മനസ്സിലാകുന്നത് നിലവിൽ ജില്ലയിൽ ഫലപ്രദമായി കൃഷിക്ക് ജലസേചനം നടത്താൻ 157 Mm3 കൂടി ജലം കണ്ടെത്തേണ്ടി വരുമെന്നാണ്. ജില്ലയിൽ ആകെ ആവശ്യമായ ജലത്തിന്റെ അളവ് കണക്കാക്കിയാൽ വ്യത്യാസം 0.0314 bcm ആണ്. ഇത് നികത്താൻ ഉപരിതല ജലം കൂടുതൽ സംഭരിച്ച് ഉപയോഗപ്പെടുത്താൻ സാധിക്കണം. ഇതിനുവേണ്ടി ഇപ്പോൾ പര്യവേക്ഷണം നടന്നു വരുന്ന റെഗുലേറ്ററുകൾ പൂർത്തിയാക്കുകയും പുതിയ അണക്കെട്ടുകൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ നദികളുടെ longitudinal profile കണ്ടുപിടിച്ച് പരമാവധി ഇടങ്ങളിൽ റെഗുലേറ്ററുകൾ നിർമ്മിക്കുകയും ചെയ്യണം.

ജില്ലയിൽ വെള്ളക്കെട്ടു കാരണം കൃഷിയോഗ്യമല്ലാത്ത പാടശേഖരങ്ങൾ, പരിഹാരമാർഗങ്ങൾ

പട്ടിക 4.1.21

ജില്ലയിലെ പ്രധാന പാടശേഖരങ്ങൾ

ക്രമ നം	പാടശേഖരം	വിസ്തൃതി ഹെക്ടറിൽ
1	ആവളപാണ്ടി	120
2	കരുവോട്ട്ചിറ	225
3	വെളിയന്നൂർചെല്ലി	248.8

കരുവോട്ടുചിറ പാടശേഖരം

ചെറുവണ്ണൂർ, മേപ്പയ്യൂർ, തുറയൂർ പഞ്ചായത്തുകളിലായാണ് കരുവോട്ടുചിറ പാടശേഖരം സ്ഥിതിചെയ്യുന്നത്. നിലവിൽ ഏറെ വർഷങ്ങൾക്കു മുൻപ് നിർമ്മിച്ച കരുവോട്ടുചിറ എസ്.ഡബ്ല്യു.ഇ/ ഡ്രെയിനേജ് സ്കീം കരുവോട്ടുചിറ ആർ.സി.ബി + പമ്പിംഗ് പ്രൊജക്ട് ആണ് നിലവിൽ ഉള്ളത്. വേനൽ ആരംഭിക്കുന്നതോടുകൂടി പാടശേഖരത്തിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും പാടശേഖരത്തിൽ അധികം വരുന്ന വെള്ളം പമ്പ് ചെയ്ത് ഒഴിവാക്കുന്നതിനും ഈ പദ്ധതി ഉപകരിക്കുന്നു. കരുവോട്ടുചിറയിലെ പ്രധാന തോടും ഇടതോടുകളും ചെളിയെടുത്ത് വശങ്ങൾ സംരക്ഷിക്കുകയും ബന്ധപ്പെട്ട പാടശേഖര സമിതി നിർദ്ദേശ പ്രകാരം സ്ഥല പരിശോധന നടത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ വി.സി.ബി നിർമ്മിക്കുകയും ചെയ്താൽ പാടശേഖരം മുഴുവനും തന്നെ കൃഷി യോഗ്യമാക്കാവുന്നതാണ്.

ആവളപ്പാണ്ടി പാടശേഖരം

ചെറുവണ്ണൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ പാടശേഖരം ജില്ലയിലെ വലിയ പാടശേഖരങ്ങളിൽ ഒന്നാണ്. കക്കറ മുക്കിന് സമീപം സ്ഥിതി ചെയ്യുന്ന ജലസേചന വകുപ്പിന്റെ വി.സി.ബി, ഉപ്പുവെള്ളം പാടശേഖരത്തിൽ കയറുന്നത് തടയുന്നു. ഈ നിർമ്മിതിയും ശോചനീയാവസ്ഥയിലാണ്. ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയാൽ ഈ പദ്ധതി പൂർണ്ണ സജ്ജമാക്കാവുന്നതാണ്.

നൊച്ചാട് പഞ്ചായത്തിൽ നിന്നാരംഭിക്കുന്ന കുണ്ടൂർമൂഴിത്തോട് ആണ് ഈ പാടശേഖരത്തിലെ പ്രധാന തോട്. ഇത് കൂടാതെ നിരവധി ഇടത്തോടുകളും ഈ പാടശേഖരത്തിൽ ഉണ്ട്. പ്രധാന തോട് ഒരു പരിധി വരെ സംരക്ഷിച്ചിട്ടുണ്ടെങ്കിലും ഇടത്തോടുകളിൽ സംരക്ഷണ പ്രവൃത്തികൾ അത്യാവശ്യമാണ്. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ വി.സി.ബികളോടു കൂടിയ ഡ്രെയിനേജ് സംവിധാനവും ഏർപ്പെടുത്തിയാൽ പാടശേഖരം മുഴുവനും കൃഷിയോഗ്യമാക്കാവുന്നതാണ്.

ഇതു കൂടാതെ കുളത്തോട് ചേർന്ന കരിങ്ങാറ്റി പാടശേഖരത്തിലുള്ള കരിങ്ങാറ്റി എസ്.ഡബ്ല്യു.ഇ/വി.സി.ബി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കിയാൽ കരിങ്ങാറ്റി പാടശേഖരവും കൃഷിയോഗ്യമാക്കാവുന്നതാണ്.

വെളിയന്നൂർ ചല്ലി പാടശേഖരം

അരിക്കുളം, നടുവണ്ണൂർ, കീഴരിയൂർ എന്നീ പഞ്ചായത്തുകളിലും, കൊയിലാണ്ടി മുനിസിപ്പിലിറ്റിയിലുമായാണ് വെളിയന്നൂർ ചല്ലി പാടശേഖരം സ്ഥിതി ചെയ്യുന്നത്. ഈ പാടശേഖരത്തിലെ വളരെ കുറഞ്ഞ ഭാഗത്തു മാത്രമേ ഇപ്പോൾ കൃഷി ചെയ്തു വരുന്നുള്ളൂ. കുറ്റ്യാടി ജലസേചന പദ്ധതി കനാലിലെ ചോർച്ച മൂലം പാടശേഖരത്തിന്റെ പല ഭാഗങ്ങളും വേനൽക്കാലത്തു പോലും വെള്ളത്തിനടിയിലാണ്.

അധികമായി വരുന്ന വെള്ളം ഒഴുക്കിക്കളയുന്നതിനു വേണ്ടി ജലസേചന വകുപ്പിന്റെ അധീനതയിൽ വടക്കെക്കണ്ടി മുതക്കോത്ത് പമ്പ് സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിരുന്നെങ്കിലും ചിറയുടെ സമീപ പ്രദേശത്തെ ഉയർന്ന ഭാഗങ്ങളിൽ താമസിക്കുന്നവരുടെ എതിർപ്പ് മൂലം പദ്ധതി വിജയിച്ചില്ല. ചിറയിലെ വെള്ളം ശുദ്ധീകരിച്ച് സമീപത്തുള്ള ഉയർന്ന പ്രദേശത്തുള്ളവർക്ക് വിതരണം ചെയ്യുകയാണെങ്കിലും വെള്ളക്കെട്ട് ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. കാലാകാലങ്ങളിലായി പാടശേഖരം ഉപയോഗിക്കാത്തതുമൂലം പ്രധാന തോടുകളും ഇടത്തോടുകളും, ചെളിയും പുല്ലും പായലും നിറഞ്ഞ് ഒഴുക്ക് നിലച്ച സ്ഥിതിയിലാണ്. പാടശേഖരത്തിലെ തോടുകൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ചെറുകിട ജലസേചനവിഭാഗം തയ്യാറാക്കി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

വെളിയന്നൂർചെല്ലി പാടശേഖരത്തിലെ പ്രധാന തോട്ടിലെയും ഇടത്തോടുകളിലേയും ചെളിയും പായലും മാറ്റി വശങ്ങൾ സംരക്ഷിക്കുകയും ആവശ്യമായ സ്ഥലത്ത് വി.സി.ബിയും ബണ്ടും നിർമ്മിച്ച് വെള്ളം ഒഴിവാക്കുന്നതിന് പമ്പ് സെറ്റും സ്ഥാപിച്ചാൽ ഒരു പരിധി വരെ മുഴുവൻ പ്രദേശവും കൃഷിയോഗ്യമാക്കാവുന്നതാണ്.

കുടിവെള്ള പദ്ധതികൾ

കുടിവെള്ളക്ഷാമം എന്നത് നമ്മുടെ ജില്ലയിൽ എതാണ്ട് നാലുദശകം മുൻപുവരെ സാങ്കല്പിക മായിരുന്നു. എന്നാൽ ജനസംഖ്യാ വർധന, കാലാവസ്ഥാവ്യതിയാനം നഗരവൽക്കരണം എന്നിവയുടെ ഫലമായി ജലലഭ്യത കുറഞ്ഞു വരികയാണ്. ഉയർന്ന പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും ശുദ്ധജലക്ഷാമം വളരെ രൂക്ഷമാണ്. ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ നിരവധി പദ്ധതികൾ നടപ്പിലക്കിയിട്ടുണ്ടെങ്കിലും പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ ഇതുവരെ സാധിച്ചിട്ടില്ല.

ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതിയുടെ മുഖ്യജലസ്രോതസ്സാണ് കുറ്റ്യാടി പുഴ. പെരുവണ്ണാമുഴി ഡാമിൽ നിന്നാണ് പദ്ധതിക്കു വേണ്ട വെള്ളം എടുക്കുന്നത്. കോഴിക്കോട് കോർപ്പറേഷൻ കൂടാതെ 43 പഞ്ചായത്തുകളിലും ഈ പദ്ധതി വഴി ജലവിതരണം നടത്തുന്നുണ്ട്.

കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായി കനാലുകൾ പോകുന്ന സ്ഥലങ്ങളിലും ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ നിലവിലുള്ള ഭാഗങ്ങളിലും, ജപ്പാൻ കുടിവെള്ള പദ്ധതികൾ നിലവിൽ ഉള്ള സ്ഥലങ്ങളിലും കുടിവെള്ളക്ഷാമം പൊതുവെ രൂക്ഷമായി അനുഭവപ്പെടാറില്ല. കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായി കനാലുകൾ പോകുന്ന പ്രദേശങ്ങൾ ചിത്രം 4.1.15ൽ കാണിച്ചിരിക്കുന്നു.

കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലും ചേളന്നൂർ പഞ്ചായത്തിലുമായി സ്ഥിതി ചെയ്യുന്ന നാരായണൻചിറ പുനരുദ്ധരിക്കുകയാണെങ്കിൽ കോഴിക്കോട് താലൂക്കിലെ ഏറ്റവും വലിയ ജലസംഭരണിയായി മാറ്റാൻ കഴിയും. കൂടാതെ, കീഴരിയൂർ പഞ്ചായത്തിലെ നായാടൻപുഴ, പേരാമ്പ്ര പഞ്ചായത്തിലെ നരിക്കിലാട്പുഴ, കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊല്ലംചിറ, മൂടാടി പഞ്ചായത്തിലെ കോട്ട കോവിലകം ക്ഷേത്രം ചിറ, കടുക്കുഴി എന്നിവയും സംരക്ഷിക്കേണ്ട ജലാശയങ്ങളാണ്.

നദീസംരക്ഷണം- ഹരിതകേരളമിഷനുമായുള്ള സംയോജനം

ജില്ലയിലെ പ്രധാനപ്പെട്ട 6 നദികൾക്കൊപ്പം നിരവധി കൈവഴികളും ഒഴുകുന്നു. ഹരിതകേരളവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ വിവിധ തലങ്ങളിലായി ഇറിഗേഷൻ വകുപ്പിന്റെ എഞ്ചിനീയർമാർ കൺവീനർമാരായി സാങ്കേതിക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലൂടെ ഒഴുകുന്ന നദികളുടെ തീരദൈർഘ്യം വിവിധ പഞ്ചായത്തുകളിലായി **അനുബന്ധം 4.17** ൽ കൊടുത്തിരിക്കുന്നു. ഈ ദൈർഘ്യം വിവിധ വാർഡുകളിലായി വിഭജിച്ച് ഓരോ വാർഡിലും ഓരോ ജലകർമ്മസേന രൂപീകരിക്കുകയും ഇത്തരത്തിലുള്ള കർമ്മസേനകളുടെ പ്രവർത്തനങ്ങളെ മേൽ പറഞ്ഞ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുകയും വേണം. നദികളിൽ നിന്ന് നീക്കം ചെയ്യപ്പെടുന്ന മാലിന്യം സംസ്കരിക്കാനോ സംസ്കരിക്കാനാവാത്തവ പുനഃചംക്രമണത്തിനായി കൊണ്ടുപോകുവാനോ ഉള്ള ഏർപ്പാടുകൾ ചെയ്യണം.

ചിത്രം 4.1.15

കുറ്റ്യാടി ഇറിഗേഷൻ കനാൽ ശൃംഖല

KUTTIYADI IRRIGATION PROJECT CANAL NET WORKING SYSTEM IN 43 PANCHAYAT



ഹരിതകേരള മിഷനുമായുള്ള വിവിധ വകുപ്പുകളുടെ സംയോജനം മേൽ പറഞ്ഞ സാങ്കേതിക കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കാവുന്നതാണ്

40 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച അപകടാവസ്ഥയിലായ മൺ കനാൽ വശങ്ങൾ മണ്ണിട്ടുയർത്തി പൂർവ്വ സ്ഥിതിയിലാക്കി പുനർ നിർമ്മിക്കുകയും, കയർ ഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തുകയും ചെയ്യുമ്പോൾ കനാലുകളിൽ വിഭാവനം ചെയ്ത അളവിൽ വാലറ്റം വരെ വെള്ളമെത്തിക്കാൻ സാധിക്കുന്നു. ഇത് പ്രകൃതിസൗഹൃദമായ പ്രവൃത്തിയാണ്. മൺ കനാലുകളാവുമ്പോൾ അനുവദനീയമായ സീവേജ് കാരണം കനാലിനിരുവശത്തുമുള്ള കിണറുകൾ റീചാർജ് ചെയ്യപ്പെടുന്നു. ഇത് ജനങ്ങൾക്ക് വളരെ ഉപകാരപ്പെടുന്നു.

കയർഭൂവസ്ത്രമുപയോഗിച്ച് ബലപ്പെടുത്തിയ സ്ഥലങ്ങളിൽ അനുവദനീയമായതിലും കൂടുതൽ ചോർച്ച ഉണ്ടാവുകയാണെങ്കിൽ ആ ഭാഗങ്ങളിൽ കുറഞ്ഞ കനത്തിലുള്ള കോൺക്രീറ്റ് ലൈനിങ് പ്രവൃത്തി നടത്തി ചോർച്ച തടയാവുന്നതാണ്.

പട്ടിക 4.1.22

ജില്ലയിലെ പൂർത്തിയാക്കിയ കനാലുകളുടെ നീളം സംബന്ധിച്ച വിവരങ്ങൾ

ഇനം	നീളം
ബ്രാഞ്ച് കനാൽ	950 മീറ്റർ
ഡിസ്ട്രിബ്യൂട്ടറി, സബ്ഡിസ്ട്രിബ്യൂറ്ററി, ഫീൽഡ് ബോത്തി	13950 മീറ്റർ

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ചെറുകിട ജലസേചന വകുപ്പിൽ 2017-18 സാമ്പത്തിക വർഷത്തിൽ ആകെ ഏഴു പ്രവർത്തികൾക്കു മാത്രമേ ഭരണാനുമതി ലഭിച്ചിട്ടുള്ളു. ഇതിൽ 3 ലിഫ്റ്റ് ഇറിഗേഷൻ , 2 വിസിബി എന്നിവ ഉൾപ്പെടുന്നു. ജലസംഭരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിനാവശ്യമായ പദ്ധതികൾക്ക്, അതായത് പ്രവർത്തന ക്ഷമമല്ലാത്ത നിലവിലുള്ള ജലസേചന പദ്ധതി ചുരുങ്ങിയ മുതൽ മുടക്കിൽ ഉപയുക്തമാക്കാനും, അനുയോജ്യമായ സ്ഥലങ്ങളിൽ പുതിയ നിർമ്മിതികൾക്കായും, സാമ്പത്തിക, ഭരണാനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്

കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾക്കു സമീപം തടയണകൾ നിർമ്മിക്കുന്നതു മൂലം പമ്പിംഗ് സ്റ്റേഷനുകളിൽ ജലവിതാനം ഉയരുകയും സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലവിതാനം വർദ്ധിക്കുകയും ചെയ്യും. ഇത്തരത്തിൽ 21 സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുന്നതിന് സാധ്യതയുള്ള പദ്ധതി നിർദ്ദേശങ്ങൾ ഉണ്ട് . ഇതിൽ പൂളക്കടവ് ആർ.സി.ബി, പെരിഞ്ചേരിക്കടവ് ആർ.സി.ബി എന്നിവ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കടൽത്തീരസംരക്ഷണം

കോഴിക്കോട് ജില്ലയിലെ കടൽത്തീരത്തിന്റെ ദൈർഘ്യം 71 കി.മീ ആണ്. കടൽഭിത്തി നിർമ്മിച്ച് സംരക്ഷിക്കപ്പെട്ടിട്ടുള്ള 56.12 കിലോമീറ്ററിൽ 3.10 കി.മീറ്റർ പുനരുദ്ധരിക്കുവാനും 20.80 കി.മീ അറ്റകുറ്റ പ്രവൃത്തികൾ നടത്തുവാനുമുണ്ട്. 1.1 കി.മീ നീളത്തിൽ കടൽഭിത്തി അടിയന്തിരമായി സംരക്ഷിക്കപ്പെടേണ്ടതായുണ്ട്.

കോഴിക്കോട് താലൂക്കിൽ കടുക്കബസാർ, കപ്പലങ്ങാടി, വാക്കടവ്, കടലുണ്ടിക്കടവ്, ചാലിയം, ഗോതീശ്വരം, മാറാട്, കപ്പക്കൽ, ചാപ്പയിൽ, കോതി, നൈനാംവളപ്പ്, കോയവളപ്പ്, മാട്ടുവയൽ, തോപ്പയിൽ, ശാന്തിനഗർ കോളനി കൊയിലാണ്ടി താലൂക്കിൽ കാപ്പാട്, പൊയിൽക്കാവ്, ഗുരുകുലം, കോളംതോട്, കണ്ണംകടവ്, അയനിക്കാട്, ഇരിങ്ങൽ, കോട്ടപ്പുറം വടകര താലൂക്കിൽ പുറങ്കര, സാന്റ്ബാങ്ക്, ആനാട്, മുകച്ചേരി, ആവിക്കൽ, കുരിയാടി, ചോറോട്, മടപ്പള്ളി, കാപ്പുഴക്കൽ എന്നീ സ്ഥലങ്ങളിൽ കടൽക്ഷോഭം നിമിത്തം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

കടൽഭിത്തി നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ വലിയ കരിങ്കല്ല് ദൗർലഭ്യം ജില്ലയിലെ ഇത്തരം പ്രവൃത്തികളെ ബാധിക്കുന്നുണ്ട്. ജില്ലയിലൂടെ കടന്നുപോകുന്ന പശ്ചിമതീര ജലപാത സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.2.23 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.23

പശ്ചിമതീര ജലപാതയുടെ ദൈർഘ്യം സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	ജലപാത	ചെയിനേജ്		നീളം(കി.മീ)
		മുതൽ	വരെ	
1	വടക്കുമ്പാട്പുഴ	377.52	+385.32	7.81
2	ചാലിയാർ	385.32	390.32	5
3	ബി.കെ കനാൽ	390.32	399.62	9.3
4	കല്ലായിപുഴ	399.62	401.62	2
5	ഇ.കെ കനാൽ	401.62	412.82	11.2
6	എരഞ്ഞിക്കൽ-കോരപ്പുഴ	412.82	418.32	5.5
7	കോരപ്പുഴ-കണയംകോട്	418.32	429.32	11
8	കണയംകോട്-അകലാപ്പുഴ	429.32	443.22	13.90
9	പയ്യോളി കനാൽ	443.22	444.42	1.2
10	കുറ്റ്യാടിപുഴ	444.42	450.08	5.66
11	വടകര-മാഹി കനാൽ	450.08	467.69	17.61
		ആകെ		90.18

അവലംബം ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട്

ക്രമ നമ്പർ 1 മുതൽ 4 വരെ ദേശീയ ജലപാതയുടെ ഭാഗമാണ്. കല്ലായിപുഴയിൽ ജലപാതാ വികസനത്തിന്റെ ഭാഗമായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന ചെളി കലർന്ന മണൽ നിക്ഷേപിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്ത പ്രശ്നം നിലവിലുണ്ട്. ഇക്കാരണത്താൽ ജലപാതയുടെ വികസനം ജില്ലയിൽ പൂർണ്ണമാവാത്ത അവസ്ഥയിലാണ്. എരഞ്ഞിക്കൽ മുതൽ തുറയൂർ വരെയും കോരപ്പുഴയുടെ അഴിമുഖവും ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ എങ്ങിനെ ഉപയോഗപ്പടുത്തുമെന്നതിൽ തീരുമാനമാവാത്തതിനാൽ വികസന സാദ്ധ്യതയുളള ഈ മേഖലയും പ്രശ്നം നേരിടുന്നു.

മേൽത്തട്ട്നിർദ്ദേശങ്ങൾ

1. അനുമതി ലഭിച്ചതും നിലവിൽ പര്യവേക്ഷണം നടന്നു വരുന്നതുമായ റെഗുലേറ്ററുകളുടെ നിർമ്മാണം ആരംഭിക്കുക.
2. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാം ബലപ്പെടുത്തി designed FRL വരെ വെള്ളം സംഭരിക്കുന്നതിന് സജ്ജമാക്കുക.
3. കുറ്റ്യാടി ജലസേചനപദ്ധതിയുടെ കനാലുകളിലുടെയുള്ള ജലനിർഗ്ഗമനം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ച് നടപ്പിലാക്കുക.
4. എല്ലാ നദികളുടെയും longitudinal profile പര്യവേക്ഷണം നടത്തി പുതിയ റെഗുലേറ്ററുകളുടെ സ്ഥാനനിർണ്ണയം നടത്തുക.
5. വലിയ നിർമ്മിതികളുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകുക.
6. ആവളപ്പാണ്ടി, കരുവോട്ടുചിറ, വെളിയന്നൂർചല്ലി എന്നീ പാടശേഖരങ്ങളിൽ കോൾ നിലങ്ങളിൽ അവലംബിക്കുന്ന രീതിയിൽ കൃഷിയൊരുക്കുക.
7. ചിറ്റാരിക്കടവ് റെഗുലേറ്ററിൽനിന്നും വെളിയന്നൂർ ചല്ലിയിലേക്ക് വെള്ളം കയറാതിരിക്കാൻ വി.സി.ബികളുടെ ശ്രേണിനിർമ്മിക്കുക.
8. കരുവോട്ടുചിറ, ചെരണ്ടത്തൂർ ചിറ എന്നീ പാടശേഖരങ്ങളിൽ ഇപ്പോൾ ചെയ്തുവരുന്ന

പമ്പിംഗ് രീതി മാറ്റി പെട്ടി - പറ രീതി നടപ്പിലാക്കുക;

9. വടകര-മാഹി കനാലിൽ ഉപ്പുവെള്ളം കയറാതിരിക്കുന്നതിനും ശുദ്ധജലം ഉറപ്പുവരുത്തുന്നതിനുമായി തുരുത്തിഭാഗത്ത് മാഹിപ്പുഴയിൽ ഒരു റെഗുലേറ്റർ നിർമ്മിക്കുക.

10. കവണക്കല്ല് റെഗുലേറ്ററിൽനിന്നും ചെറുപുഴ വഴിയെത്തുന്ന ജലം പരമാവധി ഉപയോഗിക്കുവാനായി ലിഫ്റ്റ്ഇറിഗേഷൻ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുക.

11. ജല സമൃദ്ധമായ ചെറുപുഴയേയും ജല ദൗർലഭ്യം നേരിടുന്ന പൂനൂർ പുഴയേയും ബന്ധിപ്പിക്കുന്നതിന്റെ പാരിസ്ഥിതികാഘാത പഠനം നടത്തുക.

12. പഴയ ജലസേചന നിർമ്മിതികളുടെ അറ്റ കുറ്റപ്പണികൾ നടത്തി പ്രയോജനപ്പെടുത്തുന്നതിനായിരിക്കണം പുതിയവ നിർമ്മിക്കുന്നതിനേക്കാൾ മുൻഗണന നൽകേണ്ടതാണ്. (ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിതി ചെയ്യുന്ന ഇത്തരം നിർമ്മിതികളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.)

13. കുറ്റ്യാടി ജലസേചന പദ്ധതിയുടെ 603 കിലോമീറ്റർ നീളമുള്ള കനാൽ ശൃംഖലയിൽ 120 കിലോമീറ്റർ ദൂരം ഇനിയും ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. കനാലുകൾ കടന്നുപോവുന്ന 43 പഞ്ചായത്തുകൾ, രണ്ട് മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വരുന്ന കനാലിന്റെ അവസാന റീച്ചുകളാണ് ഇത്തരത്തിൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലുള്ളത്. വികേന്ദ്രീകൃതമായ ഇടപെടലിലൂടെ ഈ പ്രശ്നം പരിഹരിക്കുകയാണെങ്കിൽ പദ്ധതിയുടെ ലക്ഷ്യം കൂടെ നേടാനാവും. അതുകൊണ്ട് കനാലുകൾ കടന്നുപോവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡായി മാറ്റിയ കനാലുകൾ തിരിച്ചുപിടിച്ച് കനാലുകൾ ആക്കുവാനും, ജലസേചനം സാധ്യമാവാത്ത കനാലുകൾ നന്നാക്കുവാനും പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

14. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകൾ വിദൂരസ്ഥലങ്ങളിൽ വിന്യസിച്ചിരിക്കയാൽ ഫലപ്രദമായ പരിപാലനം വികേന്ദ്രീകൃതമായി മാത്രമെ നടക്കുകയുള്ളു എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കനാലുകളുടെ പരിപാലനം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കൃഷി വകുപ്പ് തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യാൻ നിർദ്ദേശിച്ച പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള പദ്ധതികളിൽ പലതും വയൽ നിലങ്ങളിൽ/താഴ്ന്നപ്രദേശങ്ങളിൽ സ്രോതസ്സും, സമീപത്തെ ഏറ്റവും ഉയരമുള്ള സ്ഥലത്ത് ജലസംഭരണിയുമായാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. ഒരു കുന്നിന്റെ ആകെ ഉയരത്തിന്റെ 30 ശതമാനം ഉയരത്തിലാണ് 90 ശതമാനം വീടുകളും നിൽക്കുന്നതെന്ന് കുറുമ്പൊയിൽ വാട്ടർ ഷെഡ്ഡിൽ നടത്തിയ ഒരു പഠനത്തിൽ കണ്ടെത്തിയിരുന്നു. 100 ശതമാനം ഉപഭോക്താക്കൾക്കുമുള്ള കുടിവെള്ളം ഏറ്റവും ഉയരത്തിലേക്ക് പമ്പ് ചെയ്ത് ശേഖരിച്ചുവെക്കുന്ന നിലവിലെ രീതി ഊർജ്ജനഷ്ടമുണ്ടാക്കുന്നതാണ്. മറിച്ച്, വിവിധ ലെവലുകളിൽ ടാങ്കുകൾ വിന്യസിച്ച് ഊർജ്ജനഷ്ടം കുറയ്ക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

3. മലയോര ഗ്രാമ പഞ്ചായത്തുകളിൽ പുതിയ ജലസേചന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

മണ്ണ് സംരക്ഷണം

മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ആദ്യകാലങ്ങളിൽതന്നെ വിവിധങ്ങളായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും കല്ല് കയ്യാലകളും, മണ്ണ് കയ്യാലകളും, തടയണകളും, മഴക്കുഴികളും ആവശ്യാനുസരണം നടപ്പിലാക്കിയിരുന്നു. അതുപോലെ തന്നെ ജില്ലയുടെ മറ്റു സമതല പ്രദേശങ്ങളിലും കർഷകർ ആദ്യ കാലങ്ങളിൽ ഇടവരമ്പ്, കല്ല് കയ്യാലകൾ, തടം തുറക്കൽ തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നു.

എന്നാൽ പുതിയ കാലഘട്ടത്തിൽ കാർഷിക വൃത്തികളിൽ നിന്നുള്ള ആദായക്കുറവും, കൃഷിയോടുള്ള താൽപര്യക്കുറവും, തൊഴിലാളികളുടെ അഭാവവും, ജനസംഖ്യയിലെ ക്രമാതീതമായ വർദ്ധനവും ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങളും എല്ലാം കാരണം കർഷകർ സ്വയമേവ ഇത്തരം മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽനിന്നും പുറകോട്ട് പോയിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പ്രവർത്തികളിൽ മാത്രം ഒതുങ്ങുന്ന അവസ്ഥയാണ് ഇന്ന് പൊതുവിൽ കോഴിക്കോട് ജില്ലയിൽ നിലനിൽക്കുന്നത്.

കോഴിക്കോട് ജില്ലയിലെ മണ്ണിനങ്ങൾ

മണ്ണിന്റെ രാസഭൗതിക സഭാവങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യരൂപ്യ സ്വഭാവമുളളവയെ അവ കണ്ടുവരുന്ന കാലാവസ്ഥാ-ഭൂപ്രകൃതി-സസ്യജാലസമ്പത്ത് എന്നിവയ്ക്കനുസരിച്ച് ഗ്രൂപ്പുകളായി തരം തിരിക്കുന്നതാണ് മണ്ണ് ശ്രേണികൾ അഥവാ സോയിൽ സീരീസ്. USDA യുടെ മണ്ണ് വർഗ്ഗീകരണത്തിന്റെ അടിസ്ഥാന യൂണിറ്റാണ് മണ്ണ് ശ്രേണികൾ. മണ്ണ് ശ്രേണികൾ അവ ആദ്യമായി നിർവ്വചിക്കപ്പെട്ട സ്ഥല നാമധേയത്തിലാണ് പൊതുവെ അറിയപ്പെടുന്നത്. എന്നാൽ ഇവയുടെ പൊതു വിന്യാസം ആ പ്രത്യേക സ്ഥലത്തു മാത്രം ഒതുങ്ങുന്നതല്ല. ഇത്തരത്തിൽ കോഴിക്കോട് ജില്ലയിൽ കര പ്രദേശങ്ങളിൽ 19 മണ്ണ് ശ്രേണികളും വയലുകളിൽ 7 മണ്ണ് ശ്രേണികളും അടക്കം മൊത്തം 26 മണ്ണ് ശ്രേണികൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഭൂപ്രകൃതിക്കും പ്രകൃത്യാലുള്ള ചുറ്റുപാടുകൾക്കും അനുസരിച്ച് ഇവ ചില പ്രത്യേക സഹവാസ മണ്ണ് ശ്രേണികളായാണ് സാധാരണ കണ്ടുവരുന്നത്. ജില്ലയിലെ വിവിധയിനം മണ്ണിനങ്ങളെക്കുറിച്ച് ചിത്രം 4.1.16ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചിത്രം 4.1.16

ജില്ലയിലെ മണ്ണിന്റെ തരങ്ങൾ സംബന്ധിച്ച വിവരങ്ങൾ



ഭൂപ്രകൃതി അനുസരിച്ച് കോഴിക്കോട് ജില്ലയെ അഞ്ച് പ്രധാന ഭൂരൂപ വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

1. സമുദ്ര നിരപ്പിൽനിന്നും 20 മീറ്റർ താഴെ വരെ ഉയരത്തിൽ മാത്രം സ്ഥിതിചെയ്യുന്ന എക്കൽ സമതലങ്ങൾ ഉൾക്കൊളളുന്ന നിരപ്പായതോ ചരിവുമാനം തീരെ കുറഞ്ഞതോ താഴ്ന്നതോ ആയ തീരപ്രദേശങ്ങൾ.

2. സമുദ്ര നിരപ്പിൽ നിന്നും 20 മീറ്ററിനും 100 മീറ്ററിനും ഇടയ്ക്കുളള ഉയരത്തിൽ വ്യാപിച്ചു കിടക്കുന്ന ഉയരം കുറഞ്ഞ വെട്ടുകൽ കുന്നുകൾ അവയെ ചുറ്റിക്കിടക്കുന്ന വയലേലകളും എക്കൽ സമതലങ്ങളും ഉൾക്കൊളളുന്ന ഇടനാട്.

3. സമുദ്ര നിരപ്പിൽ നിന്നും 100 മീറ്ററിനും 300 മീറ്ററിനും ഇടയ്ക്കുളള ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഒറ്റതിരിഞ്ഞ ഉയർന്ന കുന്നുകളും ചരിവുമാനം അധികരിച്ച വെട്ടുകൽ പ്രദേശങ്ങളും ഉൾക്കൊളളുന്ന നിമ്നോന്നതമായ ഇടമലനാട്.

4. സമുദ്ര നിരപ്പിൽനിന്നും 300 മീറ്ററിനും 600 മീറ്ററിനും ഇടയ്ക്കുളള ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പശ്ചിമഘട്ട മലനിരകളുടെ അതീവ നിമ്നോന്നതമായ താഴ്വരകൾ ഉൾക്കൊളളുന്ന മലനാട്.

5. സമുദ്ര നിരപ്പിൽ നിന്നും 600 മീറ്ററിൽ കൂടുതൽ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കിഴക്കാം തൂക്കായ ചരിവുകളും പാറക്കെട്ടുകളും നിറഞ്ഞ പശ്ചിമഘട്ട മലനിരകൾ ഉൾക്കൊളളുന്ന പർവ്വത പ്രദേശങ്ങൾ.

ഓരോ ഭൂരുപങ്ങളിലും കണ്ടെത്തിയ മണ്ണ് ശ്രേണി സഹവാസ ഗ്രൂപ്പുകൾ താഴെചേർക്കുന്നു.

I. തീരദേശപ്രദേശങ്ങളിലെ സഹവാസ മണ്ണ് ശ്രേണികൾ:-

1. തിക്കോടി-എലത്തൂർ-ബേപ്പൂർ സഹവാസ മണ്ണ് ശ്രേണികൾ (13307.3 ഹെക്ടർ)

താഴ്ച ഏറിയതും, നീർവാർച്ച സൗകര്യം കുറഞ്ഞതു മുതൽ ആവശ്യമായ നീർവാർച്ചാ സൗകര്യത്തോടു കൂടിയതും മണൽ മുതൽ എക്കൽ കലർന്ന കളിമണ്ണ് വരെയുളള മൺ രചനകൾ ഉൾക്കൊളളുന്നതുമാണ് ഈ മൺ വർഗ്ഗങ്ങൾ. ഇളം ഗ്രേ മുതൽ ഇരുണ്ട ഗ്രേ കലർന്ന തവിട്ടു വരെയാണ് ഇവയുടെ നിറപരിധി. കുറഞ്ഞ ജൈവസമ്പത്ത്, ഉയർന്ന അമ്ലത്വം, ഫലപുഷ്ടിയും ജലസാന്നിദ്ധ്യവും നില നിർത്തുവാനുളള കുറഞ്ഞ കഴിവ് എന്നിവയാണ് ഈ മണ്ണ് ശ്രേണികളുടെ പൊതുവായ പ്രശ്നങ്ങൾ. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുളള വളം ചേർക്കലും, അമ്ലത്വം കുറയ്ക്കാനുളള നടപടികളും നല്ല നീർവാർച്ചാ സൗകര്യമൊരുക്കുന്നതും ഇത്തരം മൺശ്രേണികളുടെ ഫലപുഷ്ടി വർദ്ധിപ്പിക്കുവാൻ സഹായമാണ്.

2. കക്കോടി-മൂടി-ചാലിയാർ സഹവാസ മൺ ശ്രേണികൾ (11661.8 ഹെക്ടർ)

വളരെ ആഴം കൂടിയതും മണൽ രചന മുതൽ എക്കലും കളിമണ്ണും രചനയുളള മൺ ശ്രേണിയാണ് കക്കോടി മൺ ശ്രേണി. വളരെ താഴ്ന്ന ചരിവ് മാനമുളള പുഴകളുടെ ശ്രേണികൾ പ്രധാനമായും ഇവിടെ കണ്ടുവരുന്നു. ആഴം കൂടിയതും കളിമൺ രചനയുളളതുമായ മൺ ശ്രേണിയാണ് മൂടാടി മൺ ശ്രേണി. കുന്നിൻ ചരിവുകളോട് ചേർന്ന വയൽ പ്രദേശങ്ങളിലാണ് സാധാരണ കണ്ടു വരുന്നത്. ഈ രണ്ട് മൺ ശ്രേണികളും നീർവാർച്ച വളരെ കുറവുളള ഗണത്തിൽപ്പെടുന്നവയായതിനാൽ മികച്ച നീർവാർച്ച സൗകര്യങ്ങൾ ഒരുക്കുന്നത് ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കും. പ്രധാനമായും കളിമൺ രചനയോടുകൂടിയ ആഴം കൂടിയ മൺ ശ്രേണിയാണ് ചാലിയാർ മൺ ശ്രേണി. പുഴയോരങ്ങളിലും മറ്റും എക്കലടിഞ്ഞുണ്ടാകുന്ന ഈ മൺശ്രേണി സാമാന്യം ഫലപുഷ്ടിയുളളതാണ്.

3. പുറമേരി-കിഴക്കുംമുറി-ചെലപ്രം സഹവാസ മൺ ശ്രേണികൾ (4309 ഹെക്ടർ)

നീർവാർച്ച വളരെ കുറഞ്ഞ ആഴം കൂടിയ മൺ ശ്രേണികളാണ് ഇവ. മണൽ കലർന്ന കളിമൺ രചന മുതൽ കളിമൺ രചന വരെയുളള ഈ മൺ ശ്രേണികൾ എക്കൽ അടിഞ്ഞുണ്ടാകുന്നവയാണ്.

4. നൻമ-എലത്തൂർ-ശിവപുരം സഹവാസ മൺ ശ്രേണികൾ (2222.6ഹെക്ടർ)

ആഴം കൂടിയതും ചരൽ കലർന്ന എക്കലും

കളിമണ്ണും രചന മുതൽ ചരൽ കലർന്ന മണലും കളിമണ്ണും രചന വരെയുള്ള മൺ ശ്രേണിയാണ് നൻമണ്ട മൺ ശ്രേണി. ചരിവു മാനം കുറവുള്ളതു മുതൽ സാമാന്യം ചരിവുമാനമുള്ളതുവരെയുള്ള കുന്നിൻ ചരിവുകളിൽ ചെങ്കല്ലിൽനിന്നും രൂപപ്പെടുന്ന മൺ ശ്രേണിയാണിത്. ഉയർന്ന അമ്ലത്വവും ചരലിന്റെ ആധിക്യവും പ്രധാന പ്രശ്നങ്ങളാണ്. വളരെ ആഴം കൂടിയ മൺ ശ്രേണിയാണ് ശിവപുരം മൺ ശ്രേണി. എക്കലും കളിമണ്ണും മൺ രചനകളോടുകൂടിയ സാമാന്യം ഫലപുഷ്ടിയുള്ള മണ്ണാണിത്. ചരിവ് മാനം കുറഞ്ഞ സമതല പ്രദേശങ്ങളിൽ കണ്ടുവരുന്നു.

II. ഇടനാട് ഭൂരൂപങ്ങളിലെ സഹവാസ മൺ ശ്രേണികൾ

ഉളളിയേരി-കക്കോടി-ചാലിയാർ സഹവാസ മൺ ശ്രേണികൾ (2634.5 ഹെക്ടർ)

വളരെ ആഴം കൂടിയതും എക്കലും കളിമണ്ണും രചനയുള്ളതുമായ മൺ ശ്രേണിയാണ് ഉള്ളിയേരി മൺശ്രേണി. വളരെ താഴ്ന്ന ചരിവ് മാനമുള്ള താഴ്വരകളിലെ വയലേലകളിൽ കണ്ടു വരുന്ന ഈ മൺ ശ്രേണി എക്കൽ അടിഞ്ഞുണ്ടാകുന്നതാണ്. ഉയർന്ന ജലവിധാനവും നീർവാർച്ചാ കുറവും ഇത്തരം മൺശ്രേണികളിലെ പ്രധാന പോരായ്മകളാണ്.

നൻമണ്ട-കളരിക്കുന്ന് സഹവാസ മൺ ശ്രേണികൾ (43437.6ഹെക്ടർ)

ആഴം കുറഞ്ഞ, ചരൽ കലർന്ന എക്കൽ മുതൽ ചരൽ കലർന്ന കളിമൺ രചന വരെയുള്ള മൺ ശ്രേണിയാണ് കളരിക്കുന്ന് മൺ ശ്രേണി. ചരിവ്മാനം കുറഞ്ഞതു മുതൽ സാമാന്യം ചരിവ്മാനമുള്ള കുന്നിൻ ചരിവുകളിൽ ചെങ്കല്ലിൽ നിന്ന് രൂപപ്പെട്ടുണ്ടാകുന്ന മൺശ്രേണിയാണിത്. ചരിവ് മാനം കൂടിയ പ്രദേശങ്ങളായതിനാൽ നീരൊഴുക്കും മണ്ണൊലിപ്പും പ്രധാന പോരായ്മയായി കണക്കാക്കപ്പെടുന്നു.

കുന്ദമംഗലം-കളരിക്കുന്ന് സഹവാസ മൺശ്രേണികൾ (12549.4ഹെക്ടർ)

ആഴം കൂടിയ ചരൽ കലർന്ന കളിമണ്ണും എക്കലും മുതൽ ചരൽ കലർന്ന കളിമണ്ണ് വരെയുള്ള രചനകളോടുകൂടിയ മൺ ശ്രേണിയാണിത്. ചരിവ് മാനം കൂടിയ നിമ്നോന്നതമായ കുന്നിൻ ചരിവുകളിൽ കണ്ടുവരുന്ന ഈ മൺ ശ്രേണിക്ക് ചരലിന്റെ ആധിക്യവും മണ്ണൊലിപ്പും പ്രധാന പോരായ്മകളാണ്.

കളരിക്കുന്ന്-തണ്ണീരമല സഹവാസ മൺ ശ്രേണികൾ (270.4ഹെക്ടർ)

ആഴം കുറഞ്ഞ മണൽ കലർന്ന എക്കൽ രചനകളുള്ള മൺ ശ്രേണികളാണ് തണ്ണീരമല മൺ ശ്രേണി. ഉയർന്ന ചരിവ്മാനമുള്ള കുന്നുകളുടെ ഉച്ചിയിലും ഓരങ്ങളിലും പ്രധാനമായും കണ്ടു വരുന്നു. ആഴക്കുറവ് ചരലിന്റെ ആധിക്യം, പാറകളുടെയും, ഉരുളൻ കല്ലുകളുടെയും സാന്നിധ്യം എന്നിവ പ്രധാന പോരായ്മയായി കണക്കാക്കുന്നു.

മേൻമല-തിരുവമ്പാടി സഹവാസ മൺ ശ്രേണികൾ (73544.6 ഹെക്ടർ)

മണൽ കലർന്ന കളിമണ്ണും എക്കലും രചന മുതൽ കളിമണ്ണും എക്കലും രചന വരെയുള്ള മേൻമല മണ്ണ് ശ്രേണി ആഴം കൂടിയ മണ്ണിനങ്ങളുടെ ഗണത്തിൽപ്പെടുന്നവയാണ്. ഉയർന്ന ചരിവ് മാനമുള്ള നിമ്നോന്നത പ്രദേശങ്ങളിൽ കണ്ടു വരുന്ന ഈ മണൽ ശ്രേണി പ്രകൃത്യാലുള്ള ഫലപുഷ്ടി കുറവ് കൊണ്ടും ചരിവ് മാനം കൂടിയതു മൂലമുള്ള വർദ്ധിച്ച മണ്ണൊലിപ്പു സാധ്യതയുള്ളതു കൊണ്ടും വാർഷിക വിളകൾക്ക് യോജിച്ചവയല്ല. സാമാന്യം ആഴമുള്ള ചരലോടുകൂടിയ മണലും എക്കുലും രചന മുതൽ ചരലോടുകൂടിയ എക്കൽ രചന വരെയുള്ള മൺ ശ്രേണിയാണ് തിരുവമ്പാടി മൺ ശ്രേണി. സാധാരണയായി ചരിവുമാനം കൂടിയ കുന്നിൻ ചരിവുകളിൽ കണ്ടുവരുന്നു. ആഴക്കുറവും, ചരലിന്റെ ആധിക്യവും മണ്ണൊലിപ്പ് സാധ്യതയും ഈ മണ്ണ് ശ്രേണിയുടെ പോരായ്മയാണ്.

വായാട്-കുണ്ടുതോട് സഹവാസ മണ്ണ് ശ്രേണി (1127.3 ഹെക്ടർ)

ആഴം വളരെ കൂടിയ ചരൽ കലർന്ന കളിമണ്ണും എക്കലും മുതൽ ചരൽ കലർന്ന കളിമൺ രചന വരെയുള്ള മൺ ശ്രേണിയാണ് വായാട് മൺ ശ്രേണി. സാമാന്യം ചരിവുമാനമുള്ള ചരിഞ്ഞ കുന്നിൻ പ്രദേശങ്ങളിൽ മലവാരത്തു നിന്നുള്ള എക്കൽ അടിഞ്ഞാണ് ഇത്തരം മൺ ശ്രേണികൾ രൂപപ്പെടുന്നത്. നല്ല രാസ ഭൗതിക

സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഈ മൺ ശ്രേണി സാമാന്യം ഫലപുഷ്ടിയുള്ളതാണ്. മലയടിവാരത്തിൽ വളരെ ചരിവുമാനം കുറഞ്ഞ സമതലപ്രദേശങ്ങളിൽ പ്രത്യേകിച്ച് തോടുകളുടെയും മറ്റു കരപ്രദേശങ്ങളിൽ കണ്ടുവരുന്ന ആഴം വളരെ കൂടിയ ചരൽ കലർന്ന മണലും എക്കലും മുതൽ ചരൽ കലർന്ന മണലും കളിമണ്ണും വരെ രചനയുള്ള മൺ ശ്രേണിയാണ് കുണ്ടുതോട് മൺശ്രേണി. ഉയർന്ന അമ്ലത്വവും ചരലിന്റെ ആധിക്യവുമാണ് ഈ മൺ ശ്രേണിയുടെ പോരായ്മ.

നാദാപുരം-ഉള്ളിയേരി സഹവാസ മൺ ശ്രേണികൾ (6686.9ഹെക്ടർ)

ആഴം കൂടിയ മണലുകലർന്ന എക്കൽ മുതൽ മണലു കലർന്ന കളിമണ്ണും എക്കലും വരെ രചനകളുള്ള മൺ ശ്രേണിയാണ് നാദാപുരം മൺശ്രേണി. വീതി കുറഞ്ഞ സമതല പ്രദേശങ്ങളിൽ മലയോര എക്കൽ അടിഞ്ഞു രൂപപ്പെടുന്ന മൺ ശ്രേണിയാണിത്. നീർവാഴ്ച കുറവും ഉയർന്ന ജലവിതാനവും ഈ മൺ ശ്രേണിയുടെ പോരായ്മയാണ്.

III. ഇടമലനാട് പ്രദേശങ്ങളിലെ സഹവാസ മൺ ശ്രേണികൾ

1. തിരുവമ്പാടി-തണ്ണീരമല സഹവാസ മൺ ശ്രേണികൾ (611.6ഹെക്ടർ)
2. അടിവാരം-കൂരാച്ചുണ്ട് സഹവാസ മൺ ശ്രേണികൾ (19852.6 ഹെക്ടർ)

ചരൽ കലർന്ന കളിമണ്ണും എക്കലും മുതൽ ചരൽ കലർന്ന കളിമൺ രചന വരെയുള്ള ആഴം വളരെ കൂടിയ മൺ ശ്രേണിയാണ് അടിവാരം മൺ ശ്രേണി. കുറഞ്ഞ ഫലപൂഷ്ടിയും മണ്ണൊലിപ്പ് സാധ്യതയും ഈ മൺ ശ്രേണിയുടെ പോരായ്മയാണ്. ചരിവുമാനം അധികരിച്ച കുന്നിൻ ചരിവുകളിൽ കണ്ടുവരുന്ന ആഴം കുറഞ്ഞ മൺ ശ്രേണിയാണ് കൂരാച്ചുണ്ട് മൺ ശ്രേണി. ചരൽ കലർന്ന കളിമൺ രചനയുള്ള ഈ മൺ ശ്രേണി പൊതുവെ ഫലപുഷ്ടി കുറവുള്ളവയാണ്. മണ്ണ് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലുള്ള വളപ്രയോഗവും ജലസേചന സൗകര്യവും ഒരുക്കുന്നതും ഇത്തരം മണ്ണ് ശ്രേണികളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കും.

IV. മലനാട് പ്രദേശങ്ങളിലെ സഹവാസ മൺ ശ്രേണികൾ

1. കുരാച്ചുണ്ട്-തണ്ണീരമല സഹവാസ മൺ ശ്രേണികൾ (117.5ഹെക്ടർ)
2. പക്രന്തളം-അടിവാരം സഹവാസ മൺ ശ്രേണികൾ (14036.4 ഹെക്ടർ)

ആഴം വളരെ കൂടിയ മൺ ശ്രേണിയാണ് പക്രന്തളം മൺ ശ്രേണി. ചരിവ് മാനം അധികരിച്ച മലയോരങ്ങളിലാണ് പൊതുവെ കാണപ്പെടുന്നത്. അധികരിച്ച ചരിവ് മാനം, ചരലിന്റെ ആധിക്യം, ഉരുളൻ കല്ലുകളുടെ സാന്നിധ്യം എന്നിവ ഇത്തരം മൺ ശ്രേണികളുടെ പോരായ്മയാണ്. അതുകൊണ്ടു തന്നെ വാർഷിക വിളകളുടെ കൃഷിക്ക് ബുദ്ധിമുട്ടുകൾ ഉളവാക്കുന്നു.

V. പർവ്വത പ്രദേശങ്ങളിലെ സഹവാസ മൺ ശ്രേണികൾ

1. **കക്കയം-തണ്ണീരമല സഹവാസ മൺ ശ്രേണികൾ (882.5ഹെക്ടർ)**

   മണൽ കലർന്ന എക്കൽ രചനയോടുകൂടിയ സാമാന്യം ആഴമുള്ള മൺ ശ്രേണിയാണ് കക്കയം മൺ ശ്രേണി. ചരിവുമാനം അധികരിച്ച മലഞ്ചെരിവുകളിൽ വിന്യസിപ്പിച്ചിരിക്കുന്ന ഈ മൺ ശ്രേണി മണ്ണൊലിപ്പു സാധ്യത നിലനിർത്തി വനം മേഖലയായി നിലനിർത്തി പോരുന്നതാണ് ഉത്തമം.

2. **ചാരങ്ങാട്-കക്കയം സഹവാസ മൺ ശ്രേണികൾ (4601.7ഹെക്ടർ)**

   വളരെ ആഴം കൂടിയ ചരൽ കലർന്ന മണലോടുകൂടിയ കളിമണ്ണും എക്കലും മുതൽ ചരൽ കലർന്ന കളിമൺ രചനവരെയുള്ള മൺ ശ്രേണിയാണ് ചാരങ്ങാട് മൺ ശ്രേണി. അധികരിച്ച ചരിവുമാനം കാരണം കടുത്ത മണ്ണൊലിപ്പ് സാധ്യത കണക്കിലെടുത്ത് ഇത്തരം പ്രദേശങ്ങൾ വനമേഖലയായി നിലനിർത്തുന്നതാണ് ഉത്തമം.

3. **ശങ്കരംപുഴ-ചാരങ്ങാട് സഹവാസ മൺ ശ്രേണികൾ (18146.2 ഹെക്ടർ)**

   വളരെ ആഴം കൂടിയ മൺ ശ്രേണിയാണ് ശങ്കരംപുഴ മൺ ശ്രേണി. ഉയർന്ന ചരിവുമാനമുള്ള വനപ്രദേശങ്ങളിൽ കണ്ടു

വരുന്ന ഇത്തരം മൺ ശ്രേണികളിൽ മണ്ണൊലിപ്പ് സാധ്യത വളരെ കൂടുതലാണ്.

നദികളും ജലസേചനവും

ചാലിയാർ, കുറ്റ്യാടി, മാഹി, കടലുണ്ടി, കല്ലായി, കോരപ്പുഴ എന്നീ 6 നദികൾ കോഴിക്കോട് ജില്ലയിൽകൂടി ഒഴുകി വൃഷ്ടി പ്രദേശത്തെ സമ്പുഷ്ടമാക്കുന്നു. വലിപ്പത്തിൽ ഒന്നാം സ്ഥാനം വഹിക്കുന്ന ചാലിയാർ നദി പശ്ചിമഘട്ടത്തിലെ ഇളംമ്പരി കുന്നുകളിൽ (ഗൂഡല്ലൂർ) നിന്ന് ഉത്ഭവിച്ച് ഏകദേശം 169 കി.മീ. താണ്ടി ബേപ്പൂർ അഴിമുഖത്ത് ചേരുന്നു. പൂനൂർ പുഴ, പണ്ടിയൂർ, കഴിമ്പുഴ, ചെറുപുഴ, കാഞ്ഞിരംപുഴ, കുറുമ്പൻ പുഴ, വതട്പുരം പുഴ, ഇരുവഴിഞ്ഞിപുഴ എന്നിവ ചാലിയാറിന്റെ പോഷക നദികളാണ്.

വയനാട് ജില്ലയുടെ പടിഞ്ഞാറൻ ചെരിവിൽ നിന്നുത്ഭവിക്കുന്ന കുറ്റ്യാടി പുഴ വടകര, കൊയിലാണ്ടി താലൂക്കുകളിൽകൂടി ഏകദേശം 75 കി.മീ. ദൂരം ഒഴുകി ഈ നദി ആദ്യം വടക്കു ദിശയിലേക്കൊഴുകുകയും, പിന്നീട് തെക്ക് പടിഞ്ഞാറു ദിശയിലേക്കൊഴുകുകയും ചെയ്യുന്നു. തുറയൂർ എന്ന സ്ഥലത്തുവെച്ച് അകലാപുഴയായി സംഗമിച്ച് വടക്ക് പടിഞ്ഞാറ് ദിശയിലേക്ക് മൂരാട് പുഴ എന്ന പേരിൽ ഒഴുകി വടകരയ്ക്കടുത്തുള്ള കോടയ്ക്കൽ എന്ന സ്ഥലത്തുവെച്ച് കടലിലേക്ക് ചേരുന്നു. ഈ നദിയിലെ ജലം കക്കയം ഡാമിൽ ശേഖരിച്ച് ജലവൈദ്യുതി ഉൽപ്പാദിപ്പിച്ച് തുടർന്ന് പെരുവണ്ണാമൂഴി ഡാമിൽ ശേഖരിച്ച് ജലസേചനത്തിനായി ഉപയോഗിക്കുന്നു.

വയനാട് ജില്ലയിലെ മലനിരകളിൽ നിന്ന് ഉൽഭവിക്കുന്ന മാഹി നദി കോഴിക്കോട് ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്തുകൂടി ഒഴുകുന്നു. ജില്ലയുടെ വടക്ക് അതിർത്തിയിൽക്കൂടി ഒഴുകി താഴ്ന്ന പ്രദേശത്തിലൂടെ കാര്യാട് എന്ന സ്ഥലത്തുവെച്ച് തിരിഞ്ഞ് വടക്ക് പടിഞ്ഞാറോട്ട് ദിശയിൽ ഒഴുകി മാഹിയിൽവെച്ച് കടലിൽ ചേരുന്നു.

ഒലിപ്പുഴ, വെലിയാർ പുഴ എന്നിവ ചേർന്നുണ്ടാകുന്ന കടലുണ്ടി പുഴ ജില്ലയിൽ കൂടി ഏകദേശം 14 കി.മീ. ദൂരം ഒഴുകുന്നു.പെരുവയൽ പഞ്ചായത്തിലെ ചെറുകുളത്തൂർ നിന്നുത്ഭവിക്കുന്ന മാമ്പുഴ കല്ലായി പുഴയായി ഏകദേശം 22 കി.മീ. ഒഴുകി കോഴിക്കോട് വെച്ച് കടലിൽ ചേരുന്നു. അകലാപുഴ, പുന്നാരപുഴ എന്നിവ ചേർന്ന് വരുന്ന കോരപ്പുഴ 40 കി.മീ. ഒഴുകി എലത്തൂരിൽ വെച്ച് അറബിക്കടലിൽ ചേരുന്നു.

ചെറിയ അരുവികളാൽ സമ്പുഷ്ടമാക്കപ്പെട്ട ഈ 6 നദികളുടെ വൃഷ്ടി പ്രദേശത്ത് നീർത്തടാടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ വകുപ്പിന് കീഴിലായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കൃഷി ഭൂമിയിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൊതു നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ എന്നീ രണ്ടിനങ്ങളിൽ ഉള്ള പ്രവൃത്തികളാണ് നീർത്തട വികസന പദ്ധതിയിൽ നടപ്പിലാക്കി വരുന്നത്. അതുപ്രകാരം പ്രദേശത്ത് ലഭിക്കുന്ന മഴവെള്ളത്തെ വേഗത്തിൽ ഒഴുകി പോവാതെ തടഞ്ഞു നിർത്തുകയും മണ്ണൊലിപ്പിന്റെ തീവ്രത കുറയ്ക്കുകയും ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളാൽ സാധിക്കുന്നു. അതുമൂലം പ്രദേശത്തെ കൃഷി, ഗാർഹിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ജലലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യപ്പെടുന്നു.

കോഴിക്കോട് ജില്ലയിലെ നീർത്തടങ്ങൾ

234641 ഹെക്ടർ ഭൂവിസ്തൃതിയുള്ള കോഴിക്കോട് ജില്ലയെ മൊത്തമായി 420 ചെറു നീർത്തടങ്ങളായി തിരിച്ചതിന്റെ വിവരങ്ങൾ ചിത്രം 4.2.17-ൽ കൊടുത്തിട്ടുണ്ട്. ആയതിൽ ഉയർന്ന മുൻഗണനയുള്ളവ 156 എണ്ണവും, മധ്യമുൻഗണനയുള്ളവ 185 എണ്ണവും, താഴ്ന്ന മുൻഗണനയുള്ളവ 79 എണ്ണവുമാണ്.

ചിത്രം 4.1.17

ജില്ലയിലെ നീർത്തട വികസനത്തിന്റെ മുൻഗണന ക്രമം



പട്ടിക 4.1.24

ജില്ലയിലെ നിലവിലുള്ള ഭൂവിസ്തൃതിയുടെയും നീർത്തടങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ (2015-16)

ക്രമ നം	ഇനം	വിസ്തൃതി (ഹെക്ടർ) /എണ്ണം
1	മൊത്തം ഭൂവിസ്തൃതി	234641 ഹെക്ടർ
2	വന വിസ്തൃതി	41386 ഹെക്ടർ
3	കാർഷിക ഭൂവിസ്തൃതി	149940 ഹെക്ടർ
4	കാർഷികേതര ഭൂവിസ്തൃതി	31763 ഹെക്ടർ
5	ആകെ നീർത്തടങ്ങളുടെ എണ്ണം	420 എണ്ണം
6	ഉയർന്ന മുൻഗണന നീർത്തടങ്ങൾ	156 എണ്ണം
7	മധ്യ മുൻഗണന നീർത്തടങ്ങൾ	185 എണ്ണം
8	താഴ്ന്ന മുൻഗണന നീർത്തടങ്ങൾ	79 എണ്ണം

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

കൃഷിവകുപ്പ്, കൃഷി ഭവൻ മുഖേനയും ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമവികസന വകുപ്പ് മുഖേന IWMP പോലെയുള്ള പദ്ധതികളിലായും, ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതികളിലായും, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് തനതായും വിവിധങ്ങളായ പദ്ധതികളിലൂടെ മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പി ലാക്കിവരുന്നു.

പൊതുവെ പരിശോധിച്ചാൽ പിന്നിട്ട കാലയളവിൽ വിവിധ പദ്ധതികൾ ജില്ലക്കകത്ത് മണ്ണ് സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പിലാക്കിയി ട്ടുണ്ട്. അവയിൽ ഏറെക്കുറെ ഫലവത്തായി നടപ്പിലാക്കാൻ കഴിയുന്നത് നബാർഡ് സാമ്പത്തിക സഹായത്തോടുകൂടി ഗ്രാമീണ അടിസ്ഥാന വികസന ഫണ്ട് (RIDF) ഉപയോഗിച്ച് മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന നീർത്തട പദ്ധതികളാണ്. നീർത്തട പ്രദേശത്തെ കാർഷിക ഭൂമിയിലും, നീർച്ചാലുകളിലും ഒരുവിധം തൃപ്തികരമായി പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതിനാൽ പദ്ധതിയുടെ ഗുണഫലങ്ങൾ പ്രസ്തുത പ്രദേശങ്ങളിൽ ലഭ്യമാവുന്നുണ്ട്. പക്ഷെ ഇതിനുള്ള പരിമിതി ഇത്തരം പദ്ധതികൾ വർഷത്തിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമേ അംഗീകാരം ലഭിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ വർഷങ്ങൾ നീണ്ട കാത്തിരിപ്പിനുശേഷമേ ഇത്തരം പ്രവൃത്തികൾ അനിവാര്യമായ പ്രദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ഇതുകൂടാതെ മണ്ണ് സംരക്ഷണ പ്രവൃത്തികൾക്ക് ഏറെ പ്രാധാന്യം നൽകിയിട്ടുള്ള ഒരു പദ്ധതിയായിരുന്നു പശ്ചിമഘട്ട വികസന പദ്ധതികൾ (WGDP). ബന്ധപ്പെട്ട വകുപ്പുകൾ മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും ഒട്ടേറെ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്. മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ജില്ലയ്ക്ക് അനുവദിച്ചുകിട്ടുന്ന ഫണ്ടിന് പരിമിതിയുള്ളതിനാൽ ആവശ്യാനുസരണം നടപ്പിലാക്കാൻ ഇത്തരം പദ്ധതികൾക്കും സാധ്യമായിട്ടില്ല. മാത്രവുമല്ല പദ്ധതികൾ നടപ്പിലാക്കിയ പ്രദേശങ്ങളിൽതന്നെ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുകയ്ക്ക് ഹെക്ടർ പരിമിതിയുള്ളതിനാൽ ഓരോ പുരയിടത്തിന്റെയും ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ ആവശ്യാനുസരണം മണ്ണ് സംരക്ഷണ പ്രവർ ത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും ഒട്ടേറെ പ്രദേശങ്ങളിൽ പരിമിതമായ തോതിലെങ്കിലും മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല. മഴയെ

ആശ്രയിച്ച് കാർഷികവൃത്തിയിൽ ഏർപ്പെടുന്ന പ്രദേശങ്ങൾക്കായി നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത നീർത്തട വികസന പദ്ധതിയായിരുന്നു NWDPRA (National Watershed Development Programme for Rain fed Areas). പ്രസ്തുത പദ്ധതികളുടെയും മാർഗ്ഗരേഖ പ്രകാരം അനുവദിക്കാവുന്ന തുകയ്ക്ക് ഹെക്ടർ പരിമിതി ഉള്ളതിനാൽ ഓരോ പുരയിടങ്ങളിലും പൂർണ്ണതോതിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. ഓരോ പഞ്ചവത്സര പദ്ധതിയിലും നാമമാത്ര പദ്ധതികൾ മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളൂ. എങ്കിലും പരിമിതമായ തോതിലെങ്കിലും മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഈ പദ്ധതി മൂലവും നടപ്പിലാക്കാൻ കഴിഞ്ഞിരുന്നു. പ്രസ്തുത പദ്ധതിയും ഇപ്പോൾ നിലവിലില്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയായ വികസന ബ്ലോക്കുകൾ അടിസ്ഥാനത്തിൽ ഗ്രാമവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സംയോജിത നീർത്തട വികസന പരിപാലന പദ്ധതിയിലൂടെയും (IWDMP), ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കിവരുന്ന സംയോജിത നീർത്തട വികസന പരിപാലന പദ്ധതിയിലൂടെയും മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പൂർണ്ണ തോതിൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

പുതിയ കാലഘട്ടത്തിൽ വർത്തമാനകാല സാഹചര്യത്തിൽ മണ്ണും ജലവും ശാസ്ത്രീയമായി സംരക്ഷിക്കുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നതിനും അതുവഴി ജില്ലയുടെ സമഗ്രമായ വികസനം കൈവരിക്കുന്നതിനും ജില്ലയുടെ പദ്ധതിയിൽ സമഗ്രമായ കാഴചപ്പാടും വകുപ്പുകളുടെ ഏകോപനവും ആവശ്യമാണ്.

മണ്ണ് ഭൂമിയുടെ കണ്ണാണെങ്കിലും മറ്റു പ്രദേശങ്ങളിൽ എന്നതുപോലെ നമ്മുടെ ജില്ലയിലും രൂക്ഷമായ മണ്ണൊലിപ്പും മലിനീകരണവും നടന്നുവരുന്നു. അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും ഭൂഉപയോഗത്തിൽ കാലാകാലങ്ങളിലായി വന്ന മാറ്റങ്ങളും ഇതിനെ ത്വരിതപ്പെടുത്തുന്നു. മണ്ണിന്റെ ആരോഗ്യം നഷ്ടപ്പെടുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ കാർഷിക മേഖലയെ മാത്രമല്ല ഇതര വ്യവസായങ്ങളെയും സാരമായി ബാധിക്കുന്നുണ്ട്.

നമ്മുടെ ജില്ലയിൽ മണ്ണിന്റെ ആരോഗ്യത്തെ ക്ഷയിപ്പിക്കുന്ന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. അശാസ്ത്രിയമായ വികസന പ്രവർത്തനങ്ങൾ.
2. അമിതമായ രാസവളം/കീടനാശിനികൾ എന്നിവയുടെ ഉപയോഗം
3. ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ.
4. രൂക്ഷമായ മണ്ണൊലിപ്പ്.
5. വൃക്ഷങ്ങൾ/ചെടികൾ നശിപ്പിക്കുന്നത്.
6. മണ്ണിന്റെ അമ്ലത വർദ്ധിക്കുന്നത്.
7. മണ്ണിന്റെ ജൈവസമ്പത്ത് നശിപ്പിക്കപ്പെടുന്നത്.
8. Soil compaction and Soil sealing.
9. മണ്ണ് മലിനീകരണം.
10. മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടൽ (Nutrient imbalance).

ജില്ലയിൽ നടപ്പിലാക്കിയ മണ്ണ് ജല സംരക്ഷണ പദ്ധതികൾ

നാളിതുവരെ ജില്ലയിൽ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ നീർത്തട പദ്ധതികളുടെ വിശദവിവരങ്ങൾ പട്ടിക 4.1.25 ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 4.1.25

നടപ്പിലാക്കിയ നീർത്തട പദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പദ്ധതിയുടെ പേർ	നടപ്പിലാക്കിയ വകുപ്പ്	നീർത്തട പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയ ഭൂവിസ്തൃതി
1	RIDF	മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്	23	11273 ഹെ.
2	WGDP	മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്	23	124933 ഹെ.
3	NWDPRA	മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്	19	12195 ഹെ.
4	Landslide stabilization scheme	മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്	3	561 ഹെ.
5	TRDM	മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ്	1	22 ഹെ.
6	സംയോജിത നീർത്തട വികസന പദ്ധതി	ഗ്രാമവികസന വകുപ്പ്	4	3961ഹെ.

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

പ്രകൃതി വിഭവ സംരക്ഷണത്തിനും കാർഷികമേഖലയുടെ സുസ്ഥിര വികസനത്തിനും മണ്ണ്, ജലം എന്നിവയുടെ സംരക്ഷണം അനിവാര്യമാണ്. വർഷത്തിൽ രണ്ട് കാലങ്ങളിലായി സാമാന്യം മെച്ചപ്പെട്ട രീതിയിൽ മഴ ലഭിക്കുന്ന നമ്മുടെ ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലും വർഷക്കാലം കഴിഞ്ഞാൽ അടുത്ത വരൾച്ചയുടെ പിടിയിൽ അമരുന്നു. രൂക്ഷമായ മണ്ണൊലിപ്പ് മൂലം ഉൽപ്പാദനക്ഷമമായ മേൽമണ്ണ് നശിക്കുകയും, സസ്യവളർച്ചക്കാവശ്യമായ പോഷകങ്ങൾ നഷ്ടപ്പെടുകയും, കാർഷിക ഉൽപ്പാദനം കുറയ്ക്കുകയും ചെയ്യുന്നു. ജലസംഭരണികളിലും, നദീമുഖങ്ങളിലും മണ്ണടിയുകയും, മഴവെള്ളം മണ്ണിലമർന്ന് കിനിഞ്ഞിറങ്ങാതെ ഭൂജലലഭ്യത കുറയുകയും ചെയ്യുന്നു.

പ്രകൃതി വിഭവ സംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായ മാതൃക നീർത്തടാടിസ്ഥാനത്തിൽ സമഗ്ര വികസന കാഴ്ചപ്പാടോടുകൂടി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, വനവൽക്കരണം എന്നിവയേയും അനുബന്ധ മേഖലകളെയും ശാസ്ത്രീയമായി സമന്വയിപ്പിച്ച് കൊണ്ടുള്ള ഒരു സംയോജിത നീർത്തട വികസന പദ്ധതിയാണ്. നമുക്ക് ലഭിക്കുന്ന മഴവെള്ളത്തെ ഒട്ടും നഷ്ടപ്പെടാതെ മണ്ണിലേക്കിറക്കി വിടാനും മണ്ണും, ജൈവ വൈവിധ്യവും സംരക്ഷിക്കാനും, നീർത്തടാധിഷ്ഠിത മണ്ണ് ജല പരിപാലനം മാത്രമാണ് പോംവഴി. നീർത്തട വികസനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങൾ കൃഷിഭൂമിയിലെ സംരക്ഷണ കൃഷി മുറകൾ, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, നീർച്ചാൽ സംരക്ഷണ മാർഗ്ഗങ്ങൾ, മഴവെള്ള സംഭരണം എന്നിവയാണ്.

മഴക്കാലത്ത് കിട്ടുന്ന ജലം വേനൽക്കാലത്തേക്ക് ശേഖരിച്ച് വയ്ക്കുന്നതിനും ഉത്തമമായ സംഭരണി മണ്ണ് തന്നെയാണ്. ഭൂമിയുടെ ചെരിവും, മണ്ണിന്റെ സ്വഭാവവുമനുസരിച്ച് ഉൾക്കൊള്ളാവുന്നത്ര മഴവെള്ളം വീഴുന്നിടത്തുതന്നെ സംഭരിക്കുക എന്നതാണ് ലക്ഷ്യം. ആയതിന് താഴെക്കൊടുക്കുന്ന വിവിധങ്ങളായ മാർഗങ്ങൾ ഉപയോഗിക്കുന്നു.

1. മണ്ണ് സംരക്ഷണ കൃഷിമുറകൾ

ശാസ്ത്രീയമായ കൃഷിരീതികളിലൂടെ പുരയിടത്തൽ നിന്നും മഴവെള്ളം ഒഴുകി നഷ്ടപ്പെടാതെ സാവധാനം മണ്ണിലേക്ക് താഴ്ത്തുന്നു. പ്രധാന കൃഷി മുറകൾ പട്ടിക 4.1.26 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.1.26

മണ്ണ് സംക്ഷണ കൃഷിമുറകൾ

ക്രമ നം	കൃഷി രീതി	പ്രവർത്തനങ്ങൾ
1	കോണ്ടൂർ കൃഷി	ഭൂമിയുടെ ചെരിവിന് കുറുകെ കോണ്ടൂർ വരമ്പിനു സമാന്തരമായി കൃഷി ചെയ്യുന്നതിനെയാണ് കോണ്ടൂർ കൃഷി എന്നു വിളിക്കുന്നത്. മഴവെള്ളം പിടിച്ചുനിർത്തുകയും, ജലം മണ്ണിലേക്ക് ഊർന്നിറങ്ങി മണ്ണൊലിപ്പ് തടയുകയും, ഭൂമി കൂടുതൽ കൃഷിയോഗ്യമാവുകയും ചെയ്യുന്നു.
2	ബഹുതല കൃഷി	ഉയരം കൂടിയതും കുറഞ്ഞതുമായ സസ്യങ്ങൾ നിശ്ചിത രീതിയിൽ കൃഷിചെയ്യുന്ന സമ്പ്രദായമാണിത്. സസ്യങ്ങൾ തമ്മിൽ സൂര്യപ്രകാശത്തിനോ, വെള്ളത്തിനോ, പോഷകത്തിനോ വേണ്ടിയുള്ള മത്സരമുണ്ടാകില്ല.
3	ഇടവരികൃഷി	മണ്ണൊലിപ്പ് തടയുന്ന വിളകളും, മണ്ണിളക്കൽ ആവശ്യമുള്ള വിളകളും ഒന്നിടവിട്ട വരികളിൽ കൃഷി ചെയ്യുന്ന സമ്പ്രദായമാണ് ഇടവരി കൃഷി. താരതമ്യേന ചെരിവ് കുറഞ്ഞ പ്രദേശത്താണ് ഈ മാർഗ്ഗം ഫലപ്രദം.
4	സമ്മിശ്ര കൃഷി	പ്രകൃതി വിഭവ സംരക്ഷണത്തിനും, കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന കൃഷി രീതിയാണിത്. ആഴത്തിൽ വേരുകളുള്ള വിളകളോടൊപ്പം ഉപരിതലത്തിൽ വ്യാപിക്കുന്ന വേരുകളുള്ള വിളകൾ ഒന്നിടവിട്ട് കൃഷി ചെയ്യാം.
5	ഇടവിള കൃഷിഃ-	തെങ്ങിൻതോപ്പുകളിലും മറ്റും വിളകൾക്കിടയിൽ ഒഴിവ് വരുന്ന സ്ഥലങ്ങളിൽ സൂര്യപ്രകാശവും മണ്ണിലെ ഈർപ്പവും ഉപയുക്തമാക്കി വിവിധ തരത്തിലുള്ള ഇടവിളകൾ കൃഷി ചെയ്യാവുന്നതാണ്.
6	പുതയിടൽ	കൃഷിഭൂമിയിലെ ചപ്പുചവറുകൾ, പച്ചിലകൾ എന്നിവ ഇട്ട് മണ്ണിന് മേൽ ആവരണം സൃഷ്ടിക്കുന്നതാണ് പുതയിടൽ. മണ്ണിലെ ജലാംശം നിലനിർത്തുകയും, ജീർണ്ണിക്കുമ്പോൾ ജൈവാംശവും സൂക്ഷ്മ ജീവികളും വർദ്ധിച്ചു മണ്ണിനെ സംപുഷ്ടമാക്കുന്നു
7	വിള പരിവർത്തനം	ഒരേ സ്ഥലത്ത് ഓരോ പ്രാവശ്യം വ്യത്യസ്ത വിളകൾ കൃഷി ചെയ്യുന്നത് മണ്ണിനെ ജലാഗിരണ ശേഷിയും വിഭവ സംരക്ഷണ ശേഷിയും വർദ്ധിപ്പിക്കുന്നു. വ്യത്യസ്ത കുടുംബത്തിൽപ്പെട്ട വിളകൾ കൃഷി ചെയ്യുന്നതാണ് ഉചിതം.
8	പുൽകൃഷി	പുൽകൃഷി ചെലവുകുറഞ്ഞ ഒരു മണ്ണ് സംരക്ഷണ മാർഗ്ഗമാണ്. മണ്ണിന്റെ ജലാഗിരണ ശേഷി വർദ്ധിക്കുമെന്ന് മാത്രമല്ല മൺതരികളെ കൂട്ടിയോജിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നു. തീറ്റപ്പുൽ വെച്ചുപിടിപ്പിച്ചാൽ കാലിത്തീറ്റയായി ഉപയോഗിക്കാവുന്നതാണ്.

9	ആവരണ വിളകൾ	തോട്ടങ്ങളിൽ ആവരണ വിളകൾ വളർത്തിയാൽ മഴത്തുള്ളികൾ നേരിട്ട് മണ്ണിൽ പതിച്ചു മണ്ണൊലിപ്പ് ഉണ്ടാവുന്നത് തടയുന്നു. വിവിധയിനം പയർ വർഗത്തിൽപ്പെട്ട ചെടികളാണ് ഉപയോഗിക്കുന്നത്. ഇത് അന്തരീക്ഷത്തിലുള്ള നൈട്രജനെ മണ്ണിലേക്ക് ചേർക്കുന്നതിന് സഹായിക്കുന്നു. മാത്രവുമല്ല ഇത് കർഷകർക്ക് അധിക വരുമാനം നേടിക്കൊടുക്കുകയും മണ്ണിലെ നൈട്രജന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.
10	ജൈവവേലികൾ	പുരയിടത്തിന്റെ അതിരുകളിലൂടെ സസ്യങ്ങൾ വേലിപോലെ നിരങ്ങനെ വെച്ചുപിടിപ്പിക്കുന്നതാണ്. ജൈവവേലികൾ ശീമക്കൊന്ന, സുബാബുൾ, മുരിങ്ങ, ഔഷധ സസ്യങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കാം. പച്ചിലവളമായും കാലിതീറ്റയായും, പുതയിടാനും ഇവ ഉപയോഗിക്കാം
11	തരിശ് നിരയിടൽ	ചെരിവിന് കുറുകെ ഇടയ്ക്കിടെ കുറച്ച് സ്ഥലം കൃഷി ചെയ്യാതെ തരിശിടുന്ന ഭാഗത്ത് പുല്ലും മറ്റും യഥേഷ്ടം വളരാൻ അനുവദിക്കണം. ഇത് മണ്ണിന്റെ ഫലഭൂഷ്ടി വർദ്ധിപ്പിക്കുന്നതിന് കാരണമാവും. കൃഷി ചെയ്യുന്ന ഭാഗത്ത് നിന്നും ഇളകിയ മണ്ണ് ഒലിച്ചുപോകാതെ ഈ സ്ഥലത്ത് നിക്ഷേപിക്കപ്പെടുന്നു.
12	കാർഷിക വനവൽക്കരണം	അനുയോജ്യമായ ഇനം വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കുക വഴി മണ്ണിനെ ഉറപ്പിച്ച് സംരക്ഷിക്കുവാനും, അധിക വരുമാനം ലഭിക്കുവാനും സാധിക്കും. വിവിധ ഗുണങ്ങൾ ഉളളതും, വിളകളെ പ്രതികൂലമായി ബാധിക്കാത്തതുമായ വൃക്ഷങ്ങൾ ഇതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

പട്ടിക 4.1.27

കാർഷിക ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ

ക്രമ നം	ജല സംരക്ഷണ രീതി	പ്രവർത്തനങ്ങൾ
1	കയ്യാലകൾ/ബണ്ടുകൾ	മിതമായ ചെരിവുളള പ്രദേശത്ത് അവലംബിക്കാവുന്ന ഉത്തമമായ മണ്ണ് സംരക്ഷണ മാർഗ്ഗമാണിത്. സമോച്ച രേഖയിലൂടെ മണ്ണ്കൊണ്ട് തന്നെ ബണ്ട് നിർമ്മിക്കാവുന്നതാണ്. ഇത്തരം ബണ്ടുകളിൽ തീറ്റപ്പുൽ നട്ട് ബലപ്പെടുത്തുകയും ചെയ്യാറുണ്ട്.
2	കല്ല് കയ്യാലകൾ	താരതമ്യേന ചെരിവുകൂടിയ പ്രദേശത്ത് ആവശ്യാനുസരണം കല്ല് ലഭിക്കുന്നിടത്ത് സമോച്ച രേഖയിലൂടെ കല്ലടുക്കി മണ്ണിട്ട് ബലപ്പെടുത്തിയാണ് കല്ല് കയ്യാലകൾ നിർമ്മിക്കുന്നത്. ഇവ മഴവെളളത്തെ

		തടഞ്ഞു നിർത്തി മണ്ണിലേക്ക് ഇറക്കുന്നതിന് സഹായിക്കുന്നു. ബണ്ടുകൾക്ക് മുകളിൽ പൈനാപ്പിൾ, തീറ്റപ്പുല്ല് എന്നിവ വച്ചുപിടിപ്പിച്ച് കൂടുതൽ ബലപ്പെടുത്തി എടുക്കാവുന്നതാണ്.
3	വേദികൾ/തട്ടുതിരിക്കൽ	ചെരിവുള്ള ഭൂമിയെ നിരപ്പുള്ള നിരവധി തട്ടുകളാക്കി കൃഷി ചെയ്യാൻ പാകപ്പെടുത്തിയെടുക്കുന്ന രീതിയാണിത്. വേദികളിൽ മഴവെള്ളം തങ്ങിനിന്ന് മണ്ണിലേക്ക് ഊർന്നിറങ്ങുന്നു. വേദികളുടെ ആയുസ്സ് കൂട്ടുന്നതിന് അനുയോജ്യമായ വിളകളും, കൃഷി രീതികളും തെരെഞ്ഞെടുക്കാവുന്നതാണ്.
4	കോണ്ടൂർ ട്രഞ്ചുകൾ	കോണ്ടൂർ രേഖയിലൂടെ ചാലുകൾ കീറി ആ മണ്ണ് കൊണ്ട് ചാലിനു താഴെ ബണ്ട് പിടിപ്പിച്ചു വേണം ഇവ നിർമ്മിക്കുവാൻ ബണ്ടിനു മുകളിൽ പുല്ല് വെച്ചുപിടിപ്പിക്കാവുന്നതാണ്. മണ്ണിടിച്ചിലും, ഉരുൾപൊട്ടലുമുള്ള ചെരിവുകൂടിയ പ്രദേശങ്ങളിൽ ഇവ ഒഴിവാക്കേണ്ടതാണ്.
5	മഴക്കുഴികൾ	ചെരിവിനു കുറുകെ സമോച്ച രേഖയിൽ നിശ്ചിത അകലത്തിൽ കുഴികൾ നിർമ്മിച്ച്, കൃഷിയിടങ്ങളിലെ മണ്ണും, ജലവും ഒഴുകി നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിന് മഴക്കുഴികൾ നിർമ്മിക്കാവുന്നതാണ്. ഈ മഴക്കുഴികളിൽ നിറയുന്ന ജലം സാവധാനം മണ്ണിലേക്ക് ഊർന്നിറങ്ങുന്നു.
6	വൃക്ഷത്തടങ്ങൾ	വൃക്ഷത്തലപ്പുകളിൽ വീഴുന്ന മഴവെള്ളം അതാതു വൃക്ഷങ്ങളുടെ ചുവട്ടിൽതന്നെ അനുയോജ്യമായ വലിപ്പത്തിൽ തയ്യാറാക്കിയ തടങ്ങളിൽത്തന്നെ സംഭരിച്ചു സാവധാനം മണ്ണിലേക്ക് ഇറക്കാവുന്നതാണ്.
7	സസ്യാവരണങ്ങളോടു കൂടിയ മൺവരമ്പുകൾ	ചെറിയ ചെരിവുകളിൽ നിശ്ചിത കോണ്ടൂർ രേഖയിലൂടെ മൺവരമ്പുകൾ ഉണ്ടാക്കുകയും അവയ്ക്ക് മീതെ തീറ്റപ്പുല്ലോ, കുറ്റിച്ചെടിയോ വെച്ച് പിടിപ്പിക്കുകയും ചെയ്യുന്ന രീതിയാണിത്. സസ്യങ്ങളുടെ വേരിറങ്ങി മൺവരമ്പുകൾ ബലപ്പെടുകയും ചെയ്യുന്നു.
8	പുൽവരമ്പ്/തിരണകൾ	ചെരിവിന് കുറുകെ കോണ്ടൂർ രേഖകളിൽ തീറ്റപ്പുല്ല് കൊണ്ട് തിരണകൾ ഉണ്ടാകുന്ന രീതിയാണിത്. രാമച്ചവും, പടരുന്ന വേരുള്ള പുൽച്ചെടികളും വെച്ചുപിടിപ്പിച്ച് ഇത്തരം പുൽവരമ്പുകൾ നിർമ്മിക്കാവുന്നതാണ്.

9	ചെറുകുളങ്ങൾ	പുരയിടത്തിൽനിന്നും വെളളം ഒഴുകിപോകുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിന് മുമ്പായി ചെറിയ കുളങ്ങൾ നിർമ്മിച്ച് ജലവും, ഒഴുകിപോവുന്ന മണ്ണും തടഞ്ഞുനിർത്താവുന്നതാണ്. കുളത്തിന്റെ വശങ്ങളിൽ പുല്ല്, കൈത മുതലായവ വെച്ച് ബലപ്പെടുത്താവുന്നതാണ്.

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ

നീരൊഴുക്കിന്റെ വേഗത കുറച്ച് മണ്ണിടിച്ചിൽ കുറയ്ക്കാനും, പാർശ്വങ്ങളുടെ ശോഷണം തടയാനും, നീർച്ചാലുകളിൽ നടത്തുന്ന സംരക്ഷണ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാണ്.

തടയണകൾ

നീരൊഴുക്കിന് എതിരെ തുടർച്ചയായി തടസ്സങ്ങൾ സൃഷ്ടിച്ച് ജലപ്രവാഹത്തിന്റെ ശക്തി കുറയ്ക്കുക എന്നതാണ് തടയണകളുടെ ഉദ്ദേശം. ഭൂമിയുടെ ചെരിവ്, മഴയുടെ തോത്, തോടിന്റെ വീതി എന്നീ ഘടകങ്ങൾ പരിഗണിച്ച് നീരൊഴുക്കിന്റെ തോത് മനസ്സിലാക്കി അനുയോജ്യമായ ചെക്കുഡാമുകൾ നിർമ്മിക്കാവുന്നതാണ്.

ജൈവതടയണകൾ

നീർച്ചാലുകളുടെ ആരംഭത്തോടുളള ഭാഗങ്ങളിൽ ഇത്തരം തടയണകൾ ഫലപ്രദമാണ്. പുൽവർക്ഷങ്ങൾ, പച്ചിലചെടികൾ തുടങ്ങിയവ ചാലിനു കുറുകെ വെച്ചുപിടിപ്പിച്ച് ഒഴുകിവരുന്ന മണ്ണിനെയും, വെളളത്തെയും തടഞ്ഞുനിർത്താവുന്നതാണ്.

ബ്രഷ് വുഡ് തടയണകൾ

നീരൊഴുക്ക് ശക്തിയാർജ്ജിക്കുന്ന ഇടങ്ങളിൽ ഇത്തരം തടയണകൾ നിർമ്മിക്കാവുന്നതാണ്. ചാലിനു കുറുകെ നിരകളായി തളിർക്കുന്ന മരക്കുറ്റികൾ നടുകയും അവയ്ക്കിടയിൽ ചുളളിക്കൊമ്പുകൾ, മരച്ചില്ലകൾ, വളളി പടർപ്പുകൾ തുടങ്ങിയവ വെച്ച് നിറച്ചുകെട്ടി ബലപ്പെടുത്തിയുമാണ് ബ്രഷ് വുഡ് തടയണകൾ ഉണ്ടാക്കുന്നത്. മരക്കുറ്റികൾ ക്രമേണ തളിർത്ത് തടയണകൾ ബലപ്പെടുകയും, നീരൊഴുക്കിന്റെ വേഗത കുറച്ച് മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു.

ലോഗ് വുഡ്/പാഴ്തടി തടയണകൾ

തോടുകളിൽ നീരൊഴുക്കിന് കുറുകെ മരത്തടികൾ കെട്ടിയുറപ്പിച്ച് നിർമ്മിക്കാവുന്ന തടയണകളാണിത്. ഇവ ഒഴുകിവരുന്ന മണ്ണിനെ തടഞ്ഞുവെയ്ക്കുകയും, നീരൊഴുക്കിന്റെ വേഗത കുറയ്ക്കുകയും ചെയ്യുന്നു.

കല്ല് തടയണകൾ

ലഭ്യമായ സ്ഥലങ്ങളിൽ കാട്ടുകല്ലുകൾ ഉപയോഗിച്ചും, അല്ലാതിടങ്ങളിൽ കല്ലുകൾ ലഭ്യമാക്കിയും തോടിനു കുറുകെ നിശ്ചിത അകലവും, ഉയരവും പാലിച്ചുകൊണ്ട് ചെറിയ ചെറിയ ചെക്ക്ഡാമുകൾ നിർമ്മിച്ച് വെളളത്തിന്റെ ഒഴുക്കിനെ നിയന്ത്രിച്ച് മണ്ണ് ജല സംരക്ഷണ ഉറപ്പുവരുത്താവുന്നതാണ്.

ഗാബിയൻ ചെക്ക്ഡാം

നിശ്ചിത കട്ടിയുളള വേലിക്കമ്പികൊണ്ട് തയ്യാറാക്കിയ ബോക്സുകൾക്കുളളിൽ കല്ലുകൾ നിറച്ച് നിർമ്മിക്കുന്ന തടയണകളാണവ. കമ്പികളുപയോഗിക്കുന്നതിനാൽ പാറകൾ ഇളകാതിരിക്കുകയും, ദീർഘകാലം നിലനിൽക്കുകയും ചെയ്യും.

കോൺക്രീറ്റ് തടയണ

നീരൊഴുക്കിന്റെ തോതും, തോടുകളുടെ വീതിയും കൂടുതലുളള ഇടമാണെങ്കിൽ കോൺക്രീറ്റ് തടയണകൾ നിർമ്മിക്കാവുന്നതാണ്.

പാർശ്വഭിത്തികൾ

നീർച്ചാലുകളുടെയും, അരുവികളുടെയും അരികുകൾ ഇടിഞ്ഞ് വീണ് നാശോന്മുഖമാകുന്നത് തടയാനാണ് ചാലുകളിൽ പാർശ്വഭിത്തി നിർമ്മിക്കുന്നത്. കരയിടിച്ചിൽ തടയാനും,

കൃഷിസ്ഥലങ്ങളിൽ മണ്ണിടിയുന്നത് തടയാനും പാർശ്വഭിത്തികൾ സഹായകമാവുന്നു.

സസ്യങ്ങൾകൊണ്ടുള്ള സംരക്ഷണം

നീർച്ചാലുകളുടെ പാർശ്വഭിത്തികളിൽ കൈത, രാമച്ചം, ഈറ്റ, മുള തുടങ്ങിയ സസ്യങ്ങൾ വെച്ചുപിടിപ്പിച്ച് പാർശ്വങ്ങൾ ഇടിയുന്നത് സംരക്ഷിക്കാവുന്നതാണ്. ചെലവു കുറഞ്ഞ ഫലപ്രദമായ മാർഗമാണിത്.

കയർഭൂവസ്ത്രം

തികച്ചും പ്രകൃതി സൗഹാർദ്ദ രീതിയിൽ കയർ ഭൂവസ്ത്രമുപയോഗിച്ചും തോടുകളിൽ പാർശ്വങ്ങൾ സംരക്ഷിക്കാം. മീതെ പുൽവർക്ഷങ്ങൾവെച്ച് ബലപ്പെടുത്തേണ്ടത് ആവശ്യമാണ്. കയർ ഭൂവസ്ത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ജില്ലയിലെ ജലസേചന കനാലുകളുടെ ഭിത്തി സംരക്ഷിക്കുന്നതിനായും കൃഷിയിടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കല്ല് കൊണ്ടുള്ള പാർശ്വഭിത്തി

നീരൊഴുക്കിന്റെ തോതും, കല്ലിന്റെ ലഭ്യതയും അനുസരിച്ച് കാട്ട് കല്ല്, കരിങ്കല്ല്, സിമെൻറ് തുടങ്ങിവയ ഉപയോഗിച്ച് തോടുകളിൽ പാർശ്വഭിത്തി നിർമ്മിക്കാവുന്നതാണ്.

മഴവെള്ളക്കൊയ്ത്ത്

മഴവെള്ളം ശേഖരിക്കുവാൻ കൃഷി സ്ഥലങ്ങളിൽ അവിടവിടെ മഴക്കുഴി എടുക്കുന്ന സമ്പ്രദായം ജലസംരക്ഷണത്തിന് വലിയ തോതിൽ ഉതകുന്നതാണ്. കൂടാതെ വീടിന് മുകളിൽ വീഴുന്ന മഴ വെള്ളത്തെ ഭൂമിയിലേക്ക് ഇറക്കുവാനുള്ള പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

കിണർ റീചാർജ്ജിംഗ്

മഴയുടെ സമയത്ത് മേൽക്കൂരയിൽനിന്നും മഴവെള്ളം പാത്തിയിൽക്കൂടി ശേഖരിച്ച് കിണറിന് ഉപരിതലത്തിൽ എടുക്കുന്ന കുഴികളിലേക്കോ അല്ലെങ്കിൽ ഫിൽട്ടർ വഴി നേരിട്ട് കിണറുകളിലേക്കോ ഇറക്കുന്ന രീതിയാണിത്. വേനൽക്കാലത്ത് ജലലഭ്യത വർദ്ധിക്കുന്നതോടൊപ്പം കിണറുകളിലേക്കുള്ള ഉറവകൾ ശക്തിപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു.

സാധ്യതകൾ

നദീതടങ്ങളിലായി നിലകൊള്ളുന്ന ജില്ലയിൽ ചെറുതും വലുതുമായ ഒട്ടേറെ പുഴകളും, തോടുകളും നിലവിലുണ്ട്. വർഷക്കാലത്ത് ഇവയെല്ലാം നിറഞ്ഞൊഴുകുമെങ്കിലും വേനൽ തുടങ്ങുമ്പോൾ തന്നെ ഇവയിൽ പലതും വറ്റി വരളുന്നുണ്ട്. പശ്ചിമഘട്ട മലനിരക്കുകളിൽനിന്നും ആരംഭിക്കുന്ന ഇവയുടെ വൃഷ്ടി പ്രദേശങ്ങളിൽ പൂർണ്ണതോതിൽ ശാസ്ത്രീയമായ മണ്ണ് സംരക്ഷണ പ്രവൃത്തികൾ ആവശ്യമാണ്. അതുവഴി പുഴകളിലെ ജലലഭ്യതയും പൊതുവെ കോഴിക്കോട് ജില്ലയുടെ ഭൂഗർഭജലവിതാനവും നമുക്ക് ഉയർത്താൻ കഴിയും. അതോടൊപ്പം ജില്ലയിലെ പുഴ, തോട്, എന്നിവയിൽ ബന്ധപ്പെട്ട മുഴുവൻ വകുപ്പിലെ സാങ്കേതിക വിഭാഗവും CWRDM പോലെ ജലവിനിയോഗ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തി നടത്തുന്ന ഒരു സർവ്വെയിലൂടെ കണ്ടെത്തുന്ന സ്ഥലത്ത് മുഴുവനും തടയണകളും, ബണ്ടുകളും നിർമ്മിക്കുന്നതിന് ഒരു മുൻഗണനാക്രമം നിശ്ചയിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ജില്ലയിലെ പ്രധാന അണക്കെട്ടുകളായ കക്കയത്തെയും, പെരുവണ്ണാമുഴിയിലെയും ജല സംഭരണ ശേഷി ഗണ്യമായി കുറവ് വന്നിട്ടുണ്ട്. പെരുവണ്ണാമുഴി ഡാമിൽനിന്നാണ് കോഴിക്കോട് നഗരത്തിലെ കുടിവെള്ള വിതരണം ജപ്പാൻ കുടിവെള്ള പദ്ധതി മുഖേനയാണ് നിർവ്വഹിക്കുന്നത്. പെരുവണ്ണാമുഴി ഡാമിലെ വെള്ളം ഉപയോഗിച്ച് പുതിയ ജല വൈദ്യുതി പദ്ധതിയും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഡാമിലെ ജലലഭ്യതയുടെ അളവ് വർദ്ധിപ്പിക്കേണ്ടത് ജില്ലയുടെ സമഗ്ര പുരോഗതിക്ക് ആവശ്യമാണ്. ഡാമിലെ Dead Storageന്റെ 82 ശതമാനം എന്ന തോതിൽ എക്കൽ മണ്ണ് അടിഞ്ഞ് ഡാമിന്റെ സംഭരണ ശേഷി കുറഞ്ഞുവരികയാണ്. അതുകൊണ്ടുതന്നെ പെരുവണ്ണാമുഴി ഡാമിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കേണ്ടതും, ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഒരു ബൃഹത് പദ്ധതി ആവശ്യമാണ്.

തമിഴ്നാട്ടിൽ ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകി അറബി കടലിൽ പതിക്കുന്ന ചാലിയാറിനെ ബന്ധപ്പെടുത്തി അന്തർ സംസ്ഥാന നദീതട പദ്ധതിയായി കേന്ദ്ര ഗവൺമെൻറിൽനിന്നും പദ്ധതി

സമർപ്പിച്ച് അംഗീകാരം ലഭിച്ചാൽ കോഴിക്കോട് ജില്ലയോടൊപ്പം മലപ്പുറം ജില്ലയിലും അതിന്റെ ഗുണഫലങ്ങൾ ലഭിക്കും.

കോഴിക്കോട് ജില്ലയിൽ ചെറുതും വലുതുമായ ധാരാളം കുളങ്ങളുണ്ടെങ്കിലും അവയെ സംബന്ധിച്ച് സമ്പൂർണ്ണ വിവരങ്ങൾ ലഭ്യമാവുന്ന ഒരു ഏകീകൃത രേഖ ജില്ലയ്ക്ക് ഇന്ന് നിലവിലില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ജില്ലയിലെ മുഴുവൻ കുളങ്ങളെയുംഉൾകൊള്ളുന്ന വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലുള്ള ഒരു സർവ്വെ പൂർത്തിയാക്കി മുൻഗണനാ ക്രമം നിശ്ചയിച്ച് അവയെ സംരക്ഷിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് ചുമതല നൽകിക്കൊണ്ടുള്ള ഒരു കർമ്മപദ്ധതി ആവിഷ്ക്കരിക്കണം.

കോഴിക്കോട് ജില്ലയിലെ ഭൂഗർഭജല വിതാനം ഉയർത്തുന്നതിനും നദികളുടെ പുനരുജ്ജീവനം സാധ്യമാക്കി വരൾച്ചക്കും, കുടിവെള്ള ക്ഷാമത്തിനും ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും അതോടൊപ്പം ജില്ല അഭിമുഖീകരിക്കുന്ന രൂക്ഷമായ മണ്ണൊലിപ്പിന്റെ തോത് കുറച്ച് സുസ്ഥിരമായ കാർഷിക വിള വർദ്ധനവ് കൈവരിച്ച് ജില്ലയുടെ സമഗ്ര പുരോഗതി സാധ്യമാവുന്ന കർമ്മ പദ്ധതികളാണ് വരാനിരിക്കുന്ന നാളുകളിൽ ജില്ലയിലെ മണ്ണ് സഭംരക്ഷണ വകുപ്പ് ലക്ഷ്യം വെയ്ക്കുന്നത്.

ലഭ്യമായ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഫണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും നബാർഡ് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായങ്ങളും ഉപയോഗപ്പെടുത്തി ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തിയ പദ്ധതികൾ ജില്ലയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്.

ജില്ലയിലെ പ്രധാന ജലസ്രോതസ്സായ പെരുവണ്ണാമുഴി ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണവും പൂനൂർ പുഴ ഉൾപ്പെടെയുള്ള ജില്ലയിലെ പ്രധാന പുഴകളുടെ പുനരുജ്ജീവനം ലക്ഷ്യം വെച്ചുള്ള പദ്ധതികളും ജില്ലയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഇതിലേക്കായി ജില്ലയിലെ നീർത്തട പ്രദേശങ്ങൾ മുഴുവൻ മുൻഗണനാ ക്രമത്തിൽ തിരിച്ച് മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരി ക്കേണ്ടതുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന കൃഷിഭൂമിയിലെ മുഴുവൻ പ്രവൃത്തികളും നീർത്തടാടിസ്ഥാനത്തിൽ നടത്തുകയും ആയതിനുള്ള സാങ്കേതിക മികവ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

ജില്ലയിൽ നിലവിലുള്ള ഭൂരിഭാഗം കിണറുകളും സാധ്യമായ രീതിയിൽ റീചാർജ്ജിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ് ക്കരിക്കേണ്ടതുണ്ട്. പുതിയ കെട്ടിട നിർമ്മിതികളിൽ മഴവെള്ള സംഭരണ സംവിധാനം നിർബന്ധമാക്കുകയും നിലവിലുള്ള കെട്ടിടങ്ങളിൽ സാധ്യമായവയിൽ മഴവെള്ള സംഭരണ നിർമ്മിതികൾ സ്ഥാപിക്കുന്ന വിധം പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പുഴകളിലേക്കായി ഒഴുകിയെത്തുന്ന ജില്ലയിലെ ചെറുതും വലുതുമായ മുഴുവൻ തോടുകളുടെയും അവയുടെ ഉൽഭവ കേന്ദ്രങ്ങളിലെ നീർച്ചാലുകളുടെയും വിശദമായ സർവ്വെ പൂർത്തീകരിച്ച് അവയുടെ ശാസ്ത്രീയമായ പരിപാലനത്തിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കി പുഴകളുടെ പുനർജീവനം സാധ്യമാക്കേണ്ടതുണ്ട്.

പട്ടിക 4.1.28

RIDFൽ നിർദ്ദേശിക്കപ്പെട്ട പുതിയ നീർത്തട പദ്ധതികൾ

ക്രമ നം.	നീർത്തടത്തിന്റെ പേര്	വിസ്തൃതി	അടങ്കൽ തുക	തദ്ദേശ സ്ഥാപനം	പദ്ധതിയുടെ പേര്	മുൻഗണനാ ക്രമം
1	മഞ്ഞുവയൽ	350 ഹെക്ടർ	105 ലക്ഷം	കോടഞ്ചേരി	RIDF	Medium
2	എലന്തുകടവ്	400 ഹെക്ടർ	120 ലക്ഷം	തിരുവമ്പാടി	RIDF	Medium
3	കൂട്ടക്കര	700 ഹെക്ടർ	210 ലക്ഷം	കൂടരഞ്ഞി	RIDF	High
4	കല്ലുളളതോട്	435 ഹെക്ടർ	211 ലക്ഷം	കട്ടിപ്പാറ	RIDF	Medium
5	കുറുങ്ങോട്ട് താഴം	625 ഹെക്ടർ	167 ലക്ഷം	കായണ്ണ, കോട്ടൂർ	RIDF	Medium
6	കരണ്ടോട്	2100 ഹെക്ടർ	250 ലക്ഷം	കുറ്റ്യാടി, കായക്കൊടി	RIDF	High
7	മണ്ണൂർ	580 ഹെക്ടർ	175 ലക്ഷം	മരുതോങ്കര	RIDF	High
8	ആനക്കുളം	650 ഹെക്ടർ	2.50 കോടി	കാവിലുംപാറ	RIDF	Medium
9	മാവുളളപൊയിൽ	110 ഹെക്ടർ	60 ലക്ഷം	കട്ടിപ്പാറ	Landslide	-
10	പെരുന്തൊടി	95 ഹെക്ടർ	30 ലക്ഷം	കട്ടിപ്പാറ	Landslide	-
11	കരിമ്പാലക്കണ്ടി	210 ഹെക്ടർ	90 ലക്ഷം	കായക്കൊടി	Landslide	-
12	കപ്പളളി നെടുങ്കണ്ടി	210 ഹെക്ടർ	53.74 ലക്ഷം	തിരുവളളൂർ	RKVY	-

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തി PMKSY പദ്ധതി മുഖേന നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരങ്ങൾ പട്ടിക 4.1.29-ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 4.1.29

ജില്ലാ ഇറിഗേഷൻ പ്ലാൻ – PMKSY പദ്ധതി

ക്രമ നം.	നിർമ്മിതികളുടെ എണ്ണം		അടങ്കൽ തുക	ജലസേചനം സാധ്യമായ ഭൂവിസ്തൃതി
1	കുളം	53	2009.53 ലക്ഷം	2034 ഹെക്ടർ
2	V C B	3		

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

ചിത്രം4.1.18

ജില്ലാഇറിഗേഷൻ പ്ലാനിൽ (PMKSY) ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ



ഹരിത കേരള മിഷനുമായുള്ള സംയോജനം

ജലസുരക്ഷ, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുരക്ഷ എന്നിവയാണ് സംസ്ഥാനത്ത് ഹരിത കേരള മിഷനിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. ഇവ സാധ്യമാവണമെങ്കിൽ വിളവർദ്ധനവും ജലസമൃദ്ധിയും പാരിസ്ഥിതിക സന്തുലനവും നേടേണ്ടതുണ്ട്. ഇതിനായി പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, ജൈവവൈവിദ്ധ്യവും ശാസ്ത്രീയമായി സംരക്ഷിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള ഭാവനപൂർണ്ണമായ കാഴ്ചപ്പാടോടുകൂടിയ പദ്ധതി പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

നമ്മുടെ ജില്ലയുടെ ഭൂവിസ്തൃതിയിൽ ബഹുഭൂരിപക്ഷം വരുന്ന കൃഷിയിടങ്ങളിലെ ഭൂമി രൂക്ഷമായ മണ്ണൊലിപ്പിന് വിധേയമാണ്. പ്രതിവർഷം ഒരു ഹെക്ടറിൽനിന്നും 16.4 ടൺ ഫലഭൂയിഷ്ടമായ മേൽമണ്ണ് അതിശക്തമായ മഴയിൽ ഒഴുകി മണ്ണൊലിപ്പ് മൂലം നഷ്ടപ്പെടുന്നുണ്ട്. കൃഷിക്ക് വേണ്ടി നാം ഉപയോഗിക്കുന്നത് 30 സെ.മീ. കനത്തിലുള്ള ഫലഭൂയിഷ്ടമായ മേൽമണ്ണാണ്. ഇവ നഷ്ടപ്പെടുമ്പോൾ ഭൂമിയുടെ ജലാഗിരണ ശേഷി നഷ്ടപ്പെടുകയും സസ്യജാലങ്ങളുടെ നിലനിൽപ്പ് അപകടത്തിലാവുകയും ചെയ്യുന്നു. ഫലത്തിൽ ഭൂമിയുടെ ഉൽപ്പാദന ക്ഷമത കുറയുകയാണ് ചെയ്യുന്നത്. ഇത് ഹരിത കേരള മിഷൻ ലക്ഷ്യം വെയ്ക്കുന്ന വിളവർദ്ധനവും, അതുവഴിയുള്ള ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനും വിഘാതമാണ്. അതുകൊണ്ട് തന്നെ വിവിധങ്ങളായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

ജലം സംരക്ഷിച്ചു നിർത്തുന്നതിനുള്ള ഭൂമിയിലെ ഏറ്റവും വലിയ ജലസംഭരണിയാണ് മണ്ണ്. ഏകദേശം മൂവായിരം മില്ലി മീറ്റർ മഴ നമുക്ക് ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഭൂരിഭാഗവും സമുദ്രത്തിലേക്ക് ഒഴുകിപോവുകയാണ്. മഴവെള്ളം ഒഴുകി ജലാശയങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സമയദൈർഘ്യം വർദ്ധിപ്പിച്ച് വെള്ളത്തെ ഭൂമിയിലേക്ക് ഇറക്കിവിട്ടാൽ മാത്രമേ ജില്ലയിലെ ഭൂഗർഭ ജലവിതാനത്തിലും ചെറുനീർച്ചാലുകൾ മുതൽ നമ്മുടെ നദികളിലെ അടക്കം ജലലഭ്യതയിൽ വർദ്ധനവ് വരുത്താൻ സാധിക്കുകയുള്ളൂ. ആയതിനുള്ള ജല സംഭരണ പ്രവൃത്തികളും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ മാത്രമെ ജലസുരക്ഷ എന്ന ഹരിത കേരള മിഷൻ ലക്ഷ്യം കൈവരിക്കാൻ കഴിയൂ.

മണ്ണും ജലവും സംരക്ഷിക്കുന്നതോടൊപ്പം ജില്ലയിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും, വിപുലപ്പെടുത്തുന്നതിനും കർമ്മപദ്ധതികൾ ആവശ്യമാണ്. ജില്ലയിൽ മൊത്തത്തിൽ നിലവിലുള്ള സസ്യമേലാവരണ തട്ടുകൾ വർദ്ധിപ്പിക്കുകയും സംരക്ഷിക്കുകയും വിപുലപ്പെടുത്തേണ്ടതും ചെയ്യേണ്ടതുണ്ട്. ജില്ലയിൽ സാധ്യമായ ഇടങ്ങളിലെല്ലാം ഫല വൃക്ഷതൈകളും, വനവൃക്ഷതൈകളും നടുന്നതോടൊപ്പം ഇടവിളക്കൃഷിയും വ്യാപകമാക്കേണ്ടതുണ്ട്. വയലുകൾ പൂർണ്ണതോതിൽ നെൽകൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനായി പദ്ധതികൾ രൂപപ്പെടുത്തണം. ജില്ലയിലെ തരിശുഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുന്നതിനുള്ള പ്രായോഗിക പദ്ധതികളും നടപ്പിലാക്കണം. ഇതുവഴി ജില്ലയിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കപ്പെടുകയും പാരിസ്ഥിതിക സുരക്ഷ എന്ന മിഷൻ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് സഹായമാവുകയും ചെയ്യും.

പട്ടിക 4.1.30

ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തി 2017-18-ൽ പി.എം.കെ.എസ്.വൈ പദ്ധതി മുഖേന നടപ്പിലാക്കാൻ സമർപ്പിക്കപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത വിവരങ്ങൾ

ക്രമ നം.	നിർമ്മിതികളുടെ പേര്	അടങ്കൽ തുക	തദ്ദേശ സ്ഥാപനം
1	മാടത്തുംപറമ്പ് കുളം	7.75 ലക്ഷം	കൊടുവളളി മുനിസിപ്പാലിറ്റി
2	കൈപ്പാക്കുളങ്ങര കുളം	12.81 ലക്ഷം	കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്
3	ഊരാണ്ടി ഇല്ലം കുളം	9.16 ലക്ഷം	എടച്ചേരി ഗ്രാമപഞ്ചായത്ത്
4	പുനത്തുംപടിക്കൽ കുളം	155 ലക്ഷം	ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത്
5	തോട്ടപ്പുറത്ത് പരദേവതാ ക്ഷേത്രം	24 ലക്ഷം	നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്
6	അവിടനല്ലൂർ ലക്ഷ്മി നാരായണ ക്ഷേത്രക്കുളം	21 ലക്ഷം	കോട്ടൂർ ഗ്രാമപഞ്ചായത്ത്

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

പട്ടിക 4.1.31

2017-19 വർഷങ്ങളിൽ നടപ്പാക്കാൻഉദ്ദേശിക്കുന്ന പുതിയ നീർത്തട പദ്ധതികൾ

ക്രമ നം.	നീർത്തടങ്ങളുടെ പേർ	തദ്ദേശ സ്ഥാപനം
1	കണ്ടാലമലത്തോട്	കൊടുവളളി മുനിസിപ്പാലിറ്റി
2	പൂതക്കുഴിതോട്	താമരശ്ശേരി, കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്
3	അടിവാരം	പുതുപ്പാടി ഗ്രാമപഞ്ചായത്ത്
4	വലാൽമൂല	പുതുപ്പാടി ഗ്രാമപഞ്ചായത്ത്
5	പയോണ	പുതുപ്പാടി ഗ്രാമപഞ്ചായത്ത്
6	ഏലക്കാനം-ചൂരത്തോട്	പനങ്ങാട് ഗ്രാമപഞ്ചായത്ത്
7	തോട്ടുമുക്കം	കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്
8	പോത്തുണ്ടിപ്പുഴ	കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്
9	ചുണ്ടത്തുംപൊയിൽ	കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്
10	പാലോറമല	ഉളളിയേരി ഗ്രാമപഞ്ചായത്ത്
11	എരമംഗലം	അത്തോളി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്
12	പുത്തൂർ-മങ്ങാട്	ഓമശ്ശേരി ഗ്രാമപഞ്ചായത്ത്
13	കല്ലനോട്	കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്
14	എരപ്പാൻതോട്	കൂരാച്ചുണ്ട്, കായണ്ണ ഗ്രാമപഞ്ചായത്ത്
15	ആനക്കയം	കാവിലുംപാറ ഗ്രാമപഞ്ചായത്ത്

16	കായക്കൊടി	കായക്കൊടി ഗ്രാമപഞ്ചായത്ത്
17	വാളൂക്ക്	നരിപ്പറ്റ ഗ്രാമപഞ്ചായത്ത്
18	തോരാട്മല	പനങ്ങാട് ഗ്രാമപഞ്ചായത്ത്
19	തോണിക്കുഴിതോട്	പനങ്ങാട് ഗ്രാമപഞ്ചായത്ത്

അവലംബം : മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട്

ചിത്രം–4.1.19

ജില്ലയിലെ നടപ്പിലാക്കാനുദ്ദേശിക്കുന്ന നീർത്തട പദ്ധതികൾ



പരിപ്രേക്ഷ്യം

1. പ്രാദേശിക ജലസ്രോതസ്സ് പുനരുജ്ജീവിപ്പിക്കൽ.

   വിവിധ വാർഡുകളിലെ പൊതു കിണറുകളുടെയും, കുളങ്ങളുടെയും സ്ഥിതിവിവരകണക്കുകൾ തയ്യാറാക്കണം. ഇതിൽ പുനരുജീവിപ്പിക്കേണ്ടവ കണ്ടെത്തി നീർത്തട ഭൂപടത്തിൽ രേഖപ്പെടുത്തണം.

2. ചെറുനീർച്ചാലുകൾ മുതൽ ജില്ലയിലെ നദികളിലെ വരെ ജല ലഭ്യത വർദ്ധിപ്പിക്കുക.

3. കൃഷിഭൂമിയിലെ മേൽമണ്ണ് ഒഴുകിപോകാതെ സംരക്ഷിച്ച് ജില്ലയിലെ മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുക.

4. മഴവെള്ളത്തെ മണ്ണിലേക്ക് സംഭരിച്ച് ജില്ലയുടെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ

നടപ്പിലാക്കൽ.

5. മണ്ണിലെ ജൈവാംശം വർദ്ധിപ്പിച്ച് മണ്ണിന്റെ ജലാഗിരണ ശേഷി വർദ്ധിപ്പിക്കുക.

6. ജൈവവൈവിദ്ധ്യങ്ങളുടെ സംരക്ഷണത്തിലൂടെ ജില്ലയുടെ പാരിസ്ഥിതിക സംന്തുലനം നിലനിർത്തുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം സമൂഹത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സ്ക്കൂൾ തലത്തിൽ ഒരു പാഠ്യവിഷയമായി ഏറ്റെടുക്കേണ്ടതും, ആയത് പ്രായോഗികമായി നടപ്പിൽ വരുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2. പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച കൃഷിയിടങ്ങളിൽ കർഷകരുടെ വ്യക്തിഗത അപേക്ഷകൾ പരിഗണിച്ച് ആവശ്യമായ ഇടങ്ങളിൽ മണ്ണ് സംരക്ഷണ പ്രവൃത്തികൾ ചെയ്ത് കൃഷിയിടങ്ങൾ പുനസ്ഥാപിച്ച് നൽകുന്നതിന് നിലവിൽ വകുപ്പ് മുഖേന സാദ്ധ്യമല്ല. ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കുക.

3. മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പിൽ വരുത്തുന്ന പുരയിടങ്ങളുടെ ഭൂമിശാസ്ത്ര പരമായ കിടപ്പിനനുസരിച്ച് പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഹെക്ടർ പരിധി വർദ്ധിപ്പിക്കുക.

4. വിവിധ കേന്ദ്രാവിഷ്കൃത മണ്ണ് സംരക്ഷണ പദ്ധതികളുടെ മാർഗ്ഗ രേഖകൾ കേരള സാഹചര്യമനുസരിച്ച് പരിഷ്ക്കരിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാടിസ്ഥാനത്തിൽ മുൻഗണന നിശ്ചിയിച്ചു കൊണ്ട് നടപ്പിലാക്കുക.

2. തണ്ണീർത്തട നിയമം കർശനമായി പാലിക്കുക.

3. കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കി കൊണ്ടുള്ള നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുക.

4. കിണർ റീചാർജ്ജിംഗ് പ്രോൽസാഹിപ്പിക്കുക.

5. ജലസാക്ഷരത കൈവരിക്കുന്നതിന് ഹരിതകേരളമിഷനിൽ ഉൾപ്പെടുത്തി കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

മൃഗസംരക്ഷണവും ക്ഷീര വികസനവും

മൃഗസംരക്ഷണവും ക്ഷീരവികസനവും ജില്ലയിലെ ഉത്പാദന മേഖലയിൽ പ്രധാന പങ്കുവഹിക്കുന്നു. കുറഞ്ഞ ചെലവിൽ സ്വയം തൊഴിൽ കണ്ടെത്താനും, കുറഞ്ഞ സ്ഥലത്ത് ലാഭകരമായി നടപ്പിലാക്കാനും സാധിക്കുന്നതിനാൽ കേരളത്തിന് ഏറ്റവും അനുയോജ്യമായ കാർഷിക മേഖലയാണ് മൃഗസംരക്ഷണ ക്ഷീര വികസന മേഖല. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ മാംസ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നത് പ്രധാന മായും മൃഗസംരക്ഷണ ക്ഷീര വികസന മേഖലയാ ണ്. കൂടാതെ ജൈവ കൃഷിയ്ക്ക് അതീവ പ്രാധാന്യ മുള്ള ഇക്കാലത്ത് ഇതിനാവശ്യമായ ജൈവവളം ഈ മേഖലയുടെ സംഭാവനയാണ്. മറ്റെല്ലാ കാർ ഷിക മേഖലയേക്കാളും സ്ത്രീകൾ കൂടുതൽ ഏർ പ്പെട്ടിരിക്കുന്നു എന്നതിനാൽ സ്ത്രീ ശാക്തീക രണത്തിൽ മൃഗസംരക്ഷണക്ഷീര വികസന മേഖല വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

മൃഗസമ്പത്ത് പരിപോഷിപ്പിക്കുക, മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തദ്വാരാ ദുർബല വിഭാഗങ്ങളുടെ വരുമാന വർദ്ധനവിനു സഹായിക്കുക, മൃഗോൽപ്പന്നങ്ങളായ പാൽ, മുട്ട, മാംസം മുതലായവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് പ്രതീശീർഷ വരുമാനം ഉയർത്തുക, ജന്തുരോഗങ്ങൾ നിയന്ത്രിച്ച് കുറഞ്ഞ ചെലവിൽ കന്നു കാലികളുടെ ഉൽപാദന ക്ഷമത പരമാവധി കൈവരിക്കുക, പൊതുജനാരോഗ്യ പ്രശ്നമെന്ന നിലയിൽ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും തിരിച്ചും പകരുന്ന ജന്തുജന്യ രോഗങ്ങൾ നിയന്ത്രിക്കുക മുതലായവയാണ് ഈ മേഖലയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ.

നിലവിലെ അവസ്ഥാ വിശകലനം

ഗ്രാമീണ ജനതയുടെ സമ്പത്തിന്റെ മുഖ്യഭാഗവും മൃഗസമ്പത്താണ്. കേരളത്തിലെ ഗ്രാമീണപ്രദേശ ങ്ങളിലാണ് മൃഗസമ്പത്തിന്റെ ഭൂരിഭാഗവും കണ്ടു വരുന്നത്. ബഹുഭൂരിപക്ഷം കന്നുകാലി ഉടമകളും ഗ്രാമീണ കർഷകരാണ്. അതുകൊണ്ട് തന്നെ ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ മേഖലയിൽ സ്ഥായിയായ വികസനം അനിവാര്യമാണ്.

വിവിധ മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ വെറ്ററിനറി കേന്ദ്രം, വിവിധ മൃഗാശുപത്രികൾ, പോളി ക്ലിനിക്കുകൾ, ഡിസ്പെൻസറികൾ, ഊർജ്ജിത കന്നുകാലി വികസന പദ്ധതി കാര്യാലയങ്ങൾ അവയുടെ ഉപകേന്ദ്രങ്ങൾ, കന്നുകുട്ടി പരിപാലന പദ്ധതി ഓഫീസ്, സെൻട്രൽ വെറ്ററിനറി സ്റ്റോർ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ്. കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനായി ഒരു പ്രാദേശിക കോഴിവളർത്തൽ ഫാം ഈ ജില്ലയിൽ പ്രവർത്തിക്കുന്നു.

പോഷകാഹാരങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യത്തെ കാണിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ സാമ്പത്തിക ഉന്നമനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനും ക്ഷിരോല്പാദനം പ്രത്യേക പങ്കു

വഹിക്കുന്നു. ഇറച്ചി, തുകൽ, ചാണകം, കന്നുകുട്ടി എന്നിവയും ഈ മേഖലയിലെ ഉൽപന്നങ്ങളാണ്. ആരോഗ്യ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പാലിനും പാൽ ഉൽപന്നങ്ങൾക്കും മുട്ട, മാംസം മുതലായവയ്ക്കും വിപണി സാദ്ധ്യത കൂടിക്കൊണ്ടിരിക്കും.

ആകെ ഉൽപാദിപ്പിക്കുന്ന പാലിന്റെ 80 ശതമാനത്തിലധികവും പശുവിൻ പാലാണ്. അതുകൊണ്ട് ക്ഷീരോല്പാദന വർദ്ധനവു ലക്ഷ്യമാക്കിയുള്ള എല്ലാ പദ്ധതികളും പശുവിൻ പാൽ ഉൽപാദനത്തിനു മുൻതൂക്കം നല്കികൊണ്ടുള്ളതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് നേതൃത്വം നല്കുന്നത് ക്ഷീര വികസന വകുപ്പാണ്.

മൃഗസംരക്ഷണ മേഖല താരതമ്യേന നല്ല വരുമാനം നൽകുന്നത് വഴി ഒരു ജീവനോപാധി എന്ന നിലയിലും, വരുമാന മാർഗ്ഗം എന്ന നിലയിലും, പൊതു ജനാരോഗ്യത്തിന് പ്രധാനം എന്ന നിലയിലും, കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം ലഭ്യമാക്കുന്നതിന് ഏറെ ഗുണകരമെന്ന നിലയിലും വളരെ പ്രാധാന്യം അർഹിക്കുന്നുണ്ടെങ്കിൽ കൂടി ഈ മേഖല എന്നും അവഗണിക്കപ്പെടുന്ന അവസ്ഥയാണ് കാണുന്നത്. ഇതിന് പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. മേഖലയുടെ പ്രാധാന്യത്തെ കുറിച്ച് ആളുകളിൽ അവബോധമില്ലായ്മ.
2. ബോധവർക്കരണ പരിപാടികൾ നല്ലരീതിയിൽ നടക്കാറുണ്ടെങ്കിലും പുതിയ ആളുകളുടെ പങ്കാളിത്തം കുറവ്
3. ഈ മേഖല താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങളുടെ മാത്രം രംഗമാണെന്ന ധാരണ.
4. മൃഗപരിപാലനത്തിൽ കൂടുതൽ സമയം ശ്രദ്ധ വേണ്ടുന്നതിനാൽ ആളുകൾക്ക് മറ്റ് ആവശ്യങ്ങൾക്ക് സമയ ലഭ്യത കുറയുമെന്ന മിഥ്യാധാരണ
5. മേഖലയിലെ സാമ്പത്തിക നേട്ടവും, തൊഴിലുറപ്പും, ഉറപ്പുള്ള വരുമാന സ്രോതസ്സ്, പൊതുജനാരോഗ്യത്തിലെ പ്രാധാന്യം തുടങ്ങിയവയെ കുറിച്ചുള്ള അവബോധമില്ലായ്മ.
6. മേഖലയിൽ നിലനിൽക്കുന്ന കർഷകർക്ക് ആവശ്യമായ പരിഗണനയും പ്രോത്സാഹനങ്ങളും ലഭിക്കുന്നില്ല എന്നുള്ള തോന്നൽ
7. പൊതു ജനങ്ങൾക്ക് ഈ മേഖലയോടുള്ള മനോഭാവം.

മേഖലയെ കുറിച്ച് അറിഞ്ഞ് കൃത്യമായ പരിശീലനങ്ങളോ, അവബോധമോ ഇല്ലാതെ സംരംഭങ്ങളിൽ ഏർപ്പെട്ട് പരാജയപ്പെടുമ്പോൾ ഇത് കാണുന്ന പുതു സംരംഭകർക്കുണ്ടാകുന്ന ആശയക്കുഴപ്പം, മേഖലയിൽ മുതൽമുടക്കുവാൻ അവർക്ക് ധൈര്യമില്ലാതെ വരുന്നത്.

പട്ടിക 4.1.32

ജില്ലയിലെ മൃഗസമ്പത്ത് സംബന്ധിച്ച വിവരങ്ങൾ (2013-14)

മൃഗങ്ങൾ	എണ്ണം	ഉൽപാദനക്ഷമതയുള്ളവ
പശു	104731	75700
എരുമ	11343	8800
ആട്	86554	63800
ആകെ	**202628**	**148300**

അവലംബം- ഇൻറഗ്രേറ്റഡ് സാമ്പിൾ സർവ്വെ 2013-14

മൃഗ സംരക്ഷണ വകുപ്പ് 2013-14 നടത്തിയ സാമ്പിൾ സർവ്വേ പ്രകാരം ജില്ലയിലെ കന്നുകാലികളുടെ ആകെ എണ്ണം 202628 ഉം ഉൽപാദനക്ഷമതയു ള്ളവയുടെ എണ്ണം 148300 വും (73%) ആണ്. ആകെ മൃഗസമ്പത്തിന്റെ 52 ശതമാനവും പശുക്കളാണ്.

പട്ടിക 4.1.33

ജില്ലയിലെ പാൽ സംഭരണ വർദ്ധനവ് (%)

വർഷം	പാൽ സംഭരണം (ലിറ്ററിൽ)	പ്രതിദിന ശരാശരി സംഭരണം (ലിറ്ററിൽ)	സംഭരണ വർദ്ധനവ്
2010 – 11	2,51,96,182	69,220	
2011 – 12	2,87,27,299	78,921	14 %
2012 – 13	3,11,28,283	85,517	8.4%
2013 – 14	3,39,83,195	93,360	9.17%
2014 – 15	3,57,80,554	98,298	5.3%
2015 – 16	3,78,17,089	1,03,893	5%

അവലംബം: ജില്ലയിലെ എല്ലാ ക്ഷീര വികസന യൂണിറ്റുകളിൽ നിന്നുമുള്ള റിപ്പോർട്ട് .

പട്ടിക 4.1. 34

ജില്ലയിലെ പക്ഷി സമ്പത്ത് സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	കോഴികൾ	783993
2	താറാവുകൾ	70500
	ആകെ	854493

അവലംബം- ഇൻറഗ്രേറ്റഡ് സാമ്പിൾ സർവ്വെ 2013-14

പട്ടിക 4.1. 35

മേഖലയിലെ ഉൽപ്പന്നങ്ങളുടെ താരതമ്യ പഠനം (2014)

ക്രമ നം	ഇനം	ഉൽപ്പാദനം	ആവശ്യകത	വ്യത്യാസം
1	പാൽ (ലക്ഷം ലിറ്ററിൽ)	1952.75	3157.25	1204.5
2	മുട്ട (ലക്ഷത്തിൽ)	1529	5400	3871
3	മാംസം (മെട്രിക് ടണ്ണിൽ)	34000	37000	3000

അവലംബം :മൃഗ സംരക്ഷണവകുപ്പ്

2014 ൽ ജില്ലയിലെ പാലിന്റെ മൊത്തം ആവശ്യകതയുടെ 62 ശതമാനമാണ് ആഭ്യന്തര ഉത്പാദനം. മുട്ടയുടെ കാര്യത്തിൽ ആഭ്യന്തര ഉത്പാദനം 28 ശതമാനം മാത്രമാണ്. മാംസത്തിന്റെ ആവശ്യകതയുടെ 92 ശതമാനം ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്നതായി മേൽപട്ടിക കാണിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന മാടുകളെയും കോഴികളെയും ജില്ലക്കകത്ത് വെച്ച് മാംസമായി മാറ്റുന്നതിനാലാണ് ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനം ഇത്തരത്തിൽ ഉയർന്നു നിൽക്കുന്നത്.

പട്ടിക-4.1.36

ജില്ലയിലെ പ്രതിവർഷ മുട്ട ഇറക്കുമതി

ക്രമ നം	ഇനം	എണ്ണം (ലക്ഷത്തിൽ)
1	കോഴി മുട്ട	732
2	താറാവു മുട്ട	4.2
3	കാട മുട്ട	4.5
4	ആകെ	740.7

അവലംബം- ഇൻറഗ്രേറ്റഡ് സാമ്പിൾ സർവ്വെ 2013-14

ജില്ലയിലെ മുട്ട ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര ഉത്പാദനവും ഇറക്കുമതിയും ചേർന്നാലും 42 ശതമാനം മാത്രമേ ലഭ്യമാകുന്നുള്ളൂ. ഇതിൽ നിന്നും ജില്ലയിൽ മുട്ട ഉത്പാദനത്തിന് മുൻഗണന നൽകേണ്ടതിന്റെ പ്രാധാന്യം വ്യക്തമാകുന്നു.

പട്ടിക 4.1. 37

ജില്ലയിലെ മാംസോത്പാദനം (2004)

ക്രമ നം	ഇനം	മെട്രിക്ക് ടൺ
1	കോഴികളും താറാവുകളും	14.7348
2	കന്നുകാലികൾ	17.10264
3	ആടുകൾ	1.15768
4	പന്നികൾ	0.5706

അവലംബം- ഇൻറഗ്രേറ്റഡ് സാമ്പിൾ സർവ്വെ 2013-14

ജില്ലയുടെ മാംസ ആവശ്യകതയുടെ ചെറിയ ശതമാനം മാത്രമേ ജില്ലയിൽ ഉത്പാദിപ്പിക്കുന്നുള്ളൂ. അന്യ സംസ്ഥാനങ്ങളിൽ നിന്നും മാംസാവശ്യത്തിനുള്ള മൃഗങ്ങളെയും പക്ഷികളെയും ഇറക്കുമതി ചെയ്യുന്നതിലൂടെയാണ് ജില്ലയിലെ ആവശ്യം നിറവേറ്റുന്നത്.

പട്ടിക 4.1. 38

ജില്ലയിലെ അറവു ശാലകളുടെ തരം

അംഗീകൃതം (എണ്ണം)	അംഗീകൃതമല്ലാത്തത് (എണ്ണം)	ആധുനികം
1	178	ഇല്ല

അവലംബം :മൃഗ സംരക്ഷണവകുപ്പ്

മാംസാവശ്യത്തിനുള്ള ഭൂരിഭാഗം മൃഗങ്ങളെയും പക്ഷികളെയും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് മാംസമാക്കി മാറ്റുകയാണ് ചെയ്യുന്നതെങ്കിലും ജില്ലയിൽ അംഗീകൃതമായ ഒരു അറവുശാല മാത്രമേ ഉള്ളൂ എന്നതാണ് വസ്തുത. അതേ സമയം ശാസ്ത്രീയമായ അറവുശാല ഒന്നുപോലും ഇല്ല എന്നുള്ളത് ഖേദകരമാണ്. നിലവിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അറവുശാലകൾ ആരോഗ്യ രംഗത്തും ശുചിത്വ രംഗത്തും വെല്ലുവിളി ഉയർത്തുന്നതാണ്.

ഈ മേഖലയിലെ പ്രധാന പ്രവർത്തനങ്ങൾ

കർഷക രജിസ്ട്രേഷൻ

ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ വെറ്ററിനറി ആശുപത്രികളിലും ഡിസ്പൻസറികളിലുമായി പാൽ, മുട്ട, മാംസം മുതലായ ഉല്പാദന മേഖലകളിലായി 33837 കർകരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

കന്നുകുട്ടി ജനന രജിസ്റ്റർ

കഴിഞ്ഞ വർഷം ജില്ലയിൽ ആകെ 11296 കന്നുകുട്ടി ജനനമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം വഴി ജനിച്ച കന്നുകുട്ടികളുടെ എണ്ണം 4069 ആണ്.

വന്ധ്യത പരിശോധന ക്യാമ്പുകൾ

2016-17 വർഷത്തിൽ 20 വന്ധ്യത പരിശോധന ക്യാമ്പുകൾ നടത്തുകയുണ്ടായി. ഇതിനായി 2 ലക്ഷം രൂപ പദ്ധതി വിഹിതം അനുവദിക്കുകയുണ്ടായി.

എഗ്ഗർ നഴ്സറി

ജില്ലയുടെ വിവധ ഭാഗങ്ങളിലായി ഗവൺമെന്റ് അംഗീകാരത്തോടെ 17 എഗ്ഗർ നഴ്സറികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഗ്രാമീണ മേഖലയിലും മറ്റും നിരവധി പേർ മുട്ട ഉല്പാദനത്തിനായി കോഴി, താറാവ് വളർത്തൽ തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെട്ടുവരുന്നുണ്ട്. ഇത് ആഭ്യന്തര മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം തന്നെ ഗ്രാമീണ മേഖലയുടെ സാമ്പത്തികമായ ഉന്നമനത്തിനും സഹായകരമാകുന്നു.

ജില്ലാ വെറ്ററിനറി കേന്ദ്രം ഡവലപ്പ്മെന്റ് കമ്മിറ്റി മെഡിക്കൽ ഷോപ്പ്

ജില്ലയിലെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി ജില്ലാ വെറ്ററിനറി കേന്ദ്രത്തിനോടനുബന്ധിച്ച് ഹോസ്പിറ്റൽ ഡവലപ്പ് മെന്റ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ഷോപ്പ് പ്രവർത്തിച്ചുവരുന്നു.

പട്ടിക 4.1. 39

മൃഗങ്ങൾക്ക് നൽകിയ ചികിത്സാ വിവരങ്ങൾ (2016 – 17)

ക്രമ നം	രോഗ വിവരം	പശു	എരുമ	ആട്	ആകെ
1	Circular system	956	52	658	1666
2	Congenital Conditions	0	0	2	2
3	Deficiency Diseases	7339	96	3542	10977
4	Digestive Disorders	64326	3418	30255	97999
5	Disease of Sense organs	273	7	104	384
6	Gynaecological Disorders	14076	5	1996	16077
7	Infectious Disease	731	2	62	795
8	Metabolic Disease	6850	23	577	7450
9	Musculoskeletal System	515	2	205	722
10	Nervous System	78	0	4	82
11	Other Disease	10533	472	3886	14891
12	Parasitic Conditions	67047	2638	19051	88736
13	Respiratory Disorders	16529	758	9118	26405
14	Skin Disease	11725	385	2865	14975
15	Surgical Conditions	8836	155	4881	13872
16	Toxicoses	240	0	147	387
17	Urinary System	40	0	30	70
	Total	**210094**	**8013**	**77383**	**295490**

അവലംബം :മൃഗ സംരക്ഷണവകുപ്പ്

പ്രതിരോധ കുത്തിവെപ്പുകൾ

പട്ടിക 4.1. 40

കുളമ്പു രോഗപ്രതിരോധ കുത്തിവയ്പ്പ് സംബന്ധിച്ച വിവരങ്ങൾ (2016-17)

ക്രമ നം	വിവരണം	ലക്ഷ്യം	കുത്തിവെച്ചത്
1	കന്നുകാലികൾ	104731	91766
2	എരുമ	4343	2631

അവലംബം :മൃഗ സംരക്ഷണവകുപ്പ്

ജില്ലയിൽ കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പ് എടുക്കാൻ ലക്ഷ്യമിട്ട കന്നുകാലികളുടെ 87.62% ത്തിനും എരുമകളുടെ 60.56 %ത്തിനും 2016-17 ൽ പ്രതിരോധ കുത്തിവെപ്പ് എടുക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ താറാവ് വളർത്തലുമായി ബന്ധപ്പെട്ട മേഖലയിൽ പ്രതിരോധ കുത്തിവെപ്പ് വളരെ കുറവാണെന്നും കാണാം. (33.06%).

പട്ടിക 4.1. 41

അസ്കാഡ് (ASCAD) പ്രതിരോധ കുത്തിവയ്പ്പ് റിപ്പോർട്ട് (2016-17)

ഇനം	ലക്ഷ്യം	കുത്തിവെച്ചത്
താറാവ്	20000	6612
കോഴികൾ	703607	585902
ആകെ	**723607**	**592514**

അവലംബം :മൃഗ സംരക്ഷണവകുപ്പ്

മറ്റു് പ്രതിരോധ കുത്തിവയ്പ്പുകൾ

RDF, RDK, FPV ,R2B , PPR, HS, PAR , Swine Fever , Anthrax, FMD Vaccine തുടങ്ങിയവ ആണ് ഈ ഓഫീസിൽ ലഭ്യമായുള്ള വാക്സിനുകൾ.

തെരുവ് നായ നിയന്ത്രണം

അലഞ്ഞു തിരിയുന്ന നായകളുടെ വന്ധീകരണത്തിനായുള്ള ABC പദ്ധതി വഴി 5 കേന്ദ്രങ്ങളിലായി 308 നായകളുടെ വന്ധീകരണം നടത്തുകയും അത്രയും എണ്ണത്തിന് പ്രതിരോധ കുത്തിവെപ്പ് നടത്തുകയും ചെയ്തു.

പൌൾട്രി ഫാമുകൾ

ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ കീഴിൽ ചാത്തമംഗലത്ത് പ്രവർത്തിക്കുന്ന റീജിയണൽ പൌൾട്രി ഫാം ആണ് ജില്ലയിലെ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഏക ഫാം. കോഴിക്കുഞ്ഞുങ്ങളുടെയും മുട്ടയുടെയും വില്പന ഇവിടെ നടന്നു വരുന്നു.

ലബോറട്ടറി

വകുപ്പിന്റെ കീഴിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന ഏക ലബോറട്ടറിയിൽ നിന്നും പൊതുജനങ്ങൾക്ക് വിവിധ തരം സേവനങ്ങൾ നല്കിവരുന്നു.

രാത്രികാല സേവനങ്ങൾ

ജില്ലയിലെ കോഴിക്കോട് കോർപ്പറേഷൻ, കുന്നമംഗലം, ചേളന്നൂർ, പേരാമ്പ്ര, കൊയിലാണ്ടി തോടന്നൂർ, തൂണേരി തുടങ്ങി 7 ബ്ലോക്കുകളിൽ രാത്രികാല സേവനങ്ങൾ നല്കിവരുന്നു.

പരിശീലന കേന്ദ്രം

ജില്ലാ മൃഗസംരക്ഷണ ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നതാണ് വകുപ്പിന്റെ കീഴിലുള്ള പരിശീലന കേന്ദ്രം. ഈ പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കർഷകർക്ക് ആടു വളർത്തൽ , പശു വളർത്തൽ തുടങ്ങിയ പരിശീലന പരിപാടികൾ നടത്തി വരുന്നു.

കൃത്രിമ ബീജാധാനം

ജില്ലയിൽ 2016-17 ൽ ആകെ 64628 കൃത്രിമ ബീജധാനമാണ് നടന്നിട്ടുള്ളത്. അതിൽ 23865 എണ്ണമാണ് ഐ.സി.ഡി.പി കേന്ദ്രങ്ങൾ വഴി നടന്നിട്ടുള്ളത്.

നാടൻ പശുക്കളുടെ വിവരങ്ങൾ, സംരക്ഷണ പദ്ധതികൾ

തോടന്നൂർ ബ്ലോക്കിന്റെ കീഴിൽ വടകര നാടൻപശു സംരക്ഷണ പദ്ധതി പ്രകാരം വടകര കുള്ളൻ വിഭാഗത്തിൽപെടുന്നതും കൂടാതെ

കാസർഗോഡ് കുള്ളൻ, വെച്ചൂർ വിഭാഗത്തിൽ പെടുന്നവയും സംരക്ഷിക്കപ്പെടുന്നു. വടകര നാടൻ പശുക്കൾ കൂടുതലും കണ്ടു വരുന്നത് വടകര താലൂക്കിലാണ്. താലൂക്കിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 600 ൽ അധികം വടകര കുള്ളൻ പശുക്കളും ജില്ലയിലാകെ ആയിരത്തി ലധികം കാസർഗോഡ് കുള്ളൻവെച്ചൂർ പശുക്കളും സംരക്ഷിക്കപ്പെടുന്നു.

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന പോരായ്മ ഗുണഭോക്താക്കളുടെ തെരഞ്ഞടുപ്പാണ്. ഗ്രാമസഭകളിൽ വച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് പകരം ഓരോ പദ്ധതിക്ക് അനുസൃതമായി കൃത്യമായ മാനദണ്ഡം പാലിച്ച് കൊണ്ട് അപേക്ഷകൾ സ്വീകരിച്ച് അതു കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന രീതി അവലംബിച്ച് തദ്ദേശസ്വയംഭരണ പ്രദേശത്തെ ലിസ്റ്റ് തയ്യാറാക്കുന്നത് ഉചിതമായിരിക്കും. അപേക്ഷ അതാത് വാർഡുകളിലെ മൃഗസംരക്ഷണ മേഖലയിലെ ചുമതലയുള്ളവർ പരിശോധിച്ച് അപേക്ഷയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി വേണം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടത്. മാർക്ക് കമ്പ്യൂട്ടർ മുഖേന മാത്രം നടപ്പിലാക്കുന്നതോടെ മാർക്കിന് ഏകീകൃത സ്വഭാവം കൈവരികയും ഏറ്റവും അർഹതപ്പെട്ട ആൾക്ക് മാത്രം പദ്ധതി ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും.

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾക്ക് വാർഷിക വരുമാന നിബന്ധനയുണ്ട്. വാർഷിക വരുമാനം എന്ന നിബന്ധന എടുത്തു മാറ്റുന്നതിലൂടെ മേഖലയിലെ പദ്ധതികൾക്ക് കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും. ഇതോടൊപ്പം ഗുണഭോക്താക്കൾക്ക് സബ്സിഡി പരിധി നിശ്ചയിക്കുന്നതും ഒഴിവാക്കുന്നതിലൂടെ മൃഗസംരക്ഷണ മേഖലയിൽ നിലനിൽക്കുന്നവർക്കും, പുതുതായി വരുന്നവർക്കും ഇത് ഗുണം ചെയ്യുമെന്നത് കൂടാതെ ഗുണഭോക്താവിന് കൂടുതൽ പ്രാമുഖ്യം ലഭിക്കുമെന്നതിനാൽ പ്രദേശത്ത് കൂടുതൽ മൃഗോൽപ്പന്നങ്ങൾ ഉണ്ടാകുന്നതിന് സഹായകരമാവുകയും ചെയ്യും. പദ്ധതി നടപ്പാക്കുന്നതിന് ഏറ്റവും താൽപ്പര്യമുള്ള ആളെ ലഭിക്കുന്നതിന് ഇത് സഹായകമാകും. കൂടാതെ ബാങ്കുകളുമായി സംയോജിപ്പിച്ച് നടത്തുന്ന പദ്ധതികൾക്ക് കുറഞ്ഞ നിരക്കിലുള്ള പലിശ ലഭ്യമാക്കുന്നതും അല്ലെങ്കിൽ പലിശ രഹിത വായ്പയോ അല്ലെങ്കിൽ പലിശ തുക സർക്കാർ വഹിക്കുന്ന രീതിയിൽ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് പദ്ധതി നടത്തിപ്പിന് കൂടുതൽ സഹായകരമാകും.

ജനകീയാസൂത്രണത്തിൽ മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ പോരായ്മകളും പരിഹാരവും താഴെ കൊടുക്കുന്നു:-

1. **പശു വളർത്തൽ പദ്ധതി-**

നിലവിൽ ഒരു പശുവിനെ വാങ്ങുന്നതിനാണ് പ്രാമുഖ്യം. ഇതിന് പകരം ഒരു ഗുണഭോക്താവിന് അദ്ദേഹത്തിന്റെ താൽപ്പര്യത്തിന് അനുസരിച്ച് മിനി ഡയറി ഫാം തുടങ്ങുന്നതിന് കൂടുതൽ പ്രാമുഖ്യം നൽകുന്നതിലൂടെ കർഷകന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇത് വളരെ സഹായകവും, തദ്ദേശ സ്വയം ഭരണ പ്രദേശത്തെ പാലുൽപ്പാദനത്തിൽ ഗണ്യമായ മാറ്റം വരുത്തുവാനും സാധിക്കും. പദ്ധതിയിൽ പശുക്കളെ വാങ്ങുന്നതിന് ബാങ്കിൽ നിന്ന് പലിശ രഹിത വായ്പ ലഭ്യമാക്കുകയും പദ്ധതിയിലേക്ക് അർഹമായ സബ് സിഡി ബാങ്കിലേക്ക് നൽകാവുന്നതാണ്.

2. **ആടു വളർത്തൽ പദ്ധതി**

പദ്ധതി പ്രകാരം ഒരു കുടുംബത്തിന് രണ്ടോ, മൂന്നോ ആടുകളെ 50% സബ്സിഡി നൽകുന്നു (പരമാവധി രൂപ 10000/ സബ്സിഡി) ആട്ടിൻ കൂടും, ഇൻഷൂറൻസ് പരിരക്ഷയും, കടത്തു കൂലിയും ഗുണഭോക്താവ് സ്വയം വഹിക്കണം.പോരായ്മയായി കാണുന്നത് കൂടുതൽ ആടുകളെ വളർത്താൻ താൽപ്പര്യമുള്ളവർക്ക് അതിനനുസൃതമായി ധനസഹായം ലഭിക്കുന്നില്ല. കൂട് സ്വന്തം നിർമ്മിക്കേണ്ടതിനാൽ കൂടുതൽ കാലം നിലനിൽക്കുന്ന തരത്തിലുള്ള കൂട് ഉണ്ടാക്കുവാൻ ഗുണഭോക്താവിന് സാധിക്കുന്നില്ല.
പരിഹാരമായി ചെയ്യുവാൻ സാധിക്കുന്നത് പദ്ധതിയിൽ കൂടുതൽ ആടുകളെ വാങ്ങുന്നതിന് ബാങ്കിൽ നിന്ന് പലിശ രഹിത വായ്പ ലഭ്യമാക്കുകയും പദ്ധതിയിലേക്ക് അർഹമായ സബ്സിഡി ബാങ്കിലേക്ക് നൽകാവുന്നതാണ്.

3. **തീറ്റപ്പുൽ പദ്ധതി**

നിലവിൽ തീറ്റപ്പുൽ കൃഷിക്കായി പുൽ

വിത്തുകളോ, തണ്ടുകളോ നൽകുകയും വളത്തിനായി ഒരു തുക നൽകുകയുമാണ് ചെയ്യുന്നത്. പോരായ്മയായി ഉള്ളത് കൃത്യമായ രീതിയിൽ നടപ്പാക്കി വിജയിപ്പിക്കുവാൻ സാധിക്കുന്നില്ല എന്നതാണ്. പരിഹാരമായി ചെയ്യുവാൻ സാധിക്കുന്നത് നിലവിൽ നല്ല രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് (കുറഞ്ഞത് 10 സെന്റിൽ കൃഷി ചെയ്യുന്നവർ) കൃഷി ചെയ്യുന്ന നിലത്തിന് അനുസരിച്ച് സബ്സിഡി നൽകുകയും, തീറ്റപ്പുൽ കൃഷിയിൽ പശു വളർത്തലിൽ ഏർപ്പെട്ടിട്ടില്ലാത്ത കർഷകരാണെങ്കിൽ അവർക്ക് സബ്സിഡി തുകയിൽ ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിച്ച് നൽകുന്നത് പശുവളർത്തലിൽ എർപ്പെട്ടിട്ടില്ലാത്തവരും കൂടുതൽ സ്ഥലം തീറ്റപ്പുൽകൃഷിക്കായി മാറ്റിവയ്ക്കുവാൻ സാധിക്കുന്നവർക്കും ഇത് കൂടുതൽ ആകർഷകവും പ്രചോദനവുമാകും.

4. **കോഴിവളർത്തൽ പദ്ധതി**

നഗരപ്രദേശത്ത് നടക്കുന്ന മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി മാതൃകയിൽ എല്ലാ ഗ്രാമ പഞ്ചായത്തിലും നടപ്പിലാക്കുന്നതിനും, കോഴികൾക്ക് 75% സബ്സിഡി നൽകുന്നതും മുട്ടക്കോഴി വളർത്തലിലും മുട്ടയുൽപ്പാദന വർദ്ധനവിനും ഗുണകരമാവും.

5. **പശുക്കൾക്ക് ധാതു ലവണ മിശ്രിതം നൽകുന്ന പദ്ധതി**

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞടുത്ത് ധാതുലവണമിശ്രിതം 50-75% സബ്സിഡി നിരക്കിൽ നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. ഗ്രാമസഭകളിൽ എത്താത്ത കർഷകർക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നില്ല.

പരിഹാരമായി കർഷക രജിസ്ട്രേഷൻ നടത്തിയ കർഷകർക്ക് പശുക്കളുടെ എണ്ണത്തിന് അനുസരിച്ച് ആവശ്യമായ ധാതുലവണ മിശ്രിതം 50 മുതൽ 75 % സബ്സിഡി നിരക്കിൽ നൽകുന്നതിന് പദ്ധതി മാറ്റം വരുത്തുന്നത് മേഖലയിലെ കർഷകർക്ക് ഗുണകരമാവും.

മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. **ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മാംസത്തിന്റെ ലഭ്യത കുറവ്**

അറവു മൃഗങ്ങളുടെയും ഇറച്ചി കോഴികളുടെയും പ്രാദേശിക ലഭ്യത കുറവ്, ഇറച്ചി ഉപഭോഗം കൂടുതലുള്ള കോഴിക്കോട് ജില്ല അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ്. ഗുണമേന്മ ഉറപ്പ് വരുത്തേണ്ടുന്ന ശാസ്ത്രീയ അറവുശാലകൾ ജില്ലയിലില്ല. ഇത് പൊതുജനാരോഗ്യത്തിന് വെല്ലുവിളിയാണ്.

2. **മുട്ടയുൽപ്പാദനത്തിലുള്ള കുറവ്**

കോഴി , കാട, താറാവ് തുടങ്ങിയ വളർത്തു പക്ഷികളെ വിപണന അടിസ്ഥാനത്തിൽ വളർത്തുന്നതിന് അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത വിഘാതമാണ്. വർദ്ധിച്ച് വരുന്ന നഗര വൽക്കരണവും സ്ഥലപരിമിതിയും അടുക്കള മുറ്റത്തെ കോഴി വളർത്തലിനെ സാരമായി ബാധിക്കുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ മുട്ട ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭകർക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളുടെയും അടമുട്ടയുടെയും ദൌർലഭ്യം ഒരു വെല്ലുവിളിയാണ്.

3. **തെരുവു നായ ശല്ല്യം**

സംസ്ഥാനത്തെ എന്ന പോലെ തന്നെ , തെരുവു നായ ശല്ല്യം ജില്ലയിലും രൂക്ഷമാണ്. ഫലവത്തായ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ അപര്യാപ്തത ഈ പ്രശ്നത്തിന് ആക്കം കൂട്ടുന്നു. കൂടാതെ തെരുവു നായക്കളെ കണ്ടെത്തുന്നതിനും പിടിക്കുന്നതിനും ഉള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നു. പ്രതിരോധ കുത്തിവയ്പ്പ്, വന്ധ്യംകരണം തുടങ്ങിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിൽ പൊതുജനങ്ങൾക്കുള്ള അലംഭാവം, പ്രശ്നം ഗുരുതരമാക്കുന്നു.

4. **ഓമനമൃഗങ്ങളുടെയും, വിലകൂടിയ ഉരുക്കളുടെയും പരിപാലനം**

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഉൽപ്പാദന ശേഷിയുള്ള ഉരുക്കളുടെയും, ഓമനമൃഗങ്ങളുടെയും വില പതിൻമടങ്ങ് വർദ്ധിച്ചിരിക്കുന്നു. ഇവയെ കൃത്യമായി സമയബന്ധിതമായി ശാസ്ത്രീയമായ രീതിയിൽ രോഗനിർണ്ണയം നടത്തി ചികിത്സിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

5. **മൃഗസംരക്ഷണ മേഖലയിലെ തൊഴിലവസരങ്ങൾ**

ഈ മേഖലയിലെ തൊഴിലവസരങ്ങൾ, സാദ്ധ്യതകൾ എന്നിവയെ കുറിച്ച് പുതിയ തലമുറയ്ക്ക് അവബോധമില്ല. താൽപ്പര്യമുള്ളവർക്ക് മാർഗ്ഗ നിർദ്ദേശം ലഭിക്കാനുള്ള അവസരങ്ങൾ തുലോം കുറവാണ്.

പരിഹാരനിർദ്ദേശങ്ങൾ

ക്ഷീരമേഖല ലാഭകരവും കാര്യക്ഷമവുമാക്കൽ

1) കറവയുള്ള പശു, എരുമ എന്നിവ വാങ്ങുന്നതിന് കുറഞ്ഞ കാലത്തേക്കെങ്കിലും സബ്സിഡി ഏർപ്പെടുത്തൽ.

2) നിലവിൽ നടന്നുവരുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിപുലീകരണം. ജില്ലയിൽ കൃത്രിമ ബീജാധാനം വഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴുവൻ കന്നുകുട്ടികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തണം. അതുവഴി ഉയർന്ന ഉൽപ്പാദന ശേഷിയുള്ള ഉരുക്കളെ ജില്ലയിൽ തന്നെ ഉൽപ്പാദിപ്പിക്കാം. ഗർഭിണിയായ കിടാരികൾക്കും പശുക്കൾക്കും ഗർഭകാല പരിരക്ഷ ഉറപ്പ് വരുത്തുന്നതിലൂടെ ആരോഗ്യമുള്ള കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്നതും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ സാധിക്കുന്നതുമാണ്.

3) നമ്മുടെ നാട്ടിലെ തനത് ജനുസ്സുകളെ സംരക്ഷിക്കുന്നതിലൂടെ അവയിൽ നിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളുടെ ഉയർന്ന ആവശ്യകത (demand) പരിഹരിക്കുവാൻ സാധിക്കും.

4) തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കൽ.

5) ചെറുകിട ഡയറി യൂണിറ്റുകൾ ആധുനിക വൽക്കരിക്കുന്നതിന് ധനസഹായം.

6) ആട്ടിൻപാലിന്റെ കൂടി വരുന്ന ആവശ്യകത നികത്തുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കൽ.

ഗുണമേന്മയുള്ള മാംസത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാൻ

1) കാള, മൂരി, പോത്ത് എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ തീറ്റയും മറ്റു സപ്ലിമെൻറുകളും നൽകുന്ന പദ്ധതി.

2) ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകർക്ക് ധനസഹായം നൽകൽ.

3) പൊതുമേഖല, സ്വകാര്യമേഖല എന്നിവയുടെ പങ്കാളിത്തത്തോടെ ശാസ്ത്രീയ സാങ്കേതിക മികവുള്ള അറവു ശാലകൾ, ഇറച്ചി വിപണന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കൽ.

4) കൊഴുപ്പു കുറവുള്ള മുയലിറച്ചി ലഭ്യത വർദ്ധിപ്പിക്കുന്നതിന് കൂടും മുയലും പോലുള്ള പദ്ധതികളിലൂടെ മുയൽ വളർത്തൽ പ്രോത്സിപ്പിക്കൽ.

5) കാടയിറച്ചിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഹരിക്കുന്നതിനായി കാടയും കൂടും പദ്ധതി നടപ്പിലാക്കൽ.

6) ആട്ടിറച്ചിയുടെ ആവശ്യകത നികത്തുന്നതിനായി മലബാറി ആടു വളർത്തൽ പദ്ധതികളുടെ വ്യാപനം.

7) ഭക്ഷ്യയോഗ്യവും പോഷക സമൃദ്ധവുമായ പന്നിയിറച്ചി ലഭിക്കുന്നതിന് സ്വീകാര്യമായ സ്ഥലങ്ങളിൽ പന്നി ഫാമുകൾ ആരംഭിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കൽ. ഈ സംരംഭത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഹോട്ടൽ ഭക്ഷണ അവശിഷ്ടങ്ങളിലൂടെ കണ്ടെത്തുവാൻ സാധിക്കുന്നതിലൂടെ അവയുടെ ഫലപ്രദമായി സംസ്കരണത്തിനും സഹായകരമാകുന്നു.

മുട്ടയുൽപ്പാദനത്തിലുള്ള വർദ്ധനവിനായി

1) വളർത്തുപക്ഷികളുടെ (കോഴി, താറാവ്, കാട) പരിപാലത്തിന് സബ്സിഡി ഏർപ്പെടുത്തൽ.

2) സ്ഥലപരിമിതിയുള്ള ഇടങ്ങളിൽ മുട്ടയുൽപ്പാദനത്തിന് അനുയോജ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് ധനസഹായം (ഉദാ- മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി)

3) അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കൽ.

4) നീർക്കെട്ടുള്ള പ്രദേശങ്ങളിൽ താറാവ് വളർത്തൽ പ്രോത്സാഹനം.

5) സർക്കാർ എഗ്ഗർനഴ്സറികളുടെ പ്രവർത്തനങ്ങളുടെ ഏകീകരണവും പ്രോത്സാഹനവും, വിപുലീകരണവും.

6 സ്വയം സംരംഭകർക്ക് ഹാച്ചറികൾ തുടങ്ങുന്നതിന് പ്രോത്സാഹനം.

7 പ്രാദേശികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന മുട്ടകളുടെ ശേഖരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും ഉള്ള പദ്ധതികൾ ആവിഷ്കരിക്കൽ.

8) അത്യുൽപ്പാദന ശേഷിയുള്ള വി.ബി380 പോലുള്ള ഇനങ്ങളുടെ വ്യാപനത്തിനായുള്ള പദ്ധതികൾ നടപ്പാക്കൽ.

തെരുവു നായ ശല്ല്യം കുറക്കാൻ

1) വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ സംയോജിതമായി സമഗ്രമായ, നിരന്തരമായ മാലിന്യ-നിർമ്മാർജ്ജന പദ്ധതികൾക്ക് രൂപം നൽകൽ.

2) വളർത്തുനായകൾക്ക് പ്രതിരോധ-കുത്തിവെപ്പ് ലൈസൻസ് നിർബന്ധമാക്കൽ.

3) എ.ബി.സി പദ്ധതി മൃഗസംരക്ഷണ വകുപ്പിൽ തന്നെ പ്രത്യേക വിഭാഗം ആരംഭിച്ച് നടപ്പിലാക്കൽ.

3) വർദ്ധിച്ച് വരുന്ന ഹോട്ടൽ അവശിഷ്ടങ്ങളും മറ്റു ജൈവമാലിന്യങ്ങളും ഉപയോഗിച്ച് ശാസ്ത്രീയമായി പന്നിവളർത്തൽ ആരംഭിച്ച് ഭക്ഷ്യയോഗ്യവും പോഷകസമൃദ്ധവുമായ മാംസം ആക്കി മാറ്റാവുന്നതാണ്. കൂടാതെ പന്നി ഫാമുകളിൽ നിന്നും ലഭിക്കുന്ന മാലിന്യം തിരിച്ച് കാർഷിക മേഖലയിലെ കർഷകർക്ക് ലഭ്യമാക്കുന്നതിന് വേണ്ടുന്ന പദ്ധതികൾ നടപ്പിലാക്കൽ.

ഓമനമൃഗങ്ങളുടെയും , വിലകൂടിയ ഉരുക്കളുടെയും പരിപാലന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ

1) ജില്ലാ വെറ്ററിനറി കേന്ദ്രത്തിനെ ആധുനീകവൽക്കരിക്കൽ

2) രാത്രികാല മൃഗചികിത്സ സേവനങ്ങളുടെ വ്യാപനവും, മെച്ചപ്പെടുത്തലും. സഞ്ചരിക്കുന്ന മൃഗചികിത്സ കേന്ദ്രങ്ങൾ കുറഞ്ഞത് താലുക്ക് കേന്ദ്രങ്ങളിലെങ്കിലും നടപ്പിലാക്കൽ.

3) ബ്ലോക്ക് തലത്തിൽ രോഗനിർണ്ണയ ലബോറട്ടറിയും, ജില്ലാ തലത്തിൽ പേവിഷ ബാധ നിർണ്ണയം ഉൾപ്പെടെ നടത്താവുന്ന തരത്തിലുള്ള ആധുനിക ലബോറട്ടറി സ്ഥാപിക്കൽ.

4) ജൻഔഷധി മാതൃകയിൽ മരുന്നുകൾ, കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവ കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കൽ.

5) ഉരുക്കളുടെ മരണം മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് സബ്സിഡിയോടെ സർക്കാർ നിരക്കിൽ കന്നുകുട്ടിപരിപാലന പദ്ധതി, നാഷനൽ ലൈവ് സ്റ്റോക്ക് മിഷൻ പദ്ധതി മാതൃകയിലുള്ള ഇൻഷൂറൻസ് പരിരക്ഷ നടപ്പാക്കൽ.

മൃഗസംരക്ഷണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ

ജില്ലാ തലത്തിൽ ആധുനികമായി സൌകര്യങ്ങളോടു കൂടിയുള്ള വിജ്ഞാനവ്യാപന കേന്ദ്രം സ്ഥാപിക്കൽ.

ക്ഷീര വികസനം

ക്ഷീര മേഖല ഒറ്റനോട്ടത്തിൽ (2016–17 വർഷം)

കന്നുകാലി സമ്പത്ത് (എണ്ണം)	:	202628
ക്ഷീര വികസന യൂണിറ്റുകൾ	:	12
പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ	:	244
കർഷകരുടെ എണ്ണം	:	30,475
പ്രതിദിന പാൽ സംഭരണം	:	1,07,000 ലിറ്റർ
ക്ഷേമനിധി അംഗങ്ങളുടെ എണ്ണം	:	30,350
പെൻഷൻ ലഭിക്കുന്നവർ	:	5,689
കുടുംബ പെൻഷൻ ലഭിക്കുന്നവർ	:	247

കോഴിക്കോട് ജില്ലയിലെ 78 തദ്ദേശ സ്ഥാപനങ്ങളിലായി 244 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. അവ പ്രതിദിനം 1,07,000 ലിറ്റർ പാൽ സംഭരിക്കുന്നു. അതിന്റെ 30% പ്രദേശിക വില്പനയും 70% മിൽമയിൽ നൽകി വില്പന നടത്തുകയും ചെയ്യുന്നു.

ലോകരോഗ്യ സംഘടനയുടെ കണക്കുപ്രകാരം പ്രതിദിനം ഒരാൾ 280 gm പാലെങ്കിലും ഉപയോഗിച്ചിരിക്കണം.ഇതുപ്രകാരം ജില്ലയിൽ 8.65 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. മൊത്തം ഉല്പാദിപ്പിക്കുന്ന പാലിന്റെ 20% ആണ് പ്രാഥമിക ക്ഷീര സംഘങ്ങളിൽ എത്തുന്നത് എന്നാണ് പ്രാഥമിക കണക്ക്.അതായത് കോഴിക്കോട് ജില്ലയിലെ മൊത്തം പാൽ ഉൽപാദനം പ്രതിവർഷം 5.35 ലക്ഷം ലിറ്റർ ആണ്. ഉൽപാദനവും ആവശ്യവും തമ്മിൽ 3.3 ലക്ഷം ലിറ്ററിന്റെ വ്യത്യാസം ഉണ്ട്.

ആവശ്യവും ഉൽപാദനവും തമ്മിൽ ഇത്രയേറെ വ്യത്യാസമുള്ളതുകൊണ്ട് എത്ര ഉൽപാദനത്തിൽ വലിയ വർദ്ധനവുണ്ടായാൽ പോലും പാലിന് വിപണി ഉണ്ടായിരിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ 242 ക്ഷീര സംഘങ്ങൾ വഴി കർഷകരുടെ പ്രാദേശിക വില്പന കഴിഞ്ഞ് പ്രതിദിനം 1,07,000ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ഇതിന്റെ മൂല്യം വിപണിയിൽ പ്രതിദിനം 187 ലക്ഷം രൂപ വരും.

പാൽ ഉൽപാദനത്തിൽ ഏറ്റവും കൂടുതൽ മുന്നിൽനിൽക്കുന്നത് പ്രതിദിനം 24,000 ലിറ്റർ പാൽ ഉല്പാദിപ്പിച്ചു കൊണ്ട് കോടഞ്ചേരി പഞ്ചായത്തും ഏറ്റവും കുറവ് 177 ലിറ്റർ സംഭരിക്കുന്ന അഴിയൂർ പഞ്ചായത്തുമാണ്. തീര പ്രദേശങ്ങളിൽ പാലുൽപാദനം കുറവും പശ്ചിമഘട്ട പ്രദേശങ്ങളിൽ കൂടുതലുമാണ്. ചില പഞ്ചായത്തുകളിൽ കന്നുകാലികളുടെ എണ്ണം കൂടുതലാണെങ്കിലും സംഘങ്ങൾ വഴി പാൽ സംഭരണം കുറഞ്ഞു കാണുന്നു. കൂടുതലുള്ള പ്രാദേശിക വിപണി, പശുക്കളുടെ പാൽ ഉൽപാദന ക്ഷമത എന്നിവ ഇതിന് കാരണങ്ങളാകാം. ജില്ലയിലെ ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 4.21** ൽ നൽകിയിരിക്കുന്നു.

പാലുൽപാദനത്തിന്റെ ഏറ്റവും ആവശ്യമായ തീറ്റപ്പുൽ ജില്ലയിൽ 2000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. സ്ഥലത്തിന്റെ അപര്യാപ്തത, ജല സേചന സൌകര്യമില്ലായ്മ, തീറ്റപുൽ കൃഷി രീതിയിലുള്ള കർഷകരുടെ അറിവില്ലായ്മ എന്നിവ തീറ്റപ്പുൽകൃഷിയുടെ വ്യാപനത്തിൽ തടസ്സമായി നിൽക്കുന്നു.

ഈ മേഖലയിൽ ഉത്പന്ന വൈവിധ്യവത്കരണത്തിനും മൂല്യവർദ്ധനവിനും ഉതകുന്ന പരിശീലനം നൽകുന്ന കേന്ദ്രം ബേപ്പൂരിലെ നടുവട്ടത്ത് ഉണ്ട്. പ്രതിവർഷം ആയിരത്തോളം പേർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

ക്ഷീരസഹകരണ സംഘങ്ങൾ

മിൽമയുടെ ഉത്തരമേഖലാ കേന്ദ്രം പെരിങ്ങൊളത്ത് പ്രവർത്തിക്കുന്നു. ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളിൽ നിന്ന് മിൽമയാണ് മുഖ്യമായും പാൽ വാങ്ങുന്നത്.

മലബാർ മേഖലാ യൂണിയൻ കോഴിക്കോട് ജില്ലയിലെ പ്രവർത്തനം

പ്രതിദിന പാൽ പ്രോസസ്സിംഗ് കപ്പാസിറ്റി	:	1,50,000 ലിറ്റർ
പ്രതിദിനം പ്രോസസ് ചെയ്യുന്ന പാലിന്റെ അളവ്	:	1,50,000 ലിറ്റർ
ചില്ലിംഗ് പ്ലാന്റ് വടകര	:	14 ലിറ്റർ കപ്പാസിറ്റി
ബൾക്ക് മിൽക്ക് കൂളർ	:	29 സംഘങ്ങൾ
പ്രതിദിന കപ്പാസിറ്റി	:	86000 ലിറ്റർ

ക്ഷീര മേഖലയിലെ പ്രശ്നങ്ങൾ

1. അത്യുല്പാദന ശേഷിയുള്ള പശുക്കൾ കേരളത്തിൽ ദുർലഭമാണ്. അത്യുല്പാദന ശേഷിയുള്ള പശുക്കളെ സംസ്ഥാനത്തിനു പുറമെ നിന്നും കൊണ്ടു വരേണ്ടിവരുന്നതിനാൽ, ചെലവ് വർദ്ധിക്കുന്നു. ഉല്പാദനക്ഷമത കുറഞ്ഞ പശുക്കളെ വളർത്തുന്നതിനാൽ കർഷകരുടെ ആളോഹരി വരുമാനം കുറയുന്നു.
2. ശാസ്ത്രീയ പശുപരിപാലനത്തിന്റെ അറിവില്ലായ്മ കാരണം പരമ്പരാഗത രീതികൾ അവംലബിച്ചാണ് മിക്ക ക്ഷീര കർഷകരും പശുക്കളെ വളർത്തുന്നത്. ഇത് ഉല്പാദന ചെലവ് കൂടുന്നതിന് കാരണമാകുന്നു.
3. കൃത്രിമ ബീജാധാനം ആവശ്യാനുസരണം ലഭ്യമാകുന്നില്ല. അതിനാൽ കന്നുകാലികളുടെ പ്രസവം തമ്മിലുള്ള ഇടവേള കൂടുകയും കർഷകർക്ക് അധിക ചെലവ് ഉണ്ടാക്കുകയും ചെയ്യുന്നു.
4. ഗുണനിലവാരമുള്ള സെമൻ തെരഞ്ഞെടുക്കുന്നതിനുള്ള സാഹചര്യം കർഷകർക്ക് ലഭിക്കുന്നില്ല. കെ.എൽ.ഡി ബോർഡ് ഉല്പാദിപ്പിക്കുന്ന സെമൻ മാത്രമാണ് കർഷകർക്ക് ലഭ്യമാകുന്നത്.
5. കുറഞ്ഞ ആളോഹരി ഭൂലഭ്യത.
6. കാലിത്തീറ്റ, തീറ്റപ്പുൽ, കൂലി എന്നിവയുടെ ചെലവിന്റെ വർദ്ധനവിന് അനുസരിച്ച് പാലിന് വില ലഭിക്കുന്നില്ല
7. കാളക്കുട്ടി വളർത്തൽ പദ്ധതികളുടെ അപര്യാപ്തത.
8. അപര്യാപ്തമായ ഇൻഷൂറൻസ് പരിരക്ഷ.
9. പച്ചപ്പുല്ലിന്റെ അപര്യാപ്തത.
10. വായ്പാ ലഭ്യതക്കുറവ്
11. ക്ഷീര മേഖലയിൽ തുടരുന്നവർക്ക് ഭാരിച്ച തൊഴിൽഭാരവും എന്നാൽ അതിനനുസരിച്ചുള്ള വരുമാനമില്ലായ്മയും ഒരു പ്രധാന പ്രതിസന്ധിയാണ്. അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കളുടെ ലഭ്യതകുറവ്, അടിക്കടിയുണ്ടാകുന്ന കാലി ത്തീറ്റയുടെ വിലവർദ്ധന, പച്ചപ്പുല്ലിന്റെ ദൌർലഭ്യം, കൂടി വരുന്ന സ്ഥലപരിമിതിയും അനുബന്ധ പ്രശ്നങ്ങളും, അടിസ്ഥാന പശ്ചാത്തല സൌകര്യങ്ങളുടെ അപര്യാ പ്തത എന്നിവയെല്ലാം ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

പരിപ്രേക്ഷ്യം

1. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വരുമാനം 2020 ആകുമ്പോഴേക്കും ഇരട്ടിപ്പിക്കുക.
2. പാലിന്റെ പ്രതിദിന പ്രതിശീർഷ ഉപഭോഗം ലോകാരോഗ്യ സംഘടന നിർദ്ദേശിച്ച 250 ഗ്രാമിലേക്ക് ഉയർത്തുക.
3. ത്രിതല പഞ്ചായത്തുകൾ വഴി വിവിധ പദ്ധതികളിലൂടെ മൃഗസംരക്ഷണ മേഖലയിലേക്ക് വരുന്ന കർഷകർക്ക് ആധുനികവും ശാസ്ത്രീയവുമായ പരിപാലന മാർഗ്ഗങ്ങളെക്കുറിച്ചുള്ള പരിശീലനം നൽകുന്നതിന് ലൈവ്സ്റ്റോക്ക് മാനേജുമെൻറ് ട്രെയിനിംഗ് സെൻറർ ആരംഭിക്കുക. അതിനോടനുബന്ധിച്ച് പ്രാദേശിക തലത്തിൽ പരിശീലനങ്ങൾ നല്കുക.
4. ബ്ലോക്ക് അടിസ്ഥാനത്തിൽ എങ്കിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രി സജ്ജീകരണങ്ങൾ പ്രാവർത്തിമാക്കുക. ഈ സെൻററിൽ വാഹന സൌകര്യം ഏർപ്പെടുത്തി രാത്രികാല സേവനം കർഷകർക്ക് അവരുടെ വീട്ടുമുറ്റത്ത് ലഭ്യമാക്കുക
5. ബ്ലോക്ക് അടിസ്ഥാനത്തിലെങ്കിലും ആധുനിക രോഗ നിർണ്ണയത്തിനുതകുന്ന ക്ലിനിക്കൽ ലാബുകൾ സജ്ജീകരിക്കുകയും അതോടൊപ്പം തന്നെ ഉന്നത പരിശോധനയ്ക്കായി ജില്ലാ അടിസ്ഥാനത്തിൽ ആധുനിക ലാബ് സജ്ജീകരിക്കുകയും ചെയ്യുക
6. ജില്ലയിൽ ജനിക്കുന്ന എല്ലാ കന്നുകാലികളെയും രജിസ്റ്റർ ചെയ്യുകയും ആയതിന് 4 മാസം വരെ milk replacer തീറ്റ നല്കുകയും കന്നുകുട്ടി പരിപാലന പദ്ധതിയിൽഉള്ളതു പോലെ ചുരുങ്ങിയ ചെലവിൽ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക. അതിലൂടെ ആകസ്മികമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തത്തെ തുടർന്നു കർഷകർക്കു ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്റെ ആഘാതം കുറക്കുവാൻ സഹായിക്കുന്നതോടൊപ്പം സർക്കാരിന്റെ ദുരന്തനിവാരണച്ചെലവ് കുറക്കുവാനും സാധിക്കുന്നു.
7. കോഴി മാലിന്യങ്ങൾ പോലെയുള്ള ജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഓമന മൃഗങ്ങളുടെ തീറ്റയും ഉയർന്ന ഗുണവും മൂല്യമുള്ള വളവും നിർമ്മിക്കുകയും അതിലൂടെ ജൈവ ഖരമാലിന്യ സംസ്കരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും കാർഷിക മേഖലയിൽ ജൈവകർഷകരെ സഹായിക്കുവാനും കഴിയുന്നു.
8. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രയോജനം ലഭിക്കാത്ത ഇടങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുക.
9. 29 തദ്ദേശസ്വയഭരണ സ്ഥാപനങ്ങളിൽ പ്രതിദിനപാൽ സംഭരണം 1000 ലിറ്ററിൽ കുറവാണ്. ആയത് 2000 ലിറ്ററായി ഉയർത്തൽ.
10. ശാസ്ത്രീയ മാർഗ്ഗങ്ങളെകുറിച്ചുള്ള അറിവ് പകരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
11. തീറ്റപ്പുൽകൃഷി 1000 ഹെക്ടർ സ്ഥലത്തുകൂടി വ്യാപിപ്പിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജനിതക മൂല്യം വർദ്ധിപ്പിക്കുന്നതിന് കൃത്രിമ ബീജാധാനം/ ഭ്രൂണമാറ്റം/ സെക്സ്ഡ് ബീജം തുടങ്ങിയ സാങ്കേതിക വിദ്യ കാര്യക്ഷമമായി നടപ്പിലാക്കൽ.
2. കറവയുള്ള പശു/എരുമ എന്നിവ വാങ്ങുന്നതിന്സബ്സിഡി ഏർപ്പെടുത്തൽ
3. രാത്രി കാല വെറ്ററിനറി സർവ്വീസ് ഏർപ്പെടുത്തൽ.
4. നഴ്സറികളുടെ പ്രവർത്തനങ്ങളെ, ഏകീകരിക്കലും പ്രോത്സാഹിപ്പിക്കലും
5. സ്വയം തൊഴിൽ സംരംഭകർക്ക് ഹാച്ചറികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകൽ.
6. ശാസ്തീയ, സാങ്കേതിക മികവോടെ അറവുശാലകളും (slaughter house) ഇറച്ചി വിപണന കേന്ദ്രങ്ങളും നിർമ്മിക്കുകയും സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കലും.
7. ഇറച്ചി ഉൽപ്പാദന, സംസ്കരണ, വിപണന മേഖലയിൽ വിദഗ്ദ്ധരായ വെറ്ററിനറി ഡോക്ടർമാരെ ഉപയോഗിച്ച് ശാസ്ത്രീയമായ മാംസ പരിശോധന.
8. ABC പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ജില്ലാതല സാങ്കേതിക സഹായ സംവിധാനം.

9. കർഷകർക്ക് ആവശ്യമുള്ള സെമൻ ലഭ്യമാക്കുക.

10. എല്ലാ പശുക്കളേയും ഇൻഷ്വർ ചെയ്യുന്നതി നുള്ള പദ്ധതികൾ

11. തരിശുഭൂമിയിലും പുറമ്പോക്ക് ഭൂമിയിലും തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക.

12. കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ജില്ലാ പരിശീലന കേന്ദ്രത്തെ ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻററാക്കി ഉയർത്തുക.

13. വടകര വെറ്ററിനറി പോളിക്ലിനിക്ക്, പേരാമ്പ്ര വെറ്ററിനറി പോളിക്ലിനിക്ക് എന്നീ സ്ഥാപനങ്ങളെ ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻററിന്റെ സാറ്റലൈറ്റ് ട്രെയിനിംഗ് സെൻററാക്കി മാറ്റുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിപുലീകരണം

2. കറവപ്പശുക്കൾക്കും, ഗർഭിണി പശുക്കൾക്കും കാലിത്തീറ്റ സബ്സിഡി

3. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി ക്ഷീരസംഘങ്ങൾ വഴി വ്യാപിപ്പിക്കൽ

4. സ്വന്തമായി ഭൂമിയുള്ള സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപനവും ക്ഷീരസംഘങ്ങൾ വഴിയുള്ള വിൽപ്പനയും പ്രോത്സാഹിപ്പിക്കുക.

5. മൃഗസംരക്ഷണ വകുപ്പിന്റെ ഫീൽഡ് സേവനം മെച്ചപ്പെടുത്തലും ശാക്തീകരണവും.

6. ബ്ലോക്ക്തല മൃഗാശുപത്രികളിൽ ലബോറട്ടറി സൌകര്യം വർദ്ധിപ്പിക്കുക, കർഷകർക്ക് വീട്ടു പടിക്കൽ സേവനം, അത്യാധുനിക രോഗ-നിർണ്ണയ സൌകര്യങ്ങൾ-CT, ULTRASOUND, ആമ്പുലൻസ് സൌകര്യം നടപ്പിലാക്കൽ.

7. ചെറുകിട ഡയറി യൂണിറ്റിന് ആധുനിക വത്കരണത്തിന് ധനസഹായം .

8. ശുദ്ധവും ഗുണനിലവാരമുള്ള പാലുൽപ്പാദ നത്തിന് ആവശ്യമായ ശാസ്ത്രീയവും, ആധുനികവുമായ തൊഴുത്തും കറവയ്ക്കുള്ള സാഹചര്യം ഒരുക്കൽ.

9. കന്നുകാലികൾക്ക് ആവശ്യമായ പോഷകാ ഹാരം / ധാതുലവണ മിശ്രിതം ലഭ്യമാക്കൽ.

10. പശുക്കൾക്ക് ഇൻഷുറൻസ് , കാലിത്തീറ്റ, സബ്സിഡി.

11. വളർത്തു പക്ഷികളുടെ പരിപാലനത്തിന് സബ്സിഡി നൽകൽ

12. സ്ഥലപരിമിതിയുള്ള ഇടങ്ങളിൽ മുട്ടയുല്പാ ദനത്തിന് അനുയോജ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് ധനസഹായം .

13. മുട്ടകളുടെ പ്രാദേശികമായ ഉൽപാദനം, ശേഖ രണം വിപണനം എന്നിവ പ്രോത്സാഹിപ്പിക്കൽ.

14. കാള, മൂരി, പോത്ത്, ആട് എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് തീറ്റയു ടെയും പോഷകാഹാരങ്ങളുടെയും സബ് സിഡി ഏർപ്പെടുത്തൽ .

15. ബ്രോയിലർ കോഴി വളർത്തൽ പ്രോത്സാ ഹിപ്പിക്കുക, ബ്രോയിലർ കോഴി വളർത്തു ന്നതിനുള്ള സംരംഭങ്ങൾക്ക് ധനസഹായം നൽകൽ, ആവശ്യമായ കോഴികുഞ്ഞുങ്ങളെ സർക്കാർ തലത്തിൽ ലഭ്യമാക്കൽ

16. പന്നി വളർത്തുന്നതിന് അനുയോജ്യമായ പദ്ധതികളും സാമ്പത്തിക സഹായവും.

17. പൊതുജനങ്ങളുടെ സഹകരണത്തോടെ സംയോജിത സമഗ്ര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ.

18. വളർത്തു നായ്ക്കൾക്ക് ലൈസൻസിംഗ്, പ്രതിരോധ കുത്തിവെയ്പ്പ് എന്നിവ നിർബന്ധമാക്കൽ.

19. അസുഖം /അപായം വന്ന് ഉപേക്ഷിക്കപ്പെടുന്ന നായ്ക്കളെ സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കൽ. തെരുവ് നായ്ക്കളുടെയും അടച്ചിടാതെ പോറ്റുന്ന വളർത്തു നായ്കളുടെയും വന്ധ്യംകരണം.

20. ബ്ലോക്ക് തലത്തിൽ ആധുനിക ക്ലിനിക്കൽ ലബോറട്ടറിയും ഓമന മൃഗങ്ങളുടെ പരിശോധന കേന്ദ്രവും.

21. താലൂക്ക് തലത്തിൽ അത്യാധുനിക രോഗ-നിർണ്ണയ സൌകര്യങ്ങൾ-CT, ULTRA-SOUND, X-RAY etc., അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ സജ്ജീകരിക്കൽ .

22. ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സ്പെഷ്യാലിറ്റി

വെറ്ററിനറി സേവനം, ക്ലിനിക്കൽ ലാബിനെ മേഖല തലത്തിലെ അക്രഡിറ്റഡ് ലാബ് ആക്കൽ, റേഡിയോളൊജി സ്പെഷ്യലിസ്റ്റ് ഡോക്ടർ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കൽ.

23. മൊബൈൽ ICU സൌകര്യങ്ങളുള്ള ആംമ്പുലൻസ് സേവനങ്ങൾ ലഭ്യമാക്കൽ.

24. ജില്ലയിലെ മുഴുവൻ വെറ്ററിനറി സ്ഥാപനങ്ങളെയും ബന്ധപ്പെടുത്തി സോഫ്റ്റ് വെയർ നെറ്റ് വർക്ക് സംവിധാനം സജ്ജമാക്കൽ

25. ബ്ലോക്ക് / താലൂക്ക്/ ജില്ലാ തലത്തിൽ സംരഭകത്വ പ്രോത്സാഹന പരിശീലന പദ്ധതികൾ നടപ്പിലാക്കൽ.

26. ഉൽപാദനവും വിപണനവും ഏകോപിപ്പിച്ച് കൊണ്ടുള്ള പദ്ധതികൾ.

27. മൃഗോൽപ്പന്ന സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ സജ്ജമാക്കൽ- 24 മണിക്കൂറും പ്രവർത്തിക്കുന്ന പാലിന്റെ ATM (ANY TIME MILK VENDING MACHINE) സജ്ജമാക്കൽ.

28. മൃഗോൽപ്പന്നങ്ങളുടെ സംസ്കരണ വിപണനങ്ങൾക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ.

29. ചാത്തമംഗലം പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തെ അന്താരാഷ്ട്രാ നിലവാരത്തിലുള്ള പൌൾട്രി ട്രെയിനിംഗ് സെൻററാക്കി ഉയർത്തുക.

30. മൃഗോൽപ്പന്നങ്ങളുടെ സംസ്കരണ വിപണനങ്ങൾക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ

മത്സ്യ മേഖല

അവസ്ഥാ വിശകലനം

കേരളത്തിന്റെ വടക്കേ അറ്റത്ത് കടലുണ്ടി മുതൽ അഴിയൂർ വരെ 71 കീലോമീറ്റർ ദൈർഘ്യത്തിൽ കടൽ തീരമുള്ള ജില്ലയാണ് കോഴിക്കോട്. കേരളത്തിലെ ആകെ മത്സ്യ ഉൽപാദനത്തിൽ (7.27 ലക്ഷം ടൺ) മൂന്നാമത്തെ സ്ഥാനവും കടൽ മത്സ്യ ഉൽപാദനത്തിൽ രണ്ടാമത്തെ സ്ഥാനവുമാണ് ജില്ലയ്ക്കുള്ളത് (സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഇക്കണോമിക് റിവ്യൂ 2016). സമുദ്ര മത്സ്യമേഖല കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ് 1980 അനുസരിച്ചും ഉൾനാടൻ മത്സ്യമേഖല 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചർ ആക്റ്റ് അനുസരിച്ചും നിയന്ത്രണ വിധേയമാണ്. ഫിഷറീസ് വകുപ്പും സമാന മേഖലകളായ മത്സ്യഫെഡ്, ക്ഷേമനിധി ബോർഡ്, തീരദേശ വികസന കോർപ്പറേഷൻ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യ കർഷക വികസന ഏജൻസി, തുറമുഖ എഞ്ചിനീയറിങ്ങ് വകുപ്പ് തുടങ്ങിയ ഏജൻസികൾ മത്സ്യബന്ധന മേഖലയിലെ വികസന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. മത്സ്യ വിഭവങ്ങളുടെയും, ജലസ്രോതസുകളുടെയും കാര്യത്തിൽ കോഴിക്കോട് വളരെ അധികം പ്രാധാന്യമർഹിക്കുന്ന ഒരു ജില്ലയാണ്. ജില്ലയ്ക്ക് അർഹതപ്പെട്ട കടൽ മേഖലയിലെ മത്സ്യസമ്പത്ത് ഒഴികെയുള്ള വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്താനോ സമുദ്രത്തിലൂടെയുള്ള ഗതാഗതത്തിനും ടൂറിസത്തിനുമുള്ള സാധ്യത പ്രയോജനപ്പെടുത്താനോ സാധിച്ചിട്ടില്ല.

അടിസ്ഥാന വിവരങ്ങൾ -ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ

മത്സ്യ മേഖല വിഭവ സ്രോതസ്സുകൾ- തീരക്കടൽ, ആഴക്കടൽ എന്നീ ഉൾനാടൻ മത്സ്യബന്ധനത്തിന് വളരെയേറെ സാധ്യതകളും, വിഭവ സമൃദ്ധിയുമുള്ള ഒരു ജില്ലയാണ് കോഴിക്കോട്. ജില്ലയുടെ തീരക്കടൽ വിസ്തീർണ്ണം 362.85 sqK M ആണ് . ഇതിൽ നിന്നും ജില്ലയുടെ മൊത്തം ഏരിയയുടെ 26.8% തീരപ്രദേശമാണെന്ന് മനസ്സിലാക്കാം. കടൽ തീരത്തുനിന്നും 200 നാവികമൈൽ വരെയുള്ള സമുദ്രത്തിന്റെ സാമ്പത്തിക പരമാധികാരം നമുക്കുണ്ട് (Exclusive economic zone - EEZ). ഏകദേശം 71 കിലോമീറ്ററോളം തീരദേശ ദൈർഘ്യവും 27,809 ഹെക്ടർ ശുദ്ധജലാശയങ്ങളും 4,162 ഹെക്ടർ ഓരുജലാശയങ്ങളും ലഭ്യമാണ്. കൂടാതെ രണ്ടു അണകെട്ടുകളും ആറു നദികളും കൊണ്ട് സമ്പന്നമാണ് കോഴിക്കോട് ജില്ല. കോഴിക്കോട് ജില്ലയുടെ മത്സ്യ മേഖല പ്രൊഫൈൽ പട്ടിക 4.1.42ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.1.42

കോഴിക്കോട് ജില്ല മത്സ്യ മേഖലയിലെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ

ക്രമ നം	വിഭവങ്ങൾ	കേരളം	കോഴിക്കോട്	ശതമാനം
1	വിസ്തീർണ്ണം (ചതു. കി. മീ.)	3886287	234641	6
2	തീരദേശം	590 കി. മീ.	71 കി. മീ.	12
3	വൻകരത്തിട്ട	39139 കി. മീ.	6080 കി. മീ.	15
	ഉൾനാടൻ ജലാശയങ്ങൾ			
4	പുഴകൾ (കല്ലായി, കോരപ്പുഴ, ചാലിയാർ, കുറ്റ്യാടി, മാഹി)	44എണ്ണം	6 എണ്ണം	13.63
5	കുളങ്ങൾ, കാറികൾ വെള്ളക്കെട്ടുകൾ , ചതുപ്പുകൾ		27809 ഹെക്ടർ	
6	ഓരുജലം	65212.96 ഹെക്ടർ	4132 ഹെക്ടർ	6.3
7	കണ്ടൽകാടുകൾ	2189 ഹെക്ടർ	296 ഹെക്ടർ	13.47

(അവലംബം :കേരള സർക്കാർ2015,കേരള സർക്കാർ2016, പഞ്ചായത്ത് ലെവൽ സ്റ്റാറ്റിസ്റ്റിക്സ് 2011)

കടലിലേക്കൊഴുകുന്ന 6 നദികൾ ജില്ലയുടെ കടൽ മത്സ്യ സമ്പത്തിനെ സമ്പുഷ്ടമാക്കുന്നു. കല്ലായി (22 കി. മീ. ദൈർഘ്യം), കോരപ്പുഴ (40 കി. മീ. ദൈർഘ്യം), ചാലിയാർ (169 കി. മീ. ദൈർഘ്യം), കുറ്റ്യാടി (74 കി. മീ. ദൈർഘ്യം), മാഹി (6 കി. മീ. ദൈർഘ്യം). കടലുണ്ടി (130 കി. മീ. ദൈർഘ്യം) എന്നിവയാണ് അവ. കൂടാതെ കക്കയം(1070 ഹെക്ടർ), പെരുവണ്ണാമൂഴി (1050 ഹെക്ടർ) എന്നീ ഡാമുകളും ജില്ലയിലുണ്ട്.

കോഴിക്കോട് ജില്ല മത്സ്യ ബന്ധനമേഖല

ജില്ലയിൽ 12 തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ 34 കടൽത്തീര മത്സ്യ ഗ്രാമങ്ങളും 2 ഉൾനാടൻമത്സ്യ ഗ്രാമങ്ങളുമുണ്ട് (ചിത്രം 4.1.20). സംസ്ഥാനത്തെ കടൽ മത്സ്യഗ്രാമങ്ങളിൽ 15.3 ശതമാനവും ഉൾനാടൻ മത്സ്യഗ്രാമങ്ങളിൽ 1.77 ശതമാനവും കോഴിക്കോട് ജില്ലയിലാണ് (പട്ടിക 4.1.43). ജില്ലയിൽ വകുപ്പിന് കീഴിൽ 14 മത്സ്യഭവൻ ഓഫീസുകൾ ഉണ്ട്. വിശദ വിവരങ്ങൾ അനുബന്ധം 22ൽ കാണിച്ചിരിക്കുന്നു

ചിത്രം4.1.20

ജില്ലയിലെ മത്സ്യഗ്രാമങ്ങൾ



പട്ടിക - 4.2.43

സംസ്ഥാന/ജില്ല കടൽ& ഉൾനാടൻ മത്സ്യഗ്രാമങ്ങൾ (താരതമ്യം)

ക്രമ നം	മത്സ്യഗ്രാമങ്ങൾ	കേരളം	കോഴിക്കോട്	ശതമാനം
1	കടൽ	222	34	15.3
2	ഉൾനാടൻ	113	2	1.7699
	ആകെ	**335**	**36**	**10.74**

(അവലംബം ജില്ലാ ഫിഷറീസ് വകുപ്പ്)

ജനസംഖ്യാപരമായ വിവരങ്ങൾ

കേരളത്തിൽ പന്ത്രണ്ടു ലക്ഷത്തോളം മത്സ്യ തൊഴിലാളികൾ ഉണ്ട്. അതിൽ 8.46 ലക്ഷം മത്സ്യത്തൊഴിലാളികളും, 3.42 ലക്ഷം അനുബന്ധത്തൊഴിലാളികളും ആണുള്ളത്. 2011 സെൻസസ് പ്രകാരം കോഴിക്കോട് ജില്ലയിലെ ജനസംഖ്യ 30, 86,293 ആണ്.കോഴിക്കോട് ജില്ലയിൽ 23805 കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളും, മത്സ്യവിപണനം, സംസ്കരണം തുടങ്ങി അനുബന്ധ മേഖലകളിൽ 9000 അനുബന്ധത്തെ ാഴിലാളികളും ഉൾനാടൻ മത്സ്യമേഖലയിൽ 10,000 മത്സ്യത്തൊഴിലാളികളും പ്രധാന ഉപജീവന മാർഗ്ഗമായി മത്സ്യബന്ധന മേഖലയെ ആശ്രയിച്ചു വരുന്നു. ഇതിൽ ഏകദേശം മത്സ്യ തൊഴിലാളി ജനസംഖ്യ 1,00,000 ആണ്. ഇതിൽ നിന്നും ജില്ലയുടെ ജനസംഖ്യയുടെ 3.2 ശതമാനം തീരദേശത്ത് കേന്ദ്രീകരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം. കോഴിക്കോട് ജില്ലയിൽ മത്സ്യത്തൊഴിലാളി സമൂഹങ്ങൾ ഹിന്ദു-അരയ, ക്രിസ്ത്യൻ, മുസ്ലിം വിഭാഗത്തിൽപ്പെട്ടവരാകുന്നു. രജിസ്റ്റർ ചെയ്ത ഹിന്ദു-അരയ വിഭാഗത്തിൽപ്പെട്ടവർ 12,788 പേരും മുസ്ലിം വിഭാഗത്തിൽപ്പെട്ടവർ 8,880 പേരും, ക്രൈസ്തവൻ വിഭാഗത്തിൽപ്പെട്ടവർ 2005 പേരും, എസ്. സി./എസ്. ടി. വിഭാഗം 206 പേരുമുണ്ട്. പുതിയാപ്പ, മടപ്പള്ളി, ചോമ്പാല തുടങ്ങിയ മത്സ്യ ഗ്രാമങ്ങളിൽപ്പെട്ട കൂടുതൽ പേരും ഹിന്ദു (മൊകയ) വിഭാഗത്തിൽപ്പെട്ടവരും ചാലിയം, അഴിയൂർ ഭാഗങ്ങളിൽ മുസ്ലിം വിഭാഗത്തിൽ പ്പെട്ടവരും ഉൾനാടൻ മേഖലയിൽ മലയ സമുദായ ത്തിൽപ്പെട്ടവരും ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്ന മത്സ്യഗ്രാമങ്ങളിൽ അടിസ്ഥാന സൌകര്യങ്ങളായ ഭവന നിർമ്മാണം, വൈദ്യുതി, കുടിവെള്ളം, ആരോഗ്യ-ശുചിത്വ പരിപാലനം എന്നിവ തുലോം കുറവാണ്.

കടൽ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച വിവരം.

കേരളത്തിലെ കടൽ മേഖലയിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളിൽ 10.21 ശതമാനവും കടൽ മത്സ്യത്തൊഴിലാളികളുടെ 11.73 ശതമാനവും, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ 4.05 ശതമാനവും കോഴിക്കോട് ജില്ലയിൽ ആണ്.

പട്ടിക 4.1.44

സംസ്ഥാന/ജില്ലാതല മത്സ്യ തൊഴിലാളികളുടെ എണ്ണം (താരതമ്യം)

ക്രമ നം	മത്സ്യത്തൊഴിലാളികൾ	കേരളം	കോഴിക്കോട്	ശതമാനം
1	കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ ആകെ (2015-16)	233126	23805	10.21
	കടൽ	186832	21928	11.73
	ഉൾനാടൻ	46294	1877	4.05
2	അനുബന്ധ മത്സ്യത്തൊഴിലാളികൾ- ആകെ (201516)	79347	9000	11.34

(അവലംബം ജില്ലാ ഫിഷറീസ് വകുപ്പ്)

മത്സ്യബന്ധന ഉരുക്കളും ഉപകരണങ്ങളും

ജില്ലയിലെ മത്സ്യമേഖല ഇന്ന് ഒരു വ്യവസായമായി മാറിയിരിക്കുന്നു. മത്സ്യബന്ധനം, സംസ്കരണം, കയറ്റുമതി, ആന്തരിക വിപണനം, എന്നിവ ഉൾകൊളളുന്ന ഒരു വ്യവസായ ശൃംഖല യാണിത് കൂടാതെ, വലനിർമ്മാണം, വള്ളങ്ങളുടെയും ബോട്ടുകളുടെയും നിർമ്മാണം, അറ്റകുറ്റപ്പണികൾ, മറൈൻ എഞ്ചിനീയറിംഗ് എന്നീ അനുബന്ധ പൂരക വ്യവസായങ്ങളും ഇതോടൊന്നിച്ചു വളർന്നിട്ടുണ്ട്. ചോമ്പാൽ, കൊയിലാണ്ടി, പുതിയാപ്പ, ബേപ്പൂർ എന്നിവയാണ് ജില്ലയിലെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങൾ. ജില്ലയിൽ കടൽ മത്സ്യ ബന്ധനത്തിനായി മൊത്തം 4819 എണ്ണം വിവിധയിനം യാനങ്ങളുണ്ട്. ഇതിൽ 3432 എണ്ണം യന്ത്രവത്കൃത ബോട്ടുകളാണ്. അതിൽത്തന്നെ 962 എണ്ണം ട്രോളർ ആണ്, ബാക്കി ഗിൽനെറ്റ് അടക്കം പേഴ്സ്സീൻ ഉപയോഗിച്ച് വരുന്നു. ജില്ലയിലെ യന്ത്രവത്കൃത യാനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.1.45, 4.1.46കളിൽ കൊടുത്തിരിക്കുന്നു. ഈ മത്സ്യ ബന്ധനയാനങ്ങൾ കോഴിക്കോടിന്റെ തീരക്ക ടലിലും ആഴക്കടലിലും മത്സ്യ ബന്ധനം നടത്തി വരുന്നു. പരമ്പരാഗത വള്ളങ്ങൾ തീരക്കടലിലും മത്സ്യബന്ധനം നടത്തുന്നു. കൂടാതെ മത്സ്യബന്ധ നത്തിനായി ഒരു വൻകിട തുറമുഖമായ ബേപ്പൂരിൽ കൂടാതെ 23 ചെറിയ ഫിഷ് ലാന്റിങ്ങ് സെന്ററുകളും ജില്ലയ്ക്കുണ്ട്. കൂടാതെ ബേപ്പൂർ ഉരു നിർമ്മാണ കേന്ദ്രവുമുണ്ട് .

പട്ടിക 4.1.45

മോട്ടോറൈസ്ഡ് മെക്കാനിക്കൽ/നോൺ മെക്കാനിക്കൽ(ഔട്ട് ബോർഡ് മോട്ടോർ)വള്ളങ്ങളുടെ വിവരങ്ങൾ

ബേസ്	മോട്ടോറൈസ്ഡ് നോൺ മെക്കാനിക്കൽ- ഔട്ട് ബോർഡ് മോട്ടോർ			മോട്ടോറൈസ്ഡ് മെക്കാനിക്കൽ		
	പ്ലൈവുഡ് ക്രാഫ്റ്റ്	ഫൈബർ ക്രാഫ്റ്റ്	ആകെ	പ്ലൈവുഡ് എൻ എം	ഫൈബർ ക്രാഫ്റ്റ് എൻ എം	ആകെ
ചോമ്പാൽ	283	731	1014	0	6	6
കൊയിലാണ്ടി	297	654	951	13	110	123
പുതിയാപ്പ	226	334	560	4	20	24
ബേപ്പൂർ	403	504	907	7	21	28
ആകെ	**1209**	**2228**	**3432**	**24**	**157**	**181**

(അവലംബം ജില്ലാ ഫിഷറീസ് വകുപ്പ്)

പട്ടിക 4.1.46

മോട്ടോറൈസ്ഡ് മെക്കാനിക്കൽവള്ളങ്ങളുടെ വിവരങ്ങൾ

ബേസ്	ഗിൽ നെറ്റർ	ഇൻബോർഡ്	ട്രോളർ	ആകെ
ചോമ്പാൽ	0	47	30	77
കൊയിലാണ്ടി	0	94	35	129
പുതിയാപ്പ	3	67	341	411
ബേപ്പൂർ	9	36	556	601
ആകെ	**12**	**244**	**962**	**1218**

(അവലംബം ജില്ലാ ഫിഷറീസ് വകുപ്പ്)

മത്സ്യോത്പാദനം

2015-16 ലെ സംസ്ഥാനത്തിന്റെ ആകെ മത്സ്യ ഉത്പാദനത്തിന്റെ (7.27 ലക്ഷം ടൺ) 13.68% സംഭാവന ചെയ്തത് കോഴിക്കോട് ജില്ലയാണ്. എകദേശം 25 ഇനങ്ങളോളം വ്യാവസായിക പ്രാധാന്യമുള്ള കടൽ വിഭവങ്ങളുടെ ലഭ്യത ജില്ലയ്ക്കുണ്ട്. ചെമ്മീൻ, നെയ്മീൻ, ഞണ്ട്, കല്ലുമ്മക്കായ തുടങ്ങിയവ ആണ് മുഖ്യ കയറ്റുമതി വിഭവങ്ങൾ. കേരളത്തിലെ 2011-12 മുതൽ 2015-16 വരെയുള്ള കടൽ ഉൾനാടൻ മത്സ്യോത്പാദനം സംബന്ധി ച്ചുള്ള വിവരങ്ങൾചിത്രം 4.1.21ൽ കൊടുത്തിരി ക്കുന്നു. (അവലംബം CMFRI). കഴിഞ്ഞ മൂന്ന് വർഷത്തെ മത്സ്യ ഉത്പാദനത്തിന്റെ പട്ടിക 4.1.47കൊടുത്തിരിക്കുന്നു. കേരളത്തിലെ മൊത്തം കടൽ മത്സ്യ ഉത്പാദനത്തിന്റെ 18% (2015-16) കോഴിക്കോട് ജില്ലയുടെ സംഭാവനയാണ്.

ചിത്രം 4.1.21

കേരളത്തിലെ കടൽ ഉൾനാടൻ മത്സ്യോത്പാദനം



പട്ടിക 4.1.47

ജില്ലയിലെ കടൽ/ഉൾനാടൻ മത്സ്യ മേഖല മത്സ്യ ഉത്പാദനം (2014-16)

വർഷം	മേഖല	കേരളം (അളവ് - മെട്രിക് ടൺ)	കോഴിക്കോട് (അളവ് - മെട്രിക് ടൺ)	ശതമാനം
2014-15	കടൽ	524468	94740	18
	ഉൾനാടൻ	201545	5264	2.61
	ആകെ	726013	100004	13.77
2015-16	കടൽ	516745	93443	18.08
	ഉൾനാടൻ	210762	6124	2.90
	ആകെ	**727507**	**99567**	**13.686**

(അവലംബം ഫിഷറീസ് വകുപ്പ്)

മത്സ്യ ഭവനുകൾ

ജില്ലയിലെ കടൽ മേഖലയിൽ പ്രവർത്തിക്കുന്ന 14 മത്സ്യഭവനുകളിലൂടെ മത്സ്യവകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യ ഫെഡ് എന്നീ സ്ഥാപനങ്ങളുടെ ഗ്രാമതല പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു.

സഹകരണ സംഘങ്ങൾ- മത്സ്യ വിപണന തൊഴിലാളി സഹകരണ സംഘം

മത്സ്യത്തൊഴിലാളി മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ മത്സ്യലേലത്തിൽ വ്യക്തമായ മേൽകൈ സ്ഥാപിക്കുന്നതിന്

സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. സ്വകാര്യ വ്യക്തികളുടെയും ലേലക്കാരുടെയും ആധിപത്യം ഇതിന് തടസ്സമായിട്ടുണ്ട്. ഈ രംഗത്ത് മത്സരിച്ച് ജയിക്കുന്നതിനാവശ്യമായ സാമ്പത്തികശേഷി സംഘങ്ങൾക്ക് ലഭ്യമല്ല. മത്സ്യഫെഡ് നല്കുന്ന വർക്കിങ്ങ് കാപ്പിറ്റൽ ലോൺ മാത്രമാണ് ആശ്രയം. ഇത് അപര്യാപ്തവുമാണ്.

ജില്ലയിലെ സഹകരണ മേഖലയെ സംബന്ധിച്ച വിവരങ്ങൾപട്ടിക 4.1.48ൽ ചേർത്തിരിക്കുന്നു. ജില്ലയിൽ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ- 77 എണ്ണം ഉണ്ടെങ്കിലും നിലവിൽ പ്രവർത്തിക്കുന്നവ-57 എണ്ണം മാത്രമേയുള്ളു.

പട്ടിക 4.1.48

ജില്ലയിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	വിഭാഗം	രജിസ്റ്റർ ചെയ്തത്	ഇപ്പോൾ പ്രവർത്തിക്കുന്നവ
1	മറൈൻ	54	49
2	ഉൾനാടൻ	14	06
3	വനിത	06	--
4	പട്ടിക ജാതി /പട്ടിക വർക്ഷം	01	01
5	വിപണനം	01	--
6	കാർഷികം	01	01
	ആകെ	**77**	**57**

(അവലംബം ഫിഷറീസ് വകുപ്പ്)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളത്തിലെ മത്സ്യത്തൊഴിലാളികളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് 1895 ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്റ്റ് അനുസരിച്ച് രൂപം നൽകിയിട്ടുള്ള സ്ഥാപനമാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അഥവാ മത്സ്യബോർഡ്. മത്സ്യത്തൊഴിലാളിക്ക് ബോർഡ് നൽകുന്ന എല്ലാ ധനസഹായങ്ങളും സൗജന്യമാണ്.

മത്സ്യത്തൊഴിലാളി വനിതാസംരം ങ്ങൾ

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ക്കൂടാതെ ജില്ലയിൽ 6,111 മത്സ്യത്തൊഴിലാളി വനിതാസംരംഭങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിശദവിവരങ്ങൾ പട്ടിക 4.1.49ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.1.49

മത്സ്യത്തൊഴിലാളി വനിതാസംരംഭങ്ങൾ

ക്രമ നം	തരം	എണ്ണം
1	മത്സ്യക്കച്ചവടം	5125
2	മത്സ്യം ഉണക്കൽ	881
3	സാഫ് യൂണിറ്റുകൾ	105
	ആകെ	**6111**

(അവലംബം ജില്ലാ ഫിഷറീസ് വകുപ്പ്)

പട്ടിക 4.1.50

ജില്ലയിലെ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങൾ

ക്രമ നം	ഇതര സ്ഥാപനങ്ങൾ	എണ്ണം
1	ഗവ.റിജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ	2
2	ഗേൾസ് ഹൈസ്കൂൾ	3
3	ബോയ്സ് ഹൈസ്കൂൾ	4
4	ഹോസ്പിറ്റൽ	4
5	സാംസ്കാരിക നിലയം	2
6	വായനശാല	2

(അവലംബം ജില്ലാ ഫിഷറീസ് വകുപ്പ്)

ഫിഷ് മാർക്കറ്റുകൾ-

കടലിൽ നിന്നും കരയ്ക്കെത്തിക്കുന്ന മത്സ്യത്തിന്റെ ഭൂരിഭാഗവും വിറ്റഴിക്കപ്പെടുന്നത് മലയോര മേഖലകളിലും ഉൾനാടൻ പ്രദേശങ്ങളിലുമാണ്. 75 ഓളം വിപണന കേന്ദ്രങ്ങൾ കോഴിക്കോട് ജില്ലയിലുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിൽ വളരെ പരിമിതമായ എണ്ണം മത്സ്യ മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലയിലെ മത്സ്യ കർഷകർ സ്വകാര്യ മത്സ്യ മാർക്കറ്റുകളെയാണ് ആശ്രയിക്കാറുള്ളത്. എങ്കിലും കടൽ, ഓരു ജല മത്സ്യങ്ങളാണ് പ്രധാനമായും ലഭ്യമാകുന്നത്. മലയോര മേഖലകളിൽ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ വളരെ പരിമിതമായ മത്സ്യ മാർക്കറ്റുകളേ നിലവിലുള്ളൂ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലുള്ള മത്സ്യ വിപണന കേന്ദ്രങ്ങളുടെ പട്ടിക 4.1.51 ൽ നൽകിയിട്ടുണ്ട്.

പട്ടിക 4.1.51

ജില്ലയിലെ മത്സ്യ വിപണന കേന്ദ്രങ്ങൾ

ക്രമ നമ്പർ	മത്സ്യ വിപണന കേന്ദ്രം	എണ്ണം
1	കടലുണ്ടി	4
2	ബേപ്പൂർ	സർക്കാർ- 4, വ്യക്തിഗതം-20
3	കോഴിക്കോട് കോർപ്പറേഷൻ	9
4	എലത്തൂർ	4
5	ചേമഞ്ചേരി	2
6	ചെങ്ങോട്ട്കാവ്	5
7	കൊയിലാണ്ടി മുനിസിപ്പാലിറ്റി	2
8	മൂടാടി	2
9	തിക്കോടി	3
10	മേലടി	2
11	പയ്യോളി	4
12	വടകര	4
13	ചോറോട്	ഇല്ല
14	ഒഞ്ചിയം	7
15	അഴിയൂർ	3
	ആകെ	**75**

അവലംബം:ജില്ലാ ഫിഷറീസ് വകുപ്പ്)

ഐസ് പ്ലാൻറുകൾ

ജില്ലയിൽ മത്സ്യത്തിന്റെ ശീതീകരണ ആവശ്യങ്ങൾക്കായുള്ള ഐസ് നിർമ്മാണത്തിനായി ജില്ലയിൽ ആകെ 70 ഐസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നു. ബേപ്പൂർ, കടലുണ്ടി എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ ഐസ് പ്ലാന്റുകളുള്ളത്. ജില്ലയിലെ ഐസ് പ്ലാന്റുകളുടെ വിശദ വിവരം പട്ടിക4.1.52ൽ ചേർത്തിരിക്കുന്നു.

പട്ടിക4.1.52

ജില്ലയിലെ ഐസ് പ്ലാന്റുകളുടെ വിവരങ്ങൾ

ക്രമ നമ്പർ	ഐസ് പ്ലാൻറുകൾ	എണ്ണം
1	ബേപ്പൂർ, കടലുണ്ടി	22
2	കോഴിക്കോട് കോർപ്പറേഷൻ	16
3	എലത്തൂർ	11

(അവലംബം ഫിഷറീസ് വകുപ്പ്)

മത്സ്യ മേഖല പ്രശ്നവിശലനം

തീരദേശ ആവാസ വ്യവസ്ഥയുടെ അപകടകരമായ മാറ്റം . മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെയും കടൽ വിഭവങ്ങളെയും വിഭവ സുസ്ഥിരതയെയും ആശ്രയിച്ചിരിക്കുന്നു. പൊതുവെ ജനസാന്ദ്രത കൂടിയ മേഖലയാണ് കടലോരമേഖല. കോഴിക്കോട് ജില്ലയിലെ തീരദേശ മേഖലയിലെ ജനസാന്ദ്രത 2168/ച. കി. മീ. ആയിരിക്കെ സംസ്ഥാന ശരാശരി 859 /ച. കി. മീ. ആണ്. ഇതിൽനിന്നും ജില്ലയിലെ തീരദേശ മേഖലയിലെ ജനങ്ങളുടെ പരിമിതമായ ജീവിതസൌകര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. ജനങ്ങൾ തിങ്ങിപാർക്കുന്ന തീരദേശ മേഖലയും ജലാശയങ്ങളും മലീമസമാകുന്നത് കുടിവെള്ള സ്രോതസ്സുകളേയും കടൽ ആവാസവ്യവ സ്ഥയെയും സാരമായി ബാധിക്കുന്നുണ്ട്. പ്രത്യേകിച്ചും മഴക്കാലത്ത് കടലോര മത്സ്യ ഗ്രാമങ്ങൾ പകർച്ചവ്യാധി രോഗങ്ങളുടെ ഒരു കേന്ദ്ര മാകുന്നു. പനി അതിസാരം,തുടങ്ങിയ സാംക്രമിക രോഗങ്ങളും ശ്വാസകോശ സംബന്ധമായ അസുഖങ്ങളുമാണ് തീരദേശമേഖലയിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ. ഈ അസുഖങ്ങൾക്ക് ആധാരമായി വർത്തിക്കുന്നത് തീരപ്രദേശത്തേക്ക് പുറംതള്ളുന്ന മാലിന്യങ്ങ ളാണ്. കടലിലേക്ക് മാലിന്യംഒഴുക്കിവിടുന്ന ഓവുചാലുകൾ, ഗാർഹികമാലിന്യങ്ങൾ, ഹോട്ടൽ മാലിന്യങ്ങൾ, മാർക്കറ്റ് മാലിന്യങ്ങൾ പ്ലാസ്റ്റിക്കുകൾ അറവു മാലിന്യങ്ങൾ, എന്നിവ തീരപ്രദേശ ത്തിന്റെയും കടലിന്റെയും മലിനീകരണത്തിന് കാരണമാകുന്നു.

കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തവും.

കേരളത്തിലെ തെക്കൻ ജില്ലകളെ അപേക്ഷിച്ച് കാലാവസ്ഥ വ്യതിയാനത്തിന്റെ ഫല മായുണ്ടാകുന്ന ദുരന്ത സാധ്യതകൾ താരതമ്യേന കുറഞ്ഞ ജില്ലയാണ് കോഴിക്കോട്. എന്നിരുന്നാലും കടലാക്രമണ സാധ്യത കൂടുതലുള്ള ജില്ലയാണ് കോഴിക്കോട്. കടലാക്രമണം ഏറ്റവും കൂടുതൽ ബാധിക്കുന്ന 14 ഗ്രാമങ്ങളുണ്ട്. വിവരങ്ങൾ പട്ടിക 4.1.53 ൽ ചേർക്കുന്നു. എല്ലാ മഴക്കാലത്തും ജില്ലയുടെ ഈ കടൽമത്സ്യഗ്രാമങ്ങളിൽ കടലാക്രമണംമൂലം വീടും തൊഴിലും നഷ്ടപ്പെട്ട് മത്സ്യ തൊഴിലാളി സമൂഹത്തിന് ജീവിതം ദുസ്സഹമാകുന്നു. ജില്ലയിലെ തീരപ്രദേശങ്ങളിൽ ഭൂരിഭാഗവും ചേരി പ്രദേശങ്ങൾ ആയതിനാൽ ദുരന്ത സാദ്ധ്യത കൂടുന്നു. ഉപജീവനമാർഗ്ഗ ത്തോടും, കടലിനോടും അതിനോടു ബന്ധപ്പെട്ട ആവാസവ്യവസ്ഥ യോടുമുള്ള മാനസ്സികമായ അടുപ്പം കാരണം എത്ര ദുരന്തമുണ്ടായാലും കടലോര ഗ്രാമങ്ങളിൽ നിന്നും മാറിതാമസി ക്കുന്നതിന് മത്സ്യ ത്തൊഴിലാളികൾ ഇപ്പോഴും വിമുഖത കാണിക്കുന്നു. കാലാവസ്ഥാ ദുരന്ത സാധ്യതകൾ കണക്കിലെടുത്ത് പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗമാണ് ജില്ലയിലെ മത്സ്യ തൊഴിലാളി സമൂഹം.

പട്ടിക 4.1.53

ജില്ലയിലെ കടലാക്രമണ സാധ്യത തീരം (കി മീ)

ക്രമനം	മത്സ്യ ഗ്രാമം	ദൈർഘ്യം (കി മീ)
1	കടലുണ്ടി	1.14
2	ബേപ്പൂർ	1
3	വെള്ളയിൽ	2.5
4	എലത്തൂർ	1
5	ചേമഞ്ചേരി	0.49
6	ചെങ്ങോട്ടുകാവ്	0.5
7	കൊയിലാണ്ടി	2.9
8	മൂടാടി	0.7
9	തിക്കോടി	3
10	പയ്യോളി	2.5
11	വടകര	0.5
12	ചോറോട്	0.55
13	ഒഞ്ചിയം	0.75
14	അഴിയൂർ	1

(അവലംബം ഫിഷറീസ് വകുപ്പ്)

സംരക്ഷിക്കപ്പെടേണ്ട ജലാശയങ്ങൾ

ജില്ലയിൽ ലഭ്യമായ ജലസ്രോതസ്സുകളായ ആറ് നദികളും മലിനീകരിക്കപ്പെട്ടിട്ടുള്ളവയാണ്. കല്ലായി, ചാലിയാർ, കടലുണ്ടി, കുറ്റ്യാടി, കോരപ്പുഴ എന്നിവയും കോരപ്പുഴയെയും ചാലിയാറിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന കനോലി കനാലും അത്യന്തം മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. കയ്യേറ്റവും നശീകരണ-മീൻപിടുത്തവും മണവൽവാരലും പുഴകളെ ഒന്നുകൂടി നിർജ്ജീവമാക്കുന്നു. കോഴിക്കോട് ജില്ലയിലെ നദികളെല്ലാംതന്നെ വളരെ ഗൗരവമേറിയ തലത്തിൽ മലിനീകരണത്തിന് വിധേയമായിക്കഴിഞ്ഞിരിക്കുകയാണ്. നാടൻ മത്സ്യഇനങ്ങളായ വരാൽ, നാടൻ മുഷി, മനഞ്ഞിൽ, വിവിധ കാർപ്പ്, പരൽ, കൂരൽ, തൂളി മത്സ്യങ്ങൾ, കുയിൽ (മഹാസിർ മത്സ്യങ്ങൾ), ഞണ്ട്, തുടങ്ങിയവയുടെ ലഭ്യത തീരെ കുറഞ്ഞിരിക്കയാണ്. കൂടാതെ മണൽവാരൽ, പുഴ കൈയേറ്റം, അശാസ്ത്രീയ മത്സ്യബന്ധനം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ നദികൾ നിർജ്ജീവമായിക്കൊണ്ടിരിക്കുകയാണ്. മേൽ പറഞ്ഞ കാരണങ്ങൾ പരിഹരിക്കപ്പെടുകയും അതോടൊപ്പം നാടൻ മത്സ്യ ഇനങ്ങൾ, വളർത്തു സങ്കേതം സ്ഥാപിക്കൽ, നാടൻ മത്സ്യ കുഞ്ഞുനിക്ഷേപപരിപാടി, നാടൻ മത്സ്യക്കുഞ്ഞു ങ്ങളുടെ പ്രേരിത പ്രജനനം വഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുക എന്നീ മാർഗ്ഗങ്ങൾ അവലംബിച്ചാൽ മാത്രമേ മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകാവുകയുള്ളൂ.

ഒളവണ്ണ ചാലി

15 ഏക്കറോളം വരുന്ന ഒളവണ്ണ പഞ്ചായത്തിലെ ഒളവണ്ണ ചാലി പുനരുജ്ജീവിപ്പിച്ചാൽ പദ്ധതി പ്രദേശത്തെ ജലക്ഷാമം കുറയ്ക്കുന്നതിനും പച്ചക്കറി, മത്സ്യകൃഷി എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതാണ്. ജില്ലയിൽ ഏറ്റവും രൂക്ഷമായി മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കല്ലായി, കുറ്റ്യാടി, കോരപ്പുഴ, ചാലിയാർ എന്നീ പുഴകളുടെ പുനരുജ്ജീവന പദ്ധതി തയ്യാറാക്കാവുന്നതാണ്

തണ്ണീർത്തടങ്ങൾ

തണ്ണീർത്തടങ്ങളുടെ നഗരമാണ് കോഴിക്കോട്. കേന്ദ്രപരിസ്ഥിതി മന്ത്രാലയം രാജ്യത്ത് അധിപ്രധാനമായി സംരക്ഷിക്കപെടെണ്ട തണ്ണീർത്തടങ്ങളുടെ ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്. അതിൽ ഇടം പിടിച്ച രണ്ടു തണ്ണീർ തടങ്ങളാണ് മാവൂർ, കോട്ടൂളി എന്നിവ. ഇത് കൂടാതെ അഴിഞ്ഞിലം പോലെ ചെറു തണ്ണീർത്തടങ്ങളും നഗരത്തിനരികിലും അകത്തുമായി ചിതറി കിടക്കുന്നുണ്ട്. ജില്ലയുടെ കുടിവെള്ള സ്രോതസ്സുകളായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കപെടേണ്ട ജലസ്രോതസ്സുകളാണ് .

കോഴിക്കോട് ജില്ലയിൽ കടലുണ്ടി പ്രദേശത്തും കല്ലായി, മാങ്കാവ് പുഴയുടെ വശങ്ങളിലും കോരപ്പുഴയുടെ തെക്ക്ഭാഗത്തും കൈവഴികളിലും, പൂനൂർ പുഴയിലും കൊയിലാണ്ടിയിലെ നെല്ല്യാടിക്കടവിലും, അണേലക്കടവിലും, കീഴരിയൂർ പഞ്ചായത്തിലും, അകലാപ്പുഴയുടെ വശങ്ങളിലും ഇരിങ്ങൽ, കൊളാവി ഭാഗങ്ങളിലും, കുറ്റ്യാടിപ്പുഴയുടെ തീരത്തുള്ളുള്ള മണിയൂർ, പാലയാട് ഭാഗങ്ങളിലും ഓർക്കാട്ടേരി ഭാഗങ്ങളിലും, കണ്ടൽക്കാടുകൾ നിലവിലുണ്ട്. കുറ്റിക്കണ്ടൽ, ഉപ്പട്ടി, കണ്ണാംപൊട്ടി, നക്ഷത്രക്കണ്ടൽ, ചുള്ളിക്കണ്ടൽ, ചക്കരക്കണ്ടൽ എന്നീ ഇനങ്ങളാണ് ജില്ലയിൽ കണ്ടു വരുന്നത്. കണ്ടൽ വനം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കണ്ടൽ വന മത്സ്യകുഞ്ഞു നിക്ഷേപ പരിപാടിയായ സിൽവോ ഫിഷറീസ് പദ്ധതി പ്രോത്സാഹിപ്പിക്കുന്നതാണ്. വിവിധ ഞണ്ട്, ഓരുജല മത്സ്യ കുഞ്ഞുങ്ങളുടെ സീറാഞ്ചിങ്ങും നടത്താവുന്നതാണ്.

മത്സ്യ ബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യക്കുറവ്

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് മത്സ്യബന്ധന മേഖല ഇന്നു നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം.

പട്ടിക 4.1.54

ഭവനരഹിതമായ/വാസയോഗ്യമല്ലാത്ത വനങ്ങളുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങൾ (2016-17)

ക്രമനം	ഭവനസ്ഥിതി	എണ്ണം
1	ഭവനരഹിതർ	612
2	ഭൂരഹിതർ	855
3	50 മീറ്ററിന് ഉള്ളിൽ താമസിക്കുന്നവർ	2609
	ആകെ	**4076**

ശാരീരിക വെല്ലുവിളികൾ നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

കോഴിക്കോട് ജില്ലയിലെ ആകെയുള്ള 34 കടൽത്തീര മത്സ്യ ഗ്രാമങ്ങളിലും 2 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളിലും 7 % ത്തോളം മത്സ്യത്തൊഴിലാളികൾ താഴെ പറയുന്ന ശാരീരിക വെല്ലുവിളികൾ നേരിടുന്നു.

പട്ടിക 4.1.55

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന മത്സ്യ തൊഴിലാളികളുടെ വിവരങ്ങൾ

ക്രമ നം	ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന മത്സ്യ തൊഴിലാളികൾ - തരം	എണ്ണം
1	മാറാരോഗങ്ങൾ ബാധിച്ചവർ	410
2	ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ	278
3	പോഷകാഹാരക്കുറവ് അനുഭവിക്കുന്നവർ	4089
4	മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിയമയായവർ	2886
	ആകെ	7663

അവലംബം എന്യൂമറേറ്റർ സർവ്വേ റിപ്പോർട്ട്

കുടിവെള്ള ക്ഷാമം

കുടിവെള്ളക്ഷാമമാണ് തീരദേശ നിവാസികൾ അനുഭവിക്കുന്ന മറ്റൊരു പ്രധാന വിഷയം. ജില്ലയിൽ എലത്തൂർ, മാട്ടുവയിൽ പ്രദേശങ്ങളിൽ, കണ്ണൻകടവ്, എടക്കടവ്, മത്സ്യഗ്രാമങ്ങളിൽ 13, 17, 18, 20 വാർഡുകളിൽ, ബേപ്പൂർ മുതൽ ഗോധീശ്വരം വരെ, വടകര മത്സ്യ വൻ പരിധിക്കുള്ളിൽ അഴീത്തല മുകച്ചേരി ഭാഗം, ഒഞ്ചിയം മത്സ്യഗ്രാമം, ചോറോട്, ഏഴുകുടിക്കൽ, വളപ്പിൽ, മൂന്നുകുടിക്കൽ, പാറക്കൽ താഴെ, കൊയിലാണ്ടിയിൽ വിരുന്നുകണ്ടി പ്രദേശങ്ങൾ തുടങ്ങിയ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ശുദ്ധമായ കുടിവെള്ള ലഭ്യത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കുടിവെള്ള പ്രശ്നപരിഹാരത്തിനായി നിലവിലുള്ള പൊതു കിണറുകൾ സംരക്ഷിക്കുകയും / പുതിയ പൈപ്പുകൾ / കിണറുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

മത്സ്യഗ്രാമങ്ങളിലെ വൈദ്യുതീകരണം

മത്സ്യ ഗ്രാമങ്ങളിൽ ഇനിയും സമ്പൂർണ്ണമായി വൈദ്യുതീകരണം ലഭ്യമായിട്ടില്ല. ഒഞ്ചിയം, കണ്ണങ്കര സുനാമി കാർട്ടേഴ്സ്, മൂടാടി, തിക്കോടി എന്നിവിട ങ്ങളിൽ 50 ഓളം വീടുകളിൽ കറന്റ് ലഭ്യമായിട്ടില്ല.

തീരദേശ പ്രീ-പ്രൈമറി വിദ്യാഭ്യാസ സൌകര്യവികസനം

തീരദേശമേഖലയിലുള്ള അംഗനവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ പരിതാപകരമാണ്. ഇവയിൽ പല അംഗനവാടികളും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തവയാണ്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പല അംഗനവാടികൾക്കും കുടിവെള്ളം, ടോയിലറ്റ് സൌകര്യങ്ങൾ നിലവിലില്ല.

ആരോഗ്യ സുരക്ഷ

ശുചിത്വ പരിപാലനവും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട് മത്സ്യ ഗ്രാമങ്ങളിൽ ഡിസ്പെൻസറികൾ / പി. എച്ച്. സി. കൾ ആവശ്യമാണ്. വെളളയിൽ, പുതിയാപ്പ, കണ്ണൻകടവ്, എടക്കടവ് മത്സ്യ ഗ്രാമങ്ങളിൽ ഡിസ്പെൻസറി സൌകര്യങ്ങൾ വർദ്ധിപ്പിക്കുക, ചോറോട്, അഴിയൂർ നാലു കുടിക്കൽ വലിയമങ്ങാട്, ചെങ്ങോട്ട്കാവ്, മൂടാടി, തിക്കോടി എന്നിവിടങ്ങളിൽ മുഴുവൻ സമയ ഡിസ്പെൻസറികൾ, ആവശ്യമാണ്. എലത്തൂർ മത്സ്യഭവൻ പരിധിയിൽ വരുന്ന ചെട്ടികുളം, എടക്കാട് വയൽ, എന്നിവിടങ്ങളിൽ പി.എച്ച്. സി. ആവശ്യമാണ്. വടകര, വലിയ വളപ്പിലുള്ള ഡിസ്പെൻസറി പ്രവർത്തനരഹിതമാണ്. ഇവിടെ ഹോമിയോ, ഇംഗ്ലീഷ് ഡിസ്പെൻസറികൾ ആവശ്യമാണ്.

തീരദേശ വികസനത്തിന്റെ ഭാഗമായി നവീകരിക്കേണ്ട റോഡുകൾ

വടകര മത്സ്യഗ്രാമം, കുരിയാടി ഭാഗത്ത് തീരദേശ റോഡ് റിപ്പയറിങ്ങ് ആവശ്യമാണ്. ചുങ്കം-തണൽ മുതൽ (അഴീത്തല) 200 മീറ്റർ റോഡ് വേണം. കൊരമ്പയിൽ ഹാജി റോഡ് - 1.5 കിലോമീറ്റർ, കോരപ്പുഴ മാട്ടുവയിൽ റോഡ് - 1.5 കിലോമീറ്റർ, നൈനാം വളപ്പ് -ചേരിക്കൽ വരെ - 1 കിലോമീറ്റർ ഡ്രൈനേജ് നിർമ്മാണം. പതിമൂന്നാം വാർഡ് കണ്ണൻ കടവ് മത്സ്യ ഗ്രാമത്തിൽ അഴീക്കൽ ക്ഷേത്രം മുതൽ അഴീമുഖം വരെ - 2 കിലോമീറ്റർ റോഡ്, തൂവപ്പാറ വടക്ക് തൂവപ്പാറ- കൊയിലാണ്ടി റോഡ് - 1 കിലോമീറ്റർ മുനമ്പടത്ത്, വെങ്ങളം, കാപ്പാട് റോഡ് -500 മീറ്റർ, ചോറോട് മത്സ്യ ഗ്രാമത്തിൽ കുരിയാടി തീരദേശ റോഡ് റിപ്പയർ - 100 മീറ്റർ, ചോമ്പാല ഹാർബർ -സമീറ റോഡ് റിപ്പയർആവശ്യമാണ്. ചെങ്ങോട്ടകാവ് ബീച്ച് റോഡ് കൊയിലാണ്ടി വരെ, പൊയിൽകാവ് ബീച്ച് റോഡ് - 3 പഞ്ചായത്ത് ചേമഞ്ചേരി ചെങ്ങോട്ട്കാവ് കൊയിലാണ്ടി തീരദേശറോഡ്. -10 കിലോമീറ്റർ റിപ്പയർ ആവശ്യമാണ്. ബേപ്പൂർ ഗോധീശ്വരം മുതൽ മാറാട് ബീച്ച് വരെ - 3 കിലോമീറ്റർ റോഡ് അറ്റകുറ്റപണികൾ ആവശ്യമുണ്ട്. തിക്കോടി നാഗത്തിൽ പല്ലത്തിൽ താഴെ റോഡ്, കരിയാട്ടികുനി റോഡ് അറ്റകുറ്റപ്പണി ആവശ്യമാണ്.

ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ സാധ്യതകൾ

കോഴിക്കോട് ജില്ലയ്ക്ക് ഉൾനാടൻ മത്സ്യ കൃഷിയുടെ വളർച്ചയ്ക്കായി വമ്പിച്ച സാധ്യതകളാണുള്ളത്. ജില്ലയിൽ ഏകദേശം 27,809 ഹെക്ടറോളം ശുദ്ധജലാശയവും 4162 ഹെക്ടറോളം ഓരുജലാശയവും ഉണ്ട്. ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾ പ്രധാനമായും മത്സ്യ കർഷക വികസന ഏജൻസി വഴി ആണ് സാധ്യമാകുന്നത്. 1989ൽ ഈ ഏജൻസിയുടെ രൂപീകരണത്തിന് ശേഷമാണ് ജില്ലയിൽ ഉൾനാടൻ മത്സ്യ കൃഷി വികസനത്തിന് തുടക്കമിട്ടത്. ജില്ലയിൽ ലഭ്യമായ ഈ ഓരുജല /ശുദ്ധജലാശയങ്ങളിൽ 350 ഹെക്ടറിൽ ശുദ്ധജല മത്സ്യകൃഷിയും 75 ഹെക്ടറിൽ ഓരുജല (ചെമ്മീൻ/മത്സ്യ) കൃഷിയും നടപ്പിലാക്കി. 71 കി. മീ. തീരദേശ ദൈർഘ്യമുള്ള കോഴിക്കോട് ജില്ലയിലെ തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശങ്ങളിൽ കല്ലുമ്മക്കായ, കടൽ മുരു, ഞണ്ട് എന്നിവ കൃഷി ചെയ്ത് വരുന്നു. കൂടാതെ ജില്ലയിൽ അലങ്കാര മത്സ്യ കൃഷിക്ക് നല്ല സാധ്യതകളുണ്ട്. ജില്ലയിൽ കട്ല, രോഹു, മൃഗാൽ, പുൽമീൻ, ഗിഫ്റ്റ്, അനബസ്, സിപ്രിനസ്, തിലാപ്പിയ, ആറ്റുകൊഞ്ച്, ആസ്സാം വാള, വരാൽ എന്നീ മത്സ്യയിനങ്ങളെ ശുദ്ധജല മത്സ്യകൃഷിക്കായി ഉപയോഗിച്ചു വരുന്നു. പടുതാകുളം, സംയോജിത മത്സ്യ കൃഷി, കൂടുകൃഷി, അക്വാപോണിക്സ് എന്നീ രീതികളും സ്വീകരിച്ചു വരുന്നു. ജില്ലയിലെ പ്രധാനപ്പെട്ട അഞ്ചു പുഴകളിൽ പെൻകൾച്ചർ (വളപ്പ് കൃഷി), കൂടുകൃഷി എന്നിങ്ങനെയുള്ള നൂതന മത്സ്യകൃഷി രീതികൾ അവലംബിച്ചിട്ടുണ്ട്. ജില്ലയിലെ കുറ്റ്യാടി, കക്കയം ജലസംഭരണികളിലും വളപ്പ് കൃഷി, കൂടുകൃഷി മത്സ്യ കൃഷിക്ക് നല്ല സാധ്യതയുണ്ട്.

മാവൂർ പ്രദേശത്തെ തണ്ണീർ തടങ്ങൾ, കടലുണ്ടി, ഫറോക്ക് പ്രദേശങ്ങളിലെ മങ്കുളങ്ങൾ, തിക്കോടി പഞ്ചായത്തിലെ ജലാശയങ്ങൾ, ചേളന്നൂർ, കീഴരിയൂർ, ചേമഞ്ചേരി പയ്യോളി മേപ്പയ്യൂർ എന്നിവിടങ്ങളിലെ ജലാശയങ്ങൾ എന്നിവ അനുയോജ്യമായ മത്സ്യകുളങ്ങളാക്കി മാറ്റിയാൽ തന്നെ ജില്ലയിൽ ഉൾനാടൻ മത്സ്യ ഉത്പാദനത്തിൽ പുരോഗതി കൈവരിക്കാവുന്നതാണ്. ജില്ലയിൽ പാടശേഖര മത്സ്യ കൃഷിക്ക് സാധ്യതകൾ ഉണ്ട്. ജില്ലയിൽ 59 ഓളം പാടശേഖരങ്ങളുണ്ട് ആവളപാണ്ടി, വെളിയന്നൂർ ചെല്ലി, വി. എൻ. ചിറ എന്നിവിടങ്ങൾ കൊയ്ത്തു കഴിഞ്ഞ ശേഷം മത്സ്യകൃഷിക്കായി ഉപയോഗിക്കാവുന്നതാണ്.

ജില്ലയിലെ മത്സ്യ കർഷകർ മത്സ്യവിപണനത്തിനായി പ്രാദേശിക മാർക്കറ്റുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. എങ്കിൽപോലും ഇത്തരം മാർക്കറ്റുകളിൽ കടൽ, ഓർജല മത്സ്യങ്ങളാണ് പ്രധാനമായും ലഭ്യമാകുന്നത്. ജില്ലയിൽ കട്ല, മൃഗാൽ, റോഹു, ഗേരസ്സ് കാർപ്, തിലാപിയ തുടങ്ങിയ ശുദ്ധജല മത്സ്യങ്ങൾ ഭീമമായ തോതിൽ കർഷകരുടെ ഫാമിൽ നിന്നും സംഭരിക്കുവാനുള്ള ഒരു സംവിധാനം ജില്ലയിൽ ഇല്ല. ശുദ്ധജല മത്സ്യങ്ങൾ മാത്രം ലഭ്യമാകുന്ന മാർക്കറ്റുകൾ ജില്ലയിൽ തുടങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും ഈ തരത്തിലുള്ള മത്സ്യയിനങ്ങളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുകയാണെങ്കിൽ ശുദ്ധജല മത്സ്യകൃഷി വികസനത്തിന് അത് വളരെയധികം സഹായകമാകുന്നതാണ്.

മത്സ്യകൃഷി വികസനത്തിനായി അൻപത്

ലക്ഷത്തോളം ശുദ്ധജല കാർപ്പ് മത്സ്യകുഞ്ഞ് സംഭരണശേഷിയുള്ള കല്ലാനോട് മത്സ്യഹാച്ചറി, ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് കീഴിൽ പ്രവർത്തിക്കുന്നു. ഈ ഹാച്ചറി നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയത് 2017 സെപ്റ്റംബർ 10 നാണ്. 2017-ൽ കല്ലാനോട് ഹാച്ചറിയിൽ നടത്തിയ മത്സ്യക്കുഞ്ഞു നേഴ്സറിപരിപാലനം സംബന്ധിച്ച വിവരം പട്ടിക 4.1.56ൽ കാണിച്ചിരിക്കുന്നു. ഈ ഹാച്ചറി കോഴിക്കോട് നിന്ന് 60 കിലോമീറ്റർ ദൂരത്തിൽ കൂരാച്ചുണ്ട് പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. കൂടാതെ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 5560 ചെറുകിട, വൻകിട മത്സ്യഫാമുകളും വിവിധ പ്രൈവറ്റ്/സർക്കാർ മത്സ്യ ഹാച്ചറികളുമുണ്ട്.

പട്ടിക 4.1.56

കല്ലാനോട് ഹാച്ചറി-മത്സ്യകുഞ്ഞു നേഴ്സറി പരിപാലനം

ക്രമ നം	വർഷം	കട്ല	റോഹു	മൃഗാൽ	ഗ്രാസ്കാർപ്പ്	സിപ്രിനസ്
1	2017-18	1,50,000	4,70,000	4,00,000	----	---

ജില്ലയിലെ നദികൾ

കേരളത്തിന്റെ തെക്കൻ നദികളിലെ ജൈവവൈവിദ്ധ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ വടക്കൻ നദികളിലെ മത്സ്യ വൈവിധ്യം കുറവാണ്. നിലവിൽ ലഭ്യമായ മത്സ്യസമ്പത്ത് ഭയാനകമാം വിധം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന് ഫിർമയുടെ 2004-06ൽ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. നദികളിൽ വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ നിക്ഷേപ പരിപാടിയും. പുഴ അതിർത്തി പങ്കിടുന്ന പഞ്ചായത്ത് തലത്തിൽ പത്തു ശതമാനത്തോളം പുഴപ്രദേശം മത്സ്യ സങ്കേതമാക്കുന്നതു വഴിയും, ജല മലീകരണ നിയന്ത്രണ നിയമങ്ങൾ കർശനമാക്കുന്നതു വഴിയും, നദി പുനരുജ്ജീവന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നത് വഴിയും, മഴക്കാലത്ത് (മത്സ്യ പ്രജനന കാലത്ത്) രണ്ടു മാസത്തോളം ഉൾനാടൻ മത്സ്യബന്ധനം നിർത്തലാക്കുന്നത് വഴിയും, വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ പിടിക്കുന്നതു കർശന നിയമം വഴി തടയുന്നത് വഴിയും, നദികളിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കാവുന്നതാണ്.

പട്ടിക 4.1.57

ജില്ലയിലെ പ്രധാന നദികളും അവയിലെ പ്രധാനപ്പെട്ട മത്സ്യ ഇനങ്ങളും

ക്രമനം	നദിയുടെ/ അണക്കെട്ടിന്റെ പേർ	നീളം	പ്രധാനപ്പെട്ട മത്സ്യ ഇനങ്ങൾ
1	മാഹിപുഴ	54	മാനത്തുകണ്ണി , പൂവാലി,പരൽ, പൂളോൻ, പള്ളത്തി,കരിമീൻ, പ്രാച്ചി തുടങ്ങിയവ
2	കുറ്റ്യാടി പുഴ	75	മനഞ്ഞിൽ, കണിയം, പരൽ, വിളഞ്ഞിൽ , കല്ലെമുട്ടി, പൂവാലി, പരൽ, വഴക്കവരയൻ, ചില്ലൻ കുരി, പള്ളത്തി, കരിമീൻ, തിലാപ്പിയ പൂളോൻ, കട്ല, റോഹു, മൃഗാൾ തുടങ്ങിയവ
3	കോരപ്പുഴ	40	അറിഞ്ഞിൽ ,പൂവാലി, കുറുവ, കണിയം, പരൽ, വെള്ള കൂരി, മഞ്ഞ കൂരി, പൂഞ്ഞാൻ, കോലാൻ, പള്ളത്തി, കരിമീൻ, പ്രാച്ചി ആരൽ, കനമ്പ്, മാലാൻ, കതിരോൻ, ചെമ്പല്ലി, പയ്യത്തി, തുടങ്ങിയവ
4	കല്ലായി പുഴ	22	മാനത്തുകണ്ണി, കുറുവ, പൂവാലി, പരൽ, പൂളോൻ, പള്ളത്തി , കരിമീൻ, പ്രാച്ചി എന്നിവ
5	ചാലിയാർ പുഴ	169	അറിഞ്ഞിൽ, പൂവാലി, മീസപരവ, മാനത്തുകണ്ണി, പൂളോൻ, കോല, മാന്തൽ, കൂരി, ചെമ്പല്ലി, പള്ളത്തി, കരിമീൻ, പ്രാച്ചി, ആരൽ തുടങ്ങിയവ
6	കടലുണ്ടി പുഴ	130	പള്ളത്തി, കരിമീൻ, പ്രാച്ചി, ആരൽ, കനമ്പ്, മാലാൻ, കതിരോൻ, ചെമ്പല്ലി, പയ്യത്തി, പൂവാലി, കുറുവ, കണിയം പരൽ, വെള്ള കൂരി, മഞ്ഞകൂരി, പൂഞ്ഞാൻ, കോലാൻ എന്നിവ
7	കക്കയം അണക്കെട്ട്		പൂവാലി, കല്ലെമുട്ടി, തിലാപ്പിയ, കട്ല, റോഹു, മൃഗാൾ , പൂളോൻ, കണിയം പരൽ, കരിമീൻ, പള്ളത്തി, മാനത്തുകണ്ണി, വരാൽ, കുയിൽ ആരൽ, കൂരി എന്നിവ
8	പെരുവണ്ണാമൂഴി അണക്കെട്ട്		മനഞ്ഞിൽ, പൂവാലി, കല്ലെമുട്ടി, തിലാപ്പിയ കട്ല, റോഹു, മൃഗാൾ , പൂളോൻ, കണിയം പരൽ, കരിമീൻ, പള്ളത്തി, മാനത്തുകണ്ണി, വരാൽ, കുയിൽ, ആരൽ, കൂരി എന്നിവ

34 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ മത്സ്യമേഖലയിൽ വിജയകരമായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. തോണി നൽകൽ, വല നൽകൽ, അലങ്കാര മത്സ്യകൃഷി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ നൽകൽ, മത്സ്യ കൃഷി എന്നിവ അവയിൽ ചിലതാണ്. ഇത്തരം പദ്ധതികൾ വളരെ വിജയകരമായാണ് ജില്ലയിൽ നടപ്പിലാക്കിയത്. പ്രത്യേകിച്ച് ഫർണിച്ചർ വിതരണം പദ്ധതി, ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നൂറ് ശതമാനം തുകയും ചിലവാക്കാൻ സാധിച്ചിട്ടുണ്ട്. വല നൽകൽ, തോണി നൽകൽ, പദ്ധതിയും നല്ല രീതിയിൽ നടപ്പാക്കി വരുന്നു. എങ്കിലും മത്സ്യ മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഗുണഭോക്തൃ വിഹിതം അടക്കുന്നത് പൂർണ്ണമായും ഒഴിവാക്കിയോ അല്ലെങ്കിൽ 25 ശതമാനം ആക്കിയോ മാറ്റം വരുത്തിയാൽ കൂടുതൽ തുക ചെലവാക്കാനും പദ്ധതികൾ കൂടുതൽ വിജയിപ്പിക്കാനും സാധിക്കുന്നതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പല സബ്സിഡി നിർദ്ദേശങ്ങളും മത്സ്യത്തൊഴിലാളി മേഖലയിൽ എളുപ്പത്തിൽ നടപ്പാക്കാൻ സാധിക്കാത്തവയാണ്. സബ്സിഡി മാനദണ്ഡങ്ങൾ കൂടുതൽ ലഘൂകരിക്കുകയും നിബന്ധനകൾ മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമാക്കുകയും ചെയ്യേണ്ടതാണ്. മത്സ്യമേഖലയ്ക്ക് ആവശ്യമായ പദ്ധതികളായ ലാപ് ടോപ് വിതരണം (ഉന്നത വിദ്യാഭ്യാസം ചെയ്യുന്നവർക്ക്) മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് സൈക്കിൾ, അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ, വാഹനം എന്നിവ നൽകൽ എന്നീ പദ്ധതികൾകൂടി ഉൾപ്പെടുത്തിയാകണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

മത്സ്യകൃഷിയെ സംബന്ധിച്ച വിവരം

കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മത്സ്യ സമൃദ്ധി I, മത്സ്യ സമൃദ്ധി II, RKVY PEN CULTURE, INNOVATIVE AQUA CULTURE, PRACTICES, ജനകീയ മത്സ്യ കൃഷി രണ്ടാം ഘട്ടം എന്നീ പദ്ധതികൾ മുഖേന വിവിധ ശുദ്ധജല, ഓരുജല ചെമ്മീൻ/ മത്സ്യകൃഷി, പടുതാകുളത്തിലെ മത്സ്യ കൃഷി, കക്ക, മുരു, ഞണ്ട്, കരിമീൻ, കൂടുകൃഷി, വളപ്പുകൃഷി, സംയോജിത മത്സ്യ കൃഷി, മോഡൽ ഫിഷ് ഫാം, ഡെമോ കൂട് കൃഷി, കരിമീൻ, വിത്തുത്പാദന വിതരണകേന്ദ്രം, ഗിഫ്റ്റ് Xnem)nb,Aqua ponics, air breatihing fish cuture, ആറ്റ്കൊഞ്ച് തുടങ്ങിയ വിവിധ മത്സ്യകൃഷി സ്കീമുകൾ നടപ്പിലാക്കിയിരുന്നു. ഏകദേശം 4060 ഓളം ശുദ്ധ ജലമത്സ്യ കർഷകർ 22 ഓരുജല ചെമ്മീന് കർഷകർ, 38 പൂമീൻ മത്സ്യ കർഷകർ, 200 കക്ക കർഷകർ, 65 മുരു കർഷകർ, 18 ഞണ്ട് കർഷകർ എന്നിവർ ജില്ലയിൽ ഉണ്ട്.

2015-16 വർഷങ്ങളിൽ ജില്ലയിൽ 839.06 ടൺ ശുദ്ധജല മത്സ്യ ഉത്പാദനവും 55.265 ടൺ ഓരുജല ചെമ്മീൻ ഉത്പാദനവും 10 ടൺ കക്ക ഉത്പാദനവും നടന്നിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗങ്ങളെ അപേക്ഷിച്ച് ശാസ്ത്രീയ മാർഗ്ഗങ്ങളും ഗുണമേന്മയുള്ള തീറ്റ , മത്സ്യ വിത്ത്, വിവിധ ജല-വായു സങ്കലന മാർഗ്ഗങ്ങളും ഉപയോഗിച്ച് കുളത്തിലെ പ്രാണവായു വർദ്ധിപ്പിക്കൽ, മെച്ചപ്പെട്ട മത്സ്യ വളർത്തു പരിപാലന മുറകൾ, ജലഗുണ നിലവാരം നിലനിർത്തുക, തുടങ്ങിയ രീതികൾ അവലംബിക്കുന്നത് വഴി കുളത്തിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്.

ഉത്പാദന മേഖലയിൽ നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കിയും വലയും, ഗിൽനെറ്റ്, കല്ലുമ്മക്കായ കൃഷി, മുരു കൃഷി, കടൽ സുരക്ഷാ ഉപകരണങ്ങൾ എന്നിവ നൽകുന്ന പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇവയിൽ ഡിങ്കി, ഡിങ്കിയും ഗിൽനെറ്റും എന്നീ പദ്ധതികൾ മുൻവർഷങ്ങളിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് നൽകിക്കൊണ്ടിരുന്നത്. എന്നാൽ പന്ത്രണ്ടാം പദ്ധതി മുതൽ ഈ ആനുകൂല്യം മൂന്ന് ഉപഭോക്താക്കൾ അടങ്ങുന്ന ഗ്രൂപ്പിന് നല്കണമെന്നാണ് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളത്. ആയതിനാൽ ഈ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമടച്ച് പദ്ധതിയിൽ ചേരാൻ ഗുണഭോക്താക്കൾ ആരുംതന്നെ തയ്യാറാകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള ഫണ്ടുകൾ ചെലവഴിക്കാനാകാത്ത അവസ്ഥയാണ് ഇതുമൂലം സംജാതമാകുന്നത്. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം മൂന്ന് പേരടങ്ങുന്ന ഗ്രൂപ്പിന് നൽകേണ്ടുന്ന ആനുകൂല്യം പഴയതുപോലെ വ്യക്തിഗത ആനുകൂല്യമാക്കി പുനർനിർണ്ണയിക്കേണ്ടതാണ്.

ഉൽപാദന മേഖലയിൽ മത്സ്യലഭ്യതയിൽ അനുദിനം കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ മത്സ്യ ലഭ്യതയുടെ വർദ്ധനവ് ഉറപ്പ് വരുത്തുന്ന വിധത്തിൽ സീറഞ്ചിങ്ങ്, ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം പോലുള്ള പദ്ധതികൾ ഉൽപാദന മേഖലയിൽ

ഉൾപ്പെടുത്താവുന്നതാണ്.

ഉൽപാദന മേഖല (ഇൻലാൻറ്)

കോഴിക്കോട് ജില്ലയിൽ 27,809 ഹെക്ടർ ഓളം ശുദ്ധജലാശയവും 4162 ഹെക്ടർ ഓരു ജലാശയവുമുണ്ട്. 1500 ഹെക്ടർ ശുദ്ധജല മത്സ്യകൃഷിയും 500 ഹെക്ടർ ഓരുജല കൃഷിയും നടപ്പാക്കാവുന്നതാണ്. ഇത്തരത്തിലുള്ള മത്സ്യ കർഷകർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 50 ശതമാനം സബ്സിഡിയോടു കൂടി പ്രോജക്ട് ആവിഷ്കരിക്കേണ്ടതാണ്.

കടൽ മത്സ്യ വിഭവത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന 1,00,000 കുടുംബങ്ങളിലായി 1,10,526 കടൽ മത്സ്യത്തൊഴിലാളികളാണ് പ്രധാനമായും കോഴിക്കോട് ജില്ലയിലുള്ളത്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നാമമാത്രമാണ്. മത്സ്യ ത്തൊഴിലാളി കേന്ദ്രീകൃത വികസന സമീപനത്തിൽ കടൽ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി കൾക്കാണ് മുൻതൂക്കം നൽകുന്നത്. കടൽ മത്സ്യവിഭവത്തെ മാത്രം ആശ്രയിച്ചുകഴിയുന്ന ജനവിഭാഗം എന്ന നിലയിൽ ആവാസവ്യവസ്ഥ യുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആയിരിക്കണം മുൻഗണന. കൂടാതെ കടൽ മത്സ്യ ത്തൊഴിലാളികൾക്ക് സ്വസ്ഥമായും അന്തസ്സായും ജീവിക്കാനുതകുന്ന തരത്തിൽ മാനവ വികസന ത്തിനും പശ്ചാത്തല സൌകര്യങ്ങൾക്കും പരി ഗണന നൽകേണ്ടതുണ്ട്. എങ്കിലും ജില്ലയിൽ ലഭ്യമായ ജലാശയങ്ങൾ കണക്കിലെടുക്കുമ്പോൾ ഉൾനാടൻ മത്സ്യ ഉത്പാദനത്തിന്റെ സാധ്യതകൾ തള്ളിക്കളയാവുന്നതല്ല. ആയതിനാൽ അവയും പരിഗണിക്കേണ്ടതാണ്. ഇവയൊക്കെ പരിഗണിച്ചു കൊണ്ടുള്ള ഒരു സന്തുലിത വികസന കാഴ്ചപ്പാടിൽ ഊന്നിയ കീഴ്ത്തട്ട് - മേൽത്തട്ട് നിർദ്ദേശങ്ങളും സംയോജന ഏകോപന സാധ്യതകളും ആണ് ചുവടെ കൊടുത്തിരിക്കുന്നത്.

പൊതുനിർദ്ദേശങ്ങൾ

നിലവിലുള്ള മത്സ്യ വിപണന കേന്ദ്രങ്ങ ളുടെ സൌകര്യങ്ങൾ ആധുനികമായി മെച്ചപ്പെ ടുത്തുക, മത്സ്യലേല കേന്ദ്രങ്ങളുടെ പാശ്ചാത്തല സൌകര്യങ്ങൾ മെച്ചപ്പെടുത്തുക, മത്സ്യം കൊണ്ടു പോവുന്ന ലോറികൾക്കുള്ള പാർക്കിംഗ് സൌകര്യം വിപുലീകരിക്കുക, കടലാക്രമണം വ്യാപകമായി ഉണ്ടാവുന്ന സ്ഥലങ്ങളിൽ അതിനെ പ്രതിരോധിക്കു ന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക, തീരപ്രദേശത്ത് പ്രകൃതി പഠനം, കടലറിവുകൾ, വാട്ടർ സ്പോർട്സ് എന്നിവ പഠിപ്പിക്കുന്ന പഠന കേന്ദ്രം ആരംഭിക്കുന്നതിലൂടെ ടൂറിസ്റ്റുകളെ ആകർഷിക്കുക, നിലവിൽ തീരപ്രദേശത്ത് പ്രവർത്തന രഹിതമായിക്കിടക്കുന്ന പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റ് പ്രവർത്തന ക്ഷമമാ ക്കുകയും സഹകരണ സംഘങ്ങളുടെ പങ്കാളിത്ത ത്തോടുകൂടി പുതിയ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക, മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികളിൽ കേന്ദ്രീകൃത ബയോ കമ്പോസ്റ്റ് പ്ലാൻറുകൾ സ്ഥാപിക്കുക, വനിതാ സൌഹൃദ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക, മത്സ്യത്തൊ ഴിലാളികൾക്ക് ജോലിക്ക് പോകുന്നതിന് സൌകര്യ പ്രദമായി തീരദേശത്ത് ഗൃഹ നിർമ്മാണത്തിന് പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്ത ത്തോടെ നടപ്പാക്കുക, തീര പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കു ന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ രൂപീക രിക്കുക, മത്സ്യത്തൊഴിലാളികളുടെ കുട്ടികളിൽ ഉന്നത വിദ്യഭ്യാസം ചെയ്യുന്നവർക്ക് ലാപ് ടോപ്പ് വിതരണം, മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടി കൾക്ക് സൈക്കിൾ വിതരണം, മത്സ്യത്തൊഴി ലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ, വാഹനം എന്നിവ നൽകൽ എന്നീ പദ്ധതികൾ ഈ മേഖലയിൽ വിഭാവനം ചെയ്യാവുന്നതാണ്.

വികസന പരിപ്രേക്ഷ്യം

കോഴിക്കോടിന്റെ സവിശേഷമായ ജല വിഭവ ശേഷിയും ജൈവവൈവിദ്ധ്യവും അനുയോ ജ്യമായ രീതിയിൽ ഉത്തരവാദിത്വ സുസ്ഥിര മത്സ്യ കൃഷി വ്യവസായമായി വ്യാപിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റപെടുവാനായുള്ള പരിപ്രേക്ഷ്യം താഴെ പറയുന്നു.

1. ജില്ലയിലെ ഫിഷിംഗ് ഹാർബറുകളുടെ നവീകരണവും അടിസ്ഥാനസൌകര്യങ്ങളുടെ വിപുലീകരണവും
2. പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുന്ന ജില്ലയിലെ 71 കിലോമീറ്റർ ദൈർഘ്യത്തിലുള്ള സമുദ്രത്തിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ (EEZ) മത്സ്യബന്ധനം കാര്യക്ഷമമാക്കൽ.
3. പടുതാകുളം പദ്ധതികൾ, സംയോജിത മത്സ്യകൃഷി, അക്വാപോണിക്സ്, കൂട്കൃഷി, പെൻകൾച്ചർ എന്നിവയിലൂടെ ഉൾനാടൻ

മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കൽ.

4. ജലസ്രോതസുകൾ സംരക്ഷിക്കൽ
5. മത്സ്യബന്ധന സംസ്കരണ വിപണന മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപെടുത്തൽ
6. മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക
7. പ്രകൃതി ദുരന്ത ലഘൂകരണവും പുനരധിവാസവും ഉറപ്പാക്കൽ
8. കടൽത്തീര സംരക്ഷണം/ജൈവകടൽ ഭിത്തി നിർമ്മാണം വ്യാപിപ്പിക്കൽ.
9. മത്സ്യ തൊഴിലാളി സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരം മെച്ചപെടുത്തൽ
10. ജില്ലയിലെ മുഴുവൻ ഭൂരഹിത, ഭവനരഹിതർക്കുമുള്ള പാർപ്പിട പദ്ധതി പൂർത്തിയാക്കൽ
11. മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കൽ.
12. മത്സ്യ തൊഴിലാളി സൌഹൃദ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ വികസനം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തീരക്കടലിലെ സ്വാഭാവിക പാരുകളുടെ സംരക്ഷണം മത്സ്യ തൊഴിലാളികളുടെ സഹായത്തോടെ നടപ്പിലാക്കുക.
2. പ്രകൃതി പരിപാലനത്തിന്റെ ഭാഗമായി പുഴയോര പഞ്ചായത്തുകൾ 10 ശതമാനം പുഴകൾ മത്സ്യ സങ്കേതങ്ങൾക്കായി മാറ്റി വെക്കുക.
3. പഞ്ചായത്ത് അധികാര പ്രദേശങ്ങളിലുള്ള പുഴ ശുദ്ധീകരണം, പ്ലാസ്റ്റിക് നിരോധനം, എന്നിവ മത്സ്യത്തൊഴിലാളി, കർഷകർ, സാമൂഹ്യ പ്രവർത്തകർ, പ്രകൃതി സ്നേഹികൾ എന്നിവരെ സംയോജിപ്പിച്ച് നടപ്പാക്കാവുന്നതാണ്
4. അശാസ്ത്രീയ മത്സ്യബന്ധനത്തിനും പുഴ കയ്യേറ്റത്തിനും എതിരെ ജാഗ്രത നടപടികൾ.
5. മത്സ്യബന്ധന യാനങ്ങൾക്ക് അനുസൃതമായിട്ടുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകുക. ജി.പി.എസ്, എക്കോ സൌണ്ട് മുതലായല 50 ശതമാനം സബ്സിഡി നിരക്കിൽ യാനങ്ങൾക്ക് നൽകുക.
6. മലിനീകരിക്കപ്പെട്ട പുഴകളായ കല്ലായി, കുറ്റ്യാടി, കോരപ്പുഴ, ചാലിയാർ, കടലുണ്ടി എന്നിവയ്ക്ക് പുനരുജ്ജീവന പദ്ധതികൾ.
7. ഊർജ്ജ ക്ഷമതയുള്ള മത്സ്യ ബന്ധനയാനങ്ങൾ പരിചയപ്പെടുത്തൽ.
8. തീരദേശത്തെ മാലിന്യങ്ങൾ കുറയ്ക്കുന്നതിനായുള്ള പദ്ധതികൾ
9. തീരദേശത്തെ ഖര മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
10. ഹാർബറുകളിലും, മത്സ്യ ഗ്രാമങ്ങളിലും ആരോഗ്യ രക്ഷാ സംവിധാനങ്ങൾ ഒരുക്കൽ.
11. കരക്കടുപ്പിക്കൽ കേന്ദ്രങ്ങളിൽ മറുനാടൻ മത്സ്യത്തൊഴിലാളികളുടെ സാന്നിധ്യം പെർമിറ്റ് കാർഡ് സംവിധാനത്തിലാക്കുക.
12. ഈ കേന്ദ്രങ്ങളിൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്ന വിമുക്ത കേന്ദ്രങ്ങളാക്കുക.
13. മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കുക.
14. കോഴിക്കോട് ബീച്ച്, കോന്നാട് ബീച്ച്, ഭട്ട്റോഡ് ബീച്ച്, കേന്ദ്രീകരിച്ച് വാട്ടർ സ്പോർട്സ് പദ്ധതി നടപ്പാക്കാം.
15. കാപ്പാട് ബീച്ച്, വെള്ളിയാങ്കല്ല്, കൊളാവിപ്പാലം ആമ വളർത്തൽ കേന്ദ്രം എന്നിവ കേന്ദ്രീകരിച്ച് പ്രകൃതി പഠനം, കടലറിവുകൾ, വാട്ടർ സ്പോർട്സ്, എന്നിവ പഠിപ്പിക്കുന്ന പഠന കേന്ദ്രം ആരംഭിക്കൽ.
16. മത്സ്യ ഗ്രാമങ്ങളിലെ തീരദേശറോഡുകളുടെ വികസനത്തിന് മുൻഗണന നൽകുക.
17. ബേപ്പൂർ ഉരു നിർമ്മാണ കേന്ദ്രം സ്ഥാപിക്കുന്നതിലൂടെ അന്യം നിന്നു പോകുന്ന പരമ്പരാഗത കൈത്തൊഴിൽ സംരക്ഷിക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെയും മത്സ്യ വകുപ്പിന്റെയും ഹരിതകേരള മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നിലവിലുള്ള കണ്ടൽ വനം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കണ്ടൽവന മത്സ്യകുഞ്ഞു നിക്ഷേപ പരിപാടിയായ സിൽവോ ഫിഷറീസ്

പദ്ധതി പ്രോത്സാഹിപ്പിക്കാവുന്നതാണ്. വിവിധ ഞണ്ട് ഓരുജല മത്സ്യ കുഞ്ഞുങ്ങളുടെ സീറാഞ്ചിങ്ങ് നടത്താവുന്നതാണ് .

2. മത്സ്യ വകുപ്പിന്റെയും ഹരിതകേരള മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ തീരക്കടലിന്റെ അടിത്തട്ടിലുള്ള പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്തു തീരക്കടലിലെ മത്സ്യ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക.

3. 15 ഏക്കറോളം വരുന്ന ഒളവണ്ണ പഞ്ചായത്തിലെ ഒളവണ്ണ ചാലി നവീകരിക്കുന്നത് പദ്ധതി പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുന്ന തിനും പച്ചക്കറികൃഷി, മത്സ്യകൃഷി എന്നിവയെ സഹായിക്കുന്നതുമാണ്.

4. മത്സ്യ ബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുക.രജിസ്ടർ ചെയ്ത യാനങ്ങൾക്ക് മത്സ്യഭവനുമായി ജി. ഐ. എസ് വെസ്സൽ ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കുക

5. മത്സ്യഭവനുകളെ പ്രകൃതി ദുരന്ത മുന്നറിയിപ്പ് കേന്ദ്രങ്ങളായി പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുക. ഓഫീസ് അടിസ്ഥാന സൌകര്യങ്ങൾ, കുടിവെള്ള ലഭ്യത, ടോയ്ലറ്റ് സൌകര്യം, വൈദ്യുതി, കമ്പ്യൂട്ടർ, പ്രിന്റർ, നോട്ടീസ്സ് ബോർഡ്, എന്നിവ ലഭ്യമാക്കുക ഓഫീസ് അസിസ്റ്റന്റ് ക്ലാർക്ക്, , മത്സ്യഭവൻ ഓഫീസർ, മത്സ്യത്തൊഴലാളികൾ വിവരങ്ങൾ നല്കുന്നതിനായി ഫോൺ, സിം കാർഡ്, സഞ്ചരിക്കുന്നതിനായി വാഹനം എന്നിവ ഏർപ്പെടുത്താവുന്നതാണ്. മത്സ്യഫെഡ്, ക്ഷേമ നിധി ബോർഡ് എന്നിവയുടെ പങ്കാളിത്ത പ്രവർത്തനം മത്സ്യ ഭവൻ ഓഫീസുകളിൽ ആവശ്യമാണ്.

6. രജിസ്റ്റർ ചെയ്ത യാനങ്ങളിൽ സുരക്ഷ സംവിധാനങ്ങളും പ്രാഥമിക മരുന്ന് കിറ്റുകളും ലഭ്യമാക്കുക.

7. ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രാദേശിക സംവിധാനങ്ങൾ ക്രിയാതമാകമാക്കുവാൻ നടപടി സ്വീകരിക്കുക

8. മത്സ്യ ബന്ധന യാനങ്ങൾക്ക് വേണ്ട പ്രത്യേക ഇൻഷുറൻസ് പരിരക്ഷ മത്സ്യഫെഡ്, ക്ഷേമ നിധി ബോർഡ് എന്നിവ സംയുക്തമായി ആവിഷ്കരിക്കുക അതിനുള്ള നയം സർക്കാർ രൂപീകരിക്കുക.

9. പുനരധിവാസ നടപടികളും പ്രവർത്തനങ്ങളും മുൻകൂട്ടി ആസൂത്രണം ചെയ്യുക.

10. കടൽ ആംബുലൻസ് സൌകര്യം ഏർപെടുത്തുക. പ്രാദേശിക തലത്തിൽ മത്സ്യ തൊഴിലാളികളിൽ നിന്നും സ്കൂബേ ഡൈവിംഗ് നീന്തൽ വിദഗ്ദരെ ഉൾപെടുത്തി സ്ഥിരം ജാഗ്രത സമിതികൾ രൂപീകരിച്ചു കൊണ്ട് കോസ്റ്റ് ഗാർഡിന്റെ കടൽ രക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

11. കേരള മറൈൻ ഫിഷിങ്ങ് റഗുലേഷൻ ആക്ട് നടപ്പിലാക്കുന്നതിന് ആധുനിക സുരക്ഷാ സജ്ജീകരണങ്ങളോട് കൂടിയ ബോട്ട്, മതിയായ ജീവനക്കാർ എന്നിവ ഒരുക്കുക.

12. ആശുപത്രി, വ്യവസായ മാലിന്യങ്ങൾ, പ്ലാസ്റ്റിക്, അറവ് മാലിന്യങ്ങൾഎന്നിവ തീരപ്രദേശത്ത് നിക്ഷേപിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

13. ഹാർബറിനോട് ചേർന്ന് ഹെൽത്ത് സെന്റർ/, പിഎച്ച്സി,/ ഡിസ്പെൻസറി, മാലിന്യ സംസ്കരണ പ്ലാന്റ്, വാർത്താ വിനിമയ സൌകര്യങ്ങൾ, ഡ്രെയിനേജ് സൌകര്യങ്ങൾ എന്നിവ ഒരുക്കുക.

14. ആധുനിക സൌകര്യങ്ങളോടു കൂടിയ സംഭരണ ശേഷി കൂടുതലുള്ള ശുചിത്വമുള്ള മാർക്കറ്റിങ്ങ് ഹാൾ, വിപണന സ്ഥലം, റോഡ് വികസനം, എന്നിവ ആവശ്യമാണ്. ആഭ്യന്തര വിപണിയിൽ ലഭ്യമാകുന്ന മത്സ്യത്തിലെ മായം കണ്ടുപിടിക്കാൻ പരിശോധന ലാബുകൾ സ്ഥാപിക്കണം. ഹാർബർ, മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ മത്സ്യത്തിൽ മായം ചേർക്കുന്നത് ലിസ്റ്റ് ചെയ്യുന്നതിന് വേണ്ടി അത്തരത്തിലുള്ള ലബോറട്ടറികൾ സ്ഥാപിക്കേണ്ടതും അത്തരം ആളുകളുടെ ബന്ധപ്പെട്ട കച്ചവട ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ കാൻസൽ ചെയ്യുന്ന തരത്തിലുള്ള നിയമ നടപടികൾ കർശനമായി സ്വീകരിക്കുകയും ചെയ്യുക.

15. പയ്യോളിയിൽ ഹാർബർ നിർമ്മിക്കുക

16. ലൈഫ് മിഷനുമായി ബന്ധപെട്ടു പരിസ്ഥിതി സൌഹാർദ്ദ മാതൃക മത്സ്യ ഗ്രാമങ്ങൾ രൂപകല്പന ചെയ്യുക

17. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശ പി.എച്ച്.സി. / സി.എച്ച്.സി. യെ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുവാൻ നടപടികൾ സ്വീകരിക്കുക. പി. എച്ച്. സി. കളിൽ ഗൈനക്ക് സൌകര്യം ഉറപ്പുവരുത്തുക

18. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ പലതും ജില്ലയിൽ പ്രവർത്തനരഹിതമാണ്. അവ പ്രവർത്തന സജ്ജമാക്കേണ്ടതുണ്ട്.

19. പഞ്ചായത്ത് വകുപ്പ് സർക്കുലർ നം. 1630/ആർ സി 4/14 2014 പ്രകാരം പുഴ ലീസ് എടുക്കുന്നത് തടയുന്നു. ജില്ലയിൽ വളപ്പ് കൃഷി, കൂട് മത്സ്യ കൃഷി, കടുക്ക, കടൽ മുരു കൃഷി തുടങ്ങി വിവിധ മത്സ്യ കൃഷികൾ പുഴയോരത്താണ് സാധ്യമാക്കുന്നത്. ആയതിനാൽ മത്സ്യ കൃഷി ആവശ്യങ്ങൾക്കായി ഈ സർക്കുലറിൽ മേൽ ഒരു പുനർവിചിന്തനം ആവശ്യമുണ്ട്.

20. കുറ്റ്യാടി, കക്കയം എന്നീ അണക്കെട്ടുകളിൽ മത്സ്യകൃഷിക്ക് സാധ്യതകളുണ്ട്, പക്ഷേ സുരക്ഷാ കാരണങ്ങളാൽ മത്സ്യകൃഷി നടത്തുവാൻ അനുമതി ലഭിക്കുന്നില്ല. സുരക്ഷാക്രമീകരണങ്ങൾ നടത്തി ആയതിന് അനുമതി ലഭ്യമാക്കുക.

കയറ്റുമതിയുടെ പുരോഗതിക്ക് സർക്കാർ/ സർക്കാർ നിയന്ത്രിത മേഖലകളിൽ ആധുനിക സംസ്കരണ ശാലകൾ ആവശ്യമാണ്.

സംയോജന സാധ്യതകൾ

പട്ടിക4.1.58

മത്സ്യ മേഖല സംയുക്ത സംയോജിത പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ

ക്രമ നം	സംയോജിത പ്രോജക്ട്	സംയോജിത പ്രോജക്ടിൽ പങ്കാളികളാകേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് വകുപ്പുകൾ
1	മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിടം	ഫിഷറീസ് വകുപ്പ്, ലൈഫ് മിഷൻ
2	മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിൽ കുടിവെള്ള പദ്ധതി	കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, വാട്ടർ അതോറിട്ടി, തദ്ദേശ സ്വയംഭരണ വകുപ്പ്
3	റോഡ് സൗകര്യം	പൊതുമരാമത്ത് വകുപ്പ്
4	കടൽഭിത്തി	ഇറിഗേഷൻ വകുപ്പ്
5	മത്സ്യ ഗ്രാമങ്ങളിൽ മത്സ്യ മാർക്കറ്റ്/ ഫിഷിംഗ് ഹാർബർ മാലിന്യ മുക്തമാക്കൽ	ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
6	മത്സ്യത്തൊഴിലാളികൾക്ക് വല വിതരണം	മത്സ്യ ഫെഡ് , തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്
7	ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കൽ / ഫിഷ് ബൂത്തുകൾ ആരംഭിക്കുക, മായം ചേർക്കൽ പരിശോധന ലാബ്	ഭക്ഷ്യ സുരക്ഷ വകുപ്പ് , തദ്ദേശ സ്വയം ഭരണവകുപ്പ്, ഫിഷറീസ് വകുപ്പ്

8	അശാസ്ത്രീയ / നശീകരണ മത്സ്യ ബന്ധനം	തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്
9	മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണം	സാഫ്
10	ഓരുജല ശുദ്ധ ജല കുള നിർമ്മാണവും നവീകരണവും	തദ്ദേശ സ്വയംഭരണ വകുപ്പ്
11	അംഗൻ വാടി	സാമൂഹ്യ നീതി വകുപ്പ്
12	കുളത്തിലെ സംരക്ഷണ വല, മത്സ്യ തീറ്റ വിതരണം	തദ്ദേശ സ്വയംഭരണ വകുപ്പ്
13	മത്സ്യത്തൊഴിലാളികൾക്ക് ഡിങ്കി വിതരണം	തദ്ദേശ സ്വയംഭരണ വകുപ്പ് , ഫിഷറീസ് വകുപ്പ്
14	ശുദ്ധജല മാർക്കറ്റ്	തദ്ദേശ സ്വയംഭരണ വകുപ്പ്
15	കല്ലുമ്മക്കായ കൃഷി സാദ്ധ്യതകൾ	തദ്ദേശ സ്വയംഭരണ വകുപ്പ് , ഫിഷറീസ് വകുപ്പ്
16	അലങ്കാര മത്സ്യ പ്രജനനം സാധ്യതകൾ പ്രയോജനപെടുതവുന്നതാണ്	തദ്ദേശ സ്വയംഭരണ വകുപ്പ് , ഫിഷറീസ് വകുപ്പ് സംയുക്ത പദ്ധതികളുടെ ആസൂത്രണം

നൂതനആശയങ്ങൾ

1. കടലിൽ പോവുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം കൃത്യമായി അറിയുന്നതിന് ഹാർബറുകൾ, ലാന്റിങ്ങ് സെന്ററുകളിൽ കടൽ ചെക്ക്പോസ്റ്റ് (തീരദേശസേനയുടെ/ ഫിഷറീസ് മറൈൻഎൻഫോഴ്സ്മെന്റ്) സ്ഥാപിച്ച് കടലിൽ പോവുന്ന മത്സ്യയാനങ്ങൾക്ക് ദിവസേനയുള്ള പെർമിറ്റ് കാർഡ്/ പെർമിറ്റ് പേപ്പർ അനുവദിക്കുക, പോവുന്നസമയം, വരുന്നസമയം, ആളുകളുടെ പേരുവിവരങ്ങൾ എന്നിവ പെർമിറ്റ് പേപ്പറിൽ ഉണ്ടാവണം. കടൽ പട്രോളിങ്ങ് നടക്കുന്ന സമയത്ത് പെർമിറ്റ് പേപ്പർ ഇല്ലാത്തവർക്ക് മുന്നറിയിപ്പ്/ ശിക്ഷ/പിഴ ഈടാക്കുക. ഈ സംവിധാനം തുടക്കത്തിൽ ഹെൽപ് ഡെസ്ക് സംവിധാനത്തോടുകൂടി ചെക്ക് പോസ്റ്റുകളിൽ നടപ്പിലാക്കുക. മത്സ്യബന്ധനം, അധികൃതരുടെ അനുവാദത്തോടുകൂടി മാത്രം നടപ്പിലാക്കുക.
2. മത്സ്യത്തീറ്റ നിർമ്മാണവ്യവസായം, മത്സ്യകൃഷിക്ക് വളരെ പ്രാധാന്യമേറിയതാണ്. നിലവിൽ അന്യസംസ്ഥാനങ്ങളെയാണ് ഗുണമേന്മയുള്ള മത്സ്യത്തീറ്റയ്ക്കും അക്വാമെഡിസിനും വേണ്ടി മത്സ്യകർഷകർ ആശ്രയിക്കുന്നത്. ജില്ലയിൽ ബ്ലോക്കടിസ്ഥാനത്തിൽ മത്സ്യത്തീറ്റ നിർമ്മാണവ്യവസായവും അക്വാമെഡിസിൻ ഷോപ്പുകളും സ്ഥാപിക്കാവുന്നതാണ്.
3. ശുദ്ധജല ഭക്ഷ്യമത്സ്യ/അലങ്കാര മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക. ശുദ്ധജല മത്സ്യ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുക .
4. മത്സ്യത്തൊഴിലാളി കോളനികളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം തീരദേശത്തെ മാലിന്യം കുറയ്ക്കുവാൻ സഹായിക്കും .

പരിസ്ഥിതി, കാലാവസ്ഥാവ്യതിയാനം, വനവികസനം

ഉദ്ദേശം 550 കി.മീ തീരപ്രദേശങ്ങൾ, കിഴക്ക് ഭാഗത്തെ സഹ്യപർവ്വത നിരകൾ, 44 നദികൾ ഉൾപ്പെടെയുള്ള ജലവ്യവസ്ഥ എന്നിവ ഉൾപ്പെടുന്ന ഭൂപ്രദേശമുള്ള സംസ്ഥാനത്തിന്റെ പാരിസ്ഥിതിക ആരോഗ്യ സംരക്ഷണം ഏറെ വെല്ലുവിളി നിറഞ്ഞതാണ്. തീരസമതലങ്ങളും ഇടനാടുകളും മലനിരകളുമടങ്ങിയ ഈ പ്രദേശങ്ങളുടെ പരിസ്ഥിതി സംരക്ഷണം പലവിധത്തിലുള്ള സാമൂഹിക സാമ്പത്തിക വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്. ഏതൊരു പ്രദേശത്തിന്റെയും പരിസ്ഥിതി സംതുലനത്തിന് വനങ്ങൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. നമ്മുടെ നിലനിൽപ്പിന് അടിസ്ഥാനമായ വായു, ജലം, മണ്ണ്, കാലാവസ്ഥ, ജൈവവൈവിധ്യം എന്നിവയെ നിയന്ത്രിക്കുന്ന പ്രധാന ഘടകമാണ് വനങ്ങൾ. പരിസ്ഥിതി സംതുലനത്തിന് ചുരുങ്ങിയത് ഭൂവിസ്തൃതിയുടെ മൂന്നിൽ ഒരു ഭാഗമെങ്കിലും വനമായി സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ ജില്ലയിൽ ആകെയുള്ള വനങ്ങളുടെ വിസ്തൃതി 310.27 ച.കി ആണ്. ഇത് ജില്ലയുടെ ഭൂവിസ്തൃതിയുടെ 13% മാത്രമാണ്. ആരോഗ്യകരവും സുസ്ഥിരവുമായ പരിസ്ഥിതി ജനങ്ങളുടെ അടിസ്ഥാന ആവശ്യമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ പ്രകൃതി വിഭവങ്ങളായ ഭൂമിയും ജലവും പരിപാലിക്കുകയും സംരക്ഷിക്കുകയും അത്യാവശ്യമാണ്.

ജലമലിനീകരണം, ശുദ്ധജല ദൗർലഭ്യം, വായുമലിനീകരണം, തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും നശീകരണം, വനനശീകരണം, കാലാവസ്ഥ വ്യതിയാനം, അനിയന്ത്രിത ഖനന പ്രവർത്തനങ്ങൾ, അശാസ്ത്രീയ കൃഷിരീതികൾ, അശാസ്ത്രീയ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയാണ് നമ്മുടെ പരിസ്ഥിതി നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ. പരിസ്ഥിതിക്ക് ദോഷകരമായ പ്രവർത്തനങ്ങളാണ് കാലാവസ്ഥ വ്യതിയാനത്തിനാധാരം. അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ്, മഴയുടെ അസാധാരണമായ ഏറ്റക്കുറച്ചിലുകൾ, കൊടുങ്കാറ്റുകളുടെ വർദ്ധനവ് എന്നിവ കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രകടമായ പ്രതിഫലനമാണ്. കാലാവസ്ഥ വ്യതിയാനത്തിന് പ്രധാന കാരണങ്ങൾ ഹരിതവാതകങ്ങൾ കൂടുതലായി അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നതാണ്. കാലാവസ്ഥ വ്യതിയാനം ഒരു ആഗോള പ്രതിഭാസമായതിനാൽ പ്രാദേശിക പദ്ധതികൾ കൊണ്ട് ചെറുക്കാൻ കഴിയില്ലെങ്കിലും മെച്ചപ്പെട്ട പദ്ധതികളിലൂടെ പ്രാദേശികമായി കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകാതിരിക്കാൻ നമുക്ക് കഴിയും. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡുകളെ വലിച്ചെടുക്കാൻ വൃക്ഷങ്ങൾ വളർത്തുന്നതിന് പ്രോത്സാഹിപ്പിക്കുകയും പാരമ്പര്യ ഊർജ ബദലുകൾ വ്യാപിപ്പിക്കുന്നതും ഖരമാലിന്യങ്ങളുടെ ശാസ്ത്രീയ നിർമ്മാർജ്ജനവുമൊക്കെ ഇത്തരം നടപടികളാണ്. വനങ്ങളും തണ്ണീർതടങ്ങളും കാവുകളും കണ്ടൽക്കാടുകളും തീരദേശങ്ങളും സംരക്ഷിക്കേണ്ടതും പരിസ്ഥിതി സംരക്ഷണത്തിന് പ്രധാനപ്പെട്ടതാണ്.

പരിസ്ഥിതി

നമ്മുടെ മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തോടൊപ്പമോ ഒരു പക്ഷേ അതിൽ കൂടുതലോ പ്രധാനപ്പെട്ടതാണ് നാം ജീവിക്കുന്ന ചുറ്റുപാടിന്റെ ആരോഗ്യം. മണ്ണ്, ജലം, വായു എന്നിവ നമ്മുടെ നിലനിൽപ്പിനെ നേരിട്ട്

സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഇവയുടെ മലിനീകരണമാണ് ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ടത്. ജില്ലയിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകളാൽ വേനൽകാലത്ത് പല പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടാറുണ്ട്. ലഭ്യമായ ജലസമ്പത്ത് ഭാവിയിലും ഉപയോഗിക്കുന്നതിന് കൃത്യമായി ആസൂത്രണം ആവശ്യമാണ്. നദികൾ ഉൾപ്പെടെയുള്ള ജലവ്യവസ്ഥകളുടെ പാരിസ്ഥിതിക ആരോഗ്യം നിലനിർത്തുന്നതിന് നദീതീരത്തിന്റെയും നീർത്തടങ്ങളുടെയും ശുചീകരണവും മലിനജലത്തിന്റെ ഒഴുക്ക് തടയുന്നതിനായുള്ള പ്രവർത്തനങ്ങളും അത്യാവശ്യമാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ പ്രകടമായിട്ടുള്ളത് തീരപ്രദേശങ്ങളിലാണ്. കടൽ തീരങ്ങൾ ഉൾപ്പെടുന്ന ഈ പ്രദേശത്താണ് നമ്മുടെ ജനസംഖ്യയുടെ പ്രധാന ഭാഗവും താമസിക്കുന്നത്. ഇവിടങ്ങൾ തന്നെയാണ് കണ്ടൽക്കാടുകളും തണ്ണീർതടങ്ങളും കാവുകളും പവിഴപ്പുറ്റുകളും മറ്റും ഉൾപ്പെടുന്ന പ്രധാനപ്പെട്ട ജൈവവ്യവസ്ഥ ഉൾക്കൊളളുന്നിടവും. വർദ്ധിച്ച നഗരവത്കരണവും, അശാസ്ത്രീയ വികസന പ്രവർത്തനങ്ങളും വിനോദ സഞ്ചാരവും ഈ പ്രദേശങ്ങളുടെ നാശത്തിന് കാരണമായിട്ടുണ്ട്. കണ്ടൽക്കാടുകളുടെ നശീകരണം, തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തലും, അവയുടെ മലിനീകരണവും ,കടൽ തീരങ്ങളുടെയും ശുദ്ധജല സ്രോതസ്സുകളുടെയും മലിനീകരണം, അന്തരീക്ഷ മലിനീകരണം തുടങ്ങിയവ തീരപ്രദേശങ്ങളിലെ പ്രധാനപ്പെട്ട വിഷയങ്ങളാണ്. കാർഷികാവശ്യത്തിന് വളങ്ങൾ അധികമായി ഉപയോഗിക്കുന്നത് വഴി മണ്ണിന്റെ ജൈവവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളും മണ്ണൊലിപ്പുമാണ് ഇടനാടുകളിലെ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ. അനിയന്ത്രിത ഖനന പ്രവർത്തനങ്ങളാണ് മലനാടുകളിൽ പ്രധാനമായും പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നത്.

അവസ്ഥാ വിശകലനം

ജലസ്ത്രോതസ്സുകളും അവയുടെ മലിനീകരണവും

ഭൂപ്രകൃതി അനുസരിച്ച് കോഴിക്കോട് ജില്ലയെ സമതല പ്രദേശം, ഇടനാട്, മലനാട് എന്നിങ്ങനെ പ്രധാനപ്പെട്ട മൂന്ന് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. ഓരോ വിഭാഗം പ്രദേശങ്ങളും തനത് മണ്ണിനങ്ങളുടെയും സസ്യജാലങ്ങളുടെയും തരങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. ഓരോ പ്രദേശങ്ങൾക്കും പുഴകളും അവയുടെ കൈവഴികളും ചേർന്ന് തനതായ ഒരു ജലനിർഗ്ഗമന ശൃംഖല പ്രകൃത്യാ രൂപപ്പെട്ടിട്ടുണ്ട്. ചാലിയാർ, കോരപ്പുഴ, കുറ്റ്യാടി പുഴ, മാഹിപുഴ, കല്ലായി പുഴ, കടലുണ്ടി പുഴ എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട പുഴകൾ. ഇവയിൽ കല്ലായി പുഴ ഒഴികെയുളളവ എല്ലാം സഹ്യപർവ്വതത്തിൽ നിന്ന് ഉദ്ഭവിക്കുന്നവയാണ്. കല്ലായിപുഴ ചെറുകുളത്തൂർ വില്ലേജിൽ നിന്ന് ഉത്ഭവിക്കുന്നു. ഇത് മാമ്പുഴ എന്ന പേരിലും അറിയപ്പെടുന്നു. ജില്ലയിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ ചിത്രം-4.1.22 ഉൾപ്പെടുത്തിയിട്ടുണ്ട്.

പുഴകളുടെ തീരങ്ങൾ വ്യാപകമായി കയ്യേറിയതും പുഴയിൽ ഖരമാലിന്യങ്ങൾ ഉൾപ്പെടെ നിക്ഷേപിക്കുന്നതും കാരണം പുഴകളെല്ലാം തന്നെ അതിയായി മലിനീകരിക്കപ്പെട്ടിട്ടുളളതാണ്. ജില്ലയിലെ പുഴകളിലെ വെളളത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിച്ചു വരുന്നുണ്ട്. വെളളത്തിന്റെ PH, Electrical conductivity, Biological Oxygen Demand, Dissolved Oxygen, Total Coli forms എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് വെളളത്തിന്റെ മലിനീകരണം നിർണ്ണയിക്കുന്നത്. ഈ ഘടകങ്ങളുടെ നിലവാരം അനുസരിച്ച് പുഴകളെ A,B,C,D,E, Below E എന്നീങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഇവയിൽ A വിഭാഗത്തിലുൾപ്പെട്ട ജലം മലിനമാക്കപ്പെടാത്തതും Below-E എന്നത് ഏറ്റവും കൂടുതൽ മലിനമാക്കപ്പെട്ടതുമാണ്.

ജില്ലയിലെ ചാലിയാർ, കല്ലായി, കോരപ്പുഴ, കുറ്റ്യാടിപ്പുഴ, മാഹിപ്പുഴ എന്നീ പുഴകളിൽ നിന്നുള്ള വെളളത്തിന്റെ മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ എല്ലാ പുഴയും അത്യധികം മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനപ്രകാരം മേൽ പുഴകൾ താഴെ പറയുന്ന വിഭാഗത്തിൽ പെടുത്തിയിട്ടുണ്ട്.

ചിത്രം-4.1.22

ജില്ലയിലെ നീരൊഴുക്കുകൾ



പട്ടിക4.1.59

ജില്ലയിലെ പുഴകൾ – മലിനീകരണ മാനദണ്ഡമനുസരിച്ച്

വർഷം	ചാലിയാർ പുഴ	കല്ലായി പുഴ	കോരപ്പുഴ	കുറ്റ്യാടി പുഴ	മാഹിപ്പുഴ
2008	B	A	A	C	C
2009	B	E	Below E	A	A
2010	B	E	Below E	A	A
2011	D	Below E	Below E	A	A
2012	D	Below E	Below E	A	A
2013	Below E	Below E	Below E	A	C
2014	Below E	Below E	Below E	C	C
2015	Below E	Below E	Below E	C	C
2016	Below E	Below E	Below E	B	B

അവലംബം : മലിനീകരണ നിയന്ത്രണ ബോർഡ്

തണ്ണീർത്തടങ്ങൾ

തണ്ണീർത്തടങ്ങളും കണ്ടൽക്കാടുകളും പ്രദേശത്തിന്റെ പരിസ്ഥിതിയെ വളരെയധികം സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ജില്ലയിലെ തണ്ണീർത്തടങ്ങളുടെ വിസ്തൃതി ഉദ്ദേശം 188.50 ച.കി.മീ ആണ്. ജൈവവൈവിധ്യ സംരക്ഷണത്തിലും ജല സംരക്ഷണത്തിലും ഇവയുടെ പങ്ക് വളരെ വലുതാണ്. ഇവ സ്ഥിതി ചെയ്യുന്നത് നഗരപ്രദേശങ്ങളിലും ജനവാസ കേന്ദ്രങ്ങളിലുമായതിനാൽ ഇവയിൽ ഭൂരിപക്ഷവും കയ്യേറ്റങ്ങളാലും കണ്ടൽക്കാടുകളുടെ നശീകരണത്താലും നശിച്ചുകൊണ്ടിരിക്കുന്നവയാണ്.

തണ്ണീർത്തടങ്ങൾ അതാത് പ്രദേശത്തിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ജീവിതോപാധി കൂടിയാണ്. ഓരോ പ്രദേശങ്ങളിലും അതത് പ്രദേശത്തെ ജനങ്ങളെ പങ്കാളികളാക്കി കൊണ്ട് മുൻകാലങ്ങളിൽ ജലവിഭവ സംരക്ഷണ വിനിയോഗ സമ്പ്രദായം ഇത്തരം തണ്ണീർത്തടങ്ങൾ കേന്ദ്രീകരിച്ച് നിലനിന്നിരുന്നു. ഭൂഗർഭജല സംരക്ഷണത്തിനും കുടിവെള്ള ക്ഷാമ പരിഹാരത്തിനും ജൈവൈവിധ്യ സംരക്ഷണത്തിനും അന്തരീക്ഷത്തിലെ ആർദ്രത നിലനിർത്തുന്നതിലും ഇത്തരം ജല സ്രോതസ്സുകളുടെ പങ്ക് വലുതാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും കൂടി പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ തണ്ണീർത്തടങ്ങളുടെ സംരക്ഷണം വളരെ പ്രാധാന്യമേറിയതാണ്.

പട്ടിക 4.1.60

ജില്ലയിലെ തണ്ണീർത്തടങ്ങൾ

പേർ	തദ്ദേശഭരണ സ്ഥാപനങ്ങൾ	വിസ്തൃതി (ച.കി.മീ)	റിമാർക്സ്
കോട്ടപ്പള്ളി	തിരുവള്ളൂർ	10.00	ചതുപ്പ്
ഇലത്തുരുത്ത്-പുട്ടൻപൊയിൽ പാണ്ടി	ആയംഞ്ചേരി	50.00	ചതുപ്പ്
ഇളത്തുരുത്ത് പാണ്ടി	ആയംഞ്ചേരി, വേളം	50.00	ചതുപ്പ്
ആവള	ചെറുവണ്ണൂർ	5.00	ചതുപ്പ്
കീഴ്പ്പയൂർ-കണ്ടംചിറ	മേപ്പയ്യൂർ	10.00	ചതുപ്പ്
പള്ളിക്കര-ഗോവിന്ദൻ കെട്ട്	തിക്കോടി	10.00	കായൽ
അകലാപ്പുഴ തടാകം	തുറയൂർ	1.00	കായൽ
കോരപ്പുഴ അഴിമുഖം	ചേമഞ്ചേരി	2.00	അഴിമുഖം
കോട്ടപ്പുഴ അഴിമുഖം	പയ്യോളി	1.00	അഴിമുഖം
എരഞ്ഞിക്കൽ	എലത്തൂർ	5.00	കായൽ
കക്കയം	കൂരാച്ചുണ്ട്	20.00	റിസർവോയർ
പെരുവണ്ണാമൂഴി	കൂരാച്ചുണ്ട്	10.50	റിസർവോയർ
കോട്ടൂളി	കോഴിക്കോട്	5.00	ചതുപ്പ്
ഒളവണ്ണ	ഒളവണ്ണ	5.00	ചതുപ്പ്
മാവൂർ	മാവൂർ	2.00	ചതുപ്പ്
കടലുണ്ടി	കടലുണ്ടി	2.00	അഴിമുഖം
	ആകെ	**188.50**	

അവലംബം വെറ്റലാന്റ്സ് ഓഫ് കേരള (ഒ.ജയരാജൻ)

അന്തരീക്ഷ മലിനീകരണം

വ്യവസായശാലകളിൽ നിന്നും വാഹനങ്ങളിൽ നിന്നും പുറം തള്ളുന്ന പുകയാണ് അന്തരീക്ഷ മലിനീകരണത്തിന് പ്രധാനപ്പെട്ട കാരണം. നിലവിൽ വലിയ വ്യവസായ സഥാപനങ്ങളില്ലാത്തതിനാൽ ജില്ലയിൽ അന്തരീക്ഷ മലിനീകരണം വളരെ പ്രധാനപ്പെട്ട ഒരു വിഷയമല്ല. എന്നിരുന്നാലും മാലിന്യനിക്ഷേപം, ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, വർഷം പ്രതി മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുളള വർദ്ധനവ് എന്നിവ മലിനീകരണത്തിന് കാരണമാകുന്നുണ്ട്. ജില്ലയിൽ ഓരോ വർഷവും ഉദ്ദേശം 37418 വാഹനങ്ങളാണ് പുതുതായി രജിസ്റ്റർ ചെയ്യുന്നത്. ഇതിൽ 73% വും ഇരു ചക്ര വാഹനങ്ങളാണ്. പുതുതായി രജിസ്റ്റർ

ചെയ്യുന്ന വാഹനങ്ങളിൽ പൊതു ഗതാഗതത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണത്തിൽ വലിയ ഇടിവും സംഭവിച്ചിട്ടുണ്ട്. 2007 ൽ 320 പുതിയ ബസ്സുകൾ രജിസ്റ്റർ ചെയ്തപ്പോൾ 2017 ൽ ആകെ 80 പുതിയ ബസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ചിത്രം 4.1.23

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ സൾഫർ ഡൈ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡ് എന്നിവയുടെ അവസ്ഥ



ജില്ലയിൽ വായു മലിനീകരണത്തിന് ഏറ്റവും സാധ്യതയുള്ള പ്രദേശം കോർപ്പറേഷൻ പരിധിയായതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മേൽ നോട്ടത്തിൽ കോഴിക്കോട് നഗരത്തിലെ പാളയം, നല്ലളം എന്നിവിടങ്ങളിൽ അന്തരീക്ഷ വായുവിലെ മലിനീകരണം നിരീക്ഷിക്കുന്ന പ്രവർത്തനം നടത്തി വരുന്നുണ്ട്. അന്തരീക്ഷ വായുവിലെ സൾഫർ ഡൈ ഓക്സൈഡ് (SO2), നൈട്രജൻ ഓക്സൈഡുകൾ Suspended Particulate Matter, Respirable Suspended Particulate Matter എന്നിവയാണ് നിലവിൽ നിരീക്ഷിക്കുന്നത്. സൾഫർ ഡൈ ഓക്സൈഡ് അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന ഏറ്റവും പ്രധാനപ്പെട്ടതും മനുഷ്യന്റെ ആരോഗ്യത്തിന് വളരെയധികം ഹാനികരമാകുന്ന വാതകവുമാണ്. നൈട്രസ് ഓക്സൈഡുകൾ, Smog നും അമ്ല മഴക്കും കാരണമാകുന്നു. Suspended Particulate Matter, Respirable Suspended Particulate Matter എന്നിവ അന്തരീക്ഷത്തിലെ വളരെ ചെറിയ ഖരവസ്തുക്കളും അന്തരീക്ഷത്തിലെ മറ്റു മലിനീകരണ വസ്തുക്കളുമായി ചേർന്ന് ശ്വാസകോശത്തിലെത്തുകയും വിവിധ ശ്വാസകോശ രോഗങ്ങൾക്കും കാരണമാകുന്നവയാണ്. 2009 മുതൽ 2016 വരെ പാളയത്തും നല്ലളത്തും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ നിരീക്ഷണത്തിൽ മലിനീകരണത്തിന് കാരണമാകുന്ന മേൽ സൂചിപ്പിച്ച ഘടകങ്ങൾ അനുവദനീയമായ അളവിൽ കൂടുതലായിട്ടില്ല എന്നും എന്നാൽ രണ്ടിടങ്ങളിലും അവ അനുവദനീയമായ അളവിന്റെ പാരമ്യത്തിലാണെന്നാണ് എന്നും കണ്ടെത്തിയിട്ടുണ്ട്.

കാർഷിക വിളകളുടെ വർദ്ധനവിന് വ്യാപകമായി രാസവളങ്ങൾ ഉപയോഗിക്കുന്നത് മണ്ണിന്റെ ആരോഗ്യശോഷണത്തിന് കാരണ മായിട്ടുണ്ട്. മലയോരങ്ങളിൽ ചരിഞ്ഞ പ്രദേശ ങ്ങളിൽ വാഴ, പൈനാപ്പിൾ, ഇഞ്ചി എന്നി കാർഷിക വിളകൾ വ്യാപിക്കുന്നത് മണ്ണൊലിപ്പിനും അതുവഴി മണ്ണിന്റെ ഗുണനിലവാരം കുറയ്ക്കുന്നതിനും കാരണമാകുന്നു.

ഖനന പ്രവർത്തനങ്ങൾ

ജില്ലയിലെ പ്രധാന ധാതു വിഭവങ്ങൾ ഇരുമ്പയിർ, കരിങ്കല്ല്, ചെങ്കല്ല്, ആറ്റുമണൽ, കളിമണ്ണ്, സാധാരണ മണ്ണ് എന്നിവയാണ്. നിലവിൽ ജില്ലയുടെ 4% സ്ഥലത്താണ് ഖനന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും നടന്ന് കൊണ്ടിരിക്കുന്നതും. ചെറൂപ്പ, എലിയോട്ടുമല, നടുവണ്ണൂർ, നന്മണ്ട, ആലംപാറ എന്നീ പ്രദേശങ്ങളിലാണ് ഇരുമ്പയിർ നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാന ത്ത് ഇതേവരെ കണ്ടെത്തിയിട്ടുള്ള ആറ് നിക്ഷേപങ്ങളിൽ അഞ്ചും ജില്ലയിലാണ്. മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലായി ജില്ലയിൽ ഉദ്ദേശം 37 ദശ ലക്ഷം ടൺ ഇരുമ്പയിർ നിക്ഷേപമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ആലംപാറ ഭാഗം വനപ്രദേശമാണ്. ഈ പ്രദേശം വനം-വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിക്കപ്പെട്ട പ്രദേശമാണ്. മറ്റുള്ള പ്രദേശങ്ങൾക്ക് പ്രത്യേക സംരക്ഷണങ്ങൾ ഇല്ലാത്തതാണ്.

കരിങ്കൽ ഖനനം പ്രധാനമായും മലനാടുകളിലും ചെങ്കല്ല് ഖനനം ഇടനാടുകളി ലുമാണ് നടക്കുന്നത്. ചെങ്കല്ല് വ്യാപകമായി ഖനനം ചെയ്തതിനാൽ ഇപ്പോൾ ലഭ്യമായ നിക്ഷേപം ശുഷ്ക്കമാണ്. മലനാടുകളിൽ വളരെയധികം ചരിഞ്ഞ പ്രദേശങ്ങളിൽ പോലും കരിങ്കൽ ഖനനം നടത്തുന്നത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പലയിടങ്ങളിലും ഇത്തരത്തി ലുള്ള ഖനനം മണ്ണിടിച്ചിലിനും ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിനും കാരണമാകുന്നുണ്ട്. സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെൻറ് പ്ലാൻ പ്രകാരം ജില്ലയിലെ കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, കട്ടിപ്പാറ, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കാവിലുംപാറ, മരുതോങ്കര, നരിപ്പറ്റ, ചെക്കിയാട്, വാണിമ്മേൽ, വളയം എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ അതീവ പരിസ്ഥിതിലോല പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. മുൻവർഷ ങ്ങളിൽ പുഴകളിൽ നിന്നുള്ള അളവിൽ കവിഞ്ഞ മണൽ ഖനനപ്രവർത്തനം മണൽ നിക്ഷേപത്തിന്റെ അളവിൽ ഗണ്യമായ കുറവ് വരുത്തിയതും ഖനനയോഗ്യമായ മണലിന്റെ അളവ് നിശ്ചയിക്കു ന്നതിനുള്ള സാൻറ് ഓഡിറ്റ് നടത്താത്തതും പുഴ മണൽ ഖനനം നിറുത്തിവെക്കാൻ കാരണമായി ട്ടുണ്ട്. ഓട്, ഇഷ്ടിക നിർമ്മാണത്തിനായി മുൻകാലത്ത് തുടർച്ചയായതും വ്യാപകമായ തുമായ കളിമണ്ണ് ഖനനം മേൽ ധാതു നിക്ഷേപ ത്തിന്റെ ശോച്യാവസ്ഥക്ക് കാരണമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും റോഡ് നിർമ്മാണത്തിനും വേണ്ടി സ്ഥലം നികത്തുന്നതിന് സാധാരണ മണ്ണിന്റെ ഖനനവും ഇടക്കാലത്ത് വ്യാപകമായി രുന്നു

പട്ടിക 4.1.61

2007-08, 2016-17 വർഷങ്ങളിൽ നൽകിയ ഖനനാനുമതികൾ

ക്രമ നമ്പർ	ധാതുവിന്റെ പേര്	ഖനനാനുമതികളുടെ എണ്ണം	
		2007-08	2016-17
1	കരിങ്കല്ല്	277	41
2	ചെങ്കല്ല്	67	75
3	സാധാരണ മണൽ	2	0
4	കളിമണ്ണ്	17	0
	ആകെ	**363**	**116**

അവലംബം :മൈനിംഗ് &ജിയോളജി വകുപ്പ്

എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പരിസ്ഥിതി അനുമതി വേണമെന്ന് 2016 ഡിസംബർ മാസത്തിലെ ബഹു.സുപ്രീം കോടതിയുടെ വിധി പ്രസ്താവവും തണ്ണീർത്തട-നെൽവയൽ സംരക്ഷണ നിയമം, വനനിയമം എന്നിവ ശക്തമായി നടപ്പിലാക്കിയതും മുൻകാലങ്ങളിലുണ്ടായിരുന്ന അനിയന്ത്രിത ഖനന പ്രവർത്തനങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സഹായകരമായി.

മേൽത്തട്ട് നിർദേശങ്ങൾ

1) നിലവിലുള്ള വ്യവസായശാലകളുടെ മലിനീകരണം ഓഡിറ്റിംഗ് നടത്തുകയും മലിനീകരണം തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുക

2) ഓരോ പഞ്ചായത്തിലെയും തണ്ണീർതടങ്ങളുടെ അതിർത്തി ഭൂമിയിൽ പ്രത്യേകം അടയാളപ്പെടുത്തി പ്രത്യേകം സർവ്വെ ചെയ്ത് റവന്യൂ രേഖകളുടെ ഭാഗമാക്കുക.

3) പൊതു ജലാശയം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ.

4) ജലസംരക്ഷണ പരിപാടികൾ, പരിസ്ഥിതി ബോധവൽക്കരണപരിപാടികൾ, പരിസ്ഥിതി നിയമങ്ങൾ നടപ്പിലാക്കൽ.

5) നദികളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്ന സ്ഥലങ്ങൾ മാപ്പ് ചെയ്ത് തരംതിരിക്കുന്ന പദ്ധതികൾ.

6) മുൻകാലങ്ങളിൽ മണ്ണിടിച്ചലോ ഉരുൾപൊട്ടലോ ഉണ്ടായിട്ടുള്ള പ്രദേശങ്ങളിൽ ഖനന പ്രവർത്തനങ്ങൾ പൂർണ്ണമായി നിരോധിക്കുക.

7) തീരദേശമേഖലയിൽ വിനോദ സഞ്ചാര പദ്ധതികൾക്ക് അനുമതി കൊടുക്കുമ്പോൾ തീരദേശ നിയമങ്ങൾ നടപ്പിലാക്കുന്നത് ഉറപ്പു വരുത്തുക.

8) വെള്ളത്തിന്റെ ഉപയോഗം പരാമവധി കുറയ്ക്കുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, പ്രത്യേകിച്ചും സ്വിമ്മിംഗ് പൂളുകൾ, വാട്ടർ തീം പാർക്കുകൾ തുടങ്ങിയവയെ നിയന്ത്രിക്കുക.

9) വളരെയധികം ചരിഞ്ഞ കൃഷിസ്ഥലങ്ങളിൽ കൂടുതൽ മണ്ണിളക്കിയുള്ള കൃഷി രീതികൾ-പ്രത്യേകിച്ചും പൈനാപ്പിൾ, ഇഞ്ചി തുടങ്ങിയ കൃഷികൾ നിരുത്സാഹപ്പെടുത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1) പരിസ്ഥിതി സംരക്ഷണത്തിനും, പരിപാലനത്തിനുമായുള്ള പദ്ധതികൾ എല്ലാം ഒരു സംയോജിത ദൗത്യമായതിനാൽ ഇതുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ റവന്യൂ, കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, വനം, മലിനീകരണ നിയന്ത്രണബോർഡ് തുടങ്ങി എല്ലാ വകുപ്പുകളെയും ഉൾക്കൊള്ളിക്കണം.

2) നദികളുടെ തീരത്തുള്ള മലിനീകരണ സ്രോതസ്സുകളും അവയുടെ ഉറവിടവും കണ്ടെത്തി അവയുടെ ഡേറ്റാബേസ് തയ്യാറാക്കണം. മലിനീകരണ സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങൾക്ക് മുൻഗണന നൽകിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

3) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള ജലസ്രോതസ്സുകളുടെ (കുളം, കിണർ, പുഴ, അരുവികൾ തുടങ്ങിയ) എണ്ണം, ഇപ്പോഴത്തെ ഉപയോഗം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡാറ്റാബാങ്ക് തയ്യാറാക്കലും, തുടർ പരിപാലനവും ആവശ്യമാണ്. ജില്ലയിലെ പുഴയോര പഞ്ചായത്തുകൾ ഇത്തരം പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതാണ്.

4) അരുവികൾ/ഉറവകളുടെ സംരക്ഷണത്തിനുള്ള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തണം.

5) നഗരങ്ങളിലെ അന്തരീക്ഷ മലിനീകരണം, പ്രത്യേകിച്ച് SO2, NOX, SPM, RSPM എന്നിവ വർദ്ധിച്ചുവരുന്നത് നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

6) നദിയുടെ ജലത്തിന്റെ ഗുണനിലവാരം പരിശോധന നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. ഇതിനായി സ്കൂളിലേയും കോളേജിലേയും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതുവഴി പാരിസ്ഥിതിക അവബോധം വിദ്യാർത്ഥികളിൽ വളർത്തുന്നതിന് സഹായകരമാകും.

7) നദികളിലെ ജൈവവൈവിധ്യത്തിന്റെ ഡാറ്റാബാങ്ക് (ജലസസ്യങ്ങൾ, ഔഷധ സസ്യങ്ങൾ, പക്ഷികൾ, മൽസ്യം തുടങ്ങിയവ) തയ്യാറാക്കണം.

8) മഴവെള്ളം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

9) ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ

10) ഖരമാലിന്യ സംസ്കരണത്തിന് വേണ്ടിയുള്ള പദ്ധതികൾ.

11) തീരപ്രദേശ ശോഷണം തടയുന്നതിന് കണ്ടൽ പുതുതായി വച്ചുപിടിപ്പിക്കുന്നതിനും, നിലവിലുള്ളവ സംരക്ഷിക്കുന്നതിനും ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

12) അന്തരീക്ഷ വായുവിന്റെ മലിനീകരണം തടയുന്നതിനായി മരം വെച്ചു പിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

13) ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും അവയുടെ ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിതഭാഗം ഗ്രീൻ ബെൽറ്റ് നിർമ്മാണത്തിനായി മാറ്റിവയ്ക്കേണ്ടതാണ്.

14) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ മാനേജ്മെൻറ് പ്ലാൻ പ്രകാരം നിശ്ചയിച്ച അതീവ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ ഭൂമിയിൽ അടയാളപ്പെടുത്തുക.

15) നദികളെയും, ജലാശയങ്ങളെയും ഉൾപ്പെടുത്തിയുള്ള ധാരാളം വിനോദ സഞ്ചാര പദ്ധതികൾ പഞ്ചായത്തുകൾ ആവിഷ്കരിക്കുന്നുണ്ട്. ഇത്തരം പദ്ധതികൾ ഓയിൽ മുതലായവ മൂലമുള്ള മലിനീകരണങ്ങൾക്ക് സാധ്യതയുള്ളവയാണ്. അതുകൊണ്ട് മോട്ടോർ ബോട്ടുകൾക്ക് അനുമതി കൊടുക്കാതെ നാടൻ വള്ളങ്ങൾക്കുമാത്രം അനുമതി കൊടുക്കുക. ഇതുവഴി പ്രദേശത്തെ സാധാരണ ആളുകൾക്ക് വരുമാനത്തിനുള്ള അവസരവും ലഭ്യമാകും. ഇത്തരം ബോട്ടുകൾക്ക് പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള സാധ്യതകൾ ആരായാവുന്നതാണ്.

16) വിനോദസഞ്ചാരം പരിസ്ഥിതിക്ക് നേരിട്ട് ഉണ്ടാകുന്ന കോട്ടങ്ങൾ കുറയ്ക്കുന്നതിന് കൃത്യമായ മാലിന്യ നിർമാർജ്ജന സംവിധാനങ്ങളും (Zero waste, Re use Recycling) ഊർജ്ജ വിനിയോഗം കുറയ്ക്കുന്ന സാങ്കേതിക വിദ്യകൾ മുതലായ പ്രവർത്തനങ്ങളും പദ്ധതി ആസൂത്രണത്തിൽ തന്നെ ഉൾപ്പെടുത്താവുന്നതാണ്.

17) മലിനജലം പുഴയിലേക്കോ, കടലിലേക്കോ, മറ്റു ജലസ്രോതസ്സിലേക്കോ ഒഴുക്കുന്നത് തടയാനുള്ള പ്രവർത്തനങ്ങളും നിരീക്ഷണങ്ങളും പദ്ധതി ആവിഷ്കരിക്കുമ്പോൾ തന്നെ ഉൾപ്പെടുത്താവുന്നതാണ്.

18) നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുക.

19) നഗരങ്ങളിലും നഗരവത്കരണം നടക്കുന്ന പ്രദേശങ്ങളിലും തുറന്ന പ്രദേശങ്ങൾ, പാർക്കുകൾ, ജൈവവൈവിദ്ധ്യ തുരുത്തുകൾ എന്നിവ നിർമ്മിക്കുക.

20) നദീതടങ്ങളിലെ കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റം ഒഴിപ്പിച്ച്, പുഴയോരത്ത്, മുള, ഈറ്റ തുടങ്ങിയ തനതു സസ്യങ്ങൾ കൊണ്ട് വനവൽക്കരണം നടപ്പിലാക്കുക.

കാലാവസ്ഥ വ്യതിയാനം

കാലാവസ്ഥ വ്യതിയാനം പ്രാദേശിക കാരണങ്ങളാൽ ഉണ്ടാകുന്ന പ്രതിഭാസമല്ലെങ്കിൽ കൂടി ഓരോ പ്രദേശത്തെയും പരിസ്ഥിതിക്ക് ദോഷകരമായ പ്രവർത്തികളും കാലാവസ്ഥ വ്യതിയാനത്തിന്റെ ആക്കം കൂട്ടുന്നതാണ്. ഇക്കാരണത്താൽ തന്നെ ഈ വിഷയം നേരിടുന്നത് സംബന്ധിച്ച് പ്രാദേശിക തലത്തിൽ പദ്ധതികൾ അനിവാര്യമാണ്. കാലാവസ്ഥ വ്യതിയാനം നമ്മുടെ സാമ്പത്തിക വികസനത്തെയും ഭക്ഷ്യസുരക്ഷയെയും പരിസ്ഥിതിയെയും ദോഷകരമായി ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യമാണ്. അന്തരീക്ഷ ഊഷ്മാവിന്റെ അസാധാരണമായ മാറ്റങ്ങൾ മഴയുടെ ഏറ്റകുറച്ചിൽ, കൊടുംകാറ്റുകളുടെ ശക്തിയിലും എണ്ണത്തിലുമുള്ള വർദ്ധന തുടങ്ങിയവ കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രകടമായ പ്രതിഫലനമാണ്.

ആഗോള താപനമാണ് കാലാവസ്ഥ വ്യതിയാനത്തിൽ ഏറ്റവും പ്രകടമായിട്ടുള്ളത്. ഹരിതവാതകങ്ങൾ അന്തരീക്ഷത്തിലേക്ക് കൂടുതലായി പുറം തള്ളുന്നതാണ് ഇതിന് ഏറ്റവും പ്രധാനകാരണം. അനിയന്ത്രിത വ്യവസായവൽകരണവും വാഹനങ്ങളുടെ ആധിക്യവും കുഴിച്ചെടുത്ത ഇന്ധനങ്ങൾ (ഫോസിൽ ഫ്യൂവൽ) കത്തിക്കുന്നതും ഇതിന് കാരണങ്ങളാണ്. കരയിലെയും കടലിലെയും ചൂട് കൂട്ടുന്നത്, മഞ്ഞുമലകൾ ഉരുകുന്നത്, കൊടുംകാറ്റുകളുടെ ശക്തി കൂട്ടുന്നത്, മഴയുടെ വിതരണത്തിൽ വന്ന വ്യത്യാസം, പെട്ടെന്നുള്ള വെള്ളപ്പൊക്കം തുടങ്ങിയവ നാം ഇപ്പോൾ

തന്നെ അഭിമുഖീകരിക്കുന്നതും കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗവുമാണ്. മഴക്കാലം കുറയുന്നതും മഴയില്ലാത്ത ദിവസങ്ങളുടെ എണ്ണം വർദ്ധിക്കുന്നതും വരൾച്ച മൂലം കൃഷി നശിക്കുന്നതും വേനൽക്കാല ഊഷ്മാവ് അസാധാരണമായി വർദ്ധിക്കുന്നതും. സൂര്യാതപം ഉണ്ടാകുന്നതും നമുക്ക് ഇപ്പോൾ പരിചിതമായി വന്നു കൊണ്ടിരിക്കുന്നവയാണ്.

അവസ്ഥാ വിശകലനം

രാജ്യത്തെ മറ്റു ഭാഗങ്ങളെ പോലെ നമ്മുടെ ജില്ലയും കാലാവസ്ഥ വ്യതിയാനങ്ങൾക്കും അതിന്റെ ഫലമായി ഉണ്ടാകാവുന്ന നാശങ്ങൾക്കും വളരെ സാധ്യതകളുള്ള പ്രദേശമാണ്. അതു കൊണ്ടു തന്നെ ജില്ലകളുടെ പദ്ധതി രൂപീകരണത്തിൽ കാലാവസ്ഥ വ്യതിയാനത്തെ അഭിസംബോധന ചെയ്യുന്ന പദ്ധതികൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ സംസ്ഥാനത്തിന് പ്രത്യേകമായി ഒരു കർമ്മ പരിപ്രേഷ്യം നിലവിലുണ്ട്. ജില്ലാതല പദ്ധതികൾ രൂപീകരിക്കുമ്പോൾ മേൽ കർമ്മ പരിപ്രേക്ഷ്യത്തെ അവലംബിക്കുകയാണ് ഏറ്റവും പ്രധാനം.

അന്തരീക്ഷ ഊഷ്മാവ്, മഴയുടെ ലഭ്യത എന്നിവയാണ് നമ്മുടെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രധാന കാലാവസ്ഥ ഘടകങ്ങൾ. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ 10 വർഷത്തെ മഴയുടെ ലഭ്യത പരിശോധിച്ചതിൽ കഴിഞ്ഞ 10 വർഷത്തെ ഏറ്റവും കുറഞ്ഞ മഴയാണ് 2016 ൽ ജില്ലയിൽ ലഭിച്ചതെന്ന് കാണാവുന്നതാണ്. ജില്ലയിലെ പശ്ചിമഘട്ടത്തിന്റെ താഴ്വാരത്തുള്ള പെരുവണ്ണാമൂഴി, പുതുപ്പാടി എന്നിവിടങ്ങളിൽ യഥാക്രമം 5000MM, 4200MM മഴ ലഭിക്കേണ്ടിടത്ത് 2016 ൽ ലഭ്യമായ മഴ 2893MM ഉം 2449MM ഉം മാത്രമാണ്. CWRDM സ്ഥിതി ചെയ്യുന്ന പെരിങ്ങളത്ത് ശരാശരി 3100MM മഴ ലഭിക്കേണ്ടിടത്ത് 1746MM മഴ മാത്രമാണ് 2016 ൽ ലഭിച്ചത്. മഴ ലഭിച്ച ദിനങ്ങളുടെ എണ്ണത്തിലും ഈ കുറവ് പ്രകടമാണ്. പെരുവണ്ണാമൂഴിയിൽ 2006 ൽ 155 ദിവസങ്ങളിൽ മഴ ലഭിച്ചപ്പോൾ 2016 ൽ അത് 123 ആയി കുറഞ്ഞു. പുതുപ്പാടിയിൽ ഇത് 131 ൽ നിന്ന് 101 ലേക്കും പെരിങ്ങളത്ത് 110 ൽ നിന്ന് 81 ലേക്കും കുറഞ്ഞിട്ടുണ്ട്. അതുപോലെ ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ ലഭിക്കുന്ന വേനൽ മഴയിലും ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

ചിത്രം 4.1.24

ജില്ലയിലെ മഴയുടെ ഏറ്റകുറച്ചിലുകൾ







% decrease in rainfall over past decade	
Peruvannamuzhy	54.88
Puduppady	53.72
Peringalam	62.39

കോഴിക്കോട് വനം ഡിവിഷന്റെ 1965-75 കാലത്തെ വർക്കിംഗ് പ്ലാൻ പ്രകാരം 1953-63 വർഷങ്ങളിലെ പെരുവണ്ണാമൂഴിയിലെ ശരാശരി മഴ ലഭ്യത 5265MM ആണ്. 2006 ലെ ഇവിടുത്തെ മഴ 5490MM ഉം 2007 മുതൽ 2016 വരെയുള്ള ശരാശരി 5000MM ഉം ആണ്. ഈ പ്രദേശത്തെ മഴയുടെ ലഭ്യതയിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. എന്നാൽ മഴ ദിനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. പെരുവണ്ണാമൂഴിയിൽ ശരാശരി ലഭിക്കേണ്ട മഴയിൽ നിന്ന് 2009, 2012, 2016 എന്നീ വർഷങ്ങളിൽ ലഭിച്ച മഴയിൽ യഥാക്രമം 1222MM, 1425MM, 2107MM എന്നിങ്ങനെ കുറവ് വന്നതായി കാണുന്നുണ്ട്. ഇതുപോലെ പെരിങ്ങളത്ത് (CWRDM) 2012, 2015, 2016 എന്നീ വർഷങ്ങളിൽ ശരാശരി മഴയേക്കൾ യഥാക്രമം 871MM, 627MM, 1390MM എന്നിങ്ങനെ കുറവ് വന്നതായി കാണുന്നു. (അനുബന്ധം 4.25 കാണുക.)

അന്തരീക്ഷ ഊഷ്മാവ് ആണ് കാലാവസ്ഥയുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന ഘടകം. പെരുവണ്ണാമൂഴിയിലെയും പെരിങ്ങളത്തെയും കഴിഞ്ഞ 10 വർഷത്തെ അന്തരീക്ഷ ഊഷ്മാവിന്റെ വിവരങ്ങൾ പരിശോധിച്ചതിൽ ശരാശരി Mean Maximum Temperature ലും Mean Minimum Temperatureലും 1^0C ൽ കൂടുതലായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2007 ൽ Mean Monthly Temperature 32.31^0C ആയിരുന്നത് 2016 ൽ 33.82^0C ഉം പെരുവണ്ണാമൂഴിയിൽ ഇത് യഥാക്രമം 31.95^0Cഉം 33.24^0Cആയും വർദ്ധിച്ചിട്ടുണ്ട്. Mean Minimum Temperature പെരിങ്ങളത്ത് 2007 ൽ 22.97^0C ഉം 2016 ൽ 24.14^0C ആണ്. പെരുവണ്ണാമൂഴിയിൽ ഇത് 2007 ൽ 21.64^0C ഉം 2016 ൽ 23.16^0C ആണ്. (അനുബന്ധം 4.26 കാണുക)

Highest Maximum & Lowest Minimum temperature





Highest Maximum Temperature, Lowest Minimum Temperature എന്നിവയിലും ഇത്തര ത്തിലുള്ള വ്യത്യാസം പ്രകടമാണ്. 2007 ൽ പെരി ങ്ങളത്തും പെരുവണ്ണാമൂഴിയിലും Highest Maximum Temperature യഥാക്രമം 36.10^{0}C, 35.72^{0}C എന്നത് 2016 ൽ യഥാക്രമം 39.15^{0}C , 38.74^{0}C എന്നിങ്ങ നെയായി വർദ്ധിച്ചിട്ടുണ്ട്. ഉദ്ദേശം 30^{0}C യിൽ കൂടുതലായുള്ള വർദ്ധനയാണ് 2007 നിന്നും 2016 ലേത്. Lowest Minimum Temperatureന്റെ കാര്യ ത്തിലും ഇത്തരത്തിലുള്ള വലിയ മാറ്റങ്ങൾ പ്രകട മാണ്. (അനുബന്ധം 4.27 കാണുക.)

സമുദ്രപ്രതലത്തിലെ ഊഷ്മാവ് വർദ്ധി ക്കുന്നത് ജലജീവികളുടെ വളർച്ചയെയും വികാ സത്തെയും ബാധിക്കുന്ന ഘടകങ്ങളിൽ പ്രധാന പ്പെട്ടതാണ്. സമുദ്രതല ഊഷ്മാവിന്റെ മാറ്റത്തിന്റെ നിരക്കിൽ ഇന്ത്യൻ കടലുകളിൽ പടിഞ്ഞാറ് ഭാഗത്താണ് കിഴക്കൻ തീരങ്ങളെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുള്ളത് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. കാലാവസ്ഥ വ്യതിയാനം മത്സ്യസമ്പത്തിനെ സംര ക്ഷിക്കാനുള്ള സമുദ്രങ്ങളുടെ ശേഷിക്കുറവിന് കാരണമാകും. സമുദ്രത്തിന്റെ അമ്ലീകരണം, പവിഴ പ്പുറ്റ് വിളർച്ച, കടൽ നിരപ്പ് ഉയരൽ, മത്സ്യസമ്പത്തി ന്മേലുള്ള സ്വാധീനം, ചെറുമത്സ്യങ്ങളുടെ വിതരണം എന്നിവയിൽ കാലാവസ്ഥ വ്യതിയാനത്തിന് പ്രധാനപ്പെട്ട സ്വാധീനമുണ്ട്.

പദ്ധതിനിർദ്ദേശങ്ങൾ

കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള മാറ്റങ്ങൾ/ആഘാതങ്ങൾ നേരിടുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട പൊതു മാർഗ്ഗങ്ങൾ താഴെ ചേർക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1) ഒരോ ജില്ലക്കും അവരുടെ പ്രദേശത്തെ എത്രമാത്രം കാലാവസ്ഥാ വ്യതിയാനം ബാധിക്കും എന്ന് വ്യക്തമായി ഭൂവിവര വ്യവസ്ഥ (GIS) അടിസ്ഥാനമാക്കിയുള്ള സ്ഥലകാല (Spatio-temporal) മോഡൽ ഔട്ട്പുട്ട് ഉണ്ടാക്കിത്തരാൻ സംസ്ഥാന കാലാവസ്ഥാ വ്യതിയാന വകുപ്പിനോടും ഇൻസ്റ്റിറ്റ്യൂട്ടിനോടും ആവശ്യപ്പെടുകയും അതനുസരിച്ച് സൂക്ഷ്മ തലത്തിലുള്ള നിയന്ത്രണങ്ങളും തയ്യാറെടുപ്പുകളും നടത്താം. ഈ ഭൂവിവര വ്യവസ്ഥ പൊതു ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു പോലെ പെട്ടെന്ന് മനസ്സിലാക്കാനും അവരവരുടെ ആവശ്യ മനുസരിച്ച് ഉപയോഗിക്കാൻ പറ്റുന്ന രീതിയിലും ആയിരിക്കണം.

2) ഹരിത വാതകമുണ്ടാക്കുന്ന പ്രവർത്തന ങ്ങളായ കാറുകൾ, റഫ്രിജറേറ്റർ, AC മുതലായവയുടെ ഉപയോഗം പരമാവധി കുറക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുക.

3) എല്ലാ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും സോളാർ വൈദ്യുതീ കരണം നടത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1) വ്യാപകമായി മരങ്ങൾ വച്ചു പിടിപ്പിക്കുക, ആഗോള താപനത്തിന് മുഖ്യ മറുപടി മരമാണെന്ന സന്ദേശം വ്യാപകമായി പ്രചരിപ്പിക്കുക.

2) ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുക

3) പാരമ്പര്യ ഊർജ്ജ ബദലുകളായ (alter-natives) സൗരോർജ്ജ ഉപയോഗ ത്തിലേക്ക് കൂടുത ലായി മാറുക.

4) ഖരമാലിന്യങ്ങൾ കത്തിക്കുന്നത് ഒഴിവാക്കുക.

5) കോർപ്പറേഷൻ പരിധിയിൽ പൊതു ഗതാഗത സംവിധാനം ശക്തിപ്പെടു ത്തുകയും സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും ഉള്ള പദ്ധതികൾ രൂപപ്പെടുത്തുക.

6) നഗര ഹരിതവൽക്കരണം പ്രോത്സാ ഹിപ്പിക്കുക.

7) ചാണകം, വൈക്കോൽ എന്നിവ കത്തിക്കുന്നത് ഒഴിവാക്കുന്നതിന് വേണ്ടി അവ കംമ്പോസ്റ്റ് നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

8) State Action Plan on Climate Change ന്റെ ചുവടുപിടിച്ച് ഒരു സമഗ്ര ജില്ലാതല കാലാ വസ്ഥാ വ്യതിയാന കർമ്മ പരിപ്രേക്ഷ്യം (District Climate change Action Plan) ഉണ്ടാക്കി യെടുക്കണം.

9) തുടർന്ന് ഘട്ടം ഘട്ടമായി ഒരോ ത്രിതല പഞ്ചായത്ത് പരിധിയിലുമുള്ള സാധ്യമായ മുഴുവൻ കെട്ടിടങ്ങളിലെയും മേൽപ്പുരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് മുഴുവൻ ഗാർഹിക-വ്യാപാര വൈദ്യുതി ഉപയോഗവും പാരമ്പര്യേത ഊർജ്ജത്തിലേക്ക് മാറുക.

10) ഇതിനുള്ള പ്രോത്സാഹനവും സാങ്കേതികവിദ്യകളും വികസിപ്പിക്കുക.

വന വികസനം

വനവിഭവങ്ങൾ രാജ്യത്തിന്റെ പ്രധാനപ്പെട്ട ഒരു സാമ്പത്തിക സ്രോതസും, വിവിധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അടിസ്ഥാന വുമാണ്. രാജ്യത്തെ ആദിവാസികൾ ഉൾപ്പെ ടെയുളള വനാശ്രിത സമൂഹത്തിന്റെ ജീവിതോ പാധിയുമാണ് വനങ്ങൾ. ജില്ലയുടെ കിഴക്കൻ അതിർത്തിയായ സഹ്യപർവ്വതത്തിന്റെ ഭാഗമാണ് ഈ വനങ്ങൾ മുഴുവനും. നിത്യഹരിത വനങ്ങളു ടെയും അർദ്ധ നിത്യഹരിത വനങ്ങളുടെയും ഗണത്തിലാണ് ഇവ വരുന്നത്. അങ്ങിങ്ങായി ചില പ്രദേശങ്ങളിൽ ആർദ്ര ഇലപൊഴിയും കാടുകളും കാണാവുന്നതാണ്. ഇവ കൂടാതെ തീരസമതല ങ്ങളിൽ കാവുകളും കണ്ടൽക്കാടുകളും ഉണ്ട്.

അവസ്ഥാ വിശകലനം

റിസർവ്വ്-നിക്ഷിപ്ത വനങ്ങൾ

ജില്ലയിലെ വനങ്ങളിൽ ഭൂരിഭാഗവും 1971 വരെ സ്വകാര്യ ഉടമസ്ഥതയിലുണ്ടായിരുന്നതും മരം മുറിക്കുന്നതിന് ഏറെ നിയന്ത്രണങ്ങൾ ഇല്ലാതിരുന്ന വനപ്രദേശങ്ങളും ആയിരുന്നു. 1971 ലെ സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) നിയമ പ്രകാരമാണ് അവ സർക്കാർ ഉടമസ്ഥതയിൽ കൊണ്ടു വരുന്നത്. 1971 ന് മുമ്പ് മരം മുറിക്കുന്നതിന് നിയന്ത്രണങ്ങൾ കുറവായതിനാൽ ഈ വനപ്രദേശങ്ങളിൽ നിന്ന് സ്വകാര്യ ഉടമസ്ഥർ ധാരാളം മരങ്ങൾ മുറിച്ചു കടത്തുകയും അത് ഈ വനങ്ങളുടെ ശോഷണത്തിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1971 ന് ശേഷം വന നിയമ പ്രകാരം മേൽ വനങ്ങൾക്ക് സംരക്ഷണം ഏർപ്പെടുത്തിയതോടെ വനശോഷണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്

പട്ടിക 4.1.62

കോഴിക്കോട് ജില്ലയിലെ വനങ്ങൾ (ച.കി.മി)

ഇനം	കോഴിക്കോട്	താമരശ്ശേരി	കൊയിലാണ്ടി	വടകര	ആകെ
റിസർവ്വ് വനം	0.24	–	24.16	–	24.400
നിക്ഷിപ്ത വനം		116.58	80.98	33.57	231.130
ശുപാർശ ചെയ്ത റിസർവ്വ് വനം		0.0053	38.08	0.07	38.155
കണ്ടൽക്കാടുകൾ	0.9346		0.0823	0.0008	1.018
കാവുകൾ	0.3	–	0.2		0.50
ഇ.എഫ്.എൽ	–	2.71	7.39	4.97	15.07
ആകെ	**1.4746**	**119.2953**	**150.8923**	**38.61**	**310.27**

അവലംബം- ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്-2017

ചിത്രം-4.1.25

ജില്ലയിലെ വനങ്ങളെ സംബന്ധിച്ച രേഖാ ചിത്രം



ജില്ലയിലെ വനങ്ങളെ സംബന്ധിച്ച ചിത്രം-4.1.25 ൽ നൽകിയിട്ടുണ്ട്. 1971 ൽ സ്വകാര്യ വനം സർക്കാറിൽ നിക്ഷിപ്തമാക്കുന്നതിന് മുമ്പും 1971 ലെ സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചു കൊടുക്കലും) നിയമം കോടതി വ്യവഹാരങ്ങളിൽപ്പെട്ട് 1975 ൽ വനങ്ങളുടെ അതിർത്തി നിർണ്ണയം നടത്തുന്നതുവരെയും ധാരാളം വനങ്ങൾ കയ്യേറ്റത്തിന് വിധേയമാവുകയും വനങ്ങളിൽ നിന്ന് അനിയന്ത്രിതമായി മരം മുറിച്ച് കടത്തുകയും ഉണ്ടായിട്ടുണ്ട്. ഇക്കാരണത്താൽ ഏറെ വനഭൂമിയും ശോഷിച്ച നിലയിലായിരുന്നു. എന്നാൽ 1975 ന് ശേഷം വനാതിർത്തി നിർണ്ണയിച്ച് വനം ജണ്ട കെട്ടി സംരക്ഷിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുകയും പിന്നീട് നൈസർഗിക വനങ്ങളിൽ തുടർന്നു പോന്നിരുന്ന തിരഞ്ഞു വെട്ട് അവസാനിപ്പിക്കുകയും ചെയ്തത് വനങ്ങളുടെ ശോഷണം തടയുന്നതിനും വനങ്ങൾ നൽകുന്ന സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ നിലനിന്നിരുന്ന വനനിയമമനുസരിച്ച് വ്യവസായവശ്യങ്ങൾക്കായി നൈസർഗികവനങ്ങൾ വെട്ടിത്തെളിച്ച് അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നിവ ഉൾപ്പെടെയുള്ള ഏകവിള വൃക്ഷത്തോട്ടങ്ങൾ വെച്ചു പിടിപ്പിച്ചിരുന്നുവെങ്കിലും കഴിഞ്ഞ 20 വർഷത്തിലേറെയായി ഇത്തരം പ്രവർത്തനങ്ങൾ ഒന്നും ഈ വനപ്രദേശങ്ങളിൽ ചെയ്യുന്നില്ല. നിലവിൽ വ്യവസായ ആവശ്യങ്ങൾക്കായി പൂത്ത മുളകൾ മാത്രമാണ് ജില്ലയിലെ വനങ്ങളിൽ നിന്ന് നീക്കം ചെയ്യുന്നത്. നിലവിലെ വർക്കിംഗ് പ്ലാൻ പ്രകാരം ജില്ലയിലെ വനങ്ങളിൽ നിന്ന് മരം മുറിക്കുന്നതിന് അനുമതിയില്ലാത്തതാണ്. 2009 ൽ കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ, ചെമ്പനോട വില്ലേജുകളിലെ 74.22 ച.കി വനം 1972 ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം മലബാർ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുകയും ഈ വനപ്രദേശത്തിന് അധിക സംരക്ഷണമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമീപ ഭൂതകാലത്തെ ഇത്തരം നടപടികൾ വനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനും വനത്തിന്റെ പുനരുജ്ജീവനത്തിനും സഹായകമായിട്ടുണ്ട്.

കൂടരഞ്ഞി, തിരുവമ്പാടി, നെല്ലിപ്പൊയിൽ, കോടഞ്ചേരി, പുതുപ്പാടി, രാരോത്ത്, കട്ടിപ്പാറ, പനങ്ങാട്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, ചെമ്പനോട, കാവിലുംപാറ, തിനൂർ, നരിപ്പറ്റ, വളയം ചെക്കിയാട്, മരുതോങ്കര എന്നീ വില്ലേജുകളിലാണ് പ്രധാനമായും ജില്ലയിലെ വനപ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത്. ഇത് കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, കട്ടിപ്പാറ, പനങ്ങാട്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കാവിലുംപാറ, നരിപ്പറ്റ, വാണിമേൽ, ചെക്കിയാട് എന്നീ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്നു. സമുദ്രനിരപ്പിൽ നിന്ന് 2 മീറ്റർ മുതൽ 1339 മീറ്റർ വരെ ഉയരത്തിലാണ് ഈ വനങ്ങൾ സ്ഥിതി ചെയ്യുന്നത്. മലപ്പുറം - കോഴിക്കോട് ജില്ലാ അതിർത്തിയായ കുറത്തിമല (വാവൂട്ടു മല) യാണ് ജില്ലയിലെ ഏറ്റവും ഉയരം കൂടിയ സ്ഥലം. ജില്ലയിലെ വനത്തിന്റെ കിഴക്ക് ഭാഗം വയനാട്, മലപ്പുറം ജില്ലകളിൽ വരുന്ന വിശാലമായ വനപ്രദേശമാണ്. ആയതിനാൽ പ്രധാനപ്പെട്ട വിവിധ വന്യജീവികളുടെ ആവാസസ്ഥലം കൂടിയാണ് ഈ വനപ്രദേശം. 680 ൽ പരം പുഷ്പിക്കുന്ന സസ്യങ്ങൾ ജില്ലയിലെ വനങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. അവയിൽ 226 ഇനങ്ങൾ തെക്കൻ സഹ്യപർവ്വത മേഖലയിൽ മാത്രം കാണുന്നവയാണ്. ഇവിടെ കാണുന്ന 67 ഇനം സസ്യങ്ങൾ അവയുടെ നിലനിൽപ്പിന് വിവിധ തരത്തിലുള്ള ഭീഷണി ഉളളവയാണ്. പ്രസ്തുത 67 സസ്യങ്ങളുടെ വിവരം അനുബന്ധം-4.28 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 39 ഇനം പുല്ലുകളും 22 ഇനം ഓർക്കിഡുകളും ഈ വനമേഖലയിൽ കണ്ടെത്തിയിട്ടുളളതാണ്. വന്യമൃഗങ്ങളിൽ 41 ഇനം സസ്തനികളും 180 ഇനം പക്ഷികളും 34 ഇനം ഉരഗങ്ങളും 38 ഇനം ഉഭയജീവികളും 52 ഇനം മത്സ്യങ്ങളും 148 ഇനം ചിത്രശലഭങ്ങളും 51 ഇനം തുമ്പികളും ഈ വനപ്രദേശങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിന്റെ തനതായ ഭൂരൂപങ്ങളിൽപെട്ട തീരസമതലങ്ങൾ, ഇടനാട്, മലനാട് എന്നീ മൂന്നു ഭൂരൂപങ്ങളും ജില്ലയിൽ വളരെ പ്രകടമാണ്. തീരസമതലങ്ങളിലാണ് കണ്ടൽക്കാടുകളും തണ്ണീർതടങ്ങളും കാവുകളും പ്രധാനമായും കാണുന്നത്. റിസർവ്വ്, നിക്ഷിപ്തവനങ്ങൾ എന്നിവ മലനാടിന്റെ ഭാഗമാണ്. മലനാടിലെ ചരിവുളള മലയോരങ്ങളും പാറമടക്കുകളും സഹ്യപർവ്വതത്തിന്റെ ഭാഗമാണ്. ജില്ലയിലെ പ്രധാനപ്പെട്ട മൂന്നു പുഴകളായ ചാലിയാർ, കോരപ്പുഴ, കുറ്റ്യാടിപുഴ എന്നിവ സഹ്യപർവ്വതത്തിന്റെ ഭാഗമായ വനങ്ങളിൽ നിന്ന് ഉൽഭവിക്കുന്നു. കൂടരഞ്ഞി, തിരുവമ്പാടി, കോടഞ്ചേരി പുതുപ്പാടി എന്നീ പഞ്ചായത്തുകളുടെ പരിധിയിൽപ്പെട്ട വനപ്രദേശങ്ങളാണ് ചാലിയാർ പുഴയുടെ കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട കൈവഴികളായ ഇരവഞ്ഞിപ്പുഴയുടെയും ചെറുപുഴയുടെയും വൃഷ്ടിപ്രദേശങ്ങൾ. കോരപ്പുഴയുടെ പ്രധാന കൈവഴിയായ പൂനൂർപ്പുഴ കട്ടിപ്പാറ പഞ്ചായത്തിലെ വനപ്രദേശത്ത് നിന്നും

ഉൽഭവിക്കുന്നു. കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കാവിലുംപാറ പഞ്ചായത്ത് പരിധിയിലെ വനപ്രദേശങ്ങളാണ് കുറ്റ്യാടി പുഴയുടെ പ്രധാന വൃഷ്ടിപ്രദേശങ്ങൾ. കൂടാതെ ജില്ലയുടെ വടക്കേ അതിർത്തിയിലൂടെ ഒഴുകുന്ന മാഹിപ്പുഴയുടെ പ്രധാനപ്പെട്ട കൈവഴിയായ വാണിമേൽ പുഴ വിലങ്ങാട് വനഭാഗത്തു നിന്നും ഉൽഭവിക്കുന്ന പുഴയാണ്. സൈലൻറ് വാലി നാഷണൽ പാർക്കിന്റെ വടക്കുഭാഗത്ത് നിന്നും ന്യൂ അമരമ്പലം റിസർവ്വിന്റെ തെക്കു ഭാഗത്തു നിന്നും ഉൽഭവിക്കുന്ന കടലുണ്ടി പുഴ പ്രധാനമായും മലപ്പുറം ജില്ലയിൽ കൂടി ഒഴുകി ജില്ലയിലെ തെക്കു പടിഞ്ഞാറൻ അതിർത്തിയിലെ കടലുണ്ടി പഞ്ചായത്തിൽ കൂടി ഒഴുകി അറബിക്കടലിൽ ചേരുന്നു. ജില്ലയിലെ പ്രധാന ജലവൈദ്യുത നിലയമായ കക്കയം ജല വൈദ്യുത പദ്ധതിയും പെരുവണ്ണാമൂഴി ജലസേചന പദ്ധതിയും കുറ്റ്യാടി പുഴയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.

വനാതിർത്തിയിലെ ജണ്ട നിർമ്മാണം പൂർത്തിയാകാത്തതാണ് വനസംരക്ഷണവുമായി ബന്ധപ്പെട്ട പ്രധാന വിഷയം. ജില്ലയിലെ ജണ്ട കെട്ടി സംരക്ഷിക്കേണ്ട മൊത്തം വനാതിർത്തി 639.94 കി.മീ ആണ്. ഇതിൽ 130.69 കി.മീ വനാതിർത്തിയിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയാണ്. വനം കൈയ്യേറി കൈവശം വെയ്ക്കുന്നവരുടെ എതിർപ്പ് മൂലം ഈ പ്രവൃത്തി പൂർത്തീകരിക്കാൻ പ്രയാസങ്ങൾ നേരിടുന്നുണ്ട്.

പട്ടിക – 4.1.63

ജില്ലയിലെ വനാതിർത്തിയിലെ ജണ്ട നിർമ്മാണ പുരോഗതി

താലൂക്ക്	ജണ്ട നിർമ്മിക്കേണ്ട മൊത്തം വനാതിർത്തി (കി.മീ)	ജണ്ട നിർമ്മാണം പൂർത്തീകരിച്ച വനാതിർത്തി (കി.മീ)	നിർമ്മിക്കാൻ ബാക്കിയുള്ള ജണ്ട വനാതിർത്തി (കി.മീ)
താമരശ്ശേരി	262.9	221.59	41.31
കൊയിലാണ്ടി	147.11	98.22	48.89
വടകര	229.93	189.44	40.49
ആകെ	**639.94**	**509.25**	**130.69**

അവലംബം- ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്-2017

കാവുകൾ

കോഴിക്കോട് ജില്ലയിലെ വളരെ പ്രധാനപ്പെട്ട പാരിസ്ഥിതിക-ജൈവ വൈവിധ്യ തുരുത്തുകളാണ് കാവുകളും നാഗക്കോട്ടകളും, പാരിസ്ഥിതികമായി വളർന്നു വികസിച്ച തനതായ വൃക്ഷങ്ങളും ചെടികളും നാട്ടിൽ നിന്ന് തീരെ അപ്രത്യക്ഷമായ ഈ സാഹചര്യത്തിൽ അവ ഇപ്പോഴും നിലനിൽക്കുന്നത് അവശേഷിക്കുന്ന ഈ കാവുകളിലും നാഗക്കോട്ടകളിലുമാണ്. പരിസ്ഥിതി ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഈ കാവുകൾക്ക് അതീവ പ്രാധാന്യമാണുളളത്. പ്രാദേശികമായ സൂക്ഷ്മകാലാവസ്ഥ നിയന്ത്രിക്കുന്നതിലും മണ്ണിനടിയിലെ ജലാംശം വറ്റിപ്പോകാതെ നീരുറവകൾ സംരക്ഷിക്കുന്നതിലും വിവിധതരം ചെറുവന്യജീവികൾക്കും പക്ഷികൾക്കും പൂമ്പാറ്റകൾക്കും അഭയം നൽകുന്നതിലും ഔഷധ സസ്യങ്ങളിൽ പലതും നിലനിർത്തുന്നതിലും ജൈവ വൈവിധ്യത്തിന്റെ സംരക്ഷണത്തിലും ഈ വിശുദ്ധവനങ്ങൾ വലിയ പങ്കു വഹിക്കുന്നുണ്ട്. തലക്കുളങ്ങളുടെ നിലനിൽപ്പിനും നാടിനെ ഫലഭൂയിഷ്ടമാക്കുന്നതിനും കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കീടങ്ങളെ നിയന്ത്രിക്കുന്നതിനും രോഗബാധ ചെറുക്കുന്നതിനും ഈ കൊച്ചു കാടുകൾ ഏറെ സഹായിക്കുന്നുണ്ട്.

നാട്ടിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പാല, ചേർ, നിർക്കടമ്പ, കാട്ടുചാമ്പ, കാഞ്ഞിരം, സിന്ദൂരമരം, മരോട്ടി, അടക്കാപൈൻ, കെരണ്ടി, കാട്ടുതെച്ചി, ഓടൽ, എലവംഗം, മുളളിള, ചീനി,

പുന്ന, കാട്ടുകുരുമുളക്, കാട്ടുമുല്ല, കാട്ടുതിപ്പലി, കരിമരം, അലരി, പയ്യാനി, മരവുരി, സാമ്പ്രാണിമരം, വെള്ളരഞ്ഞി, വള്ളിക്കാഞ്ഞിരം, പൂവ്വം, താന്നി, ഇലഞ്ഞി, (എലവംഗം) മരുതി, തെച്ചി, ഒറ്റില, ഇണ്ടപ്പളളി, പൽവള്ളി, ഇരുമ്പകം, കടമ്പ തുടങ്ങി ഒട്ടനവധി വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും ഇന്നും വള്ളിക്കാട്ടുകാവ്, പൊയിൽകാവ്, തുറയിൽ കോട്ട തുടങ്ങിയ കാവുകളിൽ ഉണ്ട്. വിവിധതരം പക്ഷികൾ, പാമ്പുകൾ, മരത്തവളകൾ, കുറുക്കൻമാർ, എന്നിവയും ഈ കാടുകളിൽ വസിക്കുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ മാത്രം 652 കാവുകളും നാഗക്കോട്ടകളും ഉണ്ട്. 10 ഏക്കർ മുതൽ അര ഏക്കർ വരെയുള്ള 64 കാവുകളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധം 4.29 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 50 സെൻറിൽ താഴെയായി 588 കാവുകളുടെ സമ്പൂർണ ലിസ്റ്റ് ലഭ്യമാണ്. അനവധി കാവുകൾ ഇതുവരേക്ക് നശിച്ചു പോയിട്ടുണ്ട്. പലതും ഭാഗം വെച്ച് വീതിച്ചും വെട്ടിനിരത്തിയും നശിപ്പിക്കപ്പെട്ടിട്ടുണ്ട്. കാവുസംരക്ഷണത്തിനായി ജില്ലയിൽ തെരഞ്ഞെടുത്ത 34 കാവുകൾക്ക് ഇതേവരെ 1372600/ രൂപ വനം വകുപ്പ് ധനസഹായം നൽകിയിട്ടുണ്ട്.

പട്ടിക 4.1.64

കോഴിക്കോട് ജില്ലയിലെ കാവുകളുടെ വിവരങ്ങൾ

10 സെൻറിൽ കുറവ്	10 സെൻറ് മുതൽ 50 സെൻറ് വരെ	50 സെൻറ് മുതൽ 1.00 ഏക്കർ വരെ	1.00 ഏക്കർ മുതൽ 5.00 എ.ക്കർ വരെ	5.00 ഏക്കറിൽ കൂടുതൽ	ആകെ
319 എണ്ണം	269 എണ്ണം	27 എണ്ണം	33 എണ്ണം	4എണ്ണം	682

കണ്ടൽക്കാടുകൾ

ലവണാംശം കൂടുതലുളള നദീമുഖങ്ങൾ, അഴിമുഖത്തെ ചെളിത്തട്ടുകൾ, ചതുപ്പുകൾ എന്നിവിടങ്ങളിൽ നൈസർഗികമായി വളരുന്ന സസ്യങ്ങളാണ് കണ്ടലുകൾ. ചതുപ്പിൽ വളരുന്ന സസ്യങ്ങളായതിനാൽ ഇവയ്ക്ക് ഊന്നുവേരുകളും കൂട്ടുവേരുകളും കാണുന്നു. അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ വലിച്ചെടുക്കുന്നതിന് ഇവയ്ക്ക് സൂചിപോലുളള ശ്വസന വേരുകളും ഉണ്ട്. ഒരു കാലത്ത് കേരളത്തിലെ തീരപ്രദേശങ്ങളിൽ കണ്ടൽകാടുകൾ വളരെ സമൃദ്ധമായി ഉണ്ടായിരുന്നു. ഇതിൽ ഭൂരിപക്ഷവും സ്വകാര്യ കൈവശ ഭൂമികളായിരുന്നു. തീരപ്രദേശത്തെ ഉയർന്ന ജനസാന്ദ്രതയും തന്മൂലമുളള കയ്യേറ്റങ്ങളും അമിതചൂഷണവും വ്യവസായവൽക്കരണവും ഇവയെ വനനിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാത്തതും കണ്ടൽക്കാടുകൾ വൻതോതിൽ നശിപ്പിക്കപ്പെടാൻ കാരണങ്ങളായി. 20 വർഷം മുമ്പത്തെ കണക്ക് പ്രകാരം കേരളത്തിൽ 1700 ഹെക്ടർ കണ്ടൽ വനങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇവയിൽ ഭൂരിപക്ഷവും പിന്നീട് നശിക്കപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 20 വർഷം മുമ്പ് 293 ഹെക്ടർ കണ്ടൽക്കാട് ഉണ്ടായിരുന്നത് ഇപ്പോൾ ഉദ്ദേശം 100 ഹെക്ടർ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. അടുത്തിടെ റവന്യൂ-വനം വകുപ്പുകൾ നടത്തിയ സർവ്വെ പ്രകാരം ലഭ്യമായ കണ്ടൽക്കാടുകൾ വിവരങ്ങൾ അനുബന്ധം 4.30 ൽ കൊടുത്തിരിക്കുന്നു.

സാമൂഹ്യ വനവൽക്കരണം.

സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനുളളിൽ ഹരിതതീരം, എന്റെ മരം, നമ്മുടെ മരം, വഴിയോരതണൽ, നഗര വനവൽക്കരണം, സ്ഥാപന വനവൽക്കരണം, നീർത്തട സംരക്ഷണം, കാവു സംരക്ഷണം, നക്ഷത്ര വനം തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. പുഴയോരങ്ങളിലും കടൽത്തീരങ്ങളിലും വിവിധയിനം മരങ്ങൾ നട്ടുപിടിപ്പിച്ച് തീരങ്ങളുടെ സംരക്ഷണമാണ് ഹരിതതീരം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുളളത്. 43600 തൈകളാണ് ഈ പദ്ധതി

പ്രകാരം ജില്ലയിൽ നട്ടുപിടിപ്പിച്ചത്. എന്റെ മരം, നമ്മുടെ മരം പദ്ധതികൾ സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി കൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളിലും കുട്ടികളുടെ വീട് പരിസരങ്ങളിലും മരങ്ങൾ വെച്ചു പിടിപ്പിക്കുന്ന പദ്ധതിയാണ്. 177000 ൽ അധികം തൈകളാണ് ഈ പദ്ധതി പ്രകാരം ജില്ലയിൽ നട്ടുപിടിപ്പിച്ചത്. ചുമട്ടു തൊഴിലാളികളെ ഉൾപ്പെടുത്തി നടപ്പിലാക്കിയ വഴിയോര തണൽ പദ്ധതികളുടെ ഭാഗമായി 3100 തൈകളും നഗരവനവൽക്കരണ പദ്ധതിയുടെ ഭാഗമായി 2100 തൈകളും ജില്ലയിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇവകൂടാതെ കൃഷിയിടങ്ങളിലും വീട്ടുപറമ്പുകളിലും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിലേക്ക് വർഷം തോറും പരിസ്ഥിതി ദിനമായ ജൂൺ5 ന് ശരാശരി 3.00 ലക്ഷം വൃക്ഷതൈകൾ വിതരണം ചെയ്തു വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹരിതമിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വൃക്ഷതൈകൾ ഉൽപ്പാദിപ്പിക്കുന്ന പ്രവർത്തിയും തുടങ്ങിയിട്ടുണ്ട്.

വിനോദസഞ്ചാരം

സമീപകാലത്ത് വളരെയേറെ പ്രാധാന്യം ലഭിച്ച വിഷയമാണ് വിനോദസഞ്ചാരം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ മേഖല വളരെ പ്രധാനപ്പെട്ടതാണ്. പ്രകൃതിയെയും തദ്ദേശവാസികളുടെ ദൈനംദിന ജീവിതത്തെയും ബാധിക്കുന്ന വിനോദസഞ്ചാരം പോലുളള വ്യവസായത്തെ ഫലപ്രദമായി നിയന്ത്രിക്കാനും പരിപാലിക്കാനും പ്രോത്സാഹിപ്പിക്കാനും തദ്ദേശസ്ഥാപനങ്ങളുടെ ഇടപെടൽ അത്യന്താപേക്ഷിതമാണ്. നിലവിലുളള പഞ്ചായത്തി രാജ് നിയമങ്ങൾ അനുസരിച്ച് ഈ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം കടമകളും അധികാരങ്ങളും അവകാശങ്ങളും പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

കോഴിക്കോട് ജില്ലയുടെ പല പ്രദേശങ്ങളും ധാരാളം വിനോദസഞ്ചാര സാദ്ധ്യതകൾ ഉളള പ്രദേശങ്ങൾ ആണ്. പല സ്ഥലങ്ങളും ഇതിനകം തന്നെ സ്വദേശ സഞ്ചാരികളുടെ സന്ദർശന കേന്ദ്രമായി മാറിക്കഴിഞ്ഞു. സർക്കാരിന്റെ പുതിയ വിനോദസഞ്ചാര നയത്തിലും കോഴിക്കോടിന്റെ ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിന് ചില ഇളവുകളും പ്രോത്സാഹനങ്ങളും നൽകുന്നുണ്ട്. മാത്രമല്ല പല തദ്ദേശ സ്ഥാപനങ്ങളുടെയും പദ്ധതികളിലും വിനോദസഞ്ചാരം ഇടം പിടിച്ചിട്ടുമുണ്ട്. സൂക്ഷിച്ചു കൈകാര്യം ചെയ്തില്ലെങ്കിൽ വളരെയധികം പാരിസ്ഥിതിക-സാമൂഹ്യ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലയാണിത്. വനമേഖലകളുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരികൾ പ്രധാനമായും എത്തുന്ന പ്രദേശങ്ങൾ കടലുണ്ടി, തുഷാരഗിരി, കാക്കവയൽ, കക്കാട്, കക്കയം, പെരുവണ്ണാമൂഴി, ജാനകിക്കാട് എന്നിവയാണ്. വനനിയമങ്ങൾ കർശനമായി പാലിക്കുന്നതിനാൽ ഇവിടങ്ങളിൽ എത്തുന്ന സഞ്ചാരികൾ മൂലം വനത്തിന് ആഘാതങ്ങളോ മലിനീകരണമോ ഇല്ലാതെ സംരക്ഷിച്ചു വരുന്നുണ്ട്. എന്നാൽ വനത്തിന് പുറത്ത് ഇതിന് അനുബന്ധമായി വളരുന്ന മേഖലകളും മറ്റു നിർമ്മാണ പ്രവർത്തനങ്ങളും പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. മലനീകരണമാണ് ഏറ്റവും പ്രധാനമായും ശ്രദ്ധിക്കേണ്ട വിഷയം. വനവുമായി ബന്ധപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കഴിഞ്ഞ വർഷങ്ങളിൽ എത്തിയ സഞ്ചാരികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4.1.65

വിനോദ സഞ്ചാരികളുടെ വിവരങ്ങൾ

ക്രമ നം.	ഇക്കോ ടൂറിസം പോയന്റുകൾ	ആകെ സഞ്ചാരികളുടെ എണ്ണം		
		2014 –15	2015 –16	2016 –17
1	തൂഷാരഗിരി	150387	169099	194350
2	കാക്കവയൽ	20115	18132	17872
3	കക്കാട്	1199	3695	6389
4	കക്കയം	52870	82930	107796
5	പെരുവണ്ണാമൂഴി	40084	33683	30867
6	ജാനകിക്കാട്	9966	11170	14250
ആകെ		274621	318709	371524

അവലംബം- ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്-2017

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

ജില്ലയിലെ മലയോര മേഖലകളിലെ വന്യമൃഗങ്ങളാലുള്ള കൃഷിനാശം വലിയ തോതിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജില്ലയിലെ വനഭൂമിയുടെ കിഴക്ക് ഭാഗം വടക്കേ വയനാട്, തെക്കെ വയനാട് നിലമ്പൂർ ഡിവിഷനുകളിൽ ഉൾപ്പെടുന്ന വനഭൂമിയാണ്. ഉദ്ദേശം 1200 ച.മീറ്റർ വിസ്തൃതിയിലുള്ള ഈ വനപ്രദേശം വിവിധ വന്യജീവികളുടെ ആവാസകേന്ദ്രമാണ്. ജില്ലയിലെ വനത്തോട് ചേർന്ന് കിടക്കുന്ന കൃഷിയിടങ്ങളിൽ തെങ്ങ്, കവുങ്ങ്, റബർ, വാഴ, കപ്പ, ചേന, ജാതി, ഗ്രാമ്പു, തുടങ്ങിയ കാർഷിക വിളകളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. വനത്തോട് ചേർന്നു കിടക്കുന്ന ഭൂരിഭാഗം സ്വകാര്യഭൂമികളിലും ജനങ്ങൾ താമസിക്കുന്നുമുണ്ട്. വനത്തിൽ നിന്ന് കൃഷിയിടങ്ങളിലേക്കെത്തുന്ന ആന, കാട്ടുപന്നി, കുരങ്ങ്, മാൻ, കാട്ടുപോത്ത് തുടങ്ങിയ വന്യജീവികൾ വ്യാപകമായ കൃഷിനാശം വരുത്തുന്നുണ്ട്. പുളളിപ്പുലിയും കാട്ടുനായയും വളർത്തു മൃഗങ്ങളെ കൊലപ്പെടുത്തുന്ന സംഭവങ്ങളും ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ട്. താമരശ്ശേരി താലൂക്കിൽ മുത്തപ്പൻപുഴ, കരിമ്പ്, പൂമരത്തുകൊല്ലി, കാടോത്തിക്കുന്ന്, തമ്പുരാൻ കൊല്ലി, ജീരകപ്പാറ, വട്ടച്ചിറ, മരുതിലാവ്, വളളുവാട്, കട്ടിപ്പാറ, തലയാട് എന്നിവിടങ്ങളിലും കൊയിലാണ്ടി താലൂക്കിൽ, കക്കയം മുതുകാട്, സീതപ്പാറ, ചെമ്പനോട്, പന്നിക്കോട്ടൂർ, പൂഴിത്തോട് എന്നിവിടങ്ങളിലും വടകര താലൂക്കിൽ കരിങ്ങാട്, ചൂരണി, ഉറിതൂക്കി, ചെമ്പോത്തുംപൊയിൽ, കൂവകൊല്ലി, തരിപ്പ, വായാട്, കമ്മായി എന്നിവിടങ്ങളിലുമാണ് വന്യമൃഗങ്ങളാലുളള കൃഷി നാശം വർദ്ധിച്ച അളവിൽ നിലവിലുളളത്. കൃഷിനാശം തടയുന്നതിന് പ്രധാനമായും വൈദ്യുത വേലിയെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. കൽമതിൽ, കിടങ്ങുകൾ, റെയിൽ ഫെൻസിംഗ് എന്നിവയാണ് വന്യമൃഗങ്ങളാലുളള കൃഷിനാശം പ്രതിരോധിക്കാനുളള മറ്റു മാർഗങ്ങൾ. എന്നാൽ വനപ്രദേശങ്ങൾ വളരെയധികം ചരിവുളള പ്രദേശങ്ങൾ ആകയാൽ ഇവിടങ്ങളിൽ കിടങ്ങ് നിർമ്മാണം പ്രായോഗികമല്ല. കൽമതിൽ നിർമ്മാണം ഏറ്റവും അനുയോജ്യമാണെങ്കിലും ചിലവേറിയതും പരിസ്ഥിതി സൗഹാർദ്ദമല്ലാത്തതുമാണ്. റെയിൽ ഫെൻസിംഗ് സംസ്ഥാനത്തിന് പുറത്ത് പലയിടങ്ങളിലും സ്ഥാപിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് എവിടെയും ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്തതാണ്. വന്യമൃഗങ്ങൾ കൂടുതലായി കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നിടങ്ങളിൽ പ്രദേശവാസികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച് വന്യമൃഗങ്ങളെ തിരികെ വനത്തിലേക്ക് കടത്തിവിടുന്ന രീതിയാണ് കൂടുതലായും സ്വീകരിച്ചിരിക്കുന്നത്. വന്യമൃഗങ്ങളാലുളള കൃഷിനാശത്തിനും വന്യമൃഗങ്ങളാ ലുണ്ടാകുന്ന മരണത്തിനും പരിക്ക് ചികിത്സിക്കുന്നതിനും നിലവിൽ വനം വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. ഇടനാടുകളിൽ കാട്ടുപന്നികളും കുരങ്ങുകളും ധാരാളമായി

കൃഷിനാശം വരുത്തുന്നുണ്ട്. തീരസമതലങ്ങളിൽ വിവിധ പാമ്പുകളും, വെരുക്, ഉറമ്പുതീനി, ഉടുമ്പ് തുടങ്ങിയ വന്യമൃഗങ്ങളും കൃഷിയിടങ്ങളിലും താമസസ്ഥലങ്ങളിലും എത്തുന്നുണ്ട്. വന്യമൃഗങ്ങളാലുളള കൃഷിനാശം തടയുന്നതിന് ഫലപ്രദമായ നടപടികൾ എടുക്കുന്നതിനും നടപ്പിലാക്കിയ പ്രതിരോധ മാർഗ്ഗങ്ങളുടെ മോണിറ്ററിംഗിനുമായി വനങ്ങൾ നിലവിലുളള പഞ്ചായത്തുകളിൽ 7.2.2017 തീയതിയിലെ 57/2017/വനം സർക്കാർ ഉത്തരവ് പ്രകാരം ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

കഴിഞ്ഞ 7 വർഷത്തിനുളളിൽ വന്യമൃഗങ്ങളാലുളള കൃഷിനാശത്തിനും ജീവഹാനി സംഭവിച്ചതിനും മറ്റുമായി നൽകിയ ധനസഹായത്തിന്റെ വിവരങ്ങൾ അനുബന്ധം 4.31 ൽ ചേർത്തിരിക്കുന്നു.

ആദിവാസികൾ

വനത്തെ ആശ്രയിക്കുന്ന ആദിവാസികളുടെ കാര്യത്തിൽ തൊട്ടടുത്തുളള ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ കോഴിക്കോട് ജില്ലയുടെ പ്രാധാന്യം കുറവാണ്. നിലവിൽ ജില്ലയിൽ വനത്തിനകത്ത് ആദിവാസി കോളനികൾ ഒന്നും ഇല്ല. എന്നാൽ വട്ടച്ചിറ, മുത്തപ്പൻപുഴ, ആലംപാറ, അമ്പലക്കുന്ന്, സീതപ്പാറ, തരിപ്പ, വായാട്, മാടഞ്ചേരി, പന്നിയേരി തുടങ്ങിയ കോളനികൾ വനത്തോട് ചേർന്നു കിടക്കുന്നവയിൽ പ്രധാനപ്പെട്ടതാണ്. ഇവർ പ്രധാനമായും കുറിച്ച്യർ, പണിയൻ, മുതുവാൻ എന്നീ വിഭാഗത്തിൽപ്പെട്ടവരാണ്. പ്രധാനമായും സ്വകാര്യ തോട്ടങ്ങളിലെ കൂലിപ്പണിയാണ് ഇവരുടെ വരുമാനമാർഗ്ഗം. ഉദ്ദേശം 926 കുടുംബങ്ങളാണ് ഈ കോളനികളിൽ താമസിക്കുന്നത്. വനത്തോട് ചേർന്ന് കിടക്കുന്ന ആദിവാസി കോളനികളുടെ വിവരങ്ങൾ അനുബന്ധം - 4.32ൽ നൽകിയിട്ടുണ്ട്. ചുരുക്കം പേർ വനത്തിൽ നിന്ന് വിവിധ വനവിഭവങ്ങൾ ശേഖരിച്ച് ട്രൈബൽ കോ-ഓപ്പറേറ്റീവ് സൈസൈറ്റി മുഖേന അവ വിപണനം നടത്തുന്നു. കഴിഞ്ഞ 10 വർഷത്തിനിടെ ജില്ലയിലെ വനങ്ങളിൽ നിന്ന് ശേഖരിച്ച വനവിഭവങ്ങളുടെ വിവരങ്ങൾ പട്ടിക 4.1.66 ൽ ചേർത്തിരിക്കുന്നു.

പട്ടിക 4.1.66

കോഴിക്കോട് വനമേഖലയിൽ നിന്ന് ശേഖരിച്ച വനവിഭവങ്ങൾ

ക്രമ നമ്പർ	ഇനം	അളവ് (കി.ഗ്രാം)									
		2007	2008	2009	2010	2011	2012	2013	2014	2015	2016
1	കുന്തിരിക്കം	4753	3775	2908	2725	1736	1627	1718	1705	1283	1660
2	തേൻ	1811	1697	307	297	226	304	193	227	457	682
3	ചെറുതേൻ	92	81	0	29	18	42	98	81	30	47
4	കക്കുംകായ	216	868	190	120	0	0	0	0	0	0
5	ചീനിക്കായ	21956	3633	16756	607	0	0	0	0	0	0
6	പത്തിരിപ്പൂവ് ഗ്രേഡ് 1	618	78	399	229	366	119	25	110	406	252
7	പത്തിരിപ്പൂവ് ഗ്രേഡ് 11	1016	196	256	371	495	142	78	136	80	79
8	പാടകിഴങ്ങ്	0	0	47	20	0	0	0	0	0	0
9	തേൻമെഴുക്	37	32	10	20	7	2	0	0	7	12
10	കൊടംപുളി	26	0	0	0	0	0	0	0	0	0

വന്യമൃഗ സംരക്ഷണം

ജില്ലയിൽ മലബാർ വന്യജീവി സങ്കേതം, കടലുണ്ടി-വളളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് എന്നീ രണ്ട് സംരക്ഷിത കേന്ദ്രങ്ങൾ നിലയിലുണ്ട്. മലബാർ വന്യജീവി സങ്കേതം 2009 ലും, കടലുണ്ടി-വളളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് 2007 ലുമാണ് രൂപീകരിച്ചത്. ചക്കിട്ടപ്പാറ, ചെമ്പനോട വില്ലേജുകളിലെ വിസ്തൃതമായ വനപ്രദേശങ്ങൾ ഉൾപ്പെട്ടതാണ് മലബാർ വന്യജീവി സങ്കേതം. വയനാട് ജില്ലയിലെ കുറിച്ച്യർമല, ബാണാസുര മല വനഭാഗത്തോടും, താമരശ്ശേരി, വടകര താലൂക്കിലെയും വനഭാഗത്തോട് തുടർച്ചായ വനമേഖലയാണ് മലബാർ വന്യജീവി സങ്കേതത്തിലെ വനപ്രദേശം. മലബാറിലെ സസ്യവൈവിധ്യങ്ങളുടെ പ്രധാന കലവറയാണ് ഈ വനമേഖല. ഈ വനമേഖലയുടെ ഭാഗമായ കക്കയത്ത് നിയന്ത്രിതമായി സഞ്ചാരികൾക്ക് പ്രവേശനാനുമതി നൽകിയിട്ടുണ്ട്. സസ്തനികളുടെയും പക്ഷികളുടെയും ചിത്രശലഭങ്ങളുടെയും സസ്യങ്ങളുടെയും മറ്റും വൈവിധ്യത്താൽ സമ്പുഷ്ടമാണ് ഈ വനപ്രദേശം.

കടലുണ്ടി പുഴയുടെ ഇരുവശങ്ങളിലുമുളള കടലുണ്ടി, വളളിക്കുന്ന് പഞ്ചായത്തുകളിലെ കണ്ടൽക്കാടും പുഴയോരവും ഉൾപ്പെടുത്തി 2007 ൽ വിജ്ഞാപനം ചെയ്തതാണ് കടലുണ്ടി-വളളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ്. സർക്കാർ റിസർവ്വ് വനമല്ലാത്തതും സ്വകാര്യ ഉടമസ്ഥതയിലോ മറ്റ് സർക്കാർ ഭൂമിയോ, ആയിടങ്ങളിൽ ജൈവവൈവിധ്യം സംരക്ഷണം ആവശ്യമായയിടങ്ങളിൽ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് കമ്മ്യൂണിറ്റി റിസർവ്വുകൾ രൂപീകരിക്കുന്നത്. കടലുണ്ടി പുഴയുടെ ഇരുകരയിലുമുളള കണ്ടൽക്കാടുകളും പുഴയോരത്തെ റവന്യൂഭൂമികളുമാണ് പ്രസ്തുത കമ്മ്യൂണിറ്റി റിസർവ്വിന്റെ പരിധിയിൽ വരുന്നത്. 1998 മുതലാണ് വനം വകുപ്പ് ഈ പ്രദേശത്ത് കണ്ടൽക്കാടിന്റെ സംരക്ഷണത്തിനായി നടപടികൾ ആരംഭിച്ചത്. ഇക്കാലത്ത് പുഴയോരത്തെ പാട്ടഭൂമിയിലെ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും പുഴയിൽ ചകിരി പൂഴ്ത്തുന്നതിനും വേണ്ടി ഈ പ്രദേശത്തെ ധാരാളം കണ്ടൽക്കാടുകൾ വെട്ടിനശിപ്പിച്ചിരുന്നു. കണ്ടൽക്കാടുകൾ വെട്ടിനശിപ്പിക്കുന്നത് വനം വകുപ്പ് കർശനമായി തടയുകയും ചകിരി പുഴയിൽ പൂഴ്ത്തുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തത് കണ്ടൽക്കാടുകൾ നൈസർഗികമായി വളരാൻ സഹായിച്ചു. ആദ്യകാലത്ത് ധാരാളം എതിർപ്പുകൾ ഉണ്ടായെങ്കിലും പ്രദേശത്തിൽ തന്നെയുളള ചിലയാളുകളുടെ നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ പരിപാടികളും പഞ്ചായത്തുകൾ പുഴപുറംമ്പോക്കിലെ തെങ്ങുകൃഷി പാട്ടത്തിന് നൽകുന്നത് അവസാനിപ്പിക്കുകയും ചെയ്തതോടെ എതിർപ്പുകൾ വളരെയധികം കുറഞ്ഞു വന്നു. നിലവിൽ കണ്ടൽക്കാടുകളാൽ ചുറ്റപ്പെട്ട ചില പ്രദേശങ്ങളിൽ മാത്രമാണ് എതിർപ്പുകൾ അവശേഷിക്കുന്നത്. പ്രദേശത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതോടൊപ്പം പ്രദേശവാസികൾക്ക് തൊഴിൽ വസരങ്ങളും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

പയ്യോളിക്കടുത്തുളള കൊളാവിപ്പാലം കടൽത്തീരത്ത് വർഷങ്ങളായി കടലാമ മുട്ടയിടാൻ എത്തുകയും വനം വകുപ്പ് പ്രദേശവാസികളുടെ സഹായത്തോടെ ഹാച്ചറികൾ ഉണ്ടാക്കി മുട്ട വിരിയിച്ച് കടലാമുകളുടെ വംശവർദ്ധനവ് നടപ്പിലാക്കി വരുന്നു. കാലക്രമേണ കടൽ കരയെടുത്തതുകൊണ്ടും മണൽ ഖനനം വ്യാപകമായതിനാലും കടലാമകൾ തീരത്തേക്ക് എത്തുന്നതും മുട്ടയിടുന്നതും വളരെയധികം കുറഞ്ഞിട്ടുണ്ട് (അനുബന്ധം 4.33 ൽ ചേർത്തിരിക്കുന്നു.)

മേൽത്തട്ട് നിർദ്ദേശങ്ങൾ

1) സ്വകാര്യ ഭൂമിയിൽ വൃക്ഷത്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന് വ്യക്തികളെയും സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

2) ആദിവാസികളെ വനത്തിന്റെ ഭാഗമായി കണ്ട് വനത്തെയും ആദിവാസികളെയും ഒപ്പം സംരക്ഷിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കണം. വനസംരക്ഷണത്തിൽ ഈ വിഭാഗത്തിനുകൂടി പ്രയോജനപ്പെടുന്ന പദ്ധതികൾ വേണം.

3) വിവിധ പഞ്ചായത്തുകളിലെ നിക്ഷിപ്ത/റിസർവ്വ്ഡ് വനങ്ങളുടെ നല്ല ഒരു ഭാഗം നാശോൻമുഖമാണ്. ഇവിടങ്ങളിൽ വനവൽക്കരണം നടത്തണം.

4) കണ്ടൽക്കാടുകളുടെയും ചതുപ്പു നിലങ്ങളുടെയും പഞ്ചായത്ത് തലത്തിലുളള വിവര ശേഖരണം പൂർത്തിയാക്കുകയും അവ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ കൈകൊളളണം.

5) കോർപ്പറേഷനിലും/ മുനിസിപ്പാലിറ്റികളിലും

അർബൻ ഫോറസ്ട്രി യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. ഈ യൂണിറ്റിന്റെ പ്രധാന ദൗത്യം 20 മുതൽ 30 വർഷം വരെയുള്ള വികസനം മുന്നിൽ കണ്ട്, വഴിയോര വൃക്ഷത്തെ നടീൽ, വൃക്ഷങ്ങൾ മാറ്റി സ്ഥാപിക്കുക (Tree translocation) വൃക്ഷങ്ങളുടെ ശിഖരങ്ങൾ ആവശ്യാനുസരണം മുറിച്ച് മാറ്റുക, കൃത്യമായ ഇടവേളകളിൽ പ്രൂണിംഗ് നടത്തുക എന്നിവയൊക്കെയാകാം.

6) വന്യമൃഗങ്ങളാലുള്ള കൃഷിനാശം രൂക്ഷമായുള്ളിടങ്ങളിൽ സ്ഥലമുടമകൾക്ക് സ്വീകാര്യമാണെങ്കിൽ ന്യായമായ വില നൽകി ഇത്തരം സ്ഥലങ്ങൾ സർക്കാർ ഏറ്റെടുക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1) ജില്ലയിൽ കൂടരഞ്ഞി, കാരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, കട്ടിപ്പാറ, കൂരാച്ചുണ്ട്, പനങ്ങാട്, ചക്കിട്ടപ്പാറ, വാണിമേൽ, വളയം, ചെക്യാട്, കായക്കൊടി, നരിപ്പറ്റ, കാവിലും പാറ, മരുതോങ്കര എന്നീ പഞ്ചായത്തുകളിലാണ് വനഭൂമിയുളളത്. ഈ പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രസ്തുത പദ്ധതികൾ വനത്തെയും പരിസ്ഥിതിയെയും ദോഷകരമാകാത്ത വിധത്തിലാകണം.

2) വനാതിർത്തിയിൽ ജണ്ട നിർമ്മാണം പൂർത്തീകരിക്കാത്ത ഉദ്ദേശം 130.69 കി.മീ വനാതിർത്തി ജില്ലയിലുണ്ട്. ജണ്ട നിർമ്മാണം പൂർത്തീകരിക്കുന്നത് വനം കയ്യേറ്റം തടയുന്നതിനും വനം സംരക്ഷിക്കുന്നതിനും സ്വകാര്യ സ്ഥലങ്ങൾ വേർതിരിക്കുന്നതിനും അത്യാവശ്യമാണ്. ആയതിനാൽ പഞ്ചായത്ത് തലത്തിൽ ഈ വിഷയം പദ്ധതികളിൽ ഉൾപ്പെടുത്തണം.

3) വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിന് പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് നിലവിൽ വനം വകുപ്പിൽ നിന്ന് ലഭ്യമായ തുക അപര്യാപ്തമാണ്. ആയതിനാൽ പ്രതിരോധ മാർക്ഷങ്ങൾക്കായി വനഭൂമിയുളള പഞ്ചായത്തുകൾ പഞ്ചായത്തു തലത്തിലുളള ജനജാഗ്രത സമിതികളുമായി കൂടിയാലോചിച്ച് പദ്ധതികൾ തയ്യാറാക്കണം.

4) കാട്ടുതീ തടയുന്നതിനും വനസംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അവബോധം ഉണ്ടാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം.

5) കാവുകൾ സംരക്ഷിക്കുന്നതിനുളള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

6) പുഴയോരങ്ങളിലെ കയ്യേറ്റം കണ്ടെത്തി അവ ഒഴിപ്പിച്ച് പുഴയോരത്തിൽ വൃക്ഷങ്ങൾ നട്ടു വളർത്തുന്നതിനും അതുവഴി പുഴയോരം സംരക്ഷിക്കുന്നതിനും വേണ്ടി പ്രവർത്തികൾ പദ്ധതിയിൽ വിഭാവനം ചെയ്യാം.

7) കനാൽ, റോഡുകൾ, താമസയോഗ്യമല്ലാത്ത റവന്യൂ ഭൂമികൾ എന്നിവിടങ്ങളിൽ പൊതുജന പങ്കാളിത്തോടെ വനവൽക്കരണം നടത്തുന്നതിനും അവയുടെ പരിപാലനത്തിനും വേണ്ട പദ്ധതികൾ ഉൾപ്പെടുത്താം.

8) വീട്ടുവളപ്പിലും കൃഷിയിടങ്ങളിലും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനായി സ്ഥലം ഉടമകൾക്ക് പ്രോത്സാഹനം നൽകാവുന്നതും പഞ്ചായത്ത് തലത്തിൽ വൃക്ഷത്തെ ഉണ്ടാക്കുന്നതിനായി നടപടികൾ ആരംഭിക്കാവുന്നതുമാണ്.

9) തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ചും കോർപ്പറേഷൻ, മുൻസിപ്പാലിറ്റി എന്നിവയിൽ നടപ്പിലാക്കുന്ന ഏതൊരു വികസന പദ്ധതികളും പരിസ്ഥിതിയെയോ, തണ്ണീർതടങ്ങളെയോ, കണ്ടൽക്കാടുകളെയോ വന്യജീവികളുടെ ആവാസവ്യവസ്ഥയെയോ ദോഷകരമായി ബാധിക്കുന്നില്ല എന്ന് പദ്ധതിയിൽ ആസൂത്രണം ചെയ്യുമ്പോൾ തന്നെ ഉറപ്പു വരുത്തണം.

10) നഗരമേഖലകളിലെ പദ്ധതികളിൽ മലിനമായ ജലസ്രോതസ്സുകൾ വൃത്തിയാക്കുന്നതും കുട്ടിവനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതും ഉൾപ്പെടുത്താവുന്നതാണ്.

11) കടലോര മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ തീരപ്രദേശത്ത് അനുയോജ്യമായ വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുന്നതിനും കടലിൽ കാണപ്പെടുന്ന ജീവജാലങ്ങൾക്ക് നാശം സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്ന ഘടകങ്ങളും ഉൾപ്പെടുത്താവുന്നതാണ്.

12) കൃഷിഭൂമിയിലും പൊതു തരിശുഭൂമിയിലും തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് പദ്ധതികൾ

രൂപീകരിച്ച് നടപ്പിലാക്കാവുന്നതാണ്.

13) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തിരം തദ്ദേശീയരായ ജനങ്ങളിൽ നിന്നും താൽപ്പര്യമുള്ളവരെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് വനംവകുപ്പിനു വേണ്ടി wildlife rescuers ആയി നിയമിക്കുന്നത് വനംവകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്. ഇതുമൂലം ഇന്ന് നാട്ടിൻപ്രദേശത്ത് വന്യജീവികൾ, പ്രത്യേകിച്ച് പാമ്പുകളെ പിടികൂടുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും അതുമൂലം ജനങ്ങൾക്ക് വന്യജീവികളോട് ഉണ്ടാകുന്ന ഭീതിയും വിദ്വേഷവും അകറ്റുവാനും കഴിയും.

ഏകോപന സാധ്യതകൾ

പരിസ്ഥിതി സംരക്ഷണം കാലാവസ്ഥ വ്യതിയാനം എന്നിവയിൽ മറ്റ് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ വളരെ സ്വാധീനിക്കുന്നുണ്ട്. അതുപോലെ തന്നെയാണ് വനങ്ങൾ നൽകുന്ന സേവനങ്ങളും. വനത്തിനകത്തും പുറത്തുമുള്ള മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ, മണ്ണൊലിപ്പ് തടയുന്നതിനും അതുവഴി മണ്ണിന്റെ ആരോഗ്യം നിലനിറുത്തുന്നതിനും സഹായിക്കുന്നു. ഇത് കാർഷിക വിളകളുടെ ഉൽപാദനത്തെ നേരിട്ട് ബാധിക്കുന്ന ഘടകമാണ്. മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണിനടിയിലേക്ക് ജലം കൂടുതൽ ഊർന്നിറങ്ങുന്നതിനും ഭൂജലത്തിന്റെ നിരപ്പ് നിലനിറുത്തുന്നതിനും സഹായിക്കുന്നു. വനങ്ങളുടെ ആരോഗ്യം റിസർവോയറുകളിലെ ജല ലഭ്യതയെയും കുടിവെള്ളത്തിന്റെയും കാർഷിക വിളകൾക്കുള്ള ജല ലഭ്യതയെയും ഊർജ്ജ ഉൽപാദനത്തെയും നേരിട്ട് ബാധിക്കുന്നവയാണ്. തണ്ണീർതടങ്ങളുടെ സംരക്ഷണവും ജലലഭ്യതയെ നേരിട്ട് ബാധിക്കുന്നു. വന്യമൃഗങ്ങളാലുള്ള കൃഷിനാശം തടയുന്നതിനുള്ള പദ്ധതികളിലും കൃഷി - മൃഗസംരക്ഷണം - വനം വകുപ്പുകൾക്ക് ധാരാളം ഏകോപന സാധ്യതയുണ്ട്. കാർഷിക വിള ഇൻഷൂറൻസ്, തേനീച്ച വളർത്തൽ, കാർഷിക വിളകളുടെ മാറ്റം, ജൈവവേലികൾ തുടങ്ങിയ പദ്ധതികൾ ഇത്തരത്തിലുള്ളവയാണ്.

വിനോദ സഞ്ചാരം, നഗര വനവൽക്കരണം, കണ്ടൽക്കാടുകളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം, കാവു സംരക്ഷണം, വായു-ജല മലിനീകരണം തടയുന്ന പ്രവൃത്തികൾ എന്നിവയിലൂടെയും വിവിധ വകുപ്പുകളുടെ പദ്ധതികളിലൂടെയും ഏകോപനം സാധ്യമാണ്. ഇതിന് പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ തന്നെ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. മാലിന്യസംസ്കരണം നഗര വികസനം തുടങ്ങിയ പദ്ധതികളുടെ ആദ്യഘട്ടത്തിൽ തന്നെ അത്തരം പദ്ധതികൾ മൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതങ്ങൾ പഠിച്ച് വിലയിരുത്തേണ്ടതുമാണ്. നിലവിൽ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നഗരവനവൽക്കരണ പദ്ധതികളും കണ്ടൽക്കാട് - തണ്ണീർത്തട സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. കോർപ്പറേഷനുകൾ / മുൻസിപ്പാലിറ്റികൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ സാമൂഹ്യ വനവൽക്കരണ വിഭാഗത്തെ കൂടി ഉൾപ്പെടുത്തിയാൽ രണ്ടു കൂട്ടരുടെയും പദ്ധതികൾ ഏകോപിപ്പിക്കാനും വളരെ നല്ല നിലയിൽ അവ നിർവ്വഹിക്കുന്നതിനും അവയുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നതാണ്.

പദ്ധതി നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ ഉണ്ടാകുന്ന ദീർഘകാല ഫലങ്ങൾ

1) വായു-ജല മലിനീകരണം പരമാവധി കുറയ്ക്കുന്നത് ജീവജാലങ്ങൾക്ക് ആരോഗ്യപ്രദമായ അന്തരീക്ഷം ഉറപ്പു വരുത്തും.

2) നദീതടങ്ങൾ സംരക്ഷിക്കുന്നതും നദികൾ മലിനീകരിക്കുന്നത് തടയുന്നതും, നദികളുടെ ആരോഗ്യം നിലനിറുത്തുന്നതിനും കൂടുതൽ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുന്നതിനും സഹായിക്കും.

3) ജലാശയങ്ങൾ സംരക്ഷിക്കുന്നത് ഭൂജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ജലജന്യ ജൈവവൈവിധ്യ സംരക്ഷണത്തിനും സാധ്യമാക്കും

4) അന്തരീക്ഷ മലിനീകരണം തടയുന്നത് പരിസ്ഥിതി മലിനീകരണം മൂലമുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കും.

5) നഗര വനവൽക്കരണം നഗരങ്ങളിലെ അന്തരീക്ഷത്തിലെ Co2ന്റെ അളവ് കുറയ്ക്കുകയും പക്ഷികൾക്കും ശലഭങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും ആവാസസ്ഥലമൊരുക്കുകയും ചെയ്യും.

6) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കുറയ്ക്കുന്നത് കാർഷികാഭിവൃദ്ധിയും മെച്ചപ്പെട്ട വനസംരക്ഷണവും ഉറപ്പു വരുത്തും.

7) വനാതിർത്തിയും സ്വകാര്യഭൂമിയും വേർതിരിക്കുന്നത് പൂർത്തിയാകുന്നതോടെ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച തർക്കങ്ങൾ അവസാനിക്കും. ഇത് വനം കയ്യേറ്റം തടയുന്നതിനും വ്യക്തികൾക്ക് അവരുടെ ഭൂമി യഥേഷ്ടം ക്രയവിക്രയം നടത്തുന്നതിനും സഹായകരമാകും.

8) തണ്ണീർത്തടങ്ങൾ അടയാളപ്പെടുത്തി, റവന്യൂ രേഖകളുടെ ഭാഗമാക്കുന്നതും സ്വകാര്യ കൈവശത്തിലുളള കണ്ടൽക്കാടുകൾ സർക്കാർ ഉടമസ്ഥതയിലാക്കുന്നതും തീരസമതലപ്രദേശങ്ങളിലെ പരിസ്ഥിതി സംതുലനം ഉറപ്പു വരുത്തും.

9) കാവുകളുടെ സംരക്ഷണം നഗരപ്രദേശങ്ങളിൽ പച്ച തുരുത്തുകൾ നിലനിൽക്കുന്നതിനും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും സഹായകരമാകും.

ജനങ്ങളിൽ പരിസ്ഥിതി സംരക്ഷണ ബോധം സൃഷ്ടിക്കപ്പെടും.

വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ സംരംഭങ്ങൾ

മഹത്തായ സംസ്ക്കാരിക പാരമ്പര്യത്തോടും ചരിത്ര പ്രധാന്യത്തോടുമൊപ്പം തന്നെ വർണാഭമായ ഒരു വ്യവസായ പശ്ചാത്തലവും കോഴിക്കോടിന് പറയാനുണ്ട്. മലബാറിലെ കാർഷിക വാണിജ്യ ഉത്പന്നങ്ങളുടെ പറുദീസയായിരുന്ന കോഴിക്കോട്ടേക്ക് ചരിത്രാതീതകാലം തൊട്ടുതന്നെ അറബികളും, ചൈനാക്കാരും, പേർഷ്യ, ഈജിപ്ത് എന്നിവിടങ്ങളിൽ നിന്നുള്ളവരും കച്ചവടബന്ധങ്ങളുണ്ടായിരുന്നു. പായ്ക്കപ്പൽ നിർമ്മാണത്തിനാവശ്യമായ ചൂടിയും കേരളത്തിന്റെ തനിമയാർന്ന കൈത്തറിയും സുഗന്ധ വ്യഞ്ജനങ്ങളായ കുരുമുളകും, ഏലവും കയറ്റിയയച്ചിരുന്നത് കോഴിക്കോട് തുറമുഖം വഴിയായിരുന്നു.

പതിനേഴാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവവും അതോടനുബന്ധിച്ചുള്ള കോളനിവത്കരണവും കോഴിക്കോടിന്റെ വ്യവസായ വാണിജ്യ ചരിത്രത്തേയും ബാധിക്കുകയുണ്ടായി. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ പിന്നോട്ടടിക്കാനും കോളനി രാജ്യങ്ങളുടെ വ്യവസായിക ഉത്പന്നങ്ങൾ കമ്പോളത്തിൽ പ്രത്യക്ഷപ്പെടാനും തുടങ്ങി.

ബ്രിട്ടീഷ് ആധിപത്യം മലബാറിൽ ആരംഭിച്ചതോടുകൂടി യന്ത്രവത്കൃത വ്യവസായങ്ങളും കോഴിക്കോട്ടേക്ക് എത്തിത്തുടങ്ങി. 1860 കൾക്കു ശേഷം കോമൺവെൽത്ത് കമ്പനി പുതിയറ ഓട്ടു കമ്പനിയും കോഴിക്കോട് നെയ്ത്തു കമ്പനിയും ആരംഭിച്ചു. 1913 ൽ മലബാറിൽ ആദ്യമായി കല്ലായി പ്രദേശത്ത് യന്ത്ര വത്കൃത തടിമില്ലും സ്ഥാപിക്കപ്പെട്ടു. 1969ൽ കോഴിക്കോട് മാവൂരിൽ ഗ്വാളിയോർ റയോൺസ് കമ്പനിയും സ്ഥാപിതമായി. ചെറുവണ്ണൂർ, ഫറോക്ക് പ്രദേശങ്ങളിൽ ഈ കാലഘട്ടങ്ങളിൽ 16 ഓളം ഓട്ടുഫാക്ടറികളും ഇഷ്ടികക്കമ്പനികളും സ്ഥാപിക്കപ്പെട്ടു. കോഴിക്കോടിന്റെ വ്യവസായ മേഖലയെന്നു പറയാവുന്ന ഈ പ്രദേശത്ത് ധാരാളം പ്ലൈവുഡ് ഫാക്ടറികൾ, തീപ്പെട്ടിക്കമ്പനികൾ എന്നിവയും പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ത്തന്നെ വടകര താലൂക്കിലെ വിവിധ ഭാഗങ്ങളിലും ഫറോക്ക് പ്രദേശത്തും ബിഡി ചുരുട്ട് നിർമ്മാണ വ്യവസായങ്ങളും പുഷ്ടിപ്പെട്ടിരുന്നു.

ലോകപ്രശസ്തമായ മരവ്യവസായ കേന്ദ്രമാണ് കല്ലായി. മുന്നൂറോളം വൻകിട ചെറുകിട മരമില്ലുകളും നൂറോളം ഫർണ്ണിച്ചർ സ്ഥാപനങ്ങളും ഈ പ്രദേശത്ത് പ്രവർത്തിക്കുകയും പതിനായിരത്തോളം പേർക്ക് നല്ല നിലയിൽ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വനസംരക്ഷണ നിയമത്തിന്റെയും പുഴയോര സംരക്ഷണനിയമത്തിന്റെയും ഉപാധികൾ കാരണം കല്ലായി മരവ്യവസായ മേഖല ശോഷിക്കുകയും മരവ്യവസായം തൂത്തുക്കുടി, തെങ്കാശി, മംഗലാപുരം മേഖലകളിലേക്ക് നീങ്ങുകയുമാണ്. അതുപോലെ കളിമണ്ണ് ഖനനത്തിനുള്ള നിയമ തടസ്സങ്ങളും ലഭ്യതക്കുറവും ജില്ലയിലെ ഓട്ടുകമ്പനികളേയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അടച്ചുപൂട്ടപ്പെട്ട കോമൺ വെൽത്ത് നെയ്ത്ത് കമ്പനി, കുന്നത്തറ ടെക്സ്റ്റയിൽസ് എന്നിവയുടെ പുനരുദ്ധാരണവും വ്യവസായ വികസനത്തിന് അനിവാര്യമാണ്.

ജില്ലയിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങളായ കയറും കൈത്തറിയും ഇപ്പോൾ മുഖ്യമായും സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. സർക്കാറിന്റെ സാമ്പത്തിക സഹായത്തോടും കൈത്താങ്ങോടും കൂടി ഈ മേഖല മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. വളർന്നു വരുന്ന ഐടി മേഖലയും കോഴിക്കോടിന്റെ വ്യവസായ സ്വപ്നങ്ങൾക്ക് ചിറക് നൽകുന്നുണ്ട്. പതിനേഴായിരത്തി അറുന്നൂറ് ചെറുകിട സംരംഭങ്ങളും ആയിരത്തി തൊള്ളായിരം കോടിയുടെ

നിക്ഷേപവും ഒരു ലക്ഷത്തിൽപ്പരം തൊഴിലവസരങ്ങളും നൽകുന്ന വ്യവസായ മേഖലയുടെ പ്രശ്നങ്ങളിലേക്കും, പരിഹാരങ്ങളിലേക്കും ഭാവി പദ്ധതി ആസൂത്രണങ്ങളിലേക്കും നമുക്ക് കടന്നു ചെല്ലാം.

ജില്ലയിലെ വ്യവസായത്തിന്റെ ഘടന

1957 ജനുവരി 1 നു രൂപം കൊണ്ട കോഴിക്കോട് ജില്ല മുൻപത്തെ മലബാർ ജില്ലയുടെ ആസ്ഥാനമായിരുന്നു. കേരളത്തിന്റെ വ്യവസായിക പുരോഗതിയുടെ നിരക്കുമായി തുലനം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ പുരോഗതിയോടൊപ്പം തന്നെ മുന്നേറുവാൻ ജില്ലയ്ക്കും സാധിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വ്യവസായങ്ങളെ പ്രധാനമായും 3 കാറ്റഗറിയായും ഉപകാറ്റഗറിയായും തരം തീരിക്കാം

1. പൊതുമേഖല
2. സ്വകാര്യ മേഖല
3. സഹകരണ മേഖല

ജില്ലയിലെ പൊതു മേഖലാ സ്ഥാപനങ്ങൾ സോപ്പ് ഡിറ്റർജന്റ് എൽ.ഇ.ഡി ലൈറ്റുകൾ, സ്റ്റീൽ ബാറുകൾ, മുള കൊണ്ടുള്ള മൂല്യവർദ്ധിത വസ്തുക്കൾ, നൂൽ, കാലിത്തീറ്റ എന്നിങ്ങനെ വിവിധങ്ങളായ നിർമ്മാണ മേഖലകളിൽ കൃത്യമായ തൊഴിലവസരങ്ങൾ ഉറപ്പു നൽകുന്നു.

പട്ടിക 4.1.67

ജില്ലയിലെ പ്രധാന പൊതു മേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ

ക്രമനം	സ്ഥലം	പേര്	ഉത്പന്നം	നിക്ഷേപം	തൊഴിലാളികളുടെഎണ്ണം
1	ചെറുവണ്ണൂർ	സ്റ്റീൽ കോംപ്ലക്സ് (SAIL)\ ചെറുവണ്ണൂർ	സ്റ്റീൽ ബാർസ്	28.25 കോടി	70
2	വെള്ളയിൽ	കേരളാ സോപ്പ്സ്, വെള്ളയിൽ	സോപ്പ്സ്, ഡിറ്റർജൻറ്സ്	11.51 കോടി	90
3	തിരുവണ്ണൂർ	മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽ, തിരുവണ്ണൂർ	നൂൽ	36 കോടി	249
4	മൂടാടി	കെൽട്രോൺ ലൈറ്റിങ്ങ് ഡിവിഷൻ, മൂടാടി	എൽ ഇ ഡി ബൾബ്	---	35
5	ചെറുവണ്ണൂർ	ബാംബൂടൈൽസ്, ചെറുവണ്ണൂർ	ബാംബൂടൈൽസ്, ഫർണിച്ചർ	12 കോടി	31
6	ഒളവണ്ണ	SIDCO Tool Room & Training Center, ഒളവണ്ണ	മോൾഡ്, ഡൈസ്	7 കോടി	33
7	തിരുവങ്ങൂർ	കേരളാ ഫീഡ്സ് തിരുവങ്ങൂർ	കാലിത്തീറ്റ	61 കോടി	8
8	കൊയിലാണ്ടി	കുന്നത്തറ ടെക്സ്റ്റയിൽ	അടഞ്ഞു കിടക്കുന്നു.		

(സ്രോതസ്സ്: പൊട്ടൻഷ്യൽ സർവ്വേ 2017-18 ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

സ്വകാര്യ മേഖലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അയൽ സംസ്ഥാനങ്ങളിൽ മുതൽ മുടക്കാനുദ്ദേശിച്ചിരുന്ന വ്യവസായികളെ ജില്ലയിൽ തന്നെ നിക്ഷേപങ്ങൾക്ക് അവസരമുണ്ടെന്ന് ബോധ്യപ്പെടുത്തി. സ്വകാര്യ മേഖലയിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾ പട്ടിക 4.1.68 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 4.1.68

ജില്ലയിലെ പ്രധാന സ്വകാര്യ മേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ

ക്രമ നം	പേര്, സ്ഥലം	ഉൽപ്പന്നം	നിക്ഷേപം (കോടിയിൽ)	തൊഴിലാളികളുടെ എണ്ണം
1	പി.കെ.സ്റ്റീൽ കാസ്റ്റിംഗ്സ്, നല്ലളം	സ്റ്റീൽ ബാർസ്	60	497
2	പി.കെ.സ്റ്റീൽ റീ റോളിഗ് മിൽ, നല്ലളം	സ്റ്റീൽ ബാർസ്	35	180
3	വി.കെ.സി ഫുട്ട് വെയർ ഇൻറർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, കിനാലൂർ	ചപ്പൽ	1	232
4	യൂണിറോയൽ മറൈൻ എക്സ്പോർട്ട്സ്	മറൈൻ പ്രൊഡക്ട്	1.06	56
5	കിൽബൺ ഫുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, പൂവാട്ട്പറമ്പ്	സ്കാഷ്, ജാം	1.47	85
6	ഇമേജ് ഗ്രാഫിക്സ്, കോഴിക്കോട്	പ്രിൻറിംഗ്	6	18
7	മിനാർ-ഇസാത്ത് പ്രൈവറ്റ് ലിമിറ്റഡ്	ടിഎംടി	5	35
8	വാദി സ്റ്റീൽസ്	ടിഎംടി	7	38
9	ക്വാളിറ്റി സ്റ്റീൽസ്	ടിഎംടി	5	32

(സ്രോതസ്സ്: പൊട്ടൻഷ്യൽ സർവ്വേ 2017-18 ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

സഹകരണ മേഖല

കോഴിക്കോട് ജില്ലയിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങൾ കയറും കൈത്തറിയുമാണ്. ജില്ലയിൽ 54 കയർ സംഘങ്ങളും 32 കൈത്തറി സംഘങ്ങളും ഒരു പവർലൂം സൊസൈറ്റിയും നിലവിലുണ്ട്.

സൂക്ഷ്മ ഇടത്തരം വ്യവസായങ്ങൾ

കോഴിക്കോട് ജില്ലയിൽ 17600 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിലൂടെ 1900 കോടി നിക്ഷേപവും 110000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പട്ടിക 4.1.69

ജില്ലയിലെ വ്യവസായങ്ങളുടെ മേഖലാടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം (2016-17)

ക്രമ നം	പ്രധാന മേഖലകൾ	എണ്ണം	ശതമാനം
1	ഭക്ഷ്യ-കാർഷികാധിഷ്ഠിത വ്യവസായം	3520	20
2	മരാധിഷ്ഠിത വ്യവസായം	2640	15
3	ലൈറ്റ് എഞ്ചിനീയറിംഗ്	1760	10
4	പ്ലാസ്റ്റിക് & ഫുട് വെയർ	1584	9
5	റെഡിമെയ്ഡ് ഗാർമെൻറ്	1408	8
6	ബിൽഡിംഗ് മെറ്റീരിയൽ	1408	8
7	ഐറ്റി & ഇലക്ട്രോണിക്സ്	1056	6
8	മറ്റുള്ളവ	4224	24
	ആകെ	17600	100

((സ്രോതസ്സ്: പൊട്ടൻഷ്യൽ സർവ്വേ 2017-18 ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

പരമ്പരാഗത വ്യവസായ മേഖലകളായ കയർ കൈത്തറി കരകൗശല മേഖലകളെ പിൻതള്ളിക്കൊണ്ട് ഭക്ഷ്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന ചെറുകിട യൂണിറ്റുകളും ജനറൽ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളും നിക്ഷേപ രംഗത്ത് പ്രാമുഖ്യം നേടുന്ന കാഴ്ചയാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കാണുന്നത്.

പട്ടിക 4.1.70

മുഖ്യ വ്യവസായ മേഖലകളും നിക്ഷേപവും

ക്രമ നം	മേഖല	യൂണിറ്റുകളുടെ എണ്ണം	നിക്ഷേപം ലക്ഷം രൂപയിൽ	തൊഴിലാളികളുടെ എണ്ണം
1	ഭക്ഷ്യ കാർഷികാധിഷ്ഠിത വ്യവസായം	1814	17380.84	7651
2	സോഡ / കുപ്പിവെള്ളം	48	218.12	161
3	റെഡിമെയ്ഡ് വസ്ത്രം / എംബ്രോയിഡറി	743	455.62	6264
4	ഐ.ടി / ഐ.ടി അനുബന്ധ സേവനങ്ങൾ	299	2478.96	2045
5	മരാധിഷ്ഠിത വ്യവസായം	1451	10099.22	7303
6	പേപ്പർ / പേപ്പർ ഉൽപന്നങ്ങൾ	180	5936.05	3029

7	ലതർ അധിഷ്ഠിത ഉൽപന്നങ്ങൾ	546	10737.55	6823
8	കെമിക്കൽ വ്യവസായം	535	5575.38	3063
9	റബ്ബർ പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ	341	6051.83	1821
10	പ്രിന്റിംഗ് & പബ്ലിഷിംഗ്	431	10338.04	2066
11	ജനറൽ & ലൈറ്റ് എഞ്ചിനീയറിംഗ്	923	5243.38	4675
12	ധാതുലവണ അടിസ്ഥാന വ്യവസായം	329	5006.66	3571
13	ഇലക്ട്രിക്കൽ മെഷിനറി & ട്രാൻസ്പോർട്ട് ഉപകരണങ്ങൾ	230	1385.96	1416
14	റിപ്പയറിങ്ങ് സർവ്വീസ്	710	11519.16	4220
15	മറ്റുള്ളവ	854	9420.21	3127
16	വൈദഗ്ദ്ധ്യ കൈതൊഴിൽ യൂണിറ്റ്	150	37.50	345

(സ്രോതസ്സ്: ഇന്റസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ 2017 - ജില്ലാ വ്യവസായ കേന്ദ്രം)

പട്ടിക 4.1.71

എം.എസ്.എം.ഇ സെക്ടർതല വളർച്ച

ക്രമ നം	മേഖല	പുതുതായി ആരംഭിച്ച യൂണിറ്റുകളുടെ എണ്ണം				
		2012 – 13	2013– 14	2014 – 15	2015 – 16	2016 – 17
1	ടെക്സ്റ്റയിൽ വ്യവസായം	106	103	129	145	134
2	ഗ്ലാസ്സ് & സിറാമിക്സ്	12	5	12	8	12
3	ലൈറ്റ് എഞ്ചിനീയറിംഗ്	169	151	171	181	144
4	ഐ.ടി & ഐ.ടി അനുബന്ധ സേവനങ്ങൾ	42	37	30	36	47
5	ഐ.ടി ഹാർഡ്വെയർ	0	2	0	0	1
6	റബ്ബർ ഉൽപ്പന്നങ്ങൾ	13	17	6	4	10
7	രാസവസ്തുക്കളുടെ ഉൽപാദനം	16	22	13	12	6
8	പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ	27	60	82	50	36
9	പേപ്പർ ഉൽപ്പന്നങ്ങൾ	18	22	29	14	7
10	ഫലാധിഷ്ഠിത വ്യവസായം	27	14	15	18	15
11	മരാധിഷ്ഠിത വ്യവസായം	47	80	83	68	48
12	പ്രിന്റിംഗ്	48	42	50	51	31

13	കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം	32	16	10	13	13
14	റക്സിൻ & ലതർ ഉൽപ്പന്നങ്ങൾ	75	67	24	10	17
15	ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്	16	17	16	18	20
16	ഫാർമസ്യൂട്ടിക്കൽസ്	0	0	0	1	0
17	ആയുർവേദിക്ക് ഉൽപന്നങ്ങൾ	16	21	24	27	18
18	സർവ്വീസ് ആക്റ്റിവിറ്റീസ്	97	140	157	276	246
19	ഭക്ഷ്യകാർഷികാധിഷ്ഠിത വ്യവസായങ്ങൾ	168	188	220	193	225
20	സിമന്റ് ഉൽപന്നങ്ങൾ	57	54	49	58	61
21	മെഴുകുതിരി വ്യവസായം	7	22	53	37	21
22	മറ്റുള്ളവ	81	100	131	117	62

(സ്രോതസ്സ്: ഇന്റസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ 2017 - ജില്ലാ വ്യവസായ കേന്ദ്രം)

ഒറ്റനോട്ടത്തിൽതന്നെ പട്ടികയിൽ നിന്നും മനസ്സിലാവും വിധം, ജില്ലയിലെ വിവിധ വ്യവസായ മേഖലകളുടെ വളർച്ച ദേശീയ തലത്തിലെ ചിത്രവുമായി ചേർന്ന് പോവുന്നു. ഭക്ഷ്യ കാർഷികാധിഷ്ഠിത രംഗത്ത് കുത്തനെയുള്ള വളർച്ചാനിരക്ക് കാണിക്കുന്നത് കാർഷികോൽ പ്പാദനം വർദ്ധിപ്പിക്കുകയാണെങ്കിൽ അത് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് കൂടുതൽ സംരംഭകർ മുന്നോട്ടു വരുന്നു എന്നാണ്. പാരി സ്ഥിതിക മലിനീകരണം ഏറ്റവും കുറഞ്ഞ വ്യവ സായ മേഖലകളാണ് നവസംരംഭകർ പലരും തിര ഞ്ഞെടുക്കുന്നത് എന്ന് റെക്സിൻ ലതർ ഉൽപ്പ ന്നങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ എന്നിവ യുടെ ഉൽപാദനത്തിലുണ്ടായ കുറവ് സൂചിപ്പി ക്കുന്നു.

മേഖലയിലെ വളർച്ചാ വിശകലനം

ചെറുകിട വ്യവസായ മേഖലയിൽ നേരത്തെ ഉത്പാദന അടിസ്ഥാന യൂണിറ്റുകളെ SSI ആയും സേവനാധിഷ്ഠിത സംരംഭങ്ങളെ SSBE ആയുമായിരുന്നു രജിസ്റ്റർ ചെയ്തിരുന്നത്.

ജില്ലയെ സംബന്ധിച്ചിടത്തോളം വ്യവസായ പുരോഗതി എല്ലാവർഷങ്ങളിലും ഉണ്ടാവുന്നുണ്ടെ ങ്കിലും ഗണ്യമായ വളർച്ചാനിരക്ക് രേഖപ്പെടുത്തി യത് 1980-90 കാലഘട്ടത്തിലാണ്. ജില്ലയിൽ അടിസ്ഥാനസൗകര്യങ്ങളായി വ്യവസായ എസ്റ്റേറ്റു കളും ഡവലപ്മെന്റ് പ്ലോട്ടുകളും രൂപപ്പെട്ടതും സംസ്ഥാന സർക്കാറിന്റെ പ്രോത്സാഹന പദ്ധതി കളായ 30 % നിക്ഷേപ സബ്സിഡി, മാർജിൻ മണി ലോൺ, സെയിൽസ് ടാക്സ് എക്സംപ്ഷൻ, റൂറൽ ആർട്ടിസാൻ വായ്പ, വനിതാ വ്യവസായ പദ്ധതി, അസംസ്കൃത വസ്തുക്കളുടെ നിയന്ത്രിത വിലയ്ക്കുള്ള വിതരണം എന്നീ പദ്ധതികളുടെ ആകർഷകതകളും ഗുണപരമായ നയസമീപന ങ്ങളും വ്യവസായ മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് സഹായകരമായി. അതോ ടൊപ്പം തന്നെ ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം മൂലം കൈവന്ന സാമ്പത്തിക ഭദ്രതയി ലൂടെ ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭി ക്കുകയും ഇതിന്റെ ഫലമായി കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉത്പാദന യൂണിറ്റുകളും ജനറൽ എഞ്ചിനീയറിംങ്ങ് യൂണിറ്റുകളും ധാരാളം സ്ഥാപിക്കപ്പെട്ടു. ഭക്ഷ്യാധിഷ്ഠിത വ്യവസായങ്ങൾ, ബ്യൂട്ടി പാർലറുകൾ, ഫർണിച്ചർ വ്യവസായങ്ങൾ എന്നിവയും 90 കാലഘട്ടത്തിൽ ധാരാളമെണ്ണം നിലവിൽ വരികയുണ്ടായി. ജില്ലയിലെ തീരപ്രദേ ശങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ ആവിർ ഭാവത്തോടു കൂടി ഐസ് ഫാക്ടറികളും നല്ല നിലവിൽ പ്രവർത്തിക്കാനാരംഭിച്ചു

90 കളിൽ ജില്ലയിൽ റബ്ബറധിഷ്ഠിത ഹവായി

ചെരുപ്പുകളുടെ നിർമ്മാണത്തിൽ കുതിപ്പുണ്ടാവുകയും അതിന്റെ ഫലമായി ഫിഷർ, പ്രീമിയർ, ഹരിത, വി.കെ.സി, ഹവാക്കർ എന്നീ ബ്രാൻഡുകളിൽ വൻകിട ചെരിപ്പു നിർമ്മാണ യൂണിറ്റുകൾ നിലവിൽ വരികയും ചെയ്തു. ഇതേ കാലഘട്ടത്തിൽത്തന്നെ മൈദ, ആട്ട, റവ എന്നിവയുൽപ്പാദിപ്പിക്കുന്ന വൻകിട ഫ്ളോർ മില്ലുകളും കാലിത്തീറ്റകമ്പനികളും ജില്ലയിൽ സ്ഥാപിതമായി. രണ്ടായിരമാണ്ടോടുകൂടിയാണ് Steel rerolling മില്ലുകൾ സ്വകാര്യ മേഖലയിൽ കോഴിക്കോട് സ്ഥാപിതമായിത്തുടങ്ങിയത്. ഇപ്പോൾ സ്വകാര്യ മേഖലയിൽ അഞ്ചും പൊതുമേഖലയിൽ ഒന്നും വൻകിട യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ടായിരാമാണ്ടിന്റെ മധ്യത്തോടുകൂടി വിവര സാങ്കേതിക മേഖലയിലുള്ള സ്ഥാപനങ്ങൾ കോഴിക്കോട് സ്ഥാപിതമായിത്തുടങ്ങി. ഇപ്പോൾ ഏറ്റവും ആധുനിക രീതിയിലുള്ള 2 ഐ.ടി പാർക്കുകളും കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്.

ചെറുവണ്ണൂർ ഫറൂഖ് മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇഷ്ടികക്കമ്പനികൾ, ചെറുകിട പ്ലൈവുഡ് കമ്പനികൾ, തീപ്പെട്ടിക്കമ്പനികൾ എന്നിവ പല കാരണങ്ങളാൽ നാശോന്മുഖമായിത്തീരുകയും രണ്ടായിരാമാണ്ടിന്റെ മധ്യത്തോടു കൂടി ഈ പ്രദേശം ചെരിപ്പുവ്യവസായത്തിന്റെ കേന്ദ്രമായി മാറുകയും പുതിയ സാങ്കേതികവിദ്യയോടുകൂടിയ 500 ഓളം ചെരുപ്പു നിർമ്മാണ യൂണിറ്റുകളും ധാരാളം അനുബന്ധ അപ്പർസ്റ്റിച്ചിംഗ് യൂണിറ്റുകളും നിലവിൽ വന്നു. അപ്പർ സ്റ്റിച്ചിങ്ങ് രംഗത്ത് വനിത കുടുംബശ്രീ ഗ്രൂപ്പുകളുടെ സാന്നിദ്ധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇപ്പോൾ കോഴിക്കോട് അന്താരാഷ്ട്ര തലത്തിൽ തന്നെ PU, Stuck on ചെരിപ്പു നിർമ്മാണ വ്യവസായത്തിന്റെ കേന്ദ്രമാണ് ഇവിടം. മേൽപ്പറഞ്ഞ പ്രധാന മേഖലകൾക്കു പുറമെ ജനറൽ എഞ്ചിനീയറിങ്ങ്, ഭക്ഷ്യാധിഷ്ഠിതം, റെഡിമെയ്ഡ്, ഫർണ്ണിച്ചർ, കെമിക്കൽ, സിമന്റ് ബ്രിക്സ് തുടങ്ങിയവയുടെ ഉത്പാദനയൂണിറ്റുകളും മൺപാത്ര നിർമ്മാണം, പായനെയ്ത്ത് കുട്ടമെടയൽ തുടങ്ങിയ കൂടിൽ വ്യവസായങ്ങളും കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

എന്നാൽ ഈ കാലഘട്ടത്തിൽത്തന്നെ കോഴിക്കോട് ജില്ലയിലെ ഏറ്റവും വലിയ സ്വകാര്യ സംരംഭമായിരുന്ന ഗാളിയാർ റയോൺ (മാവൂർ), പൊതുമേഖലാ സ്ഥാപനമായ കുന്നത്തറ ടെക്സ്റ്റയിൽസ് ജില്ലയിലെ ആദ്യ വ്യവസായമായ കോമൺ വെൽത്ത് ടെക്സ്റ്റയിൽസ് എന്നിവയുടെ അടച്ചുപൂട്ടലുകളും കല്ലായ് മര വ്യവസായ മേഖലയിലുണ്ടായ മുരടിപ്പും കളിമണ്ണ് കിട്ടാത്തതു മൂലം അടച്ചുപൂട്ടപ്പെട്ട ഓടു ഫാക്ടറികളും ജില്ലയിൽ പുതിയ വ്യവസായ പദ്ധതി തയ്യാറാക്കപ്പെടുമ്പോൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട വിഷയങ്ങളാണ്.

നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ

സംരംഭകത്വം രക്തത്തിൽ അലിഞ്ഞുചേർന്ന, ഗുണമേൻമയും സാമ്പത്തിക ഭദ്രതയും അനുഭവ സമ്പത്തും കൈമുതലായുള്ള ഒരു സംരംഭക സമൂഹം കോഴിക്കോടിന്റെ പ്രത്യേകതയാണ്. എന്നാൽ വ്യവസായ ആവശ്യത്തിനാവശ്യമായ ഭൂമിയുടെ ദൗർലഭ്യം പുതിയ സംരംഭകർ നേരിടുന്ന ഒരു വലിയ പ്രശ്നമാണ്. ജില്ലാ പദ്ധതിയിൽ ഭാവികാല ആസൂത്രണത്തിൽ ഏറ്റവും പ്രാധാന്യം കൊടുത്ത് പരിഹരിക്കപ്പെടേണ്ടതും വ്യവസായ ആവശ്യത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തുക എന്നുള്ളതാണ്. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളോടു കൂടി സമയബന്ധിതമായി ഇൻഡസ്ടറിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം നിലയിലും PPP അടിസ്ഥാനത്തിലും പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. കോഴിക്കോടിന്റെ വ്യവസായ അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ള അവസ്ഥ വിശകലനം താഴെ പറയും പ്രകാരമാണ്.

പട്ടിക 4.1.72

ജില്ലയിലെ പ്രവർത്തനക്ഷമമായ വ്യവസായ എസ്റ്റേറ്റുകൾ (2017)

ക്രമ നം.	വ്യവസായ എസ്റ്റേറ്റുകൾ	വസ്തൃതി (ഏക്കർ)	യൂണിറ്റുകളുടെ എണ്ണം
1	ഡവലപ്മെന്റ് പ്ലോട്ട്, വെസ്റ്റ്ഹിൽ	10.30	37
2	ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, സിഡ്കോ, വെസ്റ്റ്ഹിൽ	12.44	42
3	ഡവലപ്മെന്റ് പ്ലോട്ട്, സിഡ്കോ, മൂടാടി	3.00	10
4	മിനി ഇൻഡസ്ട്രിയൽ യൂണിറ്റ്, സിഡ്കോ, പേരാമ്പ്ര	1.00	13
5	MIE run by KIDMIES	8.00	90
6	ജില്ലാ പഞ്ചായത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, നല്ലളം	7.00	42
7	വടകര ബ്ലോക്ക് പഞ്ചായത്ത് ഡവലപ്മെന്റ് പ്ലോട്ട്	2.60	21
8	ഡവലപ്മെന്റ് പ്ലോട്ട്, വടകര മുൻസിപ്പാലിറ്റി	1.70	15
9	ഊരാളുങ്കൽ സൈബർ പാർക്ക്	25.00	27
10	SIDCO കടലുണ്ടി	1 .00	13
11	കോഴിക്കോട് സൈബർ പാർക്ക്	12.00	6
12	KSIDC, Kinalur	308.00	16

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട് ഫയലിൽ ലഭ്യമായ വിവരങ്ങൾ;

കോഴിക്കോട് ജില്ല പോലെ ജനസാന്ദ്രത യേറിയ പ്രദേശങ്ങൾക്ക് ഒറ്റപ്പെട്ട ഫാക്ടറികളേക്കാൾ അനുയോജ്യമായത് ഇന്റസ്ട്രിയൽ എസ്റ്റേറ്റുകളും ഇന്റസ്ട്രിയൽ പ്ലോട്ടുകളുമാണ്. ഏറിവരുന്ന വ്യവസായ പ്ലോട്ടുകളുടെ ആവശ്യം മുൻനിർത്തി നിലവിലുള്ള വ്യവസായ ഭൂമികളുടെ വികസനം ത്വരിത ഗതിയിൽ നടത്തേണ്ടതാണ്. ഗതാഗതം, വാർത്താ വിനിയമ സൗകര്യങ്ങൾ, വൈദ്യുതി ലഭ്യത എന്നിവ മുൻനിർത്തി ഏറ്റവും അനുയോ ജ്യമായ ഭൂമി തന്നെയാണ് പൊതു വ്യവസായ ആവശ്യങ്ങൾക്ക് നീക്കിവെക്കേണ്ടത്. അടിസ്ഥാന വികസന സൗകര്യങ്ങൾ, വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത, കുറഞ്ഞ വിലയിൽ ഭൂമിയുടെ ലഭ്യത, വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഏറിയ ലഭ്യത, തുടർവികസന പ്രവർത്തനങ്ങൾക്ക് സൗകര്യ പ്രദമായ ഭൂമി എന്നീ ഘടകങ്ങൾ പരിഗണിച്ച് വിവിധ ഏജൻസികൾ കൈവശം വെച്ചിരിക്കുന്ന ഭൂമി, റെന്റ്, ഹയർപർച്ചേസ് വ്യവസ്ഥകളിൻമേൽ ആവശ്യക്കാർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. സമീപവാസികളുടെ എതിർപ്പ്, കാര്യക്ഷമമായ ട്രാൻസ്പോർട്ടേഷൻ സൗകര്യ ങ്ങളുടെ അഭാവം എന്നിവയാണ് പലയിടത്തും വ്യവസായ ഭൂമി വികസനത്തിന് തടസ്സം നിൽക്കു ന്നത്.

പട്ടിക 4.1.73

പതിമൂന്നാം പദ്ധതിക്കാലത്ത് പൂർത്തീകരിക്കാവുന്ന വ്യവസായ എസ്റ്റേറ്റുകൾ

ക്രമ നം.	വ്യവസായ എസ്റ്റേറ്റുകൾ	വസ്തൃതി (ഏക്കർ)
1	DP കട്ടിപ്പാറ (ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ്)	20.4
2	അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് രാമനാട്ടുകര - (KINFRA)	71
3	DP കിനാലൂർ (KSIDC)	70
4	ബേപ്പൂർ മറൈൻ പാർക്ക് (KINFRA)	23
5	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി	24

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

ഇതിനു പുറമേയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് കാലത്ത് ജനകീയ ആസൂത്രണത്തിൽ വ്യവസായികാവശ്യത്തിന് വാങ്ങി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ പട്ടിക 4.1.74 ൽ കൊടുക്കുന്നു

പട്ടിക 4.1.74

വ്യവസായികാവശ്യത്തിന് വാങ്ങി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ പേർ	ഭൂമിയുടെ വിസ്തൃതി (ഏക്കർ)
1	ചോറോട് ഗ്രാമ പഞ്ചായത്ത്	2.00
2	തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത്	4 .00
3	വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്	3.10
4	കൂന്നുമ്മൽ ഗ്രമാ പഞ്ചായത്ത്	1 .00
5	കായതോടി ഗ്രാമപഞ്ചായത്ത്	1 .00
6	നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്	5 ഷെഡ് ഗവ: ഐ.ടി.ഐ പ്രവർത്തിക്കുന്നു
7	കുറ്റ്യാടി ഗ്രാമ പഞ്ചായത്ത്	1 .00
8	വാണിമേൽ ഗ്രമാപഞ്ചായത്ത്	0.60
9	എടച്ചേരി ഗ്രാമ പഞ്ചായത്ത്	0.65
10	കൊയിലാണ്ടി മുൻസിപ്പാലിറ്റി (വലിയമല)	6.43
11	ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത്	0.80
12	കൊളാവിപ്പാലം, പയ്യോളി മുനിസിപ്പാലിറ്റി	0.60
13	കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത്	2.00

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

കൃത്യമായ ആസൂത്രണത്തിന്റെ അഭാവത്താലാണ് പലപ്പോഴും ഗ്രാമപഞ്ചായത്തുകളുടെ കൈവശമുള്ള വ്യവസായ ഭൂമി ഉപയോഗപ്പെടുത്താതെ കിടക്കുന്നത്. ഇവ ഉപയോഗപ്പെടുത്തിയാൽ കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്നതിനും പ്രാദേശിക വിപണികളിലേക്ക് മേൻമയുള്ള ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും സാധിക്കും.

ഗതാഗത സൗകര്യങ്ങൾ :

വ്യവസായ വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗതാഗത സൗകര്യങ്ങളുടെ ലഭ്യതയാണ്.

റോഡുകൾ - ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ ആവശ്യത്തിനായി എടുത്ത ഭൂമികൾ ഉപയോഗപ്പെടുത്താൻ കഴിയാതെ കിടക്കുന്നത് അവിടുത്തേക്കുള്ള ഗതാഗത സൗകര്യങ്ങളുടെ അഭാവം മൂലമാണ്. കണ്ടെയ്നർ റോഡുകളുടെ അഭാവവും ഗതാഗതക്കുരുക്കും, ഇടുങ്ങിയ റോഡുകളും ഇന്നും ജില്ലയുടെ വ്യവസായ വികസനത്തിന് തടസമായി നിലനിൽക്കുന്നു. ജില്ലയിൽ മൊത്തം 2496 കിലോമീറ്റർ ദൈർഘ്യമുള്ള വിവിധ റോഡുകൾ നിലനിൽക്കുന്നുണ്ട്. അവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1. NH (NH 66) - 129.5 K.M
2. SH 377.17 KM
3. പ്രധാന ജില്ലാ റോഡുകൾ - 2075 KM

ജില്ലയിലെ റോഡുകളുടെ ആധുനിക രീതിയിലുള്ള വികസനവും, കാലോചിതമായ പരിഷ്കാരവും വ്യവസായ വികസനത്തിന് അനുപേക്ഷണീയമാണ്.

റെയിൽവേ : ജില്ലയിൽ തീരദേശത്തു കൂടിയാണ് റെയിൽവേ കടന്നു പോകുന്നത്. ജില്ലയിൽ 3 മേജർ റെയിൽവേസ്റ്റേഷനുകളും 15 ചെറുകിട റെയിൽവേ സ്റ്റേഷനുകളും 3 പ്രധാന ചരക്ക് നീക്ക കേന്ദ്രങ്ങളും ഉണ്ട്. കാർഷിക പ്രാധാന്യമുള്ള കിഴക്കൻ മേഖല റെയിൽവേ ഭൂപടത്തിൽപ്പെടുന്നില്ല.

വിമാനത്താവളവും തുറമുഖവും : ജില്ലയിലെ വ്യവസായിക വികസനത്തിന് കരിപ്പൂരിൽ സ്ഥിതി ചെയ്യുന്ന അന്താരാഷ്ട്ര വിമാനത്താവളം നിർണ്ണായക സംഭാവന നൽകിയിട്ടുണ്ട്. ഭക്ഷ്യോൽപ്പന്നങ്ങളും ടെക്സ്റ്റയിൽ റെഡിമെയ്ഡ് ഉൽപ്പന്നങ്ങളും ഇവിടെ നിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. ചാലിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ബേപ്പൂർ തുറമുഖം കടൽവഴിയുള്ള ഉൽപ്പന്ന കയറ്റുമതിക്കും, അസംസ്കൃത സാധനങ്ങളുടെ ഇറക്കുമതിക്കും വളരെ സൗകര്യപ്രദമാണ്.

വൈദ്യുതി : ഊർജ്ജ മേഖലയിൽ ജില്ലയ്ക്ക് വ്യവസായ വികസനത്തിന് അനുയോജ്യമായ ഏറ്റവും നല്ല സാഹചര്യമാണ് നിലനിൽക്കുന്നത്. വൈദ്യുത വിതരണത്തിന് ഏറ്റവും ശക്തമായ വിതരണ ശൃംഖല നിലവിൽ ഉണ്ട്. എന്നിട്ടും ജില്ലയിലെ ആകെ വൈദ്യൂതി വിതരണത്തിന്റെ 13% മാത്രമാണ് വ്യവസായികാവശ്യത്തിന് വിനിയോഗിക്കപ്പെടുന്നത് എന്നത് വ്യവസായ വൽക്കരണത്തിന് ഊർജ്ജകമ്മി നിലനിൽക്കുന്നില്ല എന്നതിന്റെ ശുഭ സൂചകമാണ്.

ധനകാര്യ സ്ഥാപനങ്ങൾ : വ്യവസായ വികസനത്തിന് അനിവാര്യമായ മറ്റൊരുഘടകമാണ് സാമ്പത്തിക സ്രോതസ്സുകളുടെ ലഭ്യത. ഇതിനു ഏറ്റവും അനുയോജ്യമായ സാഹചര്യമാണ് നിലവിലുള്ളത്. എന്നിട്ടും ഈ സാഹചര്യം ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളത് പദ്ധതി അവലോകനത്തിൽ ചർച്ചചെയ്യപ്പെടേണ്ടതും പരിഹരിക്കുന്നതിനുള്ള നൂതന തന്ത്രങ്ങൾ വരും കാല പദ്ധതികളിൽ രൂപപ്പെടുത്തേണ്ടതുമാണ്.

പട്ടിക 4.1.75

ജില്ലയിലെ ബാങ്കുകളുടെ വിവരങ്ങൾ (2016–17)

ക്രമ നമ്പർ	ബാങ്ക്	ബ്രാഞ്ചുകളുടെ എണ്ണം
1	കൊമേഴ്ഷ്യൽ ബാങ്ക്	327
2	കെ. എഫ്. സി.	1
3	കെ. എസ്. എഫ്. ഇ.	44
4	കെ.ഡി.സി. ബാങ്ക്	53
5	പ്രൈമറി കോ-ഓപ്പറേറ്റീവ് & റൂറൽ ബാങ്ക്	116

(സ്രോതസ്സ്: പൊട്ടൻഷ്യൽ സർവ്വേ 2017 – ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

ജില്ലയിലെ ബാങ്ക് നിക്ഷേപം 44673.18 കോടിയും, വായ്പ 31953.51 കോടിയുമാണ്. ഇതിൽത്തന്നെ വ്യവസായിക വായ്പ കേവലം 3000 കോടി രൂപ മാത്രമാണ്. കൂടുതൽ നിക്ഷേപങ്ങൾ വ്യവസായ മേഖലയിൽ ഉണ്ടാക്കി അതുവഴി പുതിയ തൊഴിൽ അവസരങ്ങളും സ്ഥാപനങ്ങളും സൃഷ്ടിക്കപ്പെടേണ്ടതും വ്യവസായിക വായ്പയുടെ തോത് ഉയർത്തേണ്ടതും അനിവാര്യമാണ്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത :

കോഴിക്കോട് ജില്ല പ്രധാനമായും കാർഷിക കാധിഷ്ഠിത പ്രദേശമാണ്. ജില്ലയിലെ പ്രധാന ഉൽപ്പന്നങ്ങളായ തേങ്ങ റബ്ബർ, ചക്ക, കശുവണ്ടി എന്നിവ ഉപഭോഗവസ്തുക്കൾ എന്നതിലുപരി വ്യവസായിക അസംസ്കൃത വസ്തുക്കൾ കൂടിയാണ്. 2016–17 വർഷത്തിൽ ജില്ലയിൽ ഉല്പാദിപ്പിച്ച കാർഷിക ഉൽപ്പന്നത്തിന്റെ കണക്ക് പട്ടിക 4.1.76 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.1.76

ജില്ലയിലെ പ്രധാന കാർഷികോത്പന്നങ്ങളുടെ ഉല്പാദന വിവരങ്ങൾ (2016–17)

ക്രമ നമ്പർ	കാർഷികോല്പന്നം	ഉത്പാദനം (മില്ല്യൻ/ ടൺ)
1	തേങ്ങ	837 മില്ല്യൻ എണ്ണം
2	റബ്ബർ	23000 ടൺ
3	ചക്ക	21 മില്ല്യൻ എണ്ണം
4	കശുവണ്ടി	553 ടൺ
5	അടക്ക	11683 ടൺ
6	വാഴപ്പഴം	35148 ടൺ

(സ്രോതസ്സ്: അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 2016–17 ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്)

ചൂഷണം ചെയ്യപ്പെടാത്ത കാർഷിക വിഭവങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളായി കയറ്റിപ്പോവുകയാണ് ചെയ്യുന്നത്. ജില്ലയുടെ സമഗ്ര വ്യവസായ വികസനത്തിനായി ലഭ്യമായ കാർഷിക വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള കാർഷിക അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്.

മാനവ ശേഷി : അനുഗ്രഹീതവും ഗുണസമ്പുഷ്ടവുമായ മാനവ ശേഷികൊണ്ട് സമ്പന്നമാണ് കോഴിക്കോട് ജില്ല. മൊത്തം ജനസംഖ്യയുടെ 64 % (2011 സെൻസസ്) തൊഴിലിൽ ഏർപ്പെടാൻ പ്രാപ്തിയുള്ളവരാണ്.

പട്ടിക 4.1.77

ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമ നം.	സ്ഥാപനം	എണ്ണം
1	എഞ്ചിനീയറിംങ്ങ് കോളേജുകൾ	9
2	പോളിടെക്ക്നിക്ക്	5
3	ഐ. ടി. ഐ. / ഐ. ടി. സി.	49
4	എൻ. ഐ. ടി.	1
5	ഐ. ഐ. എം.	1

(സ്രോതസ്സ്: പൊട്ടൻഷ്യൽ സർവ്വേ 2017 – ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം കോഴിക്കോട് ജില്ലയുടെ മാനവശേഷി വ്യവസായ വൽക്കരണത്തിന് സഹായകരമായ രൂപ കൽപ്പന ചെയ്യുന്നതിൽ നിർണ്ണായകമായ സംഭാവനകൾ നൽകിവരുന്നുണ്ട്. ഇതിനു പുറമെ ആർട്സ് & സയൻസ് കോളേജുകൾ, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഓരോ വർഷവും പുത്തിറങ്ങുന്ന സാങ്കേതിക പരിജ്ഞാനം നേടിയ യുവ തലമുറ വ്യവസായത്തിനാവശ്യമായ പരിജ്ഞാനം ഉറപ്പു വരുത്തുന്നു.

ജില്ലയിൽ വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക വിജ്ഞാനവും ഇൻക്യുബേഷനും നൽകുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങൾ വ്യവസായ വളർച്ചക്ക് അനുയോജ്യകരമായ സഹായം ചെയ്തുകൊണ്ടിരിക്കുന്നു.

പട്ടിക 4.1.78

ജില്ലയിലെ ഇൻക്യൂബേറ്റർ / റിസർച്ച് സെന്റർ / പരിശീലന കേന്ദ്രം

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലക്ഷ്യം
1	ടെക്നോളജി & ബിസിനസ്സ് ഇൻക്യൂബേറ്റർ, എൻ.ഐ.ഐ.ടി, കോഴിക്കോട്	ഇലക്ട്രോണിക്ക് ഐ.ടി വ്യവസായ മേഖലകളിലെ നവസംരംഭകർക്ക് താങ്ങ് സഹായം നൽകുക സംരംഭകത്വ പ്രോഗ്രാമുകൾ നടത്തുക കൺസൾട്ടിങ്ങ് സേവനങ്ങൾ നൽകുക
2	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് & റിസർച്ച് ഐ.സി.എ.ആർ, പെരുവണ്ണാമൂഴി	സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിന് സഹായം നൽകുന്നു.
3	ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം, മാത്തറ	സംരംഭകത്വ പരിശീലനം
4	ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാറമ്മൽ, കോഴിക്കോട്	ഭക്ഷ്യ സംസ്കരണത്തിന് സാങ്കേതിക സഹായം

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

നിലവിലുള്ള വ്യവസായ പ്രോത്സാഹന പദ്ധതികൾ

പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേറ്റിംഗ് പ്രോഗ്രാം

വ്യവസായ വാണിജ്യ മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പി.എം.. ജി.പി. 25 ലക്ഷം രൂപ വരെ സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 35 % വരെയും നഗര പ്രദേശങ്ങളിൽ പദ്ധതിച്ചെലവിന്റെ 25 % വരെയും നിക്ഷേപ പ്രോത്സാഹനം (സബ്സിഡി) നൽകുന്നുണ്ട്. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല. വനിതകൾ, പിന്നോക്ക വിഭാഗക്കാർ, ന്യൂനപക്ഷങ്ങൾ എന്നിവർ മുൻഗണനാ വിഭാഗത്തിലുൾപ്പെടുന്നു. പി.എം.. ജി.പി പദ്ധതി പ്രകാരം കഴിഞ്ഞ 5 വർഷം ഉണ്ടായ നിക്ഷേപത്തുകയുടെ വിവരം താഴെ നൽകുന്നു.

പട്ടിക 4.1.79

2012–13 മുതൽ 2016–17 വരെ കാലയളവിലെ പി.എം..ജി.പി പദ്ധതി പ്രകാരമുള്ള നിക്ഷേപം

വർഷം	ഗുണഭോക്താക്കളുടെ (ലക്ഷത്തിൽ)	നിക്ഷേപം (ലക്ഷത്തിൽ)	സബ്സിഡി എണ്ണം
2012 – 13	55	300.00	81.00
2013 14	42	235.50	63.50
2014 15	45	321.37	86.77
2015 16	73	482.50	130.30
2016 17	47	352.29	95.12

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

ഭക്ഷ്യം, റെഡിമെയ്ഡ്, ജനറൽ എഞ്ചിനീയറിംഗ് എന്നീ മേഖലകളിലാണ് പി.എം..ജി.പി വഴിയുള്ള സ്വയം തൊഴിൽ സംരംഭങ്ങൾ കൂടുതൽ ആരംഭിച്ചിട്ടുള്ളത് ഈ പദ്ധതിയിലൂടെ ധാരാളം വനിതകൾ ഉൾപ്പെടെ സ്വന്തമായി സാങ്കേതിക മികവുണ്ടായിട്ടും സാമ്പത്തിക പരാധീനത മൂലം സംരംഭം തുടങ്ങാൻ കഴിയാതിരുന്ന പലർക്കും വ്യവസായ മേഖലയിലേക്ക് കടന്നുവരാൻ സഹായകമായിട്ടുണ്ട്.

വ്യവസായ സംരംഭകത്വ പ്രോത്സാഹനം

ജില്ലയിൽ വ്യവസായ സംരംഭകർക്ക് പ്രചോദനവും പ്രോത്സാഹനവും നൽകുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ വകുപ്പ് സബ്സിഡിയും മാർജിൻ മണി ഗ്രാന്റും നൽകുന്നുണ്ട്. സാധാരണ വ്യവസായങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 15 % ഊന്നൽ മേഖലയിലുള്ള വ്യവസായങ്ങൾക്ക് 25 %, യുവ സംരംഭകർ, വനിതകൾ, SC/ST വിഭാഗങ്ങൾ എന്നിവർക്ക് 5 % അധിക സബ്സിഡിയും പരമാവധി 30 ലക്ഷം രൂപവരെ ഒരു വ്യവസായ സംരംഭത്തിന് സബ്സിഡിക്കും അർഹതയുണ്ട്. ഇതിനു പുറമെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ കൈവരിക്കുന്നതിനാവശ്യമായ ധനസഹായവും നൽകുന്നുണ്ട്.

പട്ടിക 4.1.80

സംരംഭകത്വ സഹായ പദ്ധതി

വർഷം	ലക്ഷ്യം		ഭൌതിക നേട്ടം	
	യൂണിറ്റുകളുടെ എണ്ണം	സബ്സിഡി തുക (കോടിയിൽ)	യൂണിറ്റുകളുടെ എണ്ണം	സബ്സിഡി തുക (കോടിയിൽ)
2017-18	115	6.3 കോടി	47	2.83 കോടി

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

സംരംഭകത്വ ബോധവത്ക്കരണം

സമൂഹത്തിൽ വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുന്നതിനായി വകുപ്പ് സംരഭകത്വ പരിശീലന പരിപാടികളും സ്കൂളുകളിലും കോളേജുകളിലും സംരഭകത്വ ക്ളബുകളും ടെക്നോളജി ക്ലിനിക്കുകളും നടത്തുന്നുണ്ട്.

പട്ടിക 4.1.81

2016-17 സാമ്പത്തിക വർഷത്തെ വിവിധ സംരംഭകത്വ ബോധവത്കരണ പരിപാടികളുടെ പുരോഗതി

ക്രമ നം.	ഇനം	എണ്ണം	ചെലവഴിച്ച തുക
1	ഇ. ഡി. ക്ളബ്	43	3.70 ലക്ഷം
2	ടെക്നോളജി ക്ളിനിക്ക്	1	1.25 ലക്ഷം
3	ഇൻവെസ്റ്റേഴ്സ് മീറ്റ്	3	0.90 ലക്ഷം
4	ഇ. ഡി. പി.	1	1.40 ലക്ഷം
5	ഇ. എ. പി.	40	6.00 ലക്ഷം

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട് പദ്ധതി പുരോഗതി റിപ്പോർട്ട് 2016-17)

അടിസ്ഥാന സൌകര്യ വികസനം

ജില്ലയിലെ വ്യവസായ വികസനത്തിനു വേണ്ടി അടിസ്ഥാനസൌകര്യങ്ങൾ വികസിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ് വികസിപ്പിക്കുന്നതിനായി 2016-17 വർഷത്തിൽ 3 കോടി രൂപയും 2017-18 വർഷത്തിൽ 4.2 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കാർഷികാധിഷ്ഠിത വ്യവസായങ്ങളിൽ ഉത്പന്ന വൈവിധ്യവത്ക്കരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും

കോഴിക്കോട് ജില്ലയിൽ പ്രതിവർഷം 975 മില്ല്യൺ എണ്ണം തേങ്ങ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഈ തേങ്ങകൾ ഭൂരിഭാഗവും ഉപഭോഗത്തിനും കൊപ്രയാക്കി കയറ്റുമതി ചെയ്യുന്നതിനും വെളിച്ചെണ്ണയ്ക്ക് വേണ്ടിയുമായിരുന്നു ഉപയോഗിച്ചിരുന്നത്. കോഴിക്കോട് ജില്ലയിൽ 102 വെളിച്ചെണ്ണ മില്ലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ കേര ഫെഡ്, സഹകരണ മേഖലയിലുള്ള കോപ്പോൾ, സ്വകാര്യ മേഖലയിലുള്ള റോളക്സ്, പേരാമ്പ്രയിലെ സുഭിക്ഷ എന്നിവ പ്രാധാന്യം അർഹിക്കുന്നു.

നാളികേര മൂല്യ വർധിത വൈവിധ്യ ഉൽപ്പന്നങ്ങൾ ആദ്യമേ ആരംഭിച്ചത് പേരാമ്പ്രയിൽ സ്ഥിതി ചെയ്യുന്ന സുഭിക്ഷയാണ്. 2003 ൽ SJSY പദ്ധതിയിൻ കീഴിലാണ് 14 കോടി രൂപ പദ്ധതി ചെലവായി പേരാമ്പ്രയിലെ ചാലിക്കരയിൽ സുഭിക്ഷ ആരംഭിച്ചത്. 2003 ൽ കമ്പനി ആക്ട് പ്രകാരം കമ്പനിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇപ്പോൾ പേരാമ്പ്രയിൽ ഫാക്ടറി കം റിസർച്ച് യൂനിറ്റും ജില്ലയിൽ പ്രധാനപ്പെട്ട 4 ഔട്ട് ലെറ്റുകളും ധാരാളം ചില്ലറ വില്പന കേന്ദ്രങ്ങളുമുണ്ട്. 400 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് ഓയിൽ വിനാഗിരി, ചിപ്സ്, അച്ചാറുകൾ, ചട്ട്നി എന്നിവയാണ് മുഖ്യ ഉൽപ്പന്നങ്ങൾ.

നാളികേര ഉൽപ്പാദന കമ്പനികൾ

ജില്ലയിൽ നാളികേര കർഷകർ അംഗങ്ങളായ സംഘങ്ങളും സംഘങ്ങൾ അംഗങ്ങളായ നാളികേര കർഷക ഫെഡറേഷനും ഫെഡറേഷൻ അംഗങ്ങളായി നാളികേര ഉൽപ്പന്ന കമ്പനികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പരമ്പരാഗതമായി വെളിച്ചെണ്ണ ഉൽപ്പാദനത്തിൽ മാത്രം ഊന്നി നിന്നിരുന്ന കേരാധിഷ്ഠിത വ്യവസായം ഇന്ന് നീര, ഹണി, ജാഗിരി, വിനിഗർ, ചോക്ലേറ്റ്, ബേബി ഓയിൽ, ഹെയർ ഓയിൽ, വെർജിൻ കോക്കനട്ട് ഓയിൽ, ഓയിൽ കേക്ക് തുടങ്ങി വ്യത്യസ്തമായ 15 ഓളം ഉൽപ്പന്നങ്ങളിലേക്ക് എത്തിയിരിക്കുകയാണ്. കോഴിക്കോട് ജില്ലയിൽ നിലവിൽ 8 കോക്കനട്ട് ഫാർമേഴ്സ്-പ്രൊഡ്യൂസേഴ്സ് കമ്പനികളുണ്ട്. കേന്ദ്ര നാളികേര വികസന ബോർഡിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സഹായത്തോടെ തുടങ്ങിയ കമ്പനികൾ ഉൽപ്പന്ന വൈവിധ്യ വൽക്കരണത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകർക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും സഹായകരമായിട്ടുണ്ട്. ഗുണനിലവാരമുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കേര ഉൽപന്നങ്ങളെ പ്രാദേശിക വിപണിയിൽ നിന്നും അന്താരാഷ്ട്ര വിപണി വരെ എത്തിക്കാൻ ഈ കമ്പനികൾ സഹായകരമാകും. 2010നു ശേഷം നിലവിൽ വന്ന ജില്ലയിലെ നാളികേര കമ്പനികൾ താഴെ പറയും പ്രകാരമാണ്.

1. വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി
2. കടത്തനാട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, കുറ്റ്യാടി
3. പേരാമ്പ്ര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി
4. കുന്ദമംഗലം കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി
5. താമരശ്ശേരി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി
6. കൊയിലാണ്ടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി
7. ഉള്ളേരി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി
8. കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി

പ്രവർത്തന മൂലധനത്തിന്റെ അഭാവവും വിതരണ ശൃംഖല ശക്തിപ്പെടുത്തലും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2017-18 വർഷത്തിൽ 60 ലക്ഷം രൂപ നാളികേര കമ്പനികൾക്ക് വിപണനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം നൽകാൻ പദ്ധതി വെച്ചിട്ടുണ്ട്.

റബ്ബർ അധിഷ്ഠിത വ്യവസായം

കോഴിക്കോട് ജില്ലയിൽ പ്രതിവർഷം ശരാശരി 21000 ടൺ റബ്ബർ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. എന്നാൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്നതിന്റെ 10 ശതമാനം മാത്രമാണ് ഇവിടെ വ്യാവസായികമായി ഉപയോഗിക്കപ്പെടുന്നത്. കേവലം 60ൽ താഴെ യൂനിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ആധുനിക മെഷിനറി ഉപയോഗിച്ചു കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി 1980 ൽ മലബാർ ട്രമ്പ് റബ്ബർ ഫാക്ടറി പുതുപ്പാടിയിൽ സ്ഥാപിച്ചിരുന്നു. 2 കോടി രൂപ പദ്ധതി ചെലവായി ആരംഭിച്ച സ്ഥാപനം 2010 വരെ പ്രവർത്തിക്കുകയും 100 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിരിക്കുന്നു. അഞ്ചര ഏക്കർ സ്ഥലവും 15000 സ്കയർ ഫീറ്റ് ബിൽഡിംഗും ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുന്നു. 7 കോടി രൂപയുടെ ബാധ്യതയും 30 കോടി രൂപയുടെ ആസ്തിയും ഉണ്ട്. പ്രസ്തുത ഭൂമി പതിമൂന്നാം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

ആധുനിക രീതിയുള്ള റബ്ബർ അധിഷ്ഠിത ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ഇൻക്യുബേറ്ററും റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കും സ്ഥാപിക്കുന്നതിലൂടെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ ശക്തിപ്പെടുത്താൻ സാധിക്കും. ഹവായ് ചെരുപ്പുകൾ കമ്പോളത്തിൽ നിന്നും അപ്രത്യക്ഷമായി തുടങ്ങിയതും ജില്ലയിലെ റബ്ബർ വ്യവസായ മേഖലയെ പിന്നോക്കമാക്കിയിട്ടുണ്ട്. ഫിഷർ, പാരഗൺ, ഹരിത, ഹവാക്കർ എന്നീ ചെരുപ്പ് കമ്പനികൾ റബ്ബർ അധിഷ്ഠിത വ്യവസായ പാദരക്ഷകളായിരുന്നു. ഓട്ടോമൊബൈൽ മെഷിനറികൾ, ബെൽറ്റുകൾ എന്നിവ ഉണ്ടാക്കുന്ന ആവശ്യത്തിനാണ് റബ്ബർ പുറത്തേക്ക് കയറ്റി പോകുന്നത്. സമഗ്ര ആസൂത്രണത്തിലൂടെ ഇത്തരം ചെറുകിട റബ്ബർ ഉൽപ്പന്നങ്ങൾ ഇവിടെത്തന്നെ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാം.

പഴവർഗ്ഗ സംസ്കരണ യൂണിറ്റുകൾ

കോഴിക്കോട് ജില്ലയിൽ 21 മില്ല്യൺ എണ്ണം ചക്കയും 39,509 ടൺ മാങ്ങയും ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇവ വ്യാവസായികമായി ഉപയോഗപ്പെടുത്തുന്നില്ല. ഹാപ്പി ജാം, റാണി അച്ചാർ എന്നിവ മാത്രമാണ് ജില്ലയിലെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന രണ്ട് സ്ഥാപനങ്ങൾ. ചക്ക കേവലം ചിപ്സ് മാത്രമായുള്ള രൂപാന്തരം മാത്രമേ നടത്തപ്പെടുന്നുള്ളൂ. അതുപോലെ ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന 600 ടണ്ണോളം കശുമാങ്ങയും വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കപ്പെടാതെ നശിച്ചു പോവുകയാണ്.

ജില്ലാതല ആസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ പ്രാദേശിക തലത്തിൽ ശേഖരിച്ച് മൂല്യവർധിത വസ്തുക്കളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുകയും അതുവഴി വരുമാനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യേണ്ടതാണ്. അത്യാധുനിക രീതിയിലുള്ള ശീതീകരണ സംഭരണകേന്ദ്രം (Cold Storage) ജില്ലയിലെ കാർഷികമേഖലയോടുചേർന്ന് ആരംഭിക്കുന്നത് ഈ മേഖലയ്ക്ക് ഗുണകരമായിരിക്കും.

മാംസ സംസ്കരണം

കോഴിക്കോട് ജില്ലയിൽ കേരളത്തിൽ മൊത്തം ഉത്പാദിപ്പിക്കപ്പെടുന്നതിന്റെ 9.6% ആടുമാടുകളുടെ മാംസവും 6.6% കോഴിമാംസവും ഉപയോഗിക്കപ്പെടുന്നു. എന്നാൽ ആധുനിക രീതിയിലുള്ള അറവുശാലകളോ മാംസസംസ്കരണ യൂനിറ്റുകളോ ജില്ലയിലില്ല. ബ്രഹ്മഗിരി മാതൃകയിൽ എല്ലാ ആധുനിക സൌകര്യങ്ങളോടുകൂടിയ മാംസ സംസ്കരണ യൂണിറ്റ് പതിമൂന്നാം പദ്ധതിയിലുൾപ്പെടുത്തി ജില്ലയിൽ ആരംഭിക്കാവുന്നതാണ്.

പട്ടിക 4.1.82

ജില്ലയിലെ മാംസ ഉൽപാദനം

ക്രമ നം.	ഇനം	ഉത്പാദനം (ടൺ)		ജില്ലയുടെ വിഹിതം
		സംസ്ഥാനം	ജില്ല	
1	മാംസം	280080	26999.7	9.64
2	കോഴിമാംസം	188760	12571	6.66

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്

മര വ്യവസായം

ലോക ഭൂപടത്തിൽ വ്യവസായത്തിന് സ്ഥാനം നേടിക്കൊടുത്ത കോഴിക്കോടിന്റെ പെരുമയാണ് കല്ലായി. ലോക മരവ്യവസായ മേഖലയിൽ രണ്ടാം സ്ഥാനത്തു നിന്നിരുന്ന കല്ലായി വഴിയാണ് കേരള തേക്കിന്റെ പെരുമ സോളമൻ ചക്രവർത്തിയുടെ കൊട്ടാരത്തിൽവരെ എത്തിയി രുന്നത്. ഇപ്പോൾ മൂവായിരത്തോളം തൊഴിലാളി കളും ഇരുപത് കോടിയോളം മുതൽമുടക്കും കല്ലായി പ്രദേശത്തെ മരമേഖലയിലുണ്ട്. പുതിയ നിയമങ്ങൾ (തീരദേശ നിയമം, ഫോറസ്റ്റ് നിരാ ക്ഷേപപത്രം, പുഴയോരഭൂമി വീണ്ടെടുക്കൽ) കാര ണം കല്ലായി മേഖലയിലെ മരവ്യവസായം മന്ദീഭവിച്ചു കൊണ്ടിരിക്കുകയാണ്. തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് ഇടിവു സംഭവിച്ചിട്ടുണ്ടെങ്കിലും ഫർണിച്ചർ വ്യവസായം വലിയ മുന്നേറ്റമാണ് നടത്തിയത്. ആധുനിക സാങ്കേതിക വിദ്യ ഉപയോ ഗിച്ച് ഫർണിച്ചർ വ്യവസായം പുരോഗതി നേടി ക്കൊണ്ടിരിക്കുയാണ്. ഇപ്പോൾ കല്ലായി മര വ്യവസായ മേഖലയിൽ ഫർണിച്ചർ ഉൾപ്പെടെ 150 ഓളം മരാധിഷ്ഠിത വ്യവസായങ്ങൾ പ്രവർത്തി ക്കുന്നുണ്ട്.

ബേപ്പൂരിലെ ഉരു നിർമ്മാണവ്യവസായം

ഇൻഡ്യയിലെ ആദ്യത്തെ കയറ്റുമതി ഉത്പന്നമാണ് ഉരു. 1500 വർഷങ്ങൾക്കുമുമ്പ് ബേപ്പൂരിൽ നിന്ന് മെസപ്പൊട്ടോമിയയിലേക്ക് ഉരു നിർമ്മിച്ച് അയച്ചിരുന്നു. ഇന്നും മധ്യപൗരസ്ത്യ ദേശത്തേക്ക് പ്രത്യേകം യു.എ. ഇ, ഖത്തർ എന്നീ പ്രദേശങ്ങളിലേക്ക് ഉരു കയറ്റി അയയ്ക്കുന്നുണ്ട്. 500 ഓളം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നു. കേരളത്തിലെ തേക്കിന്റെ ലഭ്യത കുറഞ്ഞതിനാൽ മലേഷ്യയിൽ നിന്നുള്ള തേക്കും, കേരളത്തിലെ പ്ലാവും, റോസ് വുഡുമാണ് പ്രധാന അസംസ്കൃത വസ്തുക്കൾ. വർഷത്തിൽ 30 കോടി മുതൽ 250 കോടിവരെ വിലയുള്ള ശരാശരി 2 ഉരുക്കളെങ്കിലും നിർമ്മിച്ച് വിദേശത്തേക്ക യക്കുന്നുണ്ട്.

തീപ്പെട്ടി വ്യവസായം

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ചെറുവണ്ണൂർ മേഖലയിൽ അപ്രത്യക്ഷമായിക്കൊ ണ്ടിരിക്കുന്ന ഒരു വ്യവസായമാണ് തീപ്പെട്ടി നിർമ്മാണ വ്യവസായം. 1990 കളുടെ മധ്യംവരെ ചെറുവണ്ണൂർ ഫറോക്ക് മേഖലയിൽ 120 ഓളം സ്ഥാപനങ്ങളിലായി 2000 ത്തോളം പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. ഇവരിൽ ഭൂരിപക്ഷവും സ്ത്രീകളാ യിരുന്നു. എന്നാൽ രണ്ടായിരമാണ്ടോടുകൂടി പുക വലിയിലും തീപ്പെട്ടി ഉപഭോഗത്തിലും വന്ന കുറവ് കാരണം തീപ്പെട്ടി വ്യവസായം ചിത്രത്തിൽ നിന്നും അപ്രത്യക്ഷമാവുകയാണ്. ഇപ്പോൾ ഇരുപത്തിനാ ലോളം യൂണിറ്റുകൾ തീപ്പെട്ടിക്കൊള്ളി നിർമ്മാ ണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഈ കൊള്ളികൾ ശിവകാശിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തീപ്പെട്ടികളായി തിരിച്ചെത്തുന്നു.

പ്ലൈവുഡ് വ്യവസായം

ചെറുവണ്ണൂർ ഫറോക്ക് മേഖലയിലെ മറ്റൊരു പ്രമുഖ മരാധിഷ്ഠിത വ്യവസായമായിരുന്നു ചെറുകിട പ്ലൈവുഡ് നിർമ്മാണ യൂണിറ്റുകൾ. മലയോര മേഖലയിൽ വളരുന്ന പാഴ് മരങ്ങൾ ശേഖരിച്ച് പ്ലൈവുഡാക്കി മാറ്റുന്ന 100 ഓളം യൂണിറ്റുകൾ ഉണ്ടായിരുന്നു. എന്നാൽ ഉത്പാദന ച്ചെലവിൽ വന്ന വർദ്ധനവും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഇറക്കുമതി

പ്ലൈവുഡിനോടുണ്ടായ മത്സരവും കാരണം ഈ യൂണിറ്റുകളെല്ലാം ക്രമേണ ഈ മേഖലയിൽ വളർന്നു വന്ന ചെരിപ്പ് വ്യവസായ സ്ഥാപനങ്ങൾക്ക് വഴിമാറിക്കൊടുക്കുകയാണുണ്ടായത്. ഇപ്പോൾ ഫറോക്ക്, കാരയാട്, ചുളളിപ്പറമ്പ് എന്നീ ഭാഗങ്ങളിലായി 11 ചെറുകിട പ്ലൈവുഡ് നിർമ്മാണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്.

ഓട് വ്യവസായം

കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രശസ്തമായ ഉത്പന്നമായിരുന്നു ഫറോക്ക് ഓടുകൾ. ഫറോക്ക് പ്രദേശത്തും കോഴിക്കോട് പുതിയറയിലുമായി പതിനാറോളം ഓടു കമ്പനികൾ ആയിരങ്ങൾക്ക് മെച്ചപ്പെട്ട കൂലിയുമായി ജോലി പ്രദാനം ചെയ്യുകയും ഉത്പാദനം നടത്തുകയും ചെയ്തിരുന്നു. ഒരു ദിവസം $3\,^{1}/_{2}$ ലക്ഷം ഓടുകൾ ശരാശരി ഉത്പാദനം നടത്തുകയും ബേപ്പൂരിൽ നിന്ന് പത്തേമാരികളിലും ലോറികളിലുമായി ഇന്ത്യയുടെ വിവിധഭാഗങ്ങളിലേക്കും വിദേശത്തേക്കും കയറ്റി അയക്കുകയും ചെയ്തിരുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർന്നുവന്നതുമൂലം കളിമണ്ണിന്റെ ക്ഷാമം നേരിട്ടതോടുകൂടി ഉത്പാദനം ഗണ്യമായി കുറയുകയും പ്രതിദിനം $3\,^{1}/_{2}$ ലക്ഷത്തിൽ നിന്നും 75,000 ഓടുകളിലേക്ക് ഉത്പാദനം മൂക്കു കുത്തുകയാണുണ്ടായത്. ഈ മേഖലയിലെ പ്രതിസന്ധി 2016-17 വർഷത്തിലും 17-18 ലും പൂട്ടിപ്പോയ ഓടു കമ്പനികൾ, പേർ, വർഷം, തൊഴിൽ നഷ്ടപ്പെട്ട വരുടെ എണ്ണം എന്നിവ താഴെ ചേർക്കുന്നു.

പട്ടിക 4.1.83

ജില്ലയിൽ ജോലി നഷ്ടപ്പെട്ട ഓട് കമ്പനി തൊഴിലാളികളുടെ വിവരങ്ങൾ

ക്രമ നം.	ഓടുകമ്പനികൾ	വർഷം	തൊഴിൽ നഷ്ടപ്പെട്ടവരുടെ എണ്ണം
1.	മലബാർ ടൈൽ കമ്പനി	2016-17	150
2.	വെസ്റ്റ്കോസ്റ്റ് ടൈൽ കമ്പനി	2017-18	80
3.	ഹിന്ദുസ്ഥാൻ ടൈൽ കമ്പനി	2017-18	90
4.	കോമൺവെൽത്ത് പുതിയറ		150
5.	കേരള ടൈൽസ് (നാമമാത്രമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു)		100

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്)

ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓട് ഫാക്റ്ററികൾ

1. കാലിക്കറ്റ് ടൈൽ കമ്പനി
2. നാഷണൽ ടൈൽ കമ്പനി
3. സ്റ്റാൻഡേർഡ് ടൈൽ കമ്പനി
4. സ്റ്റാർ ടൈൽ കമ്പനി

കളിമണ്ണിന്റെ ദൌർലഭ്യവും അതാത് കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളുടെ പ്രത്യാഘാതങ്ങളും ഈ മേഖലയുടെ തളർച്ചയ്ക്ക് കാരണമായി.

പരിഹാര മാർഗ്ഗങ്ങൾ

1 2008 ലെ നീർത്തട-നെൽവയൽ സംരക്ഷക നിയമ പ്രകാരമുളള ഗവൺമെന്റിന്റെ കളിമണ്ണ് ഖനന നിരോധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുക.

2 ഓടു കമ്പനികൾക്കാവശ്യമായ കളിമണ്ണ് ലഭ്യത ഉറപ്പു വരുത്തുക.

3 ചൈനീസ് ഓടിന്റെ കമ്പോളത്തിലെ കടന്നു കയറ്റം നിയമപരമായി നിയന്ത്രിക്കുക.

4 കർണാടകത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ ആവശ്യമായ കളിമണ്ണ് കൊണ്ടുവരുന്നതിന് സംവിധാനങ്ങളൊരുക്കുക.

5 ചൂളക്കാവശ്യമായ വിറക് ഉൾപ്പെടെയുള്ള ഇന്ധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുക

6 അടച്ചുപൂട്ടിയ കമ്പനികളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുക

ചെരുപ്പ് വ്യവസായ മേഖല

കോഴിക്കോട് ജില്ലയിലെ ചെറുകിട വ്യവസായ രംഗത്ത് ചെറുവണ്ണൂർ ഫറോക്ക് മേഖലയിൽ നിലനിന്നിരുന്ന ഇഷ്ടിക, തീപ്പെട്ടി, പ്ലൈവുഡ് ഫാക്ടറികൾ പലകാരണങ്ങളാൽ അടച്ചു പൂട്ടുകയും അവയ്ക്ക് പകരമായി ഇവിടെ പാദരക്ഷ നിർമ്മാണ യൂണിറ്റുകളുടെ ഒരു കേന്ദ്രമായി മാറുകയും ചെയ്തു. ഹവായ് ചെരുപ്പുകൾക്ക് മാർക്കറ്റിൽ ഡിമാൻറ് കുറഞ്ഞതോടുകൂടി പ്ലാസ്റ്റിക്, ലതർ, പി.വി.സി ചെരുപ്പുകളുടെ ഉൽപ്പാദനങ്ങളിലേക്ക് വ്യവസായികൾ കടന്നു വന്നത്. വിദേശ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇറക്കുമതി ചെയ്ത മെറ്റീരിയലുകൾ ഉപയോഗിച്ച് പി.യു ചെരുപ്പുകളുടെ ഒരു ഹബ്ബായി കോഴിക്കോട് മാറിയിരിക്കുകയാണ്. 800 ഓളം പാദരക്ഷാ നിർമ്മാണ യൂണിറ്റുകൾ 20,000 ത്തോളം പേർക്ക് തൊഴിൽ നൽകുന്നു. ചെരുപ്പ് നിർമ്മാണ യൂണിറ്റുകളോടനുബന്ധിച്ചുള്ള അപ്പർസ്റ്റിച്ചിങ്ങ് യൂണിറ്റുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ധാരാളം വനിതകൾക്ക് തൊഴിൽ നൽകുന്നു. ചെറുവണ്ണൂർ, നല്ലളം, ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി, കിനാലൂർ എന്നീ പ്രദേശങ്ങളിലാണ് ഈ വ്യവസായം കേന്ദ്രീകരിച്ചിരിക്കുന്നത്. വടകര, കൊയിലാണ്ടി താലൂക്കുകളിലേക്ക് ഈ വ്യവസായം ഇനിയും എത്തപ്പെടേണ്ടിയിരിക്കുന്നു. 500 കോടിയിലധികം രൂപ നിക്ഷേപമുള്ള ഈ മേഖലയിൽ 10 കോടിയിലധികം രൂപയുടെ വിദേശ കയറ്റുമതി ഈ വർഷം ഉണ്ടായിട്ടുണ്ട്.

വിവരസാങ്കേതിക മേഖല

എറണാകുളത്തിനും മംഗലാപുരത്തിനും മധ്യേയായി വിവരസാങ്കേതിക മേഖലയിൽ ഏറെ വികസന സാധ്യതയുള്ള നഗരമാണ് കോഴിക്കോട്. നാഷണൽ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും (NIIT), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റേയും (IIM(K)) സാന്നിധ്യവും സാമീപ്യവും ഈ മേഖലയിലെ വളർച്ചക്ക് കോഴിക്കോടിന്റെ സാധ്യത വർദ്ധിപ്പിക്കുന്നു. ഇപ്പോൾ ജില്ലയിൽ 2 ഐ.ടി പാർക്കുകളാണ് നിലവിലുള്ളത്.

ഊരാളുങ്കൽ സൈബർപാർക്ക്

കോഴിക്കോട് ജില്ലയിൽ നെല്ലിക്കോട് എന്ന സ്ഥലത്ത് സ്പെഷ്യൽ എക്കണോമി സോണിലാണ് 25 ഏക്കർ സ്ഥലത്ത് ഊരാളുങ്കൽ ലേബർ കൊൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നിയന്ത്രണത്തിൽ 600 കോടി രൂപ നിക്ഷേപത്തോടുകൂടി സൈബർ പാർക്ക് സ്ഥാപിക്കപ്പെട്ടത്. ആകെ 4.82 ലക്ഷം ചതുരശ്ര അടിയിൽ സ്ഥാപിക്കപ്പെട്ട പാർക്ക് 3 ലക്ഷം ചതുരശ്ര അടിയിൽ 27 സ്ഥാപനങ്ങളിലായി 1000 പേർക്ക് നേരിട്ടും 3000 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നുണ്ട്. 2000 പേർക്കുള്ള തൊഴിൽ സാധ്യതകൾ നിലനിൽക്കുന്നു.

കോഴിക്കോട് സൈബർ പാർക്ക്

KSIDC യുടെ ആഭിമുഖ്യത്തിൽ 12 ഏക്കർ സ്ഥലത്താണ് സർക്കാർ നിയന്ത്രണത്തിലുള്ള സൈബർ പാർക്ക് സ്ഥിതി ചെയ്യുന്നത്. 12 ഐ.ടി യൂണിറ്റുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു പുറമെ 50 ഓളം യൂണിറ്റുകൾക്ക് ഇൻക്യൂബേറ്റർ സൗകര്യവുമുണ്ട്.

വികസന സാധ്യതയുള്ള മാവൂർ

കോഴിക്കോട്ടെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സ്ഥാപനമായിരുന്നു ഗ്രാസിം ഇൻഡസ്ട്രീസ്. പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം അടച്ചുപൂട്ടപ്പെട്ട ഗ്രാസിം ഇൻഡസ്ട്രിയുടെ ഉടമസ്ഥതയിലുള്ള 310 ഏക്കർ ഭൂമി ഇപ്പോഴും ഉപയോഗിക്കപ്പെടാതെ കിടക്കുകയാണ്. വ്യാവസായികാവശ്യങ്ങൾക്കുള്ള ഭൂമിക്ക് ഏറ്റവും കൂടുതൽ ദൗർലഭ്യമുള്ള കോഴിക്കോട് ജില്ലയെ സംബന്ധിച്ചിടത്തോളം പ്രസ്തുത ഭൂമി വ്യവസായികാവശ്യത്തിന് ഉപയോഗപ്പെടുത്താതെ കിടക്കുന്നത് ഒരു വലിയ ചോദ്യചിഹ്നമാണ്. മാവൂർ റയോൺസ് നിലനിന്ന ഭൂമി താഴെ പറയുന്ന പരിസ്ഥിതി സൗഹൃദപരമായ വ്യവസായാവശ്യത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

1. അന്താരാഷ്ട്ര നിലവാരമുള്ള അപ്പാരൽ പാർക്ക് സ്ഥാപിക്കുക
2. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുഡ് പാർക്ക് (ഭക്ഷ്യസംസ്കരണം) സ്ഥാപിക്കുക

3. അത്യന്താധുനിക സൗകര്യത്തോടുകൂടി ഇല ക്ട്രോണിക് പാർക്ക് സ്ഥാപിക്കുക
4. അന്യം നിന്നുപോവുന്ന പൈതൃക വ്യവസാ യങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു Ttraditional & Heritage Industrial Park സ്ഥാപിക്കുക
5. അന്താരാഷ്ട്ര നിലവാരമുള്ള കൺവെൻഷൻ സെന്റർ

പ്രസ്തുത ഭൂമി മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങ ളോടുകൂടി ഏറ്റവും ഉചിതമായ രീതിയിൽ വികസി പ്പിക്കുന്നതിന് പദ്ധതി IIM, NIIT എന്നീ സ്ഥാപന ങ്ങളുമായിച്ചേർത്ത് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാവുന്നതാണ്.

പരമ്പരാഗത വ്യവസായം

കോഴിക്കോടിന്റെ കൈത്തറി പെരുമ

ജില്ലയുടെ വിവിധ ഭാഗങ്ങളിലായി കൈത്തറി തൊഴിലിലേർപ്പെട്ടിരുന്നവർ സഹകരണ മേഖലയിൽ സംഘടിക്കുകയും 1925 ൽ കൊയിലാണ്ടിയിൽ പന്തലായനി നെയ്ത്ത് സഹകരണ സംഘം രജിസ്റ്റർ ചെയ്യുകയും ചെയ്തു. പ്രശസ്തമായ കോഴിക്കോടൻ കൈത്തറി ഉൽപ്പന്നമായ കാലി ക്ലോത്തും, കോമൺവെൽത്ത് നെയ്ത്ത് കമ്പനിയും കോഴിക്കോടിന്റെ കൈത്തറി പ്രതാപത്തിന്റെ സ്മരണകളാണ്. 1950 ന് ശേഷം മറ്റ് സംഘങ്ങൾ രൂപപ്പെടുകയും ചെയ്തു. 1980 കളിൽ കോറ ഉൽപ്പന്നങ്ങൾക്ക് വിദേശത്തുണ്ടായ വൻ വിപണി ഈ മേഖലയുടെ സുവർണ്ണ കാലമായിരുന്നു. നേരത്തെ നെയ്ത്ത് തൊഴിലി ലേർപ്പെട്ടിരുന്നവരുടെ അടുത്ത തലമുറ വിദ്യാ ഭ്യാസപരമായി ഔന്നത്യം നേടുകയും അതിന്റെ ഫലമായി സർക്കാർ ജോലികളിലും, മറ്റ് തൊഴിൽ മേഖലകളിലും അവസരം തേടുകയും ചെയ്തു. ഇതേ തുടർന്ന് കൈത്തറി മേഖലയിലേക്ക് പുതിയ തൊഴിലാളികളുടെ അഭാവം നേരിടുകയും ചെയ്തു. കോഴിക്കോട് ജില്ലയിൽ വടകരയിൽ സ്ഥിതിചെയ്യുന്ന കേരളാ വീവേഴ്സ് സൊസൈറ്റി ഫർണിഷിംഗ് ഉൽപ്പന്നങ്ങളിലും, കൂത്താളി സംഘം ദോത്തി നിർമ്മാണത്തിലും, നടുവണ്ണൂർ മേറ്റ് റഗ്ഗിലും പുതുപ്പണം ടൈ ആൻറ് ഡൈ സാരി നിർമ്മാണത്തിലും കൊമ്മേരി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലും മുന്നിട്ട് നിൽക്കുന്നു.

ജില്ലയിൽ ആകെ 29 കൈത്തറി സംഘങ്ങളും ഹാൻവീവിന്റെ കീഴിലുള്ള 4 നെയ്ത്ത് കേന്ദ്രങ്ങളും ആണ് ഉള്ളത്. ഇവയിൽ 200 ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നുണ്ട്. ജില്ലയിൽ വടകര താലൂക്കിന്റെ കിഴക്കൻ പ്രദേശത്തും മുൻ സിപ്പാലിറ്റിയോട് ചേർന്ന ദേശങ്ങളിലും ആയി 13 കൈത്തറി സംഘങ്ങളും കൊയിലാണ്ടി താലൂ ക്കിൽ 11 സംഘങ്ങളും, കോഴിക്കോട് കോർപ്പ റേഷൻ പരിധിയിൽ 3 സംഘങ്ങളും കോഴി ക്കോടിന്റെ ഉൾപ്രദേശങ്ങളിലായി 4 സംഘങ്ങളും ഉണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ 8.97 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഈ മേഖലയിൽ ഉൽപ്പാദിപ്പിക്കപ്പെടുകയും അതിൽ 7.69 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറേമ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി 400 തൊഴി ലാളികൾ 1.33 ലക്ഷം മീറ്റർ തുണി നിർമ്മിച്ചിട്ടുണ്ട്.

പട്ടിക 4.1.84

ജില്ലയിൽ കഴിഞ്ഞ 5 വർഷത്തെ കൈത്തറി ഉത്പാദന വിപണന കണക്കുകൾ

വർഷം	ഉൽപാദനം		വിപണനം	
	അളവ് (മീറ്റർ)	വില (ലക്ഷത്തിൽ)	അളവ് (മീറ്റർ)	വില (ലക്ഷത്തിൽ)
2012– 13	1795807	674.00	743664	495.62
2013– 14	2601929	778.69	1001319	576.69
2014– 15	329524	823.80	273730	711.69
2015– 16	359158	897.89	290435	769.65
2016– 17	693977	1855.52	540499	691.22
ആകെ	**5780395**	**5029.92**	**2849647**	**3244.87**

(സ്രോതസ്സ്: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്

കയർ മേഖല :

കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവ സായമായ കയർ വ്യവസായത്തിന് കോഴിക്കോ ടിന്റെ തീരദേശ ഗ്രാമങ്ങളിൽ സജീവ സാന്നിധ്യ മുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കയർ മേഖലയ്ക്ക് അസംസ്കൃത വസ്തുക്കളുടെ സുലഭമായ ലഭ്യതയും പ്രകൃതിദത്തമായ അനുകൂല സാഹചര്യവും, തൊഴിലാളികളുടെ താൽപ്പര്യവും മൂലം വികസനം സാധ്യമായിട്ടുണ്ട്. ജില്ലയിൽ 58 കയർ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. കൊയിലാണ്ടി ചൂടി, ബേപ്പൂർ ചൂടി, കെ.എം.ആർ.വൈ എന്നിവയാണ് ജില്ലയിലെ പ്രധാന കയറിനങ്ങൾ. കയറ്റുപായ, തടുക്ക്, കയർ ബ്രഷ്, ചൂടിപ്പടം എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഉൽപ്പാദിപ്പിച്ചു വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ (2005 ൽ നടപ്പാക്കിയ) SFURTI പദ്ധതിയിലൂടെ കയർ വ്യവ സായത്തിന് ജില്ലയിൽ പുതു ജീവൻ നൽകാൻ സാധിച്ചിട്ടുണ്ട്. 2016– 17 വർഷത്തിൽ 3243 പേർക്ക് നേരിട്ട് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

കയർ മേഖലയിൽ സംസ്ഥാന ഗവൺ മെന്റിന്റെ പുതിയ പദ്ധതിയുടെ ഭാഗമായി കയറുൽപ്പന്ന മേഖലയിൽ (മൂല്യവർധിത കയറുൽപ്പന്നങ്ങൾ) ഒരു കൂതിച്ചു ചാട്ടത്തിന് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കയർ ഭൂവസ്ത്രമുപയോഗിച്ചു കൊണ്ടുള്ള റോഡുകൾ, പാർശ്വഭിത്തി എന്നിവയ്ക്കുള്ള പദ്ധതികളും "ഒരു വീട്ടിൽ ഒരു കയറുൽപന്നം" പദ്ധതിയും രൂപപ്പെട്ടുവരികയാണ്. എന്നാൽ ജില്ലയിൽ പരമ്പരാഗതമായി പിരിച്ചുകൊണ്ടി രിക്കുന്ന കൊയിലാണ്ടി മുറുക്കച്ചൂടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് അനുയോജ്യമല്ല. നേരത്തെ കാർഷികാവശ്യ ങ്ങൾക്കും മറ്റു വ്യവസായികാവശ്യ ങ്ങൾക്കും ഉപയോഗിച്ചിരുന്ന കൊയിലാണ്ടി ചൂടി പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ കടന്നുവരവോടെ വിപണിക്ക് പറ്റിയതല്ലാതായി തീർന്നിരിക്കുകയാണ്. ഈ മേഖലയിലെ തൊഴിലാളികളെ വ്യവസായിക പ്രാധാന്യമുള്ള വൈക്കം ചൂടിയുടെ ഉത്പാദനത്തി ലേക്ക് മാറുന്ന തരത്തിൽ പരിശീലനവും അതുവഴി ഉത്പാദന പരിവർത്തനവും നടത്തിയാൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

കയർ, കയറുൽപ്പന്നങ്ങളുടെ ഉത്പാദന വിപണന വാർഷികാവലോകനം

പട്ടിക 4.1.85

ജില്ലയിലെ കയറുത്പാദന വിവരങ്ങൾ (2012-13 മുതൽ 2016-17 വരെ)

വർഷം	ചകിരി (ഫൈബർ)		കയർ		മാറ്റ്	
	തൂക്കം (കിന്റലിൽ)	വില (ലക്ഷത്തിൽ)	തൂക്കം (കിന്റലിൽ)	വില (ലക്ഷത്തിൽ)	എണ്ണം (ലക്ഷത്തിൽ)	വില
2012-13	1395.81	29.57	4728.3	192.17		
2013-14	683.73	17.08	3332.72	155.33	12440	6.30
2014-15	926.21	23.49	3650.53	179.67	9754	6.06
2015-16	687.82	17.74	4702.26	268.66	3954	3.07
2016-17	793.06	16.37	5243.66	315.27	1936	1.96

സ്രോതസ്സ്: കയർ പ്രൊജക്ട് ഓഫീസ്, കോഴിക്കോട്

പട്ടിക 4.1.86

ജില്ലയിലെ കയർ വിപണന വിവരങ്ങൾ (2012-13 മുതൽ 2016-17 വരെ)

വർഷം	ചകിരി (ഫൈബർ)		കയർ		മാറ്റ്	
	തൂക്കം (കിന്റലിൽ)	വില (ലക്ഷത്തിൽ)	തൂക്കം (കിന്റലിൽ)	വില (ലക്ഷത്തിൽ)	എണ്ണം (ലക്ഷത്തിൽ)	വില
2012 13	49.52	1.34	4060.16	183.47		
2013 14	41.84	1.01	3709.63	170.26	13273	7.95
2014 15	59.61	1.49	6162.4	233.48	9604	5.97
2015 16	22.31	0.51	4705.24	277.58	5709	4.34
2016 17	45.77	0.83	5656.89	340.46	2396	1.63

സ്രോതസ്സ്: കയർ പ്രൊജക്ട് ഓഫീസ്, കോഴിക്കോട്

സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം പരിപാടിയും കയർബോർഡ് നടപ്പാക്കുന്ന പദ്ധതിയും കയർ ഭൂവസ്ത്ര പദ്ധതിയും ഈ മേഖലയിൽ പുരോഗതിയുടെയും പ്രതീക്ഷയുടെയും ശുഭ സൂചകങ്ങളാണ്.

കരകൗശലം

അനുഗ്രഹീതരായ കരകൌശല വിദഗ്ദരെ കൊണ്ട് ധന്യമാണ് കോഴിക്കോട് . ജില്ലാ കേന്ദ്ര കരകൌശല കമ്മീഷണർ അംഗീകരിച്ച 600 ഓളം വിദഗ്ദർ ഈ മേഖലയിൽ ഉണ്ട്.

ചിരട്ട കരകൗശലം

ഭൗമസൂചിക ലഭിച്ച കൊയിലാണ്ടി ഹുക്ക പുരാതന കാലം മുതൽക്കെ ഗൾഫ് പ്രദേശത്തേക്ക് കയറ്റുമതി ചെയ്തിരുന്നു. കൊയിലാണ്ടി മേഖലയിൽ മാത്രം 600 ഓളം പേർ ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നു. ഇപ്പോൾ ഹുക്ക വ്യവസായം പ്രതിസന്ധിയിൽ ആവുകയും ചിരട്ട ഉപയോഗിച്ചുള്ള കരകൌശല വസ്തുക്കൾ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയും ആണ് ഈ മേഖലയിലെ തൊഴിലാളികൾ. കൊയിലാണ്ടിയിൽ സ്ഥിതി ചെയ്യുന്ന കോഴിക്കോട് ഡിസ്ട്രിക്ട് ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് സൊസൈറ്റി കരകരകൌശല മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപന മാണ്. ഇതിനു പുറമെ ബേപ്പൂർ കല്ലായി പ്രദേശങ്ങളിൽ ഉരുവിന്റെ മാതൃക ഉണ്ടാക്കുന്ന കരകൌശല സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

കളിമൺ വ്യവസായവും ടെറാകോട്ടയും

കുന്ദമംഗലം, കൊയിലാണ്ടി എന്നീ പ്രദേശങ്ങളിലാണ് ആധാനായൻമാർ (കുശവൻമാർ) എന്ന പേരിൽ അറിയപ്പെടുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉള്ളത്. കളിമണ്ണിന്റെ ദൌർലഭ്യതയും ആധുനിക രീതിയിലുള്ള ചൂളയുടെയും മെഷിനറികളുടെയും അഭാവവും സാമ്പത്തിക പരാധീനതയും ഈ മേഖലയെ തളർത്തിയിട്ടുണ്ട്. ടെറാകോട്ട ഉപയോഗിച്ചുള്ള അലങ്കാര കരകൌശല വസ്തുക്കളുടെ നിർമ്മാണം ജില്ലയിൽ നടക്കുന്നുണ്ട്. ഇവയെല്ലാം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യപ്പെടേണ്ടതാണ്.

ഗ്രാമീണ മേഖലയുടെ അവിഭാജ്യ ഘടകങ്ങളായിരുന്ന കൊല്ലൻ, തട്ടാൻ. ടിൻമേക്കർ എന്നിവ ഇന്ന് ഗ്രാമങ്ങളിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇവയുടെ പുനരുജ്ജീവനത്തിനും ഈ കുലതൊഴിലുകൾ നിലനിർത്തുന്നതിനുമുള്ള പദ്ധതികൾ ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും നടപ്പിൽ വരുത്തേണ്ടതാണ്.

ജില്ലയിലെ വ്യവസായ സഹകരണ സംഘങ്ങൾ

കയർ കൈത്തറി മേഖലകളിൽ ഉള്ളതു പോലെ ചെറുകിട വ്യവസായ മേഖലയിലും സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറാണ് ഇത്തരം സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ.

പട്ടിക 4.1.87

ജില്ലയിലെ വ്യവസായ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ (2016–17)

ക്രമ നം	വ്യവസായ സഹകരണ സംഘങ്ങൾ	എണ്ണം
1	ആകെ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘങ്ങൾ	98
2	പ്രവർത്തിക്കുന്നവ	12
3	ഭാഗികമായി പ്രവർത്തിക്കുന്നത്	4
4	പ്രവർത്തനം നിലച്ചവ	34
5	സമാപ്തീകരണം ചെയ്തവ	48
6	വനിതാസംഘം	1
7	കരകൗശലസംഘങ്ങൾ	2
8	എസ്.സി / എസ്.ടി സംഘം	1

അവലംബം: ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട്

വ്യവസായ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

പ്രവർത്തന മൂലധനത്തിന്റെ അഭാവം, വിപണന സാധ്യത കളുടെ കുറവ്, സഹകരണ മേഖലയെക്കുറിച്ച് വേണ്ടത്ര അവഗാഹമില്ലായ്മ, ആസൂത്രണത്തിന്റെ അഭാവം, വ്യവസായത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള പ്രയാസം, പരിശീലനത്തിന്റെ കുറവ് എന്നിവയാണ് നിലവിൽ വ്യവസായ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

പുനരുജ്ജീവന സാധ്യത

വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക വഴി കുറെ സംഘങ്ങളെ സംരക്ഷിക്കാൻ കഴിയും. മെഷിനറി ഗ്രാന്റ് പുന:സ്ഥാപിക്കുക വഴി യൂണിറ്റുകളെ പ്രവർത്തന സജ്ജമാക്കാൻ ഒരു പരിധിവരെ കഴിയും.

നിർദ്ദേശങ്ങൾ

ആധുനിക വൽക്കരണം

പല വ്യവസായ യൂണിറ്റുകൾക്കും പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലമാണ് നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നതിന് സാധിക്കാത്തത്. യൂണിറ്റുകളുടെ പ്രവർത്തന പരിധിയിലെ ബാങ്കുകളുമായി ബന്ധപ്പെട്ട് പ്രവർത്തന മൂലധനം ലഭ്യമാവുന്ന വിധത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

പാശ്ചാത്തല സൗകര്യ വികസനം

യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി സർക്കാർ സഹായത്തോടെ നടപ്പാക്കാവുന്നതാണ്. കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ, പുതിയതരം മെഷിനറികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് ഉതകുന്ന രീതിയിൽ ഒരു പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

ഗുണനിലവാര നിയന്ത്രണം

പശ്ചാത്തല മേഖലയിൽ യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ വലിയ തോതിൽ ചെലവ് വരുന്നുണ്ട്. ആയതിന് ജില്ലയിൽ ഒരു ഏകീകൃത സംവിധാനം ഒരുക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

കുടുംബശ്രീ സംരംഭങ്ങൾ

വ്യവസായ വാണിജ്യ വകുപ്പ്, കയർ പ്രൊജക്ട് ഓഫീസുകൾ, കെ.വി.ഐ.സി, കെ.വി.ഐ.ബി എന്നിവ കൂടാതെ ജില്ലയിലെ വ്യവസായ മേഖലയ്ക്ക് വലിയ സംഭാവനകൾ നൽകുന്ന മറ്റൊരു ഏജൻസിയാണ് കുടുംബശ്രീ ജില്ലാ മിഷൻ. ജില്ലയിലെ പ്രമുഖ വ്യവസായ മേഖലയായ ചെരുപ്പ് നിർമ്മാണ രംഗത്ത് അപ്പർസ്റ്റിച്ചിംഗ് പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന നിരവധി കുടുംബശ്രീസംരംഭങ്ങളുണ്ട്. ഭക്ഷ്യ സംസ്കരണം, ടെക്സ്റ്റയിൽ മാനുഫാക്ചറിങ്ങ്, ഡി.ടി.പി, ശിങ്കാരിമേളം, സൈക്കിൾ റിപ്പയറിംഗ് തുടങ്ങിയ മേഖലകളിൽ കുടുംബശ്രീ സംരംഭങ്ങളുടെ പ്രാതിനിധ്യമുണ്ട്.

പട്ടിക 4.1.88

ജില്ലയിലെ കുടുംബശ്രീ സംരംഭങ്ങളുടെ വിവരങ്ങൾ (2016–17)

ക്രമ നം	ജില്ലയിലെ കുടുംബശ്രീ സംരംഭങ്ങൾ	എണ്ണം
1	ആകെ വ്യക്തിഗത സംരംഭങ്ങൾ	734
2	ഗ്രൂപ്പ് സംരംഭങ്ങൾ	395
3	ആകെ	1129
4	സ്വാന്തനം യൂണിറ്റുകൾ	5
5	അപ്പർ സ്റ്റിച്ചിംഗ് യൂണിറ്റുകൾ	47
6	ശിങ്കാരിമേളം / ബാന്റ് സെറ്റ്	10
7	ന്യൂട്രി മിക്സ് യൂണിറ്റുകൾ	11

(സ്രോതസ്സ്: കുടുംബശ്രീ ജില്ലാ മിഷൻ, കോഴിക്കോട്

കോഴിക്കോട് കോർപ്പറേഷൻ ഏരിയയിൽ ലിറ്ററിന് 1 രൂപ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യുന്ന തീർത്ഥം കൂടിവെള്ള പദ്ധതി, സോയ ചൊക്കളേറ്റ്സ് ആന്റ് കേക്ക് യൂണിറ്റ്, വെസ്റ്റ്ഹിൽ, മൊബൈൽ കഫേ, മാറാട് വർഗീയ ലഹളയുടെ ദുരന്തമനുഭവിക്കുന്നവരുടെ സാമ്പത്തിക ഉന്നമനത്തിനായി വി.കെ.സി ഗ്രൂപ്പുമായി ചേർന്ന് നടത്തിവരുന്ന ഫുട് വെയർ അപ്പർ സ്റ്റിച്ചിംഗ് യൂണിറ്റ്, സുനാമി ദുരിതബാധിതർക്കായുള്ള ക്ലോത്ത് ബാഗ് നിർമ്മാണ യൂണിറ്റ്, ചെറുവണ്ണൂരിലെ നിർമ്മാലയം ഗോൾഡ്, ഉണ്ണികുളത്തെ ഉദയം പ്രിന്റേഴ്സ്, മെറ്റ ലേഡീസ് ഹെൽത്ത് ഫിറ്റ്നെസ് സെന്റർ- എരഞ്ഞിപ്പാലം, മരുതോങ്കരയിലെ ഗ്രാമശ്രീ ഓർഗാനിക് മാമ്പർ എന്നിവ വ്യവസായ മേഖലയിലെ കുടുംബശ്രീയുടെ മുന്നേറ്റം അടയാളപ്പെടുത്തുന്ന സംരംഭങ്ങളാണ്.

യുവാവീവ്

18 നും 40 വയസ്സിനുമിടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ യുവാക്കളെ കൈത്തറി നെയ്ത്ത് മേഖലയിലേക്ക് ആകർഷിക്കുന്നതിനും സർക്കാർ സഹായത്തോടെ അവരെ വിജയകരമായി ഈ മേഖലയിൽ നിലനിർത്തുന്നതിനും ജില്ലാ കുടുംബശ്രീ മിഷനും കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രവും ചേർന്ന് നടപ്പിലാക്കിവരുന്ന ഈ പദ്ധതിക്കായി സംസ്ഥാനതലത്തിൽ 3.9 കോടി രൂപ 2017 18 ൽ നീക്കിവച്ചിട്ടുണ്ട്.

ജില്ലയിലെ വ്യവസായ വികസനത്തിന് അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ

ജില്ലയിലെ സമഗ്രവ്യവസായ വികസനത്തിന് അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് പരിശോധിക്കപ്പെടേണ്ടതുണ്ട്.

അനുകൂല ഘടകങ്ങൾ

1. ജനങ്ങളിൽ അന്തർലീനവും നൈസർഗികവുമായ സംരഭകത്വ മനോഭാവവും വ്യവസായ വാണിജ്യപാരമ്പര്യവും
2. കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത
3. സാങ്കേതികമികവും വിദ്യാഭ്യാസ യോഗ്യതയുമുള്ള തൊഴിൽ സമൂഹം
4. വികസിത വാർത്താ വിനിമയ സൗകര്യങ്ങൾ
5. വ്യവസായ മേഖലയിൽ നിക്ഷേപം നടത്തുവാൻ കഴിവുള്ള പ്രവാസി സമൂഹം
6. NIIT, IIM തുടങ്ങി സാങ്കേതിക മികവുള്ള സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം
7. ധനകാര്യ സ്ഥാപനങ്ങളുടെ ലഭ്യത

പ്രതികൂല ഘടകങ്ങൾ

1. വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം
2. ആധുനിക സാങ്കേതിക വിദ്യയുടെ അഭാവം
3. ഭൂമിയുടെ വിലയിലുണ്ടായ വർദ്ധനവ്.
4. ദുർബലമായ വിപണന സംവിധാനം
5. മികച്ച സൗകര്യങ്ങളോടു കൂടിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ അഭാവം

വികസന പരിപ്രേക്ഷ്യം

ജില്ലയുടെ സമഗ്രവും സമ്പൂർണ്ണവും ആയ വ്യവസായ വികസനം ലക്ഷ്യം വെച്ചുള്ള വികസന പ്രവർത്തനങ്ങൾ ജില്ലയിൽ നടപ്പാക്കേണ്ടതുണ്ട്. ഇതിനായി വാർഷിക പദ്ധതിയായും ബഹുവർഷ പദ്ധതികളായും, ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് എന്നിവ ഒറ്റയ്ക്കും സംയുക്തമായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. വികസനാത്മക മായ ഒരു ആസൂത്രണ കാഴ്ചപ്പാട് രൂപ കൽപ്പന ചെയ്യുകയും ജന പങ്കാളിത്തത്തോടെ പ്രായോഗിക തലത്തിലെത്തിച്ച് വ്യവസായ രംഗത്ത് കുതിച്ചു ചാട്ടം നടത്തുന്നതിനുതകുന്ന രീതിയിലുള്ള പദ്ധതികൾ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പതിമൂന്നാം പദ്ധതിയുടെ ആസൂത്രണ പരിപ്രേക്ഷ്യം

1. ജില്ലയിലെ ഓരോ ബ്ലോക്ക് പഞ്ചായത്തിലും 10 ഏക്കറിൽ കുറയാതെ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക
2. ജില്ലയിലെ കാർഷിക, പഴവർഗ്ഗ വ്യവസായങ്ങൾക്ക് പ്രോൽസാഹനമാക്കുന്നതിനായി ഫലവർഗ്ഗങ്ങൾ കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കുന്നതിനുമായി മലയോര മേഖലയിൽ എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുക
3. ജില്ലയിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന പായ നെയ്ത്ത്, കുട്ടമെടയൽ, മൺപാത്ര നിർമ്മാണം, ബ്ലാക്ക് സമിത്ത്, ഗോൾഡ്സ്മിത്ത്, ടിൻമേക്കർ, ചക്ക് തുടങ്ങിയവ സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി ഒരു പരമ്പരാഗത വ്യവസായ പാർക്ക് സ്ഥാപിക്കുക
4. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ സൗകര്യമുതകുന്ന രീതിയിൽ എല്ലാ പ്രൊഫഷണൽ കോളേജുകളിലും ബിസിനസ്സ് ഇൻക്യൂബേറ്റർ സ്ഥാപിക്കുക
5. ജില്ലയിലെ തൊഴിൽരഹിതരായ സാങ്കേതിക പരിജ്ഞാനം നേടിയവർക്ക് സ്വന്തമായി ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി കോമൺഫെസിലിറ്റി സെന്റർ സ്ഥാപിക്കുക
6. പുതിയ തലമുറക്ക് സംരംഭകത്വ മനോഭാവം വളർത്തി എടുക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനുമായി സ്കൂൾ തലം മുതൽ സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുക.
7. ജില്ലയിലെ കളിമൺ അധിഷ്ഠിത വ്യവസായങ്ങൾക്ക് സ്ഥിരമായി അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിന് സ്ഥിരം സംവിധാനമുണ്ടാക്കുക.
8. ഐ. ഐ. എം, കോഴിക്കോടുമായി ചേർന്ന് സംരഭകർക്കായി ഹൃസ്വകാല സംരഭകത്വ പരിശീലനപരിപാടി രൂപകല്പന ചെയ്യുക.
9. കോഴിക്കോട് ജില്ലയെ നിക്ഷേപ സൗഹൃദമാക്കി ചെറുകിട വ്യവസായ സൗഹൃദ ജില്ലയാക്കി മാറ്റുക.
10. സംരംഭകത്വതത്പരരായ യുവതലമുറയിൽ തൊഴിലാളികളെക്കാൾ തൊഴിൽ ദാതാക്കളെ സൃഷ്ടിക്കുക
11. പ്രാദേശിക തൊഴിലവസരങ്ങൾ വികസിപ്പിക്കുകയും അതുവഴി കൂടുംബവരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക
12. ദൈനംദിന ഉപഭോഗവസ്തുക്കൾ പ്രാദേശിക തലത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി പ്രാദേശിക കമ്പോളങ്ങൾ സജീവമാക്കുകയും ചെയ്യുക.
13. ചൂഷണം ചെയ്യപ്പെടാതെ പാഴായിപോകുന്ന ഫലവർഗ്ഗങ്ങളും കാർഷിക ഉൽപ്പന്നങ്ങളും വ്യവസായികമായി ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി സാമ്പത്തിക ഉന്നമനം നേടുക.
14. പരമ്പരാഗത വ്യവസായങ്ങളുടെ പ്രോൽസാഹനം
15. വിവിധ തൊഴിൽ മേഖലകളെ സമ്പന്നമാക്കുന്നതിനുള്ള സാങ്കേതിക വിദ്യാ പരിപോഷണം

16. ടൂറിസം മേഖലയെ വ്യാവസായിക മേഖല യുമായി ബന്ധിപ്പിച്ച് കൂടുതൽ തൊഴിലവ സരങ്ങൾ സൃഷ്ടിക്കൽ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഗ്വാളിയോർ റയോൺസ് ഉടമസ്ഥതയിൽ മാവൂരിൽ സ്ഥിതിചെയ്യുന്ന 310 ഏക്കർ ഭൂമി ഏറ്റെടുത്ത് വ്യവസായ വികസന ആവശ്യത്തി നുപയോഗപ്പെടുത്തുക
2. അടഞ്ഞുകിടക്കുന്ന കുന്നത്തറ ടെക്സ റ്റൈൽസ് സ്ഥിതിചെയ്യുന്ന 13 ഏക്കർ സ്ഥലത്ത് അനുയോജ്യമായ സംരംഭം ആരംഭിക്കുക
3. കോമൺവെൽത്ത് ടെക്സ്റ്റയിൽ കമ്പനിയുടെ കോഴിക്കോട് നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന സ്ഥലവും കെട്ടിടവും ഏറ്റെടുത്ത് കൈത്തറി പ്രദർശന വിപണന പരിശീലന ഗവേഷണ കേന്ദ്രം സ്ഥാപിക്കുക.
4. കോഴിക്കോട് കേന്ദ്രമാക്കി വളർന്നുവരുന്ന പാദരക്ഷാ നിർമ്മാണ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കു ന്നതിനും നിലനിർത്തുന്നതിനുമായി ഒരു footwear designer development research institute സ്ഥാപിക്കുക
5. കല്ലായ് മരവ്യവസായ മേഖലയെ പൈതൃക വ്യവസായ കേന്ദ്രമായി പ്രഖ്യാപിച്ച് സംരക്ഷിക്കുക
6. ഫറോക്ക് മേഖലയിലെ പ്രശസ്തമായ ഓട്ടുകമ്പനികളേയും മറ്റ് കളിമണ്ണധിഷ്ഠിത വ്യവസായങ്ങളേയും നിലനിർത്തുന്നതിനായി കളിമണ്ണിന്റെ ലഭ്യത ഉറപ്പുവരുത്തുക
7. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്കുള്ള സബ് സിഡിമാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പുതിയ സംരംഭകരെ ആകർഷിക്കുന്ന രീതിയിലാക്കുക.
8. കൈത്തറിമേഖലയുടെ സമഗ്രവികസനത്തിനും ആധുനികവത്ക്കരണത്തിനും പുതുതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും സമഗ്ര പദ്ധതികൾ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
9. കയർമേഖലയുടെ ആധുനികവത്ക്കരണ ത്തിനും ഉത്പാദന വൈവിധ്യ വത്ക്കരണത്തി നുമുള്ള പദ്ധതികൾ സംസ്ഥാനതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
10. കയർ മേഖലയിലെ ജിയോ ടെക്സ്റ്റയിൽസ് ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് ജില്ലയിലെ പുഴയോരം സംരക്ഷണം നടത്തുകയും അതിലൂടെ കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക.
11. കൈത്തറി ഉത്പന്നങ്ങൾ ഡിസൈൻ ചെയ്യുന്നതിനും വൈവിധ്യ വത്ക്കരണത്തിന് ആവശ്യവുമായ പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അവരുടെ ഫണ്ട് ഉപയോഗിക്കുന്നതിനാവശ്യമായ നയങ്ങൾ ഉൾക്കൊള്ളിക്കുക.
12. വ്യവസായ സംരഭങ്ങൾ സ്ഥാപിക്കുന്നതിന് നൽകുന്ന സഹായത്തിൽ സബ്സിഡി മാന ദണ്ഡങ്ങൾ പരിഷ്ക്കരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾ വ്യവസായ ആവശ്യത്തിനു വാങ്ങിയ ഭൂമി, വ്യവസായ എസ്റ്റേറ്റുകളായി വികസിപ്പിക്കുക
2. വനിതാ വ്യവസായ സംരംഭകർക്ക് സംരംഭം തുടങ്ങുന്നതിന് പ്രോൽസാഹനമായി ധനസഹായത്തിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക
3. അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതർക്ക് ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വയം തൊഴിൽ സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ രൂപവൽ ക്കരണം ചെയ്യുക
4. പായ നെയ്ത്ത്, കൊട്ടമെടയൽ എന്നിവ കുല തൊഴിലായി സ്വീകരിച്ചവർക്ക് സാമ്പത്തിക സഹായം നൽകി പ്രസ്തുത തൊഴിൽ മേഖ ലയെ സമുദ്ധരിക്കുക
5. കയർ കൈത്തറി മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനാ വശ്യമായ പരിശീലന പദ്ധതികളും, സ്ഥിരം തൊഴിൽ നൽകുന്നതിനുള്ള സംവിധാനമു ണ്ടാക്കുക
6. കൈത്തറി മേഖലയിൽ കൂടുതൽ തൊഴി ലവസരങ്ങളും, ചോദനവും ഉണ്ടാകുന്ന തിനായി കൈത്തറി മൂല്യവർദ്ധിത ഉൽപ്പന്ന ങ്ങളുടെ നിർമ്മാണവും, ഫാഷൻ ഡിസൈ

നിംഗും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

7. നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കുന്ന കർഷക സംഘങ്ങൾക്കും നാളികേര കമ്പനികൾക്കും പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

8. മധ്യ പൗരസ്ത്യ ദേശങ്ങളിൽ പുതുതായി ഉണ്ടാകുന്ന തൊഴിൽ നിയമങ്ങൾ കാരണം നാട്ടിലേക്ക് തിരിച്ചുവരുന്ന പ്രവാസികളെ പുനരുദ്ധരിക്കാനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുക

9. പ്രാദേശിക തലത്തിൽ ഉൽസവകാലങ്ങളോടനുബന്ധിച്ച് പ്രാദേശിക വ്യവസായ വിപണന മേളകൾ നടത്തുക

10. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലുള്ള വ്യവസായ രീതി രൂപവൽക്കരിക്കുന്നതിന് ചർച്ചകളും സെമിനാറുകളും നടത്തുക.

11. വനിത യുവജന സരംഭകർക്ക് റീസൈക്ക്ളിങ്ങ് പോലുള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള വിവിധ പരിശീലനം നൽകുക.

12. തദ്ദേശസ്ഥാപനങ്ങൾ, വീവേഴ്സ് സർവ്വീസ് സെന്റർ, IIHT, NIFT എന്നിവരുമായി ബന്ധപ്പെട്ട് കൈത്തറി സംരഭകർക്ക് പരിശീലനം നൽകൽ.

അദ്ധ്യായം 4.2

സേവനമേഖല



ആരോഗ്യം

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന ആരോഗ്യ നിലവാരം ഇതിനകം തന്നെ കൈവരിച്ചിട്ടുണ്ട്. മെച്ചപ്പെട്ട സാക്ഷരതാ നിരക്ക്, പൊതുവിതരണ സമ്പ്രദായം, തൊഴിലാളി ചൂഷണത്തിലുണ്ടായ കുറവ്, ആരോഗ്യ പരിരക്ഷാ സംവിധാനങ്ങളുടെ എളുപ്പത്തിലുള്ള ലഭ്യതയും പ്രാപ്യതയും തുടങ്ങിയവ കേരളത്തിന്റെ ആരോഗ്യ നിലവാരത്തെ ഉയർത്താൻ സഹായകരമായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ജനങ്ങൾക്ക് പ്രാഥമിക, ദ്വിതീയ, ത്രിതീയ തലങ്ങളിൽ ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ നൽകിക്കൊണ്ടും അവയിൽ കാലാനുസൃതമായ നവീകരണം വരുത്തിക്കൊണ്ടും മാത്രമേ സമഗ്ര ആരോഗ്യ പരിരക്ഷ സാധ്യമാവൂ. ഇതിന് ദീർഘ കാല കാഴ്ചപ്പാടോടുകൂടിയുള്ള ഇടപെടൽ അനിവാര്യമാണ്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി 2030 ഓടെ ആരോഗ്യരംഗത്ത് നേടാനുദ്ദേശിച്ച ലക്ഷ്യങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും സൗജന്യവും സാർവത്രികവും സമഗ്രവുമായി ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പ്രായത്തിലുള്ളവർക്കും ആരോഗ്യകരമായ ജീവിതം നിലനിർത്തിക്കൊണ്ടുപോകാനും സാധിക്കേണ്ടതുണ്ട്. ആരോഗ്യ, ആരോഗ്യാനുബന്ധ മേഖലകളുടെ സംയോജിത ഇടപെടൽ ഇതിന് അനിവാര്യമാണ്.

നിലവിലെ അവസ്ഥ

ജില്ലയിലെ ആരോഗ്യ മേഖലയെ വിശകലനം ചെയ്യുമ്പോൾ രോഗ ചികിത്സാ സമ്പ്രദായവും രോഗ പ്രതിരോധ സമ്പ്രദായവും ചികിത്സാ സേവനങ്ങളുടെ ലഭ്യതയും കണക്കിലെടുക്കേണ്ടതുണ്ട്. മുഖ്യമായും ജില്ലയിൽ മോഡേൺ മെഡിസിൻ, ആയുർവ്വേദം, ഹോമിയോ എന്നീ ചികിത്സാ രീതികളാണ് നിലവിലുള്ളത്.

മോഡേൺ മെഡിസിൻ

കുറഞ്ഞ ചെലവിൽ ഒരു പരിധി വരെ മെച്ചപ്പെട്ട ആരോഗ്യം നേടാനായ നമ്മുടെ സംസ്ഥാനത്തെ ആരോഗ്യ സൂചികകളും കോഴിക്കോട് ജില്ലയിലെ ആരോഗ്യ സൂചികകളും തമ്മിലുള്ള താരതമ്യമാണ് പട്ടിക 4.2.1 ൽ കൊടുത്തിട്ടുള്ളത്.

പട്ടിക 4.2.1

ജില്ലയിലെ ആരോഗ്യ സൂചികകൾ

ക്രമ നം	സൂചകം	കേരളം	കോഴിക്കോട്
1	ജനന നിരക്ക് (1000 ത്തിന്)	14.48	17.48
2	മരണ നിരക്ക് (1000 ത്തിന്)	7.47	7.84
3	ശിശു മരണനിരക്ക് (1000 ത്തിന്)	5.59	13.54
4	മാതൃമരണ നിരക്ക് (1,00,000 ത്തിന്)	26	30
5	ശരാശരി ആയുസ്	74.9	74.9
6	സാക്ഷരത ശതമാനം	94	95.08
7	ശരാശരി കുട്ടികളുടെ എണ്ണം	1.7	1.57
8	കുടുംബാസൂത്രണ നിരക്ക്	62	40.75

(സ്രോതസ്സ് : ആരോഗ്യ വകുപ്പ്, എസ്.ആർ.എസ്. റിപ്പോർട്ട്, ഇക്കണോമിക് റിവ്യൂ)

മേൽ പട്ടികയിലെ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള സൂചികകളിൽ സമീപ ജില്ലകളിലെ ജനങ്ങളുടെ ജനനവും മരണവും കൂടി ഉൾപ്പെടുന്നുണ്ട്.

ജീവിതശൈലീ രോഗങ്ങൾ

ജീവിതശൈലീ രോഗങ്ങൾ വളരെ അപകടകരമായ അവസ്ഥയിലാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. ആരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ സർക്കാർ സംവിധാനങ്ങളിലും സ്വകാര്യ ക്ലിനിക്കുകൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ വരെ ഇത്തരം രോഗികളുടെ ബാഹുല്യമാണ് കണ്ടുവരുന്നത്. ജീവിതശൈലിയിലുണ്ടായ മാറ്റത്തോടൊപ്പം പാശ്ചാത്യ ഭക്ഷണ രീതികൾ, വ്യായാമക്കുറവ്, വീടുകളിലും ജോലിസ്ഥലങ്ങളിലും അനുഭവപ്പെടുന്ന മാനസിക സമ്മർദങ്ങൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളുടെ കാരണങ്ങൾ ജില്ലയിൽ വർദ്ധിച്ചുവരികയാണ്. താഴേക്കിടയിൽ നടക്കുന്ന സ്ക്രീനിംഗ് ക്യാമ്പുകളിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് കൂടുതൽ അനുഭവപ്പെടുന്നത്. പുരുഷന്മാർ വളരെ കുറച്ചു മാത്രമേ സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തുന്നുള്ളൂ. വിദ്യാർത്ഥികളിൽ ശാരീരിക ക്ഷമതാ പ്രവർത്തനങ്ങൾ വളരെ കുറവായിട്ടാണ് കാണുന്നത്. പ്രാരംഭ പരിശോധനയ്ക്ക് സംവിധാനങ്ങൾ കുറവായതും ഉള്ള സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാത്തതും കാരണം രോഗത്തിന്റെ അവസാന ഘട്ടത്തിലാണ് പലരും ചികിത്സ തേടുന്നത്. ഇത് മരണനിരക്ക് വർധിപ്പിക്കുന്നു.

ആരോഗ്യകരമായ ജീവിതശൈലിയും ആരോഗ്യ ശീലവൽക്കരണവും ഉൾക്കൊണ്ടാൽ മാത്രമേ ഈ അപകടനിലയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. പ്രാഥമിക സ്ക്രീനിംഗിലൂടെ വൃക്ക, കാൻസർ രോഗങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനങ്ങളും ആവശ്യമാണ്. വ്യായാമ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്ട്രെസ് മാനേജ്മെന്റ് സംവിധാനങ്ങൾ, വിനോദങ്ങൾ, വിദ്യാർഥികളെ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണം, ജില്ലക്കകത്തുതന്നെ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ എന്നിവ ആവശ്യമാണ്. ലഹരി, മദ്യം, പുകയില എന്നിവയുടെ ഉപയോഗം കൂടുതലായി കണ്ടുവരുന്ന സാഹചര്യത്തിൽ വിവിധ തലത്തിലുള്ള ബോധവൽക്കരണ, നിയമ നടപടി പ്രവർത്തനങ്ങൾ ആവശ്യമാണ്.

പട്ടിക 4.2.2

പകർച്ചേതര വ്യാധികളുടെ സ്ക്രീനിംഗ് വിവരങ്ങൾ(2016)

സമയം	സ്ക്രീൻ ചെയ്തവരുടെ എണ്ണം	പ്രമേഹം			രക്താതിമർദ്ദം			പ്രമേഹവും രക്താദിമർദവും		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2016 ഏപ്രിൽ-ജൂൺ	57987	2986	5204	8190 (14.12%)	9321	17466	26787 (46.19%)	2992	4870	7862 (13.56%)

സ്രോതസ്സ് : സ്ക്രീൻ സർവ്വേ, DMO കോഴിക്കോട് 2016

2016 ഏപ്രിൽ മുതൽ ജൂൺ മാസം വരെയുള്ള 3 മാസങ്ങളിൽ കോഴിക്കോട് ജില്ലയിലെ വിവിധ സബ് സെന്ററുകളിൽ വെച്ച് നടന്ന ജീവിതശൈലീ രോഗ സ്ക്രീനിംഗ് ക്ലിനിക്കുകളിൽ പങ്കെടുത്ത 30 വയസ്സിനു മേലെ പ്രായമുള്ള വരെയും ഹൈ റിസ്ക് ഗ്രൂപ്പിൽ പെട്ടവരെയും പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ കാണാനായത് ഏറെ ഗൗരവത്തോടെ ചർച്ചയ്ക്ക് വിധേയമാക്കേണ്ട വിവരങ്ങളാണ്.

പരിശോധനയ്ക്ക് വിധേയമായവരിൽ 46% പേർക്ക് രക്താതിമർദ്ദവും 14% പേർക്ക് പ്രമേഹവും 13.5% പേർക്ക് ഈ രണ്ട് അസുഖങ്ങളും ഉണ്ട് എന്നതാണ്. മാറിയ ജീവിതശൈലിയും വ്യായാമമില്ലായ്മയും ഭക്ഷണശൈലിയും ജീവിതശൈലീ രോഗങ്ങൾ വർധിച്ചുവരാൻ കാരണമാകുന്നു എന്ന നിഗമനത്തിലേക്കാണ് നമുക്ക് എത്താനാകുന്നത്.

പകർച്ചവ്യാധി

പൊതുജനാരോഗ്യത്തിന് വലിയ ഭീഷണിയായി വിവിധ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടും ഒറ്റപ്പെട്ട കേസുകളായും റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നു. ജലജന്യ രോഗങ്ങളും ജന്തുജന്യ രോഗങ്ങളും പ്രാണിജന്യ രോഗങ്ങളും കൂടുതലായി കാണപ്പെടുന്നു. ജലജന്യ രോഗങ്ങൾ തീര പ്രദേശങ്ങളിൽ ആണ് കൂടുതലായി കാണപ്പെടുന്നത്. പ്രാണി-ജന്തുജന്യ രോഗങ്ങൾ മലയോര മേഖലയിലും തീരദേശങ്ങളിലും ഒരുപോലെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം, കുടിവെള്ള ഗുണമേന്മ പരിശോധിക്കാനുള്ള വർദ്ധിച്ച ചെലവ്, നല്ല ആരോഗ്യ ശീലങ്ങളുടെ അഭാവം എന്നിവ പ്രശ്നത്തെ കൂടുതൽ ഗൗരവമാക്കുന്നു. നഗരവൽക്കരണത്തിന്റെ വേഗതയും, ഗ്രാമ നഗര വ്യത്യാസമില്ലാതെ ഖര-ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കപ്പെടാതെ അലസമായി നിക്ഷേപിക്കുന്നതും വ്യാപാര സ്ഥാപനങ്ങൾ മതിയായ മാലിന്യ സംസ്കരണ സംവിധാന സൗകര്യങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നതും നമ്മുടെ ജില്ലയിൽ പൊതുജനാരോഗ്യ പരിപാലനത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ജലജന്യ രോഗങ്ങളിൽ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് എന്നീ രോഗങ്ങളാണ് കൂടുതലായി കാണുന്നത്. ജന്തുജന്യ രോഗങ്ങളിൽ എലിപ്പനിയാണ് കൂടുതൽ കാണുന്നത്. ടി ബി, എച്ച്1 എൻ 1, ചിക്കൻ പോക്സ്, തുടങ്ങി വായുജന്യ രോഗങ്ങളും കാണപ്പെടുന്നു. ഇതരദേശ തൊഴിലാളികളിലും തദ്ദേശ വാസികൾക്കിടയിലും മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇവരിൽ പലതരത്തിലുള്ള പകർച്ച വ്യാധികൾ പ്രകടമാണ്. ആരോഗ്യകരമായ ഭൗതിക ജീവിത സാഹചര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിന് പ്രധാന കാരണം. 2012-17 കാലയളവിൽ ജില്ലയിൽ ഉണ്ടായ പ്രധാന പകർച്ചവ്യാധി കേസുകളുടെ എണ്ണവും ഇതുമൂലമുണ്ടായ മരണങ്ങളും സംബന്ധിച്ച വിവരങ്ങൾ 4.2.3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.3

ജില്ലയിലെ പകർച്ച വ്യാധി സംബന്ധിച്ച വിവരങ്ങൾ (2012-17)

രോഗം		2012	2013	2014	2015	2016	2017
ഡെങ്കി	എണ്ണം	44	167	276	587	151	1307
	മരണം	0	0	0	5	1	7
എലിപ്പനി	എണ്ണം	25	63	123	219	129	137
	മരണം	0	2	5	0	1	2
മഞ്ഞപ്പിത്തം	എണ്ണം	1769	1809	262	182	159	92
	മരണം	1	3	2	0	2	2
ടൈഫോയ്ഡ്	എണ്ണം	159	137	116	108	104	38
	മരണം	0	0	0	0	0	0
മലേറിയ	എണ്ണം	181	174	195	124	168	158
	മരണം	0	0	0	1	1	0

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

2017-18 വർഷം കോഴിക്കോട് ജില്ലയിലെ പുതിയാപ്പ വെള്ളയിൽ ഭാഗങ്ങളിൽ തദ്ദേശീയരിൽ മലമ്പനി കൂടുതലായി റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഉപയോഗശൂന്യമായ തോണികളിൽ വെള്ളം കെട്ടിക്കിടക്കുന്നത് കൊതുക് വളരുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിക്കുന്നു. ഉപയോഗിക്കാത്ത തോണികൾ കമഴ്ത്തിയിടുക യാണെങ്കിൽ ഇതിന് പരിഹാരമാകും. കടലിൽ മത്സ്യബന്ധ നത്തിന് പോകുന്ന ഇതര സംസ്ഥാന തൊഴിലാളികളെ പരിശോധിക്കുന്നതിന് സാധിക്കാ ത്തതും മലമ്പനി കൂടുതൽ ആളുകളിലേക്ക് പകരുന്നതിന് കാരണമായി.

ജില്ലയിൽ ഒരു വെക്ടർ കൺട്രോൾ യൂണിറ്റ് ഉണ്ടെങ്കിലും പകർച്ചവ്യാധികളുടെ ആധിക്യം കാരണം കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശ ങ്ങളിലെ പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കേണ്ടി വരുന്നു. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പെടുന്ന സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന് നേരിട്ടുള്ള നിയന്ത്രണത്തിൽ ജീവനക്കാരില്ലാത്ത തിനാൽ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് പലപ്പോഴും പ്രയാസം നേരിടുന്നു. കോർപ്പറേഷന്റെ ആരോഗ്യ പ്രോജക്ടുകളിൽ പകർച്ചവ്യാധി നിയന്ത്രണത്തിന് പ്രത്യേകം ഊന്നൽ നൽകാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തമുറപ്പാക്കി വിവിധ വൈദ്യശാസ്ത്ര ശാഖകളുടെ ഏകോപനത്തിലൂ ടെയും ആരോഗ്യാനുബന്ധ മേഖലകളുടെ സംയോ ജനം ഉറപ്പാക്കിയും ആരോഗ്യ മേഖലയിൽ തുടർച്ചയായുള്ള ഇടപെടലിനാണ് ആരോഗ്യ വകുപ്പ് ഊന്നൽ നൽകുന്നത്.

കോഴിക്കോട് ജില്ലയിലെ ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങൾ

ജില്ലയിലെ ആരോഗ്യ മേഖലയിലെ (മോഡേൺ മെഡിസിൻ) സ്ഥാപനങ്ങളുടെ വിവരങ്ങൾ പട്ടിക 4.2.4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.4

കോഴിക്കോട് ജില്ലയിലെ ആരോഗ്യ മേഖലയിലെ സ്ഥാപനങ്ങൾ

ക്രമനം.	സ്ഥാപനങ്ങൾ	എണ്ണം
1	സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം	1
2	സ്വകാര്യ മെഡിക്കൽ കോളേജുകളുടെ എണ്ണം	2
3	ജില്ലാ ആശുപത്രികളുടെ എണ്ണം	1
4	ജില്ലാ ടി ബി സെന്ററുകളുടെ എണ്ണം	1
5	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളുടെ എണ്ണം	1
6	താലൂക്ക് ആശുപത്രികളുടെ എണ്ണം	6
7	സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം	16
8	24 ഃ 7 പി എച്ച് സികളുടെ എണ്ണം	6
9	പി എച്ച് സികളുടെ എണ്ണം	57
10	മറ്റുള്ളവ	15
11	നഴ്സിംഗ് സ്കൂൾ	1
12	ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്	1
13	സബ് സെന്ററുകളുടെ എണ്ണം	401
14	നഗര സബ് സെന്ററുകളുടെ എണ്ണം	10
15	ജെ എച്ച് ഐ സെക്ഷനുകളുടെ എണ്ണം	277
16	ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എണ്ണം	72
17	ഹെൽത്ത് സൂപ്പർവൈസർമാരുടെ എണ്ണം	15
18	പി എച്ച് എൻമാരുടെ എണ്ണം	74
19	പി എച്ച് എൻ എസ് മാരുടെ എണ്ണം	12
20	നഴ്സിംഗ് കോളേജ്	1

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

പട്ടിക 4.2.5

ജില്ലയിലെ സബ്ബ് സെന്ററുകളുടെ കെട്ടിട ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ബ്ലോക്ക്	സബ്ബ് സെന്ററുകളുടെ എണ്ണം	വാടക കെട്ടിടം എണ്ണം	സ്വന്തം കെട്ടിടം എണ്ണം
1	പേരാമ്പ്ര	27	6	21
2	പന്തലായനി	24	4	20
3	മേലടി	23	1	22
4	കുന്നുമ്മൽ	32	0	32
5	വടകര	22	3	19
6	തോടന്നൂർ	24	3	21
7	ചേളന്നൂർ	35	7	28
8	കോഴിക്കോട്	41	1	40
9	കുന്ദമംഗലം	57	6	51
10	കൊടുവള്ളി	50	4	46
11	തൂണേരി	22	4	18
12	ബാലുശ്ശേരി	44	0	44
	ആകെ	401	39	362

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

പട്ടിക 4.2.6

ജില്ലയിലെ സർക്കാർ മേഖലയിൽ ലഭ്യമായ കിടക്കകൾ/ഡോക്ടർമാർ (എണ്ണം)

1	കോഴിക്കോട് മെഡിക്കൽ കോളേജ് ഒഴികെ സർക്കാർ മേഖലയിൽ ലഭ്യമായ കിടക്കകളുടെ എണ്ണം	2804
2	കോഴിക്കോട് മെഡിക്കൽ കോളേജ് ഒഴികെ സർക്കാർ മേഖലയിൽ ലഭ്യമായ ഡോക്ടർമാരുടെ എണ്ണം	416

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

ജില്ലയിൽ ഒരു സർക്കാർ മെഡിക്കൽ കോളേജും, ഒരു ഗവണ്മെന്റ് ജനറൽ ആശുപത്രിയും ഒരു ജില്ലാ ആശുപത്രിയും, 6 താലൂക്ക് ആശുപത്രികളും, ഒരു ടി ബി സെന്ററും, 16 സാമൂഹികാരോഗ്യ കേന്ദ്രങ്ങളും, 63 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമടക്കം 101 ഗവ: ചികിത്സാ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ 401 ആരോഗ്യ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. സബ് സെന്ററുകളുടെ എണ്ണത്തിന് ആനുപാതികമായി ജെ എച്ച് ഐ തസ്തികകൾ നിലവിലില്ല. സി എച്ച് സി/ പി എച്ച് സി എന്നിവ പരിശോധിച്ചാൽ പല സ്ഥാപനങ്ങളിലും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളില്ല. അധിക ജീവനക്കാരെ ഇനിയും നിയമിക്കേണ്ടതായിരിക്കുന്നു. ജില്ലാ, താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും മാനദണ്ഡപ്രകാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്. ഇതോടൊപ്പം സ്വകാര്യ മേഖലയിൽ 2 മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 200 ഓളം ആരോഗ്യ സ്ഥാപനങ്ങളും ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

സ്വകാര്യ സഹകരണ മേഖലയിലെ ആശുപത്രികൾ

ജില്ലയിലെ സഹകരണ മേഖലയിലെയും സ്വകാര്യമേഖലയിലെയും ആശുപത്രികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.2.7 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.2.7

സ്വകാര്യ സഹകരണ മേഖലയിലെ ആശുപത്രികൾ

ക്രമ നം	ഇനം	എണ്ണം
1	സ്വകാര്യ, സഹകരണ മേഖലയിലെ ആശുപത്രികൾ	89
2	സ്വകാര്യ ക്ലിനിക്കുകളുടെ എണ്ണം	54
3	ആകെ കിടക്കകളുടെ എണ്ണം	6872
4	സ്വകാര്യ മേഖലയിലെ ഡോക്ടർമാരുടെ എണ്ണം	1637

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

ജില്ലയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഒഴികെ ഉള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ 2804 കിടക്കകളുണ്ടെങ്കിലും ഡോക്ടർമാരുടെ എണ്ണം 416 ആണ്. രോഗികളുടെ എണ്ണത്തിന്റെ ആനുപാതികമായി ഈ സ്ഥാപനങ്ങളിൽ ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും ഇല്ല. എന്നാൽ സ്വകാര്യ മേഖലയിൽ 6872 കിടക്കകളും 1637 ഡോക്ടർമാരും നിലവിലുണ്ട്. അതായത് സർക്കാർ മേഖലയിലേക്കാൾ റിസോഴ്സ് സ്വകാര്യ മേഖലയിലാണുള്ളതെന്ന് കാണാൻ കഴിയും.

കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ സ്വകാര്യ സഹകരണ മേഖലയിലും സർക്കാർ മേഖലയിലും ഉള്ള റിസോഴ് സ് ഏതാണ്ട് തുല്യമായി വരും. ലഭ്യമായ കണക്കുകൾ പ്രകാരം 50 ശതമാനത്തിന് മുകളിൽ ജനങ്ങൾ സർക്കാർ സംവിധാനങ്ങളെയാണ് ഇന്നും ആശ്രയിക്കുന്നത്. ഇവിടങ്ങളിലെ സൌകര്യങ്ങളും സേവനങ്ങളും ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങൾ

ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സമഗ്ര ആരോഗ്യ പരിരക്ഷ (രോഗ പ്രതിരോധം, ആരോഗ്യവർദ്ധകം, ചികിത്സ, പുനരധിവാസം, സാന്ത്വനം) ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലയിൽ 13 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇതിനകം പ്രവർത്തനക്ഷമമായിട്ടുണ്ട്. അടുത്ത ഘട്ടമായി 25 ഓളം സ്ഥാപനങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള തീരുമാനം സർക്കാർ തലത്തിൽ ആയിക്കഴിഞ്ഞു.

1. കക്കോടി, 2. രാമനാട്ടുകര, 3. കുന്ദമംഗലം, 4. കായക്കൊടി, 5. എടച്ചേരി, 6. കോട്ടൂർ, 7. നൊച്ചാട്,

8. ആയഞ്ചേരി, 9. ഇരിങ്ങൽ, 10. വടകര താഴെ അങ്ങാടി, 11. അരിക്കുളം, 12. പുതുപ്പാടി, 13. ഓമശ്ശേരി എന്നിവയാണ് നിലവിൽ ജില്ലയിലെ പ്രവർത്തനക്ഷമമായ കുടുംബാരോഗ്യ കേന്ദ്രങ്ങൾ.

രോഗീ സൗഹൃദ ആശുപത്രി സേവനം ല ൃമാക്കുക എന്ന ലക്ഷ്യമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 3 മെഡിക്കൽ ഓഫീസർമാരും, 3 സ്റ്റാഫ് നഴ്സുമാരും, ഒരു ലാബ് ടെക്നീഷ്യനും ഈ സ്ഥാപനങ്ങളിൽ ഉണ്ടാകും. ഒ പി വി ാഗം 6 മണി വരെ പ്രവർത്തിക്കുന്നതാണ്.

ഇ ഹെൽത്ത് പരിപാടി

കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യം വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനും രോഗികൾക്ക് സമയ നഷ്ടം കൂടാതെ ആശുപത്രി സേവനങ്ങൾ അടക്കം ലഭ്യമാക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഓരോ വീട്ടിലെയും അംഗങ്ങളുടെ വിവരശേഖരണം നടത്തി സേവനങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കുന്ന പരിപാടി ജില്ലയിൽ നടപ്പിലാക്കുകയാണ്.

വൃക്ക രോഗങ്ങൾ ജില്ലയിൽ കൂടി വരുന്നുണ്ട്. വൃക്കരോഗ ചികിത്സയ്ക്കായി കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടി യിരിക്കുന്നു. ജില്ലയിലെ ഡയാലിസിസ് ഉപകര ണങ്ങളുടെ വിവരങ്ങൾ പട്ടിക 4.2.8 ൽ കൊടു ത്തിരിക്കുന്നു.

പട്ടിക 4.2.8

ജില്ലയിലെ ഡയാലിസിസ് സൌകര്യങ്ങളുടെ നിലവിലെ സ്ഥിതി

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ഡയാലിസിസ് മെഷീനുകളുടെ എണ്ണം				
		എൻ എച്ച് എം	എൽ എസ് ജി ഡി	എൻ ജി ഒ	മറ്റുള്ളവ	ആകെ
1.	വടകര	5		2	2	9
2.	താലൂക്ക് ആശുപത്രി കുറ്റ്യാടി		6		5	11
3.	താലൂക്ക് ആശുപത്രി പേരാമ്പ്ര				12	12
4.	താലൂക്ക് ആശുപത്രി കൊയിലാണ്ടി			15		15
5.	മെഡിക്കൽ കോളേജ്				35	35
6.	ജി ജി എച്ച്				8	8
	ആകെ	5	6	17	19	90

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

പകർച്ചവ്യാധി ബാധിത പ്രദേശങ്ങളും വ്യാപ്തിയും.

കഴിഞ്ഞ 5 വർഷത്തിനിടയിൽ പകർച്ച വ്യാധികൾ ജില്ലയിൽ കൂടിവരുന്നുതായി കാണുന്നു. 2016-17 വർഷത്തിൽ പകർച്ചവ്യാധികൾ കണ്ടെത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചിത്രം 4.2.1 മുതൽ 4.2.7 വരെയുള്ളതിൽ കാണിച്ചിരിക്കുന്നു.

ചിത്രം 4.2.1

ജില്ലയിലെ ഡങ്കിപ്പനിയുടെ വ്യാപ്തി (2016)



ചിത്രം 4.2.2

ജില്ലയിലെ മലേറിയയുടെ വ്യാപ്തി 2017



ചിത്രം 4.2.3

ജില്ലയിലെ എലിപ്പനിയുടെ വ്യാപ്തി 2017



ചിത്രം 4.2.4

ജില്ലയിലെ മഞ്ഞപിത്ത രോഗത്തിന്റെ വ്യാപ്തി 2016



ചിത്രം 4.2.5

ജില്ലയിലെ എച്ച് 1 എൻ 1 രോഗത്തിന്റെ വ്യാപ്തി (2016)



ചിത്രം 4.2.6

ജില്ലയിലെ കോളറ രോഗത്തിന്റെ വ്യാപ്തി 2016



ചിത്രം 4.2.7

ജില്ലയിൽ കോളറ രോഗം കണ്ടെത്തിയ സ്ഥലങ്ങൾ



രോഗപ്രതിരോധ കുത്തിവെപ്പ്

സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന ജില്ലയിൽ വാക്സിൻ മൂലം തടയാവുന്ന രോഗങ്ങളും മരണങ്ങളും ഇപ്പോഴും നില നിൽക്കുന്നു. സംസ്ഥാനത്ത് നിയന്ത്രണവിധേയ മായിരുന്ന ഡിഫ്തീരിയ പോലുള്ള രോഗങ്ങൾ ജില്ലയിൽ തിരിച്ചുവന്നിരിക്കുന്നു. 2016 ൽ 29ഉം 2017 ൽ ഒക്ടോബർ വരെ ആറും സ്ഥിരീകരിച്ച ഡിഫ്തീരിയ കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്. ചില വാക്സിൻ വിരുദ്ധർ പ്രചരിപ്പിക്കുന്ന തെറ്റിദ്ധാരണകൾ മൂലം ജില്ലയിലെ ചില പഞ്ചായത്തുകളിൽ പ്രതിരോധ കുത്തി വെപ്പുകളിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 2017-18 വർഷം രോഗപ്രതിരോധ കുത്തിവെപ്പിൽ ജില്ലയ്ക്ക് 90% നേട്ടം കൈവരിക്കാൻ സാധിച്ചു.

പട്ടിക 4.2.9

ജില്ലയിലെ രോഗപ്രതിരോധ കുത്തിവെപ്പ് ഹെൽത്ത് ബ്ലോക്ക് തലത്തിൽ 2017-18

ക്രമ നം	ബ്ലോക്ക്	ശതമാനം	ക്രമ നം	ബ്ലോക്ക്	ശതമാനം
1	തിരുവള്ളൂർ	72%	9	വളയം	76%
2	കുറ്റ്യാടി	75%	10	ഉള്ളേള്യരി	83%
3	ചെറുവാടി	84%	11	തിരുവങ്ങൂർ	85%
4	ചെറൂപ്പ	84%	12	ഒളവണ്ണ	85%
5	പേരാമ്പ്ര	87%	13	ചെറുവണ്ണൂർ	88%
6	നരിക്കുനി	87%	14	ഓർക്കാട്ടേരി	89%
7	മേലടി	90%	15	ബാലുശ്ശേരി	93%
8	തലക്കുളത്തൂർ	91%	16	മുക്കം	95%

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

രോഗപ്രതിരോധ കുത്തിവെപ്പിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ പരത്തുന്ന വർക്കെതിരെ ശക്തമായ നിയമപരമായ നടപടികൾ ഉണ്ടായാൽ മാത്രമേ ഈ രംഗത്ത് നേട്ടം കൈവരിക്കാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിലെ നിലവിലുള്ള ആരോഗ്യാവസ്ഥകളുടെ വിശകലനം നടത്തിയതിൽ നിന്നും ജില്ല ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ താഴെ പറയും വിധം ക്രോഡീകരിക്കാം.

1. ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്നു.
2. നിയന്ത്രിക്കപ്പെട്ടതും നിർമാർജനം ചെയ്തതുമായ പകർച്ചവ്യാധികൾ തിരിച്ചുവരുന്നു.
3. പുതിയ തരം പകർച്ചവ്യാധികളും ജില്ലയിൽ കണ്ടുവരുന്നു.
4. ചികിത്സാ ചെലവ് വർദ്ധിച്ചു വരുന്നു.
5. ശുദ്ധജലത്തിന്റെ അഭാവം
6. അശാസ്ത്രീയമായ മാലിന്യ പരിപാലനം
7. വർധിച്ചുവരുന്ന രോഗാതുരത
8. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യ പ്രശ്നങ്ങൾ കൂടുന്നു.
9. മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിക്കുന്നു.
10. പ്രായമായവരുടെ ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിക്കുന്നു.
11. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്നു.
12. നവജാത ശിശുക്കളുടെ ഭാരക്കുറവ്

നിലവിലുള്ള പദ്ധതികളുടെ വിലയിരുത്തൽ

കോഴിക്കോട് ജില്ല രൂപീകൃതമായതിനു ശേഷം പൊതുജനാരോഗ്യ രംഗത്ത് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളിലൂടെ നേട്ടം കൈവരിക്കാൻ നമുക്കായിട്ടുണ്ട്. കേരളത്തിന്റെ പൊതു ആരോഗ്യ അവസ്ഥ തന്നെയാണ് കോഴിക്കോട് ജില്ലയിലും പ്രതിഫലിക്കുന്നത്. എന്നാൽ കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പിന്റെ കാര്യത്തിൽ കേരളത്തിന്റെ പൊതു അവസ്ഥയല്ല നമ്മുടെ ജില്ലയുടേത്. കഴിഞ്ഞ 5 വർഷക്കാലം ആരോഗ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ആരോഗ്യ വകുപ്പ് നേരിട്ടും നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തലാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്.

ജില്ലാ ആരോഗ്യവകുപ്പ് വഴി കഴിഞ്ഞ 3 വർഷം വിവിധ ഉപശീർഷകങ്ങളിൽ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4.2.10

ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (NVBDCP)

വർഷം	ഫണ്ട് അനുവദിച്ചത് (രൂപ)	ഫണ്ട് ചെലവഴിച്ചത് (രൂപ)
2015	7610025	6327020
2016	3575940	2254457
2017	3313103	1829366

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

പട്ടിക 4.2.11

കുഷ്ഠരോഗ നിർമാർജന പരിപാടി

വർഷം	വരവ് (രൂപ)			ചെലവ് (രൂപ)		
	NHM	പ്ലാൻ	SDG	NHM	പ്ലാൻ	SDG
2014-15	200000		600000	309993		289318
2015-16	152500		350000	135748		327000
2016-17	150000	188000	181250	126865	181785	105090

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

പട്ടിക 4.2.12

ക്ഷയരോഗ നിയന്ത്രണ പരിപാടി (RNTCP)

വർഷം	അനുവദിച്ച തുക (രൂപ)	ചെലവഴിച്ച തുക (രൂപ)
2015	6407206	5074120
2016	8093978	6472073
2017	4266913	3462072

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

പട്ടിക 4.2.13

ജില്ലാ പഞ്ചായത്ത് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നടപ്പിലാക്കിയ ആരോഗ്യപദ്ധതികൾ

പ്രവർത്തനം	ചെലവഴിച്ച തുക
2015-16 മാനസിക രോഗികൾക്ക് മരുന്നു വാങ്ങൽ	15 ലക്ഷം
2015-16 ജീവതാളം	5 ലക്ഷം
2015-16 എച്ച് ഐ വി ബാധിതർക്ക് പോഷകാഹാരം	15 ലക്ഷം
2015-16 ജീവിതശൈലീ രോഗ പ്രതിരോധം	3 ലക്ഷം
2016-17 എച്ച് ഐ വി ബാധിതർക്ക് പോഷകാഹാരം	22.7 ലക്ഷം
2016-17 മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ	15 ലക്ഷം
2016-17 ജീവതാളം	5.69 ലക്ഷം
2017-2018 എച്ച് ഐ വി ബാധിതർക്ക് പോഷകാഹാരം	20 ലക്ഷം
2017-2018 മാനസിക രോഗികൾക്ക് മരുന്ന് വിതരണം	5 ലക്ഷം
ഹോമിയോപ്പതി മുൻ വർഷങ്ങളിലെ പദ്ധതികൾ	
2014-15 മരുന്ന് വാങ്ങൽ	5 ലക്ഷം
2014-15 സ്രാമ്പ് നിർമാണം	2.9 ലക്ഷം
2014-15 ബ്ലഡ് സെൽ കൗണ്ടർ യൂണിറ്റ്	4.75 ലക്ഷം
2014-15 ഫിസിയോ തെറാപ്പി യൂണിറ്റ്	4.99 ലക്ഷം
2014-15 കമ്പ്യൂട്ടറുകൾ	1.73 ലക്ഷം
2014-15 ടി വി സെറ്റ്	0.89 ലക്ഷം
2014-15ജനറേറ്റർ ഷെഡ്78000	22.38 ലക്ഷം
2015-16ലാബ് റീ ഏജന്റ്സ്	1.5 ലക്ഷം
2015-16സോളാർ വാട്ടർ ഹീറ്റർ	8 ലക്ഷം
2015-16 മെഡിസിൻ	5 ലക്ഷം
2016-17 ലാബ് റീ ഏജന്റ്സ്	1 ലക്ഷം
2016-17 ഹോസ്പിറ്റൽ എക്യൂപ്മെന്റ്സ്	1.7 ലക്ഷം
ആയുർവേദം	
2014-15 ഔഷധങ്ങൾ വാങ്ങൽ (ഡി എ എച്ച്)	35 ലക്ഷം
സാധനങ്ങൾ വാങ്ങൽ	2.75 ലക്ഷം

ഇ പി ബി സൗകര്യം	1 ലക്ഷം
ഫർണിച്ചർ ഉപകരണങ്ങൾ റിപ്പയർ	0.53 ലക്ഷം
ഫയർ സേഫ്റ്റി ഉപകരണങ്ങൾ	0.24 ലക്ഷം
മെയിന്റനൻസ്	1 ലക്ഷം
മുതിർന്നവരുടെ വാർഡ് നിർമാണം	40 ലക്ഷം
ഡി എ എച്ച് അറ്റകുറ്റപ്പണി	5 ലക്ഷം
സോളാർ വാട്ടർ ഹീറ്റർ	12.5 ലക്ഷം
2015-16 ഡി എ എച്ച് അറ്റകുറ്റപ്പണി	2 ലക്ഷം
2015-16 മരുന്നു വാങ്ങൽ	35 ലക്ഷം
2015-16 സാധനങ്ങൾ വാങ്ങൽ	1.5 ലക്ഷം
2016-17 മരുന്നു വാങ്ങൽ	40 ലക്ഷം
കൺസ്യൂമബിൾ	4 ലക്ഷം
കണ്ടിജൻസി	10 ലക്ഷം
ഉപകരണങ്ങൾ വാങ്ങൽ	4 ലക്ഷം
ലിഫ്റ്റ് അനുബന്ധ ഉപകരണം	25 ലക്ഷം

സ്രോതസ്സ് : ജില്ലാ മെഡിക്കൽ ഓഫീസ് (ഹെൽത്ത്)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2017-18 വർഷം ആവിഷ്കരിച്ച പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ
2. സമഗ്ര ആരോഗ്യ പരിപാടി
3. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ
4. കമ്പ്യൂട്ടർ/എൽ സി ഡി പ്രൊജക്ടർ
5. പകർച്ചവ്യാധി നിയന്ത്രണം.
6. പി എച്ച് സികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
7. സ്ഥാപനങ്ങളിൽ കുടിവെള്ള പദ്ധതി (കുഴൽകിണർ ബ്ലോക്ക്)
8. പകർച്ചേതര വ്യാധി നിയന്ത്രണം.
9. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഫർണിച്ചർ
10. മരുന്ന് വാങ്ങൽ
11. ഫർണിച്ചർ വാങ്ങൽ
12. ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തൽ
13. പ്രതിരോധ കുത്തിവെപ്പ് പ്രവർത്തനങ്ങൾ
14. വാഹനവാടക
15. ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ
16. ഐ ഇ സി പ്രവർത്തനങ്ങൾ
17. പ്രായമായവർക്ക് ഉപകരണങ്ങൾ
18. സബ് സെന്റർ വാടക
19. എക്സ്റേ യൂണിറ്റ് സ്ഥാപിക്കൽ- ബ്ലോക്ക്
20. എഫ് എ ബയോ കെമിസ്ട്രി അനലൈസർ -ബ്ലോക്ക്
21. ഡെന്റൽ യൂണിറ്റ് സ്ഥാപിക്കൽ- ബ്ലോക്ക്
22. കഞ്ഞിപ്പുര നിർമാണം - ബ്ലോക്ക്
23. വൃക്കരോഗം - പ്രതിരോധം- ബ്ലോക്ക്
24. മോർച്ചറി നിർമാണം - ബ്ലോക്ക്
25. മാലിന്യ സംസ്കരണം - ബ്ലോക്ക്

26. പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾ
27. സ്കൂൾ ആരോഗ്യ പരിപാടി
28. ആശ്വാസം ക്ലിനിക്ക്
29. ബാല സൗഹൃദ കോർണർ
30. കൗമാര ആരോഗ്യ പരിപാടി
31. ഫാർമസി ശീതീകരണം
32. സൗരോർജ പാനൽ സ്ഥാപിക്കൽ
33. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ
34. ക്യാൻസർ കണ്ടെത്തൽ/പ്രതിരോധം.

ആയുർവ്വേദം

ഭാരതത്തിന്റെ തനത് വൈദ്യ സമ്പ്രദായമായ ആയുർവേദം, ചികിത്സയ്ക്കൊപ്പം രോഗപ്രതിരോധത്തിനും തുല്യപ്രാധാന്യം നൽകുന്നു. ആരോഗ്യസൂചികകളുടെ കാര്യത്തിൽ ലോകത്തെ വികസിത രാഷ്ട്രങ്ങൾക്കൊപ്പം നില്ക്കുന്ന നമ്മുടെ സംസ്ഥാനം ഇന്ന് ആരോഗ്യ കാര്യങ്ങളിൽ അല്പം തിരിച്ചടികൾ നേരിടുന്നു. സാംക്രമികരോഗങ്ങളും അതിലേറെ ജീവിത ശൈലീ രോഗങ്ങളും നമ്മുടെ ആരോഗ്യത്തെ കാര്യമായി ബാധിച്ചുകൊണ്ടിരിക്കുന്നു. ഇവയുടെ നിയന്ത്രണ-പ്രതിരോധങ്ങളുടെ കാര്യത്തിൽ, നിലവിലെ ആരോഗ്യ സംവിധാനങ്ങളിലെ പോരായ്മകൾ തിരുത്തുന്നതോടൊപ്പം തനത് വൈദ്യ ശാസ്ത്രങ്ങളുടെ സാദ്ധ്യതകളും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. കഴിഞ്ഞ ഒരു ദശകത്തിൽ ജില്ലയിൽ ചിക്കുൻ ഗുനിയ - ഡെങ്കിപ്പനി തുടങ്ങിയ സാംക്രമികരോഗങ്ങൾ പൊട്ടിപ്പുറപ്പെട്ട പ്പോഴൊക്കെ, വകുപ്പിന് ഇവയുടെ പ്രതിരോധത്തിലും നിയന്ത്രണത്തിലും അനുബന്ധ അസുഖങ്ങളുടെ ചികിത്സയിലുമൊക്കെ ഫലപ്രദമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലായി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലും പരിസരത്തും ഉണ്ടായ ഡെങ്കിപ്പനി ബാധയിൽ മറ്റ് ആരോഗ്യ പ്രവർത്തകരെയും സന്നദ്ധപ്രവർത്തകരെയും കൂട്ടുപിടിച്ച് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ശരിയായ ജീവിത ശൈലിയും ഭക്ഷണ-വ്യായാമശീലങ്ങളും പ്രോത്സാഹിപ്പിക്കലും, അതുവഴി രോഗപ്രതിരോധ ശേഷിയും ക്രിയാത്മക ആരോഗ്യം വളർത്തലും തന്നെയാണ് സാംക്രമികരോഗങ്ങളെയും ജീവിതശൈലീ രോഗങ്ങളെയും ചെറുക്കുന്നതിനുള്ള ഏക പോംവഴി. ആയുർവേദം അനുശാസിക്കുന്ന ഇത്തരം രീതികൾ പൊതുജനങ്ങളിലേക്ക് എത്തിക്കേണ്ടതും അതൊക്കെ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യേണ്ടതുണ്ട്. നിലവിലെ സംവിധാനത്തിൽ ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയും സമൂഹത്തി ലിറങ്ങി പ്രവർത്തിക്കുന്നതിനുള്ള ജീവനക്കാരുടെ അഭാവവും കാരണം വകുപ്പിന് ഇത്തരം പ്രവൃ ത്തികളിൽ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല. നവകേരള വികസനത്തിന്റെ ഭാഗമായുള്ള ആർദ്രം മിഷൻ പദ്ധതി വഴിയും മറ്റും ജില്ലയിലെ ആയുഷ് സ്ഥാപനങ്ങൾ കാഷ് നിലവാരത്തിലേക്ക് ഉയർത്തെപ്പെടേണ്ടതുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ആയുർവേദത്തോടൊപ്പം, സിദ്ധ, യുനാനി ചികിത്സാ വിഭാഗങ്ങളുടെ സേവനം ലഭ്യമാക്കുന്ന 91 സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. ജീവിതശൈലീ രോഗങ്ങളെയും പകർച്ചവ്യാധികളെയും നേരിടുന്നതിൽ ഈ സ്ഥാപനങ്ങൾ കുറേയൊക്കെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. എല്ലാ പ്രായത്തിലുമുള്ള ജനവിഭാഗങ്ങൾ ഈ സ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട്. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആരോഗ്യ ജീവിത ബോധവത്കരണവും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നാൾക്ക്നാൾ വർദ്ധിച്ചു വരുന്ന രോഗനിർണ്ണയച്ചെലവുകൾ ഗ്രാമീണ ജനതയെ സംബന്ധിച്ചിടത്തോളം താങ്ങാനാവുന്നതല്ല. ഭാരതീയ ചികിത്സാ വകുപ്പിന്റെ ഭൂരിഭാഗം സ്ഥാപനങ്ങളും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. പരമ്പരാഗതമായ രോഗനിർണ്ണയോപാധികളിലൂടെ പ്രധാനമായും രോഗനിർണ്ണയം നടത്തി, ചികിത്സ നൽകുന്ന സ്ഥാപനങ്ങളാണിവ. പാർശ്വാഫലങ്ങളില്ലാത്തതും വാർദ്ധക്യസഹജമായ അസുഖങ്ങൾക്ക് ഏറ്റവും ഫലപ്രദവുമാണ് ആയുർവേദചികിത്സ. ആയതിനാൽ ആയുർവേദ സ്ഥാപനങ്ങൾ ഗ്രാമീണ ആരോഗ്യ മേഖലയുടെ നട്ടെല്ലാണ്. 2011 ലെ സെൻസസ് പ്രകാരം ആകെ ജനസംഖ്യ (30,86,293) യുടെ 12 ശതമാനത്തോളം 60 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. ഇവരുടെ ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിൽ ആയുർവേദത്തിന് ഗണ്യമായ പങ്ക് വഹിക്കാനാവും. ഇതിനായുള്ള സമഗ്രപരിപാടികൾ വിഭാവനം ചെയ്യേണ്ടതുണ്ട്. ആരോഗ്യ സ്ഥാപനങ്ങൾ വയോജന സൗഹൃദപരമാക്കേണ്ടതുമുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുമുള്ള പരിപൂർണ്ണമായ

സഹകരണവും പദ്ധതിവിഹിതവുമാണ് ഐ. എസ്. എം. ഡിപ്പാർട്ട്മെന്റ് സ്ഥാപനങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഇത് ആയുഷ് വകുപ്പിന്റെ വർദ്ധിച്ചുവരുന്ന സ്വീകാര്യതയെ സൂചിപ്പിക്കുന്നു. പുതിയ സാഹചര്യത്തിൽ ഡിസ്പെൻസറികളെ ആധുനികരീതിയിൽ രോഗീസൗഹൃദപരവും ഭിന്ന ശേഷീസൗഹൃദപരവുമായി ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കാഷ് നില വാരത്തിലുള്ള കുടുംബാരോഗ്യ ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്.

നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ പരിമിതികൾ നിരവധിയാണ്. അവ പരിഹരിച്ചു കൊണ്ടു മാത്രമേ വികസനപ്രവർത്തനങ്ങൾ സാധ്യമാവുകയുള്ളൂ. ഈ സാഹചര്യത്തിൽ ഭാരതീയ ചികിത്സാ വകുപ്പ് മറ്റ് വകുപ്പുകളേയും വൈദ്യശാസ്ത്ര സമ്പ്രദായങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ പൊതുജനാരോഗ്യ-വികസന രംഗങ്ങളിൽ ഗുണപരമായ മാറ്റം വരുത്താൻ കഴിയും. ഒരു വർഷം ശരാശരി 19.3 ലക്ഷം രോഗികൾ വ്യത്യസ്ത രോഗങ്ങൾക്ക് ആയുഷ് സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നു.

തത്സ്ഥിതി അവലോകനം (ആയുഷ് സ്ഥാപനങ്ങൾ)

9 ആയുർവ്വേദ ആശുപത്രികളും 53 ആയുർവേദ ഡിസ്പെൻസറികളും 24 എൻ. എച്ച്. എം. ആയുഷ് പി. എച്ച്. സി. (ആയുർവേദ) കളും 4 എൻ. എച്ച്. എം. ആയുഷ് പി. എച്ച്. സി. (യുനാനി) കളും 1 എൻ. എച്ച്. എം. ആയുഷ് പി. എച്ച്. സി. (സിദ്ധ) യും അടങ്ങുന്നതാണ് ജില്ലയിലെ ഐ. എസ്. എം. ഡിപ്പാർട്ട്മെന്റിന്റെ ശൃംഖല.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും സർക്കാർ ഡിസ്പെൻസറികൾ ഇല്ല. മിക്കവാറും എൻ. എച്ച്. എം. സ്ഥാപനങ്ങളും അടിസ്ഥാനസൗകര്യക്കുറവ് കൊണ്ടും അത്യാവശ്യത്തിനുള്ള ജീവനക്കാരില്ലാത്തതു കൊണ്ടും മോശം അവസ്ഥയിലാണ്. കിടത്തി ചികിത്സാ സൗകര്യങ്ങൾ ഉള്ള ആശുപത്രികൾ ജില്ലയുടെ പലഭാഗത്തും ഇല്ല എന്നത് ഒരു പോരായ്മയാണ്. ജില്ലയിലെ ജനസാന്ദ്രത കൂടിയ തീരദേശത്ത് ഇത്തരം സ്ഥാപനങ്ങൾ തീരെ കുറവാണ്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതുണ്ട്. (അനുബന്ധം 4.36 കാണുക).

ബ്ലോക്ക് പഞ്ചായത്തുകളിലെ ആയുഷ് സ്ഥാപനങ്ങൾ

പട്ടിക 4.2.14

ജില്ലയിലെ ആയുഷ് സ്ഥാപനങ്ങൾ – ബ്ലോക്ക് അടിസ്ഥാനത്തിൽ

ക്രമ നമ്പർ	ബ്ലോക്ക് പഞ്ചായത്ത്	ആശുപത്രികൾ	ഗവ. ഡിസ്പ-ന്സ്റി	എൻ. എച്ച്. എം. (ആയൂർവേദം)	എൻ. എച്ച്. എം. (സിദ്ധ)	എൻ. എച്ച്. എം. (യൂനാനി)	ആകെ സ്ഥാപനങ്ങളുടെ എണ്ണം
1	കൊടുവള്ളി		7	4	1	2	14
2	കോഴിക്കോട്	1	8	2			11
3	കുന്നമംഗലം		6	2		1	9
4	ചേളന്നൂർ	2	5	1			8
5	കുന്നുമ്മൽ		6	1			7
6	പേരാമ്പ്ര	2	3	2			7
7	തൂണേരി		2	5			7
8	ബാലുശ്ശേരി	2	3	1		1	7
9	മേലടി	1	3	2			6

10	പന്തലായനി		4	2			6
11	തോടന്നൂർ	1	3	1			5
12	വടകര		3	1			4
	ആകെ	**9**	**53**	**24**	**1**	**4**	**91**

സ്രോതസ്സ് : ആയുഷ് വകുപ്പ്

ജില്ലയിലെ 12 ബ്ലോക്ക് പഞ്ചായത്തുകളിൽ 6 എണ്ണത്തിൽ മാത്രമേ ആശുപത്രികൾ നിലവിലുള്ളൂ. ദീർഘകാലാനുബന്ധിയായ രോഗങ്ങൾക്ക് ആയുർവേദരീതിയിലുള്ള കിടത്തി ചികിത്സ വളരെ പ്രയോജനപ്രദമാണ്. ഇത്തരം സൗകര്യങ്ങൾ ഇപ്പോൾ സ്വകാര്യമേഖലയിലാണ് ഏറിയ പങ്കും ഉള്ളത്. ഇത് സാധാരണക്കാർക്ക് പല പ്പോഴും അപ്രാപ്യവുമാണ്. സാധാരണക്കാർക്ക് ശാസ്ത്രീയവും ചെലവു കുറഞ്ഞതുമായ ഇത്തരം ചികിത്സാ സൗകര്യങ്ങൾ സർക്കാർ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ടതുണ്ട്.

അസംബ്ലിമണ്ഡലങ്ങളും ആശുപത്രികളും

ജില്ലയിൽ ആകെയുള്ള 13 അസംബ്ലി മണ്ഡലങ്ങളിൽ 7 മണ്ഡലങ്ങളിൽ മാത്രമേ ആശു പത്രികൾ നിലവിലുള്ളൂ. നാദാപുരം, തിരുവമ്പാടി, കുന്നമംഗലം, കുറ്റ്യാടി, കോഴിക്കോട് സൗത്ത്, ബേപ്പൂർ മണ്ഡലങ്ങളിൽ ആശുപത്രികൾ നിലവിലില്ല. (അനുബന്ധം 4.36 കാണുക) ആറോ ഏഴോ ഗ്രാമപഞ്ചായത്തുകൾ ചേർന്നുള്ള ഒരു നിയമസഭാ മണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു ആശുപത്രിയെങ്കിലും ഉണ്ടാ ക്കേണ്ടതുണ്ട്.

കെട്ടിടത്തിന്റെ ഉടമസ്ഥത

73 സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടമു ണ്ടെങ്കിലും 18 സ്ഥാപനങ്ങൾ ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കട്ടിപ്പാറ, കുരുവട്ടൂർ, നരിപ്പറ്റ എന്നീ സർക്കാർ ഡിസ്പൻസ റികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. ബേപ്പൂർ, പന്തീരാങ്കാവ് എന്നീ സ്ഥാപനങ്ങൾ പഞ്ചായ ത്തിന്റെ / കോർപ്പറേഷന്റെ ഷോപ്പിങ് കോംപ്ലക്സി ലാണ് പ്രവർത്തിച്ചു വരുന്നത്.(അനുബന്ധം 4.37 കാണുക)

വാടകക്കെട്ടിടങ്ങളിലെയും ഷോപ്പിങ് കോംപ്ലക്സുകളിലെയും സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ അടിസ്ഥാനസൗകര്യങ്ങൾ പോലും ഏർപ്പെടുത്തുന്നതിന് പ്രായോഗികബുദ്ധിമുട്ടുകൾ ഉണ്ട് എന്നതിനാൽ ഇവയ്ക്ക് നിശ്ചിതമാതൃക യിലുള്ള കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നില

ഭൂരിഭാഗം സ്ഥാപനങ്ങളും താഴത്തെ നിലയിലാണ് പ്രവർത്തിക്കുന്നതെങ്കിലും 14 % സ്ഥാപനങ്ങൾ ലിഫ്റ്റ് സൗകര്യമില്ലാത്ത കെട്ടിട ങ്ങളുടെ ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. മുകളിലത്തെ നിലയിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ സ്ഥാപനങ്ങൾ, സ്ഥാപനത്തെ ഏറെയും ആശ്രയിക്കുന്ന വയോജനങ്ങൾക്ക് ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടി ക്കുന്നു. ഇത് പരിഹാരം കാണേണ്ട ഒരു വിഷയ മാണ്.

തസ്തികകളും സ്ഥാപനങ്ങളും

220 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമാണ് വകുപ്പിന് കീഴിൽ ജില്ലയിലുള്ളത്.10 ബെഡ്ഡിന് 6 തെറാപ്പിസ്റ്റുകൾ (3 പുരുഷന്മാർ + 3 സ്ത്രീകൾ) എന്ന കണക്കിൽ 132 തെറാപ്പിസ്റ്റുകൾ ചികിത്സയ്ക്കായി വേണമെന്നിരിക്കെ 220 രോഗി കൾക്കും കൂടി ആകെ 3 തെറാപ്പിസ്റ്റ് തസ്തിക കളാണ് (3 പുരുഷന്മാർ, സ്ത്രീകൾ ഇല്ല) നിലവിലു ള്ളത്.

മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റന്റർ, സ്വീപ്പർ എന്നിങ്ങനെ മിനിമം 4 തസ്തികകളാണ് ഡിസ്പെൻസറികളിൽ അനുവ ദിച്ചിരിക്കുന്നത്. ഇതിൽ 4 ഡിസ്പെൻസറികൾ ഇനിയും ആവശ്യമായ തസ്തികകൾ അനുവദി ച്ചിട്ടില്ല. (ബേപ്പൂർ, പാക്കനാർപുരം, പെരുവയൽ, കട്ടിപ്പാറ) (അനുബന്ധം 4.38 കാണുക)

ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിലുള്ള 29 ആയുഷ് പി. എച്ച്. സി. കളിൽ ഒരു മെഡിക്കൽ

ഓഫീസറും ഒരു അറ്റന്ററും മാത്രമാണുള്ളത്. ജില്ലയിലെ ആയുഷ് സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ഭൌതിക സാഹചര്യങ്ങളുടെ അഭാവം നിലവിലുണ്ട്. ഗ്യാസ് കണക്ഷൻ, യോഗ ഹാൾ, കമ്പ്യൂട്ടർ, സ്കാനർ, വ്യത്യസ്ഥ സ്പെഷ്യാലിറ്റി യൂണിറ്റുകൾ, പരിശോധനാ സംവിധാനങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ ഇതിൽപ്പെടുന്നു.

പുറക്കാട്ടിരിയിലെ എ.സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ

കുട്ടികൾക്കും കൗമാരക്കാർക്കും വേണ്ടി ആയുർവേദ മേഖലയിൽ ജില്ലയിൽ ഉള്ള ഏക സർക്കാർ സ്ഥാപനമാണ് പുറക്കാട്ടിരിയിലെ എ.സി. ഷണ്മുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്റർ. ഇത് കുട്ടികളുടെയും കൌമാര പ്രായക്കാരുടെയും മേഖലയിൽ ഇന്ത്യയിലെ ആദ്യത്തെ ആശുപത്രിയാണ്. പുറക്കാട്ടിരി പാലോറമലയിൽ ആയുഷ്കാമീയം ആയൂർവേദ ഗ്രാമം എന്ന 4 ഏക്കർ കാമ്പസ്സിൽ സ്ഥിതി ചെയ്യുന്നു.

സ്പീച്ച് തെറാപ്പി, സൈക്കോളജി, ക്ലിനിക്കൽ യോഗ തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി, സ്പെഷ്യൽ എജുക്കേഷൻ തുടങ്ങിയവ ഉചിതമായ രീതിയിൽ ആയുർവേദ ചികിത്സയോടൊപ്പം സംയോജിപ്പിക്കുന്ന നൂതന പദ്ധതിയാണ് ഇവിടെ നടപ്പിലാക്കി വരുന്നത്. ഇത് കുട്ടികളിലെ ശാരീരികവും മാനസികവും സാമൂഹികവുമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് ഏറെ ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് ഭിന്നശേഷിക്കാരായ കുട്ടികളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്നതിനും ഏറെ സഹായകമാണ്.

ഭിന്നശേഷിക്കാരായ കുട്ടികളോട് സഹതാപമല്ലാതെ അവരെ മനസ്സിലാക്കിയുള്ള അനുഭാവപൂർണ്ണമായ നിലപാടുകൾ എടുക്കുന്നതിന് രക്ഷിതാക്കളെ സജ്ജരാക്കുന്ന പരിശീലനപരിപാടികളും ഇവിടെ നടന്നു വരുന്നു. സമീപഭാവിയിൽ രണ്ടിൽ ഒരു കുട്ടിക്ക് ജനിതകവൈകല്യങ്ങൾ ഉണ്ടാവാമെന്ന് ആധുനിക ഗവേഷണങ്ങൾ പ്രവചിക്കുന്ന ഈ കാലഘട്ടത്തിൽ ആയുർവേദത്തിന്റെ പാരമ്പര്യത്തിലൂന്നി ആധുനിക ഗവേഷണ സൗകര്യങ്ങളുടെ സഹായത്തോടെ ഈ വിഷയത്തിൽ ഗവേഷണം നടത്തുകയും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പരമമായ ലക്ഷ്യം.

വർക്ക് അറേഞ്ച്മെന്റിൽ 4 സ്ഥിരം ജീവനക്കാരെയും 56 താല്കാലിക ജീവനക്കാരെയും വെച്ചാണ് സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇതിനെ ഒരു സ്വതന്ത്ര പദവിയുള്ള ഗവേഷണ സ്ഥാപനമായി പ്രഖ്യാപിക്കുകയും ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ചെയ്യേണ്ടതായുണ്ട്. ഇത്തരത്തിൽ ഈ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമെന്ന നിലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താവുന്നതാണ്.

വിവിധ പദ്ധതികളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ജനകീയ സ്വഭാവത്തെ കാണിക്കുന്നു. ഇവയെല്ലാം ഏകവർഷ പദ്ധതികൾ ആയതു കൊണ്ട് ഓരോ സാമ്പത്തിക വർഷവും കഴിയുന്ന മുറയ്ക്ക് വീണ്ടും പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിവരുന്ന കാലതാമസം പ്രതികൂലമായ ഘടകമാണ്. ഇത്തരം പദ്ധതികൾ തുടർ പദ്ധതികളായി നടപ്പിലാക്കാവുന്നതാണ്.

സർക്കാറിന്റെ ഏറ്റവും പ്രമുഖപദ്ധതികളിൽ ഒന്നായ ആർദ്രം മിഷന്റെ സാദ്ധ്യതകൾ ആയുർവേദവിഭാഗം വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല. എല്ലാ സ്ഥാപനങ്ങളെയും ആർദ്രം പദ്ധതിയുടെ ഭാഗമാക്കി എൻ. എ. ബി. എച്ച്. മുതലായ അക്രെഡിറ്റേഷനുകളുള്ള രോഗീസൗഹൃദ-കുടുംബാരോഗ്യ കേന്ദ്രങ്ങളായി നവീകരിക്കാവുന്നതാണ്.

ആരോഗ്യരംഗത്ത് വിവിധ ജില്ലാ പദ്ധതികളും സംസ്ഥാന പദ്ധതികളും കേന്ദ്രാവിഷ്കൃതമായ പദ്ധതികളും ജില്ലയിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും എത്തിക്കുന്നതിനും ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസിന് കഴിയും. കൂടാതെ സംയോജന സാധ്യതയുള്ള നിരവധി പദ്ധതികൾ മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് ഏകോപിപ്പിക്കുന്നതിനും സാധിക്കും. ആയുർവേദ മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി ദേശീയരും വിദേശീയരുമായ നിരവധി രോഗികൾ ചികിത്സക്കായി കേരളത്തിൽ എത്തുന്നുണ്ട്. സ്വകാര്യ മേഖലയിൽ എത്തിച്ചേരുന്ന ഈ രോഗികൾക്ക് സർക്കാർ മേഖലയിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനും ഒപ്പം സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും ഈ ഓഫീസിന് സാധിക്കും. ഈ

ആശുപത്രിയിൽ 2016-17 ൽ പഠനവൈകല്യം, സ്വഭാവ വൈകല്യം, സെറിബ്രൽ പാഴ്സി മുതലായ വ്യത്യസ്ഥ രോഗങ്ങൾക്ക് 9949 കുട്ടികൾ ചികിത്സ തേടുകയുണ്ടായി.

അപ്ഗ്രഡേഷന് നിർദ്ദേശിക്കപ്പെട്ട സ്ഥാപനങ്ങൾ

പ്രാഥമിക ചികിത്സയും ജീവിതശൈലീവൽക്കരണത്തിന് മുൻതൂക്കവും നൽകുന്ന സ്ഥാപനങ്ങളാണ് ആയൂർവേദ ഡിസ്പെൻസറികൾ. വിദഗ്ദ്ധ ചികിത്സ നൽകുന്നതിന് കിടത്തി ചികിത്സാ സൗകര്യമുള്ള ആയൂർവേദ ആശുപത്രികളാണ് അനിവാര്യമായിട്ടുള്ളത്. വിവിധ സ്പെഷ്യാലിറ്റിയൂണിറ്റുകൾ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾ ഏറ്റവും മെച്ചപ്പെട്ട ആയുർവേദ ചികിത്സ സാധാരണ ജനത്തിന് ലഭ്യമാക്കും. 36 % ഡിസ്പെൻസറികൾ ആശുപത്രികളായി ഉയർത്തുന്നതിന് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തീരുമാനം എടുക്കുകയും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുന്നുണ്ട്. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വരുന്ന ബേപ്പൂർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി വികസിപ്പിക്കുന്നതിന് 71 സെന്റ് സ്ഥലമാണ് കോർപ്പറേഷൻ അനുവദിച്ചിട്ടുള്ളത്. (അനുബന്ധം 4.40 കാണുക)

സ്ഥാപനങ്ങളിൽ ചികിത്സ നേടിയവർ

കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷകവും ശരാശരി 19,30,460 പേർ വ്യത്യസ്ത രോഗങ്ങൾക്ക് സ്ഥാപനങ്ങളിൽ ചികിത്സ തേടുകയുണ്ടായി.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

പൊതുജനാരോഗ്യത്തിന് വലിയ ഭീഷണിയാണ് വിവിധ പകർച്ചവ്യാധികളുടെ വർദ്ധനവ്. ആയുർവേദ വകുപ്പിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദ്രുതകർമസേന രൂപീകരിച്ച് 8 സോണുകളായി തിരിച്ച് മെഡിക്കൽ ഓഫീസർ, നഴ്സ്, ഫാർമസിസ്റ്റ്, അറ്റന്റർ എന്നിവരടങ്ങുന്ന ടീം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഓരോ സോണിലും മെഡിക്കൽ ഓഫീസർ കൺവീനറാണ്.

പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്നത് പ്രകാരം കൺവീനറുടെ നേതൃത്വത്തിൽ അതാത് പ്രദേശങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കി ക്യാമ്പുകളും, ബോധവത്കരണപരിപാടികളും നടത്തി വരുന്നു. ഡങ്കിപ്പനി പൊട്ടിപ്പുറപ്പെട്ടപ്പോൾ കൂരാച്ചുണ്ട് മേഖലയിൽ 10 ദിവസത്തോളം വിവിധ വാർഡുകളിൽ ക്യാമ്പുകളും, ശുചീകരണ പ്രവർത്തനങ്ങളും ധൂപന ചൂർണ്ണം, ജൈവ ലോഷൻ വിതരണം എന്നിവയും നടത്തിയത് വളരെ ഗുണകരമായിരുന്നു.

പകർച്ചപ്പനി ബാധിത പ്രദേശങ്ങളിൽ 2017-ൽ വർഷം 180 ക്യാമ്പുകൾ നടത്തുകയും എല്ലായിടങ്ങളിലും ബോധവത്കരണ ക്ലാസുകൾ ഡിസ്പെൻസറികൾ വഴി നടത്തുകയും ചെയ്തു.

ഇതര വൈദ്യസമ്പ്രദായങ്ങൾ

യൂനാനി - സിദ്ധ ചികിത്സാ സമ്പ്രദായങ്ങളും ആയുർവേദ വകുപ്പിനു കീഴിലാണ് വിന്യസിക്കപ്പെട്ടിട്ടുള്ളത്.

സിദ്ധ: ജില്ലയിൽ കിഴക്കോത്ത് പഞ്ചായത്തിൽ മാത്രമാണ് എൻ. എച്ച്. എം. യൂനാനി ഡിസ്പെൻസറി നിലവിലുള്ളത്. കൂടാതെ ഭാരതീയചികിത്സാ വകുപ്പ് നേരിട്ട് നടത്തുന്ന പ്രൊജക്ടിൽ ഒരു മെഡിക്കൽ ഓഫീസറുടെ സേവനവും ലഭ്യമാണ്. ഈ സ്ഥാപനങ്ങളിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ആളുകൾ വിവിധ അസുഖങ്ങൾക്ക് സിദ്ധചികിത്സ തേടി എത്തുന്നുണ്ട്. തമിഴ് നാട്ടിൽ പകർച്ച വ്യാധി പ്രതിരോധ - നിയന്ത്രണ പ്രവർത്തനങ്ങളിൽ വളരെ ഫലപ്രദമായി ഇടപെടാൻ ഈ സമ്പ്രദായത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തൊക്കണം, വർമം തുടങ്ങിയ വളരെ ഫലപ്രദമായ ചികിത്സകൾ നിലവിലുള്ള ഈ സമ്പ്രദായത്തെ കൂടുതൽ പേരിലേക്കെത്തിക്കുന്ന തരത്തിൽ സ്ഥാപനങ്ങൾ അനുവദിക്കുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്.

യൂനാനി: നിലവിൽ ജില്ലയിൽ 4 ആയുഷ് യൂനാനി ഡിസ്പെൻസറികൾ ആണ് പ്രവർത്തിക്കുന്നത്. കാരശ്ശേരി, ഉണ്ണികുളം, മടവൂർ എന്നീ പഞ്ചായത്തുകളിലും കൊടുവള്ളി മുനിസിപ്പാലിറ്റിയിലും ആണ് സ്ഥാപനങ്ങൾ ഉള്ളത്. ഭൗമ ശാസ്ത്രപരമായി ഇവ ഏകദേശം ജില്ലയുടെ ഒരു ഭാഗത്ത് മാത്രമായിട്ടാണ് കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ളത്. യൂനാനി ചികിത്സ കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന് ജില്ലയിൽ എല്ലാ ബ്ലോക്കുകളിലും ഒരോ സ്ഥാപനമെങ്കിലും ഉണ്ടാവേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും

ഭാരതീയ ചികിത്സാ വകുപ്പ് വഴിയും കുറെക്കൂടി ഫണ്ടുകളും പദ്ധതികളും വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

വികസന സാധ്യതകൾ

കോഴിക്കോട് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലും സർക്കാർ ആയുർവേദ സ്ഥാപനങ്ങളുണ്ട്. ആരോഗ്യ ജീവിതശൈലീ വൽക്കരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതാണ് ഏറ്റവും ഉത്തമം. വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെയും അതുവഴി ഉണ്ടാകുന്ന ഭാരിച്ച ചെലവുകളെയും പ്രതിരോധിക്കാൻ സർക്കാർ ആയുർവേദ സ്ഥാപനങ്ങളിലൂടെ ആരോഗ്യശൈലീവൽക്കരണം നടപ്പാക്കാം.

കോഴിക്കോട് 362.85 ച. കി. മീ. തീരദേശഭൂമിയാണ്. തീരദേശത്തോ സമീപത്തോ താമസിക്കുന്നവർക്ക് വാത സംബന്ധമായ അസുഖങ്ങൾ വരുന്നതിന് സാധ്യത കൂടുതലാണ്. ഈ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് വിദഗ്ദ്ധ ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ ഉണ്ടാകുന്നത് ഈ പ്രദേശത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്കും ഏറെ പ്രയോജനപ്പെടും.

ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളിലും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് പുതിയ സ്ഥലം കണ്ടെത്തി വികസിപ്പിക്കുവാൻ സാധിച്ചാൽ മുഴുവൻ സ്പെഷ്യാലിറ്റി യൂണിറ്റുകളും അവിടെ ആരംഭിക്കുവാൻ സാധിക്കും.

ഡിസ്പെൻസറി, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിങ്ങനെയാണ് വകുപ്പിലെ സ്ഥാപനങ്ങളുടെ ഘടന. കൂടാതെ കിടത്തി ചികിത്സ സൗകര്യമുള്ള ആശുപത്രികൾ പലയിടങ്ങളിലായി പ്രവർത്തിക്കുന്നു. തെറാപ്പിസ്റ്റുകളും, പഞ്ചകർമ്മ ചികിത്സകളും ആവശ്യമായി വരുന്ന ഭൂരിഭാഗം രോഗികളാണ് ജില്ലയിലെ വിവിധ ഡിസ്പെൻസറികളിൽ ചികിത്സ തേടുന്നത്. ഇവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കണമെങ്കിൽ നിലവിലെ പരിമിതമായ ആശുപത്രി സൗകര്യങ്ങളിൽ വർദ്ധന് അനിവാര്യമാണ്. ഇതിന് പരിഹാരം ഓരോ അസംബ്ലി നിയോജക മണ്ഡലത്തിലും ഓരോ ആയുർവേദ ആശുപത്രിയെങ്കിലും ഉണ്ടാവുകയും, അവിടെ അത്യാവശ്യം വേണ്ടുന്ന സ്പെഷ്യാലിറ്റി യൂണിറ്റുകൾ പ്രവർത്തിക്കുകയും വേണം. ബ്ലോക്ക് പഞ്ചായത്തുകളിൽ, കിടത്തി ചികിത്സാസൗകര്യമുള്ള ഒരു ആശുപത്രിയെങ്കിലും ഉണ്ടായാൽ, ഡിസ്പെൻസറികളിൽ എത്തുന്ന രോഗികൾക്ക് ഓ. പി. യായോ ഐ. പി. യായോ തെറാപ്പികളും മറ്റ് പഞ്ചകർമ്മ ചികിത്സകളും ലഭിക്കുവാനുള്ള അവസരമുണ്ടാകും.

സ്ഥലപരിമിതിമൂലം വികസന സാധ്യതകൾ കണ്ടെത്താനാവാതെ വീർപ്പു മുട്ടുന്ന ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് പുതിയ സ്ഥലം (ഏകദേശം 10 ഏക്കർ) കണ്ടെത്തേണ്ടതുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന സ്ഥലത്ത് ജനറൽ വാർഡുകളും, പേ വാർഡുകളും വിവിധ സ്പെഷ്യാലിറ്റികളും ആരംഭിക്കാം. നിലവിലെ കെട്ടിടം ഓ. പി. ബ്ലോക്കുകളും, വി. ഐ. പി. ബ്ലോക്കുകളും, ഓ. പി. പഞ്ചകർമ്മ ചികിത്സക്കുമായി വിനിയോഗിക്കാം. ജില്ലാ ആയുർവേദ ആശുപത്രിയ്ക്കായി കണ്ടെത്തുന്ന സ്ഥലത്ത് ഒരു മാതൃകാ ഔഷധ തോട്ടം നിർമ്മിക്കാം.

ഹോമിയോപ്പതി

ഹോമിയോപ്പതി ചികിത്സ പ്രചാരത്തിൽ ലോകത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. താരതമ്യേന ചെലവു കുറഞ്ഞതും ഫലപ്രദവും പാർശ്വഫലങ്ങളില്ലാത്തതുമായ ഒരു ചികിത്സാ രീതിയാണ്. 1973ൽ രൂപീകൃതമായ ഹോമിയോപ്പതി വകുപ്പ് 2015 മുതൽ ആയുഷ് വകുപ്പായി പ്രവർത്തിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിൽ ഹോമിയോപ്പതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്ന ആശുപത്രികളിലും ഡിസ്പൻസറികളിലും സർക്കാറിന്റെ വിവിധ തലത്തിലുള്ള ചികിത്സാ പദ്ധതികൾ നിലവിലുണ്ട്. ജനങ്ങളിൽ നിന്നും വളരെ നല്ല രീതിയിലുള്ള അംഗീകാരമാണ് ഈ ചികിത്സാ സംമ്പ്രദായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. താരതമ്യേന ചെലവു കുറഞ്ഞ ഈ ചികിത്സാ രീതി രോഗ ചികിത്സയിലും രോഗ പ്രതിരോധത്തിലും വളരെ നല്ല നിലവാരവും പുലർത്തുന്നു. ജില്ലയിൽ നിലവിലുള്ള ആശുപത്രികളുടേയും ഡിസ്പൻസറികളുടേയും വിശദമായ വിവരങ്ങൾ അനുബന്ധം 4.40 ൽ കൊടുത്തിരിക്കുന്നു.

ജില്ലയിലെ ഹോമിയോ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ

ഹോമിയോ മെഡിക്കൽ കോളേജ് - 1

ജില്ലാ ഹോമിയോ ആശുപത്രി - 1

താലൂക്ക് ഹോമിയോ ആശുപത്രി - 2

സർക്കാർ ഹോമിയോ ഡിസ്പൻസറി - 55

എൻ.എച്ച്.എം ഡിസ്പൻസറി - 24

എസ് സി.എസ്.പി ഹോമിയോ ഹെൽത്ത് സെന്റർ - 3

എൻ. എച്ച്.എം ഡിസ്പൻസറികളുടെ വിശദമായ വിവരം അനുബന്ധം 4.41 ൽ ഉൾപ്പെടുത്തിയിരിക്കുന്നു

നിലവിൽ ജില്ലയിലെ 3 ആശുപത്രികളിലും ലാബ് സൗകര്യവും, ജില്ലാ ആശുപത്രി - കോഴിക്കോട്, താലൂക്ക് ഹോമിയോ ആശുപത്രി കൊയിലാണ്ടി എന്നിവിടങ്ങളിൽ അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യം ലഭ്യമാണ്. കോഴിക്കോട് ജില്ലയിൽ ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സീതാലയം, ആയുഷ്മാൻഭവ, സദ്ഗമയ, സ്ക്കൂൾ ആരോഗ്യ പരിപാടി, വയോജന പരിപാലന ക്ലിനിക്, പെയിൻ &പാലിയേറ്റീവ് കെയർ ക്ലിനിക്.

സീതാലയം

സ്ത്രീകളുടെ ശാരീരീക മാനസികാരോഗ്യ പ്രശ്നങ്ങൾ, ഗാർഹിക പീഡനവുമായി ബന്ധപ്പെട്ടും ലിംഗവിവേചനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്കുള്ള ചികിത്സയും കൗൺസിലിംഗ് ഉൾപ്പടെയുള്ള സേവനങ്ങളും പുനരധിവാസത്തിനാവശ്യമായ നടപടികളും ഈ പദ്ധതിയിൽപ്പെടുന്നു. സീതാലയം പദ്ധതിയുടെ ഉപക്ലിനിക്കായി പ്രവർത്തിക്കുന്ന ഫെർട്ടിലിറ്റി സെന്റർ കുട്ടികളില്ലാത്ത ദമ്പതിമാരുടെ ചികിത്സയിൽ വളരെ നല്ല സേവനം നൽകി വരുന്നു. കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിലാണ് ഈ ക്ലിനിക് പ്രവർത്തിച്ചു വരുന്നത്.

പട്ടിക 4.2.15

സീതാലയത്തിൽ ചികിൽസിച്ച രോഗികളുടെ എണ്ണം

വർഷം	രോഗികൾ (പുതിയത്)	രോഗികൾ (പഴയത്)	ആകെ
2011–2012	320	2018	2338
2012–2013	299	1422	1721
2013–2014	628	2518	3146
2014–2015	494	1778	2272
2015–2016	379	1392	1771
2016–2017	327	1256	1583
2017–2018	256	1026	1282
ആകെ	**2703**	**11410**	**14113**

സ്രോതസ്സ്: ജില്ലാ ഹോമിയോ ആശുപത്രി കോഴിക്കോട്

വന്ധ്യതാനിവാരണം

ഒന്നോ അതിലധികമോ വർഷം ഗർഭനിരോധന മാർഗ്ഗങ്ങളൊന്നും അവലംബിക്കാതെ ഒന്നിച്ച് ലൈംഗിക ജീവിതം നയിച്ച ദമ്പതിമാരുടെ സന്താനലബ്ധിയില്ലായ്മയെ വന്ധ്യത എന്ന് വിളിക്കാം. സന്താനോൽപാദന പ്രായത്തിലുള്ള 10 - 15 ശതമാനം ദമ്പതിമാർ കുട്ടികളില്ലാത്ത ദുഃഖം അനുഭവിക്കുന്നുണ്ട്. വിവാഹം കഴിഞ്ഞ് യഥാസമയം കഴിഞ്ഞിട്ടും കുഞ്ഞുങ്ങൾ പിറക്കാതെ വരുമ്പോൾ ദമ്പതിമാർ കടുത്ത മാനസിക വ്യഥ അനുഭവിക്കുകയും അതുമായി ബന്ധപ്പെട്ട് വ്യക്തിപരവും കുടുംബപരവും സാമൂഹ്യ പരവുമായ ഒട്ടനവധി ജീവിത പ്രശ്നങ്ങൾ നേരിടുകയും ചെയ്യുന്നു. വന്ധ്യത പരിഹാര ചികിത്സ കുട്ടികളില്ലാതെ വിഷമിക്കുന്ന എല്ലാ ദമ്പതിമാർക്കും ലഭ്യമാക്കേണ്ടത് സർക്കാറുകളുടെ ഉത്തരവാദിത്തമാണെന്ന് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നു. കഴിഞ്ഞ 10 - 15 വർഷ കാലയളവിൽ പ്രത്യുൽപാദന ചികിത്സാ രംഗത്ത് അതിവിപ്ലവകരമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഐ വി എഫ് (ടെസ്റ്റ് ട്യൂബ് ശിശു), തുടങ്ങി അതിനൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന വന്ധ്യതാ ചികിത്സാകേന്ദ്രങ്ങളുടെ എണ്ണത്തിലും പ്രസ്തുത കാലയളവിൽ പതിൻമടങ്ങ് വർദ്ധന ഉണ്ടായിട്ടുണ്ട്.

എന്നാൽ വലിയ സാമ്പത്തിക ചിലവും ചികിത്സയുടെ സങ്കീർണ്ണതകളും അത്ര വലിയതല്ലാത്ത വിജയസാധ്യതയും കാരണം ചെറിയൊരു ശതമാനം ദമ്പതിമാർക്ക് മാത്രമേ ഇത്തരം ചികിത്സ സ്വീകരിക്കുവാൻ കഴിയുന്നുള്ളൂ എന്നത് ഒരു യാഥാർത്ഥ്യമാണ്. സമൂഹത്തിലെ സാധാരണക്കാരായ വലിയൊരുവിഭാഗത്തിനും ഇത്തരം ചികിത്സകൾ അപ്രാപ്യവും, അചിന്തനീയവുമാണ്.

സർക്കാർ ഹോമിയോപ്പതിവകുപ്പ്, കുട്ടികളില്ലാതെ വിഷമിക്കുന്ന ദമ്പതിമാർക്ക് വേണ്ടി ആരംഭിച്ച പദ്ധതിയാണ് വന്ധ്യതാനിവാരണ ക്ലിനിക്. 2012-13 വർഷത്തിലെ ഫണ്ട് ഉപയോഗപ്പടുത്തി ആശുപത്രിയിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സീതാലയം പദ്ധതിയുടെ അനുബന്ധ ക്ലിനിക് എന്ന നിലയിലാണ് ഇത് ആരംഭിച്ചത്.

വന്ധ്യതയിലേയ്ക്ക് നയിക്കുന്ന നിരവധി രോഗങ്ങൾക്കും ശാരീരികാവസ്ഥകൾക്കും ഹോമിയോപ്പതി ചികിത്സ വളരെയേറെ ഫലപ്രദമാണ്. കോഴിക്കോട് ജില്ലയിൽ നിന്നുള്ളവർ മാത്രമല്ല മറ്റ് ജില്ലകളിൽ നിന്നുള്ളവരും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും പ്രവാസി മലയാളികളും ചികിത്സക്കെത്തുന്ന ഹോമിയോപ്പതി ഫെർട്ടിലിറ്റി സെന്ററുകൾ കുട്ടികളില്ലാതെ

വിഷമിക്കുന്ന അനേകം ദമ്പതിമാർക്ക് ആശ്വാസവും പ്രതീക്ഷയും പ്രധാനം ചെയ്യുന്നുണ്ട്. 2010 മുതൽ പ്രവർത്തിച്ചുവരുന്ന ഈ ക്ലിനിക്കിന് സംസ്ഥാനഫണ്ടും കേന്ദ്രഫണ്ടും ലഭിച്ചുവരുന്നു. ഇതുവരെ ഏകദേശം 2060 ഓളം പേർ ചികിൽസ തേടിയെത്തിയിട്ടുണ്ട്. ഇതിൽ ഗർഭധാരണം നടന്നവർ 175 പേരാണ്. ആഴ്ചയിൽ 6 ദിവസവും ഇവിടെ സേവനം ലഭ്യമാണ്.

ഡോക്ടർമാരെ കൂടാതെ സീതാലയത്തിലെ ലേഡി സൈക്കോളജിസ്റ്റിന്റെ കൗൺസിലിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

പട്ടിക 4.2.16

വന്ധ്യത നിവാരണ ക്ലിനിക്കിൽ ചികിത്സ നേടിയവരുടെ വിവരങ്ങൾ (2017 വരെ)

ഇനം	എണ്ണം
ഇതുവരെ ചികിത്സ തേടിയെത്തിയവർ	2060
ഗർഭധാരണം നടന്നവർ	175
ആകെ കുഞ്ഞുങ്ങൾ	92

സ്രോതസ്സ്: ജില്ലാ ഹോമിയോ ആശുപത്രി കോഴിക്കോട്

പട്ടിക 4.2. 17

വന്ധ്യതാ നിവാരണം - ചികിത്സിച്ചവരുടെ എണ്ണം

വർഷം	ചികിത്സിച്ച കേസുകളുടെ എണ്ണം (ദമ്പതിമാർ)	ഗർഭധാരണം നടന്ന കേസുകളുടെ എണ്ണം
2012-2013	70	7
2013-2014	212	10
2014-2015	169	16
2015-2016	277	24
2016-2017	607	48
2017-2018	725	70
ആകെ	2060	175

സ്രോതസ്സ്: ജില്ലാ ഹോമിയോ ആശുപത്രി കോഴിക്കോട്

ലഹരി വിമുക്തി ക്ലിനിക്

സീതാലയത്തിന് ഉപക്ലിനിക്കായി ജില്ലാ ഹോമിയോ ആശുപത്രിയിൽ 6 വർഷമായി ലഹരി മുക്തി ക്ലിനിക്ക് പ്രവർത്തിച്ചു വരുന്നു. മദ്യപാനം, മയക്കുമരുന്ന്, എന്നിവയുടെ ഉപയോഗത്തിൽ നിന്നും രോഗികളെ മോചിപ്പിച്ച് നല്ല

കുടുംബജീവിതത്തിന് തയ്യാറാക്കുന്നതിന് സ്തുത്യർഹമായ സേവനം നൽകി വരുന്നു. രോഗികളെ സ്ക്രീനിംഗിലൂടെ പ്രാഥമിക ചികിത്സക്ക് തെരഞ്ഞെടുത്ത് ആവശ്യമെങ്കിൽ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് കൗൺസലിംഗ് ഉൾപ്പടെയുള്ള ചികിത്സാ സമ്പ്രദായമാണ് സ്വീകരിച്ചു വരുന്നത്. കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ സീതാലയത്തിന്റെ അനുബന്ധ ക്ലിനിക്കായി 2012 ആഗസ്റ്റ് 22 മുതൽ പ്രവർത്തിച്ചുവരുന്ന ലഹരിവിമുക്തി ചികിത്സാ ക്ലിനിക്കിൽ മദ്യപാനരോഗം, പുകവലി, മറ്റ് ലഹരിവസ്തുക്കളുടെ ദുരുപയോഗം എന്നിവയ്ക്ക് അടിമകളായ രോഗികളെ ഹോമിയോപ്പതി മരുന്ന് ചികിത്സ, വ്യക്തിഗതകുടുംബ കൗൺസലിംഗ്, റിലാക്സേഷൻ, യോഗ തെറാപ്പി എന്നിവയുടെ സഹായ ത്തോടെ ചികിത്സിച്ച് മദ്യത്തിൽ നിന്നും, പുകവലി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിൽ നിന്നും മോചിതരാക്കി ക്രിയാത്മകമായ ജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കുന്നു.

കോഴിക്കോട് ജില്ലയിലെ വിവിധ ഡിസ്പൻസറികൾ സന്നദ്ധ സംഘടനകൾ, പോലീസിന്റെ വനിതാസെൽ എന്നിവിടങ്ങളിൽ നിന്നും റഫർ ചെയ്തും, നേരിട്ടും ഈ ക്ലിനിക്കിൽ എത്തുന്ന രോഗികളുടെ എണ്ണം കൂടിവരുന്നുണ്ട്. കൂടുതൽ രോഗികൾ ലഹരിവിമുക്ത ചികിത്സയ്ക്കായി ഹോമിയോ ചികിത്സ തെരഞ്ഞെടുക്കുന്നതായി ഇതിനെ കാണാവുന്നതാണ്.

ആഴ്ചയിൽ വ്യാഴാഴ്ച മാത്രം പ്രവർത്തിച്ചിരുന്ന ഈ ക്ലിനിക്കിന്റെ പ്രവർത്തനം രോഗികളുടെ എണ്ണം കൂടിയതിനാൽ 2016 മെയ് മാസം മുതൽ ആഴ്ചയിൽ രണ്ട് ദിവസമാക്കി വർദ്ധിപ്പിക്കുകയുണ്ടായി. വ്യാഴം, വെള്ളി ദിവസങ്ങളിൽ ഈ ക്ലിനിക്കിൽ രണ്ട് മെഡിക്കൽ ഓഫീസർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. ഒരു ദിവസം 20ഓളം രോഗികൾ ഒ.പി.യിൽ എത്തുന്നുണ്ട്. ഇവരിൽ 6-8 ഓളം പുതിയ കേസുകളും ബാക്കിയുള്ളവർ തുടർ ചികിത്സയ്ക്കെത്തുന്നവരുമാണ്. രോഗികൾക്ക് ഹോമിയോ മരുന്ന് ചികിത്സയും, വ്യക്തിഗത-കുടുംബ കൗൺസിലിംഗ്, റിലാക്സേഷൻ, യോഗ ഐ.പി.കൾ എന്നിവയുടെ സംയോജിപ്പിച്ചു കൊണ്ടുള്ള ചികിത്സയുമാണ് ഇവിടെ നൽകിവരുന്നത്. കൗൺസിലിങ്ങിലൂടെ രോഗിയുടെ മാനസിക പ്രശ്നങ്ങളും, കുടുംബ, സാമൂഹിക പശ്ചാത്തലങ്ങൾ വിശദമായി മനസിലാക്കുകയും അവയ്ക്ക് ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

അമിത മദ്യാസക്തരായ രോഗികളെ ജില്ലാ ആശുപത്രിയിലെ വാർഡിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാക്കുന്നു. ഇതുവരെ 50 ഓളം രോഗികളെ ഈ തരത്തിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാക്കി മദ്യവിമുക്തരാക്കാൻ ഈ ക്ലിനിക്കിന്റെ പ്രവർത്തനത്തിലൂടെ സാധിച്ചു. ലഹരിവിമുക്തി ചികിത്സാ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി ഈ വർഷവും സ്കൂളുകൾ കോളേജുകൾ, സന്നദ്ധ ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹായത്തോടെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ലഹരിവിമുക്ത ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. കൂടാതെ ലോക ലഹരിവിരുദ്ധ ദിനം, മദ്യ വിരുദ്ധദിനം, പുകയില വിരുദ്ധദിനം, വനിതാദിനം എന്നിവയോടനുബന്ധിച്ച് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.

കോഴിക്കോട് ജില്ലയിലെ വിവിധ സ്കൂളുകളിലെ ജാഗ്രതാസമിതി കൺവീനർമാരായ അധ്യാപകർ കൗമാരപ്രായക്കാരായ വിദ്യാർഥികളിൽ കണ്ടുവരുന്ന ലഹരി ഉപയോഗത്തിന്റെ ചികിത്സയ്ക്കും കൗൺസിലിങ്ങിനുമായി ഈ ക്ലിനിക്കിലേക്ക് വിദ്യാർത്ഥികളെ റഫർ ചെയ്തു വരുന്നു. ഒ.ആർ.സി. (Our Responsibility to Children) എന്ന സംഘടനയുമായി സഹകരിച്ച് വിവിധ ലഹരിവിമുക്ത പരിപാടികളിൽ ബോധവത്ക്കരണ ക്ലാസുകളും കൗമാരപ്രായക്കാർക്കുള്ള മെന്ററിംഗ് സെഷനുകളും നൽകി വരുന്നു.

ഈ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്നതിനും കൂടുതൽ രോഗികൾക്ക് സേവനം ലഭ്യമാക്കുന്നതിനും ഈ ക്ലിനിക്കിനെ ഒരു ലഹരിവിമുക്തി ചികിത്സാ കേന്ദ്രമായി ഉയർത്തുന്നതിനുമായി ബഹു: എക്സൈസ് വകുപ്പു മന്ത്രി സഹായം വാഗ്ദാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി സർക്കാറിൽ സമർപ്പിച്ചിട്ടുണ്ട്.

പട്ടിക 4.2.18

ലഹരി വിമുക്തി ക്ലിനിക്കിലെ ഒപി/ഐപി കളുടെ എണ്ണം

വർഷം	ഒ പി		ഐ പി
	പുതിയത്	പഴയത്	
2012-2013	49	123	3
2013-2014	217	488	14
2014-2015	148	557	9
2015-2016	152	504	9
2016-2017	172	570	12
2017-2018	114	386	6
ആകെ	**852**	**2628**	**53**

സ്രോതസ്സ് : ജില്ലാ ഹോമിയോ ആശുപത്രി കോഴിക്കോട്

ആയുഷ്മാൻഭവ

ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധത്തിനും ചികിത്സക്കും ഊന്നൽ നൽകി രോഗവിമുക്തമായ ജനവിഭാഗത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 2012 നവംബർ 12 മുതൽ ആയുഷ്മാൻഭവ കോഴിക്കോട് ജില്ല ഹോമിയോ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. സമഗ്രമായ ഒരു ചികിത്സാ രീതിയാണിത്. ഇവിടെ ഹോമിയോപ്പതി ഡോക്ടറെ കൂടാതെ പ്രകൃതി ചികിത്സ, യോഗപരിപാലനം, ബോധവൽക്കരണ പരിപാടികൾ, ജീവിതശൈലി രോഗ നിവാരണ ക്യാമ്പുകൾ, കുട്ടികൾക്കായുള്ള രോഗപ്രതിരോധ പരിപാടികൾ എന്നിവ നടന്നുവരുന്നു. ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നത് ജീവിതശൈലീരോഗങ്ങളാലാണ് എന്നാണ് കണക്കുകൾ തെളിയിക്കുന്നത്.

മുമ്പ് പകർച്ചാവ്യാധികളായിരുന്നു ചികിത്സാ രംഗത്തെ മുഖ്യ പ്രശ്നം. ഇന്ന് പകർച്ചാവ്യാധികളുടെ സ്ഥാനം പകർച്ചേതരവ്യാധികൾ അഥവാ ജീവിതശൈലീരോഗങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. ഈ രോഗങ്ങൾ പലതും പാരമ്പര്യ രോഗങ്ങളുടെ സ്വഭാവത്തോടെ പുതിയ തലമുറയിൽ പ്രത്യക്ഷപ്പെടുന്നു എന്നതുകൊണ്ട് ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിനും, ചികിത്സയ്ക്കും ഊന്നൽ നൽകുന്ന ചികിത്സാ സംരംഭം കാലഘട്ടത്തിന്റെ ആവശ്യമായി തീർന്നിരിക്കുന്നു.

ഹോമിയോപ്പതിവകുപ്പ് ഈ ഒരു സാഹചര്യത്തിൽ ജീവിത ശൈലീരോഗങ്ങളുടെ സമഗ്ര ചികിത്സയ്ക്കായി ഒരു പദ്ധതി രൂപം കൊടുത്തിരിക്കുകയാണ്. അതിന്റേതായ തത്വങ്ങളിൽത്തന്നെ സമഗ്രചികിത്സാ രീതിയായിട്ടുള്ള ഹോമിയോപ്പതി ചികിത്സാ ശാസ്ത്രത്തിന് ആയുർവേദ, പ്രകൃതിജീവന, യോഗതത്വങ്ങളെ ഉൾക്കൊള്ളുന്നതിന് ബുദ്ധിമുട്ടുള്ളതല്ല. വിവിധ മരുന്നുകളുടെ സമ്മിശ്രണമല്ല, മറിച്ച് ഗുണപരമായ തത്വങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രതാരീതിയാണ് ആയുഷ്മാൻഭവ അവലംബിക്കുന്നത്. വിശദമായ രോഗനിർണ്ണയത്തിനും നിരീക്ഷണങ്ങൾക്കും പ്രകൃതിജീവനത്തിന്റെ ഭക്ഷണചര്യകളും പ്രകൃതിയോടിണങ്ങിയ മാർഗ്ഗങ്ങളും യോഗചര്യയുടെ മഹത്വവും ഉപയോഗപ്പെടുത്തിക്കൊണ്ടുമാണ് ഇവിടെ ചികിത്സ നിർദ്ദേശിക്കുന്നത്. 2012 സെപ്തംബർ മാസം 3-ന് കോഴിക്കോട്ട്, കേരളത്തിലെ ആദ്യത്തെ ആയുഷ്മാൻഭവ സംരംഭം ആരംഭിച്ചു. ഇന്ന് കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി വിജയകരമായി നടന്നുവരുന്നു. ആയുഷ്മാൻഭവ ക്ലിനിക്കുകളിൽ ഹോമിയോപ്പതി ഡോക്ടറെ കൂടാതെ പ്രകൃതി ചികിത്സയിൽ അംഗീകൃത ബിരുദം നേടിയ

ഡോക്ടർമാരുടെയും ഒരു യോഗ പരിശീലകന്റെയും സേവനം ലഭ്യമാണ്, ദിവസേനയുള്ള ജീവിത ശൈലീ രോഗപ്രതിരോധ പരിശീലന പരിപാടികൾ കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, രോഗനിർണ്ണയ ചികിത്സാക്യാമ്പുകൾ, പ്രതിരോധ പരിപാടികൾ എന്നിവയെല്ലാം ഇവിടെ നടക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സേവന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ തുടങ്ങിയ വയുമായി സഹകരിച്ച് ഇത്തരം പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

ആയുഷ്മാൻഭവ ചികിത്സാ പദ്ധതി താഴെ പറയും പ്രകാരമാണ്.

ഹോമിയോപ്പതി : ഹോമിയോ വൈദ്യസഹായം ചികിത്സ

യോഗ : ചികിത്സക്കും പ്രതിരോധത്തിനും ആവശ്യമായ യോഗ പരിശീലനം

പ്രകൃതി ചികിത്സ : രോഗശമനത്തിനും, പ്രതിരോധത്തിനും ആവശ്യമായ ഭക്ഷണ ശൈലി മുതലായവ നിർദ്ദേശിക്കുന്നു

പട്ടിക 4.2.19

ആയുഷ്മാൻഭവ ക്ലിനിക്കിലെത്തുന്ന രോഗികളുടെ തരംതിരിച്ചുള്ള കണക്ക്

ക്രമ നം	രോഗം	പുരുഷൻ	സ്ത്രീ	കുട്ടികൾ	ആകെ
1.	പ്രമേഹം	1009	1494		2503
2.	രക്താതി സമ്മർദ്ദം	446	622		1068
3.	അമിതകൊഴുപ്പ്	147	458		605
4.	ഹൃദയധമനീരോഗങ്ങൾ	159	29		188
5.	മാനസിക രോഗങ്ങൾ	62	211		273
6.	അമിതവണ്ണം	28	176	1	205
7.	സ്ത്രീരോഗങ്ങൾ		216		216
8.	അലർജിരോഗങ്ങൾ	206	482	35	723
9.	തൈറോയ്ഡ് രോഗങ്ങൾ	28	199		227
10.	സന്ധിരോഗങ്ങൾ	436	1062	2	1500
11.	കാൻസർ	29	68		97
12.	കരൾ രോഗങ്ങൾ	29	68		97
13.	വൃക്കരോഗങ്ങൾ	26	34		60
14.	അൽഷിമേഴ്സ്	6	3		9
15.	മറ്റുള്ളവ	272	437	18	727

സ്രോതസ്സ് : ജില്ലാ ഹോമിയോ ആശുപത്രി കോഴിക്കോട്

2017-18 വർഷം ആയുഷ്മാൻ ഭവ വഴി രോഗികളായി 5661 പേരും യോഗ പരിശീലനത്തിന് 2411 പേരും എത്തിചേർന്നിട്ടുണ്ട്. ഇതോടൊപ്പം 1400 ബോധവത്കരണ ക്ലാസുകളും നടന്നു.

സദ്ഗമയ ക്ലിനിക്

വിദ്യാർത്ഥികളുടേയും കൗമാരപ്രായക്കാരുടേയും പഠന പിന്നോക്കാവസ്ഥ, സ്വഭാവ വൈകല്യങ്ങൾ എന്നിവ പരിഹരിച്ച് ബൗദ്ധിക-മാനസിക വികാസം കൈവരിക്കാനുള്ള ഹോമിയോപ്പതി വകുപ്പിന്റെ സമഗ്ര ആരോഗ്യ വിദ്യാഭ്യാസ പരിശീലന പരിപാടിയാണ് സദ്ഗമയ. കോഴിക്കോട് ജില്ലയിൽ ജില്ലാഹോമിയോ ആശുപത്രി കണ്ടംകുളങ്ങരയിലാണ് സ്ഥിതി ചെയ്യുന്നത്. ആഴ്ചയിൽ 7 ദിവസവും പ്രവർത്തിക്കുന്ന മേൽ സ്ഥാപനത്തിൽ ഡോക്ടർമാർ, സ്പെഷ്യൽ എഡ്യുക്കേറ്റർ എന്നിവരുടെ സേവനം ലഭ്യമാണ്. സ്ഥാപനത്തിനാവശ്യമായ സൈക്കോളജിസ്റ്റിന്റെ സേവനം താത്കാലികമായി സീതാലയം സൈക്കോളജിസ്റ്റാണ് ചെയ്തുവരുന്നത്. വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ക്ലിനിക്കിൽ ചികിത്സ തേടിയെത്തുന്ന കുട്ടികൾക്ക് വളരെയധികം പ്രയോജനപ്പെട്ട സേവനം നൽകുന്ന ക്ലിനിക്കാണിത്. സദ്ഗമയ ക്ലിനിക്കിൽ ഇതുവരെ 93 പുരുഷൻമാരും 32 സ്തീകളും 296 കുട്ടികളും ചികിത്സക്കെത്തി.

പട്ടിക 4.2.20

സദ്ഗമയ ക്ലിനിക്കിൽ ചികിത്സയ്ക്ക് എത്തിയ രോഗികളുടെ എണ്ണം രോഗ വിവരം

ക്രമ നമ്പർ	രോഗത്തിന്റെ പേർ	രോഗികളുടെ എണ്ണം
1	അറ്റൻഷൻ ഡെഫിസിറ്റ്/ഹൈപ്പർ ആക്ടിവിറ്റി	48
2	ആങ്ങ്സൈറ്റി ഡിസോഡർ	32
3	ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡേഴ്സ്	1
4	ബിഹെവിയറൽ ഡിസ്ഓർഡേഴ്സ്	74
5	ഡൗൺ സിൻഡ്രോം	1
6	ലേർണിങ്ങ് ഡിസ്ബിലിറ്റി	44
7	മെഡിക്കൽ കൗൺസലിംഗ്	86
8	മെന്റൽ റിട്ടാർഡേഷൻ	2
9	സ്ക്കോളാസ്റ്റിക് ബക്കേർഡ്നസ്സ്	122
10	സ്ലോ ലേണേഴ്സ്	11
	ആകെ	**421**

സ്രോതസ്സ് : ഹോമിയോ വകുപ്പ്

പട്ടിക 4.2.21

സദ്ഗമയ ക്ലിനിക്ക് – രോഗികളുടെ തരംതിരിച്ചുള്ള എണ്ണം – (2017–18)

പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	ആകെ
62	27	1532	1621

സ്രോതസ്സ് : ഹോമിയോ വകുപ്പ്

ജെറിയാട്രിക് ക്ലിനിക്

വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള പ്രത്യേക ചികിത്സാ പദ്ധതിയാണിത്. കൊയിലാണ്ടി സർക്കാർ താലൂക്ക് ആശുപത്രിയിൽ ആഴ്ചയിൽ 6 ദിവസവും 3 വർഷമായി പ്രവർത്തിച്ചുവരുന്നു. കൊയിലാണ്ടി നഗരസഭയിലെ വയോജങ്ങൾക്ക് മാത്രമാണ് ഈ ചികിത്സ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ആയത് ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. ജെറിയാട്രിക് കെയർക്ലിനിക്കിൽ 2016–17 ൽ 13116 പേർ ചികിത്സ തേടി എത്തുകയുണ്ടായി.

പാലിയേറ്റീവ് ക്ലിനിക് –

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ഗൃഹസന്ദർശനം ഉൾപ്പടെയുള്ള ചികിത്സാ രീതികൾ നടത്തി വരുന്നു. 2016–17 വർഷത്തിൽ ഇവിടെ 136 പേർ ചികിത്സക്കായി പേർ രജിസ്റ്റർ ചെയ്തു.

സ്ക്കൂൾ ആരോഗ്യ പരിപാടി –

നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കിവരുന്ന സ്ക്കൂൾ ആരോഗ്യപരിപാടി വിവിധ ബ്ലോക്കുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ വിദ്യാർത്ഥികളുടെ ശാരീരിക മാനസിക പഠന പെരുമാറ്റ വൈകല്യങ്ങൾക്കായുള്ള ചികിത്സയും ബോധവല്ക്കരണ ക്ലാസ്സുകളും നടന്നുവരുന്നു. വടകര, ചേളന്നൂർ ബ്ലോക്കുകളിലെ 4 സ്ക്കൂളുകളിൽ ഈ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

റീച്ച് – ദ്രുതകർമ്മ സാംക്രമിക രോഗ നിയന്ത്രണ സെൽ

ജില്ലയിലെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചാവ്യാധികൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി നടപ്പിലാക്കുന്നു. ഇതിൽ പ്രാദേശികമായി മെഡിക്കൽ ഓഫീസർ, പ്രൈവറ്റ് ഡോക്ടർമാർ എന്നിവരുടെ സേവനം ലഭ്യമാകുന്നു. മുൻ കാലങ്ങളിൽ ജില്ലയിലുണ്ടായ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിൽ വളരെ നല്ല പ്രവർത്തനം കാഴ്ചവെക്കാൻ റീച്ചിന് സാധിച്ചിട്ടുണ്ട്. ചിക്കൻ ഗുനിയ, ഡെങ്കിപ്പനി എന്നിവയുടെ നിയന്ത്രണത്തിന് ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുകയും ചികിൽസയിലും പ്രതിരോധത്തിലും നല്ല പങ്ക് വഹിക്കുവാനും സാധിച്ചു. മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റേയും ഫണ്ടുകൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യമേഖലയിലെ അവസ്ഥാ വിശകലനം

പട്ടികവർഗ്ഗം

ജില്ലയിലെ കിഴക്കൻ മേഖലയിലെ പ്രധാനമായും ബാലുശ്ശേരി, നരിക്കുനി, ചേളന്നൂർ, കുറ്റ്യാടി, മുക്കം, കുന്നുമ്മൽ, വളയം, വാണിമേൽ തുടങ്ങിയ ബ്ലോക്ക് പ്രദേശങ്ങളിലാണ് പട്ടികവർഗ്ഗക്കാർ കൂടുതലായും അധിവസിക്കുന്നത്. ഇപ്പോഴും ഇവർക്ക് മെച്ചപ്പെട്ട ജീവിത നിലവാരത്തിൽ എത്തിപ്പെടാൻ സാധിച്ചിട്ടില്ല. ആരോഗ്യ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ

ഇവർ വിമുഖത കാണിക്കുന്നു. ആരോഗ്യ സേവനങ്ങൾ PHC/CHC, ആയുഷ്, ഹോമിയോപ്പതി വഴി പ്രസ്തുത പ്രദേശങ്ങളിൽ ലഭ്യമാക്കുന്നുണ്ടെങ്കിലും സ്വീകരിക്കുന്നതിൽ ഈ വിഭാഗം പിന്നോക്കം നിൽക്കുന്നു. പോഷകാഹാരക്കുറവ് മൂലം വിളർച്ച, പുകയിലയുടെ അമിത ഉപയോഗം മൂലം ശ്വാസകോശ രോഗങ്ങളും കാൻസർ പോലുള്ള രോഗങ്ങളും മദ്യത്തിന്റെ ഉപയോഗം മൂലം കരൾ സംബന്ധമായ രോഗങ്ങളും റിപ്പോർട്ട് ചെയ്തുവരുന്നു. പല ആദിവാസി കോളനികളിലും അരിവാൾ രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. അവരുടെ തനതായ ജീവിതശൈലി മൂലം പെൺകുട്ടികൾ കൗമാരപ്രായത്തിൽ തന്നെ ഗർഭിണികളാവുകയും ശരിയായ രീതിയിലുള്ള ഗർഭ പരിചരണം തേടാതിരിക്കുന്നതു മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും നിലനിൽക്കുന്നു. കോളനികളിൽ ശുദ്ധജല ലഭ്യതക്കുറവാണ് മറ്റൊരു പ്രധാന പ്രശ്നം. പുതിയ തലമുറയിലെ കുട്ടികൾക്ക് വിദ്യാഭ്യാസവും തൊഴിലും നൽകിയാൽ മാത്രമേ നിലവിലെ സ്ഥിതിയിൽ നിന്നും പുരോഗതിയുടെ പാതയിലേക്ക് ഈ വിഭാഗത്തെ ഉയർത്തികൊണ്ടു വരാൻ സാധിക്കുകയുള്ളൂ.

പട്ടികജാതി

ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും പട്ടികജാതി വിഭാഗങ്ങൾ കോളനിയായും അല്ലാതെയും താമസിച്ചുവരുന്നു. ആരോഗ്യ സേവനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ ഇവ ശ്രദ്ധിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തെ അപേക്ഷിച്ച് മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തുന്നവരാണ് ഇവർ. എങ്കിലും ഉന്നത വിദ്യാഭ്യാസം നേടുന്നതിൽ ഇനിയും പുരോഗതിയുണ്ടാവേണ്ടതുണ്ട്. മിക്ക എസ് സി കോളനികളിലും കുടിവെള്ളക്ഷാമം നേരിടുന്നു എന്നത് വലിയ പ്രശ്നമാണ്.

മത്സ്യതൊഴിലാളികൾ

ജില്ലയിലെ മത്സ്യതൊഴിലാളി മേഖലകളിൽ ജനസാന്ദ്രത മറ്റിടങ്ങളേക്കാൾ ഉയർന്നതാണ്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൌകര്യങ്ങൾ അപര്യാപ്തമാണ്. ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം, ശുദ്ധജല ലഭ്യതക്കുറവ്, പകർച്ചവ്യാധി പിടിപെടാനുള്ള ഉയർന്ന സാധ്യത, പരിമിതമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ എന്നിവയാണ് ഇവിടങ്ങളിലെ മുഖ്യ പ്രശ്നങ്ങൾ.

ഇതര സംസ്ഥാന തൊഴിലാളികളും അവരുടെ ജീവിതസാഹചര്യങ്ങളും

ജില്ലാ തലത്തിൽ നടപ്പിലാക്കുന്ന ഗരിമ പദ്ധതി പ്രകാരം നടത്തിയ പരിശോധനയിൽ 10 മുതൽ 200 വരെ തൊഴിലാളികൾ താമസിക്കുന്ന 875 സങ്കേതങ്ങൾ ഇന്ന് ജില്ലയിൽ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 10ൽ താഴെ ആളുകൾ താമസിക്കുന്ന നിരവധി താമസ സ്ഥലങ്ങളും ജില്ലയിലുണ്ട്. ഇവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഭൌതിക സാഹചര്യങ്ങളും ഉറപ്പുവരുത്തുക, ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക, ആവശ്യമായ ബോധവത്കരണം നടത്തുക, മാന്യവും സ്നേഹപൂർവ്വവുമായ ഇടപെടൽ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടു കൂടി തുടക്കം കുറിച്ച ഈ പദ്ധതി പൂർണതയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ ക്ഷേമം ഉറപ്പുവരുത്താൻ വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സംയോജിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ആരോഗ്യ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. പഴയതും പുതിയതുമായ പകർച്ചവ്യാധികളുടെ ആധിക്യം
2. വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ
3. കുട്ടികളുടെ രോഗപ്രതിരോധ കുത്തിവെപ്പിന്റെ കവറേജ് കുറവ്
4. ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൌതിക സാഹചര്യങ്ങളുടേയും ഉപകരണങ്ങളുടേയും അപര്യാപ്തത
5. ആശുപത്രിയിൽ എത്തിച്ചേരുന്ന ഐ പി/ഒ പി രോഗികൾക്ക് മതിയായ സൌകര്യങ്ങൾ ലഭ്യമില്ലായ്മ.
6. റഫറൽ ആരോഗ്യകേന്ദ്രങ്ങളുടെ അപര്യാപ്തത
7. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യക്ക് ആനുപാതികമായി അവരുടെ ആരോഗ്യ പ്രശ്ന പരിഹാരങ്ങൾക്ക് ഉള്ള സൌകര്യക്കുറവ്
8. പരിരക്ഷാ രോഗികൾക്കുള്ള സെക്കണ്ടറി പരിചരണക്കുറവ്
9. പാർശ്വവൽകൃത വിഭാഗങ്ങളുടെ

(പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ) ആരോഗ്യ സംരക്ഷണത്തിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത.

10. ഗുണനിലവാരമുള്ള ആരോഗ്യ- അക്കാഡമിക് സ്ഥാപനങ്ങളുടെ കുറവ്.

11. ആരോഗ്യ അനുബന്ധ മേഖലകളിലെ (മാലിന്യ നിർമാർജന സംവിധാനം, ശുദ്ധമായ കുടിവെള്ളം മുതലായവ) സൌകര്യങ്ങളുടെ അപര്യാപ്തത.

12. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ. താമസ സ്ഥലത്തെ ശുചിത്വക്കുറവ്

13. ഭിന്നലിംഗക്കാർക്ക് പ്രത്യേക പരിഗണന നൽകാൻ കഴിയാത്ത അവസ്ഥ.

14. അപകട ചികിത്സാ സൌകര്യത്തിന് അത്യാവശ്യമായ ട്രോമാകെയർ യൂണിറ്റിന്റെ അഭാവം.

പുതിയ പ്രശ്നങ്ങൾ

1. ഉന്മൂലനം ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ തിരിച്ചുവരവും പുതിയവയുടെ ആവിർഭാവവും

2. കുട്ടികളുടെ രോഗപ്രതിരോധ കുത്തിവെപ്പിനോട് വർദ്ധിച്ചുവരുന്ന എതിർപ്പ്

3. 30-60 പ്രായപരിധിയിൽപെട്ടവരിൽ വർധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ

4. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ വലിയൊരു വിഭാഗം ചികിത്സാ സൌകര്യങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും വേണ്ടത്ര പ്രയോജനപ്പെടുത്താത്ത അവസ്ഥ.

5. ശാസ്ത്രീയമായ അറവുശാലകളുടേയും അറവു മാംസ മാലിന്യ സംസ്കരണത്തിന്റേയും അഭാവം.

പരിഹാര നിർദ്ദേശങ്ങൾ

1. ഉറവിട മാലിന്യ സംസ്കരണം, ശുദ്ധ ജല ലഭ്യത ഉറപ്പാക്കൽ സംയോജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയാണ് പരിഹാര പ്രവർത്തനങ്ങൾ ആയി നടപ്പിലാക്കേണ്ടത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും എൻ എച് എം, ആർദ്രം തുടങ്ങിയ മിഷനുകളുടെയും സംയോജിത പ്രവർത്തനങ്ങളിലൂടെ ജന പങ്കാളിത്തം ഉറപ്പാക്കി ഇവ നടപ്പിലാക്കണം.

2. ജീവിത ശൈലീ രോഗങ്ങൾ കുറയ്ക്കാനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കണം

3. ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ, ചിട്ടയായ വ്യായാമം എന്നിവ സംബന്ധിച്ച അവബോധം എല്ലാവിഭാഗം ജനങ്ങളിലും ഉണ്ടാക്കണം

4. പ്രഭാത നടത്തം, സൈക്ലിംഗ്, യോഗ, തുടങ്ങിയ വ്യായാമരീതികൾ വ്യാപകമായി പ്രോത്സാഹിപ്പിക്കണം.

5. അയൽക്കൂട്ടങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രാദേശികമായി വ്യായാമ സംവിധാനങ്ങളും കളിസ്ഥലങ്ങളും ഒരുക്കണം .

6. വ്യക്തികളിൽ ശാരീരിക വ്യായാമശീലം വളർത്താനുള്ള നടപടികൾ കൈക്കൊള്ളണം. സ്കൂളിലെ കളിസ്ഥലങ്ങളും വ്യായാമ സംവിധാനങ്ങളും മെച്ചപ്പെടുത്തണം.

7. നിലവിലുള്ള ആരോഗ്യ സംവിധാനങ്ങളുടെ നില മെച്ചപ്പെടുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സ്ഥാപനങ്ങൾ നിർമ്മിക്കുകയും വേണം

8. കാഷ് അടിസ്ഥാനത്തിലുള്ള ഭൌതിക സാഹചര്യങ്ങൾ ഒരുക്കുക.

9. ആർദ്രം - കുടുംബാരോഗ്യ കേന്ദ്രം അടിസ്ഥാനമാക്കി മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുക.

10. വിവര സാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുക.

11. സാങ്കേതിക വൈദഗ്ധ്യം നൽകുന്നതിനായി ആവശ്യമായ പരിശീലനം നൽകുക.

12. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രോഗീസൌഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഒരോ സ്ഥാപനവും മാറ്റുന്നതിന് നിലവിലെ പശ്ചാത്തല സൌകര്യം വർദ്ധിപ്പിക്കുക.

13. പുറക്കാട്ടിരിയിലെ എ. സി. ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദിക് ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററിനെ മികവിന്റെ കേന്ദ്രമാക്കാനുള്ള നടപടി

സ്വീകരിക്കുക.

14. ആയുർവേദ ചികിത്സയ്ക്കായി എത്തുന്ന വിദേശികളുടെ കണക്കുവിവരങ്ങൾ ഇപ്പോൾ വകുപ്പിന് ലഭ്യമല്ല. എഫ്. ആർ. ആർ. ഒ. ഓഫീസുമായി സഹകരിച്ച് ഇത് ശേഖരിക്കുകയും അതിനനസൃതമായി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത് ഭാവിയിൽ കൂടുതൽ വിദേശനാണ്യം സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ഉപകരിക്കും

15. എസ്.സി എസ്.ടി വിഭാഗങ്ങളുടെയും, തീരദേശവാസികളുടെയും ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഉറപ്പുവരുത്തുക.

പരിപ്രേക്ഷ്യം

വിവിധ ചികിത്സാ രീതികളിലെ ആരോഗ്യ സംവിധാനങ്ങൾ വഴി സാർവത്രികവും സൗജന്യവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നത് അതിപ്രധാനമാണ്. സാമൂഹ്യ നീതിയിലധിഷ്ഠിതമായ മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുക, ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ വ്യാപകമാക്കുക, ജില്ലയെ പകർച്ചവ്യാധി മുക്തമാക്കുക, വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയവ അനിവാര്യമായി പരിഹരിക്കേണ്ട പ്രശ്നങ്ങളാണ്.

പ്രാഥമിക, ദ്വിതീയ, തൃതീയ ആരോഗ്യ മേഖലകളിൽ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്ന ബൃഹത് ലക്ഷ്യത്തോടെ കേരള സർക്കാർ തുടക്കം കുറിച്ച ആർദ്രം പദ്ധതിയുമായി ഉൾച്ചേർത്ത് ആരോഗ്യരംഗത്തെ ഇടപെടലുകൾക്ക് രൂപം നൽകുക. ഈ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായും ഏജൻസികളുമായും സംയോജിതമായും ഏകോപിതമായും നടത്തുക. ഈ കാഴ്ചപ്പാടിനനുസൃതമായി ഇടപെടേണ്ട മേഖലകളെ മുൻഗണനാടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

1. കോഴിക്കോട് മെഡിക്കൽ കോളേജിലും, ഹോമിയോ കോളേജിലും അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തികൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ.

2. ജീവിതശൈലീരോഗങ്ങൾ കുറയ്ക്കുന്നതിനായി വ്യാപകമായ ബോധവൽക്കരണ പരിപാടികളും, ചെലവു കുറഞ്ഞ ചികിത്സയും വ്യായാമത്തിനുള്ള സംവിധാനങ്ങളും കാര്യക്ഷമമാക്കൽ.

3. ഇതര സംസ്ഥാന തൊഴിലാളികളെ മുഴുവനായും വൈദ്യപരിശോധനക്ക് വിധേയരാക്കി ഹെൽത്ത് കാർഡ് നൽകുക.

4. മെഡിക്കൽ ടെസ്റ്റുകളുടെയും മെഡിക്കൽ ലാബുകളുടെയും നിലവാരം മെച്ചപ്പെടുത്തൽ.

5. മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോപതി എന്നീ ചികിത്സാ സൗകര്യങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.

6. ജില്ലയിലെ മുഴുവൻ പേരെയും ഉൾപ്പെടുത്തി ഇ-ഹെൽത്ത് നടപ്പിലാക്കൽ

7. ഹരിതകേരളം, ആർദ്രം മിഷൻ പരിപാടികൾ നടപ്പിലാക്കി ചികിത്സാ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ.

8. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവയെ റഫറൽ സംവിധാനമാക്കി ഉയർത്തൽ.

9. ആതുരാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ വിപുലീകരിക്കൽ, മെച്ചപ്പെടുത്തൽ

10. പി.എച്ച്.സി-കൾ കേന്ദ്രീകരിച്ച് സഹകരണ ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കൽ .

11. ജനപങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കൽ.

12. സംയോജനപരിപാടികൾ രൂപപ്പെടുത്തൽ

13. സാന്ത്വന പരിചരണവും ഹോം നഴ്സിംഗിന് സംവിധാനവും വ്യാപിപ്പിക്കൽ.

14. സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ ഭക്ഷ്യ ഗുണമേൻമാ പരിശോധനാ സംവിധാനം.

15. എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ ലാബുകളിലും പാഠ്യപദ്ധതിയുടെ ഭാഗമായി ജലഗുണ മേൻമാ പരിശോധന ലഭ്യമാക്കുക.

16. ജലസുരക്ഷ ഉറപ്പുവരുത്തുന്നതിന് സൗജന്യമായി ജലം പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.

17. ആരോഗ്യ പരിപാടികൾ ജനപങ്കാളിത്ത ത്തോടെ നടപ്പിലാക്കൽ.

18. വിവിധ ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചും സംയോജിപ്പിച്ചുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

19. ആരോഗ്യ ബോധവൽക്കരണവും ശീലവൽ ക്കരണവും വിദ്യാലയങ്ങൾ മുതൽ എല്ലാ വിഭാഗങ്ങളിലും നടത്തുക.

20. ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുക.

21. നവമാധ്യമങ്ങളെ ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഗുണകരമായി ഉപയോഗ പ്പെടുത്തുക.

22. ചികിത്സാ രംഗത്ത് ആധുനിക വിവര സാങ്കേതിക വിദ്യയെ പൂർണമായി പ്രയോജനപ്പെടുത്തുക.

23. ഹോമിയോപ്പതി വകുപ്പിൻ കീഴിൽ നിലവിലുള്ള എല്ലാ പ്രൊജക്ടുകളും വളരെ നല്ല രീതിയിൽ നടപ്പിലാക്കുന്നതിലേക്ക് ആവശ്യമായ ഒരു ഹോമിയോപ്പതി സ്പെഷ്യാലിറ്റി സെന്റർ നല്ല ഭൗതീക സൗകര്യങ്ങളോടുകൂടി തുടങ്ങുക. അതിന്റെ ഉപ സെന്ററുകൾ എല്ലാ ബ്ലോക്കുകളിലും തുടങ്ങുക.

24. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന സൗകര്യങ്ങൾ എല്ലാ സ്ഥാപനങ്ങളിലും നടപ്പിൽ വരുത്തുക,

25. പ്രൊജക്ടുകളിലെ മാനവശേഷി സ്ഥിരമാക്കുന്നതിലൂടെ കൂടുതൽ ജനങ്ങളി ലേക്ക് സർക്കാറിന്റെ സഹായം ആരോഗ്യ പരിപാലനത്തിലൂടെ നൽകുവാൻ സാധിക്കും. ഹോമിയോപ്പതി ചികിത്സാ സമ്പ്രദായത്തിന്റെ അനന്ത സാദ്ധ്യതകൾ പൊതു ജനങ്ങൾക്ക് ഉപകാരപ്പെടുത്തൽ.

26. ഭിന്നലിംഗക്കാരുടെ മാനസികവും ശാരീരിക വും ആയ ആരോഗ്യപ്രശ്നങ്ങൾക്കുള്ള ചികിത്സയും പരിഹാരബോധനവും നൽകി അവരെ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാക്കൽ.

മേൽത്തട്ട് നിർദേശങ്ങൾ

1. രോഗനിർണയത്തിൽ ലാബ് പരിശോധന സംവിധാനത്തിന്റെ അനിവാര്യത പരിഗണിച്ച് എല്ലാ പി എച്ച് സി കളിലും ലാബ് ടെക്നീ ഷ്യൻ പോസ്റ്റ് അനുവദിക്കുക.

2. എല്ലാ താലൂക്ക് ജില്ലാ ആശുപത്രികളിലും ട്രോമ കെയർ യൂണിറ്റ് അനുവദിക്കുക.

3. കോഴിക്കോട് മെഡിക്കൽ കോളേജിനെ ഗവേഷണ കേന്ദ്രമാക്കി മാറ്റുക.

4. കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കൽ

5. ആയുഷ് സ്ഥാപനങ്ങൾക്ക് മാനദണ്ഡ പ്രകാ രമുള്ള അധിക തസ്തിക അനുവദിക്കുക.

6. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് കെയർ പ്രവർത്തനം ജില്ലയിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന രീതിയിൽ പുനക്രമീകരിക്കുക

7. ജില്ലാ ടി ബി സെന്ററിന്റെ പ്രവർത്തനം ഫലപ്രദമാക്കുക.

8. എയ്ഡ്സ് പുനരധിവാസം മെച്ചപ്പെടുത്തുക.

9. മാനോസികാരോഗ്യ കേന്ദ്രത്തിൽ നിന്നും രോഗ മുക്തരായി വരുന്നവർക്ക് പുനരധിവാസ പരിപാടികൾ ആരംഭിക്കുക.

10. ജില്ലയിലെ ചർമരോഗാശുപത്രിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

11. ജില്ലാ കാൻസർ ഡിറ്റക്ഷൻ സെന്റർ ആരംഭിക്കുക.

12. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ ശാക്തീകരണം .

13. വ്യാജ ചികിത്സകരേയും പ്രചാരകർക്കെതി രേയും നിയമനടപടി സ്വീകരിക്കൽ

14. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കേന്ദ്ര - സംസ്ഥാന ഫണ്ടുകൾ ഉപയോഗപ്പെടുത്തി, മുഴുവൻ സ്ഥാപനങ്ങളു ടേയും പശ്ചാത്തലസൗകര്യം ഏകീകൃതമായി നവീകരിക്കുക.

15. മിനിമം ജീവനക്കാരില്ലാതെ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളിലും ആശുപത്രികളിലും അതാത് തസ്തികകൾ സൃഷ്ടിക്കുക.

16. ജില്ലാ ആയുർവേദ ആശുപത്രിയിൽ 9 സ്പെഷാലിറ്റി വിഭാഗങ്ങളുള്ള യൂണിറ്റുകൾ ആരംഭിക്കുക.

- ശാലാക്യ തന്ത്രം ENT ,Ophthalmology
- കായ ചികിത്സ General Medicine
- ശല്യതന്ത്രം Surgery & Fracture Management
- പ്രസൂതിതന്ത്രവും, സ്ത്രീ രോഗങ്ങളും Gynecology& Obstetrics
- അഗദതന്ത്രം Toxicology
- കൗമാരഭൃത്യം Paediatrics
- മാനസിക രോഗ ചികിത്സ Psychology and Psychiatry
- രസായനചികിത്സ Rejuvenating therapy
- വാജീകരണചികിത്സ Management of sub fertility

17. ഡിസ്പെൻസറികളിൽ ക്ലറിക്കൽ തസ്തികയും അഡീഷണൽ മെഡിക്കൽ ഓഫീസർ തസ്തികയും സൃഷ്ടിക്കുക.
18. അഡീഷണൽ ഡി. എം. ഒ. തസ്തികയും, ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് ആവശ്യമായ കൂടുതൽ തസ്തികകളും സൃഷ്ടിക്കുക.
19. ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ 100 കിടക്കകളുള്ള ആശുപത്രിയുടേതായി ഉയർത്തുക
20. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഒരു ആയുഷ് ആശുപത്രിയും അസംബ്ലി മണ്ഡലത്തിൽ ഒരു സ്പെഷാലിറ്റി യൂണിറ്റുള്ള ആശുപത്രിയും ആരംഭിക്കുക.
21. പുറക്കാട്ടിരിയിലെ കുട്ടികളുടേയും കൗമാരക്കാരുടേയും (എ. സി. എസ്. എം. എ. സി. എ. സി. സി.) ആശുപത്രിയെ മികവിന്റെ കേന്ദ്രമാക്കാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുക.
22. ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ആശാവർക്കർമാരുടെയും സേവനം ഭാരതീയ ചികിത്സാവകുപ്പുമായി സംയോജിപ്പിക്കുക.
23. ഔഷധ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകുക.
24. സ്വകാര്യ മേഖലയിലെ ആശുപത്രികളുടേയും ക്ലിനിക്കുകളുടേയും ഗുണനിലവാരവും ചികിത്സാനിലവാരവും ഉറപ്പ് വരുത്തുന്നതിന് വിവരശേഖരണം നടത്തുക.
25. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുകയും അഡീഷണൽ മെഡിക്കൽ ഓഫീസർ, ഡ്രൈവർ, ക്ലർക്ക് , സ്റ്റോർ കീപ്പർ എന്നീ തസ്തികകൾ അനുവദിക്കുകയും മെഡിസിൻ സ്റ്റോർ ഹൗസ് സ്ഥാപിക്കുകയും ചെയ്യുക.
26. ആയുഷ് ജീവനക്കാർക്ക് ജില്ലയിൽ സ്ഥിരം ട്രെയിനിംഗ് സെന്റർ ഉണ്ടാക്കുക.
27. ജില്ലയിലെ ഹോമിയോ ഡിസ്പൻസറികൾ ഇല്ലാത്ത 4 പഞ്ചായത്തുകൾ, വടകര മുനിസിപ്പാലിറ്റി,എന്നിവിടങ്ങളിൽ ഹോമിയോ സ്ഥാപനങ്ങൾ അനുവദിക്കുക.
28. ജില്ലയിൽ പ്രവർത്തിക്കുന്ന ഹോമിയോ വന്ധ്യതാ ക്ലിനിക്കിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക.
29. എല്ലാ സ്പെഷ്യൽ പ്രോജക്ടുകളും വണ്ടൂർ ചേതന മോഡലിൽ സ്ഥിരം സ്റ്റാഫ് പാറ്റേണിൽ സ്ഥിരം സംവിധാനമാക്കുക.
30. താമരശ്ശേരി, കോഴിക്കോട് താലൂക്ക് തലത്തിൽ പുതിയതായി ഹോമിയോ ആശുപത്രികൾ അനുവദിക്കുക
31. ജില്ലയിൽ നിലവിലുള്ള എസ്.സി ഡിസ്പൻസറികൾക്ക് സ്വന്തമായി കെട്ടിടവും ഭൗതിക, മനുഷ്യ വിഭവശ്ശേഷി വികസനവും, ജില്ലയിലെ മറ്റ് എസ്.സി മേഖലകളിലേക്കും ഇത്തരം സ്ഥാപനങ്ങൾ വിപുലീകരിക്കുക.
32. ജില്ലാ താലൂക്ക് ആശുപത്രികളിൽ പ്രവർത്തിക്കുന്ന പ്രത്യേക പ്രൊജക്ടുകളായ സീതാലയം, ഇൻഫർട്ടിലിറ്റി, ഡി അഡിക്ഷൻ എന്നിവയിലേക്കുള്ള രോഗികളുടെ റഫറലും - ത്രിതല സംവിധാനവും നടപ്പിലാക്കുക.

കീഴ്ത്തട്ട് നിർദേശങ്ങൾ

1. സമഗ്ര ആരോഗ്യ പരിപാടിക്കായി ഒരു പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുക്കണം. പകർച്ച വ്യാധി, പകർച്ചേതര വ്യാധി എന്നിവയുടെ ചികിത്സയ്ക്കും പ്രതിരോധത്തിനും ഈ പദ്ധതിയിൽ ഘടകങ്ങൾ ഉണ്ടാവണം. ആരോഗ്യ വകുപ്പ് നടപ്പാക്കുന്ന പകർച്ചവ്യാധി, പകർച്ചേതര വ്യാധി പ്രവർത്തനങ്ങൾ

ആവർത്തിക്കാതെ ഇതിന് പൂരകമാവുന്ന തരത്തിലാവണം പദ്ധതി

2. മാതൃശിശു സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകുന്ന ഒരു പ്രോജക്ട് എല്ലാ ഗ്രാമ പഞ്ചായത്തും നിർബന്ധമായും ഏറ്റെടുക്കണം. കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് കവറേജ് വർധിപ്പിക്കാൻ ഊന്നൽ നൽകണം.

3. ലഹരി നിർമ്മാർജനത്തിനായി സർക്കാർ നടപ്പാക്കുന്ന ലഹരി വിമുക്തി പദ്ധതി ശക്തിപ്പെടുത്താനും ജനകീയമാക്കാനും ഉതകുന്ന പ്രോജക്ട് ഏറ്റെടുക്കണം.

4. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യ പരിഗണിച്ച് വയോജനക്ഷേമ പ്രോജക്ട് എല്ലാ പഞ്ചായത്തും നിർബന്ധമായും ഏറ്റെടുക്കണം. (ഒരു പഞ്ചായത്തിൽ രണ്ടോ അതിലധികമോ വയോജന സൗഹൃദ പകൽവീട് എന്ന ഘടകം ഈ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്).

5. ഘട്ടം ഘട്ടമായി പി എച്ച് സി ''കാഷ്'' അക്രഡിറ്റേഷൻ സ്റ്റാൻഡേർഡുകൾ ഉറപ്പ് വരുത്തുന്ന പ്രോജക്ട് എല്ലാ പഞ്ചായത്തും ഏറ്റെടുക്കണം.

6. സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമാക്കാൻ ആവശ്യമായ പ്രോജക്ട് എല്ലാ പഞ്ചായത്തുകളും നിർബന്ധമായും ഉൾപ്പെടുത്തണം. (പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, കുട്ടികൾക്ക് ആനുപാതികമായി ടോയ്ലറ്റ്, ഫസ്റ്റ് എയ്ഡ് സൗകര്യം, കുടിവെള്ളം ഉറപ്പ് വരുത്തൽ, സാനിട്ടറി വെൻഡിംഗ് മെഷീൻ, നാപ്കിൻ ഡിസ്ട്രോയിങ്ങ് മെഷീൻ, WIFS, കായികക്ഷമത തുടങ്ങിയവ

7. നീന്തൽ പരിശീലനം, സൈക്കിൾ പരിശീലനം (കുട്ടികൾക്കും കൗമാരക്കാർക്കും) എന്നിവക്ക് ആവശ്യമായ പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

8. താലൂക്ക്, ജില്ലാ ആശുപത്രികളിൽ ബ്ലഡ് ബാങ്ക് സൗകര്യം ഉറപ്പുവരുത്താൻ ആവശ്യമായ പ്രോജക്ട് എല്ലാ നഗരസഭകളും ഏറ്റെടുക്കണം.

9. സി എച്ച് സി, താലൂക്ക്/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്ററുകൾ ഉറപ്പുവരുത്തുക.

10. കാൻസർ രോഗ സ്ക്രീനിംഗിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.

11. ബസ് സ്റ്റാൻഡ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ ശുചിമുറികൾ, സ്ത്രീ-വയോജന സൌഹൃദ ടോയ്ലറ്റുകൾ എന്നിവ ഉറപ്പു വരുത്തുക.

12. കാറ്ററിംഗ്, ഹോട്ടൽ, സ്കൂൾ തുടങ്ങിയ ഇടങ്ങളിലെ പാചകക്കാർക്ക് ആരോഗ്യ വിദ്യാഭ്യാസവും ഹെൽത്ത് കാർഡും നൽകുക.

13. ആദിവാസി മേഖലയിലെ അമിത ലഹരി ഉപയോഗം കുറയ്ക്കാൻ ആവശ്യമായ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തനിച്ചോ സംയുക്തമായോ ഒരുക്കുക. (ഐ ടി ഡി പി, എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പ്) മുതലായ വകുപ്പുകളുടെ സേവനങ്ങളും ഇതിലേക്ക് പ്രയോജനപ്പെടുത്തണം.

14. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പ്രത്യേക ഡേ കെയർ സെന്റർ പ്രാദേശികമായി ആരംഭിക്കുക.

15. മത്സ്യ തൊഴിലാളികളുടെ സമഗ്ര ആരോഗ്യ പരിപാലന പരിപാടികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

16. ശാസ്ത്രീയമായ രീതിയിലുള്ള അറവു ശാലകൾ സ്ഥാപിക്കുക.

17. ആരോഗ്യ സേനാ പ്രവർത്തനം സജീവമാക്കുക.

18. താലൂക്ക്, ജില്ലാ ആശുപത്രികളിൽ മാലിന്യ സംസ്കരണം ഉറപ്പാക്കുക.

19. തീരദേശ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി തൃതല പഞ്ചായത്ത് തലത്തിൽ പരിപാടികൾ ആവിഷ്കരിക്കുക.

20. ആയുഷ് സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുക.

21. സ്ട്രെസ് മാനേജ്മെൻറിനായി (ഡിപ്രഷൻ ക്ലിനിക്ക്, കൗൺസിലിംഗ്, വിനോദ സൗകര്യം മുതലായവ) ആവശ്യമായ സംവിധാനങ്ങൾ പഞ്ചായത്തുകൾ വഴി നടപ്പാക്കുക.

22. എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ ലാബുകളിലും പാഠ്യപദ്ധതിയുടെ ഭാഗമായി ജല ഗുണമേൻമാ പരിശോധന ലഭ്യമാക്കുക.

23. ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഓരോ പഞ്ചായത്തിലും /നഗര പ്രദേശങ്ങളിലും വ്യായാമകേന്ദ്രങ്ങൾ ആരംഭിക്കുക .

24. വാർഡുതല ശുചിത്വ ആരോഗ്യ പോഷണ സമിതികൾ കാര്യക്ഷമമായി പുനസംഘടിപ്പിക്കുക.

25. ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ മുഴുവൻ സ്ഥാപനങ്ങളുടേയും പശ്ചാത്തലസൗകര്യങ്ങൾ നിശ്ചിത മാതൃകയിൽ നവീകരിക്കുക.

26. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം, മഴവെള്ള സംഭരണസൗകര്യങ്ങൾ, മലിനജല സംസ്കരണ സൗകര്യങ്ങൾ, ടെലിഫോൺ - കമ്പ്യൂട്ടർ - ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ എല്ലാ സ്ഥാപനങ്ങളിലും ഏർപ്പെടുത്തുക

27. ഓരോ ഡിസ്പെൻസറിയിലും യോഗഹാൾ നിർമ്മിക്കുക.

28. ആരോഗ്യ ജീവിതശൈലീവത്കരണം യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക.

29. തീരദേശത്തെ ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിന് ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനും മുൻകൈ എടുക്കുക.

30. ഡിസ്പെൻസറികളിൽ അഡീഷണൽ മെഡിക്കൽ ഓഫീസറെ നിയമിക്കുക.

31. സ്ഥലസൗകര്യം പര്യാപ്തമാണെങ്കിൽ ഡിസ്പൻസറികളെ അപ്ഗ്രേഡ് ചെയ്യാൻ മുൻകൈ എടുക്കുക.

32. പുറക്കാട്ടിരിയിലെ കുട്ടികളുടേയും കൗമാരക്കാരുടേയും ചികിത്സാ കേന്ദ്രത്തെ (എ. സി. എസ്. എം. എ. സി. എ. സി. സി.) മികവിന്റെ കേന്ദ്രമാക്കുന്നതിന് പശ്ചാത്തല സൗകര്യം അതിന് അനുസൃതമായി വികസിപ്പിക്കുക.

33. ഫീൽഡ് പ്രവർത്തനം സാധ്യമാവുന്നതിന് നിലവിലെ ഭൗതികസൗകര്യം പങ്കുവെക്കുന്നതിന് മുൻകൈ എടുക്കുക.

34. പാലിയേറ്റീവ് കെയർ ടീമിൽ അഡീഷണൽ ആയുർവേദ ഡോക്ടറെ ഉൾപ്പെടുത്തുക. പാലിയേറ്റീവ് ആയുർവേദ ഔഷധങ്ങൾക്കായി പ്രത്യേകം ഫണ്ട് നീക്കിവെക്കുക.

35. ഔഷധസസ്യ കൃഷി കുടുംബശ്രീ യൂണിറ്റുകൾ മുഖേനയോ മറ്റ് സഹകരണ സംഘങ്ങൾ മുഖേനയോ പ്രേത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക.

36. മെഡിക്കൽ ടൂറിസത്തിന് കരുത്ത് പകരാൻ അന്താരാഷ്ട്ര നിലവാരത്തിൽ പരിസര ശുചിത്വം ഉറപ്പുവരുത്തുക.

37. 'സ്പന്ദനം' പദ്ധതിയുടെ ഓരോ സെന്റർ ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും ആരംഭിക്കുകയും പദ്ധതിയുടെ ഒരു ജില്ലാതല പരിശീലന കേന്ദ്രം ആരംഭിക്കുകയും ചെയ്യുക.

38. ജീവിതശൈലീ രോഗങ്ങൾ കോഴിക്കോട് ജില്ലയിലും ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു ആയുർയോഗ സെന്റർ ജില്ലയിൽ സ്ഥാപിക്കുക.

39. ജില്ലയിൽ സ്വന്തമായികെട്ടിടം ഇല്ലാത്ത സ്ഥാപനങ്ങൾക്ക് കെട്ടിടവും ഭൗതിക സൗകര്യവും (പ്രാഥമിക കൃത്യനിർവഹണത്തിനുള്ള സൌകര്യമുൾപ്പെടെ) അനുവദിക്കുക. ആയതിനായി പഞ്ചായത്തുകളിൽ വാർഷിക പദ്ധതി രൂപീകരിക്കുക.

40. സർക്കാർ ഡിസ്പൻസറി, എൻ.എച്ച്.എം ഹോമിയോ ഡിസ്പൻസറികൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണത്തിനും മറ്റു ഭൗതിക മാനുഷ്യ വിഭവശേഷി വികസനത്തിനും ആവശ്യമായ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

41. വിവിധ പദ്ധതികൾക്ക് പ്രത്യേക സൗകര്യങ്ങളോടു കൂടിയ കെട്ടിട സമുച്ചയം ഉണ്ടാക്കുവാൻ ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾ നടപടി സ്വീകരിക്കുക.

42. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഡിസ്പെൻസറിയിൽ അതാതു പ്രദേശങ്ങളിൽ സാധാരണയിൽ കൂടുതലായി കണ്ടു വരുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പ്രത്യേക പ്രോജെക്ടുകൾ ഭൌതിക സൌകര്യങ്ങൾ ഉൾപ്പടെ

തയ്യാറാക്കുക.

43. മലയോര മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത്, പാർശ്വവൽക്കരിക്കപ്പെട്ട ജനതയിലേക്ക് മൊബൈൽ ഡിസ്പൻസറികൾക്കായി പ്രൊജക്റ്റ് നടപ്പിലാക്കുക.

44. ജീവതശൈലീ രോഗങ്ങൾ പരിഹരിക്കാൻ പറ്റുന്ന രോഗ ചികിത്സ/ പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതികൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കുക.

45. ആയുഷ് സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനും യോഗ ഹാൾ, ഔഷധ സസ്യത്തോട്ടം എന്നിവ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

സംയോജന സാധ്യതകൾ

ജില്ലയിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും ആരോഗ്യ വകുപ്പിലെയും ആയുഷ്, ഹോമിയോ വകുപ്പിലെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് പൊതുജനാരോഗ്യ രംഗത്ത് വിപുലമായ മുന്നേറ്റമുണ്ടാക്കുക. ശുചിത്വമിഷൻ, വാട്ടർ അതോറിറ്റി, ജലനിധി, സാമൂഹിക നീതി വകുപ്പ്, ട്രൈബൽ വകുപ്പ്, ഫിഷറീസ് വകുപ്പ്, വിദ്യാഭ്യാസം, എക്സൈസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളും സംയുക്തമായി ഇടപെടാവുന്ന ധാരാളം മേഖലകൾ ആരോഗ്യരംഗത്തുണ്ട്.

1. പകർച്ചവ്യാധി നിയന്ത്രണത്തിനും, ജീവിത ശൈലീ രോഗ പ്രതിരോധത്തിനും ശുചിത്വത്തിനുമായി വിദ്യാർത്ഥികളെ ഹെൽത്ത് അംബാസഡർമാരായി നിയോഗിക്കുക.

2. യുവജനക്ഷേമം, കുടുംബശ്രീകൾ, ആരോഗ്യ സേനാ പ്രവർത്തകർ, വിദ്യാർഥികൾ, പെൻഷനേഴ്സ് ഫോറം തുടങ്ങി വിവിധ ഏജൻസികളേയും വിഭാഗങ്ങളെയും ഈ പ്രവർത്തനങ്ങളിൽ സംയോജിപ്പിക്കുക.

3. പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ വിവിധ ചികിത്സാ രീതികളെയും ജില്ലയിലെ വിവിധ ഏജൻസികളെയും സംയോജിപ്പിക്കുക.

4. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ ക്ഷേമത്തിനായുള്ള 'ഗരിമ' പദ്ധതി - ആരോഗ്യ വകുപ്പ് (ലീഡ് ഏജൻസി) തൊഴിൽ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയോജനം.

5. സ്നേഹസ്പർശം പരിപാടി. ജില്ലാ പഞ്ചായത്ത് (ലീഡ് ഏജൻസി) ആരോഗ്യ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയോജനം.

6. കാൻസർ രോഗികൾക്കായി കാൻ കെയർ പദ്ധതി - ജില്ലാ പഞ്ചായത്ത് (ലീഡ് ഏജൻസി) ആരോഗ്യ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയോജനം.

7. പകർച്ചവ്യാധികളുടെയും ജീവിതശൈലീ രോഗങ്ങളുടെയും പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ബ്ലോക്ക് തലത്തിൽ ഒന്നോ രണ്ടോ വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുന്നതു വഴി ബ്ലോക്ക് തല ഏകോപനം സുഗമമാവുകയും അതത് പ്രദേശത്തെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനും ടാസ്ക് ഫോഴ്സ് പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്നതിനും സാധിക്കും. ഇതിനായി നിലവിൽ വരുന്ന ചെലവുകൾ കുറക്കുന്നതിനും ഇതുവഴി സാധിക്കും.

8. ആരോഗ്യ മേഖലയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും ആശാ വർക്കർമാരുടെയും സേവനം സംയോജിപ്പിക്കുന്നതിലൂടെ ഫീൽഡ് പ്രവർത്തനങ്ങളിൽ വകുപ്പിന് കൂടുതൽ മികവുറ്റ രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കും.

9. പാലിയേറ്റീവ് കെയർ രംഗത്ത് പരിമിതമായ സേവനമാണ് വകുപ്പ് ഇപ്പോൾ നടത്തി വരുന്നത്. ഭൂരിഭാഗം രോഗികളും പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ആയുർവേദ ഔഷധങ്ങളും തൈലങ്ങളും ഉപയോഗിക്കുന്നുണ്ട്. വിവിധ ചികിത്സാ രീതികളെ പാലിയേറ്റീവ് സൊസൈറ്റികളുമായി സംയോജിപ്പിച്ച് ഈ രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ കഴിയും.

10. ഔഷധസസ്യ കൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന ഔഷധങ്ങൾ വിൽപ്പെടുന്നതിനും,

കർഷകർക്ക് ഗുണം ലഭിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ കോഴിക്കോട് ജില്ലയിൽതന്നെ നിലവിലുണ്ട്. എന്നാൽ ജില്ലയിലൊരിടത്തും വ്യാപകമായ രീതിയിൽ ഔഷധസസ്യങ്ങൾ കൃഷി ചെയ്യപ്പെടുന്നില്ല. കൃഷിവകുപ്പുമായും ഔഷധസസ്യ ബോർഡുമായും സഹകരിച്ച് ശരിയായ ബോധവൽക്കരണവും വിവിധ പദ്ധതികളുമുണ്ടെങ്കിൽ കർഷകർക്ക് ഗുണകരമായ രീതിയിൽ ഗുണമൂല്യമുള്ള ഔഷധ സസ്യങ്ങൾ ജില്ലയിൽതന്നെ ഉൽപാദിപ്പിക്കാൻ സാധിക്കും.

11. പകർച്ചവ്യാധിപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വിവിധവകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാവുന്നതാണ്.

12. ഐ.സി.ഡി.എസ്, സി.ഡി.എസ് എന്നിവയുമായി ഏകോപിച്ച് ആരോഗ്യബോധവൽക്കരണം, രോഗപ്രതിരോധ പ്രവർത്തനം എന്നിവയ്ക്കുള്ള പദ്ധതി നടപ്പിലാക്കുക.

13. വകുപ്പിന്റെ കീഴിൽ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന വിവിധ പദ്ധതികൾക്ക് പ്രത്യേകം സൗകര്യങ്ങളോടുകൂടിയ കെട്ടിടമുണ്ടാക്കുവാൻ ജില്ല ബ്ലോക്ക് പഞ്ചായത്തുകൾ നടപടികൾ സ്വീകരിക്കുക.

14. ജില്ല - ബ്ലോക്ക് - ഗ്രാമ പഞ്ചായത്തുകളെ ഏകോപിച്ചുള്ള ബോധവല്ക്കരണം, മറ്റു സാമൂഹ്യ പദ്ധതികൾ എന്നിവ നടപ്പിലാക്കുക.

കുടിവെള്ളം

നിലവിലുള്ള അവസ്ഥ

കുടിവെള്ള ക്ഷാമം എന്നത് നമ്മുടെ ജില്ലയിൽ ഏതാണ്ട് നാല് ദശകം മുമ്പുവരെ സാങ്കൽപികമായിരുന്നു. എന്നാൽ ജനസംഖ്യ വർദ്ധനവ്, കാലാവസ്ഥാവ്യതിയാനം, നഗര വൽക്കരണം. വ്യവസായവൽക്കണംഎന്നിവയുടെ ഫലമായി ജല ലഭ്യത കുറഞ്ഞുവരികയാണ്. ഉയർന്നപ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും ശുദ്ധജല ക്ഷാമം അതിരൂക്ഷമാണ്. ശുദ്ധജല ക്ഷാമം പരിഹരിക്കുവാൻ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ ഇതേവരെ സാധിച്ചിട്ടില്ല. ശുദ്ധജലക്ഷാമം പരിഹരിക്കാൻ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയത് കൊണ്ട് മാത്രം പരിഹാരമാകില്ല. ജനപങ്കാളിത്തത്തോടുകൂടി മഴവെള്ളം സംരക്ഷിക്കാനാവശ്യമായ പദ്ധതികൾ, കിണർ റീചാർജ്ജിംഗ്, പരമ്പരാഗത സ്രോതസ്സുകളുടെ സംരക്ഷണം എന്നിവ നടപ്പിലാക്കേണ്ടതുണ്ട്. 2345 ച.കി.മി. വിസ്തീർണ്ണമുള്ള കോഴിക്കോട് ജില്ലയിൽ 2011 ലെ സെൻസസ് പ്രകാരം 30,86,293 ജനങ്ങളാണുള്ളത്. 2030 ൽ ഇത് ഏകദേശം 35.50 ലക്ഷത്തോളമായി ഉയർന്നേക്കാൻ സാധ്യതയുണ്ട്. ഗ്രാമീണ മേഖലയിൽ പ്രതിദിനം ഒരാൾക്ക് 100 ലിറ്റർ തോതിലും നഗര പ്രദേശങ്ങളിൽ ഒരാൾക്ക് 150 ലിറ്റർ തോതിലും ശുദ്ധജലം ആവശ്യമാണ്. ഇത് പ്രകാരം 2020 ൽ ഒരു ദിവസത്തേക്ക് 457 ദശലക്ഷം ലിറ്റർ ശുദ്ധജലം ആവശ്യമാണ്. 2030 ൽ 490.14 ദശലക്ഷം ലിറ്റർ ശുദ്ധജലം ആവശ്യമായി വരുന്നതാണ്.

നിലവിൽ കേരള ജല അതോറിറ്റി ജില്ലയിൽ ശുദ്ധീകരിച്ച 196 ദശലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്തു വരുന്നു. കൂടാതെ ചെറുകിട ശുദ്ധ ജല വിതരണ പദ്ധതികൾ മുഖേന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും, കേരള ജല അതോറിറ്റി വഴിയും ജില്ലയിൽ ശുദ്ധജലം വിതരണം ചെയ്തു വരുന്നു. മേൽ പറഞ്ഞ പദ്ധതികൾ വഴിയല്ലാതെ സ്വന്തം കിണർ വഴി വെള്ളം ശേഖരിച്ചും ആവശ്യങ്ങൾ നിറവേറ്റി വരുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ ശുദ്ധജലത്തിന് പ്രധാനമായും വീട്ടുമുറ്റത്തെ കിണറിനെയാണ് ആശ്രയിച്ചു വരുന്നത്. ഈ കിണറുകളിൽ 80 ശതമാനത്തോളം ഫിബ്രവരി-മാർച്ച് മാസങ്ങളിൽ വറ്റിപ്പോകുകയും ശുദ്ധജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്ന് ജില്ലയിൽ നിലവിലുള്ളത്. മണ്ണും ജലവും സംരക്ഷിക്കാൻ ജന പങ്കാളിത്ത ത്തോട്കൂടിയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്. വെള്ളം ആവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന രീതി സ്വായത്തമാക്കണം. അടുത്ത പത്ത് വർഷത്തിനുള്ളിൽ ലോകത്തിലെ നാലിലൊന്ന് മനുഷ്യർക്കും ശുദ്ധജലം ലഭ്യമല്ലാത്ത അവസ്ഥ യുണ്ടാകുമെന്നാണ് പഠനങ്ങളിൽ പറയുന്നത്. ഈ അവസ്ഥ തരണം ചെയ്യുന്നതിനായുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

ഇന്നത്തെ നിലയിൽ 30 ശതമാനത്തോളം നഗര വാസികൾക്കും, 75 ശതമാനം ഗ്രാമവാസികൾക്കും ശാസ്ത്രീയമായി ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമല്ലാത്ത അവസ്ഥയിലാണ്. കോഴിക്കോട് ജില്ലയിലെ ഭൂരിഭാഗം പുഴകളിലെ ജലവും മലിനമായതിനാൽ ഉപയോഗിക്കാൻ കഴിയാത്ത നിലയിലാണ്. ജില്ലയുടെ തീരപ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി വെള്ളം ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയുമുണ്ട്. ഉപ്പുവെള്ളം കയറുന്നത് തടയാനായി റഗുലേറ്റർ കം ബ്രിഡ്ജുകൾ നിർമ്മിക്കേണ്ടതുണ്ട്. പ്രധാനമായും കുറ്റ്യാടി പുഴയിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാനായി പെരുഞ്ചേരി കടവിൽ ഒരു റഗുലേറ്റർ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ചിറ്റാരിക്കടവിൽ റഗുലേറ്റർ നിർമ്മാണം നടന്നു വരുന്നുണ്ട്. ജില്ലയിൽ പ്രധാനമായും രണ്ട് റിസർവോയറുകളാണ്

നിലവിലുള്ളത്. ഒന്ന് പെരുവണ്ണാമൂഴി ജലസേചന പദ്ധതിയുടെ ഡാമും, രണ്ടാമത്തേത് കക്കയം വൈദ്യുതി ഉൽപാദനത്തിനു വേണ്ടിയുള്ള ഡാമുമാണ്.

ജില്ലയിൽ നാലു ലക്ഷത്തോളം കിണറുകളും, 385 ചെറുതടാകങ്ങളും ഉണ്ട്. ഇവ കൂടാതെ ജില്ലയിൽ 46 നീരുറവകളും ഉണ്ട്. ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളിലും, 7 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലുമായി 1741 പൊതു കിണറുകളും 449 പൊതു കുഴൽ കിണറുകളും 617 പൊതു കുളങ്ങളും 88 ജല അതോറിറ്റി പദ്ധതികളും ഉണ്ട്. സ്രോതസ്സുകളുടെ വിവരങ്ങൾ പട്ടിക 4.2.22 ലും തദ്ദേശ ഭരണ സ്ഥാപനതല വിവരങ്ങൾ അനുബന്ധം 4 . 43 ലും നല്കി യിട്ടുണ്ട്.

പട്ടിക 4.2.22

ജില്ലയിലെ ജല ലഭ്യത : പൊതു സംവിധാനങ്ങൾ

സ്രോതസ്സ്	കോർപ്പറേഷൻ	ഗ്രാമപഞ്ചായത്ത്	മുനിസിപ്പാലിറ്റി	ആകെ
പൊതുകിണറുകൾ	98	1521	122	1741
പൊതുകുഴൽ കിണറുകൾ *	-	336	113	449
പൊതുകുളങ്ങൾ	6	549	62	617
ജലഅതോറിറ്റി പദ്ധതികൾ	1	70	17	88
ആകെ	**105**	**2476**	**314**	**2895**

സ്രോതസ്സ് : ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്.

* ഇവ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളവയും ഉണ്ട്.

A. ജില്ലയിലെ ജല ലഭ്യത

വർഷകാലത്ത് ജൂൺ മുതൽ ഡിസംബർ വരെ 2603 മി.മീ.മഴയും, ജനുവരി മുതൽ മെയ് വരെ 460 മി.മീ. മഴയുമാണ് ജില്ലയിൽ ശരാശരി ലഭിച്ചു വരുന്നത്. ജില്ലയുടെ ഭൂപ്രകൃതി അനുസരിച്ച് 24 മുതൽ 48 മണിക്കൂറിനുള്ളിൽ തന്നെ പെയ്ത മഴ കടലിലേക്ക് ഒഴുകി പോകുന്ന അവസ്ഥയാണ്. ഒഴുകി പോകുന്ന ജലത്തെ തടഞ്ഞു നിർത്തി ഉപയോഗിക്കുന്നതിനാവശ്യമായ പദ്ധതികൾ വ്യാപകമല്ല.

B. ജില്ലയിലെ ജലസ്രോതസ്സുകൾ

ഉപരിതല ജല സ്രോതസ്സുകൾ.

1. നദികൾ

കോഴിക്കോട് ജില്ലയിൽ 6 പ്രധാന പുഴകളാണ് ഉള്ളത്. കുറ്റ്യാടി പുഴ, മാഹി പുഴ, കോരപ്പുഴ, കല്ലായി പുഴ, ചാലിയാർ, കടലുണ്ടിപ്പുഴ. ഇവയിൽ ഏറ്റവും കൂടുതൽ ജല ലഭ്യതയുള്ളത് ചാലിയാറിലാണ്. മൊത്ത വാർഷിക നീരൊഴുക്കിന്റെ അറുപത് ശതമാനം ഉപയോഗിക്കാനാവുന്ന വിഭവ ശേഷിയായി കണക്കാക്കിയാൽ 1581 ദശലക്ഷം ഘനമീറ്റർ ജലം ജില്ലയിലുണ്ട്. മേൽപറഞ്ഞ നദികളിൽ നിന്നും ശുദ്ധജല വിതരണത്തിനായി പ്രതിദിനം 125 മില്ല്യൺ ലിറ്ററോളം ജലം ഉപയോഗിച്ച് വരുന്നു

2. ചിറകൾ

കോഴിക്കോട് ജില്ലയിൽ 2333 ചിറകൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. ശരാശരി 40 ച.മീറ്റർ വിസ്താരവും മൂന്ന് മീറ്റർ ആഴവുമുള്ള ചിറകളാണ് ഇവയിൽ കൂടുതലും. ഇവയിൽ നിന്നും 8.39 ദശലക്ഷം ഘന മീറ്റർ ഉപയോഗയോഗ്യമായ ജലം ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നു.

3. ജല സംഭരണികൾ

ജില്ലയിൽ രണ്ട് റിസർവോയറുകളാണ് ഉള്ളത്. കക്കയം റിസർവോയറും പെരുവണ്ണാമൂഴി റിസർവോയറും. രണ്ടും കുറ്റ്യാടി നദീതട പദ്ധതികളാണ്. രണ്ട് സംഭരണികളിലേയും കൂടി

ജല വിഭവ ശേഷി 147.88 ദശ ലക്ഷം ഘനമീറ്ററാണ്. മൊത്ത ശേഷിയും ഉപയോഗപ്പെടുത്താവുന്നതാണ്.

ഭൂഗർഭ ജല സ്രോതസ്സുകൾ

പ്രധാന ഭൂഗർഭ ജല സ്രോതസ്സുകൾ തുറന്ന കിണറുകളും കുഴൽ കിണറുകളുമാണ്. തുറന്ന കിണറുകൾ ഭൂമിയുടെ മേല്ത്തട്ടിലുള്ള ജലം വലിച്ചെടുക്കുമ്പോൾ കുഴൽ കിണറുകൾ അടിത്തട്ടിലെ ജലമാണ് ചൂഷണം ചെയ്യുന്നത്. കോഴിക്കോട്, വടകര നഗര പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ഭൂരിഭാഗവും തുറന്ന കിണറുകളിലെ ജലത്തെയാണ് ആശ്രയിക്കുന്നത്. മൊത്തം ലഭിക്കുന്ന വാർഷിക വർഷപാതത്തിന്റെ 10 ശതമാനം കിനിഞ്ഞിറങ്ങലിലൂടെ ഭൂഗർഭ ജലമായി രൂപാന്തരപ്പെടുന്നു എന്ന് കണക്കാക്കിയാൽ 100 x 10^3ലിറ്റർ വെള്ളം ഉള്ളതായി കണക്കാക്കാം. മിനിറ്റിൽ 2 മുതൽ 2400 ലിറ്റർ വരെ വെള്ളം ലഭിക്കുന്ന 46 നീരുറവകൾ ജില്ലയിലുണ്ട്.

ഭൂഗർഭ ജലത്തെ സംബന്ധിച്ച വിവരങ്ങൾ

സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ കണക്കു പ്രകാരം ജില്ലയിലെ ആകെ ഭൂഗർഭ ജലം 344.62 മില്ല്യൺ ക്യുബിക് മീറ്ററാണ്. ജലസേചനത്തിന് 52 മില്ല്യൺ ക്യുബിക് മീറ്ററും, കുടിവെള്ളത്തിനും വ്യാവസായിക ആവശ്യത്തിനും കൂടി 140.24 മില്ല്യൺ ക്യുബിക് മീറ്റർ ഭൂഗർഭ ജലവും ഉപയോഗിക്കുന്നു. ജില്ലയിലെ ഭൂഗർഭ ജല സാധ്യത സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടിക 4.2.23 ൽ ചേർത്തിരിക്കുന്നു.

പട്ടിക 4.2.23

ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ഭൂഗർഭ ജല ലഭ്യത (CGWB 2011)

ബ്ലോക്ക്	Net Annual GW Availability	Gross GW Draft	Net GW Availability for future use	Stage of GW Development (in %)	Category
ബാലുശ്ശേരി	2610.79	2114.15	336.36	80.98	Semi-Critical
ചേളന്നൂർ	2451.49	1528.63	780.49	62.36	Safe
കൊടുവള്ളി	4759.22	1998.24	2582.24	41.99	Safe
കോഴിക്കോട്	3558.54	3159.61	63.91	88.79	Semi-Critical
കുന്ദമംഗലം	3109.61	2676.19	207.10	86.06	Semi-Critical
കുന്നുമ്മൽ	2637.05	1394.76	1112.70	52.89	Safe
മേലടി	3068.69	997.04	1985.60	32.49	Safe
പന്തലായനി	3638.84	1199.84	2320.46	32.97	Safe
പേരാമ്പ്ര	3600.89	1311.39	2180.73	36.42	Safe
തോടന്നൂർ	1679.23	836.85	755.32	49.84	Safe
തൂണേരി	1744.12	1024.22	627.62	58.72	Safe
വടകര	1603.82	983.39	514.79	61.32	Safe
ആകെ (ha.m)	34462.28	19224.30	13469.33	55.78	Safe
ആകെ (M.C.M.)	**344.62**	**192.24**	**134.69**	**55.78**	

സ്രോതസ്സ് : ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

ജില്ലയിലെ മഴ ലഭ്യതയെ സംബന്ധിച്ചുള്ള ചിത്രം 4.2.8 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ചിത്രം 4.2.8

മഴ ലഭ്യത സംബന്ധിച്ച വിവരങ്ങൾ



ജില്ലയിലെ കഴിഞ്ഞ 30 വർഷത്തെ മഴയിലുണ്ടായ വ്യത്യാസം ചിത്രം - 4.2.9 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ചിത്രം 4.2.9

ജില്ലയിലെ കഴിഞ്ഞ 30 വർഷത്തെ മഴയിലുണ്ടായ വ്യത്യാസം



സ്രോതസ്സ് : സി.ഡബ്ല്യു.ആർ.ഡി.എം.

വരൾച്ചാബാധിത പ്രദേശങ്ങൾ

കോഴിക്കോട് ജില്ല കഴിഞ്ഞ കുറച്ചു വർഷങ്ങളായി കടുത്ത വരൾച്ച അനുഭവിച്ചു വരുന്നു. മഴയുടെ കുറവാണ് ഇതിന് പ്രധാന കാരണം. ജില്ലയിലെ വരൾച്ച പ്രധാനമായും കുടിവെള്ള ക്ഷാമവുമായി ബന്ധപ്പെട്ടതാണ്. ജില്ലയിലെ നദികളും, തോടുകളും, കുളങ്ങളും, കിണറുകളും അടക്കമുള്ള മഴുവൻ ജലാശയങ്ങളും സംശുദ്ധിയോടെ നില നിർത്തിയാൽ വരൾച്ച നേരിടാൻ കഴിയും. കോഴിക്കോട് കോർപ്പറേഷൻ ഒഴികെയുള്ള ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും ഫെബ്രുവരി മാസം മുതൽ മെയ് വരെ രൂക്ഷമായ ശുദ്ധജല ക്ഷാമം നേരിട്ടുവരുന്നു. അടിയന്തിര പരിഹാരമെന്ന നിലയിൽ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയും, ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുകയും ചെയ്യേണ്ടതാണ്. ജില്ലയിലെ കുളങ്ങൾ, പുഴകൾ, തോടുകൾ എന്നിവയിലെ ജലവിതാനം ജനുവരി - മാർച്ച് മാസം എത്തുമ്പോഴേക്കും വളരെ താഴ്ന്നിരിക്കും. മിക്ക കിണറുകളും മാർച്ച് മാസത്തോടുകൂടി വെള്ളമില്ലാത്ത അവസ്ഥയിലാണ്. സാധാരണ ലഭിക്കേണ്ട കാലവർഷം കുറച്ചു വർഷങ്ങളായി കൃത്യമായി ലഭിക്കുന്നില്ല. 2017 ൽ ജില്ലയിൽ കടുത്ത വരൾച്ച അനുഭവപ്പെടുകയുണ്ടായി. ജില്ലയിലെ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ (ചിത്രം - 4.2.10) സൂചിപ്പിച്ചിരിക്കുന്നു

ചിത്രം - 4.2.10

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരൾച്ചയുമായി ബന്ധപ്പെട്ട വിവരങ്ങൾ



ജലഗുണനിലവാരം

ജില്ലയിലെ കടലോര പ്രദേശങ്ങളിലെ ജലം കുടിവെള്ളത്തിന് അനുയോജ്യമല്ലാത്തതാണ്. ഉപ്പിന്റെ അംശം വളരെ കൂടുതലായാണ് കണ്ടു വരുന്നത്. തീര പ്രദേശങ്ങളോട് അടുത്ത് കിടക്കുന്ന പഞ്ചായത്തുകളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. തീരപ്രദേശങ്ങളിലെ വെള്ളത്തിൽ വർഷത്തിൽ മുഴുവൻ സമയവും ഉയർന്ന അമ്ലത, ഇരുമ്പിന്റെ അംശം, മറ്റ് ലവണങ്ങൾ എന്നിവ അടങ്ങിയിരിക്കുന്നു. ഇക്കാരണത്താൽ ഇവിടുത്തെ വെള്ളം കുടിവെള്ള യോഗ്യമല്ല. പയ്യോളി മുനിസിപ്പാലിറ്റിയിലെ തീരപ്രദേശങ്ങളിലെ വെള്ളം മഞ്ഞ നിറമാവുന്നതിനാൽ ഉപയോഗ യോഗ്യമല്ല. കടലോര പ്രദേശങ്ങളിൽ വേനൽ കാലങ്ങളിൽ ഭൂഗർഭ ജലവിതാനം താഴുന്നതോ ടൊപ്പം കടലിൽ നിന്നും ഉപ്പുവെള്ളത്തിന്റെ തള്ളിക്കയറ്റം ഒരു പ്രശ്നമാവുന്നുണ്ട്. ഇത് കൂടുതലും അനുഭവപ്പെടുന്നത് നദീമുഖ പ്രദേശത്തും കടലിനോട് അടുത്ത് കിടക്കുന്ന പ്രദേശങ്ങളിലെ കിണറുകളിലുമാണ്. കൂടാതെ പുഴകളിൽ നിന്നും അമിതമായി മണലൂറ്റൽ നടക്കുന്നതുമൂലം കടൽവെള്ളം പുഴകളിലേക്ക് എത്തി ഉപ്പുവെള്ളമാവുന്ന അവസ്ഥയും നിലവിലുണ്ട്. കുറ്റ്യാടി പുഴയുടെ പല ഭാഗങ്ങളിലും ഉപ്പുവെള്ളം കയറി വരികയാണ്. 1 സെന്റീമീറ്റർ ജലവിതാനം താഴുമ്പോൾ 1 മുതൽ 200 പി.പി.എം. (പാർട്സ് പെർ മില്ല്യൺ) വരെ മൊത്തം ലയിച്ച ലവണങ്ങളും 0.5 മുതൽ 8 പി.പി.എം വരെ ക്ലോറൈഡ് അംശവും കൂടുന്നതായി കണ്ടുവരുന്നു.

ജില്ലയിലെ നാല് മുനിസിപ്പാലിറ്റികളിലെയും, മുപ്പതോളം ഗ്രാമപഞ്ചായത്തുകളിലെയും ചില വാർഡുകളിൽ ഗുണനിലവാര പ്രശ്നങ്ങളുള്ളതായി കണ്ടെത്തിയിട്ടുണ്ട് (NRDWP REPORT). ഇവയ്ക്ക് പുറമെ അറവ് മാലിന്യങ്ങൾ മനുഷ്യജന്യമായ മറ്റു മാലിന്യങ്ങൾ എന്നിവ ജല സ്രോതസ്സുകളിൽ വ്യാപകമായി തള്ളുന്നതും, പട്ടണപ്രദേശങ്ങളിലേയും ചേരി പ്രദേശങ്ങളിലേയും കക്കൂസ് ടാങ്കുകളിൽ നിന്നുള്ള മാലിന്യം എന്നിവയെല്ലാം ജില്ലയിലെ ജല സ്രോതസ്സുകളെ മലിനപ്പെടുത്തുന്നു. ഇതുമൂലം പല ഭാഗങ്ങളിലും ജല ജന്യരോഗങ്ങൾ പടർന്നു പിടിക്കുന്നു. ഇതു പരിഹരിക്കാൻ ശാസ്ത്രീയമായി ശുദ്ധീകരിച്ച ജല വിതരണ പദ്ധതികൾ നടപ്പാക്കേണ്ടതാണ്. ഹരിത മിഷനുമായി സഹകരിച്ച് ജനകീയ പങ്കാളിത്ത ത്തോടുകൂടി സ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ ആവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കേ ണ്ടതാണ്. ജലഗുണനിലവാര പ്രശ്നങ്ങളുള്ള വാർഡുകൾ ഉൾകൊള്ളുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചിത്രം 4.2.11 ൽ ഉൾകൊള്ളിച്ചിരിക്കുന്നു.

ചിത്രം 4.2.11

ജല ഗുണനിലവാര പ്രശ്നങ്ങളുള്ള പ്രദേശങ്ങൾ



ജില്ലയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ റിപ്പോർട്ട് ചെയ്യപ്പെട്ട ജലജന്യ രോഗങ്ങളുടെ കണക്ക് ചിത്രം 4.2.12 ൽ കൊടുത്തിരിക്കുന്നു.

ചിത്രം 4.2.12

കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്ത ജല ജന്യ രോഗങ്ങളുടെ എണ്ണം (30.11..2017 വരെ)



സ്രോതസ്സ് : ഐ.ഡി.എസ്.പി.

നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ അവസ്ഥാ വിശകലനം

1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പദ്ധതികൾ

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 1500 ഓളം ചെറുകിട ജല വിതരണ പദ്ധതികൾ നിലവിലുണ്ട്. ഈ പദ്ധതികൾ ജനകീയാസൂത്രണം, ജലനിധി, എം.എൽ.എ/എം.പി ഫണ്ടുകൾ എന്നീ വിഭാഗങ്ങളിൽ പെടുത്തിയാണ് നിർമ്മിച്ചത്. പ്രസ്തുത പദ്ധതികൾ പഞ്ചായത്തുകൾ നേരിട്ടല്ലാതെ ഗുണഭോക്തൃ കമ്മിറ്റികളാണ് പരിപാലിച്ചു പോരുന്നത്. സ്രോതസ്സുകളിലെ ജല ലഭ്യതക്കുറവും ശരിയായ പരിപാലനത്തിന്റെ അഭാവവും മൂലം മിക്ക പദ്ധതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. എന്നിരുന്നാലും ജില്ലയിലെ തീരപ്രദേശങ്ങളിലേയും ഉയർന്ന പ്രദേശങ്ങളിലേയും ശുദ്ധജല ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ ഇത്തരം പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്. 2017 ൽ ഉണ്ടായ കടുത്ത വരൾച്ചയിൽ ഇത്തരം പദ്ധതികൾ പലതും പൂർണ്ണമായി നിർത്തി വെക്കേണ്ടി വന്നിരുന്നു. സ്രോതസ്സിലെ ജലം വറ്റുന്നതു മൂലം പദ്ധതി വിഭാവനം ചെയ്യുന്ന തരത്തിൽ ജലം ലഭ്യമല്ലാതെ പോവുന്നതിനാൽ ജലവിതരണം സാധ്യമല്ലാതാവുന്നു. ജില്ലയിൽ ഒളവണ്ണ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നിരവധി ചെറുകിട ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കുകയുണ്ടായി. നിലവിൽ ഒളവണ്ണ പഞ്ചായത്തിൽ 56 ചെറുകിട പദ്ധതികൾ ഉണ്ട്. എന്നാൽ പ്രസ്തുത പദ്ധതികളുടെ സ്രോതസ്സിലെ ജലലഭ്യത കുറവ് പദ്ധതിയുടെ കാര്യക്ഷമതയെ ബാധിച്ചിട്ടുണ്ട്. നഗരവത്ക്കരണത്തിന്റെ ഭാഗമായി വയലുകളും തണ്ണീർത്തടങ്ങളും വൻതോതിൽ ഇല്ലാതാക്കുന്നതിന്റെ ഫലമായി പദ്ധതികളുടെ കിണറുകളിൽ വെള്ളം ഇല്ലാതാകുന്നു.

ജില്ലയിൽ ആദ്യമായി ജലനിധി പദ്ധതി നടപ്പിലാക്കിയ കുന്നുമ്മൽ പഞ്ചായത്തിലെ മിക്ക ചെറുകിട പദ്ധതികൾ വഴിയും ശരിയായ രീതിയിൽ ജല വിതരണം നടക്കുന്നില്ല. കിണറുകളിലെ ജല നിരപ്പ് കുറയുന്നതാണ് പ്രധാനകാരണം. മേൽ പറഞ്ഞ തരത്തിലുള്ള ചെറുകിട പദ്ധതികളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താത്തതും പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്നു.

പട്ടിക 4.2.24

ജില്ലയിലെ ജലനിധി പദ്ധതി വിവരങ്ങൾ – Phase 1 & 2 (31.03.2016 വരെ)

ആകെ പദ്ധതികൾ	824
ഗാർഹിക കണക്ഷനുകൾ	33003
ഗാർഹികേതര കണക്ഷനുകൾ	25
ആകെ ഗുണഭോക്താക്കൾ	174712

സ്രോതസ്സ് : കേരള വാട്ടർ അതോറിറ്റി

2) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾ

ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് 12 നഗര ശുദ്ധജല വിതരണ പദ്ധതിയും, 73 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുമാണ് നിലവിലുള്ളത്. നഗര പ്രദേശങ്ങളിൽ 67294 കണക്ഷനുകളും ഗ്രാമീണ മേഖലയിൽ 22360 കണക്ഷനുകളും ഉണ്ട്. കൂടാതെ 7607 പൊതുടാപ്പുകൾ വഴിയും ജല വിതരണം നടത്തിവരുന്നുണ്ട്.

നഗര ശുദ്ധജലവിതരണ പദ്ധതികളിൽ വടകര മുനിസിപ്പാലിറ്റിയിലേക്കുള്ള പദ്ധതിയുടെ സ്രോതസ്സിൽ ഉപ്പുവെള്ളം കയറുന്നതുമൂലം ജനുവരി മാസം മുതൽ ജലവിതരണത്തിൽ ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. കോഴിക്കോട് നഗരത്തിൽ ജപ്പാൻ സഹായത്തോടുകൂടിയുള്ള പദ്ധതിയിൽ നിന്നും ജലം ലഭിച്ച ശേഷം ജല വിതരണം കാര്യക്ഷമമായി നടന്നു വരുന്നു.

ജില്ലയിലെ 19 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും ശുദ്ധീകരണശാല വഴി ശുദ്ധീകരിച്ച ജലമാണ് വാട്ടർ അതോറിറ്റി വിതരണം ചെയ്തു വരുന്നത്. 51 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലും ശുദ്ധീകരണശാല വഴി ശുദ്ധീകരിച്ച ജലം വിതരണം ചെയ്യേണ്ടതുണ്ട്.

ഗ്രാമീണ മേഖലയിലെ ചെറുകിട ജലവിതരണ പദ്ധതികളുടെ സ്രോതസ്സ് വേനൽക്കാലങ്ങളിൽ ശോഷിച്ച് പോകുന്നത് കാരണം സുഗമമായ ജലവിതരണത്തിന് തടസ്സം നേരിടുന്നുണ്ട്. കൂടാതെ പമ്പ് സെറ്റുകളുടെയും പൈപ്പുകളുടെയും കാലപ്പഴക്കം മൂലം പദ്ധതികൾ പലതും കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സ്ഥിതിയുമാണ് നിലവിലുള്ളത്. കേരള വാട്ടർ അതോറിറ്റി പത്ത് വർഷത്തിനുള്ളിൽ ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും ശുദ്ധീകരിച്ച ജലം വിതരണം ചെയ്യണമെന്ന ലക്ഷ്യം നേടാനായുള്ള പ്രവർത്തനങ്ങളിലാണ്. ഇതു സംബന്ധിച്ച പദ്ധതികൾ രൂപകൽപന ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

പരമ്പരാഗത ജല സ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ തടാകങ്ങൾ, നീരുറവകൾ എന്നിവ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പുഴകളിലും തോടുകളിലും ആവശ്യമായ തടയണകൾ നിർമ്മിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള തടയണകൾ നിർമ്മിക്കുന്നതു മൂലം പമ്പിംഗ് സ്റ്റേഷനുകളിൽ ജല വിതാനം ഉയരുകയും സമീപ പ്രദേശങ്ങളിലെ കിണറുകളിലെ ജലവിതാനം വർദ്ധിക്കുകയും ചെയ്യും. കേന്ദ്രീകൃതമായ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ വൻ സാമ്പത്തിക ബാധ്യതയും, നിർമ്മാണത്തിന് കാലതാമസവും വരുമെങ്കിലും നഗരവൽക്കരണത്തിന്റെയും ജനസംഖ്യ വർദ്ധനവിന്റെയും ജല ക്ഷാമ പ്രദേശത്തേക്കുള്ള വർദ്ധിച്ച കുടിയേറ്റത്തിന്റെയും വെളിച്ചത്തിൽ വൻകിട പദ്ധതികൾ അത്യാവശ്യമായി വന്നിരിക്കുന്നു. എന്നാൽ ഗ്രാമ പ്രദേശങ്ങളിൽ ഇത്തരം വൻകിട പദ്ധതികളെ മാത്രം ആശ്രയിച്ച് ജനങ്ങളുടെ ആവശ്യം പരിപൂർണ്ണമായി നിർവ്വഹിക്കാൻ കഴിയില്ല. നമ്മുടെ ജില്ലയിലെ മുഴുവൻ കുടുംബങ്ങൾക്കും കേന്ദ്രീകൃത ശുദ്ധജല വിതരണ പദ്ധതികൾ വഴി ശുദ്ധീകരിച്ച കുടിവെള്ളം എത്തിക്കാൻ ഏതാണ്ട് 15 വർഷത്തെ സമയവും 1500 കോടി രൂപയുടെ

മുതൽ മുടക്കും വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. ഇത്തരമൊരു വൻ മുതൽ മുടക്ക് നമ്മെ സംബന്ധിച്ചിടത്തോളം പെട്ടെന്ന് ലഭ്യമാക്കുക എന്നത് പ്രയാസമാണ്. ആയതുകൊണ്ടുതന്നെ ഓരോ പ്രദേശത്തെയും ലഭ്യമായ ജല സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ചെലവ് കുറഞ്ഞതും പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയുന്നതുമായ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ കൂടി നടപ്പിലാക്കേണ്ടി വരും. വൻകിട പദ്ധതികൾ പൂർത്തീകരിക്കാൻ എടുക്കുന്ന കാല ദൈർഘ്യത്തിനിടയിലെ ജലക്ഷാമം പരിഹരിക്കാൻ കൂടുതൽ ജല ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ചെറുകിട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

കേരള ജല അതോറിറ്റി കോഴിക്കോട് കോർപ്പറേഷനും 13 സമീപ പഞ്ചായത്തുകളും കൂടി നടപ്പിലാക്കിയ ജൈക്ക സഹായത്തോടുകൂടിയുള്ള ബൃഹത് പദ്ധതി 2036 വരെ ജലവിതരണം നടത്താൻ പര്യാപ്തമാണ്. ഈ പദ്ധതി പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ജല അതോറിറ്റിയുമായി കൂടിയാലോചിക്കേണ്ടതാണ്. ജില്ലയിൽ നിലവിലുള്ള മിക്ക കുടിവെള്ള പദ്ധതികളുടെയും രൂപകൽപന കാലാവധി 2025 ൽ കഴിയുന്നതാണ്. ആയതിനാൽ ഈ പദ്ധതികൾ വിപുലീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള ജല അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുന്നതിനായി ഏകദേശം 250 കോടിയോളം ചിലവു വരുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടിക 4.2.25

ജില്ലയിലെ വാട്ടർ അതോറിറ്റി പദ്ധതികളുടെ ഗുണഭോക്താക്കൾ (31.03.2017 വരെ)

ക്രമ നം	പ്രദേശം	ഗുണഭോക്താക്കൾ	ശതമാനം
1	ഗ്രാമീണ പ്രദേശങ്ങൾ	396786	36.24
2	നഗര പ്രദേശങ്ങൾ	615487	29.67
	ആകെ	1012273	31.94

സ്രോതസ്സ് : കേരള വാട്ടർ അതോറിറ്റി

ജില്ലയിൽ 32 ശതമാനത്തോളം ജനങ്ങൾക്ക് മാത്രമാണ് നിലവിൽ ശാസ്ത്രീയമായി ശുദ്ധീകരിച്ച് ജലവിതരണം നടത്തുന്നത്. കൂടാതെ മറ്റു ചെറുകിട പദ്ധതികൾ വഴി ഏകദേശം 12 ശതമാനം പേർക്കും ജലവിതരണം നടത്തി വരുന്നുണ്ട്. പദ്ധതിയ്ക്കു വേണ്ടി പുതിയ കിണറുകൾ നിർമ്മിക്കുമ്പോൾ പ്രാദേശികമായ എതിർപ്പും ഉണ്ടാകുന്നു. നിരവധി പദ്ധതികൾ ഇത്തരത്തിലുള്ള എതിർപ്പുകൾ മൂലം മുടങ്ങിക്കിടക്കുന്നു. മുൻകാലങ്ങളിൽ അംഗീകരിച്ച് നടപ്പിലാക്കി തുടങ്ങിയ ചെറുകിട പദ്ധതികളുടെ പല ഘടകങ്ങളും പൂർത്തീകരിക്കാതെയിരിക്കുന്നതായും കണ്ടു വരുന്നു.

ജില്ലയിൽ 2030/2050 ലേക്ക് ആവശ്യമായ കുടിവെള്ളത്തിന്റെ ആവശ്യകത സംബന്ധിച്ച വിവരം അനുബന്ധം 4.41 ൽ ചേർത്തിരിക്കുന്നു.

3. പട്ടികജാതി/പട്ടിക വർഗ്ഗ കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികൾ.

ജില്ലയിലെ കോളനികൾക്കു വേണ്ടി വിവിധ പദ്ധതികളിൽപ്പെടുത്തി (കോർപ്പസ് ഫണ്ട്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം) കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം പദ്ധതികളുടേയും പരിപാലനം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയാണ് നടത്തിവരുന്നത്. പദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുക, വൈദ്യുതി ചാർജ്ജ് അടക്കാതിരിക്കൽ, സ്രോതസ്സുകളിലെ ജലക്കുറവ് എന്നീ കാരണങ്ങൾ കൊണ്ട് ഭൂരിഭാഗം പദ്ധതികളും പ്രവർത്തനക്ഷമമല്ല. പ്രസ്തുത പദ്ധതികളുടെ പരിപാലനത്തിനായി ഗവൺമെന്റ് തലത്തിൽ സംവിധാനങ്ങൾ ഉണ്ടാവേണ്ടതാണ്.

വളയം, വാണിമേൽ, താമരശ്ശേരി തുടങ്ങി പല പഞ്ചായത്തുകളിലും നടപ്പിലാക്കിയ പദ്ധതികൾ പ്രവർത്തനരഹിതമാണ്.

കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റി/ ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി യോജിച്ച് ബന്ധപ്പെട്ട പദ്ധതിക്ക് രൂപം നല്കേണ്ടതുണ്ട്.

4. അംഗനവാടി/സ്കൂൾ കുടിവെള്ള പദ്ധതികൾ

ജില്ലയിലെ അംഗനവാടികളിൽ ഭൂരിഭാഗം അംഗനവാടികളിലും കുടിവെള്ള പദ്ധതികൾ ഇല്ല. കേരള വാട്ടർ അതോറിറ്റിയുടേയും ഗ്രാമ പഞ്ചായത്തുകളുടേയും പദ്ധതി പ്രദേശത്തിനടുത്ത് സ്ഥിതി ചെയ്യുന്ന അംഗനവാടികളിൽ മാത്രമാണ് കുടിവെള്ളം ലഭിച്ചുവരുന്നത്. അംഗനവാടികൾക്കായി പ്രത്യേക കുടിവെള്ള പദ്ധതികൾ ആവശ്യമാണ്.

ജില്ലയിലെ സ്കൂളുകളിൽ 90 ശതമാനത്തിലും കുടിവെള്ളം ലഭ്യമാണ്. എന്നിരുന്നാലും മലയോര പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളിൽ ജനുവരി മാസം ആകുമ്പോഴേക്കും കിണറുകളിലെ വെള്ളം ഇല്ലാതാകുന്ന സ്ഥിതിയുണ്ട്.

വിദ്യാഭ്യാസ വകുപ്പും ജലവിഭവ വകുപ്പും സംയുക്തമായി അംഗനവാടി/സ്കൂൾ കുടിവെള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്.

ജില്ലയിലെ ശുദ്ധീകരണശാല വഴി ശുദ്ധീകരിച്ച് ജലവിതരണം നടത്തുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ ചിത്രം 4.2.13 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ചിത്രം 4.2.13

ശുദ്ധീകരണശാല വഴി ശുദ്ധീകരിച്ച് ജല വിതരണം നടത്തുന്ന പ്രദേശങ്ങൾ



കുടിവെള്ള മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

ജില്ലയിൽ ലഭിക്കുന്ന മഴയുടെ തോത് കുറയുന്നതും ലഭിച്ച മഴവെള്ളം വേണ്ട രീതിയിൽ സംഭരിക്കാൻ കഴിയാത്തതും കൂടാതെ ശുദ്ധജലത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതുമാണ് ജലക്ഷാമത്തിന് കാരണം. ജില്ലയിലെ പല സ്ഥലങ്ങളിലായി വിന്യസിക്കപ്പെട്ടിരിക്കുന്ന സ്രോതസ്സുകളിൽ നിന്ന് ആവശ്യമുള്ള സ്ഥലങ്ങളിൽ ജലം എത്തിക്കുക എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ എത്തേണ്ടതാണ്. വൻകിട പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലങ്ങൾ യഥാസമയം ലഭ്യമാകാത്തതും റോഡുകൾ വഴി പൈപ്പ് ലൈനുകൾ സ്ഥാപിക്കാനുണ്ടാകുന്ന കാലതാമസവും പദ്ധതി പൂർത്തീകരണത്തിന് തടസ്സമുണ്ടാക്കുന്നു. ചെറുകിട പ്രൊജക്ടുകൾ പൂർണ്ണമായി പൂർത്തീകരിക്കാൻ ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ വകയിരുത്തുന്നില്ല. അതുകൊണ്ടു തന്നെ ചെറിയ പദ്ധതികളുടെ പ്രയോജനം ലഭിക്കാൻ കാലതാമസം വരുന്നു.

ജില്ലയിലെ തീരപ്രദേശങ്ങളിലേയും ഉയർന്ന പ്രദേശങ്ങളിലേയും കുടിവെള്ള ക്ഷാമത്തിന് ചെറിയ കുടിവെള്ള പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കേണ്ടിവരുന്നു. ഇത്തരം പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ പദ്ധതി വിഹിതത്തിൽപെടുത്തി പദ്ധതികൾ നടപ്പിൽ വരുത്തിയെങ്കിലും പല പദ്ധതികളുടേയും സ്രോതസ്സുകൾ വരൾച്ചാ കാലത്ത് ഇല്ലാതാകു ന്നതായാണ് കാണുന്നത്. വയലുകളും തണ്ണീർത്തടങ്ങളും ഇല്ലാതാകുന്നതു മൂലം ചെറു കിട പദ്ധതികളുടെ സ്രോതസ്സ് വറ്റിപ്പോകുന്നു. ജില്ലയിലെ പ്രധാന നദികളായ കുറ്റ്യാടി പുഴ, കോരപ്പുഴ എന്നീ പുഴകളിലെ വെള്ളം ഉപ്പുവെള്ളം കയറി മലിനപ്പെടുകയും ചെയ്യുന്നു. നിലവിലുള്ള ജല ലഭ്യത സംബന്ധിച്ചും ജല വിതരണ പദ്ധതികളുടെ അവസ്ഥയും അനുബന്ധം 4.46 ൽ സൂചിപ്പിക്കുന്നു.

ചിത്രം - 4.2.14

ജില്ലയിൽ പുതുതായി ശുദ്ധീകരിച്ച ജലവിതരണം നടത്താനുദ്ദേശിക്കുന്ന പ്രദേശങ്ങൾ



KOZHIKODE DISTRICT - COVERAGE STATUS

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വൻകിട ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്ക്കരിച്ച് സമയ ബന്ധിതമായി നടപ്പിലാക്കുക.

ശാസ്ത്രീയമായി ശുദ്ധീകരിച്ച ജല വിതരണം ചെയ്യാൻ വൻകിട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. വൻകിട പദ്ധതികൾക്കാവശ്യമായ സ്ഥലം യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണം. വൻകിട പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിനാൽ, ജലദൗർഭല്യം കൂടുതൽ അനുഭവപ്പെടുന്ന തീരപ്രദേശങ്ങൾ, ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്കായി ചെറുകിട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം ഉപയോഗിച്ച് ചെറുകിട പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഓരോ പ്രദേശത്തേയും ലഭ്യമായ ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, താരതമ്യേന ചിലവുകുറഞ്ഞതും പെട്ടെന്ന് പൂർത്തീകരിക്കാൻ കഴിയുന്നതുമായ ചെറുകിട ജലവിതരണ പദ്ധതികൾ കൂടി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. വൻകിട കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കേണ്ടതാണ്.

2. ഭൂഗർഭ ജലം വിനിയോഗിക്കുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിന്റെ കണക്കു പ്രകാരം ജില്ലയിലെ ബാലുശ്ശേരി, കോഴിക്കോട്, കുന്ദമംഗലം ബ്ലോക്കുകളിലെ ഗ്രൗണ്ട് വാട്ടർ ലെവൽ വളരെ താഴ്ന്നു കൊണ്ടിരിക്കുകയാണ്. ഈ ബ്ലോക്കുകളിൽ പുതിയ കുഴൽ കിണറുകൾ കുഴിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. ജില്ലയിലെ ഭൂർഗഭ ജലത്തിന്റെ ലഭ്യതയെ സംബന്ധിച്ച് ഒരു സമഗ്ര പഠനം ആവശ്യമാണ്. ജില്ലയിലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ സമഗ്ര പഠനം നടത്താൻ ചുമതലപ്പെടുത്താവുന്നതാണ്.

3. ശുദ്ധജലത്തിന്റെ ദുരുപയോഗവും ചോർച്ചയും തടയുക.

ശുദ്ധജലവിതരണ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന വെള്ളം വ്യാപകമായി ദുരുപയോഗം ചെയ്തു വരുന്നുണ്ട്. ദുരുപയോഗം തടയാനാവശ്യമായ സമഗ്രമായ നിയമം കൊണ്ടുവരേണ്ടതാണ്. കൂടാതെ പദ്ധതികളിൽ കീഴിൽ സ്ഥാപിച്ച പഴകിയ പൈപ്പ് ലൈനുകൾ വഴി വെള്ളം ചോർന്നു പോകുന്നുണ്ട്. പദ്ധതികളുടെ പഴകിയ പൈപ്പ് ലൈനുകൾ മാറ്റാനാവശ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

പ്രധാനമായും കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ വഴിയാണ് ജല ചോർച്ച സംഭവിക്കുന്നത്. പഴകിയ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാനാവശ്യമായ പദ്ധതികൾ ജല അതോറിറ്റി മുഖേന നടപ്പിലാക്കാവുന്നതാണ്. ജല ദുരുപയോഗം തടയാനാവശ്യമായ കർശന നിയമം ഗവൺമെന്റ് തലത്തിൽ കൊണ്ടുവരേണ്ടതാണ്.

4. നിലവിലുള്ള പുഴകളിലും തോടുകളിലും തടയണകൾ നിർമ്മിക്കുക.

പുഴകളിലും തോടുകളിലും തടയണകൾ നിർമ്മിക്കുന്നത് വഴി സമീപ പ്രദേശങ്ങളിലെ ജലവിതാനം ഉയരുന്നതാണ്. നിരവധി ശുദ്ധജലവിതരണ പദ്ധതികളുടേയും സ്രോതസ്സ് വേനൽക്കാലമാകുമ്പോൾ ഉപ്പ് വെള്ളം കയറി മലിനപ്പെടുന്ന സ്ഥിതിയാണ് നിലവിലുള്ളത്. മാഹി, കുറ്റ്യാടി, കോരപ്പുഴ, കല്ലായി എന്നീ പുഴകൾ ഉപ്പു വെള്ളം കയറി മലിനപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണകളോ റഗുലേറ്ററുകളോ നിർമ്മിക്കണം. തടയണകൾ നിർമ്മിക്കുമ്പോൾ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി നിർമ്മിക്കണം. അല്ലാത്തപക്ഷം മാലിന്യങ്ങൾ കെട്ടിക്കിടന്ന് ജല ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടാകുന്നതാണ്. തടയണകൾ ഇറിഗേഷൻ വകുപ്പ് മുഖേന നിർമ്മിക്കാവുന്നതാണ്.

5. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കാനുള്ള പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതാണ്.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ കാലയളവിലെ പദ്ധതികളുടെ ഭാഗമായി നിരവധി ചെറുകിട കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുകയുണ്ടായി. പദ്ധതിയുടെ ചില ഘടകങ്ങൾ പൂർത്തീകരിക്കാത്തതു മൂലം പദ്ധതി വഴി ജലവിതരണം സാധിക്കാതെ വരുന്നു. അത്തരം പദ്ധതികൾ ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി ജനോപകാര പ്രദമാക്കാവുന്നതാണ്. അതിനാവശ്യമായ പദ്ധതികൾ

അടിയന്തിരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം കൊടുക്കേണ്ടതാണ്. അടുത്ത വർഷത്തെ പദ്ധതിയിൽ ഇത്തരം പദ്ധതികൾക്ക് മുൻഗണനന നൽകണം. സ്രോതസ്സുകളിൽ ആവശ്യത്തിന് ജലം ലഭിക്കുന്ന തരത്തിലുള്ള ജല സംരക്ഷണ പ്രവൃത്തികളും കൂടി ഇത്തരം പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഗുണഭോക്തൃ കമ്മിറ്റി പരിപാലിച്ചു വരുന്ന പദ്ധതികൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണം. അതിനാവശ്യമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാവുകയാണെങ്കിൽ ചെറുകിട പദ്ധതികൾ വഴിയുള്ള ജല വിതരണം ഉപകാരപ്രദമായിരിക്കുന്നതാണ്.

ചെറുകിട/വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടി പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതുണ്ട്. കുടിവെള്ള മേഖലയ്ക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുകയും വിവിധ വകുപ്പുകളുടെ ഏകോപനം നടത്തുക വഴിയും പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്താൽ ജില്ലയിലെ ശുദ്ധജല ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും. മുടങ്ങിക്കിടക്കുന്ന വൻകിട പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേനയും, ചെറുകിട പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കേണ്ടതാണ്.

6. പൊതു റോഡുകളിൽ ജല വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കാൻ സംവിധാനമുണ്ടാക്കുക

നിലവിൽ പൊതു റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിരവധി തടസ്സങ്ങൾ നിലവിലുണ്ട്. യഥാസമയം അനുമതി ലഭിക്കാത്തതുമൂലം വൻകിട പദ്ധതികൾ പലതും പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. പുതുതായി റോഡുകൾ നിർമ്മിക്കുമ്പോഴോ, നിലവിലുള്ളത് വീതി കൂട്ടുമ്പോഴോ, വാട്ടർ അതോറിറ്റിയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കാനായുള്ള സ്ഥലം കൂടി കണക്കിലെടുക്കേണ്ടതാണ്. നിലവിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന എസ്റ്റിമേറ്റിന്റെ 40 ശതമാനത്തോളം തുക റോഡ് പുനർ നിർമ്മിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് അടയ്ക്കേണ്ടി വരുന്നു. ഇതിന് പരിഹാരമായി റോഡ് പുനർ നിർമ്മാണം പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സമയത്ത് തന്നെ ശരിയായ രീതിയിൽ ചെയ്യാവുന്നതാണ്. റോഡിന്റെ വശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനാവശ്യമായ സംവിധാനം പൊതു മരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കേണ്ടതാണ്.

7. നിലവിലുള്ള കുടിവെള്ള വിതരണ സംവിധാനങ്ങൾ വിപുലീകരിച്ച് കാര്യക്ഷമമാക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗുണഭോക്തൃ കമ്മിറ്റികൾക്ക് കൈമാറിയ പദ്ധതികൾ പലതും അറ്റകുറ്റ പണികൾ യഥാസമയം വേണ്ടരീതിയിൽ നടത്താത്തതുകൊണ്ട് പദ്ധതികൾ വഴിയുള്ള ജലവിതരണം കാര്യക്ഷമമല്ല. തകരാറായിക്കിടക്കുന്ന ഇത്തരം ചെറികിട പദ്ധതികൾ സമയബന്ധിതമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. തകരാറായി കിടക്കുന്ന പമ്പ് സെറ്റുകൾ, പൈപ്പ് ലൈനുകൾ എന്നിവ മാറ്റി സ്ഥാപിച്ചാൽ ഇത്തരം പദ്ധതികൾ വഴി ജലവിതരണം കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

കേരള ജല അതോറിറ്റിയുടെ പല പദ്ധതികളും യഥാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്താത്തത് മൂലം, ശേഷി പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നില്ല. 25 വർഷത്തിലേറെ പഴക്കമുള്ള ഇത്തരം പദ്ധതികളുടെ വിപുലീകരണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജില്ലയിലെ മൂന്ന് വൻകിട പദ്ധതികൾ വിപുലീകരിക്കേണ്ടതാണ്. പദ്ധതിയുടെ ഘടകങ്ങളുടെ കാലപ്പഴക്കം മൂലം മുഴുവൻ ശേഷിയും ഉപയോഗിക്കാൻ കഴിയുന്നില്ല. ആയതിനാൽ അത്തരം പദ്ധതികൾ വിപുലീകരിക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കണം. ജല അതോറിറ്റി പദ്ധതികളുടെ പല സ്രോതസ്സുകളിലും വരൾച്ച സമയങ്ങളിൽ ആവശ്യത്തിന് വെള്ളം ലഭിക്കാതെ വരുന്നുണ്ട്. സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

നിലവിലുള്ളതും, ഉപയോഗ ശൂന്യമായി കിടക്കുന്നതുമായ കുഴൽ കിണറുകൾ ഉപയോഗയോഗ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഭൂജല വകുപ്പിന്റെ സഹായം പ്രയോജനപ്പെടുത്തേണ്ടതാണ്. കേടുവന്ന പമ്പുകൾ റിപ്പയർ ചെയ്യുന്നതിനായുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം. നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ച് കാര്യക്ഷമമാക്കാൻ കേരള വാട്ടർ അതോറിറ്റി, ജലനിധി എന്നീ ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്.

8. ചാലിയാർ പുഴ സ്രോതസ്സായി കോഴിക്കോട് കോർപ്പറേഷനിലേക്ക് പുതിയ ജലവിതരണ പദ്ധതി നടപ്പിലാക്കുക.

ചാലിയാർ പുഴ സ്രോതസ്സായി പുതിയ കുടിവെള്ള പദ്ധതിക്ക് രൂപം നൽകി കോഴിക്കോട് കോർപ്പറേഷനിൽ ജലവിതരണം നടത്തുക. നിലവിൽ 100 എം.എൽ.ഡി യിൽ കൂടുതൽ ജലം ചാലിയാർ പുഴയിൽ നിന്നെടുക്കുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതി പൂർത്തീ കരിച്ചാൽ പെരുവണ്ണാമൂഴിയിൽ നിന്നും ജലമെടുത്ത് നടപ്പിലാക്കിയ പദ്ധതിയിൽ നിന്നും 100 എം.എൽ.ഡി ജലം കൊയിലാണ്ടി താലൂക്കിലെ പഞ്ചായത്ത്, മുൻസിപ്പാലിറ്റികളിൽ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. ഈ പ്രദേശ ങ്ങളിലേക്ക് പുതിയ പദ്ധതികൾ വേണ്ടിവരില്ല. ഈ പദ്ധതിയുടെ സാധ്യതാ പഠനം നടത്താൻ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്താ വുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പ്രാദേശിക ജലസ്രോതസ്സുകൾ സംരക്ഷിക്കുക.

ജില്ലയിലെ മിക്ക ചിറകളും, കുളങ്ങളും പൊട്ടി പൊളിഞ്ഞ് ചെളിയും, കാടും മൂലം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇവ വൃത്തിയായി സംരക്ഷിച്ചാൽ സമീപ പ്രദേശങ്ങളിലെ ജലവിതാനം നിലനിർത്താൻ കഴിയുന്നതാണ്. ജില്ലയിലെ പൊതു കിണറുകളിൽ 25 ശതമാനത്തോളം ഉപയോഗ്യ ശൂന്യമായി കിടക്കുകയാണ്. ഇത്തരം കിണറുകൾ നവീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതാണ്. വേനൽക്കാ ലത്ത് വറ്റിപ്പോകുന്ന പൊതു കിണറുകൾ ജല സംരക്ഷണ മാർഗ്ഗങ്ങളവലംഭിച്ച് ജലവിതാനം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കണം. ഇത്തരം സ്രോതസ്സുകൾ ഹരിതകേരള മിഷൻ പദ്ധതികളുമായി ബന്ധപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടുകൂടി വൃത്തിയാക്കി ജനോപകാര പ്രദമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയ്ക്ക് രൂപം കൊടുക്കണം.

2. കിണറുകൾ റീചാർജ്ജ് ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കുക. മഴവെള്ളസംഭരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

ജില്ലയിലെ പൊതുകിണറുകളിൽ ഏകദേശം 25 ശതമാനത്തോളം ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ഇവയിൽ കുറേയെണ്ണം ആഴം കൂട്ടുകയും അടിഞ്ഞുകിടക്കുന്ന ചെളി നീക്കം ചെയ്യുകയും ചെയ്താൽ സംഭരണ ശേഷി വർദ്ധിപ്പിക്കാവുന്നതാണ്. വേനൽ കാലങ്ങളിൽ വറ്റിപ്പോകുന്നതാണ് മിക്ക കിണറുകളും. മഴക്കാലത്ത് കെട്ടിടങ്ങളിൽ നിന്നും, മറ്റും ജലം ശേഖരിച്ച് പൈപ്പ് വഴി കിണറിലേക്കോ കിണറിനു സമീപത്തെ കുഴിയിലേക്കോ ഇറക്കിയാൽ, കിണറുകളിലെ ജലനിരപ്പ് ഉയരുന്നതാണ്. കൂടാതെ ജില്ലയിലെ ഉയർന്ന് പ്രദേശങ്ങളിൽ താമസിക്കു ന്നവർക്ക് മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കിണർ റീചാർജ്ജിംഗ് മഴവെള്ള സംഭരണികൾ നിർമ്മിക്കൽ എന്നീ പരിപാടികൾ നടപ്പിലാക്കേണ്ടതാണ്. ഹരിത കേരള മിഷന്റെ ഭാഗമായും ഈ പദ്ധതികൾ നടപ്പിലാക്കാ വുന്നതാണ്. നിലവിലുള്ള ചെറുകിട പദ്ധതികളുടെ സ്രോതസ്സുകളായ കിണറുകൾ റീചാർജ്ജ് ചെയ്യാനുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കേണ്ടതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖേനയും, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ മുഖേനയും പദ്ധതി നടപ്പിലാക്കേണ്ടതാണ്.

3. ഉപയോഗ ശൂന്യമായ കിണറുകളിൽ വെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ജില്ലയിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന കിണറുകളിൽ മഴക്കാലത്ത് വെള്ളം ശേഖരിച്ച് വരൾച്ചാ കാലങ്ങളിൽ ജലക്ഷാമമുള്ള പ്രദേശങ്ങ ളിൽ വിതരണം ചെയ്യാനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. കിണറുകളിൽ കെട്ടിക്കിട ക്കുന്ന വെള്ളം പ്രഷർ ഫിൽട്ടർ ഉപയോഗിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തേണ്ടതാണ്.

4. ജലത്തിന്റെ ഗുണനിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലയിലെ തീരപ്രദേശങ്ങളിൽ ഉപ്പു വെള്ളം കയറി സ്രോതസ്സുകൾ മലിനപ്പെടുന്നു. ഉപ്പുവെള്ളം കയറുന്നത് തടയാനായി സ്ഥിരം തടയണകൾ നിർമ്മിക്കേണ്ടതാണ്. കൂടാതെ ചേരി പ്രദേശങ്ങളിലും മറ്റും ജനങ്ങൾ തിങ്ങിപ്പാർക്കു ന്നതുമൂലം ഉണ്ടാകുന്ന മാലിന്യങ്ങൾ കുടിവെള്ള സ്രോതസ്സിലേക്ക് ഊർന്നിറങ്ങി മലിനപ്പെടുന്നു. അമിതമായ മണലൂറ്റൽ മൂലം, കുറ്റ്യാടിപുഴയിലേക്ക് ഉപ്പുവെള്ളം കയറി പമ്പിംഗ് തടസ്സപ്പെടുന്നുണ്ട്. മേൽ പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ ജില്ലയിലെ

ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തേണ്ടതുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികളിലും മറ്റും പൊതുവായി സെപ്റ്റിക്ക് ടാങ്ക് സ്ഥാപിക്കുകയാണെങ്കിൽ കിണറുകളിലെ വെള്ളം മലിനമാകുന്നത് തടയാൻ സാധിക്കുന്നതാണ്.

ജില്ലയിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ മൂന്ന് ലബോറട്ടറികൾ മാത്രമേ നിലവിലുള്ളൂ. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തിലും ജല ഗുണനിലവാര പരിശോധന ലബോറട്ടറികൾ സ്ഥാപിക്കേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഗുണനിലവാരം പരിശോധിക്കുന്ന കിറ്റുകൾ വാങ്ങി സ്കൂളുകൾ മുഖേന ജലപരിശോധന നടത്തുന്ന പദ്ധതിയ്ക്ക് രൂപം കൊടുക്കണം. മുൻസിപ്പാലിറ്റി, കോർപ്പേറേഷൻ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

5. ജലസാക്ഷരത

ജല വിനിയോഗത്തെ സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നൽകേണ്ടതാണ്. സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, പരിശീലനങ്ങൾ എന്നിവ താഴെ തലങ്ങളിൽ നടത്തേണ്ടതാണ്. ജനകീയ പങ്കാളിത്തത്തോടെ ഇത്തരം പദ്ധതികൾ സജീവമാക്കുകയും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ജലവിനിയോഗത്തെ സംബന്ധിച്ച ബോധവൽക്കരണം നടത്തുകയും ചെയ്യണം. വിദ്യാഭ്യാസ വകുപ്പും ഗ്രാമപഞ്ചായത്തുകളും സംയുക്തമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

6. ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ജലവിതരണത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിലും തീര പ്രദേശങ്ങളിലും ഏപ്രിൽ മെയ് മാസങ്ങളിൽ കടുത്ത ജലക്ഷാമം നേരിടാറുണ്ട്. അതിന് പരിഹാരമായി അത്തരം സ്ഥലങ്ങളിൽ താൽകാലിക ടാങ്കുകൾ സ്ഥാപിച്ച് ജല വിതരണം നടത്താൻ ആവശ്യമായ പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയ്ക്ക് രൂപം നൽകേണ്ടതുണ്ട്.

7. തീര പ്രദേശങ്ങളിലെ ഉപ്പുവെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ RO പ്ലാന്റുകൾ സ്ഥാപിക്കുക

ജില്ലയിലെ തീരപ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതുമൂലം കുടിക്കാനും പാചകം ചെയ്യാനും സാധിക്കുന്നില്ല. ഇതിന് പരിഹാരമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ RO പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. രാവിലേയും വൈകീട്ടും കുടിക്കാനും പാചകം ചെയ്യാനും മാത്രമായി ജല വിതരണം നടത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

8. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പരിധിയിലുള്ള കുടിവെള്ള സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് വാട്ടർ കാർഡ് നൽകാനുള്ള പദ്ധതിക്ക് രൂപം കൊടുക്കേണ്ടതാണ്.

ഇത്തരത്തിലുള്ള ഒരു പദ്ധതി കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം ന്റെ നേതൃത്വത്തിൽ കുന്ദമംഗലം ഭാഗങ്ങളിൽ നടപ്പിലാക്കിയതാണ്. ഈ പദ്ധതി സി.ഡബ്ല്യൂ.ആർ.ഡി.എം മുഖേന നടപ്പിലാക്കേണ്ടതാണ്.

ശുചിത്വം – മാലിന്യ സംസ്കരണം

കോഴിക്കോട് ജില്ല അഭിമുഖീകരികുന്ന പ്രധാന വികസന പ്രശ്നങ്ങളിലൊന്നാണ് പാഴ് വസ്തു പരിപാലനം. കോഴിക്കോട് കോർപ്പറേഷനും, വടകര, കൊയിലാണ്ടി, പയ്യോളി, കൊടുവള്ളി, മുക്കം, രാമനാട്ടുകര, ഫറോക്ക് എന്നീ മുനിസിപ്പാലിറ്റികളും, തൂണേരി, കുന്നുമ്മൽ, വടകര,തോടന്നൂർ, മേലടി, പേരാമ്പ്ര, പന്തലായനി, ബാലുശ്ശേരി, ചേളന്നൂർ, കൊടുവള്ളി, കുന്നമംഗലം, കോഴിക്കോട് എന്നീ 12 ബ്ലോക്ക് പഞ്ചായത്തുകളും അവയുടെ പരിധിയിൽ വരുന്ന 70 ഗ്രാമപഞ്ചായത്തുകളും ഉൾപെടുന്ന പ്രാദേശിക ഭരണ സംവിധാനങ്ങളാണ് ജില്ലയിലുള്ളത് . ഇതിൽ നാദാപുരം, കുറ്റ്യാടി,പേരാമ്പ്ര, ബാലുശ്ശേരി, താമരശ്ശേരി, കുന്നമംഗലം എന്നിവ മുനിസിപ്പാലിറ്റികൾക്ക് സമാനമായ വാസ വ്യവസ്ഥയുള്ള പഞ്ചായത്തുകളാണ്. എല്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മാലിന്യ ഉത്പാദനത്തിൽ സമാന സ്വഭാവമാണെങ്കിലും പരിപാലനത്തിൽ വ്യത്യസ്തമായ രീതിയാണ് അനുവർത്തിക്കുന്നത്.

അവസ്ഥാവിശകലനം

പട്ടിക 4.2.26

ജില്ലയിലെ ജനസംഖ്യ (തദ്ദേശ സ്വയംഭരണസ്ഥാപന തലത്തിൽ)

കോർപ്പറേഷൻ	6,08,503
മുനിസിപ്പാലിറ്റി	3,76,006
ഗ്രാമപഞ്ചായത്ത്	21,01,784
ആകെ	30,86,293
ജില്ലയിലെ ആകെ ജനസംഖ്യ	30,86,293

സ്രോതസ്സ് : സെൻസസ് 2011

മാലിന്യപരിപാലന രംഗത്ത് മികച്ച നേട്ടങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ ജില്ലയാണ് കോഴിക്കോട്. മാലിന്യത്തിന്റെ പ്രതിദിന പ്രതിശീർഷ ഉത്പാദനം 250-300 ഗ്രാം ആണെന്ന് കണക്കാക്കപെടുന്നു. ഈ കണക്കനുസരിച്ച് ജില്ലയിലെ മതിപ്പ് ഗാർഹിക പ്രതിദിന മാലിന്യത്തിന്റെ അളവ് 775 ടൺ ആണ്. ഇത് കോഴിക്കോട് കോർപ്പറേഷനിലെ പ്രതിദിനം ഉത്പാദിക്കപ്പെടുന്ന മാലിന്യത്തിന്റെ എഴിരട്ടിയാണ് എന്നാൽ നഗരമാലിന്യവുമായി താരതമ്യപ്പെടുത്തുമ്പോൾ ഗ്രാമപ്രദേശങ്ങളിലെ മാലിന്യങ്ങളുടെ തോത് കുറവാണെന്നു കാണാം. ഭൂരിഭാഗം മാലിന്യവും അശ്രദ്ധമായാണ് കൈകാര്യം ചെയ്യുന്നത്. അതു കൊണ്ടു തന്നെ പൊതുഇടങ്ങളും ജലസ്രോതസ്സുകളും മലീമസമാകുന്നു. ഈ മലിനീകരണം സമ്മാനിക്കുന്നത് പ്രകൃതി വിഭവങ്ങളുടെ നാശവും രോഗങ്ങളുമാണ്.

പൊതുജനാരോഗ്യത്തിനും ജീവിത സുരക്ഷിതത്വത്തിനും അതീവ പരിഗണന നല്കിക്കൊണ്ട് ജാഗ്രത എന്ന പേരിൽ ഒരു കർമ്മ പദ്ധതി സംസ്ഥാന സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ ഈ കർമ്മ പദ്ധതിയുടെ ഭാഗമായി നൽകിയ റിപ്പോർട്ടിൽ മാലിന്യ നിർമ്മാർജനത്തിന്റെ അപര്യാപ്തത നിമിത്തം ജില്ലയിൽ കഴിഞ്ഞ വർഷം പകർച്ച വ്യാധികളുടെ അനിയന്ത്രിതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജില്ലയിലെ ഖര മാലിന്യത്തിന്റ അനിയന്ത്രിതമായ വർദ്ധനവും മാലിന്യ സംസ്കരണത്തിലെ അപര്യാപ്തതയും മൂലം ജലസ്രോതസ്സുകളും പൊതു സ്ഥലങ്ങളും പറമ്പുകളും മലിനപ്പെടുന്നുണ്ടെന്നും വൃത്തിഹീനമായ അന്തരീക്ഷം രൂപപ്പെടുന്നു ണ്ടെന്നും ആയത് പകർച്ചവ്യാധികൾ അനിയ ന്ത്രിതമായി വർദ്ധിക്കുന്നതിന് ഒരു പ്രധാന കാരണമായി മാറുന്നുണ്ടെന്നും ജില്ലാമെഡിക്കൽ ഓഫീസർ പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാ ക്കുന്നുണ്ട്.

ഗാർഹിക പരിപാലന രീതി

ഖര-ദ്രവ-വാതക മാലിന്യങ്ങൾ സങ്കീർ ണ്ണമായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ഖര മാലിന്യങ്ങളിൽ അജൈവമാലിന്യങ്ങളാണ് പ്രധാനം. ജൈവമാലിന്യങ്ങൾ കുറെയേറെ സംസ്കരിക്ക പ്പെടുന്നുണ്ട്. എന്നാൽ ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെ ഒന്നിച്ച് അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്ന രീതിയാണ് ഗുരുതര പ്രശ്നങ്ങളുണ്ടാക്കുന്നത്. ശുചിത്വമിഷന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിയും അതിനു പറ്റാത്ത അവസ്ഥയിൽ പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ടാക്കിയുമുള്ള നിരന്തര പ്രവർത്തനങ്ങൾ ഏതാനും വർഷങ്ങളായി നടന്നു വരുന്നുണ്ട്. എന്നിട്ടും മാലിന്യപ്രശ്ന ങ്ങളുടെ തീവ്രത നിലനില്ക്കുന്നുണ്ട്. ഹരിത കേരളമിഷൻ പ്രവർത്തനക്ഷമമായതോടെ മാലിന്യ പരിപാലത്തിന് പുതിയ ദിശാബോധം കൈവരി ച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മാലിന്യ പരിപാലന ഉപമിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തിയ വിവരശേഖരണം വഴി ജില്ലയിലെ ഗാർഹിക മാലിന്യങ്ങളുടേയും അവയുടെ പരിപാലനരീതി കളുടേയും സ്ഥിതി ലഭ്യമായിട്ടുണ്ട്.

വിവരങ്ങൾ താഴെ പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 4.2.27

ജില്ലയിലെ ഗാർഹിക മാലിന്യങ്ങളുടെ ഉറവിടം/കയ്യൊഴിയൽ വിവരങ്ങൾ

ബ്ലോക്കുകൾ	ഉറവിടമാലിന്യ സംസ്കരണം				കയ്യൊഴിയൽ		അശാസ്ത്രിയമായി കൈകാര്യം ചെയ്യൽ		
	കൃഷി/ വളക്കുഴിയിൽ നിക്ഷേപിക്കുന്നവർ	മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായി നൽകുന്നവർ	കമ്പോസ്റ്റ് വളം തയ്യാറാക്കുന്നവർ	ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു	പഞ്ചായത്ത് / നഗരസഭയിൽ നൽകുന്നവർ	സ്വകാര്യ ഏജൻസികളെ ഏൽപിക്കുന്നവർ	കത്തിക്കുന്നു	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു	അലക്ഷ്യമായി വലിച്ചെറിയുന്നു
വടകര	11356	7967	3967	193	75	392	951	242	853
കോഴിക്കോട്	6670	8356	2384	1919	932	--	3194	692	--
ചേളന്നൂർ	13113	7548	3223	267	966	261	1636	206	339
ബാലുശ്ശേരി	4702	8625	1000	505	426	255	360	82	45
കൊടുവള്ളി	14756	24966	2618	1907	153	307	4325	1046	2813

പന്തലായനി	10083	11690	3525	231	364	912	1444	495	908
മേലടി	7319	8703	1490	46115	673	230	679	120	139
കുന്നുമ്മൽ	6777	15156	1922	257	402	3997	737	1974	816
കുന്നമംഗലം	21145	17726	4344	991	568	1904	6094	1901	7933
തോടന്നൂർ	9196	13611	2514	145	677	634	780	450	1235
പേരാമ്പ്ര	9647	16743	1522	288	322	180	1866	590	2753
തൂണേരി	14817	10279	4850	709	228	216	3631	628	1926
ആകെ	**129581**	**151370**	**33359**	**53527**	**5786**	**9288**	**25697**	**8426**	**19760**

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

മേൽ പ്രസ്താവിച്ച കണക്കുകൾ 61 ഗ്രാമപഞ്ചായത്തുകളിൽ നിന്നും ശേഖരിച്ചവയാണ്. 9 ഗ്രാമപഞ്ചായത്തിൽ നിന്ന് വിവരങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമായ വിവരങ്ങളിൽ 84% വീടുകളിൽ ഗാർഹിക മാലിന്യങ്ങൾ ഏതെങ്കിലും വിധത്തിൽ സംസ്കരിക്കുന്നുണ്ടെന്നു മനസ്സിലാക്കാം. അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നവർ 7.7% ആണ്. ഈ കണക്കനുസരിച്ച് ജില്ലയിലെ 697710 കുടുംബങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 53883 വീടുകൾ വരും. ഈ എണ്ണം നിസ്സാരമല്ലെന്നും ഇതിന്റെ പ്രത്യാഘാതം ചെറുതല്ലെന്നതും കാണാം.

ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ

ഇതിനകം ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ രീതിയിലുള്ള നിരവധി ഗാർഹിക മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. 4 മുനിസിപ്പാലിറ്റികളുടെയും 64 ഗ്രാമപഞ്ചായത്തുകളിലെയും ഉറവിട മാലിന്യ സംവിധാനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 4.44 ലും ബ്ലോക്ക്തല വിവരങ്ങൾ പട്ടിക 4.2.28 ലും നൽകിയിരിക്കുന്നു.

പട്ടിക 4.2.28

ഉറവിടമാലിന്യസംസ്കരണ ഉപാധികൾ (ബ്ലോക്ക് /നഗരസഭാ തലത്തിൽ - 2016)

ബ്ലോക്ക് നഗരസഭ	പൈപ്പ് കമ്പോസ്റ്റ്	റിംഗ് കമ്പോസ്റ്റ്	ബയോഗ്യാസ് പ്ലാന്റ്	മണ്ണിര കമ്പോസ്റ്റ്	ബക്കറ്റ് കമ്പോസ്റ്റ്	ബയോബിൻ
തൂണേരി	1050	272	136	90	--	--
കുന്നുമ്മൽ	2760	350	142	100	--	--
വടകര	5728	797	100	59	--	--
തോടന്നൂർ	1252	777	49	71	--	--
മേലടി	4750		47	0	--	--
പേരാമ്പ്ര	4547	385	249	37	--	--
പന്തലായനി	6907	934	128	0	--	--
ബാലുശ്ശേരി	1170	791	404	144	--	--
ചേളന്നൂർ	3316	2425	251	174	450	900
കൊടുവള്ളി	716	400	520	35	--	--
കുന്നമംഗലം	5634	1202	342	177	--	730
കോഴിക്കോട്	1720	100	23	11	--	--
ആകെ	**39550**	**8433**	**2391**	**898**	**450**	**1630**

സ്രോതസ്സ് മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം

അജൈവമാലിന്യസംസ്കരണം

ഗാർഹിക അജൈവ മാലിന്യ പരിപാലനത്തിൽ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച കണക്കുകൾ പട്ടിക 4.2.29 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.29

ഗാർഹിക അജൈവ മാലിന്യ പരിപാലനത്തിൽ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ (എണ്ണം)

ബ്ലോക്കുകൾ	കയ്യൊഴിയൽ			അശാസ്ത്രിയമായി കൈകാര്യം ചെയ്യൽ		
	വീട്ടിൽ സൂക്ഷിക്കുന്നവർ	സ്വകാര്യ വ്യക്തികളെ / ഏജൻസികളെ ഏൽപിക്കുന്നവർ	തദ്ദേശഭരണ സ്ഥാപനത്തിൽ നൽകുന്നവർ	കത്തിക്കുന്നവർ	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നവർ	അലക്ഷ്യമായി വലിച്ചെറിയുന്നവർ
വടകര	7103	10696	3515	1223	188	102
കോഴിക്കോട്	9692	5939	1551	4952	952	1213
ചേളന്നൂർ	2386	349	315	2751	74	--
ബാലുശ്ശേരി	7775	3482	2820	779	113	96
കൊടുവള്ളി	20692	11682	895	12988	2653	3252
പന്തലായനി	13452	9297	2020	1456	808	1339
മേലടി	10806	4217	752	1688	173	362
കുന്നുമ്മൽ	13939	8600	3174	1390	529	--
കുന്നമംഗലം	25067	7327	18552	8812	2730	3620
തോടന്നൂർ	17017	6157	2564	1593	807	933
പേരാമ്പ്ര	13559	5768	1935	2112	1692	665
തുണേരി	21294	3490	3886	4164	2545	1386
ആകെ	**162782**	**77004**	**41979**	**43908**	**13264**	**12968**

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

ജില്ലയിലെ 351902 വീടുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അജൈവ വസ്തുക്കൾ സ്വകാര്യ ഏജൻസികൾക്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ നൽകുന്നവരായി 118983 കുടുംബങ്ങളുണ്ട്. 162782 കുടുംബങ്ങൾ അജൈവ വസ്തുക്കൾ വീടുകളിൽ തന്നെ ശേഖരിച്ചു വയ്ക്കുന്നു. 20% കുടുംബങ്ങൾ മാലിന്യം കത്തിക്കുകയോ, പൊതുയിടങ്ങളിൽ നിക്ഷേപിക്കുകയോ, വലിച്ചെറിയുകയോ ചെയ്യുന്നു. ഒരു കുടുംബം ഒരു മാസം ശരാശരി 2 കിഗ്രാം എന്ന തോതിൽ പ്ലാസ്റ്റിക് മാലിന്യം ഉണ്ടാകുന്നുവെന്ന് കണക്കാക്കിയാൽ ഒരു വർഷം 132 ടൺ പ്ലാസ്റ്റിക് വസ്തുക്കൾ ജില്ലയിൽ പുറന്തള്ളുന്നതായി കാണാം. ചെരിപ്പ്, കുപ്പി, ബാഗ്, ലെതർ മറ്റു വസ്തുക്കൾ എന്നിവ കൂടി പരിഗണിച്ചാൽ പുറന്തള്ളുന്ന പാഴ് വസ്തുക്കളുടെ അളവ് ഭീകരമാണെന്ന നിഗമനത്തിലെത്താം.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

ശേഖരിക്കുന്ന പാഴ് വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുന്ന സംവിധാനമാണിത്. ശാസ്ത്രീയമായ ഒരു ചെറിയ ആക്രികടയായി ഇതിനെ കണക്കാക്കാം. ഇവിടെ നിന്ന് ഇവയെ തരം തിരിച്ച് ബ്ലോക്ക് തലത്തിലോ, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലോ സ്ഥാപിക്കുന്ന മെറ്റീരിയൽ റിക്കവറി

ഫെസിലിറ്റിയിലേക്ക് മാറ്റുന്നു. ഇവിടെ യാതൊരു വിധത്തിലുള്ള ജൈവമാലിന്യങ്ങളും കൈകാര്യം ചെയ്യുകയോ മാലിന്യങ്ങൾ കത്തിക്കുകയോ മറ്റു രീതിയിലുള്ള സംസ്കരണമോ നടത്തുന്നില്ല. ജില്ലയിലെ എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും ഇത്തരത്തിലുള്ള എം.സി.എഫ് സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF)

ബ്ലോക്ക് നഗരസഭ തലത്തിൽ ഏർപ്പെടുത്തുന്ന സംവിധാനമാണ് എം.ആർ.എഫ് . പാഴ് വസ്തുക്കൾ കൃത്യമായി തരംതിരിച്ച് കൈകാര്യം ചെയ്യുന്ന ഇവിടം പുന്തോട്ടവും മറ്റും സജ്ജീകരിച്ച് കാഴ്ചചയിൽ നല്ല ഭംഗിയുള്ള ഒരിടം കൂടിയാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. എംസിഎഫുകളിൽ നിന്ന് ഇവിടേക്ക് പാഴ് വസ്തുക്കളെ കൊണ്ടുവരികയും തരംതിരിച്ച് പുന:ചംക്രമണത്തിന് നല്കുകയും അതിനുപറ്റാത്ത പ്ലാസ്റ്റിക് കവറുകളും മറ്റും മെഷീൻ ഉപയോഗിച്ച് ചെറുകഷണങ്ങളാക്കി മാറ്റി റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിനായി പരിവർത്തനം ചെയ്യുകയുമാണ് ലക്ഷ്യം. പ്ലാസ്റ്റിക് കുപ്പികളും മറ്റും മെഷീൻ ഉപയോഗിച്ച് അമർത്തി ചെറുകെട്ടുകളാക്കി മാറ്റുകയും ചില്ല്, ലെതർ, റെക്സിൻ, കുപ്പികൾ,പാട്ട, പ്ലാസ്റ്റിക് പാത്രങ്ങൾ മുതലായവയോടൊപ്പം പുന:ചക്രമണ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ഈ കേന്ദ്രങ്ങളുടെ നടത്തിപ്പ് സർക്കാർ രൂപം കൊടുത്തിട്ടുള്ള ക്ലീൻ കേരള കമ്പനിയോ അവരുമായി ധാരണയുള്ള ഏജൻസികളോ ആണ് ഏറ്റെടുക്കേണ്ടത്.

നിലവിൽ ജില്ലയിലെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അജൈവ മാലിന്യ പരിപാലനം നടത്തുന്നതിനും സ്വീകരിച്ച മാർഗ്ഗങ്ങൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 4.2.30

ജില്ലയിലെ എം ആർ എഫ് /എം സി എഫ്/ ഷ്രെഡിംഗ് മെഷീൻ/സ്വാപ്പ് ഷോപ്പ് (എണ്ണം ബ്ലോക്ക് തലത്തിൽ)

തദ്ദേശസ്വയം ഭരണ സ്ഥാപനം	എംആർഎഫ്	എംസിഎഫ്	ഷ്രെഡിംങ്ങ് മെഷീൻ	സ്വാപ്പ് ഷോപ്പ്
വടകര	1	4	1	-
കോഴിക്കോട്	1	2	-	-
ചേളന്നൂർ	1	5	-	1
ബാലുശ്ശേരി	1	6	1	1 -
കൊടുവള്ളി	1	8	-	-
പന്തലായനി	1	4	-	-
മേലടി	1	3	1	1
കുന്നുമ്മൽ	1	7	1	111
കുന്നമംഗലം	1	7	-	-
തോടന്നൂർ	1	3	-	-
പേരാമ്പ്ര	1	7	-	-
തൂണേരി	1	7	-	-
ആകെ	12	63	3	2

അജൈവ മാലിന്യ സംസ്കരണത്തിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതോടൊപ്പം പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനാവശ്യമായ നടപടികളും സംസ്ഥാന സർക്കാറിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്. ക്യാരിബാഗ് ഡിസ്പോസിബിൾസ് മുക്ത ജില്ലയായി കോഴിക്കോട് മാറേണ്ടതുണ്ട്. ഫ്ളക്സുകളുടെ ഉപയോഗവും ജില്ലയിൽ നിയന്ത്രിക്കേണ്ടതുണ്ട്.

400 മുതൽ 500 വരെ വർഷമാണ് ഒരു പ്ലാസ്റ്റിക് കൂടിന്റെ ആയുസ്സ്. ഇത് അഴുകാതെ കിടന്ന് മണ്ണിരയുടെയും മറ്റ് സൂക്ഷ്മജീവികളുടെയും വിഘടന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നു. മണ്ണിന്റെ ജലസംഭരണിശേഷി കുറയുന്നതിന് ഇത് കാരണമാകുന്നു. ചപ്പുചവർ സംസ്കരണത്തിനായി ഇൻസിനറേറ്ററുകൾ (incinerators) സ്ഥാപിക്കുന്നത് സുരക്ഷിതമാണെന്ന് ഉറപ്പില്ല. പ്ലാസ്റ്റിക്കിന്റെ പുന:സംസ്കരണവും അതീവ ശ്രദ്ധയോടെ ചെയ്യേണ്ടതാണ്. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ പുറത്തു വരുന്ന ഡയോക്സിൻ പോലുള്ള വാതകങ്ങൾ അർബുദം പോലുള്ള രോഗങ്ങൾക്കും പ്രകൃതിനാശത്തിനും വഴിതെളിയിക്കുമെന്ന് പഠനങ്ങൾ ചൂണ്ടികാണിച്ചിട്ടുണ്ട്. കൂടുതൽ ചൂളകളോ ലാന്റ് ഫില്ലുകളോ പ്ലാസ്റ്റിക് മാലിന്യത്തിന്റെ കാര്യത്തിൽ ഒരു പരിഹാരമേ അല്ല. പ്ലാസ്റ്റികിനെ ചെറുകഷണങ്ങളാക്കി നുറുക്കി ഷ്രെഡിംങ്ങ് പെല്ലറ്റുകളാക്കി റോഡ് ടാറിംഗിനായി ഉപയോഗപ്പെടുത്തുന്ന രീതിയാണ് അഭിലഷണീയമായി നിർദ്ദേശിക്കപ്പെട്ടത്.

ആക്രി കച്ചവടക്കാർ അജൈവമാലിന്യ പരിപാലന രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്നവരാണ്. അവരെ അംഗീകൃത കച്ചവടക്കാരായി പരിഗണിക്കുന്നതിനും മുഖ്യധാരയിലെത്തിക്കുന്നതിനും വേണ്ടി രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ശുചിത്വമിഷൻ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

പ്ലാസ്റ്റിക് വസ്തുക്കൾ കൂടാതെ ചെരിപ്പ്, കുപ്പികൾ, ബാഗുകൾ, ലതർ വസ്തുക്കൾ എന്നിവയുടെ ഗാർഹിക അളവ് എത്രയാണെന്നു കണക്കാക്കാൻ പ്രത്യേകം വിവരശേഖരണം നടത്തേണ്ടതുണ്ട്.

അപകടകരമായ മാലിന്യങ്ങൾ

ഗാർഹിക മാലിന്യങ്ങളിൽ ഇലക്ട്രിക് ബൾബുകൾ, ട്യൂബുകൾ, ബാറ്ററികൾ, ഇലക്ട്രോണിക് വസ്തുക്കൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. ഇവയുടെ അളവ് എത്രത്തോളമെന്ന് കണക്കാക്കേണ്ടതുണ്ട്. ഇവ വീടുകളിൽ ശേഖരിച്ചുവെക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

സ്ഥാപനങ്ങളിലെ പാഴ്വസ്തുക്കൾ

ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, പലചരക്കു കടകൾ, മറ്റു വ്യാപാരസ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ, ഇൻഡസ്ട്രിയൽ വർക്ക്, തയ്യൽ-അപ്പോളസ്റ്ററി കടകൾ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളുടെ കണക്ക് ശേഖരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത മാലിന്യങ്ങൾ കൈയൊഴിയുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടന്നു വരുന്നുണ്ട്.

ദ്രവമാലിന്യങ്ങൾ

ദ്രവമാലിന്യങ്ങൾ വികേന്ദ്രീകൃതമായ രീതിയിൽ സംസ്കരിക്കുന്നതിന് വലിയ പ്രയാസമുണ്ട്. ആയതിനാൽ അവ സംസ്കരിക്കുന്നതിന് കേന്ദ്രീകൃതമായ സംവിധാനങ്ങൾ ആവശ്യമാണ്. ശേഖരിച്ച് ട്രീറ്റ് ചെയ്യുന്നതിനുള്ള സ്ഥലസൗകര്യങ്ങളുടെ പരിമിതിയാണ് ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രധാന പ്രശ്നം.

വടകര - മാഹി കനാൽ, കുറ്റ്യാടിപ്പുഴ, കോരപുഴ, പുനൂർപുഴ, കല്ലായിപുഴ, ചാലിയാർ, മാമ്പുഴ, അകലാപുഴ, കാനോലി കനാൽ , കുറ്റ്യാടി ഇറിഗേഷൻ കനാൽ, 71 കിലോമീറ്റർ കടൽ തീരം എന്നിവയാണ് ശുചിത്വമിഷനുമായി ബന്ധപെട്ട് ജില്ലയിൽ പരിഗണിക്കേണ്ട പ്രധാന ജലസ്രോതസ്സുകൾ. വിവിധതരം ജലാശയങ്ങളും, പൊതുഇടങ്ങളും ഇന്ന് അജൈവമാലിന്യങ്ങളുടെ തീവ്രത അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്.

മാറുന്ന ജീവിതശൈലിയും ഉപഭോഗ സംസ്കാരവും ശാസ്ത്രീയ പരിപാലന സംവിധാനങ്ങളില്ലാത്ത പൊതുമാർക്കറ്റുകളും മത്സ്യമാർക്കറ്റുകളും അനധികൃത അറവുശാലകളും മാലിന്യത്തിന്റെ അമിതമായ വർദ്ധനവിന് കാരണമായിട്ടുണ്ട്. ഹരിതകേരള മിഷന്റെയും ശുചിത്വമിഷന്റെയും പരിപാടികളും സീറോവേസ്റ്റ് കോഴിക്കോട് എന്ന ജില്ലയുടെ തനതു പദ്ധതിയും ജനപങ്കാളിത്തത്തോടെയുള്ള മാലിന്യപരിപാലന പ്രവർത്തനത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട് .

ജലസ്രോതസ്സുകളുടെ മലിനീകരണം

പ്രധാന ജലസ്രോതസ്സുകൾ തോടുകൾ, കനാലുകൾ, ചെറുനീർച്ചാലുകൾ മറ്റു ജലാശയങ്ങൾ എന്നിവയും പ്രധാനമായും അജൈവ ഖരവസ്തുക്കൾ കൊണ്ട് മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. കുടിവെള്ളത്തിനായുള്ള ഉപയോഗക്ഷമത, കോളിഫോം സാന്നിദ്ധ്യം, പിഎച്ച് നിലവാരം, ഓക്സിജൻ ലയനം (DO), ബയോകെമിക്കൽ ഓക്സിജൻ ഡിമാന്റ് (BOD) എന്നിവയുമായി ബന്ധപ്പെടുത്തി മലിനീകരണ നിയന്ത്രണ ബോർഡ് ജലത്തിന്റെ ഗുണനിലവാരത്തെ എ, ബി, സി, ഡി, ഇ എന്നിങ്ങനെയുള്ള നിലവാരത്തിൽ തരം തിരിച്ചിട്ടുണ്ട്.

വടകര - മാഹിപുഴ

അഴിയൂർ, ഏറാമല, എടച്ചേരി, തൂണേരി, ചെക്യാട്, നാദാപുരം, വളയം, വാണിമേൽ, നരിപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളുടെ അതിർത്തികൾ ചേർന്നു കൊണ്ടാണ് ഈ പുഴ ഒഴുകുന്നത്. 2008ലെ പരിശോധനയിൽ ഇത് സി ഗ്രേഡിലായിരുന്നു. എന്നാൽ 2016 ൽ ഇത് ബി ഗ്രേഡിലേക്ക് ഉയർന്നിട്ടുണ്ട്. ജലഗുണനിലവാരം ഉയർന്നു എന്നാണ് ഇത് കാണിക്കുന്നത്.

കുറ്റ്യാടിപുഴ

കൂരാച്ചുണ്ട്, ചക്കിട്ടപാറ, കായക്കൊടി, കായണ്ണ എന്നിവിടങ്ങളിൽ പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറെ ചെരുവിൽ നിന്ന് ഉപനദികളായി ഉത്ഭവിച്ച് മരുതോങ്കര വഴി ചങ്ങരോത്തു നിന്നാണ് ഒറ്റ നദിയായി കുറ്റ്യാടി പുഴ ഒഴുകുന്നത്. തുടർന്ന് കുറ്റ്യാടി, വേളം, പേരാമ്പ്ര, ചെറുവണ്ണൂർ, തിരുവള്ളൂർ, മണിയൂർ, തുറയൂർ ഗ്രാമപഞ്ചായത്തുകളിലൂടെയും പയ്യോളി, വടകര നഗരസഭകളിലൂടെയും ഒഴുകുന്ന ദൈർഘ്യമേറിയ പുഴയാണിത്. പശ്ചിമഘട്ടം മുതൽ അറബിക്കടൽ വരെ പരന്നൊഴുകുന്ന ജലസമൃദ്ധവും ജില്ലയിലെ ഏറ്റവും വലുതുമായ നദീതടം കൂടിയാണിത്. 2008ൽ സി ഗ്രേഡിൽ പെട്ടിരുന്ന ഈ പുഴ 2016ൽ ബി ഗ്രേഡിലേക്ക് ഉയർന്നു.

കോരപ്പുഴ

പനങ്ങാടു നിന്നാരംഭിക്കുന്ന നദിയാണ് കോരപ്പുഴ. ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ ഉള്ളേരി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി, അത്തോളി, തലക്കുളത്തൂർ, കൊയിലാണ്ടി നഗരസഭയുടെ തെക്കു കിഴക്കുമൂല, കോഴിക്കോട് കോർപ്പറേഷന്റെ വടക്കേ ഭാഗം എന്നിവ സ്പർശിച്ച് കോരപ്പുഴ അറബിക്കടലിൽ ചേരുന്നു. ഇതിന്റെ ഉള്ളേരിയിലെ തെരുവത്ത് കടവ് ഭാഗം മുതൽ അരിക്കുളം ഗ്രാമപഞ്ചായത്തിന്റെ തെക്കുകിഴക്ക് മൂല വരെയും ചെറിയൊരു ജലാശയമുണ്ട്. അകലാപുഴ എന്നാണ് ഇവിടം അറിയപ്പെടുന്നത്. കോരപ്പുഴയുടെ ഭാഗങ്ങളും കുറ്റ്യാടിപുഴയുടേത് പോലെ തന്നെ നിലവാരത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. എന്നാൽ അകലാപുഴയുടെ നിലവാരം 2008 ൽ എ ഗ്രേഡ് ആയിരുന്നുവെങ്കിൽ 2016 ൽ സി ഗ്രേഡായി താഴ്ന്നു.

പൂനൂർപുഴ

കട്ടിപ്പാറ, പനങ്ങാട് പഞ്ചായത്തുകളിൽ നിന്ന് വിവിധ തോടുകളായി ഉൽഭവിച്ച് ഉണ്ണികുളം, പൂനൂർ, താമരശ്ശേരി, കിഴക്കോത്ത്, മടവൂർ, കുന്ദമംഗലം, കുരുവട്ടൂർ, കക്കോടി ഗ്രാമപഞ്ചായത്തുകളുടേയും കോഴിക്കോട് കോർപ്പറേഷന്റെ വടക്കു കിഴക്ക് അതിർത്തിയെയും തഴുകിയൊഴുകുന്നു. മുൻകാലങ്ങളിൽ ബി ഗ്രേഡിൽ ഉൾപ്പെട്ടിരിക്കുന്ന ഈ പുഴ പ്ലാസ്റ്റിക് മാലിന്യങ്ങളും മണ്ണും അടിഞ്ഞു കൂടി ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നു. മഴക്കാലത്ത് പുഴക്കരയിലും സമീപപ്രദേശങ്ങളിലും വെള്ളപ്പൊക്കമുണ്ടാക്കുന്നു. വേനലിൽ നീരൊഴുക്ക് കുറഞ്ഞു വരുന്നു. പുഴയിലൂടെ ഒഴുകി വരുന്ന ഖരമാലിന്യത്തെ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് നഗരത്തിന്റെ കുടിവെള്ള വിതരണത്തിന്റെ വലിയൊരു പങ്ക് ഈ പുഴയിലെ മൂഴിക്കൽ പമ്പ് ഹൗസിൽ നിന്നാണ്.

പാവയിൽപുഴ

കാക്കൂർ പഞ്ചായത്തിലെ പൂന്നൂർ, രാമല്ലൂർ ചെറുപാലം പ്രദേശത്തു നിന്നാരംഭിച്ച് പട്ടർപാലം വഴി ഒഴുകുന്ന ഒരു വലിയതോട് പാവയിൽ ജലാശയത്തിലെത്തുന്നു. ചേളന്നൂർ പഞ്ചായത്തിന്റെ തെക്കു കിഴക്കു ഭാഗം വഴി ഒഴുകിയെത്തുന്ന തോട് ചേളന്നൂർ, കക്കോടി, തലക്കുളത്തൂർ പഞ്ചായത്തുകളിലെ അതിർത്തിയിലുള്ള അകലാപുഴ എന്ന വലിയ ചിറയിലെത്തുന്നു. ഇവ രണ്ടും ചേർന്ന് പുറക്കാട്ടിരിയിലെ മംഗലപുഴ എന്ന ഭാഗത്ത് പൂനൂർപുഴയിൽ സംഗമിച്ച് കോരപ്പുഴയിൽ വന്നുചേരുന്നു. പൂനൂർ പുഴയുടെ ഗതകാല നിലവാരത്തിൽ ചെറിയ കുറവു വന്നു 2008 ൽ എ ഗ്രേഡായിരുന്നത് 2016 ൽ ബി ഗ്രേഡ് ആയി മാറി.

കല്ലായിപുഴ

ചെറുകുളത്തൂരിൽ നിന്ന് പുറപ്പെട്ട് ഒളവണ്ണയിലേക്കൊഴുകുന്ന മാമ്പുഴയാണ് കല്ലായിപുഴയായി പടിഞ്ഞാറ് അറബിക്കടലിൽ പതിക്കുന്നത്. ലോക പ്രശസ്തമായ മരം (തടി) വ്യവസായ കേന്ദ്രമായ കല്ലായിപുഴയും പുഴയോരവും ഇന്ന് അത്യന്തം മലിനമാണ്. അതിനാൽ ഇ ഗ്രേഡിനും താഴെയായാണ് (2016 ൽ) ഈ പുഴ വർഗ്ഗീകരിച്ചിരിക്കുന്നത്. മാമ്പുഴ ഭാഗത്ത് ശുചീകരണ പ്രവർത്തനം ജനകീയമായി നടന്നു വരുന്നു.

ചാലിയാർ പുഴ

നിലമ്പൂരിൽ നിന്നുത്ഭവിച്ച് മലപ്പുറം ജില്ലയിലെ മറ്റുപ്രദേശങ്ങളിലൂടെ ഒഴുകി കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ വെച്ചാണ് ചാലിയാർ കോഴിക്കോട് ജില്ലയിൽ പ്രവേശിക്കുന്നത്. ഇത് മാവൂർ, പെരുവയൽ, രാമനാട്ടുകര മുനിസിപ്പാലിറ്റി, കോഴിക്കോട് കോർപ്പറേഷൻ എന്നിവയുടെ അതിർത്തികളിലൂടെ ഒഴുകി ബേപ്പൂർ തുറമുഖത്ത് അറബിക്കടലിൽ പതിക്കുന്നു. മുൻകാലത്ത് ഗുണനിലവാരത്തിൽ ബി ഗ്രേഡിൽ ഉൾപ്പെട്ടിരുന്ന ഈ പുഴ ഇന്ന് ഇ ഗ്രേഡിനും താഴെയാണ്. ചാലിയാറിലേക്ക് ഒഴുകി എത്തുന്ന രണ്ട് ഉപനദികളാണ് ചെറുപുഴയും ഇരുവഴിഞ്ഞിപ്പുഴയും.

ചെറുപുഴ

പുതുപ്പാടി പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിൽ പശ്ചിമഘട്ട നിരകളിൽ അത്തിക്കോട് മലയിൽ നിന്നാണ് ചെറുപുഴയുടെ ഉത്ഭവം. പുതുപ്പാടിയിലും പരിസര പ്രദേശത്തും ഇരുതുള്ളിപുഴ എന്നപേരിലറിയപ്പെടുന്ന ചെറുപുഴ പുതുപ്പാടി, കോടഞ്ചേരി, കട്ടിപ്പാറ, താമരശ്ശേരി, ഓമശ്ശേരി, കൊടുവള്ളി, ചാത്തമഗലം, കുന്ദമംഗലം, പെരുവയൽ എന്നീ പ്രദേശങ്ങളിലൂടെ ഒഴുകി മാവൂർ പഞ്ചായത്തിലുടെ ചാലിയാറിൽ പതിക്കുന്നു. കോഴിക്കോട് നഗരത്തിലേക്കുള്ള കുടിവെള്ളം പ്രധാനമായും പമ്പു ചെയ്യുന്നത് ഈ പുഴയിലെ കൂളിമാട് ഭാഗത്തു നിന്നാണ്. താരതമ്യേന ബി നിലവാരത്തിലുള്ള ഈ പുഴയിലും ഖരമാലിനങ്ങളുടേയും ചിലഭാഗത്ത് ജൈവമാലിന്യങ്ങളുടേയും സാന്നിദ്ധ്യമുണ്ട്.

ഇരുവഴിഞ്ഞിപ്പുഴ

പശ്ചിമഘട്ടത്തിലെ വെള്ളരിമലയിൽ നിന്നാണ് ഈ പുഴ ആരംഭിക്കുന്നത്. കോടഞ്ചേരി, തിരുവമ്പാടി, മുക്കം, കാരശ്ശേരി, ചാത്തമംഗലം, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിലൂടെ ഒഴുകി ചാലിയാറിൽ വന്നുചേരുന്നു. ഈ പുഴയും ബി ഗ്രേഡിൽ ഉൾപ്പെടുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടേയും ഭീഷണിയാണ്.

ചിത്രം 4.2.15

ജില്ലയിലെ മലിനീകരണ തോത് – 2008



ചിത്രം 4.2.16

ജില്ലയിലെ നദികളുടെ മലിനീകരണ തോത് – 2016



ചിത്രം 4.2.17

കനോലി കനാൽ – മലിനീകരണത്തിന്റെ ഉറവിടങ്ങൾ



കനോലി കനാൽ

കോഴിക്കോട് നഗരമദ്ധ്യത്തിലൂടെ തെക്കു വടക്കായി ഒഴുകുന്നതും വെസ്റ്റ്കോസ്റ്റ് കനാൽ ശൃംഖലയിൽ പെടുന്നതുമായ മനുഷ്യനിർമ്മിത കനാലാണ് കനോലി കനാൽ. 1848ൽ അന്നത്തെ മലബാർ ജില്ലാ കലക്ടർ ആയിരുന്ന എച്ച് .വി .കനോലിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇതു നിർമ്മിച്ചത്. പൂനൂർ പുഴയും കോരപ്പുഴയും ചേർന്ന് അറബിക്കടലിനോടു ചേരുന്നതിനോട ടുത്ത് എരഞ്ഞിക്കൽ മുതൽ കല്ലായി പുഴ വരെ ഏകദേശം 16 കീ.മി നീളത്തിലാണ് ഈ കനാൽ നിർമ്മിച്ചത്. കല്ലായിപുഴയേയും എരഞ്ഞിക്കൽ കായലിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാൽ ഇ.കെ.കനാൽ (എരഞ്ഞിക്കൽ - കല്ലായി കനാൽ) എന്നാണ് ഔദ്യോഗിക രേഖകളിൽ ഇതിന്റെ പേര്. വേലിയേറ്റത്തിൽ തെക്കുനിന്ന് വടക്കോട്ടേക്കും വേലിയിറക്കത്തിൽ വടക്കുനിന്ന് തെക്കോട്ടേക്കും മാറിമാറി ഒഴുകുന്ന ദൃശ്യം ഒരു കൗതുകമാണ്.

ഇന്ന് ഈ കനാൽ പല തരത്തിലുള്ള ഖരദ്രവമാലിന്യങ്ങൾ നിറഞ്ഞതാണ്. ഡ്രെയിനേജ് വഴി മാലിന്യം കനോലികനാലിലേക്കാണ് ഒഴുക്കിവിടുന്നത്. കല്ലായി പുഴയിൽ മൂരിയാട് പാലം മുതൽ മുടപ്പാട്ടുപാലം വരെ മാലിന്യങ്ങളും മണ്ണും പായലും ചേർന്ന് തടസ്സപ്പെട്ടുകിടക്കുന്ന കാഴ്ചയാണ്. മുടപ്പാട്ടു പാലം മുതൽ എരഞ്ഞിക്കൽ വരെ കനാൽ ജലസമൃദ്ധമാണ്.

ഒരു കാലത്ത് ചരക്കുനീക്കത്തിനും ഗതാഗതത്തിനും ഉപയോഗിച്ചിരുന്ന ഈ ജലപാതയുടെ ഇന്നത്തെ അവസ്ഥ അത്യന്തം ശോചനീയമാണ്. പലതരം മാലിന്യങ്ങൾ നിറഞ്ഞ് ഈ കനാൽ ഉപയോഗശൂന്യമായി തീർന്നി രിക്കുന്നു. കോരപ്പുഴയേയും കല്ലായിപുഴയേയും പരസ്പരം ബന്ധിപ്പിക്കുന്ന ഈ കനാലിന് വ്യത്യസ്ത സ്ഥലങ്ങളിൽ 6 മുതൽ 20 വരെ മീറ്ററാണ് വീതി. കനാലിലെ ജലത്തിന്റെ ആഴം 1 മുതൽ 3വരെ മീറ്ററാണ്.

കനോലി കനാലിനെ മാലിന്യ മുക്തമാക്കു ന്നതിന് നിരവധി ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഈ ശ്രമങ്ങളിൽ ഏറ്റവും ഒടുവിലായി നടന്നത് കനാലിലേക്ക് വന്നു ചേരുന്ന വിവിധ പ്രവാഹ സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള പാരിസ്ഥിതിക സർവ്വേയാണ്. 2017 ലെ മൺസൂൺ കാലത്താണ് (ആഗസ്റ്റ്-26) കേരളസംസ്ഥാന മലിനീകരണ ബോർഡിലെ 3 എഞ്ചിനീയർമാരും ടൗൺപ്ലാനിംഗ് ഡിപ്പാർട്ട്മെന്റിലെ ഒരു ഉദ്യോഗസ്ഥനും കെഎംസിടി വനിതാ എഞ്ചിനീയറിംഗ് കോളേജിലെ 4 ബിരുദാനന്തര കോഴ്സ് വിദ്യാർത്ഥികളും അടങ്ങുന്ന 8 പേരാണ് കനാലിന്റെ മുഴുവൻ പ്രദേശങ്ങളും സർവ്വെ ചെയ്തത്. സർവ്വെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഘട്ടം -1 എരഞ്ഞിക്കൽ - കുണ്ടൂപറമ്പ്

ഈ ഭാഗത്ത് കനാലിലേക്കു തുറന്നുവിടുന്ന 11 ഓവുചാലുകളാണ് കണ്ടെത്തിയത്. ഇവ മിക്കവാറും മഴവെള്ള നിർഗ്ഗമന ചാലുകളാണ്. ഇവിടത്തെ കനാൽ ജലം ദുർഗന്ധമില്ലാത്തതും തെളിഞ്ഞതുമാണ്. ഇരുകരകളും വൃത്തിയുള്ള തായി കാണാം. ഇതിന്റെ പരിസരപ്രദേശങ്ങൾ മാലിന്യം പുറന്തള്ളുന്നതോ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടതോ ആയി കാണപ്പെടുന്നില്ല. സർവ്വേ റിപ്പോർട്ടിൽ എൽ-4,ആർ-4-6 എന്നിങ്ങനെ രേഖപ്പെടുത്തിട്ടിയിട്ടുള്ള രണ്ടു കേന്ദ്രങ്ങൾ യഥാക്രമം കനാലിന്റെ ഇടതും വലതും ഭാഗത്തായി വെള്ളം പുറത്തേക്കൊഴുകുന്ന നീർച്ചാലുകളാണ്. ചിലയിടങ്ങളിൽ മോട്ടോർ വഴി പമ്പു ചെയ്ത് കനാൽ വെള്ളം ജലസേചനത്തിനായി ഉപയോഗി ക്കുന്നു. ഈ ഘട്ടത്തിൽ കുണ്ടൂപറമ്പിൽ അവസാനിക്കുന്ന ഭാഗത്തുമായി സസ്യങ്ങൾ വളർന്ന് ഒഴുക്ക് നിലച്ചിട്ടുണ്ട്.

ഘട്ടം -2 :കുണ്ടൂപറമ്പ് - മൊടപ്പാട്ടുപാലം

ഈ ഘട്ടത്തിൽ 22 ഓവുചാലുകളുണ്ട്. ഇവയെല്ലാം മഴവെള്ള നിർഗമനച്ചാലുകളാണ്. സസ്യങ്ങൾ വളർന്നത് കാരണം ചില ഭാഗങ്ങളിൽ ഒഴുക്കില്ലാതെ ജലം നിശ്ചലാവസ്ഥയിലാണ്. മൊടപ്പാട്ടുപാലം വരെയുള്ള ഈ ഭാഗത്ത് വെള്ളം തെളിഞ്ഞതും യാതൊരു ദുർഗന്ധമില്ലാത്തതുമാണ്.

ഘട്ടം 3 :മൊടപ്പാട്ടുപാലം - ആശിർവാദ് ലോൺസ്

7 ബഹിഗ്ഗമനച്ചാലുകളാണ് ഈ ഘട്ടം കനാലിലേക്കെത്തുന്നത്. കനാലിന്റെ ഈ ഭാഗം മുഴുവനും വെള്ളം ഒഴുക്കില്ലാത്ത സ്ഥിതിയിൽ കെട്ടിക്കിടക്കുകയാണ്. ഒരു അഴുക്കുചാലിലെ വെള്ളം കലങ്ങിയതും കറുപ്പു നിറത്തിലുള്ള നിലയിലുമാണ് കാണപ്പെടുന്നത്.

ഘട്ടം 4 : ആശിർവാദ് ലോൺസ് - സരോവരം ബയോപാർക്ക്

ഈ ഭാഗം വൻതോതിൽ പായലും മറ്റു സസ്യങ്ങളും വളർന്ന് ഒഴുക്കു നിലച്ചനിലയിലാണ്. ആശിർവാദ് ലോൺസിനു സമീപത്തുള്ള കനാലിൽ പ്ലാസ്റ്റിക് ബോട്ടിലുകളും മുനിസിപ്പൽ ഖര മാലിന്യങ്ങളും കൂടിക്കിടക്കുന്നതായി കാണാം. ഈ ഭാഗത്ത് 65 ഓവുചാലുകളാണ് കാണപ്പെടുന്നത്. ഇവയിൽ 2 അഴുക്കുചാലുകൾ RA5 ഉം LA8 ഉം ആയി പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കനാലിലെ വെള്ളം ചാര നിറവും രൂക്ഷ ഗന്ധവുമുള്ളതാണ്.

ഘട്ടം 5 : സരോവരം ബയോപാർക്ക് - കല്ലുത്താൻ കടവ്.

ഈ ഭാഗത്ത് 18 ഓവുചാലുകളുണ്ട്. RA6, RA7, RA8, RA9 എന്നീ കേന്ദ്രങ്ങളിൽ കറുത്ത മലിന ദ്രാവകം വഹിക്കുന്നതും രൂക്ഷ ഗന്ധവുമുള്ളതാണ്. ഈ ഓടകൾ ബേബി മെമ്മോറിയൽ ഹോസ്പ്പിറ്റലിനും കല്ലുത്താൻ കടവിനും ഇടയിലാണുള്ളത്.

ഘട്ടം 6 :കല്ലുത്താൻ കടവ് - മൂരിയാട്.

ഇവിടെ 37 ബഹിർഗമനച്ചാലുകളുണ്ട് ഇവയിൽ NA 18 ആയി അടയാളപ്പെടുത്തിയ കേന്ദ്രം ഒരു പൊതു അഴുക്കുചാലാണ്. ഇതിലെ വെള്ളം ചാര നിറവും രൂക്ഷ ഗന്ധവുമുള്ളതാണ്. കല്ലുത്താൻ കടവ് കോളനിയിൽ നിന്ന് ഒരു സ്വകാര്യ ഓട കനാലിലേക്ക് തുറന്നു വിട്ടിട്ടുണ്ട്. ഈ ഭാഗത്തും വെള്ളം കറുത്ത നിറത്തിലും ദുർഗന്ധം വമിക്കുന്നതുമാണ്. അടുത്തുള്ള പാർപ്പിടങ്ങളിൽ നിന്നുള്ള സ്വകാര്യ അഴുക്കുചാലുകളും കനാലിലേക്ക് തുറന്നു വിട്ടതായിട്ടാണ് കാണുന്നത്. ഈ ഭാഗം മുഴുവൻ വെള്ളത്തിന് ദുർഗന്ധവുമാണ്. നിരവധി മര വ്യവസായങ്ങളും ഈ മേഖലയിലുണ്ട്. മരത്തടി വെള്ളത്തിലിട്ട് പാകപ്പെടുത്തുന്ന പ്രവർത്തിയാണ് ഇവിടങ്ങളിൽ നടക്കുന്നത്. ഇക്കാരണത്താൽ വെള്ളം ഒഴുക്കില്ലാതെ ഭാഗികമായി കെട്ടിക്കിടക്കുന്നു.

ഘട്ടം 7: മൂരിയാട് - കല്ലായി.

ഈ ഭാഗത്ത് കനാലിലേക്ക് തുറന്നുവിട്ട 5 ഓടകളാണ് കാണുന്നത്. ഇവിടുത്തെ വെള്ളം ചാര നിറവും രൂക്ഷ ഗന്ധവുമുള്ളതാണ്. RC3, LC5 എന്നിങ്ങനെ രേഖപ്പെടുത്തിയ കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടതായി കാണാം. കനോലി കനാൽ കല്ലായി പുഴയുമായി ബന്ധിക്കുന്നത് LC4 എന്ന കേന്ദ്രത്തിലാണ്. ഈ ഭാഗം മുതൽ പുഴയുടെ ഇരുകരകളും എത്തിപ്പെടാൻ പറ്റാത്ത അവസ്ഥയിലാണ്.

ഘട്ടം 8 കല്ലായി - കോതിപ്പാലം

കല്ലായിപ്പുഴ അറബിക്കടലിൽ പതിക്കുന്നിടത്താണ് കനാലിന്റെ അവസാന ഭാഗം. പുഴയുടെ വലതുഭാഗം ചേർന്ന് കണ്ടൽകാടുകളുണ്ട്. നിരവധി മര വ്യവസായങ്ങളും ചെരുപ്പ് നിർമ്മാണയൂണിറ്റുകളും ഈ പുഴയോരത്തു ചേർന്ന് പ്രവർത്തിക്കുന്നുണ്ട്. RC3, RD5 എന്നിങ്ങനെ രേഖപ്പെടുത്തിയ കേന്ദ്രങ്ങൾ അഴുക്കുചാലുകളാണ്. ഈ അഴുക്കുചാലുകളുടെ കൃത്യമായ സ്ഥലം കണ്ടെത്തുന്നതിന് ആ പ്രദേശത്തേക്ക് എത്തിപ്പെടുന്നത് പ്രയാസകരമാണ്.

പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടിയിട്ടതിനാൽ അഴുക്കുചാലുകൾക്കടുത്തുള്ള ഒഴുക്ക് തടസ്സപ്പെട്ടിരിക്കുകയാണ്. വെള്ളം കറുത്ത നിറവും രൂക്ഷ ഗന്ധവുമുള്ളതാണ്.

എരഞ്ഞിക്കൽ മുതൽ കോതിപ്പാലം വരെ 163 സ്രോതസ്സുകളാണ് കണ്ടെത്തിയിട്ടുള്ളത്. കാരപ്പറമ്പിനും കല്ലായിപ്പുഴയ്ക്കുമിടയിൽ ധാരാളം അഴുക്കുചാലുകൾ കനാലിലേക്ക് തുറന്നു വിട്ടിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾ, ചന്ത, ഹോട്ടലുകൾ, ആശുപത്രികൾ, എന്നിവിടങ്ങളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന മലിന ജലം കനാലിലേക്ക് ഒഴുക്കിവിടുകയാണ്. കാരപ്പറമ്പിനും കല്ലായിപ്പുഴയ്ക്കുമിടയിൽ കനാലിലേക്കെത്തിച്ചേരുന്ന മലിന ജലത്തിന്റെ അളവ് പരമാവധിയാണ്. മുനിസിപ്പൽ ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റു മാലിന്യങ്ങളും തുടർച്ചയായി നിക്ഷേപിക്കുന്നതുമൂലം ഇവിടെ വെള്ളത്തിന് ഇരുണ്ട നിറമാണുള്ളത്.

കനോലി കനാൽ ശുദ്ധീകരിച്ച്, നവീകരിച്ച് ജലഗതാഗതയോഗ്യമാക്കുന്നതു വഴി നഗര സൗന്ദര്യം വർദ്ധിപ്പിക്കുക മാത്രമല്ല നഗരത്തിന്റെ ആരോഗ്യ പ്രശ്നം പരിഹരിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുക കൂടിയാകുമത്. ചരക്കു നീക്കത്തിനും സഞ്ചാരത്തിനും ഉപയോഗിക്കാവുന്ന ഈ കനാൽ വിനോദ സഞ്ചാര മേഖലയുമായി ബന്ധിപ്പിക്കാവുന്നതുമാണ്.

ജൈവ - അജൈവമാലിന്യം പൊതു പ്രശ്നങ്ങളും പരിഹാരങ്ങളും

പ്രശ്നങ്ങൾ

1. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സമഗ്രമായ മാലിന്യസംസ്കരണ പരിപാടികൾ നിലവിലില്ല.
2. ഗാർഹികമാലിന്യങ്ങൾ പൂർണ്ണമായും ഉറവിടത്തിൽ സംസ്കരിക്കപ്പെടുന്നില്ല.
3. കടകൾ, ഹോട്ടലുകൾ, ഫ്ളാറ്റുകൾ തുടങ്ങിയവയിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ പദ്ധതികൾ വിരളമാണ്.
4. അജൈവമാലിന്യ ശേഖരണവും ഉറവിടത്തിൽ തന്നെ സംസ്കരിക്കലും ശാസ്ത്രീയമായ സംസ്കരണവും നാമമാത്രം. ഉറവിട മാലിന്യസംസ്കരണത്തിന് സാധ്യതയില്ലാത്ത ഇടങ്ങളിൽ പൊതുസംസ്കരണ സംവിധാനമില്ല.
5. പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവമാലിന്യങ്ങൾ അയൽ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്ന രീതി ഇപ്പോഴും നിലനിൽക്കുന്നു.
6. പ്ലാസ്റ്റിക്ക് ഉൾപ്പടെയുള്ള അജൈവമാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിന്റെ ഭാഗമായി ഓടകളും പൊതുഇടങ്ങളും പുഴകളും തോടുകളും ജലസ്രോതസ്സുകളും മലിനമാകുന്നു.
7. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പലസ്ഥലങ്ങളിലും കത്തിക്കുന്നു.
8. ഉറവിടമാലിന്യ സംസ്കരണത്തിന് സാദ്ധ്യതയില്ലാത്ത ഇടങ്ങളിൽ പൊതു സംസ്കരണ സംവിധാനമില്ല.

പരിഹാരങ്ങൾ

1. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുക.
2. ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു മാർഗ്ഗവുമില്ലാത്തവരിൽ നിന്ന് യൂസർ ഫീ ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതു സംസ്കരിക്കാൻ സംവിധാനമൊരുക്കുക.
3. അജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുക.
4. വൃത്തിയായി തരംതിരിച്ച് സൂക്ഷിച്ചുവെച്ച അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും എം.സി.എഫ്, എം.ആർ.എഫ് സെന്ററുകളിൽ എത്തിക്കുന്നതിനും ഹരിതകർമ്മ സേന രൂപീകരിക്കുക.
5. എം.ആർ.എഫുകളിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റും ബെയ്ലിംഗ് യൂണിറ്റും ആരംഭിക്കുക.
6. അസംസ്കൃത വസ്തുക്കളുടെ ലഭ്യത, സംസ്ക്കരണ സാധ്യത എന്നിവക്കനുസരിച്ച് റീസൈക്ലിംഗ് യൂണിറ്റുകൾ ആരംഭിക്കുക.
7. മലിനജലം പുറത്തേക്ക് ഒഴുക്കി വിടുന്നത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുകയും പിഴത്തുക ഗണ്യമായി വരദ്ധിപ്പിക്കുകയും ചെയ്യുക.
8. പൊതുഇടങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ തുമ്പൂർമൂഴി എയറോബിക്ക് കമ്പോസ്റ്റുകൾ സ്ഥാപിക്കുക.
9. റിജക്റ്റുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനായി സാനിറ്ററി ലാന്റ് ഫില്ലിനുള്ള സ്ഥലം ജില്ലയിൽ കണ്ടെത്തേണ്ടതും അത്യാവശ്യമാണ്.
10. കൺസ്ട്രക്ഷൻ & ഡിമോളിഷിങ്ങ് വേസ്റ്റ് (C & D Waste) പ്രത്യേകം തരംതിരിക്കാനും എം.ആർ.എഫ് മുഖേന ശേഖരിച്ച് മറ്റ് ഉൽപ്പന്നങ്ങൾ ആക്കാനുമുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.
11. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഇല്ലാതാക്കുന്നതിനുള്ള ബദൽ ഉൽപന്നങ്ങൾക്കുള്ള സംരംഭങ്ങൾ ആരംഭിക്കുക.
12. പുനരുപയോഗത്തിനായി സ്വാപ്പ്ഷോപ്പുകൾ ആരംഭിക്കുക.
13. ഗ്രീൻ പ്രോട്ടോകോൾ വ്യാപമാക്കുന്നതിനു നടപടി സ്വീകരിക്കുകയും വാടക സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്യുക.

സീറോവേസ്റ്റ് കോഴിക്കോട് പദ്ധതി

കോഴിക്കോട് ജില്ലയെ മാലിന്യ മുക്തമാക്കുക എന്ന ആശയത്തിന്റെ സഫലീകരണത്തിന്

ആരംഭിച്ച ജില്ലയുടെ തനത് പദ്ധതിയാണ് സീറോവേസ്റ്റ് കോഴിക്കോട് . ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറച്ച് മാലിന്യങ്ങൾ പുന:ചംക്രമണം ചെയ്യുന്നതിനോടൊപ്പം ശുചിത്വ, ഖര മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം കൊടുക്കുക എന്നതും പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളാണ്. ജില്ലയിലെ മുഴുവൻ വീടുകളും വ്യാപാര സ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന ഉറവിട മാലിന്യ സംസ്കരണം എന്ന ആശയത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ കലക്ടറുടെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ അവലോകനം നടത്തുന്നുണ്ട്.

പ്രൊജക്റ്റ് ക്ലിനിക്ക്

1. ജില്ലയിലെ മുഴുവൻ ബ്ലോക്കുകളിലേയും രണ്ടാംഘട്ട പ്രൊജക്റ്റ് ക്ലിനിക്കുകൾ ഗ്രാമപഞ്ചായത്തുകളേയും മുനിസിപ്പൽ കോർപ്പറേഷനുകളേയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ കലക്ടർ നേരിട്ട് നടത്തുകയുണ്ടായി.

2. ഹരിതകേരളമിഷൻ, ക്ലീൻ കേരള കമ്പനി, വിവിധ എംപാനൽ ഏജൻസികൾ എന്നിവരുമായി ചർച്ച നടത്തി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകളുമായി ധാരണാപത്രം ഒപ്പിടുകയും ചെയ്തു.

എംആർഎഫ്, എംസിഎഫ് എന്നിവ സ്ഥാപിക്കുന്ന ഇടങ്ങളിൽ ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് ജില്ലാകലക്ടറുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തി.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 2016 - 17 വാർഷിക പദ്ധതികൾ

പട്ടിക 4.2.31

കോഴിക്കോട് ജില്ല മാലിന്യസംസ്കരണം പ്രോജക്റ്റുകൾ സംക്ഷിപ്തം (2016-17)

ക്രമ നമ്പർ	തദ്ദേശസ്വയംഭരണ സ്ഥാപനം	സ്ഥാപനങ്ങളുടെ എണ്ണം	പദ്ധതികളുടെ എണ്ണം	അടങ്കൽ തുക (ലക്ഷത്തിൽ)
1	ഗ്രാമപഞ്ചായത്ത്	70	441	1698.8
2	ബ്ലോക്ക്പഞ്ചായത്ത്	12	73	635.0
3	ജില്ലാ പഞ്ചായത്ത്	1	14	505.1
4	മുനിസിപ്പാലിറ്റി	7	68	565.3
5	കോഴിക്കോട് കോർപ്പറേഷൻ	1	56	17569.1

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

പട്ടിക 4.2.32

സീറോവേസ്റ്റ് കോഴിക്കോട് പദ്ധതികൾ (എണ്ണം)

തദ്ദേശസ്വയംഭരണ സ്ഥാപനം	ഹരിതകർമ്മം സേന	അംഗങ്ങൾ	എംസിഎഫ്	എംആർഎഫ്	തുമ്പൂർമുഴി
ഗ്രാമപഞ്ചായത്ത്	58	3473	63	0	5
ബ്ലോക്ക്പഞ്ചായത്ത്				12	
മുനിസിപ്പാലിറ്റി	4	223	9	3	1
കോഴിക്കോട് കോർപ്പറേഷൻ	1	118	7	3	5

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

ചിത്രം 4.2.18

ജില്ലയിലെ നിർദ്ദിഷ്ട സൂപ്പർ എം . ആർ. എഫ് കേന്ദ്രങ്ങൾ



ചിത്രം 4.2.19

ജില്ലയിലെ നിർദ്ദിഷ്ട എം ആർ എഫ് കേന്ദ്രങ്ങൾ



ദ്രവമാലിന്യം

ഖരമാലിന്യത്തേക്കാൾ സംസ്ക്കരിക്കാൻ ഏറെ പ്രയാസമുള്ളതാണ് ദ്രവമാലിന്യം. നഗരങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ദ്രവമാലിന്യങ്ങളിൽ ഏറിയ പങ്കും ഓടകളിലൂടെ ഒഴുകി കടലിലും പുഴകളിലും എത്തിച്ചേരുകയാണ്. ശാസ്ത്രീയമായ സംസ്കരണ പരിപാടി ഇല്ല എന്നുള്ളതാണ് ഏറ്റവും വലിയ പോരായ്മ. 348264 കുടുംബങ്ങളിൽ നിന്നുള്ള സർവ്വെയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 4.2.33

ദ്രവമാലിന്യ പരിപാലനം ജില്ലയിൽ (ബ്ലോക്ക് തലത്തിൽ)

ക്രമ നം	ബ്ലോക്കുകൾ	പാഴ്ജല കുഴി	സ്വീവേജ് പൈപ്പ്	മരങ്ങളുടെ തടത്തിൽ ഒഴിക്കുന്നു	കൃഷിയ്ക്ക് നനയ്ക്കുന്നു	കോമ്പൗണ്ടിന് പുറത്ത് ഒഴുകുന്നു	ആകെ
1	വടകര	14280	1584	4472	2858	1177	24371
2	കോഴിക്കോട്	18570		6148	3131	1386	29235
3	ചേളന്നൂർ	4671	160	2015	477	571	7894
4	ബാലുശ്ശേരി	7804	308	5406	941	806	15265
5	കൊടുവള്ളി	24941	2278	14625	8002	3990	53836
6	പന്തലായനി	12142	1365	8478	2934	1169	26088
7	മേലടി	7059	1008	5756	1571	2532	17926
8	കുന്നുമ്മൽ	13698	1399	6045	2684	2141	25967
9	കുന്നമംഗലം	24506	3663	13533	8438	5332	55472
10	തോടന്നൂർ	16190	955	5735	4788	2637	30305
11	പേരാമ്പ്ര	14026	1559	5099	3570	1465	25719
12	തുണേരി	20501	3291	5615	4886	1893	36186
	ആകെ	178388	17570	82927	44280	25099	348264

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

മേൽ പട്ടികയിൽ നിന്നും മലിന ജലം 51.22% കുടുംബങ്ങൾ പാഴ്ജല കുഴിയിലും 5.04% കുടുംബങ്ങൾ സീവേജ് പൈപ്പ് മുഖേനയും 7.2% കുടുംബങ്ങൾ കോമ്പൌണ്ടിന് പുറത്തേക്ക് ഒഴുക്കിയും 12.71% കുടുംബങ്ങൾ കൃഷിയ്ക്ക് നനച്ചും 23.8% കുടുംബങ്ങൾ മരങ്ങളുടെ തടത്തിലേക്ക് ഒഴിച്ചുമാണ് സംസ്കരിക്കുന്നത് എന്ന് കാണുന്നു.

ദ്രവമാലിന്യം - പ്രശ്നങ്ങൾ

1. ദ്രവമാലിന്യങ്ങളിൽ വിഷാംശങ്ങൾക്കും രാസപദാർത്ഥങ്ങൾക്കും സാദ്ധ്യത ഉള്ളതിനാൽ കൈകാര്യം ചെയ്യാൻ പ്രയാസവും അപകടകരവുമാണ്.
2. ദ്രവമാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ ലയിച്ച് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
3. ജലജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഭീഷണി സൃഷ്ടിക്കുന്നു.
4. ദ്രവമാലിന്യങ്ങൾ ഖരമാലിന്യങ്ങളേക്കാൾ വേഗത്തിലും തീവ്രതയിലും മണ്ണിലും ജലത്തിലും ലയിച്ചു ചേരുന്നു. ദ്രവമാലിന്യത്തിന് ശാസ്ത്രീയമായ സംസ്കരണ രീതി ജില്ലയിൽ നിലവിലില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. മുഴുവൻ വീടുകൾക്കും സ്ഥാപനങ്ങൾക്കും ശാസ്ത്രീയ രീതിയിലുള്ള സോക്ക് പിറ്റ് സംവിധാനം ഒരുക്കുക.
2. മലിനജലം ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുന്നില്ലെങ്കിൽ ഉണ്ടാകാവുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം ആവശ്യമാണ്. ഇതിനായി റസിഡൻസ് അസോസിയേഷൻ പോലുള്ള സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം.
3. പൊതു സ്ഥലങ്ങളിലെ ദ്രവമാലിന്യ സംസ്കരണത്തിനും ട്രീറ്റ്മെന്റിനും സൌകര്യമൊരുക്കുക.

മനുഷ്യവിസർജ്ജ്യ സംസ്കരണം

മാലിന്യത്തിൽ ഏറ്റവും രൂക്ഷഗന്ധമുള്ള മനുഷ്യവിസർജ്ജ്യം ഇന്ന് എല്ലാവരും തന്നെ കക്കൂസുകളിലൂടെ ശാസ്ത്രീയമായി സംസ്കരിക്കുകയാണ്. എന്നാൽ ഗ്രാമീണ മേഖലയിൽ ഇതിൽ ഏറിയപങ്കും സെപ്റ്റിക് ടാങ്കുകളല്ലാത്ത ഒറ്റകുഴി കക്കൂസുകളാണ്. ഇവ കിണറുകളെ മലിനപ്പെടുത്തുന്നുണ്ട്. അങ്കണവാടികളിൽ സ്വന്തം കെട്ടിടമുള്ള എല്ലാ സ്ഥലങ്ങളിലും കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ സ്കൂളുകളുടെ ഇക്കാര്യത്തിൽ 100% ത്തിലേക്ക് എത്താൻ കഴിഞ്ഞിട്ടില്ല.

കോഴിക്കോട് വെളിയിട വിസർജ്ജ്യ മുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. 100% വീടുകൾക്കും സെപ്റ്റിക് ടാങ്ക് ഉള്ളതോ ഇല്ലാത്തതോ ആയ കക്കൂസ് സംവിധാനം നിലവിലുണ്ട്. എന്നാൽ പൊതു ശൌചാലയങ്ങളുടെ അപര്യാപ്തതയും കക്കൂസ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമില്ല എന്നതും വലിയ പോരായ്മയാണ്.

ഗാർഹിക ശൌചാലയങ്ങൾ

മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിച്ചതിന്റെ ഭാഗമായി തുറസ്സായ സ്ഥലത്തെ മലവിസർജ്ജനം പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞു. അതു വഴി നിർമ്മൽ പുരസ്ക്കാരം നേടാനും വെളിയിട വിസർജ്ജ്യ മുക്ത (ഓ ഡി എഫ്) പ്രഖ്യാപനം സമയബന്ധിതമായി നടത്താനും ജില്ലയ്ക്ക് കഴിഞ്ഞു.

പട്ടിക 4.2.34

ശുചിത്വ മിഷന്റെ സഹായത്തോടെ നിർമ്മിച്ച കക്കൂസുകളുടെ വിവരങ്ങൾ

വർഷം	കക്കൂസുകളുടെ എണ്ണം	ശുചിത്വമിഷൻ വിഹിതം (ലക്ഷം രൂപയിൽ)
2013- 2014	1089	4.99
2014 - 2015	3161	222.81
2015 - 2016	881	35.51
2016 - 2017	12700	1509.58
	17831	1772.89

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

ജില്ലയിലെ മനുഷ്യവിസർജ്ജ്യ സംസ്ക്കരണത്തിന്റെ നിലവിലെ അവസ്ഥ താഴെ പട്ടികയിൽ പറയും പ്രകാരമാണ്.

പട്ടിക 4.2.35

ജില്ലയിലെ കക്കൂസുകളെ സംബന്ധിച്ച വിവരങ്ങൾ (2017)

ആകെ ജനസംഖ്യ	ആകെ വീടുകളുടെ എണ്ണം	കക്കൂസ് ഉള്ളവ	സെപ്റ്റിക് ടാങ്ക് ഉള്ളവ	സെപ്റ്റിക് ടാങ്ക് ഇല്ലാത്തവ
3086293	696283	696283	498249	198034

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

മേൽ പട്ടികയിൽ നിന്നും മനുഷ്യവിസർജ്ജ്യത്തിന്റെ ശാസ്ത്രീയ സംസ്ക്കരണം വളരെ കുറവായതിനാൽ ജില്ലയിൽ ഭൂരിഭാഗം പ്രദേശത്തും കുടിവെള്ളം മലിനമാകാൻ കാരണമാകുന്നുവെന്നു കാണാം. കക്കൂസുകളിൽ സ്ഥിരവും ശാസ്ത്രീയമായതുമായ സംസ്ക്കരണ രീതി ഉറപ്പുവരുത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

സെപ്റ്റിക്ക് ടാങ്കില്ലാത്ത കക്കൂസുകളും കക്കൂസുകളിലെ രാസകീടനാശിനികളുടെ ഉപയോഗവുമാണ് ഗുരുതര പ്രശ്നങ്ങൾ.

പരിഹാരമാർഗ്ഗങ്ങൾ

1. ജില്ലയിൽ കക്കൂസ് മാലിന്യ സംസ്ക്കരണ കേന്ദ്രം (സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുക.
2. പുതിയ വീടുകൾ, ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള സമുച്ചയങ്ങൾ എന്നിവയ്ക്ക് നിർബന്ധമായും സെപ്റ്റിക് ടാങ്ക് ഉറപ്പ് വരുത്തുക. ഇത് നിയമം മൂലം കർശനമായും നടപ്പിലാക്കുകയും പരിശോധനയ്ക്ക് വിധേയമാക്കുകയും വേണം.
3. നിലവിൽ സെപ്റ്റിക് ടാങ്ക് ഇല്ലാത്ത വീടുകളിൽ ടാങ്കുകൾ നിറയുന്ന മുറയ്ക്ക് അവ സംസ്ക്കരിക്കുന്ന കേന്ദ്രത്തിലേക്ക് മാറ്റാനുള്ള സംവിധാനം ഒരുക്കണം.
4. ഓടകൾ മലിനീകരിക്കപ്പെടുന്നില്ലെന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുക.
5. ഫാക്ടറികൾ, സർവ്വീസ് സ്റ്റേഷനുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പൊതുസ്ഥലത്തേക്ക് മാലിന്യം ഒഴുക്കുന്നത് തടയുവാൻ കർശന നടപടികൾ സ്വീകരിക്കുക.
6. മാലിന്യം അതത് സ്ഥാപനങ്ങളിൽ സംസ്കരിക്കുവാനും ട്രീറ്റ് ചെയ്യുവാനും സംവിധാനങ്ങളുണ്ടാക്കുക.

കമ്മ്യൂണിറ്റി ടോയ്ലറ്റ്

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കമ്മ്യൂണിറ്റി ടോയ് ലറ്റുകളുടേയും എണ്ണം താഴെ പറയും പ്രകാരമാണ്.

പട്ടിക 4.2.36

ജില്ലയിലെ കമ്മ്യൂണിറ്റി ടോയ് ലറ്റ് സംബന്ധിച്ച വിവരങ്ങൾ

കമ്മ്യൂണിറ്റി ടോയ്ലറ്റുകളുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ (എണ്ണം)	നിലവിൽ കമ്മ്യൂണിറ്റി ടോയ് ലറ്റ് യൂണിറ്റുകൾ (എണ്ണം)
13	31

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

പൊതു ടോയ്‌ലറ്റ്

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതു ടോയ് ലറ്റുകളുടേയും എണ്ണം താഴെ പറയും പ്രകാരമാണ്.

പട്ടിക 4.2.37

ജില്ലയിലെ പൊതു ടോയ്‌ലറ്റ് സംബന്ധിച്ച വിവരങ്ങൾ

പൊതുടോയ്‌ലറ്റുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം	നിലവിൽ പൊതു ടോയ്‌ലറ്റുകളുടെ എണ്ണം യൂണിററുകൾ	ഉപയോഗപ്രദമായവയുടെ എണ്ണം
31	86	86

സ്രോതസ്സ് : മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം വിവരശേഖരണം -2017

ജില്ലയിൽ ആവശ്യമായ എണ്ണം പൊതു ടോയ് ലെറ്റുകളും കമ്മ്യൂണിറ്റി ടോയ്‌ലറ്റുകളും നിലവിലില്ല. ദിനംപ്രതി നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുന്ന ജില്ലയായതിനാൽ പൊതു ടോയ് ലറ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായേ മതിയാവൂ. വ്യാപാര കേന്ദ്രങ്ങൾ, ചന്തകൾ, ബസ്സ്റ്റോപ്പുകൾ, ബസ്സ് ടെർമിനലുകൾ , ലോറി/ ടാക്സിസ്റ്റാന്റുകൾ എന്നിവിടങ്ങളിൽ പൊതു ടോയിലറ്റ് പരിഗണിക്കേണ്ടതാണ്. നിർമ്മിക്കുന്ന ടോയിലറ്റുകളുടെ പ്രവർത്തനം , പരിപാലനം എന്നിവയ്ക്ക് പ്രത്യേക സംവിധാനം ഉണ്ടാക്കണം. പൊതുസ്ഥലങ്ങൾ ലേഡീസ് ഫ്രണ്ട്‌ലി ടോയിലറ്റുകൾ സ്ഥാപിക്കണം. വ്യാപാരസ്ഥാപനങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ടോയ്‌ലറ്റുകൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം.

താഴെ പറയുന്ന പരിഹാര മാർഗ്ഗങ്ങൾ അവലംബിച്ചാൽ പൊതു ടോയ് ലറ്റുകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് വരുത്താൻ സാധിക്കും.

1. പി.ഡബ്ളിയു.ഡി, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ സ്ഥലം പൊതു ടോയിലറ്റ് നിർമ്മിക്കുന്നതിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. നിലവിൽസ്ഥലം ലഭ്യമില്ലാത്ത ഇടങ്ങളിൽ വ്യാപാരി വ്യവസായികളിൽ നിന്നോ പൊതു ജനങ്ങളിൽ നിന്നോ സ്ഥലം സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
3. പൊതു ടോയ്‌ലറ്റുകളിൽ ജലലഭ്യതയും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
4. പൊതു ടോയ്‌ലറ്റുകൾ നിർമ്മിക്കുമ്പോൾ ഷീ ടോയ്‌ലറ്റുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.
5. പൊതു ടോയ് ലറ്റ് പ്രവർത്തിക്കുന്നതിനും പരിപാലിക്കുന്നതിനും സ്ഥിരംസംവിധാനങ്ങൾ ഒരുക്കുക.

അങ്കണവാടി ശൗചാലയം

കെട്ടിടമുള്ള മുഴുവൻ അങ്കണവാടികൾക്കും സ്വന്തമായി കക്കൂസ് ഉണ്ട്. എന്നാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കക്കൂസുകളില്ല. പ്രാഥമികാവശ്യങ്ങൾക്ക് ഇവിടങ്ങളിലെ കുട്ടികൾ തൊട്ടടുത്ത വീടുകളെയാണ് ആശ്രയിക്കുന്നത്.

സ്ക്കൂൾ ശൗചാലയം

കുട്ടികൾക്ക് ആനുപാതികമായി മൂത്രപ്പുരയും കക്കൂസുകളും ജില്ലയിലെ എല്ലാ സ്ക്കൂളുകളിലും നിലവിലില്ല എന്നതും എല്ലാ സ്കൂളുകളിലും ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് സൗകര്യം ഇല്ല എന്നതും ഒരു പോരായ്മയായി നിലനിൽക്കുന്നു.

ആശുപത്രി ശുചിത്വം

ആശുപത്രികൾ ശുചിത്വത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. ജൈവ-അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യാനായി പല ആശുപത്രികളും ഐഎംഎ ഇമേജ് പദ്ധതിയുമായി കരാറിൽ

ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ അവ പാലക്കാട് കഞ്ചിക്കോട് പ്ലാന്റിലാണ് സംസ്കരിക്കപ്പെടുന്നത്. മലിനജല പരിപാലനം ജില്ലയിലെ ചില ആശുപത്രികളിൽ മാതൃകാപരമായി കൈകാര്യം ചെയ്യുന്നുണ്ടെങ്കിലും മിക്ക ആശുപത്രികൾക്കും ഇതൊരു വെല്ലുവിളിയാണ്.

അറവുശാലാമാലിന്യം

ജില്ലയിൽ അറവുശാലാമാലിന്യ സംസ്കരണത്തിന് വ്യക്തമായ പദ്ധതികളില്ല. ഏറ്റവും അധികം പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും പൊതു ഇടങ്ങളിൽ ദുസ്സഹാവസ്ഥയുണ്ടാക്കുന്നതും അറവു മാലിന്യമാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അറവ് ശാലകളിലെ മാലിന്യങ്ങൾ പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുക വഴി ജലസ്രോതസ്സുകളുടെ മലിനീകരണത്തിനും നാശത്തിനും കാരണമായിത്തീരുന്നു.

ജില്ലയിൽ പ്രവർത്തിക്കുന്ന 90% ത്തോളം അറവുശാലകളും സർക്കാർ അനുമതിയില്ലാതെയാണ് പ്രവർത്തിക്കുന്നത്. അനുമതി ലഭിച്ചവതന്നെ ശാസ്ത്രീയ മാലിന്യ സംസ്കരണമില്ലാതെയാണ് പ്രവർത്തിക്കുന്നത്.

ജില്ലയിലെ കോഴി മാലിന്യം

പട്ടിക 4.2.38

ജില്ലയിലെ കോഴിമാലിന്യത്തിന്റെ വിവരങ്ങൾ

ഒരു ദിവസം കശാപ്പ് ചെയ്യുന്ന കോഴികളുടെ എണ്ണം	തൂക്കം	ഉണ്ടാക്കുന്ന മാലിന്യത്തിന്റെ അളവ്	ഒരു മാസം ഉണ്ടാകുന്ന മാലിന്യം
150000 - 200000	259 ടൺ	92 ടൺ	2760 ടൺ

കോഴിക്കോട് കോർപ്പറേഷനിലെ ബേപ്പൂർ, പുതിയാപ്പ എന്നീ തുറമുഖ പ്രദേശങ്ങളിൽ മാലിന്യസംസ്കരണ സംവിധാനങ്ങളുടെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി റിപ്പോർട്ട് തയ്യാറാക്കുകയും ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊയിലാണ്ടി മുനിസിപ്പാലിറ്റി പരിധിയിൽ മാലിന്യപ്രശ്നം രൂക്ഷമായി അനുഭവിക്കുന്ന തീരദേശങ്ങൾ സന്ദർശിക്കുകയും മാലിന്യപരിപാലനത്തിന് പരിഹാരം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ 70 ഗ്രാമ പഞ്ചായത്തുകളിലും മാലിന്യസംസ്കരണം, പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ എന്നിവ അയൽക്കൂട്ടതലത്തിൽ പ്രായോഗികമായി നടപ്പിലാക്കുന്നതിനായി വാർഡ് തല ആരോഗ്യ- ശുചിത്വപോഷണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുകയും, പഞ്ചായത്തു തലത്തിൽ പരിശീലനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

ഇ-വേസ്റ്റ്

ഇലക്ട്രോണിക് മാലിന്യത്തിൽ ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ ഫോണുകൾ, ടെലിവിഷനുകൾ, റഫ്രിജറേറ്ററുകൾ, വിനോദത്തിനുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവയാണ് ഉൾപ്പെടുന്നത്. മേൽ പറഞ്ഞ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയപ്പെടുന്നത് വഴി അതിൽ അടങ്ങിയിരിക്കുന്ന മാരക വിഷവാതകങ്ങളും ദ്രവ്യങ്ങളും നമ്മുടെ ഭൂഗർഭ ജലത്തിലും, മണ്ണിലും, തടാകങ്ങളിലും, വായുവിലും ചേരുകയും ഭക്ഷണ പദാർത്ഥങ്ങളിലൂടെ മനുഷ്യനിലേക്കെത്തി മാരക ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യുന്നു. ശാസ്ത്രീയമായി ഇ-മാലിന്യം കൈകാര്യം ചെയ്യേണ്ടത് അത്യാവശ്യമാണ്.

ഏകദേശം 50 മെട്രിക്ക് ടൺ ഇ-വേസ്റ്റ് പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. ജില്ലയിൽ ഇ-വെയ്സ്റ്റ് സംസ്കരിക്കാൻ സംവിധാനങ്ങൾ നിലവിലില്ല. ഇപ്പോൾ ക്ലീൻ കേരള കമ്പനിയാണ് ഇവ കൈകാര്യം ചെയ്യുന്നത്.

ശുചിത്വസാക്ഷരത പരിപാടി

കോഴിക്കോട് ജില്ലയുടെ മറ്റൊരു മാതൃകാപരമായ പ്രവർത്തനം 2018 ജില്ലയിൽ ശുചിത്വവർഷമായി ആചരിക്കുന്നു എന്നതാണ്. ശുചിത്വവർഷത്തിന്റെ ഭാഗമായി ജനങ്ങളെ ശുചിത്വത്തെക്കുറിച്ച് സാക്ഷരർ ആക്കുന്ന പദ്ധതിയാണ്

ശുചിത്വ സാക്ഷരത. ജില്ലയിലെ എല്ലാ വീടുകളും കടകളും ഉൾക്കൊള്ളും എന്നതാണ് ഇതിന്റെ പ്രത്യേകത. ഓരോ വീടുകളിൽ നിന്നും ഒരു വ്യക്തിയെ (10 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് മുൻഗണന) തെരഞ്ഞെടുത്ത് ശുചിത്വസാക്ഷരത നല്കുക എന്നതാണ് ലക്ഷ്യം. കുട്ടികൾക്ക് പൊതു വിദ്യാഭ്യാസം നൽകുന്നത് പോലെ തന്നെ ശുചിത്വ സാക്ഷരത കൂടി നൽകി പുതിയ മാലിന്യ സംസ്കരണ സംസ്കാരം വളർത്തി എടുക്കാനാണ് ഉദ്ദേശിക്കുന്നത്. വീടിന്റെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ സ്ഥിരം പ്രക്രിയകൾക്കും ഈ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയ്ക്ക് ഉത്തരവാദിത്തം ഉണ്ടാവും. വാർഡ് തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകും. ഈ സംവിധാനത്തിൽ ഒരു വീടും വിട്ടുപോയിട്ടില്ല എന്ന് ഉറപ്പാക്കും. ഇതിനായി ജില്ലാതല കമ്മിറ്റി രൂപീകരിക്കുകയും പാഠ്യപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

നിലവിലെ പദ്ധതികൾ

സ്വച്ഛ് ഭാരത് (ഗ്രാമീൺ)

എല്ലാ ഗ്രാമങ്ങളിലേയും ശുചിത്വ സൗകര്യങ്ങൾ പൂർണമാക്കി സ്വച്ഛ് ഭാരത് എന്ന നേട്ടം കൈവരിക്കുന്നതിന് 2014 ഒക്ടോബർ 2 ന് ആരംഭിച്ച പദ്ധതിയാണ് സ്വച്ഛ് ഭാരത് മിഷൻ. ബോധവൽക്കരണം, ആരോഗ്യവിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെയും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിച്ച് പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ ശുചിത്വ സൗകര്യങ്ങൾ അനുയോജ്യ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സൃഷ്ടിക്കുന്നതിനുവേണ്ടി പ്രോത്സാഹനം നല്കുകയാണ് ഇതിന്റെ ലക്ഷ്യം. നഗര പ്രദേശങ്ങൾക്കായി സ്വച്ഛ് ഭാരത് (അർബൻ) പദ്ധതിയും നിലവിൽ ഉണ്ട്. സ്വച്ഛ് ഭാരത് മിഷൻ പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തൽ പട്ടിക 4.2.39, 4.2.40 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.39

സ്വച്ഛ് ഭാരത് (ഗ്രാമീൺ) ധന സ്രോതസ്സ്

ക്രമ നം	ഘടകം	യൂണിറ്റ് കോസ്റ്റ്	ധന സ്രോതസ്സ്		
			കേന്ദ്രം	സംസ്ഥാനം	ഗുണഭോക്താവ്
1	ഐഇസി ശേഷി വികസനം		60%	40%	
2	ഗാർഹിക കക്കൂസ്	15400	12000	3400	
3	പബ്ലിക് ടോയ് ലറ്	200000	60%	30%	10%
4	ഖര-ദ്രവ മാലിന്യ സംസ്ക്കരണം കോസ്റ്റ്	ഓരോ മാലിന്യ സംസ്ക്കരണ സംവിധാനത്തിനും സംസ്ഥാന സർക്കാർ അതാത് സമയത്തു നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ്	50%	0	50%

സ്രോതസ്സ് : ജില്ലാ ശുചിത്വ മിഷൻ

ഖര-ദ്രവ മാലിന്യസംസ്കരണം ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപ വരെ പദ്ധതി കാലയളവിൽ അനുവദിക്കും. പൊതുശൗചാലയങ്ങളും സാമൂഹികശൗചാലയ സമുച്ചയവും സ്ഥാപിക്കുന്നതിന് യൂണിറ്റിന് 180000/രൂപ അനുവദിക്കും.

പട്ടിക 4.2.40

സ്വച്ഛ്ഭാരത് മിഷൻ (അർബൻ) ധനസ്രോതസ്സ്

ക്രമ നം	ഘടകം	യൂണിറ്റ് കോസ്റ്റ്	ധന സ്രോതസ്സ്		
			കേന്ദ്രം	സംസ്ഥാനം	ഗുണഭോക്താവ്
1	ഐഇസി ശേഷി വികസനം		33%	67%	
2	ഗാർഹിക കക്കൂസ്	15400	5333		10067
3	പബ്ലിക് ടോയ്ലറ്	98000	39200	26133	32667
4	ഖര-ദ്രവ മാലിന്യ സംസ്ക്കരണം കോസ്റ്റ്	ഓരോ മാലിന്യ സംസ്ക്കരണ സംവിധാനത്തിനും സംസ്ഥാന സർക്കാതർ അതാത് സമയത്തു നിശ്ചയിക്കുന്ന യൂണിറ്റ് കോസ്റ്റ്			

സ്രോതസ്സ് : ജില്ലാ ശുചിത്വ മിഷൻ

ഖരമാലിന്യ സംസ്കരണത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകാരം നേടുന്ന മുറയ്ക്ക് പദ്ധതി തുകയുടെ 33% കേന്ദ്രം നൽകുന്നതാണ്.

സിറ്റി സാനിട്ടേഷൻ പ്ലാൻ

നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യ പൂർണ്ണവും ശുചിത്വപരവുമായ സാഹചര്യം ഒരുക്കുന്നതിനുള്ള നടപടിക്രമം ഉണ്ടാക്കുക എന്നതാണ് സിറ്റി സാനിട്ടേഷൻ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

പട്ടിക 4.2.41

ജില്ലയിലെ സാനിറ്റേഷൻ പ്ലാൻ - നിലവിലെ അവസ്ഥ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	നിലവിലെ അവസ്ഥ
കോഴിക്കോട് കോർപ്പറേഷൻ	ഫൈനൽ പ്ലാൻ സമർപ്പിച്ചു
വടകര മുനിസിപ്പാലിറ്റി	പൂർത്തീകരിച്ചു
കൊയിലാണ്ടി മുനിസിപ്പാലിറ്റി	ഡാറ്റാകലക്ഷൻ ആരംഭിച്ചു
രാമനാട്ടുകര മുനിസിപ്പാലിറ്റി	പ്രവർത്തനം പുരോഗമിക്കുന്നു
ഫറോക്ക് മുനിസിപ്പാലിറ്റി	പ്രവർത്തനം പുരോഗമിക്കുന്നു
പയ്യോളി മുനിസിപ്പാലിറ്റി	പ്രവർത്തനം പുരോഗമിക്കുന്നു
കൊടുവള്ളി മുനിസിപ്പാലിറ്റി	ടാസ്ക് ഫോഴ്സ് രൂപികരിച്ചു
മുക്കംമുനിസിപ്പാലിറ്റി	ടാസ്ക് ഫോഴ്സ് രൂപികരിച്ചു

സംസ്ഥാനാവിഷ്കൃതപദ്ധതികളിൽ 10% പദ്ധതി വിഹിതം നിർബന്ധമായും ശുചിത്വമാലിന്യ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് മാറ്റിവെക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് ശുചിത്വ പ്രവർത്തനങ്ങൾക്ക് ഉണർവ്വ് നൽകിയിട്ടുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിനായി എല്ലാ വർഷവും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട് .

2017- 18 വാർഷിക പദ്ധതികൾ

മുൻ വർഷങ്ങളെ അപേക്ഷിച്ച് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മാലിന്യസംസ്കരണ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ 10% പദ്ധതി വിഹിതവും ശുചിത്വമിഷന്റെ വിഹിതവും ഉപയോഗിച്ചാണ് പദ്ധതി മുന്നോട്ട് പോകുന്നത്.

പട്ടിക 4.2.42

2017-18 വർഷത്തെ ജില്ലയിലെ മാലിന്യ നിർമ്മാർജ്ജന പ്രൊജക്ടുകളുടെ എണ്ണം (ഇനം തിരിച്ച്)

പദ്ധതിയുടെ പേര്	പ്രൊജക്ടുകൾ തയ്യാറാക്കിയ ഗ്രാമപഞ്ചായത്തുകൾ	പ്രൊജക്ടുകൾ തയ്യാറാക്കിയ നഗരസഭകൾ	പ്രൊജക്ടുകൾ തയ്യാറാക്കിയ ബ്ലോക്കു പഞ്ചായത്തുകൾ
എം.സി.എഫ്	63		
എം.ആർ.എഫ്		7	11
തുമ്പൂർ മൂഴി	7	6	1
ബയോഗ്യാസ് (സ്ഥാപനതലം)	4	3	
ഗാർഹിക കമ്പോസ്റ്റിംഗ്	37	8	
ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ	16	7	

സ്രോതസ്സ് : ജില്ലാ ശുചിത്വ മിഷൻ

പട്ടിക 4.2.43

2017-18 വർഷത്തെ ജില്ലയിലെ മാലിന്യ നിർമ്മാർജ്ജന പ്രൊജക്ടുകളുടെ എണ്ണം (തദ്ദേശഭരണ സ്ഥാപന തലത്തിൽ)

തദ്ദേശഭരണ സ്ഥാപനം	പ്രൊജക്ടുകളുടെ എണ്ണം
ഗ്രാമ പഞ്ചായത്ത്	441
ബ്ലോക്ക് പഞ്ചായത്ത്	75
ജില്ലാ പഞ്ചായത്ത്	14
നഗരസഭ	57
കോർപ്പറേഷൻ	49

സ്രോതസ്സ് : ജില്ലാ ശുചിത്വ മിഷൻ

വിവിധ വകുപ്പുകളിൽ നിന്ന് മാലിന്യ സംസ്കരണത്തിന് സ്ഥലം ലഭ്യമായ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധം 4.80 ൽ കൊടുത്തിരിക്കുന്നു.

സംയോജന സാധ്യതകൾ

- മഴക്കാല രോഗങ്ങളായ ചിക്കുൻഗുനിയ, ഡങ്കിപ്പനി, മലമ്പനി, എലിപ്പനി തുടങ്ങിയ ജീവജന്യ രോഗങ്ങളും, മഞ്ഞപ്പിത്തം, വയറിളക്കം, ടൈഫോയ്ഡ്, കോളറ തുടങ്ങിയ ജലജന്യ രോഗങ്ങളും തടയുന്നതിനായി ബോധവൽക്കരണ പരിപാടികളും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.
- ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിനും അവ മാനദണ്ഡപ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ശുചിത്വ മിഷന്റെ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയിലെ കമ്പോസ്റ്റിംഗ് സംവിധാനവും കൃഷി വകുപ്പിന്റെ ജൈവ പച്ചക്കറി കൃഷിയും തദ്ദേശഭരണ സ്ഥാപന തലത്തിൽ സംയോജിപ്പിക്കുക.
- വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പൊതുശൗചാലയ സമുച്ചയം, സാമൂഹ്യ ശുചിത്വ സമുച്ചയം എന്നിവ നിർമ്മിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ്, സ്വച്ഛ് ഭാരത് മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുക.
- വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മാലിന്യസംസ്ക്കരണം, ഊർജ്ജോൽപാദനം എന്നീ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- കൃഷി വകുപ്പുമായി സംയോജിപ്പിച്ച് സ്ക്കൂൾ തലത്തിൽ ജൈവവളം ഉപയോഗിച്ചുകൊണ്ടുള്ള പച്ചക്കറികൃഷി ഏറ്റെടുക്കുക.
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി, ശുചിത്വ മിഷൻ എന്നിവയുമായി സംയോജിപ്പിച്ചുകൊണ്ട് ഉറവിടമാലിന്യ സംസ്കരണ പദ്ധതികളായ സോക്പിറ്റുകൾ, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, കുഴി കമ്പോസ്റ്റ് എന്നിവ ഏറ്റെടുക്കാവുന്നതാണ് .
- ഗ്രാമപഞ്ചായത്തുകൾക്ക് മാർക്കറ്റുകളിൽ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായവ നിർമ്മിക്കുവാൻ സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് 20 ലക്ഷം രൂപ വരെ ശുചിത്വമിഷൻ മുഖാന്തിരം ലഭ്യമാക്കാവുന്നതാണ്.
- സംസ്ക്കരണം നടത്തിയ മാലിന്യം ജൈവ വളമായി മാറ്റി കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കാർഷിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. വ്യക്തികൾക്ക് ആവശ്യമായ കമ്പോസ്റ്റിംഗ് സൌകര്യങ്ങൾ അതാതു ഗ്രാമപഞ്ചായത്തുകളും കമ്മ്യൂണിറ്റി തലത്തിൽ ആവശ്യമായ കമ്പോസ്റ്റിംങ്ങ് സൌകര്യങ്ങൾ അതാതു ജില്ലാപഞ്ചായത്ത്/ ബ്ലോക്കുപഞ്ചായത്തുകളും സംയോജിപ്പിച്ചു നടക്കാവുന്നതാണ്.
- ഇറച്ചി കടകളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിങ്ങ് സൗകര്യം എന്നിവ ഗ്രാമ പഞ്ചായത്തുകൾക്ക് സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുമായി സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കാവുന്നതാണ്.
- റീസൈക്ലിംഗിനു പറ്റാത്ത പ്ലാസ്റ്റിക്കുകൾ പൊടിച്ച് റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിനായി എം.ആർ.എഫ്, എം.സി.എഫ് കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഷ്രഡ്ഡിംഗ് യൂണിറ്റുകൾ റോഡുവിഭാഗം പൊതുമരാമത്ത് വകുപ്പുമായി ഏകോപിച്ച് സ്ഥാപിക്കുക.
- ശുചിത്വ മിഷനും കുടുംബശ്രീയുമായി സംയോജിച്ചുകൊണ്ട് പ്ലാസ്റ്റിക് കാരിബാഗിന് പകരം തുണി, പേപ്പർ ബാഗ് നിർമ്മാണം എന്നിവപോലുള്ള സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.
- മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകളെയും പ്രവർത്തകരേയും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംയോജിപ്പിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മാലിന്യ സംസ്കരണം ശീലവൽക്കരണം ശുചിത്വസാക്ഷരത ഇവ പാഠ്യപദ്ധതിയിൽ ഉൾപെടുത്തുക
2. എം ആർ എഫ് ൽ നിന്നും അജൈവവസ്തു സമയബന്ധിതമായി കൊണ്ടു പോകുന്നതിനും സംസ്കരിക്കുന്നതിനും സമഗ്രമായ പരിപാടികൾ ക്ലീൻ കേരള കമ്പനി മുഖേന ആവിഷ്കരിക്കുക.
3. കടൽ, പുഴകൾ, കനാലുകൾ, തോടുകൾ, കുളങ്ങൾ എന്നിവ മലിനമാക്കുന്നത് തടയുന്നതിനുള്ള നിയമം വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുക.
4. സീവേജ്ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപി ക്കുക.
5. മാലിന്യനിർമ്മാർജ്ജന നിയമങ്ങൾ ലംഘിച്ചാലുള്ള പിഴത്തുക ഗണ്യമായി വർദ്ധിപ്പിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ്, ആരോഗ്യം എന്നി വകുപ്പുകളുടെ ഏകോപനങ്ങളിലൂടെ കർശനമായി നടപ്പിലാക്കുകയും ചെയ്യുക.
6. പ്ലാസ്റ്റിക്ക്, സ്പോഞ്ച് എന്നിവകൊണ്ട് നിർമ്മിച്ചിട്ടുള്ള നാപ്കിൻ പാഡ്, ഡയപ്പർ എന്നിവ ഒഴിവാക്കുന്നതിനും പകരം കോട്ടൺ തുണികൊണ്ട് മേൽ പറഞ്ഞവ നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
7. എം.ആർ.എഫ്. സെന്ററുകൾ സ്ഥാപിക്കുന്നതിനെതിരെയുള്ള പ്രതിഷേധങ്ങൾ അവസാനിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും പ്രചരണവും പത്രദൃശ്യമാധ്യങ്ങളിലൂടെ നടത്തുക.
8. ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനും മാംസാവിശിഷ്ടങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ തദ്ദേശസ്വയം രണ സ്ഥാപനങ്ങളും ഹരിതകർമ്മകസേന പ്രവർത്തനക്ഷമമാക്കുക.
2. ഉറവിടങ്ങളിൽ തന്നെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.
3. ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു വിധത്തിലും കഴിയാത്ത ഇടങ്ങളിൽ നിന്ന് യൂസർഫീ വാങ്ങി ഹരിതകർമ്മസേന മാലിന്യങ്ങൾ ശേഖരിച്ച സംസ്കരിക്കുന്നതിന് പൊതു സംവിധാനങ്ങൾ ഒരുക്കുക.
4. മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ആയത് സ്ഥാപിക്കുന്നതിനും, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ ആരംഭിക്കാത്ത നഗരസഭകളും ബ്ലോക്ക്പഞ്ചായത്തുകളും ആയത് ഉടനടി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുക.
5. എംആർഎഫ് സെന്ററുകളിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംങ്ങ് യൂണിറ്റും ബെയ്ലിംഗ് യൂണിറ്റും ആരംഭിക്കുക.
6. കെട്ടിടങ്ങൾക്ക് അനുമതി നൽകുമ്പോൾ സെപ്റ്റിക്ക് ടാങ്കുകളും മലിനജല സംസ്കരണ സംവിധാനവും നിർബന്ധമാക്കുക.
7. കക്കൂസുകളിൽ അണുകീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ പ്രചരണം നടത്തുക.
8. ശുചിത്വസാക്ഷരത - സ്കൂൾ തലം മുതൽ ശീലവൽക്കരണ മാറ്റത്തിന് വേണ്ടി വ്യാപകമായ ക്യാമ്പയിനുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുക. തദ്ദേശ രണ പ്രദേശങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ പൂർണ്ണമായും നടപ്പിലാക്കുക.
9. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനാവശ്യമായ ബദൽ ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനാവശ്യമായ സംരംഭകയൂണിറ്റുകൾ ആരംഭിക്കുക.
10. മലിനജല പരിപാലനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.
11. നദികളും കനാലുകളും മാലിന്യമുക്തമാക്കുന്നതിന് വേണ്ട ജനകീയ പരിപാടികൾ, പദ്ധതികൾ ആവിഷികരിക്കുക.
12. സാദ്ധ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ ആരംഭിക്കുക
13. പൊതു ഇടങ്ങളിലെ മാലിന്യങ്ങൾ തുമ്പൂർ

മൂഴി മോഡൽ എയറോബിക്ക് കമ്പോസ്റ്റുകൾ സ്ഥാപിച്ച് വികേന്ദ്രീകരിച്ച് സംസ്കരിക്കുക.

14. ആധുനിക അറവുശാലകൾ സ്ഥാപിക്കുക.

15. മണവും പുകയും അന്തരീക്ഷ മലിനീകരണവുമില്ലാത്ത ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുക.

അഴുക്കുജലം പൊതുനിരത്തിലേയ്ക്കും, പൊതു ജലാശയങ്ങളിലേയ്ക്കും ഒഴുക്കുന്നത് നിയമവിരുദ്ധവും, ശിക്ഷാർഹമവുമാണ്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്ക് എതിരായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കർശന നടപടി ഉണ്ടാകേണ്ടതുണ്ട്.

പാർപ്പിടം

മനുഷ്യന് ജീവിക്കാൻ ഏറ്റവും അത്യന്താപേക്ഷിതമായ വായു, വെള്ളം എന്നിവ പോലെത്തന്നെ ഒന്നാണ് പാർപ്പിടം. പക്ഷിമൃഗാദികൾ കൂടുകെട്ടുന്നതുപോലെത്തന്നെ പ്രകൃതിക്ഷോഭങ്ങളിൽ നിന്നും മറ്റു വന്യമൃഗങ്ങളിൽ നിന്നും രക്ഷനേടുന്നതിന് ഒരു പാർപ്പിടം ഒരു വീട് ഏതൊരു കുടുംബത്തിനും അത്യന്താപേക്ഷിതമാണ്. ജീവിക്കാൻ ഒരു വീട് എന്നതിനപ്പുറം സാമൂഹ്യ പദവിയുമായി ഭവന നിർമ്മാണത്തെ അശാസ്ത്രീയമായി ബന്ധിപ്പിക്കുമ്പോൾ ഭവന നിർമ്മാണ പ്രശ്നം രൂക്ഷവും സങ്കീർണ്ണവുമാവുന്നു. കേരളത്തിൽ പാർപ്പിട പ്രശ്നങ്ങൾ രൂക്ഷമാണെങ്കിലും ഭവന രഹിത കുടുംബങ്ങളുടെ എണ്ണത്തെക്കാൾ കൂടുതൽ വീടുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നത് ഒരു വിരോധാഭാസമാണ്.

സമകാലീന സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വവും സാമ്പത്തിക പിന്നോക്കാവസ്ഥയും സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളും ചൂഷണവും വിവേചനങ്ങളുമാണ് മറ്റ് എതൊരു കാര്യത്തിലുമുള്ള പോലെ ഭവനനിർമ്മാണത്തിലുമുള്ളത്.

1958 മുതൽ ഇന്ത്യാ രാജ്യത്ത് വിവിധ പദ്ധതികളിലായി പാവപ്പെട്ടവർക്ക് ഭവനനിർമ്മാണ പദ്ധതികൾ കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. NREP, RLEGP1983, ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) എന്നിവ ഗ്രാമവികസന വകുപ്പു വഴിയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ വഴിയും നടപ്പിലാക്കിവന്നിരുന്നു. ഇന്ത്യ കണ്ട ഏറ്റവും മികച്ച ഭവനപദ്ധതിയായ എൻ.ആർ.ഇ.പി.(1980)യിലൂടെ 50:50 എന്ന അനുപാതത്തിൽ ഭവനവും തൊഴിലും നല്കിയിരുന്നു

സംസ്ഥാന ഭവനനിർമ്മാണ പദ്ധതികൾ

1983-ൽ RLEGP (Rural Landless Employment Guarantee Programme) അരിയും തൊഴിലും നൽകി പാവപ്പെട്ടവർക്ക് വീട് നൽകി. 1985-ൽ ഇന്ദിരാ ആവാസ് യോജന പ്രകാരം പ്രത്യേക പ്ലാനോടു കൂടി പാവപ്പെട്ടവർക്ക് ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ സാധിച്ചു. എന്നാൽ ഇത്തരം പദ്ധതികളൊക്കെയും ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ടവനിൽ മാത്രം ഒതുങ്ങി നിന്നു. അത്തരം സന്ദർഭത്തിലാണ് സംയോജിത പാർപ്പിട ചേരി വികസന പരിപാടി നഗരസഭകളിൽ നടപ്പിലാക്കി വന്നത്. ചേരി രഹിത ഇന്ത്യ എന്ന ലക്ഷ്യം വെച്ച് കേന്ദ്രസർക്കാർ വിഭാവനം ചെയ്ത് സംസ്ഥാന സർക്കാറുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവന്ന പരിപാടിയാണ് രാജീവ് ആവാസ് യോജന. സംസ്ഥാനത്ത് 6 കോർപ്പറേഷനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനിടയിൽ സംസ്ഥാന സർക്കാറിന്റെ പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകൾ വഴി എസ്.സി./എസ്.ടി. വിഭാഗത്തിന് വീടുകൾ നൽകിവരുന്നു. മൈനോരിറ്റി വിഭാഗത്തിന് മൈനോരിറ്റിയുടെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് ഭവനനിർമ്മാണം നടപ്പിലാക്കിവരുന്നു.

ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) - 1985

ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും സൗജന്യമായി വീടുകൾ നൽകികൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുക എന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ വീട് വെക്കുന്നതിനാവശ്യമായ 2 സെന്റ് ഭൂമി സ്വന്തമുള്ളവരായിരിക്കണം. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ് ഗ്രാമസഭകളിലൂടെയാണ്.

ഗുണഭോക്തൃ കുടുംബത്തിലെ സ്ത്രീ അംഗത്തിന്റെ പേരിലാണ് വീട് അനുവദിക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ കുടുംബത്തിലെ ഭർത്താവിന്റെയും ഭാര്യയുടെയും കൂട്ടായ പേരിലോ ഗൃഹനാഥന്റെ പേരിൽ മാത്രമായോ വീട് അനുവദിക്കാറുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളനുസരിച്ചാണ് വീടിന്റെ രൂപകൽപന, തരഭേദം എന്നിവ നിശ്ചയിക്കുന്നത്. ഇന്ദിരാ ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70,000/ രൂപയാണ്. ഇത് കേന്ദ്രസംസ്ഥാന സർക്കാറുകൾ 50:50 അനുപാതത്തിൽ വകയിരുത്തുന്നു. എന്നാൽ കേരളത്തിൽ ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും പൊതുവിഭാഗത്തിനും 3 ലക്ഷമാണ്. വർദ്ധിപ്പിച്ച നിരക്കു മൂലമുണ്ടായ ബാധ്യതയിൽ യൂണിറ്റ് ഒന്നിന് 50,000/ രൂപ വീതം സംസ്ഥാന സർക്കാരും ഒരു ലക്ഷം രൂപ വീതം പട്ടികവർഗ്ഗ വകുപ്പും ബാക്കിയുള്ള തുക ഗ്രാമ-ബ്ളോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലും വകയിരുത്തുന്നുണ്ട്. ഐ.എ.വൈ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ പരമാവധി വിസ്തീർണ്ണം 66 ച.മീ ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം മുതൽ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് സംസ്ഥാനത്ത് നിന്നും നൽകിവരുന്നു. 2016-17 വർഷം മുതൽ ഐ.എ.വൈ പദ്ധതി പ്രധാനമന്ത്രി ആവാസ് യോജന (ജി) എന്നപേരിൽ പുനർനാമകരണം ചെയ്ത് ഘടനാപരമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കുകയാണ്. ഐ.എ.വൈ വീടുനിർമ്മാണം സംബന്ധിച്ചുള്ള 2010-11 മുതൽ 2015-16 വരെയുള്ള വിവരങ്ങൾ പട്ടിക 4.2.44 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.44

ഐ.എ.വൈ വീടുനിർമ്മാണം സംബന്ധിച്ച വിവരങ്ങൾ

വർഷം	അനുവദിച്ചത്	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാത്തത്
2010- 11	4331	4230	101
2011- 12	3331	3130	201
2012- 13	3044	2821	223
2013 -14	3156	2784	372
2014 -15	3889	3301	588
2015 - 16	4022	3044	978
ആകെ	**21773**	**19310**	**2463**

പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീണ) പി.എം.എ.വൈ (ജി)

2016-17 മുതൽ 2018-19 വരെയുള്ള 3 വർഷകാലയളവിനുള്ളിൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ ഭവനരഹിതർക്കു വേണ്ടി ഒരു കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള ബൃഹദ് പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണ) അഥവാ പി.എം.എ.വൈ (ജി). 2011 -ലെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ്സിൽ ഭവനരഹിതരായി കണ്ടെത്തിയവരെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ കേരളത്തിൽ 2016-17 വർഷം 24341 വീടുകളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയിൽ കേന്ദ്ര/സംസ്ഥാന ധനസഹായമായി 60:40 അനുപാതത്തിൽ സമതലപ്രദേശങ്ങളിൽ 1,20,000/ രൂപയും ദുർഘടപ്രദേശങ്ങളിൽ 1,30,000/രൂപയുമാണ് നൽകുന്നത്. ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക നൽകുന്നത് പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ്. പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീണ) പദ്ധതി പ്രകാരം വീടിനോടൊപ്പം ശുചിമുറി ഉൾപ്പടെ ഗുണമേന്മയുള്ള ഭവനങ്ങൾ

നിശ്ചിത സമയത്തിനകം നിർമ്മിക്കുകയുമാണ് ലക്ഷ്യം.

കേന്ദ്രസംസ്ഥാന സർക്കാർ ധനസഹായങ്ങളും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉൾപ്പെടുത്തിയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബാങ്ക് വായ്പ ആവശ്യമുള്ളവർക്ക് 70,000/ രൂപ വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്നു. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഗുണഭോക്താക്കളുടെ ലിസ്റ്റുമായി ബന്ധപ്പെട്ട് പരാതികൾക്കുള്ള പരിഹാരം കാണുവാൻ ജില്ലാ തലത്തിൽ അപ്പലേറ്റ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി മിഷൻ മോഡലിലാണ് നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാന ജില്ലാ ഗ്രാമതലങ്ങളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

പട്ടിക 4.2.45

പി എം എ വൈ - വീടുകളുടെ നിർമ്മാണം, അനുമതി, പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ

വർഷം	ലക്ഷ്യം	അനുവദിച്ചത്	പൂർത്തിയായത്	പൂർത്തീകരിക്കാത്തത്
2016– 17	2400	941	219	722
2017 18	728	140	2	138
ആകെ	**3128**	**1081**	**114**	**860**

പി.എം.എ.വൈ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് എസ്.ഇ.സി.സി. ലിസ്റ്റിൽ നിന്നും

അർഹരായ എസ്.സി/എസ്.ടി/മൈനോറിറ്റി ഗുണഭോക്താക്കൾ ലഭ്യമല്ലാത്തതിനാൽ ജില്ലയുടെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ടാർജറ്റ് കുറവായതിനാൽ അർഹരായവർ വളരെ അധികമുണ്ടെങ്കിലും അവർക്ക് വീട് അനുവദിക്കാൻ കഴിയുന്നില്ല. ജില്ലയിൽ ഐ.എ.വൈ/ പി.എം.എ.വൈ(ജി) പദ്ധതികളിൽ ആകെ ഇനി പൂർത്തീകരിക്കാനുള്ളത് 4183 വീടുകൾ ആണ്. ഇതിൽ 328 എണ്ണം ആർ.ആർ/റീഫണ്ട് ആണ്.

കേരളത്തിൽ ഭവന നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷൻ, നിർമ്മിതി, അമൃത ഹൗസിംഗ് എന്നിങ്ങനെ ഒട്ടനവധി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി. തീരപ്രദേശത്ത് പാർക്കുന്നവർക്കായി തീരദ്ദേശ ഭവന നിർമ്മാണ പദ്ധതിയും നടപ്പിലാക്കി. എന്നിട്ടും 2016 വർഷത്തിൽ ലൈഫ് മിഷൻ എന്ന പദ്ധതിക്കായി സർവ്വെ നടത്തിയപ്പോൾ നിരവധി പേർക്ക് വീടില്ലെന്ന് കണ്ടെത്തി.

പ്രധാൻ മന്ത്രി ആവാസ് യോജന (യു) (പി.എം.എ.വൈ (യു))

എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാറുമായി സംയോജിച്ച്, നഗരസഭകൾ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാൻ മന്ത്രി ആവാസ് യോജന (യു). വീടില്ലാത്ത എല്ലാവരെയും ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതിനും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ 8 നഗരസഭകളിലും (കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ, കൊയിലാണ്ടി, വടകര, പയ്യോളി, മുക്കം, കൊടുവള്ളി, രാമനാട്ടുകര, ഫറോക്ക് മുനിസിപ്പാലിറ്റികൾ) പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

കേരള സംസ്ഥാനത്തെ വളരെയധികം ശ്രദ്ധേയമായതും ബൃഹത്തായതുമായ ഒരു പദ്ധതിയായിരുന്നു എം.എൻ. ലക്ഷം വീട് പദ്ധതി. അന്തിയുറങ്ങാൻ ഇടമില്ലാത്ത പാവപ്പെട്ടവർക്ക് 1 ലക്ഷം വീട് നിർമ്മിച്ചുകൊണ്ട് കേരളസംസ്ഥാനം

എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് വലിയ ഒരു ചുവട് വെക്കുകയായിരുന്നു.

ജനകീയാസൂത്രണവും പാർപ്പിട പ്രശ്ന പരിഹാരവും

ഒൻപതാം പദ്ധതിയിൽ വികേന്ദ്രീകരണ പ്രക്രിയ ആരംഭിച്ചതോടെ ദരിദ്ര ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണ രംഗത്ത് ശ്രദ്ധേയമായ ഒരു കുതിച്ച് ചാട്ടംതന്നെ ഉണ്ടായി. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പ്രത്യക്ഷ ജനാധിപത്യത്തിന്റെ അടിസ്ഥാന രൂപമായ ഗ്രാമ സഭകൾ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയ സുതാര്യവും അഴിമതി രഹിതവുമായിരുന്നു. 73,74 ഭരണഘടന ഭേദഗതികളും, 1994 ൽ പ്രബല്യത്തിൽ വന്ന പഞ്ചായത്ത് രാജ് ആക്ടും മുനിസിപ്പാലിറ്റിസ് ആക്ടും ഇത്തരം പ്രക്രിയകൾക്ക് കരുത്തുറ്റ നിയമ പിൻബലം നൽകി. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന ഫണ്ടും ത്രിതല പഞ്ചായത്തുകളുടെ ഫണ്ടും കൂട്ടിയാലോചിച്ചുകൊണ്ട് കേരളത്തിനനുയോജ്യമാക്കി മാറ്റുവാനും സർക്കാർ സഹായ ധനം കാലാനുസൃതമായി വർദ്ധിപ്പിക്കാനും ഈ കാലഘട്ടത്തിൽ കഴിഞ്ഞു. കൂടാതെ ജനപ്രതിനിധികളുടെയും ജനകീയ മോണിറ്ററിംഗ് കമ്മിറ്റികളുടെയും ഉദ്യോഗസ്ഥൻമാരുടെയും കൂട്ടായ പ്രവർത്തനം ഈ മേഖലയിൽ വമ്പിച്ച പുരോഗതി കൈവരുത്തി.

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും വീടു നൽകുക, എല്ലാ ഭൂരഹിതർക്കും ഭൂമിയും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിയ ബൃഹത്തായ ഒരു പദ്ധതിയായിരുന്നു ഇ.എം.എസ് ഭവന പദ്ധതി. 2009-10, 2010-11, 2011-12 കാലയളവിൽ നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം പൊതുവിഭാഗത്തിന് 75000 രൂപയും പട്ടികജാതി വിഭാഗത്തിന് 1 ലക്ഷം രൂപയും പട്ടികവർക്ഷത്തിന് 1.25 ലക്ഷം രൂപയും സബ്സിഡി തുകയായി ലഭിച്ചു. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും വികസന ഫണ്ടിന്റെ ഒന്നര ഇരട്ടിവരെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നോ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നോ വായ്പ എടുക്കാവുന്നതാണ്. പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്.

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകൾ, ഫിഷറീസ് വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും പ്രത്യേകം പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടായിരുന്നു.

പട്ടിക 4.2.46

കോഴിക്കോട് ജില്ലയിലെ ജനസംഖ്യയും കുടുംബങ്ങളുടെ എണ്ണവും

ക്രമ നം	ഇനം	എണ്ണം
1	ആകെ ജനസംഖ്യ	3086293
2	കുടുംബങ്ങളുടെ എണ്ണം	697710
3	പുരുഷന്മാർ	1470942
4	സ്ത്രീകൾ	1615351

അവലംബം: സെൻസസ് 2011

കോഴിക്കോട് ജില്ലയിലെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ലയെ സംബന്ധിച്ച വിവരങ്ങൾ 5 ആയി തരംതിരിക്കാവുന്നതാണ്. (അവലംബം ലൈഫ് സർവ്വേ)

പട്ടിക 4.2.47

ജില്ലയിലെ ഭവന രഹിതരുടെ വിവരങ്ങൾ

1.	സ്വന്തം വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ	17846
2.	സ്വന്തം സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത കുടുംബങ്ങൾ	10426
3.	അഭിവൃദ്ധിപ്പെടുത്തൽ ആവശ്യമുള്ള വീടുകൾ	ടി.പി.ടി.എ. സർവ്വെ നടന്നുവരുന്നു
4.	തീരെ വാസയോഗ്യമല്ലാത്ത വീടുള്ള കുടുംബങ്ങൾ	ക്രോഡീകരിച്ചു വരുന്നു
5.	കഴിഞ്ഞ വർഷങ്ങളിൽ വിവിധ സർക്കാർ- അർദ്ധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ആരംഭിച്ചതും പണി പൂർത്തീകരിക്കാത്തതുമായ വീടുകൾ കൈവശമുള്ള കുടുംബങ്ങൾ	8194

ലൈഫ്

നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷന്റെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് വെച്ചുകൊടുക്കുവാനും തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുള്ള സംവിധാനവും ഒരുക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ദൗത്യമാണ് ലൈഫ്.

സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ഗുണഭോക്താക്കളിൽ കേന്ദ്രീകരിക്കാനുതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതും ഈ ദൗത്യത്തിന്റെ ഉദ്ദേശങ്ങളിൽപ്പെടുന്നു. ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കളുടെ തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള വിവരങ്ങൾ അനുബന്ധം 4.47 ൽ കൊടുത്തിരിക്കുന്നു. ലിസ്റ്റ് അന്തിമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

1. സ്വന്തം വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ

ജില്ലയിൽ വീടും സ്ഥലവും ഇല്ലാത്ത 17846 കുടുംബങ്ങളുണ്ട്. വിശദാംശങ്ങൾ അനുബന്ധം 4.48 ൽ കൊടുത്തിരിക്കുന്നു.

ഭൂമിയും വീടുമില്ലാത്ത 17846 പേരിൽ 9277 പേർ കോഴിക്കോട് നഗരസഭയിലാണ്, 6866 പേർ 70 ഗ്രാമ പഞ്ചായത്തുകളിലാണ്. കോഴിക്കോട് നഗരസഭയിൽ ഇത്രയധികം പേർ ഭൂരഹിത ഭവനരഹിതർ ഉള്ളതിനാൽ പ്രത്യേകം പഠനം ആവശ്യമാണ്. ഒഞ്ചിയം, പുറമേരി, തിക്കോടി, തിരുവള്ളൂർ, തൂണേരി, വളയം, വാണിമ്മേൽ, വേളം എന്നീ പഞ്ചായത്തുകളിൽ 50 ൽ താഴെ പേർ മാത്രമേ ഭൂരഹിത, ഭവനരഹിതരായുള്ളൂ.

17846 പേർക്ക് ലൈഫ് മാനദണ്ഡമനുസരിച്ച് വിവിധ സ്ഥലങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകണമെങ്കിൽ 178 ഏക്കർ സ്ഥലം ജില്ലയിൽ കണ്ടത്തേണ്ടതുണ്ട്. അന്തിമമായ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് വിവിധ വകുപ്പുകളുടെ സഹായത്തോടെയും ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയും സൂക്ഷ്മമായ അർഹതാ പരിശോധന ആവശ്യമായി വരും.

കോഴിക്കോട് ജില്ലയിൽ ഇതിനകം 10 പ്ലോട്ടുകളിലായി 40 ഏക്കറോളം സർക്കാർ ഭൂമി ഈ ആവശ്യത്തിലേയ്ക്കായി കണ്ടെത്തിയിട്ടുണ്ട്. ഭവനത്തിന്റെ ഉടമസ്ഥത സർക്കാറിൽ തന്നെ നിലനിർത്തി ഭൂരഹിത ഭവന രഹിതർക്ക് നാമ മാത്രമായ വാടകയിൽ നൽകാവുന്നതാണ് കോഴിക്കോട് ജില്ലയിൽ ഉള്ളേരി, പുതുപ്പാടി ഗ്രാമ പഞ്ചായത്തികളിലാണ് ഭവന സമുച്ചയം നിർമ്മിക്കുന്നത്. അംഗീകാരം ലഭിച്ചു.

ഉള്ളിയേരി പ്രോജക്ട്

ഉള്ളേരി പഞ്ചായത്തിൽ അഞ്ഞനോറ മലയിൽ പതിനഞ്ചേക്കർ സ്ഥലത്ത് പി പി പി പ്രോജക്ടായി 1000 വാസഗൃഹങ്ങൾ ഉണ്ടാക്കാൻ സർക്കാറിൽ നിന്ന് അംഗികാരം ലഭിച്ചിട്ടുണ്ട്.

പബ്ലിക്ക് പ്രൈവറ്റ് സ്ഥാപനങ്ങളുടെ (PPP) സഹായത്തോടെയാണ് പ്രോജക്ടിന് ആവശ്യമായ ധനം കണ്ടെത്തുന്നത്. കൂടാതെ വിവിധ പദ്ധതികളുടെ ഏകോപനം, സി.എസ്.ആർ. ഫണ്ട്, എന്നിവ ഉപയോഗിച്ചും ജില്ലയിലെ ജനപ്രതിനിധികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായ സഹകരണത്തോടു കൂടിയും ഈ ലക്ഷ്യം പൂർത്തീകരിക്കാവുന്നതാണ്. പുതുപ്പാടി ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിനും ഭരണാനുമതി ലഭിച്ചു.

2. സ്വന്തം സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത കുടുംബങ്ങൾ

കോഴിക്കോട് ജില്ലയിൽ 70 ഗ്രാമ പഞ്ചായത്തുകളിലും 7 മുനിസിപ്പാലിറ്റികളിലും കോഴിക്കോട് കോർപ്പറേഷനിലുമായി മൊത്തം 10426 പേർ വീടില്ലാത്തവരായുണ്ട്. 8812 പേർ ഗ്രാമ പഞ്ചായത്തുകളിലും 1614 പേർ മുനിസിപ്പാലിറ്റിയിലും കോഴിക്കോട് നഗരസഭയിലുമാണ്. (ഇവർക്ക് നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളായ പി.എം.എ.വൈ.(ജി), പി.എം.എ.വൈ.(യു) എന്നീ പദ്ധതികളുടെ ഫണ്ടും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഫണ്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, എന്നിവ സംയോജിപ്പിച്ചും സി.എസ്.ആർ ഫണ്ട് സമാഹരിച്ചും പ്രശ്നം പരിഹരിക്കാവുന്നതാണ്. ഒരു ഭവനത്തിന് 4 ലക്ഷം രൂപ നിരക്കിൽ 10426 കുടുംബങ്ങൾക്ക് 417.04 കോടി രൂപ ആവശ്യമുണ്ട്. ഈ വിഭാഗത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപന തല വിഭജനവും, സമൂഹ്യ വിഭാഗതലത്തിലുമുള്ള വിവരങ്ങൾ അനുബന്ധം 4.49 ൽ ചേർത്തിരിക്കുന്നു.

ചിത്രം 4.2.20

ജില്ലയിലെ ഭൂരഹിത, ഭവനരഹിതരുടെ വിവരങ്ങൾ



3. ലൈഫ് - പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം

2015-16 സാമ്പത്തിക വർഷം വരെ കോഴിക്കോട് ജില്ലയിൽ വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ പൂർത്തീകരിക്കാത്ത വീടുകൾ ഉണ്ട്. ഏകദേശം 94 കോടി രൂപ ഇതിനായി ആവശ്യമുണ്ട്.

മുൻവർഷങ്ങളിൽ വിവിധ സർക്കാർ / അർദ്ധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ആരംഭിച്ചതും പണി പൂർത്തീകരിക്കാത്തതുമായ 8194 വീടുകൾ ആണുള്ളത്.

പട്ടിക 4.2.48

ജില്ലയിലെ പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം

ക്രമ നം	സ്ഥാപനം / വകുപ്പ്	എണ്ണം
1	കോഴിക്കോട് കോർപ്പറേഷൻ	348
2	മുനിസിപ്പാലിറ്റി	658
3	ജില്ല പഞ്ചായത്ത്	56
4	ഗ്രാമ വികസന വകുപ്പ് ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കിയത് (ഐ.എ.വൈ)	3678
5	ഗ്രാമ പഞ്ചായത്ത്	2232
6	പട്ടിക ജാതി വകുപ്പ്	852
7	പട്ടികവർഗ്ഗ വകുപ്പ്	353
8	ഫിഷറീസ് വകുപ്പ്	10
9	മൈനോരിറ്റി വെൽഫെയർ വകുപ്പ്	7
	ആകെ	**8194**

(പട്ടികജാതി വിഭാഗം -3876, പട്ടികവർഗ്ഗ വിഭാഗം 485, ജനറൽ വിഭാഗം 3833 ആകെ - 8194)

വിവിധ കാലഘട്ടങ്ങളിലായി കേന്ദ്ര സംസ്ഥാന ഭവന നിർമ്മാണ പദ്ധതികളിൽ നിർമ്മാണം ആരംഭിക്കുകയും എന്നാൽ ഗുണഭോക്താവിന്റെ സാമ്പത്തിക പ്രയാസങ്ങൾ, രോഗങ്ങൾ ആകസ്മികമായ ദുരന്തങ്ങൾ, പൊതുവായ ദാരിദ്ര്യം എന്നിവ കാരണം ഭവന നിർമ്മാണം പൂർത്തീകരിക്കാനും സർക്കാർ അനുവദിച്ച സഹായധനം ഉപയോഗപ്പെടുത്താനും കഴിയാതെ പോയ 8194 ഗുണഭോക്താക്കളാണിവർ. ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനം നിലച്ച് പോയ വീടുകൾക്ക് പുതിയ ലൈഫ് യൂണിറ്റ് കോസ്റ്റായ 4 ലക്ഷത്തിന്റെ ആനുപാതിക ശേഷിപ്പ് തുകയാണ് നൽകുക. എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഭവന നിധി രൂപീകരിച്ചുകൊണ്ട് പണമായും ഭവന നിർമ്മാണ സാമഗ്രികളായും ശ്രമദാനമായും വിഭവസമാഹരണം നടത്തണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻഫണ്ടും അക്കൗണ്ടുകളിലുള്ള ബാധ്യത രഹിത ഫണ്ടും ഈ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. പ്ലാൻ ഫണ്ട് വിനിയോഗത്തിലെ മേഖല വിഭജന മാർഗ്ഗനിർദ്ദേശങ്ങളിൽ സർക്കാർ ഇതിനായി ഇളവ് വരുത്തിയിട്ടുണ്ട്. പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം തദ്ദേശഭരണ സ്ഥാപനം തിരിച്ച് അനുബന്ധം 4 . 50 ൽ ചേർത്തിരിക്കുന്നു.

4. വീട് അഭിവൃദ്ധിപ്പെടുത്തൽ ആവശ്യമുള്ള കുടുംബങ്ങൾ

ലൈഫ് മിഷൻ സർവ്വേയിൽ അഭിവൃദ്ധിപ്പെടുത്തൽ ആവശ്യമുള്ളതും എന്നാൽ പ്രസ്തുത കുടുംബത്തിന് ഇതിനാവശ്യമായ ധനസമാഹരണം നടത്താൻ കഴിയാത്തതുമായ കുടുംബങ്ങളെ

കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങളുടെ വിശദാംശങ്ങൾ വിശദമായ സർവ്വെ ഫോറത്തിൽ ശേഖരിച്ച് lifephase1.org എന്ന സൈറ്റിൽ ചേർത്തിട്ടുണ്ട്

5. തീരെ വാസയോഗ്യമല്ലാത്ത വീടുള്ള കുടുംബങ്ങൾ

മേൽ പറഞ്ഞ വിഭാഗക്കാരുടെ വിവരങ്ങൾ lifephase1-org എന്ന സൈറ്റിൽ വിവരങ്ങൾ ചേർത്തിട്ടുണ്ട്. അവയെ സംബന്ധിച്ച കൃത്യമായ കണക്കുകൾ സംസ്ഥാന തലത്തിൽ ക്രോഡീകരിച്ചിട്ടില്ല.

ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ

- അണുകുടുംബ ചിന്താഗതിയും, കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും, നഗരവൽക്കരണവും വീടുകളുടെ ആവശ്യകത രൂക്ഷമാക്കി.
- ഗൃഹനിർമ്മാണ രംഗത്തെ ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ദൗർലഭ്യവും നിർമ്മാണ ശൈലിയിലെ മാറ്റവും.
- നഗരങ്ങളിൽ ഭൂമിയുടെ വില വൻതോതിൽ വർദ്ധിച്ച് നഗരങ്ങളിലെ സ്വത്ത് വിൽപന നടത്തി ഗ്രാമങ്ങളിലേയ്ക്ക് കുടിയേറുന്ന പ്രവണത വർദ്ധിച്ചിരിക്കുന്നു.
- പഴയ കെട്ടിടങ്ങളോടുള്ള താൽപര്യക്കുറവ് കാരണം പാരമ്പര്യമായി കാരണവൻമാർ വഴി കുടുംബത്തിന് ലഭിച്ച വീടുകൾ പലതും കൃത്യ സമയത്ത് പരിപാലിക്കാതെ നശിക്കാൻ ഇടവരുന്നു.
- ചേരി പ്രദേശങ്ങളിലെ വീടുകൾക്ക് പ്രാഥമിക അടിസ്ഥാന സൗകര്യം ഇല്ലാത്ത സാഹചര്യം
- തൊഴിലാളികളുടെ അഭാവം
- ഭവന നിർമ്മാണം ഒരു രൂക്ഷമായ പ്രശ്നമായി നിലകൊള്ളുന്നു. സാധാരണക്കാരും എന്നാൽ സാങ്കേതികമായി ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ ഉള്ളവരും ആയവരുടെ ഭവന നിർമ്മാണ പ്രശ്നം പ്രത്യേകം ശ്രദ്ധ അർഹിക്കുന്നു. ഇവർ പ്രായേണ ദരിദ്രർ ആണെങ്കിലും യാതൊരുവിധ സർക്കാർ ധന സഹായവും ഇവർക്കു ലഭിക്കുന്നില്ല. കൂടാതെ താഴെ തട്ടിലുള്ള ഇടത്തരക്കാരുടെയും പ്രശ്നം വളരെ രൂക്ഷമാണ്. ഇതിന് പരിഹാരം ഭൂരഹിത ഭവന രഹിതർക്കായി ഭവന സമുച്ചയങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്.

കോഴിക്കോട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണ പ്രശ്നം

സാമൂഹ്യവും ചരിത്രപരവും വിദ്യാഭ്യാസ പരവുമായ കാരണങ്ങളാൽ സമൂഹത്തിൽ പിന്തള്ളപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണ പ്രശ്നങ്ങൾ പ്രത്യേക പഠനവും അപഗ്രഥനവും പരിഹാരങ്ങളും ആവശ്യമാണ്.

പട്ടികവർഗ്ഗ വിഭാഗം

സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ മേഖലയിൽ എന്ന പോലെ പട്ടിക വർഗ്ഗ വിഭാഗങ്ങൾ പാർപ്പിട മേഖലയിലും രൂക്ഷമായ പ്രതിസന്ധി അനുഭവിക്കുന്നു. പൊതുവായ ദാരിദ്യം, സ്ഥലം ലഭ്യമല്ലാത്തത്, ഗതാഗത സൌകര്യം കുറഞ്ഞ വിദൂര സ്ഥലങ്ങളിലെ താമസം എന്നിവ ഇവരുടെ ഭവന നിർമ്മാണ പ്രശ്നത്തെ രൂക്ഷമാക്കുന്നതായി സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നു. പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ശേഖരിച്ച സ്ഥിതി വിവരകണക്കുകൾ ഇവരുടെ ദയനീയ ചിത്രം നമുക്ക് ലഭ്യമാക്കുന്നു.

പട്ടിക 4.2.49

ജില്ലയിലെ പട്ടികജാതിക്കാരുടെ വിവരങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	ആകെ കുടുംബങ്ങൾ	3548
2	ആകെ ജനസംഖ്യ	10854
3	പുരുഷന്മാർ	5209
4	സ്ത്രീകൾ	5574
5	ആകെ ഊരുകൾ	157

അവലംബം : ജില്ലാ പട്ടികജാതി വകുപ്പ്

പട്ടിക 4.2.50

പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ നിലവിലെ അവസ്ഥ

ഇനം	എണ്ണം	ഇനം	എണ്ണം
ജീർണ്ണിച്ച വീട്	360	ഭൂരഹിഭത ഭവനരഹിതർ	133
അടുക്കളയില്ലത്ത വീടുകൾ	121	ഭവനരഹിതർ	275
കുടുംബത്തിലെ എല്ലാവർക്കും താമസിക്കാൻ സൌകര്യം ഇല്ലാത്ത വീടുകൾ	76		
പൂർത്തിയാകാത്ത വീടുകൾ	531		
ആകെ	**1088**	**ആകെ**	**408**

അവലംബം : ജില്ലാ പട്ടികജാതി വകുപ്പ്

പട്ടിക 4.2.51

ജില്ലയിലെ പൂർത്തീകരിക്കാത്ത വീടുകൾ

ക്രമ നം	ഇനം	എണ്ണം
1	പൂർത്തീകരിക്കാത്ത ആകെ വീടുകൾ	531
2	വിവിധ വകുപ്പുകൾ മുഖേനെ നടപ്പിലാക്കിയത്	340
3	ഐ.എ.വൈ. പദ്ധതി പ്രകാരം	85
4	ജില്ലാ പഞ്ചായത്ത് പദ്ധതി പ്രകാരം	40
5	മറ്റു പദ്ധതികൾ പ്രകാരം	66

അവലംബം : ജില്ലാ പട്ടികജാതി വകുപ്പ്

പട്ടിക 4.2.52

ജില്ലയിലെ പട്ടികജാതി വിഭാഗക്കാരുടെ വിവരങ്ങൾ

ആകെ ജനസംഖ്യ	199191
പുരുഷന്മാർ	97279
സ്ത്രീകൾ	101912
എസ്.സി. വീടുകളുടെ അവസ്ഥ	
ഭൂരഹിത ഭവനരഹിതർ	1704
ഭവനരഹിതർ	1075
പൂർത്തിയാക്കേണ്ടവ	3876

അവലംബം : ജില്ലാ പട്ടികജാതി വകുപ്പ്

ചില പ്രത്യേക പ്രശ്നങ്ങൾ

ലൈഫ് മിഷൻ വേണ്ടി ആദ്യ സർവ്വേ നടത്തിയപ്പോൾ കോഴിക്കോട് ജില്ലയിൽ ഭവനരഹിതർ 80596 പേരും ഭൂരഹിത ഭവനരഹിതർ 27892 പേരും ഉൾപ്പെടെ മൊത്തം ഭൂരഹിതരും ഭവനരഹിതരായി 108488 പേർ ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. പിന്നീട് 8/2/17 ലെ സർക്കാർ നിർദ്ദേശപ്രകാരം മാനദണ്ഡങ്ങൾ കർശനമാക്കുകയും റേഷൻകാർഡിൽ ഉൾപ്പെട്ട ഒരാൾക്ക് വീടുണ്ടെങ്കിൽ ആ റേഷൻ കാർഡിലുള്ളവർക്കെല്ലാം വീടുള്ളവരായി കണക്കാക്കുന്ന വിധം മാനദണ്ഡം പുനർനിർവ്വചിച്ചപ്പോഴാണ് ഭൂരഹിത ഭവനരഹിതർ 17847 ആയും ഭൂമിയുള്ള ഭവനരഹിതർ 10426 ആയും ചുരുങ്ങിയത്. കൂടാതെ ഷീറ്റു കൊണ്ടോ പലകകഷ്ണങ്ങൾ കൊണ്ടോ അല്ലാതെയോ നിർമ്മിച്ച പഴകിയ ജീർണ്ണിച്ച ഒറ്റമുറി വീടുള്ളവരെ പോലും വീടുള്ളവരായി രേഖപ്പെടുത്തുന്ന രീതിയിലാണ് ഈ സർവ്വേമാനദണ്ഡം സർക്കാർ തലത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഇത് യഥാർത്ഥത്തിൽ പാർപ്പിട പ്രശ്നം കൂടുതൽ രൂക്ഷമാണ് എന്ന് വ്യക്തമാക്കുന്നു.

പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീണ) ,പി.എം.എ.വൈ (ജി)- വിവരങ്ങൾ

- 2016-17 ലെ ഭൗതിക ലക്ഷ്യം - 2400
- 2016-17 ൽ കരാർ വെച്ചത് - 939
- 2017-18 ലെ ഭൗതിക ലക്ഷ്യം - 728
- 2017-18 ൽ കരാർ വെച്ചത് - 124 (2017 നവംബർ വരെ)
- പി.എം.എ.വൈ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് എസ്.ഇ.സി.സി. ലിസ്റ്റിൽ നിന്നും
- അർഹരായ എസ്.സി./എസ്.ടി./മൈനോരിറ്റി ഗുണഭോക്താക്കൾ ലിസ്റ്റിൽ ലഭ്യമല്ലാത്തതിനാൽ ജില്ലയുടെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ടാർജറ്റ് കുറവായതിനാൽ അർഹരായവർ വളരെ അധികമുണ്ടെങ്കിലും അവർക്ക് വീട് അനുവദിക്കാൻ കഴിയുന്നില്ല
- എസ്.ഇ.സി.സി. ലിസ്റ്റിൽ ഉൾപ്പെടാത്ത അർഹരായ വളരെയധികം ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നില്ല

പരിഹാരങ്ങൾ

കേന്ദ്ര സർക്കാർ സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സിന് പുറത്തുള്ള അർഹരായ ഗുണഭോക്താക്കളെ പി.എം.എ.വൈ.(ജി), പി.എം.എ.വൈ.(യു) പദ്ധതികളിൽ ഉൾപ്പെടുത്താവുന്ന തരത്തിൽ മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കണം.

പ്രശ്ന പരിഹാരവും സാമ്പത്തിക വിശകലനവും

ആവശ്യമായ തുക 17846 x 10 ലക്ഷം (അനുബന്ധ സൌകര്യങ്ങൾ ഉൾപ്പെടെ)	1785 കോടി
ഭൂമിയുള്ള ഭവനരഹിതർ (10426 x 4ലക്ഷം)	417 കോടി
പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (8194 ഭവനങ്ങൾ)	ഏകദേശം 94 കോടി

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനവിഷ്കൃത പദ്ധതികളുമായി പാർപ്പിട പദ്ധതികളുടെ സംയോജനം

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ്ഭാരത് അഭിയാൻ (എസ്.ബി.എം.), ദീന്ദയാൽ ഉപദ്ധ്യായ ഗ്രാമീൺ കൌസല്യ യോജന (ഡി.ഡി.യു-ജി. കെ. വൈ), നാഷണൽ റൂറൽ ലൈവിലി ഹുഡ് മിഷൻ (എൻ.ആർ.എൽ.എം.) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്), പ്രധാനമന്ത്രി ഉജ്ജ്വൽ യോജന എന്നീ കേന്ദ്രവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ചും ത്രിതല പഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും കോപ്പറേഷന്റെയും പ്ലാൻഫണ്ട് വിഹിതവും, കുടുംബശ്രീയുടെ ക്ഷേമ പ്രവർത്തനങ്ങളും, കമ്മ്യൂണിറ്റി പോളിടെക്ക്നിക്ക്, റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ആർസെത്തി), സെന്റർ ഫോർ റിസർച്ച് ആന്റ് എജുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷൻ (ക്രസ്റ്റ്) തുടങ്ങിയ വിവിധ ക്ഷേമ പദ്ധതികളുടെ ഗുണഫലങ്ങളും പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങളും കൃത്യമായ ബോധവല്ക്കരണവും നടത്തേണ്ടതാണ്.

ഓഖി ചുഴലിക്കാറ്റുമൂലം 2017 ഡിസംബർ മാസത്തിൽ കോഴിക്കോട് ജില്ലയിൽ 25 ഭവനങ്ങൾ ഭാഗികമായി തകർത്തിട്ടുണ്ട്. അതിൽ 8 പേർ മത്സ്യ തൊഴിലാളികളും അതിൽ 3 പേർ രജിസ്ട്രേഡ് മത്സ്യ തൊഴിലാളികളുമാണ്. ഇവർക്ക് അർഹമായ ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വിവിധ ക്ഷേമവകുപ്പുകളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കോഴിക്കോട് ജില്ലയിലെ 17846 ഭൂരഹിതഭവന രഹിതരുടെയും, 10426 ഭവന രഹിതരുടെയും വിവിധ പദ്ധതികളിലായി കരാർ വെച്ച് പൂർത്തീകരിക്കാത്ത 8194 ഗുണഭോക്താക്കളുടെയും പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ജില്ലയെ സമ്പൂർണ്ണ പാർപ്പിട ജില്ലയാക്കി ഉയർത്തേണ്ടതുണ്ട്. ജില്ലയിലെ പാർപ്പിട പ്രശ്നത്തിന് ഫലപ്രദമായ പരിഹാരം കണ്ടെത്താനുള്ള മേൽത്തട്ട് കീഴ്ത്തട്ട് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

പരിപ്രേക്ഷ്യം

1. ഭൂമിയുള്ള ഭവനരഹിതർക്ക് മുഴുവൻ വീടുകൾ
2. ഭൂരഹിത ഭവനരഹിതരായ എല്ലാവർക്കും വീടുകൾ
3. ഭൂമി ആവശ്യത്തിനു ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഭവന സമുച്ചയങ്ങൾ
4. പൂർത്തിയാകാതെ കിടക്കുന്ന മുഴുവൻ വീടുകൾ പൂർത്തീകരിക്കൽ
5. സമഗ്രവും സംയോജിതവുമായ പരിപാടി ആവിഷ്കരിച്ച് ഉപജീവന സംവിധാനത്തെ പരിഗണിച്ചുകൊണ്ട് സമ്പൂർണ്ണ ഭവന പരിപാടിയിലൂടെ എല്ലാവർക്കും മാന്യവും വാസയോഗ്യവുമായ ഭവനം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

കോഴിക്കോട് ജില്ലയിൽ നേരത്തെ 2014-15, 2015-16 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാ ആവാസ് യോജനയിൽ ഒരു വർഷം 4000 വീടുകൾ കരാർ വെയ്ക്കാറുണ്ടായിരുന്നു. 1/4/2017 മുതൽ ഈ പദ്ധതി പുനർനാമകരണം ചെയ്ത് പി.എം.എ.വൈ. എന്ന് പുനർനാമകരണം ചെയ്തു.

പി.എം.എ.വൈ. പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ മാത്രമേ തിരഞ്ഞെടുക്കുവാൻ പാടുള്ളൂ. പ്രസ്തുത പദ്ധതിയുടെ നിയമാവലി പ്രകാരം പട്ടികജാതി, പൊതു വിഭാഗങ്ങളുടെ അനുപാതം ക്രമീകരിക്കാൻ സാധിക്കാത്തതുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ 941 വീടുകളും 2017-18 ൽ 143 വീടുകളും മാത്രമേ കരാർ വെച്ചിട്ടുള്ളൂ. തുടർന്നുള്ള വർഷങ്ങളിൽ പി.എം.എ.വൈ. പദ്ധതിയുടെ പ്രയോജനം കോഴിക്കോട് ജില്ലയ്ക്ക് ലഭ്യമാവാത്ത അവസ്ഥയാണുള്ളത്.

1. SECC ലിസ്റ്റിൽ പുറമേയുള്ള ഭവന രഹിതരെ തെരെഞ്ഞടുക്കാനുള്ള പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

2. ഭൂരഹിത, ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാൻ സംസ്ഥാന ഗവൺമെന്റിൽ നിന്നും സഹായം ലഭ്യമാക്കുക..

3. പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള വീടുകൾ പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാരിൽ നിന്നും കൂടുതൽ സഹായം ലഭ്യമാകേണ്ടതാണ്. ജില്ലാ തലത്തിൽ ഇക്കാര്യത്തിൽ പൂർണ്ണമായ ധന സമാഹരണം സാധ്യമല്ല.

4. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഫണ്ട് കണ്ടെത്തുനതിനായി ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടെയും ആസൂത്രണ ഫണ്ട് സംബന്ധിച്ച വിനിയോഗ മാനദണ്ഡങ്ങൾ സർക്കാർ തലത്തിൽ അനുകൂലമാക്കി മാറ്റേണ്ടതുണ്ട്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ലൈഫ് മിഷൻ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി വാർഡ് - പഞ്ചായത്ത്- ബ്ലോക്ക് - ജില്ലാ തലങ്ങളിൽ സംഘടനാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

2. പഞ്ചായത്ത് തലത്തിൽ പണം, സാധനങ്ങൾ, സേവനങ്ങൾ എന്നിവ സമാഹരിക്കാനുള്ള ഭവനനിധി രൂപീകരിക്കണം.

3. ബി. പി. എൽ വിഭാഗത്തിലുള്ളവർക്ക് സൌജന്യമായി ഭവന നിർമ്മാണ സാമഗ്രികൾ (സിമന്റ് ബ്ലോക്ക്, വാതിൽ ജനൽ കട്ടിളകൾ മുതലായവ) നിർമ്മിച്ച് നൽകുന്നതിന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും പരമാവധി യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

4. ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് ഭവന നിർമ്മാണ സാമഗ്രികൾ ഉല്പാദകരിൽ നിന്ന് ഉപഭോക്താക്കളിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിനുള്ള സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.

വിദ്യാഭ്യാസം

അവസ്ഥാവിശകലനം .

മാനവ വികസനസൂചികകളിൽ വികസിത രാജ്യങ്ങളുടെ നിലവാരത്തോളമോ അതിനുമുക ളിലോ ആണ് കേരളത്തിന്റെ സ്ഥാനം. മിഷ്യണറി പ്രവർത്തനങ്ങൾ, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെയുള്ള നാട്ടുരാജ്യങ്ങളിലെ സർക്കാറുകൾ, ദേശീയപ്രസ്ഥാനം, സാമൂഹികപരി ഷ്കരണ പ്രസ്ഥാനങ്ങൾ മുതലായവ വഹിച്ച പങ്ക് എന്നിവയെല്ലാം ഈ നേട്ടങ്ങൾ കൈവരിക്കാൻ സഹായകമായ ഘടകങ്ങളാണ്. വീടിന് അടുത്തുള്ള പ്രാഥമിക വിദ്യാലയ സൗകര്യങ്ങൾ, സാർവ്വത്രിക വിദ്യാർത്ഥി പ്രവേശനം, കുറഞ്ഞ കൊഴിഞ്ഞു പോക്ക് നിരക്ക്, എല്ലാ സാമൂഹ്യവിഭാഗ ങ്ങളിലുമുള്ള കുട്ടികൾക്ക് ഒന്നിച്ചിരുന്ന് പഠിക്കുവാനുള്ള അവസരം മുതലായ കാര്യങ്ങളിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. മേൽപറഞ്ഞ കാര്യങ്ങളിൽ കോഴിക്കോട് ജില്ലയും സംസ്ഥാനത്തോടൊപ്പമോ അതിനു മുകളിലോ നിൽക്കുന്നുവെന്നു കാണാം. സംസ്ഥാന രൂപീ കരണത്തെത്തുടർന്ന് ഒന്നാം കേരള സർക്കാറിന്റെ കാലത്തു തന്നെ ആധുനിക കേരളത്തിന്റെ വിദ്യാഭ്യാസ നവീകരണത്തിനു തുടക്കമായിട്ടുണ്ട്.

ആറു പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ കോഴിക്കോട് ജില്ലയിൽ പ്രൈമറി വിദ്യാഭ്യാ സത്തിന്റെ തുടർച്ചയായി സെക്കണ്ടറി,കോളേജ് വിദ്യാഭ്യാസത്തിന്റെ ആരംഭംകുറിച്ചിരുന്നു. 1960 കളുടെ ഉത്തരാർദ്ധത്തിൽ മലബാർ പ്രദേശത്ത് ഒരു പുതിയ സർവ്വകലാശാല-കോഴിക്കോട് സർവ്വകലാ ശാല-നിലവിൽവന്നത് ഉന്നത വിദ്യാഭ്യാസ മേഖല ക്ക് പുത്തനുണർവ്വേകി. 60 കളുടെ അവസാന വർഷങ്ങളിലും 70 കളിലും പ്രീഡിഗ്രിതലത്തിൽ ജൂനിയർ കോളേജുകളുടെ വരവോടെ മൊത്തം കോളേജുകളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചു. ഇന്ന് കോഴിക്കോട് ജില്ലയിൽ പ്രീ സ്കൂൾതലം തൊട്ട് ഉന്നതവിദ്യാഭ്യാസ മേഖല വരെ ഒരു വലിയ ശൃംഖല തന്നെ നിലവിലുണ്ട്.

സ്വാതന്ത്ര്യലബ്ധിതൊട്ട് നിരവധി വർഷങ്ങളായി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ സംബന്ധിച്ച് പല തലങ്ങളിൽനിന്നും ആശങ്കകളും നിർദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. ആസൂത്രണം ചെയ്യപ്പെട്ട പലതും ഉദ്ദേശിച്ച ഫലങ്ങൾ നേടാനായിട്ടില്ലെന്നും കുട്ടികൾക്ക് പഠനാനുഭവങ്ങൾ നൽകുന്നതിലും തൊഴിൽ വൈദഗ്ധ്യം പ്രകടിപ്പിക്കുന്നതിനും കഴിയുന്നി ല്ലെന്നും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ. സി. എഫ്, 2005) വ്യക്തമാക്കുന്നു. ഈ നിരീക്ഷണം ഗൗരവമായി പരിഗണിക്കപ്പെടേണ്ടതുണ്ട്.

1986 ലെ ദേശീയ വിദ്യാഭ്യാസ നയം (എൻ.പി.ഇ.1986) പ്രകാരമാണ് പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനായി ഡയറ്റ്, എസ്.എസ്.എ. എന്നീ സംവിധാനങ്ങൾ രൂപം കൊണ്ടത്. ഈ സംവിധാനങ്ങൾക്കൊപ്പം പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സംവിധാനങ്ങൾ എന്നിവ ഗുണവർദ്ധനവിനായി നിരന്തരം ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇത് ഗുണപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ മാറ്റം വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും മേൽ നടപടികൾ ഉണ്ടാവേണ്ടതുണ്ട്. എങ്കിലും വിദ്യാഭ്യാസ ഗുണമേൻമ തൃപ്തികരമായി വർദ്ധിപ്പിക്കുന്നതിൽ നിലവിലുള്ള സംവിധാനത്തിന് പ്രതീക്ഷിത നിലവാരം പുലർത്താൻ കഴിഞ്ഞിട്ടില്ലെ ന്നതാണ് അനുഭവം.

ലക്ഷ്യങ്ങൾ

ജില്ലയിലെ വിദ്യാഭ്യാസമേഖലയുടെ ഗുണമേൻമ വർദ്ധനവിനായി ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് വികസന പ്രശ്നങ്ങളും വികസന വിടവുകളും കണ്ടെത്തി പരിഹരിക്കുക.

ഇതിന്നായി ഹ്രസ്വകാല-ദീർഘകാല

വികസന പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളും രൂപീകരിക്കുക.

ഇതിനനുസരിച്ച് ജില്ലയിലെ വിഭവലഭ്യത, വിവിധ വിഭവ സ്രോതസ്സുകളുടെ സംയോജന സാധ്യതകൾ എന്നിവ പരിഗണിച്ച് മേൽത്തട്ട് - കീഴ്ത്തട്ടു വികസന നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക.

സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കുക.

വിദ്യാഭ്യാസ പ്രവർത്തകരിലും രക്ഷിതാക്കളിലും പൊതു സമൂഹത്തിലും ഗുണമേൻമ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കുക.

ഊന്നൽ മേഖലകൾ

1. വിദ്യാഭ്യാസരംഗത്തെ രണ്ടാംതലമുറ പ്രശ്നങ്ങളായ തുല്യത, ഗുണത എന്നിവ ഉറപ്പാക്കുക.
2. സ്കൂൾ പഠനാന്തരീക്ഷത്തെയും പഠന പരിസരത്തെയും മാറ്റിയെടുക്കുക.
3. പുതിയ വെല്ലുവിളി ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പ്രാപ്തമാക്കുക.
4. കാലഘട്ടത്തിനനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും ഭരണനിർവഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കുക, പുത്തൻ കടമാബോധം സ്വാംശീകരിക്കുക.
5. കുട്ടികളുടെ സർവതോമുഖമായ വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക.
6. ജില്ലയിൽ ലഭ്യമായ വൈദഗ്ധ്യത്തെ ഗുണമേൻമാ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കുക.
7. പ്രതീക്ഷിക്കുന്ന അക്കാദമികനേട്ടങ്ങൾ ഓരോ ക്ലാസ്സിലും തലത്തിലും ഉറപ്പാക്കുന്നതിനുള്ള ശാസ്ത്രീയവും ദീർഘ വീക്ഷണത്തോടുകൂടിയതുമായ തന്ത്രങ്ങൾ ആവിഷ്കരിക്കുക.
8. 1 മുതൽ 12 വരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കുക.
9. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉറപ്പാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ കടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
10. മികച്ച ശാരീരിക- മാനസിക- വൈകാരിക- ആരോഗ്യം ഉറപ്പാക്കുക.
11. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതി ശാസ്ത്രം വികസിപ്പിക്കുക.
12. ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗസമത്വത്തെ ക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക
13. വിദ്യാലയ പ്രവർത്തനങ്ങൾക്കു പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
14. സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
15. തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.
16. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഓരോ സ്കൂൾ കേമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
17. സാമൂഹിക അവബോധം, വിമർശന അവബോധം, പാരിസ്ഥിതിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, എന്നിവ ഉളവാകാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
18. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ മുഴുവൻ

കുട്ടികൾക്കും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

19. സമയബന്ധിതമായ ഉദ്യോഗസ്ഥ തല മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കുക.

നിലവിലുള്ള സ്ഥിതി വിശേഷം

കോഴിക്കോട് റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഭരണ സംവിധാനത്തിന്റെയും സ്ഥാപനത്തിന്റെയും വിവരങ്ങൾ പട്ടിക 4.2.53 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.2.53

ജില്ലയിലെ വിദ്യാഭ്യാസ ഭരണ സ്ഥാപനങ്ങൾ

ക്രമ നം	ഭരണ സംവിധാനം	എണ്ണം
1	വിദ്യാഭ്യാസ ജില്ല	3
2	ഉപജില്ല	17
3	സർവ്വ ശിക്ഷ അഭിയാൻ (ജില്ലാ പ്രൊജക്ട്)	1
4	ബ്ലോക്ക് റിസോഴ്സ് സെന്റർ	14
5	അർബൻ റിസോഴ്സ് സെന്റർ	1

അവലംബം : വിദ്യാഭ്യാസ വകുപ്പ്

മൂന്നു വിദ്യാഭ്യാസജില്ലകളിലായി 17 ഉപജില്ലകളും 14 ബി. ആർ.സികളും 1 യു. ആർ. സി.യും പ്രവർത്തിക്കുന്നു. റവന്യൂജില്ലയിൽ ആകെ 740 എ ൽ.പി.സ്കൂളുകളും 326 യു.പി.സ്കൂളുകളും 212 ഹൈസ്കൂളുകളും 178 ഹയർസെക്കണ്ടറി സ്കൂളുമാണുള്ളത്. 2013 മുതൽ 2018 വരെയുള്ള കാലയളവിലെ 1 മുതൽ 10 വരെ ക്ളാസിലെ കുട്ടികളുടെ എണ്ണം പട്ടിക 4.2.54 ലും കൊടുത്തിരിക്കുന്നു.

പട്ടിക 4.2.54

ജില്ലയിലെ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം

സ്കൂൾ	സർക്കാർ സ്കൂൾ	എയ്ഡഡ് സ്കൂൾ	അൺ എയ്ഡഡ് സ്കൂൾ	ആകെ
എൽ പി സ്കൂൾ	182	527	31	740
യു. പി സ്കൂൾ	70	239	17	326
ഹൈസ്കൂൾ	78	101	33	212
ഹയർസെക്കന്ററി	64	86	28	178

അവലംബം : ഡി ഡി പി ഓഫീസ് സർവ്വേ

പ്രാഥമിക വിദ്യാലയങ്ങൾ ജില്ലയിലുടനീളം പ്രവർത്തിക്കുന്നുണ്ട്. എയ്ഡഡ് മേഖലയിൽ ആണ് കൂടുതൽ വിദ്യാലയങ്ങളുള്ളത്. സെക്കണ്ടറി തലത്തിൽ അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ എണ്ണം മറ്റു മേഖലകളെ അപേക്ഷിച്ച് കൂടുതലാണ്.

പട്ടിക 4.2.55

കുട്ടികളുടെ എണ്ണം 2013 മുതൽ 2017 വരെ (1 മുതൽ 10 വരെ ക്ലാസ്സുകൾ)

ക്ലാസ്സ്	2013 – 14	2014 – 15	2015 – 16	2016 – 17	2017 – 18
1	27753	27802	27755	27417	29245
2	29164	28802	28657	28390	28602
3	31212	30167	29451	29484	29581
4	32809	32087	30905	30254	30564
5	37485	37245	36351	35394	34723
6	38902	38876	37710	37174	36396
7	41147	40224	38967	38192	37892
8	45713	42940	42516	41861	41863
9	47594	46627	44929	43379	43250
10	43663	45366	47051	45574	43420
ആകെ	**375442**	**370136**	**364292**	**357119**	**355536**

അവലംബം : വിദ്യാഭ്യാസ വകുപ്പ്

ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം പരിശോധന വിധേയമാക്കിയാൽ യു.പി., ഹൈസ്കൂൾ തലത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ഓരോ വർഷവും ചെറിയ കുറവ് കാണാവുന്നതാണ്. എന്നാൽ പ്രൈമറി ക്ലാസ്സുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായാണ് കാണുന്നത്. മൊത്തം വിദ്യാർത്ഥികളുടെ എണ്ണത്തിൽ കഴിഞ്ഞ 5 വർഷങ്ങളിൽ നാമമാത്രമായ കുറവ് കാണുന്നു.

അദ്ധ്യാപകരുടെ വിവരങ്ങൾ

സംസ്ഥാനത്തെ അദ്ധ്യാപകരുടെ എണ്ണത്തിൽ നല്ലൊരു പങ്ക് ജില്ലയുടേതാണ്. ഇതിൽ തന്നെ വനിതാ അദ്ധ്യാപികമാരുടെ എണ്ണം ശ്രദ്ധേയമാണ്.

പട്ടിക 4.2.56

ജില്ലയിലുള്ള അദ്ധ്യാപകരുടെ എണ്ണം

വിഭാഗം	ഗവ.	എയ്ഡഡ്	ആകെ
ഹൈസ്കൂൾ	1913	3100	5013
യു.പി.	1225	3749	4974
എൽ.പി.	1398	4600	5998
ടി.ടി.ഐ.	31	23	54
ആകെ	**4567**	**11472**	**16039**

അവലംബം : വിദ്യാഭ്യാസ വകുപ്പ്

ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾ

ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന 13628 കുട്ടികളിൽ 7662 ആൺകുട്ടികളും 5966 പേർ പെൺകുട്ടികളുമാണ്. ആകെ ഭിന്നശേഷിവിഭാഗം കുട്ടികളുടെ 50%ത്തിലധികം(6822 പേർ) കാഴ്ചക്കുറവുള്ളവരാണ്. ഇത് പഠനവിഷയമാക്കേണ്ടതാണ്. കുട്ടികളിലെ കാഴ്ചശക്തി ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾ ആവശ്യമാണ്. ബഹുമുഖ വൈകല്യമുള്ളവരുടെ എണ്ണം 445 ആണ്. 1884പേർ പഠനവൈകല്യമുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കു മാത്രമായുള്ള 28 സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെയും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളെ സംബന്ധിച്ചുള്ള വിവരങ്ങളും ഇതിൽ ഉൾപ്പെടുന്നില്ല.

പട്ടിക 4.2.57

ജില്ലയിലെ ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	കുട്ടികളുടെ എണ്ണം	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ കുട്ടികൾ
1	പൂർണ്ണ അന്ധതയുള്ളവർ	106	84	190
2	കാഴ്ചക്കുറവുള്ളവർ	3592	3230	6822
3	കേൾവിക്കുറവുള്ളവർ	642	549	1191
4	സംസാരശേഷിക്കുറവുള്ളവർ	435	176	611
5	ശാരീരികവെല്ലുവിളി നേരിടുന്നവർ	407	578	985
6	മാനസികവെല്ലുവിളി നേരിടുന്നവർ	683	413	1096
7	പഠനവൈകല്യമെന്ന വെല്ലുവിളി നേരിടുന്നവർ	1297	587	1884
8	സെറിബ്രൽ പാൾസിയുള്ളവർ	178	121	299
9	ഓട്ടിസമുള്ളവർ	77	28	105
10	ബഹുമുഖവൈകല്യങ്ങൾ നേരിടുന്നവർ	245	200	445
	ആകെ	7662	5966	13628

അവലംബം: സർവ്വശിക്ഷാഅഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസ്

കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

സ്കൂൾ വിദ്യാഭ്യാസകാലത്ത് വിവിധ ക്ലാസുകളിൽനിന്ന് ഇടക്കു വെച്ച് കുട്ടികൾ പഠനം നിർത്തിപ്പോകുന്നുവെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞ 6 വർക്കാലത്തെ കണക്കുകൾ പരിശോധിച്ചാൽ കുട്ടികളുടെ കൊഴിഞ്ഞു പോക്കിന്റെ നിരക്ക് കുറഞ്ഞു വരുന്നതായി കാണാം. 2011-12 വർഷം ഇത് 1866 ആയിരുന്നത് 2012-13ൽ 1092 ആയും അടുത്ത വർഷം 730 ആയും കുറഞ്ഞു. 2014-15ൽ നേരിയ വർദ്ധന കാണിച്ചെങ്കിലും(1010)2015-16 ലും 2016-17ലും യഥാക്രമം708 ആയും 430 ആയും കുറഞ്ഞു. ഇത് ഗുണപരമായി കാണാമെങ്കിലും കൊഴിഞ്ഞുപോക്ക് നിലനിൽക്കുന്നുവെന്നത് ഗൗരവതരമാണ്. 2011-12 വർഷത്തിൽ ഗവണ്മെൻറ് സ്കൂളുകളിൽ 453 കുട്ടികളും എയിഡഡ് സ്കൂളുകളിൽ 1413 കുട്ടികളും പഠനം ഇടയ്ക്കു വെച്ച് നിർത്തിയിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തിൽ ഗവൺമെൻറ് സ്കൂളുകളിൽ 145 കുട്ടികളും എയിഡഡ് സ്കൂളുകളിൽ 285 കുട്ടികളും മാത്രമാണ് പഠനം നിർത്തിയത്. പട്ടിക 4.2.58 ൽ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

പട്ടിക 4.2.58

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് 2011-12 മുതൽ 2016-17 വരെ (1 മുതൽ 10 വരെ)

ക്ലാസ്സ്	2011-12		2012-13		2013-14		2014-15		2015-16		2016-17	
	ഗവ:	എയിഡഡ്	ഗവ:	എയിഡഡ്	ഗവ:	എയിഡഡ്	ഗവ:	എയിഡഡ്	ഗവ:	എയിഡഡ്	ഗവ:	എയിഡഡ്
I	68	308	74	135	28	92	39	108	25	120	30	52
II	41	264	38	112	19	52	31	112	16	45	11	41
III	32	133	28	81	19	28	17	57	7	47	5	19
IV	30	113	15	80	11	29	15	63	8	63	12	15
V	22	70	19	47	17	38	16	13	8	29	4	11
Vi	41	62	27	32	15	29	26	70	15	31	17	17
VII	32	62	31	37	28	26	13	59	14	29	14	18
VIII	77	123	57	64	37	37	23	69	24	19	13	20
IX	80	204	75	85	86	73	45	158	53	61	15	52
X	30	74	26	29	38	28	17	59	41	53	24	40
ആകെ	**453**	**1413**	**390**	**702**	**298**	**432**	**242**	**768**	**211**	**497**	**145**	**285**

അവലംബം : ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ്

ജില്ലയിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ആവശ്യമായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുക ളുടെ സംഖ്യ വർദ്ധിച്ചു വരികയാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിലും ഈ പ്രവണത തുടർന്നുകൊണ്ടേയിരിക്കുന്നു. വിദ്യാലയ പരിസരത്ത് കുട്ടികളില്ലാത്തതുകൊണ്ടു മാത്രമല്ല, സൗകര്യങ്ങളുള്ള മറ്റു വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയക്കുന്നതാണോ പ്രശ്നം എന്നു പരിശോധിക്കേണ്ടതാണ്. കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം തുടർച്ചയായ കഴിഞ്ഞ വർഷങ്ങളിലായി കുറഞ്ഞു വരുന്നത് കാണാം. ഭൗതിക സാഹചര്യങ്ങളിലുള്ള മികവും ത്രിതല പഞ്ചായത്തുകളുടെയും മറ്റു പൊതുവിദ്യാഭ്യാസ സംവിധാനങ്ങളുടെ ഉണർവ്വുമാണിതിന് പിന്നിൽ.

നിലവിലുള്ള കൊഴിഞ്ഞുപോക്കിന് ആധാരമായ പ്രധാന കാരണങ്ങൾ.

- അന്യസംസ്ഥാന തൊഴിലാളികളുടെയും ഹ്രസ്വകാല തൊഴിലാളികളുടെയും കുട്ടികൾ

ഇടയ്ക്ക് മാതൃ സംസ്ഥാനങ്ങളിലേയ്ക്ക്/ വിദ്യാലയങ്ങളിലേയ്ക്ക് തിരിച്ചുപോകുന്നു.

- വിദേശത്തും അന്യസംസ്ഥാനങ്ങളിലും തൊഴിലെടുക്കുന്നവർ കുട്ടികളുടെ പഠനം തൊഴിലിടങ്ങളുള്ള സ്ഥലത്തേയ്ക്ക് മാറ്റുന്നത്.
- ശാരീരിക- മാനസിക വൈകല്യങ്ങൾ കാരണം ഇടയ്ക്ക് പഠനം നിർത്തുന്നതിനാൽ

പരിപ്രേക്ഷ്യം

സ്കൂൾ സംവിധാനം

ഓരോ വിദ്യാലയവും ഒരു വിഭവ കേന്ദ്രമായി ഉയരേണ്ടതുണ്ട്. ഇരിപ്പിട സംവിധാനം, കുടിവെള്ള സൗകര്യം, ടോയിലറ്റ്, സ്മാർട്ട് ക്ലാസ് മുറികൾ, പഠനമൂലകൾ, പരീക്ഷണമൂലകൾ, ലൈബ്രറികൾ, വായനാ മൂലകൾ, ലബോറട്ടറികൾ എന്നിവയൊക്കെ ആധുനിക നിലവാരത്തിലേയ്ക്ക് അടിമുടി മാറ്റപ്പെടണം. സ്കൂൾ അന്തരീക്ഷം വിദ്യാർത്ഥി സൗഹൃദ പ്രകൃതി സൗഹൃദമായി മാറണം.

ജൈവ വൈവിധ്യ ഉദ്യാനങ്ങളും ജലശുദ്ധീകരണ, മാലിന്യ സംസ്കരണ സ്വയംപര്യാപ്ത സംവിധാനങ്ങളും അടങ്ങിയ ആധുനിക കാമ്പസായി സ്കൂൾ കാമ്പസിനെ മാറ്റിയെടുക്കണം. അന്തരാഷ്ട്ര നിലവാരത്തിലുള്ള കാമ്പസ് സജ്ജീകരിക്കലാണ് ലക്ഷ്യമിടേണ്ടത്. കുട്ടികൾക്ക് കണ്ടുപഠിക്കാനും ചെയ്ത് പഠിക്കാനും പര്യാപ്തമായ സ്വയം പഠന സംവിധാനം ഉണ്ടാകണം. താൽപ്പര്യമുള്ള രക്ഷിതാക്കൾക്കും നാട്ടുകാർക്കും സ്വയംപഠന സൗകര്യം ഒരുക്കേണ്ടതും അഭിലഷണീയമാണ്.

കുട്ടികളുടെ വളർച്ചയും വികാസവും പരിഗണിച്ചുള്ള പഠനപ്രവർത്തനങ്ങളാണ് ക്ലാസ് മുറിയിൽ നടക്കേണ്ടത്. ഭൗതിക സൗകര്യങ്ങളുടെ നിരന്തരവും ജൈവീകവുമായ ഉപയോഗവും പ്രവർത്തനവും നടക്കണം. തിയേറ്റർ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം. പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും ക്രമീകരണത്തിലും രക്ഷിതാക്കളുടെ പരമാവധി സാന്നിധ്യം പരീക്ഷിക്കാം. അതത് മേഖലകളിൽ പ്രാവീണ്യം നേടിയ വ്യക്തികളുടെ ഇടക്കിടെയുള്ള സേവനം (കൃഷിക്കാർ, കലാകാരൻമാർ, കായിക വിദഗ്ദർ, ശാസ്ത്രജ്ഞൻമാർ, സാങ്കേതിക വിദഗ്ധർ) ഉപയോഗപ്പെടുത്തണം. പ്ലസ് ടു തലത്തിലെത്തുമ്പോഴേക്കും ഏതെങ്കിലും തൊഴിൽ നൈപുണികൾ കൂടി സ്വായത്തമാക്കും പ്രകാരം തൊഴിൽ വർക്ക് ഷോപ്പുകളും അനുബന്ധ സംവിധാനങ്ങളുമുണ്ടാവണം.

സ്കൂൾ സഹായക സമിതികളുടെ (പി.ടി.എ, എസ്.എസ്.ജി, ഒ.എസ്.എ) സജീവ സാന്നിധ്യം സ്കൂളിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. സാമൂഹ്യ പങ്കാളിത്ത തോടെയുള്ള പഠന കൂട്ടായ്മകൾ, കലാ ഗ്രൂപ്പുകൾ, നാടക ഗ്രൂപ്പുകൾ, പഠന പ്രവർത്തനങ്ങളുടെ ഫലമായി രൂപം കൊള്ളുന്ന ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ എന്നിവയൊക്കെ വിദ്യാലയങ്ങളുടെ സാമൂഹ്യ പങ്കാളിത്തത്തെ ശക്തിപ്പെടുത്തും.

വിദ്യാഭ്യാസ മേഖലയിൽ ഗുണതയും തുല്ല്യതയും ഉറപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കുന്ന വിവിധ പരിപാടികൾ ജില്ലയിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രീ-പ്രൈമറി, അംഗൻവാടി മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെ ജില്ലയുടെ വിദ്യാഭ്യാസ വികസന പ്രക്രിയയിൽ നിസ്തുലമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇ.സി.സി.ഇ (ആദ്യകാല ശിശു പരിചരണവും വിദ്യാഭ്യാസവും), സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ), രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ), രാഷ്ട്രീയ ഉച്ചതം ശിക്ഷാ അഭിയാൻ (ആർ.യു.എസ്.എ), രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ (ആർ.എ.എ), പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഗുണമേൻമാ പുരോഗതിക്കുള്ള പദ്ധതി (ക്യൂ.ഐ.പി) തുടങ്ങിയ വിവിധ പദ്ധതികളും വിദ്യാഭ്യാസ വകുപ്പ്, ഡയറ്റുകൾ, ഐ.സി.ഡി.എസ്, എസ്.ഇ.ആർ.ടി. സീമാറ്റ്, എസ്.ഐ.ഇ.ടി, ഐ.ററി അററ് സ്കൂൾ, കൈറ്റ് (കെ.എ.ഐ.ടി.ഇ.) തുടങ്ങിയ വിവിധ സംവിധാനങ്ങളും ജില്ലയുടെ വിദ്യാഭ്യാസ മേഖലയിൽ വിവിധ തരം ഇടപെടലുകൾ നടത്തുന്നുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

സമഗ്ര കേരള വികസനത്തിനുവേണ്ടി 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത്. വിദ്യാലയങ്ങളുടെ നിലവാരം മികച്ചതാക്കാൻ ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കൽ, പൊതുവിദ്യാലയങ്ങളുടെ സമഗ്ര ശാക്തീകരണം, ഫലപ്രദമായ

ഐ.ടി.വിനിയോഗം, ഇതിനാവശ്യമായ വിഭവ സമാഹരണവും സാധ്യമാക്കുന്നതിനുള്ള നടപടികളുമാണിതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേൻമാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടേയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ്. ഈ ലക്ഷ്യങ്ങൾ സാർത്ഥകമാക്കുന്നതിന് സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ അനിവാര്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിലയിരുത്തിയ പദ്ധതികൾ

ജില്ലയിൽ 2017-18 വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 26 സ്കൂളുകളെ തിരഞ്ഞെടുക്കുകയും പ്രവർത്തികൾക്കായി 3 കോടി രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 4. 61 ൽ കൊടുത്തിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

ഗവൺമെൻറ്, എയ്ഡഡ് മേഖലയിലെ വിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പരിശീലന ക്യാമ്പുകൾ, കൗമാരസഭ, കൗൺസിലിംഗ്, വ്യക്തിത്വ വികസനം, ബാലാവകാശ സംരക്ഷണം, വിജയോത്സവം, കരിയർ ഗൈഡൻസ് തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പാക്കി. സവിശേഷമായ ചില ഉദാഹരണങ്ങളാണ് വിജയോത്സവം, സ്പേസ് എന്നിവ.

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഗവൺമെൻറ് വിഭാഗത്തിൽ 44 ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്. ഇവയിൽ എല്ലാം ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം ഉള്ളതാണ്. എയ്ഡഡ് മേഖലയിൽ 70 ഹയർ സെക്കണ്ടറി സ്കൂളുകളാണുള്ളത്.

അക്കാദമികം

ഹൈസ്കൂളിനോട് ചേർന്ന് പ്രൈമറി സ്കൂളിൽ (1-7, 5-7) 23553 കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ ഈ ക്ലാസ്സുകളിലെ പഠനം മിക്ക സ്കൂളുകളിലും കാര്യക്ഷമമായി നടക്കുന്നില്ല. ഹെഡ് മാസ്റ്റർക്ക് ശരിയായ രീതിയിൽ മോണിറ്റിംഗ് നടത്താൻ സാധിക്കാത്ത പരിമിതി ഉണ്ട്. ലാബുകൾ, ലൈബ്രറികൾ എന്നിവ ഉപയോഗപ്പെടുത്താൻ ഈ വിഭാഗത്തിലെ കുട്ടികൾക്ക് സാധിക്കുന്നില്ല. അധ്യാപക ശാക്തീകരണ മേഖലകളിൽ കാലാകാലങ്ങളിൽ നടക്കുന്ന പരിശീലനങ്ങളിൽ അധ്യാപകരുടെ പങ്കാളിത്തം 70-80% ആണ്. സ്വയംശാക്തീകരണ പരിപാടികൾ നടക്കുന്ന സ്കൂളുകൾ ഏതാണ്ട് (10%ൽ താഴെ) മാത്രമാണ്. സേവനകാലത്ത് അധിക യോഗ്യതകൾ ഭാഗികമായി മാത്രമേ ആർജ്ജിക്കപ്പെടുന്നുള്ളൂ. സാങ്കേതിക വിദ്യ അധ്യാപനവുമായി ബന്ധപ്പെടുത്തുന്ന അധ്യാപകരുടെ എണ്ണം 20%ൽ താഴെ മാത്രമേയുള്ളൂ. പഠന വിനിമയ പ്രവർത്തനങ്ങളിൽ പഠനോപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ പരിമിതമാണ് (പഠനോപകര നിർമ്മാണ ഗ്രാൻറ് എസ്.എസ്.എ. നൽകുന്നു). ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽ ചില സ്കൂളുകളെങ്കിലും സ്വന്തമായി നിർമ്മിച്ചുപയോഗിക്കുന്നു. വർക്ക് ഷീറ്റുകൾ, സഹായ സംവിധാനങ്ങൾ വിലയിരുത്തൽ ഉപാധികൾ, ഗവേഷണ ട്രൈ ഔട്ട് പ്രവർത്തനങ്ങൾ എന്നിവ ഭാഗികമായോ ഉപയോഗപ്പെടുത്താത്തവയോ ആണ് 90%ൽ അധികം സ്കൂളുകളും. സയൻസ്, സാമൂഹ്യശാസ്ത്ര വിഷയങ്ങളിലാണ് മികച്ച രീതിയിൽ ഉപയോഗിക്കുന്നത്. ഭാഷ, ഗണിതം വിഷയങ്ങളിൽ പഠനോപകരണങ്ങൾ ഉപയോഗിച്ചു പഠനം നടക്കുന്നതിനുള്ള സാഹചര്യങ്ങളും പരിശീലനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

അംഗനവാടി മേഖലയുടെ വികസനത്തിനുള്ള നിർദ്ദേശങ്ങൾ

ജില്ലയിൽ ആകെ 2,938 അംഗനവാടികളിലായി 1,32,600 കുഞ്ഞുങ്ങളുണ്ട്. 2,938 അംഗനവാടി അദ്ധ്യാപകരും 2,921 ആയമാരും ഇവരെ പരിചരിക്കുന്നതിനു വേണ്ടിയുണ്ട്. അംഗനവാടികളുടെ എണ്ണം അനുബന്ധം 4.51 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

1. സ്വന്തമായ ആകർഷകമായ കെട്ടിടം, ടോയിലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടിക്കുളം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപ്പുരകളടക്കമുള്ള വിപുലസംവിധാനം.
2. പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (പ്രകൃതിദത്ത ആവാസ വ്യവസ്ഥ ക്രമീകരിച്ചത്).
3. കുടിവെള്ളം, സ്വന്തം വീട്, അമ്മ എന്ന അനുഭവം ഓരോ കുട്ടിക്കും
4. ഭാവി സ്ക്കൂളിലേക്ക് അവശ്യം വേണ്ട തയ്യാറെടുപ്പു മാത്രമായി അക്കാദമിക പ്രവർത്തനം നിജപ്പെടുത്തൽ - എഴുത്ത്, വായന എന്നിവ പൂർണ്ണമായും ഒഴിവാക്കി പാട്ട്, കളി, ചിത്രംവര, നിർമ്മാണം, കൃഷി പ്രവർത്തനങ്ങൾ മാത്രം.
5. ആശയവിനിമയത്തിനുള്ള കളിപ്പാട്ടങ്ങൾ, സ്മാർട്ടു ക്ലാസുമുറികൾ, അനുയോജ്യമായ പഠനപ്രവർത്തനങ്ങളുള്ള സി.ഡികൾ, വിഷ്വൽ മീഡിയാ സംവിധാനങ്ങൾ എന്നിവ ഒരുക്കണം.
6. പൂർണ്ണമായും മാതൃഭാഷയിലൂടെയുള്ള ആശയവിനിമയം (എൽ.കെ.ജി, യു.കെ.ജി. എന്നിവക്കുള്ള തയ്യാറെടുപ്പു കേന്ദ്രങ്ങളല്ല അംഗനവാടികൾ) കുട്ടിയുടെ വികാസതലങ്ങൾ പരിഗണിച്ചുകൊണ്ടും കളിരീതികൾക്ക് പ്രാധാന്യം നൽകിയുള്ള വിനിമയം.
7. സ്ക്കൂൾ തലത്തിൽ വൈവിധ്യമാർന്ന പോഷകസമ്പുഷ്ഠമായ ഭക്ഷണം നൽകൽ
8. നിശ്ചിതപ്രായത്തിലുള്ള കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യുന്നു എന്ന് ഉറപ്പാക്കൽ.
9. സ്ക്കൂളുകളിൽ അംഗനവാടി സർട്ടിഫിക്കറ്റ് നിർബന്ധമാക്കൽ
10. പ്രാദേശികവികസന ഫണ്ടുകൾ ഈ മേഖലയിലേക്കു കൂടി കാര്യക്ഷമമായി വിനിയസിക്കാൻ ഭരണപരമായ ധാരണയുണ്ടാകണം
11. മികച്ച സേവനവേതന സംവിധാനം

പ്രശ്നങ്ങളും പരിഹാരങ്ങളും

വിവിധ തലങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രതിപാദനം താഴെ ചേർക്കുന്നു.

പ്രീ-സ്കൂൾ വിദ്യഭ്യാസത്തിന്റെ പ്രശ്നങ്ങൾ

ജില്ലയിൽ 598 പ്രീ-സ്കൂളുകളുണ്ട്. ഗവൺമെൻറ് മേഖലയിൽ 164ഉം എയ്ഡഡ് മേഖലയിൽ 434 എണ്ണവും.

1. ക്ലാസ്സിനകത്തും പുറത്തുമായി കളിക്കാനുള്ള കളിപ്പാട്ടങ്ങളോ കളിസ്ഥലമോ വേണ്ടത്രയില്ല.
2. ഹൈസ്ക്കൂളുകളോടു ചേർന്ന പ്രീപ്രൈമറികളിൽ കുട്ടികൾക്ക് പുറത്തിറങ്ങാൻ പോലും നിർവാഹമില്ല.
3. സിംഹഭാഗം പ്രീപ്രൈമറികളും ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്നു.
4. പ്രീപ്രൈമറിക്ക് പാഠ്യപദ്ധതി നടപ്പിലാക്കുന്നില്ല.
5. നിയമപരമായി നിശ്ചിത വയസ്സുള്ള കുട്ടികളെയല്ല നിലവിൽ പ്രീ-പ്രൈമറിയിൽ ചേർക്കുന്നത്.
6. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്, അധ്യാപകർ, ആയമാർ എന്നിവരില്ല.
7. മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാൻറ്, പഠനകിറ്റ് തുടങ്ങിയവക്ക് പരിഗണിക്കുന്നില്ല.

പ്രീ-സ്കൂൾ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ആകർഷകമായ ക്ലാസ് മുറി, അടുത്തുള്ള ടോയ്ലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടിക്കുളം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപ്പുരകൾ അടക്കമുള്ള വിപുല സംവിധാനം.
2. പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (പ്രകൃതിദത്ത ആവാസ വ്യവസ്ഥയിൽ ക്രമീകരിച്ചത്).
3. കുടിവെള്ളം, സ്വന്തം വീട്, അമ്മ എന്ന

അനുഭവം ഓരോ കുട്ടിക്കും

4. ഭാവി സ്ക്കൂളിലേക്ക് അവശ്യം വേണ്ട തയ്യാറെടുപ്പു മാത്രമായി അക്കാദമിക പ്രവർത്തനം നിജപ്പെടുത്തൽ - എഴുത്ത്, വായന എന്നിവ പൂർണ്ണമായും ഒഴിവാക്കി പാട്ട്, കളി, ചിത്രംവര, നിർമ്മാണം, കൃഷി പ്രവർത്തനങ്ങൾ.

5. ആശയവിനിമയത്തിനുള്ള കളിപ്പാട്ടങ്ങൾ, സ്മാർട്ടു ക്ലാസുമുറികൾ, അനുയോജ്യമായ പഠനപ്രവർത്തനങ്ങളുള്ള സി. ഡികൾ എന്നിവ ഒരുക്കണം.

6. പൂർണ്ണമായും മാതൃഭാഷയിലൂടെയുള്ള ആശയവിനിമയം (ഇംഗ്ലീഷ് മീഡിയം എൽ.കെ.ജി, യു.കെ.ജി. പോലെ പ്രവർത്തി ക്കേണ്ടതല്ല ഇവ).

7. കുട്ടിയുടെ പ്രായം, വികാസതലം എന്നിവ പരിഗണിച്ചുകൊണ്ടാവണം പ്രവേശനം.

8. സ്ക്കൂളുകളിൽ ജനനസർട്ടിഫിക്കറ്റ് നിർബന്ധമാക്കൽ

9. സ്ക്കൂൾ കുട്ടികൾക്കുള്ള മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാൻറ്, പഠനകിറ്റ് തുടങ്ങിയവക്ക് പ്രീപ്രൈമറി കുട്ടികളെ പരിഗണിക്കൽ.

10. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്, അധ്യാപകർ, ആയമാർ എന്നിവ ഒരുക്കണം.

11. വിദ്യാഭ്യാസ അവകാശ നിയമം വിഭാവന ചെയ്യുന്ന രീതിയിൽ അയൽപ്പക്ക വിദ്യാലയങ്ങൾ ഉണ്ടെങ്കിലും അതാതു പ്രദേശത്തെ വിദ്യാലയങ്ങളിൽ കുട്ടികൾ പ്രവേശനം നേടുന്നില്ല. വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം, അക്കാദമിക നിലവാരം, യാത്രാസൗകര്യം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതിനാൽ അയൽ പഞ്ചായത്തു കളിലും നഗരപ്രദേശങ്ങ ളിലുമുള്ള വിദ്യാലയങ്ങൾ കൂടുതലായി പ്രവേശനം നേടുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളും അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുകയും മികച്ച സൗകര്യങ്ങൾ ഒരുക്കുകയും എല്ലാ വിദ്യാലയങ്ങളും അക്കാദമികഗുണ നിലവാരം ഉറപ്പാക്കുകയും ചെയ്താൽ അയൽപ്പക്ക വിദ്യാലയങ്ങൾ സാർത്ഥ കമാകും.

12. അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടുക.

13. അയൽപ്പക്ക വിദ്യാലയങ്ങൾ ശാക്തീകരിക്കു ന്നതിന്റെ ഭാഗമായി ഓരോ പ്രദേശത്തെയും വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ ഗുണനിലവാരം ഉയർത്തുക.

14. അക്കാദമിക മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങൾ പൊതു സമൂഹവുമായി വിനിമയം ചെയ്യുക

പട്ടിക 4.2.59

ജില്ലയിലെ അൺ എക്കണോമിക് വിദ്യാലയങ്ങളുടെ വിവരങ്ങൾ

വർഷം	ഗവ.			ആകെ	എയ്ഡഡ്			ആകെ
	എൽ.പി.	യു.പി.	എച്ച്.എസ്.		എൽ.പി.	യു.പി.	എച്ച്.എസ്.	
2012-13	118	16	2	136	334	29	0	363
2013-14	125	14	6	145	337	37	0	374
2014-15	127	17	7	151	331	47	0	378
2015-16	142	17	8	167	375	51	0	426
2016-17	146	16	8	170	381	52	0	433

(അവലംബം : ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് രേഖകൾ)

പ്രൈമറി, സെക്കൻററി,ഹയർ സെക്കൻററി, വൊക്കേഷണൽ വിദ്യാഭ്യാസം

പൊതു വിഷയങ്ങൾ - പ്രശ്നങ്ങൾ

1. ആധുനിക കാഴ്ചപ്പാടുകൾക്കനുസൃതമായ മികച്ച ഭൗതികസൗകര്യം എല്ലാ വിദ്യാലയങ്ങളിലും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
2. ഈ മേഖലയിൽ മെച്ചപ്പെട്ട ചില മാതൃകകൾ ചുരുക്കം സ്ക്കൂളുകളിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മികച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള മാതൃകകൾ ഇനിയും ജില്ലയിൽ രൂപപ്പെടുത്തേണ്ടതുണ്ട്.
3. മികച്ച ശാസ്ത്രപഠനാന്തരീക്ഷം, ഗണിത പഠനാന്തരീക്ഷം സാമൂഹ്യശാസ്ത്ര പഠനാന്തരീക്ഷം, ഭാഷാ പഠനാന്തരീക്ഷം, മറ്റു വിഷയങ്ങൾക്കനുസൃതമായ പഠനാന്തരീക്ഷം സ്ക്കൂളിലും ക്ലാസ്സിലും ഒരുക്കാൻ കഴിഞ്ഞിട്ടില്ല.
4. മലയാള ഭാഷാപഠനത്തിൽ വിവിധ ക്ലാസുകളിലെ കുട്ടികൾ നിർദ്ദിഷ്ഠ ഭാഷാശേഷികൾ നേടുന്നതിൽ പ്രയാസം അനുഭവിക്കുന്നു.
5. പ്രസ്തുത പ്രയാസം ഉയർന്ന ക്ലാസ്സുകളിലുള്ള പഠനത്തിൽ പിറകോട്ടടിക്കാൻ ഇടയാക്കുന്നു
6. (ഹയർ സെക്കൻററി വിദ്യാഭ്യാസത്തിലും വൊക്കേഷണൽ ഹയർ സെക്കൻററി വിദ്യാഭ്യാസത്തിലും)

നിർദ്ദേശങ്ങൾ

1. ആധുനിക കാഴ്ചപ്പാടുകൾക്കനുസൃതമായ ക്ലാസ് മുറിനിർമ്മാണം-നവീകരണം (സ്മാർട്ട് സാധ്യതകൾ)
2. സ്വന്തമായ കെട്ടിടം, ടോയിലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപ്പുരകളടക്കമുള്ള വിപുല സംവിധാനം
3. പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (കുടിവെള്ളം, സ്വന്തം വീട്, അനുഭവം ഓരോ കുട്ടിക്കും)
4. ആർട്ട് ഗ്യാലറി, മ്യൂസിയം ഉൾപ്പടെ സാംസ്ക്കാരിക സമുച്ചയം ഓരോ സ്ക്കൂളിലും.
5. പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്കു പയോഗിക്കാവുന്ന സ്ഥിരം ലൈബ്രറികൾ.
6. ആധുനിക അടുക്കള (പ്രഭാത ഭക്ഷണം അടക്കം തയ്യാറാക്കുന്നതിന്)
7. ഡൈനിംഗ് ഹാൾ - വലുത് (300 കുട്ടികൾക്കെങ്കിലും ഒരേ സമയം ഉപയോഗിക്കാവുന്നത്)
8. ടോയിലറ്റ് സംവിധാനം വിപുലമായത് (ഭിന്നശേഷിക്കാരായ കുട്ടികൾക്കും പെൺകുട്ടികൾക്കുള്ള ഗേൾസ് ഫ്രണ്ട്ലി ടോയിലറ്റുകളടക്കം)
9. ലാബ് കോംപ്ലക്സ്
   - വിവിധ വിഷയലാബുകൾ-ശാസ്ത്രം (ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം) ഗണിതം,
   - സാമൂഹ്യശാസ്ത്രം, ഭാഷ, കംപ്യൂട്ടർ.
   - സെമിനാർഹാൾ, മിനി തിയ്യറ്റർ
10. സ്ക്കൂൾ മാർക്കറ്റ് (ഗുണമേൻമയുള്ള സ്റ്റേഷനറി, ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ ഉൾപ്പടെയുള്ളത്), പാർക്കിംഗ് ഏരിയ, സൗരോർജപാനൽ, കളിസ്ഥലം (മൈനർ ഗെയിമുകൾ, മേജർ ഗെയിമുകൾ എന്നിവക്കനുയോജ്യം), ഇൻറോർ സ്റ്റേഡിയം &മൾട്ടിപ്ലസ് ഗ്യാലറി, നീന്തൽകുളം, സ്പോർട്സ് കോംപ്ലക്സ്, ഓഫീസ് സമുച്ചയം
11. കാർഷിക വിദ്യാഭ്യാസത്തിലെ ആധുനിക രീതികൾ പരിശീലിപ്പിക്കൽ
12. ചുറ്റുമതിൽ, ഗേറ്റ്, സെക്ക്യൂരിറ്റി ചേമ്പർ, ജലസംരക്ഷണ ജലശുദ്ധീകരണ യൂണിറ്റുകൾ (മഴവെള്ള സംഭരണം, കിണർ റീ ചാർജിംഗ്), ജൈവവൈവിധ്യപാർക്ക്, പൂന്തോട്ടവും / ലാൻറ് സ്കേപ്പിംഗ്.
13. വിഷയസമിതി രൂപീകരണം, പ്രീടെസ്റ്റുകൾ
14. പരിഹാര പ്രവർത്തന പാക്കേജ് നിർമ്മാണം-പ്രാദേശിക പാഠങ്ങൾ രൂപപ്പെടുത്തൽ, കഥ, കവിത ശില്പശാലകൾ, സാഹിത്യസംവാദം, നിഘണ്ടുനിർമാണം
15. കൃതികൾ ദൃശ്യാവിഷ്ക്കാരം, നാടക ശില്പശാല, സാഹിത്യസമാജം, പഠനോപകരണ ശില്പശാലകൾ

16. ഐ.സി.റ്റി. സംവിധാനങ്ങളൊരുക്കൽ പ്രവർത്തന സജ്ജമാക്കൽ (ഓഡിയോ വിഷ്വൽലാബ്, ലാംഗേജ് ലാബ്)

17. സ്ക്കൂൾ ലൈബ്രറികളൊരുക്കൽ (ഡിജിറ്റൽ), ക്ലാസ് ലൈബ്രറികളൊരുക്കൽ, വായനാമൂല ശക്തിപ്പെടുത്തൽ, വീട്ടിലൊരു ലൈബ്രറി, വായിച്ച പുസ്തകങ്ങളുടെ ചാർട്ട് ക്ലാസിൽ, വായനമത്സരം, വായനക്കൂട്ടം, പുസ്തകോത്സവം സംഘടിപ്പിക്കൽ.

18. രചനശില്പശാല, ഡയറി രചന, ഗ്രന്ഥശാല സന്ദർശനം.

19. പ്രാദേശിക ലൈബ്രറി സാധ്യത- അംഗത്വമെടുക്കൽ

20. അധ്യാപക കൂട്ടായ്മകൾ രൂപപ്പെടുത്തൽ, നിരന്തരവിലയിരുത്തൽ സാധ്യതകൾ ഗവേഷണാത്മകമായി ബോധ്യപ്പെടുത്തുന്നതിനുള്ള ആസൂത്രണം (ട്രൈഔട്ട് &ക്രിയാഗവേഷണം)- മലയാളത്തിളക്കം മാതൃകയിൽ.

21. കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ- കൈയെഴുത്തുമാസിക, സ്ക്കൂൾ മാഗസിൻ, ചുമർ മാസിക-ക്ലാസ് തല പത്രാധിപ സമിതി രൂപീകരണം, സൃഷ്ടികൾ ക്ഷണിക്കൽ, തെരഞ്ഞെടുപ്പ്, നിർമാണം, പ്രകാശനം, അവലോകനം, കുട്ടിപത്രം നിർമ്മാണം.

22. പാഠ്യാസൂത്രണ ശില്പശാലകൾ, പഠനയാത്രകൾ, ഭാഷാക്ലബ്ബ് രൂപീകരണം- സർഗാത്മക അവതരണങ്ങൾ- (കഥ, കവിത, നാടകം)

23. എന്റെ മലയാളം ബ്ലോഗ്, കുട്ടികളുടെ അവതരണങ്ങൾ

24. കവിയരങ്ങ്, കഥയരങ്ങ്, സാഹിത്യകാരൻമാരുടെ സാഹിത്യഗ്യാലറി

25. പുസ്തകശേഖരണക്യാമ്പയിൻ, അമ്മവായന, പ്രതിമാസ/വാർഷിക പത്രം പ്രസിദ്ധീകരിക്കൽ

26. പോസ്റ്റ് ടെസ്റ്റ്- പഠനനേട്ടങ്ങൾ പ്രദർശനം- രക്ഷിതാക്കളുടെ വിലയിരുത്തൽ

27. സി.പി.ടി.എ. ശാക്തീകരണം

28. പ്രതിഭാക്ലാസ്സുകൾ സംഘടിപ്പിക്കൽ

29. ക്വിസ് മത്സരം-പത്രക്വിസ്-ഓൺലൈൻ ക്വിസ്

30. വായനപുരകൾ നിർമാണം

പട്ടിക 4.2.60

പ്രൈമറി, സെക്കണ്ടറി മേഖലയിലെ പഠനാനുബന്ധ ഭൗതിക സാഹചര്യങ്ങൾ

ക്രമ നം	സ്കൂളുകളുടെ സ്ഥിതി	എയ്ഡഡ്			ഗവ.			റിമാർക്സ്
		എൽ. പി.	യു. പി.	എച്ച്. എസ്.	എൽ. പി.	യു. പി.	എച്ച്. എസ്.	
1	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ	4	2	0	9	3	1	
2	കോൺക്രീറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	111	41	40	78	28	27	
3	ടൈൽ ചെയ്ത തറയോട് കൂടിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ	305	94	9	58	17	7	
4	ഭാഗികമായി കോൺക്രീറ്റ്, ടൈൽ ചെയ്തവയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ	103	103	52	45	25	43	
5	മറ്റുള്ളവ	8	1	0	1	0	0	ഷീറ്റ്

6	കുടിവെള്ള സൗകര്യമുള്ള സ്കൂളുകൾ	527	239	101	176	70	75	
7	സ്വന്തമായി കിണറുള്ള സ്കൂളുകൾ	441	205	83	141	57	68	
8	പൊതുടാപ്പ് സംവിധാനം ഉപയോഗിക്കുന്ന സ്കൂളുകൾ	52	14	4	26	8	2	
9	കിണറും, പൊതുടാപ്പുമുള്ള സ്കൂളുകൾ	33	18	13	14	4	7	
10	കുഴൽ കിണറുള്ള സ്കൂൾ	1	0	1	1	0	1	
11	കുടിവെള്ള സംവിധാനമില്ലാത്ത സ്കൂളുകൾ	1	0	0	6	1	3	
12	കളിസ്ഥലം/ഗ്രൗണ്ട് ഇല്ലാത്ത സ്കൂളുകൾ	250	59	3	110	38	24	
13	ശാസ്ത്ര ലബോറട്ടറികൾ ഇല്ലാത്ത സ്കൂളുകൾ	494	115	2	172	33	11	
14	കംപ്യൂട്ടർ ലാബുകൾ ഇല്ലാത്ത സ്കൂളുകൾ	239	30	0	119	18	4	
15	ഗ്രന്ഥശാല/വായനാ സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ	130	56	0	83	22	7	
16	താമസസൗകര്യം (ഹോസ്റ്റൽ) ഉള്ള സ്കൂളുകൾ	1	1	6	0	0	2	
17	വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാലയങ്ങൾ			0	1	0	0	
18	യാത്രാ സൗകര്യം (സ്കൂൾ ബസ്) ഇല്ലാത്ത സ്കൂളുകൾ	465	116	44	166	55	66	
19	ടോയ് ലറ്റ് സൗകര്യങ്ങൾ	Full	Full	Full	Full	Full	Full	
20	ആൺ കുട്ടികൾക്കായുള്ള ടോയിലറ്റ്/ മൂത്രപ്പുരകൾ	440	232	1012	367	315	619	യുറിനൽ ഉൾപ്പെടെ ടോയിലറ്റ്
21	പെൺ കുട്ടികൾക്കായുള്ള ടോയിലറ്റ്/ മൂത്രപ്പുരകൾ	1039	1225	1751	448	481	1118	
22	സ്ത്രീ സൗഹൃദ (ഷീ ടോയിലറ്റ്) ഉള്ള സ്കൂളുകൾ	38	30	44	21	22	26	

മേൽ സൂചിപ്പിച്ച 22 മേഖലകളിലുമുള്ള ഭൗതിക സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് അനുയോജ്യമായ ജില്ലാതല പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

ഇംഗ്ലീഷ് പഠനം- (പ്രശ്നങ്ങൾ)

1. ക്ലാസ്സുമുറികളിലും പഠനപ്രവർത്തനങ്ങളിലും ഇംഗ്ലീഷ് അന്തരീക്ഷം ഉറപ്പാക്കാൻ കഴിയുന്നില്ല.
2. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ കുട്ടികൾക്ക് കഴിയുന്നില്ല.
3. ഇംഗ്ലീഷിൽ നിർദ്ദിഷ്ഠ ഭാഷാശേഷികൾ നേടുന്നതിൽ പ്രയാസം അനുഭവിക്കുന്നു.

നിർദ്ദേശങ്ങൾ

1. വിഷയസമിതി രൂപീകരണം, പ്രീടെസ്റ്റുകൾ
2. പരിഹാരപ്രവർത്തനപാക്കേജ് നിർമ്മാണം- -അവസ്ഥവിശകലനം
3. ഹലോ ഇംഗ്ലീഷ്, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ക്യാമ്പുകൾ
4. ഇംഗ്ലീഷ് സെമിനാർ
5. ലാംഗ്വേജ് ലാബ്
6. ഇംഗ്ലീഷ് കലാരൂപങ്ങൾ(സ്കിറ്റ്, പ്ലേ, റോൾപ്ലേ, ഫ്ളാഷ് മോബ്, -ഇംഗ്ലീഷ് തിയ്യറ്റർ
7. ഇംഗ്ലീഷ് പത്രം-പുസ്തക കാറ്റലോഗ്
8. വർക്ക്ഷീറ്റ് നിർമാണം
9. ഇംഗ്ലീഷ് നാടകശില്പശാല
10. ഇംഗ്ലീഷ് പുസ്തക ലൈബ്രറി വിപുലമാക്കൽ
11. ഇംഗ്ലീഷ് സിനിമ നിർമാണം, സിനിമ പ്രദർശനങ്ങൾ
12. നിഘണ്ടുനിർമാണം
13. ഇംഗ്ലീഷ് ബാലമാസികകൾ ശേഖരണം.

ഗണിത പഠനം (പ്രശ്നങ്ങൾ)

1. ഗണിതപഠനത്തിൽ നിർദ്ദിഷ്ഠ ഭാഷാശേഷികൾ നേടുന്നതിൽ കുട്ടികൾ പ്രയാസം അനുഭവിക്കുന്നു.
2. അടിസ്ഥാന ഗണിതശേഷികളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നതിനാൽ ഉയർന്ന ക്ലാസ്സുകളിലെ പഠനത്തിൽ കുട്ടികൾ പിറകോട്ടു പോകാൻ ഇടയാക്കുന്നു. (ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിലും വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിലും)

നിർദ്ദേശങ്ങൾ

1. വിഷയസമിതി രൂപീകരണം
2. പ്രീടെസ്റ്റുകൾ, പഠനനിലവാര റിപ്പോർട്ട് തയ്യാറാക്കൽ
3. പരിഹാരപ്രവർത്തന പാക്കേജ് നിർമ്മാണം
4. ഗണിതക്ലബ് രൂപീകരണം-വാർഷിക കലണ്ടർ നിർമ്മാണം
5. ഗണിതപ്രോജക്റ്റുകൾ
6. ദിനാചരണങ്ങൾ, സെമിനാറുകൾ
7. പ്രശ്നോത്തരി
8. പഠനോപകരണശില്പശാല
9. ഗണിതശാസ്ത്രമേള
10. ക്ലാസ് ലൈബ്രറി, ഗണിതപുസ്തകവായന
11. മെട്രിക് മേള
12. ഐ.സി.റ്റി. സാധ്യതകൾ
13. വർക്ക്ഷീറ്റ് നിർമ്മാണം-ഉപയോഗം
14. ഗണിതകിറ്റ് ഉപയോഗം
15. ഗണിതനാടകങ്ങൾ-സ്ക്രിപ്റ്റ് തയ്യാറാക്കൽ അവതരണം
16. വിഷയവിദഗ്ധരുടെ ക്ലാസുകൾ
17. ഗണിത മ്യൂസിയം/ ഗ്യാലറി
18. ഗണിത ഒളിമ്പ്യാഡ്
19. വർക്കിങ്ങ് മോഡൽ നിർമ്മാണം
20. ഗണിതത്തിൽ ഐ.ടി. സാധ്യതകൾ
21. ഗണിതക്വിസ്
22. ഗണിതലാബ് (ഗണിതപാർക്ക്)
23. ഹോണസ്റ്റി ഷോപ്പ്

ശാസ്ത്ര പഠനം (പ്രശ്നങ്ങൾ)

1. ശാസ്ത്രപഠനത്തിൽ നിർദ്ദിഷ്ഠ ഉയർന്ന പഠനനേട്ടങ്ങളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നു.

2. മികച്ച ശാസ്ത്രപഠനാനുഭവങ്ങൾ ഒരുക്കുന്നതിൽ സ്ക്കൂളുകൾ പ്രയാസം അനുഭവിക്കുന്നു.

നിർദ്ദേശങ്ങൾ

1. വിഷയസമിതി രൂപീകരണം
2. പ്രീടെസ്റ്റുകൾ, പഠനനിലവാര റിപ്പോർട്ട് തയ്യാറാക്കൽ
3. മുന്നൊരുക്കപദ്ധതി-ശില്പശാല-
4. പ്രാദേശിക വിഭവസ്രോതസ്സുകൾ-സ്ഥലങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ദരെ-കണ്ടെത്തൽ
5. ലോക്കൽ ടെക്സ്റ്റ് നിർമാണം
6. പരിഹാരപ്രവർത്തനപാക്കേജ് നിർമ്മാണം
7. കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാക്കൽ, അയൽപക്കപഠനക്കൂട്ടങ്ങൾ ഒരുക്കൽ.
8. പരിഹാരബോധനക്യാമ്പുകൾ
9. സ്ക്കൂൾ ഒരു പാഠപുസ്തകം - ശാസ്ത്രപഠനാന്തരീക്ഷം ഒരുക്കൽ - സ്ക്കൂൾ അന്തരീക്ഷം - വിവിധ ശാസ്ത്രസാങ്കേതികവിദ്യകൾ പ്രതിഫലിക്കുന്ന മാതൃകകൾ ക്യാമ്പസ്സിൽ ഒരുക്കൽ-ജലസംരക്ഷണ, ജലശുദ്ധീകരണ, മാലിന്യസംസ്ക്കരണ യൂണിറ്റുകൾ, ഉപഗ്രഹമാതൃകകൾ ഒരുക്കൽ, ജൈവവേലി, അക്വേറിയം, ശലഭോദ്യാനം, നക്ഷത്രവനം, ഔഷദോദ്യാനം
10. ക്ലാസിൽ ശാസ്ത്രപഠനാന്തരീക്ഷം ഒരുക്കൽ
11. ശാസ്ത്രമൂല, പരീക്ഷണമൂല, ശാസ്ത്ര വായനാമൂല,
12. ശാസ്ത്രവിസ്മയച്ചുമർ, സ്പെസിമനുകൾ, ശാസ്ത്രകിറ്റുകൾ (കുട്ടിക്ക്, ടീച്ചർക്ക്, ക്ലാസിന്), പഠനോപകരണങ്ങൾ എന്നിവ തയ്യാറാക്കൽ
13. ലാബ് സജ്ജീകരണം - മിനിപ്ലാനറ്റോറിയം, പഠന സോഫ്റ്റ് വെയറുകൾ സംഘടിപ്പിക്കൽ
14. പഠനയാത്രകൾ സംഘടിപ്പിക്കൽ- ശാസ്ത്ര ഗവേഷണസ്ഥാപനങ്ങൾ, സയൻസ് സെൻറർ സന്ദർശനം
15. പരീക്ഷണക്കളരികൾ, ശാസ്ത്രനാടകങ്ങൾ
16. അവതരണം, സ്ക്രിപ്റ്റ് തയ്യാറാക്കൽ.
17. ഒരു കുട്ടി ഒരു പരീക്ഷണം ഒരു പ്രോജക്റ്റ്
18. സ്ക്കൂൾ സയൻസ് ക്ലബ്-സ്ക്കൂൾ തല ശാസ്ത്രമേള.
19. ശാസ്ത്രമാഗസിൻ നിർമാണം.
20. ശാസ്ത്രപ്രതിഭാക്യാമ്പുകൾ, ശാസ്ത്രോത്സവങ്ങൾ
21. മൊബൈൽ ലാബ്
22. വാനനിരീക്ഷണം
23. അധ്യാപക കൈമാറ്റം (സ്ക്കൂളുകൾ തമ്മിൽ)

സാമൂഹ്യ ശാസ്ത്രപഠനം (പ്രശ്നങ്ങൾ)

1. സാമൂഹ്യ ശാസ്ത്രപഠനത്തിൽ നിർദ്ദിഷ്ഠ ഉയർന്ന പഠനനേട്ടങ്ങളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നു.
2. മികച്ച സാമൂഹ്യശാസ്ത്ര പഠനാനുഭവങ്ങൾ ഒരുക്കുന്നതിൽ സ്ക്കൂളുകൾ പ്രയാസം അനുഭവിക്കുന്നു.

നിർദേശങ്ങൾ

1. വിഷയസമിതി രൂപീകരണം
2. പ്രീടെസ്റ്റുകൾ, പഠനനിലവാര റിപ്പോർട്ട് തയ്യാറാക്കൽ
3. മുന്നൊരുക്കപദ്ധതി-ശില്പശാല
4. സാമൂഹ്യശാസ്ത്രമ്യൂസിയം ഒരുക്കൽ
5. ഫീൽഡ് ട്രിപ്പ്, പ്രാദേശികവിഭവഭൂപടം തയ്യാറാക്കൽ
6. ചരിത്രസ്മാരകങ്ങൾ സന്ദർശനം
7 പ്രാദേശിക വിഭവ സ്രോതസ്സുകൾ - സ്ഥലങ്ങൾ - വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ധർ എന്നിവ കണ്ടെത്തൽ
8. ലോക്കൽ ടെക്സ്റ്റ് നിർമാണം
9. സ്ക്കൂൾ ഒരു പാഠപുസ്തകം - പഠനാന്തരീക്ഷം ഒരുക്കൽ
10. സ്ക്കൂൾ അന്തരീക്ഷം - വിവിധ സാമൂഹ്യശാസ്ത്ര ആശയങ്ങൾ പ്രതിഫലിക്കുന്ന മാതൃകകൾ ക്യാമ്പസ്സിൽ ഒരുക്കൽ -അയനചലനം, ദിശാസൂചകങ്ങൾ, സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം, സൗരയൂഥ മാതൃകകൾ.
11. സാമൂഹ്യശാസ്ത്രനാടകങ്ങൾ -അവതരണം, സ്ക്രിപ്റ്റ് തയ്യാറാക്കൽ
12. ദിനാചരണങ്ങളെ പഠനപ്രവർത്തനങ്ങളാക്കി പരുവപ്പെടുത്തൽ

13. പൊതുവിജ്ഞാനവേദികൾ ഒരുക്കൽ

കലാകായികം (പ്രശ്നങ്ങൾ)

1. കലാകായിക പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സ്ക്കൂളുകളിലില്ല
2. എല്ലാ സ്ക്കൂളുകളിലും കായികാധ്യാപകരില്ല
3. കലാപഠനം നടത്താൻ ചിത്രരചനാധ്യാപകരോ നൃത്താധ്യാപകരോ ഇല്ല
4. കലാകായികപഠനം നിർബന്ധ വിഷയമാക്കിയിരിക്കുന്നു.പ്രസ്തുത വിഷയങ്ങൾക്ക് പരീക്ഷയും നടന്നു വരുന്നു.

നിർദ്ദേശങ്ങൾ

1. പ്രാദേശികവിഭവഭൂപടം തയ്യാറാക്കൽ
2. പ്രാദേശിക വിഭസ്രോതസ്സുകൾ, വിഭവങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ദരെ-കണ്ടെത്തൽ
3. വിഷയസമിതി രൂപീകരണം (കലാസമിതി രൂപീകരണം)
4. ടാലൻറ് ലാബ്-ഓരോ കുട്ടിയും ഓരോ ഇനമെങ്കിലും തെരഞ്ഞെടുക്കൽ
5. പരിശീലനഹാൾ, ഓഡിറ്റോറിയം, സംഗീത ഉപകരണങ്ങൾ, പരിശീലനക്യാമ്പുകൾ ഒരുക്കൽ
6. ഉപകരണ സംഗീത പഠനം
7. സ്ക്കൂൾ നാടകവേദി, പാവനാടകം, ഒറിഗാമി
8. സ്ക്രിപ്റ്റ് തയ്യാറാക്കൽ-നാടകക്കളരി
9. കഥ, കവിത ക്യാമ്പുകൾ
10. കലാസാംസ്ക്കാരിക അക്കാദമി, പ്രാദേശിക കലാസമിതികൾ -പ്രോജക്റ്റുകൾ
11. ഫിലിം ക്ലബ് - സെമിനാറുകൾ, ശില്പ ശാലകൾ, ഫോക്ക്കലാപഠനം
12. ആർട്ട്ഗ്യാലറി, മ്യൂസിയം
13. പ്രാദേശിക ചിത്രരചന
14. സ്ക്കൂൾ റേഡിയോ
15. ദിനാചരണം, വാർഷികാചരണം - മാധ്യമ സംഗമം
16. സ്ക്കൂൾ സ്റ്റോർ
17. കലാരൂപങ്ങളുടെ പ്രകടനം (ശാസ്ത്രീയ കലകൾ, അനുഷ്ഠാനകലകൾ, ആധുനിക കലാരൂപങ്ങൾ)
18. സ്ക്കൂൾ സൗന്ദര്യവൽക്കരണം (കെട്ടിടങ്ങൾ, പൂന്തോട്ടം, മരങ്ങൾ, (സ്ഥാപനം ഒരു പഠനോപകരണം എന്ന രീതീയിൽ)
19. വ്യവഹാരരൂപങ്ങൾ തയ്യാറാക്കൽ (വീഡിയോ & ഓഡിയോ)
20. പ്രാദേശികമ്യൂസിയം
21. കലാ, കായിക അധ്യാപക കൂട്ടായ്മ-പഞ്ചായത്ത് തലം
22. കളിക്കളങ്ങൾ, സിമ്മിംഗ് പൂൾ
23. ആർട്സ് &സ്പോർട്സ് കിറ്റ്
24. ഹെൽത്ത്കാർഡ് തയ്യാറാക്കൽ
25. രോഗനിർണ്ണയക്യാമ്പ്
26. രക്തനിർണ്ണയക്യാമ്പ്.

ഭിന്നശേഷി വിദ്യാഭ്യാസം (പ്രശ്നങ്ങൾ)

1. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്താൻ അധ്യാപകർക്ക് കഴിയുന്നില്ല.
2. തിരിച്ചറിഞ്ഞ കുട്ടികൾക്ക് വേണ്ട പരിഗണന, അനുഭവങ്ങൾ എന്നിവ നൽകാൻ അധ്യാപകർക്ക് കഴിയുന്നില്ല.
3. ഓരോ വിഭാഗം കുട്ടികൾക്കും അനുയോജ്യമായ അനുരൂപീകരണ പ്രവർത്തനങ്ങൾ കണ്ടെത്താനും വേണ്ട പഠനോപകരണങ്ങൾ നിർമ്മിക്കാനും അധ്യാപകർക്ക് കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

1. പ്രാദേശിക വിഭവഭൂപടം തയ്യാറാക്കൽ
2. പ്രാദേശിക വിഭവ സ്രോതസ്സുകൾ-സ്ഥലങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, വിദഗ്ദർ-കണ്ടെത്തൽ
3. വിഷയസമിതി രൂപീകരണം
4. റിസോർസ് അധ്യാപകരുടെ സേവനം ഉറപ്പാക്കൽ
5. ഭിന്നശേഷി പരിഗണന-അധ്യാപകപരിശീലനം
6. അനുരൂപീകരണ ശില്പശാല - വിദഗ്ദരെ കണ്ടെത്തൽ

7. ദ്വിദിനശില്പശാല
8. മെഡിക്കൽ ക്യാമ്പുകൾ
9. പഠനോപകരണശില്പശാല
10. രക്ഷാകർതൃബോധവൽക്കരണം
11. കേസ് സ്റ്റഡി, ക്രിയാ ഗവേഷണം - സെമിനാർ
12. കലാകായികപരിപാടികൾ
13. ദിനാചരണങ്ങൾ
14. ഉല്ലാസയാത്രകൾ

പൊതു വികസനം (പ്രശ്നങ്ങൾ)

1. പല സ്ക്കൂളിലും നല്ല സാമൂഹ്യപിന്തുണ ഉറപ്പാക്കി സ്വപ്നതുല്യമായ മാറ്റങ്ങൾക്ക് വേദിയാവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇത് നിലനിർത്തുന്നതിന് പ്രയാസം നേരിടുന്നു.
2. പല സ്ക്കൂളിലും സാമൂഹ്യപിന്തുണ ഉറപ്പാക്കുന്നതിന് വേണ്ടത്ര കഴിഞ്ഞിട്ടില്ല.
3. സാമൂഹ്യപിന്തുണക്ക് മികച്ച മാതൃകകൾ ഇനിയും ജില്ലയിൽ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

വികസന നിർദേശങ്ങൾ

1. വിദ്യാലയസമിതികൾ ശക്തിപ്പെടുത്തൽ
2. വിദ്യാലയസമിതികൾക്ക് പഞ്ചായത്ത്തല ശില്പശാലകൾ
3. ക്ലാസ് പി.ടി.എ., എസ്. ആർ. ജി., എസ്.എസ്. ജി. ശാക്തീകരണം
4. പോർട്ടുഫോളിയോ കൈമാറൽ
5. വിവിധ വിഷയങ്ങളിൽ കുട്ടികളുടെ സെമിനാറുകൾ
6. ഗൃഹ സന്ദർശന ക്യാമ്പയിനുകൾ
7. രക്ഷാകർതൃ റിസോർസ് ബാങ്ക് രൂപീകരിക്കൽ
8. കോർണർ പി.ടി.എ.-വിവിധ സ്ക്കൂളുകളിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും പങ്കെടുക്കാൻ അവസരം-കുട്ടികളുടെ പഠനപ്രശ്നങ്ങൾ ചർച്ച ചെയ്യാനും സംശയദൂരീകരണം നടത്താനുമുള്ള അവസരം.
9. എസ്.ഡി.സി., എസ്.എം.സി., പി.ടി.എ., സി.പി.ടി.എ., ഒ. എസ്. എ. പരിശീലനം.
10. പി.ഇ.സി. ശാക്തീകരണം.
11. പഠനസംഘം, പഠനവീട് രൂപീകരണം.
12. ദിനാചരണങ്ങൾ, മറ്റു സ്ക്കൂൾ തല പ്രവർത്തനങ്ങൾ സാമൂഹ്യപങ്കാളിത്തത്തോടെ.
13. സാമൂഹ്യബോധം വളർത്താനുള്ള പരിപാടികൾ.
14. പ്രാദേശികചരിത്രം-പഠനം

ജില്ലാ അദ്ധ്യാപകവിദ്യാർത്ഥി പരിശീലന കേന്ദ്രം (പ്രശ്നങ്ങൾ)

1. വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടക്കുന്നില്ല.
2. ടീച്ചർ എഡ്യൂക്കേറ്റർമാർക്കുള്ള ക്ലസ്റ്റർ പരിശീലനം
3. അദ്ധ്യാപക വിദ്യാർത്ഥികളുടെ സമയബന്ധിതമായ അഡ് മിഷൻ പ്രക്രിയ
4. അദ്ധ്യാപക വിദ്യാർത്ഥികളുടെ എണ്ണം നിജപ്പെടുത്തൽ
5. അഭിരുചിക്കനുസൃതമായ അഡ്മിഷൻ പ്രക്രിയയുടെ അഭാവം
6. സ്വകാര്യസ്ഥാപനങ്ങളുടെ നിയന്ത്രണമില്ലായ്മ, അവിടുത്തെ സൗകര്യങ്ങൾ പഠനവിധേയമല്ല.
7. പ്രത്യേക സേവനവേതന വ്യവസ്ഥയില്ല.
8. ക്ലാസ്സുമുറി, കളിസ്ഥലം, ലാബ്, ലൈബ്രറി, കംപ്യൂട്ടർ ലാബ് തുടങ്ങിയവയുടെ അപര്യാപ്തത
9. കുടിവെള്ളം, ശുചിമുറികൾ എന്നിവയുടെ പരിമിതികൾ

വികസന നിർദേശങ്ങൾ

1. ഓരോ വിഷയങ്ങൾക്കും അതാതു മേഖലകളിലെ പ്രഗത്ഭരായ അദ്ധ്യാപക നിയമനം
2. നിശ്ചിത യോഗ്യതയും പരിശീലനം ലഭിച്ചവരെയും മാത്രം നിയമിക്കുക.
3. അക്കാദമിക വർഷാരംഭത്തിൽ തന്നെ അഡ് മിഷൻ ഉറപ്പിക്കൽ

4. ഗുണപരത ഉറപ്പാക്കൽ
5. ഭൗതിക സൗകര്യം ഉറപ്പാക്കൽ
6. കോഴ്സുകൾ, ക്യാമ്പുകൾ എന്നിവ സമൂഹ സമ്പർക്കമായിത്തന്നെ നടത്തപ്പെടണം.
7. തദ്ദേശസ്വയംഭരണം നിരന്തര വിലയിരുത്തൽ സന്ദർശനം

വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ജില്ലയിലെ വിവിധ വിദ്യാഭ്യാസ മേഖലകളിലെ/തലങ്ങളിലെ ഭൌതിക സൌകര്യം മെച്ചപ്പെടുത്തേണ്ടതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 4.63 മുതൽ 4.76 വരെയുള്ളതിൽ കാണിച്ചിരിക്കുന്നു. ഇത് പ്രകാരം ജില്ലയിലെ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ അവശ്യം വേണ്ടതും ആധുനീകരണവും നടപ്പിലാക്കുന്നതിനുമുള്ള പദ്ധതികൾ അനിവാര്യമാണ്.

ഉച്ചഭക്ഷണ പദ്ധതി

വിദ്യാഭ്യാസപരമായും ആരോഗ്യപരമായും മുന്നോക്കം നിൽക്കുന്ന ഒരു യുവതലമുറയെ കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഉച്ചഭക്ഷണപദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നത്. ദാരിദ്ര്യം മൂലം പഠനം നടത്തുവാൻ കഴിയാതെ പോവുന്ന ഒരു കുട്ടി പോലും ഉണ്ടാവരുതെന്ന ലക്ഷ്യത്തോടെയാണ്, പ്രാഥമിക വിദ്യാഭ്യാസത്തോടൊപ്പം പോഷകപ്രദവും ഗുണമേൻമയുള്ളതും, ശുചിത്വപൂർണ്ണവുമായ ഭക്ഷണവും നൽകി ആകർഷണീയമായ രീതിയിലാണ് ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ആരംഭത്തിൽ കുട്ടികൾക്ക് കഞ്ഞിയും പയറുമാണ് നൽകിയിരുന്നതെങ്കിൽ, ഇന്നത് ചോറും, മികച്ച നിലവാരവും പോഷകപ്രദവുമായ കറിയിനങ്ങൾ കൂടി നൽകി മെച്ചപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പ്രീ-പ്രൈമറി തലം മുതൽ എട്ടാം തരം വരെയുള്ള അർഹരായ മുഴുവൻ വിദ്യാർത്ഥികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഉച്ചഭക്ഷണത്തോടൊപ്പം, ആഴ്ചയിൽ രണ്ടുദിവസം ഒരോ കുട്ടിയ്ക്കും 150 മി.ലി. തിളപ്പിച്ച പാലും, ഒരു ദിവസം കോഴിമുട്ട/പഴം എന്നിവയുമാണ് നൽകി വരുന്നത്. പദ്ധതിക്കാവശ്യമായ അരി എഫ്.സി.ഐ. വഴി, ബന്ധപ്പെട്ട മാവേലി സ്റ്റോറുകൾ വഴി സ്കൂളുകൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്.

പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന്റെ പൂർണ്ണചുമതല അതാത് സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട ഉച്ചഭക്ഷണ കമ്മിറ്റിക്കാണ്. ഓരോ സ്കൂളിലെയും സാഹചര്യം കണക്കിലെടുത്ത് മെനു തയ്യാറാക്കുന്നതിനുള്ള അധികാരം പ്രസ്തുത കമ്മിറ്റിയ്ക്കാണ്.

കോഴിക്കോട് ജില്ലയെ സംബന്ധിച്ച് 3 വിദ്യാഭ്യാസ ജില്ലകളിലെ 17 ഉപജില്ലകളിലെ 1232 സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതിൽ പ്രീ-പ്രൈമറി, എം.ജി.എൽ.സി, സ്പെഷ്യൽ സ്കൂളുകൾ എന്നിവ കൂടി ഉൾപ്പെടുന്നുണ്ട്. 2017-18 വർഷത്തിൽ പദ്ധതിയുടെ ഗുണ ഭോക്താക്കളായി 2,82,748 കുട്ടികളാണ് ഉള്ളത്.

പദ്ധതിയുടെ മോണിറ്ററിങ്ങിനായി സ്കൂൾ തല കമ്മിറ്റിക്കു പുറമേ, ഉപജില്ലാ തലത്തിലും, ബ്ലോക്ക് തലത്തിലും കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ഇതിനും പുറമേ റവന്യൂ ജില്ലാ തലത്തിൽ, ജില്ലയിലെ ഏറ്റവും സീനിയറായ പാർലമെൻറംഗം അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയും, ബഹുമാനപ്പെട്ട ജില്ലാ കളക്ടർ അദ്ധ്യക്ഷനായ മറ്റൊരു കമ്മിറ്റിയും ഉണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിലെ അപാകതകളും, ക്രമക്കേടുകളും കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഉദ്യോഗസ്ഥ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ 17 ഉപജില്ലകളിലും ഒരോ നൂൺ മീൽ ഓഫീസർമാരും, ജില്ലാ തലത്തിൽ ഒരു നൂൺ മീൽ സൂപ്രവൈസറും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള വ്യവസ്ഥയനുസരിച്ച് പദ്ധതിക്കായുള്ള അരി എഫ്.സി.ഐ.യിൽ നിന്നും മാവേലി സ്റ്റോറുകൾ വഴി, അതാത് മാസത്തെ ഇൻറൻറ് അനുസരിച്ച് സ്കൂളുൾക്ക് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇതിനാവശ്യമായ ഫണ്ട് വിദ്യാഭ്യാസ ഡയറക്ടർ അനുവദിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ, എഫ്.സി.ഐ.യ്ക്ക് നൽകുകയാണ് ചെയ്യുന്നത്.

ചോറിനൊപ്പം പോഷകപ്രദവും, ഗുണനിലവാരവുമുള്ള കറികളും, കോഴിമുട്ടയും, പഴവും നൽകുന്നതിനാവശ്യമായ കണ്ടിജൻസി ചാർജ്ജായി 1 മുതൽ 150 കുട്ടികൾ വരെ 8 രൂപയും, 151 മുതൽ 500 വരെ 7 രൂപയും തുടർന്നുള്ളവർക്ക് 6 രൂപയും വീതമാണ് അനുവദിച്ചിട്ടുള്ളത്. ഇതിനാവശ്യമായ തുക മുൻകൂറായി പ്രധാനാദ്ധ്യാപകന്റെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇതിനു പുറമെ ഭക്ഷണം തയ്യാറാക്കുന്ന പാചകക്കാർക്കുള്ള കൂലി മിനിമം 400/- രൂപയും, പരമാവധി 450/- രൂപയുമാണ്. ആയത്

പ്രത്യേകമായി അവരുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രധാനമായും അനുഭവപ്പെടുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഇവയാണ്.

1. പാചകശാലകളുടെ സ്ഥലപരിമിതിയും, കെട്ടിടങ്ങളുടെ ശോച്യാവസ്ഥയും.
2. ഭക്ഷണാവശിഷ്ടങ്ങളുടെ സംസ്കരണത്തിനുള്ള സംവിധാനങ്ങളുടെ അഭാവം.
3. ഭക്ഷണം കഴിക്കുന്നതിനുള്ള, ഭക്ഷണശാലകളുടെ (ഡൈനിംഗ് ഹാൾ) അഭാവം.
4. ഭക്ഷണാവശ്യത്തിനുള്ള അരി, മറ്റ് പല വ്യഞ്ജനങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനാവശ്യമായ അടച്ചുറപ്പുള്ള സ്റ്റോർ മുറികളുടെ അഭാവം.

സ്കൂളുകളിൽ ഏറിയ പങ്കും, എയ്ഡഡ് മേഖലയിലുള്ളവയായതിനാൽ ഇത്തരം അപാകതകളും, ന്യൂനതകളും, ബന്ധപ്പെട്ട മാനേജുമെൻറ് തലത്തിൽ തന്നെയാണ് പരിഹരിക്കേണ്ടത് എന്നത് ഈ വിഷയങ്ങളിലുള്ള മുന്നോട്ടുപോക്കിന് ചെറിയതോതിലുള്ള തടസ്സം സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, പി.ടി.എ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും പൊതുജന പങ്കാളിത്തത്തോടെയും ഇത്തരം വിഷയങ്ങളിൽ പരമാവധി ഇടപെടലുകൾ നടത്തുന്നതിനു ശ്രമിച്ചുവരുന്നുണ്ട്.

നിർദ്ദേശങ്ങൾ – (പ്രാഥമികവിദ്യാഭ്യാസം മുതൽ ഹയർ സെക്കണ്ടറി വരെ)

1. ഫിനിഷിംഗ് സ്കൂൾ - പരീക്ഷകൾക്കപ്പുറം നൈപുണികൾ വികസിപ്പിക്കാൻ/ പ്രയോഗക്ഷമതയും ആത്മവിശ്വാസവും വർദ്ധിപ്പിക്കൽ.
2. ASAP (Additional Skill acquisition Programme)- വ്യാപകമാക്കുക/മേഖലകൾ വിപുലമാക്കുക.

   Productive/Creative/learning-സർട്ടിഫിക്കറ്റുകൾ/അവാർഡുകൾ-പ്രോത്സാഹനം
3. അക്കാദമിക് ബാങ്കിംഗ് - റിസോഴ്സ് മാപ്പിംഗ് ഉപയോഗപ്പെടുത്തുക.
4. Earn while learn Scheme - പഠനത്തോടൊപ്പം സമ്പാദ്യവും വ്യപകമാക്കണം/ അംഗീകരിക്കപ്പെടണം.

   ഉദാ:- എൽ.ഇ.ഡി.ബൾബ് നിർമ്മാണം/ ഇലക്ട്രോണിക്സ് (പരിശീലന നിർമ്മാണ യൂണിറ്റുകൾ - കലാലയങ്ങളിൽ)
5. വിദ്യാർത്ഥിയെ അറിയുക/ Know your student- അദ്ധ്യാപക വിദ്യാർത്ഥി ബന്ധം-പരിഗണന-പ്രോത്സാഹനം. അറിയുക-പരിഗണിക്കുക-പ്രോത്സാഹിപ്പിക്കുക. നിലവിലുള്ള ട്യൂട്ടർ/ ട്യൂട്ടോറിയൽ വിപുലമാക്കുക. NCC-NSS-Red Cross വിപുലീകരണ സാധ്യത
6. ലഹരി വിരുദ്ധം, സ്ത്രീസുരക്ഷ, തൊഴിൽ ആഭിമുഖ്യം, ജലസുരക്ഷ, പരിസ്ഥിതി, ആരോഗ്യം-രോഗപ്രതിരോധം, ജനാധിപത്യം-ഭരണഘടന, മതസൗഹാർദ്ദം- പഠന- പരിശീലന- പ്രവർത്തന പരിപാടികൾ/ആഘോഷങ്ങൾ
7. കലാ-പഠനം/അവതരണം-Professional Performance for earning
8. തിയേറ്റർ/നാടകം/നാടൻ കലകൾ
9. ഷോർട്ട് ഫിലിം-നിർമ്മാണം/പ്രദർശനം
10. ലീഡർഷിപ്പ്/ഡിബേറ്റ് etc.- സാധ്യതകൾ
11. വിദൂര വിദ്യാഭ്യാസം - പരിഗണന/Extention സാധ്യതകൾ
12. നൂതന വിഷയങ്ങൾ- പഠന/പരീക്ഷ രീതികൾ
13. ജില്ലയിൽ നിലവിലുള്ള 10 ഗവ. കോളേജുകൾ, ഒന്നോ രണ്ടോ വിഷയങ്ങളുടെ മികച്ച കേന്ദ്രങ്ങളായി വിപുലീകരിക്കുക. ഹോസ്റ്റലുകളും ഗവേഷണ സാധ്യതകളും മെച്ചപ്പെടുത്തുക.
14. എൽ.എസ്.ജി./ജില്ലാ പഞ്ചായത്ത് നിശ്ചയിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ ഗവേഷണ വിഷയമാക്കാൻ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അവസരം നല്കുക.
15. ഉയർന്ന നിലവാരമുള്ള നിരവധി അദ്ധ്യാപകരുടെ സന്നദ്ധ സേവനം തുടർ വിദ്യാഭ്യാസം ഉൾപ്പെടെ സർക്കാർ പദ്ധതികളിൽ ഉപയോഗപ്പെടുത്തുക.
16. അതുല്യ സാധ്യതയും സന്നദ്ധതയുമുള്ള ടീം അദ്ധ്യാപകരെ എൽ.എസ്.ജി. തല പ്രൊജക്ടുകളിൽ ഉപയോഗപ്പെടുത്തുക.
17. ജില്ലാ തലത്തിൽ സ്ഥാപന മേധവികളെയോ പ്രതിനിധികളെയോ ഉൾപ്പെടുത്തി ഉന്നത

വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കുക. ജില്ലാ പ്ലാനും തുടർന്ന് സ്റ്റേറ്റ് പ്ലാനും തയ്യാറാക്കാൻ ഇവരെ ഉപയോഗപ്പെടുത്തുക.

18. അക്കാദമിക് പാർട്ട്ണർഷിപ്പ്

സമീപ പ്രദേശങ്ങളിലെ അഞ്ചാം ക്ലാസ്സ് മുതലുള്ള മികച്ച വിദ്യാർത്ഥികൾക്ക് പ്രത്യേക വിഷയങ്ങളിൽ റഗുലർ പ്രോഗ്രാമുകളും ക്യാമ്പുകളും കോളേജുകൾ ഏറ്റെടുത്തി നടപ്പാക്കുക. സർട്ടിഫിക്കറ്റുകളും നല്കാം. (ശാസ്ത്ര പ്രദർശനം-മത്സരം പരിഗണിക്കാതെ വിഷയാഭിമുഖ്യം പരിഗണിക്കപ്പെടുക)

സാങ്കേതിക വിദ്യാഭ്യാസം വിശകലനവും കണ്ടെത്തലുകളും

1. ജില്ലയിലെ വിവിധ സാങ്കേതിക സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെ അടിസ്ഥാന വിവര രേഖകൾ ലഭ്യമല്ലാത്തതും ഏകോപനമില്ലായ്മയും.
2. സാങ്കേതിക വിദ്യാഭ്യാസ സംവിധാനങ്ങളെ കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് സമീപനം ഇല്ല.
3. സ്കൂൾ വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും ഏകോപനമില്ലായ്മ.

ജില്ലാ സാക്ഷരതാ മിഷൻ

1991 ഏപ്രിൽ 18 ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് കേരളത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾക്ക് ഊർജ്ജമായി സാക്ഷരത യജ്ഞ പ്രവർത്തനം മാതൃകയായി. കേരള ജനത എന്നെന്നും അഭിമാനത്തോടെ ഓർമ്മിപ്പിക്കുന്ന ഈ ചരിത്ര മുഹൂർത്തത്തിന് ആതിഥേയത്വം വഹിച്ച ജില്ലയാണ് കോഴിക്കോട്.

അക്ഷര കേരളം - സമ്പൂർണ്ണ സാക്ഷരത യജ്ഞത്തിന്റെ വിജയം സാക്ഷരത കൈവരിച്ചതിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല. ഏത് വികസന പ്രവർത്തനവും ജനകീയ കൂട്ടായ്മയിലൂടെ നിർവ്വഹിക്കാനാവുമെന്ന ആത്മ വിശ്വാസം ജനങ്ങളിൽ സൃഷ്ടിക്കാൻ അതിന് കഴിഞ്ഞിട്ടുണ്ട്. അക്ഷര കേരളം സമ്പൂർണ്ണ സാക്ഷരത യജ്ഞത്തിൽ ഭൂരിപക്ഷം പ്രവർത്തകരും സ്ത്രീകളായിരുന്നു എന്നത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചു. എഴുപത്തി മൂന്നാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ കേരളത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയ്ക്ക് രൂപം നല്കുന്നതിലും ജനകീയാസൂത്രണ പദ്ധതി വിജയിപ്പിക്കുന്നതിനും സാക്ഷരത യജ്ഞ പരിപാടി നല്കിയ സംഭാവന ചെറുതല്ല.

2011 ലെ സെൻസ്സസ് റിപ്പോർട്ട് പ്രകാരം ദേശീയ സാക്ഷരത നിരക്ക് 74.04% ആണ്. കേരളത്തിന്റെ സാക്ഷരത നിരക്ക് 93.91% ഉം ജില്ലയുടേത് 95.08 % വും ആണ്. ആരോഗ്യം, വിദ്യാഭ്യാസം, താഴ്ന്ന ശിശുമരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം തുടങ്ങി മനുഷ്യ ജീവിതത്തിന്റെ പുരോഗതിയെ നിർണ്ണയിക്കുന്ന ഘടകങ്ങളിൽ കേരളത്തിന്റെ നേട്ടങ്ങൾക്ക് നിദാനം വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച മുന്നേറ്റമാണ്. നവോത്ഥാന പ്രസ്ഥാനങ്ങൾ, ദേശീയ പ്രസ്ഥാനങ്ങൾ, പുരോഗമന പ്രസ്ഥാനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഈ നേട്ടങ്ങൾക്ക് പ്രചോദനമായിട്ടുണ്ട്.

ഓരോ പത്തുവർഷം തോറും കാനേഷുമാരി കണക്ക് പ്രകാരം സാക്ഷരത നിരക്ക് വർദ്ധിപ്പിക്കുന്നുണ്ട് എന്നത് സമ്പൂർണ്ണ സാക്ഷരത യജ്ഞത്തിന് ശേഷം നടത്തിയ തുടർ വിദ്യാഭ്യാസ പരിപാടിയുടെ പ്രവർത്തനങ്ങളെക്കൊണ്ടാണ് എന്ന് നമുക്ക് അഭിമാനിക്കാം. എങ്കിലും 2011 ലെ കാനേഷുമാരി പ്രകാരം ഏകദേശം 18 ലക്ഷം പേർ നിരക്ഷരരായി അവശേഷിക്കുന്നു എന്നത് ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളി നാം ഏറ്റെടുക്കണം. അറിവുള്ള ജനതയാണ് ഒരു രാജ്യത്തിന്റെ സമ്പത്ത്. സമ്പൂർണ്ണ സാക്ഷരത യജ്ഞം പോലെ, കേരളത്തിൽ നടപ്പാക്കുന്ന തുടർ വിദ്യാഭ്യാസ പരിപാടിയും ലോകത്തിന് മാതൃകയായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ അനൗപചാരിക വിദ്യാഭ്യാസ രംഗം കൂടുതൽ ശക്തിപ്പെടുത്താനും സജീവമാക്കാനും ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. ഔപചാരിക വിദ്യാഭ്യാസ പദ്ധതികളും അനൌപചാരിക വിദ്യാഭ്യാസ പദ്ധതികളും ഒരേ സമയം സമാന്തരമായി പ്രവർത്തിക്കുന്നതിലൂടെ ആജീവനാന്ത തുടർ വിദ്യാഭ്യാസ പരിപാടിയായി നടപ്പാക്കാൻ കഴിയും.

പട്ടിക 4.2.61

നിലവിലുള്ള വിദ്യാകേന്ദ്രങ്ങൾ, പ്രേരക് മാർ, പഠിതാക്കൾ

വികസന വിദ്യാകേന്ദ്രങ്ങൾ	33
തുടർ വിദ്യാകേന്ദ്രങ്ങൾ	164
ആകെ	197
പ്രേരക് മാർ	197
സാക്ഷരതാ പഠിതാക്കൾ	242
നാലാം തരം തുല്യതാ പഠിതാക്കൾ	296
ഏഴാം തരം തുല്യതാ പഠിതാക്കൾ	552
പത്താം തരം തുല്യതാ പഠിതാക്കൾ	3556 (പതിനൊന്നാം ബാച്ച്)
പത്താം തരം തുല്യതാ പഠിതാക്കൾ	(പതിനൊന്നാം ബാച്ച്)
ഹയർസെക്കണ്ടറി തുല്യതാ പഠിതാക്കൾ	1683 (ഒന്നാം ബാച്ച്)
ഹയർസെക്കണ്ടറി തുല്യതാ പഠിതാക്കൾ	1293 (രണ്ടാം ബാച്ച്)
ഹയർസെക്കണ്ടറി തുല്യതാ പഠിതാക്കൾ	2362 (മൂന്നാം ബാച്ച്)

നിർദ്ദേശങ്ങൾ

1. എല്ലാ വിഭാഗത്തിനും പഠിക്കാനാവശ്യമായ ഭൌതിക സൌകര്യവും സൌജന്യമായി പഠിക്കാനുള്ള ഫണ്ടും കണ്ടെത്തുക.
2. പത്താം തരം വരെ സൌജന്യമായി പഠിക്കാൻ കഴിയണം.
3. 2020 ആകുമ്പോഴേയ്ക്കും കോഴിക്കോട് ജില്ലയെ സമ്പൂർണ്ണ പത്താം തരം നേടിയ ജില്ലയായി പ്രഖ്യാപിക്കുക.
4. തൊഴിലധിഷ്ഠിത തുല്യതാ പഠനം വ്യാപകമാക്കുക.
5. എല്ലാ വിദ്യാകേന്ദ്രങ്ങൾക്കും കെട്ടിടവും കംപ്യൂട്ടർ ഉൾപ്പെടെയുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തുക.
6. സാമൂഹ്യ സാക്ഷരതാ പ്രവർത്തനങ്ങളായ പരിസ്ഥിതി, ആരോഗ്യം, നിയമം എന്നീ വിഷയങ്ങളിൽ അവബോധം ഉണർത്തുന്ന ക്ലാസ്സുകളും പ്രവർത്തനങ്ങളും നടത്താനുള്ള കേന്ദ്രങ്ങളായി വിദ്യാകേന്ദ്രങ്ങളെ മാറ്റുക.
7. പ്രേരക്മാർക്കും ഇൻസ്ട്രക്ടർമാർക്കും യഥാസമയം പരിശീലനം സംഘടിപ്പിക്കുക.
8. തുല്യതാ പഠിതാക്കൾക്ക് ഉച്ചഭക്ഷണം നൽകുക.
9. അതിവിപുലമായ പ്രചരണത്തിലൂടെ തുടർ വിദ്യാഭ്യാസ പരിപാടി സജീവമാക്കുക.
10. തുല്യതാ പഠിതാക്കൾക്ക് ആത്മവിശ്വാസം നല്കും വിധം കൌൺസിലിംഗ് ക്ലാസ്സുകളും മോട്ടിവേഷൻ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുക.
11. സാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇടപെടൽ മേഖലകൾ പരിഗണിച്ച് ഡാറ്റ ബാങ്ക് തയ്യാറാക്കുക.

ഉന്നത വിദ്യാഭ്യാസ മേഖല

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ എൻ.ഐ.ടി., ഐ.ഐ.എം.ഉൾപ്പെടെ കോഴിക്കോട് ജില്ലയിൽ ഓട്ടണോമസ്- സർക്കാർ- എയ്ഡഡ്- സ്വാശ്രയ-സമാന്തര-വിദൂര വിദ്യാഭ്യാസ മേഖലകളിൽ നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്. ജില്ലയുടെ സാംസ്കാരിക വിദ്യാഭ്യാസ ഔന്നത്യം നിലനിർത്തുന്നതിൽ ഇവയിൽ പഴമക്കാരുടെ പങ്ക് നിസ്തുലമാണ്. മലബാറിന് ആകമാനം ആശ്രയമായിരുന്ന സ്ഥാപനങ്ങളാണ് ഇവയിൽ പലതും. ദേശീയ അന്തർദേശീയ നിലവാരമുള്ള ഒട്ടേറെ സ്ഥാപനങ്ങളുണ്ട് എന്നത് ജില്ലയുടെ പ്രത്യേകതയാണ്. സംസ്ഥാനത്ത് വൈവിധ്യമാർന്ന ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുള്ള ജില്ല എന്ന നിലയിൽ കോഴിക്കോട് ജില്ലയെ സംസ്ഥാനത്തെ ഒരു വിദ്യാഭ്യാസ ഹബ്ബ് ആയി പരിഗണിച്ച് ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്. മാനേജുമെൻറ് വിദ്യാഭ്യാസം, മെഡിക്കൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിൽ രാജ്യത്തിനകത്തും പുറത്തുമുള്ളവരെ ആകർഷിക്കുന്ന രീതിയിൽ വിദ്യാഭ്യാസ ഹബ്ബ് സംബന്ധിച്ച ആശയരൂപീകരണവും ആസൂത്രണവും ഉണ്ടാവേണ്ടതുണ്ട്.

കലാലയങ്ങളില്ലാത്ത എല്ലാ നിയോജക മണ്ഡലങ്ങളിലും സർക്കാർ കോളേജ് എന്ന നയം പ്രാവർത്തികമാക്കുന്നതോടെ മലബാറിന്റെ ഉന്നത വിദ്യാഭ്യാസ മേഖല പ്രാദേശികമായി സന്തുലിതമായേക്കും. സ്വകാര്യ മേഖലയിൽ കോളേജ് അനുവദിക്കുന്നതിന് കോടഞ്ചേരി പള്ളി സമാഹരിച്ച 20 ഏക്കറിലധികം സ്ഥലം വിട്ടു നല്കി ഗവ.കോളേജ് ആരംഭിച്ചതും, ഇന്ന് അത് ഒരു ഗവേഷണ സ്ഥാപനമായി വളർന്നതും ശ്രദ്ധേയമാണ്. ഹോസ്റ്റൽ - യാത്ര സാമ്പത്തിക പരാധീനതകൾക്കൊപ്പം സ്ഥാപനങ്ങളുടെ കുറവും, സീറ്റുകളുടെ പരിമിതിയും മലബാറിന് അതിജീവിക്കാനായത് ജനങ്ങളുടെ ഇച്ഛാശക്തി കൊണ്ടുമാത്രമാണ്. കാസർക്കോട്, കണ്ണൂർ, വയനാട്, മലപ്പുറം മേഖലകൾക്ക് ആശ്രയമായിരുന്നു കോഴിക്കോട് എന്നത് അഭിമാനകരമാണ്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ലോകമെമ്പാടും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ നിർണ്ണായകവും, ശ്രദ്ധേയവുമായ ചുമതലകൾ വഹിക്കാൻ പ്രാപ്തമായ മനുഷ്യ വിഭവ ശേഷിയുടെ ഈറ്റില്ലമാണ് കേരളം. ഭൌതിക തലങ്ങളുടെ വളർച്ചയ്ക്കുപരിയായി വ്യക്തിപരവും സാമൂഹ്യവുമായ പക്വതയാർന്ന വളർച്ചയും വിദ്യാഭ്യാസവും ഇന്ന് അനിവാര്യമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഫിനിഷിംഗ് സ്കൂൾ ഉൾപ്പെടെ ശാസ്ത്രീയവും പ്രാപ്യവുമായ സംവിധാനങ്ങളൊരുക്കുന്ന പ്രായോഗിക ഭരണ പരിഷ്കാരങ്ങൾ അടിയന്തിരമായ നടപ്പിലാക്കണം. അതിനുതകുന്ന പാഠ്യപദ്ധതികളും അക്കാദമിക/ഭരണ പരിഷ്കാരങ്ങളും പരിശീലനങ്ങളും ഫലപ്രദമായ മോണിറ്ററിംഗും സാധ്യമാകണം.

പരീക്ഷകൾക്കും സർട്ടിഫിക്കറ്റുകൾക്കുമപ്പുറം വിജയികളുടെ ഗുണമേന്മയും നൈപുണ്യവും പരിഗണിക്കപ്പെടുന്നില്ല. ആത്മ വിശ്വാസം നഷ്ടപ്പെട്ട അനുഭവജ്ഞാനമില്ലാത്ത ക്രിയാത്മകമല്ലാത്ത ഉത്പന്നങ്ങളായി ഊർജ്ജ ലഭ്യതക്കനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന ഫാക്ടറികളാകരുത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ക്യാമ്പസുകളിൽ നിന്ന് നല്ല നേതാക്കന്മാരും വിദഗദ്ധരും ഒപ്പം മാനവികതയും വളർന്നു വരേണ്ടതുണ്ട്.

വിദ്യാർത്ഥികളുടെ അക്കാദമിക മികവുകൾക്കൊപ്പം വ്യക്തിപരവും സാമൂഹികവുമായ സുസ്ഥിതിയും, സാമ്പത്തിക ദ്രതയും, വൈകാരിക പക്വതയും, പഠന മേഖലയിലെ പ്രാഗത്ഭ്യവും, ഔന്നത്യവും, ഉത്തമമായ ജനാധിപത്യ പൗര ബോധവും ഒക്കെ കൂടിക്കലർന്ന ഉന്നത വിദ്യാഭ്യാസമാണ് ഇന്നിന്റെ ആവശ്യം.

കോഴിക്കോട് ജില്ലയിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനിയറിംഗ് കോളേജുകൾ, മെഡിക്കൽ-പാരാമെഡിക്കൽ കോളേജുകൾ എന്നിവയുടെ വിവരങ്ങൾ പട്ടിക 4.2.62 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.62

ജില്ലയിലെ കോളേജുകളുടെ വിവരങ്ങൾ

ക്രമ നം	കോളേജിന്റെ ഇനം	ഗവ:	സ്വയംഭരണം	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ
1	ആർട്സ് & സയൻസ് കോളേജ് / ട്രയിനിംഗ് കോളേജ്	10	2	6	57	75
2	എഞ്ചിനിയറിംഗ് കോളേജ്	1	–	–	8	9
3	മെഡിക്കൽ കോളേജ്	1	–	–	2	3
4	ആയുർവ്വേദ കോളേജ്	–	–	–	1	1
5	ഹോമിയോ കോളേജ്	1	–	–		1
6	ഡെന്റൽ കോളേജ്	1	–	–	1	2
7	നഴ്സിംഗ് കോളേജ്	1	–	–	6	7

അവലംബം : ഇക്കണോമിക് റിവ്യൂ 2017

നിർദ്ദേശങ്ങൾ

1. ത്രിവത്സര ഡിഗ്രി കോഴ്സുകളിൽ ഒന്നോ രണ്ടോ വർഷം മാത്രം പൂർത്തിയാക്കുന്നവർക്കും തൊഴിൽ ലഭ്യതയ്ക്ക് പരിഗണിക്കത്തക്കവിധം സർട്ടിഫിക്കറ്റുകൾ നൽകുക. അതിനുതകുംവിധം സിലബസ് ക്രമീകരിക്കുക.

2. സെമസ്റ്റർ സിസ്റ്റം പ്രായോഗികമായി നവീകരിക്കുക. 2,4,6 സെമസ്റ്ററുകളിൽ മാത്രം യൂണിവേഴ്സിറ്റി പരീക്ഷകളും 1,3,5 സെമസ്റ്ററുകളിൽ ഇന്റേണൽ പരീക്ഷകളും നടത്തുക. പബ്ലിക് പരീക്ഷയില്ലാത്ത സെമസ്റ്ററിലെ 20%ചോദ്യങ്ങൾ അടുത്ത സെമസ്റ്ററിൽ ഉൾപ്പെടുത്തുക. (സിലബസ്സ് പോയിന്റുകളെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ഗൈഡുകൾ മാത്രം സെമസ്റ്റർ പരീക്ഷയ്ക്ക് ഉപയോഗിക്കുന്ന രീതി നിരുത്സാഹപ്പെടുത്തണം)

3. സ്പെഷ്യൽ ഗ്രേഡ് കോളേജുകൾ 5 എണ്ണം കഴിഞ്ഞാൽ സർക്കാർ മേഖലയിൽ ബാക്കി എല്ലാ കോളേജുകളെയും ഒരേ പോലെ പരിഗണിക്കുന്നതിനുപകരം 30 വർഷം കഴിഞ്ഞ കോളേജുകളെയെങ്കിലും മറ്റൊരു ഗ്രേഡിൽപ്പെടുത്തി യു.ജി., പി.ജി., റിസർച്ച്, ഹോസ്റ്റൽ സൌകര്യങ്ങൾ കൂടുതൽ അനുവദിക്കുക.

4. സംസ്ഥാന തലത്തിൽ ഓപ്പൺ യൂണിവേഴ്സിറ്റിയും പ്രാദേശിക കേന്ദ്രങ്ങളും (നിലവിലുള്ള കോളേജുകൾ) ആരംഭിക്കുക. പുതിയ കോളേജുകൾ ആരംഭിക്കുന്നതിനു പകരം നിലവിലുള്ളവ വികസിപ്പിക്കുക.

5. സ്പെഷ്യൽ ടാർഗറ്റ് വർക്ക്/സ്റ്റഡികോളേജ്/സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാമൂഹിക-അക്കാദമിക വിഷയ പഠനം പ്രായോഗിക തലത്തിൽ സാധ്യമാക്കുക. ഉദാ:-പശ്ചിമ ഘട്ടത്തിലെ തുഷാരഗിരി മേഖലയിൽ ജനിതക വൈവിധ്യം തിരിച്ചറിയുക. (ചുമതല - സുവോളജി ഡിപ്പാർട്ട്മെന്റ്, ഗവ.കോളേജ് കോടഞ്ചേരി)

6. സേവന അവകാശ നിയമം - കോളേജുകളിലും യൂണിവേഴ്സിറ്റികളിലും പ്രദർശിപ്പിക്കുക, പ്രാവർത്തികമാക്കുക.

7. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സന്നദ്ധരായ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ജില്ലാതല പാനൽ തയ്യാറാക്കി, വ്യത്യസ്ത മേഖലകളിൽ ഉപയോഗപ്പെടുത്തൽ പദ്ധതി രൂപീകരിക്കുക.

8. ജില്ലയിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടിസ്ഥാന വിവര ശേഖരണവും രജിസ്റ്റർ സൂക്ഷിക്കലും, ആവശ്യമായ സംയോജനവും സാധ്യത പരിഗണിക്കുക.

അദ്ധ്യാപകവിദ്യാഭ്യാസം വിശകലനവും കണ്ടെത്തലുകളും

1. മാറിയ സമീപനങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങൾക്കും അനുസൃതമായി പാഠ്യപദ്ധതി വിനിമയം നടത്താൻ അനുയോജ്യമായ ഭൗതിക സൗകര്യങ്ങളൊരുക്കാൻ കഴിഞ്ഞിട്ടില്ല.
2. വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട അദ്ധ്യാപകരില്ല. ഉള്ളവർ പ്രാപ്തരുമല്ല.
3. സ്കൂൾ മേഖലകളിൽ നടക്കുന്ന മാറ്റങ്ങളൊന്നും അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അറിയുന്നില്ല.
4. മാറ്റങ്ങൾക്കനുസൃതമായ പരിശീലനങ്ങളൊന്നും ടീച്ചർ എഡ്യൂക്കേറ്റർമാർക്കില്ല.
5. മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നും പ്രവേശനം ലഭിക്കാത്ത പ്രാഗത്ഭ്യമില്ലാത്തവരാണ് അദ്ധ്യാപകരായി പുറത്തിറങ്ങുന്നത്.
6. ഭൗതിക സൗകര്യങ്ങളൊന്നുമില്ലാതെ പരിശീലനം നടത്തി പുറത്തിറങ്ങുന്നതിനാൽ നൂതന സാങ്കേതിക വിദ്യകളൊന്നും പഠന പ്രവർത്തനങ്ങളിൽ സന്നിവേശിപ്പിക്കാൻ ഇവർക്ക് കഴിയുന്നില്ല.
7. എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിൽ ഭൗതിക അക്കാദമിക കാര്യങ്ങളിൻ ഇടപെടാൻ സംവിധാനത്തിന് കഴിയുന്നില്ല.
8. ഈ മേഖലയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.
9. പൂർവ്വകാല അദ്ധ്യാപക പരിശീലനത്തിന് വേണ്ട അനുവാദം നല്കുന്നതിനും സൗകര്യം ഒരുക്കുന്നതിലും നിലവിൽ സ്കൂളുകൾ അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും വേണ്ടത്ര സഹകരിക്കുന്നില്ല.
10. എൻ.സി.ഡി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചല്ല നിലവിൽ ഇവ പ്രവർത്തിക്കുന്നത്.
11. ഡി.എഡ് . കോഴ്സ് പ്രൈമറി തലത്തിൽ അദ്ധ്യാപകരാവാൻ ഉദ്ദേശിച്ചാണ് പ്രവർത്തിക്കുന്നതെങ്കിലും ഇതിനുവേണ്ട അദ്ധ്യാപക നൈപുണികളൊന്നും നേടാതെയാണ് ഇവർ പുറത്തിറങ്ങുന്നത്. ഈ കോഴ്സ് നടത്തുന്ന ജില്ലാ വിദ്യാഭ്യാസ സ്ഥാപനത്തിലും സ്ഥിതി വ്യത്യസ്തമല്ല.
12. ബി.എഡ്. കോഴ്സ് സെക്കണ്ടറി തലം ഉദ്ദേശിക്കുന്നതെങ്കിലും മേൽ സൂചിപ്പിച്ച എല്ലാ പ്രശ്നങ്ങളും ഈ കോഴ്സിലും പ്രകടമാണ്.
13. ജില്ലയിൽ അഡ്വാൻസ്ഡ് സ്റ്റഡി സെന്ററായി ഉയർത്തപ്പെട്ട സ്ഥാപനത്തിലും സ്ഥിതി മെച്ചമല്ല.
14. സെക്കണ്ടറി തല സേവനകാല അദ്ധ്യാപക വിദ്യാഭ്യാസത്തിൽ കാര്യക്ഷമമായി ഇടപെടേണ്ട സ്ഥാപനം എന്ന നിലയിൽ യാതൊരു പ്രവർത്തനവും കാഴ്ച വെയ്ക്കാൻ നിലവിൽ ഈ സ്ഥാപനത്തിന് കഴിയുന്നില്ല.
15. മൾട്ടി മീഡിയ സൗകര്യങ്ങളുണ്ടെങ്കിലും ഇന്റർനെറ്റ് സൌകര്യം ക്ലാസ്സിൽ ലഭ്യമല്ല.
16. പൂർവ്വകാല അദ്ധ്യാപക വിദ്യാഭ്യാസത്തിനുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.
17. എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകരെ അസോസ്സിയേറ്റ് പ്രൊഫസർമാരായി നിലവിലെ അസിസ്റ്റന്റ് പ്രൊഫസർമാരെ സ്ഥാനകയറ്റം നല്കുമ്പോൾ അഡ്വാൻസ്ഡ് സ്റ്റഡി സെന്ററായ ഐ.എ.എസ്.സി.കളിൽ ഇതു നടപ്പിലാക്കുന്നില്ല.
18. വിദ്യാഭ്യാസ പ്രൊജക്ടുകളൊന്നും നിലവിൽ സ്ഥാപനം സ്വീകരിക്കുന്നില്ല. വിദ്യാഭ്യാസ പഠനങ്ങൾ നടത്തുന്നില്ല.

പരിപ്രേക്ഷ്യം

1. ഭൗതിക സൌകര്യങ്ങളുടെ കാര്യത്തിൽ ബെഞ്ച് മാർക്ക് (Bench Mark) നിശ്ചയിച്ച് എല്ലാ സ്കൂളുകളിലും വികസന സൌകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തൽ.
2. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥി സൌഹൃദവും പ്രകൃതി സൌഹൃദവുമാക്കി മാറ്റുക

3. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി സൌഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ

4. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജില്ലയിലെ 50 % വിദ്യാലയങ്ങളെയെങ്കിലും അന്താരാഷ്ട്ര അക്കാഡമിക്ക് നിലവാരത്തിലേക്ക് ഉയർത്തുക.

5. ജില്ലയിലെ മുഴുവൻ സ്കൂളുകളിലേയും ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുക.

6. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കുക.

7. അംഗണവാടികളെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതലമാക്കി മാറ്റുക.

8. വിദ്യാഭ്യാസ മേഖലയിൽ കലാശാലകൾ, കലാലയങ്ങൾ, ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ലഭ്യമായ വൈദഗ്ധ്യത്തെ ഉപയോഗപ്പെടുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കൽ.

9. വിദ്യാലയങ്ങൾ ആവിഷ്ക്കരിക്കുന്ന അക്കാഡമിക്ക് മാസ്റ്റർ പ്ലാനുകൾ നിർദ്ദേശിക്കുന്ന അക്കാഡമിക്ക് നിലവാരം കൈവരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

ഏകോപന സാധ്യതകൾ

1. ശാസ്ത്ര സാങ്കേതിക വകുപ്പ്, പ്ലാനറ്റോറിയം, ഐ.ഐ.എം, എൻ.ഐ.ടി, സി.ഡിറ്റ്, സർവ്വകലാശാല, ജില്ലയിലെ മറ്റു ശാസ്ത്ര സാങ്കേതിക ഗവേഷണ കേന്ദ്രം എന്നിവ ചേർന്ന് ജില്ലയിൽ ശാസ്ത്ര പോഷണ പരിപാടി ആരംഭിക്കുക.

2. ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ വൈദഗ്ധ്യം ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളുമായുള്ള ഏകോപനം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പൊതു ഉടമയിൽ മാവൂരിൽ ഒരു നോളജ് സിറ്റി സ്ഥാപിക്കൽ.

2. സംസ്ഥാനതലത്തിൽ പ്രീപ്രൈമറിക്കു വേണ്ടി തയ്യാറാക്കിയ കരിക്കുലം എല്ലാ പ്രീ സ്കൂളുകൾക്കും നിർബന്ധമാക്കുക.

3. പ്രീസ്കൂളുകൾ പാഠ്യപദ്ധതിക്കനുസരിച്ച് അധ്യാപകർക്ക് പ്രത്യേക പരിശീലന/ പരിവർത്തന പരിപാടികൾ നടപ്പിലാക്കുക.

4. മാതൃഭാഷയിലധിഷ്ഠിതമായ രീതിയിൽ പ്രീസ്കൂൾ സംവിധാനം മാറ്റുന്നതിനാവശ്യമായ നിയമനിർമ്മാണം.

5. പ്രൈമറി വിദ്യാലയങ്ങൾ കൂടി ഹൈടെക്ക് വിദ്യാലയ പദ്ധതിയിലുൾപ്പെടുത്തുക.

6. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക (ഹോർട്ടിക്കൾച്ചർ തെറാപ്പി ഗാർഡൻ, ഡിജിറ്റൽ കാർഡുകൾ, അസിസ്റ്റീവ് ടെക്ക്നോളജി സാധ്യതകൾ).

7. ഗവേഷണ സ്ഥാപനങ്ങൾ, ദേശീയ തലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയുടെ വൈദഗ്ധ്യം വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസ സമൂഹത്തിനും ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ.

8. അനുരൂപീകരണ സാധ്യതകൾ, സംരംഭകത്വ സാധ്യതകൾ തുടങ്ങിയവ വികസിപ്പിക്കാനാവശ്യമായ മാതൃകാ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളെ മാറ്റിയെടുക്കുക.

9. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിനു പുറമേയുള്ള (പട്ടികജാതി-വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, വൈദ്യുതി വകുപ്പ്) വകുപ്പുകൾ നടത്തുന്ന വിദ്യാലയങ്ങളുടെ ഭൌതിക സാഹചര്യ വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുക.

10. സ്കൂൾ പ്രവേശനത്തിന് അംഗണവാടി പഠനം ഉറപ്പാക്കുന്നത് ബോധ്യപ്പെടുന്ന തരത്തിലുള്ള സർട്ടിഫിക്കേഷൻ സംവിധാനം ആവിഷ്ക്കരിക്കുക.

11. പ്രീസ്കൂൾ മുതൽ സെക്കണ്ടറി തലം വരെ കുട്ടികളുടെ ആരോഗ്യ പോഷക പരിപോഷണത്തിനുള്ള ഭക്ഷണ വിതരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ.

12. ഭാഷാ വികസനം (മാതൃഭാഷ, ഇംഗ്ലീഷ്, മറ്റ് ഭാഷകൾ) പ്രത്യേക റിസോഴ്സ് സെന്ററുകൾ (ഉദാ: ഇംഗ്ലീഷ് ലാഗ്വേജ് ട്രെയിനിംഗ് സെന്റർ) വിദ്യാഭ്യാസ ജില്ലാ തലങ്ങളിലേക്ക് വ്യാപിപ്പിക്കുക

13. ജില്ലാതല അധ്യാപക പരിശീലന കേന്ദ്രങ്ങൾ മാറുന്ന വിദ്യാഭ്യാസ മേഖലയെ ഉൾക്കൊള്ളുന്ന വിധം, ഭൌതിക സാഹചര്യങ്ങൾ, മനുഷ്യവിഭവം തുടങ്ങിയവ കൂടി ഉൾപ്പെടുത്തി മെച്ചപ്പെടുത്തുക.

14. കരിക്കുലം ലക്ഷ്യം - സാമൂഹ്യബോധം, ശാസ്ത്രബോധം, പരിസ്ഥിതിബോധം, ലിംഗബോധം എന്നിവ ഉൾപ്പെടുത്തണം.

15. ലോകത്തിലെ ഒരു മികച്ച 14 വയസ്സുകാരനും കേരളത്തിലെ ഒരു 14 വയസ്സുകാരനും അതേ നിലവാരത്തിൽ എത്തിക്കും വിധമുള്ള വിദ്യാഭ്യാസം നൽകാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

16. തീരദേശ മേഖലയിൽ മറൈൻ സ്റ്റഡിക്കായി ആവശ്യമായ വിപുലമായ കോംപ്ലക്സ് സ്ഥാപിക്കണം.

17. അംഗണവാടി, പ്രീപ്രൈമറി എന്നിവയ്ക്ക് ഏകീകരിച്ച പാഠ്യപദ്ധതി വേണം

18. ജില്ലയിൽ മികച്ച ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം

19. നിലവിലെ വിജ്ഞാന കേന്ദ്രം സയൻസ് & ടെക്നോളജി പാർക്ക് വിഭാവനം ചെയ്ത സംരംഭമാണ്. ഇത് ഉന്നത വിദ്യാഭ്യാസ ഗവേഷണ കേന്ദ്രമാക്കി ഉയർത്തണം.

20. വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും ശാസ്ത്രവിഷയങ്ങളിൽ ശില്പശാലകൾ നടത്തുന്നതിനും മറ്റും അന്തർദേശീയ തലത്തിലുള്ള ഒരു ഗവേഷണകേന്ദ്രം ജില്ലയിൽ സ്ഥാപിക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഉന്നത വിദ്യാഭ്യാസ രംഗത്ത് ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കാനുള്ള സ്ഥലങ്ങൾ കണ്ടെത്തൽ, അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തൽ.

2. ഫലപ്രദമായ രക്ഷാകർത്തൃ (ഇഫക്ടീവ് പാരന്റിംഗ്) സംവിധാനം എല്ലാ സ്കൂളുകളിലും നടപ്പാക്കുക.

3. പ്രാദേശിക വിഭവ ഭൂപടം (വൈദഗ്ദ്യം, വിഭവ മേഖല) തയ്യാറാക്കുകയും പ്രയോജനപ്പെടുത്തുന്നിനു വേണ്ട സംവിധാനങ്ങൾ ത്രിതല പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുകയും വേണം.

4. വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളും ദിശാഗതി നിയന്ത്രണം നടത്തുന്നതിനുള്ള പ്രാദേശിക സംവിധാനം ഉറപ്പാക്കുക.

5. അനാദായകരമായ വിദ്യാലയങ്ങൾ ജനകീയ പിന്തുണയോടെ മാതൃകാ വിദ്യാലയങ്ങളായി പരിവർത്തനപ്പെടുത്തുക. അയൽപ്പക്ക വിദ്യാലയത്തിന് പ്രാദേശിക സമൂഹത്തിന്റെ ഉത്തരവാദിത്വം ഉറപ്പാക്കുക.

6. പഠിതാക്കളുടെ തുടർ പഠനം ഉറപ്പാക്കുന്നതിനാവശ്യമായ പ്രത്യേക പദ്ധതികൾ ഉറപ്പാക്കുക.

7. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് സ്വന്തമായ സ്ഥലം കണ്ടെത്തുകയും ഭൌതിക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം.

8. ഓരോ ക്ലാസ്സിലും ഓരോ വിഷയങ്ങളിലും കുട്ടികൾ നേടേണ്ട അടിസ്ഥാന ശേഷികളും പഠന നേട്ടങ്ങളും ഉറപ്പാക്കുന്നതിനാവശ്യമായ അക്കാദമിക ഭൌതിക പിന്തുണ.

9. നിലവിലെ ലൈബ്രറികളെ ഡിജിറ്റൽ ലൈബ്രറികളിലേക്ക് മാറ്റണം.

10. വിജയോത്സവം പദ്ധതി ജില്ലയിലെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് വിദ്യാർത്ഥികൾക്കും പ്രാപ്യമാക്കണം.

11. വിദ്യാഭ്യാസ പാഠഭാഗങ്ങൾ സർക്ഷാത്മകമാക്കുവാൻ പറ്റാവുന്ന തിയേറ്റർ സമീപനം - നാടകം മുതൽ മാജിക്ക് വരെ ഉൾപ്പെടുത്തണം.

12. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനായി 5 കിലോമീറ്ററിനുള്ളിൽ ഓട്ടിസം പാർക്ക്, സ്കിൽ പാർക്ക്, അംഗണവാടി എന്നിവ ആദിവാസി മേഖലയിലെ കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും കൂടി ഗുണം ചെയ്യുന്ന രീതിയിൽ ആവിഷ്ക്കരിക്കുക.

13. സ്കൂൾ വിദ്യാർത്ഥികൾക്ക് കായികക്ഷമത പരിശീലനം ഉറപ്പാക്കണം.

14. ആരോഗ്യസംരക്ഷണത്തിനായി എല്ലാ

സ്കൂളുകളിലും വൃത്തിയും ആധുനിക സൌകര്യങ്ങളോടു കൂടിയ അടുക്കള ഉറപ്പാക്കണം.

15. അംഗണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉറപ്പാക്കണം.

16. അംഗണവാടികൾക്ക് പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ നൽകണം.

17. അക്കാഡമിക നിലവാരം, ഭൌതിക വികസനം തുടങ്ങിയവയുടെ മാനദണ്ഡം ഓരോ സ്ഥാപനവും തയ്യാറാക്കുന്ന അക്കാഡമിക മാസ്റ്റർ പ്ലാൻ പരിഗണിച്ചാവണം. ഒരു വിജ്ഞാന കേന്ദ്രം - സയൻസ് & ടെക്നോളജി പാർക്ക് വിഭാവനം ചെയ്ത സംരംഭമാണ്. ഇത് ഉന്നത വിദ്യാഭ്യാസ ഗവേഷണ കേന്ദ്രമാക്കി മാറ്റണം. വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും ശാസ്ത്ര വിഷയങ്ങളിൽ ശില്പശാലകൾ നടത്തുന്നതിനും മറ്റും അന്തർദ്ദേശീയ തലത്തിലുള്ള ഒരു ഗവേഷണകേന്ദ്രമായി ഉയർത്തണം.

18. സ്ക്കൂളുകൾ, അംഗനവാടി മുതലായ കെട്ടിടങ്ങളുടെ നിർമ്മാണവും മെയിന്റനൻസും ഏപ്രിൽ, മെയ് മാസകാലയളവിൽ നടപ്പിലാക്കി പൂത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക.

നൂതന പ്രവർത്തനങ്ങൾ (വിവിധ ഏജൻസികൾ വഴി ഏകോപനം സാധ്യമായവ)

1. **പഠനവീട് സംവിധാനം**

പാർശ്വവല്ക്കരിക്കപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിദ്യാലയ അയൽപ്പക്ക കേന്ദ്രങ്ങളിൽ പ്രാദേശിക സമൂഹത്തിന്റെ വിഭവങ്ങൾ പ്രയോജനപ്പെടുത്തി പഠനവീട് പ്രാവർത്തികമാക്കുക. തികച്ചും അനൌപചാരിക സ്വഭാവത്തോടെ ആരംഭിക്കുന്ന ഒന്നായിരിക്കണം ഇത്. ആദ്യഘട്ടത്തിൽ 4,7,8,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠന പരിപോഷണ പരിപാടികൾ പ്രതിഭാപോഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം ലഭിക്കണം.

2. **പ്രാദേശിക കരിക്കുലം വികസിപ്പിക്കൽ**

ജില്ലയിലെ 13 പട്ടിക വർഗ്ഗ കോളനികളിലെ പ്രൈമറിതല പ്രായത്തിലുള്ള വിദ്യാർത്ഥികൾക്കായി ആദിവാസി ഭാഷയിൽ നിലവിലുള്ള പാഠപുസ്തകം, കരിക്കുലവും അടിസ്ഥാനമാക്കി പ്രാദേശിക കരിക്കുലം നിർമ്മിക്കുകയും ഗവേഷണ സ്വഭാവത്തോടെ നടപ്പിലാക്കുകയും ചെയ്യുക.

3. **Early Intervention Centre for Differently Abled**

ശാരീരിക മാനസിക വെല്ലുവിളികളെ നേരിടുന്ന കുട്ടികൾക്കായി Early Intervention Centre പഞ്ചായത്തടിസ്ഥാനത്തിൽ പ്രാവർത്തികമാക്കൽ. വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.എ., ആർ.എം.എസ്.എ., സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, വികലാംഗക്ഷേമ വിഭാഗം എന്നിവരുടെ പിന്തുണയോടെ ഇവ നടപ്പാക്കാവുന്നതാണ്.

4. **ശാസ്ത്ര പോഷണ പരിപാടി**

എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ശാസ്ത്ര ആഭിമുഖ്യം വളർത്താനുളള പ്രത്യേക പരിപാടികൾ :

ഹൈസ്കൂളുകളിലെ വിദ്യാർത്ഥികളിൽ ശാസ്ത്ര ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ആഭിമുഖ്യം വർദ്ധിപ്പിക്കാൻ എൻ.ഐ.ടി., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ് എന്നീ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കുക.

5. **സിവിൽ സർവ്വീസ് തയ്യാറെടുപ്പ്**

ഏഴാം ക്ലാസ്സ് പാസ്സായി വരുന്ന പഠന മികവ് പുലർത്തുന്ന ഏറ്റവും മിടുക്കരായ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് മേഖലയോട് ആഭിമുഖ്യം വളർത്താനുള്ള പ്രത്യേക പരിശീലനവും തയ്യാറെടുപ്പ് പദ്ധതികളും ആവിഷ്കരിക്കൽ

6. **കായിക പരിശീലനം**

മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കാനായി പ്രത്യേക ഊന്നൽ നൽകിയുള്ള പരിശീലന പരിപാടികൾ, വോളിബോൾ, അത്ലറ്റിക്സ് തുടങ്ങിയ കായിക ഇനങ്ങളിൽ ജില്ല മികച്ച പ്രകടനം കാഴ്ച വെയ്ക്കുന്നു. സായ്, ജില്ലാ സ്പോർട്സ് കൗൺസിൽ, ഇൻഡോർ സ്റ്റേഡിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഏറ്റവും മികച്ച കായിക താരങ്ങളെ വാർത്തെടുക്കാവുന്നതാണ്.

7. ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ എന്റർ പ്രണർഷിപ്പിലേയ്കായി പ്രൊത്സാഹിപ്പിക്കുക

   (ഉദാ:- ഹെർബൽ ടൂറിസം etc.)

   ജില്ലയുടെ ടൂറിസം സാധ്യതകളെ പ്രയോജന പ്പെടുത്തി പ്രത്യേക പാക്കേജ് തയ്യാറാക്കൽ ട്രെയിനിംഗ് സംഘടിപ്പിക്കൽ തുടങ്ങിയവ പ്രയോജനപ്പെടുത്താവുന്നതാണ്.

8. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ സംരംഭക ത്വശേഷി ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പി ക്കുന്ന പദ്ധതി.

9. വെർച്ചൽ ഹോം ക്ലാസ്സ് മുറികൾ സ്ഥാപി ക്കുന്ന പദ്ധതി.

സംസ്ക്കാരം

കോഴിക്കോടിന്റെ കലാ-സാംസ്കാരിക ചരിത്രം മൺമറഞ്ഞുപോയ കലാ സാംസ്ക്കാരിക സാമൂഹ്യ നായകരെക്കുറിച്ചുള്ള ഓർമ്മകളിലൂടെ ജൈത്രയാത്ര തുടരുകയാണ്. വൈവിധ്യങ്ങളുള്ള ഈ ഭൂപ്രദേശം എന്നും വിദേശികളെ ആകർഷിച്ചിരുന്നതായി ചരിത്രരേഖകളിൽ കാണാം. ആതിഥ്യ മര്യാദയിലും സ്നേഹപ്രകടനങ്ങളിലും വികാര വിചാരങ്ങൾ പങ്കുവെക്കുന്നതിലും കോഴിക്കോടിന്റെയും മലബാറിന്റെയും പ്രത്യേകത മറ്റുള്ളവരെ ഇങ്ങോട്ട് ആകർഷിച്ചു പോന്നു.

കോഴിക്കോടിന്റെ ചരിത്രത്തിൽ നിർണ്ണായക സ്ഥാനം വഹിച്ച സാമൂതിരിമാർ സാമൂഹ്യ-സാംസ്ക്കാരിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. അവരുടെ സ്നേഹവും മതേതരത്വവും സാഹോദര്യവും കർമ്മശേഷിയും വിദേശികളെപ്പോലും അത്ഭുതപ്പെടുത്തി. സാമൂതിരിയുടെ നാവികപ്പടയുടെ നായകനായിരുന്ന കുഞ്ഞാലിമരക്കാരും അദ്ദേഹത്തിന്റെ കുടുംബവും സാമൂതിരിക്ക് എന്നും പ്രിയപ്പെട്ടതായിരുന്നു. പല യുദ്ധങ്ങളിലും വിജയിക്കാൻ കുഞ്ഞാലിമരക്കാരുടെ നേതൃത്വം സാമൂതിരിയെ സഹായിച്ചു. സാമൂതിരിയുടെ കാലത്ത് സംഘടിപ്പിച്ചിരുന്ന പണ്ഡിത സദസ്സായ രേവതി പട്ടത്താനം ഒരു കാല ഘട്ടത്തിലെ സാംസ്ക്കാരിക വിസ്ഫോടനമായിരുന്നു. ഒട്ടേറെ കവിശ്രേഷ്ഠന്മാരുടെയും പണ്ഡിതന്മാരുടെയും സംഗമ വേദിയായിരുന്നു പട്ടത്താനം. സ്വാതന്ത്ര്യ സമരത്തിന്റെ വീരഗാഥകൾ ചമച്ച നഗരങ്ങളിൽ കോഴിക്കോടും ഉണ്ട്. ഗാന്ധിജിയടക്കമുള്ള നേതാക്കളുടെ സന്ദർശനങ്ങളാൽ ദേശീയ ശ്രദ്ധ ആകർഷിക്കാനും കോഴിക്കോടിന് ഭാഗ്യമുണ്ടായി.

കോഴിക്കോടിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ ഒഴിച്ചു കൂടാനാവാത്ത സ്ഥാനമാണ് വടകരയ്ക്കുള്ളത്. ഇന്ന് ലോകം മുഴുവൻ ചർച്ച ചെയ്യുന്ന കളരി ചികിത്സ, കളരിപ്പയറ്റ് തുടങ്ങിയ മേഖലകളിൽ അതുല്യ പ്രതിഭകൾ ജീവിച്ചിരുന്ന നാടാണ് വടകര. തച്ചോളി ഒതേനൻ, ആരോമൽ ചേകവർ തുടങ്ങിയ പേരുകൾ നമുക്ക് സുപരിചിതമാണ്. പഴയ വടക്കൻപാട്ട് സംസ്ക്കാരം തന്നെ രൂപപ്പെട്ടത് ഇവരുടെയെല്ലാം വീര കഥകളിലൂടെയാണ്. മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ നിരവധി സാഹിത്യ സാംസ്ക്കാരിക നായകന്മാർ കോഴിക്കോടിന്റെ സാംസ്ക്കാരിക മേഖലയിൽ നൽകിയ സംഭാവനകൾ സ്മരണീയമാണ്. എസ് കെ പൊറ്റക്കാട്, തിക്കോടിയൻ, ഉറൂബ്, കെ ടി മുഹമ്മദ്, ശാന്താ ദേവി, എൻ എൻ കക്കാട്, കുതിരവട്ടം പപ്പു, നെല്ലിക്കോട് ഭാസ്കരൻ, പി എം താജ്, ഐ വി ശശി, കുഞ്ഞാണ്ടി, ബാലൻ കെ നായർ, എം പി മേനോൻ, ചേമഞ്ചേരി നാരായണൻ നായർ, കടത്തനാട് മാധവിയമ്മ, തെരുവത്ത് രാമൻ, മൊയ്തു മൌലവി, വൈക്കം മുഹമ്മദ് ബഷീർ, മുഹമ്മദ് അബ്ദുൾ റഹിമാൻ, കെ പി ഉമ്മർ എന്നിവർ ജില്ലയിലെ മൺമറഞ്ഞ പ്രതിഭകളിൽ പ്രമുഖരാണ്. ജീവിച്ചിരിക്കുന്നവരിൽ എം ടി വാസുദേവൻ നായർ, പി. വത്സല, ഹരിഹരൻ, കുട്ട്യേടത്തി വിലാസിനി, കോഴിക്കോട് നാരായണൻ നായർ, യു എ ഖാദർ, ഗുരു ചേമഞ്ചേരി, വി ടി മുരളി, യു കെ കുമാരൻ, കെ പി രാമനുണ്ണി, മാമുക്കോയ തുടങ്ങി നിരവധി പേരുടെ സംഭാവനകൾ സാസ്കാരിക രംഗത്ത് എടുത്തു പറയേണ്ടതാണ്. സാഹിത്യം, നാടകം, സിനിമ, നാടൻ കലകൾ അനുഷ്ഠാന കലകൾ, എന്നിങ്ങനെ സർവ്വതല സ്പർശിയായ ഇടപെടലുകളും മുന്നേറ്റങ്ങളും - തനതായ സംഭാവനകളും സാംസ്ക്കാരിക രംഗത്ത് ഉണ്ടായി. നാട്ടിൻപുറങ്ങളിലും - നഗരങ്ങളിലും ഈ ഇടപെടലുകൾ സൃഷ്ടിച്ച ഉണർവ്വ് കാലങ്ങളായി ഈ മേഖലയിൽ നിലനിൽക്കുന്നു.

അഭിമാനിക്കാൻ ഒട്ടേറെ നേട്ടങ്ങൾ കോഴിക്കോടിന്റെ കലാസാംസ്ക്കാരിക ചരിത്രത്തിനുണ്ടെങ്കിലും പലതും ഓർമ്മകളിൽ ഒതുങ്ങുന്നു. ചരിത്ര സ്മാരകങ്ങൾ നമുക്ക് കുറവാണ്. സാമൂതിരിയുടെ യഥാർത്ഥ കൊട്ടാരം പോലും സ്മാരകമായി നിലനിർത്തിയിട്ടില്ല. 1970-90 കാലഘട്ടത്തിൽ സാംസ്ക്കാരിക പരിപാടികൾക്ക് നൽകിയ പ്രാധാന്യം നൽകിയ പ്രാധാന്യം ഇടക്കാലത്ത് നഷ്ടപ്പെട്ടു. ദൃശ്യമാധ്യമങ്ങളും നവമാധ്യമങ്ങളും സജീവമായ ഈ കാലഘട്ടത്തിൽ പലതും കണ്ട് മറക്കുക, എന്നതിൽ നിന്നുപരിയായി വരും തലമുറക്ക് കാണാനും പഠിക്കാനും ആസ്വദിക്കാനുമായി സംഗീതം, നാടകം, സാഹിത്യം, സിനിമ തുടങ്ങിയ മേഖലകളിലൊന്നും തന്നെ പൈതൃക സംരക്ഷണം ഉണ്ടായിട്ടില്ല. വിദേശ രാഷ്ട്രങ്ങളിലെല്ലാം പൈതൃക സംരക്ഷണവും സാംസ്ക്കാരിക വൈവിധ്യ പഠനവും ഒരു പ്രധാന അജണ്ടയാണ്.

പൈതൃക സംരക്ഷണത്തിന്റെ ഉദ്ദേശ്യങ്ങൾ

കോഴിക്കോടിന്റെ തനതു ചരിത്ര-കല-സാംസ്കാരിക- സാഹിത്യ ധാരകളുടെ പ്രാധാന്യവും സവിശേഷതകളും തിരിച്ചറിയുന്നതിന്.

സംസ്കാരം രൂപപ്പെടുത്തിയ ചരിത്ര സന്ദർഭങ്ങളെയും കൂട്ടായ്മകളെയും കുറിച്ചുള്ള വസ്തുതകൾ വിനിമയം ചെയ്യുന്നതിന്.

കോഴിക്കോടിന്റെ മതമൈത്രി- മാനവികത- ജനാധിപത്യപരത- കലാഭിരുചി തുടങ്ങിയവ നിലനിർത്തുന്നതിനുള്ള കൂട്ടായ്മകൾ രൂപപ്പെടുത്തുന്നതിന്.

ഉപഭോഗ സംസ്കാരത്തിന്റെയും നഗരവത്കരണത്തിന്റെയും പ്രശ്നങ്ങൾ മറികടന്ന് തനതു സംസ്കാരികാവബോധം രൂപപ്പെടുത്തുന്നതിന്.

ജില്ലയിലെ പൈതൃകങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനും തലമുറകളിലേക്ക് കൈമാറുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം നൽകുന്നതിന്.

ജില്ലയിലെ സാംസ്കാരികസ്ഥാപനങ്ങൾ സജീവമാക്കുന്നതിനായി വിവിധ പിന്തുണാ സംവിധാനങ്ങളുടെ ഏകോപനം ഉറപ്പു വരുത്തുന്നതിന്.

വർത്തമാനാവസ്ഥ

മതമൈത്രിയുടെയും സത്യസന്ധതയുടെയും പാരസ്പര്യത്തിന്റെയും പ്രതീകമാണ് കോഴിക്കോടൻ സംസ്കാരം . പുതിയ കാലത്തിന്റെ വെല്ലുവിളികളെയും പ്രലോഭനങ്ങളെയും മറികടക്കാൻ ഈ പൈതൃകത്തെ മുറികെ പിടിച്ചേ മതിയാവൂ.

സാഹിത്യ കലാസാംസ്ക്കാരിക സിനിമാ മേഖലകളിലെ പ്രതിഭകളുടെ സംഗമ സ്ഥാനമാണ് കോഴിക്കോട്. ജ്ഞാനപീഠ പുരസ്ക്കാരം രണ്ടു തവണ ഈ നഗരത്തിലെത്തി. ആധുനിക മലയാള സാഹിത്യത്തിന്റെ കുലപതിയായ എം.ടി. സർവ്വാരാധ്യനായി ഇവിടെയുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്ക്കാരങ്ങൾ നിരവധി തവണ കോഴിക്കോട്ടെത്തി. ഇതിന്റെയൊക്കെ പ്രതിഫലനങ്ങൾ ദിനേനയെന്നോണം ദൃശ്യമാണ്. ഓണാഘോഷത്തിന്റെ ഭാഗമായുള്ള മലബാർ മഹോത്സവം, കേരള ലിറ്ററി ഫെസ്റ്റ് തുടങ്ങിയ വാർഷിക പരിപാടികൾ അന്തർദേശീയ തലത്തിൽ പ്രസിദ്ധരായ പ്രതിഭകളുടെ സാന്നിധ്യം കൊണ്ടു കൂടി ശ്രദ്ധേയമാണ്.

രാഷ്ട്രത്തിന്റെ ബഹുമതിയായ പത്മശ്രീ 2017 ൽ രണ്ടുപേർക്കാണ് ജില്ലയിൽ ലഭിച്ചത്. കഥകളി ആചാര്യൻ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, കളരിപ്പയറ്റിന്റെ ആചാര്യയായ മീനാക്ഷിയമ്മ എന്നിവർക്കാണിത് ലഭിച്ചത്.

നഗരത്തിലെ പൈതൃകത്തെരുവായ മിഠായി തെരുവ് നവീകരിച്ചിരിക്കുന്നു. കോഴിക്കോടിന്റെ സാംസ്ക്കാരിക ഉണർവ്വിന്റെ പ്രതീകമാണ് മിഠായിതെരുവും, മാനാഞ്ചിറ ഉൾപ്പെടുന്ന സന്ദർശക ഇടങ്ങൾ. വ്യത്യസ്ത മേഖലകളിലുള്ള യുവതയുടെ സജീവമായ ഇടപെടൽ പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. അന്തരാഷ്ട്ര തലത്തിലേക്ക് ഉയർത്തപ്പെട്ട നടക്കാവ് ഹൈസ്കൂൾ വിദ്യാഭ്യാസ മേഖലയിലും കോഴിക്കോടിന്റെ യശസ്സുയർത്താൻ സഹായിച്ചിട്ടുണ്ട്.

മധ്യവർഗ്ഗ അലസജീവിത രീതി ഗ്രാമങ്ങളെയും നഗരങ്ങളെയും ഒരുപോലെ ഗ്രസിച്ചിരിക്കുന്നു. ആദർശാത്മക രാഷ്ട്രീയ-സാമൂഹ്യ സേവനങ്ങൾ അർത്ഥശൂന്യമാണെന്ന് പുതുസംഘ സംസ്കാരങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നവോത്ഥാന കാലത്ത് മലയാളി വലിച്ചെറിഞ്ഞ ജാതീയത, മതാത്മകത, അന്ധവിശ്വാസങ്ങൾ,

ആചാരാനുഷ്ഠാനങ്ങൾ എന്നിവ പൂർവ്വാധികം ശക്തിയോടെ തിരിച്ചെത്തിക്കൊണ്ടിരിക്കുന്നു. യുവജന കൂട്ടായ്മകൾ, ഗ്രന്ഥശാലകൾ, സേവനകേന്ദ്രങ്ങൾ, ശ്രമദാനങ്ങൾ തുടങ്ങിയ സാംസ്കാരിക ചലനങ്ങൾ നിലച്ചു തുടങ്ങിയിരിക്കുന്നു. സാംസ്കാരിക കേന്ദ്രങ്ങൾ പലതും നിർജ്ജീവമാകുകയോ സ്ഥാപിത താൽപ്പര്യക്കാരുടെ കൈപ്പിടിയിലാവുകയോ ചെയ്തിരിക്കുന്നു.

പുതിയ പാഠ്യപദ്ധതിയും പൊതു വിദ്യാഭ്യാസ രംഗത്തെ പുത്തനുണർവ്വും പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്. വിദ്യാർത്ഥികേന്ദ്രീകൃതമായ, ബഹുസ്വരതകൾക്ക് ഇടം നൽകുന്ന ക്ലാസ്സ് മുറികൾ സ്വതന്ത്രചിന്തയെയും വിമർശനാത്മക നിലപാടുകളെയും സർഗാത്മകതയെയും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഇടയ്ക്കു കൈമോശം വന്ന വായനയെയും സർക്ഷാവിഷ്കാരങ്ങളെയും സാംസ്കാരിക ചർച്ചകളെയും വീണ്ടെടുക്കാൻ വിദ്യാലയങ്ങളിൽ നിന്നു തന്നെ തുടക്കം കുറിക്കേണ്ടതുണ്ട്.

പൈതൃകസംരക്ഷണം

പ്രകൃതിജന്യവും മനുഷ്യനിർമ്മിതവുമായ പൈതൃകങ്ങൾ ജില്ലയിൽ ഏറെയുണ്ട്. അവയുടെ സംരക്ഷണവും വികസനവും ഉറപ്പാക്കാൻ പുരാവസ്തു വകുപ്പ്, ഭൂരേഖാവകുപ്പ് എന്നിവയെകൂടി കണ്ണിച്ചേർത്ത് സമഗ്രമായ പ്രവർത്തനങ്ങൾ ആസൂത്രണം ചേയ്യേണ്ടതുണ്ട്.

1. വി.കെ കൃഷ്ണമേനോൻ മ്യൂസിയം, എസ്.കെ പൊറ്റെക്കാട് സാംസ്ക്കാരിക കേന്ദ്രം, കാപ്പാട്, ബേപ്പൂർ, വലിയങ്ങാടി, കുറ്റിച്ചിറ, കാരന്തൂർ കളരികൾ, കടത്തനാട് കളരി, ലോകനാർകാവ്, ബഷീറിന്റെ വൈലാൽവീട് തുടങ്ങിയവ കൂടുതൽ പ്രധാന്യത്തോടെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.
2. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ ഏകോപിപ്പിക്കപ്പെടാതെ കിടക്കുന്ന പുരാവസ്തു രേഖകൾ പൈതൃക ശേഷിപ്പുകൾ എന്നിവ സമാഹരിക്കുകയും പ്രസ്തുത കേന്ദ്രങ്ങളിൽ സംരക്ഷിക്കപ്പെടുകയും വേണം.
3. ജില്ലയിലെ പ്രകൃതി/മനുഷ്യ നിർമ്മിത പൈതൃക ശേഷിപ്പുകൾ ഏതൊക്കെയെന്നും എത്ര വൈവിധ്യമാന്നുണ്ടെന്നും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ പ്രാധാന്യമെന്തെന്നും പൊതുസമൂഹത്തിന് അവബോധം പകരേണ്ടതുണ്ട്. ഇതിനാവശ്യമായ ബോധവത്ക്കരണങ്ങൾ, ശിൽപ്പശാലകൾ, പ്രദർശനങ്ങൾ തുടങ്ങിയവ നടത്തേണ്ടതുണ്ട്.
4. കേരളോത്സവം, മലബാർ മഹോത്സവം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഇത്തരം പൈതൃക സംരക്ഷണ ശിൽപ്പശാലകൾ സംഘടിപ്പിക്കേണ്ടതുണ്ട്.
5. ടൂറിസം വകുപ്പ്, പുരാവസ്തവകുപ്പ്, ഭൂരേഖാവകുപ്പ് എന്നിവയുടെ സഹകരണത്തോടെ ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാനാവും.

ഓരോ വിദ്യാലയത്തെയും ഒരു സാംസ്കാരിക നിലയമായി ഉയർത്തുക. പൊതുജനങ്ങൾ, പി.ടി.എ എന്നിവയുടെ സഹകരണത്തോടെ അതത് പ്രദേശത്തെ സാംസ്കാരിക വൈവിധ്യം, പൈതൃകം, മൺമറഞ്ഞുപോയ സാംസ്കാരിക നായകൻമാർ എന്നിവരെക്കുറിച്ച് പ്രാദേശികമായി ഡോക്യുമെൻറേഷൻ ചെയ്യുക. ഇത് ഭാവിയിൽ വലിയ റഫറൻസായി മാറും.

ഓരോ പ്രദേശത്തേയും ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സാംസ്കാരിക പരിപാടികൾ ആസൂത്രണം ചെയ്യുക. ഇത്തരം സാംസ്കാരിക പരിപാടികൾ നടത്താൻ ഒരു ഓപ്പൺ സ്റ്റേജ് ഓരോ പ്രദേശത്തും ഗവൺമെൻറ് ഉടമസ്ഥതയിൽ നിർമ്മിക്കുക. സ്ഥിരം നാടകശാലകൾ നഗരങ്ങൾ കേന്ദ്രീകരിച്ച് നിർമ്മിക്കുകയും നാടക കലാകാരൻമാരെ ശാക്തീകരിക്കുകയും ചെയ്യുക.

പൈതൃക സംരക്ഷണത്തിനായി വിദ്യാർത്ഥികളുടെ പങ്കാളിത്തം (പ്രധാനമായി കോളേജ് വിദ്യാർത്ഥകൾ) ഉറപ്പ് വരുത്തുകയും ഭക്ഷണ സംസ്കാരത്തിൽ കാതലായ മാറ്റങ്ങൾ വരുത്താൻ ഉചിതമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം. പോഷക സമൃദ്ധമായ പൈതൃക ഭക്ഷണം വിളമ്പുന്ന ഭക്ഷണശാലകൾ ടൂറിസം മേഖലയിൽ നിലനിർത്തുക.

കോഴിക്കോട് ജില്ലയിലെ തനത് ഭക്ഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുകയും പ്രകൃതി ഭക്ഷണത്തിന്റെ ഗുണവും പ്രാധാന്യവും ടൂറിസം

മേഖലയിലൂടെ അടിവരയിടുകയും ചെയ്യുക.

സാംസ്കാരിക പരിപാടികൾക്ക് സൗജന്യ മായി ഓഡിറ്റോറിയം വിട്ടുതരാൻ തയ്യാറാകുന്ന നഗരത്തിലെ ഹോട്ടലുകൾക്ക് നികുതിയിന ത്തിലോ ഇൻകം ടാക്സിലോ കിഴിവുകൾ നൽകാൻ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുക. ജില്ലയിൽ ടൂറിസം ഡസ്റ്റിനേഷൻ ആയി രൂപാന്തരം പ്രാപിക്കാൻ പര്യാപ്തമായ ഒട്ടേറെ സ്ഥലങ്ങൾ കോഴിക്കോട് ജില്ലയിലെ ഗ്രാമങ്ങളിൽ ഉണ്ട്. ഇത്തരം ഗ്രാമങ്ങൾ ഒരു വിദഗ്ധ സമിതി സന്ദർശിക്കുകയും അതാത് പ്രദേശത്തെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് ടൂറിസം വികസന പരിപാടികൾ നടത്തുകയും വേണം. ഇത് ജില്ലയിലെ തൊഴിലവസരങ്ങളിൽ ടൂറിസം മേഖല ശാക്തീകരിക്കുകയും കാര്യമായ മാറ്റം ഉണ്ടാക്കുകയുംചെയ്യും.

ജില്ലയിലെ പ്രധാനപ്പെട്ട ചില സന്ദർശക കേന്ദ്രങ്ങൾ/പൈതൃക കേന്ദ്രങ്ങൾ

ബേപ്പൂർ ബീച്ച്

സർഗ്ഗാലയ , വടകര

കാപ്പാട് ബീച്ച്

ലോകനാർക്കാവ് ക്ഷേത്രം

കുഞ്ഞാലി മരയ്ക്കാർ സ്മാരകം

ചാലിയം കോട്ട

ടിപ്പുസുൽത്താൻ കോട്ട, ഫറോക്ക്

മദർ ഓഫ് കത്തീഡ്രൽ ചർച്ച്, കോഴിക്കോട്

വി.കെ. കൃഷ്ണമേനോൻ സ്മാരക മ്യൂസിയം

തളി ക്ഷേത്രം

മിഷ്കാൽ മസ്ജിദ്, കുറ്റിച്ചിറ

പെരുവണ്ണാമുഴി

വനപർവ്വം - കാക്കവയൽ - ബയോഡൈവേഴ്സ്റ്റി പാർക്ക്

കടലുണ്ടി കമ്മ്യൂണിറ്റി റിസർവ്

കല്ലായി മരവ്യവസായ കേന്ദ്രം

തുഷാരഗിരി വെള്ളച്ചാട്ടം

കക്കയം ഡാം

മിഠായി തെരുവ്

മാനാഞ്ചിറ

പ്ലാനറ്റോറിയം, സുവോളജിക്കൽ മ്യൂസിയം

ജാനകിക്കാട് എക്കോടൂറിസം

കോംട്രസ്റ്റ് നെയ്ത്തുശാല

താമരശ്ശേരി ചുരം

ഗ്രന്ഥശാലകൾ

ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിൽ ഗ്രന്ഥശാലകൾക്ക് വലിയ പങ്കുണ്ട്. സാംസ്കാരിക പ്രവർത്തകർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വയോജനങ്ങൾ, സ്ത്രീകൾ എന്നിങ്ങനെ വിവിധ തലങ്ങളിലുള്ളവരെ ഏകോപിപ്പിക്കുന്നതിനും ഒത്തുചേരുന്നതിനുമുള്ള വേദികൾ തന്നെയാണ് വായനശാലകൾ. ജില്ലയിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ വായനശാലകളുടെ വിവരങ്ങൾ പട്ടിക 4.2.63 ൽ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.2.63

ജില്ലയിലെ പബ്ലിക് ലൈബ്രറികളുടെ വിവരങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനം	പബ്ലിക് ലൈബ്രറികൾ
ബ്ലോക്ക്	
കോഴിക്കോട്	17
ചേളന്നൂർ	75
കുന്ദമംഗലം	59
കൊടുവള്ളി	59
ബാലുശ്ശേരി	86
പേരാമ്പ്ര	65
മേലടി	46
പന്തലായനി	82
വടകര	49
തോടന്നൂർ	56
തൂണേരി	16
കുന്നുമ്മൽ	66
മുനിസിപ്പാലിറ്റി	
ഫറോക്ക്	13
രാമനാട്ടുകര	5
മുക്കം	100
കൊടുവള്ളി	72
കൊയിലാണ്ടി	17
പയ്യോളി	10
വടകര	19
കോർപ്പറേഷൻ	
കോഴിക്കോട്	64

മദ്രാസ് ഗവൺമെൻറിന്റെ കീഴിലായിരുന്ന കാലത്ത് ആരംഭിച്ച ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ കീഴിലുള്ള ലൈബ്രറികളും, സംസ്ഥാന ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളും തമ്മിൽ പ്രവർത്തനത്തിൽ ഏകീകരണമില്ലാത്ത അവസ്ഥയുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ലഭിച്ച കൃതികളുടെ പശ്ചാത്തലമായി കോഴിക്കോട് നഗരമുണ്ട്. മലയാളത്തിലെ എണ്ണപ്പെട്ട സിനിമകളുടെ കഥാപശ്ചാത്തലം കോഴിക്കോടാണ്. സാഹിത്യത്തിന്റെ വാമൊഴി ശാഖയ്ക്കുള്ള കോഴിക്കോടിന്റെ തനതു സംഭാവനയാണ് വടക്കൻ പാട്ടുകൾ.

ലബ്ധപ്രതിഷ്ഠരായ ഒട്ടേറെ സാഹിത്യ പ്രതിഭകളുടെ കർമ്മഭൂമിയായിരുന്നു ഈ നഗരം. അവർ അവശേഷിപ്പിച്ച സാംസാകാരിക പൈതൃകം പുനഃസൃഷ്ടിക്കാനുള്ള സംരംഭങ്ങൾ, വായന ശാലകൾ, സാംസ്കാരിക വേദികൾ വഴി രൂപപ്പെടുത്തേണ്ടതുണ്ട്.

- ലൈബ്രേറിയൻമാർക്ക് ഗ്രേഡ് വ്യത്യാസം ഇല്ലാതെ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കണം.
- ലൈബ്രറി പ്രവർത്തനം പകൽ സമയം പൂർണ്ണമായും ലഭ്യമാവുന്ന രീതിയിൽ ക്രമീകരിക്കണം.
- ലൈബ്രറികൾ ഇൻഫർമേഷൻ സെന്ററുകളായി വികസിപ്പിക്കണം.
- കുട്ടികളെ ആകർഷിക്കുന്ന വിധം ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അംഗീകൃത ലൈബ്രറികൾക്കുള്ള ഫണ്ട് ഏകീകരിക്കുകയും കൃത്യസമയത്ത് ലഭ്യമാക്കുകയും വേണം.
- ഗ്രന്ഥശാലാ പ്രവർത്തകർക്കായി മേഖലാടിസ്ഥാനത്തിൽ നേതൃത്വ പരിശീലന പരിപാടികൾ, ശിൽപശാലകൾ, സഹവാസ ക്യാമ്പുകൾ എന്നിവ കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കാം.
- മേഖലാടിസ്ഥാനത്തിൽ വായനശാലാ പ്രവർത്തകർ, അംഗങ്ങൾ എന്നിവർക്കായി നടത്തുന്ന സാഹിത്യ ശിൽപശാലകൾ, ചർച്ചാവേദികൾ, മത്സരങ്ങൾ എന്നിവയ്ക്ക് തുടർപ്രവർത്തനങ്ങൾ നടപ്പാക്കാം.
- റഫറൻസ് ഗ്രന്ഥങ്ങൾ, മികച്ച ആനുകാലികങ്ങൾ, പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ നൽകാൻ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുകയും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയും ചെയ്യണം.
- മികച്ച വായനശാലകൾ/ ഗ്രന്ഥശാലകൾക്ക് മേഖല/താലൂക്ക്/ജില്ലാ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുകയും ടിന്നിങ് പ്രോഗ്രാമിലൂടെ അവ പരസ്പരം പ്രവർത്തനങ്ങൾ പങ്കുവെയ്ക്കുകയും വേണം.

നാടൻ കല, സംസ്കാരം

കേരളത്തിൽ വിശിഷ്യാ തെക്കൻ മലബാറിലെ കാവുകൾ, തറവാട്ടുസ്ഥാനങ്ങളിൽ വർഷംതോറും നടത്തിവരുന്ന അനുഷ്ഠാന കലാരൂപങ്ങൾ, ഇതര ദൃശ്യകലകൾ, ശ്രാവ്യകലകൾ തുടങ്ങിയ ഉപഭോഗ-ആഗോള സംസ്കാരത്തിന്റെ കുത്തൊഴുക്കിൽ സംഭ്രമിച്ചു നിൽക്കുന്നുണ്ട്.

കേരളീയ തനതു കലകളിൽ പ്രമുഖമായ തിരുവാതിരക്കളി, കാക്കാരശ്ശി നാടകം, അർജ്ജുനനൃത്തം, കുറത്തിയാട്ടം, കെട്ടുകാഴ്ച, തെയ്യം, തിറയാട്ടം, പൊറാട്ടുകളി, വേലൻ തുള്ളൽ, തീയ്യാട്ട്, ചവിട്ടുനാടകം തുടങ്ങിയവയും കായിക കലാവിനോദങ്ങളിൽപ്പെട്ട വേലകളി, തലപ്പന്തുകളി, കോലടിക്കളി, കുട്ടിയും കോലും, കുടുകുടു, കിളിത്തട്ടുകളി, കളരിപ്പയറ്റ് തുടങ്ങിയവയും അന്യം നിന്നു പോകാതെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

ഇതിനായി മലബാർ മഹോത്സവം പോലെ കോഴിക്കോട് കേന്ദ്രമായി ഒരു വാരം നീണ്ടു നിൽക്കുന്ന നാടൻ കലോത്സവം സംഘടിപ്പിക്കാം.

നാടൻ കലകളുമായി ബന്ധപ്പെട്ടു നടക്കുന്ന മേളകൾക്ക് പൊതുജനപങ്കാളിത്തവും മാധ്യമ ശ്രദ്ധയും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വശിക്ഷാ അഭിയാൻ, ടൂറിസംവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, സാംസ്കാരിക കൂട്ടായ്മകൾ, ഗവേഷണകേന്ദ്രങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തവും സഹകരണവും ഉറപ്പ് വരുത്താവുന്നതാണ്.

വിദ്യാലയങ്ങൾ, കോളേജുകൾ എന്നിവയിൽ നടക്കുന്ന കലോത്സവമത്സര പരിപാടികൾ

ക്കപ്പുറത്ത് നാടൻകലയും നാടൻ സംസ്കാര വുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിയ്ക്കണം.

പ്രകൃതിയുമായി പാരസ്പര്യപ്പെട്ട് നിന്ന നാടൻ സംസ്കാരം, കൈവേലകൾ, ജീവിത രീതികൾ, എന്നിവയുടെ പ്രധാന്യം, ചികിത്സാ രീതികൾ, ഔഷധങ്ങൾ എന്നിവയെക്കുറിച്ചും പൊതു സമൂഹത്തിൽ കൃത്യമായ ധാരണയു ണ്ടാക്കാൻ പര്യാപ്തമായ മേളകൾ, ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ഗോത്ര സംസ്കാരം, കലകൾ

കോഴിക്കോട് ജില്ലയിൽ ഗോത്ര ജീവിതവും സംസ്കാരവും തുടർന്നുവരുന്ന നിരവധി പ്രദേശങ്ങളുണ്ട്. പാത്തിപ്പാറ, ചിപ്പിലിത്തോട്, ചെമ്പുകടവ്, മേലേ പൊന്നാങ്കയം, കോട്ടക്കുന്ന്, മുത്തപ്പൻപ്പുഴ, കുറുമൻകണ്ടി, ഓടപ്പൊയിൽ, കട്ടിപ്പാറ, നൂറാംതോട് തുടങ്ങിയ ആദിവാസി ഗോത്രമേഖലയിലെ ജീവിതരീതികൾ, ഗോത്ര കലകൾ, സംസ്കാരം എന്നിവയുടെ സവിശേഷ തകൾ, നാട്ടറിവുകൾ എന്നിവ പൊതുസമൂഹ ത്തിനും കൂടി ലഭ്യമാക്കേണ്ടതുണ്ട്.

ഈ പ്രദേശങ്ങളിലെ കുട്ടികളുടെ സ്കൂൾ പ്രവേശനം, നിലനിർത്തൽ തുടങ്ങിയവയ്ക്കായി സമഗ്ര പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും. ഇതിനായി സർവ്വശിക്ഷാ അഭിയാൻ, ഡയറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ എന്നിവയുടെ പങ്കാളിത്തവും കൂട്ടായ്മയും പ്രയോജനപ്പെടുത്താവുന്നതാണ്.

ഫോക്ലോർ (folklore) പഠനകേന്ദ്രം, കോഴിക്കോട് സർവ്വകലാശാല, കിർത്താഡ്സ് തുടങ്ങിയവ ഈ രംഗത്ത് ശാസ്ത്രീയ പഠനങ്ങളും അന്വേഷണങ്ങളും നടത്താൻ പദ്ധതി തയ്യാറാ ക്കണം. മലബാർ മഹോത്സവം പോലുള്ള ജില്ലയിലെ പ്രധാന സാംസ്കാരിക പരിപാടികളിൽ നാടൻകലകൾക്കും ജില്ലയിലെ കലാകാര ൻമാർക്കും അവസരം നൽകുക. പുറത്തു നിന്നു വരുന്ന പ്രമുഖ കലാകാരൻമാരുടെ പരിപാടി കൾക്കായി വരുന്ന ഭാരിച്ച ചെലവു തുക മറ്റു പരിപാടികൾക്കായി ഉപയോഗിക്കുക.

നാടൻ കലാകാരൻമാരുടെ കൂട്ടായ്മ സാധ്യമാക്കണം. ജില്ലാ തലത്തിൽ നാടൻ കലാകാരൻമാരുടെ കൂട്ടായ്മ ഉറപ്പുവരുത്തുകയും ഇതിന്റെ നേതൃത്വത്തിൽ അവധിക്കാല ത്തോടനുബന്ധിച്ചോ ഉത്സവകാലത്തോ നാടൻ കലാമേളകൾ, ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കണം.

പുതിയ പാഠ്യപദ്ധതി പ്രകാരം ഇത്തരം വിദഗ്ദ്ധരുമായി ആശയവിനിമയത്തിനും സംവാദത്തിനും സ്കൂൾ/കോളേജ് വിദ്യാർത്ഥി കൾക്ക് അവസരം നൽകണം. കുട്ടികൾക്കായി മേഖലാടി സ്ഥാനത്തിൽ സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കണം.

സമിതികൾ

ഒട്ടേറെ കലാസാംസ്ക്കാരിക സമിതികളും സാംസ്കാരിക കൂട്ടായ്മകളും ഊർജസ്വലമായി പ്രവർത്തിച്ചു വന്ന ജില്ലയാണ് കോഴിക്കോട്. ജില്ലയുടെ സാംസ്കാരിക അഭ്യുന്നതിയ്ക്ക് ഇത്തരം സമിതികളും കൂട്ടായ്മകളും നല്കി പോന്ന സംഭാവന വിലമതിക്കാനാവാത്തതാണ്.

പട്ടിക 4.2.64

ജില്ലയിലെ കൾച്ചറൽ സെന്ററുകളുടെ വിവരങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനം	കൾച്ചറൽ സെന്റർ (എണ്ണം)
ബ്ലോക്ക്	
കോഴിക്കോട്	1
ചേളന്നൂർ	8
കുന്ദമംഗലം	25
കൊടുവള്ളി	4
ബാലുശ്ശേരി	11
പേരാമ്പ്ര	8
മേലടി	-
പന്തലായനി	24
വടകര	1
തോടന്നൂർ	2
തൂണേരി	3
കുന്നുമ്മൽ	11
മുനിസിപ്പാലിറ്റി	
ഫറോക്ക്	1
രാമനാട്ടുകര	15
മുക്കം	1
കൊടുവള്ളി	1
കൊയിലാണ്ടി	1
പയ്യോളി	-
വടകര	-
കോർപ്പറേഷൻ	
കോഴിക്കോട്	2

സ്രോതസ്സ്-ജില്ലാ ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡപ്യൂട്ടി ഡയറക്ടർ ഓഫീസ്.

ഇത്തരം കലാ സാംസ്ക്കരിക പ്രവർത്തനങ്ങൾക്ക് പലപ്പോഴും തടസ്സം നിൽക്കുന്നത് ഫണ്ടാണ്. ലയൺസ് ക്ലബ്, ജേസീസ് ക്ലബ് തുടങ്ങിയ സംഘടനകളുമായി ബന്ധപ്പെട്ട് പ്രർത്തിക്കുന്നത് ഉചിതമായിരിക്കും. അവരുടെ സ്പോൺസർഷിപ്പോടെ പൊതുജനങ്ങൾക്ക് ഗുണകരമായ പല പരിപാടികളും നടത്താൻ കഴിയും.

- ഇത്തരം കലാസാംസ്ക്കരിക സമിതികളുടെ ഊർജ്ജസ്വലമായ സാന്നിദ്ധ്യം കുറഞ്ഞു കുറഞ്ഞു വരുന്നതായാണ് കാണുന്നത്. ഉപഭോഗസംസ്കാരം, ആഗോളവൽക്കരണം, മത്സരാധിഷ്ഠിത സാമൂഹ്യ ജീവിതക്രമം എന്നിവയെല്ലാം ഇതിനു കാരണമാകുന്നുണ്ട്. ആസൂത്രിതവും സമർപ്പിതവുമായ പ്രവർത്തനങ്ങൾ വഴി ഇവ ഏകീകരിക്കാനും ഊർജ്ജസ്വലമാക്കുവാനുമാണ് നടപടികൾ സ്വീകരിക്കേണ്ടത്.
- ജില്ലയിലെ സാംസ്ക്കാരിക സമിതികൾ, യുവജനകൂട്ടായ്മകൾ എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കേണ്ടത് അത്യാവശ്യമാണ്.
- മുഴുവൻ കലാസാംസ്ക്കാരിക സമിതികളുടെയും നേതൃത്വം വഹിക്കുന്നവർക്കായി റസിഡൻഷ്യൽ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതു വഴി ഈ കൂട്ടായ്മയെ കൂടുതൽ ലക്ഷ്യവേദികളാക്കാൻ സാധിക്കും. ശിൽപ്പശാലക്ക് ഓരോ സമിതിയും തങ്ങളുടെ പ്രവർത്തന കാഴ്ചപ്പാട്, ഏറ്റെടുക്കുന്ന മേഖലകൾ, ചുമതലകൾ, ഇതിൽ ഉറപ്പാക്കേണ്ട ടീം സ്പിരിറ്റ്, സന്നദ്ധത തുടങ്ങിയവയെക്കുറിച്ചു ഏകീകൃത ധാരണകൾ പ്രദാനം ചെയ്യാൻ പര്യാപ്തമാവും.
- പ്രധാനപ്പെട്ട സാംസ്ക്കാരിക കേന്ദ്രങ്ങൾ പ്രോഗ്രാം വഴി പ്രവർത്തനങ്ങൾ, മാതൃകകൾ എന്നിവ പങ്കുവെക്കാൻ കഴിയും.
- കൂടാതെ ഇത്തരം സ്ഥാപനങ്ങൾ കുട്ടികളുടെ വായന, സാംസ്ക്കാരിക പ്രവർത്തനങ്ങൾ പങ്കുവെക്കലുകൾക്കായി തുറന്നു കൊടുക്കണം. പഠന സംഘങ്ങൾക്ക് സന്ദർശിക്കാനും തുറന്നു കൊടുക്കണം.
- നിലവിലുള്ള കലാസമിതികളെ ഏകോപിപ്പിച്ച് ധാരാളം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സാധിക്കും.
- സാംസ്ക്കാരിക / കലാസങ്കേതങ്ങൾ, ആശയങ്ങൾ എന്നിവ വിനിമയം ചെയ്യത്തക്ക രീതിയിൽ ശില്പശാലകൾ ജില്ലാ/ബ്ലോക്ക് തലങ്ങളിൽ സംഘടിപ്പിക്കൽ.
- ജില്ലയിലെ മൺമറഞ്ഞുപോയ സാഹിത്യ സാംസ്ക്കാരിക കലാമേഖലയിലെ പ്രതിഭകളും രചനകളിൽ / ആവിഷ്ക്കാരത്തിൽ പഠനം നടത്തൽ.
- വടക്കൻ പാട്ടുകളുടെ ഗാനസംഘങ്ങൾ, തെരുവു നാടകങ്ങൾ, സ്കിറ്റുകൾ, നാടൻ കലാ രൂപങ്ങൾ എന്നിവയുടെ മൊബൈൽ അവതരണം നടത്തൽ
- ബ്ലോക്ക് തല കലാകേന്ദ്രങ്ങൾ ഒരുക്കുക, വിവിധ കലാരൂപങ്ങളിൽ പ്രാവീണ്യമുളളവർക്ക് ഒത്തുകൂടാനും ആശയങ്ങൾ പങ്കുവെക്കാനും വേദിയൊരുക്കൽ.

പ്രാദേശിക ജില്ലാതല സാംസ്ക്കാരിക നിലയങ്ങൾ

പ്രാദേശിക സാംസ്ക്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പ്രവർത്തകർക്ക് കൂടിച്ചേരുന്നതിനും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രാദേശിക സാംസ്ക്കാരിക നിലയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമുണ്ടാകണം.

താഴെ കൊടുത്ത പട്ടികയിൽ പറയുന്ന രീതിയിൽ ജില്ലയിലെ സാംസ്ക്കാരിക നിലയങ്ങളെ ക്രോഡീകരിക്കാം.

പട്ടിക 4.2.65

ജില്ലയില ക്ലബ്ബുകളുടെയും കമ്മ്യൂണിറ്റി ഹാളുകളുടെയും എണ്ണം

ബ്ലോക്ക്/നഗരസഭ	ആർട്സ് &സ്പോർട്സ് ക്ലബുകൾ	കമ്മ്യൂണിറ്റി ഹാൾ
ബ്ലോക്ക്		
കോഴിക്കോട്	91	4
ചേളന്നൂർ	79	7
കുന്ദമംഗലം	42	9
കൊടുവളളി	51	20
ബാലുശ്ശേരി	93	7
പേരാമ്പ്ര	71	3
മേലടി	39	2
പന്തലായനി	66	4
വടകര	71	4
തോടന്നൂർ	87	5
തൂണേരി	41	5
കുന്നുമ്മൽ	68	7
മുൻസിപ്പാലിറ്റി		
ഫറോക്ക്	15	1
രാമനാട്ടുകര	34	1
മുക്കം	24	1
കൊടുവളളി	40	1
കൊയിലാണ്ടി	40	1
പയ്യോളി	7	1
വടകര		

നിർദ്ദേശങ്ങൾ

- ജില്ലാതല സാംസ്കാരിക നിലയം ഇതര സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥാപനങ്ങളുടെയും അപെക്സ് ബോഡിയായി വർത്തിക്കണം. ഒപ്പം താഴെത്തട്ട് മുതൽ ജില്ലാതലം വരെയുള്ള സാംസ്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വേണം.
- സാംസ്കാരിക നിലയങ്ങൾ അതതു പ്രദേശത്തിന്റെ വായന, കായികാവബോധം, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയുടെ കേന്ദ്രമായി മാറണം. അയൽപ്പക്ക കൂട്ടായ്മ, റസിഡൻസ് അസോസിയേഷനുകൾ, ഗ്രാമസഭ എന്നിവയുമായി ഇതിന്റെ പ്രവർത്തനങ്ങൾ കണ്ണി ചേർക്കണം.
- ഓരോ സാംസ്കാരിക നിലയത്തിനും ഓരോ വർഷവും വ്യത്യസ്തമായ മേഖലകൾ നൽകുകയും സാംസ്കാരികോത്സവത്തിൽ ഇവയുടെ പ്ലോട്ടുകൾ, പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും വേണം.

അക്കാദമികളും ജില്ലാ പഞ്ചായത്തുകളും.

സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ അക്കാദമികളുമായി സഹകരിച്ച് ജില്ലാ പഞ്ചായത്തിന് ഏറെ കാര്യങ്ങൾ സാംസ്കാരിക മേഖലയിൽ ചെയ്യാൻ കഴിയും.

സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ചലച്ചിത്ര അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ അക്കാദമികൾ തനിച്ചും മറ്റു സംരംഭങ്ങളുമായി ചേർന്നും ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഇവയെ പ്രാദേശികാവശ്യങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്തുകയും ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കുകയും വേണം.

1. സർവ്വശിക്ഷാ അഭിയാൻ, ഡയറ്റ്, ആർ.എം.എസ്.എ. എന്നിവയുമായി സഹകരിച്ച് കുട്ടികൾ ക്കാവശ്യമായ (പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി) സാഹിത്യക്യാമ്പുകൾ സംഘടിപ്പിക്കൽ.
2. ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ വിദ്യാഭ്യാസ, സാംസ്കാരിക പ്രാധാന്യമുള്ള മികച്ച ലോകോത്തര സിനിമകളുടെ പ്രദർശനം, മേളകൾ എന്നിവ സംഘടിപ്പിക്കാം. കുട്ടികൾ, അദ്ധ്യാപകർ, ഗ്രന്ഥശാലാ പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ എന്നിവർക്കായി മേളയിലെ വിവിധ സെഷനുകൾ ക്രമീകരിക്കാം.
3. പുസ്തകോത്സവം, നാടകക്യാമ്പ്, സംഗീത-നാടക പരിശീലനങ്ങൾ, സഹവാസ ക്യാമ്പുകൾ, പ്രകൃതി പഠന ക്യാമ്പുകൾ തുടങ്ങിയവ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ അക്കാദമികളുടെ സഹകരണത്തോടെ സംഘടിപ്പിക്കൽ.

പ്രാദേശിക രേഖകൾ

കോഴിക്കോട് ജില്ലയിൽ ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും നാൾവഴികൾ പ്രതിനിധീകരിക്കുന്ന ധാരാളം ശേഷിപ്പുകളുണ്ട്. വാസ്കോഡ ഗാമ കപ്പലിറങ്ങിയ കാപ്പാട്, കുറ്റിച്ചിറയിലെ മിശ്കാൽ പള്ളി, റബി സംസ്ക്കാരത്തിന്റെ ഭാഗമായി രൂപപ്പെട്ട കൂട്ടുകുടുംബ സംസ്ക്കാരവും, തറവാട്ടു വീടുകൾ, വടക്കൻ പാട്ടുകളിൽ പരാമർശിക്കുന്ന ലോകനാർകാവ് , വടക്കൻ പാട്ടുകളുടെ ലിഖിത രൂപങ്ങൾ, സി.വി.എൻ. കളരി പാരമ്പര്യം, ആരാധനാലയങ്ങൾ, കാവുകൾ തുടങ്ങിയവയൊക്കെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഒപ്പം ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന പ്രാദേശിക രേഖകൾ സമാഹരിക്കുകയും പുതു തലമുറയ്ക്ക് വിനിമയം ചെയ്യേണ്ടതുമുണ്ട്. ഇതിനുള്ള സമഗ്ര പ്രവർത്തനങ്ങളാണ് ഈ മേഖലയിൽ വേണ്ടത്.

1. രേഖകൾ സമാഹരിക്കാൻ വിദ്യാർത്ഥികളുടെയും ഗവേഷകരുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്താം. ഓരോ ബ്ലോക്ക് പരിധിയിലെയും ഇത്തരം ചരിത്ര രേഖകൾ കണ്ടെത്താൻ അതതു പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി കോളേജുകളെ ഉപയോഗപ്പെടുത്തണം.
2. പഠനത്തിന്റെ ഭാഗമായ 'Compulsory Social Service" സാധ്യത ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തണം.
3. ഇത്തരത്തിൽ ശേഖരിക്കപ്പെടുന്ന പ്രാദേശിക രേഖകൾ ജില്ലയിലെ താഴെ പറയുന്ന മ്യൂസിയങ്ങളിൽ സൂക്ഷിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്.

വി.കെ. കൃഷ്ണ മേനോൻ മ്യൂസിയം - ഈസ്റ്റ് ഹിൽ

എസ്.കെ. പൊറ്റക്കാട് സ്മാരകം - പുതിയറ

ബഷീർ സ്മാരകം - ബേപ്പൂർ

ഉറൂബ് സ്മാരകം - കോഴിക്കോട്

ഇ. മൊയ്തു മൌലവി സ്മാരക മ്യൂസിയം - കോഴിക്കോട് ബീച്ച്

കെ. രാധാകൃഷ്ണ മേനോൻ സ്മാരകം - സേവാ മന്ദിരം, രാമനാട്ടുകര

4. മേൽ പറഞ്ഞ മ്യൂസിയങ്ങളിൽ ഏറ്റവും സാധ്യതയും സൌകര്യവുമുള്ളവ ഏതെന്ന് വിദഗ്ദ്ധ സമിതി പരിശോധിക്കുകയും സംരക്ഷിക്കാനും പ്രദർശിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

കൈപ്പട സംരക്ഷണം

സാംസ്ക്കാരിക നായകന്മാർ, രാഷ്ട്രതന്ത്രജ്ഞർ, പ്രതിഭാശാലികൾ തുടങ്ങിയവരുടെ കൈപ്പടകൾ തലമുറകൾക്കായി സൂക്ഷിക്കേണ്ടതുണ്ട്. ഒപ്പം അതതു കാലഘട്ടത്തിലെ ലേഖനരീതിയും കൈപ്പടകളും സങ്കേതങ്ങളും സമാഹരിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

1. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവനവും സാധ്യതയും ഇതിനായി ഉപയോഗിക്കണം.

2. പുരാവസ്തു വകുപ്പ്, സാംസ്ക്കാരിക വകുപ്പ് എന്നിവയുടെ പിന്തുണയും ഇതിനായി ഉപയോഗിക്കണം. ഒപ്പം കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ കോളേജുകൾ എന്നിവക്കും ഇതിൽ വലിയ പങ്ക് വഹിക്കാനാവും.

3. ഇങ്ങനെ ശേഖരിച്ച കൈപ്പടകൾ, രേഖകൾ എന്നിവ ജില്ലയിലെ വി.കെ.കൃഷ്ണമേനോൻ സ്മാരക മ്യൂസിയം, എസ്.കെ.പൊറ്റെക്കാട് സ്മാരകം, ബഷീർ സ്മാരകം, ഉറൂബ് സ്മാരകം, മൊയ്തുമൌലവി മ്യൂസിയം തുങ്ങിയവയിൽ സൂക്ഷിക്കാം.

4. സ്ക്കൂളുകൾ, കോളേജുകൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയുടെ സേവനം കൈപ്പട സംരക്ഷണ മേഖലയിൽ ഉപയോഗപ്പെടുത്താനാവും.

5. കേരളത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയങ്ങളിലൊന്നായ കോഴിക്കോട്ടെ ആഗ്ലോ ഇന്ത്യൻ ഹൈസ്ക്കൂൾ, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി അപ്പു നെടുങ്ങാടി ആരംഭിച്ച് അച്ചുതൻ ഗേൾസ് ഹൈസ്ക്കൂൾ, സേവാമന്ദിരം ബേസിക് സ്ക്കൂൾ, സാമൂതിരി വിദ്യാലയം, തുടങ്ങിയവയെല്ലാം കൈപ്പട ശേഖരത്തിനായി ഏറെ പങ്കുവഹിക്കാനാവും.

6. ഇത്തരം വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് കൈപ്പട സംരക്ഷണവും പ്രദർശനവും ഒരുക്കാവുന്നതാണ്.

റസിഡന്റ്സ് അസോസിയേഷൻ

സാംസ്കാരിക പരിപോഷണത്തിനും പൈതൃക സംരക്ഷണത്തിനും പ്രാദേശിക സാധ്യതകൾ വിപുലപ്പെടുത്തുന്നതിനും പുതിയ കാലത്ത് ഏറ്റവുമധികം ആശ്രയിക്കാവുന്നവ റസിഡൻറ്സ് അസോസിയേഷനുകളാണ്. ഓരോ ഗ്രാമത്തിലെയും നഗര ചത്വരങ്ങളിലെയും ഒട്ടേറെ സാംസ്കാരിക- സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ അതതു റസിഡൻറ്സ് അസോസിയേഷനുകൾ മുൻകൈ എടുക്കുന്നുണ്ട്.

1. പ്രാദേശിക ചരിത്ര-പൈതൃക സംരക്ഷണം, പാരിസ്ഥിതികാവബോധം, സാംസ്ക്കാരിക പരിപോഷണം തുടങ്ങിയ മേഖലകളിൽ റസിഡൻറ്സ് അസോസിയേഷൻ പ്രതിനിധികൾക്ക് ശില്പശാലകൾ സംഘടിപ്പിക്കാം. ബ്ലോക്ക് തലങ്ങളിലായിരിക്കണം ഈ ശിൽപശാലകളുടെ സംഘാടനം.

2. എല്ലാ റസിഡൻറ്സ് അസോസിയേഷനുകളും പ്രവർത്തനമേഖലകളിൽ പാരസ്പര്യവും വൈവിധ്യവും പുലർത്തുന്നതിൽ ബ്ലോക്ക്/ ജില്ലാതലങ്ങളിൽ കൂട്ടായ്മ സംഘടിപ്പിക്കണം.

3. ഇത്തരം കൂട്ടായ്മകളിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഏകോപനവും സമഗ്രതയും ഉറപ്പാക്കാനും, ഉള്ളടക്കത്തിന്റെയും സംഘാടനത്തിന്റെയും തലങ്ങളിൽ സൂക്ഷ്മത പുലർത്താനും സാധിക്കുന്നതാണ്.

4. പ്രാദേശിക വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ പ്രവർത്തനം സജീവമാക്കാൻ റസിഡൻറ്സ് അസോസിയേഷനുകളുടെ സേവനം ഉപയോഗിക്കാം.

5. ബ്ലോക്ക്/ജില്ലാ തലങ്ങളിൽ നടക്കുന്ന സാംസ്കാരികോത്സവങ്ങൾ, കേരളോത്സവം, ലിറ്ററേച്ചർ ഫെസ്റ്റിവൽ തുടങ്ങിയ പരിപാടികളിൽ സാംസ്കാരിക ഇനങ്ങൾ, പ്രദർശന സ്റ്റാളുകൾ എന്നിവ റസിഡൻറ്സ് അസോസിയേഷനുകൾ വഴി ചെയ്യാം.

6. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാലയങ്ങൾ ഹൈടെക് ആക്കി മാറ്റൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, സാമൂഹ്യ സേവനങ്ങൾ, ശ്രമദാനങ്ങൾ തുടങ്ങിയവ സാക്ഷാത്കരിക്കുന്നതിനും ഇവയ്ക്ക് ഒട്ടേറെ സാധിക്കും.

7. പ്രാദേശിക സർക്കാറുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെല്ലാം ഇവയുടെ ഏകോപനത്തിനും ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകണം.

സാംസ്കാരികോത്സവങ്ങൾ

ഒരു ദേശത്തിന്റെ സാംസ്കാരിക ബഹുസ്വരതയെ നിലനിർത്തുന്നതിൽ പ്രാദേശിക-ഗ്രാമ- നഗരങ്ങളിൽ നടക്കുന്ന സാംസ്കാരികോത്സവങ്ങൾ വഴി സാധിക്കുമെന്ന് തീർച്ചയാണ്. രേവതി പട്ടത്താനം, സാമൂതിരി വിദ്വൽ സദസ്സ്, മലബാർ മഹോത്സവം, കേരളോത്സവം, ലിറ്ററേച്ചർ ഫെസ്റ്റിവൽ തുടങ്ങിയ ഒട്ടേറെ സാംസ്കാരികോത്സവങ്ങളുടെ മണ്ണാണ് കോഴിക്കോട്.

1. പ്രാദേശിക ഉത്സവങ്ങൾ, സാംസ്കാരിക വൈവിധ്യവും പാരമ്പര്യവും വിനിമയം ചെയ്യാൻ പര്യാപ്തമായ രീതിയിൽ സംഘാടനം ഉറപ്പു വരുത്തണം.

2. കാവുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ തുടങ്ങിയ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ മതമൈത്രി, വിശ്വമാനവികാവബോധം തുടങ്ങിയ മൂല്യങ്ങൾ പരിപോഷിപ്പിക്കുന്ന രീതിയിൽ സംഘടിപ്പിക്കാൻ പ്രേരിപ്പിക്കണം.

3. വിവിധ പ്രദേശങ്ങളിൽ നാട്ടുകാർ, വ്യവസായികൾ, പ്രവാസികൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ പിന്തുണയോടെ ഓരോ പഞ്ചായത്തിലും ഉത്സവങ്ങൾ സംഘടിപ്പിക്കണം.

4. വിദ്യാലയങ്ങൾ, കോളേജുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കും സ്റ്റാൾ, ആവിഷ്കാര ഇനങ്ങൾ തുടങ്ങിയവ ഒരുക്കാൻ ചുമതലകൾ നൽകാം.

5. മലബാർ കലോത്സവം, കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ, കേരളോത്സവം, ജില്ലാ കലോത്സവങ്ങൾ, സംഗീത-നാടക ശിൽപശാലകൾ എന്നിവ വ്യത്യസ്ത കലാരൂപങ്ങൾക്ക് പ്രചരണവും പ്രാധാന്യവും ലഭിക്കുന്ന രീതിയിൽ സംഘടിപ്പിക്കണം.

6. ഒരാഴ്ച നീണ്ടുനിൽക്കുന്ന ജില്ലാ സർഗോത്സവം സാംസ്കാരികോത്സവത്തിൽ കഥകളി, മോഹിനിയാട്ടം തുടങ്ങിയ കലാരൂപങ്ങൾക്കൊപ്പം നാടൻ കലകൾ, സാംസ്കാരിക ഇനങ്ങൾ, പ്രദർശനങ്ങൾ എന്നിവയ്ക്കും ഇടം നൽകണം.

7. പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ വിനോദസഞ്ചാര വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെ സാംസ്കാരികോത്സവങ്ങൾ നടത്തണം.

ചലച്ചിത്രം, തിയേറ്റർ സമുച്ചയങ്ങൾ

ജനങ്ങളെ ഏറ്റവുമധികം ആകർഷിക്കുന്ന കലാരൂപമായ ചലച്ചിത്രത്തെക്കുറിച്ച് ശരിയായ അവബോധം പുതുതലമുറയിൽ വളർത്തിയെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസ പ്രധാന്യവും, സാംസ്കാരിക മൂല്യവും പൈതൃകാത്മകവുമായ മൂല്യബോധമുൾക്കൊള്ളുന്ന സിനിമകളെ പ്രോത്സാഹിപ്പിക്കുകയും അതു പുതിയ തലമുറയിലേക്ക് വ്യാപിപ്പിക്കുവാൻ സഞ്ചരിക്കുന്ന തിയേറ്റർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റസിഡൻസ് അസോസിയേഷനുകളിലമെല്ലാം തന്നെ സംഘടിപ്പിക്കണം. ചലച്ചിത്രത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കാൻ ചലച്ചിത്ര സംബന്ധമായ ക്ലാസ്സുകളും നൽകണം. ഹ്രസ്വചിത്രങ്ങളുടെ നിർമ്മാണവും പ്രദർശനവും ചർച്ചയും പ്രോത്സാഹിപ്പിക്കം. ഇത്തരം സിനിമകൾ പ്രദർശിപ്പിക്കാനായി കമ്മ്യൂണിറ്റി ഹാളുകൾ

പ്രയോജനപ്പെടുത്തണം. കൂടാതെ ചലച്ചിത്ര അക്കാദമിയുടെ സാധ്യതകൾ ഉപയോഗിച്ച് ഫിലിം സൊസൈറ്റി പ്രസ്ഥാനം ശക്തമാക്കുകയും ചെയ്യണം.

സിനിമാ പ്രദർശനത്തിനായി ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു തിയേറ്റർ സമുച്ചയമുണ്ടാവുകയും അവിടെ ലൈബ്രറി, പുസ്തകശാല, ആർട്ട് ഗ്യാലറി തുടങ്ങിയവ ഉൾക്കൊള്ളുന്ന സാംസ്ക്കാരിക നിലയങ്ങളായി രിക്കുകയും വേണം.

പട്ടിക - 4.2.66

ജില്ലയിലെ സിനിമാ തിയേറ്റർ, കമ്മ്യൂണിറ്റി ടി വി സെന്റർ (എണ്ണം)

ബ്ലോക്ക്/നഗരസഭ	സിനിമ തിയേറ്റർ	കമ്മ്യൂണിറ്റി ടിവി സെന്റർ (എണ്ണം)
ബ്ലോക്ക്		
കോഴിക്കോട്	1	4
ചേളന്നൂർ	1	6
കുന്ദമംഗലം	1	9
കൊടുവള്ളി	3	10
ബാലുശ്ശേരി	2	2
പേരാമ്പ്ര	3	7
മേലടി	0	0
പന്തലായനി	0	3
വടകര	1	1
തോടന്നൂർ	0	1
തൂണേരി	0	2
കുന്നുമ്മൽ	3	2
മുൻസിപ്പാലിറ്റി		
ഫറോക്ക്	0	6
രാമനാട്ടുകര	2	0
മുക്കം	5	1
കൊടുവള്ളി		3
കൊയിലാണ്ടി	3	
പയ്യോളി	1	
വടകര	5	
കോർപ്പറേഷൻ		
കോഴിക്കോട്	15	

സാംസ്ക്കാരിക ഡാറ്റാബാങ്ക്

കോഴിക്കോട് ജില്ലയിലെ പ്രമുഖ സാംസ്ക്കാരിക നായകന്മാരെക്കുറിച്ചും, അവരുടെ സാംസ്ക്കാരിക പ്രവർത്തനങ്ങളെക്കുറിച്ചും, പല സാംസ്ക്കാരിക സ്ഥാപനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ രംഗത്ത് പുതുകാഴ്ചപ്പാടുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെക്കുറിച്ചും, വ്യക്തി മുദ്ര പതിപ്പിച്ച കലാകാരന്മാരെക്കുറിച്ചും പുതുതല മുറ അറിയേണ്ടതാണ്. അതിനായി ഇവരെ ക്കുറിച്ചുള്ള സമ്പൂർണ്ണ വിവരം ഉൾക്കൊള്ളുന്ന ഡാറ്റാബാങ്ക് അനിവാര്യമാണ്.

1. ഡാറ്റാബാങ്ക് പഞ്ചായത്തു തലത്തിൽ ക്രോഡീകരിക്കണം.
2. വിദ്യാഭ്യാസ പ്രവർത്തകർ, കലാസാം സ്ക്കാരിക പ്രവർത്തകർ ഇവരെ ഉപയോഗ പ്പെടുത്തി ഡാറ്റകൾ ശേഖരിക്കണം.
3. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ ഇവരുടെ സഹായം പ്രയോജനപ്പെടുത്താം.
4. ശേഖരിച്ച പഞ്ചായത്തുതല ഡാറ്റകൾ ക്രോഡീകരിച്ച് ജില്ലാതല ഡാറ്റാബാങ്ക് നിർമ്മിക്കാം.
5. വിദ്യാർത്ഥികൾക്കായുള്ള നല്ല ഒരു റഫറൻസായി ഇതിനെ പ്രയോജന പ്പെടുത്താം.

മറ്റ് കലാവിഭാഗങ്ങൾ

കഥകളി, നാടകം, സംഗീതം, നൃത്തം, കഥാപ്രസംഗം, ചിത്രകല, ശില്പങ്ങൾ, നാടൻ കലകൾ, ക്ലാസ്സിക്കൽ കലകൾ, പുരാതനവും ആധുനികവുമായ വാദ്യവിശേഷങ്ങൾ, നാട്ടു വിനോദങ്ങൾ, നാടൻ കളികൾ തുടങ്ങിയവയുടെ വികാസവും സംരക്ഷണവും അനിവാര്യമാണ്.

1. ഓരോ പ്രദേശത്തെയും കലാകാരന്മാരെ പരിചയപ്പെടാനുള്ള അവസരം കുട്ടികൾക്കും, പൊതു സമൂഹത്തിനും ഒരുക്കുക.
2. കലയെക്കുറിച്ച് ആഴത്തിലുള്ള അറിവിനായി കലാകാരന്മാരുമായി കുട്ടികൾക്ക് അഭിമുഖം ഏർപ്പെടുത്തുക.
3. കലാകാരന്മാരുടെ വളർച്ചയ്ക്കായി ഫണ്ട് നൽകുക.
4. കലാകാരന്മാരുടെ വാട്സ്ആപ്പ് കൂട്ടായ്മ രൂപീകരിക്കുക.
5. വിവിധ കലകളുടെ പ്രദർശനം സംഘടി പ്പിക്കുക.

നവമാധ്യമങ്ങൾ

നവമാധ്യമങ്ങളുടെ പ്രസക്തി ഏറിയ ഈ കാലഘട്ടത്തിൽ അവയെ ഏറ്റവും ജനകീയമായ സങ്കേതമായി വളർത്തുന്നതോടൊപ്പം തന്നെ ശരിയായ ദിശാബോധം നൽകേണ്ടതും വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

സാംസ്കാരിക മൂല്യങ്ങളുടെ വികസന ത്തിനും നവീകരണത്തിനും ഇവയെ ഉപാധിയാ ക്കേണ്ടതാണ്.

1. വിദ്യാലയങ്ങളിൽ ഐ.ടി പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ സജ്ജീകരിക്കണം.
2. ഐ.ടി. യിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകണം
3. വാട്ട്സ് അപ്പ് കൂട്ടായ്മ വ്യാപിപ്പിക്കണം (രചനകൾ)
4. ബ്ലോഗുകൾ രൂപീകരിക്കണം (കുട്ടികൾ, കലാകാരന്മാർ ഇവരുടെ രചനകൾ പ്രസിദ്ധപ്പെടുത്താനും വ്യാപിപ്പിക്കാനും)
5. ബ്ലോഗുകൾ ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും വികസിപ്പിക്കണം.

ഇക്കാര്യങ്ങളിൽ യുവജനങ്ങളുടെ മുൻകൈ ഉറപ്പാക്കണം.

ദൃശ്യമാധ്യമങ്ങൾ/അച്ചടി മാധ്യമങ്ങൾ

ദൃശ്യമാധ്യമങ്ങളുടെയും അച്ചടിമാധ്യ മങ്ങളുടെയും സാധ്യതകൾ സാമൂഹിക വികസനത്തിനും നവീകരണത്തിനും ഉപയോഗ പ്പെടുത്തേണ്ടതുണ്ട്. ഇതിനായി വിവിധ പരി പാടികളുടെ ദൃശ്യവൽക്കരണവും പത്രമാധ്യ മങ്ങളും പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

1. പരിസര മലിനീകരണ ബോധവൽക്കരണ ത്തിനായി കവലകളിൽ ഡോക്യുമെന്ററികൾ നടത്താം.
2. പകർച്ച വ്യാധിയെപ്പറ്റിയുള്ള ബോധവൽക്ക രണത്തിനായി തെരുവു നാടകങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.
3. നല്ല മാതൃകകൾ കാണാനുള്ള അവസര മൊരുക്കാൻ വേണ്ടി പത്രമാധ്യമങ്ങൾ പ്രയോജനപ്പെടുത്താം.

ശാസ്ത്രബോധം, മതേതരത്വം

ശാസ്ത്രബോധവും മതേതരത്വവും വളർത്തുന്നതിനും അടിസ്ഥാനമാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾക്ക് പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി സംവിധാനം ഒരുക്കേണ്ടതാണ്.

1. നിലവിലുള്ള സ്കൂൾ ശാസ്ത്ര ക്ലബ്ബുകൾ വഴി ശാസ്ത്രബോധം വളർത്തേണ്ടതാണ്.
2. ശാസ്ത്ര ബോധവൽക്കരണം സംഘടിപ്പിച്ച് ശാസ്ത്രാഭിമുഖ്യം വളർത്തേണ്ടതാണ്.
3. ശാസ്ത്ര പ്രചരണജാഥകൾ, കലാജാഥകൾ സംഘടിപ്പിക്കൽ, തെരുവു നാടകം പ്രോത്സാഹിപ്പിക്കൽ.
4. നവോത്ഥാനത്തിന്റെ ഫലമായി രൂപപ്പെട്ട മാനവികത, മതേതരത്വം തുടങ്ങിയവ പതുക്കെ കൈമോശം വന്നു കൊണ്ടിരിക്കുന്ന കാലമാണിത്. ഇവ തിരിച്ചു പിടിക്കാൻ ആസൂത്രിതവും ദീർഘദർശനവുമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.
5. മാനവിക മൂല്യങ്ങൾ, മതസൌഹാർദ്ദം, പാരസ്പര്യം തുടങ്ങിയ ആശയങ്ങൾ ആവിഷ്ക്കരിക്കുന്ന സാംസ്ക്കാരിക ഘോഷയാത്രകൾ, ശില്പശാലകൾ എന്നിവ ബ്ലോക്ക് തലത്തിൽ ബഹുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കണം.
6. ഓണം, ക്രിസ്തുമസ്, വിഷു, പെരുന്നാൾ തുടങ്ങി വിവിധ മതസ്ഥരുടെ ആഘോഷങ്ങൾ ബഹു ജനപങ്കാളിത്തത്തോടെ മതസൌഹാർദ്ദ കാഴ്ചപ്പാട് വ്യാപിക്കുന്നതിനു വേണ്ടി സംഘടിപ്പിക്കണം.
7. സ്കൂളുകൾ, കോളേജുകൾ തുടങ്ങി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതമൈത്രി, വിശ്വമാനവികത എന്നീ ആശയങ്ങളിൽ പ്രബന്ധ - പ്രസംഗ മത്സരങ്ങൾ, സിംബോസിയങ്ങൾ ഘോഷയാത്രകൾ സംഘടിപ്പിക്കാം.

സാഹിത്യ പഠനം, ആസ്വാദനം, രചന പരിപോഷണം

മലയാള സാഹിത്യത്തെയും, സാംസ്ക്കരത്തെയും രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കു വഹിച്ച കോഴിക്കോട് ജില്ലയിൽ ആഗോളവൽക്കരണത്തിന്റെയും ഉപഭോഗ സാംസ്ക്കരത്തിന്റെയും അനുരണനങ്ങൾ സൃഷ്ടിച്ച വിടവ് ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെ മറികടക്കാൻ സാധിക്കും

1. പുതിയ പാഠ്യപദ്ധതി കുട്ടികളുടെ സർഗ്ഗാത്മകതയെയും രചനാ ശ്രമങ്ങളെയും ഏറെ പ്രോത്സാഹിക്കുന്നുണ്ട്. അതിനാൽ, ക്ലാസ്റൂം പ്രവർത്തനത്തിന്റെയും ഭാഗമായും സ്വതന്ത്രമായും രൂപപ്പെടുന്ന കുട്ടികളുടെ മികച്ച രചനകൾ സമാഹരിക്കുകയും പ്രസിദ്ധീകരിക്കപ്പെടുകയും വേണം.
2. പ്രൈമറി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് തലങ്ങളിലെ രചനകൾ സമാഹരിച്ച് ഓരോ ഉപജില്ലാതലത്തിലും അവ പ്രസിദ്ധീകരിക്കപ്പെടണം. സ്ക്കൂൾ മാനേജ് മെന്റ് കമ്മിറ്റി, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർക്കൊപ്പം ജില്ലയിലെ കലാ-സാഹിത്യ പ്രതി കളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്താം.
3. വിദ്യാരംഗം കലാസാഹിത്യവേദി, സർവ്വശിക്ഷാഭിയാൻ എന്നിവയുടെ നേതൃത്വത്തിൽ നടക്കുന്ന സ്ക്കൂൾ/പഞ്ചായത്ത്/ഉപജില്ലാതല സാഹിത്യോത്സവങ്ങൾ, സാഹിത്യ ശിൽപ്പ ശാലകൾ എന്നിവക്ക് തുടർച്ച ഉറപ്പുവരുത്തേണ്ടതുണ്ട്. ജില്ലയിലെ പ്രമുഖ എഴുത്തുകാരുമായി സംവദിക്കുന്നതിനും കുട്ടികൾക്ക് അവസരം നൽകണം.
4. പൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, കോളേജ് തലങ്ങളിൽ നിന്നും പ്രതിഭ തെളിയിച്ചവർക്കായി ജില്ലാതല സാഹിത്യ ശിൽപ്പശാല സംഘടിപ്പിക്കുകയും ഇവരുടെ രചനകൾ തുടർച്ചയായി ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിനുള്ള പ്രോത്സാഹനം നിരന്തരം നൽകുകയും വേണം.
5. ജില്ലയിലെ സാഹിത്യ-ചരിത്ര-സാംസ്ക്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാനും ബ്ലോഗുകൾ, സോഷ്യൽ മീഡിയകൾ വഴി യാത്രാനുഭവങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, സർഗ്ഗരചനകൾ പങ്ക് വെക്കുന്നതിനും അവസരമൊരുക്കണം.
6. വി.കെ.കൃഷ്ണമേനോൻ മ്യൂസിയം, എസ്.കെ.പൊറ്റെക്കാട് സാംസ്കാരിക നിലയം, ഇരിങ്ങൽ ആർട്ട് വില്ലേജ്, ടൌൺഹാൾ, ആർട്ട് ഗ്യാലറി എന്നിവ ജില്ലയുടെ സാഹിത്യ സാംസ്ക്കാരിക പ്രതിഭകളെ പരിപോഷിപ്പിക്കുന്ന രീതിയിൽ പ്രയോജനപ്പെടുത്തണം.

കായികം, യുവജനകാര്യം

ഇന്ത്യയിലെ ഏറ്റവും മികച്ച കായികതാരങ്ങളിലൊരാളായ ഒളിമ്പ്യൻ പി ടി ഉഷയ്ക്ക് ജന്മം നൽകിയ നാട് എന്ന നിലയിൽ കോഴിക്കോട് കായികഭൂപടത്തിൽ സവിശേഷ സ്ഥാനം അടയാളപ്പെടുത്തുന്നുണ്ട്. കൂടാതെ ഫുട്ബോൾ, വോളിബോൾ. അത്ലറ്റിക്സ് തുടങ്ങിയ ഇനങ്ങളിൽ കേരളത്തിന് ദേശീയ, അന്തർദേശീയ തലത്തിൽ പ്രശസ്തി നേടി തന്ന ധാരാളം കായിക താരങ്ങളേയും ജില്ല സംഭാവന ചെയ്തിട്ടുണ്ട്.

ഏതൊരു സമൂഹത്തിലെയും ഏറ്റവും കർമ്മോത്സുകമായ വിഭാഗമാണ് യുവജനങ്ങൾ. ലക്ഷ്യബോധമുള്ള യുവജനതയാണ് സമൂഹത്തിന്റെ മുതൽക്കൂട്ട്. കേരളത്തിലെ എല്ലാ വിഭാഗം യുവജനങ്ങളുടെയും സർവ്വതോൻമുഖമായ പുരോഗതി ലക്ഷ്യമാക്കി അവരുടെ ക്ഷേമവും വികസനവും സാധ്യമാകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ സാഹചര്യങ്ങളിൽ അതിദ്രുതം സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുപൂരകമായി യുവജനങ്ങളുടെ സമഗ്ര വികസനം സാധ്യമാകുന്ന തരത്തിൽ കാലോചിതമായ നയം രൂപീകരിക്കേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിൽ 2011 ലെ സെൻസസ് പ്രകാരം 30,86,932 ലക്ഷം ജനങ്ങളാണ് ഉള്ളത്. ഇവരിൽ 12,70,417 ലക്ഷം യുവാക്കളാണ്. ജില്ലയിലെ യുവജനങ്ങളെ സാമൂഹിക നവ നിർമ്മാണ പ്രക്രിയയിൽ സജീവമായി ഇടപെടുവിക്കുവാൻ ഉതകുന്ന തരത്തിലുള്ള പദ്ധതികളാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്. യുവജന കമ്മീഷൻ, യുവജനക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര തുടങ്ങിയ സംവിധാനങ്ങളിലൂടെയാണ് നിലവിൽ യുവജനങ്ങൾക്കുള്ള വിവിധ പരിപാടികൾ നടപ്പാക്കി വരുന്നത്.

ജില്ലയിലെ മുഴുവൻ ജനതയുടെയും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ കായിക ഇനങ്ങളിൽ മികച്ച വിജയം കൈവരിക്കാൻ കഴിയുന്ന പ്രതികളെ ചെറുപ്പത്തിലെ കണ്ടെത്തി വളർത്തിയെടുക്കുന്നതിന് സഹായകരമാകുന്ന പദ്ധതികളാണ് പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലത്ത് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ജില്ലയിലെ എല്ലാ സർക്കാർ എയിഡഡ് സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ടാലന്റ് സെർച്ചിലൂടെ കണ്ടെത്തുന്ന വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്രനിലവാരമുള്ള പരിശീലനം ലഭ്യമാക്കുവാൻ സാധിക്കണം. ഇതിനാവശ്യമായ കളിസ്ഥലങ്ങൾ, പരിശീലകർ എന്നിവയും സജ്ജമാക്കേണ്ടതുണ്ട്. പൊതു സമൂഹത്തിന്റെ കായിക ക്ഷമത വർദ്ധിപ്പിക്കുതിന് നിർദ്ദേശിക്കപ്പെട്ട കായിക മത്സരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമയബന്ധിതമായി നടത്തേണ്ടതാണ്.

വിഷയ മേഖലയിലെ നിലവിലെ അവസ്ഥ

പട്ടിക 4.2.67

ജില്ലയിലെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ

തദ്ദേശഭരണ പ്രദേശം	മൈതാനം- കോർട്ട്	സ്റ്റേഡിയം- മിനി സ്റ്റേഡിയം - കുളങ്ങൾ	ഹെൽത്ത് ക്ലബ്ബ്- നീന്തൽപരിശീലനം
പഞ്ചായത്ത്	132	35	35
മുനിസിപ്പാലിറ്റി	28	8	44
കോർപ്പറേഷൻ	25	3	3
ആകെ	**185**	**46**	**82**

അവലംബം : തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ചത്

ആയഞ്ചേരി, ചെക്യാട്, അത്തോളി, ചോറോട്, എടച്ചേരി, ചെങ്ങോട്ടുകാവ്, മണിയൂർ, കായക്കൊടി, കോടഞ്ചേരി, ഒഞ്ചിയം, തൂണേരി, തുറയൂർ, തിരുവള്ളൂർ, തിരുവമ്പാടി എന്നിങ്ങനെ 14 പഞ്ചായത്തുകളിൽ സ്റ്റേഡിയം- മിനി സ്റ്റേഡിയങ്ങൾ ഇല്ല. തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള സ്റ്റേഡിയങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 4.78 ൽ കൊടുത്തിരിക്കുന്നു. തദ്ദേശ ഭരണ സ്ഥാപന തലത്തിലുള്ള സ്റ്റേഡിയങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 4.78 ൽ കൊടുത്തിരിക്കുന്നു. മാവൂർ, മേപ്പയൂർ, നടുവണ്ണൂർ, നൊച്ചാട്, മൂടാടി, പനങ്ങാട്, പെരുമണ്ണ, പെരുവയൽ എന്നിങ്ങനെ 8 പഞ്ചായത്തുകളിൽ ഹെൽത്ത് ക്ലബ്ബ്- നീന്തൽ പരിശീലനം- കുളങ്ങൾ ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുള്ള വിവരങ്ങൾ - പട്ടിക 4.2.67 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.2.68

യുവജന ക്ഷേമ ബോർഡ് ക്ലബ്ബുകളുടെ സ്ഥിതി വിവര കണക്ക്

തദ്ദേശഭരണ പ്രദേശം	* യൂത്ത് ക്ലബ്ബ്	യുവ ക്ലബ്ബ് എസ്.സി- എസ്.ടി	വനിതാ ക്ലബ്ബ്	** അഫിലിയേൻ പുതുക്കാത്ത ക്ലബ്ബുകൾ	ആകെ
പഞ്ചായത്ത്	149	33	3	210	395
മുനിസിപ്പാലിറ്റി	24	10		80	114
കോർപ്പറേഷൻ	23		2	10	35
ആകെ	**196**	**43**	**5**	**300**	**544**

അവലംബം : തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ചത്

**യുവജനക്ഷേമ ബോർഡ്ിൽ രജിസ്റ്റർ ചെയ്ത് സജീവമായി പ്രവർത്തിക്കുന്ന ക്ലബ്ബുകൾ.*

***കേരളോത്സവത്തിൽ പഞ്ചായത്ത് തലത്തിൽ പങ്കെടുത്തതനുസരിച്ച്*

നെഹ്റുയുവകേന്ദ്ര സ്ഥിതിവിവര കണക്ക്

ജില്ലയിൽ നെഹ്റു യുവകേന്ദ്രയുടെ കീഴിൽ 13 വളണ്ടിയർമാരും 416 യൂത്ത് ക്ലബ്ബുകളുമാണ് ഉള്ളത്. യുവജന ക്ലബ്ബ് ശാക്തീകരണം, വ്യക്തിത്വ വികസനം, ദേശീയ അന്തർദേശീയ ദിനാചരണങ്ങൾ, സ്കിൽ ഡലവലപ്പ്മെന്റ് ട്രെയിനിംഗ്, നാടൻ കലകളുടെ പ്രോത്സാഹനം, യൂത്ത് ഡേ സ്പോർട്സ് മീറ്റ്, യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് അവാർഡ് എന്നിവയാണ് പ്രവർത്തന മേഖലകൾ.

ജില്ലാ സ്പോർട്സ് കൗൺസിൽ

ജില്ലാ സ്പോർട്സ് കൌൺസിൽ അംഗത്വമുള്ള 40 അസോസിയേഷനുകൾ ഉണ്ട്. കൌൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ ജില്ലാ സബ് ജൂനിയർ, ജൂനിയർ,സീനിയർ മേച്ചുകൾ, സമ്മർകോച്ചിംഗ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കലും, വനിതാ സ്വയം പ്രതിരോധപ്രവർത്തനങ്ങൾ ഏറ്റെടുക്കലും, സ്പോർട്സ് ഹോസ്റ്റലുകൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവയുടെ പരിപാലനവും മറ്റ് തനത് പരിപാടികൾ സംഘടിപ്പിക്കലുമാണ്.

നിലവിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പാലാക്കി വരുന്ന പദ്ധതികൾ

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയം ഭരണ വകുപ്പുകൾ മുഖേനയും അഫിലിയേറ്റഡ് യൂത്ത് ക്ലബ്ബുകൾ മുഖേനയും യുവജനക്ഷേമ ബോർഡ് നേരിട്ടും പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദ വിവരങ്ങൾ പട്ടിക 4.2.69 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.2.69

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നടപ്പിലുള്ള പദ്ധതികൾ

ക്രമ നം	ഇനം	നടപ്പിലാക്കുന്ന തലം
1	വിവിധ തൊഴിൽ പരീശീലനം	ജില്ലാ തലത്തിൽ നേരിട്ടും വിവിധ ക്ലബ്ബുകൾ വഴിയും നടപ്പിലാക്കുന്നു.
2	പി.എസ്.സി പരീശീലനം	ജില്ലാ തലത്തിൽ നേരിട്ടും വിവിധ ക്ലബ്ബുകൾ വഴിയും നടപ്പിലാക്കുന്നു.
3	വിവിധ മേഖലകളിലെ ബോധവൽക്കരണം	ജില്ലാ തലത്തിൽ നേരിട്ടും വിവിധ ക്ലബ്ബുകൾ വഴിയും നടപ്പിലാക്കുന്നു.
4	ജൈവ കൃഷി	ജില്ലാ തലത്തിൽ നേരിട്ടും വിവിധ ക്ലബ്ബുകൾ വഴിയും നടപ്പിലാക്കുന്നു.
5	വ്യക്തിത്വ വികസന ക്യാമ്പ്	സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും
6	ദേശീയോദ് ഗ്രഥന ക്യാമ്പ്	സംസ്ഥാന തലത്തിൽ
7	കേരളോത്സവം	തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ
8	ചിത്ര രചനാ ക്യാമ്പ്	സംസ്ഥാന തലത്തിൽ
9	സാഹിത്യ ക്യാമ്പ്	സംസ്ഥാന തലത്തിൽ
10	മീഡീയാ ക്യാമ്പ്	സംസ്ഥാന തലത്തിൽ
11	നാടൻ കലാ മേള	സംസ്ഥാന തലത്തിൽ
12	സ്ത്രീ ശാക്തീകരണത്തിനായി ജില്ലാ തലത്തിൽ തൊഴിൽ പരിശീലനം	ജില്ലാ തലത്തിൽ
13	വനിതാ ക്യാമ്പ്	സംസ്ഥാന തലത്തിൽ
14	ഫിലിം ഫെസ്റ്റിവെൽ	സംസ്ഥാന തലത്തിൽ

അവലംബം : ജില്ലാ യുവജന ക്ഷേമവകുപ്പ്

വിവിധ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

കായികയുവജന മേഖലയിൽ ജില്ല യിൽ നിലനിൽക്കുന്ന ഏറ്റവും പ്രധാന പ്രശ്നം സമഗ്രമായ ഏകോപന സംവിധാനങ്ങളുടെ അപര്യാപ്തതതായണ്.

ശാസ്ത്രീയമായ അവസ്ഥാ വിശകല നങ്ങൾ ഹ്രസ്വ-ദീർഘകാല വികസന പരിപ്രേക്ഷ്യം ഇതുവരെയും രൂപപ്പെട്ടിട്ടില്ല.

യുവജനക്ഷേമ ബോർഡിലും നെഹ്റു യുവകേന്ദ്രയിലും അഫിലിയേഷനുള്ള ക്ലബ്ബുകൾക്ക് എല്ലാം പഞ്ചായത്തുകളിലും കോഓർഡിനേഷൻ സംവിധാനം നിലവിലില്ല.

വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്ഥിരമായി ജോലി ചെയ്യുന്ന 303 കായികാധ്യാപകരുടെയും, സർവ്വശിക്ഷ അഭിയാൻ ക്ലബ്ബുകൾ മുഖേന നിയമിച്ച 113 കായികാധ്യാപകരുടെയും സേവനം ജില്ലയിലെ കായിക വികസന പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല.

ജില്ലയിലെ കായിക പ്രവർത്തിനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിക്കുന്നത് ജില്ലാ സ്പോർട്സ് കൌൺസിൽ, സായി സെന്റർ, ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് എന്നീ സ്ഥാപനങ്ങളുടെ വിഭവങ്ങൾ പരസ്പരം പങ്കുവെച്ചുകൊണ്ട് കായിക മേഖലക്ക് ഉപകാര പ്രദമാകുന്ന രീതിയിൽ ഏകോപനത്തോടെയുള്ള പ്രവർത്തനം നിലവിലില്ല.

ഏകോപന പദ്ധതികൾ

സംസ്ഥാനത്തിന്റെ സാമൂഹിക ചിത്രം മാറ്റി മറിക്കാൻ പര്യാപ്തമായ നവകേരള പദ്ധതിയിൽ ജില്ലയിലെ യുവജന സമൂഹത്തെ നിർമ്മാ ണാത്മകമായി ഉപയോഗപ്പെടുത്താവുന്നതാണ്. പഞ്ചായത്ത് തലത്തിൽ യൂത്ത് കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യുവജന ക്ലബ്ബുകളുടെ സഹകരണത്തോടെ സന്നദ്ധ പ്രവർത്തനം സാധ്യമാക്കാവുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പ്രധാന കളിസ്ഥലങ്ങൾ-

കോഴിക്കോട് ജില്ലയിൽ രണ്ട് പ്രധാന കളിസ്ഥലങ്ങളിൽ സിന്തറ്റിക്ക് ട്രാക്ക് സംവിധാ നമുണ്ട്. മെഡിക്കൽ കോളേജിലെ ഒളിപ്യൻ റഹ്മാൻ സ്റ്റേഡിയവും, കിനാലൂരിലെ പി.ടി ഉഷ സ്കൂൾ ഗ്രൌണ്ടും. ഒളിപ്യൻ റഹ്മാൻ സ്റ്റേഡിയം മെഡിക്കൽ കോളേജ് ഫിസിക്കൽ എഡുക്കേഷൻ വിഭാഗത്തിന്റെ നിയന്ത്രണത്തിലാണ്.

ജില്ലയിൽ പ്രവർത്തിക്കുന്ന പ്രധാന സ്പോർട്സ് സ്ഥാപനങ്ങൾ ജില്ലാ സ്പോർടസ് കൗൺസിൽ, സായി സെന്റർ, ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് എന്നിവയാണ്. സായി സെന്റർ വോളിബോൾ, അത്ലറ്റിക്സ് എന്നീ ഇനങ്ങളിൽ പരിശീലനം നൽകുന്നു. ജില്ലാ സ്പോർട്സ് കൌൺസിലിന്റെ കീഴിൽ 36 ഓളം കായിക അസോസിയേഷനുകൾ പ്രവർത്തിക്കുന്നു.. കൂടാതെ 20 സ്കൂളുകളിൽ ഡേ ബോർഡിംഗ് സെന്ററുകളും, 2 കോളേജ് ഹോസ്റ്റലും, 3 സെൻട്രലൈസ്ഡ് ഹോസ്റ്റലും പ്രവർത്തിഴക്കുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ (കായികം)

1. സ്പോർട്സ് ആക്ട് 2000 ൽ വിഭാവനം ചെയ്യുന്ന വില്ലേജ്, ബ്ലോക്ക് തലത്തിൽ സ്പോർട്സ് കൌൺസിലുകൾ രൂപീകരിക്കുക.
2. അവശത അനുഭവിക്കുന്ന കായിക താരങ്ങൾക്ക് പെൻഷൻ നൽകുക.
3. അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ നീന്തൽ കുളങ്ങൾ നിർമ്മി ക്കുക.
4. ജില്ലയിൽ ഒരു സ്പോർട്സ് അക്കാദമി സ്ഥാപിക്കുക.
5. ദേശീയ അന്തർ ദേശീയ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.
6. സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയ റക്ടറേറ്റ് എന്നീ ദ്വിതല സംവിധാനം ഒഴിവാക്കി സ്പോർട്സ് വികസന പ്രവർത്തനം ഏകമുഖമാക്കുക.
7. അന്താരാഷ്ട്ര കായിക പ്രതിഭകളുടെ അറിവുകൾ പകരുന്നതിനായി എറുഡൈറ്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുക.
8. കായിക ചരിത്രം,ഗവേഷണം, ഗ്രന്ഥരചന തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാൻ കായിക ഫെലോഷിപ്പ് ഏർപ്പെടുത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സാമൂഹികാധിഷ്ഠിത പദ്ധതി എന്ന നിലക്ക്

സർക്കാർ ഉത്തരവ് സ.ഉ(എം.എഡ്)നമ്പർ 80-2017 ത.സ്വ.ഭ.വ തീയ്യതി 3-04-2017 പ്രകാരം ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് മത്സരങ്ങളുടെ പഞ്ചായത്ത് ബ്ലോക്ക് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുക.

2. ടാലന്റ് സെർച്ച് - കോഴിക്കോട് ജില്ലയിലെ 1278 സർക്കാർ എയിഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കായികാഭിരുചി കണ്ടെത്തുന്നതിനായി ടാലന്റ് സെർച്ച് നടത്തുക.

3. ജില്ലയിലെ കായികാധ്യാപകരും സ്പോർട്സ് സ്ഥാപനങ്ങളും ഒരു കുടക്കീഴിൽ അണിനിരത്തുന്നതിനായി കായിക ക്ളസ്റ്റർ രൂപീകരിക്കുക.

4. ഒരു ഹൈസ്കൂൾ ഒരു ഗെയിം- ജില്ലയിലെ 70 പഞ്ചായത്തുകൾ, 7 മുനിസിപ്പാലിറ്റികൾ, എന്നിവിടങ്ങളിലെ ഒരു ഹൈസ്കൂൾ വീതവും കോർപ്പറേഷൻ പരിധിയൽ ഒന്നിൽ കൂടുതലും തിരഞ്ഞെടുത്ത് ഒരു ഗെയിമിൽ മാത്രം കേന്ദ്രീകരിച്ച് വിദഗ്ദ്ധ പരിശീലന പരിപാടി നടത്താവുന്നതാണ്.

5. അടിസ്ഥാന സൌകര്യ വികസനം- അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ നിർമ്മിക്കണം. ജില്ലയിൽ ഇപ്പോൾ രണ്ട് സിന്തറ്റിക്ക് ട്രാക്കുകളാണ് ഉള്ളത്. മെഡിക്കൽ കോളേജ് ഗ്രൌണ്ടും കിനാലൂർ ഉഷ സ്കൂളും. അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പടെയുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ പുതുതായി നിർമ്മിക്കണം.

6. ഭിന്ന ശേഷി - ഭിന്നലിംഗക്കാരുടെ കായിക മേളകൾ.- സമൂഹത്തിന്റെ പരിഗണന കിട്ടേണ്ട മറ്റൊരു വിഭാഗമാണ് ഭിന്ന ശേഷി-ഭിന്ന ലിംഗക്കാർ. സാമൂഹിക നീതി വകുപ്പിന്റെ കണക്ക് പ്രകാരം ജില്ലയിൽ 1,23,724 ഭിന്ന ശേഷിക്കാരും 350 ഭിന്നലിംഗക്കാരുമുണ്ട്. ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭിന്നശേഷി-ഭിന്നലിംഗക്കാരുടെ കായികമേളകൾ സംഘടിപ്പിക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ (യുവജന കാര്യം)

1. കേരളോത്സവത്തെ ഓണാഘോഷ പരിപാടിയുടെ ഭാഗമായി നടത്തുക. കേരളോത്സവ വിജയികൾക്കുള്ള സർട്ടിഫിക്കറ്റിന് പി.എസ്.സി ഗ്രേസ് മാർക്ക് അനുവദിക്കുക

2. സർക്കാറിന്റെ വിമുക്തി പദ്ധതിയുമായി ചേർന്നുകൊണ്ട് മദ്യം-മയക്കുമരുന്നിന് അടിമപ്പെട്ട യുവാക്കൾക്കുള്ള പുനരധിവാസ പദ്ധതി-

3. വ്യവസായ സംരഭകത്വം- തൊഴിലന്വേഷകരായ യുവജനങ്ങളെ തൊഴിൽ ദാതാക്കാളായി മാറ്റിയെടുക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി സംരംഭം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും, സംരംഭം വിജയിപ്പിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും നൽകുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ (യുവജന കാര്യം)

1. ജില്ലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കിഴിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ നിരവധി യൂത്ത് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ യൂത്ത് ക്ലബ്ബുകളെ പ്രാഥമിക രജിസ്ട്രേഷൻ വിധേയമാക്കിക്കൊണ്ട് പഞ്ചായത്ത് തലത്തിൽ രജിസ്ട്രേഷന് വേണ്ട സൌകര്യമൊരുക്കിക്കൊണ്ട് കലാ- കായിക- സാമൂഹ്യ - ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ സജ്ജമാക്കാൻ സാധിക്കും. വർഷം തോറും ഗ്രാമ പഞ്ചായത്ത് തലത്തിൽ ക്ലബ്ബുകളുടെ രജിസ്ട്രേഷൻ പുതുക്കുകയും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, നെഹ്റു യുവ കേന്ദ്ര പോലെയുള്ള നിവധി സർക്കാർ സംവിധാനങ്ങളിൽ നിന്നുള്ള ഫണ്ട് വിനിയോഗം യൂത്ത് ക്ലബ്ബുകൾ വഴി നടപ്പിലാക്കുന്നതിന് സഹായിക്കുക.

2. യൂത്ത് കോ ഓർഡിനേഷൻ കമ്മിറ്റി - ഗ്രാമ പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, മെമ്പർമാർ, യൂത്ത് കോ-ഓർഡിനേറ്റർമാർ, യുവജന രാഷ്ട്രീയ പ്രതിനിധികൾ എന്നിവർ ഉൾപെട്ട യൂത്ത് കോ ഓർഡിനേഷൻ കമ്മിറ്റിയെ സജീവമാക്കിക്കൊണ്ട് യുവജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.

3. യുവശക്തി-എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും യുവശക്തി യൂത്ത് കോർഡിനേറ്റർമാരെ നിയമിക്കാൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിലും ജില്ലയിൽ 39 സ്ഥലങ്ങളിൽ മാത്രമേ യൂത്ത് കോ ഓർഡിനേറ്റർമാർ നിലവിലുള്ളൂ. ഈ സംവിധാനം എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും ഉണ്ടാകണം.

4. യുവകർമ്മ സേന- ആരോഗ്യ ജീവകാരുണ്യ സന്നദ്ധ പ്രവർത്തന രംഗത്ത് കർമ്മ നിരതരായ ഒരു യുവ സമൂഹം ഏത് ആപത്ഘട്ടത്തിലും രക്ഷാ കവചമണിഞ്ഞ് അണിനിരത്താൻ ജില്ലയിൽ യുവാക്കളടങ്ങുന്ന യുവകർമ്മസേനക്ക് രൂപം നൽകേണ്ടതുണ്ട്. രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള പരിശീലനങ്ങളും പ്രാഥമിക ശുശ്രൂഷ പരിശീലനവും നല്കി യുവജനങ്ങളെ വാർത്തെടുക്കേണ്ടതുണ്ട്.

5. രക്തദാനവും, അവയവ ദാനവും ഒരുപോലെ പ്രോത്സാഹിപ്പിക്കുന്നതിന് യുവാക്കൾക്കിടയിൽ ബോധവത്കരണം നടത്തിക്കൊണ്ട് എല്ലാ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിലും യുവാക്കളെ ഉൾപ്പെടുത്തികൊണ്ട് ബ്ലഡ്-അവയവ ബാങ്ക് രൂപീകരിക്കാൻ സാധിക്കും. ക്ലബ്ബുകളുടെ സഹകരണം, യുവജന-രാഷ്ട്രീയ സംഘടനകളുടെ സഹകരണം ഇവ ഉറപ്പാക്കിയാൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

6. കരിയർ ഗൈഡൻസ്, വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശങ്ങൾ, വിവാഹപൂർവ്വ കൗൺസിലിംഗ്, കുടുംബ ജീവിത പരിശീലനങ്ങൾ, സാമ്പത്തിക സാക്ഷരതാ പരിപാടി, സൌജന്യ പി.എസ്.സി പരിശീലനം തുടങ്ങിയ സേവനങ്ങൾ യുവജനങ്ങൾക്കായി നടപ്പിലാക്കാൻ കഴിയണം.

7. താലൂക്കടിസ്ഥാനത്തിൽ സിവിൽ സർവ്വീസ് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.

അദ്ധ്യായം 4.4

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ



പട്ടികജാതി വികസനം

ജാതിവ്യവസ്ഥ മൂലം അകറ്റി നിർത്തപ്പെട്ടതിനാൽ ഭൂമി ഉൾപ്പടെയുള്ള സമ്പത്ത്, വിദ്യാഭ്യാസം, തൊഴിൽ, മനുഷ്യാവകാശങ്ങൾ എന്നിവയെല്ലാം നിഷേധിക്കപ്പെട്ട ജനവിഭാഗമാണ് പട്ടികജാതിക്കാർ. സാമൂഹ്യമായി ഏറ്റവുമധികം പാർശ്വവൽക്കരണത്തിന് വിധേയമായ ജനവിഭാഗമാണിവർ. ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ വെള്ളം കടക്കാത്ത അറകളിലായി കുത്തനെ പടുത്തുയർത്തിയ ജാതിശ്രേണിയാണ് ഇവരെ അധ:സ്ഥിതരാക്കിയത്. സ്വാതന്ത്ര്യ പൂർവ്വകാലത്തെ കേരളം ഇന്ത്യൻ പരിതാവസ്ഥയുടെ തനിപ്പകർപ്പ് തന്നെയായിരുന്നു. ക്ഷേത്രമതിലിന് ചുറ്റുമുള്ള വഴികളിലല്ല, മനുഷ്യൻ സഞ്ചരിക്കുന്ന വഴികളിലൊന്നും നടക്കുവാൻ സ്വാതന്ത്ര്യമില്ലാത്തവരായിരുന്നു അന്നു മലബാറിലെ താഴ്ന്ന ജാതിക്കാർ എന്ന മഥനന്റെ പ്രസ്താവം അന്നത്തെ സ്ഥിതിയെ അനാവരണം ചെയ്യുന്നു. ഓരോ ജാതിക്കാരനും തൊട്ടുതാഴെയുള്ള ജാതിക്കാരാൽ തൊട്ടാൽ അശുദ്ധരാകും. അതുകൊണ്ടു തന്നെ ഇവർ ജാതീയമായ അയിത്തത്തിന്റെ ബലിയാടുകളായിരുന്നു. കേരളത്തിലെ ചില പ്രദേശങ്ങളിൽ ജാതിശ്രേണിയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട വാസസ്ഥല വ്യവസ്ഥയും വിവിധ ജാതി വിഭാഗങ്ങളുടെ നിശ്ചിത ക്രമത്തിലുള്ള വിന്യാസവും കാണാം.

വികസനത്തിന്റെ നാൾവഴി

കൊളോണിയൻ ഭരണത്തിന്റെ അവസാന ദശയിൽ തന്നെ പിന്നോക്ക വിഭാഗങ്ങളുടെ വികസനത്തിന് സവിശേഷ പരിപാടികളാവശ്യമാണെന്ന് ബോദ്ധ്യം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഇതിന്റെ പ്രതിഫലനമാണ് 1931ൽ നിയോഗിക്കപ്പെട്ട സൈമൺ കമ്മീഷൻ. സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ പട്ടികപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ട കമ്മീഷൻ 1935ൽ അവരുടെ ദൗത്യം പൂർത്തിയാക്കി. അയിത്താചരണമാണ് ഇത്തരം പിന്നോക്കാവസ്ഥയ്ക്ക് കാരണമെന്നതിനാലാണ് സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനയുടെ പതിനേഴാം വകുപ്പ് അയിത്താചരണം നിയമവിരുദ്ധമായി പ്രഖ്യാപിച്ചത്. ഭരണഘടനയുടെ വ്യത്യസ്തങ്ങളായ പതിനാറു വകുപ്പുകളിൽ ഇത്തരം വേർതിരിവുകളെ ഇല്ലാതാക്കി പിന്നോക്കക്കാർക്കും തുല്യത അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അയിത്തം അടിസ്ഥാനമാക്കിയും വാസസ്ഥലപരമായ ഒറ്റപ്പെടൽ മൂലമുണ്ടായ സവിശേഷതകൾ പരിഗണിച്ചും രണ്ടു തരത്തിൽപ്പെട്ട പിന്നോക്കക്കാരെ ഭരണഘടന വ്യവസ്ഥകൾ 341, 342 അനുച്ഛേദങ്ങൾ പ്രകാരം വെവ്വേറെ പട്ടികപ്പെടുത്തിയിട്ടുണ്ട്. അനുച്ഛേദം 341ന് അനുബന്ധമായ പട്ടികയിൽപ്പെടുന്നവരാണ് പട്ടികജാതിക്കാർ. 342ന് അനുബന്ധമായി പട്ടികപ്പെടുത്തിയവരാണ് പട്ടിക വർഗ്ഗക്കാർ. ഭരണഘടനാപരമായ സംരക്ഷണം ലഭിച്ചു കഴിഞ്ഞതോടെ ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

മലബാർ പ്രദേശത്ത് 1931-32 മുതൽ ഒരു റവന്യൂ ബോർഡ് മെമ്പറുടെ കീഴിലാണ് പിന്നോക്ക വിഭാഗ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1933-34ൽ ഇത് ജില്ലാ കളക്ടർമാരുടെ നിയന്ത്രണത്തിലായി. തുടർന്ന് മദ്രാസ് ഗവൺമെന്റ് എല്ലാ പട്ടികവിഭാഗ വികസന പ്രവർത്തനവും ഹരിജന ക്ഷേമ ഡയറക്ടർ എന്ന ഉദ്യോഗസ്ഥനെ ഏൽപ്പിച്ചു. ഭവന നിർമ്മാണ സ്ഥലങ്ങൾ ഒരുക്കൽ, ജല വിതരണം, ശുചീകരണ സൗകര്യങ്ങൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ, പട്ടികവിഭാഗ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സഹായിക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് ഇക്കാലത്ത് തുടക്കം കുറിച്ചു.

കേരള സംസ്ഥാനം 1956ൽ രൂപീകരിക്കപ്പെട്ടപ്പോൾ രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് 1959ൽ ഹരിജന ക്ഷേമ വകുപ്പ് പുനസംഘടിപ്പിക്കപ്പെട്ടു. 1958 ഓടുകൂടി ഇന്നു

കാണുന്ന മിക്ക ക്ഷേമ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞിരുന്നു. ഹോസ്റ്റലുകൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ, ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കൽ, കോളനി രൂപീകരണം, ഭവനനിർമ്മാണം എന്നിങ്ങനെ, രണ്ടാം പദ്ധതിയുടെ അവസാന ഘട്ടത്തിൽ വിദ്യാഭ്യാസം, ഭവന നിർമ്മാണം, സഹകരണം, ആരോഗ്യം, തൊഴിൽ പരിശീലനം, എന്നീ മേഖലകളിൽ സുസംഘടിതമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വൻകിട കോളനികളുടെ രൂപീകരണം, വെൽഫെയർ സ്ക്കൂളുകൾ എന്നിവ ഇക്കാലത്തെ പ്രധാന നേട്ടങ്ങളാണ്.

കോഴിക്കോട് ജില്ല അടിസ്ഥാന വിവരങ്ങൾ

ജില്ലയിലെ പട്ടികജാതി ജനസംഖ്യ	-	1,99,191
സ്ത്രീകൾ	-	1,01,192
പുരുഷൻമാർ	-	97,279
പട്ടികജാതി കോളനികൾ	-	1,527
പട്ടികജാതി കുടുംബങ്ങൾ (സങ്കേതങ്ങളിൽ)	-	19,412*
ആകെ പട്ടികജാതി കുടുംബങ്ങൾ (സങ്കേതങ്ങൾക്ക് പുറത്ത്)	-	19,296*
പട്ടികജാതി ജനസംഖ്യയിൽ ജില്ലയുടെ സ്ഥാനം	-	7
പട്ടികജാതിക്കാർ കോഴിക്കോട് ജില്ലയിൽ	-	6.55%
ജില്ലയിലെ ജനസംഖ്യയിൽ പട്ടികജാതിക്കാർ	-	6.45%
സാക്ഷരത	-	88.73%

(* കില സർവ്വേ റിപ്പോർട്ട്)

ജില്ലയിലെ വിവിധ പട്ടികജാതി വികസന ഓഫീസിന് കീഴിൽ വരുന്ന പട്ടികജാതി ജനസംഖ്യാവിന്യാസം ചിത്രം 4.4.1ലും അനുബന്ധം 4.96ലും കൊടുത്തിരിക്കുന്നു.

ചിത്രം 4.4.1

ജില്ലയിലെ വിവിധ പട്ടികജാതി ജനസംഖ്യാവിന്യാസം



പട്ടിക 4.4.1

ജില്ലയിലെ പട്ടികജാതി കുടുംബങ്ങൾ, ജനസംഖ്യ: സമുദായാടിസ്ഥാനത്തിൽ

ക്രമ നം	പട്ടികജാതി വിഭാഗം	സങ്കേതങ്ങളിൽ			ഒറ്റപ്പെട്ട കുടുംബങ്ങളിൽ			ആകെ		
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1	ഭാരതർ, പരവൻ	1537	1606	3143	5452	5491	10943	6989	7097	14086
2	ചക്കിലിയൻ	627	643	1270	201	182	383	828	825	1653
3	ചെറുമൻ	13446	14267	27713	13106	14023	27129	26552	28289	54841
4	കാക്കാലൻ, കാക്കൻ	0	0	0	2	4	6	2	4	6
5	കള്ളാടി	2710	2743	5453	2396	2572	4968	5106	5314	10420
6	കണക്കൻ,പടന്ന,പടന്നൻ	2037	2245	4282	2034	2115	4149	4071	4360	8431
7	കുറവൻ, സിദ്ധനർ, കുറവർ,കുറവ, സിദ്ധന	587	565	1152	311	296	607	898	861	1759
8	മൈല	2	5	7	0	0	0	2	5	7
9	മലയൻ	240	239	479	869	871	1740	1109	1110	2219
10	മണ്ണാൻ, പതിയാൻ, പെരുമണ്ണാൻ, വണ്ണാൻ,വേലൻ	2053	2168	4221	6493	6930	13423	8546	9098	17644
11	മോഗർ	0	0	0	4	5	9	4	5	9
12	നൽക്കദായ	2	4	6	5	5	10	7	9	16
13	നായാടി	0	0	0	11	10	21	11	10	21
14	പള്ളൻ	2	2	4	10	11	21	12	13	25
15	പുള്ളുവൻ	0	0	0	6	6	12	6	6	12
16	പാണൻ	266	310	576	838	933	1771	1104	1243	2347
17	പറൈൻ, പറയൻ, സാംബവർ, സാംബറ, പറയ, സാംബവൻ പറൈ, പറയർ	1025	1083	2108	529	594	1123	1554	1678	3232
18	പുലയൻ, ചേരമർ, പുലയ,പുലയർ, ചേരമ, ചേരമൻ, വയനാട് പുലയൻ, മാതാ, മാതാപുലയൻ	18704	19136	37840	12526	12731	25257	31230	31867	63097

19	വള്ളുവൻ	4580	4749	9329	2064	2196	4260	6644	6945	13589
20	വേടൻ	39	40	79	10	9	19	49	49	98
21	വേട്ടുവൻ, പുലയ വേട്ടുവൻ	943	1009	1952	1704	1890	3594	2648	2899	5547
	ആകെ	**48815**	**50831**	**99646**	**48619**	**50926**	**99545**	**97434**	**101757**	**199191**

അവലംബം : കില സർവ്വെ 2010

ജില്ലാ പട്ടികജാതി വികസന ഓഫീസ് ജില്ലയിലെ പട്ടികജാതി വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു, പട്ടികജാതി വികസന വകുപ്പിന്റെ ജില്ലാ ഓഫീസ് എന്നതിന് പുറമെ ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായും ജില്ലാ ഓഫീസർ പ്രവർത്തിച്ചു വരുന്നു.

ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ഓഫീസ് - 1
പട്ടികജാതി വികസന ഓഫീസുകൾ - 12
എസ്.സി പ്രമോട്ടർമാർ - 96
ഐ.ടി. ഓഫീസ് - 1
ഐ.ടി.ഐകൾ - 3
നഴ്സറി സ്ക്കൂൾ - 1
പ്രീമെട്രിക് ഹോസ്റ്റൽ - 7
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ - 2
പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ - 1

ജില്ലയിലെ പട്ടികജാതി പ്രീ-മെട്രിക് /പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ എണ്ണം പട്ടിക 4.4.2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.4.2

പ്രീ മെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ / അന്തേവാസികൾ - വിവരങ്ങൾ (2016-17)

ക്രമ നം	ഹോസ്റ്റലിന്റെ പേര്	അനുവദനീയമായ കുട്ടികളുടെ എണ്ണം		അന്തേവാസികളുടെ എണ്ണം
		2016 ൽ	2017 ൽ	
1	പ്രീ-മെട്രിക് ഹോസ്റ്റൽ, കക്കോടി.	30	20	32
2	പ്രീ-മെട്രിക് ഹോസ്റ്റൽ, എലത്തൂർ	50	48	48
3	പ്രീ-മെട്രിക് ഹോസ്റ്റൽ, മാവൂർ	50	20	17
4	പ്രീ-മെട്രിക് ഹോസ്റ്റൽ, ഇരിങ്ങല്ലൂർ	30	20	17
5	പ്രീ-മെട്രിക് ഹോസ്റ്റൽ, അവിടനല്ലൂർ	30	13	21
6	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, (ഗേൾസ്), ഈസ്റ്റ് ഹിൽ, കോഴിക്കോട്	60	60	56
7	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, (ബോയ്സ്) തിരുത്തിയാട്, കോഴിക്കോട്.	75	62	60
8	അഴിയൂർ പ്രീ മെട്രിക് ഹോസ്റ്റൽ (ബോയ്സ്)	30	--	15
	ആകെ	**355**	**243**	**266**

അവലംബം: പട്ടികജാതി വകുപ്പ്

നിലവിലുള്ള അവസ്ഥ

ലഭ്യമായ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ ചുവടെ വിവരിച്ചിരിക്കുന്നു.

1. ഭൂരഹിതാവസ്ഥ

പട്ടികജാതി കുടുംബങ്ങളുടെ ഉടമസ്ഥത യിലുള്ള ശരാശരി ഭൂമിയുടെ വിസ്തൃതിയിലുള്ള കുറവും ഉപകുടുംബങ്ങൾ അണുകുടുംബങ്ങളായി മാറുന്നതും ഭൂരഹിത കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. കിലയുടെ സർവ്വെ റിപ്പോർട്ടും വകുപ്പ് തലത്തിൽ നടത്തിയ പരിശോധനകളുമ നുസരിച്ച് ഭൂരഹിതരായ 1478 കുടുംബങ്ങളെ ജില്ലയിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.

പട്ടികജാതി വിഭാഗക്കാരുടെ കൈവശ ഭൂമി യുടെ അളവ് വളരെ കുറവോ, ഭൂമി ഇല്ലാത്തതോ ആയ അവസ്ഥയുണ്ട്. ഇത് മൂലം കാർഷിക മേഖല യിൽ പട്ടികജാതി വിഭാഗങ്ങൾക്ക് കാര്യമായിട്ടൊ ന്നും പ്രവർത്തിക്കാനാവുന്നില്ല. മറ്റു വിഭാഗക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ ഭൂമിവാങ്ങുവാൻ ഭൂമിയുടെ വർദ്ധിച്ച വില കാരണം പട്ടികജാതിക്കാ ർക്ക് കഴിയുന്നില്ല. അതുകൊണ്ട് കോളനിയിൽ തന്നെ വീണ്ടും വീണ്ടും ഭൂമിയുടെ തുണ്ടുവൽക്ക രണം നടക്കുകയാണ്. പട്ടികജാതിക്കാരുടെ ഭൂരഹിതാവസ്ഥ പട്ടിക (4.4.3, 4.4.4) എന്നിവയിൽ വ്യക്തമാക്കിയിരിക്കുന്നു

പട്ടിക 4.4.3

ജില്ലയിലെ പട്ടികജാതിക്കാരുടെ ഭൂമി സംബന്ധിച്ച വിവരങ്ങൾ (2015)

ക്രമ നം	ബ്ലോക്ക് പഞ്ചായത്ത്	സങ്കേതങ്ങളിൽ താമസിക്കുന്നവർ		സങ്കേതത്തിനുള്ളിൽ ഒറ്റപ്പെട്ടു താമസിക്കുന്നവർ		ആകെ	
		കുടുംബങ്ങൾ	കൈവശഭൂമി	കുടുംബങ്ങൾ	കൈവശഭൂമി	കുടുംബങ്ങൾ	കൈവശഭൂമി
1	വടകര	95	1287	545	5892	640	7179
2	തൂണേരി	83	1048	617	8805	700	9853
3	കുന്നുമ്മൽ	234	3020	814	12033	1048	15053
4	തോടന്നൂർ	404	4441	718	9438	1122	13879
5	മേലടി	975	9051	891	11698	1866	20749
6	പേരാമ്പ്ര	2525	43534	1394	21555	3919	65089
7	ബാലുശ്ശേരി	2077	23586	2327	29973	4404	53559
8	പന്തലായനി	1610	17731	881	9827	2491	27558
9	ചേളന്നൂർ	2233	24886	1577	19104	3810	43990
10	കൊടുവള്ളി	2293	27563	2426	30880	4719	58443
11	കുന്ദമംഗലം	3633	43866	2850	35741	6483	79607
12	കോഴിക്കോട്	1260	10426	1272	11026	2532	21452
	ആകെ	**17442**	**210439**	**16312**	**205972**	**33734**	**416411**

1	നഗരസഭകൾ വടകര	26	159	197	2210	223	2369
2	കൊയിലാണ്ടി	623	5882	457	4944	1080	10826
	ആകെ	**649**	**6041**	**654**	**7154**	**1303**	**13195**
1	കോഴിക്കോട് കോർപ്പറേഷൻ	1321	6947	2330	13883	3651	20830
	ആകെ (ജില്ല)	**19412**	**223427**	**19296**	**227009**	**38708**	**450436**

അവലംബം: കില സർവ്വെ 2010

പട്ടിക 4.4.4
സങ്കേതത്തിനുള്ളിൽ കൈവശ ഭൂമി ആർജ്ജിച്ച രീതിയും വിസ്തൃതിയും

ക്രമ നം	തദ്ദേശ ഭരണ സ്ഥാപനം	കുടുംബങ്ങൾ	സർക്കാർ കുടിയിരുത്തിയത്	കുടികിടപ്പാവകാശം ലഭിച്ചത് മിച്ച ഭൂമി	മിച്ചഭൂമി പതിച്ചു കിട്ടിയത്	വനവും പുറമ്പോക്കും	തദ്ദേശഭരണ സ്ഥാപനം കൂടിയിരുത്തിയത്	പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ വാങ്ങിയത്	പട്ടികജാതി വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ വാങ്ങിയത്	പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ വാങ്ങിയത്	സ്വന്തമായി ആർജ്ജിച്ച ഭൂമി/ പാരമ്പര്യമായി ലഭിച്ചത്	കയ്യേറ്റ ഭൂമി	വനഭൂമി	മുഴുരത്തിലുള്ള ഭൂമി	ആകെ
1	**2**	**3**	**4**	**5**	**6**	**7**	**8**	**9**	**10**	**11**	**12**	**13**	**14**	**15**	**16**
1	വടകര	95	0	32	33	0	13	0	0	0	1209	0	0	0	1287
2	തൂണേരി	83	34	40	196	0	15	0	0	0	762	0	0	0	1047
3	കുന്നുമ്മൽ	234	0	24	473	4	11	20	0	56	2431	0	0	0	3019
4	തോടന്നൂർ	404	113	320	115	0	52	46	0	16	3777	3	0	0	4442
5	മേലടി	975	379	1030	498	23	108	81	5	224	6660	43	0	0	9051
6	പേരാമ്പ്ര	2525	10162	1006	1292	278	637	185	107	362	29347	157	0	0	43533
7	ബാലുശ്ശേരി	2077	340	1869	644	26	465	109	10	290	19834	0	0	0	23587
8	പന്തലായനി	6110	306	1132	2166	216	720	126	0	349	12716	0	0	0	17731
9	ചേളന്നൂർ	2233	518	1689	378	0	684	39	3	402	21172	0	0	0	24885
10	കൊടുവള്ളി	2293	706	722	2176	24	430	34	4	370	23098	0	0	0	27564
11	കുന്ദമംഗലം	3633	1055	1043	1096	69	771	104	4	978	38743	4	0	0	43867
12	കോഴിക്കോട്	1280	69	800	547	23	24	8	0	161	8793	0	0	0	10425

	ആകെ ബ്ലോക്ക് പഞ്ചായത്ത്	17442	13682	9707	9614	663	3930	752	133	3208	18542	207	0	0	210439
	നഗരസഭകൾ														
	വടകര	26	0	5	0	0	50	0	0	4	100	0	0	0	159
	കൊയിലാണ്ടി	623	186	299	14	5	8	31	5	30	5304	0	0	0	5882
	ആകെ നഗരസഭകൾ	649	186	304	14	5	58	31	5	34	5404	0	0	0	6041

അവലംബം : കില സർവ്വെ 2010

ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ

ജില്ലയിൽ ഭൂരഹിതരായ 1478 കുടുംബങ്ങളുണ്ട്. ഇതിൽ 950 പേർക്ക് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് പതിമൂന്നാം പദ്ധതിക്കാലത്ത് ജില്ലയിലെ മുഴുവൻ ഭൂരഹിതരായ പട്ടികജാതിക്കാർക്കും വകുപ്പ് മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുവാനും ലൈഫ് മിഷനുമായി സഹകരിച്ചുകൊണ്ട് ഇവർക്ക് വീട് നിർമ്മിച്ചുനൽകാനുമാണ് ഉദ്ദേശിക്കുന്നത്.

പാർപ്പിടം

വാസയോഗ്യമായ വീട് ഇന്നും പട്ടികജാതിക്കാരുടെ പ്രധാനപ്പെട്ട ഒരു വികസന ആവശ്യമാണ്. അടച്ചുറപ്പുള്ള ചുമരും സ്ഥിരമായ മേൽക്കൂരയും ഉള്ള വീടുകളാണ് വാസയോഗ്യമായ വീടുകൾ. പൂർത്തീകരിക്കാത്തവയും, കേടുപാട് ബാധിച്ചവയുമായ വീടുകളും ഏറെയുണ്ട്. ഭവനരഹിതരായ 2216 കുടുംബങ്ങൾ ജില്ലയിലുള്ളതായി കണക്കാക്കപ്പെടുന്നു. പൂർത്തീകരിക്കേണ്ടതായി 3876 വീടുകളുമുണ്ട്. റിപ്പയർ ചെയ്യേണ്ട വീടുകൾ 7049 എണ്ണമുണ്ട്. ബ്ലോക്ക് തല വിവരങ്ങൾ പട്ടിക 4.4.5ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 4.4.5

പട്ടികജാതി വിഭാഗത്തിന്റെ പാർപ്പിടം സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ബ്ലോക്കിന്റെ പേർ	വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം	സ്ഥലമില്ലാത്ത കുടുംബങ്ങളുടെ എണ്ണം	റിപ്പയർ ആവശ്യമായ വീടുകളുടെ എണ്ണം	പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം	ആവശ്യമായ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
1	കോർപ്പറേഷൻ	79	60	217	165	175
2	കോഴിക്കോട്	106	83	301	164	480
3	കുന്ദമംഗലം	424	286	1918	485	1558
4	കൊടുവള്ളി	422	273	1015	476	1027
5	ചേളന്നൂർ	185	86	324	454	801
6	ബാലുശ്ശേരി	274	165	749	415	901
7	പന്തലായനി	96	65	409	255	349

8	കൊയിലാണ്ടി മുൻസിപ്പാലിറ്റി	40	11	91	186	82
9	മേലടി	86	65	433	365	367
10	പേരാമ്പ്ര	410	324	1324	612	640
11	കുന്നുമ്മൽ	45	33	91	138	77
12	തോടന്നൂർ	49	27	177	161	202
	ആകെ	**2216**	**1478**	**7049**	**3876**	**6659**

അവലംബം: പട്ടികജാതി വകുപ്പ്

1. വിദ്യാഭ്യാസം

സംസ്ഥാന രൂപീകരണത്തിന് മുമ്പു തന്നെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തിനായി ധാരാളം പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും പൊതു വിദ്യാഭ്യാസ നിലവാരത്തിലും നേട്ടങ്ങളിലും ഇതര വിഭാഗങ്ങൾ കൈവരിച്ച നേട്ടത്തിനൊപ്പം പട്ടികജാതിക്കാർ ഇനിയുമെത്തിയിട്ടില്ല. സാക്ഷരത രംഗത്തുണ്ടായ വമ്പിച്ച മുന്നേറ്റം പട്ടികജാതിക്കാരുടെ ഇടയിലും വമ്പിച്ച മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ജില്ലയിലെ പട്ടികജാതിക്കാരുടെ സാക്ഷരത നിരക്ക് 1981 ൽ 62.6 ആയിരുന്നത് 1991 ൽ 75.85 ശതമാനമായി ഉയർന്നിരിക്കുന്നു. 2011 ൽ ഇത് 88.73 ശതമാനം ശതമാനമാണ്. സ്ക്കൂൾ തലത്തിൽ പൊതുവെ വിദ്യാർത്ഥികൾ വീടുകളിൽ നിന്ന് തന്നെ സ്ക്കൂളിൽ പോയി വരുവാനാണ് താൽപര്യപ്പെടുന്നത്. പ്രീമെട്രിക് ഹോസ്റ്റലുകളിൽ അന്തേവാസികൾ കുറഞ്ഞു വരുന്നതായി കാണുന്നു. 220 കുട്ടികൾക്ക് പ്രവേശന സൗകര്യമുള്ള ഹോസ്റ്റലിൽ 150 കുട്ടികൾ മാത്രമേ ഇപ്പോൾ താമസിക്കുന്നുള്ളു.

വികസന നേട്ടങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമായതാണ് വിദ്യാഭ്യാസം. എന്നാൽ വിദ്യാഭ്യാസ രംഗത്ത് മുതൽ മുടക്കുന്ന പണത്തിന് തുല്യമായ നേട്ടം ഉണ്ടാകുന്നില്ല. പൊതു വിജയ ശതമാനവും ഹോസ്റ്റൽ അന്തേവാസികളുടെ വിജയശതമാനവും പരിശോധിച്ചാൽ ഇത് മനസ്സിലാകും. സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് എഞ്ചിനിയറിംഗ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിരുന്നെങ്കിലും കോഴ്സ് വിജയകരമായി പൂർത്തീകരിക്കുന്നവരുടെ എണ്ണവും വിജയിച്ചവരുടെ മികവും ഒട്ടും ആശാവഹമല്ല. ജോലി ചെയ്യുന്ന പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം പട്ടിക - 4.4.6-ൽ വ്യക്തമാക്കിയിരിക്കുന്നു.

പട്ടിക 4.4.6

ജില്ലയിലെ പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ജോലിചെയ്യുന്ന പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരം	എണ്ണം
1	നിരക്ഷരർ	2282
2	നവസാക്ഷരർ	261
3	പ്രൈമറിതലം	11980
4	സെക്കന്ററിതലം	19396
5	എസ്.എസ്.എൽ.സി ജയിച്ചവർ	15276
6	പ്രീ-ഡിഗ്രി/ പ്ലസ്ടു ജയിച്ചവർ	4885
7	ബിരുദം	1954
8	ബിരുദാനന്തരബിരുദം	645
9	എഞ്ചിനീയറിംഗ്	640
10	എഞ്ചിനീയറിംഗ് (സർട്ടിഫിക്കറ്റ്/ഡിപ്ലോമ)	1027
11	മെഡിസിൻ ബിരുദം	113
12	മറ്റ് പ്രൊഫഷണൽ ബിരുദം	281
13	മറ്റ് പ്രൊഫഷണൽ കോഴ്സ് (സർട്ടിഫിക്കറ്റ്/ഡിപ്ലോമ)	346
	ആകെ	**59086**

അവലംബം :കില സർവ്വെ 2010

1. കുടിവെള്ളവും ആരോഗ്യവും

ശുദ്ധജല ദൗർലഭ്യം, ശുചിത്വ സംവിധാനങ്ങളുടെ അപര്യാപ്തത, പട്ടികജാതി സങ്കേതങ്ങളിൽ വേനലിലും മഴയിലും വ്യാപകമാവുന്ന മാലിന്യ ജന്യരോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവ ഇവരുടെ ആരോഗ്യത്തിന്റെ പിന്നോക്കാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. നല്ല വീടുകൾ ഉള്ള കുടുംബങ്ങൾക്കുപോലും നല്ല ടോയ്ലറ്റുകളില്ല. തുറന്ന കിണറുകളാണ് ഇവർ പൊതുവെ കുടിവെള്ളത്തിനാശ്രയിക്കുന്നത്. ജില്ലയിൽ ആകെയുള്ള 1527 സങ്കേതങ്ങളിൽ 710 എണ്ണത്തിൽ എല്ലാക്കാലവും കുടിവെള്ളം ലഭിക്കുന്നു. 658 സങ്കേതങ്ങളിൽ ഫെബ്രുവരി -ജൂൺ മാസങ്ങളിൽ ജലക്ഷാമം ഏറിയും കുറഞ്ഞും ഉണ്ടാകാറുണ്ട്. 159 സങ്കേതങ്ങളിൽ ഇപ്പോഴും കുടിവെള്ള ക്ഷാമം നേരിടുന്നു. വളരെ ചെറിയ പ്ലോട്ടുകളിൽ അടുത്തടുത്ത് വീടുകൾ പണിയുന്നതിനാൽ കുടിവെള്ള മലിനീകരണ സാദ്ധ്യതകൾ കൂടുതലാണ്. കുടിവെള്ള ക്ഷാമം നേരിടുന്ന സങ്കേതങ്ങളുടെ ബ്ലോക്ക്തല വിവരങ്ങൾ പട്ടിക-4.4.7ലും വിശദമായി വാർഡ്തല വിവരങ്ങൾ അനുബന്ധം 4.94ലും കൊടുത്തിരിക്കുന്നു. ജില്ലയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന കോളനികളുടെ വാർഡ്തല ചിത്രം 4.4.2, കുടിവെള്ള ക്ഷാമം നേരിടുന്ന കുടുംബങ്ങളുടെ എണ്ണം ചിത്രം 4.4.3-ലും കൊടുത്തിരിക്കുന്നു.

ചിത്രം 4.4.2

ജില്ലയിലെ കുടിവെള്ള ക്ഷാമം നേരിടുന്ന കോളനികൾ



ചിത്രം 4.4.3

ജില്ലയിലെ കുടിവെള്ള ക്ഷാമം നേരിടുന്ന കുടുംബങ്ങളുടെ എണ്ണം



പട്ടിക-4.4.7

ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ (ബ്ലോക്ക് തലത്തിൽ)

ക്രമനം	ബ്ലോക്ക്/കോർപ്പറേഷൻ	സങ്കേതങ്ങളുടെ എണ്ണം
1	കോഴിക്കോട് കോർപ്പറേഷൻ	4
2	കോഴിക്കോട് ബ്ലോക്ക്	7
3	കുന്ദമംഗലം	23
4	കൊടുവള്ളി	42
5	ചേളന്നൂർ	13
6	ബാലുശ്ശേരി	25
7	പന്തലായനി	12
8	കൊയിലാണ്ടി മുനിസിപാലിറ്റി	3
9	മേലടി	7
10	പേരാമ്പ്ര	15
11	കുന്നുമ്മൽ	8
12	തോടന്നൂർ	2
	ആകെ	**159**

അനുബന്ധം : പട്ടികജാതി വകുപ്പ്

കുടിവെള്ള പ്രശ്നം പരിഹരിക്കൽ.

159 സങ്കേതങ്ങളിലാണ് കുടിവെള്ള ക്ഷാമം കണ്ടെത്തിയിട്ടുള്ളത്. അതിൽ 4 സങ്കേതങ്ങൾ കോഴിക്കോട് കോർപ്പറേഷനിലും കൊയിലാണ്ടി, പയ്യോളി, മുക്കം രാമനാട്ടുകര, നഗരസഭകളിലായി 14 കോളനികളിലും കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. പതിമൂന്നാം പദ്ധതിയുടെ ശേഷിക്കുന്ന കാലയളവിൽ തന്നെ ഈ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും. 141 സങ്കേതങ്ങൾ പഞ്ചായത്ത് പ്രദേശത്താണ്. പതിമൂന്നാം പദ്ധതി കാലയളവിൽ ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി 100 സങ്കേതങ്ങളിലെയും എം.പി ഫണ്ട്, കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ച് 41 സങ്കേതങ്ങളിലെയും കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

1. ദാരിദ്ര്യം

1992ൽ നടന്ന ദാരിദ്ര്യരേഖാ സെൻസസ് അനുസരിച്ച് 9316 പട്ടികജാതി കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടായിരുന്നു. ഇത് പട്ടികജാതി കുടംബങ്ങളുടെ 25.23% വരും. സുരക്ഷിതമായ പാർപ്പിടവും ശുചീകരണ സംവിധാനങ്ങളും ഇല്ലാത്തവരാണ് ബഹുഭൂരിപക്ഷവും. പതിമൂന്നാം പദ്ധതി കാലത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന രഹിതരായ 2216 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുവാൻ കഴിയും.

2. വികസന പ്രവർത്തനങ്ങൾ

പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ വ്യാപ്തി വളരെ വർദ്ധിച്ചിരിക്കുന്നു. എന്നാൽ പട്ടികജാതി ഉപപദ്ധതി രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലായ്മ ഒരു

ഗുരുതര പ്രശ്നമാണ്. ഇക്കാരണത്താൽ ഗുണ ഭോക്താക്കളുടെ യഥാർത്ഥ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഉണ്ടാകുന്നില്ല. കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും പ്രാദേശിക സർക്കാരുകളുടെയും പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമാവശ്യമായ സംവിധാനം ഇല്ലെന്നുള്ളത് ഒരു പോരായ്മയാണ്.

3. നൈപുണ്യ-സംരംഭകത്വങ്ങളിലെ പിന്നോക്കാവസ്ഥ

സാമ്പത്തികമായും സാമൂഹികവുമായും പിന്നോക്കം നിൽക്കുന്നതിനാൽ പട്ടികജാതി വിഭാഗം നൈപുണ്യ സംരംഭകത്വങ്ങളിൽ പിന്നോക്കം നിൽക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വികസന വകുപ്പ്, കേന്ദ്ര സഹായ ഫണ്ട് എന്നിവ ഉപയോഗിച്ച് ആവശ്യാനുസരണമുള്ള നൈപുണ്യ വികസന പദ്ധതികൾ ഓരോ വർഷവും നടപ്പിലാക്കാൻ കഴിയും.

4. തൊഴിൽ രംഗം

സുസ്ഥിര വികസനത്തിന് തൊഴിലും സ്ഥിരവരുമാനവും അത്യാവശ്യമാണ്. കാർഷിക മേഖലയുടെ തകർച്ച ഇവരുടെ തൊഴിലവസരങ്ങൾ കുറച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ സ്തംഭനവും തൊഴിൽ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ കണക്കുകൾ ഈ മേഖലയിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയുടെ വ്യക്തമായ ചിത്രം വെളിപ്പെടുത്തുന്നു. ദിവസക്കൂലി മേഖലയിലാണ് ഏറ്റവും കൂടുതൽ പങ്കാളിത്തം. നിർമ്മാണ മേഖലയിലേക്ക് വൻതോതിൽ കുടിയേറ്റം പ്രകടമാണ്. സ്ത്രീകൾ കൂടുതലായി തൊഴിൽ രഹിതരാകുന്നു. പുതിയ സാങ്കേതിക മേഖലകളിൽ തിളങ്ങുന്നില്ല. സർക്കാർ/അർദ്ധ സർക്കാർ മേഖലയിൽ സംവരണം കൊണ്ടുമാത്രം ജോലി ലഭിക്കുന്ന സ്ഥിതി തുടരുന്നു. സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിൽ പങ്കാളിത്തം വളരെ കുറവാണ്. സ്വയം തൊഴിൽ മേഖലയിൽ നേരിയ പുരോഗതി കൈവരുന്നുണ്ട്. വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററുകൾ പ്രകാരം ജില്ലയിൽ ആകെ 62535 തൊഴിൽ രഹിതരുണ്ട്. ഇതിൽ 33843 പേർ എസ്.എസ്.എൽ.സി വിദ്യാഭ്യാസ യോഗ്യതയുള്ളവരും 20083 പേർ പ്ലസ്-ടുവോ ഉയർന്ന യോഗ്യതകളോ ഉള്ളവരാണ്. 318 പേർ ബിരുദാനന്തര ബിരുദമുള്ളവരും 530 പേർ മെഡിസിൻ ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയവരുമാണ്. ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട പട്ടികജാതി വിഭാഗത്തിലെ അഭ്യസ്ത വിദ്യരായവരുടെ വിവരങ്ങൾ പട്ടിക 4.4.8-ൽ കൊടുത്തിരിക്കുന്നു

പട്ടിക-4.4.8

ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ട പട്ടികജാതി വിഭാഗക്കാരുടെ വിവരങ്ങൾ

ക്രമ. നം	വിദ്യാഭ്യാസയോഗ്യത	എണ്ണം
1	നിരക്ഷരർ	38
2	സാക്ഷരത	3
3	പ്രാഥമിക വിദ്യാഭ്യാസം	71
4	അപ്പർ പ്രൈമറി	291
5	ഹൈസ്ക്കൂൾ വിദ്യാഭ്യാസം	8146
6	പത്താം ക്ലാസ്	33843
7	പ്ലസ് ടു	11644

8	ബിരുദം	2591
9	ബിരുദാനന്തര ബിരുദം	318
10	ഡിപ്ലോമ	2788
11	പി.ജി.ഡിപ്ലോമ	18
12	ഐ.ടി.ഐ/ഐ.ടി.സി/എൻ.ടി.സി	200
13	ടൈപ്പ്റൈറ്റിംഗ്	1126
14	യോഗ്യതാ പരീക്ഷകൾ	2
15	സർട്ടിഫിക്കറ്റ് കോഴ്സുകൾ	67
16	മെഡിക്കൽ (എം.ബി.ബി.എസ്)	93
17	എഞ്ചിനിയറിംഗ്	266
18	എം.ബി.എ	29
19	ബി.എഡ്	84
20	എൽ.എൽ.ബി	84
21	ബി.എസ്.സി അഗ്രികൾച്ചർ	3
22	മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ്	4
23	മറ്റു പ്രൊഫഷണൽ യോഗ്യതകൾ	826
	ആകെ	**62535**

അവലംബം - എംപ്ലോയ്മെന്റ് എക്സേഞ്ച് ലൈവ് രജിസ്റ്റർ 2017

1. പരമ്പരാഗത തൊഴിൽ രംഗങ്ങളിലെ പിന്നോക്കാവസ്ഥ

പരമ്പരാഗത തൊഴിൽ രംഗങ്ങളിലെ പിന്നോക്കാവസ്ഥ പട്ടികജാതി കുടുംബങ്ങളിലെ ദാരിദ്ര്യം വർദ്ധിപ്പിക്കുന്നു. ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ഇതര ജനവിഭാഗങ്ങളേക്കാൾ പിന്നോക്കം നിൽക്കുന്നതിനാൽ വിപണികളിലെ മത്സരങ്ങളിൽ ഇവരുടെ ഉൽപന്നങ്ങൾ പിൻതള്ളപ്പെടുന്നു.

2. കല-സംസ്കാരം

പട്ടികജാതിക്കാർ പൊതുവെ സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ ഉടമകളാണ്. ഈ വിഭാഗക്കാർക്ക് തനതായ നാടൻ കലകളും അനുഷ്ഠാന കലകളും ധാരാളമുണ്ട്. നാടൻ പാട്ടുകളും മറ്റും നമ്മുടെ കാർഷിക സംസ്കൃതിയുമായി ഇഴചേർന്ന് കിടക്കുന്നവയാണ്. അന്യം നിന്നുകൊണ്ടിരിക്കുന്ന ഈ കലകളെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നാടൻ കലാകാരന്മാരെ ആദരിക്കുന്നതിനും കലാകാരൻമാരെയും സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ വളരെ കുറവാണ്.

3. കായിക വികസനം - യുവജന ക്ഷേമം

കായിക വികസനത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. മലബാർ മേഖലയിൽ നിന്ന് ചുരുക്കം പേർക്കു മാത്രമെ ഇവിടെ പ്രവേശനം ലഭിക്കുന്നുള്ളൂ. ജില്ലയിൽ സ്പോർട്സിൽ പ്രാവണ്യമുള്ള ധാരാളം വിദ്യാർത്ഥികളുണ്ടെങ്കിലും അവർക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

യുവജനങ്ങളുടെ സർഗ്ഗശേഷി വളർത്തുന്നതിനും കൂട്ടായ്മകൾ രൂപീകരിച്ച് കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ ഇടപെടുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുന്നില്ല. മദ്യം മയക്കുമരുന്ന്

തുടങ്ങിയവയുടെ ഉപയോഗം തടയുന്നതിനും സാമൂഹ്യ വികസനത്തിൽ ഇടപ്പെടുന്നതിനും അവരുടെ കൂട്ടായ്മകൾ ഉപകരിക്കും.

4. കുടുംബശ്രീ അയൽക്കൂട്ടം

ജില്ലയിലെ വിവിധ കുടുംബശ്രീകളിൽ 52608 പട്ടികജാതിക്കാർ അംഗങ്ങളായി 75% അധികം പട്ടികജാതിക്കാർ അംഗങ്ങളായുള്ള 701 കുടുംബശ്രീ യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു. ഹോട്ടൽ ആന്റ് കാറ്ററിംഗ് മേഖലയിൽ 25 പേർക്ക് ട്രെയിനിംഗ് നൽകി പ്രത്യേക എസ്.സി കഫേ യൂണിറ്റുകൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

5. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം രജിസ്റ്റർ ചെയ്ത കേസുകൾ

പട്ടികജാതി ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം ഈയിടെയായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലായി രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ പട്ടിക 4.4.9 ൽ ചേർക്കുന്നു.

പട്ടിക 4.4.9

ജില്ലയിൽ പട്ടികജാതിക്കർക്ക് എതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം

ക്രമനം	വർഷം	എണ്ണം
1	2015	70
2	2016	83
3	2017 (സെപ്തംബർ വരെ)	71

1. പുത്തൻ വെല്ലുവിളികൾ.

ജാതീയതയുടെ തിരിച്ചുവരവിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്. വരേണ്യമായ ആചാരങ്ങൾക്ക് പ്രചാരം ലഭിക്കുന്നു. കേന്ദ്ര ഗവണ്മെന്റ് നവലിബറൽ നയങ്ങൾക്കനുസരിച്ച് പഞ്ചവത്സര പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം, അധിക കേന്ദ്ര സഹായം തുടങ്ങിയ പദ്ധതികളിലെ വിഹിതം ഗണ്യമായി കുറച്ചിരിക്കുന്നു. കോർപ്പറേറ്റ് മേഖലയിൽ തൊഴിൽ കണ്ടെത്തുവാൻ പട്ടികജാതിക്കാർക്ക് പ്രയാസം നേരിടുന്നു.

2. സങ്കേതങ്ങളിലെ അവസ്ഥാ വിശകലനം

പട്ടികജാതിക്കാർ അധിവസിക്കുന്ന സങ്കേതങ്ങൾ അധികവും ദുർഘട പ്രദേശങ്ങളിലാണ്. സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികജാതിക്കാരുടെ ജീവിത നിലവാരം ഇതര പ്രദേശങ്ങളിൽ അധിവസിക്കുന്ന ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്ന പട്ടികജാതിക്കാരേക്കാൾ താഴ്ന്ന നിലയിലാണ്. സങ്കേത വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ജില്ലയിൽ ആകെ 1527 പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്. പട്ടികജാതി സങ്കേതങ്ങളുടെ ബ്ലോക്ക്തല പട്ടിക 4.4.10-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.4.10

ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ - ബ്ലോക്ക്തലത്തിൽ

ക്രമനം	തദ്ദേശ ഭരണസ്ഥാപനം	സങ്കേതങ്ങളുടെ എണ്ണം
1	കോഴിക്കോട് ബ്ലോക്ക്	107
2	കുന്ദമംഗലം ബ്ലോക്ക്	231
3	കൊടുവള്ളി ബ്ലോക്ക്	168
4	ചേളന്നൂർ ബ്ലോക്ക്	199
5	പന്തലായനി ബ്ലോക്ക്	131
6	ബാലുശ്ശേരി ബ്ലോക്ക്	188
7	പേരാമ്പ്ര ബ്ലോക്ക്	165
8	മേലടി ബ്ലോക്ക്	78
9	തോടന്നൂർ ബ്ലോക്ക്	71
10	കുന്നുമ്മൽ ബ്ലോക്ക്	34
11	കൊയിലാണ്ടി മുൻസിപ്പാലിറ്റി	36
12	കോഴിക്കോട് കോർപ്പറേഷൻ	121
	ആകെ	**1527**

അവലംബം: പട്ടികജാതി വകുപ്പ്

ആകെ പട്ടികജാതി സങ്കേതങ്ങളുടെ ലിസ്റ്റ് അനുബന്ധം 4.94-ൽ കൊടുത്തിരിക്കുന്നു. ജില്ലയിലെ ഓരോ പഞ്ചായത്തുകളിലെയും കോളനികളുടെ എണ്ണം. ചിത്രം 4.4.4-ലും ഗതാഗത സൗകര്യം കുറഞ്ഞ കോളനികളുടെ വിശദാംശങ്ങൾ ചിത്രം 4.4.5-ലും കൊടുത്തിരിക്കുന്നു.

ചിത്രം 4.4.4

ജില്ലയിലെ പട്ടികജാതി കോളനികളുടെ എണ്ണം



ചിത്രം 4.4.5

ജില്ലയിലെ ഗതാഗത സൌകര്യം കുറഞ്ഞ പട്ടികജാതി കോളനികളുടെ വിവരങ്ങൾ



സങ്കേതതല വികസന പരിപാടി ഏറ്റവും ശ്രദ്ധേയമായത് 1990-91 മുതലാണ്. ഏറ്റവും പിന്നോക്കം നിൽക്കുന്നതും ഏറ്റവും കൂടുതൽ പട്ടികജാതി കുടംബങ്ങളുള്ളതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ സങ്കേതങ്ങളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും എത്തിക്കുവാനും വരുമാനദായകമായി തൊഴിൽ സംരംഭങ്ങൾ ഒരുക്കുവാനും ഉദ്ദേശിച്ച് ആരംഭിച്ച അംബേദ്കർ ഗ്രാമപരിപാടിയാണ് ഈ മാറ്റത്തിന് തുടക്കമായത്. 1991-92 മുതൽ സമാന സ്വഭാവത്തോടെ തീവ്ര സങ്കേത വികസന പരിപാടിയും ആരംഭിച്ചു. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ എല്ലാ വികസന വകുപ്പുകളേയും സംയോജിപ്പിച്ച് കൊണ്ട് വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആസൂത്രണം ചെയ്യുന്ന രീതിയും ജില്ലാ ഉദ്യോഗസ്ഥന്മാർ നേരിട്ടു സങ്കേതങ്ങൾ സന്ദർശിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കി ചെയ്യുന്ന പ്രവർത്തനവും ആരംഭിച്ചത് എട്ടാം പദ്ധതിക്കാലത്ത് പങ്കാളിത്ത ആസൂത്രണത്തിന് തുടക്കംകുറിച്ചു. ജില്ലയിലെ വിവിധ സങ്കേത വികസന പരിപാടികളുടെ വിവരം പട്ടിക 4.4.11 ലും സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശം പട്ടിക 4.4.12 ലും കൊടുത്തിരിക്കുന്നു. റോഡ് സൗകര്യമില്ലാത്ത കോളനികളുടെ വിവരങ്ങൾ അനുബന്ധം 4.95 ലും കൊടുത്തിരിക്കുന്നു.

സങ്കേതവികസന പരിപാടികൾ

പട്ടിക - 4.4.11

ജില്ലയിലെ പട്ടികജാതി സങ്കേത വികസന പരിപാടികൾ (എണ്ണം)

ക്രമനം	സങ്കേതവികസന പരിപാടി	നടപ്പിലാക്കിയ കോളനികളുടെ എണ്ണം
1	അംബേദ്കർ ഗ്രാമപരിപാടി	15
2	ഐ.എച്ച്.ഡി.പി	87
3	സ്വയം പര്യാപ്ത ഗ്രാമം പരിപാടി	11
4	ഗാന്ധി ഗ്രാമം പരിപാടി	1
5	അംബേദ്കർ ഗ്രാമ വികസന പരിപാടി (2016-17)	14
	ആകെ	**128**

അവലംബം: പട്ടികജാതി വകുപ്പ്

പട്ടിക 4.4.12

ജില്ലയിലെ സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശം

ക്രമനം	പ്രദേശം	സങ്കേതങ്ങൾ	കുടുംബങ്ങൾ	ജനസംഖ്യ
1	കുന്നിൻ പ്രദേശം	656	9386	38729
2	നിരപ്പായ പ്രദേശം	639	7505	31863
3	തുരുത്ത്	6	68	309
4	ആറ്റുവരമ്പ്/പാടത്തിന്റെ വരമ്പ്	56	568	2454
5	വെള്ളക്കെട്ട്	71	659	2957

6	ചേരിപ്രദേശം	10	204	959
7	മറ്റ് പ്രദേശം	89	1022	4199
	ആകെ	**1527**	**19412**	**81470**

അവലംബം – കില സർവ്വേ 2010

വികസന പരിപ്രേക്ഷ്യം

1. പങ്കാളിത്ത വികസനത്തിന് ഫലപ്രദമായ സാമൂഹ്യ സംവിധാനങ്ങൾ - സങ്കേതതല ഹാബിറ്റാറ്റ് റസിഡൻസ് അസോസിയേഷനുകൾ/വികസനസമിതികൾ, പഞ്ചായത്ത്/നഗരസഭാതല എസ്.സി യൂത്ത് ക്ലബുകൾ.
2. പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണവും വൈവിധ്യവൽക്കരണവും (ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജുമായി സഹകരിച്ച് പരിശീലനവും പ്രോത്സാഹനവും).
3. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് പിന്തുണയും വൈവിധ്യവൽക്കരണവും.
4. ഇരുപത്തിയഞ്ചിലധികം കുടുംബങ്ങളുള്ള സങ്കേതങ്ങളിൽ മാതൃകാ സാംസ്ക്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഈ കേന്ദ്രങ്ങളെ കലാസാംസ്കാരിക പ്രോത്സാഹനം, സാമൂഹ്യ പഠന സംവിധാനം, വൃദ്ധ ജനങ്ങൾക്കുള്ള വിശ്രമകേന്ദ്രം എന്നീ വിവിധ സൌകര്യമുള്ള സംവിധാനമാക്കുകയും സോളാർ വൈദ്യുതി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
5. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മുൻഗണന ഭവനനിർമ്മാണം, പുനരധിവാസം, നൈപുണ്യ-സംരംഭകത്വ വികസനം, സ്വയംതൊഴിൽ കൂടിവെള്ള പദ്ധതികൾ എന്നിവയായിരിക്കണം.
6. കുടുംബശ്രീയുമായി ചേർന്ന് സ്വയംസഹായ സംഘങ്ങൾ.
7. നാടൻ കലാ സംഘങ്ങൾക്ക് പ്രോത്സാഹനം.
8. സാങ്കേതി വികസനത്തിന് കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ സംയോജിത പദ്ധതി.
9. ദുർബല വിഭാഗങ്ങളുടെ സങ്കേത വികസനത്തിന് പ്രത്യേക പദ്ധതി.
10. വിവര ശേഖരണവും ഡാറ്റാ ഡിജിറ്റലൈസേഷനും.
11. വകുപ്പു സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവും സേവനങ്ങളും പ്രദാനവും മെച്ചപ്പെടുത്തൽ.
12. കോഴിക്കോട് സ്കിൽ ഡെവലപ്മെന്റ് സെന്ററിന് കീഴിൽ കമ്മ്യൂണിറ്റി സ്കിൽ ഡെവലപ്മെന്റ് സെന്റർ.
13. സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
14. പാട്ടകൃഷി - പച്ചക്കറി കൃഷി വികസനം.
15. നിർമ്മാണ മേഖലയിൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.
16. പട്ടികജാതിക്കാർക്ക് നിയമസംരക്ഷണം ഉറപ്പ് വരുത്തുവാൻ ഫലപ്രദമായ നടപടികൾ.

നവകേരള മിഷനുമായുള്ള ഏകോപന സാധ്യതകൾ

ലൈഫ് മിഷനുമായി ഏകോപിപ്പിച്ച് പതിമൂന്നാം പദ്ധതിയിൽ പട്ടികജാതിക്കാരുടെ ഭൂരഹിത പ്രശ്നവും പാർപ്പിട പ്രശ്നവും പരിഹരിക്കുന്നതിനുള്ള സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താം. വർഷങ്ങളായി പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണവും ഇതിലൂടെ സാധ്യമാകും. ഹരിത കേരള മിഷനുമായി സഹകരിച്ച് പട്ടികജാതി സങ്കേതങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം. അടുത്തടുത്ത് വീടുകളുള്ള സങ്കേതങ്ങളിൽ കമ്മ്യൂണിറ്റി ടോയ്ലറ്റുകൾ നിർമ്മിക്കുന്നത് കുടിവെള്ളം മലിനമാകുന്നത് തടയുന്നതിനും മാലിന്യങ്ങളിൽ നിന്ന് ഗ്യാസ് ഉൽപ്പാദനം നടത്തുന്നതിനും ഉപകരിക്കും.

നൂതന ആശയങ്ങൾ

1. സാംസ്കാരിക നിലയം, കമ്മ്യൂണിറ്റി പഠന കേന്ദ്രം, വയോജന വിശ്രമകേന്ദ്രം തുടങ്ങി വിവിധ പേരുകളിൽ സങ്കേതങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് പകരം വിവിധ ആവശ്യങ്ങൾക്കായുള്ള മാതൃകാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത് നന്നായിരിക്കും. ഇത്തരം പൊതു കെട്ടിടങ്ങളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നത് ഊർജ്ജ സംരക്ഷണത്തിന് ഉപകരിക്കും. കേന്ദ്രങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കണം.
2. പട്ടികജാതിക്കാരിലെ ദുർബല വിഭാഗങ്ങളുടെ സങ്കേതങ്ങളിൽ കുടുംബാധിഷ്ഠിത സങ്കേത വികസന പദ്ധതി നടപ്പിലാക്കണം.
3. പട്ടികജാതി മേഖലയിലെ യുവതീ യുവാക്കളുടെ നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനുമായി ജില്ലയിൽ ഒരു കമ്മ്യൂണിറ്റി സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പദ്ധതി രൂപീകരണത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ പങ്കാളിത്തമില്ലായ്മ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ മേഖലയിൽ നിലവിലുള്ള ഊരുകൂട്ടത്തിനു സമാനമായി പട്ടികജാതിക്കാരുടെ പഞ്ചായത്ത് തല സ്പെഷ്യൽ ഗ്രാമസഭക്ക് രൂപം നല്കുക.
2. പട്ടികജാതി വികസന വകുപ്പ് നല്കി വരുന്നതു പോലെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 1/3 സബ്സിഡി നൽകുക.
3. പട്ടികജാതി സഹകരണ സംഘങ്ങൾ ശാക്തീകരിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി മാർഗ്ഗനിർദ്ദേശം രൂപപ്പെടുത്തുക.
4. പ്രത്യേക ഘടക പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയെ ജില്ലാ ആസൂത്രണ സമിതിയുടെ സഹായ സംവിധാനമായി ശക്തിപ്പെടുത്തുക.
5. പട്ടികജാതി വികസന വകുപ്പിന് കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുകയും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ കീഴിൽ ഉപകേന്ദ്രങ്ങൾ ആരംഭിച്ച് അവയുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ലഭ്യമാക്കുകയും ചെയ്യുക.
6. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ആൺകുട്ടികളുടെ ഹോസ്റ്റലുകളിൽ അന്തേവാസികളുടെ എണ്ണം വളരെ കുറവാണ്. അന്തേവാസികളുടെ ആവശ്യകതാപഠനത്തിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അത്തരം ഹോസ്റ്റലുകൾ പെൺകുട്ടികളുടെ ഹോസ്റ്റലുകളാക്കി മാറ്റുവാൻ നടപടി സ്വീകരിക്കുക.
7. ജില്ലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ കൂടി ആരംഭിക്കുക.
8. ചക്കിട്ടപ്പാറയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.
9. യുവജന ക്ഷേമ ബോർഡുമായി ചേർന്ന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പട്ടികജാതി യുവതീ യുവാക്കൾക്കായി യൂത്ത് ക്ലബുകൾ ആരംഭിക്കുക.
10. സാക്ഷരത മിഷനുമായി ചേർന്ന് ഈ മേഖലയിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.
11. പട്ടികജാതി മേഖലയിൽ നിലവിലുള്ള വിവരാടിത്തറ ശക്തിപ്പെടുത്തുന്നതിന് പുതിയ സർവ്വേയിലൂടെ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റലൈസ് ചെയ്യുക.
12. വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് പ്രത്യേക ബാച്ച് കൂടി അനുവദിക്കുക.
13. അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാരുടെ കേസന്വേഷണത്തിലും വിചാരണയിലും നിയമസഹായം നൽകുന്നതിനായി പട്ടികജാതി അഭിഭാഷകരുടെ ഒരു പാനലിനെ നിയമിക്കുക.
14. വിവിധ ആനുകൂല്യങ്ങൾക്കാവശ്യമായ ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗങ്ങൾക്ക്

വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കാ വശ്യമായ ജാതി സർട്ടിഫിക്കറ്റ് അനുവദി ക്കാനുള്ള അധികാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക.

15. പട്ടികജാതി ജനസംഖ്യക്കാനുപാതികമായി പഞ്ചായത്തുകളിൽ പ്രൊമോട്ടർമാരെ നിയമിക്കുകയും വകുപ്പ് പദ്ധതികളെക്കുറി ച്ചുള്ള അവബോധം നൽകുകയും വ്യക്തിത്വ വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ആസൂത്രണ പ്രക്രിയയിൽ പട്ടികജാതി വിഭാഗക്കാരുടെ പങ്കാളിത്തം മെച്ചപ്പെടുത്തി ഗുണഭോക്താക്കളുടെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
3. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി ലഭ്യ മാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്ക രിക്കുക.
4. കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയും ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് ബ്ലോക്ക്, നഗരസഭാ തലത്തിൽ സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്ക്കരിക്കുക.
5. ഭൂമി കണ്ടെത്താൻ പ്രയാസമുള്ള നഗരസഭ കളിൽ ഭൂരഹിത പട്ടികജാതിക്കാരെ പുനരധി വസിപ്പിക്കാൻ പ്രത്യേക പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കുക.
6. സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ചേർന്ന് സംയുക്ത കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകുക. പതിമൂന്നാം പദ്ധതിക്കാലത്തു തന്നെ എല്ലാ സങ്കേതങ്ങളിലും വർഷം മുഴുവൻ ശുദ്ധ ജലം ലഭ്യമാക്കുക.
7. ഒറ്റപ്പെട്ട വീടുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത്/ നഗരസഭാ തലത്തിൽ പദ്ധതികൾ തയ്യാറാക്കുക. പതിമൂന്നാം പദ്ധതിക്കാലത്തുതന്നെ മുഴുവൻ വീടുകൾക്കും ശുദ്ധ ജലം ലഭ്യമാക്കുക.
8. വ്യക്തികൾക്കും സംഘങ്ങൾക്കുമുള്ള സ്വയം തൊഴിൽ പദ്ധതികൾക്കും, വിദേശതൊഴിൽ തേടൽ പദ്ധതിക്കും ഫണ്ട് വകയിരുത്തുക.
9. ജില്ലാ പഞ്ചായത്തിന്റെ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് കീഴിൽ പട്ടികജാതിക്കാർക്കായി ഒരു കമ്മ്യൂണിറ്റി സ്കിൽ ഡെവലപ്പമെന്റ് സെന്റർ ആരംഭിക്കുകയും അവിടെ നൈപുണ്യ വികസനത്തിനും സംരഭകത്വ വികസനത്തി നുമുള്ള പരിശീലന പരിപാടികൾ ആരംഭിക്കു കയും ചെയ്യുക. പ്രസ്തുത സെന്ററിൽ കാലോചിതമായ പരിശീലന പരിപാടികൾക്ക് രൂപം നൽകുകയും ചെയ്യുക.
10. പരമ്പരാഗത മേഖലയുടെ ആധുനികവൽക്ക രണവും വൈവിധ്യവൽക്കരണവും വഴി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
11. പട്ടികജാതിക്കാർക്ക് കാർഷിക മേഖലയിൽ പ്രാവീണ്യമുണ്ടെങ്കിലും കൃഷിഭൂമി ഇല്ലാത്ത തിനാൽ ഈ മേഖലയിൽ കാര്യമായി പ്രവർത്തിക്കുവാൻ ആവുന്നില്ല. പാട്ടകൃഷി യിലൂടെയും തരിശ്ഭൂമി ഉപയുക്തമാക്കിയും കാർഷിക പദ്ധതികൾക്ക് രൂപം നൽകുക.
12. പട്ടികജാതിക്കാർ ധാരാളമായി നിർമ്മാണ മേഖലയിൽ തൊഴിൽ എടുക്കുന്നുണ്ട്. ഇവരുടെ പ്രാവീണ്യം പ്രയോജനപ്പെടുത്തി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.
13. വ്യവസായ വകുപ്പുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് പ്രാദേശികമായി അനുയോ ജ്യമായ മൈക്രോസംരംഭങ്ങൾ ആരംഭിക്കുക. ഇവർക്കാവശ്യമായ പരിശീലനത്തിനുള്ള പദ്ധതികൾ പട്ടികജാതി വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
14. പട്ടികജാതി വനിതകൾക്കായി കുടുംബശ്രീ യുമായി സഹകരിച്ച് ഗ്രൂപ്പടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾക്ക് രൂപം നല്കുക.
15. സങ്കേതവികസനത്തിനായി ത്രിതല പഞ്ചായ ത്തുകൾ സംയുക്ത പദ്ധതികൾ ആവിഷ്കരി ക്കുക.
16. ദുർഘട പ്രദേശങ്ങളിലുള്ളതും ദുർബല വിഭാഗങ്ങൾ താമസിക്കുന്നതുമായ സങ്കേത ങ്ങളിൽ ത്രിതല പഞ്ചായത്തുകൾ സംയുക്ത മായി പ്രത്യേക വികസന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
17. തദ്ദേശഭരണ സ്ഥാപനതലത്തിൽ പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമാക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ നിരീക്ഷണ സമിതികളായി പ്രവർത്തിക്കണ

മെന്ന മാർഗ്ഗനിർദ്ദേശം കർശനമായും ഫലപ്രദമായും പാലിക്കണം.

18. നാടൻകലകൾക്കും സംഘങ്ങൾക്കും പ്രോത്സാഹനം നൽകുക.

19. നിലവിൽ കിലയുടെ നേതൃത്വത്തിൽ ജില്ലയിൽ ശേഖരിച്ച പട്ടികജാതിക്കാരുടെ സമഗ്ര വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് ജില്ലാപഞ്ചായത്തും ജില്ലയിലെ നഗര സഭകളും പദ്ധതികൾ തയ്യാറാക്കുക.

20. ജലസ്രോതസുകളിൽ ശുദ്ധജലം കുറവ് വരുന്നതിനാൽ പല കുടിവെള്ള പദ്ധതികളിലും ഫെബ്രുവരി-ജൂൺ മാസങ്ങളിൽ യഥേഷ്ടം കുടിവെള്ളം ലഭ്യമാകുന്നില്ല. ഇത് പരിഹരിക്കാനായി ജലസ്രോതസുകൾ ശക്തിപ്പെടുത്താൻ കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണി സ്ഥാപിക്കൽ, പുഴകൾ, തോടുകൾ സംരക്ഷിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.

21. പട്ടികജാതി കോളനികളോട് ചേർന്ന് സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കുക.

22. വിവിധ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങളും പരിശീലനവും നൽകുക.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതത് പ്രദേശത്തെ വിഭവ ലഭ്യതയ്ക്കും പ്രത്യേക സാഹചര്യങ്ങൾക്കും അനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

പട്ടികവർഗ്ഗ വികസനം

സാമ്പത്തികമായും സാമൂഹികമായും ഇന്നും ഏറെ പിന്നാക്കം നിൽക്കുന്ന ജനവിഭാഗമാണ് പട്ടികവർഗ്ഗക്കാർ. ഇവരുടെ സമഗ്രമായ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. എങ്കിലും നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹരിക്കേണ്ടതുണ്ട്. ജില്ലയിൽ 135 ഊരുകളിലായും ഒറ്റപ്പെട്ട സ്ഥലങ്ങളിലായും 3548 കുടുംബങ്ങളിലായി (ഉപകുടുംബങ്ങൾ ഉൾപ്പെടെ) 10854 പട്ടികവർഗ്ഗക്കാരുണ്ട് (പട്ടികവർഗ്ഗ വികസന വകുപ്പിലെ എസ്.ടി പ്രെമോട്ടർമാർ മുഖേന ശേഖരിച്ചത്). എന്നാൽ 2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ ജനസംഖ്യ 15228 ആണ്. ജില്ലയിലെ കോർപ്പറേഷൻ മറ്റു തദ്ദേശ സ്ഥാപനങ്ങൾ എന്നിവയിൽ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ ഈ പ്രദേശങ്ങളിൽ എസ്.ടി പ്രൊമോട്ടർമാർ ഇല്ലാത്തതിനാൽ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. അന്യസംസ്ഥാനത്തു നിന്നും അന്യജില്ലകളിൽ നിന്നും ജില്ലയിൽ ജോലിക്കും മറ്റുമായി എത്തിച്ചേർന്നവരുടെ വിവരങ്ങൾ കൂടി ഉൾപ്പെട്ടതാകാം സെൻസസിൽ കാണുന്ന ഈ സംഖ്യ. എങ്കിലും ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. ജില്ലയിലെ 31 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭാ പരിധിയിലുമാണ് പട്ടികവർഗ്ഗ കുടുംബങ്ങൾ മഹാഭൂരിപക്ഷവും താമസിച്ചു വരുന്നത്. പട്ടിക 4.4.13-ൽ ജനസംഖ്യാപരമായ വിവരങ്ങൾ കൊടുത്തിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 2.1 ൽ കാണുക.

പട്ടിക - 4.4.13

ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ

കുടുംബങ്ങൾ		ജനസംഖ്യ		ആകെ	ആകെ വീടുകൾ	ആകെ ഊരുകൾ (അഞ്ചോ അധിലധികമോ കുടുംബങ്ങൾ ഉള്ളവ)
മുഖ്യ കുടുംബങ്ങൾ	ഉപ കുടുംബങ്ങൾ	പുരുഷന്മാർ	സ്ത്രീകൾ			
2644	904	5280	5574	10854	3039	135
ആകെ - 3548						

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

മലബാറിലെ പട്ടികവർഗ്ഗക്കാർ ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക - സാമ്പത്തിക കാര്യങ്ങളിൽ വ്യത്യസ്തത പുലർത്തുന്നവരാണ്. ചില പട്ടികവർഗ്ഗ വിഭാഗങ്ങൾ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരിവർത്തനത്തിന്റെ പാതയിലാണെങ്കിൽ മറ്റു ചിലർ വലിയൊരു പരിധിവരെ അവരുടെ പഴയ സംസ്കാരത്തെയും ജീവിതശൈലിയേയും മുറുകെപ്പിടിക്കുന്നവരാണ്. പട്ടികവർഗ്ഗക്കാർ എല്ലായിടത്തും പൊതു സാംസ്കാരികധാരയിൽ ചേർന്നിട്ടുണ്ട്. ആധുനിക വിദ്യാഭ്യാസവും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നടത്തിയിട്ടുള്ള നിയമനിർമ്മാണങ്ങളും പട്ടിക വർഗ്ഗക്കാരുടെ ബോധനിലവാരത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പരിസ്ഥിതിപരവും സാംസ്കാരികവുമായ ഒറ്റപ്പെടുത്തലും സാമ്പത്തികമായ പിന്നാക്കാവസ്ഥയും സൃഷ്ടിച്ച സാഹചര്യങ്ങളിൽ നിന്നും ഈ വിഭാഗം ഇന്നും ഏറെ മുക്തമല്ല. പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും രാഷ്ട്രീയവുമായ ബോധത്തിന്റെ നിലവാരം ഭാഗികമായി ഉയർന്നിട്ടുണ്ടെങ്കിലും സാമ്പത്തിക വ്യത്യാസങ്ങൾ പരിഹരിക്കപ്പെടേണ്ടിയിരിക്കുന്നു. പട്ടികവർഗ്ഗ സമുദായങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക-4.4.14ൽ കൊടുത്തിരിക്കുന്നു. പട്ടികവർഗ്ഗ ഊരുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ പട്ടിക - 4.4.15 ൽ കൊടുത്തിരിക്കുന്നു.

സാംസ്കാരികത്തനിമയും തനതു സവിശേഷതകളും പരമാവധി നിലനിർത്തിയും ഭൂമിയിലും വനവിഭവങ്ങളിലും പരമ്പരാഗതമായുള്ള അവകാശം സംരക്ഷിച്ചും ഭരണ മേൽക്കോയ്മ അടിച്ചേൽപ്പിക്കാതെയും കഴിയുന്നതും പട്ടിക വർഗ്ഗക്കാരിൽ നിന്നുതന്നെ വികസന പ്രവർത്തകരെയും ഉദ്യോഗസ്ഥരെയും കണ്ടെത്തിയും ഗോത്രവർഗ്ഗ പ്രദേശങ്ങളിലേക്കുള്ള അന്യരുടെ കടന്നുകയറ്റം നിയന്ത്രിച്ചും വേണം പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനെന്നതാണ് പട്ടികവർഗ്ഗ വികസനരംഗത്തെ അംഗീകൃതമായ സമീപനം.

പട്ടിക 4.4.14

ജില്ലയിലെ പട്ടികവർഗ്ഗ സമുദായങ്ങൾ

സമുദായം	കുടുംബങ്ങൾ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
കാണിക്കാർ	3	5	5	10
മലയരയൻ	1	2	3	5
കരിമ്പാലൻ	1545	2264	2400	4664
പണിയർ	1006	1404	1499	2903
കുറിച്യർ	499	853	856	1709
കാടർ	49	71	65	136
അടിയ	4	4	6	10
ഊരാളി	2	2	2	4
കുറുമ	15	19	23	42
ഉള്ളാടൻ	3	5	6	11
കാട്ടുനായ്ക്കൻ	53	70	88	158
മുതുവാൻ	367	580	620	1200
തച്ചുനാട്ടുമൂപ്പൻ	1	1	1	2
ആകെ	**3548**	**5280**	**5574**	**10854**

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക 4.4.15

ജില്ലയിലെ പട്ടികവർഗ്ഗ ഊരുകൾ സ്ഥിതി ചെയ്യുന്ന പ്രദേശം

പ്രദേശം	ഊരുകൾ	കുടുംബങ്ങൾ
റിസർവ് വനത്തിനുള്ളിൽ	0	0
റിസർവ് വനത്തിന് സമീപം	25	630
മറ്റ് ഊരുകൾ	110	2735
മറ്റ് പ്രദേശങ്ങൾ	--	183
ആകെ	**135**	**3548**

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

വിവിധ മേഖലകളിലെ അവസ്ഥ

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെയേറെ മെച്ചപ്പെട്ട നിലയിലാണെങ്കിലും കേരളത്തിലെ ഇതര ജനവിഭാഗങ്ങളുടെ ജീവിത വുമായി താരതമ്യപ്പെടുത്തുമ്പോൾ കടുത്ത പിന്നോക്കാവസ്ഥ നിലനിൽക്കുന്നതായി കാണാം. വിവിധ മേഖലകളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ നിലവിലുള്ള അവസ്ഥ താഴെ ചേർക്കുന്നു.

1. പാർപ്പിടവും കൈവശ ഭൂമിയും

പാർപ്പിട മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് വകുപ്പ്, തദ്ദേശ സ്ഥാപനങ്ങൾ കൂടാതെ ഐ.എ.വൈ മുഖേനയും നിരവിധി വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യം ഇനിയും സാക്ഷാത്കരി ച്ചിട്ടില്ല. ജില്ലയിലെ ആകെ വീടുകൾ 3039 ആണ്. ജില്ലയിൽ പട്ടികവർഗ്ഗക്കാരുടെ പൂർത്തീകരിക്കാത്ത വീടുകൾ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 4.4.16

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ പൂർത്തീകരിക്കാത്ത വീടുകൾ

ക്രമ നമ്പർ	പദ്ധതികൾ	പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം
1	പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ	340
2	ഐ.എ.വൈ	85
3	ജില്ലാ പഞ്ചായത്തു മുഖേന നടപ്പാക്കിയവ	40
4	മറ്റുള്ളവ	66
	ആകെ	**531**

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.17

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ വീടിന്റെ അവസ്ഥ

ജീർണ്ണിച്ച വീട്	പൂർത്തിയാക്കാത്ത വീട്	റിപ്പയർ ആവശ്യമുള്ള വീടുകൾ
709	531	341

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഭവനരഹിതരായ 269 കുടുംബങ്ങളും ഭൂരഹിതരായ 111 കുടുംബങ്ങളുമുണ്ട്. വിശദാംശങ്ങൾ അനുബന്ധം 4.97 ൽ നൽകിയിരിക്കുന്നു. 2000 - 01 മുതൽ 2014-15 വരെയുള്ള കാലയളവിൽ ജില്ലയിൽ 337 കുടുംബങ്ങൾക്ക് 509.2 ഏക്കർ ഭൂമി വിതരണം ചെയ്തു. പട്ടിക ചുവടെ ചേർത്തിരിക്കുന്നു. സർക്കാർ വിതരണം ചെയ്ത ഭൂമിയിൽ താമസിക്കാത്തവർ ഏകദേശം 200 - ഓളം കുടുംബങ്ങളാണ്. ആവാസ സ്ഥലത്തു നിന്നും ഉള്ള ദൂരം കൂടുതൽ, വന്യമൃഗ ശല്യം, ദുർഘടപ്രദേശം എന്നിവയാണ് ഇവർ ഇതിന് കാരണമായി പറയുന്നത്.

പട്ടിക - 4.4.18

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വിതരണം ചെയ്തതിന്റെ വിവരങ്ങൾ

വർഷം	പദ്ധതി	കുടുംബങ്ങളുടെ എണ്ണം	ഭൂമിയുടെ അളവ്	പ്രദേശം
2000-2001	വനത്തിനുള്ളിലും ദുർഘട പ്രദേശങ്ങളിലും താമസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസം	10	10 ഏക്കർ 62 സെന്റ്	ആലംപാറ ചക്കിട്ടപ്പാറ പഞ്ചായത്ത്
2002-2003	ടി.ആർ.ഡി.എം	75	255 ഏക്കർ	വട്ടച്ചിറ കോടഞ്ചേരി
	ടി.ആർ.ഡി.എം	41	41 ഏക്കർ	മുതുകാട്, കുളത്തൂർ കോളനി, ചക്കിട്ടപ്പാറ
	ടി.ആർ.ഡി.എം	202	202 ഏക്കർ	സീതപ്പാറ (പേരാമ്പ്ര എസ്റ്റേറ്റ്, ചക്കിട്ടപ്പാറ)
2009-10	വനാവകാശ നിയമം	11	6.87 ഏക്കർ	കാക്കണഞ്ചേരി, കല്ലുള്ളതോട്, കൊളമല (കട്ടിപ്പാറ), മേടപ്പാറ (കൂടരഞ്ഞി)
2013-14	ആശിക്കുംഭൂമി ആദിവാസിക്കു സ്വന്തം	3	95 സെന്റ്	ഉണ്ണികുളം, വാണിമേൽ
2014-15	ആശിക്കുംഭൂമി ആദിവാസിക്കു സ്വന്തം ആകെ	3 345	76 സെന്റ് 517.2 ഏക്കർ	കാന്തലാട് വില്ലേജ്

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പൂർത്തിയാകാത്ത വീടുകളുടെ ലിസ്റ്റ് അനുബന്ധം 4.98 ലും ജീർണ്ണിച്ച വീടിന്റെയും റിപ്പയർ ആവശ്യമുള്ള വീടുകളുടെയും വിവരങ്ങൾ അനുബന്ധം 4.99 ലും ചേർത്തിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർക്കു വീടു നിർമ്മിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് ജില്ലയിൽ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്.

പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നിരവധി കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അറ്റകുറ്റ പ്പണികളുടെ പോരായ്മ, ആവർത്തന ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രയാസം എന്നിവ കാരണം ഭൂരിപക്ഷം പദ്ധതികളും പ്രവർത്തന രഹിതമാണ്. പൊതുവെ ഡിസംബർ മാസത്തിനു ശേഷം തൊട്ടടുത്ത വർഷക്കാലം വരെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ള മേഖലയിൽ ഇന്നു നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങൾ ജലലഭ്യത ക്കുറവും ലഭ്യമായ ജലത്തിന്റെ മലിനീകരണ വുമാണ്. ജില്ലയിൽ കുടിവെള്ള ലഭ്യതക്കുറവുള്ള 69 കോളനികൾ ഉണ്ട്. വേനൽക്കാലത്ത് കടുത്ത ജലക്ഷാമം നേരിടുന്ന 1097 കുടുംബങ്ങളും 6 മാസം വരെ ജലക്ഷാമം നേരിടുന്ന 253 കുടുംബങ്ങളും ഉണ്ട്. കുടിവെള്ള ലഭ്യതക്കുറവുള്ള കോളനികളുടെ ലിസ്റ്റ് അനുബന്ധം 4.100 ൽ കൊടുത്തിരിക്കുന്നു.

ആരോഗ്യ രംഗത്ത് പട്ടികവർഗ്ഗക്കാർ കടുത്ത വെല്ലുവിളികൾ നേരിടുന്നു. ക്യാൻസർ, നട്ടെല്ലിനു ക്ഷതം, പ്രായാധിക്യം മൂലമുള്ള അവശതകൾ, സിക്കിൾസെൽ അനീമിയ, പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ തുടങ്ങിയ രോഗങ്ങൾ ഇവരിൽ കൂടി വരുന്നു. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കുഞ്ഞിന്റെയും പോഷകാഹാരക്കുറവു പരിഹരി ക്കുന്നതിനു ജനനി ജന്മരക്ഷ പദ്ധതിയും (മാസം 1000/- രൂപ വീതം 18 മാസം) സിക്കിൾസെൽ അനീമിയ രോഗികൾക്കു ധനസഹായമായി മാസം 2500 രൂപ വീതം നൽകുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. മാതാപിതാക്കളില്ലാത്ത കുട്ടികളുടെ സംരക്ഷണത്തിനു 'കൈത്താങ്ങ്' എന്ന പദ്ധതിയും വകുപ്പ് നടപ്പാക്കി വരുന്നു. കൂടാതെ, സർക്കാർ ആശുപത്രികളിൽ ചികിത്സക്കായി എത്തുന്ന രോഗികൾക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സൗജന്യ ചികിത്സയും വകുപ്പ് നേരിട്ട് ചികിത്സാ ധനസഹായവും നൽകിവരുന്നു. എന്നിരുന്നാലും ഇളംപ്രായത്തിൽ ഗർഭധാരണം നടക്കുന്നതും അടിക്കടി കുഞ്ഞുങ്ങളെ പ്രസവിക്കുന്നതും നിമിത്തം സ്ത്രീകളുടെ ആരോഗ്യം ക്ഷയിക്കുകയും ശിശുക്കളിൽ പോഷകാഹാരക്കുറവും അതുമൂല മുള്ള രോഗങ്ങളും ഉണ്ടാവുകയും ചെയ്യുന്നു. ചികിത്സ സഹായം സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.4.19 ൽ നൽകിയിരിക്കുന്നു.

പട്ടിക - 4.4.19

ജില്ലയിൽ ചികിത്സ സഹായം ലഭിച്ചതു സംബന്ധിച്ച വിവരങ്ങൾ

പദ്ധതിയുടെ പേര്	ധനസഹായം നൽകി വരുന്ന ഗുണഭോക്താക്കളുടെ എണ്ണം
ജനനീ ജന്മരക്ഷ	445
സിക്കിൾസെൽ അനീമിയ രോഗികൾക്കു ധനസഹായം	13
കൈത്താങ്ങ്	11

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

ജില്ലയിലെ മിക്ക കോളനികളിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട്. എന്നാൽ താഴെപ്പട്ടികയിൽ പറയുന്ന കോളനികളിലാണ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കാണുന്നത്. ഗുരുതരമായ രോഗങ്ങൾ ഉള്ളവരുടെ തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് അനുബന്ധം 4.101 ൽ ചേർത്തിട്ടുണ്ട്.

പട്ടിക 4.4.20

ഗുരുതര ആരോഗ്യ പ്രശ്നമുള്ള കോളനികൾ

പഞ്ചായത്ത്	കോളനികൾ
കോടഞ്ചേരി	പഞ്ചായത്തിലെ മിക്ക കോളനികളും
പുതുപ്പാടി	കുറുമരുകണ്ടി, നാക്കിലാംപാട്, പയോണ, വെള്ളംകന്ന്, ആച്ചി 4 സെന്റ് തുടങ്ങിയ കോളനികൾ
കട്ടിപ്പാറ	കാക്കണഞ്ചേരി
മുക്കം മുനിസിപ്പാലിറ്റി	പണിയർകുന്ന്
കൂടരഞ്ഞി	ചുള്ളിയകം, മാങ്കുന്ന്
വാണിമേൽ	കെട്ടിൽ, വാളാംതോട്
മരുതോങ്കര	കുടിൽപ്പാറ

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

ആർദ്രം മിഷൻ

ആർദ്രം മിഷനിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ മേഖലകളിൽ വരുന്ന കോട്ടൂർ, പുതുപ്പാടി ഓമശ്ശേരി എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തിയിട്ടുണ്ട്. മറ്റു പട്ടികവർഗ്ഗ മേഖലകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും കോളനികളിൽ ആരോഗ്യ സേവനങ്ങൾ സദാസമയവും ലഭ്യമാക്കുകയും വേണം.

പട്ടികവർഗ്ഗ മേഖലകളിൽ വരുന്ന പ്രൈമറി ഹെൽത്ത് സെന്ററുകൾ
കോടഞ്ചേരി, തിരുവമ്പാടി, പുതുപ്പാടി, കോട്ടൂർ, ഓമശ്ശേരി, പനങ്ങാട്, കൂടരഞ്ഞി, കാരശ്ശേരി, കാക്കൂർ, മരുതോങ്കര, വാണിമേൽ, കക്കയം, എരമംഗലം, പന്നിക്കോട്ടൂർ, വളയം

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിനായി വകുപ്പു മുഖേനയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ട്. സ്റ്റൈപ്പന്റുകൾ, സ്കോളർഷിപ്പുകൾ, പട്ടികവർഗ്ഗ ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, യാത്രാ സൗകര്യത്തിനായി ഗോത്രസാരഥി പദ്ധതി, പ്രോത്സാഹന ധനസഹായങ്ങൾ, പരിശീലനങ്ങൾ മുതലായ പദ്ധതികൾ വകുപ്പു മുഖേനയും മറ്റു ചിലപദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കി വരുന്നു.

ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത നിലവാരം 82.40 ശതമാനമാണ് (കില സർവ്വെ 2008-10). ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ സാക്ഷരർ ഉള്ളത് (93.07%). രണ്ടാം സ്ഥാനം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്. പുരുഷന്മാരുടെ സാക്ഷരത 86.18%വും സ്ത്രീകളുടേത് 78.82%. കരിമ്പാലൻ സമുദായമാണ് സാക്ഷരത നിരക്കിൽ മുന്നിലുള്ളത് 94.79%. ജില്ലയിലെ ജനസംഖ്യയിൽ രണ്ടാമത് നിൽക്കുന്ന പണിയർ സമുദായമാണ് വിദ്യാഭ്യാസ കാര്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത്. ഇവരുടെ സാക്ഷരത ശതമാനം 68.43% ആണ്. വിദ്യാഭ്യാസ കാര്യത്തിൽ ഏറ്റവും താൽപര്യക്കുറവു കാണിക്കുന്നത് പണിയർ

സമുദായമാണ്. കുടുംബത്തിലുള്ള മുതിർന്നവരുടെ വിദ്യാഭ്യാസ കുറവും താൽപര്യമില്ലായ്മയും മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കും കൂടുതലാണ്. കുടുംബത്തിലെ ദാരിദ്ര്യം, സാമ്പത്തിക പരാധീനത, തോൽവി, സ്ഥാപനം ഊരിൽ നിന്നും വളരെ അകലെ, സ്ഥാപനത്തിലേക്കുള്ള യാത്ര ദുർഘടം പിടിച്ചത്, വീട്ടിലെ പ്രതികൂല സാഹചര്യങ്ങൾ, അന്യതാബോധം, നേരത്തെയുള്ള വിവാഹം, ഗോത്രാചാരം എന്നിവയാണ് കൊഴിഞ്ഞു പോക്കിനുള്ള മറ്റു കാരണങ്ങൾ.

പട്ടിക 4.4.21

ജില്ലയിലെ പഠനം ഉപേക്ഷിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

പഠനം ഉപേക്ഷിച്ച ക്ലാസ്	പെൺകുട്ടികൾ	ആൺകുട്ടികൾ	ആകെ
പ്രൈമറി	144	158	302
സെക്കണ്ടറി	208	265	473
ഹയർ സെക്കണ്ടറി	70	50	120
സർട്ടിഫിക്കറ്റ് കോഴ്സ്	5	5	10
ഡിപ്ലോമ കോഴ്സ്	2	3	5

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക -4.4.22

2017-18 അദ്ധ്യയന വർഷം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

ക്ലാസ്സ്	ആൺകുട്ടികൾ	പെൺകുട്ടികൾ
എൽ.പി	7	5
യു.പി	16	4
ഹൈസ്കൂൾ	12	10
ഹയർസെക്കണ്ടറി സ്കൂൾ	10	4

ഗോത്രസാരഥി പദ്ധതി

ദുർഘട പ്രദേശങ്ങൾ, സ്കൂളിലേക്ക് ദൂരം കൂടുതലുള്ള പ്രദേശങ്ങൾ, വനമേഖലകൾ തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹനം സ്കൂളുകൾ മുഖേന ഏർപ്പാടാക്കി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഗോത്രസാരഥി. ഈ പദ്ധതിയിലൂടെ നടപ്പുവർഷം ജില്ലയിൽ 27 സ്കൂളുകൾ മുഖേന വാഹനം ഏർപ്പാടാക്കി കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗോത്രസാരഥി പദ്ധതിയിലൂടെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒരു പരിധി വരെ കുറച്ചുകൊണ്ടു വരാനും പഠന കാര്യത്തിൽ താൽപര്യം ഉളവാക്കുവാനും സാധിച്ചിട്ടുണ്ട്.

ദുർഘട പ്രദേശങ്ങളിലും മറ്റും താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള വിദ്യാഭ്യാസവും താമസവും ഭക്ഷണവും നൽകുന്നതിനു ജില്ലയിൽ 5 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ വിവരങ്ങൾ പട്ടിക

4.4.23 ൽ ചേർക്കുന്നു. അനുബന്ധ സ്ഥാപനങ്ങളുടെ വിവരങ്ങൾ പട്ടിക 4.4.24 മുതൽ പട്ടിക 4.4.26 വരെ കൊടുത്തിരിക്കുന്നു. 2017-18 വർഷത്തിലെ ജില്ലയിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 4.4.27 ലും, വിദ്യാഭ്യാസ നിലവാരം സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.4.28 ലും, സാക്ഷരതാ വിവരങ്ങൾ പട്ടിക 4.4.29 ലും കൊടുത്തിരിക്കുന്നു.

പട്ടിക 4.4.23

ജില്ലയിലെ പട്ടികവർഗ്ഗ ഹോസ്റ്റലുകൾ

ഹോസ്റ്റലിന്റെ പേര്	സ്ഥലം	കുട്ടികളുടെ എണ്ണം
പ്രീമെട്രിക് ഹോസ്റ്റൽ(ബോയ്സ്), വടകര	പുതുപ്പണം, വടകര	28
പ്രീമെട്രിക് ഹോസ്റ്റൽ(ബോയ്സ്), കുന്ദമംഗലം	വരട്ട്യാക്കിൽ, കുന്ദമംഗലം	62
പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്), പുതുപ്പാടി	പുതുപ്പാടി	27
പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്), ഈസ്റ്റ്ഹിൽ	ഈസ്റ്റ്ഹിൽ, കോഴിക്കോട്	110
പ്രീമെട്രിക് ഹോസ്റ്റൽ(ബോയ്സ്), പൂളക്കടവ്	പൂളക്കടവ്, കോഴിക്കോട്	40
	ആകെ	**267**

പട്ടിക 4.4.24

ജില്ലയിലെ ട്രൈബൽ സ്കൂളുകൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	എസ്.ടി കുട്ടികളുടെ എണ്ണം
1	ജി.ഡബ്ല്യു.എൽ.പി. സ്കൂൾ, വളയം	9
2	ഗവ. ട്രൈബൽ എൽ.പി. സ്കൂൾ, കൂമ്പാറ	5
3	ജി.ഡബ്ല്യു.എൽ.പി. സ്കൂൾ, വെള്ളിയോട്	24

പട്ടിക - 4.4.25

ജില്ലയിലെ ട്രൈബൽ കിന്റർ ഗാർടൻ

ക്രമ നമ്പർ	കിന്റർ ഗാർടൻ	എസ്.ടി കുട്ടികളുടെ എണ്ണം
1	കിന്റർ ഗാർടൻ, അടുപ്പിൽ കോളനി, വിലങ്ങാട്	10

പട്ടിക 4.4.26

മൾട്ടി ഗ്രേഡ് ലേണിംങ് സെന്ററുകൾ (എം.ജി.എൽ.സി)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	എസ്.ടി കുട്ടികളുടെ എണ്ണം
1	എം.ജി. എൽ.സി, നാക്കിലാംപാട്	6
2	എം.ജി.എൽ.സി. പറശ്ശേരി	2
3	എം.ജി.എൽ.സി. കുറുമരുകണ്ടി	6
4	എം.ജി.എൽ.സി., പശുക്കടവ്	12

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.27

2017-18 വർഷം സ്കൂൾതല വിദ്യാഭ്യാസം നേടുന്ന പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം

ക്രമ നമ്പർ	സ്കൂൾതലം	കുട്ടികളുടെ എണ്ണം
1	പ്രൈമറിതലം	603
2	അപ്പർ പ്രൈമറിതലം	521
3	ഹൈസ്കൂൾ തലം	554
	ആകെ	**1678**

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.28

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം

ക്രമ നമ്പർ	യോഗ്യത	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	പ്രൈമറിതലം	1791	1594	3385
2	എസ്.എസ്.എൽ.സിക്കു താഴെ	1381	1248	2629
3	എസ്.എസ്.എൽ.സി	504	528	1032
4	പ്രീഡിഗ്രി/ പ്ലസ്ടു	200	271	471
5	ബിരുദം	29	43	72
6	ബിരുദാനന്തര ബിരുദം	4	6	10
8	മറ്റുള്ളവ	2	4	6
	ആകെ	**3911**	**3694**	**7605**

അവലംബം : (കില സർവ്വെ 2008-10)

പട്ടിക -4.4.29

പ്രധാന സമുദായങ്ങളുടെ സാക്ഷരതാ നിരക്ക് (%)

ക്രമ നമ്പർ	സമുദായം	നിരക്ക് (%)
1	കരിമ്പാലൻ	94.79
2	പണിയർ	68.43
3	കുറിച്യർ	84.36
4	മുതുവാൻ	78.69
5	കാട്ടുനായ്ക്കൻ	58.33

അവലംബം : കില സർവ്വെ 2008-10)

തൊഴിലും അതുവഴി സ്ഥിര വരുമാനവും ഉറപ്പാക്കുന്നതിലൂടെ മാത്രമേ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയുകയുള്ളൂ. ഗോത്ര സമൂഹത്തിന്റെ പരമ്പരാഗതമായ തൊഴിലുകൾ അന്യംനിന്നു പോകുകയും ആധുനിക കാലത്തെ തൊഴിലുകൾ ലഭ്യമാക്കാൻ കഴിയാത്തതും ഈ വിഭാഗത്തിന്റെ പിന്നാക്കാവസ്ഥയ്ക്കു കാരണമായിട്ടുണ്ട് എന്നുള്ളതു യാഥാർത്ഥ്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പു മുഖേന പ്രത്യേക കേന്ദ്ര സഹായ പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതികൾ, ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള പദ്ധതികൾ, സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങിയവയിലൂടെ വിവിധ തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പട്ടികവർഗ്ഗക്കാർക്കിടയിൽ തൊഴിലില്ലായ്മ നിലനിൽക്കുന്നുണ്ട്. തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭ്യമാക്കുന്നതിന് ഇവർക്കിടയിൽ ബോധവൽകരണം നടക്കുന്നുണ്ട്. എന്നിരുന്നാലും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കിടയിൽപ്പോലും തൊഴിലില്ലായ്മ ഇന്ന് കൂടിവരുന്നു. പൊതുവിൽ പണിയർ പോലുള്ള സമുദായത്തിൽപ്പട്ടവർക്കു തൊഴിലിനോടു ആഭിമുഖ്യം കുറഞ്ഞുവരുന്നു. അവർ പരമ്പരാഗതമായി ചെയ്തു പോന്നിരുന്ന തൊഴിലുകൾ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ട്. സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ജോലിക്കാര്യത്തിലും പട്ടികവർഗ്ഗക്കാർ വളരെ പിന്നിലാണ്. സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിയുള്ളവരുടെ എണ്ണം 254 ആണ്. തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായവർ 2147 ആണ്. ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ പ്രധാന തൊഴിൽ മേഖലയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.4.30 ലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവരുടെ എണ്ണം പട്ടിക 4.4.31 ലും കൊടുത്തിരിക്കുന്നു.

പട്ടിക - 4.4.30

വിവിധ പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ തൊഴിൽ മേഖല

ക്രമ നമ്പർ	സമുദായം	മുഖ്യ തൊഴിൽ	ഉപതൊഴിൽ
1	കരിമ്പാലൻ	കാർഷികേതരം	കൃഷി, മൃഗപരിപാലനം
2	പണിയർ	കാർഷിക തൊഴിൽ	കൃഷി
3	കുറിച്യർ	കാർഷിക തൊഴിൽ	കൃഷി, മൃഗപരിപാലനം
4	മുതുവാൻ	കാർഷിക തൊഴിൽ	കാർഷികേതരം
5	കാട്ടുനായ്ക്കൻ	കാർഷിക തൊഴിൽ	വനവിഭവ ശേഖരണം

പട്ടിക - 4.4.31

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത പട്ടികവർഗ്ഗക്കാർ

യോഗ്യത	ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കോഴിക്കോട്	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, താമരശ്ശേരി	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ബാലുശ്ശേരി	ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വടകര	ആകെ
എസ്.എസ്.എൽ.സിക്കു താഴെ	72	40	166	130	408
എസ്.എസ്.എൽ.സി	316	123	421	158	1018
പ്രീഡിഗ്രി / പ്ലസ്ടു	79	42	184	89	394
ബിരുദം	13	7	23	9	52
ബിരുദാനന്തര ബിരുദം	13	---	5	---	18
ഡിപ്ലോമ	31	---	---	---	31
ആകെ	**524**	**212**	**799**	**386**	**1921**

അവലംബം എംപ്ലോയ്മെന്റ് ഓഫീസ് റിപ്പോർട്ട് 2017

കൃഷി മേഖലയിൽ കുറിച്യർ, കരിമ്പാലർ, മുതുവാൻ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടിക വർഗ്ഗക്കാർ കാർഷിക മേഖലയിൽ സജീവമായി ഇടപെടുന്നു. എന്നാൽ മിക്ക പണിയർ വിഭാഗക്കാർക്കും സ്വന്തമായി കൃഷിഭൂമി ഇല്ലാത്തതിനാൽ അവർ സ്വന്തമായി കൃഷിയിൽ ഏർപ്പെടുന്നത് വിരളമാണ്. ജില്ലയിലെ ചില കോളനികളിൽ വന്യമൃഗ ശല്ല്യം കാരണം കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയുമുണ്ട്. വന്യമൃഗ ശല്യമുള്ള കോളനികളുടെ വിവരങ്ങൾ പട്ടിക 4.4.32 ൽ കൊടുത്തിരിക്കുന്നു. ജില്ലയിൽ കൃഷിഭൂമിയുള്ള മിക്ക കുടുംബങ്ങളും ആയതു പണയപ്പെടുത്തി കൃഷിക്കും മറ്റുകാര്യങ്ങൾക്കുമായി കടം എടുത്തിട്ടുള്ളവരാണ്. പട്ടികവർഗ്ഗക്കാരുടെ കടം എഴുതി തള്ളുന്ന പദ്ധതിയിൽ 2006 ഏപ്രിൽ 1 - നു ശേഷവും 2014 മാർച്ച് 31നു മുമ്പ് കുടിശ്ശിക വരുത്തിയതുമായ കാർഷിക കടം ഉൾപ്പടെ ജില്ലയിലെ 100 പേരുടെ 35,84,687 രൂപയുടെ ലോൺ എഴുതിത്തള്ളിയിട്ടുണ്ട്.

പട്ടിക - 4.4.32

ജില്ലയിലെ വന്യമൃഗ ശല്യമുള്ള പട്ടികവർഗ്ഗ കോളനികൾ

കോളനിയുടെ പേര്	പഞ്ചായത്ത്	സാധാരണ കണ്ടുവരുന്ന വന്യമൃഗങ്ങൾ
വട്ടച്ചിറ	കോടഞ്ചേരി	ആന, കാട്ടുപന്നി
കുറുമരുകണ്ടി	പുതുപ്പാടി	ആന, കാട്ടുപന്നി
മുത്തപ്പൻപുഴ, മേലെപൊന്നാങ്കയം	തിരുവമ്പാടി	കാട്ടുപന്നി
നരിമടക്കൽ	കാരശ്ശേരി	കാട്ടുപന്നി
സീതപ്പാറ	ചക്കിട്ടപ്പാറ	ആന, കാട്ടുപന്നി
പന്നിയേരി, കുറ്റല്ലൂർ	വാണിമേൽ	കാട്ടുപന്നി
വായാട്	നരിപ്പറ്റ	ആന, കാട്ടുപന്നി

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

അടിസ്ഥാന സൌകര്യ മേഖലകളിൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ മിക്കയിടത്തും സഞ്ചാരയോഗ്യമായ റോഡുകളും നിരത്തുകളും നിർമ്മിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് - ഗ്രാമപഞ്ചായത്തുകളുടെയും ടി.എസ്.പി ഫണ്ടുകൾ എന്നിവ ചെലവിട്ടാണ് നിരത്തുകൾ നിർമ്മിച്ചിട്ടുള്ളത്. എന്നിരുന്നാലും വിദൂരസ്ഥ മലയോര മേഖലകളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും പലയിടത്തും ഇനിയും സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. നബാർഡിന്റെ ആർ.ഐ.ഡി.എഫ് ഉപയോഗിച്ച് 5 റോഡുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്; രണ്ടു റോഡുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. അതുപോലെ വകുപ്പിന്റെ സമഗ്ര സങ്കേത വികസന പദ്ധതിയിലുൾപ്പെടുത്തിയും മലയോര മേഖലയിലെ സങ്കേതങ്ങളിലേക്ക് റോഡു നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. വകുപ്പിന്റെ തന്നെ ഹാംലറ്റ് വികസന പദ്ധതി പ്രകാരവും റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം അനുസരിച്ച് തയ്യാറാക്കി ലഭ്യമാക്കുന്ന എസ്റ്റിമേറ്റുകൾ ജില്ലാ, സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തോടെ പാസ്സാക്കി ഭരണാനുമതി നൽകുകയും ആയതിലേക്കുള്ള തുക വകുപ്പു അനുവദിക്കുകയും ചെയ്തുവരുന്നു. ജില്ലാപഞ്ചായത്തു മുഖേനയും ഇതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജില്ലയിൽ നബാർഡ് സഹായം സ്വീകരിച്ച് നിർമ്മിച്ച റോഡുകളുടെ വിവരങ്ങൾ പട്ടിക 4.4.33 ൽ കൊടുത്തിരിക്കുന്നു.

സങ്കേതങ്ങളിൽ പലതിലും സങ്കേതവാസികൾക്ക് ഒത്തു ചേരുന്നതിന് സാമൂഹിക കേന്ദ്രങ്ങളോ സാംസ്കാരിക നിലയങ്ങളോ ഇല്ലാത്ത അവസ്ഥയുണ്ട്. പലപ്പോഴും സ്ഥലലഭ്യത ഇല്ലാത്തതും മറ്റു സാങ്കേതിക പ്രശ്നങ്ങളും നിമിത്തം പല കോളനികളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു കഴിയാതെ വരുന്നു. അതുപോലെ പല സ്ഥലങ്ങളിലും കോളനികളുടെ പരിസരത്ത് ഓടകളോ അഴുക്കുചാലുകളോ ഇല്ലാത്തത് മാലിന്യപ്രശ്നം സൃഷ്ടിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സങ്കേത വികസന പദ്ധതി എന്ന പുതിയ പദ്ധതി പ്രകാരം ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചില സങ്കേതങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ആവശ്യങ്ങൾ കണ്ടറിഞ്ഞ് എല്ലാ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

പട്ടിക - 4.4.33

നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം നടപ്പിലാക്കുന്ന റോഡുകൾ

ക്രമ നം.	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക (ലക്ഷത്തിൽ)	പഞ്ചായത്ത്	റിമാർക്സ്
1	അടുപ്പിൽ എസ്.ടി കോളനി റോഡ്	38.25	വാണിമേൽ	പ്രവൃത്തി പൂർത്തീകരിച്ചു.
2	സ്രാമ്പി - മഞ്ഞക്കടവ് എസ്.ടി കോളനി റോഡ്	38.25	കൂടരഞ്ഞി	പ്രവൃത്തി പൂർത്തീകരിച്ചു.
3	മുതുകാട്, കുളത്തൂർ എസ്.ടി കോളനി റോഡ്	29.16	ചക്കിട്ടപ്പാറ	പ്രവൃത്തി പൂർത്തീകരിച്ചു.
4	പൂവ്വാറാംതോട് - ആനക്കല്ലുംപാറ - കാടോത്തിക്കുന്ന് എസ്.ടി കോളനി റോഡ്	95.83	കൂടരഞ്ഞി	പ്രവൃത്തി പുരോഗമിക്കുന്നു. (55% പൂർത്തീകരിച്ചു)
5	ചിറ്റാരി അംബേദ്കർ കോളനി റോഡ്	242.78	വാണിമേൽ	പ്രവൃത്തി പുരോഗമിക്കുന്നു. (55% പൂർത്തീകരിച്ചു.)
6	തോട്ടക്കാട്, പൂനൂർ പൊയിൽ എസ്. ടി കോളനി റോഡ	26.17	കാരശ്ശേരി	പ്രവൃത്തി പൂർത്തീകരിച്ചു.
7	അമ്പലക്കുന്ന് എസ്.ടി കോളനി റോഡ്	38.25	കൂരാച്ചുണ്ട്	പൂർത്തീകരിച്ചു.

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.34

പട്ടികവർഗ്ഗ ഊരുകളും വഴി സൗകര്യങ്ങളും

ക്രമ നമ്പർ	വഴി സൗകര്യങ്ങൾ	ഊരുകളുടെ എണ്ണം
1	വാഹന സഞ്ചാര യോഗ്യമായ റോഡുകൾ	121
2	നടപ്പാത / ഫൂട് സ്റ്റെപ്പ് മാത്രമുള്ളവ	5
3	നടപ്പാത / ഫൂട് സ്റ്റെപ്പ് ഇല്ലാത്തവ	9

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.35

പട്ടികവർഗ്ഗ കോളനിയിലെ വൈദ്യുതി ലഭ്യത സംബന്ധിച്ച വിവരങ്ങൾ

വൈദ്യുതി ഇല്ലാത്ത ഊരുകൾ	വൈദ്യുതി ഇല്ലാത്ത വീടുകൾ		വയറിംഗ് ചെയ്തതിൽ വൈദ്യുതി ലഭിക്കേണ്ടത്	കുടിശ്ശിക ഉള്ളതിനാൽ വിഛേദിച്ചത്
	വൈദ്യുതീകരിച്ച ഊര്	വൈദ്യൂതീകരിക്കാത്ത വീടുകൾ		
ഇല്ല	157	102	49	58

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യമായ അരക്ഷിതാവസ്ഥ, ആത്മാവിശ്വാസക്കുറവ്, സാമൂഹ്യമായ ഒറ്റപ്പെടൽ എന്നിവ പരിഹരിക്കുന്നതിനു സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് വളരെ അത്യാവശ്യമാണ്. വയോജനങ്ങൾ, അവിവാഹിത അമ്മമാർ, വിധവകൾ, അനാഥർ, ഗുരുതരമായ രോഗം ബാധിച്ചവർ, അതിക്രമങ്ങൾക്ക് ഇരയായവർ തുടങ്ങിയവരുടെ പുനരധിവാസത്തിനു ധനസഹായം നൽകുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനു മാസം 1000 രൂപ വീതം 18 വയസ്സുവരെ നൽകി വരുന്നു. ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ എണ്ണം പട്ടിക 4.4.36 ലും, അംഗൻവാടി സംബന്ധിച്ച വിവരങ്ങൾ പട്ടിക 4.4.37, 4.4.38, 4.4.39 ലും കൊടുത്തിരിക്കുന്നു.

പട്ടിക – 4.4.36

പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികവർഗ്ഗക്കാരുടെ എണ്ണം

വിവാഹബന്ധം സ്ത്രീകൾ വേർപെടുത്തിയ	വിഭാര്യന്മാർ	വിധവകൾ	അവിവാഹിതരായ അമ്മമാർ
42	53	472	59

പട്ടിക 4.4.37

അംഗൻവാടി സൗകര്യം സംബന്ധിച്ച വിവരങ്ങൾ

സൗകര്യം ഉള്ള ഊരുകൾ	സൗകര്യം ഇല്ലാത്ത ഊരുകൾ
76	48

പട്ടിക 4.4.38

അംഗൻവാടി വിദ്യാർത്ഥികളുടെ എണ്ണം

അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾ	അംഗൻവാടിയിൽ ചേർന്നിട്ടില്ലാത്തത്
489	85

പട്ടിക 4.4.39

നിലവിൽ അംഗൻവാടികൾ ഇല്ലാത്തതും ആവശ്യം വേണ്ടതുമായ കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	പഞ്ചായത്ത്
1	പനക്കച്ചാൽ	കൂടരഞ്ഞി
2	മായങ്ങൽ	കാരശ്ശേരി
3	പറശ്ശേരി	പുതുപ്പാടി
4	വാളാംതോട്	വാണിമേൽ
5	പന്നിയേരി	വാണിമേൽ
6	ചിറ്റാരി	വാണിമേൽ
7	കുണ്ടിൽ വളപ്പിൽ	വാണിമേൽ
8	മലയങ്ങാട്	വാണിമേൽ
9	എളമ്പ	ചെക്യാട്
10	ചെകിടന്മല	ബാലുശ്ശേരി

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.40

60 വയസ്സിനു മേൽ പ്രായമുള്ളവരുടെ എണ്ണം(പട്ടികവർഗ്ഗ വിഭാഗം)

ക്രമ നമ്പർ	വിഭാഗം	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	കുറിച്യൻ	83	80	163
2	കരിമ്പാലൻ	340	417	757
3	പണിയൻ	156	196	352
4	കാട്ടുനായ്ക്കൻ	8	8	16
5	മുതുവാൻ	43	78	121
6	കാടർ	10	7	17
7	മലയരയൻ	1	–	1
8	കുറുമർ	1	3	4
9	മലകുറുവൻ	1	3	4
	ആകെ	**643**	**792**	**1435**

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടിക - 4.4.41

പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

വർഷം	കേസുകളുടെ എണ്ണം
2011	1
2013	1
2014	2
2016	4
2017	3
ആകെ	**11**

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടികവർഗ്ഗ വിഭാഗങ്ങൾ പൊതുവെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിന്റെ ഉടമകളാണ്. സംസാര ഭാഷ, ആചാരങ്ങൾ, കൃഷി രീതികൾ, ചികിത്സ, ഭക്ഷണം, ഭവന നിർമ്മാണം തുടങ്ങിയ മേഖലകളിൽ തങ്ങളുടേതായ രീതികൾ പരമ്പരാഗതമായി വളർത്തിയെടുത്തിട്ടുണ്ട്. എന്നാൽ പുതുതലമുറയ്ക്കു ഇത്തരം രീതികൾ തുടർന്നു വരുന്നതിനു താൽപര്യമില്ല. എന്നാലും പരമ്പരാഗതമായ അറിവുകളിലെ നന്മകളും നൈപുണ്യവും സംസ്കാരവും കാത്തു സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും വിവിധ പരിപാടികൾ വിവിധ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്നുണ്ട് എന്നുള്ളത് സ്തുത്യർഹമാണ്. പട്ടികവർഗ്ഗ വിഭാഗക്കാർ കായിക രംഗത്തും കലാ രംഗത്തും മികവ് പുലർത്താൻ സാധ്യതയേറെ ഉള്ളവരാണെങ്കിലും ഈ കഴിവുകൾ വേണ്ടത്ര പ്രോത്സാഹിപ്പിക്കുകയോ അത് പ്രാപ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനോ നമുക്കു കഴിഞ്ഞിട്ടില്ല. മിക്ക പട്ടികവർഗ്ഗ സങ്കേതങ്ങളിലും സാംസ്കാരിക നിലയം, കമ്മ്യൂണിറ്റി ഹാൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെങ്കിലും അതോടനുബന്ധിച്ച് ഗ്രന്ഥശാല, വായനശാല, ആർട്സ് & സ്പോർട്സ് ക്ലബ്ബ് എന്നിവയുടെ അഭാവം പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക ഉന്നമനത്തിനു തടസ്സം നില്ക്കുന്നു.

പട്ടിക 4.4.42

കലാരംഗത്ത് കഴിവു തെളിയിക്കപ്പെട്ടവർ (പട്ടികവർഗ്ഗ വിഭാഗം)

കലാരംഗം	അഭിരുചി ഉള്ളവർ
സംഗീതം	24
അഭിനയം	6
ഗോത്രകല	68
നൃത്തം	37
പരസ്യകല	1
ചിത്രമെഴുത്ത്	24

അവലംബം : കില സർവ്വെ 2008-10

പട്ടിക 4.4.43

കായികരംഗത്തെ പ്രതിഭകൾ (പട്ടികവർഗ്ഗ വിഭാഗം)

അത്‌ലറ്റിക്സ്	44
നാടൻ കായിക ഇനങ്ങൾ	13
ഗെയിംസ്	12
മറ്റുള്ളവ	4

അവലംബം : കില സർവ്വെ 2008-10

പട്ടിക 4.4.44

പരമ്പരാഗത നൈപുണ്യങ്ങൾ ഉള്ളവരുടെ എണ്ണം (പട്ടികവർഗ്ഗ വിഭാഗം)

പരമ്പരാഗത നൈപുണ്യങ്ങൾ നിലവിലുള്ള ഊരുകൾ	20
പരമ്പരാഗത നൈപുണ്യങ്ങൾ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്ന ഊരുകൾ	7
പരമ്പരാഗത നൈപുണ്യങ്ങൾ തുടരുന്നതിനു ബുദ്ധിമുട്ടുള്ള ഊരുകൾ	15
പരമ്പരാഗത നൈപുണ്യങ്ങൾ മെച്ചപ്പെടുത്തുവാൻ പരിശീലനം ആവശ്യമുള്ള ഊരുകൾ	25

അവലംബം : കില സർവ്വെ 2008-10

ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (ടി.ആർ.ഡി.എം)

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി മുതൽ 5 ഏക്കർ വരെ ഭൂമി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കർ ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്.

പട്ടികവർഗ്ഗത്തിൽപ്പെട്ട ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി വിതരണം, പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതി ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ വയ്ക്കും, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവക്കും വേണ്ടിയുള്ള പ്രൊജക്ടുകളും, സ്വയം തൊഴിൽ പരിപാടികൾ തുടങ്ങിയവയും പുനരധിവാസ പ്രവർത്തനങ്ങൾക്കു വേണ്ടി ജില്ലാ കലക്ടർ അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷൻ(ടി.ആർ.ഡി.എം) പ്രൊജക്ടുകൾ സ്വീകരിക്കുകയും അവ അംഗീകരിച്ചു നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു.

പട്ടിക 4.4.45

ജില്ലയിൽ ടി.ആർ.ഡി.എം മുഖേന ഭൂമി വിതരണം നടത്തിയതു സംബന്ധിച്ചുള്ള വിവരങ്ങൾ

വർഷം	പ്രദേശം	ഭൂമിയുടെ അളവ്	ഭൂമി അനുവദിച്ച കുടുംബങ്ങളുടെ എണ്ണം
2002-03	വട്ടച്ചിറ കോളനി കോടഞ്ചേരി പഞ്ചായത്ത് (45 പേർക്ക് 5 ഏക്കർ, 30 പേർക്ക് 1 ഏക്കർ)	255 ഏക്കർ	75
2002-03	മുതുകാട് കുളത്തൂർ കോളനി ചക്കിട്ടപ്പാറ	41 ഏക്കർ	41
2002-03	പേരാമ്പ്ര എസ്റ്റേറ്റ് (സീതപ്പാറ) ചക്കിട്ടപ്പാറ	202 ഏക്കർ	202
2013-14	ഉണ്ണികുളം, വാണിമേൽ ഗ്രാമപഞ്ചായത്ത്	0.95 ഏക്കർ	3
2014-15	കാന്തലാട് വില്ലേജ്	0.76 ഏക്കർ	3
	ആകെ	**499.71 ഏക്കർ**	**324**

പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ മേഖലയിൽ വിവിധ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുതലായവയുടെ കൂട്ടായ ശ്രമം ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. പേരാമ്പ്ര എസ്റ്റേറ്റിൽ (സീതപ്പാറ) ഭൂമി നൽകിയ 202 കുടുംബങ്ങളിൽ 8 - ഓളം കുടുംബങ്ങൾ മാത്രമെ ഇവിടെ വീട് വെച്ച് താമസിക്കുന്നുള്ളൂ. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ടു വിഷയങ്ങളിൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്.

വിവിധ മേഖലയിലെ പ്രശ്നങ്ങൾ

- സ്വന്തമായി ഭൂമിയില്ലാത്തതു കാരണം വീട് അനുവദിക്കാൻ കഴിയുന്നില്ല.
- ഭവന നിർമ്മാണ ഗ്രാന്റിന്റെ അപര്യാപ്തത മൂലം ദീർഘകാലം ഈടുനിൽക്കുന്ന വീടുകൾ നിർമ്മിക്കാൻ കഴിയുന്നില്ല.
- വീടു നിർമ്മാണത്തിനു സാങ്കേതികസഹായം ലഭ്യമാകുന്നില്ല.
- ഗൃഹനിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിനു പ്രയാസം നേരിടുന്നു.
- ഇടനിലക്കാർ ഗുണഭോക്താക്കളുടെ അറിവില്ലായ്മയെ ചൂഷണം ചെയ്യുന്നു.
- ഗ്രാന്റ് തുക ഗുണഭോക്താക്കൾക്കു ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നില്ല.
- ഗ്രാന്റ് തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുന്നതു മൂലം വീടുപണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നു.
- സർക്കാർ വിതരണം ചെയ്ത ഭൂമിയിൽ താമസിക്കാത്ത അവസ്ഥ.
- പട്ടികവർഗ്ഗക്കാർ കൂടുതലായി താമസിക്കുന്നത് മലമ്പ്രദേശത്താണ്. പ്രകൃതിദത്ത ജല സ്രോതസ്സാണ് ഇവർ മുഖ്യമായും ആശ്രയിക്കുന്നത്. വേനൽക്കാലത്ത് ഇവ വറ്റുന്നു.
- കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവഹിക്കാത്തതിനാലും ആവർത്തന ചെലവുകൾ വഹിക്കാത്തതിനാലും പദ്ധതികൾ മിക്കതും ഉപയോഗരഹിതമായിത്തീരുന്നു.
- പദ്ധതികൾ പ്രകാരം ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുള്ള പലയിടങ്ങളിലും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
- ജലസ്രോതസ്സുകളിലെ ജലലഭ്യതക്കുറവ് നിമിത്തം നടപ്പാക്കിയ പദ്ധതികൾ ഇടയ്ക്കു വച്ചു നിന്നുപോകുന്നു.

- ശുചിത്വബോധമില്ലായ്മ. ടോയിലറ്റുകൾ ഉപേയാഗിക്കുന്നതിന് വിമുഖത കാണിക്കുന്നു.
- ജില്ലയിൽ പണിയർ വിഭാഗത്തിൽപ്പെട്ട വർക്കാണ് ഏറ്റവും കൂടുതൽ ആരോഗ്യ പ്രശ്നങ്ങൾ നിലനിൽക്കുന്നത്.
- പോഷകാഹാരക്കുറവ്, നേരത്തെയുള്ള വിവാഹം, ശിശുക്കൾക്ക് പരിചരണക്കുറവ്, അറിവില്ലായ്മ, മദ്യം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയാണ് ഇതിനുള്ള മുഖ്യ കാരണങ്ങൾ.
- ആധുനിക ചികിത്സയോടുള്ള വിമുഖത, അറിവില്ലായ്മ, സാമ്പത്തിക പ്രയാസം എന്നിവ മറ്റു വെല്ലുവിളികളാണ്.
- പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത.
- വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്.
- വിദ്യാഭ്യാസത്തിനുള്ള താൽപര്യക്കുറവും രക്ഷിതാക്കളുടെ താൽപര്യമില്ലായ്മയും അറിവില്ലായ്മയും കാരണം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൃത്യമായി ഹാജരാകാത്തത് ഇവരുടെ പഠന നിലവാരം താഴ്ന്ന നിലവാരത്തിലാക്കുന്നു.
- കുടുംബത്തിലെ സാമ്പത്തിക പ്രയാസങ്ങളും പഠനത്തിനുള്ള സൗകര്യമില്ലായ്മയും.
- സാമൂഹ്യമായ അരക്ഷിതാവസ്ഥ.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് എത്തുന്നില്ല. (പ്രധാനമായും പണിയർ വിഭാഗം)
- മദ്യപാനവും മറ്റും മൂലമുള്ള കുടുംബാന്തരീക്ഷത്തിലെ പ്രശ്നങ്ങൾ.
- മുതിർന്നവരിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ.
- പദ്ധതികളെ കുറിച്ചുള്ള ശരിയായ അറിവില്ലായ്മ.
- ബോധന സമ്പ്രദായത്തിലെ പോരായ്മകൾ.
- പ്ലസ് വൺ മുതലുള്ള കോഴ്സുകളിൽ ഓണ്ലൈൻ അപേക്ഷ ആയതിനാൽ സമീപ പ്രദേശത്തെ സ്ഥാപനങ്ങളിൽ ചേരാൻ കഴിയാത്ത അവസ്ഥ.
- ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് ചേരുമ്പോൾ വേണ്ടിവരുന്ന പ്രാരംഭ ചെലവുകൾ വഹിക്കുന്നതിന് നേരിടുന്ന സാമ്പത്തിക പ്രയാസം ഇത്തരം കോഴ്സുകൾക്ക് ചേരുന്നതിന് ഇവരെ പിന്തിരിപ്പിക്കുന്നു. പ്രൊഫഷണൽ കോഴ്സുകളെക്കുറിച്ചുള്ള അവബോധക്കുറവ്, മത്സരപ്രവേശന പരീക്ഷകൾക്കുള്ള പരിശീലനക്കുറവും തയ്യാറെടുപ്പിന്റെ അഭാവവും.
- സ്കൂൾതലത്തിലുള്ള കലാപരിപാടികൾ, സ്പോർട്സ് മീറ്റ്, കായിക മത്സരങ്ങൾ, ശാസ്ത്രമേള, സ്കോളർഷിപ്പ് പരീക്ഷകൾ തുടങ്ങിയവയ്ക്കു പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനക്കുറവ്.
- കാർഷിക മേഖലയിലുള്ള തളർച്ച തൊഴിലവസരങ്ങൾ കുറയ്ക്കുന്നു.
- വലിയൊരു വിഭാഗം പട്ടികവർഗ്ഗക്കാർക്കും സ്വന്തമായി കൃഷിഭൂമിയില്ലാത്തത്.
- പരമ്പരാഗത കൈത്തൊഴിലുകൾ അന്യം നിന്നു. പകരം പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താൻ കഴിയുന്നില്ല.
- ബഹുഭൂരിപക്ഷത്തിനും പ്രത്യേക വൈദഗ്ദ്യം ആവശ്യമുള്ള തൊഴിലുകൾ ചെയ്യാൻ കഴിയുന്നില്ല.
- സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള മത്സര പരീക്ഷകൾക്കു മതിയായ പരിശീലനം ലഭിക്കാത്ത അവസ്ഥ.
- സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത.
- കാർഷിക ലോൺ തിരിച്ചടക്കാൻ കഴിയാത്ത അവസ്ഥ.
- കൃഷിഭൂമിയുടെ അപര്യാപ്തത.
- പുതിയ രീതിയിലുള്ള കൃഷി സമ്പ്രദായത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
- സാമ്പത്തിക പ്രയാസങ്ങൾ.
- വന്യമൃഗ ശല്യം, കാലാവസ്ഥാ വ്യതിയാനം.
- രാസവളത്തിന്റെ വർദ്ധിച്ച വില, ജൈവവളം ആവശ്യത്തിനു ലഭ്യമല്ലാത്ത അവസ്ഥ.
- യന്ത്രവത്കരണത്തിന്റെ അഭാവം.
- ഗ്രാമീണ മേഖലയിൽ മാർക്കറ്റ് സൗകര്യങ്ങ

ളുടെ കുറവ്.

- റോഡുകളുടെ വികസനത്തിനു സ്ഥലം ലഭ്യമല്ലാത്ത അവസ്ഥ.
- ദുർഘട പ്രദേശങ്ങളിൽ റോഡു നിർമ്മിക്കുന്നതിനുള്ള പ്രയാസം, ഫണ്ടിന്റെ അപര്യാപ്തത.
- വീട് വയറിംഗിനുള്ള ഗ്രാന്റിന്റെ അപര്യാപ്തത
- വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ കഴിവില്ലാത്ത അവസ്ഥ.
- അർഹമായ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാവർക്കും ലഭിക്കുന്നില്ല.
- ചൂഷണത്തിനും അതിക്രമങ്ങൾക്കും വിധേയരാകുന്നു.
- മദ്യും, മറ്റു ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം, ജീവത ശൈലീ രോഗങ്ങളുടെ വർദ്ധനവ്.
- വയോജനങ്ങളെ സംരക്ഷിക്കാനും, പരിചരിക്കാനും ആളുകളില്ലാത്ത അവസ്ഥ രോഗികളുടെ കൂടെ ആശുപത്രിയിൽ നിൽക്കാൻ ബന്ധുക്കൾപോലും തയ്യാറാകാത്ത അവസ്ഥ.
- കലാസാംസ്കാരിക കായികരംഗത്തെ പ്രോത്സാഹനക്കുറവ്.
- കളിസ്ഥലം, നീന്തൽക്കുളം തുടങ്ങിയവയുടെ അപര്യാപ്തത.
- യുവജന ക്ലബ്ബുകൾ വളരെ വിരളം.
- ഗ്രന്ഥശാല, വായനശാല എന്നിവയുടെ അഭാവം.
- സാംസ്കാരിക കൂട്ടായ്മയുടെ കുറവ്.
- അനുവദിച്ച ഭൂമിയിൽ താമസിക്കുന്നതിനോ കാർഷിക പ്രവൃത്തികൾ ചെയ്യുന്നതിനോ ഉള്ള വിമുഖത.
- ആവാസ സ്ഥലത്തിനടുത്ത് ഭൂമി ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥ.
- നിരപ്പുള്ളതും വെള്ളം യഥേഷ്ടം ലഭിക്കുകയോ ചെയ്യുന്ന ഭൂമി ലഭിക്കുന്നില്ല.
- സമഗ്ര കാർഷിക പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.
- കടിവെള്ള ലഭ്യത കുറവ്
- വന്യമൃഗ ശല്യം.

പരിഹാര മാർഗ്ഗങ്ങൾ

- പരിസ്ഥിതി സൗഹൃദ വനങ്ങൾ നിർമ്മിച്ചു നൽകാവുന്നതാണ്.
- നിർമ്മാണ പ്രവൃത്തികളിൽ ഗുണഭോക്താക്കളെക്കൂടി പങ്കാളികളാക്കാവുന്നതാണ്.
- സ്ഥലത്തിന്റെ ദുർഘടാവസ്ഥ പരിഗണിച്ചു വിവിധ സ്ഥലങ്ങളിൽ യഥാർത്ഥ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് അനുവദിക്കണം.
- ഗ്രാന്റ് തുക ഗുണഭോക്താക്കൾക്കു നേരിട്ടു നൽകുന്നതിനു പകരം സർക്കാൻ പ്രത്യേക ഏജൻസി രൂപീകരിച്ചു മെച്ചപ്പട്ട വീട് നിർമ്മിച്ചു നൽകുന്നതാവും അഭികാമ്യം.
- നിലവിലുള്ള വനത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കണം.
- സാങ്കേതിക ഉപദേശം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
- വീടുകളുടെ പരിസരം മലിനജലം കെട്ടിക്കിടക്കുന്നതു ഒഴിവാക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനും പ്രത്യേക സംവിധാനം വീടു നിർമ്മാണത്തോടൊപ്പം ഏർപ്പെടുത്തണം.
- സർക്കാർ വിതരണം ചെയ്യുന്ന ഭൂമി അവരുടെ ആവാസ സ്ഥലത്തിന് സമീപത്തു തന്നെ നൽകുന്നതിനുള്ള നടപടികൾ.
- നിലവിലുള്ള കൈവശഭൂമി സർവ്വെ ചെയ്ത് കൈവശരേഖകൾ ലഭ്യമാക്കുക.
- കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് ശാസ്ത്രീയമായ രീതിയിൽ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കണം. ശാസ്ത്രീയ പരിശോധന നടത്താതെയുള്ള പദ്ധതികൾ പാതി വഴിക്കു പരാജയപ്പെടുന്നു.
- നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്രയോഗക്ഷമത, സാങ്കേതിക സാധ്യത എന്നിവ മുൻകൂട്ടി വിലയിരുത്തണം.
- കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവർത്തന ചെലവുകൾ കണ്ടെത്തുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. ഗ്രാമ പഞ്ചായത്തുകൾക്ക് ഇതിന് അധികാരം നൽകണം.
- വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ലഭ്യമാക്കാൻ കഴിയുന്ന കോളനികളിൽ ആയതു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- മഴവെള്ളം സംഭരിക്കൽ, മഴക്കൊയ്ത്ത് എന്നിവ വ്യാപകമാക്കണം.
- കുടിവെള്ള പദ്ധതികൾ സമയ ബന്ധിത മായി പൂർത്തീകരിക്കണം.
- വൻകിട കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനുകൾ പട്ടികവർഗ്ഗ കോളനിയിലേക്കു നീട്ടി കുടിവെള്ളം ഉറപ്പു വരുത്തണം.
- കുടിവെള്ള സ്രോതസ്സുകളുടെ മലിനീക രണം തടയുന്നതിന് നടപടികൾ ശക്തമാക്കണം.
- ടോയ്ലറ്റുകൾ ഇല്ലാത്ത എല്ലാ വീടുക ൾക്കും ശുചിത്വമിഷൻ മുഖേന ടോയ്ലറ്റുകൾ നിർമ്മിച്ചു നൽകുകയും ശുചിത്വബോധം ഉണ്ടാക്കുന്നതിനും മാലിന്യ സംസ്കരണത്തിനും ബോധവത്കരണം കോളനികൾ കേന്ദ്രീകരിച്ച് നൽകുകയും ചെയ്യുക.
- പാലിയേറ്റീവ് കെയർ സംവിധാനം എല്ലാ കോളനികളിലും ലഭ്യമാക്കുക.
- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ആരോഗ്യ സർവ്വെ നടത്തി പ്രശ്നങ്ങൾ കണ്ടെത്തി വിവിധ വകുപ്പുകൾ / ഏജൻസികൾ മുഖേന ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം.
- അംഗനവാടികൾ മുഖേനയുള്ള പോഷകാ ഹാര വിതരണം, കുട്ടികൾ, ഗർഭിണികൾ, വൃദ്ധർ, മറ്റു ദുരിതങ്ങളനുഭവിക്കുന്നവർ എന്നിവർക്കു ലഭ്യമാക്കണം.
- രൂക്ഷമായ ആരോഗ്യ പ്രശ്നങ്ങളും മാലിന്യ പ്രശ്നങ്ങളും ഉള്ള സങ്കേതങ്ങളിൽ ഹെൽത്ത് വളണ്ടിയർമാരെ നിയമിക്കണം.
- ആശുപത്രിയിൽ പോകുന്നതിനു ബന്ധുക്ക ളുടേയോ മറ്റോ സഹായം ലഭിക്കാത്തവർക്കു കൂട്ടിരിപ്പിനു ആശുപത്രികളിൽ വളണ്ടിയർമാരെ നിയമിക്കണം.
- മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളുടെ കൂടെ നിൽക്കുന്നവർക്കു പ്രത്യേകം ഡോർമെറ്ററികളും ന്യായവില ഭക്ഷണ ശാലയും ഏർപ്പെടുത്തണം.
- ജില്ലയിൽ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കണം.
- ദുർഘട പ്രദേശങ്ങളിൽ നിന്നും ആശുപ്രതിയിലേക്കു കൊണ്ടു പോകുന്നതിനു വാഹനങ്ങൾ തക്ക സമയത്തു ലഭിക്കാത്ത സാഹചര്യത്തിൽ സൗജന്യ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തണം.
- ആർദ്രം മിഷനിൽപ്പെടുത്തി പട്ടികവർഗ്ഗ മേഖലകളിലെ എല്ലാ പി.എച്ച്.സികളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും പട്ടികവർഗ്ഗക്കാർക്ക് കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും കോളനികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വേണം.
- പട്ടികവർഗ്ഗ കുടുംബങ്ങളിൽ പണിയർ വിഭാഗത്തിനു മുൻഗണന നൽകി സാക്ഷരതാ പ്രവർത്തനങ്ങൾ പുനരാരംഭിക്കുക. വിദ്യാഭ്യാസ ത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തിനു സാക്ഷരതാ പരിപാടികൾ അത്യന്താപേ ക്ഷിതമാണ്.
- പണിയർ സമുദായത്തിലെ കുട്ടികൾക്കായി പ്രൈമറി തലത്തിൽ റസിഡൻഷ്യൽ ബേസിക് സ്കൂളുകൾ ആരംഭിക്കാവുന്നതാണ്.
- ഹാജർ കുറവും കൊഴിഞ്ഞുപോക്കും തടയുന്നതിനു വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും കാര്യക്ഷമമായ ഇടപെട ലുകൾ.
- വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കു ന്നതിന് കോളനികളിൽ സാമൂഹ്യ പഠനമുറി/ സാമൂഹ്യ പഠനവീട് ആരംഭിക്കുക.
- ഗോത്രബന്ധു മാതൃകയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഭ്യസ്ത വിദ്യരായ പട്ടിക വർഗ്ഗക്കാരെ നിയമിക്കുക.
- പട്ടികവർഗ്ഗക്കാർക്കു നിബന്ധനകളിൽ ഇളവു നൽകി പ്രത്യേകമായി അംഗനവാടികളും പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുക.
- എല്ലാതലത്തിലും പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്കു വേണ്ടി പരിഹാര ബോധന പരിപാടികൾ ആവിഷ്കരിക്കുക.
- പരിഹാര ബോധനത്തിനു പ്രത്യേക പദ്ധതികൾ.
- പെൺകുട്ടികൾക്കു പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക.
- ഹൈസ്കൂൾ തലത്തിൽ വച്ച് പഠനം മുടങ്ങിപ്പോയവർക്കു തുല്യതാ പരീക്ഷ നടത്തി തുടർ പഠനത്തിനു സൗകര്യം ഉണ്ടാക്കുക.

- ജില്ലയിൽ പട്ടികവർഗ്ഗക്കാർക്കു മാത്രമായി മെഡിക്കൽ, സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
- ഗോത്രസാരഥി പദ്ധതി കാര്യക്ഷമമാക്കുകയും വിപുലീകരിക്കുകയും ചെയ്യുക.
- ഉന്നതവിദ്യാഭ്യാസത്തിനു സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.
- സമീപപ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ചേരാൻ കഴിയുന്ന രീതിയിൽ ഓൺലൈൻ സംവിധാനത്തിൽ ക്രമീകരണം വരുത്തുക.
- സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കുക.
- ജോലി ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള കാർപന്ററി, പ്ലംബിംങ്, കൽപ്പണി, പ്ലാസ്റ്ററിംങ്, വയറിംങ്, ഗാർഡനിംങ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനു പദ്ധതികൾ ആവിഷ്കരിക്കണം.
- സ്വദേശത്തും വിദേശത്തും ജോലി ലഭിക്കാൻ സാധ്യതയുള്ള കോഴ്സുകളായ ഹോട്ടൽ മാനേജ്മെന്റ്, ഫുഡ് പ്രൊസ്സസിംങ്, ടൂറിസം മാനേജ്മെന്റ് തുടങ്ങിയവയിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്കു ചേർന്നു പഠിക്കാൻ കഴിയുന്നതിന്റെ സാധ്യതകൾ വർദ്ധിപ്പിക്കണം.
- കൃഷി, കുടിവെള്ള വിതരണം, ജലസേചനം, ശുചീകരണം, മണ്ണ് സംരക്ഷണം, ഭവന നിർമ്മാണം തുടങ്ങിയ മേഖലകളിൽ കൂടി തൊഴിലുറപ്പു പദ്ധതി വ്യാപകമാക്കണം.
- കുടുംബശ്രീ യൂണിറ്റുകൾ മുഖേന ചെറുകിട വ്യവസായം, പരമ്പരാഗത കൈത്തൊഴിലുകൾ, കരകൗശല ഉൽപന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവയ്ക്കു പദ്ധതികൾ തയ്യാറാക്കണം.
- പുതിയ സാഹചര്യത്തിൽ മാർക്കറ്റിൽ ഡിമാന്റുള്ള സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനു പരിശീലനവും സാമ്പത്തിക സഹായവും നൽകണം.
- സൊസൈറ്റി മാതൃകയിൽ സ്ഥാപനങ്ങൾ രൂപീകരിച്ച് ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിറ്റഴിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം.
- സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും തൊഴിൽ ലഭിക്കുന്നതിനു ആവശ്യമായ പരിശീലനം നൽകണം.
- പട്ടികവർഗ്ഗ യുവതീയുവാക്കൾക്കു വിദഗ്ധ തൊഴിലുകളിൽ പരിശീലനം നൽകണം.
- പണിയർ സമുദായത്തിൽ ഉള്ളവർക്കു അവരുടെ വിദ്യാഭ്യാസ യോഗ്യതക്കനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ മേഖലയിൽ കൂടുതൽ തൊഴിലുകൾ നൽകണം.
- വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ നിലവിലുള്ള ഒഴിവുകളിൽ പട്ടികവർഗ്ഗക്കാരെ മാത്രം നിയമിക്കണം.
- 18 വയസ്സു പൂർത്തിയായ തൊഴിൽ രഹിതരായ എല്ലാ പട്ടികവർഗ്ഗക്കാരെയും തൊഴിലുറപ്പു പദ്ധതിയിൽ അംഗങ്ങളാക്കുക.
- പട്ടികവർഗ്ഗക്കാരുടെ കുടിശ്ശികയുള്ള എല്ലാവിധ കാർഷിക ലോണുകളും എഴുതി തള്ളുക.
- എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കൃഷിഭൂമി ലഭ്യമാക്കുക.
- ഉൽപാദന വർദ്ധനവ്, രോഗ കീട നിവാരണം എന്നിവയ്ക്കു പരിശീലനം നൽകുക.
- കൃഷിയ്ക്കു സാമ്പത്തിക സഹായം നൽകുക.
- ആവശ്യമായ മാർക്കറ്റിങ് സൗകര്യങ്ങൾ ലഭ്യമാക്കുക.
- പാട്ടകൃഷിക്കു പ്രോത്സാഹനം നൽകുക.
- ജൈവവള കൃഷി പ്രോത്സാഹിപ്പിക്കുകയും, ആവശ്യത്തിനു ജൈവവളം ലഭ്യമാക്കുകയും ചെയ്യുക.
- മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും പരിശീലനവും ധനസഹായവും നൽകുക.
- റോഡുകളുടെ വികസനത്തിനു സ്ഥലം ലഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ സജീവമായ ഇടപെടൽ.
- ദുർഘട പ്രദേശങ്ങളിൽ കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണം.
- തദ്ദേശ സ്ഥാപനങ്ങൾക്കും റോഡു നിർമ്മാണം ഏറ്റെടുക്കുന്നതിന് ഫണ്ട് അനുവദിക്കുക.
- കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾക്ക് വൈദ്യുതി സൗജന്യമായി നൽകുക.

- വയറിംങ് ഗ്രാന്റ് വർദ്ധിപ്പിക്കുക.
- അർഹരായ എല്ലാവർക്കും സാമൂഹ്യ പെൻഷൻ ലഭിക്കുന്നതിനു പ്രത്യേക കാമ്പയിൻ തദ്ദേശ സ്ഥാപനങ്ങൾ, സാമൂഹ്യ നീതി വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ കൂട്ടായി സംഘടിപ്പിക്കേണ്ടതാണ്.
- ചൂഷണത്തിനും അതിക്രമങ്ങൾക്കുമെതിരെ നിരന്തര ബോധവൽകരണം.
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ശാക്തീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആനിമേറ്റർമാരെ ആവശ്യത്തിനു നിയമിക്കുക.
- കെ.എസ്.എഫ്.ഇയും ഗ്രാമീണ മേഖലയിലെ സഹകരണ ബാങ്കുകളും സൊസൈറ്റികളും കോളനികളിലേക്കു ഇറങ്ങിച്ചെന്നു പട്ടികവർഗ്ഗക്കാരുടെ സമ്പാദ്യശീലം വളർത്തിയെടുക്കാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനു മുൻകൈയെടുക്കേണ്ടതാണ്.
- അംഗനവാടികൾ ഇല്ലാത്ത കോളനികളിൽ അംഗനവാടികളോ മിനി അംഗനവാടികളോ ആരംഭിക്കണം.
- അംഗനവാടികൾ പട്ടികവർഗ്ഗ സൗഹൃദ സ്വഭാവമുള്ളവയാക്കി മാറ്റണം.
- അംഗനവാടികൾ മുഖേന കൂടുതൽ സേവനങ്ങളും പോഷകാഹാരവും ലഭ്യമാക്കണം.
- വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനു പകൽ വീടുകൾ പട്ടികവർഗ്ഗ കോളനികളിൽ ആരംഭിക്കണം.
- മദ്യം, മയക്കുമരുന്ന്, എന്നിവയുടെ ഉപയോഗവും അതുമൂലമുള്ള പ്രശ്നങ്ങളും ഇല്ലായ്മ ചെയ്യുന്നതിനു തുടർച്ചയായ ബോധവൽക്കരണം നടത്തണം.
- കുട്ടികൾ, കൗമാര പ്രായക്കാർ ഗർഭിണികൾ, വൃദ്ധജനങ്ങൾ എന്നിവർക്കു ആവശ്യമായ പോഷകാഹാരങ്ങൾ അംഗനവാടികളിലൂടെ ഉറപ്പുവരുത്തുക.
- അവിവാഹിത അമ്മമാർ, വിധവകൾ, അതിക്രമത്തിനു ഇരയായവർ എന്നിവർക്കു ആവശ്യമായ പുനരധിവാസം നടപ്പാക്കുക.
- മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ സേവനം പട്ടികവർഗ്ഗ കോളനിയിൽ ലഭ്യമാക്കണം.
- കലാ സാംസ്കാരിക രംഗത്തെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അവർക്കു വരുമാനദായകമാക്കുന്നതിനും ഉള്ള വേദികൾ എല്ലാ വർഷവും എല്ലാ ജില്ലകളിലും (ഗദ്ദിക പോലുള്ള പരിപാടികൾ) സംഘടിപ്പിക്കേണ്ടതാണ്.
- പട്ടികവർഗ്ഗ കോളനികളിൽ സാംസ്കാരിക നിലയത്തോടൊപ്പം ഗ്രന്ഥശാല, വായനശാല, ഇന്റർനെറ്റ് സൌകര്യങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തുക.
- കായിക പരിശീലനത്തിനു പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കുക.
- നാടൻ കലകളുടെയും പാരമ്പര്യ കലകളുടെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമുള്ള പരിപാടികൾ തയ്യാറാക്കുക.
- എല്ലാ പട്ടികവർഗ്ഗ കോളനികളിലും യുവജന ക്ലബ്ബുകൾ ആരംഭിക്കുക.
- കോളനികളിൽ സാംസ്കാരിക കൂട്ടായ്മകൾ സംഘടിപ്പിക്കുക.
- കലാ രംഗത്തും കായിക രംഗത്തും മികവു പുലർത്തുന്നവരെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- നിരപ്പുള്ളതും കൃഷിയോഗ്യവും കുടിവെള്ളം യഥേഷ്ടം ലഭിക്കുന്നതുമായ ഭൂമി വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുക.
- കഴിയുന്നതും ആവാസ സ്ഥലത്തിനടുത്തു തന്നെ ഭൂമി ലഭ്യമാക്കി വിതരണം ചെയ്യുക.
- പുനരധിവസിപ്പിക്കുന്നതിനു മുമ്പായി വീട്, കുടിവെള്ളം മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുക.
- പുനരധിവസിപ്പിക്കപ്പെട്ട മേഖലകളിൽ സമഗ്ര കൃഷി പ്രോജക്ട് നടപ്പാക്കുകയും ആയതിന് മേൽനോട്ടം വഹിക്കുന്നതിന് കൃഷി ഓഫീസറെ ഡെപ്യൂട്ടേഷൻ / കരാർ വ്യവസ്ഥയിൽ നിയമിക്കുക.
- കുടിവെള്ള ലഭ്യതക്കായി സാങ്കേതിക വശം പരിശോധിച്ച് മികച്ച രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കുക.
- സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുക.
- പുനരധിവാസ മേഖലകളിൽ വിദ്യാഭ്യാസ പുരോഗതിക്കായി സാമൂഹ്യ പഠനവീട് പദ്ധതി നടപ്പാക്കുക.
- വിതരണം ചെയ്യുന്ന ഭൂമി കമ്പിവേലി കെട്ടി പ്ലോട്ട് തിരിച്ച് സംരക്ഷിക്കുക.

- വന്യമൃഗശല്യം തടയുന്നതിന് വനാതിർത്തികളിൽ പരിഹാര മാർഗ്ഗങ്ങൾ നടപ്പാക്കുക.
- എല്ലാ പുനരധിവാസ പ്രദേശങ്ങളിലും കായിക പരിശീലനത്തിനും സാംസ്കാരിക പ്രവർത്തനങ്ങൾക്കുമായി കളിസ്ഥലവും സാംസ്കാരിക നിലയങ്ങളും നിർമ്മിക്കുക.

ലൈഫ് മിഷൻ

സർക്കാർ നടപ്പുവർഷം ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടം എന്ന നിലയിൽ 31.03.16 വരെ അനുവദിച്ചതും വിവിധ ഗഡുക്കൾ കൈപ്പറ്റി പൂർത്തീകരിക്കാത്ത വീടുകൾ 31.03.17 നകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പുമുഖേന അനുവദിച്ച 350 വീടുകളും ജില്ലാപഞ്ചായത്തു മുഖേന അനുവദിച്ച് പൂർത്തീകരിക്കാനുള്ള 40 വീടുകളും ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പട്ടിക - 4.4.46

പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം മുഖേന നടപ്പാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചെലവഴിച്ച തുക

ക്രമ നമ്പർ	പദ്ധതി	ചെലവഴിച്ച തുക
1	ഭൂമി സർവ്വെ വിതരണം ചെലവുകൾ	3,647,25
2	കുടിൽ നിർമ്മാണം	3,87,000
3	ഭവന നിർമ്മാണം	67,43,150
4	റോഡ് നിർമ്മാണം, കുടിവള്ള പദ്ധതികൾ	58,53,750
5	മണ്ണു സംരക്ഷണ പ്രവൃത്തികൾ	4,56,490
	ആകെ	**1,38,05,115**

ജില്ലയിലെ പണിയർ സമുദായത്തിന്റെ പിന്നാക്കാവസ്ഥ

കോഴിക്കോടു ജില്ലയിൽ പണിയർ സമുദായമാണ് ഏറ്റവും പിന്നാക്കം നിൽക്കുന്നത്. ജില്ലയിൽ കരിമ്പാലൻ സമുദായം കഴിഞ്ഞാൽ രണ്ടാമത്തെ പ്രബല പട്ടികവർഗ്ഗ വിഭാഗമാണ് പണിയർ. എന്നാൽ പരമ്പരാഗതമായ ജീവിത പരിതാവസ്ഥകളിൽ നിന്നു മാറി കോളനികളിൽ ജീവിക്കുന്ന ഇവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവസ്ഥ വളരെ പിന്നാക്കമാണ്. പണിയർ സമുദായത്തിന്റെ സാക്ഷരത 68.43% ആണ് (കില സർവ്വെ 2008-10). പണിയർ സമുദായം കൂടുതലായി അധിവസിക്കുന്നത് കോടഞ്ചേരി, തിരുവമ്പാടി, പുതുപ്പാടി, കട്ടിപ്പാറ, കാവിലുംപാറ, ചക്കിട്ടപ്പാറ, വാണിമേൽ, മരുതോങ്കര എന്നീ പഞ്ചായത്തു കളിലാണ്. ഇവർക്കു ബഹുഭൂരിപക്ഷത്തിനും വീടും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഉണ്ടെങ്കിലും സാമൂഹികമായും വിദ്യാഭ്യാസപരമായും ആരോഗ്യ രംഗത്തും ഇപ്പോഴും പിന്നാക്കാവസ്ഥയിലാണ്. മദ്യപാനം പോലുള്ള സാമൂഹ്യ വിപത്തുകളുടെ പിടിയിലാണ് പല കോളനികളിലെയും ജനത. കോടഞ്ചേരി പഞ്ചായത്തിലെ ചെമ്പുകടവ്, പാത്തിപ്പാറ തുടങ്ങിയ കോളനികളും തിരുവമ്പാടി പഞ്ചായത്തിലെ മേലെ പൊന്നങ്കയം, മുത്തപ്പൻപുഴ തുടങ്ങിയ കോളനികളും ഇതിനുദാഹരണങ്ങളാണ്. ഇവരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനു പുതിയ

സമീപനങ്ങളും പദ്ധതികളും ആവശ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ പണിയർ സമുദായത്തെ മാത്രം കേന്ദ്രീകരിച്ചു കൊണ്ടുള്ള പ്രത്യേക പരിഹാര നടപടികളാണ് ആവശ്യമായിട്ടുള്ളത്.

പണിയർ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനായുള്ള നിർദ്ദേശങ്ങൾ

- ദുർഘട പ്രദേശത്തും നാമമാത്ര ഭൂമിയിലും താമസിക്കുന്ന കുടുംബങ്ങളെ താമസ യോഗ്യവും കൃഷി യോഗ്യവും ആയ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക.
- മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗത്തിനെതിരെ നിരന്തര ബോധവൽ കരണം നടത്തുക.
- കോളനികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർ മാരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പു കളും. ആരോഗ്യ ബോധവൽകരണവും സദാസമയവും ആരോഗ്യ സേവനങ്ങളും ലഭ്യമാക്കുക.
- കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും പോഷകാഹാരം ഉറപ്പു വരുത്തുക.
- വിദ്യാർത്ഥികൾക്ക് സ്കൂളിൽ പ്രഭാത ഭക്ഷണം ഏർപ്പെടുത്തുക.
- ഗോത്രബന്ധു മാതൃകയിൽ സ്കൂളുകളിൽ പ്രത്യേക ടീച്ചർമാരെ നിയമിക്കുക.
- അംഗനവാടി / നഴ്സറി സ്കൂളുകളിൽ എല്ലാ കുട്ടികളെയും ചേർക്കുകയും സ്ഥിരമായി ഹാജർ ഉറപ്പുവരുത്തുയും ചെയ്യുക.
- നിരന്തര ബോധവൽകരണത്തിനും മറ്റു സേവനങ്ങൾക്കുമായി കോളനികളിൽ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരെ നിയമിക്കുക.
- എല്ലാ കോളനികളിലും സാമൂഹ്യ പഠനമുറി സൗകര്യം ഏർപ്പെടുത്തുക.
- സ്കൂൾ അധ്യാപകർ കോളനികളിൽ സന്ദർശനം നടത്തി രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽകരിക്കുക.
- വീടുകൾക്കു സൗജന്യമായി വൈദ്യുതി നൽകുക.
- കോളനികളിൽ സ്വയംതൊഴിൽ സംരംഭ ങ്ങൾ ആരംഭിക്കുക.
- പണിയ വിഭാഗങ്ങൾക്കായി സർക്കാർ / പൊതുമേഖല സർവ്വീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രത്യേകം സംവരണം ഏർപ്പെടുത്തുക.

ജില്ലയിലെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗം (പി.വി.ടി.ജി)

പ്രക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെ ടുന്ന സമുദായങ്ങളിൽ ജില്ലയിൽ കാട്ടുനായ്ക്കൻ വിഭാഗത്തിൽ 53 കുടുംബങ്ങൾ താമസിച്ചു വരുന്നു. മരുതോങ്കര പഞ്ചായത്തിലെ കുടിൽപ്പാറ (33 കുടുംബം) കോടഞ്ചേരി പഞ്ചായത്തിലെ ചിപ്പിലിത്തോട് (10 കുടുംബം), തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപുഴ (9 കുടുംബം) പനങ്ങാട് പഞ്ചായത്ത് (1 കുടുംബം) എന്നിവിടങ്ങളിലാണ് ഇവർ താമസിച്ചു വരുന്നത്. ഈ വിഭാഗവും സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്നവരാണ്. ഇവരുടെ ഉന്നമനത്തിന് കേന്ദ്ര സംസ്ഥാന സർക്കാറുകൾ പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.

ഏകോപന സംയോജന സാധ്യതകൾ

1. **ഗോത്രസാരഥി പദ്ധതി**

   ദുർഘട പ്രദേശത്തും വനമേഖലകളിലും ഉള്ള സങ്കേതങ്ങളിൽ നിന്ന് അകലെയുള്ള സ്കൂളുകളിലേക്ക് കുട്ടികളെ വാഹനത്തിൽ എത്തിക്കുന്ന പദ്ധതിയാണ് ഗോത്ര സാരഥി പദ്ധതി. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും മോണിറ്ററിംങ്ങിനും ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി മാറ്റാവുന്നതാണ്.

2. **സാമൂഹ്യ പഠനമുറി**

   വകുപ്പിന്റെ പുതിയ പദ്ധതിയായ സാമൂഹ്യ പഠനമുറി വകുപ്പിന്റെയും ജില്ലാ / ബ്ലോക്ക് പഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടായി മാറ്റാവുന്നതാണ്.

3. **വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം**

   വകുപ്പിന്റെയും തദ്ദേശ സ്ഥാപന ങ്ങളുടെയും മാനദണ്ഡങ്ങൾ ഏകീകരി ക്കണം.

4. **വിവാഹ ധനസഹായം / മിശ്ര വിവാഹ ധനസഹായം**

   വകുപ്പുകളുടെയും തദ്ദേശ സ്ഥാപനത്തി ന്റെയും മാനദണ്ഡങ്ങളും തുകയും ഏകീകരിക്കണം.

5. **പി.കെ കാളൻകുടുംബ ക്ഷേമ പദ്ധതി**

   ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാ രുടെ ക്ഷേമത്തിനായി സർക്കാർ ആരംഭിച്ച പുതിയ പദ്ധതി ഗ്രാമപഞ്ചായത്ത്/

നഗരസഭയുടെ പദ്ധതിയാക്കി മാറ്റാം.

6. **കാർഷിക - ജീവനോപാധി പദ്ധതികൾ**

വകുപ്പിന്റേയും ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയാക്കി മാറ്റാം.

7. **ഭവന പുനരുദ്ധാരണം**

വകുപ്പിന്റേയും തദ്ദേശ സ്ഥാപനത്തിന്റെയും മാനദണ്ഡങ്ങളും തുകയും ഏകീകരിക്കണം.

8. **സമഗ്ര സർവ്വേ പ്രൊജക്ട്**

മൂന്നു വർഷത്തിലൊരിക്കലെങ്കിലും പട്ടികവർഗ്ഗക്കാരുടെ സാമൂഹിക - സാമ്പത്തിക - അടിസ്ഥാന സൗകര്യ - വിദ്യാഭ്യാസ - ആരോഗ്യ സമഗ്ര സർവ്വെ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും പദ്ധതികൾ തയ്യാറാക്കുന്ന വ്യവസ്ഥ ഉണ്ടാവണം. സമഗ്ര സർവ്വെ ഗ്രാമപഞ്ചായത്ത് /നഗരസഭ തലത്തിൽ ഏറ്റെടുക്കേണ്ടതാണ്.

നൂതന പ്രോജക്ട് ആശയങ്ങൾ

1. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള മത്സര പരീക്ഷകൾക്കുള്ള പരിശീലനത്തിനും ഐ.എ.എസ്സ് കോച്ചിംഗിനും വിദ്യാർത്ഥികൾക്ക് മതിയായ ധനസഹായം നൽകുന്നതിനുള്ള പ്രൊജക്ടുകൾ ഗ്രാമ - നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
2. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഗോത്രസാരഥി പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും നടപ്പാക്കുന്നതിനു അനുമതി നൽകാവുന്നതാണ്.
3. സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച് പട്ടികവർഗ്ഗ യുവതീ യുവാക്കൾക്കു തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പ്രൊജക്ട് ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.
4. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പട്ടികവർഗ്ഗ മേഖലകളിൽ പുതുതായി ആരംഭിക്കുന്നതിനുമുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
5. പട്ടികവർഗ്ഗക്കാരുടെ വീടുകൾ ആധുനിക രീതിയിൽ റീവയറിംഗ് ചെയ്യുന്നതിനുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത്-നഗരസഭയ്ക്കു ഏറ്റെടുക്കാവുന്നതാണ്.
6. പട്ടികവർഗ്ഗ മേഖലകളിൽ മാതൃകാ മദ്യ വിമുക്ത സങ്കേതങ്ങൾ സൃഷ്ടിക്കുന്നതിനു വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പദ്ധതി നടപ്പാക്കാവുന്നതാണ്.
7. ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു ചേരുന്ന വിദ്യാർത്ഥികൾക്കു പ്രാഥമിക ചെലവു വഹിക്കുന്നതിനും മറ്റും മതിയായ സാമ്പത്തിക സഹായം നൽകുന്ന പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.
8. അംഗനവാടി സൗകര്യം ലഭ്യമല്ലാത്ത ഊരുകളിൽ മാനദണ്ഡങ്ങളിൽ ഇളവു വരുത്തി പ്രത്യേക അംഗനവാടി സ്ഥാപിക്കുന്നതിനു സർക്കാറിന്റെ അനുമതി ലഭ്യമാക്കി പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.
9. നാമമാത്ര ഭൂമിയുള്ള പട്ടികവർഗ്ഗക്കാരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് അടുക്കള പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുന്നതിനു പ്രോത്സാഹനം നൽകുന്ന പ്രൊജക്ടുകൾ ഗ്രാമതലത്തിൽ നടപ്പാക്കാവുന്നതാണ്.
10. ജലദൗർലഭ്യം രൂക്ഷമായ കോളനികളിൽ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനു പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

വികസന പരിപ്രേക്ഷ്യം

1. സമ്പൂർണ്ണ പാർപ്പിടം, കുടിവെള്ളം, ശുചീകരണ പരിപാടികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ തന്നെ നടപ്പിലാക്കുക.
2. ഭൂരഹിതർക്കും നാമമാത്ര ഭൂമി ഉള്ളവരുമായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കൃഷിഭൂമി 2025 ഓടെ ലഭ്യമാക്കൽ.
3. പട്ടികവർഗ്ഗക്കാർക്കായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലയിൽ ആരംഭിക്കുക.
4. സാക്ഷരതാ പരിപാടിയിലൂടെ എല്ലാ നിരക്ഷരരേയും പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് തന്നെ സാക്ഷരരാക്കുക.
5. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് 2020 ആകുമ്പോഴേക്കും പൂർണ്ണമായും അവസാനിപ്പിക്കുന്ന തരത്തിൽ പദ്ധതികൾ ആരംഭിക്കുക.
6. 2030 ആകുമ്പോഴേക്കും എല്ലാ പട്ടികവർഗ്ഗ കോളനികളും മദ്യ ലഹരി മുക്ത സങ്കേതങ്ങളാക്കി മാറ്റുക.
7. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത്

തന്നെ പോഷകാഹാരക്കുറവ് പൂർണ്ണമായും ഇല്ലാതാക്കുക.

8. 2025 ഓടെ പോഷകാഹാരക്കുറവ്, രോഗങ്ങൾ മൂലമുള്ള ശിശുമരണ നിരക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

9. 2030 ഓടെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും എല്ലാ സൗകര്യങ്ങളോടും കൂടിയ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

10. എല്ലാ കോളനികളിലും സമഗ്ര കാർഷിക വികസന പരിപാടികൾ ആവിഷ്കരിക്കൽ.

11. പരമ്പരാഗത തൊഴിലുകൾ സംരക്ഷിക്കുന്നതിനോടൊപ്പം ആധുനിക തൊഴിൽ പരിശീലനം നൽകൽ.

12. പരമ്പരാഗത കലാ-കായിക വൈദഗ്ധ്യം സംരക്ഷിക്കൽ, പരിപോഷിപ്പിക്കൽ.

13. ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ.

14. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കൽ.

15. പാശ്ചാത്തല സൌകര്യം വർദ്ധിപ്പിക്കൽ.

16. മദ്യം, മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ നിരന്തര ബോധവൽകരണം.

17. സമഗ്ര ആരോഗ്യ സർവ്വേ നടത്തി ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യൽ.

18. സ്വയംതൊഴിൽ പദ്ധതി വിപുലമാക്കൽ.

19. വൃദ്ധരും അശരണരുമായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി പദ്ധതി ആവിഷ്കരിക്കൽ.

20. നിരാലംബരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക നടപടികൾ.

21. പട്ടികവർഗ്ഗക്കാരുടെ പ്രത്യേകിച്ച് പണിയർ സമുദായക്കാരുടെ വിദ്യാഭ്യാസ പുരോഗതിക്കായി നൂതന സംരംഭങ്ങൾ ആവിഷ്കരിക്കൽ.

22. പദ്ധതികളുടെ അവലോകനത്തിനും മോണിറ്ററിങ്ങിനുമായി ഏകീകൃതമായ പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പട്ടികവർഗ്ഗക്കാർക്കു പുതുതായി അനുവദിക്കുന്ന വീടുകൾക്ക് യഥാർത്ഥ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റ് അനുവദിക്കുകയും വീടിന്റെ വിസ്തീർണ്ണത്തിന്റെ പരിധി നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിക്കുകയും വേണം.

2. ഭൂരഹിതർക്കു ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ നിലവിൽ തദ്ദേശ സ്ഥാപനങ്ങൾക്കു വാങ്ങി നൽകാവുന്ന പരിധി 25 സെന്റായെങ്കിലും വർദ്ധിപ്പിക്കണം.

3. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശാസ്ത്രീയമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിശ്ചിത വർഷത്തേക്ക് എ.എം.സി ഉൾപ്പെടെയുള്ള ഫണ്ട് വകയിരുത്തുകയും വേണം.

4. പട്ടികവർഗ്ഗ കോളനികളിൽ എല്ലാ സമയവും കുടിവെള്ളം ലഭ്യമാക്കുന്നതിനായി വൻകിട കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈനുകൾ കോളനിയിൽ ലഭ്യമാക്കണം.

5. ആർദ്രം മിഷനിൽ പെടുത്തി പട്ടികവർഗ്ഗ മേഖലകളിലെ എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പട്ടികവർഗ്ഗക്കാരുടെ കിടത്തി ചികിത്സയ്ക്കായി സൗകര്യം ഏർപ്പെടുത്തുകയും വേണം.

6. ജില്ലയിൽ ട്രൈബൽ മൊബൈൽ യൂണിറ്റ് സ്ഥാപിക്കണം.

7. പട്ടികവർഗ്ഗക്കാർക്കു മാത്രമായി ജില്ലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കണം.

8. പട്ടികവർഗ്ഗ വിഭാഗത്തിൽ വിദ്യാഭ്യാസ പരമായും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പണിയ വിഭാഗം ഉൾപ്പെടെയുള്ളവർക്ക് സർക്കാർ ജോലിയിൽ പ്രത്യേക സംവരണം ഏർപ്പെടുത്തണം.

9. തദ്ദേശ സ്ഥാപനങ്ങൾക്കു 2011 ലെ സെൻസസ് പ്രകാരമുള്ള പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ടി.എസ്.പി വിഹിതം വർദ്ധിപ്പിച്ചു നൽകണം.

10. എസ്.സി വിഭാഗത്തിലായിരുന്ന കരിമ്പാലൻ സമുദായം എസ്.ടി വിഭാഗത്തിലേക്കു മാറിയ സാഹചര്യത്തിൽ ടി.എസ്.പി വിഹിതം വകയിരുത്താത്ത വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ടി.എസ്.പി ഫണ്ട് അനുവദിക്കണം.

11. ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കണം.
12. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൂടുതൽ പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കണം.
13. ആദിവാസി പുനരധിവാസ മേഖലകളിൽ സമഗ്ര കാർഷിക പാക്കേജ് നടപ്പാക്കുകയും ആയതിന്റെ മേൽനോട്ടം വഹിക്കുന്നതിന് കൃഷി ഓഫീസറെ ഡെപ്യൂട്ടേഷൻ / കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്യുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് ആവർത്തന ചെലവുകൾക്ക് മതിയായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തണം. കുടിവെള്ള പദ്ധതികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തണം.
2. ഗ്രാമപഞ്ചായത്ത് തലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി സമഗ്ര സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കണം.
3. എക്സൈസ് വകുപ്പ് മുഖേന കോളനികൾ കേന്ദ്രീകരിച്ച് മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കുമെതിരെ നിരന്തരം ബോധവൽകരണവും കോളനികളിൽ മദ്യം ലഭ്യമാക്കുന്നവർക്കെതിരെ ശക്തമായ നടപടികളും സ്വീകരിക്കണം.
4. ആരോഗ്യ വകുപ്പ് മുഖേന കോളനികളിൽ നിരന്തര ബോധവൽകരണവും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പടുത്തി മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ആരോഗ്യ സേവനങ്ങൾ സദാസമയവും ലഭ്യമാക്കുകയും വേണം.
5. വിവിധ പട്ടികവർഗ്ഗ പദ്ധതികളുടെ മോണിറ്ററിങ്ങിനായി ഗ്രാമപഞ്ചായത്തു തലത്തിൽ സ്ഥിരം സമിതി രൂപീകരിക്കുകയും വേണം.
6. എല്ലാ ഗ്രമപഞ്ചായത്തുകളും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണം.
7. ഊരുകൂട്ടം സംഘാടനം ശാക്തീകരിച്ച് പദ്ധതി രൂപീകരിണത്തിലും പട്ടികവർഗ്ഗക്കാരുടെ സജീവ പങ്കാളിത്തം ഉണ്ടാവുന്നതിന് പട്ടികവർഗ്ഗ വികസനവകുപ്പും തദ്ദേശ സ്ഥാപനങ്ങളും കൂട്ടായി ശ്രമിക്കേണ്ടതാണ്.
8. ഏറ്റവും പിന്നോക്കം നിൽക്കുന്ന പണിയ വിഭാഗം പോലുള്ള സമുദായങ്ങളുടെ സമഗ്ര വികസനത്തിന് നൂതന പദ്ധതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കണം.
9. അംഗൻവാടി സൗകര്യം എല്ലാ പട്ടികവർഗ്ഗ കോളനിയിലും ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തും സാമൂഹ്യ നീതി വകുപ്പും ശ്രദ്ധ ചെലുത്തണം.
10. അതിക്രമങ്ങൾക്കും ചൂഷണത്തിനുമെതിരെ നിതാന്ത ജാഗ്രത എല്ലാ കോളനികളിലും പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഉണ്ടാവണം.
11. വിദ്യാഭ്യാസ വകുപ്പ് എല്ലാ പട്ടികവർഗ്ഗ കോളനികളിലും സർവ്വെ നടത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
12. അർഹരായ എല്ലാവർക്കും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നുണ്ടോ എന്ന് സാമൂഹ്യനീതി വകുപ്പ് പരിശോധിക്കണം.

വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നീ വിഭാഗങ്ങളുടെ വികസനം

വനിതാ വികസനം

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലെ സ്ത്രീകളുടെ സാക്ഷരതാ നിരക്ക്, ആയുർ ദൈർഘ്യം, സ്ത്രീ-പുരുഷാനുപാതം തുടങ്ങിയ മാനവ വികസന സൂചികകൾ എല്ലാം വളരെ ഉയർന്നതാണ്. ജനസംഖ്യയുടെ 52 % സ്ത്രീകളെന്ന പദവിയോടെ ഗുണപരമായ സ്ത്രീപുരുഷാനുപാതം കേരളത്തിൽ നിലനിൽക്കുന്നു. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് 92% ആണ്. കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം 76.9 വയസ്സാണ്.

കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന മാനവ വികസന സൂചികകളുടെ പ്രതിഫലനം ജില്ലയിലെ സ്ത്രീകളുടെ ജീവിത നിലവാരത്തിലും കാണാം.

പട്ടിക 4.4.47

ജില്ലയിലെ സ്ത്രീകളുടെ എണ്ണം

ജില്ലയിലെ സ്ത്രീകളുടെ എണ്ണം	16,15,351
പട്ടികജാതി വനിതകൾ	1,01,912
പട്ടികവർഗ്ഗ വനിതകൾ	7,799

പട്ടിക 4.4.48

ജില്ലയിലെ സ്ത്രീ-പുരുഷാനുപാതം

മുതിർന്ന സ്ത്രീ പുരുഷാനുപാതം		ബാല ആൺ പെൺ അനുപാതം		ബാലജനസംഖ്യ	
2001	2011	2001	2011	2001	2011
1057	1098	959	969	347146	335645

പല വികസന സൂചികകളിലും ജില്ലയിലെ സ്ത്രീകൾ മുന്നിട്ട് നിൽക്കുന്നുണ്ടെങ്കിലും, സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെക്കുറവാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 4.4.49

ജില്ലയിലെ സ്ത്രീ പുരുഷ തൊഴിൽ പങ്കാളിത്ത നിരക്ക്

പുരുഷൻ		സ്ത്രീ	
2001	2011	2001	2011
48.7	51.1	8.2	12.2

2011 ലെ കണക്ക്പ്രകാരം ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് 12.2%മാണ് (100 ആളുകൾക്ക്) പുരുഷന്മാരുടേത് 51.1%വും ആണ്. കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കുമായി തട്ടിച്ച് നോക്കുമ്പോൾ ജില്ലയുടെ ശരാശരി വളരെ താഴ്ന്നതാണെന്ന് മനസ്സിലാക്കാം.

ഉയർന്ന വിദ്യാഭ്യാസമുള്ളവരും കുറഞ്ഞ വേതനത്തിൽ ഔപചാരികമല്ലാത്ത ജോലികൾ ചെയ്യാൻ താൽപര്യമില്ലാത്തവരുമായ സ്ത്രീകളുടെ എണ്ണം കൂടുതലായുള്ളതാണ് ഈയൊരു പ്രവണതയ്ക്ക് കാരണമായിട്ടുള്ളത്. കൂടാതെ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കുറവായതും താരതമ്യേന കുറഞ്ഞ വേതനമുള്ള പരമ്പരാഗത തൊഴിലുകളിലെ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തവുമാണ് സ്ത്രീകളുടെ താഴ്ന്ന സാമ്പത്തിക നിലവാരത്തിന് കാരണമെന്ന് മനസ്സിലാക്കാം.

പട്ടിക - 4.4.50

സ്ത്രീകൾക്കെതിരായ അതിക്രമം 2017 ജനുവരി – സെപ്റ്റംബർ

അതിക്രമം	എണ്ണം
ബലാത്സംഗം	95
ലൈംഗികാതിക്രമം	305
തട്ടികൊണ്ട് പോകൽ	15
പൊതുസ്ഥലങ്ങളിലുള്ള അതിക്രമം	20
സ്ത്രീധന മരണം	0
ഗാർഹിക അതിക്രമം	317
മറ്റ് കുറ്റകൃത്യങ്ങൾ	359

സ്രോതസ്സ്-കേരള പോലീസ് ക്രൈം ബ്യൂറോ റെക്കോർഡ് 2017

സ്ത്രീകൾക്ക് എതിരായുള്ള പലതരത്തിലുമുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് പട്ടികയിൽ നിന്ന് മനസ്സിലാക്കാം. സമൂഹത്തിൽ നിന്ന് മാത്രമല്ല ഭർത്താവിന്റെയും ഭർതൃവീട്ടുകാരുടെയും പീഡനങ്ങൾ സ്ത്രീകൾക്ക് ഏറ്റുവാങ്ങേണ്ടി വരുന്നുണ്ട്. വീടുകളിലായാലും പുറത്തായാലും സ്ത്രീകൾ നേരിടുന്ന സുരക്ഷിതത്വത്തിന്റെ കുറവ് അവരുടെ സാമ്പത്തിക ജീവിത നിലവാരത്തെ വളരെയധികം ബാധിക്കുന്നതായി കാണാം.

ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. സ്ത്രീകൾക്കിടയിൽ രോഗാതുരത വർദ്ധിക്കുന്നു.
2. അമിത വൈദ്യവൽക്കരണവും, ചികിത്സാരംഗത്തെ സ്വകാര്യവൽകരണവും, ചികിത്സ ചിലവ് വർദ്ധിപ്പിക്കുന്നു.
3. പരമ്പരാഗത തൊഴിൽ മേഖലയിലും, മറ്റ്

അസംഘടിത മേഖലകളിലും, തൊഴിലെടുക്കുന്ന സ്ത്രീകൾ നേരിടുന്ന ആരോഗ്യ തൊഴിൽജന്യ പ്രശ്നങ്ങൾ.

4. വിധവകളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ.

5. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു.

6. സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തം.

7. സ്ത്രീകൾ തൊഴിൽ ചെയ്യുന്ന മേഖലകളിൽ ആവശ്യമായ ടോയ്ലെറ്റ് സൗകര്യം ഇല്ലാത്ത അവസ്ഥ.

8. യാത്രക്കാരായ സ്ത്രീകൾക്ക് സൌകര്യ പ്രദമായ ടോയ്ലെറ്റ് സൌകര്യം ഇല്ലാത്തത്.

9. അസംഘടിത മേഖലയിലെ കുറഞ്ഞ വേതനനിരക്ക്.

10. സമൂഹത്തിലെ ഇടപെടൽ സാദ്ധ്യതയുടെ കുറവ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്കായി കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ.

2. ലിംഗ പദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിന് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ.

3. ലിംഗസമത്വത്തിനും സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണത്തിനും വേണ്ടിയുള്ള നയങ്ങൾ പ്രഖ്യാപിക്കുക.

4. സാമൂഹ്യതുല്യത ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണം ഉൾപ്പെടെയുള്ള ഇടപ്പെടൽ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സ്ത്രീ പദവിയെ ബാധിക്കുന്ന എല്ലാവിധ അതിക്രമങ്ങളും, വിവേചനങ്ങളും ഇല്ലാതാക്കുന്നതിനായി പ്രാദേശികതലത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനായി നിയമ സഹായ സംവിധാനങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികൾ.

2. ഒറ്റപ്പെട്ടവർ അവിവാഹിതർ മറ്റ് പരിഗണനാ വിഭാഗങ്ങൾ എന്നിവരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ.

നിലവിലുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. വനിതകൾക്ക് തൊഴിൽ പരിശീലനം.

2. വിധവ പുനർവിവാഹ ധനസഹായം.

3. അവിവാഹിതരായ അമ്മമാർക്കുള്ള ധനസാഹായ പദ്ധതി (സ്നേഹസ്പർശം).

4. ശരണ്യ പദ്ധതി പ്രകാരമുള്ള തൊഴിൽ പരിശീലനവും, സ്വയം തൊഴിലിനുള്ള ധനസഹായവും.

2017-18 വർഷത്തിൽ ത്രിതല പഞ്ചായത്തുകൾ വനിതകളുടെ വികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക-സാംസ്കാരിക രംഗത്ത് ലിംഗതുല്യത ഉറപ്പ് വരുത്തുന്ന തരത്തിലുള്ളതല്ല. ഇത്തരം പദ്ധതികൾ പ്രദേശികതലത്തിൽ രൂപീകരിച്ചും, ജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തികൊണ്ടും, വ്യാപിപ്പിച്ചുകൊണ്ടും സ്ത്രീകൾക്ക് നേരെയുള്ള എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളും ഇല്ലാതാക്കിയും ലിംഗപദവി തുല്യത കൈവരിക്കുന്ന തരത്തിലുമുള്ള പദ്ധതികൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

കുടുംബശ്രീ - അവസ്ഥാ വിശകലനം

കോഴിക്കോട് ജില്ലയിൽ സമൂഹത്തിന്റെ മുഖ്യധാരയിലേക്കിറങ്ങാൻ തയ്യാറാകാതിരുന്ന നൂറുകണക്കിന് വനിതകളെ പൊതുരംഗത്തിറക്കാനും സാമൂഹ്യ പ്രവർത്തനരംഗത്ത് സജീവമാക്കുന്നതിനും കുടുംബശ്രീയുടെ ഇടപെടൽ വഴി സാധിച്ചിട്ടുണ്ട്.

ജില്ലയിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം 27518
അംഗങ്ങളായ വനിതകളുടെ എണ്ണം 406217

ജില്ലയിൽ 27518 അയൽക്കൂട്ടങ്ങളിലായി 4,06,217 വനിതകൾ ഇന്ന് അംഗങ്ങളായിട്ടുണ്ട്. സംരംഭ വികസന രംഗത്ത് ചെറുകിട ഉൽപന്ന നിർമ്മാണ യൂണിറ്റ് മുതൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന ഐ.ടി യൂണിറ്റുകൾ വരെ നിരവധി നൂതന സംരംഭങ്ങളാണ് കുടുംബശ്രീ

ആരംഭിച്ചത്. ജില്ലയിൽ ഇതുവഴി ആയിരക്കണക്കിന് വനിതകൾക്ക് വരുമാനം പ്രദാനം ചെയ്യുന്നതിനും സമൂഹത്തിൽ സ്ത്രീക്ക് തന്റേതായ ഒരിടം കണ്ടെത്തുന്നതിനും സാധിക്കുകയുണ്ടായി. സാമൂഹിക വികസന രംഗത്ത് ആശ്രയ, ബഡ്സ്, വയോജന അയൽകൂട്ടങ്ങൾ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിവിധ അയൽകൂട്ടങ്ങൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്.

സമ്പാദ്യ വായ്പാ പ്രവർത്തനം

സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളിൽ ലഘു സമ്പാദ്യശീലം വളർത്തുകയും അതിൽ നിന്നുള്ള ആന്തരിക വായ്പ പ്രവർത്തനത്തിലൂടെ സമൂഹത്തിന്റെ സുസ്ഥിരമായ സാമ്പത്തിക വികസനം പ്രാരംഭ ഘട്ടത്തിൽ കൊണ്ടുവന്നിട്ടുണ്ട്. തുടർന്ന് സാധാരണക്കാരായ സ്ത്രീകൾക്ക് അപ്രാപ്യമായിരുന്ന ബാങ്കിംഗ് സേവനങ്ങൾ അയൽകൂട്ടങ്ങൾ വഴി ഓരോ കുടുംബങ്ങളിലേക്കും എത്തിക്കാൻ കുടുംബശ്രീക്കു കഴിഞ്ഞു. നിലവിൽ 4% പലിശയ്ക്ക് കുടുംബശ്രീ വഴി അയൽകൂട്ടങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. 2017 ഡിസംബർ വരെ കുടുംബശ്രീ വഴി അയൽകൂട്ടങ്ങൾക്ക് ലഭ്യമാക്കിയ ഫണ്ടുകളുടെ വിവരങ്ങൾ പട്ടിക 4.4.51 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4.4.51

ജില്ലയിലെ അയൽകൂട്ടങ്ങൾക്ക് ലഭ്യമാക്കിയ ഫണ്ടുകളുടെ വിവരങ്ങൾ (2017 – ഡിസംബർ വരെ)

1	സമ്പാദ്യം	371.34 കോടി
2	ആന്തരിക വായ്പ	4221.95 കോടി
3	ബാങ്ക് ലിങ്കേജ്	412.00 കോടി
4	മാച്ചിംഗ് ഗ്രാന്റ്	55.00 കോടി
5	പലിശ സബ്സിഡി	2.75 കോടി
6	ജെ.എൽ.ജി. സബ്സിഡി	0.8 കോടി

ജില്ലയിലെ അയൽകൂട്ടങ്ങളുടെ എണ്ണം	27518
അംഗങ്ങളായ വനിതകളുടെ എണ്ണം	406217

ജില്ലയിലെ അയൽകൂട്ട അംഗങ്ങൾ ഡിസംബർ അവസാനം വരെ 371.34 കോടി രൂപ സമ്പാദ്യമായി സ്വരൂപിക്കുകയും 4221.95 കോടി രൂപ ആന്തരിക വായ്പയായി അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 19017 അയൽകൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് നേടിയിട്ടുണ്ട്. ഇതുവഴി 412 കോടി രൂപ വായ്പയായി വിവിധ അയൽകൂട്ടങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ജില്ലയിലെ വിവിധ അയൽകൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റായി 55 കോടി രൂപയും, പലിശ സബ്സിഡിയായി 2.75 കോടി രൂപയും, സംഘകൃഷി ജെ.എൽ.ജികൾക്ക് സബ്സിഡിയായി 80 ലക്ഷം രൂപയും കുടംബശ്രീ വഴി വിതരണം ചെയ്തു. യഥാസമയത്തുള്ള വായ്പാ തിരിച്ചടവാണ് ഇത്രയും വിപുലമായ തോതിൽ വായ്പ വിതരണം സാധ്യമാക്കിയത്. കുടുംബശ്രീ സംവിധാനത്തിന് മാത്രം കൈവരിക്കാൻ കഴിഞ്ഞ ഒന്നാണിത്.

സൂക്ഷ്മ സംരംഭ വികസനം

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് കുടുംബശ്രീ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മൈക്രോ സംരംഭങ്ങൾ. പ്രാദേശിക സാമ്പത്തിക വികസനവും ദാരിദ്ര്യ ലഘൂകരണവും കൈവരിക്കാൻ ഈ പദ്ധതികൾ കൊണ്ട് സാധ്യമാകുന്നു എന്നുള്ളതാണ് മൈക്രോ സംരംഭങ്ങളുടെ പ്രത്യേകത. സേവനമേഖലയിൽ 759 സംരംഭങ്ങളും ഉൽപാദന മേഖലയിൽ (മൃഗസംരംക്ഷണം) 121 സംരംഭങ്ങളുൾപ്പെടെ 1601 സംരംഭങ്ങൾ നിലവിൽ ജില്ലയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

പട്ടിക - 4.4.52

ജില്ലയിലെ കുടുംബശ്രീ നടപ്പിലാക്കിയ മൈക്രോ സംരംഭങ്ങൾ

1.	സേവന മേഖല	759 എണ്ണം
2.	ഉൽപാദന മേഖല	121 എണ്ണം
3.	മറ്റുള്ളവ	721 എണ്ണം
	ആകെ	**1601 എണ്ണം**

സംരംഭകർ ഉൾപ്പെടെ വരുമാന വർദ്ധനയിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അവസരം കൈവന്നിട്ടുണ്ട്. ഏതെങ്കിലും ഒരു തൊഴിൽ ചെയ്യാനുള്ള സന്നദ്ധത നേടാൻ കഴിഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്നു. പല രംഗങ്ങളിലും സ്ത്രീകളുടെ മുന്നേറ്റം ഉണ്ടാക്കുന്നതിന് ഇത് സഹായകമായിട്ടുണ്ട്. ലിംഗ സമത്വത്തിലും ശാക്തീകരണത്തിലുമുള്ള ആശയങ്ങൾ സമൂഹത്തിൽ പരിഗണനയ്ക്ക് വിഷയീഭവിക്കുന്നതിനിടയാക്കിയത് കുടുംബശ്രീ പ്രവർത്തനത്തിലൂടെയാണ്.

കോഴിക്കോട് നഗരത്തിൽ 4 വനിത ഹോസ്റ്റലുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിന് കുടുംബശ്രീ മിഷന് സാധിച്ചിട്ടുണ്ട്. ഒരു രൂപയ്ക്ക് ഒരു ലിറ്റർ കുടി വെള്ളം നൽകുന്നതിനായി കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കിയ സിറ്റി ഡ്രിങ്കിംഗ് വാട്ടർ പദ്ധതിയും വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. കോഴിക്കോട് മിഠായി തെരുവ് പൈതൃക നഗരമാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം നടപ്പിലാക്കിയ പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കിയ മിനിബഗ്ഗി ബാറ്ററികാർ സർവ്വീസും വളരെയേറെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

സൂക്ഷ്മ സംരംഭങ്ങളിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ഒരു വിപണന സംവിധാനവും സബർമതി കമ്മ്യൂണിറ്റി മാർക്കറ്റിംഗ് നെറ്റ്വർക്ക് എന്ന പേരിൽ ജില്ലയിൽ രൂപം കൊടുക്കുകയുണ്ടായി. കുടുംബശ്രീ വഴി ഉൽപാദിപ്പിക്കുന്ന ഇരുപതിലധികം ഉൽപ്പന്നങ്ങൾ ഇന്ന് ഈ സംവിധാനം വഴി വിപണനം ചെയ്യുന്നുണ്ട്. എങ്കിലും ഉൽപ്പന്നങ്ങളുടെ വിപണനത്തിലുള്ള പോരായ്മ ഇപ്പോഴും നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിന് പ്രത്യേക മുൻഗണന നൽകേണ്ടതുണ്ട്. ഇതുകൊണ്ട് വിപണനത്തിന്റെ പോരായ്മകൾ എല്ലാം പരിഹരിക്കപ്പെട്ടിട്ടില്ല.

2020 ആവുമ്പോഴേക്കും കുടുംബശ്രീ ജില്ലയിൽ സൂക്ഷ്മ സംരംഭക മേഖലയിൽ വ്യത്യസ്തവും സുസ്ഥിരവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലയിൽ ഏറ്റവുമധികം നെല്ല് ഉൽപ്പാദിപ്പിക്കുന്ന ചെറുവണ്ണൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് കുടുംബശ്രീയുടെ റൈസ് പ്രെഡ്യൂസർ കമ്പനി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനായി ജില്ലാമിഷൻ തയ്യാറാക്കിയ ഡി.പി.ആർ സംസ്ഥാനമിഷൻ അംഗീകരിക്കുകയും 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ജില്ലയിൽ ഭക്ഷ്യസംസ്കരണ മേഖലയിലെ സംരംഭക സാധ്യതകൾ പ്രയോജനപ്പെടുത്തി ബിസിനിസ്സ് ഇൻക്യൂബേഷൻ സെന്റർ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സെക്യൂരിറ്റി സർവ്വീസ്, വൃദ്ധപരിചരണ മേഖലയിൽ ജറിയാട്രിക് കെയർ സർവ്വീസ് തുടങ്ങിയവയും ലക്ഷ്യമിടുന്നു.

ഉൽപാദന പ്രവർത്തനങ്ങളുടെ കുടുംബശ്രീ ഇടപെടൽ

ജില്ലയിലെ 12 ബ്ലോക്കുകളിലായി 3642 സംഘകൃഷി ഗ്രൂപ്പുകളാണ് കുടുംബശ്രീക്ക് കീഴിൽ പ്രവർത്തിച്ചു വരുന്നത്. നെല്ല്, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, പച്ചക്കറികൾ തുടങ്ങിയവയാണ് പ്രധാന കൃഷികൾ. നടപ്പുസാമ്പത്തിക വർഷത്തിൽ 900 ത്തിലധികം സംഘകൃഷി ഗ്രൂപ്പുകൾക്കായി 14 കോടിയോളം രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ 80 ലക്ഷം രൂപയുടെ പലിശ സബ്സിഡിയും 2 ലക്ഷത്തോളം രൂപയുടെ വിസ്തൃതി ബോണസ്സും നൽകിയിട്ടുണ്ട്. കൂടുതൽ സംഘകൃഷി ഗ്രൂപ്പുകളെ ബാങ്കുമായി ബന്ധിപ്പിക്കാനുള്ള പ്രവർത്തനം നടന്നു വരികയാണ്.

ഭക്ഷ്യ സുരക്ഷാ ഭവനം

ഭക്ഷ്യ സുരക്ഷയ്ക്ക് എന്റെ കൃഷി എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽകൂട്ടങ്ങളിലേയ്ക്കും എത്തിക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉൽപാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകളോ, ഗ്രോ ബാഗുകളിൽ ചെറിയ അളവിൽ കൃഷി ചെയ്യുന്നവരുടെ

ഗ്രൂപ്പുകളായിട്ടോ ആണ് പ്രവർത്തനം നടത്തുന്നത്. ഇത്തരം 23,000 ത്തോളം ഗ്രൂപ്പുകൾ നിലവിൽ ജില്ലയിൽ രൂപീകരിക്കുകയും മാസ്റ്റർ കർഷകർ മുഖേന ഗ്രൂപ്പുകൾക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നു.

മൃഗ സംരക്ഷണ മേഖല

വർദ്ധിച്ചുവരുന്ന ഇറച്ചിക്കോഴി വിലയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും നമ്മുടെ നാട്ടിൽ തന്നെ ഉൽപാദിപ്പിക്കുന്ന സുരക്ഷിതമായ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കുടുംബശ്രീ ചിക്കൻ എന്ന പേരിൽ ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നിലവിൽ 1000 ഇറച്ചിക്കോഴികളെ വളർത്തുന്ന വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് യൂണിറ്റിന് ഒരു ലക്ഷമെന്ന തോതിൽ ഒരു വർഷ കാലയളവിലേക്ക് സി.ഐ.എഫ് ധനസഹായം നൽകി വരുന്നു. തെരഞ്ഞെടുത്ത പതിനഞ്ചോളം യൂണിറ്റുകൾ ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ അംഗങ്ങളാവും.

കുറഞ്ഞത് 2 കറവ പശുക്കളെ 2 വർഷമായി പരിപാലിച്ചു വരുന്ന മൃഗസംരക്ഷണ മേഖലയിലെ ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപയുടെ വായ്പ സി.ഡി.എസ് മുഖാന്തിരം നൽകി വരുന്നു. 5 സി.ഡി.എസ്സുകളിലായി ഇത്തരം 15 ഗ്രൂപ്പുകൾക്ക് ഈ വർഷം വായ്പ നൽകിക്കഴിഞ്ഞു. ഇതിനു പുറമെ മൃഗസംരക്ഷണ മേഖലയിൽ ആടുഗ്രാമം, ക്ഷീരസാഗരം തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ജെന്റർ പ്രവർത്തനങ്ങൾ

ലിംഗ സമത്വത്തിൽ മാതൃകാപരമായ ഒട്ടേറെ പദ്ധതികൾ ജില്ലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ ഭാഗമായി ജാഗ്രതാ സമിതികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉണ്ടെങ്കിലും അവ വേണ്ടത്ര പ്രവർത്തനക്ഷമമല്ല. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരം സമിതികൾ സജീവമാക്കുന്നതിനും സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ സ്വതന്ത്രമായി അവതരിപ്പിക്കുന്നതിനുമായുള്ള കേന്ദ്രങ്ങളായി ഇവ മാറേണ്ടതുണ്ട്. ഇതിനുള്ള കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് പദ്ധതികളിൽ ഊന്നൽ നൽകേണ്ടതുണ്ട്.

1502 വാർഡുകളിൽ 5 പേരടങ്ങുന്ന വിജിലന്റ് ഗ്രൂപ്പുകൾക്ക് പോലീസിന്റെ സഹായത്തോടെ സ്വയംപ്രതിരോധ ക്ലാസ്സുകളും ജെന്റർ അവയർനെസ്സ് ക്ലാസ്സുകളും പഞ്ചായത്തുതലത്തിൽ നടപ്പിലാക്കി കഴിഞ്ഞു. വിജിലന്റ് ഗ്രൂപ്പുകളിൽ സിഡി.എസ്സിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 2 പേർ വീതം 164 പേർ അടങ്ങുന്ന പിങ്ക് ടാസ്ക് ഫോഴ്സ് ടീം ജില്ലയുടെ തനതു പരിപാടിയായി നടപ്പിലാക്കി. ഇവർക്ക് 3 ഘട്ടങ്ങളിലായി സ്വയംപ്രതിരോധം പരിശീലനം, വനിതാ ഡിപ്പാർട്ട്മെന്റുകളുടെ സേവനം നിയമ ക്ലാസ്സ് എന്നിവ നൽകി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അക്രമങ്ങളെ പ്രതിരോധിക്കുന്നതിന്റെയും പ്രതികരണ പ്രവർത്തനങ്ങൾ വളർത്തിയെടുക്കുന്നതിന്റെയും ഭാഗമായിട്ടാണ് ജില്ലാമിഷൻ ഈ പരിപാടി ആവിഷ്കരിച്ചത്.

ജില്ലയിൽ ഇതുവരെ 4 ജന്റർ റിസോഴ്സ് സെന്റർ & കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലിംഗ പഠനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും റിസോഴ്സ് സെന്ററുകളായിട്ടാണ് ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്നവരെയും താൽകാലികമായി പാർപ്പിക്കുന്നതിനും അവർക്ക് ആത്മവിശ്വാസം പകരുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്നേഹിത ഹെൽപ്പ് ഡെസ്കുകൾക്ക് കുടുംബശ്രീ രൂപം നൽകിയിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വഴി സമൂഹത്തിൽ ഒറ്റപ്പെടുന്നവർക്കും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും എല്ലാതരത്തിലുമുള്ള പിന്തുണയും സഹായവും നൽകുകയും അത്യാവശ്യ ഘട്ടങ്ങളിൽ ഷോർട്ട് സ്റ്റേ നൽകുകയും ഈ കേന്ദ്രങ്ങൾ വഴി ചെയ്യുന്നു.

ജില്ലയിൽ വിവിധ പഞ്ചായത്തുകളിൽ വിധവാ സംഗമങ്ങൾ നടത്തി സംഗമത്തിൽ നിന്നും അവർ അനുഭവിക്കുന്ന സാമൂഹിക സാമ്പത്തിക വൈകാരികമായ പ്രശ്നങ്ങൾ കണ്ടെത്തി ഇവരെ ജീവിത ലക്ഷ്യത്തിലേക്ക് കരുത്തോടെ കൈപിടിച്ച് ഉയർത്തുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് ഈ സംഗമത്തിലൂടെ സാധ്യമായി. തുടർന്ന് ഇവർക്ക് വ്യത്യസ്ത തൊഴിൽ മേഖല കണ്ടെത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് സെന്ററുമായി സഹകരിച്ച് കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 13 പഞ്ചായത്തുകളിൽ വൾണറബിലിറ്റി മാപ്പിംഗ് പ്രക്രിയ നടക്കുന്നു. കൂടാതെ വിവിധ കമ്മ്യൂണിറ്റി കൗൺസിലിംഗ് പ്രവർത്തനങ്ങൾ എല്ലാ

സി.ഡി.എസ്സുകളിലും നടത്തിവരുന്നു.

ബഡ്സ്/ബി.ആർ.സി

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 11 ബഡ്സ് സ്പെഷ്യൽ സ്കൂളുകളും 12 ബി.ആർ.സികളും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ തൊഴിൽ പരിശീലനവും മറ്റ് ശാസ്ത്രീയമായ വിദ്യാഭ്യാസ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. വാഹനങ്ങളില്ലാത്ത ബഡ്സ് സ്കൂളുകൾക്ക് വാഹനം ലഭ്യമാക്കാനുള്ള നടപടികളും കുടുംബശ്രീ മിഷൻ ആവിഷ്കരിച്ചു വരികയാണ്. സ്വന്തമായി കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത പ്രശ്നം ഈ സ്കൂളുകളും ബി.ആർ.സികളും ഇന്ന് നേരിട്ടുവരുന്നുണ്ട്. ഇതിനുള്ള ശ്രമങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും ജില്ലാ ഭരണകൂടത്തിന്റേയും പദ്ധതികളുടെ ഭാഗമായി ഉണ്ടാവേണ്ടതുണ്ട്.

വയോജന സംരക്ഷണം

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ മുതിർന്നവരുടെ സംഖ്യ ശീഘ്രഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 1961 ൽ ആകെ ജനസംഖ്യയുടെ 5.83%വും 1991 ൽ 8.82%വും ആയിരുന്നു വയോജനങ്ങളുടെ എണ്ണം. എന്നാൽ ഇത് 2001 ൽ 9.76% വും 2011 ൽ 12.83% വും ആയി വർദ്ധിച്ചു. ഈ ഒരു സ്ഥിതിവിശേഷം തുടർന്നാൽ 2021 ൽ 15.63% 2026 ൽ 20%വും മുതിർന്നവരായിരിക്കുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വയോജനങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ച് കൊണ്ടിരിക്കുന്നു. അതോടൊപ്പം അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ അവസാന നാളുകളിൽ ഇവർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് സമൂഹത്തിന്റെ കടമയാണ്. ജില്ലയിൽ സമഗ്രമായൊരു വയോജന നയം പ്രഖ്യാപിക്കുകയും കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

പട്ടിക 4.4.53

ജില്ലയിലെ പ്രായമായവരുടെ കണക്ക് 60 വയസ്സിന് മുകളിൽ

പ്രായം	ആൺ	പെൺ	ആകെ
60-64	43712	44897	88609
65-69	26844	32261	59105
70-74	18499	22897	41396
75-79	11312	16511	27823
80-84	5995	9818	15813
85-89	3221	5671	8892
90-94	922	1869	2791
95-99	280	502	782
100 നും അതിന് മുകളിലും	154	162	316
ആകെ	**110939**	**134588**	**245527**
	(44.46%)	(55.54%)	(100%)

സ്രോതസ്സ് -2011 സെൻസസ്

ജില്ലയിലെ വയോജനങ്ങളിൽ 44.46% പുരുഷന്മാരും 55.54% സ്ത്രീകളുമാണ്. മുതിർന്നവരിൽ തന്നെ അതിവൃദ്ധരുടെ (70+) വർദ്ധന നിരക്ക് നവ വൃദ്ധരുടേതിനെ (60+) അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് കാണാം. മുതിർന്നവരുടെ ജനസംഖ്യയുടെ ഒരു പ്രധാന സവിശേഷത അവരിൽ നല്ലൊരു ഭാഗം വിധവകളാണ് എന്നതാണ്. കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ നാശവും ഒട്ടേറെ

യുവാക്കൾ തൊഴിൽ തേടി വിദേശ രാജ്യങ്ങളിലേക്ക് പോയതും വിദ്യാഭ്യാസത്തിനും തൊഴിലിനുമായി സ്ത്രീകൾ വീട് വിട്ട് ഇറങ്ങേണ്ടി വന്നതും വയോജനങ്ങൾക്ക് ശരിയായ സംരക്ഷണം ലഭിക്കാത്തതിന് ഒരു കാരണമാണ്.

കോഴിക്കോട് ജില്ലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി ഒരു സർക്കാർ വൃദ്ധസദനവും, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന 19 വൃദ്ധസദനങ്ങളും ഉണ്ട്. സർക്കാർ വൃദ്ധസദനത്തിൽ ആകെ 68 പേരും മറ്റ് വൃദ്ധസദനങ്ങളിലായി ആകെ 511 താമസക്കാരും ഉണ്ട്.

ചിത്രം 4.4.6

ജില്ലയിലെ വയോജനങ്ങളുടെ ജനസംഖ്യ അനുപാതം (ശതമാനത്തിൽ)



കേരളത്തിലെ മുതിർന്നവരുടെ ജനസംഖ്യയുടെ പ്രധാന സവിശേഷത അതിൽ നല്ലൊരു ഭാഗം വിധവകളാണ് എന്നതാണ്. 1996 ൽ 60 – 69 വയസ്സ് വിഭാഗത്തിൽ 5% പുരുഷന്മാർ വിധുരരും സ്ത്രീകളിൽ 53.8% വിധവകളുമായിരുന്നു.

വയോജനങ്ങൾക്ക് വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. മന്ദഹാസം - ബിപിഎൽ കുടുംബത്തിൽപ്പെട്ട 60 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് കൃത്രിമ ദന്തനിര സൗജന്യമായി വെച്ച് കൊടുക്കുന്ന പദ്ധതി.
2. വയോമിത്രം - മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലെ വയോജനങ്ങൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി.
3. വയോഅമൃതം - ഗവൺമെന്റ് വൃദ്ധ സദനങ്ങളിൽ ആയുർവേദ ചികിത്സയും മരുന്നും നൽകുന്ന പദ്ധതി.
4. വയോജന സൗഹൃദ പഞ്ചായത്ത്.
5. സായംപ്രഭ ഹോം പദ്ധതി – പകൽ വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും മറ്റ് സഹായങ്ങൾ നൽകലും.
6. സംയോജിത വയോജന പദ്ധതി.
7. രാഷ്ട്രീയ വയോശ്രീ യോജന.
8. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.

മുതിർന്നവരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നമാണെന്നും, സാമൂഹ്യ വികസനത്തിൽ മുതിർന്നവർക്ക് സജീവവും ഉൽപ്പാദനക്ഷമവുമായ പങ്കാളിത്തത്തിന് അവസരങ്ങൾ സൃഷ്ടിച്ച് കൊടുക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബാധ്യത ഉണ്ടെന്നും മുതിർന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതും ആസൂത്രണ നയമായി സ്വീകരിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

മുതിർന്നവരെ സാമ്പത്തികവും ആരോഗ്യപ

രവും സാമൂഹികവും വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുകയും അവർക്ക് ആത്മവിശ്വാസത്തോടെ തൃപ്തികരമായ ജീവിതം നയിക്കുവാൻ പര്യാപ്തമായ സാഹചര്യം സൃഷ്ടിക്കുക.

വയോജനങ്ങളുടെ പൊതുവായ സംരക്ഷണം ഉറപ്പ് വരുത്തുന്നതോടൊപ്പം പ്രത്യേകമായ ശ്രദ്ധയും പരിചരണവും ആവശ്യമായവർക്ക് അത് ലഭ്യമാക്കുന്നതിനുള്ള നയപരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. 80ന് മുകളിൽ പ്രായമുള്ളവർ, വിധവകൾ, അവിവാഹിതരും കുട്ടികൾ ഇല്ലാത്തവരുമായ സ്ത്രീകൾ, ശാരീരീക വെല്ലുവിളി നേരിടുന്നവർ, ദുർബലർ, അനാഥർ, മാരകമായ രോഗം പിടിപെട്ടവർ എന്നിവരുടെ സംരക്ഷണത്തിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുമുണ്ട്.

സാമൂഹ്യ പ്രശ്നങ്ങൾ

1. കൂട്ടുകുടുംബ സമ്പ്രദായം ക്ഷയിച്ചു പോവുകയും അണുകുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു.
2. യുവാക്കൾ കുടുംബം വിട്ട് തൊഴിൽ തേടി വിദേശരാജ്യങ്ങളിലേയ്ക്ക് പോയത്.
3. വിദ്യാഭ്യാസം തൊഴിൽ എന്നിവയ്ക്കായി സ്ത്രീകൾ വീട് വിട്ട് ഇറങ്ങാൻ തുടങ്ങി. തന്മൂലം വയോജനങ്ങളെ പരിരക്ഷിക്കുന്നവരുടെ എണ്ണവും കുറഞ്ഞ് തുടങ്ങി.
4. തലമുറകൾ തമ്മിലുള്ള സംഘർഷങ്ങൾ വിശേഷിച്ചും മുതിർന്നവരും മക്കളും, മുതിർന്നവരും കൊച്ചു മക്കളും തമ്മിൽ വർദ്ധിച്ചു.

സാമ്പത്തിക പ്രശ്നങ്ങൾ

1. പ്രായം ചെന്നവരിൽ 25% ത്തിലധികം പേരും ഇപ്പോഴും ജോലി ചെയ്യുന്നു.
2. തൊഴിലിൽ ഏർപ്പെടാത്ത വൃദ്ധരിൽ 50% ത്തിലധികം പേരും മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്.
3. ഇന്നത്തെ യുവാക്കളിൽ ബഹു ഭൂരിപക്ഷവും വാർദ്ധക്യകാല ജീവിതത്തിന് ആവശ്യമായ യായൊരു വിധ സമ്പാദ്യവുമില്ലാതെയാണ് വാർദ്ധക്യ ദശയിലേയ്ക്ക് പ്രവേശിക്കുന്നത്.

ആരോഗ്യ പ്രശ്നങ്ങൾ

1. ജീവിതശൈലീ രോഗങ്ങൾകൊണ്ടും മറ്റ് വാർദ്ധക്യ സഹജമായ അസുഖങ്ങൾക്കൊണ്ടും മുതിർന്ന പൗരന്മാർക്ക് ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നു.
2. ദീർഘകാല രോഗങ്ങളും മാരകരോഗങ്ങളും പിടിപെട്ട വൃദ്ധരെ ശുശ്രൂഷിക്കുന്നതിനു വേണ്ട ആതുരാലയങ്ങളുടെ അപര്യാപ്തത.
3. 60 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 56% ത്തിന്റെയും മരണകാരണം പോഷകാഹാരത്തിന്റെ അപര്യാപ്തതാ മൂലമുണ്ടാകുന്ന രക്തകുറവായിരുന്നു.
4. വാർദ്ധക്യ സഹജമായ മാനസിക അസുഖങ്ങൾ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ചിലവ് കുറഞ്ഞതും എല്ലാ വയോജനങ്ങൾക്ക് അനുയോജ്യവുമായ ആരോഗ്യ പരിപാലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുമായി സഹകരിച്ച് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
2. വാർദ്ധക്യകാലം സുഖകരമാക്കുന്നതിന് ആരോഗ്യകാലത്ത് തന്നെ ഏതെങ്കിലും മെഡിക്കൽ ഇൻഷൂറൻസിൽ അംഗമാവണമെന്ന് പ്രചരിപ്പിക്കുന്നതിന് നടപടികൾ കൈകൊള്ളുക.
3. ദീർഘകാല രോഗങ്ങളും മാരക രോഗങ്ങളും പിടിപ്പെട്ട വൃദ്ധരെ ശുശ്രൂഷിക്കുന്നതിന് വേണ്ടി പ്രത്യേക സംരക്ഷണാലയങ്ങൾ സ്ഥാപിക്കുക.
4. സ്ക്കൂൾ കോളേജ് തലത്തിൽ മുതിർന്നവരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും യുവതലമുറയെ മുതിർന്നവരുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും കിടപ്പിലായ വയോജനങ്ങളെ വീടുകളിലെത്തി പരിപാലിക്കുന്നതിന് പാലിയേറ്റീവ് കെയർ സംവിധാനം ശക്തിപ്പെടുത്തുക. ഇതിനായി സന്നദ്ധരും യോഗ്യരുമായവർക്ക്

ഈ മേഖലയിൽ പരിശീലനം നൽകുക.

2. പ്രാദേശികതലത്തിൽ വയോജനക്ലബുകൾ രൂപീകരിക്കുക, വയോജന കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കുക, വയോജനങ്ങളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

3. വയോജനങ്ങൾക്ക് അവരുടെ ശാരീരികവും മാനസികവുമായ ക്ഷമത അനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

4. പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങുക.

5. വാർദ്ധക്യകാല പരിചരണത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകുക.

6. ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുക.

7. വയോജന ഹെൽപ്പ് ഡസ്ക്ക് സ്ഥാപിക്കുക.

8. വയോജനങ്ങളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രീയമായ ഇടപെടൽ സാധ്യമാക്കുന്ന കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കുക.

9. വയോജനങ്ങൾക്ക് സൗജന്യ നിയമ സഹായം ഉറപ്പുവരുത്തുക.

10. എല്ലാ വയോജനങ്ങൾക്കും അർഹിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് പ്രാദേശിക ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ മേൽനോട്ട സമിതികൾ രൂപീകരിക്കുക.

11. നിരാശ്രയരായ വയോജനങ്ങൾക്ക് അങ്കണവാടികൾ മുഖേന പോഷകാഹാരം ലഭ്യമാക്കുക.

കുട്ടികൾ

കുട്ടികൾ രാഷ്ട്രത്തിന്റെ മുതൽക്കൂട്ടാണ്. ബാല്യകാലം അവരുടെ പുരോഗതിയുടെ ഏറ്റവും പ്രബലമായ കാലഘട്ടമാണ്. 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ശാരീരികം, മാനസികം വൈകാരികം, സാമൂഹ്യം എന്നീ തലങ്ങളിലുള്ള പുരോഗതി കൈവരിക്കുന്നതിൽ നൽകുന്ന നിരവധി കാര്യങ്ങൾ ആവിഷ്ക്കരിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. എന്നിരുന്നാലും കുട്ടികളുടെ ബാല്യകാല വികസനത്തിൽ ചില തടസ്സങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.

കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, ശൈശവ വിവാഹം, പോഷകാഹാരക്കുറവ്, കുട്ടികളുടെ ആരോഗ്യാവസ്ഥ തുടങ്ങിയ പല ഘടകങ്ങൾ കുട്ടികളുടെ സമഗ്ര പുരോഗതിക്ക് തടസ്സമായി നിൽക്കുന്നുണ്ട്. കുട്ടികളിലെ ആൺ-പെൺ അനുപാതം കുറഞ്ഞു വരുന്നത് ഗൗരവമേറിയ ഒരു സ്ഥിതി വിശേഷമാണ്. കുട്ടികൾക്ക് നേരെ കുടുംബങ്ങളിൽ നിന്നു പോലും ഉണ്ടാകുന്ന അതിക്രമങ്ങൾ, ലഹരിപദാർത്ഥങ്ങൾക്ക് ഇരയാകുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നിവ കുട്ടികളുടെ ശാരീരിക മാനസിക വികസനത്തിന് വിഘാതമായി നിൽക്കുന്നുണ്ട്.

വിവിധ പ്രായങ്ങളിലുള്ള കുട്ടികളുടെ എണ്ണം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 4.4.54

ജില്ലയിലെ കുട്ടികളുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥാ വിശകലനം

വയസ്സ്	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
0-4	1,19,951	1,16,476	2,36,427
05-09	1,25,979	1,21,179	2,47,158
10-14	1,36,111	1,29,996	2,66,107
15-19	1,25,167	1,20,380	2,45,547
ആകെ	**507208**	**4,88,031**	**9,95,239**

സ്രോതസ്സ് - 2011 സെൻസസ്സ്

ജില്ലയിലെ ആകെ ജനസംഖ്യയുടെ 32.24 ശതമാനം കുട്ടികളാണ്. അതായത് 2011 ലെ സെൻസസ് പ്രകാരം ജില്ലയിൽ 0-19 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം 9,95,239 ആണ്. മേൽ പട്ടിക പരിശോധിച്ചാൽ എല്ലാ പ്രായഗ്രൂപ്പിലുംപെട്ട പെൺകുട്ടികളുടെ എണ്ണം അതേ പ്രായത്തിലുള്ള ആൺകുട്ടികളുടെ എണ്ണത്തേക്കാൾ കുറവാണെന്ന് കാണാം. ജില്ലയിലെ കുട്ടികൾക്കിടയിലെ സ്ത്രീ പുരുഷ അനുപാതം 1000 : 966 ആണ്.

ചിത്രം 4.4.7

ജില്ലയിലെ കുട്ടികളുടെ വയസ്സടിസ്ഥാനത്തിലുള്ള വിവരങ്ങൾ
Graphical representation of data relating to Children



സ്രോതസ്സ് : ഐസിഡിഎസ് വാർഷിക സർവ്വേ

കുട്ടികളുടെ ലിംഗാനുപാതം

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ലിംഗാനുപാതം 1084 ആണ്. എന്നാൽ 0-6 പ്രായഘട്ടത്തിൽ പെൺകുട്ടികളുടെ എണ്ണം ഇന്ത്യയിൽ മൊത്തത്തിലും കേരളത്തിൽ പ്രത്യേകിച്ചും കുറഞ്ഞുവരുന്നതായി കാണാം. പട്ടിക 4.4.55 ഇത് വ്യക്തമാക്കുന്നു.

പട്ടിക 4.4.55

0-6 പ്രായഘട്ടത്തിലെ ലിംഗാനുപാതം (താരതമ്യം)

ഇന്ത്യ	919
കേരളം	964
കോഴിക്കോട്	966

സ്രോതസ്സ് : 2011 സെൻസസ്

ഐ.സി.ഡി.എസ് പദ്ധതി

രാജ്യത്തെ ഏറ്റവും സമഗ്രമായ കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതിയിൽ (ICDS) 0-6 വയസ്സ് വരെയുള്ള കുട്ടികളുടെ സമഗ്ര വികസനമാണ് ലക്ഷ്യമാക്കുന്നത്.

ജില്ലയിൽ 0-6 വയസ്സു വരെയുള്ള കുട്ടികളുടെ എണ്ണം - 262825 ആണ്. ശരാശരി 28850 കുട്ടികൾ ഓരോ മാസവും ഐസിഡിഎസ്സിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്. അങ്കണവാടികളുടെ പ്രാധാന്യം ജനങ്ങളിൽ എത്തിയ്ക്കാൻ കഴിയാത്തതും അങ്കണവാടികളുടെ അസൗകര്യങ്ങളും കുട്ടികളെ അങ്കണവാടിയിൽ എത്താത്തതിന് തടസമാക്കുന്നു. ആദിവാസി മേഖലകളിൽ അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

പട്ടിക 4.4.56

ജില്ലയിലെ അങ്കണവാടി സംബന്ധിച്ച വിവരങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	ആകെ അങ്കണവാടികൾ	2938
2	സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ	710 (24.1%)
3	കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ	1338
4	വൈദുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ	1322

സ്രോതസ്സ് : ഐസിഡിഎസ് വാർഷിക സർവ്വേ

പട്ടിക 4.4.57

സ്വന്തമായി ടോയിലറ്റ് - കുടിവെള്ള സൗകര്യമില്ലാത്ത അങ്കണവാടികൾ (ഐസിഡിഎസ്)

ക്രമ നം	ഐസിഡിഎസ് പ്രൊജക്ട്	സ്വന്തമായി ടോയിലറ്റ് സൗകര്യം ഇല്ലാത്ത അങ്കണവാടികൾ	സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ	ആകെ അങ്കണവാടികളുടെ എണ്ണം
1	ബാലുശ്ശേരി	18	47	112
2	ബാലുശ്ശേരി അഡീ	2	52	105
3	ചേളന്നൂർ	0	71	172
4	കൊടുവള്ളി	0	44	152
5	കൊടുവള്ളി അഡീ	5	94	148
6	കോഴിക്കോട് റൂറൽ	9	89	180
7	കുന്നമംഗലം	0	94	184
8	കുന്നമംഗലം അഡീ	1	34	117
9	കുന്നുമ്മൽ	0	101	175
10	മേലടി	32	75	130
11	പന്തലായനി	0	45	116
12	പന്തലായനി അഡീ	0	68	98
13	പേരാമ്പ്ര	5	81	171
14	തോടന്നൂർ	13	104	133
15	തൂണേരി	18	126	196
16	വടകര അർബൻ	0	73	124

17	വടകര	16	26	84
18	അർബൻ-1	8	31	133
19	അർബൻ-2	3	33	140
20	അർബൻ-3	20	16	140
21	അർബൻ-4	2	34	130
	ആകെ	**152**	**1338**	**2938**

മിക്ക ICDS പ്രോജക്ടുകളിലും അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികൾ നിലനിൽക്കുന്നതായി കാണാം. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധവകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതുണ്ട്.

മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃ-ശിശു ക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനുള്ള ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ വിഭവകേന്ദ്രമാണ് അങ്കണവാടികൾ. ജില്ലയിൽ 21 ഐസിഡിഎസ് പ്രോജക്ടുകളിലായി 2938 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്ക്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.

അങ്കണവാടികളിലൂടെ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് ചെയ്യുന്ന സേവനങ്ങൾ.

1. അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം.
2. ആരോഗ്യ പരിശോധന.
3. റഫറൽ സർവ്വീസസ്.
4. ആരോഗ്യ പ്രതിരോധ കുത്തിവെയ്പ്പും ചികിത്സയും.
5. ആരോഗ്യ പോഷണ വിദ്യാഭ്യാസം.
6. അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം.
7. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യ മിശ്രിതം വീടുകളിൽ കൊടുത്തു വിടുന്നു.

അനുപൂരക പോഷകാഹാര പദ്ധതിയുടെ സാമ്പത്തിക പോഷണ മാനദണ്ഡങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 4.4.58

അനുപൂരക പോഷകാഹാര പദ്ധതിയുടെ മാനദണ്ഡങ്ങൾ

വിഭാഗം	ഒരു ഗുണഭോക്താവിന് ഒരു ദിവസം അനുവദിച്ചിട്ടുള്ള തുക	ഭക്ഷണത്തിൽ അടങ്ങിയിരിക്കേണ്ട കലോറി	ഭക്ഷണത്തിൽ അടങ്ങിയിരിക്കേണ്ട പ്രോട്ടീൻ (ഗ്രാമിൽ)
6 വയസ്സിന് താഴെയുള്ള കുട്ടികൾ	6.00	500	12–15
ഗുരുതരമായ പോഷണക്കുറവുള്ളകുട്ടികൾ (6 മാസം മുതൽ 6 വയസ്സുവരെ)	9.00	800	20–25
ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ	7.00	600	18–20

സ്രോതസ്സ് : സാമൂഹ്യനീതി വകുപ്പ് വെബ്സൈറ്റ്)

പട്ടിക 4.4.59

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കേരളത്തിലും ജില്ലയിലും (താരതമ്യം)

വർഷം	കേരളത്തിൽ റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം	കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം
2010	596	62
2011	1452	121
2012	1324	99
2013	1877	170
2014	2391	170
2015	2384	214
2016	2881	420

സ്രോതസ്സ് : കേരളപോലീസ് ക്രൈം റെക്കോർഡ് ബ്യൂറോ

2010 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ കുട്ടികൾക്ക് എതിരെയുള്ള പലതരത്തിലുള്ള അതിക്രമങ്ങളുടെ എണ്ണം കൂടിവരുന്നതായി കാണാം. പുറമെ നിന്നുള്ളവരിൽ നിന്ന് മാത്രമല്ല സ്വന്തക്കാരിൽ നിന്ന് പോലും കുട്ടികൾക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകുന്നതായി പഠനങ്ങൾ കാണിക്കുന്നു.

പട്ടിക 4.4.60

ജില്ലയിൽ റിപ്പോർട്ട് ചെയ്തകുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ (POCSO)

വർഷം	കേസ്
2013	100
2014	120
2015	151
2016	82
2017 സെപ്റ്റംബർ	191

സ്രോതസ്സ് : കേരളപോലീസ് ക്രൈം ബ്യൂറോ റെക്കോർഡ്

2012 ലാണ് POCSO Act നിലവിൽവന്നത്. 2013 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി കാണാം.

ബാലസൗഹൃദ ജില്ല

നമ്മുടെ രാജ്യം പ്രഖ്യാപിച്ചിട്ടുള്ള കുട്ടികൾക്കായുള്ള അവകാശ പ്രഖ്യാപനത്തിൽ ഈ രാജ്യത്തെ പൗരന്മാരായ മുഴുവൻ കുട്ടികൾക്കും അതിജീവനം, വികസനം, പങ്കാളിത്തം, സംരക്ഷണം എന്നീ 4 അവകാശങ്ങൾ ഉറപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. യാതൊരു വിവേചനവും കൂടാതെ ഓരോ കുട്ടിക്കും തന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരങ്ങൾക്ക് ഊന്നൽ നൽകികൊണ്ടും, കുട്ടികളുടെ അവകാശ സംരക്ഷണത്തിന് പ്രഥമ പരിഗണന നൽകികൊണ്ടും ജില്ലയെ ബാല സൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ

18 വയസ്സിന് താഴെയുള്ള പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ പ്രശ്നങ്ങളാണ് ബാലനീതി നിയമം കൈകാര്യം ചെയ്യുന്നത്. വിവിധ തരം ചൂഷണത്തിന് ഇരയാകുന്ന കുട്ടികൾ, അതിക്രമത്തിന് ഇരയാകുന്നവർ, അനാഥർ, പ്രതികൂല സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരെ സംരക്ഷിക്കുന്നതിന് ജില്ലയിലുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.4.61

കുട്ടികൾക്കായുള്ള ജില്ലയിലെ സർക്കാർ സ്ഥാപനങ്ങൾ

ക്രമനം.	സ്ഥാപനത്തിന്റെ പേര്	കുട്ടികളുടെ എണ്ണം
1	ചിൽഡ്രൻസ് ഹോം ബോയ്സ്	30
2	ചിൽഡ്രൻസ് ഹോം ഗേൾസ്	119
3	ഒബ്സർവേഷൻ ഹോം ബോയ്സ്	3
4	ഒബ്സർവേഷൻ ഹോം ഗേൾസ്	0
5	സ്പെഷ്യൽ ഹോം	0
6	ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ഹോം	30

സ്രോതസ്സ് : ജില്ലാ സാമൂഹ്യ നീതി ആഫീസ് റിക്കാർഡ്

സർക്കാർ സ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണമാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത്. വിവിധ തരം ചൂഷണത്തിന് വിധേയരാവുന്ന കുട്ടികളുടെയും അക്രമണത്തിന് ഇരയാവുന്ന കുട്ടികളുടെയും എണ്ണം വളരെ കൂടുതലാണെന്ന് പട്ടികയിൽ നിന്ന് വ്യക്തമാകുന്നു. കൂടാതെ എൻ ജി ഒ കളുടെ നേതൃത്വത്തിൽ 62 ഓർഫനേജുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ സർക്കാരിതര സ്ഥാപനങ്ങളിലായി ആകെ 3709 കുട്ടികൾ താമസിക്കുന്നുണ്ട്. ഇതിൽ ആൺകുട്ടികൾ 2258 പേരും പെൺകുട്ടികൾ 1451 പേരുമാണ്.

പ്രധാന പ്രശ്നങ്ങൾ

ശിശുമരണം, പോഷണക്കുറവ്, രോഗങ്ങൾ, അരക്ഷിതത്വം, പീഡനങ്ങൾ അഭിപ്രായ സ്വാതന്ത്ര്യക്കുറവ് എന്നിവക്കൊപ്പം കേരളത്തിലെ കുട്ടികൾ വളരെ സങ്കീർണ്ണമായ രണ്ടാംതലമുറ പ്രശ്നങ്ങളും നേരിടുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1. രക്ഷിതാക്കളുടെ മദ്യപാനം.
2. മാനസിക ആരോഗ്യകുറവ്, ആത്മഹത്യാ പ്രവണത.
3. കുട്ടികൾക്കിടയിൽ വർദ്ധിച്ച് വരുന്ന മദ്യപാനം-മയക്ക് മരുന്ന് ശീലങ്ങൾ.
4. സൈബർ ക്രൈം.
5. മൊബൈൽ/ഇന്റർനെറ്റ് സംവിധാനങ്ങളുടെ ദുരുപയോഗം.
6. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ നിലനിൽക്കുന്നു.
7. 0-6 വയസ്സ് വരെപ്രായമുള്ള മുഴുവൻ കുട്ടികൾക്കും സ്പെഷ്യൽ ന്യൂട്രിഷൻ പ്രോഗ്രാം എത്തിക്കുവാൻ കഴിയുന്നില്ല.
8. പ്രത്യേകിച്ചും ആദിവാസി ഊരുകളിലെ കുട്ടികളുടെ ഇടയിൽ സ്പെഷ്യൽ ന്യൂട്രിഷൻ പ്രോഗ്രാം എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
9. കുട്ടികൾക്ക് നേരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ വർദ്ധിക്കുന്നു.
10. ശ്രദ്ധയും പരിചരണവും ആവശ്യമായി വരുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
11. കുട്ടികളുടെ ആരോഗ്യകരമായ വ്യക്തിത്വ വികസനത്തെ തടസപ്പെടുത്തുന്ന രീതിയിൽ കുടുംബ ബന്ധങ്ങൾ ശിഥിലമാകുന്നു.
12. കേരളത്തിൽ കുട്ടികളുടെ ലിംഗാനുപാതം കുറഞ്ഞു വരുന്നു.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ അംഗനവാടികളും കുട്ടികളുടെ മാനസികവും വൈകാരികവുമായ വികസന ആവശ്യങ്ങളെ മുൻനിർത്തി ശാസ്ത്രീയമായി ആധുനികവൽക്കരിക്കണം.
2. കുട്ടികളെ ആകർഷിക്കുന്ന രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കണം.
3. വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കണം.
4. സ്വന്തം കെട്ടിടത്തിന് സ്ഥലമില്ലാത്ത ഇടങ്ങളിൽ സ്കൂളുകളിൽ അംഗനവാടി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
5. ആരോഗ്യം, പോലീസ്, എക്സൈസ്, വിദ്യാഭ്യാസം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുടെ കൂടിച്ചേരലുകൾ പഞ്ചായത്ത് ബ്ലോക്ക് തലങ്ങളിൽ എല്ലാ മാസവും നടത്തണം. കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കാണുകയും വേണം.
6. പക്ഷികൾ, മൃഗങ്ങൾ, ചിത്രശലഭങ്ങൾ എന്നിങ്ങനെ വിവിധ ചിത്രങ്ങൾ ഉള്ള പരവതാനി ഉപയോഗിക്കുക.
7. കുട്ടികൾക്ക് യഥേഷ്ടം ചിത്രങ്ങൾ വരയ്ക്കാൻ സൗകര്യമുള്ള തരത്തിൽ ഭിത്തികൾ, ബോർഡുകൾ എന്നിവ സ്ഥാപിക്കുക.
8. ആകർഷകമായ രീതിയിൽ പൂന്തോട്ടവും കളിസ്ഥലവും ഒരുക്കുക.
9. കുട്ടികൾക്ക് സ്വയം രക്ഷാ മാർഗങ്ങളിൽ പരിശീലനം നൽകുക.
10. രക്ഷിതാക്കൾക്ക് ഉത്തരവാദിത്ത പൂർണ്ണമായ രക്ഷാകർതൃത്വം നിർവ്വഹിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക.
11. കുട്ടികളുടെ അവകാശങ്ങൾ, സംരക്ഷണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച

അവബോധ ബോർഡുകൾ പ്രധാനപ്പെട്ട ഓഫീസുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുക. ഇതിനായി ലഘു നാടകങ്ങൾ, ഹ്രസ്വ ചിത്രങ്ങൾ എന്നിവ നിർമ്മിക്കുക.

12. കുട്ടികളുടെ തീയേറ്റർ, ക്ലബ്ബുകൾ, ഫിലിം ക്ലബ്ബുകൾ എന്നിവ രൂപീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പ്രാദേശിക തലത്തിൽ കുട്ടികളുടെ വിവര ശേഖരണം നടത്തുകയും, ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളെയും, അപകട സാധ്യത ഘടകങ്ങൾ (Risk facts) നിലനിൽക്കുന്ന കുടുംബങ്ങളെയും കണ്ടെത്തുകയും ഇത് സംബന്ധിച്ച ഡാറ്റ സമാഹാരം പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

2. കുട്ടികൾക്കായുള്ള പ്രാദേശിക സുരക്ഷാ പദ്ധതികൾ തയ്യാറാക്കുക.

3. വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സുരക്ഷാ പദ്ധതി നിർവ്വഹണം സാധ്യമാക്കുന്നതിനു പ്രാദേശിക ഭരണകൂടങ്ങൾ മതിയായ മൂലധനം സ്വരൂപിക്കുകയും വകയിരുത്തുകയും ചെയ്യുക.

4. പഞ്ചായത്ത് സ്ഥലങ്ങളിലോ സ്കൂളുകൾ കേന്ദ്രീകരിച്ചോ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുക.

5. എല്ലാ പഞ്ചായത്തുകളിലും ചൈൽഡ് റിസോഴ്സ് സെന്റർ/ചൈൽഡ് ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുക.

6. പ്രാദേശിക തലത്തിൽ കുട്ടികളുടെ കൂട്ടായ്മ രൂപീകരിക്കുക.

7. ബാല ഗ്രാമസഭകൾ, ബാല പാർലമെന്റുകൾ എന്നിവ സംഘടിപ്പിക്കുക.

8. ക്ലാസ്സ് റൂം തലത്തിൽ പി.ടി എ ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

9. ലിംഗസമത്വ ബോധവൽക്കരണ പരിപാടികൾ.

10. കുട്ടികൾക്ക് ആവശ്യമായ നിയമ സഹായ സംവിധാനം ഏർപ്പെടുത്തൽ.

ഭിന്നശേഷിക്കാർ

നിലവിലുള്ള അംഗപരിമിതരുടെ വിവരങ്ങൾ

2015 ലെ അംഗപരിമിത സെൻസസ് പ്രകാരം 22 തരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെയാണ് ഭിന്നശേഷി ക്കാരിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 4.4.62 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.4.62

ജില്ലയിലെ അംഗപരിമിതരുടെ കണക്ക്

ക്രമനം	വൈകല്യത്തിന്റെ തരം	വൈകല്യം ബാധിച്ചവരുടെ എണ്ണം	ശതമാനത്തിൽ	വൈകല്യ നിരക്ക് 10000 ജനസംഖ്യക്ക് എന്ന കണക്കിൽ
1	ചലന വൈകല്യം	25413	32.35	80
2	മസ്കുലാർ ഡിസ്ട്രോഫി	189	0.24	1
3	ക്രോണിക് നൂറോളജിക്കൽ ഡിസോഡർ	326	0.42	1
4	മൾട്ടിപ്പിൾ സ്കിറോസിസ്	44	0.06	0
5	കൂന്	414	0.53	1
6	ഹ്രസ്വകായത്വം	597	0.76	2
7	അന്ധത	1407	1.79	4
8	ഗുരുതരമായ കാഴ്ച്ചക്കുറവ്	6850	8.72	21
9	പഠന വൈകല്യം	1145	1.46	4
10	സംസാര ഭാഷാ വൈകല്യം	2274	2.90	7
11	ബുദ്ധിപരമായ വെല്ലുവിളി	5885	7.49	18
12	മാനസികരോഗം	10484	13.35	33
13	ഓട്ടിസം	256	0.33	1
14	കേൾവി ഇല്ലായ്മ	6574	8.37	21

15	കുഷ്ഠ രോഗ വിമുക്തം	84	0.11	0
16	ഹീമോഫീലിയ	150	0.19	0
17	താലസീമിയ	75	0.10	0
18	അരിവാൾ രോഗം	21	0.03	0
19	സെറിബ്രൽ പാൾസി	515	0.66	2
20	അപസ്മാരം	2578	3.28	8
21	ബധിരാന്ധത	68	0.09	0
22	ബഹുവൈകല്യം	13199	16.80	41
	ആകെ	**78548**	**100**	**245**

സ്രോതസ്സ് : 2015 ലെ ഭിന്നശേഷി സർവ്വേ (സാമൂഹ്യ നീതി വകുപ്പ്)

ജില്ലയിൽ 78548 പേർ ഭിന്നശേഷി വിഭാഗത്തിലാണെന്ന് കണ്ടെത്തി. ഇത് മൊത്തം ജനസംഖ്യയുടെ 2.55 ശതമാനമാണ്. ഇതിൽ 10484 പേർ മാനസിക രോഗമുള്ളവരും, 5885 പേർ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരും, 31870 പേർ ജന്മനാൽ തന്നെ അംഗപരിമിതി ഉള്ളവരും 6833 പേർ പുർണ്ണമായും ശയ്യാവലംബരുമാണ്.

ജില്ലയിലെ ബഡ്സ് സ്ക്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ വിശദാംശങ്ങൾ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും ഉള്ള സ്ഥാപനങ്ങളാണ് ബഡ്സ് സ്ക്കൂളുകൾ.

പട്ടിക 4.4.63

ജില്ലയിലെ ബഡ്സ് സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്ത്	സ്ഥാപനം	കുട്ടികളുടെ എണ്ണം
പെരുമണ്ണ	ബഡ്സ് സ്ക്കൂൾ	33
ഏറാമല	ബഡ്സ് സ്ക്കൂൾ	35
ഒഞ്ചിയം	ബഡ്സ് സ്ക്കൂൾ	37
വില്യാപ്പള്ളി	ബഡ്സ് സ്ക്കൂൾ	36
മാവൂർ	ബഡ്സ് സ്ക്കൂൾ	50
ഫറോക്ക്	ബഡ്സ് സ്ക്കൂൾ	55
ചേളന്നൂർ	ബഡ്സ് സ്ക്കൂൾ	55
പേരാമ്പ്ര	ബഡ്സ് സ്ക്കൂൾ	55
ബാലുശ്ശേരി	ബി.ആർ.സി	24
തിരുവള്ളൂർ	ബി.ആർ.സി	27
നരിപ്പാലം	ബി.ആർ.സി	25

വേളം	ബി.ആർ.സി	36
തൂണേരി	ബി.ആർ.സി	25
ചക്കിട്ടപ്പാറ	ബി.ആർ.സി	25
ചോറോട്	ബഡ്സ് സ്ക്കൂൾ	32
രാമനാട്ടുകര	ബഡ്സ് സ്ക്കൂൾ	64
കുരുവട്ടൂർ	ബഡ്സ് സ്ക്കൂൾ	30
കാവിലുംപാറ	ബഡ്സ് സ്ക്കൂൾ	51
അഴിയൂർ	ബി.ആർ.സി	26
ആഴഞ്ചേരി	ബി.ആർ.സി	20
ഉണ്ണിക്കുളം	ബി.ആർ.സി	28
ചങ്ങരോത്ത്	ബി.ആർ.സി	24
	ആകെ	**783**

സ്രോതസ്സ് : 2017 കുടുംബശ്രീ റിക്കാർഡ്

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ബഡ്സ് സ്ക്കൂളുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകളുടെ വിവരമാണ് പട്ടിക 4.4.63 ൽ ഉൾപ്പെടുത്തിയത്. എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ല എന്ന് കാണാം. കൂടാതെ ബഡ്സ് സ്ക്കൂളുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണത്തിന് ബി.ആർ.സിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. ആകെ അംഗപരിമിതരിൽ 6833 പേർ പൂർണ്ണമായും ശയ്യാവലംബരാണ്.
2. സഹായ ഉപകരണങ്ങൾ ഇതുവരെയായി ലഭിച്ചിട്ടുള്ളത് 11520 പേർക്ക് മാത്രമാണ്.
3. ബുദ്ധിപരമായ വൈല്ലുവിളികൾ, സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവൈകല്യം എന്നിവയുള്ള 19855 പേരിൽ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള രക്ഷാകർതൃത്വ സർട്ടിഫിക്കറ്റ് 18904 പേർക്ക് ലഭിച്ചിട്ടില്ല.
4. ആകെ അംഗപരിമിതരിൽ അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളവർ 33576 പേർ മാത്രമാണ് (42.75%).
5. ഭിന്നശേഷിക്കാരായ ആളുകളുടെ മോശമായ സാമ്പത്തിക അവസ്ഥ.
6. ഭാരിച്ച ചികിത്സ ചെലവ്, ആധുനിക സൗകര്യങ്ങളോട് കൂടിയ ചികിത്സ കേന്ദ്രങ്ങളുടെ അഭാവം.

നിലവിലുള്ള പദ്ധതികൾ

1. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ്.
2. വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം.
3. വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.
4. വികലാംഗരുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം.
5. വികലാംഗരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി - വിദ്യാജ്യോതി.
6. ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി - വിദ്യാ കിരണം.

7. ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ പദ്ധതി.

8. ഓപ്പൺ സ്ക്കൂൾ/കോളേജുകൾ വിദൂര വിദ്യാഭ്യാസം എന്നീ സംവിധാനങ്ങളിലൂടെ ഡിഗ്രി തലങ്ങളിലും അതിന് മുകളിലും പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്ന പദ്ധതി.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കിടപ്പിലായ ഭിന്നശേഷിക്കാർക്ക് സാന്ത്വന ചികിത്സ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് പ്രത്യേക പദ്ധതികൾ അനുവദിക്കൽ.

2. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും അവരുടെ സഹായിക്കും സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തുക.

3. അംഗപരിമിത മെഡിക്കൽ സർട്ടിഫിക്കറ്റ്, രക്ഷാകർതൃത്വ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഭിന്നശേഷിക്കാർക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്തുകളിലും മറ്റ് പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുക. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണ നിയമം സംബന്ധിച്ച് വിപുലമായ ബോധവൽക്കരണ പദ്ധതികൾ സംഘടിപ്പിക്കുക.

2. ആധുനിക സൗകര്യത്തോടുകൂടിയ മൊബൈൽ വൈദ്യസഹായ ക്ലിനിക്കുകൾ ആരംഭിക്കുക.

3. കുടുംബ പിന്തുണ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുക.

4. സ്വയം തൊഴിൽ ചെയ്യുന്നതിനാവശ്യമായ പരിശീലനങ്ങളും പരിശീലന കിറ്റുകളും നൽകുകയും ഉൽപ്പന്ന വിപണന സൗകര്യങ്ങൾ പഞ്ചായത്ത് - ബ്ലോക്ക് തലത്തിൽ സജ്ജമാക്കുകയും ചെയ്യുക.

5. പൂർണ്ണമായും ശയ്യാവലംബരായവർക്ക് വീൽചെയർ, വാട്ടർ ബെഡ് തുടങ്ങിയവ നൽകുന്ന പദ്ധതി.

6. പഞ്ചായത്ത് തലത്തിൽ ഭിന്നശേഷിക്കാരുടെ ഡാറ്റാ ബാങ്ക് ഉണ്ടാക്കുകയും, ഏത് തരം ഭിന്നശേഷിയാണെന്നും ആവശ്യമുള്ള ഉപകരണങ്ങൾ, ചികിത്സയെക്കുറിച്ചുള്ള വിവരങ്ങളും രേഖപ്പെടുത്തി ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുക.

7. ബഡ്സ് സ്ക്കൂളുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ആരംഭിക്കുക. ബഡ്സ് സ്ക്കൂളുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുക.

8. ജില്ലയെ ഭിന്നശേഷി സൗഹൃദ ജില്ലയാക്കി മാറ്റുക.

ഭിന്നലിംഗക്കാർ

ജില്ലയിൽ ഭിന്നലിംഗക്കാരുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന 2 സംഘടനകൾ നിലവിലുണ്ട്. പുനർജ്ജനിയും മലബാർ കൾച്ചറൽ ഫോറവും. ഈ രണ്ട് സംഘടനകളിലുമായി ചേർന്ന് പ്രവർത്തിക്കുന്ന ഭിന്നലിംഗക്കാരുടെ എണ്ണം 350 ആണ്. ഇവരുടെ പ്രശ്നങ്ങളെപ്പറ്റി അടുത്തകാല ത്താണ് പഠനങ്ങൾ നടന്നിട്ടുണ്ട്. ഭിന്നലിംഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള മെഡിക്കൽ ക്യാമ്പുകൾ സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് 2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഡി.റ്റി.പി, ഫാഷൻ ഡിസൈനിങ്ങ്, ബ്യൂട്ടീഷൻ എന്നീ കോഴ്സുകളിലായി പരിശീലനം നൽകി വരുന്നുണ്ട്. 18 പേർ പരിശീലനത്തിൽ പങ്കെടുത്തു വരുന്നു. ഇവർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതു മായി ബന്ധപ്പെട്ട് സാക്ഷരതാമിഷൻ സർവ്വേ നടത്തിയിട്ടുണ്ട്.

ഭിന്നലിംഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ

1. സ്വന്തം വീട്ടുകാരും ബന്ധുക്കളും ശ്രദ്ധിക്കാത്ത അവസ്ഥ. വീടുകളിൽ നിന്നും പുറത്താക്കപ്പെടുന്ന സാഹചര്യം.
2. താമസിക്കാൻ വലിയ വാടക കൊടുത്ത് മുറിയെടുക്കേണ്ട അവസ്ഥ-ചൂഷണത്തിന് വിധേയമാകുന്നു.
3. പഠിക്കാൻ ആഗ്രഹമുണ്ടായിട്ടും സാമ്പത്തിക ബുദ്ധിമുട്ട് കാരണം പഠിക്കാൻ കഴിയാത്ത അവസ്ഥ.
4. ഭക്ഷണത്തിനും താമസത്തിനും വലിയ തുക ആവശ്യമായി വരുന്നതിനാൽ ലൈംഗിക തൊഴിലിലൂടെയും മറ്റും പണം സമ്പാദിക്കേ ണ്ടിവരുന്ന അവസ്ഥ.
5. ലിംഗമാറ്റ ശസ്ത്രക്രിയ പോലെയുള്ള ചികിൽസയുടെ ഭാരിച്ച ചിലവ്.
6. 58% റ്റി ജിക്കാരും പത്താംതരം പൂർത്തി യാക്കുന്നതിനു മുമ്പ് കൊഴിഞ്ഞ് പോകുന്നു.
7. ഭിന്നലിംഗക്കാർക്ക് ജോലി നിഷേധിക്ക പ്പെടുന്ന അവസ്ഥ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭിന്നലിംഗക്കാർക്ക് അവരുടെ അഭിരുചിക്കനു സരിച്ചുള്ള കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. കോഴ്സിന് വരുന്നവർക്ക് ഭക്ഷണം യാത്രാ ചിലവ് സ്റ്റൈപ്പന്റ് എന്നിവ നൽകുക.
3. തുടർവിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സമൂഹത്തിനും റ്റി ജിക്കാരുടെ കുടുംബാംഗ ങ്ങൾക്കും ബോധവൽക്കരണവും റ്റി ജി ക്കാർക്ക് കൗൺസിലിംഗ് ക്ലാസ്സുകളും ക്ലേശകരമായ ജീവിതസാഹചര്യങ്ങൾ തരണം ചെയ്യുന്നതിനുള്ള ജീവിത നൈപുണ്യ ക്ലാസ്സുകളും സംഘടിപ്പിക്കുക.
2. കലാകായിക രംഗത്ത് പരിശീലനം നൽകുകയും, കായിക ക്ലബുകൾ, തിയേറ്റർ ഗ്രൂപ്പുകൾ, ഫിലിംസൊസൈറ്റി എന്നിവ രൂപീകരിക്കുകയും ചെയ്യുക.
3. താമസിക്കുന്നതിനാവശ്യമായ സൗജന്യ ഷെൽട്ടറുകൾ സ്ഥാപിക്കുക.
4. സ്വന്തം കുടുംബത്തിലേയ്ക്ക് തന്നെ തിരിച്ച് പോകുന്നതിന് അവരെ പ്രാപ്തമാക്കാനും, കുടുംബത്തെക്കൊണ്ട് അവരെ സ്വീകരി യ്ക്കാനും കഴിയും വിധം ഭിന്നലിംഗ ക്കാർക്കും അവരുടെ കുടുംബക്കാർക്കും തുടർച്ചയായി കൗൺസിലിംഗ് സംഘടി പ്പിക്കുക.

5. പരിശീലനം കഴിഞ്ഞ് വരുന്നവർക്ക് തൊഴിൽ ചെയ്യുവാനുള്ള അവസരങ്ങൾ ഉണ്ടാക്കുക.

HIV ബാധിതർ

കോഴിക്കോട് ജില്ലാ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കണക്കു പ്രകാരം എച്ച് ഐ വി ബാധിതരായി 828 പുരുഷൻമാരും, 516 സ്ത്രീകളും, 1 ട്രാൻസ്ജെന്ററുമുണ്ട്. ഇതിൽ 13 ആൺകുട്ടികളും 22 പെൺകുട്ടികളും ഉൾപ്പെടുന്നു. ജില്ലയിൽ എച്ച് ഐ വി ബാധിതരുടെ എണ്ണം 2500 ഓളം ഉണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. ജില്ലയിലെ എച്ച് ഐ വി ബാധിതർക്കുവേണ്ടിയുള്ള സംഘടനയായ Kozhikode Network of People Living with HIV AIDS (KNP) യിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം ആകെ 1380 ആണ്.

പ്രശ്നങ്ങൾ

1. സാമൂഹ്യമായ അകറ്റി നിർത്തൽ.
2. സ്വയം തൊഴിൽ ചെയ്ത് ഉപജീവനം കണ്ടെത്താനാവാത്ത സാഹചര്യം.
3. വിവിധ രോഗങ്ങൾ പിടിപ്പെടുന്ന അവസ്ഥ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. PLHIV (Person Living with HIV) വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ പരിപാടികൾക്ക് രൂപം നൽകുക.
2. PLHIV വിഭാഗത്തിൽപ്പെട്ട ആളുകൾക്കായി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുകയും അവിടങ്ങളിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. മതിയായ ആധുനിക സൗകര്യത്തോടുകൂടിയ പുനരധിവാസ കേന്ദ്രം ആരംഭിക്കുക.
2. സൗജന്യ ചികിത്സാ സഹായവും യാത്രാ സൗകര്യങ്ങളും (ആംബുലൻസ് സർവ്വീസ് അടക്കം) ഒരുക്കുക.
3. കൗൺസിലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കൽ.
4. പോഷകാഹാരം നൽകൽ.
5. മരുന്ന് ലഭ്യമാക്കൽ.
6. സൗജന്യ നിയമസഹായം ലഭ്യമാക്കുന്നതിനുള്ള പരിപാടി ആവിഷ്കരിക്കുക.

അദ്ധ്യായം 5

നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അവസ്ഥയും വിശകലനവും

നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അവസ്ഥയും വിശകലനവും

ഒൻപതാം പഞ്ചവത്സര പദ്ധതി മുതലാണ് കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണം നടപ്പിലാക്കിയത്. സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനത്തിന്റെ സിംഹഭാഗം ഫണ്ടും സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെയും, കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെയും ആണ് ലഭിക്കുന്നത്. കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന ഫണ്ടുകളുടെ വിനിയോഗം ഫലവത്താകണമെങ്കിൽ ഇത്തരത്തിലുള്ള പദ്ധതികളെ സംബന്ധിച്ച് സൂഷ്മമായ അവലോകനം നടത്തേണ്ടത് അനിവാര്യമാണ്. കേന്ദ്രീകൃതമായി തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നു കൂടാനും ദുർവ്യയം ഉണ്ടാകാനും സാധ്യതകൾ ഏറെയാണ്. ഇതിന് പരിഹാരമായി കേന്ദ്ര, സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിൽ ആവശ്യമായ ഗുണപരമായ മാറ്റങ്ങൾ കാലോചിതമായി ഉണ്ടാവേണ്ടത് അനിവാര്യമാണ്.

ജനകീയാസൂത്രണം സംസ്ഥാനത്ത് നടപ്പിലാക്കിയതിൽ പിന്നെ സംസ്ഥാന വിഹിതമായി വിവിധ വകുപ്പുകൾക്ക് നേരിട്ട് ലഭിക്കുന്ന ഫണ്ടുകളിൽ കുറവ് വന്നിട്ടുണ്ട്. ഇതുപോലെ തന്നെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്ക് ശേഷം കേന്ദ്രസർക്കാർ ദേശീയ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കിയതിനെ തുടർന്നും നീതി ആയോഗ് സംവിധാനം ആരംഭിച്ചതിനെ തുടർന്നും സംസ്ഥാനത്തിനുള്ള കേന്ദ്രപദ്ധതിയിനത്തിലുള്ള ഫണ്ട് വിഹിതം കുറഞ്ഞു. ഈ സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു. അതു പോലെ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം, നിർവ്വചിച്ച പ്രകാരം കൈവരിക്കുന്നുണ്ടോ യെന്നും ഈ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്നും കൂടുതൽ സ്വീകാര്യമായ രീതിയിൽ നടപ്പിലാക്കാനുള്ള മാർഗ്ഗങ്ങൾ, നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും പരിശോധിക്കുന്നത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പ്രയോജനകരമാകും.

ഈ അദ്ധ്യായത്തിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ഇടപെടുന്ന ജില്ലയിലെ വിവിധ വകുപ്പുകളിലെ കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അവസ്ഥയും വിശകലനവുമാണ് പ്രതിപാദിക്കുന്നത്.

1. കൃഷി വകുപ്പ്

കൃഷി വകുപ്പ് വഴി 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ കാർഷിക പദ്ധതികളുടെ പേരുവിവരങ്ങളും അവയുടെ ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങളും താഴെ കൊടുക്കുന്നു.

I. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പട്ടിക 5.1

കൃഷി വകുപ്പ് വഴി 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	ഭൗതിക ലക്ഷ്യം	സാമ്പത്തിക ലക്ഷ്യം
1	നെൽകൃഷി വികസന പദ്ധതി		
	സുസ്ഥിര നെൽകൃഷി	2000 ഹെ	30 ലക്ഷം
	പാടശേഖര സമിതികൾക്കുള്ള പ്രവർത്തന ധനസഹായം		6.48 ലക്ഷം
	കരനെൽകൃഷിക്ക് ധനസഹായം	485 ഹെ	61.20 ലക്ഷം
	തരിശു നില കൃഷിയും ഒരുപ്പൂ നിലം ഇരുപ്പൂനിലമാക്കലും	206 ഹെ	20.6 ലക്ഷം
	കരനെൽകൃഷി സമിതി രജിസ്ട്രേഷന് സഹായം	6 സമിതി	1.5 ലക്ഷം
	തരിശുനില കൃഷി (ആദ്യ വർഷം)	390 ഹെ	117 ലക്ഷം
	തരിശുനില കൃഷി (രണ്ടാം വർഷം)	398 ഹെ	27.86 ലക്ഷം
	നഗര പ്രദേശങ്ങളിലെ നെൽകൃഷിക്ക് പ്രോജക്ടധിഷ്ഠിത ധനസഹായം	13 എണ്ണം	8 ലക്ഷം
	നെൽവർഷ പ്രോജക്ടുകൾ - നെൽകൃഷി - നൂതന പ്രോജക്ടുകൾക്ക് ധനസഹായം	8 എണ്ണം	32 ലക്ഷം
	പ്രവർത്തനഫണ്ട്		3ലക്ഷം
	ബ്ലോക്ക് തല സംയോജനം		50 ലക്ഷം
	നഗരപ്രദേശങ്ങളിൽ നെല്ല് കുത്ത് മില്ല് -മിനി റൈസ് മിൽ	3	15 ലക്ഷം
	ആകെ		**114.80250 ലക്ഷം**
2	ജൈവ വൈവിധ്യ സംരക്ഷണവും വിവിധ നാടൻ നെല്ലിനങ്ങളുടെ ജനിതക സംരക്ഷണവും	45 ഹെ	4.5 ലക്ഷം
3	**നാളികേര വികസന പദ്ധതി - കേരഗ്രാമം**		
	സംയോജിത വളപ്രയോഗം, രോഗം ബാധിച്ച തെങ്ങു വെട്ടിമാറ്റൽ	1250 ഹെ	312.5 ലക്ഷം

	ജലസേചന യൂണിറ്റ്	105 എണ്ണം	26.25 ലക്ഷം
	തെങ്ങുകയറ്റ യന്ത്രം	300 എണ്ണം	6 ലക്ഷം
	ജൈവ വള യൂണിറ്റ് (കമ്പോസ്റ്റ്)	40 എണ്ണം	4 ലക്ഷം
	തെങ്ങിൻ തൈ നഴ്സറി	5 എണ്ണം	25 ലക്ഷം
	പഞ്ചായത്ത് തല കേരസമിതിക്ക് പ്രവർത്തന ധനസഹായം	5 എണ്ണം	25ലക്ഷം
	കേരഗ്രാമം പ്രവർത്തന ഫണ്ട്	5 എണ്ണം	0.5 ലക്ഷം
4	കുറിയ ഇനം/അത്യുൽപ്പാദനശേഷിയുള്ള തെങ്ങുകളുടെ പ്രദർശനത്തോട്ടം (പ്രൈമറി)	63 എണ്ണം	29.6604 ലക്ഷം
	പ്രദർശനത്തോട്ടം (സെക്കന്ററി)	15 എണ്ണം	5.8245 ലക്ഷം
5	ഡിപ്പാർട്ട്മെന്റ് ഫാമുകളിൽ കുറിയ ഇനം/ അത്യുൽപ്പാദനശേഷിയുള്ള തെങ്ങുകളുടെ പ്രദർശനത്തോട്ടം		
	പ്രൈമറി പ്ലോട്ട്	5 എണ്ണം	4.15ലക്ഷം
	സെക്കന്ററി പ്ലോട്ട്	5 എണ്ണം	3.9 ലക്ഷം
6	തെങ്ങുകൃഷി - രോഗകീടബാധ തടയാനുള്ള കാമ്പയിൻ (പ്രോജക്ട് അടിസ്ഥാനത്തിൽ) കാവിലുംപാറ പഞ്ചായത്ത്		2.35 ലക്ഷം
7	കുറിയ ഇനം തെങ്ങിൻ തൈകളുടെ വില		1.26 ലക്ഷം
8	ഇന്ധനം, യാത്രാപ്പടി		2.4 ലക്ഷം
	ആകെ		**426.2949 ലക്ഷം**
9	**ഫാമുകളിലെ പദ്ധതികൾ**		
	വിവിധ വിടവു നികത്താനുള്ള ഘടകങ്ങൾ (4 ഫാമുകൾക്ക് കൂടി)		3.15 ലക്ഷം
	വേരുപിടിപ്പിച്ച കുരുമുളകു വള്ളികളുടെ ഉൽപാദനം	7 ലക്ഷം	21 ലക്ഷം

	4 ഫാമുകളിൽ തേനീച്ച വളർത്തൽ, മത്സ്യകൃഷി, കോഴിവളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ, മണ്ണിര കമ്പോസ്റ്റ്, ചകിരിച്ചോർ കമ്പോസ്റ്റ് യൂണിറ്റുകൾ ആരംഭിക്കൽ		3.5 ലക്ഷം
	ഫാമുകളിൽ മാതൃവൃക്ഷത്തോട്ടങ്ങൾ - നിലവിലുളളവ പരിപാലനവും പുതിയവ സ്ഥാപിക്കലും		6.55 ലക്ഷം
	കൂത്താളി ഫാം, വിദേശ ഇനം ഫലവൃക്ഷങ്ങളുടെ മാതൃവൃക്ഷത്തോട്ടം സ്ഥാപിക്കൽ		10 ലക്ഷം
	ആകെ		**48.4 ലക്ഷം.**
10	കേര സമൃദ്ധി - വിത്തുതേങ്ങ സംഭരണം	328805 നാളീകേരം	70.6025 ലക്ഷം
11	നാളീകേര വികസന ബോർഡ് പദ്ധതി		
	1) തെങ്ങിന് സംയോജിത വളപ്രയോഗം (പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗം കർഷകർക്ക്)	150 ഹെക്ടർ	26.25ലക്ഷം
12	സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ പദ്ധതികൾ - വിസ്തൃതി വ്യാപനം - വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ടിഷ്യൂ കൾച്ചർ വാഴകൃഷി, അതിസാന്ദ്രതാ കൃഷി, അലങ്കാര പുഷ്പ കൃഷി സുഗന്ധ വ്യഞ്ജന കൃഷി വ്യാപനം, ഹരിത വന കൃഷി, പോളി ഹൗസുകൾ, ജല സംഭരണികൾ കാർഷിക യന്ത്രങ്ങൾക്ക് ധനസഹായം, കൂൾ ചേമ്പറുകൾ, കണിക ജലസേചന പദ്ധതി, കശുമാവ്, കൊക്കോ കൃഷി വ്യാപനം, ഇക്കോ ഷോപ്പുകൾ, പാക്ക്ഹൗസുകൾ, ഔഷധ സസ്യകൃഷി, തിരിനന, മുതലായവ		209.798 ലക്ഷം
13	വിള ആരോഗ്യ പരിപാലന പദ്ധതി - പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, എലി നശീകരണ കാമ്പയിനുകൾ, കീടനിരീക്ഷണ യൂണിറ്റുകൾക്ക് സഹായം, പരിശീലന പരിപാടികൾ, എതിർ പ്രാണികളെ ഉൽപാദിപ്പിക്കുന്ന കേന്ദ്രം തുടങ്ങൽ മുതലായവ		94.722 ലക്ഷം

14	പച്ചക്കറി വികസന പദ്ധതി - ഗ്രോബാഗ് വിതരണം, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷിക്ക് ധനസഹായം, പച്ചക്കറി കൃഷി വിപുലീകരണം ക്ലസ്റ്റർ മുഖേന, എ ഗ്രേഡ് ക്ലസ്റ്റർ രൂപീകരണം, ക്ലസ്റ്ററുകൾക്ക് റിവോൾവിംഗ് ഫണ്ട്, പച്ചക്കറി നഴ്സറി, വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോൽസാഹനം, മഴ മറ കൃഷി പ്രോൽസാഹനം, മൈക്കോ ഇറിഗേഷൻ, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം, സൂക്ഷ്മ മൂലകങ്ങളുടെ പരീക്ഷണം മുതലായവ		445.55 ലക്ഷം
15	കാർഷിക വിജ്ഞാന വ്യാപന ശാക്തീകരണ പദ്ധതി - ആത്മ - ഫാം സ്കൂളുകൾ, കിസ്സാൻ മേളകൾ, ഗവേഷണ വിജ്ഞാന വ്യാപന അഭിമുഖം, പ്രദർശനത്തോട്ടങ്ങൾ, പരിശീലനങ്ങൾ കർഷക പഠന സന്ദർശന യാത്രകൾ, കർഷക ഗ്രൂപ്പുകളുടെ ശാക്തീകരണം, കലാജാഥകൾ, മുതലായവ.		225.044 ലക്ഷം
16	പഞ്ചായത്ത് റിസോർസ് ഗ്രൂപ്പ് പഞ്ചായത്ത് ഫാം പ്ലാൻ സോഷ്യൽ മീഡിയ ഇന്റർഗ്രേഷന് സംയോജിത പുരയിടകൃഷി മാതൃക തോട്ടങ്ങൾ		
17	ജൈവകൃഷി പ്രോത്സാഹനം, ജൈവകൃഷി ക്ലസ്റ്റളുകൾ, ഇക്കോഷോപ്പുകൾ, പാക്കിംഗ്, ലേബലിംഗ് & ഡയറക്ട് മാർക്കറ്റിംഗ് യൂണിറ്റുകൾ, ജൈവകൃഷി അവാർഡുകൾ		59.42 ലക്ഷം
18	**പയർവർഗ്ഗങ്ങളുടെയും കിഴങ്ങുവിളകളുടെയും വികസനം**		
	സീഡ് വില്ലേജ് പ്രോഗ്രാം	1 എണ്ണം	5 ലക്ഷം
	മൂന്നാം വിളയ്ക്ക് പയറുകൃഷി	40 ഹെക്ടർ	4 ലക്ഷം
19	**സുഗന്ധവിളകൃഷി വികസനം**		
	കുരുമുളക് കൃഷി വ്യാപനം	100 ഹെക്ടർ	20 ലക്ഷം
	കുരുമുളക് നഴ്സറി	3 എണ്ണം	0.9 ലക്ഷം
	കുരുമുളക് കൃഷി പുനരുദ്ധാരണം	75 ഹെക്ടർ	5.625 ലക്ഷം
	ഇഞ്ചി/മഞ്ഞൾ കൃഷി വ്യാപനം	30 ഹെക്ടർ	3.75 ലക്ഷം
	ജാതി/ഗ്രാമ്പു കൃഷി വ്യാപനം	20 ഹെക്ടർ	4 ലക്ഷം

20	മണ്ണിന്റെ ആരോഗ്യപരിപാലന പദ്ധതി		32.55 ലക്ഷം
	കുമ്മായവസ്തു വിതരണം		
	മണ്ണുപരിശോധനാ കാമ്പയിനുകൾ	24 എണ്ണം	0.78 ലക്ഷം
	ദ്വീതിയ സൂക്ഷ്മമൂലകങ്ങളുടെ വിതരണം	360 ഹെക്ടർ	18 ലക്ഷം

കർഷക പെൻഷൻ

കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെയും കർഷക ക്ഷേമം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി 10 സെന്റ് മുതൽ 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ള, കൃഷി മുഖ്യ ഉപജീവനമാക്കിയ കർഷകരെ ചെറുകിട നാമമാത്ര കർഷകരായി പരിഗണിക്കുകയും, 60 വയസ്സ് പൂർത്തിയായ ടി ആളുകൾക്ക് 01-06-2016 മുതൽ പ്രതിമാസം 1000/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുകയും ചെയ്തു വരുന്നു.

വിള ഇൻഷൂറൻസ് പദ്ധതി 2017-18

സംസ്ഥാന വിള ഇൻഷൂറൻസ് പദ്ധതിയിൽ തെങ്ങ്, നെല്ല്, വാഴ, കവുങ്ങ്, പച്ചക്കറികൾ തുടങ്ങിയ 25 ഓളം വിളകൾ ഇൻഷൂർ ചെയ്യാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നീ പ്രകൃതി ക്ഷോഭം കൊണ്ട് ഉണ്ടാവുന്ന നാശനഷ്ടങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.

പ്രകൃതിക്ഷോഭം

2017-18 വർഷത്തിൽ ജില്ലാ കലക്ടർ 148.87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം 7/2013 മുതൽ 10/2013 വരെയുള്ള കാലയളവിൽ 2595 കർഷകർക്കായി 80.8 ലക്ഷം രൂപ നൽകി. ബാക്കി തുക മാനദണ്ഡമനുസരിച്ച് പരിശോധിച്ച് നൽകാനുള്ള നടപടി സ്വീകരിച്ച് കൊണ്ടിരിക്കുന്നു. ആനുകൂല്യം പൂർണ്ണമായും നൽകുന്നതിന് 1.4.15 മുതൽ നാളിതുവരെയായി 298.66 ലക്ഷം രൂപ കൃഷി ഡയറക്ടറിൽ നിന്നും സംസ്ഥാന വിഹിതമായി ലഭിക്കേണ്ടതായിട്ടുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അവലോകനം

നെൽകൃഷി

നെൽകൃഷിയുടെ സമഗ്രവികസനത്തിനാവശ്യമായ ഘടകങ്ങളെല്ലാം നെൽകൃഷി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ട്. കൃഷിച്ചെലവുകൾ, കരനെൽ കൃഷിക്ക് ധനസഹായം, തരിശുനിലങ്ങളിലെ കൃഷിക്ക് ധനസഹായം പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൃഷി, പാടശേഖരസമിതികൾക്കുള്ള സഹായം എന്നിവ വളരെ ഫലപ്രദമായ പദ്ധതികളാണ്. നിലവിൽ 25 ഹെക്ടർ മാത്രമേ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷിയാക്കി മാറ്റുവാൻ സാധിച്ചിട്ടുള്ളൂ. പൂർണ്ണമായും ചെയ്യണമെങ്കിൽ അടിസ്ഥാന സൗകര്യ വികസനം പാടശേഖരങ്ങളിൽ ചെയ്ത് കഴിയണം. രണ്ടോ അതിലധികമോ പഞ്ചായത്തുകൾ ചേർന്ന് സംസ്കരണയൂണിറ്റുകൾ, സംഭരണശാലകൾ, പൊതുഞാറ്റടി എന്നിവ ചെയ്യുന്നതിനുള്ളതാണ് ബ്ലോക്ക് തല സംയോജനത്തിനുള്ള ഫണ്ട്. എന്നാൽ ഏറ്റെടുക്കാൻ തയ്യാറായവർ കുറവായതിനാൽ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

ഇവയ്ക്ക് പൂരകമായി കൂലിച്ചെലവ് സബ്സിഡി, പ്രാദേശിക പദ്ധതി വഴിയും ഉൽപാദന ബോണസ് സംസ്ഥാന പദ്ധതി വഴിയും ലഭിക്കുന്നത് ആശ്വാസകരമാണ്. വിള ഇൻഷൂറൻസ് പദ്ധതിയിൽ നെൽകൃഷിക്ക് പ്രത്യേക പരിഗണന നൽകി. രോഗകീട ബാധയെത്തുടർന്നുള്ള കൃഷിനാശത്തിനും ഇൻഷൂറൻസ് കവറേജ് നൽകുന്നുണ്ട്.

പരമ്പരാഗത വിത്തുകളുടെ സംരക്ഷണത്തിനും പുതിയ വിത്തുകളുടെ വ്യാപനത്തിനും പദ്ധതികളുണ്ട്.

കേരഗ്രാമം പദ്ധതി

തെങ്ങുകൃഷിക്കായി 2014-15 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരഗ്രാമം. ആദ്യം 500 ഹെക്ടർ വീതമുള്ള കേരഗ്രാമം പിന്നീട് 250 ഹെക്ടറായി കുറച്ചു കൊണ്ടാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. എന്നിരിക്കിലും ഇത്തരത്തിൽ അതിവിശാലമായ ഒരു പ്രദേശം തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നത് കൊണ്ട് പ്രായോഗികമായി ബുദ്ധിമുട്ടുകൾ പലതുണ്ട്.

ജില്ലയിൽ 5 കേരഗ്രാമങ്ങളിലായി ആകെ 1250 ഹെക്ടർ സ്ഥലത്തുമാത്രമാണ് ഈ വർഷം പദ്ധതിയുള്ളത്. ഇപ്രകാരം തെരഞ്ഞെടുത്ത 5 പ്രദേശത്തെ കർഷകർക്കു മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. വലിയതോതിലുള്ള സാമ്പത്തിക സഹായം കുറച്ചു പ്രദേശങ്ങളിലേക്ക് ഒതുങ്ങുകയും തെരഞ്ഞെടുത്ത പ്രദേശത്ത് ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്താൻ ബുദ്ധിമുട്ടുകയും ചെയ്യുന്ന അവസ്ഥയുണ്ട്. ഇതിന് പരിഹാരമായി മുൻപ് നടപ്പിലാക്കിയിരുന്ന മാതൃകയിൽ 25 ഹെക്ടർ വീതമുള്ള കേരശ്രീ ക്ലസ്റ്ററുകൾ ജില്ലയുടെ എല്ലാ ഭാഗത്തുമായി നടപ്പിലാക്കുന്നതുവഴി ഫണ്ടിന്റെ കേന്ദ്രീകരണം ഒഴിവാക്കുവാൻ സാധിക്കും. ഇത് കൂടുതൽ കർഷകർക്ക് ഗുണകരമാവുകയും ചെയ്തു.

എല്ലാ പഞ്ചായത്തുകളിലും മുമ്പ് രൂപീകരിക്കപ്പെട്ട കർഷകരുടെ ചെറുഗ്രൂപ്പുകൾ (കേരശ്രീ ക്ലസ്റ്ററുകൾ) അടിസ്ഥാന യൂണിറ്റുകളായി പരിഗണിച്ച് കൊണ്ട് ഇടവിള കൃഷി പ്രോത്സാഹനം, മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കൽ, രോഗം ബാധിച്ച് തെങ്ങുകൾ വെട്ടിമാറ്റൽ, ആഴ്ച ചന്തകൾ നടത്തൽ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും വിപണനവും തുടങ്ങി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് വികസനം സാധ്യമാക്കാവുന്നതാണ്. ഇതിനായി ക്ലസ്റ്റർ കമ്മിറ്റികളെ പുനസംഘടിപ്പിക്കുകയും സജീവമായി നിലനിർത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. എല്ലാ പഞ്ചായത്തിലും പച്ചക്കറി വികസന പദ്ധതിയിൽ പുതുതായി ആരംഭിച്ച പല ഘടകങ്ങളും പ്രായോഗികതലത്തിൽ വിജയിക്കുന്നുണ്ടോ എന്ന പഠനങ്ങൾ നടത്തിയതിനുശേഷം വേണം അവ ഇനിയങ്ങോട്ടുള്ള വർഷങ്ങളിലും തുടരുന്നത് തീരുമാനിക്കാൻ. ഉദാഹരണമായി സീറോ എനർജി കൂൾ ചേമ്പർ പോലുള്ള പദ്ധതികൾ അന്തരീക്ഷ ആർദ്രത കൂടുതലുള്ള കേരളത്തിൽ വേണ്ടത്ര ഗുണഫലം നൽകുന്നുണ്ടോ എന്നും മറ്റും വിലയിരുത്തിവേണം പദ്ധതി വ്യാപിപ്പിക്കേണ്ടത്. ഹൈടെക് പോളീ ഹൗസുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുമ്പോൾ അവയിൽ നിന്നുമുള്ള ഉൽപന്നങ്ങൾ വിപണനം ചെയ്യാനുള്ള സംവിധാനം കൂടി ആവശ്യമായി വരുന്നുണ്ട്. ഈ വർഷം നടപ്പിലാക്കുന്ന ആഴ്ച ചന്തകൾ ഇതിന് പരിഹാരമാകുന്നതാണ്.

പുതിയ ടെക്നോളജികൾ പരീക്ഷിച്ചു നോക്കാനുള്ള പ്രദർശനത്തോട്ടങ്ങൾ, മാതൃകാ ത്തോട്ടങ്ങൾ ഇവയെല്ലാം ഫലവത്തായവയാണ്. സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള ഡമോൺസ്ട്രഷനുകൾ ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ വളരെ പ്രയോജനകരമാണ്.

II. കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്ര പദ്ധതികളിൽ ബയോഗ്യാസ് പദ്ധതിക്കും മറ്റും നിലവിലുള്ള സബ്സിഡി നിരക്കുകൾ താരതമ്യേന കുറവാണ്. മൊത്തം ചെലവിന് ആനുപാതികമായി ധനസഹായം വർദ്ധിപ്പിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. എസ്.എം.എ.എം പദ്ധതിയിൽ ഫാം മെക്കനൈസേഷൻ നൽകി വരുന്ന പ്രോത്സാഹനം വളരെ ഗുണകരമാണ്. ഇത് കർഷകരുടെ ആവശ്യകതക്കനുസരിച്ച് ഫണ്ട് വിഹിതം ലഭ്യമാക്കണം.

2. ജലസേചന വകുപ്പ്

കേന്ദ്ര, സംസ്ഥാന ജലസേചന വകുപ്പിന്റെ കീഴിലെ പദ്ധതികളുടെ അവലോകനം

പട്ടിക 5.2

ജലസേചന വകുപ്പ് 2017-18 ൽ നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	പ്രവൃത്തികളുടെ എണ്ണം	തുക (ലക്ഷത്തിൽ)	തീരപ്രദേശം	ഇടനാട്	മലനാട്
1	ലിഫ്റ്റ് ഇറിഗേഷൻ	1	200		1	
2	വി.സി.ബി	7	749	1	7	

പെരുവയൽ പഞ്ചായത്തിലെ കായലം എൽ.ഐ സ്കീം പദ്ധതിക്ക് 150 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി 200 ലക്ഷം രൂപയും കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പൂളക്കടവിൽ പൂനൂർ പുഴയ്ക്ക് കുറുകെ വെന്റഡ് വിയർ നിർമ്മാണ പ്രവൃത്തിക്ക് 200 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 200 ലക്ഷം രൂപയും ചെലവു വരും. കായണ്ണ പഞ്ചായത്തിൽ വാർഡ് നമ്പർ പത്തിൽ കുറ്റിവയൽ തോടിലെ വി.സി.ബി ഫീൽഡ് ചാനൽ നിർമ്മാണവും അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 50 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി 60 ലക്ഷം രൂപ ചെലവു വരും.

മണിയൂർ പഞ്ചായത്തിലെ വാർഡ് നം. 7 കൈയ്യേലി തോടിനു കുറുകെ വി.സി.ബി കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്ക് 85 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ ചെലവു വരും. കീഴരിയൂർ പഞ്ചായത്തിലെ അച്ചേരി തോടിന്റെ അഭിവൃദ്ധിപ്പെടുത്തലും വി.സി.ബി നിർമ്മാണ പ്രവൃത്തിക്ക് 45 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 50 ലക്ഷം രൂപ ചെലവു വരും. കായക്കൊടി പഞ്ചായത്തിലെ മൂരിപ്പാലം കീരങ്കായി തോടിനു കുറുകെ വെന്റഡ് വിയർ നിർമ്മാണ പ്രവൃത്തിക്ക് 33 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 50 ലക്ഷം രൂപയും ചെലവു വരും.

കൂടാതെ കൊടുവളളി പഞ്ചായത്തിലെ സ്രാമ്പിക്കൽ കടവ് ചെറുപുഴയ്ക്ക് കുറുകെ വെന്റഡ് വിയർ നിർമ്മാണ പ്രവൃത്തിക്ക് 85 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി 99 ലക്ഷം രൂപയും ചെലവു വരും. മുക്കം പഞ്ചായത്തിലെ കർണാട്ടിക്കടവിലെ ഇരുവഞ്ഞിപുഴയ്ക്ക് കുറുകെ വെന്റഡ് വിയർ നിർമ്മാണ പ്രവൃത്തിയ്ക്ക് 200 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 200 ലക്ഷം രൂപയും ചെലവു പ്രതീക്ഷിക്കുന്നു.

പട്ടിക 5.3

ചെറുകിട ജലസേചന വകുപ്പിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ച പ്രവൃത്തികൾ

ക്രമ നം.	പദ്ധതിയുടെ പേര്	പ്രവൃത്തികളുടെ എണ്ണം	തുക (ലക്ഷത്തിൽ)	തീരപ്രദേശം	ഇടനാട്	മലനാട്
1	ലിഫ്റ്റ് ഇറിഗേഷൻ	3	250	1		
				1		
					1	
2	തോടിന്റെ അഭിവൃദ്ധിപ്പെടുത്തൽ	2	100	1		
				1		
3	വി.സി.ബി	2	150	1		
					1	

അവലംബം മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട്

മാവൂർ പഞ്ചായത്തിലെ റിഹാബിലിറ്റേഷൻ ഓഫ് കണ്ണിപ്പറമ്പ് എൽ.ഐ സ്കീം നിർമ്മാണ പ്രവൃത്തിക്ക് 90 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മണിയൂർ പഞ്ചായത്തിലെ ചെരണ്ടത്തൂർചിറ എൽ.ഐ സ്കീം നിർമ്മാണ പ്രവൃത്തിയ്ക്ക് 180 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചാത്തമംഗലം പഞ്ചായത്തിലെ എരഞ്ഞിപറമ്പ് എൽ.ഐ സ്കീം നിർമ്മാണ പ്രവൃത്തിക്ക് 200 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 160 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എം.എൽ.എ എ.ഡി.എഫ് (കോഴിക്കോട് കോർപ്പറേഷനിലെ മാങ്കുനിതോടിന്റെ അഭിവൃദ്ധിപ്പെടുത്തൽ - രണ്ടാം ഘട്ടം) 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കടലുണ്ടി പഞ്ചായത്തിലെ മണ്ണൂർ കടപ്പുറം തോടിനു കുറുകെ എസ്.ഡബ്ല്യു/വി.സി.ബി നിർമ്മാണ പ്രവൃത്തിക്ക് വേണ്ടി 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഉണ്ണികുളം പഞ്ചായത്തിലെ പുതിയോട്ടിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ മങ്ങാട് വി.സി.ബി യുടെയും അനുബന്ധ പ്രവൃത്തികളുടെ നവീകരണ പ്രവൃത്തിക്ക് 15 ഹെക്ടർ വിസ്തീർണ്ണത്തിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനു വേണ്ടി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. മണ്ണ് സംരക്ഷണ വകുപ്പ്

2017-18 വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ

സംസ്ഥാന ആവിഷ്കൃത പദ്ധതികളായി 7 ആർ.ഐ.ഡി.എഫ് (നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ) പദ്ധതികളും, രണ്ട് മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതികളും നിലവിൽ നടപ്പിലാക്കി വരുന്നു. ഇതിൽ ആർ.ഐ.ഡി.എഫ് പദ്ധതികൾക്കായി നടപ്പു സാമ്പത്തികവർഷം 1 കോടി 30 ലക്ഷം രൂപയും, മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതികൾക്കായി 28 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളിലേക്കായി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയിൽ (PMKSY) ഉൾപ്പെടുത്തി 5 പദ്ധതികളും, രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ (RKVY) ഉൾപ്പെടുത്തി ഒരു പദ്ധതിയും അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ അനുമതി ഒന്നും ലഭിച്ചിട്ടില്ല.

ജനകീയാസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തി ജില്ലയിൽ കിണർ റീചാർജ്ജിംഗ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതിന് അനുവദിച്ച

സബ്സിഡി പരമാവധി 6000/- രൂപ എന്നുള്ളത് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കൂടാതെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ/ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തേണ്ടതാണെന്നുള്ളതും, ആയതിന് വികസന ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്നുള്ളതും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ജനകീയാസൂത്രണ ഫണ്ട് ഉപയോഗിക്കുന്നതിന് തടസ്സം നേരിടുന്നു. മാത്രവുമല്ല മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് തൈകൾ നൽകുന്നതിന് ചെറുകിട നാമമാത്ര കർഷകർക്ക് മാത്രം തൈ വിലയുടെ 80% സബ്സിഡി (ജനറൽ), 90% (പട്ടികജാതി/ പട്ടികവർഗ്ഗം) എന്നുള്ളത് പദ്ധതി നടത്തിപ്പിലാക്കുന്നതിന് പ്രയാസം സൃഷ്ടിക്കുന്നു.

നിലവിൽ നടപ്പിലാക്കിവരുന്ന 7 ആർ.ഐ.ഡി.എഫ് പദ്ധതികളും 2 മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതികളും കർഷകർക്ക് വളരെ അധികം ഉപകാരപ്രദമായ പദ്ധതികളാണ്. നീർമറി പ്രദേശത്തെ കർഷകരുടെ മണ്ണൊലിപ്പ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഇത്തരം നീർമറി പദ്ധതികൾ സഹായിക്കുന്നുണ്ട്. എന്നാൽ പദ്ധതികളിൽ വിഭാവനം ചെയ്യുന്നതുപോലെ പദ്ധതി പ്രദേശങ്ങൾ മുഴുവനും മണ്ണ് ജല പ്രവർത്തനങ്ങൾ നടത്തുന്നതിന് പലപ്പോഴും കഴിയാറില്ല. നിലവിൽ കർഷകരുടെ കൃഷിയോടുള്ള താൽപര്യക്കുറവ് പോലെ തന്നെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളോടും താൽപര്യം കാണിക്കുന്നില്ല. ആയതിനാൽ പലപ്പോഴും അപേക്ഷകൾ ലഭിക്കുന്നതിനും, കൃഷിസ്ഥലങ്ങളിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനും സാധിക്കുന്നില്ല. ആയത് പദ്ധതിയുടെ പുരോഗതിയെ ബാധിക്കുന്നു. പലസ്ഥലങ്ങളിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ആവശ്യമായ വെട്ടുകല്ല് ലഭ്യമല്ലാത്ത സ്ഥിതിയാണ്. പ്രസ്തുത സ്ഥലങ്ങളിൽ കയ്യാല നിർമ്മിക്കുന്നതിന് പുറത്തുനിന്നും കല്ല് കൊണ്ടുവന്ന് ചെയ്യുന്നതിന് കർഷകർക്ക് വകുപ്പ് നൽകിവരുന്ന തുകയേക്കാൾ ചെലവ് വരുന്നു. കൂടാതെ പൊതുപ്രവൃത്തികളിൽ ഉൾപ്പെട്ട തോടിന്റെ പാർശ്വഭിത്തി സംരക്ഷണം, ചെക്ക്ഡാം, കുളങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് കല്ലിന്റെ ലഭ്യതക്കുറവ് പ്രയാസം സൃഷ്ടിക്കുന്നു. പല സ്ഥലങ്ങളിലും കരിങ്കൽ ക്വാറികൾ നിരോധിച്ചതും പദ്ധതിയെ ബാധിച്ചിട്ടുണ്ട്. പദ്ധതി പ്രവൃത്തികളിൽ പരിചയ സമ്പന്നരായ തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കുന്നതിനു വേണ്ടി ജനങ്ങൾക്ക് താൽപര്യം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. തെരഞ്ഞെടുത്ത് നടപ്പിലാക്കുന്ന നീർമറി പദ്ധതികളിൽ മുഴുവൻ സ്ഥലങ്ങളിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ആയതിനാൽ പഞ്ചായത്ത് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി നിലവിലുള്ള നീർമറി കമ്മിറ്റിക്കു പുറമെ പദ്ധതി പുരോഗതിക്കും, മുഴുവൻ സ്ഥലങ്ങളിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സഹായകരമാവുന്ന വിധത്തിലുള്ള തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

പട്ടിക - 5.4

2017-18 വർഷം മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന മണ്ണ് - മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	തദ്ദേശ സ്വയംഭരണ സ്ഥാപനം	മൊത്തം വിസ്തീർണ്ണം	അടങ്കൽ തുക	സംരക്ഷണം നടത്തിയ വിസ്തീർണ്ണം	ചെലവഴിച്ച തുക
1	RIDF XIX ആനയാംകുന്ന് പാറത്തോട്	കാരശ്ശേരി	350	100	332	95.28
2	ചെറുകാട്	കായണ്ണ, കോട്ടൂർ	550	60	468	47.90
3	നെല്ലിയേരി	കായണ്ണ	235	65	153	42.39
4	RIDF XXI പാവുകണ്ടിതോട്	പനങ്ങാട്, കോട്ടൂർ	525	195	313	116.67
5	വടയം	കുറ്റ്യാടി	630	149.5	310	72.75
6	കുന്നുമ്മൽ	കുന്നുമ്മൽ	500	182	58	17.82
7	RIDF XXII ഒടേരിപൊയിൽ	കാവിലുംപാറ	710	250	45	6.61
	മണ്ണിടിച്ചിൽ പ്രതിരോധ പദ്ധതി (LSS)					
1	നെല്ലിക്കുന്ന്	മരുതോങ്കര	241	40	196.13	39.10
2	വാളക്കയം	കാവിലുംപാറ	220	48	131	26.65

4. മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും തന്നെ ഇല്ല. സംസ്ഥാനാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശകലനം താഴെ കൊടുക്കുന്നു.

സംസ്ഥാന പദ്ധതികൾ

1. കന്നുകുട്ടി പരിപാലന പദ്ധതി

ഈ പദ്ധതി പ്രകാരം 4 മാസം പ്രായമുള്ള പെൺ കന്നുകുട്ടികൾക്ക് 32 മാസം വരെ അല്ലെങ്കിൽ ആദ്യ പ്രസവം വരെ അതിൽ ഏതാണോ ആദ്യം അതുവരെ കാലിത്തീറ്റ സബ്സിഡി നിരക്കിൽ

നൽകുന്നു. എന്നാൽ നിലവിലെ സ്ഥിതി പ്രകാരം തീറ്റയുടെ വില ഉയരുന്നതിന് അനുസരിച്ച് പദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് 32 മാസം അല്ലെങ്കിൽ ആദ്യ പ്രസവം വരെ തീറ്റ കൊടുക്കുവാൻ സാധിക്കാറില്ല.

ഇതിന് പരിഹാരം ചില പശുക്കൾ നേരത്തെ തന്നെ പ്രസവിക്കുന്നതിനാൽ പദ്ധതിയിൽ നിന്നും പുറത്ത് പോകുകയും, അതിന് വേണ്ടി നീക്കി വയ്ക്കുന്ന തുക ഉപയോഗിക്കപ്പെടാതെ പോകുകയും ആ തുക ലാപ്സാവുന്ന അവസ്ഥയും ഉണ്ടാവാറുണ്ട്. പ്രസ്തുത തുക പദ്ധതിയിലെ മറ്റ് പശുക്കൾക്ക് മാറ്റുന്നതിനും ഇതു കൂടാതെ ആവശ്യം വരുന്ന അധിക തുക തൻവർഷം സർക്കാരിൽ നിന്നോ അതു ലഭ്യമല്ലെങ്കിൽ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുന്നതിന് സാധിക്കുകയാണെങ്കിൽ പദ്ധതി നിലവിലുള്ളതിനേക്കാൾ വിജയകരമാക്കുവാൻ സാധിക്കും.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് കന്നുകുട്ടി രജിസ്ട്രേഷൻ അനുസരിച്ച് തുടർ പ്രക്രിയയായി നടത്തുന്നതും അവസാനം ഗ്രാമ സഭകളിൽ വച്ച് അംഗീകരിക്കുന്നതും പദ്ധതിയുടെ കൃത്യമായ നടത്തിപ്പിന് ഗുണകരമാകും.

ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് കന്നുകുട്ടി രജിസ്ട്രേഷൻ വഴി ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമായാണ് ഇപ്പോൾ നടക്കുന്നത്. നടപടിക്രമങ്ങളുടെ താമസംമൂലം പലരുടെയും കന്നുകുട്ടി പ്രായം അധികരിച്ച് പദ്ധതിയിൽ നിന്നും പുറത്തുപോകുന്ന സാഹചര്യം നിലനിൽക്കുന്നു.

ഇതു കൂടാതെ പദ്ധതിയിലെ പശുക്കളുടെ മിനറൽ മാപ്പിംഗ് നടത്തുന്നതിന് കൂടി പദ്ധതിയിൽ തുക വകയിരുത്തുകയാണെങ്കിൽ പദ്ധതിയിലെ പശുക്കളുടെ വളർച്ചയ്ക്ക് ആവശ്യമായ പരിപാലനം കർഷകർക്ക് നൽകുവാൻ സാധിക്കും.

2. സ്കൂൾ പൌൾട്രി ക്ലബ്

പദ്ധതി പ്രകാരം ഒരു തദ്ദേശ സ്വയം ഭരണ പ്രദേശത്ത് ഒരു സ്കൂൾ കണ്ടെത്തി 50-54 സ്കൂൾ കുട്ടികൾക്ക് അഞ്ച് വീതം കോഴിക്കുഞ്ഞുങ്ങളെ നൽകുന്നു. ഇതിനുള്ള പോരായ്മ ആയി കാണുന്നത് സ്കൂളിലെ താൽപര്യമുള്ള എല്ലാ കുട്ടികൾക്കും ലഭിക്കാത്തതും കൂടാതെ താൽപര്യമുള്ള എല്ലാ സ്കൂളുകൾക്കും ലഭിക്കുന്നില്ലായെന്നതുമാണ്.

പരിഹാരമായി പ്രസ്തുത പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി പങ്കാളിത്തം നൽകുന്ന രീതിയിലോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി പദ്ധതി നടപ്പിലാക്കുന്ന സാഹചര്യം സൃഷ്ടിക്കലാണ്.

3. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

പദ്ധതി പ്രകാരം ഒരാൾക്ക് മലബാറി ഇനത്തിൽപെട്ട 5 പെണ്ണാടുകളെയും 1 മുട്ടനാടിനെയും വാങ്ങുന്നതിനും സ്വന്തമായി കൂട് നിർമ്മിക്കുന്നതിനും പദ്ധതി വിഹിതം ആകെ 50000/- രൂപയും അതിൽ 25000/- രൂപ സബ്സിഡിയുമായാണ് കണക്കാക്കിയിരിക്കുന്നത്.

ആടുകളെ വാങ്ങുന്നതിനും നല്ല ഒരു ആട്ടിൻ കൂടിനും (സ്റ്റീൽ) പ്രസ്തുത തുക മതിയാകാതെ വരുന്നത് കൊണ്ട് മരം കൊണ്ടുള്ള ആട്ടിൻ കൂട് നിർമ്മിക്കുവാൻ മാത്രമെ സാധിക്കുകയുള്ളൂ. പ്രസ്തുത കൂട് ദീർഘകാലം നിലനിൽക്കുവാൻ സാദ്ധ്യതയില്ലാത്തത് കൊണ്ട് കർഷകർക്ക് കൂടിനായി വീണ്ടും ചെലവ് വരുന്ന അവസ്ഥയുണ്ട്. ഇതു പരിഹരിക്കുന്നതിനായി ഇരുമ്പു കൂട് (easy for assembly and dismantling) നിർമ്മിക്കുന്നതിനായി പദ്ധതിയിൽ കൂടുതൽ തുക വകയിരുത്തുന്നതിന് ശ്രദ്ധിക്കണം.

ഇതു കൂടാതെ പദ്ധതി ഗുണഭോക്താവിന്റെ ആടുകൾക്ക് വിപണി കണ്ടെത്തുന്നതിനും അല്ലെങ്കിൽ അതിനു വേണ്ട സംവിധാനം തയ്യാറാക്കുന്നത് ഈ മേഖലയിൽ കൂടുതൽ ഗുണം ചെയ്യും.

4. ആനിമൽ വെൽഫെയർ ക്ലബ്

പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.

5. ഡംങ്ങ് പിറ്റ് യൂണിറ്റ്

ഈ പദ്ധതിയോടു കൂടി തന്നെ ബയോ ഗ്യാസ് പ്ലാന്റും പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ഗുണകരമാവും.

6. ബോധവൽക്കരണ പരിപാടി

തൃതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ശാസ്ത്രീയമായ മൃഗപരിപാലനത്തിൽ പ്രാദേശിക തലത്തിൽ ബോധവൽക്കരണം കൊടുക്കാവുന്നതാണ്.

7. സംരംഭകത്വ പരിശീലന പരിപാടി

ആടുവളർത്തലിൽ നിലവിലുള്ള പരിശീലന പരിപാടി പോലെ തന്നെ പശുവളർത്തലിലും കോഴിവളർത്തലിലും, വിപണന മേഖലയിലും നടപ്പാക്കുന്നത് കൂടുതൽ സൗകര്യപ്രദമാകും.

8.സംരംഭകത്വ ബോധവൽക്കരണ പരിപാടി

പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ നടത്തുന്നതിനും അതുവഴി കൂടുതൽ സംരംഭകരെ കണ്ടെത്തുന്നതിനും സാധിക്കും.

9. കന്നുകാലി ഇൻഷൂറൻസ്

പദ്ധതി എല്ലാ കർഷകരിലേക്കും എല്ലാ കന്നുകാലികളും ഇൻഷൂർ ചെയ്യപ്പെടുമെന്ന് ഉറപ്പാക്കുന്നതിലൂടെ ദുരന്തനിവാരണത്തിനായി (കാലവർഷ കെടുതി) മാറ്റി വയ്ക്കേണ്ടി വരുന്ന തുക ലാഭിക്കാൻ സാധിക്കും.

10. വന്ധ്യതാ നിവാരണ ക്യാമ്പ്

പദ്ധതിയിൽ, ക്യാമ്പ് വഴിയുള്ള വന്ധ്യതാ നിവാരണ ചികിത്സയുടെ ഗുണം കൂടുതൽ പേരിലെത്തുന്നില്ല.

ഫലപ്രദമായ പദ്ധതി നടത്തിപ്പിന് ഇതൊരു തുടർ പരിപാടിയായും ആവശ്യമായ കന്നുകാലികളെ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് തന്നെ അവയ്ക്ക് ആവശ്യമായ ചികിത്സയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യുന്നത് പദ്ധതി ആനുകൂല്യം കൂടുതൽ പേർക്ക് ലഭിക്കുന്നതിന് സഹായിക്കും.

ജനകീയാസൂത്രണ പദ്ധതികൾ

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രധാന പോരായ്മ പദ്ധതി ഗുണഭോക്താക്കളുടെ തെരഞ്ഞടുപ്പാണ്. ഗ്രാമസഭകളിൽ വച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് പകരം ഓരോ പദ്ധതിക്ക് അനുസൃതമായി കൃത്യമായ മാനദണ്ഡം പാലിച്ച് കൊണ്ട് അപേക്ഷകൾ സ്വീകരിച്ച് അതു കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന രീതി അവലംബിച്ച് തദ്ദേശസ്വയംഭരണ പ്രദേശത്തെ ലിസ്റ്റ് തയ്യാറാക്കുന്നത് ഉചിതമായിരിക്കും. അപേക്ഷ അതാത് വാർഡുകളിലെ മൃഗസംരക്ഷണ മേഖലയിലെ മെമ്പർമാർ പരിശോധിച്ച് അപേക്ഷയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി വേണം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടത്. മാർക്ക് കമ്പ്യൂട്ടർ മുഖേന മാത്രം നടപ്പിലാക്കുന്നതോടെ മാർക്കിന് ഏകീകൃത സ്വഭാവം കൈവരികയും ഏറ്റവും അർഹതപ്പെട്ട ആൾക്ക് മാത്രം പദ്ധതി ആനുകൂല്ല്യം ലഭിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യും.

മറ്റൊരു പോരായ്മയുള്ളത് മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾക്ക് വാർഷിക വരുമാന നിബന്ധനയാണ്. വാർഷിക വരുമാനം എന്ന നിബന്ധന എടുത്തു മാറ്റുന്നതിലൂടെ മേഖലയിലെ പദ്ധതികൾക്ക് കൂടുതൽ പേരെ ആകർഷിക്കുവാൻ സാധിക്കും. ഇതോടൊപ്പം ഗുണഭോക്താക്കൾക്ക് സബ്സിഡി പരിധി നിശ്ചയിക്കുന്നതും ഒഴിവാക്കുന്നതിലൂടെ മൃഗസംരക്ഷണ മേഖലയിൽ നിലനിൽക്കുന്നവർക്കും, പുതുതായി വരുന്നവർക്കും ഇത് ഗുണം ചെയ്യുമെന്നത് കൂടാതെ ഗുണഭോക്താവിന് കൂടുതൽ പ്രാമുഖ്യം ലഭിക്കുമെന്നതിനാൽ പ്രദേശത്ത് കൂടുതൽ മൃഗോൽപ്പന്നങ്ങൾ ഉണ്ടാകുന്നതിന് സഹായകരമാവുകയും ചെയ്യും. പദ്ധതി നടപ്പാക്കുന്നതിന് ഏറ്റവും താൽപ്പര്യമുള്ള ആളെ ലഭിക്കുന്നതിന് ഇത് സഹായകമാകും. കൂടാതെ ബാങ്കുകളുമായി സംയോജിപ്പിച്ച് നടത്തുന്ന പദ്ധതികൾക്ക് കുറഞ്ഞ നിരക്കിലുള്ള പലിശ ലഭ്യമാക്കുന്നതും അല്ലെങ്കിൽ പലിശ രഹിത വായ്പയോ അല്ലെങ്കിൽ പലിശ തുക സർക്കാർ വഹിക്കുന്ന രീതിയിൽ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് പദ്ധതി നടത്തിപ്പിന് കൂടുതൽ സഹായകരമാകും.

നിലവിൽ ജനകീയാസൂത്രണത്തിൽ മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ പോരായ്മകളും പരിഹാരവും താഴെ കൊടുക്കുന്നു:-

പശു വളർത്തൽ പദ്ധതി

നിലവിൽ ഒരു പശുവിനെ വാങ്ങുന്നതിനാണ് പ്രാമുഖ്യം. ഇതിന് പകരം ഒരു ഗുണഭോക്താവിന് അദ്ദേഹത്തിന്റെ താൽപര്യത്തിന് അനുസരിച്ച് മിനി ഡയറി ഫാം തുടങ്ങുന്നതിന് കൂടുതൽ പ്രാമുഖ്യം നൽകുന്നതിലൂടെ കർഷകന് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇത് വളരെ സഹായകവും, തദ്ദേശ സ്വയം ഭരണ പ്രദേശത്തെ പാലുൽപ്പാദനത്തിൽ ഗണ്യമായ മാറ്റം വരുത്തുവാനും സാധിക്കും. പദ്ധതിയിൽ പശുക്കളെ വാങ്ങുന്നതിന് ബാങ്കിൽ നിന്ന് പലിശ രഹിത വായ്പ

ലഭ്യമാക്കുകയും പദ്ധതിയിലേക്ക് അർഹമായ സബ്സിഡി ബാങ്കിലേക്ക് നൽകാവുന്നതാണ്.

ആടു വളർത്തൽ പദ്ധതി

പദ്ധതി പ്രകാരം ഒരു കുടുംബത്തിന് രണ്ടോ, മൂന്നോ ആടുകളെ 50% സബ്സിഡി നൽകുന്നു (പരമാവധി രൂപ 10000/- സബ്സിഡി) ആട്ടിൻകൂടും, ഇൻഷൂറൻസ് പരിരക്ഷയും, കടത്തു കൂലിയും ഗുണഭോക്താവ് സ്വയം വഹിക്കണം.

പോരായ്മയായി കാണുന്നത് കൂടുതൽ ആടുകളെ വളർത്താൻ താൽപ്പര്യമുള്ളവർക്ക് അതിനനുസൃതമായി ധനസഹായം ലഭിക്കുന്നില്ല. കൂട് സ്വന്തം നിർമ്മിക്കേണ്ടതിനാൽ കൂടുതൽ കാലം നിലനിൽക്കുന്ന തരത്തിലുള്ള കൂട് ഉണ്ടാക്കുവാൻ ഗുണഭോക്താവിന് സാധിക്കുന്നില്ല.

പരിഹാരമായി ചെയ്യുവാൻ സാധിക്കുന്നത് പദ്ധതിയിൽ കൂടുതൽ ആടുകളെ വാങ്ങുന്നതിന് ബാങ്കിൽ നിന്ന് പലിശ രഹിത വായ്പ ലഭ്യമാക്കുകയും പദ്ധതിയിലേക്ക് അർഹമായ സബ്സിഡി ബാങ്കിലേക്ക് നൽകാവുന്നതാണ്.

തീറ്റപ്പുൽ കൃഷി

നിലവിൽ തീറ്റപ്പുൽ കൃഷിക്കായി പുൽ വിത്തുകളോ, തണ്ടുകളോ നൽകുകയും വളത്തിനായി ഒരു തുക നൽകുകയുമാണ് ചെയ്യുന്നത്. പോരായ്മയായി ഉള്ളത് കൃത്യമായ രീതിയിൽ നടപ്പാക്കി വിജയിപ്പിക്കുവാൻ സാധിക്കുന്നില്ല എന്നതാണ്.

പരിഹാരമായി ചെയ്യുവാൻ സാധിക്കുന്നത് നിലവിൽ നല്ല രീതിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് (കുറഞ്ഞത് 10 സെന്റിൽ കൃഷി ചെയ്യുന്നവർ) കൃഷി ചെയ്യുന്ന നിലത്തിന് അനുസരിച്ച് സബ്സിഡി നൽകുകയും, തീറ്റപ്പുൽ കൃഷിയിൽ പശു വളർത്തലിൽ ഏർപ്പെട്ടിട്ടില്ലാത്ത കർഷകരാണെങ്കിൽ അവർക്ക് സബ്സിഡി തുകയിൽ ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിച്ച് നൽകുന്നത് പശുവളർത്തലിൽ എർപ്പെട്ടിട്ടില്ലാത്ത വരും കൂടുതൽ സ്ഥലം തീറ്റപ്പുൽകൃഷിക്കായി മാറ്റി വയ്ക്കുവാൻ സാധിക്കുന്നവർക്കും ഇത് കൂടുതൽ ആകർഷകവും പ്രചോദനവുമാകും.

കോഴിവളർത്തൽ പദ്ധതി

നഗരപ്രദേശത്ത് നടക്കുന്ന മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി മാതൃകയിൽ എല്ലാ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കുന്നതിനും, കോഴികൾക്ക് 75% സബ്സിഡി നൽകുന്നതും മുട്ടക്കോഴി വളർത്തലിലും മുട്ടയുൽപ്പാദന വർദ്ധനവിനും ഗുണകരമാവും.

പശുക്കൾക്ക് ധാതുലവണ മിശ്രിതം നൽകുന്ന പദ്ധതി

പദ്ധതി പ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുത്ത് ധാതു ലവണമിശ്രിതം 50-75 % സബ്സിഡി നിരക്കിൽ നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. ഗ്രാമസഭകളിൽ എത്താത്ത കർഷകർക്ക് പദ്ധതി ആനുകൂല്യം ലഭിക്കുന്നില്ല.

പരിഹാരമായി കർഷക രജിസ്ട്രേഷൻ നടത്തിയ കർഷകർക്ക് പശുക്കളുടെ എണ്ണത്തിന് അനുസരിച്ച് ആവശ്യമായ ധാതുലവണ മിശ്രിതം 50% മുതൽ 75% സബ്സിഡി നിരക്കിൽ നൽകുന്നതിന് പദ്ധതി മാറ്റം വരുത്തുന്നത് മേഖലയിലെ കർഷകർക്ക് ഗുണകരമാവും.

5. ക്ഷീര വികസന വകുപ്പ്

ക്ഷീരവികസന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നും തന്നെ ഇല്ല. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങളും അവലോകനവും താഴെ കൊടുക്കുന്നു.

പട്ടിക - 5.5

ക്ഷീരവികസന വകുപ്പിലെ പദ്ധതികളും ലക്ഷ്യങ്ങളും

ക്രമ നം.	പദ്ധതിയുടെ പേര്	പദ്ധതിയുടെ ലക്ഷ്യം	അനുവദിച്ച തുക
1	ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും	വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികളിലൂടെയും മേളകളിലൂടെയും മറ്റും ക്ഷീര മേഖലയുടെ പ്രാധാന്യം പൊതുജനങ്ങളിലേക്കെത്തിക്കുക. ക്ഷീരമേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക	48,42,344
2	തീറ്റപ്പുൽക്കൃഷി വികസന പദ്ധതി	തീറ്റപ്പുൽക്കൃഷിയിടങ്ങളിൽ തീറ്റപ്പുൽ ലഭ്യത ഉറപ്പു വരുത്തുക, ജലസേചന സൗകര്യം ഒരുക്കുന്നതിനും യന്ത്രവത്ക്കരണം നടത്തുന്നതിനും ധനസഹായം നൽകുക, തരിശുഭൂമിയിൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകുക, വൃക്ഷ വിളകൾ കൃഷി ചെയ്യുന്നതിന് ധന സഹായം നൽകുക. സബ്സിഡി നിരക്കിൽ ക്ഷീരകർഷകരിലേക്ക് പുല്ല്/ വൈക്കോൽ എത്തിക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് ധനസഹായം നൽകുക.	41,51,818
	ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം	പാൽ സംഭരണം കൂടുതലുള്ള ക്ഷീര സംഘങ്ങളുടെ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളൊരുക്കുന്നതിന് സഹായിക്കുക. വിപണിയിൽ ലഭ്യമാകുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.	5,25,000

4	മിൽക്ക് ഷെഡ് വികസന പദ്ധതി	ക്ഷീരമേഖലയിലേക്ക് കർഷകരെ ആകർഷിക്കുക, യുവജനങ്ങളെയും വനിതകളെയും കന്നുകാലി വളർത്തുന്നതിന് പ്രോത്സാഹിപ്പിക്കുക, കാലിതൊഴുത്തു നിർമ്മാണത്തിനും കാലിതൊഴുത്തിലേക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനും ക്ഷീര കർഷകരെ സഹായിക്കുക	3,14,57,569
5	കാറ്റിൽ ഫീഡ് സബ്സിഡി പദ്ധതി	പാൽ ഉൽപ്പാദനത്തിന് അനുസരിച്ച് ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുക, കർഷകർക്ക് സബ്സിഡി നിരക്കിൽ ഫീഡ് സപ്ലിമെന്റ് വിതരണം നടത്തുക	7,07,000
	ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	കെട്ടിടം നിർമ്മാണത്തിനും, സാങ്കേതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും മറ്റും ക്ഷീരസംഘങ്ങളെ സഹായിക്കുക	1,43,74,507

സംസ്ഥാന വാർഷിക പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

ക്ഷീര മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഗവേഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുക. വൃക്ഷ വിളകൾ കർഷകരിലേക്ക് എത്തിക്കുന്ന പദ്ധതികളിൽ അഗത്തി തൈകളോടൊപ്പം മുരിങ്ങ പോലുള്ള വൃക്ഷ വിളകളും ഉൾപ്പെടുത്തുക.

കൃത്രിമ ബീജാധാന സൗകര്യങ്ങളുടെ അപര്യാപ്തതയും കുത്തിവെയ്പുകളിലെ അപാകതയും പരിഹരിക്കുന്നതിനായി ക്ഷീര സംഘം ജീവനക്കാരെ ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

ക്ഷീര കർഷകർക്ക് ആവശ്യമായ വിജ്ഞാനവും സേവനവും നൽകാൻ ഉതകുന്ന രീതിയിൽ ക്ഷീര സംഘങ്ങളെ റിസോഴ്സ് സെന്ററുകളാക്കി മാറ്റുക.

കൂടുതൽ കിടാരികളെ വളർത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

6. ഫിഷറീസ് വകുപ്പ്

കേന്ദ്രാവിഷ്കൃത പദ്ധതികൾ

ഫിഷറീസ് വകുപ്പ് കോഴിക്കോട് ജില്ലയിൽ 2017-18 വർഷത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, നിലവിലെ നിർവ്വഹണ പ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 5.1 ൽ കൊടുത്തിരിക്കുന്നു.

7. വനം വകുപ്പ്

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ വകുപ്പ് തലത്തിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം-4.34 ൽ നൽകിയിട്ടുണ്ട്. വനാതിർത്തിയിലെ ജണ്ട നിർമ്മാണം, കാട്ടുതീ തടയൽ, വനത്തിനകത്തെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ വനപാതകളുടെ പരിപാലനം,

വന-വന്യജീവി സംരക്ഷണത്തിനായി നിയോഗിച്ച വരുടെ വേതനം, വനസംരക്ഷണ ജീവനക്കാർക്ക് താമസത്തിനായുള്ള കെട്ടിട നിർമ്മാണം, ജീവനക്കാരുടെ പരിശീലനം, പരിസ്ഥിതി പഠന ക്ലാസ്സുകൾ, വൃക്ഷതൈകളുടെ ഉൽപ്പാദനം, കാവുകൾക്കുള്ള ധനസഹായം, കണ്ടൽക്കാടു കളുടെയും കടലാമകളുടെയും സംരക്ഷണം തുടങ്ങിയവക്ക് ആണ് പ്രധാനമായും അനുവദിച്ച തുകകൾ ഉപയോഗിച്ചത്. അവയിൽ മലബാർ വന്യജീവി സങ്കേതം, പ്രോജക്ട് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ എന്നീ ശീർഷകങ്ങളിൽ ശരാശരി 30 ലക്ഷം രൂപയാണ് ഈ വർഷത്തിൽ കേന്ദ്ര ധനസഹായം ലഭിക്കുന്നത്. ഇത് സംസ്ഥാന സർക്കാർ വന-വന്യജീവി സംരക്ഷണത്തിനായി അനുവദിക്കുന്ന തുകയുടെ 10% മാത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വന-വന്യജീവി സംരക്ഷണത്തിനായി ഇതേ വരെ പദ്ധതികൾ ഒന്നും ഏറ്റെടുത്ത് നടത്തിയിട്ടില്ല.

പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട് നേരിട്ടുള്ള പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ അംഗീകരി ച്ചതായോ തുക ചിലവിട്ടതായോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മണ്ണ്-ജല സംരക്ഷണം, പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായുള്ള വിവിധ പ്രവർത്തനങ്ങൾ, മലിനീകരണം തടയുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ എന്നിവ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയും വിവിധ വകുപ്പുകൾ വഴിയും ഏറ്റെടുത്തിട്ടുള്ളതും അവ പരിസ്ഥിതി സംരക്ഷണത്തിന് സഹായകമായിട്ടുള്ളതുമാണ്. പ്രത്യേകം പദ്ധതികളിലൂടെ അല്ലാതെ തന്നെ നെൽവയൽ സംരക്ഷണ നിയമം, പുഴ സംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്നതും പരിസ്ഥിതി സംരക്ഷണത്തിന് സഹായകരമാ യിട്ടുണ്ട്.

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ വകുപ്പ് തലത്തിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങൾ പട്ടിക - 5.6 ൽ നൽകിയിട്ടുണ്ട്.

പട്ടിക - 5.6

വനം വകുപ്പിന്റെ കീഴിൽ ജില്ലയിലെ പദ്ധതി ചെലവ് (2013-14 മുതൽ 2016-17 വരെ)

Sl. No	Name of Budget Head	2013-14		2014-15		2015-16		2016-17	
		Allotment (Lakhs)	% of Utln	Allotment (Lakhs)	% of Utln	Allotment (Lakhs)	% of Utln	Allotment (Lakhs)	% of Utln
I	**Central Schemes**								
1	Malabar wild life santuary	46.09	84	49.63	100	44.6	100	53.82	90.71
2	Project Elephant	14.30	100	11.05	99.74	5.6	98.94	19.98	86.02
3	Integrated Forest Management	7.61	92	3.59	95.79	3.57	96.09	8.15	99.13
State	**schemes**								
Sl.No	Name of Budget Head	2013-14		2014-15		2015-16		2016-17	
		Allotment (Lakhs)	% of Utln	Allotment (Lakhs)	% of Utln	Allotment (Lakhs)	% of Utln	Allotment (Lakhs)	% of Utln
1	Regeneration of Denuded Forests	1.00	100	0.50	98.98	1.00	90.50	2.00	99.76
2	Forest Protection 34 Other charges	16.30	99	32.20	99.98	35.20	99.94	30.00	99.99
3	Non Wood Forest products.	Nil	NA	Nil	NA	5.00	98.33	3.00	99.92
4	Ecotourism	15.00	95	17.50	100	40.00	100	57.28	99.99
5	Roads	Nil	NA	1.00	94.60	Nil	NA	15.00	100
6	Buildings	5.00	100	5.00	94.17	30.00	100		99.87
7	Measures to Reduce Man Animal Conflicts	22.00	99	32.00	100	23.00	99.85	41.00	100
8	Improving Productivity of plantations. 01Hardwood species.	Nil	NA	Nil	NA	Nil	NA	5.00	99.65

9	Forest Protection and Survey of Forest Boundaries	1.00	97	28.00	100	60.00	99.99	95.00	99.95
10	Forest Publicity	43.00	100						
11	Conservation of Biodiversity	6.05	86.35	9.20	62.04	5.25	99.17	6.00	98.17
12	Extension Forestry			5.00	99.99	46.00	99.84	66.50	97.15

8. വ്യവസായ വകുപ്പ്

വ്യവസായ വാണിജ്യ പശ്ചാത്തലം ഒരുക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാറുകൾ ആവിഷ്കരിക്കുന്ന വിവിധ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കുന്നത് ജില്ലാ വ്യവസായ കേന്ദ്രം കേരളാ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവ വഴിയാണ്.

കൈത്തറി മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളും, സംസ്ഥാനാവിഷ്കൃത പദ്ധതികളും ഈ മേഖലയുടെ പുരോഗതിക്കായി നടപ്പിലാക്കി വരുന്നുണ്ട്. പരമ്പരാഗത കൈത്തറി സഹകരണ മേഖലയിൽ കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് ചുക്കാൻ പിടിക്കുന്നത് ജില്ലാ വ്യവസായ കേന്ദ്രമാണ്. 2015 ൽ നടപ്പാക്കിയ RRR പാക്കേജിലൂടെ ജില്ലയിൽ 13 കോടി രൂപയുടെ സഹായം നൽകുകയും ജില്ലയിലെ സംഘങ്ങളെ കടം വിമുക്തമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയ ഹൗസ് കം വർക്ക് ഷെഡ് പദ്ധതി പ്രകാരം 400 ഓളം തൊഴിലാളികൾക്ക് 60 ലക്ഷം രൂപയുടെ ധനസഹായവും നൽകിയിട്ടുണ്ട്. റിബേറ്റ്, പി.ഡി.എ, എംഡി.എ എന്നിവയും ഈ മേഖലയ്ക്ക് നൽകുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ ഭാഗമാണ്. ഇതിനു പുറമെ നെയ്ത്ത് തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്തിന്റെ ഭാഗമായി സി.ടി.എഫ്, എം.ജി.ബി.ബി.വൈ, പി.എം.ജെ.ജെ.വൈ, പി.എം.എസ്.വൈ, ആർ.എസ്.ബി.വൈ എന്നീ സാമൂഹിക സുരക്ഷാ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

ഈ മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി വീവേഴ്സ് ക്രഡിറ്റ് കാർഡ്, കൈത്തറി സ്വയം തൊഴിൽ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഉദ്ദേശിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ സാധിച്ചിട്ടില്ല. ആധുനിക രീതിയുള്ള മാനേജ് മെന്റിന്റെ അഭാവം, ആധുനികവൽക്കരണത്തിന്റെയും, സാങ്കേതിക ക്ഷമതയുടെയും അഭാവം യുവ തൊഴിൽ സേനയുടെ അഭാവം എന്നിവയെല്ലാം ഈ മേഖലയുടെ പുരോഗതിയ്ക്ക് തടസ്സമായി നിലകൊള്ളുകയാണ്.

പട്ടിക 5.7

വ്യവസായ വകുപ്പിലെ കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികൾ – 2017 – 18

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവാക്കിയത്	ലക്ഷ്യം
1	സംരംഭകത്വ സഹായ പദ്ധതി (ESS)	1.8469884 കോടി	1.8469884 കോടി	സ്റ്റാർട്ട് അപ്പ് ഇൻവെസ്റ്റ്മെന്റ് ടെക്നോളജി എന്നീ ഘട്ടങ്ങളിൽ എം.എസ്.എം.ഇ യൂണിറ്റുകൾ ഗ്രാന്റ് നൽകുന്നു
2	നൈപുണ്യ വികസനം (Capacity Building)	15.31821 ലക്ഷം	14.45719 ലക്ഷം	സംരംഭകത്വ ബോധവത്കരണത്തിനായി ഇ.ഡി.പി. ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, പരിശീലന പരിപാടികൾ ഇവ സംഘടിപ്പിക്കുന്നു.
3	സംരംഭകത്വ വികസന ക്ലബ്ബ് (ഇ.ഡി.ക്ലബ്ബ്)	3.8 ലക്ഷം	3.8 ലക്ഷം	വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നവസംരംഭകർക്ക് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഇൻക്യൂബേഷൻ സെന്ററുമായും മറ്റു നവ ഉദ്യമങ്ങളുമായും ചേർന്ന് പ്രവർത്തിക്കുന്നതിന് അവസരം നൽകുന്നു.
4	പ്രൊഡക്ട് ഡവലപ്മെന്റ് അസിസ്റ്റൻസ്	2.52662	2.52662	പുതിയ ഉൽപന്നങ്ങളുടെ നിർമ്മാണത്തിനായി കൈത്തറി സംഘങ്ങൾക്ക് ധനസഹായം നൽകുന്നു
5	ഫ്ളാഗ്ഷിപ്പ് സ്കീം	5.52795	5.52795	നാശോന്മുഖമായ കൈത്തറി സംഘങ്ങളുടെ പുനരുജ്ജീവനം
6	അംശദാന നിക്ഷേപ പദ്ധതി (സിടിഎഫ്)	11 ലക്ഷം	11 ലക്ഷം	കൈത്തറി സംഘങ്ങളിൽ സമ്പാദ്യശീലം വളർത്തുക
7	കൈത്തറി സംഘങ്ങൾക്ക് ഉത്സവകാലങ്ങളിൽ നൽകി വരുന്ന റിബേറ്റ് ഗ്രാന്റ്	75.48125 ലക്ഷം	75.48125 ലക്ഷം	ഉൽപന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന്

8	ഉൽപാദന പ്രചോദന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ്)	10215 കോടി	10215 കോടി	നിർദ്ദിഷ്ട അളവിൽ കൂടുതൽ നെയ്ത കൈത്തറി നെയ്ത്ത് തൊഴിലാളിക്ക് അധികം നെയ്ത്തിന് ഇരട്ടി കൂലി
9	കലാപരമായ കൈത്തറി	1.44489 ലക്ഷം	1.44489 ലക്ഷം	കൈത്തറി ത്തൊഴിലാളികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.
10	കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി	32229 രൂപ	32229 രൂപ	കൈത്തറി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാർ വിദ്യാലയങ്ങളിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നു.
11	ഇൻകം സപ്പോർട്ട് സ്കീം	9 ലക്ഷം	9 ലക്ഷം	കൈത്തറി മേഖലയിൽ ഒരു വർഷം ഒരാൾക്ക് 100 തൊഴിൽ ദിനങ്ങളും ദിവസ വേതനം 150 രൂപയും ഉറപ്പുവരുത്തുന്ന പദ്ധതി

ഇതു കൂടാതെ കരകൗശല വിദഗ്ധരെ ഉൽപാദകരാക്കി മാറ്റാനുള്ള 'ആഷാ പദ്ധതി', സ്വന്തം കുടുംബത്തിൽ വെച്ച് നടത്താൻ സാധിക്കുന്ന വികേന്ദ്രീകൃത ഉൽപാദന പരിപാടികളെ പ്രോത്സാഹിപ്പിക്കുന്ന ഗാർഹിക നാനോ പദ്ധതി, വായ്പാധിഷ്ഠിത മുദ്രാ പദ്ധതി, സ്റ്റാന്റപ്പ് ഇന്ത്യ, പദ്ധതികൾ തുടങ്ങി കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ പുതിയ പദ്ധതികളുടെ ഗുണഫലങ്ങൾ സംരംഭകരിൽ എത്തിക്കുന്നതിന് 2017-18 വർഷം ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

9. ആരോഗ്യ വകുപ്പ്

ആരോഗ്യ മേഖലയിൽ 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ

കഴിഞ്ഞ 3 വർഷക്കാലം ആരോഗ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ആരോഗ്യ വകുപ്പ് നേരിട്ടും നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തലാണ് ഈ ഭാഗത്ത് പ്രതിപാദിക്കുന്നത്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ജില്ലയിൽ ആരോഗ്യവകുപ്പു വഴി നടപ്പിലാക്കി പരിപാടികളുടെ പട്ടിക താഴെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ.
2. സമഗ്ര ആരോഗ്യ പരിപാടി.
3. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങൽ.
4. കമ്പ്യൂട്ടർ/എൽ സി ഡി പ്രൊജക്ടർ.
5. പകർച്ചവ്യാധി നിയന്ത്രണം.
6. പി എച്ച് സികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
8. പകർച്ചേതരവ്യാധി നിയന്ത്രണം.
9. ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് ഫർണിച്ചർ.
10. മരുന്ന് വാങ്ങൽ.
11. ഫർണിച്ചർ വാങ്ങൽ.

12. ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തൽ.
13. പ്രതിരോധ കുത്തിവെപ്പ് പ്രവർത്തനങ്ങൾ.
14. വാഹനവാടക.
15. ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ.
16. ഐ ഇ സി പ്രവർത്തനങ്ങൾ.
17. പ്രായമായവർക്ക് ഉപകരണങ്ങൾ.
18. സബ്സെന്റർ വാടക.
26. പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾ.
27. സ്കൂൾ ആരോഗ്യ പരിപാടി.
28. ആശ്വാസം ക്ലിനിക്ക്.
29. ബാല സൗഹൃദ കോർണർ.
30. കൗമാര ആരോഗ്യ പരിപാടി.
31. ഫാർമസി ശീതീകരണം.
32. സൗരോർജ പാനൽ സ്ഥാപിക്കൽ.
33. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ.
34. ക്യാൻസർ കണ്ടെത്തൽ/പ്രതിരോധം.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

ജില്ലാ ആരോഗ്യവകുപ്പ് വഴി കഴിഞ്ഞ 3 വർഷം വിവിധ ഉപശീർഷകങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ചെലവഴിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ പട്ടിക 5.8, 5.9 ൽ ചേർക്കുന്നു.

പട്ടിക 5.8

ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി (NVBDCP) - ആരോഗ്യ വകുപ്പ്

ക്രമ നം	വർഷം	ഫണ്ട്അനുവദിച്ചത്	ഫണ്ട് ചെലവഴിച്ചത്
1.	2015	7610025	6327020
2.	2016	3575940	2254457
3.	2017	3313103	1829366

പട്ടിക 5.9

കുഷ്ഠരോഗ നിർമാർജന പരിപാടി - ആരോഗ്യ വകുപ്പ്

വർഷം	വരവ്			ചെലവ്		
	NHM (എൻ.എച്ച്.എം)	പ്ലാൻ	SDG (എസ്.ഡി.ജി)	NHM (എൻ.എച്ച്.എം)	പ്ലാൻ	SDG (എസ്.ഡി.ജി)
2014-15	200000	-	600000	309993	-	289318
2015-16	152500	-	350000	135748	-	327000
2016-17	150000	188000	181250	126865	181785	105090

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പട്ടിക 5.10

ആരോഗ്യ വകുപ്പ് 2014–15 മുതൽ 2016–17 വരെ ചെലവഴിച്ച തുക

വർഷം	ചെലവഴിച്ച തുക (രൂപയിൽ)
2014–15	22499275
2015–16	30739636
2016–17	9457963

പട്ടിക 5.11

ക്ഷയരോഗ നിയന്ത്രണത്തിനായി (RNTCP) 2015 മുതൽ 2017 വരെ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ

വർഷം	അനുവദിച്ച തുക (രൂപയിൽ)	ചെലവഴിച്ച തുക (രൂപയിൽ)
2015	6407206	5074120
2016	8093978	6472073
2017	4266913	3462072

പട്ടിക 5.12

ആയുർവേദ വകുപ്പ് 2014–15 മുതൽ 2016 - 17 വരെ ചെലവഴിച്ച തുക

ക്രമ നം.	വർഷം	ചെലവഴിച്ച തുക
1.	2014–15	8553311.5
2.	2015–16	3850000
3.	2016–17	8300000

10. ആയുഷ് വകുപ്പ്

I. കേന്ദ്രാവിഷ്കൃത പദ്ധതികൾ

"സ്നേഹധാര"

പാലിയേറ്റീവ് മേഖലയിലെ നാഷണൽ ആയുഷ് മിഷന്റെ സംരംഭമായ 'സ്നേഹധാര' പദ്ധതി കോഴിക്കോട് ജില്ലയിലെ 3 സ്ഥാപനങ്ങളിൽ നടുന്നുവരുന്നു. ഡോക്ടർ, നഴ്സ്, അറ്റന്റർ, ആശ വർക്കർ ഇവർ അടങ്ങുന്ന ഹോം കെയർ ടീം വീടുകൾ സന്ദർശിച്ച് പരിചരണവും ഔഷധങ്ങളും നൽകി വരുന്നു.

സ്ഥിരമായി പദ്ധതി മുന്നോട്ട് കൊണ്ടു പോകുന്നതിന് ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്. നഴ്സിന്റെ തസ്തികയിൽ സ്ഥിരം നിയമനം നടത്തേണ്ടതുണ്ട്.

എല്ലാ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുന്നതിനായി ഫണ്ട് ലഭ്യമാക്കേണ്ടതുണ്ട്.

II. സംസ്ഥാനതല പദ്ധതികൾ

വ്യത്യസ്ത രോഗങ്ങൾക്കുള്ള മേൽപറഞ്ഞ സംസ്ഥാനതല പദ്ധതികൾ ജില്ലയിൽ ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്നുണ്ട്. 10 % മാത്രം വരുന്ന ആയുർവേദ ആശുപത്രികളെ കേന്ദ്രീകരിച്ചാണ് ഈ പദ്ധതികൾ എല്ലാം നടപ്പിലാവുന്നത്. 90% വരുന്ന ഭൂരിഭാഗം സ്ഥാപന ങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികളൊന്നും നടക്കുന്നില്ല.

പുനർന്നവ

വൃദ്ധജനാരോഗ്യ പരിപാലനം

കരൾരോഗ മുക്തി

കൗമാരസ്ഥൗല്യം

ആയുഷ്യം

മാനസികാരോഗ്യം

പ്രസൂതി തന്ത്രം

സിദ്ധ

യോഗ ആന്റ് നാച്ചുറോപ്പതി

പുനർന്നവ പ്രോജക്ട്

പക്ഷാഘാതരോഗികളുടെ ചികിത്സ യ്ക്കായി നാല് വർഷമായി കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ നടത്തിവരുന്ന പ്രോജക്ട് ആണിത്. രോഗികളെ ഒരു മാസക്കാലം ആശുപത്രിയിൽ കിടത്തി, പഞ്ചകർമ്മ ചികിത്സയോടൊപ്പം മരുന്നുകൾ കൊടുക്കുകയും തുടർന്ന് മൂന്ന് മാസത്തോളം തുടർ ചികിത്സ യുമാണ് നടത്തിവരുന്നത്. സ്ഥാപനത്തിൽ വരുന്ന പക്ഷാഘാത രോഗികൾക്ക് വളരെ ഗുണപ്രദമായ പ്രോജക്ടായതിനാൽത്തന്നെ ഓരോ വർഷവും ഈ പദ്ധതിയെ ആശ്രയിക്കുന്ന രോഗികളുടെ എണ്ണം കൂടി വരുന്നു. പ്രോജക്ടിൽ ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറുടെയും 2 തെറാപ്പിസ്റ്റു കളുടെയും മുഴുവൻ സേവനം ലഭിക്കുന്നു. മൂന്ന് ലക്ഷം രൂപയുടെ മരുന്നാണ് 2017 - 18 വർഷം ലഭ്യമാക്കിയിരിക്കുന്നത്. ഇത് പ്രോജക്ടിന്റെ നടത്തിപ്പിന് അപര്യാപ്തമാണ്. മാത്രമല്ല, ഒരു സ്കിൽഡ് നഴ്സ്, ഒരു ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരുടെ തസ്തികയും സൃഷ്ടിക്കേണ്ടതുണ്ട്.

വൃദ്ധജനാരോഗ്യ പരിപാലനം

2015 നവംബർ മുതൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രോജക്ടാണ് വൃദ്ധജന പരിപാലനം. വാർദ്ധക്യ സഹജമായ രോഗങ്ങളാൽ ക്ലേശമനുഭവിക്കുന്ന, 60 വയസ്സിൽ കൂടുതൽ പ്രായമുള്ള, പാവപ്പെട്ടവരെയാണ് പ്രോജക്ടിലേക്ക് തിരഞ്ഞെടുക്കുന്നത്. ഒരു മാസത്തെ കിടത്തി ചികിത്സയും പിന്നീട് ഒ.പി ചികിത്സയുമാണ് നൽകി വരുന്നത്. 2016-17 വർഷം നൂറോളം രോഗികൾക്ക് പ്രസ്തുത പ്രോജക്ടിൽ ചികിത്സ ലഭ്യമായിട്ടുണ്ട്.

പ്രോജക്ടിന്റെ നടത്തിപ്പ് ഇപ്പോൾ സ്ഥാപനത്തിലെ പഞ്ചകർമ്മ മെഡിക്കൽ ഓഫീസർ തന്നെയാണ് ചെയ്യുന്നത് എന്നതിനാൽ സ്ഥാപന ത്തിലെ ദൈനംദിന ഒ.പി യും ഐ.പി യും കൂടി നോക്കാൻ ബുദ്ധിമുട്ടുകളുണ്ട്. പ്രോജക്ടിൽ നിലവിലുള്ള 2 തെറാപ്പിസ്റ്റുകളെയും ഒരു കെയർ ടെയ്ക്കർറെയും കൂടാതെ ഒരു മെഡിക്കൽ ഓഫീസർ, ഒരു നേഴ്സ് എന്നിവരെക്കൂടി നിയമിച്ചാൽ പ്രോജക്ട് വളരെ നല്ല നിലയിൽ നടത്തിക്കൊണ്ട് പോകാൻ സാധിക്കും.

കരൾരോഗ മുക്തി

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്ന് വർഷമായി കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രി, പയ്യോളി താലൂക്ക് ആയുർവേദ ആശുപത്രി, ബാലുശ്ശേരി ഗവ.ആയുർവേദ ആശുപത്രി എന്നിവിടങ്ങളിലായി, വിവിധതരത്തി ലുള്ള കരൾ രോഗങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്ന വർക്കു വേണ്ടി നടത്തിവരുന്ന പ്രോജക്ടാണ് കരൾരോഗ മുക്തി. രോഗികൾക്ക് 6 മാസത്തെ ചികിത്സയും, ചികിത്സയ്ക്ക് മുൻപും ശേഷവുമുള്ള രക്തപരിശോധന, സ്കാനിംഗ് എന്നിവയും സൗജന്യമായി നടത്തിവരുന്നു. സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാർ തന്നെ പ്രോജക്ടിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്തേണ്ടിവരുന്ന തിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ഇത് ബാധിക്കുന്നു. പ്രോജക്ടിലേക്ക് ഒരു മെഡിക്കൽ ഓഫീസറെയും ഒരു ഫാർമസിസ്റ്റിനെയും നിയമിക്കേണ്ടതുണ്ട്.

കൗമാരസ്ഥൗല്യം

കൗമാരപ്രായക്കാരായ സ്കൂൾ കുട്ടികളിൽ കാണപ്പെടുന്ന അമിതവണ്ണത്തിനുള്ള ചികിത്സ യാണ് പ്രോജക്ടിലൂടെ ലക്ഷ്യമിടുന്നത്. 16 വയസ്സിൽ താഴെയുള്ളതും സർക്കാർ സ്കൂളുകളിൽ പഠിക്കുന്നതുമായ കുട്ടികൾക്ക് മൂന്ന് വർഷമായി പ്രോജക്ട് നടത്തി വരുന്നു. പ്രോജക്ടിന്റെ ഭാഗമായി കുട്ടികളുടെ മാതാപിതാക്കൾക്ക് ജീവിത

ശൈലിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും, കുട്ടികൾക്ക് 16 ദിവസത്തെ ഉദ്വർത്തന ചികിത്സയും ഔഷധവും നൽകുന്നു.

സ്കൂളുകളിൽ പോയി ക്ലാസുകൾ നടത്തേണ്ടതിനാലും കുട്ടികളെ തിരഞ്ഞെടുക്കേണ്ട തിനാലും പ്രോജക്ടിന്റെ ഭാഗമായി റിപ്പോർട്ട് ഉണ്ടാക്കൽ, സ്റ്റാറ്റിസ്റ്റിക്കൽ അനാലിസിസ് നടത്തൽ, ഡാറ്റ ശേഖരിച്ച് സൂക്ഷിക്കൽ എന്നിവ ചെയ്യേണ്ടതി നാൽ നിലവിലുള്ള രണ്ട് തെറാപ്പിസ്റ്റുകൾക്കു പുറമേ പ്രോജക്ടിലേക്കായി ഒരു മെഡിക്കൽ ഓഫീസറെയും കൂടി നിയമിക്കേണ്ടതുണ്ട്.

ആയുഷ്യം

ജീവതശൈലീ രോഗങ്ങൾക്കുള്ള ചികിത്സ യും ബോധവൽകരണക്ലാസുകളും അടങ്ങുന്ന ഒരു പ്രോജക്ടാണ് ഇത്. ഇതിൽ പ്രധാനമായി അധിക രക്തസമ്മർദ്ദം, പ്രമേഹം, അമിത വണ്ണം മുതലാ യവയ്ക്കുള്ള ചികിത്സ പന്നിക്കോട്ടൂർ ഗവ.ആയുർ വേദ ആശുപത്രിയെ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു.

മാനസികാരോഗ്യം

കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ കഴിഞ്ഞ രണ്ട് വർഷമായി നടന്നുവരുന്ന പ്രോജക്ടാണ് ഇത്. വിവിധ തരത്തിലുള്ള വൈകല്യങ്ങൾ ഉത്കണ്ഠ, മാനസിക പിരിമുറുക്കം, വിഷാദം മുതലായവയാൽ ക്ലേശിക്കുന്നവർക്കുള്ള ചികിത്സാ പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ ഒ.പി തലത്തിലുള്ള ചികിത്സയാണ് നടത്തിവരുന്നത്. ഐ.പി തലത്തിലുള്ള ചികിത്സ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ഈ പ്രോജക്ട് കൂടുതൽ ഫലപ്രദമാകും.

പ്രസൂതി തന്ത്ര പ്രോജക്ട്

ആയുർവേദത്തിലെ ഒരു പ്രധാന ചികിത്സാ ശാഖയാണ് സ്ത്രീരോഗ-പ്രസൂതിതന്ത്ര വിഭാഗം. നൊച്ചാട് ഗവ.ആയുർവേദ ആശുപത്രിയിൽ 2017-18 വർഷമാണ് നടപ്പിലാക്കിയത്. സ്ത്രീകളിൽ സാധാരണയായി ഉണ്ടാവുന്ന അസുഖങ്ങളുടെ ചികിത്സയൊടൊപ്പം, പ്രസവം സാധാരണവും ഉപദ്രവരഹിതവുമാക്കി തീർക്കാനുള്ള പ്രത്യേക മാർഗ്ഗങ്ങളും നിർദ്ദേശിക്കപ്പെടുന്നു. ആർത്തവകാല വൈഷമ്യങ്ങൾ, ലൂക്കോറിയ, ആർത്തവവിരാമ വൈഷമ്യങ്ങൾ, ഗർഭിണീചര്യ, പ്രസവാനന്തര പരിചരണം എന്നിവ ഇതിൽപെടുന്നു.

സിദ്ധ പ്രോജക്ട്

ആയുഷ് വകുപ്പിലെ സിദ്ധ ചികിത്സാ വിഭാഗം നിലവിൽ ഗവൺമെന്റ് തലത്തിൽ വളരെ കുറവാണ്. 2017-18 വർഷം സിദ്ധ ചികിത്സയുടെ ഫലം രോഗികൾക്ക് ലഭ്യമാക്കാൻ വേണ്ടി നടപ്പിലാ ക്കുന്ന ഈ പ്രോജക്ടിൽ ഒരു സിദ്ധ മെഡിക്കൽ ഓഫീസറും ഒരു അറ്റന്ററുമാണുള്ളത്. ജില്ലാ ആയുർവേദ ആശുപത്രിയിൽ നടന്നുവരുന്ന ഈ പ്രോജക്ട് ഇപ്പോൾ ശൈശവദശയിലാണുള്ളത്.

യോഗ ആന്റ് നാച്ചുറോപ്പതി

കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ മൂന്ന് വർഷമായി നടന്നുവരുന്ന ആരോഗ്യ ശൈലീവൽകരണത്തിന് ആയുർവേദ ചികിത്സയ്ക്ക് ഒഴിച്ചുകൂടാനാവാത്ത രണ്ട് വിഭാഗങ്ങളാണ് യോഗയും നാച്ചുറോപ്പതിയും. ഇതിനായി രണ്ട് വർഷം മുമ്പാണ് ജില്ലാ ആയുർ വേദ ആശുപത്രിയിൽ ക്ലിനിക്കൽ യോഗയുടെയും നാച്ചുറോപ്പതിയുടെയും സാഹചര്യങ്ങൾ ഒ.പി വിഭാഗത്തിലും ഐ.പി വിഭാഗത്തിലുമായി ഏർപ്പെടുത്തിയത്.

ജില്ലാ തല പദ്ധതികൾ

സ്പന്ദനം, ആയുർയോഗ എന്നീ രണ്ട് ജില്ലാതല പ്രോജക്ടുകളാണ് നടപ്പുവർഷത്തിലുള്ളത്. 13% സ്ഥാപനങ്ങളിൽ മാത്രമാണ് ഇത് നടന്നുവരുന്നത്.

സ്പന്ദനം

പഠന-പെരുമാറ്റ വൈകല്യമുള്ള കുട്ടികൾക്കുള്ള സമഗ്ര ആയുർവേദ ചികിത്സ/ പരിശീലന പദ്ധതിയാണിത്. പഠന-പെരുമാറ്റ പ്രശ്നങ്ങൾ കൂടാതെ ഓട്ടിസം, എ.ഡി.എച്ച്.ഡി, വളർച്ചാ വൈകല്യങ്ങൾ, ജനിതകത്തകരാറുകൾ, സംസാര വൈകല്യം, ബുദ്ധിമാന്ദ്യം, ഡൗൺസ് സിൻഡ്രോം എന്നിവയ്ക്കും പദ്ധതിയിൽ ചികിത്സയും പരിശീലനവും ലഭ്യമാണ്. 2013-ൽ പദ്ധതി ആരംഭിച്ച ശേഷം നാളിതുവരെ (2017 ഒക്ടോബർ 31 വരെ) 54,715 കുട്ടികൾ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

ആയുർ യോഗ

ജീവിതശൈലീ രോഗങ്ങൾ മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ഡ്രൈവർമാർക്കും,

വീട്ടമ്മമാർക്കും വേണ്ടി 2016-17 മുതൽ കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രി, പയ്യോളി താലൂക്ക് ആയുർവേദ ആശുപത്രി, നൊച്ചാട് ഗവ.ആയുർ വേദ ആശുപത്രി എന്നിവയെ കേന്ദ്രീകരിച്ച് നടന്നുവരുന്ന പ്രോജക്ടാണ് ഇത്. യോഗയിലൂടെ ഡ്രൈവർമാരുടെ ഏകാഗ്രത വർദ്ധിക്കുന്നതിനും, ടെൻഷൻ കുറയ്ക്കുന്നതിനും സാധിക്കുന്നതിലൂടെ അപകടങ്ങളുടെ തോത് കുറയ്ക്കുക എന്നതാണ് പ്രോജക്ടിന്റെ ഒരു ലക്ഷ്യം. അതുപോലെതന്നെ വളരെയേറെ കാര്യങ്ങൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ ചെയ്തു തീർക്കേണ്ടി വരുന്ന വീട്ടമ്മമാർക്കും യോഗ പരിശീലനം വളരെയേറെ ഗുണകരമാണ്.

2017- 18 വർഷം ആയുർയോഗയിൽ 2 പ്രോജക്ടുകളാണ് ഉള്ളത്. വീട്ടമ്മമാർക്കായിട്ടുള്ളതും, വൃദ്ധജനങ്ങൾക്കുള്ളതും സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ - 1, മെഡിക്കൽ ഓഫീസർ - 2, യോഗ ട്രെയിനർമാർ - 2 എന്ന അഞ്ച് തസ്തികകളും ഈ പ്രോജക്ടുകളിൽ ഉൾപ്പെടുന്നു.

വിവിധ പ്രോജക്ടുകളിൽ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നത് ജനകീയ സ്വഭാവത്തെ കാണിക്കുന്നു. ആയതു കൊണ്ടാണ് ഓരോ സാമ്പത്തിക വർഷവും കഴിയുന്ന മുറയ്ക്ക് വീണ്ടും പദ്ധതികൾ പ്രവർത്തിക്കുന്നതിനു വേണ്ടി വരുന്ന കാലതാമസം പ്രതികൂലമായ ഘടകമാണ്. ഇത്തരം പ്രോജക്ടുകൾ തുടർ പദ്ധതികളായി നടപ്പിലാക്കേണ്ടതായുള്ളതുകൊണ്ടാണ് പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് 3-5 വർഷത്തെ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത് പദ്ധതി നടത്തിപ്പിന് വളരെയേറെ സഹായകമാകും.

11. ഹോമിയോ വകുപ്പ്

കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികളിലുൾപ്പെട്ട താഴെ കൊടുക്കുന്ന വിവിധ ചികിൽസാ പദ്ധതികൾ ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

- ജീവിത ശൈലീ രോഗങ്ങളുടെ പ്രത്യേക ചികിൽസാ പദ്ധതി - ആയുഷ്മാൻഭവ ക്ലിനിക്
- ലഹരി വിമുക്ത ക്ലിനിക് - ലഹരി ഉപയോഗം. മദ്യപാനം, മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും രോഗികളെ മോചിപ്പിച്ച് നല്ല കുടുംബ ജീവിതത്തിന് തയ്യാറാക്കുന്നതിനായി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത ക്ലിനിക്കിലേക്ക് രോഗികളെ റഫർ ചെയ്യുന്നതിനുള്ള സ്ക്രീനിംഗ്, പ്രാഥമിക ചികിൽസ എന്നിവ ലഭ്യമാകുന്നു.
- സദ്ഗമയ ക്ലിനിക് - കൗമാരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ, വിദ്യാർത്ഥികളുടേയും കൗമാരക്കാരുടേയും ബൗദ്ധിക മാനസിക വികസനവും പഠനപെരുമാറ്റ വൈകല്യങ്ങൾക്കുള്ള ചികിൽസയും പരിഹാരബോധനവും നൽകി വരുന്നതാണ് സദ്ഗമയ ക്ലിനിക്കുകളുടെ പ്രവർത്തനം.
- സീതാലയം - സ്ത്രീകളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ, ഗാർഹികപീഡനവുമായി ബന്ധപ്പെട്ടും ലിംഗവിവേചനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കുള്ള ചികിൽസയും കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങളും പുനരധിവാസത്തിനാവശ്യമായ നടപടികളും ജില്ല ഹോമിയോ ആശുപത്രിയിൽ പ്രവർത്തിക്കുന്ന സീതാലയം പദ്ധതിയിലൂടെ ലഭ്യമാകുന്നു. സീതാലയം പദ്ധതിയുടെ ഉപക്ലിനിക്കായി പ്രവർത്തിക്കുന്ന ഫെർട്ടിലിറ്റി സെന്റർ കുട്ടികളില്ലാത്ത ദമ്പതിമാരുടെ ചികിൽസയിൽ വളരെ നല്ല സേവനം നൽകി വരുന്നു.
- ജെറിയാട്രിക് ക്ലിനിക് - വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കുള്ള പ്രത്യേക ചികിൽസാ പദ്ധതി കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്നു.
- പാലിയേറ്റിവ് കെയർ ക്ലിനിക് - കൊയിലാണ്ടി താലൂക്ക് ഹോമിയോ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കെയർ ക്ലിനിക്കിൽ രോഗികൾക്ക് ഗൃഹസന്ദർശനം നടത്തി ആവശ്യമായ ചികിൽസ നൽകി വരുന്നു.
- സ്ക്കൂൾ ആരോഗ്യപരിപാടി - നാഷണൽ ആയുഷ് മിഷന്റെ സഹായത്തോടെ നിലവിൽ ഹോമിയോപ്പതി വകുപ്പ് നടപ്പിലാക്കി വരുന്ന സ്ക്കൂൾ ആരോഗ്യപദ്ധതി വിവിധ ബ്ലോക്കുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക, പഠന, പെരുമാറ്റ വൈകല്യങ്ങൾക്കാവശ്യമായ ചികിൽസയും ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു.
- യോഗ പരിശീലനം - ജില്ലാ ഹോമിയോ

ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ജീവിതശൈലിരോഗ നിയന്ത്രണക്ലിനിക്കായ ആയുഷ്മാൻഭവ ക്ലിനിക്കിന്റെ സഹായത്തോടെ യോഗ പരിശീലനവും യോഗ തെറാപ്പിയും ലഭ്യമാക്കിയിട്ടുണ്ട്.

- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ ഹോമിയോപ്പതി വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന ദ്രുതകർമ്മ സാംക്രമിക രോഗ നിയന്ത്രണ സെൽ ഹോമിയോപ്പതി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി നടപ്പിലാക്കുന്നു. ഇതിൽ പ്രാദേശികമായി മെഡിക്കൽ ഓഫീസർ, പ്രൈവറ്റ് ഡോക്ടർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുന്നു. മുൻ കാലങ്ങളിൽ ജില്ലയിൽ ഉണ്ടായ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിൽ വളരെ നല്ല പ്രവർത്തനം കാഴ്ചവെക്കുവാൻ ഈ വകുപ്പിന് സാധിച്ചു. ചിക്കുൻ ഗുനിയ, ഡെങ്കിപനി എന്നവയുടെ നിയന്ത്രണത്തിൽ ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുകയും രോഗചികിൽസയിലും പ്രതിരോധത്തിലും നല്ലൊരു പങ്ക് വഹിക്കാനും സാധിച്ചു.

12. ശുചിത്വ മിഷൻ

കേന്ദ്രാവിഷ്കൃത പദ്ധതികളായി താഴെ പറയുന്ന 3 പദ്ധതികളാണ് നിലവിലുള്ളത്

1. സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ).

   ഖരദ്രവമാലിന്യസംസ്കരണം ഒരു ഗ്രാമപഞ്ചായത്തിന് 20 ലക്ഷം രൂപവരെ പദ്ധതി കാലയളവിൽ അനുവദിക്കണം.

2. പൊതുശൗചാലയങ്ങളും സാമൂഹിക സമുച്ചയവും സ്ഥാപിക്കുന്നതിന് യൂണിറ്റിന് 180000/- രൂപ അനുവദിക്കണം.

3. വിവരവിജ്ഞാനവിദ്യാഭ്യാസ വ്യാപന പ്രവർത്തനം.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. മഴക്കാല പൂർവ്വ ശുചികരണ ധനസഹായം.

13. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്

കേന്ദ്രാവിഷ്കൃത പദ്ധതികൾ

പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീണ) പി.എം.എ.വൈ (ജി)

2016-17 മുതൽ 2018-19 വരെയുള്ള 3 വർഷകാലയളവിനുള്ളിൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ ഭവനരഹിതർക്കു വേണ്ടി ഒരു കോടി വീടുകൾ നിർമ്മിക്കുന്നതിനുള്ള ബൃഹദ് പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീണ) അഥവാ പി.എം.എ.വൈ (ജി). 2011 -ലെ സാമൂഹിക - സാമ്പത്തിക ജാതി സെൻസസ്സിൽ ഭവനരഹിതരായി കണ്ടെത്തിയവരെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ പദ്ധതിയിൽ കേരളത്തിൽ 2016-17 വർഷം 24341 വീടുകളാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയിൽ കേന്ദ്ര/സംസ്ഥാന ധനസഹായമായി 60:40 അനുപാതത്തിൽ സമതലപ്രദേശങ്ങളിൽ 1,20,000/- രൂപയും ദുർഘടപ്രദേശങ്ങളിൽ 1,30,000/- രൂപയുമാണ് നൽകുന്നത്. ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തുക നൽകുന്നത് പി.എഫ്.എം.എസ് മുഖേന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ്. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീണ) പദ്ധതി പ്രകാരം വീടിനോടൊപ്പം ശുചിമുറി ഉൾപ്പെടെ ഗുണമേന്മയുള്ള ഭവനങ്ങൾ നിശ്ചിത സമയത്തിനകം നിർമ്മിക്കുയാണ് ലക്ഷ്യം.

കേന്ദ്രസംസ്ഥാന സർക്കാർ ധനസഹായങ്ങളും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉൾപ്പെടുത്തിയാണ് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്നത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ബാങ്ക് വായ്പ ആവശ്യമുള്ളവർക്ക് 70,000/- രൂപ വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുന്നു. സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സ് ഗുണഭോക്താക്കളുടെ ലിസ്റ്റുമായി ബന്ധപ്പെട്ട് പരാതികൾക്കുള്ള പരിഹാരം കാണുവാൻ ജില്ലാതലത്തിൽ അപ്പലേറ്റ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി മിഷൻ മോഡലിലാണ് നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാന ജില്ലാ ഗ്രാമതലങ്ങളിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

പട്ടിക 5.13

ഭവന നിർമ്മാണം – പി.എം.എ.വൈ (ജി) സംബന്ധിച്ച വിവരങ്ങൾ

വർഷം	ലക്ഷ്യം	അനുവദിച്ചത്	പൂർത്തീകരിച്ചത്	പൂർത്തീകരിക്കാത്തത്
2016- 17	2400	941	219	722
2017 18	728	140	2	138
Total	**3128**	**1081**	**114**	**860**

പി.എം.എ.വൈ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് എസ്.ഇ.സി.സി. ലിസ്റ്റിൽ നിന്നും അർഹരായ എസ്.സി/എസ്.ടി/മൈനോരിറ്റി ഗുണഭോക്താക്കൾ ലിസ്റ്റിൽ ലഭ്യമല്ലാത്തതിനാൽ ജില്ലയുടെ ടാർജ്ജറ്റ് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ടാർജ്ജറ്റ് കുറവായതിനാൽ അർഹരായവർ വളരെ അധികമുണ്ടെങ്കിലും അവർക്ക് വീട് അനുവദിക്കാൻ കഴിയുന്നില്ല. ജില്ലയിൽ ഐ.എ.വൈ/പി.എം.എ.വൈ(ജി) പദ്ധതികളിൽ ആകെ ഇനി പൂർത്തീകരിക്കാനുള്ളത് 4183 വീടുകൾ ആണ് (ഇതിൽ 328 എണ്ണം ആർ.ആർ/റീഫണ്ട് ആണ്).

കേരളത്തിൽ ഭവന നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷൻ, നിർമ്മിതി, അമൃത ഹൗസിംഗ് എന്നിങ്ങനെ ഒട്ടനവധി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി. തീരപ്രദേശങ്ങളിൽ പാർക്കുന്നവർക്കായി തീരദ്ദേശ ഭവന നിർമ്മാണ പദ്ധതികൾ. എന്നിട്ടും 2016 വർഷത്തിൽ കേരളത്തിൽ പുതിയ സർക്കാർ ലൈഫ് മിഷൻ എന്ന പദ്ധതിക്കായി സർവ്വേ നടത്തിയപ്പോൾ വീണ്ടും കേരളത്തിലെ ജനങ്ങളിൽ 30% പേർക്കും വീടില്ല.

പ്രധാന മന്ത്രി ആവാസ് യോജന (യു) (പി.എം.എ.വൈ (യു))

എല്ലാവർക്കും ഭവനമെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി സംയോജിച്ച്, നഗരസഭകൾവഴി നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രധാൻ മന്ത്രി ആവാസ് യോജന (യു) പദ്ധതിയിൽ വീടില്ലാത്ത എല്ലാവരെയും ഗുണ ഭോക്താക്കളായി തെരഞ്ഞെടുക്കുന്നതിനും വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യ മാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ 8 നഗരസഭകളിലും (കോഴിക്കോട് കോർപ്പറേഷൻ, കൊയിലാണ്ടി, വടകര, പയ്യോളി, മുക്കം, കൊടുവള്ളി, രാമനാട്ടുകര, ഫറോക്ക് നഗരസഭകളിൽ) താഴെ പറയുന്ന വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി.

1. പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേക കൗൺസിൽ യോഗം ചേർന്നു.
2. എല്ലാ ഡിവിഷനുകളിലും വാർഡു സമിതികൾ രൂപീകരിച്ചു.
3. വാർഡ് കൺവീനർമാരുടെ നിയമനവും പരിശീലനവും.
4. സർവ്വേയർമാരുടെ തിരഞ്ഞെടുപ്പും പരിശീലനവും.
5. പ്രചരണ/ബോധവൽക്കരണ പരിപാടികൾ.
6. സാധ്യതാ പട്ടിക തയ്യാറാക്കൽ.
7. ഡിമാന്റ് സർവ്വേ പൂർത്തീകരിച്ചു.
8. ജില്ലയിലെ എല്ലാ നഗരസഭകളിലും വിവിധ ഘട്ടങ്ങളിലായി ഗുണഭോക്താക്കൾ നേരിട്ടു നിർമ്മാണം നടത്തുന്ന സ്വയ നിർമ്മാണ ഘടകത്തിൽ എല്ലാ നഗരസഭയിൽ നിന്നും ഡി പി ആർ സമർപ്പിച്ച കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെടുക്കുകയും ആയതിന്റെ പദ്ധതി ആനുകൂല്യം നൽകി തുടങ്ങുകയും ചെയ്തു.
9. ഹൗസിംഗ് ഫൊർ ഓൾ പ്ലാൻ ഓഫ് ആക്ഷൻ (HFAPoA) 5 നഗര സഭകൾ സമർപ്പിക്കുകയും മറ്റു മൂന്നു നഗരസഭകളിൽ ആയതിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്തു വരുന്നു.
10. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സി.എൽ.എസ്) 421 ഗുണഭോക്താക്കൾക്ക് വീടു പണിയു

ന്നതിനു പലിശ സബ്സിഡിയോടു കൂടിയ ലോൺ വിവിധ ബാങ്കുകളിൽ നിന്നു നൽകിയിട്ടുണ്ട്.

11. ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ വിശകലനം ജിയോ ടാഗിംഗ് മുഖാന്തിരം നടപ്പിലാക്കി വരുന്നു.

14. വിദ്യാഭ്യാസ വകുപ്പ്

I. കേന്ദ്ര സർക്കാർ പദ്ധതികൾ

A. സർവ്വശിക്ഷാ അഭിയാൻ (എസ്. എസ്. എ) നടത്തിയ വികസനപ്രവർത്തനങ്ങൾ

1. സൗജന്യ പാഠപുസ്തകവിതരണം.
2. സൗജന്യ യൂണീഫോം വിതരണം.
3. 5 ദിവസത്തെ അവധിക്കാല അധ്യാപക പരിശീലനം.
4. ക്ലസ്റ്റർ പരിശീലനം (3 എണ്ണം).
5. ബി.ആർ.സി (15 എണ്ണം), സി.ആർ.സി (169 എണ്ണം) സംവിധാനം ശക്തിപ്പെടുത്തൽ.
6. സ്ക്കൂൾ ഗ്രാന്റ്(എൽ.പി തലം-5000 രൂപ, യു. പി തലം-7000 രൂപ, എൽ.പി തലവും, യു.പി തലവും ഒരുമിച്ചുള്ളവക്ക് - 12000).
7. മെയിന്റനൻസ് ഗ്രാന്റ് (എൽ.പി തലം-7500 രൂപ, യു.പി തലം-7500 രൂപ, എൽ.പി തലവും, യു.പി തലവും ഒരുമിച്ചുള്ളവക്ക്- 12000.
8. സ്റ്റേറ്റ് അച്ചീവ്മെന്റ് സ്റ്റഡി - ഗവേഷണവും വിലയിരുത്തലും.
9. ഐ.ഇ.ഡി.സി (ഭിന്നശേഷിയുള്ള കുട്ടികളുടെ വികസനം).
10. ഹലോ ഇംഗ്ലീഷ് (പഠനപരിപോഷണ പരിപാടി).
11. മലയാളത്തിളക്കം(പഠനപരിപോഷണ പരിപാടി).
12. സുരീലി ഹിന്ദി.
13. എസ്.എം.സി പരിശീലനം/പി.ആർ.ഐ പരിശീലനം.
14. ഔട്ട് ഓഫ് ചിൽഡ്രനുവേണ്ടി പ്രത്യേക പരിശീലനം.
15. സിവിൽ വർക്ക്സ്.
16. കമ്മ്യൂണിറ്റി മൊബിലൈസേഷൻ.
17. മുന്നേറ്റം - ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക്, എസ്.സി, എസ്.ടി കുട്ടികൾക്കു വേണ്ടി.
18. ശ്രദ്ധ - പിന്നോക്കക്കാരായ 3, 5, 8 ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പ്രത്യേക പരിപാടികൾ.

B. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ)

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്ന കേന്ദ്രഗവൺമെന്റ് പദ്ധതി പതിനൊന്നാം പഞ്ചവൽസര പദ്ധതി കാലത്താണ് ഇന്ത്യ ഗവൺമെന്റ് നടപ്പിലാക്കിയത്. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ ഭാഗമായി നടത്തിയ വികസനപ്രവർത്തനങ്ങൾ താഴെ നൽകിയിരിക്കുന്നു.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) - നടത്തിയ വികസന പ്രവർത്തനങ്ങൾ.

1. സെക്കന്ററി സ്ക്കൂൾ നിർമ്മാണം

- അപ്പർ പ്രൈമറി സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് സെക്കന്ററി സ്ക്കൂളാക്കൽ.
- സെക്കന്ററി സ്ക്കൂളുകളിൽ കൂടുതൽ ക്ലാസ് മുറികൾ പണിയുക.
- ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ മുറികൾ ഒരുക്കൽ.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റുകൾ സ്ഥാപിക്കൽ.
- അധ്യാപകരെ നിയമിക്കൽ.
- അധ്യാപകർക്ക് പരിശീലനം(വർഷം 16 ദിവസം).
- പ്രധാന അധ്യാപകർക്ക് ഭരണനേതൃത്വ പരിശീലനം.
- പാഠ്യേതരപ്രവർത്തനങ്ങൾക്ക് ധനസഹായം - സ്പോർട്സ്, സംഗീത ഉപകരണങ്ങൾ വാങ്ങൽ.
- അധ്യാപനപഠന സഹായികൾക്കുള്ള ഗ്രാന്റ്, ചോദ്യസമാഹാര നിർമ്മാണശിൽപശാലകൾ.
- റെമിഡിയൽ ടീച്ചിംഗിനുള്ള പ്രത്യേക ധനസഹായം.
- പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ വിഭാഗം-പ്രത്യേക മോട്ടിവേഷൻ പരിപാടികൾ.
- പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മാണം.
- സയൻസ് കിറ്റ്/മാത്ത്സ് കിറ്റ്.
- യോഗപരിശീലനം (5 ദിവസം).

- സെൽഫ് ഡിഫൻസ് ട്രെയ്നിംഗ് - ആയോധന പരിശീലനം.
- ഇൻസൈഡ്/ ഔട്ട്സൈഡ് ടൂർ.
- സിവിൽ വർക്ക് - മേജർ റിപ്പയർ.
- മെഡിക്കൽ ക്യാമ്പ് - ഭിന്നശേഷി കുട്ടികൾക്ക്.
- എസ്.എം.സി.സി മെമ്പർമാർക്കുള്ള പരിശീലനം.
- സ്കൂൾ മെയിന്റനൻസ് ഗ്രാന്റ്.
- മേജർ റിപ്പയർ/മൈനർ റിപ്പയർ.
- അദ്ധ്യാപക പരിശീലനം.
- സയൻസ് എക്സിബിഷൻ.

C. ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്)

ദേശീയ വിദ്യാഭ്യാസനയത്തിന്റെ (1986) ഭാഗമായി പ്രൈമറി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിനായാണ് ഇന്ത്യയിലൂടനീളം ഡയറ്റുകൾ സ്ഥാപിക്കപ്പെട്ടത്. നിലവിൽ ഏഴ് ഫാക്കൽറ്റികളിലായാണ് ഡയറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഏഴു ഫാക്കൽറ്റികളും പൊതുവായി ചെയ്യുന്ന പ്രവർത്തനങ്ങളാണ് താഴെ നൽകിയിരിക്കുന്നത്.

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്) - നടത്തിയ വികസന പ്രവർത്തനങ്ങൾ

പരിശീലനങ്ങൾ

- പ്രധാനാധ്യാപക പരിശീലനങ്ങൾ.
- അധ്യാപക പരിശീലനങ്ങൾക്കായി റിസോഴ്സ് പേഴ്സനുള്ള പരിശീലനങ്ങൾ.
- സേവനകാല അധ്യാപകപരിശീലനം.
- പൂർവ്വകാല അധ്യാപകപരിശീലനം നടത്തുന്ന ടീച്ചർ എഡ്യുക്കേറ്റർമാർക്കുള്ള പരിശീലനം.
- വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള പരിശീലനം.
- സാക്ഷരതാ പ്രേരക്മാർക്കുള്ള പരിശീലനം, ഗവേഷണവും ആക്ഷൻ റിസേർച്ചും ട്രൈ ഔട്ടുകളും.
- ഡി.എഡ് പാഠ്യപദ്ധതിവികസനവും, സാമഗ്ര വികസനവും മൂല്യനിർണ്ണയവും.
- റിസോഴ്സ് സെന്ററും ഡോക്യുമെന്റേഷനും.
- ഓൺ സൈറ്റ് സപ്പോർട്ട് - ഒ.എസ്.എം.എസ്.
- പ്രീ സർവ്വീസ് ടീച്ചർ എഡ്യുക്കേഷൻ.
- അൺ ഇക്കണോമിക് വിദ്യാലയങ്ങളെ ശാക്തീകരിക്കുന്നതിന് അയൽപക്ക വിദ്യാലയ വികസന പരിപാടി.
- പ്രതിഭാ പരിപോഷണ പരിപാടി.
- കൊളാബ് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുമായി ചേർത്ത് അദ്ധ്യാപകർ, വിദ്യാർത്ഥികൾക്കുള്ള പരിശീലനം.
- സ്പെഷ്യലിസ്റ്റ് അദ്ധ്യാപക ശാക്തീകരണ പരിശീലന പരിപാടി.
- ഭാഷാ അദ്ധ്യാപകർക്കുള്ള പ്രത്യേക പരിപാടി.
- എൽ.എസ്.എസ്/യു.എസ്.എസ്/ന്യൂമാത്സ് സ്കോളർഷിപ്പ് പരിശീലനം.
- എസ്.റ്റി/എസ്.പി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പരിപാടി.
- ലോവർ പ്രൈമറി വിദ്യാർത്ഥികൾക്കായുള്ള വായന പരിപോഷണ പരിപാടി.
- റിസോഴ്സ് അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനം.
- ടീച്ചർ ലൈബ്രേറിയന്മാർക്കുള്ള പരിശീലനം.
- മെറ്റീരിയൽ ഡവലപ്മെന്റ് - ലെൻസ്, ടെൽ, ശ്രദ്ധ തുടങ്ങിയവ.

II. സംസ്ഥാനാവിഷ്കൃത പദ്ധതികൾ

1. പ്രീ സ്കൂൾ അദ്ധ്യാപക പരിവർത്തന ഗവേഷണ പരിപാടി (പ്രശിക്ഷാ) എസ്.സി.ഇ.ആർ.ടി.
2. ഗിഫ്റ്റഡ് ചിൽഡ്രൺ പ്രോഗ്രാം പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി.
3. സ്കൂൾ സുരക്ഷാ പദ്ധതി - ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട്.
4. ജൈവ വൈവിധ്യ പാർക്ക് (Biodiversity park): സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി. ഒരു സ്കൂളിന് 25,000 രൂപ വീതം ഒരോ നിയോജക മണ്ഡലത്തിലെയും എം.എൽ.എ മാർ തിരഞ്ഞെടുക്കുന്ന സ്കൂളുകളിലാണ് സ്ഥാപിക്കുന്നത്. ജില്ലയിൽ 92 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്.
5. കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് ധനസഹായ പദ്ധതി. ഒരു കുട്ടിക്ക്

10000 രൂപ വീതം.

6. ശ്രദ്ധ മികവിലേക്കൊരു ചുവട് പദ്ധതി.

15. യുവജനക്ഷേമ ബോർഡ്

2017-2018 വർഷത്തിലെ കേന്ദ്ര സംസ്ഥാന പദ്ധതികളുടെ സംക്ഷിപ്താവലോകനം.

നടപ്പു സാമ്പത്തികവർഷം ജില്ലയിൽ സംസ്ഥാന സർക്കാർ മുഖേന ജില്ലാ യുവജനക്ഷേമ ബോർഡ് 32,00,494 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇതേ വർഷം കേന്ദ്ര സർക്കാറിൽ നിന്നും 4,00,958 രൂപ നെഹ്റു യുവ കേന്ദ്രക്ക് ലഭിച്ചിട്ടുണ്ട്. ലഭ്യമായ സംഖ്യ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

ജില്ലാ സ്പോർട്സ് കൗൺസിൽ നടപ്പ് സാമ്പത്തിക വർഷം 41,86,288 രൂപ സ്പോർട്സ് ഹോസ്റ്റലുകൾക്കായ് ചെലവഴിച്ചിട്ടുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന ജില്ലയിലെ 3 സെൻട്രലൈസ്ഡ് ഹോസ്റ്റലുകളിൽ പഠിക്കുന്ന 88 വിദ്യാർത്ഥികൾക്കും 20 ഡെ ബോർഡിംഗ് സെന്ററിലെ 400 ഓളം കുട്ടികളുടെ കായിക വികസന പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നു. ഈ മേഖലക്ക് സർക്കാർ നൽകുന്ന സഹായം വർദ്ധിപ്പിക്കേണ്ടതുണ്ട്.

പട്ടിക 5.14

യുവജനക്ഷേമബോർഡ് മുഖേന നടത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ

1	കേരളോത്സവം-	70 പഞ്ചായത്തുകൾക്ക് - 20,000 രൂപ വീതം	14,00,000
2	കേരളോത്സവം-	12 ബ്ലോക്ക്, 7 മുസിസിപ്പാലിറ്റി, 1 കോർപ്പറേഷന് - 35,000 രൂപ വീതം	7,00.000
3	കേരളോത്സവം-	ജില്ലാ പഞ്ചായത്ത് - 2,50,000 രൂപ	2,50,000
4	കേരളോത്സവം- പ്രൈസ്സ് മണി	ജില്ലാ തലം	7,67,817
5	യുവ മാധ്യമ ശില്പശാല	ജില്ലാ തലം	46,410
6	പരിസ്ഥിതി ദിനാചരണം	ജില്ലാ തലം	12,450
7	എസ്.എസ്.എൽ.സി, പ്ലസ്സ്ടു കുട്ടികൾക്കുള്ള അനുമോദനം	ജില്ലാ തലം	23,817
	ആകെ		32,00,494

അവലംബം: യുവജനക്ഷേമ ബോർഡ്

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കായിക യുവജന മേഖലയിലെ വികസനത്തിനായി ഫണ്ടുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. വനിതകൾക്കായി സ്വയം തൊഴിൽപരിശീലനം, സ്വയം രക്ഷക്കായി കളരി പഠനം, യുവാക്കൾക്കായി സംരഭകത്വം, കായിക മേഖലയിൽ വിവിധ പരിശീലനങ്ങൾ എന്നിവക്കായി ഇനിയും സ്വയംഭരണസ്ഥാപനങ്ങൾ ഫണ്ടുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

16. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

കേന്ദ്രാവിഷ്കൃത പദ്ധതികൾ

കോഴിക്കോട് ജില്ലയിൽ വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. കോഴിക്കോട് പട്ടണം, കൊയിലാണ്ടിയും, വടകരയും നഗരസഭകൾ എന്നീ പ്രദേശങ്ങളുടെ വൈദ്യുതി വിതരണ രംഗത്ത് 300 കോടി രൂപയുടെ ആർ.എ.പി.ഡി.ആർ.പി പദ്ധതി 2018 മാർച്ച് മാസത്തോടെ പൂർത്തീകരിക്കും. ഭൂഗർഭ കേബിളുകൾ, പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ, ഏരിയൽ ബഞ്ച്ഡ് കേബിളുകൾ, വിതരണ രംഗത്ത് സ്കാഡാ സംവിധാനം, സ്ട്രീറ്റ് ലൈറ്റുകളുടെ നിയന്ത്രണത്തിന് ഓട്ടോമാറ്റിക്ക് സ്വിച്ചിംഗ് സംവിധാനങ്ങൾ എന്നിവ വഴി വൈദ്യുതിക്ക് മെച്ചപ്പെട്ട വോൾട്ടേജ്, തടസ്സരഹിത മായ വൈദ്യുതി വിതരണം, വിതരണ നഷ്ടം കുറയ്ക്കൽ തുടങ്ങിയവയാണ് ഈ പദ്ധതി പൂർത്തിയാകുന്നതോടെ കൈവരിക്കാൻ സാധിക്കുന്നത്. ഈ പദ്ധതിയുടെ തുടർച്ചയായി സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്) പ്രകാരം 29.86 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ച ജോലികളും നടന്നു വരുന്നു. ഇതു കൂടാതെ ഗ്രാമ പ്രദേശത്തെ വൈദ്യുതി വികസനത്തിനായി 43.66 കോടി രൂപയുടെ ദീന ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ) പദ്ധതിയും ജില്ലയിൽ നടന്നു വരുന്നു.

17. പൊതുമരാമത്ത് വകുപ്പ്

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ

നിർമ്മാണത്തിലിരിക്കുന്ന പി.എം.ജി.എസ്.വൈ റോഡുകൾ

ഇന്ത്യയിലെ സംസ്ഥാനങ്ങളിലെ ഗ്രാമീണ മേഖലയിലെ കാർഷിക ഗ്രാമങ്ങളെയും റോഡുകൾ എത്തിച്ചേരാത്ത ജനവാസ കേന്ദ്രങ്ങളെയും എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന ഗ്രാമീണ റോഡുകൾ വഴി പ്രധാന റോഡുകളുമായി ബന്ധിപ്പിക്കാനും ഇതിലൂടെ ജനങ്ങളുടെ കാർഷികപരവും സാമൂഹികപരവും തൊഴിൽ പരവുമായ വളർച്ച ലക്ഷ്യമിട്ടാണ് 25 ഡിസംബർ 2000 ൽ പി.എം.ജി.എസ്.വൈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ സർവ്വേ ചെയ്ത് റോഡിന്റെ നീളം, വീതി, റോഡിലുള്ള സ്ഥാപനങ്ങൾ, പി.സി.ഐ. വാല്യൂ, യൂട്ടിലിറ്റി വാല്യൂ, വാഹനങ്ങളുടെ സാന്ദ്രത എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തി ബ്ലോക്ക് ഭരണസമിതിയുടെ അംഗീകാരത്തോടെ ബ്ലോക്ക് റൂറൽ റോഡ് പ്ലാൻ (BRRP), കോംപ്രിഹൻസീവ് അപ്ഗ്രഡേഷൻ കം പ്രയോറിട്ടി ലിസ്റ്റ് (CUCPL) എന്നിവ തയ്യാറാക്കുന്നു. ജില്ലയിലെ എല്ലാ ബ്ലോക്കുകളും ക്രോഡീകരിച്ച് District Rural Road Plan (DRRP), റോഡ് ലിസ്റ്റ് എന്നിവ ജില്ലാ പഞ്ചായത്തിന്റെയും, ജില്ലാ പ്ലാനിംഗ് കമ്മറ്റിയുടെയും അംഗീകാരത്തോടെ തയ്യാറാക്കുന്നു. ഇത്തരത്തിൽ ക്രോഡീകരിച്ച ലിസ്റ്റ് ബന്ധപ്പെട്ട മണ്ഡലത്തിലെ MP, MLA എന്നിവരുടെ അംഗീകാരത്തിനായി അയക്കുന്നു. ഇതിനു ശേഷം ലിസ്റ്റ് KSRRDA, NRRDA പരിശോധിച്ച ശേഷം State level standing Committee (SLSC) അംഗീകാരത്തിനായി സമർപ്പിക്കുന്നു. SLSC അംഗീകാരം ലഭിച്ച റോഡുകളുടെ Pavement Condition Index (PCI), യൂട്ടീലിറ്റി വാല്യൂ എന്നിവ പരിശോധിച്ചാണ് പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നത്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജില്ലാ PIU ഓഫീസുകളിൽ തയ്യാറാക്കി സംസ്ഥാന ഓഫീസിൽ നിന്ന് ടെണ്ടർ നടത്തിയാണ് നടപ്പിലാക്കുന്നത്. എല്ലാ കാലാവസ്ഥയെയും അതിജീവിക്കുന്നതും ജില്ലാതലം, സംസ്ഥാന തലം, കേന്ദ്രതലം എന്നീ മൂന്ന് തലത്തിൽ കർശന ഗുണനിലവാര പരിശോധനയോടെ റൂറൽ റോഡ് മാമ്പൽ നിഷ്കർഷിക്കുന്ന രീതിയിൽ 5 വർഷത്തെ മെയിന്റനൻസ് ഗ്യാരണ്ടിയോട് കൂടിയാണ് റോഡുകൾ നിർമ്മിക്കുന്നത്. PMGSY I പദ്ധതിയിൽ 70 റോഡുകൾ പൂർത്തീകരിച്ച് അഞ്ച് വർഷ മെയിന്റനൻസിന് ശേഷം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

50 റോഡുകൾ മെയിന്റനൻസ് നടത്തിവരുന്നുണ്ട്. Pmgsy II Batch I പ്രവൃത്തിയിൽ 5 പ്രവൃത്തികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

Batch III പദ്ധതിയിൽ 4 പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കോഴിക്കോട് ജില്ലയിൽ ഉള്ള 5 ബാക്കി പഞ്ചായത്തുകളിൽ ഉൾപ്പെട്ട 5 റോഡുകൾ പ്രാഥമിക അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ മുഖേന നടപ്പിലാക്കിയ റോഡുകളുടെയും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡുകളുടെയും മറ്റും വിശദാശങ്ങൾ (അനുബന്ധം - 4.90) ആയി നൽകുന്നു.

പട്ടിക 5.15

നിർമ്മാണത്തിലിരിക്കുന്ന പി.എം.ജി.എസ്.വൈ റോഡുകളുടെ (ബ്ലോക്ക് തലത്തിൽ)

ക്രമ നം.	ബ്ലോക്ക്	പഞ്ചായത്ത്	പ്രവൃത്തിയുടെ പേര്	ദൈർഘ്യം (കി.മീ.)
1	കുന്ദമംഗലം	കുരുവട്ടൂർ	പാറക്കടവ് കോണോട്ട് പോലൂർ റോഡ്	3.031
2	കുന്നുമ്മൽ	കുറ്റ്യാടി/വേളം	പൊയിൽമുടക്ക് ഒളോടിത്താഴ റോഡ്	2.81
3	പേരാമ്പ്ര	നൊച്ചാട്	മുളിയങ്ങൽ വലിയ കോട്	4.65
4	ചേളന്നൂർ	നന്മണ്ട	പൊയിൽതാഴം അരീപ്പുറം മുക്ക്	3.46
5	ബാലുശ്ശേരി	ഉള്ളേള്യരി /അത്തോളി	മുണ്ടോത്ത് കൂമുള്ളി റോഡ്	2.84

നബാർഡ് പ്രവൃത്തികൾ

ജില്ലയിൽ ഓരോ വർഷവും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ചുരുങ്ങിയത് 3 റോഡെങ്കിലും നവീകരണം പൂർത്തിയാക്കാറുണ്ട്. ഈ സാമ്പത്തിക വർഷം 4 റോഡുകളിലായി 2400 ലക്ഷം രൂപയുടെ പ്രവൃത്തി പൂരോഗമിക്കുന്നു. അടുത്ത 5 വർഷത്തിനുള്ളിൽ 1000 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തി നബാർഡിലൂടെ പ്രതീക്ഷിക്കുന്നു.

18. പട്ടികജാതി വികസന വകുപ്പ്

സംസ്ഥാന പദ്ധതികൾ

വിദ്യാഭ്യാസ പരിപാടികൾ

1. നഴ്സറി സ്കൂളുകൾ: പട്ടികജാതി കോളനികളിലും സങ്കേതങ്ങളിലുമായി നഴ്സറി സ്കൂളുകൾ വകുപ്പ് നടത്തിവരുന്നു. പ്രതിദിന ഫീഡിംഗ് ചാർജ്ജും യൂണിഫോമും അടങ്ങുന്ന പഠന സാമഗ്രികളും നൽകുന്നു.
2. പ്രീമെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ്സ് വരെ): എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ സ്കൂൾ പ്രധാനദ്ധ്യാപകർ മുഖേന ലംപ്സം ഗ്രാന്റ് നൽകുന്നു.
3. വേടൻ, നായാടി, അരുന്ധതിയാർ/ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നല്കുന്നു.
4. പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും ഗ്രാന്റും നൽകുന്ന പദ്ധതി (ഡി.ബി.ടി).
5. വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം.
6. ജാതി മത പരിഗണന കൂടാതെ ഈ ആനുകൂല്യം അനുവദിക്കുന്നു.

7. അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് നൽകുന്നു.

8. ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്: 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

9. പ്രീ മെട്രിക് ഹോസ്റ്റലുകൾ : ജില്ലയിൽ നിലവിൽ 6 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

10. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (പത്താം ക്ലാസ്സിന് ശേഷം): പ്ലസ് വൺ മുതൽ പഠനം നടത്തുന്ന വർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ നൽകുന്നു.

11. അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം : ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500 രൂപ നൽകുന്നു.

12. പ്രത്യേക പ്രോത്സാഹന സമ്മാനം : വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.

13. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം: എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിന് മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘകാല കോച്ചിംഗിന് 20,000/- രൂപ വരെ ധനസഹായം നൽകുന്നു.

14. സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം. വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവ്വേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു. എഞ്ചിനീയറിംഗ്/ മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്/ (5,000/-, 10,000/-) അനുവദിക്കുന്നു.

15. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 4 വരെ ക്ലാസ്സുകളിൽ സർക്കാർ/ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വാങ്ങുന്നതിന് പഠന പ്രോത്സാഹനത്തിനായി 2000/- രൂപ നൽകുന്നു.

ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 25,000/- രൂപ ധനസഹായം അനുവദിക്കുന്നു.

സ്റ്റെതസ്കോപ്പ് വിതരണം

ഒന്നാം വർഷ എം.ബി.ബി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ് വിദ്യാർത്ഥികൾക്ക് 5,800/- രൂപ സൗജന്യമായി സ്റ്റെതസ്കോപ്പിനായി നൽകി വരുന്നു.

16. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തതും, 2,50,000/- രൂപ വരെ വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥിക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം നൽകുന്നു.

പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം നൽകുന്നു.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐ.ടി.ഐ കൾ).

വകുപ്പിന് കീഴിൽ ജില്ലയിൽ 2 ഐ.റ്റി.ഐ കളിലായി എൻ.സി.വി.റ്റി/ എസ്.സി.വി.റ്റി നിലവാരമുള്ള ട്രേഡുകളിൽ പരിശീലനം നൽകുന്നു.

17. ബുക്ക് ബാങ്ക് പദ്ധതി

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.

പഠനയാത്ര പര്യടന പരിപാടിയ്ക്ക് 4000 രൂപ നൽകുന്നു.

സാമ്പത്തിക വികസന പദ്ധതികൾ

1. സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രകാരം വ്യക്തികൾക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പത്തുകയുടെ 1/3 സബ്സിഡി നൽകുന്നു.

2. വക്കീലന്മാർക്ക് ധനസഹായം ആദ്യത്തെ മൂന്നു വർഷത്തേക്ക് നൽകുന്നു.

3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ് നൽകി വരുന്നു.

4. സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്ന പദ്ധതിയിൽ 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നു.

സാമൂഹ്യക്ഷേമ പരിപാടികൾ

1. വിവാഹ ധനസഹായമായി 75,000/- രൂപ നൽകുന്നു.

   മിശ്രവിവാഹ ധനസഹായമായി 75,000/- രൂപ നൽകുന്നു.

   ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/- രൂപ ഗ്രാന്റായി അനുവദിക്കുന്നു.

2. ഭവന നിർമ്മാണ ധനസഹായം - 2014-15 സാമ്പത്തിക വർഷം മുതൽ 3,00,000/- രൂപ ഭവന നിർമ്മാണ ധനസഹായം ആയി നൽകുന്നു. 45,000/-, 90,000/-, 1,20,000/-, 45,000/- എന്നിങ്ങനെ നാലു ഗഡുക്കളായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

3. ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു.

4. പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസനിധി - മാരകമായ രോഗം ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 50,000/-വരെ ചികിത്സാധനസഹായമായി അനുവദിക്കുന്നു. ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000/- രൂപ വരെ നൽകുന്നു.

5. ഭവന പുനരുദ്ധാരണം/ അഡീഷണൽ റൂം ധനസഹായം പദ്ധതി പ്രകാരം 50,000/- രൂപ നൽകുന്നു.

6. വിജ്ഞാൻവാടി - പട്ടികജാതി വിദ്യാർത്ഥികളുടേയും യുവാക്കളുടേയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും വിജ്ഞാൻവാടികൾ ആരംഭിച്ചു.

7. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായമായി 1,00,000/- രൂപ വരെ അനുവദിക്കുന്നു.

കോർപ്പസ് ഫണ്ട് പ്രവർത്തികൾ

1. പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, നടപ്പാത, കുടിവെള്ളം, വൈദ്യുതി മുതലായവ എത്തിക്കുന്നതിനുള്ള പദ്ധതിയാണ്.

2. പ്ലസ് വൺ മുതൽ പഠനം നടത്തുന്നവർക്ക് 630/- രൂപ സ്റ്റൈപ്പന്റ് നൽകുന്നു. 8 കി.മീ കൂടുതൽ യാത്ര ചെയ്ത് വരുന്നവർക്ക് സ്റ്റൈപ്പന്റ് 750/- രൂപയാണ്. ലംപ്സം ഗ്രാന്റ് നിരക്ക് ചുവടെ ചേർക്കുന്നു.

പ്ലസ് ടു, വി.എച്ച്.സി	-	11130/- രൂപ
ഡിഗ്രി, തത്തുല്യ കോഴ്സുകൾ	-	1190/- രൂപ
പി.ജി, തത്തുല്യ കോഴ്സുകൾ	-	1570/- രൂപ
പ്രൊഫഷണൽ കോഴ്സുകൾ	-	440 മുതൽ 3130 രൂപ വരെ കോഴ്സ് അനുസരിച്ച്

3. ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്കും

പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ പ്രവേശനം ലഭിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. ഈ ആനുകൂല്യം ലഭിക്കാത്തവരും അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നവരും 2.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ളതുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം 2014-15 വർഷം മുതൽ ആനുകൂല്യം അനുവദിക്കുന്നു. പ്ലസ് വൺ മുതൽ പ്രൊഫഷണൽ കോഴ്സുവരെയുള്ള മുഴുവൻ പോസ്റ്റ്മെട്രിക് കോഴ്സുകൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.

വകുപ്പിന്റെ അംബേദ്കർ ഗ്രാമവികസന പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ കൂടി ഉൾപ്പെടുത്തി സമഗ്രമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. എം.പി ഫണ്ട്, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ ഏകോപിപ്പിച്ച് ജില്ലയിൽ പട്ടികജാതി സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്.

വകുപ്പിന്റെ പ്രധാനപ്പെട്ട പദ്ധതികളായ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, വന നിർമ്മാണം, ചികിത്സാ ധനസഹായം, എന്നീ പദ്ധതികളുടെ ധനസഹായ വിതരണം പൂർണ്ണമായും ഓൺലൈനായി ചെയ്തു വരുന്നു. ഭവന നിർമ്മാണ പദ്ധതി ലൈഫ് മിഷനുമായി സഹകരിച്ച് നടപ്പിലാക്കുന്നു. സ്പിൽ ഓവർ ആയ 888 വീടുകൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്ന മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കൂടി ഇപ്പോൾ ജില്ലാ ഓഫീസ് മുഖേനയാണ് നൽകുന്നത്. കോർപ്പസ് ഫണ്ടിന്റെ 1/3 ഭാഗം ജില്ലാതലത്തിലേക്ക് വികേന്ദ്രീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ബ്ലോക്ക്/നഗരസഭകളിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ കാലതമാസം ഉണ്ടാകുന്നത് ഒരു പ്രധാനപ്പെട്ട നിർവ്വഹണ പ്രശ്നമായി അനുഭവപ്പെടുന്നുണ്ട്. 2016-17-ൽ ആരംഭിച്ച അംബേദ്കർ ഗ്രാമവികസന പരിപാടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും പദ്ധതി നിർവ്വഹണത്തിലും പ്രതിക്ഷിച്ച വേഗത ഉണ്ടാകുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ സമഗ്ര വികസനത്തിന് കരട് പദ്ധതി തയ്യാറാക്കുമ്പോൾ അനുവദിക്കപ്പെട്ട ഒരു കോടി രൂപ അപര്യാപ്തമായി കാണുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 2018-19 സാമ്പത്തിക വർഷം മുതൽ സംയോജനത്തിലൂടെ സമഗ്രമായ സങ്കേത വികസനത്തിനുള്ള പദ്ധതി തയ്യാറാക്കുന്നതാണ്.

19. പട്ടികവർഗ്ഗ വികസന വകുപ്പ്

കേന്ദ്ര സംസ്ഥാന സർക്കാറുകൾ ജില്ലയിൽ നടപ്പാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിവരം ചുവടെ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതികളുടെ വിജയത്തിനും അവ യഥാസമയം പൂർത്തീകരിക്കുന്നതിനും പ്രാദേശിക സർക്കാറുകളുടെ പങ്ക് വളരെ പ്രസക്തമാണ്. സംസ്ഥാന സർക്കാർ അനുവദിക്കുന്ന കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ, പാശ്ചാത്തല സൗകര്യ വികസന പ്രവൃത്തികൾ മിക്കതും ഗ്രാമപഞ്ചായത്താണ് നടപ്പിലാക്കി വരുന്നത്. ജില്ലയിലെ വിവിധ പദ്ധതികളിൽ 2015-16 ലെ സമഗ്ര വികസന പദ്ധതി (എ.ടി.എസ്.പി) 30 ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റു പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി ഗ്രാമപഞ്ചായത്തു മുഖേന നടപ്പിലാക്കുന്ന ചില പദ്ധതികൾ പൂർത്തീകരിക്കാൻ ഇനിയും ശേഷിക്കുന്നുണ്ട്.

പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പ്രാദേശിക സർക്കാറുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കുടിവെള്ള പദ്ധതികൾ, റോഡുകൾ, നടപ്പാതകൾ, മറ്റു അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ശാസ്ത്രീയമായ രീതിയിൽ അവ ഏറ്റെടുത്ത് എത്രയും വേഗം പൂർത്തീകരിച്ച് അവയുടെ പ്രയോജനം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്തിക്കുന്നതിനു തദ്ദേശ സ്ഥാപനങ്ങൾ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.
2. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ, ആവർത്തന ചെലവുകൾ ഏറ്റെടുത്ത് സദാസമയവും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിന് പ്രാദേശിക സർക്കാറുകൾ ശ്രദ്ധിക്കേണ്ടതുണ്ട്.

വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് ശരിയായ രീതിയിൽ നടപ്പാക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുകയും മോണിറ്ററിംഗിന്റെ കാര്യക്ഷമത ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും വേണം.

പട്ടിക 5.16

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രധാന കേന്ദ്രസഹായ പദ്ധതികൾ

വർഷം	പ്രത്യേക കേന്ദ്രസഹായ പദ്ധതി (SCA to TSP)	ആർട്ടിക്കിൾ 275 (1) പദ്ധതികൾ	പ്രീമെട്രിക് സ്കോളർഷിപ്പ് (9,10 ക്ലാസ്)
2013-14	22,00,000	---	---
2014-15	22,00,000	7,01,000	---
2015-16	10,00,000	22,36,000	12,71,250
2016-17	35,00,000	22,36,000	10,67,250
2017-18	30,00,000	---	10,50,000

പട്ടിക 5.17

2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച പ്രധാന പദ്ധതികൾ (പട്ടികവർഗ്ഗ വികസന വകുപ്പ്)

പദ്ധതി	വർഷം	കോളനി	പഞ്ചായത്ത്	കുടുംബങ്ങൾ	തുക
ഹാംലറ്റ് ഡിവലപ്മെന്റ് സ്കീം	2013-14	ചെമ്പുകടവ് അംബേദ്കർ കോളനി	കോടഞ്ചേരി	28	84,20,241
	2014-15	ചെങ്ങോട്ടുമല	കോട്ടൂർ	148	95,57,085
	2014-15	കാരശ്ശേരി - 7 കോളനികൾ	കാരശ്ശേരി	60	72,45,584
എ.ടി.എസ്.പി. സമഗ്ര വികസന പദ്ധതി	2015-16	കുറുമരുകണ്ടി	പുതുപ്പാടി	25	1,35,98,104
		കുറ്റല്ലൂർ	വാണിമേൽ	30	2,08,93,607
		മാടാഞ്ചേരി	വാണിമേൽ	45	2,02,90,262
		പന്നിയേരി	വാണിമേൽ	34	1,76,94,363
		വായാട്	നരിപ്പറ്റ	50	1,15,75,456
		വട്ടച്ചിറ	കോടഞ്ചേരി	135	88,11,168
		കാക്കണഞ്ചേരി	കട്ടിപ്പാറ	10	76,53,445

പട്ടിക 5.18

2017–18 വർഷത്തിൽ പട്ടികവർഗ്ഗ വകുപ്പു മുഖേനയുള്ള പദ്ധതികൾക്കു വകയിരുത്തിയ തുക

മേഖല	വിവിധ പദ്ധതികൾക്കായി നിലവിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ)
പാർപ്പി ടം	165.00
വിദ്യാഭ്യാസം (ഇ-ഗ്രാന്റ്സ് ഒഴികെ)	191.00
കുടിവെള്ളം	32.50
റോഡ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ	45.90
കൃഷി	8.40
തൊഴിൽ	22.21
ആരോഗ്യം	33.80
സാമൂഹ്യക്ഷേമം, മറ്റു സേവനങ്ങൾ	119.11
ആകെ	**617.92**

2017-18 വർഷം വകുപ്പു മുഖേന പ്രധാന പദ്ധതികൾ നടപ്പാക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ വിവരങ്ങൾ

പട്ടിക 5.19

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെൻറ് സ്കീം (സമഗ്ര സങ്കേത വികസന പദ്ധതി)

കോളനികൾ	ഗ്രാമപഞ്ചായത്ത്	കുടുംബങ്ങൾ	അസംബ്ലി/ നിയോജക മണ്ഡലം
അടുപ്പിൽ - വാളാംതോട് (ക്ലസ്റ്റർ)	വാണിമേൽ	91	നാദാപുരം
കണ്ടിവാതുക്കൽ - ഇളമ്പ - പൊരുന്തൻപിലായി (ക്ലസ്റ്റർ)	ചെക്യാട്, വളയം	78	നാദാപുരം
ഓടപ്പൊയിൽ പണിയർ കോളനി, മേലെപൊന്നങ്കയം പണിയർ കോളനി (ക്ലസ്റ്റർ)	തിരുവമ്പാടി	47	തിരുവമ്പാടി
വള്ളുവർകുന്ന് പണിയർ കോളനി	കട്ടിപ്പാറ	35	കൊടുവള്ളി

പട്ടിക 5.20

ഹാംലറ്റ് ഡവലപ്മെന്റ് സ്കീം - 2016-17 (പട്ടികവർഗ്ഗ വികസന വകുപ്പ്)

കോളനികൾ	ഗ്രാമപഞ്ചായത്ത്	കുടുംബങ്ങൾ	അസംബ്ലി/ നിയോജക മണ്ഡലം
കെട്ടിൽ, മലയങ്ങാട്, കുടിൽപ്പാറ (ക്ലസ്റ്റർ)	വാണിമേൽ മരുതോങ്കര	67	നാദാപുരം
നരേന്ദ്രദേവ് - ആലംപാറ (ക്ലസ്റ്റർ)	ചക്കിട്ടപ്പാറ	42	പേരാമ്പ്ര

ഉപസംഹാരം

കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും സൂക്ഷ്മമായി പരിശോധിച്ച് സാധ്യതയ്ക്കനുസരിച്ച് ഏകോപിപ്പിക്കുന്നത് പദ്ധതി നിർവ്വഹണത്തിനും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും വളരെയേറെ സഹായകരമായിരിക്കും.

അദ്ധ്യായം 6

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017–18 വാർഷിക പദ്ധതി അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനം

ഭരണഘടനയുടെ 243 (ജി), 243 (ഡബ്ല്യു) എന്നീ അനുച്ഛേദങ്ങൾ പ്രകാരമാണ് പ്രാദേശിക വികസനത്തിനും സാമൂഹ്യനീതിക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക വികസന പദ്ധതികൾക്ക് രൂപം നൽകുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് കേരളത്തെ വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടേയും പരിസ്ഥിതി സുരക്ഷയുടേയും ഉത്തമ മാതൃകയായി മാറ്റാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനായി സംസ്ഥാന സർക്കാറിനോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങളും ഉർജ്ജിതമായി പ്രവർത്തിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ത്രിതല പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിന് 29.03.2017-ലെ ജി.ഒ(എം.എസ്) നം.72/2017/തസ്വഭവ നമ്പറായും നഗരസഭകൾക്കായി 03.04.2017-ലെ ജി.ഒ(എം.എസ്)നം.79/2017/തസ്വഭവ നമ്പറായും വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ള സഹായ സംവിധാനമായി ആസൂത്രണ സമിതികളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

മുൻ മാർഗ്ഗരേഖകളിൽ നിന്ന് വ്യത്യസ്തമായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും നഗരസഭകൾക്കും പ്രത്യേകം പ്രത്യേകം മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതിവേഗം നഗരവൽകരണം നടന്നുവരുന്ന ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിലെ നഗരപ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന സവിശേഷത മുന്നിൽക്കണ്ടാണ് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായി പ്രത്യേക മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. സർക്കാർ രൂപീകരിച്ചിട്ടുള്ള മിഷനുകളുമായി ഏകോപിപ്പിച്ചു വേണം പ്രാദേശിക സർക്കാറുകൾ പദ്ധതികൾക്ക് രൂപം നൽകേണ്ടതെന്നും നിർദ്ദേശമുണ്ട്. ഭരണഘടനയുടെ 243 ഇസഡ് ഡി അനുച്ഛേദം അനുശാസിക്കുന്ന ജില്ലാ പദ്ധതിയുടെ ഗുണനിലവാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വികസന പദ്ധതികളെ ആശ്രയിച്ചിരിക്കുന്നു. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18-ലെ പദ്ധതികൾ വിലയിരുത്തുമ്പോൾ കൃത്യമായ അവസ്ഥാവിശകലനത്തിന് അനുസൃതമായി പ്രോജക്ടുകളും വികസന രേഖയും തയ്യാറാക്കിയതായി കണ്ടെത്താനായിട്ടില്ല. ജനപങ്കാളിത്തവും നൂതനാശയങ്ങളും പ്രതീക്ഷിച്ച രീതിയിൽ ഉണ്ടായതായും കാണുന്നില്ല. പ്രാദേശിക പദ്ധതികളുടെ ഗുണനിലവാരം ഇനിയും ഏറെ വർദ്ധിക്കേണ്ടതുണ്ടെന്നാണ് വിശകലനത്തിലെ നിഗമനം.

പദ്ധതി ആസൂത്രണ പ്രക്രിയ - ഗ്രാമസഭ പങ്കാളിത്തം - ആസൂത്രണസമിതി രൂപീകരണം - സ്റ്റാറ്റസ് റിപ്പോർട്ട്

വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാനഘടകം ഗ്രാമസഭയാണ്. പഞ്ചായത്ത് രാജ് ആക്ടിൽ പരമപ്രധാനമായ സ്ഥാനം ഗ്രാമസഭക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും പദ്ധതി ആസൂത്രണം സംബന്ധിച്ച മുഖ്യ തീരുമാനം ഉണ്ടാകുന്നത് ഗ്രാമസഭ/വാർഡ് സഭകളിലാണ്. ഗ്രാമസഭകളിലെ പങ്കാളിത്തം പദ്ധതി മാർഗ്ഗരേഖയിൽ ഊന്നി

പറഞ്ഞിട്ടുള്ള കാര്യമാണ്. ഗ്രാമസഭ/വാർഡ് യോഗങ്ങളുടെ ക്വോറം ആകെ വോട്ടർമാരുടെ 10 ശതമാനമാണ്. ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിലേയും, മുനിസിപ്പാലിറ്റിയിലെയും പദ്ധതിയിലുള്ള താൽപ്പര്യം പ്രകടമാകുന്നത് ഗ്രാമസഭ പങ്കാളിത്തതിലൂടെയാണ്. കോഴിക്കോട് ജില്ലയിൽ 2017-18 വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭ പങ്കാളിത്തം താരതമ്യേന മെച്ചമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പദ്ധതി രൂപീകരണ ഗ്രാമസഭ നടത്തിയിട്ടുണ്ട്. ഓരോ വീടുകളിലും നോട്ടീസ് വിതരണം നടത്തിയും, പോസ്റ്റർ പതിച്ചും പ്രചരണം നടത്തിയിരുന്നുവെങ്കിലും ഗ്രാമസഭയിലെ പങ്കാളിത്തം ശരാശരി 15% മുതൽ 25% വരെ മാത്രമേ ഉണ്ടായിട്ടുള്ളൂ. സ്ഥല സൗകര്യാർത്ഥം മിക്ക ഗ്രാമസഭകളും, സ്ക്കൂളുകളും മറ്റും അവധിയായിരിക്കുന്ന ദിവസങ്ങളിൽ ഒന്നിച്ചാണ് നടക്കുന്നത്. ആയതിനാൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്ക് എല്ലാ ഗ്രാമസഭകളിലും പങ്കെടുത്ത് ചർച്ച ചെയ്യപ്പെടുന്ന വിഷയത്തിന്റെ പ്രാധാന്യം ജനങ്ങളെ അറിയിക്കുവാൻ സാധിക്കുന്നില്ല. ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാനഘടകമായ ഗ്രാമസഭ പഞ്ചായത്ത് രാജ് ആക്ട് വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കിയില്ലെങ്കിൽ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ലക്ഷ്യം കൈവരിക്കപ്പെടാതെ പോകും.

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 09/01/2017 ലെ 10/2017, 11/2017 ത.സ്വ.ഭ.വ നമ്പർ ഉത്തരവുകൾ പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതികളുടെ നിർദ്ദേശങ്ങൾ വളരെയധികം സഹായകരമാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും സർക്കാർ നിർദ്ദേശത്തിനനുസൃതമായ നിലവാരത്തിലേക്ക് ആസൂത്രണ സമിതികളുടെ പ്രവർത്തനം എത്തിയിട്ടില്ല. ആസൂത്രണസമിതികളുടെ ചുമതലകൾ ശരിയായ അർത്ഥത്തിൽ നിറവേറ്റുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഇനിയും ആവശ്യമാണ്. ആസൂത്രണ സമിതിയിൽ 12 വരെ അംഗങ്ങളെ ഉൾപ്പെടുത്തുന്നത് അഭികാമ്യമെന്ന് മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. എന്നാൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം ഭരണസമിതിക്ക് കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്താമെന്ന് വ്യക്തമാക്കിയതിൻ പ്രകാരം 21 അംഗങ്ങളെ വരെ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. ചില ഗ്രാമപഞ്ചായത്തുകളിൽ പതിനഞ്ചോ അതിലധികമോ അംഗങ്ങളെ ഉൾപ്പെടുത്തി ആസൂത്രണ സമിതി രൂപീകരിച്ചിരുന്നുവെങ്കിലും, ആയത് അതിന്റെ പ്രവർത്തനങ്ങളിൽ പ്രതിഫലിച്ചിട്ടില്ല. മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ച് യോഗം വിളിച്ച് ചേർക്കുന്നതിനോ ചേർന്ന യോഗങ്ങളുടെ മിനുട്സ് രേഖപ്പെടുത്തുന്നതിനോ ഗൗരവപൂർവ്വമായ സമീപനം ഉണ്ടായിട്ടില്ല. ആസൂത്രണ സമിതി ഉദ്ദേശിച്ച രീതിയിൽ ഫലപ്രദമായി പല പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നില്ല. മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിലും നിലവിലുള്ള ആസൂത്രണ സമിതികൾ ശരാശരിയിലും താഴ്ന്ന പ്രവർത്തനമാണ് കാഴ്ചവെച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ കഴിവും സന്നദ്ധതയുമുള്ളവരെ തദ്ദേശ ഭരണതല ആസൂത്രണ സമിതിയിൽ ഉൾപ്പെടുത്തി പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും അതാത് വിഷയമേഖലകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും, 2017-18 വാർഷികപദ്ധതിയുടെ ഭാഗമായി ശരാശരി 3 യോഗങ്ങൾ ഓരോ വിഷയമേഖലാ വർക്കിംഗ് ഗ്രൂപ്പുകളും നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സർക്കാർ വിഭാവനം ചെയ്ത രീതിയിൽ മെച്ചപ്പെട്ടതായി കാണുന്നില്ല. പരമാവധി ആളുകളെ ഉൾപ്പെടുത്തി രൂപികരിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പലപ്പോഴും അംഗങ്ങളുടെ പങ്കാളിത്തം നാമമാത്രമാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ കുറഞ്ഞ പങ്കാളിത്ത നിരക്ക് പദ്ധതി രൂപീകരണം ഉദ്യോഗസ്ഥ കേന്ദ്രീകൃതമായി മാറുന്നതിന് കാരണമാകുന്നുണ്ട്. വിവിധ വിഷയമേഖലകളിൽ പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പ് ശക്തിപ്പെടുത്തുകയും അതുവഴി പദ്ധതി മെച്ചപ്പെടുത്തുകയും വേണം. പദ്ധതികൾ മേഖലാ വാലിഡേഷനിൽ കേന്ദ്രീകൃതമാവുന്നതിനാൽ പദ്ധതി ആസൂത്രണ നിർദ്ദേശങ്ങളും വർക്കിംഗ് ഗ്രൂപ്പ് ഇടപെടലുകളും കാര്യക്ഷമമാക്കുവാൻ കഴിയാതെ വരുന്നു. മേഖല വിഭജനത്തിൽ പെടാതെ

പ്രദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഓരോ വർക്കിംഗ് ഗ്രൂപ്പും തയ്യാറാക്കുന്ന ആവശ്യകതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുവാൻ കഴിയുന്ന പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്താവുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മറ്റൊരു പ്രധാന ചുമതലയാണ് പദ്ധതി മോണിറ്ററിങ്. എന്നാൽ പദ്ധതി രൂപീകരണ പ്രക്രിയ പൂർത്തിയായാൽ വർക്കിംഗ് ഗ്രൂപ്പുകൾ നിർജ്ജീവമാകുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. പദ്ധതി രൂപീകരണശേഷം പദ്ധതി മോണിറ്ററിംഗ് കമ്മിറ്റികളായി മാറുന്ന വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായ അർത്ഥത്തിൽ പ്രവർത്തിക്കുന്നില്ല. ഇത് പലപ്പോഴും പദ്ധതി നിർവ്വഹണത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ചില പഞ്ചായത്തുകൾ അതീവജാഗ്രത പുലർത്തിയിട്ടുണ്ടെങ്കിലും, മറ്റു ചില പഞ്ചായത്തുകൾ ഡി.പി.സി അംഗീകാരത്തിനു വേണ്ടി ഒരു റിപ്പോർട്ട് തയ്യാറാക്കുക മാത്രമാണ് ചെയ്തത്. ചുരുക്കം ചില പഞ്ചായത്തുകൾ ഫീൽഡ് തല സർവ്വേ നടത്തി ഡാറ്റകൾ ശേഖരിക്കുകയും ആയത് വളരേ നല്ല ഒരു റിപ്പോർട്ടാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ വേണ്ടത്ര ഇടപെടലുകൾ വർക്കിംഗ് ഗ്രൂപ്പുകളുടെ ഭാഗത്ത് നിന്ന് ഉണ്ടാവുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറേക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഒന്നോ രണ്ടോ ആളുകൾ ചേർന്ന് തയ്യാറാക്കുന്ന രീതിക്ക് മാറ്റം വരേണ്ടതുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 ലെ വികസന സെമിനാറിൽ ശരാശരി 70 ശതമാന ത്തോളം അംഗങ്ങൾ പങ്കെടുത്തു. വികസന സെമിനാറിൽ കരട് പദ്ധതി രേഖ അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ആയത് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരട് പദ്ധതി രേഖയിൽ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ ഭരണസമിതിക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വാർഷിക പദ്ധതി മാർഗ്ഗരേഖയെ ക്കുറിച്ച് വികസനസെമിനാർ പ്രതിനിധികൾക്ക് വേണ്ടത്ര അവഗാഹമില്ലാത്തത് കാര്യക്ഷമമായ ചർച്ചകൾക്ക് വഴിയൊരുക്കാതെ വരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതികൾ അംഗീകരിക്കുകയും ആയത് ഭരണസമിതിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് സമയബന്ധിതമായിട്ടുള്ള നിർവ്വഹണ കലണ്ടർ എല്ലാ പഞ്ചായത്തുകളും തയ്യാറാക്കിയിട്ടു ണ്ടെങ്കിലും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിൽ വരുന്ന പദ്ധതികളെ അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി നിർവ്വഹണം പൂർത്തീ കരിക്കുന്നതിനാവശ്യമായ ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ മതിയായ ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല. പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ, ആസൂത്രണസമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയിലെ പങ്കാളിത്തം, ചർച്ചകൾ എന്നിവ സർക്കാർ മാർഗ്ഗ നിർദ്ദേ ശങ്ങൾക്കനുസൃതമായി ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാവേണ്ട തായിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖയിലെ നിയന്ത്രണങ്ങൾക്ക് അനുസരിച്ച് പ്രോജക്റ്റ് തയ്യാറാക്കുന്നതിനാൽ പലപ്പോഴും ചില പഞ്ചായത്തുകളുടെ സാഹചര്യങ്ങൾക്ക് ആവശ്യ മുള്ളതല്ലാത്ത പ്രോജക്ടുകൾ എറ്റെടുക്കേണ്ടി വരുന്നുണ്ട്. ഭരണസമിതികൾ മാർഗ്ഗരേഖയ്ക്കനു സരിച്ച് തയ്യാറാക്കുന്ന പ്രോജക്റ്റുകളുടെ നിർവ്വഹണം നടത്തുന്നതിന് രൂപീകരണം മുതൽ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തതും പ്രോജക്റ്റുകൾ പലതും ഗുണമേന്മയില്ലാത്തതാവാൻ കാരണ മായിട്ടുണ്ട്. മാലിന്യസംസ്കരണം, വൃദ്ധർ, വികലാംഗർ എന്നീ മേഖലകളിൽ തയ്യാറാക്കുന്ന പ്രോജക്റ്റുകൾ ഡിപിസി അംഗീകാരം കിട്ടുക എന്ന ആവശ്യത്തിലേക്ക് മാത്രമായി മാറുന്നുണ്ട്. മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ, പകൽ വീടിന് സ്ഥലം വാങ്ങൽ എന്നീ പ്രോജക്റ്റുകൾ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച പൊതുവ്യവസ്ഥ കളിൽ ഉൾപ്പെട്ട പ്രവാസികളായ നാട്ടുകാരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുന്നതിനും, അവരുടെ പ്രശ്നങ്ങൾ ഉൾകൊള്ളാനും ഒപ്പം സഹകരണം ഉറപ്പിക്കുന്നതിനുമുള്ളതും,

അതേപോലെ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലത്തെ ശുചിത്വം, ആരോഗ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കണമെന്നതുമായ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് നടപടി നാമമാത്രമായ പഞ്ചായത്തുകൾ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ.

പ്രാദേശിക പ്രത്യേകത കണക്കിലെടുത്ത് മുൻഗണനാ മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കൂട്ടിചേർക്കാമെന്ന് സബ്സിഡി മാർഗ്ഗരേഖ വ്യക്തമാക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ പഞ്ചായത്തുകളിൽ യാതൊരു മാനദണ്ഡവും പാലിക്കപെടുന്നില്ല. ഇക്കാര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ അർഹത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന രീതി മാർഗ്ഗരേഖാ നിർദ്ദേശമായി ഉൾപ്പെടുത്തേണ്ടതുമാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ഗ്രാമസഭക്കു മുമ്പായി അർഹതാ മുൻഗണനാ മാനദണ്ഡങ്ങൾ രണ്ട് ഫീൽഡ് തല ഉദ്യോഗസ്ഥർ പരിശോധന നടത്തേണ്ടതായി മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. പതിനായിരത്തിലധികം വരുന്ന അപേക്ഷകൾ ഇത്തരത്തിൽ പരിശോധന നടത്തൽ അപ്രായോഗികമാണ്. ഇതിനായി കൂടുതൽ സമയക്രമം അനുവദിക്കുകയോ അല്ലെങ്കിൽ ഈ പ്രക്രിയ ഗ്രാമസഭയ്ക്ക് ശേഷം ആക്കി മാറ്റുകയോ ചെയ്യുന്നത് ഉചിതമായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാര്യക്ഷമമായി പദ്ധതി നിർവ്വഹണവും, മോണിറ്ററിഗും സാധ്യമാക്കുന്നതിലേക്ക് കിലയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ പരിശീലന പരിപാടിയും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ശില്പശാലയും നടത്തുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനതല ശില്പശാലയെ തുടർന്ന് രൂപം കൊള്ളേണ്ട പദ്ധതി നിർവ്വഹണ - മോണിറ്ററിഗ് പരിപാടികൾ, ഫോറം 1, ഫോറം 2, ഫോറം 3 എന്നിവയിലേക്ക് ക്രോഡീകരിക്കപ്പെടേണ്ടതുണ്ടായിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ പഞ്ചായത്തിൽ പ്രവർത്തികമാക്കപെട്ടിട്ടില്ല. ഇക്കാര്യത്തിൽ മാർഗ്ഗരേഖ പ്രകാരം തന്നെ പ്രസ്തുത ഫോറങ്ങൾ നിർദ്ദേശിക്കപെടുന്ന പക്ഷം പദ്ധതി നിർവ്വഹണവും, മോണിറ്ററിഗും കൂടുതൽ ഫലപ്രദമായി നടപ്പാക്കാവുന്നതാണ്.

എസ്.സി വിഭാഗങ്ങൾക്കുള്ള പദ്ധതികളിൽ ഗുണഭോക്തൃ വഹിതം അപേക്ഷകർ അടവാക്കാൻ തയ്യാറാവാത്ത സാഹചര്യം ഉണ്ട്. വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഗുണഭോക്താക്കളിൽ നിന്ന് ആവശ്യപ്പെടുന്നതിന് സബ്സിഡി തുകയുടെ പരിധി സംബന്ധിച്ച് മാർഗ്ഗരേഖയിൽ വ്യക്തത വരുത്തേണ്ടതാണ്.

നിർബന്ധിത പദ്ധതികൾക്ക് വളരെ വലിയ തുക വകയിരിത്തേണ്ട സാഹചര്യത്തിൽ, ഘടക പദ്ധതികൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള ശതമാനം കുറവ് വരുത്തേണ്ടതുണ്ട്. വനിത ഘടക പദ്ധതി നിലവിൽ നടപ്പാക്കുന്നതിന് പ്രയാസം നേരിടുന്നു എന്നതിനാൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കാം എന്നതിൽ മാർഗ്ഗരേഖ പ്രകാരം വ്യക്തത വരുത്തണം.

പൊതു വിഭാഗം വികസന ഫണ്ടിന്റെ 10% തുക ശുചിത്വ പ്രൊജക്ടുകൾക്കായി നീക്കി വെയ്ക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ പല പഞ്ചായത്തുകളും ആവശ്യമില്ലാതെ സ്ഥലം വാങ്ങൽ പോലുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കുകയും ആയത് ഫലപ്രാപ്തിയിലെത്താതെ പോവുകയും ചെയ്യുന്നു. ശുചിത്വ പ്രൊജക്ടുകൾക്ക് ശുചിത്വമിഷന്റെ ധനസഹായവും ധനകാര്യ കമ്മീഷൻ ഗ്രാന്റും ഉപയോഗിക്കുവാൻ സാധിക്കുമെന്നതിനാൽ പ്രസ്തുത നിബന്ധന പുന പരിശോധിക്കപ്പെടേണ്ടതുണ്ട്.

വിവിധ വകുപ്പുകളുടെ ജില്ലാതല അവലോകന യോഗങ്ങളിൽ പദ്ധതി നിർവ്വഹണം പ്രത്യേകം ചർച്ച ചെയ്യപ്പെടുന്ന അവസ്ഥയുണ്ടായാൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വ ബോധമുണ്ടാകുകയും, പദ്ധതി നിർവ്വഹണത്തിൽ നിന്ന് ബോധപൂർവം വിട്ട് നിൽക്കുന്ന അവസ്ഥയ്ക്ക് ഏറെ കുറെ പരിഹാരമാവുകയും ചെയ്യും.

ഡി.പി.സി അംഗീകാരം വാങ്ങിയ ശേഷം പദ്ധതി വെറ്റ് ചെയ്യുന്ന രീതി അഭികാമ്യം തന്നെയാണ്. എന്നാൽ ആദ്യ ഘട്ട വെറ്റിങ്ങിന് ശേഷം പദ്ധതി ഭേദഗതി സമയത്ത് വീണ്ടും വെറ്റിംഗ് ലഭ്യമാക്കിയ ശേഷം മാത്രമേ ഡി.പി.സി ക്ക് പദ്ധതി സമർപ്പിക്കാവൂ എന്ന നിബന്ധന പ്രയാസം ഉണ്ടാക്കിയിട്ടുണ്ട്. 2017-18 വാർഷിക പദ്ധതികൾക്ക് 15/06/17 നു മുമ്പ് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പല പ്രൊജക്ടുകളുടേയും വെറ്റിംഗ് നടപടികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല.

2017-18 വാർഷിക പദ്ധതിയിലെ ആകെ പ്രോജക്ടുകളുടെ എണ്ണം

തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രോജക്ടുകളുടെ സംഗ്രഹം പട്ടിക 6.1ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക6.1

തദ്ദേശഭരണസ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രോജക്ടുകളുടെ സംഗ്രഹം (തുക കോടിയിൽ)

തദ്ദേശഭരണ സ്ഥാപനം	സ്പിൽ ഓവർ പ്രോജക്ടുകൾ	പുതിയ പ്രോജക്ടുകൾ	ആകെ	മൊത്തം അടങ്കൽ
ഗ്രാമ പഞ്ചായത്തുകൾ	5169	8824	13993	576.05
ബ്ലോക്ക് പഞ്ചായത്തുകൾ	263	815	1078	100.77
ജില്ലാ പഞ്ചായത്ത്	454	624	1078	202.00
മുനിസിപ്പാലിറ്റി	780	1351	2131	128.93
കോർപ്പറേഷൻ	744	666	1410	261.09
ആകെ	**7410**	**12280**	**19690**	**1268.84**

ഗ്രാമപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് കുന്നമംഗലം ഗ്രാമപഞ്ചായത്തും (411) കുറവ് കീഴരിയൂർ ഗ്രാമപഞ്ചായത്തുമാണ് (100). ഈ പഞ്ചായത്തുകളുടെ പ്രോജക്ടുകളുടെ ശരാശരി അടങ്കൽ തുക യഥാക്രമം 3.56 ലക്ഷവും, 3.12 ലക്ഷവുമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് കൊടുവള്ളി ബ്ലോക്കും (154) കുറവ് വടകര ബ്ലോക്കുമാണ് (68). പ്രോജക്ടുകളുടെ ശരാശരി അടങ്കൽ തുക യഥാക്രമം 10.29 ലക്ഷവും, 5.00 ലക്ഷവുമാണ്. നഗരസഭകളിൽ ഏറ്റവും കൂടുതൽ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് മുക്കം നഗരസഭയും (421) കുറവ് രാമനാട്ടുകര നഗരസഭയുമാണ് (175). പ്രോജക്ടുകളുടെ ശരാശരി അടങ്കൽ തുക യഥാക്രമം 4.59 ലക്ഷവും, 3.97 ലക്ഷവുമാണ്. ജില്ലാപഞ്ചായത്തിന്റെ പ്രോജക്ടുകളുടെ ശരാശരി അടങ്കൽ തുക 18.74 ലക്ഷവും, കോർപ്പറേഷന്റേത് 18.52 ലക്ഷവുമാണ്.

പട്ടിക 6.2

പ്രൊജക്ടുകളുടെ എണ്ണവും അടങ്കലും-സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും

പ്രോജക്ടുകളുടെ എണ്ണം	തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം	സ്പിൽ ഓവർ പ്രോജക്ടുകൾ	പുതിയ പ്രോജക്ടുകൾ	ആകെ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ ഫണ്ട്		ആകെ വകയിരുത്തിയ തുക
					സ്പിൽ ഓവർ പ്രോജക്ടുകൾ	പുതിയ പ്രോജക്ടുകൾ	
സംസ്ഥാനടിസ്ഥാനത്തിൽ	1199	84292	166027	250319	4520.72	10075.99	14596.71
ജില്ലാടിസ്ഥാനത്തിൽ	91	7410	12280	19690	435.86	832.98	1268.84

(തുക കോടിയിൽ)

2017-18 വർഷം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത പ്രൊജക്ടുകളുടെ ശരാശരി എണ്ണം (135) സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് (138). എന്നാൽ സ്പിൽ ഓവർ പ്രൊജക്ടുകളുടെ എണ്ണത്തിൽ സംസ്ഥാന ശരാശരിയേക്കാൾ (70) വളരെ കൂടുതലാണ് ജില്ലയിലെ ശരാശരി (81). പ്രൊജക്ടുകളുടെ ശരാശരി അടങ്കൽ പരിശോധിക്കുമ്പോൾ ജില്ലാതല ശരാശരി (6.78 ലക്ഷം രൂപ), സംസ്ഥാന ശരാശരിയേക്കാൾ (6.07 ലക്ഷം രൂപ) കൂടുതലാണെന്ന് കാണാം.

ഗ്രാമ-ബ്ലോക്ക്-ജില്ല-നഗരസഭ തലം തിരിച്ച് പ്രൊജക്ടുകളുടെ ശരാശരി അനുബന്ധം 6.1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ബ്ലോക്കു പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയുടേയും ജില്ലാ പഞ്ചായത്തുകൾ കുറഞ്ഞത് 10 ലക്ഷം രൂപയുടേയും പ്രൊജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. ബ്ലോക്ക്പഞ്ചായത്തുകൾ 5 ലക്ഷത്തിൽ താഴെയുള്ള 263 പ്രൊജക്ടുകളും ജില്ലാപഞ്ചായത്ത് 10 ലക്ഷത്തിൽ താഴെയുള്ള 150 പ്രൊജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾ, സാമഗ്രികൾ വാങ്ങൽ, മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ, പട്ടികവർഗ്ഗ ഊരുകളിൽ നടപ്പാലങ്ങൾ എന്നിവക്കും കുറഞ്ഞ പരിധി ബാധകമല്ല. ബ്ലോക്ക്പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും ഏറ്റെടുത്തിട്ടുള്ള കുറഞ്ഞ അടങ്കലുള്ള മിക്ക പ്രൊജക്ടുകളും ഈ വിഭാഗത്തിൽപ്പെടുന്നതാണ്.

സ്പിൽ ഓവർ പ്രോജക്ടുകൾ

ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത പ്രൊജക്ടുകൾ, പദ്ധതി ആരംഭിച്ച വർഷം പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ അത്തരം പ്രോജക്ടുകളെയാണ് സ്പിൽ ഓവർ പ്രോജക്ടായി പരിഗണിക്കുന്നത്. നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അത് സ്പിൽ ഓവർ പ്രോജക്ടായി പരിഗണിക്കാവുന്നതാണ്.

കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ ആകെ സ്പിൽ ഓവർ പ്രോജക്ടുകളുടെ മുഖ്യ മേഖല തിരിച്ചുള്ള എണ്ണവും അതിന് വകയിരുത്തിയിട്ടുള്ള മൊത്തം അടങ്കലും താഴെ കൊടുക്കുന്നു.

പട്ടിക 6.3

2017–2018 വർഷത്തിലെ സ്പിൽ ഓവർ പ്രൊജക്ടുകളുടെ വിവരങ്ങൾ

മുഖ്യ മേഖല	സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം	മൊത്തം അടങ്കൽ (ലക്ഷത്തിൽ)
ഉൽപ്പാദനം	288	2871.82
സേവനം	2549	15651.70
പശ്ചാത്തലം	4573	25308.43
ആകെ	**7410**	**43831.95**

2017-18 വർഷത്തെ ജില്ലയിലെ മൊത്തം പ്രൊജക്ടുകളുടെ 37.48 ശതമാനവും സ്പിൽ ഓവർ പ്രൊജക്ടുകളാണ്. സ്പിൽ ഓവറായി ആകെ വകയിരുത്തിയ തുകയുടെ 58 ശതമാനവും പശ്ചാത്തല മേഖലയിലാണ്.

ഗ്രാമപഞ്ചായത്ത്

ജില്ലയിൽ 17 ഗ്രാമപഞ്ചായത്തുകൾക്ക് ഉൽപ്പാദന മേഖലയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഇല്ല. മറ്റെല്ലാ ഗ്രാമപഞ്ചായത്തുകൾക്കും 3 മേഖലയിലും സ്പിൽ ഓവർ പ്രോജക്ടുകളുണ്ടെങ്കിലും, പശ്ചാത്തല മേഖലയിലാണ് ഇവ കൂടുതലായുള്ളത്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഏറ്റവും കൂടുതലും കുറവും സ്പിൽ ഓവർ പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയ 5 വീതം ഗ്രാമപഞ്ചായത്തുകളുടെ മുഖ്യമേഖല തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 6.4

കൂടുതൽ/കുറവ് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തിയ ഗ്രാമഞ്ചായത്തുകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത്	പ്രോജക്ടുകളുടെ എണ്ണം			ആകെ
	ഉൽപ്പാദനം	സേവനം	പശ്ചാത്തലം	
സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റവും കൂടുതലുള്ള ഗ്രാമപഞ്ചായത്തുകൾ				
ചാത്തമംഗലം	0	22	70	92
ചേളന്നൂർ	8	36	44	88
താമരശ്ശേരി	3	22	45	70
കക്കോടി	1	20	47	68
കാരശ്ശേരി	5	25	38	68
സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റവും കുറവുള്ള ഗ്രാമപഞ്ചായത്തുകൾ				
നാദാപുരം	0	8	4	12
അഴിയൂർ	0	12	1	13
കീഴരിയൂർ	0	7	6	13
കിഴക്കോത്ത്	0	5	8	13
തൂണേരി	0	6	9	15

ബ്ലോക്ക്പഞ്ചായത്ത്

ബ്ലോക്ക്പഞ്ചായത്തുകളുടെ സ്പിൽ ഓവർ പ്രൊജക്ടുകൾ മേഖല തിരിച്ച് പട്ടിക 6.5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6.5

സ്പിൽ ഓവർ പ്രൊജക്ടുകൾ – ബ്ലോക്ക് പഞ്ചായത്തുകളുടെ വിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്ത്	പ്രോജക്ടുകളുടെ എണ്ണം			ആകെ
	ഉൽപ്പാദനം	സേവനം	പശ്ചാത്തലം	
വടകര	0	2	3	5
മേലടി	1	2	6	9
കുന്നുമ്മൽ	2	9	1	12
ബാലുശ്ശേരി	1	6	6	13
പേരാമ്പ്ര	2	9	3	14
കോഴിക്കോട്	6	7	3	16
ചേളന്നൂർ	1	5	10	16
തോടന്നൂർ	1	5	11	17
തൂണേരി	3	6	9	18
പന്തലായനി	0	11	7	18
കുന്ദമംഗലം	6	8	24	38
കൊടുവള്ളി	1	16	25	42

ഏറ്റവും കുറവ് സ്പിൽ ഓവർ പ്രോജക്ടുള്ളത് വടകര ബ്ലോക്ക് പഞ്ചായത്തിനും കൂടുതലുള്ളത് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിനുമാണ്.

ജില്ലയിലെ 7 നഗരസഭകളിൽ ഏറ്റവും കൂടുതൽ സ്പിൽ ഓവർ പ്രൊജക്ടുകളുള്ളത് വടകര നഗരസഭക്കാണ് (111). ഏറ്റവും കുറവ് മുക്കം നഗരസഭക്കുമാണ് (29). കോഴിക്കോട് ജില്ലാ പഞ്ചായത്തിന് 454 ഉം, കോർപ്പറേഷന് 744 ഉം സ്പിൽ ഓവർ പ്രൊജക്ടുകളുമാണുള്ളത്.

2012-13 മുതൽ ആരംഭിച്ച പ്രൊജക്ടുകൾ ഇപ്പോഴും സ്പിൽ ഓവർ ആയി തുടരുന്നുണ്ട്. 2017-18 വാർഷിക പദ്ധതിയിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ വർഷം തിരിച്ച് പട്ടിക 6.6 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക -6.6

2017-18 വർഷത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന സ്പിൽഓവർ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തുക ലക്ഷത്തിൽ

വർഷം	പ്രോജക്ടുകളുടെ എണ്ണം				ആകെ തുക
	ഉൽപ്പാദനം	സേവനം	പശ്ചാത്തലം	ആകെ	
2012-13	1	37	9	47	1319.88
2013-14	0	17	11	28	99.63
2014-15	2	76	87	165	1274.95
2015-16	27	491	647	1165	5450.64
2016-17	258	1928	3819	6005	35440.95
ആകെ	**288**	**2549**	**4573**	**7410**	**43586.05**

2012-13 വർഷത്തിൽ തുടങ്ങിയ 47 പ്രോജക്ടുകളും (1319.88 ലക്ഷം രൂപ), 2013-14 വർഷത്തിൽ തുടങ്ങിയ 28 പ്രോജക്ടുകളും (99.63 ലക്ഷം), 2014-15 വർഷത്തിൽ തുടങ്ങിയ 165 പ്രോജക്ടുകളും (1274.95 ലക്ഷം) 2015-16 വർഷത്തിൽ തുടങ്ങിയ 1165 പ്രോജക്ടുകളും (5450.64 ലക്ഷം), 2016-17 വർഷത്തിൽ തുടങ്ങിയ 6010 പ്രോജക്ടുകളും (12258.87 ലക്ഷം) സ്പിൽ ഓവർ പ്രോജക്ടുകളായി നിലവിൽ തുടരുന്നു.

2012-13 വർഷത്തിൽ ആരംഭിച്ച പ്രോജക്ടുകളിൽ സേവന മേഖലയിലെ പ്രോജക്ടുകളാണ് കൂടുതലായും സ്പിൽ ഓവറായി കാണപ്പെടുന്നത്. സേവന മേഖലയിലുള്ള 37 പ്രോജക്ടുകളിൽ 20 എണ്ണവും ഭവന നിർമ്മാണ പ്രോജക്ടുകളാണ്. ഇ.എം.എസ് ഭവന പദ്ധതി അടക്കം വിവിധ തരത്തിലുള്ള ഭവന പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2017-18 വർഷത്തിലും സ്പിൽ ഓവർ പ്രോജക്ടുകളായി തുടർന്നു കൊണ്ടിരിക്കുന്നത്. 2012-13 വർഷത്തിൽ ആരംഭിച്ച 5 കെട്ടിട നിർമ്മാണ പ്രോജക്ടുകളും 4 കുടിവെള്ള പ്രോജക്ടുകളും 2017-18 ലും സ്പിൽ ഓവർ വിഭാഗത്തിൽ തുടർന്ന് കൊണ്ടിരിക്കുന്നു. 2012-13 വർഷത്തിൽ തുടങ്ങിയ സ്പിൽ ഓവർ പ്രോജക്ടുകളിൽ ഏറ്റവും കൂടുതൽ പ്രോജക്ടുകളുളളത് പുറമേരി ഗ്രാമപഞ്ചായത്തിനാണ് (6 ഭവന നിർമ്മാണ പ്രോജക്ടുകൾ). കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തെ 3 ഭവന നിർമ്മാണ പ്രോജക്ടുകളും നിലവിൽ സ്പിൽ ഓവറായി തുടരുന്നുണ്ട്.

2013-14 വർഷത്തിൽ ആരംഭിച്ച പ്രോജക്ടുകളിൽ പശ്ചാത്തല മേഖലയിൽ 11 പ്രോജക്ടുകളും സേവന മേഖലയിൽ 17 പ്രോജക്ടുകളുമാണ് 2017-18 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നത്. പശ്ചാത്തല മേഖലയിൽ റോഡ്, ഡ്രൈനേജ് തുടങ്ങിയ പ്രോജക്ടുകളാണ് സ്പിൽ ഓവർ ആയി തുടരുന്നത്. സേവന മേഖലയിൽ ഭവന നിർമ്മാണ പദ്ധതിയിൽ 8 പ്രോജക്ടുകളും കുടിവെള്ള പദ്ധതിയിൽ 7 പ്രോജക്ടുകളും സ്പിൽ ഓവറായി തുടരുന്നു. ഇതിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് രണ്ട് കുടിവെള്ള പദ്ധതികളടക്കം 3 പ്രോജക്ടുകൾ സ്പിൽ ഓവറായുണ്ട്. പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2 ഭവന നിർമ്മാണ പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ടായി 2017-18 വർഷത്തിൽ തുടർന്നു കൊണ്ടിരിക്കുകയാണ്.

വിഭവസമാഹരണം

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവക്ക് പുറമെ തനത് ഫണ്ട്, വായ്പ, ഗുണഭോക്തൃ വിഹിതം, കേന്ദ്ര-സംസ്ഥാന വിഹിതം എം.പി/എം.എൽ.എ ഫണ്ട് തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും 2017-18 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വിഭവ സമാഹരണം നടത്തിയിട്ടുണ്ട്. 2017-18 വർഷത്തെ വിഭവ സമാഹരണം പട്ടിക 6.7 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.7

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം സംബന്ധിച്ച വിവരങ്ങൾ (2017-18)

ക്രമ നം.	വിഭവ സ്രോതസ്സ്	തുക (കോടിയിൽ)
1	വികസന ഫണ്ട്	644.27
2	മെയിന്റനൻസ് ഗ്രാന്റ്	310.5
3	തനത് ഫണ്ട്	122.54
4	സംസ്ഥാനാവിഷ്കൃതം	15.35
5	കേന്ദ്രാവിഷ്കൃതം	48.38
6	വായ്പ	41.05
7	ഗുണഭോക്തൃ വിഹിതം	38.71
8	മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം	43.26
9	മറ്റുള്ളവ	4.78
	ആകെ	**1268.84**

ചിത്രം 6.1



മൊത്തം വിഭവ സമാഹരണത്തിന്റെ 50.77 ശതമാനവും വികസനഫണ്ടാണ്. മെയിന്റനൻസ് ഗ്രാന്റ് 24.47 ശതമാനവും, തനത് ഫണ്ട് 9.66 ശതമാനവുമാണ്. പട്ടികജാതി വികസനത്തിനായി 101.72 കോടിയും പട്ടികവർഗ്ഗ വികസനത്തിനായി 3.99 കോടിയുമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിനത്തിൽ വകയിരുത്തിയിട്ടുള്ളത്.

തനത് ഫണ്ട് വിനിയോഗം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ഒരു പ്രധാന വിഭവ സ്രോതസ്സാണ് തനത് ഫണ്ട്. കോഴിക്കോട് ജില്ലയിൽ 2017-18 സാമ്പത്തികവർഷം 69 ഗ്രാമപഞ്ചായത്തുകളും 5 ബ്ലോക്ക് പഞ്ചായത്തും, 7 മുനിസിപ്പാലിറ്റികളും കോർപ്പറേഷനും, ജില്ലാ പഞ്ചായത്തും വികസന പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ പട്ടിക 6.8-ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.8

ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ വകയിരുത്തിയ തനത് ഫണ്ടിന്റെ വിശദാംശങ്ങൾ

തദ്ദേശഭരണസ്ഥാപനം	കോഴിക്കോട്			കേരളം		
	തനത് ഫണ്ട്	വിഭവ സമാഹരണം	ശതമാനം	തനത് ഫണ്ട്	വിഭവ സമാഹരണം	ശതമാനം
ഗ്രാമ പഞ്ചായത്തുകൾ	6641.91	56782.77	11.70	74529.32	762689.85	9.77
ബ്ലോക്ക് പഞ്ചായത്തുകൾ	68.23	9792.1	0.70	2696.79	141107.29	1.91
ജില്ലാ പഞ്ചായത്ത്	1316	20237.97	6.50	7944.18	212961.52	3.73
മുനിസിപ്പാലിറ്റി	1919.15	12945.43	14.82	19934.64	213253.01	9.35
കോർപ്പറേഷൻ	2309.3	27125.73	8.51	5900.51	141547.98	4.17
ആകെ	**12254.59**	**126884.00**	**9.66**	**111005.44**	**1471559.65**	**7.54**

(സ്രോതസ്സ് : സുലേഖ സോഫ്റ്റ് വെയർ)

കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മൊത്തം വിഭവസമാഹരണത്തിൽ തനത് ഫണ്ട് വിഹിതം സംസ്ഥാന നിരക്കിനേക്കാൾ കൂടുതലാണ്. ബ്ലോക്ക്പഞ്ചായത്ത് തലത്തിൽ മാത്രമാണ് വിഭവ സമാഹരണത്തിൽ തനത് ഫണ്ടിന്റെ നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ കുറവുള്ളത്. ഇത് ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയെയാണ് കാണിക്കുന്നത്. എന്നിരുന്നാലും തനത് ഫണ്ട് വിഹിതം മൊത്തം വിഭവസമാഹരണത്തിന്റെ 10 ശതമാനത്തിലും താഴെയാണ്.

ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളിൽ കായണ്ണ ഒഴികെ 69 ഗ്രാമപഞ്ചായത്തുകളും തനത് ഫണ്ടിൽ നിന്ന് പദ്ധതി പ്രവർത്തനങ്ങൾക്കായി ഫണ്ട് നീക്കിവെച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ തനത് ഫണ്ട് വകയിരുത്തിയത് ഒളവണ്ണ ഗ്രാമ പഞ്ചായത്താണ് (734.99 ലക്ഷം രൂപ). കുന്ദമംഗലം ഗ്രാമപഞ്ചായത്ത് 294.14 ലക്ഷം രൂപയും, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് 270.34 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് നീക്കിവെച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ മൊത്തം പദ്ധതി അടങ്കലിന്റെ 11.70 ശതമാനമാണ് തനത് ഫണ്ടിനത്തിൽ നീക്കിവെച്ചിരിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തുകളിൽ 5 ബ്ലോക്ക് പഞ്ചായത്തുകൾ മാത്രമാണ് തനത് ഫണ്ട് വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയത്. കുന്ദമംഗലം, കുന്നുമ്മൽ, പന്തലായനി, പേരാമ്പ്ര, വടകര എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലായി 68.23 ലക്ഷം

രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ മുഖ്യമായും കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നാണ് (57.05 ലക്ഷം രൂപ). പന്തലായനി ബ്ലോക്ക് പഞ്ചായത്ത് 9.07 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച പ്പോൾ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾ നീക്കിവെച്ചി രിക്കുന്നത് 1 ലക്ഷം രൂപയിൽ താഴെയാണ്. പദ്ധതി അടങ്കലിന്റെ 0.70 ശതമാനം മാത്രമാണ് തനത് ഫണ്ടായി വകയിരുത്തിയത്. പൊതുവിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ തനത് ഫണ്ട് കുറവായതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്.

കോഴിക്കോട് ജില്ലയിലെ 7 നഗരസഭകൾ ചേർന്ന് 1919.15 ലക്ഷം രൂപയാണ് വികസന പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടിൽ വകയിരിത്തി യിരിക്കുന്നത്. ഇതിൽ ഏറ്റവും കൂടുതൽ തനത് ഫണ്ട് മാറ്റിവെച്ചിരിക്കുന്നത് മുക്കം നഗരസഭയാണ് (613.45 ലക്ഷം). പയ്യോളി നഗരസഭ 476.41 ലക്ഷം രൂപ വകയിരുത്തിയപ്പോൾ ഫറോക്ക് നഗരസഭ 348.72 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ പ്രകടമായ പ്രത്യേകത പഴയ നഗരസഭ കളായ വടകര, കൊയിലാണ്ടി എന്നിവ യഥാക്രമം 28.84 ലക്ഷം രൂപയും 54.03 ലക്ഷം രൂപയുമാണ് വികസന പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചിരി ക്കുന്നത്. ജില്ലയിലെ മുനിസിപ്പാലിറ്റികൾ പദ്ധതി അടങ്കലിന്റെ 14.82 ശതമാനമാണ് തനത് ഫണ്ടായി വകയിരുത്തിയിരിക്കുന്നത്.

കോഴിക്കോട് കോർപ്പറേഷൻ വികസന പ്രവർത്തനങ്ങൾക്കായി 2309.3 ലക്ഷം രൂപയാണ് തനത് ഫണ്ടിൽ നിന്ന് നീക്കിവെച്ചിട്ടുള്ളത്. ഇത് സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടിയ തുകയാണ്.

ബാങ്ക് വായ്പ

ബാങ്ക് വായ്പയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമം 2017-2018 പദ്ധതി കാലത്ത് ഉണ്ടായിട്ടുണ്ട്. വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ 2017-18 വർഷത്തിൽ എടുത്തിട്ടുള്ള ബാങ്ക് വായ്പയുടെ വിശദാംശ പട്ടിക 6.9-ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.9

തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ ബാങ്ക് വായ്പയുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	കോഴിക്കോട്			കേരളം		
	വായ്പ	വിഭവ	%	വായ്പ	വിഭവ	%
ഗ്രാമപഞ്ചായത്ത്	2668.54	56782.77	4.70	22352.71	762689.85	2.93
ബ്ലോക്ക് പഞ്ചായത്ത്	262.45	9792.10	2.68	3444.48	141107.29	2.44
ജില്ലാപഞ്ചായത്ത്	0	20237.97	0.00	8591.00	212961.52	4.03
മുൻസിപ്പാലിറ്റി	1052.45	12945.43	8.13	12438.07	213253.01	5.83
കോർപ്പറേഷൻ	121.42	27125.73	0.45	5618.77	141547.98	3.97
ആകെ	**4104.86**	**126884.00**	**3.24**	**52445.03**	**1471559.65**	**3.56**

(സ്രോതസ്സ് : സുലേഖ സോഫ്റ്റ് വെയർ)

ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ മൊത്തം പദ്ധതി അടങ്കലിന്റെ 3.24 ശതമാനം മാത്രമാണ് വായ്പയിലൂടെ സമാഹരിച്ചിട്ടുള്ളത്. ഇത് സംസ്ഥാന നിരക്കിനേക്കാൾ കുറവാണ്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭ കളുടെയും വിഭവസമാഹരണത്തിലുള്ള വായ്പാ വിഹിതം സംസ്ഥാന നിരക്കിനേക്കാൾ കുടുതലാ ണെങ്കിലും, ജില്ലാപഞ്ചായത്തിന് വായ്പാബന്ധിത പ്രൊജക്ട് ഇല്ലാത്തതിനാലും, കോർപ്പറേഷന്റെ വായ്പാ വിഹിതം നാമമാത്രമായതിനാലുമാണ്

ജില്ലയുടെ നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞിട്ടുള്ളത്. ജില്ലയിൽ ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ സൌകര്യം പ്രയോജനപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ വായ്പ പ്രയോജനപ്പെടുത്തിയത് പേരാമ്പ്ര (525.49 ലക്ഷം) മാവൂർ (347.82 ലക്ഷം) എന്നീ ഗ്രാമപഞ്ചായത്തുകളാണ്.

ഗുണഭോക്തൃവിഹിതം

ഒരു പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തുക എന്ന് പറയുന്നത് പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക സ്രോതസ്സിനെക്കാൾ ഉപരിയായി എല്ലാ രംഗത്തും ജനങ്ങളുടെ പങ്കാളിത്തവും ഉത്തരവാദിത്വവും ലഭ്യമാക്കാൻ സാധിക്കുന്നുവെന്നതാണ്. ജനകീയാസൂത്രണത്തിന്റെ 1997-98 കാലയളവിൽ പദ്ധതി മാർഗ്ഗരേഖയിൽ 20 ശതമാനം ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു എങ്കിലും അത് സാധിക്കാതെ വന്നതിനാൽ പദ്ധതികൾ ഏറെയും ഭേദഗതി ചെയ്യേണ്ടിവന്നു. പിന്നീടുള്ള വർഷങ്ങളിൽ കുടിവെള്ള പദ്ധതിക്കും, ജലസേചന പദ്ധതിക്കും 10 ശതമാനം ഗുണഭോക്തൃവിഹിതം നിർദ്ദേശിക്കുകയും അത് ഏറെക്കുറെ നടപ്പാക്കുകയും ചെയ്തു.

ജില്ലയിലെ 13 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന ജലനിധി പദ്ധതികളിൽ 10 ശതമാനം ഗുണഭോക്തൃവിഹിതം (എസ്.സി/എസ്.ടി വിഭാഗത്തിന് 5 ശതമാനം) പൂർണ്ണമായും ഉറപ്പാക്കാൻ കഴിയുന്നുണ്ട്. ഇങ്ങനെ ഉറപ്പാക്കുന്നത് വഴി ആസൂത്രണത്തിലും തുടർ നടത്തിപ്പിലും ശക്തമായ ജനപങ്കാളിത്തം നിലനിർത്താൻ സാധിക്കുന്നു. പദ്ധതി ജനങ്ങൾക്ക് ഏറ്റവും ആവശ്യവും അത് മൂലം വളരെ അധികം പ്രയോജനം ലഭിക്കുമെന്ന് ബോധ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഗുണഭോക്തൃവിഹിതം സമാഹരിക്കുക എന്നത് എളുപ്പത്തിൽ സാധിക്കുന്ന കാര്യമാണ്.

2017-2018 വാർഷിക പദ്ധതികളിൽ ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറെയും കാര്യമായ രീതിയിൽ ഗുണഭോക്തൃവിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പട്ടിക 2.8-ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.10

തദ്ദേശഭരണസ്ഥാപനങ്ങൾ വകയിരുത്തിയ ഗുണഭോക്തൃവിഹിതത്തിന്റെ വിശദാംശങ്ങൾ

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	കോഴിക്കോട്			കേരളം		
	ഗുണഭോക്തൃ വിഹിതം	വിഭവ സമാഹരണം	%	ഗുണഭോക്തൃ വിഹിതം	വിഭവ സമാഹരണം	%
ഗ്രാമപഞ്ചായത്ത്	2716.34	56782.77	4.78	34248.80	762689.85	4.49
ബ്ലോക്ക്പഞ്ചായത്ത്	197.46	9792.10	2.02	2231.85	141107.29	1.58
ജില്ലാപഞ്ചായത്ത്	290.76	20237.97	1.44	1889.95	212961.52	0.89
മുൻസിപ്പാലിറ്റി	403.20	12945.43	3.11	7041.40	213253.01	3.30
കോർപ്പറേഷൻ	263.98	27125.73	0.97	2215.82	141547.98	1.57
ആകെ	**3871.74**	**126884.00**	**3.05**	**47627.82**	**1471559.65**	**3.24**

(സ്രോതസ്സ് : സുലേഖ സോഫ്റ്റ് വെയർ)

മൊത്തം വിഭവസമാഹരണത്തിന്റെ 3.05 ശതമാനമാണ് 2017-18-ൽ ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുക ളുടെ ഗുണഭോക്തൃ വിഹിത നിരക്ക്, സംസ്ഥാന നിരക്കിനേക്കാൾ കൂടുതലാണെങ്കിലും, നഗര പാലികാ സ്ഥാപനങ്ങളുടെ നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ വളരെ പിറകിലായത് കാരണം, ജില്ലയുടെ മൊത്തം നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ (3.24) കുറഞ്ഞ് നിൽക്കുന്നു. പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷൻ വികസന പ്രവർത്തനങ്ങളിൽ ഒരു നയമായി സ്വീകരിച്ചി രിക്കുന്ന കാലഘട്ടത്തിൽ മെച്ചപ്പെട്ട വിഭവ സമാഹരണത്തിന്റെ സ്രോതസ്സായി ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധചെലുത്തണം.

മേഖലാ വകയിരുത്തൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി പ്രൊജക്ടുകൾ തയ്യാറാക്കുന്നത് ഉൽപാദനം, സേവനം, പശ്ചാത്തലം എന്നീ 3 മേഖലകളി ലായിട്ടാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനവും, നഗരഭരണ സ്ഥാപനങ്ങൾ 10 ശതമാനവും ഉൽപാദന മേഖലയിൽ വകയിരു ത്തേണ്ടതുണ്ട്. പശ്ചാത്തല മേഖലയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനവും, ബ്ലോക്ക് പഞ്ചായ ത്തുകൾക്ക് 25 ശതമാനവും, ജില്ലാപഞ്ചായത്തിന് 40 ശതമാനവും നഗരഭരണ സ്ഥാപനങ്ങൾക്ക് 50 ശതമാനവും ഫണ്ടാണ് പരമാവധി വകയിരു ത്താവുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഹിത ങ്ങളുടെ 30 ശതമാനത്തിലധികം ഫണ്ട് പശ്ചാത്തല മേഖലയിൽ വകയിരുത്താവുന്നതല്ല.

കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൽപാദനമേഖലയിൽ 6960 ലക്ഷവും, പശ്ചാത്തലമേഖലയിൽ 4379 ലക്ഷവും, സേവന മേഖലയിൽ 15773 ലക്ഷവും രൂപയാണ് 2017-18 വാർഷിക പദ്ധതിയിൽ വിവിധ പദ്ധതികൾക്കായി മാറ്റിവെച്ചിട്ടുള്ളത്. മേഖലാവിഭജനത്തിന്റെ തദ്ദേശഭരണ സ്ഥാപനതലം തിരിച്ചുള്ള വിശദാംശ ങ്ങൾ പട്ടിക 6.11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.11

2017-18 ൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ പദ്ധതികൾക്കായി മാറ്റിവെച്ച തുക സംബന്ധിച്ച വിവരങ്ങൾ

(തുക ലക്ഷം രൂപയിൽ)

തദ്ദേശഭരണ സ്ഥാപനം	ഉൽപാദനം	പശ്ചാത്തലം	സേവനം	ആകെ
ഗ്രാമപഞ്ചായത്ത്	3447.20	1033.30	6549.603	11030.10
ബ്ലോക്ക്പഞ്ചായത്ത്	1339.82	789.76	2004.576	4134.15
ജില്ലാപഞ്ചായത്ത്	1251.51	811.40	2073.572	4136.48
ആകെ (ത്രിതല പഞ്ചായത്തുകൾ)	6038.52	2634.46	10627.75	19300.73
മുൻസിപ്പാലിറ്റി	408.09	391.11	1876.057	2675.26
കോർപ്പറേഷൻ	513.68	1353.20	3269.875	5136.75
ആകെ (നഗരപാലികാ സ്ഥാപനങ്ങൾ)	921.77	1744.31	5145.93	7812.01
ആകെ	**6960.29**	**4378.77**	**15773.68**	**27112.74**

ചിത്രം 6.2


മേഖലാ വിഭജനം ത്രിതല പഞ്ചായത്തുകളിൽ (ശതമാനത്തിൽ)
ഉത്പാദന മേഖല
പശ്ചാത്തല മേഖല
സേവന മേഖല
31.29
13.65
55.06

ചിത്രം 6.3


മേഖലാ വിഭജനം നഗരപാലികാ സ്ഥാപനങ്ങളിൽ (ശതമാനത്തിൽ)
ഉത്പാദന മേഖല
പശ്ചാത്തല മേഖല
സേവന മേഖല
31.29
13.65
55.06

ഉൽപാദന മേഖലയിൽ ത്രിതല പഞ്ചായത്തുകൾ 31.29 ശതമാനവും, നഗരപാലികാ സ്ഥാപനങ്ങൾ 11.80 ശതമാനവും ഫണ്ടാണ് വികസനഫണ്ടിൽ നിന്നും 2017-18ൽ വകയിരുത്തിയിട്ടുള്ളത്. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള കുറഞ്ഞ പരിധി പ്രകാരം ഫണ്ട് വകയിരുത്തുന്നതിനപ്പുറം ഈ മേഖലയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാകുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഹിതം ഉൽപാദന മേഖലയിൽ വകയിരുത്തണമെന്ന് പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിലും, ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ യഥാക്രമം 449.72 ലക്ഷം, 37.85 ലക്ഷം രൂപ വീതം പ്രസ്തുത വിഭാഗങ്ങൾക്കായി ഉൽപാദന മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. ഇത് ജില്ലക്ക് 2017-18ൽ ലഭ്യമായ പട്ടികജാതി വികസന ഫണ്ടിന്റെ 4.42 ശതമാനവും, പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 9.49 ശതമാനവുമാണ്.

പശ്ചാത്തല മേഖലയിൽ ത്രിതലപഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും യഥാക്രമം 30, 50 ശതമാനം ഫണ്ട് വകയിരുത്താമെങ്കിലും, ജില്ലയിൽ യഥാക്രമം 13.65, 22.33 ശതമാനം ഫണ്ട് മാത്രമേ 2017-18ൽ വകയിരുത്തിയിട്ടുള്ളൂ.

പട്ടികജാതി വികസന ഫണ്ടിൽ നിന്നും 1295.48 ലക്ഷം രൂപയും, പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും 41.47 ലക്ഷം രൂപയുമാണ് പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18 ലെ പദ്ധതി വിഹിതത്തിൽ നിന്ന് മാറ്റിവെച്ചിട്ടുള്ളത്. ഈ വിഭാഗത്തിലെ 30 ശതമാനം തുക പശ്ചാത്തല മേഖലയിലെ പദ്ധതികൾക്കായി നീക്കിവെക്കാമെന്നിരിക്കെ, ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ യഥാക്രമം 16.93 ശതമാനവും, 14.55 ശതമാനവും മാത്രമേ നീക്കിവെച്ചിട്ടുള്ളൂ. ഈ വിഭാഗങ്ങളിൽ ഭവന പദ്ധതികൾ ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമ പരിപാടികൾ ഏറ്റെടുക്കുന്നതിനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്.

മേഖലാ വിശകലനം

6.1 കൃഷി

കോഴിക്കോട് ജില്ലയിലെ മുഖ്യ ഉൽപാദന മേഖല എന്ന നിലയിൽ കാർഷിക മേഖലയ്ക്ക് താരതമ്യേന മെച്ചപ്പെട്ട പരിഗണനയാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ നൽകിയിട്ടുള്ളത്. 733 പ്രൊജക്ടുകൾക്കായി 4964.02 ലക്ഷം (മൊത്തം അടങ്കൽ) രൂപയാണ് ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൃഷിക്കായി നീക്കി വച്ചിട്ടുള്ളത്. പുതിയ പദ്ധതികൾക്കായി വികസന ഫണ്ടിനത്തിൽ 2459.92 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് ഉൽപാദനമേഖലയിൽ വകയിരുത്തിയ വികസന ഫണ്ടിന്റെ 34 ശതമാന മാണ്. പ്രൊജക്ടുകളുടെ വിശദാംശങ്ങൾ പട്ടിക 6.12ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6.12

കോഴിക്കോട് ജില്ലയിലെ കാർഷിക പ്രൊജക്ടുകൾ 2017-18

വിള	പുതിയ പ്രൊജക്ടുകൾ	സ്പിൽ ഓവർ	ആകെ പ്രൊജക്ടുകൾ	പദ്ധതി അടങ്കൽ (ലക്ഷത്തിൽ)
നെൽ കൃഷി	108	6	114	833.72
നാളികേരം	98	10	108	1054.61
കമുക്	67	0	6	9.90
പച്ചക്കറി	144	6	150	510.75
വാഴ	43	1	44	150.98
കിഴങ്ങ്	62	7	69	262.66
പഴങ്ങൾ	40	1	41	106.91
കുരുമുളക്	36	0	36	67.45
കാർഷികോപകരണം (വ്യക്തികൾക്ക്)	3	1	4	7.32
കാർഷികോപകരണം (ഗ്രൂപ്പുകൾക്ക്)	12	2	14	101.44

അനുബന്ധ സൗകര്യങ്ങൾ	13	3	16	1044.53
അടിസ്ഥാന സൗകര്യങ്ങൾ	58	26	84	699.59
മറ്റുള്ളവ	47	0	47	114.16
കൃഷി ആകെ	**670**	**63**	**733**	**4964.02**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

പട്ടിക 6.12 പ്രകാരം ജില്ലയിലെ നാളികേര കൃഷി വികസനത്തിനായി 108 പ്രൊജക്ടുകളിലായി 1054.61 ലക്ഷം രൂപയാണ് നീക്കി വച്ചിട്ടുള്ളത്. ജില്ലയിലെ കൃഷിഭൂമിയിൽ 50% ത്തിലേറെ കൃഷി ചെയ്യുന്ന നാളികേരകൃഷിയുടെ വികസനത്തിനായി കാർഷിക വികസന പദ്ധതി അടങ്കലിന്റെ 21.24 % നീക്കി വച്ചിട്ടുണ്ട്. നാളികേരകൃഷി നേരിടുന്ന പ്രധാന പ്രശ്നം ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലുമുള്ള കുറവാണ്. ജില്ലയിലെ കൃഷിഭൂമി വിവിധ കാരണങ്ങളാൽ കുറഞ്ഞു വരുന്ന സാഹചര്യത്തിൽ ഉൽപാദനക്ഷമത വർദ്ധപ്പിക്കുന്നതിലൂടെ മാത്രമേ കൃഷിയെ നിലനിർത്തുന്നതിനായി സാധിക്കുകയുള്ളൂ. ജലസംരക്ഷണത്തിന് വൻകിട പദ്ധതികൾക്ക് പരിമിതികളുണ്ടെങ്കിലും തെങ്ങിന് തടമെടുക്കുന്നതുപോലെയുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഹരിതകേരളം വിഭാവനം ചെയ്യുന്ന ജലസുരക്ഷാ പദ്ധതി കാര്യക്ഷമമാകുന്നതിനും ഇത് ഉപകരിക്കും. തൊഴിലുറപ്പ് പദ്ധതിയിൽ ഇതിനുള്ള അവസരമില്ലെങ്കിലും കേരഗ്രാമം പോലെയുള്ള പദ്ധതിയിൽ ഇത്തരം പദ്ധതികൾ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ്.

1,20,683 ഹെക്ടർ തെങ്ങ് കൃഷി ചെയ്യുന്ന കോഴിക്കോട് ജില്ലയിൽ തെങ്ങിന്റെ ഇടവിള കൃഷിക്കുള്ള സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തെങ്ങിന് ഇടവിളയായി കൃഷി ചെയ്യാവുന്നത് കൊക്കോ, പഴങ്ങൾ, പച്ചക്കറികൾ, കുരുമുളക്, വാഴ, ജാതി, കിഴങ്ങ് വർഗ്ഗങ്ങൾ മുതലായ കൃഷികളാണ്. ഇതിൽ പച്ചക്കറി കൃഷിക്കായി 150 പ്രൊജക്ടുകളിലായി 510.75 ലക്ഷം രൂപയും വാഴകൃഷിക്കായി 44 പ്രൊജക്ടുകൾക്കായി 150.98 ലക്ഷം രൂപയും കുരുമുളക് കൃഷിക്കായി 36 പ്രൊജക്ടുകളിലൂടെ 67.46 ലക്ഷം രൂപയും പഴങ്ങൾ കൃഷി ചെയ്യുന്നതിനായി 41 പ്രൊജക്ടുകളിലായി 106.91 ലക്ഷം രൂപയും കിഴങ്ങു വർഗ്ഗങ്ങൾക്കായി 69 പ്രൊജക്ടുകളിലായി 262.66 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. തെങ്ങും ഇടവിളകളും ഒരുമിച്ച് കൃഷി ചെയ്യുന്നതുപോലെ ഒരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലുള്ള ജലസേചന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ, നീർക്കുഴി നിർമ്മാണം, കോണ്ടൂർ ബണ്ടിംഗ് പോലെയുള്ള പ്രവർത്തനങ്ങളും ഇതുമായി ബന്ധപ്പെട്ട് നടത്താവുന്നതാണ്. നാളികേരം കഴിഞ്ഞാൽ കോഴിക്കോട് ജില്ലയിൽ ഏറ്റവുമധികം കൃഷി ചെയ്യുന്നത് റബ്ബറാണ് (21920 ഹെക്ടർ). റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുഖ്യമായും റബ്ബർ ബോർഡിന്റെ നിയന്ത്രണത്തിലായതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ പദ്ധതി പണം കാര്യമായി വിനിയോഗിക്കാറില്ല. റബ്ബർ കൃഷി വിസ്തീർണ്ണം ഓരോ വർഷവും കൂടാറുണ്ടെങ്കിലും ഉൽപാദനക്ഷമതയിൽ വലിയ കുറവാണ് കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്. ഇതിന് പ്രധാന കാരണം റബ്ബർ വിലയിലുള്ള കുറവും വില സ്ഥിരതാ ഫണ്ട് ലഭിക്കാത്തതുമാണ്.

കോഴിക്കോട് ജില്ലയിൽ 2872 ഹെക്ടറിലാണ് നെൽകൃഷി ചെയ്യുന്നത്. ജില്ലയിലെ കൃഷി ഭൂമിയുടെ 2% ത്തിൽ താഴെയാണ് നെൽകൃഷി ചെയ്യുന്നതെങ്കിലും വലിയ പ്രാധാന്യമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നെൽകൃഷിക്ക് നൽകിയിട്ടുള്ളത്. 2017-18 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 114 പ്രൊജക്ടുകളിലായി നീക്കിവെച്ച തുക 833.72 ലക്ഷം രൂപയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ നെൽകൃഷിക്ക് പ്രാധാന്യം നൽകുന്നത് ഭക്ഷ്യ ഉൽപാദനത്തിനും പ്രകൃതിയുടെ ഏറ്റവും നല്ല നീർത്തടമായ നെൽപാടങ്ങൾ സംരക്ഷിക്കുന്നതിനും സഹായകരമായിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്ടുകൾ പ്രധാനമായും

നെൽകൃഷിയുടെ കൂലിച്ചെലവ്, കരനെൽകൃഷി പ്രോത്സാഹനം, വിത്ത്, വളം മുതലായവ വിതരണം ചെയ്യൽ എന്നിവയാണ്. നെൽകൃഷിയിൽ നിന്ന് കർഷകർ പിന്നോട്ട് പോകുന്നതിന് പല കാരണങ്ങളുമുണ്ട്. പ്രധാനകാരണം മറ്റു കൃഷികളേക്കാൾ ബുദ്ധിമുട്ടുള്ള കൃഷിയാണ് നെൽകൃഷി എന്നുള്ളതാണ്. പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവവും ഈ മേഖലയുടെ ഒരു പ്രധാന പ്രതിസന്ധിയാണ്. അതിനാൽ നെൽകൃഷി നിലനിർത്തണമെങ്കിൽ ഈ മേഖലയിൽ യന്ത്രവൽകരണം ആവശ്യമാണ്. ഗ്രാമ പഞ്ചായത്തുകൾ നെൽകൃഷി വികസനത്തിനായി വളരെയേറെ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും, ജില്ലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു അരിമില്ല് ഇല്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

ഒരു പഞ്ചായത്ത് മാത്രമാണ് മെതിയന്ത്രത്തിനുള്ള പ്രൊജക്ട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഞാറുനടുന്നതിനും, വിളവെടുക്കുന്നതിനുമുള്ള യന്ത്രങ്ങൾ വിപണിയിൽ ലഭ്യമായതിനാൽ അത്തരം യന്ത്രങ്ങൾ നെല്ലുൽപാദന സമിതികൾക്ക് നൽകുന്നതിനുള്ള പ്രൊജക്ടുകൾ നെൽകൃഷി വികസനത്തിന് അഭികാമ്യമാണ്. കോഴിക്കോട് ജില്ലയിൽ നെൽകൃഷി കൂടുതലായി ചെയ്യുന്നത് രണ്ടാം വിളയാണ് (2377 ഹെക്ടർ). ഒന്നാം കൃഷി 47 ഹെക്ടറിലും മൂന്നാം കൃഷി 448 ഹെക്ടറിലുമാണ് ചെയ്യുന്നത്. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പ്രോത്സാഹനപരമായ സബ്സിഡിയിലൂടെയും ഒരുപൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളാക്കുന്നതിനുള്ള പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമാണ്.

മറ്റ് പ്രൊജക്ടുകൾ കാർഷിക നഴ്സറി, പാട്ടകൃഷി, കശുമാവ് വികസനം, ഹരിത വന പദ്ധതി, ടെറസിലും മുറ്റത്തും പച്ചക്കറികൃഷി, കീടരോഗ നിയന്ത്രണം, ഫലവൃക്ഷ കൃഷി വ്യാപനം, കറിവേപ്പ്, മുരിങ്ങ കൃഷി വികസനം തുടങ്ങിയവയാണ്.

കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നം തൊഴിലാളികളുടെ അഭാവമാണ്. യന്ത്രവൽകരണത്തിലൂടെ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ കഴിയുമെങ്കിലും അത്തരം പ്രവർത്തനങ്ങൾ നടക്കുന്നില്ല. തെങ്ങുകയറാൻ ആളുകൾ കുറവാണെങ്കിലും തെങ്ങുകയറ്റ യന്ത്രം പരിശീലിക്കുവാൻ നിരവധി യുവാക്കളും യുവതികളും ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. കൃഷിക്കാർക്ക് ഏറ്റവും നല്ല പ്രോത്സാഹനം എന്നത് ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുക എന്നതാണ്. ആധുനിക സംസ്കരണ രീതി ഉപയോഗപ്പെടുത്തുകയും ഇലക്ട്രോണിക് വിപണനം പോലെയുള്ള നവീനമാർഗ്ഗങ്ങൾ അവലംഭിക്കുകയും ചെയ്താൽ ഈ രംഗത്തെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് കൃഷിക്കാർക്ക് രക്ഷപ്പെടുവാൻ കഴിയും.

6.2 – ജലസേചനം

കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. കോഴിക്കോട് ജില്ലയിൽ 2017-18 വാർഷിക പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ 103 പ്രൊജക്ടുകളിലായി 1294.34 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇതിൽ സംയുക്ത പ്രൊജക്ടുകളായ കിണർ റീ-ചാർജ്ജിംഗിനാണ് ഏറ്റവും കൂടുതൽ തുക നീക്കി വച്ചിട്ടുള്ളത്. 37 പ്രൊജക്ടുകളിലായി 509.87 ലക്ഷം രൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് ആകാശഗംഗ എന്ന പേരിൽ രൂപം നൽകിയ ഈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും വേണ്ടത്ര സഹകരണം ഉണ്ടായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ജലസേചന പദ്ധതിക്കായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ പട്ടിക 6.13 ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.13

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജലസേചന പദ്ധതികൾ 2017-18

തദ്ദേശഭരണ സ്ഥാപനങ്ങൾ	പ്രൊജക്ടുകളുടെ എണ്ണം	പദ്ധതി അടങ്കൽ (ലക്ഷത്തിൽ)
ഗ്രാമ പഞ്ചായത്ത്	64	296.22
ബ്ലോക്ക് പഞ്ചായത്ത്	21	3083.02
നഗരസഭ	6	32.81
കോർപ്പറേഷൻ	4	43.00
ജില്ലാ പഞ്ചായത്ത്	8	614.00
ആകെ	**103**	**1294.34**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

തദ്ദേശഭരണ സ്ഥാപനങ്ങൾ ജലസേചന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്ടുകൾ പ്രധാനമായും കിണർ റീചാർജ്ജിംഗ്, വി.സി.ബി നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയ പദ്ധതികളാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജലസേചനത്തിന് നീക്കിവെച്ചിട്ടുള്ള 1294 ലക്ഷം രൂപയിൽ 235 ലക്ഷം രൂപ മാത്രമാണ് നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് നീക്കി വച്ചിട്ടുള്ളത്. പ്രവർത്തനക്ഷമമല്ലാത്ത നിലവിലുള്ള ജലസേചന പദ്ധതി ചുരുങ്ങിയ മുതൽ മുടക്കിൽ ഉപയുക്തമാക്കുവാൻ കഴിയും. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതാണ് അഭികാമ്യം.

ജില്ലയിലെ കാർഷിക മേഖലയിലുള്ള ജലസേചന സൗകര്യത്തിന്റെ ആവശ്യകത പട്ടിക 6.14 ൽ ചേർത്തിരിക്കുന്നു.

പട്ടിക 6.14

കോഴിക്കോട് ജില്ല ജലസേചന സൗകര്യങ്ങൾ

വിളകൾ	വിളകളുടെ വിസ്തീർണ്ണം (ഹെക്ടർ)	ജലസേചന സൗകര്യമുള്ളത് (ശതമാനത്തിൽ)	ജലസേചന സൗകര്യമില്ലാത്തത് (ശതമാനത്തിൽ)
നാളികേരം	119064	1.89	98.11
കമുക്	10261	2.49	97.51
വാഴ	5525	31.82	68.18
പച്ചക്കറി	2500	33.24	66.76
ജാതി	383	25.06	74.94
നെൽകൃഷി	1987	27.97	72.03

(അവലംബം :- സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്)

പട്ടിക 6.14 ൽ നിന്നും ജലസേചന സൗകര്യത്തിന്റെ ആവശ്യകത വ്യക്തമാണ്. ഇതിൽ ജലസേചന സൗകര്യത്തിന്റെ അഭാവം നെൽ കൃഷിയെയാണ് കാര്യമായി ബാധിക്കുന്നത്. ഒരുപ്പൂ നിലങ്ങളെ ഇരുപ്പൂ നിലങ്ങളാക്കുവാൻ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യ മാണ്. തെങ്ങ് കൃഷിക്ക് ജലസേചന സൗകര്യം ലഭിക്കാത്ത ഭൂമി വളരെയധികമാണെങ്കിലും തെങ്ങിന് തടമെടുക്കൽ പോലെയുള്ള പദ്ധതി കളിലൂടെ വലിയൊരളവുവരെ ജലസേചന പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. ജാതി കൃഷിയുടെയും ജലസേചന സൗകര്യം വർദ്ധിപ്പിച്ച് ഉൽപാദനക്ഷമതയിൽ വർദ്ധനവുണ്ടാക്കാവുന്ന താണ്.

തദ്ദേശ ഭരണസ്ഥാപനങ്ങൾ 2017-18 ൽ ജലസേചന മേഖലയിൽ നടപ്പാക്കുന്ന പദ്ധതി കളുടെ വിശദാംശങ്ങൾ അനുബന്ധം 6.2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

6.3 മൃഗസംരക്ഷണ-ക്ഷീരവികസന മേഖല

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തെ മുൻനിർത്തിയായിരിക്കണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേ ണ്ടതെന്ന് മാർഗ്ഗ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. മുഖ്യതൊഴിലായോ ഉപതൊഴിലായോ മൃഗ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്ന പ്രൊജക്ടു കളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രധാനമായും ഈ മേഖലയിൽ ഏറ്റെടുക്കേണ്ടത്.

ജില്ലയിലേക്ക് ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ ആവശ്യകതയും ഉൽപാദ നവും സംബന്ധിച്ച വിവരങ്ങൾ പട്ടിക-6.15ൽ കൊടുത്തിരിക്കുന്നു.

പട്ടിക -6.15

പാൽ, മുട്ട, മാംസം എന്നിവയുടെ ആവശ്യകതയും ഉൽപാദനവും സംബന്ധിച്ച വിവരങ്ങൾ

ക്രമനം.	ഇനം	ആവശ്യകത	ഉത്പാദനം	ശതമാനം
1	പാൽ (ലക്ഷം ലിറ്റർ)	3157.25	1952.75	61.85
2	മുട്ട (എണ്ണം-ലക്ഷത്തിൽ)	5400	1529	28.31
3	മാംസം (മെട്രിക് ടൺ)	37000	34000	91.89

(അവലംബം :- മൃഗസംരക്ഷണ വകുപ്പ്)

ജില്ലയിൽ 3157.25 ലക്ഷം ലിറ്റർ പാലാണ് പ്രതിവർഷം ആവശ്യമായി വരുന്നത്. അതുപോലെ മുട്ടയുടെ ആവശ്യകതയിൽ ഏകദേശം 3871 ലക്ഷം എണ്ണത്തിന്റെ കുറവാണ് ഇപ്പോൾ ഉള്ളത്.

മൃഗസംരക്ഷണ, ക്ഷീര വികസന മേഖല യിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയി രുത്തിയ ഫണ്ടിന്റെ (സ്പിൽ ഓവർ ഉൾപ്പെടെ) വിശദാംശങ്ങൾ പട്ടിക-6.16 ൽ കൊടുത്തിരിക്കുന്നു.

പട്ടിക-6.16

മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ ഫണ്ടിന്റെ (സ്പിൽ ഓവർ ഉൾപ്പെടെ) വിശദാംശങ്ങൾ

ക്രമ നം.	തദ്ദേശഭരണസ്ഥാപനങ്ങൾ	പ്രൊജക്ടുകളുടെഎണ്ണം	വകയിരുത്തിയ ഫണ്ട് (ലക്ഷത്തിൽ)
1	ഗ്രാമപഞ്ചായത്ത്	613	4015.67
2	ബ്ലോക്ക്പഞ്ചായത്ത്	30	770.92
3	ജില്ലാപഞ്ചായത്ത്	18	948.83
4	മുൻസിപ്പാലിറ്റി	55	428.08
5	കോർപ്പറേഷൻ	21	458.30
	ആകെ	**737**	**6621.80**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ 6621.80 ലക്ഷം രൂപയാണ് ഈ മേഖലയിൽ വകയിരുത്തിയിട്ടുള്ളത്. ക്ഷീര വികസനത്തിനായി 1554.63 ലക്ഷം രൂപയും, മൃഗസംരക്ഷണത്തിനായി 5067.17 ലക്ഷം രൂപയുടേയും പ്രൊജക്ടുകൾ പദ്ധതിയിൽ ഉൾപ്പെലടുത്തിയിട്ടുണ്ട്. സ്പിൽ ഓവർ ഉൾപ്പെടെ ഈ മേഖലയിൽ 737 പ്രൊജക്ടുകളാണുള്ളത്. ക്ഷീരമേഖലയിൽ 3 ഉം, മൃഗസംരക്ഷണമേഖലയിൽ 89ഉം ഉൾപ്പെടെ 92 പ്രൊജക്ടുകൾ സ്പിൽ ഓവറുകളാണ്. എസ്.സി.എസ്.പി പദ്ധതി വിഹിത ത്തിൽ നിന്ന് 252.53 ലക്ഷവും, ടി.എസ്.പി വിഹിതത്തിൽ നിന്ന് 16.63 ലക്ഷവും ഈ മേഖലക്കായി വകയിരുത്തിയിട്ടുണ്ട്. പുതിയ പദ്ധതികൾക്കായി വികസന ഫണ്ടിനത്തിൽ 2410.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് ഉൽപാദനമേഖലയിൽ വകയിരുത്തിയ വികസന ഫണ്ടിന്റെ 33.80 ശതമാനമാണ്.

മൃഗസംരക്ഷണ മേഖലയിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6.17ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.17

മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ

ഇനം	പ്രൊജക്ടുകളുടെഎണ്ണം	വകയിരുത്തിയ ഫണ്ട് (ലക്ഷത്തിൽ)
കറവയുള്ള പശു	126	1937.42
പെണ്ണാട്	63	395.63
കറവയുള്ള എരുമ	1	7.00
ഗർഭിണി കിടാരി/ പോത്തുകുട്ടി	110	951.50
മുട്ടക്കോഴി	102	659.47
ഇറച്ചിക്കോഴി	3	32.70
താറാവ്/വളർത്ത് പക്ഷികൾ	2	6.20

പന്നി	0	0.00
അടിസ്ഥാന സൗകര്യങ്ങൾ	162	641.15
രോഗനിയന്ത്രണം	23	321.98
മൃഗങ്ങളുടെ സംരക്ഷണം	8	7.13
അനുബന്ധ സൗകര്യങ്ങൾ	2	81.00
വിപണനം	3	47.00
കാട	0	0
മുയൽ	0	0
തീറ്റപുൽ	4	4.59
സംഭരണം, വിപണനം	2	41.00
യന്ത്രങ്ങൾ, ഉപകരണങ്ങൾ	6	40.60
പാലുൽപാദന വർദ്ധനവ്	120	1447.44
ആകെ	**737**	**6621.80**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി കറവപശുക്കളെയും, ഗർഭിണി കിടാരികളെയും നൽകുന്നതിന് 2895.92 ലക്ഷം രൂപയും, കൂടാതെ ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് നൽകുന്നതിനായി 1447 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന തരത്തിലാണ് പ്രൊജക്ടുകൾ മിക്കതും തയ്യാറാക്കിയിട്ടുള്ളത്. ഈ രംഗത്തെ ആധുനീകരണം ലക്ഷ്യമിട്ട് കൊണ്ട് മിനി ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിനും, കറവയന്ത്രം നൽകുന്നതിനും പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെങ്കിലും, അത്തരം പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ കാര്യമായി ശ്രദ്ധിച്ചതായി കാണുന്നില്ല. അതുപോലെ തന്നെ ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുമെങ്കിലും, പ്രസ്തുത മേഖലകളിലൊന്നും പ്രൊജക്ടുകൾ ഏറ്റെടുത്തതായി കാണുന്നില്ല. കൂടാതെ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉൽപാദനത്തിനും വിപണനത്തിനും പദ്ധതികൾ തയ്യാറാക്കുന്നതിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കാവുന്നതാണ്.

മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനായി 660 ലക്ഷം രൂപയാണ് 2017-18 പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. 57 ഗ്രാമപഞ്ചായത്തുകളും, 6 നഗരസഭകളും ഈ പദ്ധതിക്കായി ഫണ്ട് മാറ്റി വെച്ചിട്ടുണ്ട്. എന്നാൽ മതിയായ കോഴിക്കുഞ്ഞുങ്ങളെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും യഥാസമയം ലഭ്യമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന ഗുണനിലവാരം കുറഞ്ഞ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ടി വരുന്നത് കാരണം, മുട്ട ഉൽപാദനത്തിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിക്കാറില്ല. ജില്ലയിൽ ആവശ്യമായ മുട്ടയുടെ 28% മാത്രമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. ആയതിനാൽ, ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള ചാത്തമംഗലം പൌൾട്രി ഫാമിൽ കോഴിക്കുഞ്ഞുങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ട്.

മാംസോൽപാദന രംഗത്ത് ധാരാളം സാധ്യതകൾ ഉണ്ടെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ കാര്യമായി പ്രയോജനപ്പെടുത്തിയിട്ടില്ല. മാംസോൽപാദനവുമായി ബന്ധപ്പെട്ട്

ഇറച്ചിക്കോഴി, പന്നി, കാട, മുയൽ എന്നിവ വളർത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആനുകൂല്യം അനുവദിക്കാവുന്നതാണ്. എന്നാൽ പന്നി, കാട, മുയൽ എന്നിവ വളർത്തുന്നതിന് ജില്ലയിലെ ഒരു സ്ഥാപനവും പദ്ധതി ഏറ്റെടുത്തിട്ടില്ല. ആട് വളർത്തലിനായി 395.63 ലക്ഷം വകയിരുത്തിയിട്ടുണ്ട്. ഇറച്ചിക്കോഴി വളർത്തലിൽ കീഴരിയൂർ (1.25 ലക്ഷം), കിഴക്കോത്ത് (14.00 ലക്ഷം), കുരുവട്ടൂർ (0.50 ലക്ഷം), തിക്കോടി (30.73 ലക്ഷം) എന്നീ ഗ്രാമപഞ്ചായത്തുകൾ മാത്രമാണ് പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

6.4 മത്സ്യ വികസനം

പ്രതികൂല സാഹചര്യങ്ങളെ വെല്ലുവിളിച്ചും അതിജീവിച്ചും ഉപജീവനമാർഗം തേടുന്ന പരമ്പരാഗത മത്സ്യാതൊഴിലാളികൾ അവരുടെ ജീവിതത്തിന്റെ നാനാതുറകളിലും വളരെ പിന്നോക്കാവസ്ഥയിലാണ്. ജില്ലയിൽ 23000 ത്തോളം പേരാണ് സമുദ്ര മേഖലയെയും ഉൾനാടൻ മേഖലയെയും ആശ്രയിച്ച് ഉപജീവനം നടത്തുന്നത്. കൂടാതെ മത്സ്യവിപണനം, സംസ്കരണം തുടങ്ങിയ അനുബന്ധ മേഖലകളിലായി 11000 ത്തോളം പേരും ജോലി ചെയ്യുന്നുണ്ട്.

പട്ടിക 6.18

ജില്ലയിലെ മത്സ്യ തൊഴിലാളികളുടെ വിവരങ്ങൾ

	മത്സ്യതൊഴിലാളികൾ ജനസംഖ്യ	മത്സ്യതൊഴിലാളി
കടൽമത്സ്യ തൊഴിലാളികൾ	21928	98540
ഉൾനാടൻ മത്സ്യ തൊഴിലാളികൾ	1877	11986
അനുബന്ധ മേഖലകളിൽ ജോലി എടുക്കുന്നവർ	11308	42506

(അവലംബം :- മത്സ്യവകുപ്പ്)

മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ഉപജീവനവും നിലനിൽപും ഉറപ്പുവരുത്തുന്ന പദ്ധതികൾക്കാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രഥമ പരിഗണന നൽകേണ്ടത്. അഴിയൂർ, ഒഞ്ചിയം, ചോറോട്, തിക്കോടി, മൂടാടി, ചെങ്ങോട്ട്കാവ്, ചേമഞ്ചേരി, കടലുണ്ടി ഗ്രാമപഞ്ചായത്തുകൾ, വടകര, പയ്യോളി, കൊയിലാണ്ടി നഗരസഭകൾ, കോഴിക്കോട് കോർപ്പറേഷൻ എന്നിവയാണ് ജില്ലയിലെ തീരദേശമേഖലയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ. ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ വകയിരുത്തിയ ഫണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 6.19

തദ്ദേശഭരണ സ്ഥാപനങ്ങൾ മത്സ്യ മേഖലയിൽ വകയിരുത്തിയ ഫണ്ട് വിവരങ്ങൾ

ക്രമ നം.	തദ്ദേശഭരണസ്ഥാപനം	പ്രൊജക്ടുകളുടെഎണ്ണം	അടങ്കൽ (ലക്ഷത്തിൽ)
1	അഴിയൂർ ഗ്രാ.പ.	4	5.40
2	ചോറോട് ഗ്രാ.പ.	3	10.04
3	ഏറാമല ഗ്രാ.പ.	1	10.00
4	ഒഞ്ചിയം ഗ്രാ.പ.	3	12.00
5	തിക്കോടി ഗ്രാ.പ.	4	5.20
6	പേരാമ്പ്ര ഗ്രാ.പ.	3	5.00
7	ചേമഞ്ചേരി ഗ്രാ.പ.	1	12.00
8	മൂടാടി ഗ്രാ.പ.	1	1.20
9	ചേങ്ങോട്ടുകാവ് ഗ്രാ.പ.	5	14.75
10	കക്കോടി ഗ്രാ.പ.	2	5.75
11	ചേളന്നൂർ ഗ്രാ.പ.	4	3.36
12	തലക്കുളത്തൂർ ഗ്രാ.പ.	3	2.46
13	കൊടിയത്തൂർ ഗ്രാ.പ.	1	1.00
14	മാവൂർ ഗ്രാ.പ.	4	35.23
15	കുന്നമംഗലം ഗ്രാ.പ.	2	4.15
16	കടലുണ്ടി ഗ്രാ.പ.	8	25.63
17	ഒളവണ്ണ ഗ്രാ.പ.	2	7.00
18	വളയം ഗ്രാ.പ.	1	15.00
19	വടകര ബ്ലോക്ക്	2	6.00
20	വടകര നഗരസഭ	4	52.98
21	കൊയിലാണ്ടി നഗരസഭ	4	16.00
22	പയ്യോളി നഗരസഭ	1	5.00
23	ഫറോക്ക് നഗരസഭ	1	2.77
24	കോഴിക്കോട് കോർപ്പറേഷൻ	11	136.50
25	മേലടി ബ്ലോക്ക്	1	2.00
26	പന്തലായിനി ബ്ലോക്ക്	2	4.00
27	മണിയൂർ ഗ്രാ.പ.	1	0.50
28	കോഴിക്കോട് ജില്ലാ പഞ്ചായത്ത്	1	10.00
	ആകെ	**79**	**410.92**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

410.92 ലക്ഷം രൂപ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ മത്സ്യമേഖലയിലെ പദ്ധതികൾക്കായി മാറ്റിവെച്ചിട്ടുണ്ട്. മത്സ്യ ബന്ധനത്തിനുള്ള വല നൽകുന്നതിനായി 21.73 ലക്ഷവും, വള്ളത്തിനായി 43 ലക്ഷവും, ഐസ് ബോക്സിനായി 7.50 ലക്ഷവും രൂപ വകയിരുത്തിയിട്ടുണ്ട്. അലങ്കാര മത്സ്യകൃഷി, കല്ലുമ്മക്കായ് കൃഷി, ഞണ്ട് കൃഷി എന്നിവക്ക് ഓരോ തദ്ദേശഭരണങ്ങൾ മാത്രമാണ് പദ്ധതി ഏറ്റെടുക്കാൻ തയ്യാറാക്കിയിട്ടുള്ളത്. മത്സ്യതൊഴിലാളി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഫർണിച്ചർ നൽകുന്നതിനായി കോഴിക്കോട് ജില്ലാപഞ്ചായത്ത് ഉൾപ്പെടെ 11 തദ്ദേശഭരണ സ്ഥാപനങ്ങൾ 36.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യ മാർക്കറ്റ് നവീകരണത്തിനായി 83.64 ലക്ഷമാണ് മാറ്റിവെച്ചിട്ടുള്ളത്. വടകര ബ്ലോക്ക് പഞ്ചായത്ത് മാത്രമാണ് മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിനായി പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്.

വിവിധ ഉപവിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചിത്രം 6.4 ൽ കാണിച്ചിരിക്കുന്നു.

ചിത്രം 6.4



(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

കോഴിക്കോട് ജില്ലയിൽ ഏകദേശം 27809 ഹെക്ടർ ശുദ്ധ ജലാശയങ്ങളും (6 പുഴകൾ, 2 ജലസംഭരണികൾ, കാറികൾ, പഞ്ചായത്ത്-അമ്പലം-പള്ളി-സ്വകാര്യ കുളങ്ങൾ, ടാങ്കുകൾ, വെള്ളക്കെട്ടുകൾ എന്നിവ ഉൾപ്പെടെ) 4162 ഹെക്ടർ ഓരു ജലാശയങ്ങളുമുണ്ടെങ്കിലും (കായൽ, ആഴി, വെള്ളക്കെട്ടുകൾ, ചെമ്മീൻ കെട്ടുകൾ, ചാലുകൾ, ചതുപ്പനിലങ്ങൾ) ഉൾനാടൻ മത്സ്യ ബന്ധന മേഖലയുടെ വികസനത്തിനായി 8.93 ലക്ഷം രൂപ മാത്രമാണ് (2.17%) മാറ്റിവെച്ചിട്ടുള്ളത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിലാണ് ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 222.14 ലക്ഷവും മാർക്കറ്റ് നവീകരണത്തിനായാണ് മാറ്റിവെച്ചത്. മത്സ്യ തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ടുള്ള കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

6.5 വ്യവസായ മേഖല

ഏതൊരു സമ്പദ്‌വ്യവസ്ഥയുടെ വളർച്ചക്കും വ്യവസായ വികസനം അനിവാര്യമാണ്. വ്യാവസായികമായി അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നതും സംരംഭക വികസന സാധ്യത കൂടുതലുള്ളതുമായ ജില്ലയാണ് കോഴിക്കോട്.

ജില്ലയിലെ വ്യവസായ മേഖല നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം വിപണന സാധ്യതകളുടെ അഭാവമാണ്. വൻകിട വ്യവസായങ്ങളുമായും ഇറക്കുമതി ചെയ്യപ്പെട്ടിട്ടുള്ള ഉൽപ്പന്നങ്ങളോടു മത്സരിക്കുന്നതിനുമുള്ള ശക്തി ചെറിയ സംരംഭങ്ങൾക്കില്ല. ചൈനീസ് ഉൽപന്നങ്ങളാണ് ഈ മേഖലയിലെ പ്രധാന വെല്ലുവിളി. ഗുണനിലവാരം കുറവാണെങ്കിലും വിലയിലുള്ള കുറവാണ് ചൈനീസ് ഉൽപന്നങ്ങളെ ആകർഷകമാക്കുന്നത്. ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ 2017-18 വാർഷിക പദ്ധതി വിലയിരുത്തുമ്പോൾ വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏതാനും വിപണന മേളകൾക്കുള്ള പദ്ധതികളല്ലാതെ മറ്റു പദ്ധതികൾ ഉൾപ്പെട്ടിട്ടില്ലെന്ന് കാണാവുന്നതാണ്. കുടുംബശ്രീ പോലുള്ള ശക്തമായ അടിത്തറയുള്ള പ്രസ്ഥാനം വഴി വിപണന ശൃംഖല സൃഷ്ടിച്ചുകൊണ്ട് നിരവധി ചെറുകിട വ്യവസായങ്ങൾക്കുള്ള വാതിലുകൾ തുറക്കാവുന്നതാണ്. ഇത്തരം സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടതാണ്. കൂടാതെ പൊതുവായ വിപണന സൗകര്യം ലഭിക്കുന്നതിനു വേണ്ടി ഒരേ ബ്രാന്റ് നെയിമുള്ള ഉൽപന്നങ്ങൾ പുറത്ത് ജോലി ചെയ്ത് ഉൽപന്നങ്ങൾ തിരികെ കൊണ്ടുവന്ന് പൊതുസംവിധാനത്തിലൂടെ വിപണനം ചെയ്യാവുന്നതാണ് (Outworker Production System).

ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യവസായ മേഖലയിൽ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 6.20 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.20

വ്യവസായ മേഖലയിൽ വകയിരുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ

ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ (തുക ലക്ഷത്തിൽ)
ചെറുകിട വ്യവസായം	119	1234.87
കരകൗശലം	2	11.50
കൈത്തറി	0	0
കയർ	1	10.00
ഖാദി ഗ്രാമവ്യവസായം	4	27.93
പരമ്പരാഗത കൈത്തറി	44	259.54
സ്വയംതൊഴിൽ സംരംഭം	121	942.54
വിപണന പ്രോത്സാഹനം	17	10.70
സഹകരണ സംഘങ്ങൾക്ക് ധനസഹായം	3	13.00
കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്	4	16.34
ആകെ	**315**	**2526.42**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളിൽ ഏറെയും സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ളതാണ്. എന്നാൽ ഇത്തരം പദ്ധതികൾ ഉദ്ദേശിച്ച ഫലം നേടുന്നതായി കാണുന്നില്ല. ആയതിനാൽ സ്വയംതൊഴിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം നടത്തി പോരായ്മകൾ പരിഹരിക്കുന്ന മെച്ചപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകേണ്ടതാണ്.

ജില്ലയിലെ ആകെ 29 കൈത്തറി സംഘങ്ങളും ഹാൻവീവിന് കീഴിലുള്ള 4 നെയ്ത്തു കേന്ദ്രങ്ങൾ ഉൾപ്പെടെ നിരവധി കൈത്തറി നിർമ്മാണ യൂണിറ്റുകളുണ്ട്. ഇത് 200 ഓളം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നു. പക്ഷേ ജില്ലയിൽ ഉപയോഗിക്കുന്നതിൽ ഒരു ശതമാനം പോലും കൈത്തറി ഉൽപ്പന്നങ്ങളില്ലായെന്നുള്ളത് വസ്തുതയാണ്. നിർബന്ധമായും ഇത്തരം ഉൽപ്പന്നങ്ങൾ അടിച്ചേൽപ്പിക്കാൻ കഴിയില്ലെങ്കിലും മതിയായ പ്രചരണ പരിപാടികളും ആധുനിക വിപണന മാർഗ്ഗങ്ങളും ഇതിനായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ, കൈത്തറി മേഖലകളിൽ യന്ത്രവൽകരണം നടപ്പിലാക്കാവുന്നതാണ്. ജില്ലയിലെ കൈത്തറി മേഖലയിൽ വൻ സാധ്യത ഉണ്ടായിട്ടും ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ 2017-18 വർഷം ഉൾപ്പെടുത്തിയിട്ടില്ലായെന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. കൈത്തറി വ്യവസായം കൂടുതലുള്ള വടകര, കൊയിലാണ്ടി മുനിസിപ്പാലിറ്റികളെങ്കിലും ഈ മേഖലയെ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഉൾപ്പെടുത്തേണ്ടതാണ്.

ജില്ലയിലെ ഉപയോഗിക്കപ്പെടാത്ത കാർഷിക ഉൽപ്പന്നങ്ങൾ നിരവധിയാണ്. 21 ദശലക്ഷം ചക്കയും 39504 ടൺ മാങ്ങയും കോഴിക്കോട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പൊതുവിൽ കുറഞ്ഞ വിലയ്ക്ക് ലഭിക്കാവുന്ന കാർഷിക ഉൽപ്പന്നങ്ങളാണിവ. ഇത്തരം കാർഷിക ഉൽപ്പന്നങ്ങൾ സംസ്ക്കരിച്ച് ഉണ്ടാക്കുന്ന ഭക്ഷ്യോൽപ്പന്നങ്ങൾക്ക് കമ്പോളത്തിൽ വലിയ വിപണന സാധ്യതയാണുള്ളത്. എന്നുമാത്രമല്ല, ഇത്തരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത് വഴി മേൽപ്പറഞ്ഞ കൃഷി ചെയ്യുന്ന കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുകയും ചെയ്യും. ഈ മേഖലയിൽ ഇത്രമാത്രം സാധ്യത ഉണ്ടായിട്ടു പോലും ത്രിതല പഞ്ചായത്തുകൾ കാര്യമായ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടില്ല. ധാരാളം കയറ്റുമതി സാധ്യതയും ഇത്തരം ഉൽപ്പന്നങ്ങൾക്കുണ്ട്. പൊതുവിൽ രാസകീടനാശിനികളോ രാസവളങ്ങളോ ഉപയോഗിക്കപ്പെടാത്ത ഉൽപ്പന്നങ്ങൾ ആകയാൽ ഭക്ഷ്യസംസ്ക്കരണ രംഗത്ത് ഇതൊരു നൂതന കാൽവെപ്പായിരിക്കും.

അവിദഗ്ധ തൊഴിലാളികളുടെ അഭാവം നിലവിൽ വ്യവസായ സംരംഭകരെ പിന്നോട്ട് വലിക്കുന്നു. വിദഗ്ധ തൊഴിലാളികളുണ്ടെങ്കിലും യുവജനങ്ങൾക്കിടയിൽ എല്ലാ തൊഴിലും ഏറ്റെടുത്ത് ചെയ്യാനുള്ള വിമുഖത വർദ്ധിച്ചു വരികയാണ്. ആയതിനാൽ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

വ്യവസായ വകുപ്പ് വിശകലനം ചെയ്തിട്ടുള്ള ജില്ലയിലെ വ്യവസായ മേഖലയിലെ പ്രശ്നങ്ങളോട് പൊരുത്തപ്പെടാവുന്ന നാമമാത്ര മായ പദ്ധതികളെ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളൂ എന്നു പറയേണ്ടിയിരിക്കുന്നു. അത് കൊണ്ട് ജില്ലയിലെ വ്യവസായ മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടു വേണം തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതികൾ തയ്യാറാക്കേണ്ടത്.

6.6 ആരോഗ്യം

ആരോഗ്യ സംരക്ഷണത്തിനായി പ്രാദേശികതലം മുതൽ വിവിധ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനതലങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതായുണ്ട്. രോഗപ്രതിരോധം, രോഗനിർണ്ണയം, ബോധവൽക്കരണം, മാലിന്യസംസ്കരണം, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ മരുന്ന് വാങ്ങൽ, മറ്റ് അനുബന്ധ സൗകര്യങ്ങൽ ഒരുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനതലങ്ങളുടെ ചുമതലയാണ്.

ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരോഗ്യ മേഖലയിൽ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 6.21 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.21

ആരോഗ്യ മേഖലയിൽ വകയിരുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക (തുക ലക്ഷത്തിൽ)
ഗ്രാമ പഞ്ചായത്ത്	462	4508.49
ബ്ലോക്ക് പഞ്ചായത്ത്	76	894.33
ജില്ലാ പഞ്ചായത്ത്	14	541.47
മുനിസിപ്പാലിറ്റി	79	803.06
കോർപ്പറേഷൻ	72	325.16
ആകെ	**703**	**9999.01**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ഗ്രാമപഞ്ചായത്തുകൾ 462 പ്രോജക്ടുകൾക്കായി 4508.49 ലക്ഷം രൂപയാണ് ആരോഗ്യ മേഖലയിൽ വകയിരുത്തിയിട്ടുള്ളത്. ആശുപത്രികൾക്കായി മരുന്ന്, ഇൻവെർട്ടർ വാങ്ങൽ, ആശുപത്രി നവീകരണം, അടുക്കള റിപ്പയർ, അടിസ്ഥാന സൗകര്യം ഒരുക്കൽ, വയറിംഗ്, ആരോഗ്യ പദ്ധതികൾക്ക് ധനസഹായം, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്, എൻ.സി.ഡി ക്യാമ്പ്, ജീവിതശൈലീ രോഗ നിയന്ത്രണം, കാൻസർ നിർമ്മാർജ്ജന ഉപകരണങ്ങൾ വാങ്ങൽ, ഹെൽത്ത് കെയർ മൊബൈൽ യൂണിറ്റ്, ട്രൈബൽ മെഡിക്കൽ ക്യാമ്പ്, ഡയാലിസിസ് രോഗികൾക്ക് അവശ്യ മരുന്ന് ലഭ്യമാക്കൽ, എൻ.ആർ.എച്ച്.എം പരിപാടികളുടെ ശാക്തീകരണം, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പരിചരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളാണ് ഗ്രാമപഞ്ചായത്തുകൾ 2017-18 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തത്.

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സമഗ്ര ആരോഗ്യ പരിപാടി ആശുപത്രി കെട്ടിട വിപുലീകരണം, സ്നേഹസ്പർശം തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകളും തയ്യാറാക്കുന്നുണ്ടെങ്കിലും ജീവിത ശൈലീരോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും സ്ക്രീനിങ് ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശം ഉണ്ടെങ്കിലും വളരെ കുറച്ച് ഗ്രാമപഞ്ചായത്തുകളേ ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളൂ.

ജില്ലയിൽ പട്ടിക വർഗ്ഗ കോളനികളുള്ള 33 ഗ്രാമപഞ്ചായത്തുകളുണ്ടെങ്കിലും കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി, കട്ടിപ്പാറ എന്നീ 4 ഗ്രാമപഞ്ചായത്തുകൾ മാത്രമേ ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളൂ.

ഭിന്നശേഷിക്കാർക്കായി ഉപകരണം വാങ്ങുന്നതിനും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി അഴിയൂർ, കക്കോടി, ചക്കിട്ടപ്പാറ, തലക്കുളത്തൂർ എന്നീ 4 ഗ്രാമപഞ്ചായത്തുകൾ മാത്രമേ തുക വകയിരുത്തിയതായി കാണുന്നുള്ളൂ. സ്കൂൾ ആരോഗ്യപരിപാടി ഫലപ്രദമാക്കുന്നതിനുള്ള പ്രോജക്ടിന് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് മാത്രമേ തുക വകയിരുത്തിയിട്ടുള്ളൂ. ഇത്തരത്തിലുള്ള പ്രോജക്ടുകൾ മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നൽകുന്നതിനായി ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് മാത്രമേ തുക വകയിരുത്തിയതായി കാണുന്നുള്ളൂ.

ബ്ലോക്ക് പഞ്ചായത്തുകൾ 76 പ്രോജക്ടുകൾക്കായി 894.33 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തുകൾ അംഗ

പരിമിതരായ കുട്ടികൾക്ക് മൊബൈൽ ഫിസിയോ തെറാപ്പി ക്ലിനിക്ക്, ആർദ്രം മിഷൻ, നന്മ ആരോഗ്യ പദ്ധതി, സി.എച്ച്.സി അറ്റകുറ്റപ്പണി, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കെട്ടിട നവീകരണം, ഫർണിച്ചർ വാങ്ങൽ, സി.എച്ച്.സിയിൽ വനിതകൾക്കുള്ള പ്രത്യേക ടോയ്ലറ്റും, മുലയൂട്ടുന്നതിനുള്ള പ്രത്യേക സൗകര്യമൊരുക്കൽ, കാൻസർ രോഗ നിർണ്ണയ ക്യാമ്പ്, സി.എച്ച്.സിക്കൾക്ക് മരുന്ന്, കമ്പ്യൂട്ടർ വാങ്ങൽ, കാൻസർ രോഗ നിയന്ത്രണ പരിപാടി, ഫാർമസി വിപുലീകരണം, സെക്കണ്ടറി പാലിയേറ്റീവ് കെയർ, സി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം, ജെറിയാട്രിക് വാർഡ് നിർമ്മാണം, അവയവദാന സമ്മതപത്ര സമാഹരണം, പെയിൻ ആന്റ് പാലിയേറ്റീവ് ഹോം കെയർ തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

കുന്ദമംഗലം, മേലടി, തൂണേരി ബ്ലോക്ക് പഞ്ചായത്തുകൾ മാത്രമേ കാൻസർ രോഗ നിർണ്ണയത്തിനായി തുക വകയിരുത്തിയതായി കാണുന്നുള്ളൂ.

ജില്ലാ പഞ്ചായത്ത് ജില്ലാ ആശുപത്രിക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ലബോറട്ടറി ആന്റ് മെഡിക്കൽ സ്റ്റോർ, കെട്ടിട നിർമ്മാണം, സ്പന്ദനം പദ്ധതി, ആയുർവേദാശുപത്രിക്ക് മരുന്ന വാങ്ങൽ, അറ്റകുറ്റപ്പണികൾ പൂർത്തീകരണ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് കൺസ്യൂമബിൾ, മാനസിക രോഗികൾക്ക് മരുന്ന് വാങ്ങൽ, ഹോമിയോപ്പതി വന്ധ്യതാ നിവാരണ കേന്ദ്ര നിർമ്മാണം, സ്നേഹസ്പർശം തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

മാർഗ്ഗരേഖ പ്രകാരം ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടേയും യുവതീ-യുവാക്കളുടേയും മാനസിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസിലിംഗ് പ്രൊജക്ടുകൾ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല.

മുനിസിപ്പാലിറ്റികളിൽ 79 പ്രൊജക്ടുകൾക്കായി 803.06 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അർബൻ ഹെൽത്ത് സെന്ററിലേക്ക് ആബുലൻസ് വാങ്ങൽ, ആയുർവേദ ഹോസ്പിറ്റൽ കെട്ടിട നിർമ്മാണവും പുനരുദ്ധാരണവും, കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം, പകർച്ചവ്യാധി നിയന്ത്രണ പരിപാടിയും ബോധവൽകരണവും, താലൂക്ക് ആശുപത്ര കാന്റീൻ, കൂട്ടിരിപ്പ് കേന്ദ്രം, വിവിധ സ്ഥലങ്ങളിൽ വനിതാ ടോയ്ലറ്റ് നിർമ്മാണം, സ്നേഹസ്പർശം, ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ, എക്സ്റെ യൂണിറ്റ് സ്ഥാപിക്കൽ, ജീവിതശൈലീ രോഗ നിയന്ത്രണം, ഇതര സംസ്ഥാന തൊഴിലാളികളുടെ സ്ക്രീനിംഗ്, എച്ച്.ഐ.വി ബാധിച്ച കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണ സഹായം, ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുത്തത്. മാർഗ്ഗരേഖ പ്രകാരം നഗരസഭകൾക്ക് എച്ച.ഐ.വി ബാധിതർക്കായി പ്രത്യേക പ്രോജക്ടുകൾ വയ്ക്കണമെന്ന് നിർദ്ദേശിച്ചുണ്ടെങ്കിലും കോഴിക്കോട് കോർപ്പറേഷൻ മാത്രമേ എയ്ഡ്സ് രോഗ നിയന്ത്രണത്തിനും, എയ്ഡ്സ് ബാധിതരുടെ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടിന് തുക വകയിരുത്തിയിട്ടുള്ളൂ. മറ്റ് നഗരസഭകളൊന്നും ഇത്തരത്തിലുള്ള പ്രോജക്ടുകൾ വകയിരുത്തിയതായി കാണുന്നില്ല.

6.7 കുടിവെള്ളം

കാലാവസ്ഥാ വ്യതിയാനവും, തണ്ണീർതടങ്ങളും നെൽവയലുകളും നികത്തുന്നതും ജില്ലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാകാൻ കാരണമായിട്ടുണ്ട്. വരൾച്ചാക്കാലത്ത് ജലസ്രോതസ്സുകൾ വറ്റുന്നത് കാരണം കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിയ പല ചെറുകിട കുടിവെള്ള പദ്ധതികളിലൂടെയും ശരിയായ രീതിയിൽ ജലവിതരണം നടത്താൻ സാധിക്കുന്നില്ല. ആയതിനാൽ ജലസ്രോതസ്സുകളിലെ ജലവിതാനം വർദ്ധിപ്പിക്കുന്നതിനായി ജനപങ്കാളിത്തത്തോടെയുള്ള മഴവെള്ളം സംരക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാകണം. ഇതിനായി കിണർ റീചാർജ്ജിംഗ് പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

കുടിവെള്ള മേഖലയിൽ ജില്ലയിലെ മൊത്തം പദ്ധതി അടങ്കൽ 7454.70 ലക്ഷം രൂപയാണ് (സ്പിൽ ഓവർ പ്രൊജക്ടുകളടക്കം). 2017-18 വർഷത്തിൽ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ പട്ടിക 6.22 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.22

കുടിവെള്ള മേഖലയിൽ വകയിരുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ

(തുക ലക്ഷത്തിൽ)

സ്ഥാപനം	കുടിവെള്ള പ്രൊജക്ടുകളുടെ എണ്ണം	കുടിവെള്ള മേഖലയ്ക്ക് വകയിരുത്തിയത്
ഗ്രാമ പഞ്ചായത്തുകൾ	700	3045.32
ബ്ലോക്ക് പഞ്ചായത്തുകൾ	91	815.61
ജില്ലാ പഞ്ചായത്ത്	102	1628.90
മുൻസിപ്പാലിറ്റികൾ	89	403.33
കോർപ്പറേഷനുകൾ	57	1561.54
ആകെ	**1039**	**7454.70**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

വ്യക്തിഗത കുടിവെള്ള പദ്ധതികൾക്കായി 512.03 ലക്ഷം രൂപയും പൊതുകുടിവെള്ള പദ്ധതികൾക്കായി 6942.66 ലക്ഷം രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുണ്ട്. സംയുക്ത പ്രൊജക്ടായ കിണർ റീ-ചാർജ്ജിംഗിന് 37 പ്രൊജക്ടുകളിലായി 509.87 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ആകാശഗംഗ എന്ന പേരിൽ രൂപം നൽകിയ ഈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും വേണ്ടത്ര സഹകരണം ഉണ്ടായിട്ടില്ല എന്നത് ഒരു വസ്തുതയാണ്.

6.8 ശുചിത്വം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രോജക്ടുകൾ ഹരിതകേരളം മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വ പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കണമെന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിന് ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക. അജൈവ മാലിന്യം ശേഖരിച്ച് പുന:ചക്രമണം വിധേയ മാക്കുക, ജൈവമാലിന്യങ്ങൾ വളം ഉൽപാദന ത്തിനും ഊർജ്ജ ഉൽപാദനത്തിനും ഉപയോഗ പ്പെടുത്തുക എന്നീ നിർദ്ദേശങ്ങളും മാർഗ്ഗ രേഖയിലുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ ഹരിത കേരളം പദ്ധതിയുമായി സംയോജിപ്പിച്ച് ജില്ലയെ മാലിന്യമുക്തമാക്കുന്നതിനുള്ള സീറോ വേസ്റ്റ് കോഴിക്കോട് പദ്ധതി 2017-18 തദ്ദേശ ഭരണ സ്ഥാപനങ്ങൾ ജില്ലയിൽ നടപ്പാക്കികൊണ്ടിരി ക്കുകയാണ്.

കോഴിക്കോട് ജില്ലയെ മാലിന്യമുക്ത മാക്കുക എന്ന ആശയം മുൻനിർത്തി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആസൂത്ര ണം ചെയ്ത പദ്ധതിയാണ് സീറോവേസ്റ്റ് കോഴിക്കോട്. ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യ ത്തിന്റെ അളവ് പരമാവധി കുറച്ച് മാലിന്യങ്ങൾ പുന:ചക്രമണം ചെയ്യുന്നതിനോടൊപ്പം ശുചിത്വ, ഖരമാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കു ന്നവരെ സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം കൊടുക്കുക എന്നതും പദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളാണ്. ജില്ലയിലെ മുഴുവൻ വീടുകളും വ്യാപാരസ്ഥാപനങ്ങളും മറ്റുസ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന ഈ പദ്ധതി ഉറവിട മാലിന്യസംസ ്കരണം എന്ന ആശയത്തെ അടിസ്ഥാനപ്പെടു ത്തിയാണ് രൂപികരിച്ചിരിക്കുന്നത്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലാഭരണകൂടം സമയാസമയങ്ങളിൽ അവലോകനം നടത്തുന്നുണ്ട്.

ജില്ലയിൽ ത്രിതല പഞ്ചായത്തുകളും, നഗരസഭകളും ചേർന്ന് 704 പ്രോജക്ടുകൾക്കായി 9973.63 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 6.23

ത്രിതല പഞ്ചായത്തുകളും, നഗരസഭകളും ഏറ്റെടുത്ത ശുചിത്വ പ്രോജക്ടുകളുടെവിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)
ഗ്രാമ പഞ്ചായത്ത്	463	4483.11
ബ്ലോക്ക് പഞ്ചായത്ത്	76	894.34
ജില്ലാ പഞ്ചായത്ത്	14	541.47
മുനിസിപ്പാലിറ്റി	79	803.06
കോർപ്പറേഷൻ	72	3251.64
ആകെ	**704**	**9973.62**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ഗ്രാമപഞ്ചായത്തുകൾ 463 പ്രോജക്ടുകൾക്കായി 4483.11 ലക്ഷം രൂപയാണ് പ്രധാനമായും ഗാർഹിക മാലിന്യ സംസ്കരണ പരിപാടി, അംഗനവാടി ടോയ്ലറ്റ്, ഓടകൾ ശുചീകരിക്കൽ, അജൈവമാലിന്യ പരിപാലനം, മിനി എം.ആർ.എഫ്, അജൈവ മാലിന്യം ശേഖരിച്ച് എം.ആർ.എഫിലേക്ക് കൊണ്ടുപോകൽ, മത്സ്യമാർക്കറ്റ് നവീകരണം, റിംഗ് കംപോസ്റ്റ്, എം.സി.എഫ് നിർമ്മാണം, എൽ.പി.ജി പൊതുശ്മശാനം, കമ്മ്യൂണിറ്റി ടോയ്ലറ്റ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, നാപ്കിൻ വൈന്റിംഗ് മെഷീൻ, ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, ബക്കറ്റ് കംപോസ്റ്റ്, വ്യക്തിഗത കക്കൂസ് നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തുകൾ 76 പ്രോജക്ടുകൾക്കായി 894.34 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിന് കെട്ടിടം, ഷ്രെഡിംഗ്/ബെയ്ലിംഗ് മെഷീനുകൾ സ്ഥാപിക്കൽ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ ടോയ്ലറ്റ് നിർമ്മാണം, ഗ്യാസ് ക്രിമറ്റോറിയം, നാപ്കിൻ ഇൻസിനേറ്റർ സ്ഥാപിക്കൽ, മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ തുടങ്ങിയ പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളത്.

ജില്ലാപഞ്ചായത്ത് ഈ മേഖലയിൽ വകയിരുത്തിയ 541.47 ലക്ഷം രൂപ കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ടോയ്ലറ്റ് നിർമ്മാണം, സ്കൂളുകളിൽ നാപ്കിൻ ഇൻസിനേറ്ററുകൾ സ്ഥാപിക്കൽ, മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾക്കാണ് വകയിരുത്തിയത്.

കോർപ്പറേഷൻ ഉൾപ്പെടെയുള്ള നഗരഭരണ സ്ഥാപനങ്ങൾ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ, ശുചീകരണ തൊഴിലാളികൾക്ക് ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ, തോട്, കനാൽ ശുചീകരണം, കൂട്ടിയിട്ടിരിക്കുന്ന അജൈവമാലിന്യം നീക്കം ചെയ്യൽ, ഉറവിട മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റ് ടോയ്ലറ്റ് നവീകരണം, പൊതു ടോയ്ലറ്റ് നിർമ്മാണം, കുടുംബശ്രീ തൊഴിലാളികൾക്ക് സുരക്ഷാ വസ്ത്രം, റോഡ് സ്വീപ്പിംഗ് മെഷീൻ വാങ്ങൽ, ഓടകൾ വൃത്തിയാക്കൽ, സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കൽ, തുമ്പൂർമുഴി മാലിന്യ സംസ്കരണം, വേസ്റ്റ് ബിൻ സ്ഥാപിക്കൽ, കുടുംബശ്രീക്ക് പ്ലേറ്റും ഗ്ലാസും നൽകൽ, മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി.ടി.വി സ്ഥാപിക്കൽ, വ്യക്തിഗത കക്കൂസ് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

6.9 പാർപ്പിടം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽപ്പെട്ട ഒന്നാണ് പാർപ്പിടം. ലൈഫ് മിഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളസർക്കാർ 2016 ൽ നടത്തിയ സർവ്വേ പ്രകാരം കേരളത്തിൽ 30

ശതമാനം കുടുംബങ്ങൾക്കും വീടില്ല എന്ന് കണ്ടെത്തിയിരിക്കുന്നു. കോഴിക്കോട് ജില്ലയിൽ സ്വന്തം വീടും സ്ഥലവും ഇല്ലാത്ത 17846 കുടുംബങ്ങളും സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത 10426 കുടുംബങ്ങളും ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ കേന്ദ്ര സംസ്ഥാന പ്രാദേശിക സർക്കാരുകൾ ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായ സുരക്ഷിതമായ പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ പാർപ്പിട മേഖലയിൽ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 6.24ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.24

ജില്ലയിൽ പാർപ്പിട മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)
ഗ്രാമ പഞ്ചായത്ത്	555	4432.62
ബ്ലോക്ക് പഞ്ചായത്ത്	29	674.23
ജില്ലാ പഞ്ചായത്ത്	4	308.37
മുനിസിപ്പാലിറ്റി	56	1083.15
കോർപ്പറേഷൻ	19	1280.75
ആകെ	**663**	**7779.12**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

കേരളസർക്കാർ പുതുതായി രൂപം കൊടുത്ത ലൈഫ് മിഷന്റെ ഭാഗമായി 2017-18 വർഷം പൂർത്തിയാക്കാത്ത വീടുകളുടെ നിർമ്മാണ പൂർത്തീകരണത്തിനാണ് പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. 2016 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം വിവിധ സർക്കാർ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം സഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്തങ്ങളായ കാരണങ്ങളാൽ ജില്ലയിൽ 8194 വീടുകൾ പൂർത്തിയാകാതെ കിടക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

6.10 വിദ്യാഭ്യാസം

ഏതൊരു സമൂഹത്തിന്റെയും ശാക്തീകരണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഘടകമാണ് മെച്ചപ്പെട്ട വിദ്യാഭ്യാസം. വിദ്യാഭ്യാസ മേഖലയിലെ പരിഷ്ക്കരണത്തിന് വേണ്ടി സർക്കാർ വലിയ തോതിലുള്ള മുതൽമുടക്ക് നടത്തുമ്പോഴും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേരുന്നതിനുള്ള കുട്ടികളുടെ എണ്ണം വളരെയധികം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ സമീപകാലങ്ങളിൽ ഈയവസ്ഥയ്ക്ക് ആശാവഹമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി നിലവിൽ വളരെയധികം പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 2016-17 വാർഷിക പദ്ധതിയിൽ കാര്യമായ പരിഗണനയാണ് വിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയിട്ടുള്ളത്.

അധികാര വികേന്ദ്രീകരണം കേരളത്തിൽ നടപ്പാക്കിയപ്പോൾ എൽ.പി, യു.പി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്കും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ ജില്ലാ പഞ്ചായത്തിനുമാണ് കൈമാറിയിട്ടുള്ളത്. അതു കൊണ്ട് തന്നെ വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനും ഗുണനിലവാര വർദ്ധനവിനുമുള്ള മുഖ്യ ഉത്തരവാദിത്വം ത്രിതല പഞ്ചായത്തുകൾക്കും നഗരസഭയ്ക്കുമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ആരംഭകാലം പരിശോധിച്ചാൽ വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രോജക്ടുകൾ ഏതാണ്ട് ഒരേ പോലെയുള്ളതാണ്.

2017-18 സാമ്പത്തിക വർഷം - നൂതന പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്

പ്രത്യേകമായ അനുമതി നൽകിയിരുന്നെങ്കിലും അത്തരം ഒരവസരം ത്രിതല പഞ്ചായത്തുകൾ ഉപയോഗിച്ചു കാണുന്നില്ല. 2017-18 വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ളത് എസ്.എസ്.എ പദ്ധതി വിഹിതമാണ്. ഇതൊരു നിർബന്ധ പദ്ധതിയാണ്. എന്നുമാത്രമല്ല, ഇതിന്റെ നിർവ്വഹണ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കാര്യമായി ബന്ധപ്പെട്ട് കാണുന്നുമില്ല.

വിദ്യാഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ 2046.6 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 104.98 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് 3645.06 ലക്ഷം രൂപയും നഗരസഭകൾ 766.43 ലക്ഷം രൂപയും കോർപ്പറേഷൻ 3439.25 ലക്ഷം രൂപയും ഉൾപ്പെടെ 10002.32 ലക്ഷം രൂപ വകയിരുത്തി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ വകയിരുത്തിയ പ്രോജക്ടുകളിൽ കൂടുതലായി വരുന്നത് സ്കൂൾ കെട്ടിട നിർമ്മാണം/നവീകരണം കമ്പ്യൂട്ടർ/ലാപ് ടോപ്പ്/സ്മാർട്ട് ക്ലാസ്റൂം, എസ്.എസ്.എ വിഹിതം നൽകൽ, വിദ്യാർത്ഥികൾക്ക് സൈക്കിൾ, പഠനമുറി എന്നീ പ്രോജക്ടുകളാണ്. ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും പദ്ധതികൾ പരിഗണിക്കുമ്പോഴും ഇത്തരത്തിൽ തന്നെയുള്ള ഒരു വിഭജനമാണ് മേഖലാടിസ്ഥാനത്തിൽ കാണാൻ സാധിക്കുന്നത്. എസ്.എസ്.എ വിഹിതം, കമ്പ്യൂട്ടർ നൽകൽ, വിദ്യാർത്ഥികൾക്ക് സൈക്കിൾ, പഠനമുറി, സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകളാണ് കൂടുതലായി തുക വകയിരുത്തിയതായി കാണുന്നത്. ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ 2017-18 വർഷത്തിൽ സ്ഥാപനങ്ങൾ മേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ പട്ടിക 6.25ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.25

ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ 2017-18 വർഷത്തിൽ സ്ഥാപനങ്ങൾ മേഖലതിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ

മേഖല	ആകെ പ്രോജക്ടുകൾ	ആകെ തുക (തുക ലക്ഷത്തിൽ)
പ്രീപ്രൈമറി വിദ്യാഭ്യാസം	78	449.21
പ്രൈമറി വിദ്യാഭ്യാസം	341	1923.55
സെക്കണ്ടറി വിദ്യാഭ്യാസം	68	974.81
ഹയർ സെക്കണ്ടറി വിദ്യാഭ്യാസം	218	3885.57
വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം	18	234.12
സാങ്കേതിക വിദ്യാഭ്യാസം	16	112.64
അനുബന്ധ പ്രവർത്തനങ്ങൾ	507	2422.42
ആകെ	**1246**	**10002.32**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

വിദ്യാഭ്യാസ മേഖലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിൽ വകയിരുത്തിയ പ്രോജക്ടുകളിൽ പ്രൈമറി വിദ്യാഭ്യാസത്തിനാണ് ഏറ്റവും കൂടുതൽ പ്രോജക്ടുകൾ വകയിരുത്തിയിട്ടുള്ളത് (341 പ്രോജക്ടുകൾ). എന്നാൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ 218 പ്രോജക്ടുകൾക്കായി 3885.57 ലക്ഷം രൂപയാണ്. എസ്.എസ്.എ, പഠനമുറി, ലാപ് ടോപ്, സൈക്കിൾ, ഫർണിച്ചർ, എസ്.സി/എസ്.ടി വിദ്യാർത്ഥികളുടെ ഉന്നത പഠനസഹായം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾക്കായി 2422.42 ലക്ഷം രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മാറ്റിവെച്ചിട്ടുള്ളത്.

ലോക ഭാഷയായ ആംഗലേയ ഭാഷയോടുള്ള ആഭിമുഖ്യം കാരണമാണ് പലപ്പോഴും രക്ഷിതാക്കൾ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് അയക്കുന്നത്. സർക്കാർ എയ്ഡഡ് മേഖലയിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ഉണ്ടെങ്കിലും അത് പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോവുകയാണ് എന്ന് മാത്രമല്ല മതിയായ അറിവ്, ഭാഷാ പരിജ്ഞാനം അതിലൂടെ ലഭിക്കുന്നുണ്ടോ എന്നുള്ളത് ഈ മേഖല സ്വയം വിമർശനപരമായ വിചിന്തനം നടത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ കുറവാണ്. കുട്ടികളുടെ വ്യക്തിത്വ വികസനം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, കൗൺസിലിംഗ്, ലൈംഗിക വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ കാര്യമായി ശ്രദ്ധിച്ചിട്ടില്ല.

കുട്ടികളുടെ കലാകായിക വളർച്ച ശക്തിപ്പെടുത്തുന്നതിന് നിലവിലെ സംവിധാനങ്ങൾ അപര്യാപ്തമാണ്. 300 കുട്ടികൾ ഇല്ലാത്ത സ്കൂളിൽ കായിക അധ്യാപകനില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്. കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും സർഗ്ഗശേഷി പ്രോത്സാഹിപ്പിക്കുന്നതിനും അനുഗുണമായിരിക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ത്രിതല പഞ്ചായത്തുകളുടെ നവീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നിർമ്മാണ പ്രവർത്തനത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. സ്കൂൾ ലൈബ്രറിയിൽ പുസ്തകങ്ങൾ വാങ്ങൽ, ലബോറട്ടറിയിൽ ഉപകരണങ്ങൾ വാങ്ങൽ, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ, കളിസ്ഥലങ്ങൾ നവീകരിക്കൽ തുടങ്ങിയ കാര്യങ്ങളിൽ കൂടുതലായി ശ്രദ്ധ ചെലുത്തുന്നത് നന്നായിരിക്കും.

ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുകളും മറ്റു ഫണ്ടുകളും ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ ഫലപ്രദമായി ഉപയോഗിക്കുന്നതിന് മതിയായ പരിശീലനം അധ്യാപകർക്ക് നൽകിയാൽ മാത്രമേ ഈ മേഖലയിലുള്ള മുതൽമുടക്ക് ഫലപ്രദമാവുകയുള്ളൂ.

6.11 കായികം, യുവജനക്ഷേമം

ഭൂമിയിൽ, ഭൂമിക്കടിയിൽ ഭൂമിക്ക് മുകളിലും ഏറ്റവും ശക്തമായ വിഭാഗം എന്നുപറയുന്നത് യുവജനങ്ങളുടെ ജ്വലിക്കുന്ന മനസ്സാണ് എന്നാണ് യശ്ശശരീരനായ മുൻ രാഷ്ട്രപതി ഡോ: എ.പി.ജെ. അബ്ദുൾകലാം പറഞ്ഞിട്ടുള്ളത്. അതു കൊണ്ട് തന്നെ യുവജനങ്ങളുടെ ശാരീരിക, മാനസിക ആരോഗ്യം ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ ഏറ്റവും ശക്തമായ പിൻബലമാണ്. ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും സ്പോർട്സ് ക്ലബുകൾ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ജില്ലാതലത്തിൽ ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ജില്ലാതലസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

കായിക രംഗത്ത് തദ്ദേശഭരണസ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതുണ്ട്. ഈ രംഗത്ത് സംസ്ഥാനത്തിന് നഷ്ടപ്പെട്ട മുൻകൈ തിരിച്ചു പിടിക്കാനും ജനങ്ങളുടെ കായികവും, മാനസികവുമായ ആരോഗ്യം ഉറപ്പുവരുത്തുവാനും ഇത് ആവശ്യമാണ്.

പട്ടിക 6.26

ജില്ലയിൽ 2017-18 വർഷത്തിൽ കലാകായിക യുവജനക്ഷേമ മേഖലയിൽ വകയിരുത്തിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	ആകെ തുക
ഗ്രാമപഞ്ചായത്ത്	221	707.01
ബ്ലോക്ക് പഞ്ചായത്ത്	18	44.84
ജില്ലാ പഞ്ചായത്ത്	22	226.84
മുനിസിപ്പാലിറ്റി	28	82.88
കോർപ്പറേഷൻ	57	923.77
ആകെ	**346**	**1985.34**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ജില്ലയിൽ 2017-18 വാർഷിക പദ്ധതിയിൽ കലാകായികം, യുവജനക്ഷേമം എന്നീ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നുതിന് 197 പ്രോജക്ടുകൾക്കായി 1758.92 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കലാകായിക പ്രോത്സാഹനത്തിൽ 149 പ്രോജക്ടുകൾക്കായി 226.42 ലക്ഷം രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ നീന്തൽ പരിശീലനം, കരാട്ടെ പരിശീലനം, ഫുട്ബോൾ പരിശീലനം, കായിക പരിശീലന ക്യാമ്പ്, സ്റ്റേഡിയം, കളിസ്ഥലം നിർമ്മാണം, വോളിബോൾ പരിശീലനം, തായ്ക്കോണ്ട പരിശീലനം. ഷട്ടിൽ കോർട്ട് നിർമ്മാണം, സ്പോർട്സ് കൗൺസിൽ, ഹൈജമ്പ് പിറ്റ്, ബാസ്ക്കറ്റ് ബോൾ കോർട്ട് തുടങ്ങിയ പ്രോജക്ടുകൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്തിട്ടുണ്ട് എന്നത് തികച്ചും ആശാവഹമാണ്. ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കളിസ്ഥലവും, സ്റ്റേഡിയവും ഒരുക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനും ഉള്ള സ്ഥലം ക്രമീകരിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. സ്പോർട്സ് ക്ലബ്ബുകൾ സജീവമാക്കുന്നതിനും കായിക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി ശാസ്ത്രീയമായ പരിശീലനം നൽകാവുന്നതാണ്.

സബ്സിഡി മാർഗ്ഗരേഖയിൽ ഗ്രാമ പഞ്ചായത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ യുവജന ക്ലബുകളിൽ ടീം രൂപീകരിക്കുന്നതിനു കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നുണ്ട്. വോളിബാൾ, ഫുട്ബോൾ, ക്രിക്കറ്റ് എന്നീ ഗെയിമുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങികൊടുക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിലുള്ള ടീമുകളിൽ നിന്ന് ബ്ലോക്ക്തല ടീം സെലക്ഷൻ നടത്തുകയും ഈ ടീമുകൾ തമ്മിൽ ബ്ലോക്കുതല മീറ്റുകളും, ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല വിജയികൾ തമ്മിലുള്ള ജില്ലാതല മീറ്റുകൾ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതുമാണ്. എന്നാൽ വളരെ കുറച്ച് പഞ്ചായത്തുകളാണ് ഇത്തരത്തിലുള്ള ടീം രൂപീകരിച്ചിട്ടുള്ളത്. ആയതു കൊണ്ടു തന്നെ ഇത് ബ്ലോക്ക് തലത്തിലോ, ജില്ലാതലത്തിലോ ഉള്ള മീറ്റുകൾ നടത്തുന്നതിനോ ജില്ലാതല ടീം രൂപീകരിക്കുന്നതിനോ സാധ്യമാവാത്ത സ്ഥിതി വിശേഷമാണ് ഉള്ളത്.

രജിസ്ട്രേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന ഒരു പ്രോജക്ടാണ്. ഒരു വാർഡിൽ ഒരു കളിസ്ഥലം, ഗ്രാമപഞ്ചായത്തിൽ ഒരു സ്റ്റേഡിയം, നീന്തൽകുളം എന്നിങ്ങനെ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിന് 8 തദ്ദേശ ഭരണസ്ഥാപനങ്ങളും സ്റ്റേഡിയ നിർമ്മാണ നവീകരണത്തിന് 11 തദ്ദേശഭരണസ്ഥാപനങ്ങളുമാണ് പ്രോജക്ട് വച്ചിട്ടുള്ളത്.

യുവജനക്ഷേമ മേഖലയിൽ സംസ്ഥാന യുവജന ക്ഷേമ ബോർഡുമായി സഹകരിച്ചുകൊണ്ടുള്ള പ്രോജക്ടുകൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള ഒരു പ്രോജക്ടുകളും തദ്ദേശ ഭരണസ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

6.12 ഊർജ്ജ മേഖല

മനുഷ്യ ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് പലവിധത്തിലുള്ള ഊർജ്ജ രൂപങ്ങളുടെ ഉപയോഗം. വിളക്കുകൾ കത്തിക്കുന്നതിനും, വാഹനങ്ങൾ ഓടിക്കുന്നതിനും, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമെല്ലാം ഊർജ്ജം കൂടിയേ തീരൂ. എന്നാൽ ഇന്ന് നാം ഉപയോഗിക്കുന്ന ഊർജ്ജത്തിൽ മുക്കാൽ പങ്കും പുതുക്കപ്പെടാത്ത ഊർജ്ജ സ്രോതസ്സുകളിൽ നിന്നും ഉള്ളതാണ്. ഭൂമിയിൽ നിശ്ചിത അളവിൽ മാത്രം ലഭ്യമായ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കും തോറും തീർന്നുപോകുകയും വീണ്ടും ഉത്ഭവിക്കാൻ വളരെ കാലതാമസം എടുക്കുകയും ചെയ്യുന്നു. ആകെ ഉൽപാദന ത്തിന്റെ ഏതാണ്ട് 30% ത്തോളം ഊർജ്ജം പാഴാകുന്നു എന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഇത്തരം കാര്യങ്ങളെ മുൻനിർത്തി നോക്കുമ്പോൾ ഊർജ്ജ സംരക്ഷണത്തിന്റെ വലിയ ആവശ്യകത യാണ് തെളിഞ്ഞു വരുന്നത്.

പ്രകൃതിയിൽ സ്വയം പുതുക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഊർജ്ജ രൂപങ്ങളെയാണ് അക്ഷയ ഊർജ്ജം എന്ന് പറയുന്നത്. ഭൂമിയിൽ ലഭിക്കുന്ന ഊർജ്ജത്തിന്റെ അടിസ്ഥാന സ്രോതസ്സായ സൂര്യൻ തന്നെയാണ് നമ്മുടെ ഏറ്റവും പ്രധാന അക്ഷയ ഊർജ്ജ ഉറവിടം. സൗരോർജ്ജത്തെ പരമാവധി ഉപയോഗപ്പെടുത്തി മറ്റ് ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം നമുക്ക് കുറയ്ക്കാം.

പാരമ്പ്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന തരത്തിലുള്ള പ്രോജക്ടുകൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കണ മെന്ന് പതിമൂന്നാം പദ്ധതിരേഖ മാർഗ്ഗ രേഖ നിർദ്ദേശിക്കുന്നു. അക്ഷയോർജ്ജ ഉപകരണ ങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുണ്ട്.

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഊർജ്ജ മേഖലയിൽനടത്തിയ വകയിരുത്തലുകൾ പട്ടിക 6.27 ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 6.27

2017-18 വർഷത്തിലെ ഊർജ്ജ മേഖലയിലെ പ്രോജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	ആകെ തുക
ഗ്രാമ പഞ്ചായത്തുകൾ	198	834.85
ബ്ലോക്ക് പഞ്ചായത്തുകൾ	14	146.51
ജില്ലാ പഞ്ചായത്ത്	1	9.68
മുനിസിപ്പാലിറ്റികൾ	31	282.71
കോർപ്പറേഷനുകൾ	27	3389.87
ആകെ	**271**	**4663.62**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ഊർജ്ജ വിഭാഗത്തിൽ ഉൽപാദന മേഖലയിലെ 18 പ്രൊജക്ടുകൾക്കായി 159.80 ലക്ഷം രൂപയും സേവന മേഖലയിൽ 9 പ്രൊജക്ടുകൾക്കായി 68.48 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഊർജ്ജ മേഖലയിൽ സൗരവൈദ്യുതി ഉൽപാദനം, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, അക്ഷയോർജ്ജ പദ്ധതി തുടങ്ങിയ പ്രൊജക്ടുകൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. മാലിന്യ നിർമ്മാർജ്ജനത്തിലൂടെ ഉർജ്ജ ഉൽപാദനത്തിനും ജൈവവളനിർമ്മാണത്തിനും ഒരു പോലെ ഉപകരിക്കുന്ന 'സീറോ വെയ്സ്റ്റ് കോഴിക്കോട്' എന്ന പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തിട്ടുള്ളത് തികച്ചും ശ്ലാഘനീയമായ കാര്യമാണ്. അരിപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം കോഴിക്കോട് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്നതിന് ശ്രമം നടന്നെങ്കിലും മുന്നോട്ട് പോയില്ല.

ഊർജ്ജ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തനം തെരുവു വിളക്കുകൾ സ്ഥാപിക്കലും, പരിപാലനവുമാണ്. പശ്ചാത്തല മേഖലയിൽ 244 പ്രൊജക്ടുകൾക്കായി 4435.52 ലക്ഷം രൂപ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും ഓഫീസ് വൈദ്യുതീകരണ പ്രൊജക്ടുകൾക്കുമായി വകയിരുത്തിയിട്ടുണ്ട്.

ജില്ലയിലെ ഏത് മേഖലയിലെ വികസനം ഉറപ്പാക്കുന്നതിനും മതിയായ അളവിലുള്ള ഊർജ്ജം ലഭ്യമാക്കേണ്ടതുണ്ട്. ഇതിൽ തന്നെ വരും കാലങ്ങളിൽ വാഹന ഇന്ധനങ്ങളിൽ നിന്നുള്ള ഉപയോഗം കുറയുന്നതിനും വൈദ്യുതിയുടെ അളവ് കൂടുതൽ ആവശ്യമുള്ള കാലഘട്ടത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും. പെട്രോൾ വാഹനങ്ങളുടെ സ്ഥാനത്ത് വൈദ്യുതി വാഹനങ്ങൾ ഉണ്ടാക്കുന്ന പ്രവണതയിലേക്ക് ലോകം നീങ്ങികൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ചെലവ് കുറഞ്ഞ വൈദ്യുതി ഉൽപാദന മാർഗ്ഗത്തിലേക്ക് നാം തിരിയേണ്ടതായിട്ടുണ്ട്. പ്രാരംഭ ചെലവ് കൂടുതലാണെങ്കിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക വഴി ഈ രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കും. ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പക്കുന്നതിനുള്ള മതിയായ പ്രൊജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സമ്പൂർണ്ണ വൈദ്യൂതീകരണം പ്രഖ്യാപിക്കപ്പെട്ട ജില്ലയായതിനാൽ റൂഫ് ടോപ്പ്, സോളാർ, മലയോര പ്രദേശത്ത് ഓരോ വീടുകൾക്കുമായി നിർമ്മിക്കാൻ സാധിക്കുന്ന മൈക്രോ ജലവൈദ്യുതി, ഊർജ്ജ സംരക്ഷണം തുടങ്ങിയ മേഖലകളിൽ അനർട്ട്, ഇ.എം.സി തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് പൂതിയ പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്.

6.13 ഗതാഗതം

കോഴിക്കോടിന്റെ മുഖഛായ മാറ്റിമറിക്കുന്നതിന് ഗതാഗതമേഖല വഹിക്കുന്ന പങ്ക് വളരെ വലുതാണ്. റോഡ്, പാലങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ എന്നിവ പശ്ചാത്തല മേഖലയിൽ കണക്കാക്കി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കണമെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 30 ശതമാനത്തിലധികവും ബ്ലോക്ക് പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 25 ശതമാനത്തിലധികവും ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ 40 ശതമാനത്തിലധിക തുകയും പശ്ചാത്തല മേഖലയ്ക്കായി വകയിരുത്താൻ പാടില്ലെന്ന് മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുണ്ട്.

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൽ ഗതാഗത മേഖലയുമായി ബന്ധപ്പെട്ട് പശ്ചാത്തല മേഖലയിൽ വകയിരുത്തിയ പ്രോജക്ട് വിശദാംശങ്ങൾ പട്ടിക 6.28ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക - 6.28

ഗതാഗത മേഖലയിലെ പദ്ധതികൾ (ഉപമേഖല തിരിച്ച്)

ക്രമ നം.	ഉപമേഖല	പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ ഫണ്ട് (തുക ലക്ഷത്തിൽ)
1	റോഡുകൾ	8181	49650.33
2	പാലങ്ങൾ	27	380.16
3	കലുങ്കുകൾ	71	171.48
4	നടപ്പാലങ്ങൾ	22	29.18
5	ബസ് കാത്തിരിപ്പ് കേന്ദ്രം	31	88.90
6	ബസ് സ്റ്റാന്റ്	21	317.55
7	ജലഗതാഗതം	1	0.50
8	നടപ്പാതകൾ	809	2728.61
	ആകെ	**9163**	**53366.71**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

പട്ടിക 6.28 പ്രകാരം, തദ്ദേശഭരണ സ്ഥാപനങ്ങൽ ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയിട്ടുള്ളത് റോഡ് വികസനത്തിനാണെന്ന് കണ്ടെത്താൻ സാധിക്കും. ജലഗതാഗത മേഖലകളിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളത് വളരെ തുച്ഛമായ നിരക്കിലാണ്. ജലഗതാഗതത്തിന് സാധ്യതയേറിയ പഞ്ചായത്തുകളിൽ അവ പരിപോഷിപ്പിക്കുന്നതിനു വേണ്ടി കൂടുതൽ ഫണ്ട് വകയിരുത്തുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരം എല്ലാ ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും റോഡ് കണക്ടിവിറ്റി ഭൂപടം നിർമ്മിച്ചതിനു ശേഷം അതിനനുസൃതമായ പദ്ധതിക്കാണ് രൂപം നൽകുന്നത്. നിലവിൽ ഒരു ഗ്രാമപഞ്ചായത്തിന് ഇങ്ങനെയൊരു ഭൂപടം നിർമ്മിച്ചതായി കാണുന്നില്ല. അതുകൊണ്ടു തന്നെ ഓരോ ഗ്രാമപഞ്ചയത്തും ഗ്രാമസഭകളിലുണ്ടാകുന്ന നിർദ്ദേ ശങ്ങൾക്കനുസരിച്ചാണ് അല്ലെങ്കിൽ വാർഡ് തലത്തിലുള്ള വിഭജനങ്ങൾക്കനുസരിച്ചാണ് റോഡ് നിർമ്മിക്കുന്നത്. ഇങ്ങനെ റോഡുകൾ നിർമ്മിക്കുന്നത് വഴി പ്രധാന റോഡുകളും ഗ്രാമീണ റോഡുകളും തമ്മിൽ ബന്ധമില്ലാതെ പോവുകയും വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ റോഡ് നിർമ്മാണം നടക്കാതെ വരികയും ചെയ്യുന്നു. ഓരോ റോഡിന്റെയും പ്രാധാന്യം അനുസരിച്ചുള്ള വീതി ലഭ്യമാക്കിയതിനു ശേഷം മാത്രം റോഡുപണി ആരംഭിക്കുന്നതാണ് അഭികാമ്യം.

ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പദ്ധതി രേഖ വിലയിരുത്തിയതിൽ നിന്നും റോഡുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് കാണുന്നത്. ശരാശരി 150 മുതൽ 200 വരെ പ്രോജക്ടുകൾ ഈ മേഖലയിലുണ്ടാവുമ്പോൾ പ്രോജക്ടുകളുടെ നിർവ്വഹണത്തിനുള്ള കാര്യക്ഷമത കുറയുന്നതിന് കാരണമാവുന്നു. ഓരോ വർഷവും കൂടുതൽ റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്ന രീതി മാറ്റിയിട്ട് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നന്നായി നടത്തുന്നതിനുള്ള തീരുമാനമാണ് വേണ്ടത്. എങ്കിൽ മാത്രമേ ഈ രംഗത്ത് കാര്യക്ഷമത കൈവരിക്കുവാൻ സാധിക്കുകയുള്ളൂ.

പുതിയ റോഡുകൾ നിർമ്മിക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്. റോഡ് വിഭാഗത്തിലുള്ള പ്രോജക്ടുകളേറെയും പുതിയ റോഡുകൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ്. ആയതിനാൽ റോഡുകളുടെ അറ്റകുറ്റ

പണികൾക്കായി പഞ്ചായത്തുകളുടെ സത്വര ശ്രദ്ധ പതിയേണ്ടതാണ്. റോഡുകൾ സുസ്ഥിരമായി നിലനിൽക്കണമെങ്കിൽ റോഡിന്റെ ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കേണ്ടതാണ്. റോഡിൽ വെള്ളം കെട്ടിനിൽക്കുന്നത് തടയുന്നതിനും റോഡിന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിക്കുന്നതിനും ഇത് സഹായകരമാണ്.

ജില്ലയിൽ ജലഗതാഗതം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രോജക്ടുകൾ ഒന്നും തന്നെ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നില്ല. ജലഗതാഗതത്തിന് സാധ്യതയുള്ള മേഖലകളിൽ ഇത്തരം പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്.

റോഡുകളും ബസ് സ്റ്റാന്റുകളും നിർമ്മിക്കുന്ന പദ്ധതി തയ്യാറാക്കുമ്പോൾ മറ്റു ഗതാഗത ഉപാധികളായ വിമാനത്താവളം, റെയിൽവെ, റോഡുകൾ തമ്മിലുള്ള ഏകോപനം അനിവാര്യമാണ്. പുതുതായി ബസ് സ്റ്റാന്റുകൾ നിർമ്മിക്കുമ്പോൾ ഈ രണ്ട് ഗതാഗത ഉപാധികളുമായി ജലഗതാഗത മേഖലകളുമായും ഏകോപനം ഉറപ്പ് വരുത്തേണ്ടതാണ്.

ഓരോ ഏജൻസിയും വഴി വ്യത്യസ്ത ഫണ്ടുകളുപയോഗിച്ച് റോഡുകൾ നിർമ്മിക്കുമ്പോൾ പ്രാദേശിക തലത്തിലും ജില്ലാതലത്തിലുമുള്ള റോഡിന്റെ മാസ്റ്റർ പ്ലാൻ പരിഗണിക്കേണ്ടതാണ്. കൃത്യമായ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഈ മേഖലയ്ക്ക് വ്യക്തമായ ദിശാബോധം ഉണ്ടാകുന്നതാണ്.

6.14 പട്ടികജാതി വികസനം

പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനമാണ് പട്ടികജാതി ഉപപദ്ധതിയുടെ ലക്ഷ്യം. ചരിത്രപരവും സാമൂഹ്യവുമായ കാരണങ്ങളാൽ ഭൂമിയുൾപ്പെടെയുള്ള സമ്പത്ത്, വിദ്യാഭ്യാസം, തൊഴിൽ മനുഷ്യാവകാശങ്ങൾ എന്നിവ നിഷേധിക്കപ്പെട്ട ഈ ജനവിഭാഗങ്ങൾക്ക് ഭരണഘടന നിഷ്കർഷിക്കുന്ന പ്രത്യേക പരിഗണന നൽകി അവരുടെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങളായിരിക്കണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടത്. അതിനായി വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ടു പ്രയോജനം ലഭിക്കുന്നതും അവരുടെ അധിവാസ കേന്ദ്രങ്ങളുടെ പൊതു സൗകര്യ വികസനത്തിനുമുള്ള പ്രോജക്ടുകളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്.

ജില്ലയിൽ 2017-18 വർഷത്തിൽ എസ്.സി.പി വികസന ഫണ്ടിന്റെ മേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ (സ്പിൽ ഓവർ ഉൾപ്പെടെ) ചുവടെ കൊടുത്തിരിക്കുന്നു.

പട്ടിക-6.29

എസ്.സി.പി വികസന ഫണ്ടിന്റെ മേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ

(സ്പിൽ ഓവർ ഉൾപ്പെടെ)

മേഖല	ആകെ പ്രോജക്ടുകളുടെ എണ്ണം	ആകെ തുക(തുക ലക്ഷത്തിൽ
ഉൽപ്പാദനം	186	950.25
പശ്ചാത്തലം	492	2497.22
സേവനം	1187	8514.33
	ആകെ	**11961.8**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

സുസ്ഥിര വികസനമായിരിക്കണം പട്ടികജാതി വികസന പ്രവർത്തനങ്ങളുടെ അത്യന്തിക ലക്ഷ്യം. അതിനായി ഉൽപ്പാദന മേഖലക്കും വരുമാന വർദ്ധന പ്രൊജക്ടുകൾക്കും കൂടുതൽ പ്രാധാന്യം നൽകണം. ആകെ എസ്.സി.പി ഫണ്ടിന്റെ ഏകദേശം 8% ഉൽപ്പാദന മേഖലയിലും 22% പശ്ചാത്തലമേഖലയിലും 70% സേവനമേഖല യിലുമാണ് വകയിരുത്തിയിട്ടുള്ളത്. ജില്ലയിൽ കാർഷിക മേഖലയിൽ 18 പ്രൊജക്ടുകളിലായി 27.08 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളുടെ ശരാശരി ഭൂവുടമസ്ഥത 11 സെന്റ് മാത്രമാണ്. ഇത് കാർഷിക മേഖലയിലെ ഇടപ്പെടലിനുള്ള സാധ്യത പരിമിതപ്പെടുത്തുന്നു. പരമ്പരാഗതമായി പട്ടികജാതിയിലെ ഗണ്യമായ ഒരു വിഭാഗം കൃഷിത്തൊഴിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരായതിനാൽ ഈ മേഖലയിൽ പാട്ടകൃഷിക്ക് വലിയ സാധ്യതകളുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ സാധ്യത പ്രയോജനപ്പെടുത്തണം.

എസ്.സി.പി ഫണ്ടിൽ നിന്നും ഉൽപ്പാദന മേഖലയിൽ വകയിരുത്തിയതിന്റെ 32% മൃഗ സംരക്ഷണത്തിനാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാ വർഷവും ആട്, കോഴി, പശു, പോത്തുകുട്ടി വളർത്തൽ പോലുള്ള പ്രൊജക്ടുകൾ കുറച്ച് കൊണ്ട് ഈ മേഖലയിൽ മാർഗ്ഗനിർദ്ദേശത്തിൽ പ്രതിപാദി ച്ചിരിക്കുന്ന മറ്റ് ഇനങ്ങൾക്ക് പ്രാധാന്യം നൽകേ ണ്ടതാണ്. സേവനമേഖലയിൽ വിദ്യാഭ്യാസ പുരോഗതിക്കായി എസ്.സി.പി ഫണ്ടിൽ 273 പ്രൊജക്ടുകളിലായി 934.09 ലക്ഷം രൂപ വകയിരു ത്തിയിട്ടുണ്ട്. ഇതിൽ മുഖ്യമായും എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, ലാപ്ടോപ്പ് വിതരണം, ഫർണിച്ചർ വിതരണം, സൈക്കിൾ തുടങ്ങിയ പ്രൊജക്ടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷ ണൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം എന്ന പ്രൊജക്ട് ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്ന് വരുന്ന പ്രതികൾക്ക് വിശേഷിച്ചും ജില്ലാ-സംസ്ഥാന-ദേശീയ-അന്തർ ദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിലെ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊജക്ടുകൾക്ക് നൂതന പരിപാടികൾക്കായുള്ള ജില്ലാതല സമിതി യുടെ ശുപാർശക്ക് വിധേയമായി ധനസഹായം നൽകുന്നതിന് മുൻകൈ എടുക്കാവുന്നതാണ്.

2017-18 വർഷത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി എസ്.സി.പി ഫണ്ടുപയോ ഗിച്ച് 375 പ്രൊജക്ടുകൾക്കായി 2004.77 ലക്ഷം രൂപ വകയിരുത്തിയതായി കാണുന്നു. ജില്ലയിൽ ഇപ്പോൾ 159 സങ്കേതങ്ങളിൽ വർഷം മുഴുവൻ ശുദ്ധജലം കിട്ടാത്ത സാഹചര്യമുണ്ട്. കടുത്ത വേനലിൽ 2600 ഓളം ഒറ്റപ്പെട്ട വീടുകളും കുടിവെള്ള ക്ഷാമം നേരിടുന്നു. ഗ്രാമപഞ്ചായത്തുകൾ ഒറ്റപ്പെട്ട വീടുകളുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ പ്രത്യേക ശ്രദ്ധ നൽകി പദ്ധതികൾ ആവിഷ്കരി ക്കേണ്ടതാണ്. സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും സംയുക്തമായി കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതും പദ്ധതികളുടെ തുടർ നടത്തിപ്പിന് സങ്കേതതല കമ്മിറ്റിക്ക് രൂപം നൽകേണ്ടതുമാണ്.

ജില്ലയിലെ പട്ടികജാതി മേഖല നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം താമസയോഗ്യമായ പാർപ്പി ടമില്ലാത്തതാണ്. ഈ വർഷം ജില്ലയിൽ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് ഈ മേഖലയിൽ 296 പ്രൊജക്ടുകളിലായി 3690.29 ലക്ഷം രൂപ വക യിരുത്തിയിട്ടുണ്ട്. ലഭ്യമായ കണക്ക് പ്രകാരം ജില്ല യിലെ പട്ടികജാതി വിഭാഗത്തിൽ ഭൂമിയുള്ള ഭവന രഹിതർ 2216 ഉം ഭൂരഹിത ഭവനരഹിതർ 1778 ഉം ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം എല്ലാവർക്കും പാർപ്പിടം ലഭ്യമാകമെന്നുള്ളത് കാരണം പാർപ്പി ടമില്ലായ്മ എന്ന പ്രശ്നത്തിൽ നിന്നും ജില്ലയും സംസ്ഥാനവും മുക്തമാവുന്നതാണ്. പൂർത്തീ കരിക്കാത്തതായി 3876 വീടുകളുണ്ട്. ബന്ധപ്പെട്ട ഏജൻസികൾ അവ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗതാഗത മേഖലയിൽ 420 പ്രൊജക്ടുകളി ലായി 2180.91 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. യാത്രാ സൗകര്യം കുറഞ്ഞ 204 കോളനികളിൽ ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശ്രമിക്കേണ്ടത് അനിവാര്യമാണ്. ഈ മേഖലയിലും എം.പി.ലാഡ്സ്, എം.എൽ.എ ഫണ്ട്, കോർപ്പസ് ഫണ്ട് പോലുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്. വകുപ്പും തദ്ദേശസ്വയം ഭണസ്ഥാപനങ്ങളുടെയും പദ്ധതികൾ ഏകോപി പ്പിച്ച് വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സങ്കേതങ്ങൾക്കും പ്രയോജനപ്പെടുന്ന കുടുംബാധി ഷ്ഠിത സങ്കേത വികസന പരിപാടികൾക്ക് ജില്ലയിൽ

രൂപം നൽകേണ്ടതാണ്.

കോഴിക്കോട് ജില്ലയിലെ ജനസംഖ്യയുടെ 6.45 % വരുന്ന പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തികം, സാമൂഹ്യം, പശ്ചാത്തല സൗകര്യം എന്നീ മേഖലകളിലെ വികസനത്തിന് വേണ്ടി ഓരോ തദ്ദേശ ഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപസമിതി തയ്യാറാക്കി സംസ്ഥാന ബജറ്റിൽ പ്രത്യേകം വകയിരുത്തുന്ന പട്ടികജാതി ഉപസമിതി വിഹിതം ഉപയോഗിച്ച് പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത് പ്രകാരം വ്യക്തിക ൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതി വിഭാഗ ക്കാരുടെ പൊതുസൗകര്യ വികസനത്തിനുള്ള പ്രോജക്ടുകളും തയ്യാറാക്കേണ്ടതാണ്. 2010-11 ൽ പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പും തദ്ദേശ ഭരണ സ്ഥാപനങ്ങളും സംയുക്തമായി നടത്തിയ പട്ടികജാതി സങ്കേത ങ്ങളുടെയും കുടുംബങ്ങളുടെയും സർവ്വേ വിവരങ്ങൾ കഴിയുന്നിടത്തോളം പുതുക്കി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി ഗുണഭോക്തൃ കുടുംബങ്ങളെയും ഗുണഭോക്തൃ പ്രദേശവും അവർക്ക് വേണ്ടിയുള്ള പ്രവർത്തന ങ്ങളും പരിഗണിക്കേണ്ടതാണ്. നിലവിൽ പട്ടികജാതി മേഖലയിൽ അവരുടെ സമഗ്ര വികസനത്തിനും സാമൂഹിക ഉന്നമനത്തിനും വേണ്ടി ജില്ലയിൽ എല്ലാ വർഷവും വിവിധ സ്കീമുകളിലായി തുകകൾ വകയിരുത്തു ന്നുണ്ടെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് വരും വർഷങ്ങളിൽ ഈ മേഖല യിലെ അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കുന്നത് ഉചിതമായിരിക്കും.

ജില്ലയിൽ 2017-18 വർഷത്തിൽ എസ്.സി.പി വികസന ഫണ്ട് വകയിരുത്തിയിട്ടുള്ള മുഖ്യ മേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ (സ്പിൽ ഓവർ ഉൾപ്പെടെ).

പട്ടിക 6.30

എസ്.സി.പി വികസന ഫണ്ട് വകയിരുത്തിയിട്ടുള്ള മുഖ്യ മേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ

മേഖല	ആകെ പ്രോജക്ടുകളുടെ എണ്ണം	ആകെ തുക (തുക ലക്ഷത്തിൽ)
ഉൽപ്പാദനം	186	950.25
പശ്ചാത്തലം	492	2497.22
സേവനം	1187	8514.33
ആകെ	**1865**	**11961.8**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ഇത് പ്രകാരം ആകെ എസ്.സി.പി ഫണ്ടിന്റെ ഏകദേശം 8 ശതമാനം ഉൽപ്പാദന മേഖലയിലും 21 ശതമാനം പശ്ചാത്തല മേഖലയിലും 70 ശതമാനം സേവന മേഖലയിലുമാണ് വക യിരുത്തിയിട്ടുള്ളത് അതു കൊണ്ട് ഉൽപ്പാദന മേഖലയിലെ വകയിരുത്തൽ വർദ്ധിപ്പിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശ പ്രകാരം പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനം ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. അതിലൂടെ അവരെ സാമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നതാണ്. പ്രധാന മേഖലകൾ തിരിച്ചുള്ള ഒരു വിശകലനം താഴെ കൊടുക്കുന്നു.

പട്ടിക 6.31

2017–18 വർഷ ത്തിലെ മേഖല തിരിച്ചുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ

മേഖല	മുഖ്യമേഖല	ആകെ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക (ലക്ഷത്തിൽ)
കൃഷി	ഉൽപ്പാദനം	18	27.08
ജലസേചനം	ഉൽപ്പാദനം	6	9.90
മണ്ണ് ജലസംരക്ഷണം, പരിസ്ഥിതി, വനവൽകരണം	ഉൽപ്പാദനം	5	27.40
മൃഗസംരക്ഷണം	ഉൽപ്പാദനം	75	308.29
ക്ഷീരവികസനം	ഉൽപ്പാദനം	3	104.25
മത്സ്യബന്ധനം	ഉൽപ്പാദനം	2	4.32
വ്യവസായം, സ്വയംതൊഴിൽ സംരംഭങ്ങൾ വിപണന സാധ്യകൾ	ഉൽപ്പാദനം	75	466.80
ഊർജ്ജ ഉൽപ്പാദനം	ഉൽപ്പാദനം	2	2.20
വിദ്യാഭ്യാസം	സേവനം	273	934.09
തുടർവിദ്യാഭ്യാസം/സാക്ഷരത	സേവനം	0	0
വായനശാലകൾ, ലൈബ്രറികൾ/ ഗ്രാമസഭ വാർഡ് സഭ യോഗങ്ങൾ	സേവനം	3	6.25
കലാകായിക സാംസ്ക്കാരിക വികസനം/യുവജനക്ഷേമം	സേവനം	32	187.72
ആരോഗ്യം	സേവനം	7	40.60
കുടിവെള്ളം	സേവനം	335	2004.77
ശുചിത്വം മാലിന്യസംസ്ക്കരണം	സേവനം	21	181.31
പാർപ്പിടം, വീട് വൈദ്യുതീകരണം, ചേരിവികസനം	സേവനം	296	3690.29
സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	സേവനം	127	724.22
പോഷകാഹാരം	സേവനം	24	79.65
അംഗനവാടികൾ	സേവനം	9	81.92
തൊഴിൽ വൈദഗ്ധ്യ പോഷണം	സേവനം	8	75.06

ഊർജ്ജ സംരക്ഷണം	സേവനം	2	14.50
വൈദ്യുതിലൈൻ, ട്രാൻസ്ഫോർമർ	സേവനം	2	4.00
വിനോദസഞ്ചാരം	സേവനം	0	0
ഗതാഗതം	പശ്ചാത്തലം	420	2170.91

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ജില്ലയിൽ കൃഷിമേഖലയിൽ 18 പ്രോജക്ടുകളിലായി 27.08 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കുമ്പോൾ സ്ഥലത്തിന്റെയും മണ്ണിന്റെയും തരം, ജലത്തിന്റെ ലഭ്യത എന്നീ ഘടകങ്ങൾ പരിശോധിക്കുന്നത് നല്ലതായിരിക്കും. കൂടാതെ കൃഷിയിടമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്നതിനു വേണ്ടി ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾക്ക് തുക വകയിരുത്താവുന്നതാണ്. ഹരിതകേരള മിഷനുമായി ബന്ധപ്പെട്ടിട്ടുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടാവണം പദ്ധതികൾ തയ്യാറാക്കേണ്ടത്.

എസ്.സി.പി ഫണ്ടിൽ നിന്നും ഉൽപ്പാദന മേഖലയിൽ വകയിരുത്തിയതിന്റെ 32% മൃഗ സംരക്ഷണത്തിനാണ് വകയിരുത്തിയിട്ടുള്ളത്. എല്ലാ വർഷവും ആട്, കോഴി, പശു, പോത്തുകുട്ടി വളർത്തൽ പോലുള്ള പ്രോജക്ടുകൾ കുറച്ച് കൊണ്ട് ഈ മേഖലയിലെ മാർഗ്ഗനിർദ്ദേശത്തിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് ഇനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.

ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ എസ്.സി.പി ഫണ്ടിൽ 273 പ്രോജക്ടുകളിലായി 934.09 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ മുഖ്യമായും വന്നിട്ടുള്ളത് എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, ലാപ്ടോപ്പ് വിതരണം, ഫർണിച്ചർ വിതരണം, സൈക്കിൾ തുടങ്ങിയ പ്രോജക്ടുകളാണ്. കൂടാതെ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിനുള്ള ധനസഹായം എന്ന പ്രോജക്ട് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വകുപ്പിന്റെ കണക്കു പ്രകാരം ബിരുദാനന്തര ബിരുദം നേടിയ 645 പേരും, എഞ്ചിനീയറിംഗ് ബിരുദം ലഭിച്ച 640 പേരും മെഡിസിൻ ബിരുദം നേടിയ 11 പേരും മറ്റ് പ്രൊഫഷണൽ ബിരുദം നേടിയ 281 പേരുമുള്ളത് ആശാവഹമായ കാര്യമാണ്. ഭാവിയിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് കൊണ്ടുവരുന്ന തരത്തിൽ പ്രോത്സാഹനം നൽകാൻ അതത് ഗ്രാമപഞ്ചായത്തുകൾ ശ്രമിക്കുന്നത് അഭികാമ്യമാണ്. കൂടാതെ, സ്ക്കൂളുകളിൽ വരാൻ മടിക്കുന്നവരെയും ഡ്രോപ്പ് ഔട്ട് ആയിട്ടുള്ളവരും ഉണ്ടെങ്കിൽ വകുപ്പിന്റെ നേതൃത്വത്തിൽ കണ്ടെത്തി അവരെ സ്ക്കൂളുകളിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

പട്ടികജാതി വിഭാഗങ്ങളിൽ നിന്നും ഉയർന്നുവരുന്ന പ്രതിഭകൾക്ക് ശേഷിച്ചും ജില്ലാ-സംസ്ഥാന-ദേശീയ-അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിക്കുന്നവർക്ക് അവരുടെ മേഖലയിൽ കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്താൻ അവർ തന്നെ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് സഹായം നൽകാവുന്നതാണ്. ഇതര ഏജൻസികളിൽ നിന്നുള്ള പിന്തുണ ഉറപ്പാക്കാനും ജില്ലാ പഞ്ചായത്തുകൾക്ക് മുൻകൈ എടുക്കാവുന്നതാണ്.

വകുപ്പിന്റെ കണക്ക് പ്രകാരം ജില്ലയിൽ 2282 നിരക്ഷരുണ്ടെന്ന് പറയുന്നുണ്ടെങ്കിലും 2017-18 വർഷത്തിൽ തുടർ വിദ്യാഭ്യാസം/സാക്ഷരത എന്ന മേഖലയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ഒരു തദ്ദേശഭരണസ്ഥാപനവും ഉൾപ്പെടുത്തിയതായി കാണുന്നില്ല. അതുകൊണ്ട് വരും വർഷങ്ങളിൽ പഞ്ചായത്ത് തലത്തിൽ നിരക്ഷരരെ കണ്ടെത്തി അവരെ സാക്ഷരരാക്കുന്നതിന് വേണ്ട പ്രോജക്ടുകൾ ഉൾപ്പെടുത്തുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രമിക്കണം.

2017-18 വർഷത്തിൽ കുടിവെള്ള മേഖലയിൽ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് 335 പ്രോജക്ടുകളിലായി 2004.77 ലക്ഷം രൂപ വകയിരുത്തിയതായി കാണുന്നുണ്ട്. പട്ടികജാതി വകുപ്പിന്റെ കണക്കു പ്രകാരം ജില്ലയിലെ 151 കോളനികളിൽ കുടിവെള്ള ക്ഷാമമുണ്ടെന്ന്

വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വരും വർഷങ്ങളിൽ ഈ കോളനികൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കി അവർക്ക് കുടിവെള്ളം എത്തിക്കുന്നതിനു വേണ്ട നടപടികൾ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. നിരവധി കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നുണ്ടെങ്കിലും പലതും ആരംഭദിശയിൽ തന്നെ നിന്നുപോകുന്ന സാഹചര്യം പൊതുവെ ഉണ്ടാകുന്നുണ്ട്. ഇതിന് പ്രധാന കാരണം പദ്ധതിയുടെ കറണ്ട് ചാർജ്ജ് പോലുള്ള തുടർചെലവുകൾ വഹിക്കുന്നതിലുള്ള വിഷയങ്ങളായതു കൊണ്ട് ഈ ചെലവുകൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടത് അത്യാവശ്യമാണ്. ഇത് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയവുമാണ്. മാർഗ്ഗരേഖ പ്രകാരം പട്ടികജാതി കോളനികളിൽ തൃപ്തികരമായ രീതിയിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത ശേഷം മാത്രമേ പട്ടികജാതി ഉപസമിതി ഫണ്ടുകൾ വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ. കുടിവെള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ എസ്.സി കോർപ്പസ് ഫണ്ട്, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി തുടങ്ങിയ പോലുള്ള സ്കീമുകളുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്നത് ഉചിതമായിരിക്കും.

ജില്ലയിലെ പട്ടികജാതി മേഖല നേരിടുന്ന ഒരു പ്രധാന വിഷയമാണ് താമസയോഗ്യമായ പാർപ്പിടമില്ലാത്തത്. ഈ വർഷം ജില്ലയിൽ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് ഈ മേഖലയിൽ 296 പ്രോജക്ടുകളിലായി 3690.29 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായുള്ള കണക്ക് പ്രകാരം ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽ ഭൂമിയുള്ള ഭവനരഹിതർ 1075 ഉം ഭൂരഹിത ഭവനരഹിതർ 1704 ഉം ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം എല്ലാവർക്കും പാർപ്പിടം ലഭ്യമാകുമെന്നുള്ളത് കാരണം പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തിൽ നിന്നും ജില്ലയും സംസ്ഥാനവും മുക്തമാവുന്നതാണ്. എന്നിരുന്നാലും വീട് അറ്റകുറ്റപ്പണിക്ക് തുടർന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തേണ്ടതായിട്ടു വരും.

ഗതാഗത മേഖലയിൽ 420 പ്രോജക്ടുകളിലായി 2170.91 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ വകുപ്പിന്റെ കണക്കു പ്രകാരം യാത്രാ സൗകര്യം കുറഞ്ഞ 204 കോളനികളിൽ ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ അതത് ഗ്രാമപഞ്ചായത്തുകൾ ശ്രമിക്കേണ്ടത് അനിവാര്യമാണ്. ഈ മേഖലയിലും എം.പി ലാഡ്സ്, എംഎൽ.എ ഫണ്ട്, കോർപ്പസ് ഫണ്ട് പോലുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ജില്ലയിലെ പട്ടികജാതി മേഖല നേരിടുന്ന അടിസ്ഥാന സൗകര്യത്തിലുള്ള കുറവ് ഏതൊക്കെയാണെന്ന് തിരിച്ചറിഞ്ഞ് അത് പരിഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കുകയാണെങ്കിൽ ജില്ലയിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ സാധിക്കും.

6.15 പട്ടികവർഗ്ഗ വികസനം

ജില്ലയിലെ 31 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലുമായുള്ള 3548 കുടുംബങ്ങളിലായി 10854 പട്ടികവർഗ്ഗക്കാരാണുള്ളത്. ജില്ലയിൽ സാമ്പത്തികമായും സാമൂഹ്യമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ ദീർഘകാല കാഴ്ചപ്പാടോടെ പരിഹരിക്കേണ്ടതാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വിട്ട് നിൽക്കുന്ന ജനവിഭാഗമെന്നത് കൊണ്ട് തന്നെ ശാസ്ത്രസാങ്കേതിക രംഗത്തും വിദ്യാഭ്യാസ രംഗത്തും ഉണ്ടാകുന്ന നേട്ടങ്ങളിൽ നിന്നും അകന്നു മാറി നിൽക്കുന്ന അനുഭവമാണ് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കുള്ളത്. അതു കൊണ്ടു തന്നെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഏറ്റവും പ്രധാനമായ പ്രശ്നം വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥയാണ്. വിദ്യാഭ്യാസത്തിൽ മുൻപന്തിയിൽ എത്തിയാൽ സാമൂഹ്യമായ ശാക്തീകരണത്തിനും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിപ്പെടുന്നതിനുമായി കഴിയും. കുട്ടികൾക്കൊപ്പം തന്നെ മുതിർന്നവർക്കും വിദ്യാഭ്യാസ ബോധവൽകരണം നടത്തേണ്ടത് ആവശ്യമാണ്. ട്രൈബൽ മേഖലയിൽ വിദ്യാഭ്യാസത്തിനു വേണ്ടി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് മുന്നേറിയിട്ടില്ല. ഹയർ സെക്കണ്ടറി മുതൽ മുകളിലേക്ക് വിദ്യാഭ്യാസം ചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്.

ജില്ലയിൽ 2017-18 വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക 6.32 ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.32

2017-18 വർഷത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റെടുത്ത പ്രൊജക്ടുകളുടെ വിശദാംശങ്ങൾ

മേഖല	പ്രോജക്ടുകളുടെ എണ്ണം	ആകെ തുക (ലക്ഷത്തിൽ)
ഉൽപ്പാദനം	28	46.56
പശ്ചാത്തലം	33	126.20
സേവനം	147	351.71
ആകെ	**208**	**524.47**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി ടി.എസ്.പി.യിൽ ഉൽപ്പാദന മേഖലയിൽ 28 പ്രോജക്ടുകളിലായി 46.56 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ആട്, കോഴി, പശു, പോത്തുകുട്ടി വിതരണം (മൃഗസംരക്ഷണം) തുടങ്ങിയ പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ക്ഷീരവികസന മേഖലയിൽ 11 ലക്ഷവും കൃഷിക്ക് 9.6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പശ്ചാത്തലമേഖലയിൽ 41 പ്രോജക്ടുകളിലായി 126.19 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സേവനമേഖലയിൽ 147 പ്രോജക്ടുകളിലായി 351.71 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 32 പ്രോജക്ടുകളിലായി 37.01 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. ഇതിൽ മുഖ്യമായും പഠനോപകരണങ്ങൾ, ലാപ്ടോപ്പ്, ഫർണിച്ചർ, പ്രഭാത ഭക്ഷണം, സൈക്കിൾ വാങ്ങൽ, സ്കോളർഷിപ്പ് തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനോ രക്ഷിതാക്കളെ ബോധവൽകരിക്കുന്നതിനോ ഉള്ള യാതൊരു പ്രോജക്ടുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മുതിർന്നവർക്കുള്ള സാക്ഷരത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമുള്ള പദ്ധതികൾ ഉൾപ്പെടുത്തണം. അതു പോലെ തന്നെ കുട്ടികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിന് കാരശ്ശേരി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ഗോത്ര ജ്യോതി പോലെയുള്ള പ്രോജക്ടുകൾ അഭികാമ്യമാണ്.

പട്ടികവർഗ്ഗ മേഖലയിലെ ആരോഗ്യപ്രശ്നം പൊതുസമൂഹത്തേക്കാൾ വളരെ രൂക്ഷമാണ്. ഈ മേഖലയിലെ മുഖ്യമായ പ്രശ്നം പോഷകാഹാരക്കുറവ്, നേരത്തെയുള്ള വിവാഹം, ശിശുക്കളുടെ പരിചരണക്കുറവ് മുതലായവയാണ്. ആരോഗ്യ മേഖലയിൽ ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടുത്തിയിട്ടുള്ളത് 14 പ്രോജക്ടുകളിലായി 14.38 ലക്ഷം രൂപയാണ്. ഇതിൽ മുഖ്യമായും മെഡിക്കൽ ക്യാമ്പുകൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. ട്രൈബൽ മേഖലയിൽ പോഷകാഹാരത്തിന് പ്രത്യേക ഊന്നൽ നൽകുന്നതിനുള്ള ശ്രമമുണ്ടാകണം. രോഗനിർണ്ണയത്തിനൊപ്പം തുടർചികിത്സാ പരിപാടികൾ ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമം നടത്തേണ്ടിയിരിക്കുന്നു.

പട്ടികവർഗ്ഗ കുടുംബങ്ങളിൽ 30% പേർക്ക് ശുദ്ധമായ കുടിവെള്ളം എല്ലായ്പ്പോഴും ലഭിക്കുന്നില്ല എന്നതാണ് നിലവിലുള്ള അവസ്ഥ. കുടിവെള്ള പദ്ധതികൾക്കായി 19 പ്രോജക്ടുകളിലായി 88.96 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനായി 2 പ്രോജക്ടുകൾ മാത്രമാണുള്ളത്. നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്. പദ്ധതികൾ ആരംഭിക്കുന്നതിനു മുമ്പ് ശാസ്ത്രീയമായ രീതിയിലുള്ള ഉറവിട പരിശോധനകൾ

നടത്തേണ്ടതാണ്. കൂടാതെ, ഉറവിടങ്ങൾ ശക്തിപ്പെടുത്തുന്നതിനു കിണർ നിറയ്ക്കൽ പോലെയുള്ള ജലസുരക്ഷ പദ്ധതികൾ ആരംഭിക്കേണ്ടതാണ്. പൊതുവിൽ പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പ് ഫലപ്രദമാകാറില്ല. തുടർ ചെലവുകൾ ഗ്രാമ പഞ്ചായത്തുകൾക്ക് വഹിക്കാവുന്ന സാഹചര്യം നിലനിൽക്കുമ്പോഴും പദ്ധതികൾ പാതിവഴിക്ക് മുടങ്ങുന്ന അനുഭവമാണ് ഉള്ളത്. ആയതിനാൽ കോളനികളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനവും ടി.എസ്.പി ഫണ്ടിൽ വ്യവസായം/സ്വയംതൊഴിൽ സംരംഭങ്ങളൊന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല. അതുകൊണ്ട് വരും വർഷങ്ങളിലെങ്കിലും സ്ത്രീകൾക്കും പുരുഷന്മാർക്കും സംയോജിത സ്വയംതൊഴിൽ, വ്യവസായ സംരംഭങ്ങൾ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തുകയാണെങ്കിൽ കോളനികളിലെ സാമൂഹിക അരക്ഷിതാവസ്ഥ ദൂരീകരിക്കുന്നതിനും അതുപോലെ തന്നെ കോളനികളിലെ ഏറ്റവും വലിയ വിപത്തുകളിലൊന്നായ ലഹരി വസ്തുക്കളുടെ ഉപയോഗവും അതിനെ തുടർന്നുണ്ടാകുന്ന വിഷമങ്ങളും ഒരു പരിധി വരെ കുറയ്ക്കുവാൻ കഴിയും.

ജില്ലയിൽ പട്ടികജാതി വിഭാഗത്തിലുള്ള കരിമ്പാലൻ സമുദായം പട്ടികവർഗ്ഗ വിഭാഗത്തിലേക്ക് ഉൾപ്പെടുത്തിയപ്പോൾ അവർ ഭൂരിപക്ഷമുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ടി.എസ്.പി വിഹിതം ലഭിക്കാത്ത അവസ്ഥ ഉണ്ട്. (ഉദാഹരണം: നന്മണ്ട, കോട്ടൂർ, ചേളന്നൂർ, കാക്കൂർ തുടങ്ങിയവ) അത് പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. കൂടാതെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ടി.എസ്.പി വിഹിതം പുനക്രമീകരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ടി.എസ്.പി വകയിരുത്തൽ ഉള്ളതിനാൽ ജനറൽ ഫണ്ടും, തനത് ഫണ്ടും പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കാത്ത സാഹചര്യം ഉണ്ട്. ഇവ വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണം. തദ്ദേശ സ്ഥാപനങ്ങളും വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ ധനസഹായ തുക (വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഭവന റിപ്പയർ തുടങ്ങിയവ) ഏകീകരിക്കണം. ഗ്രാമപഞ്ചായത്തുതലത്തിൽ സമഗ്ര സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ആരോഗ്യ സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രോജക്ടുകൾ ഉണ്ടാക്കുകയും വേണം.

6.16 വനിത-ശിശു-വയോജന ക്ഷേമം

വനിതകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുകയാണ് വനിതാ ഘടക പദ്ധതിയുടെ ലക്ഷ്യം. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹിക പദവിയും ഉയർത്തുന്ന പ്രവർത്തനങ്ങളായിരിക്കണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടത് എന്നാണ് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കുന്നത്.

ജില്ലയിലെ 70 ഗ്രാമപഞ്ചായത്തുകളും 12 ബ്ലോക്ക് പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവ നടപ്പിലാക്കിയ വനിതാ ഘടക പദ്ധതിയിലെ ഉൽപാദനം, പശ്ചാത്തലം, സേവനം എന്നീ മേഖലകളിൽ നടത്തിയ വകയിരുത്തലുകൾ പട്ടിക 6.33ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 6.33

2017-18 ലെ വനിത ഘടക പദ്ധതിയിലെ പ്രൊജക്ടുകളുടെ വിശദാംശങ്ങൾ

മേഖല	വനിതാഘടക പദ്ധതി		
	പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തിയ തുക (ലക്ഷത്തിൽ)	ശതമാനം
ഉൽപ്പാദനം	603	5369.56	62.37
പശ്ചാത്തലം	28	256.08	2.98
സേവനം	254	2983.17	34.65
ആകെ	**885**	**8608.81**	**100**

(അവലംബം: സുലേഖ സോഫ്റ്റ് വെയർ)

വനിതാ ഘടകപദ്ധതിയിൽ ഉൽപാദന മേഖലയിൽ 603 പ്രോജക്ടുകൾക്കായി 5369.56 ലക്ഷം രൂപ (62.37 ശതമാനം) വകയിരുത്തിയിരിക്കുന്നു. പശ്ചാത്തല മേഖലയിൽ 28 പ്രോജക്ടുകൾക്കായി 256.08 ലക്ഷം രൂപയും (2.98 ശതമാനം) സേവന മേഖലയിൽ 254 പ്രോജക്ടുകൾക്കായി 2983.17 ലക്ഷം രൂപയും (34.65 ശതമാനം)വകയിരുത്തിയിട്ടുണ്ട്. ഉൽപാദനമേഖലയിലാണ് ഏറ്റവും അധികം തുക വകയിരുത്തിയതായി കാണുന്നത്. ഉൽപാദന മേഖലയിലെ ഉയർന്ന വകയിരുത്തൽ സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ്. ഗ്രാമപഞ്ചായത്തുകൾ വ്യക്തിഗത ആനുകൂല്യങ്ങളായ ആട് വളർത്തൽ, പശുവളർത്തൽ, ഇടവിളകൃഷി, പച്ചക്കറി കൃഷി, മുട്ടക്കോഴി വളർത്തൽ, മത്സ്യതൊഴിലാളി വനിതകൾക്കുള്ള ഐസ് ബോക്സ്, ജൈവ പച്ചക്കറി കൃഷി, തയ്യൽ യൂണിറ്റ് തുടങ്ങിയ പ്രോജക്ടുകൾക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്.

ബ്ലോക്ക് പഞ്ചായത്തുകൾ, മിൽക്ക് ഇൻസന്റീവ്, വിദേശത്തൊഴിൽ, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ പരിശീലനം, സംരംഭകത്വ വികസനം, ഗ്രൂപ്പ് സംരംഭങ്ങൾ, പാട്ടകൃഷി, കാറ്ററിംഗ് യൂണിറ്റ്, വനിതാ കാന്റീൻ തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് മിൽക്ക് ഇൻസന്റീവ്, ക്ഷീരഗ്രാമം, ഖാദി യൂണിറ്റുകൾക്ക് തറി വാങ്ങൽ, കാലിതീറ്റ സബ്സിഡി, മുട്ടഗ്രാമം, ഇറച്ചിക്കോഴി വിപണനം, ഓട്ടോറിക്ഷ വാങ്ങൽ തുടങ്ങിയ പദ്ധതികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

നഗരസഭകൾ വ്യക്തിഗതി-ഗ്രൂപ്പ് തൊഴിൽ സംരംഭങ്ങൾ, മൂല്യവർദ്ധിത യൂണിറ്റുകൾ, വാഴകൃഷി, കന്നുകുട്ടി പരിപാലനം, തഴപായ നെയ്ത്ത്, മൺപാത്ര നിർമ്മാണം, കോഴി വളർത്തൽ, കുപ്പിവെള്ള യൂണിറ്റ്, വനിതാ വ്യവസായത്തിന് കെട്ടിടം തുടങ്ങിയ പ്രോജക്ടുകൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്.

പശ്ചാത്തല സൗകര്യ വികസനത്തിനായി ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ വ്യവസായ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ, വനിതാ സാംസ്കാരിക കേന്ദ്രം, വനിതാ റിക്രിയേഷൻ, കുടുംബശ്രീ വിപണനം, വനിതാ ഇൻഡസ്ട്രിയൽ, കെട്ടിട നിർമ്മാണം എന്നിവക്ക് തുക വകയിരുത്തിയിട്ടുണ്ട്.

സേവന മേഖലയിൽ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും പ്രധാനമായും ഷീപാഡ് നിർമ്മാണം, യോഗ പരിശീലനം, ജാഗ്രതാ സമിതികൾ, കരാട്ടെ പരിശീലനം, നീന്തൽ പരിശീലനം, കൗൺസിലിംഗ്, ലാപ്ടോപ്പ് വിതരണം, എസ്.സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ, ഫർണിച്ചർ വിതരണം തുടങ്ങിയ പ്രോജക്ടുകൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തും, പെൺകുട്ടികൾക്ക് സ്കൂളുകളിൽ റസ്റ്റ് റൂം, ഹോസ്റ്റൽ കെട്ടിട നിർമ്മാണം, വനിതാ തൊഴിൽ പരിശീലനം, പെൺകുട്ടികളുടെ സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ, സ്കിൽ ഡവലപ്പ്മെന്റ് സെൻറർ മുഖേന

തൊഴിൽ പരിശീലനം, പി.ആർ.ടി.സി സെക്യൂരിറ്റി പരിശീലനം തുടങ്ങിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്.

മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന പ്രകാരം വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കോ, വികസന മേഖലയുടെ കാഴ്ചപ്പാടിനോ, പൂർണ്ണമായും യോജിക്കുന്ന പ്രോജക്ടുകളാണ് ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പറയാൻ കഴിയില്ല. വിവാഹമോചിതരായ സ്ത്രീകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ, വിവാഹപ്രായം കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ, അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയായ സ്ത്രീകൾ എന്നിവരുടെ സാമൂഹ്യ ഉന്നമനത്തിനുതകുന്ന പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. നൈപുണ്യപോഷണത്തിലൂടെ മാനവശേഷി വികസനം നേടുന്നതിനും സംരംഭകത്വ പ്രോത്സാഹനത്തിനുള്ള പ്രോജക്ടുകളും കുറവാണ്.

പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടേയും ചില പിന്നോക്ക വിഭാഗങ്ങളുടേയും പരമ്പരാഗത തൊഴിൽ മേഖലകൾ ആധുനികവൽകരിക്കുന്നതിനും, വൈവിധ്യവൽക്കരിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ കാര്യമായ ശ്രമങ്ങൾ ഉണ്ടായിട്ടില്ല. കൊയിലാണ്ടി നഗരസഭ മാത്രമാണ് തഴപ്പായ നെയ്ത്ത്, മൺപാത്ര നിർമ്മാണം എന്നീ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. വനിതകളുടെ സുസ്ഥിര വികസനത്തിനായി പ്രാദേശിക സാധ്യതകൾ പരിഗണിച്ചുള്ള തൊഴിൽ സംരംഭങ്ങളോ, ലേബർ ബാങ്കുകളോ കാര്യമായി പദ്ധതിയിൽ ഉൾപ്പെടുത്തി കാണുന്നില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ജില്ലാ പഞ്ചായത്തിന് നൈപുണ്യവികസന പദ്ധതികൾ ഏറ്റെടുക്കാമെങ്കിലും തൊഴിൽ സാധ്യത പരിഗണിച്ചു കൊണ്ടുള്ള ശ്രദ്ധേയമായ പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല.

വയോജനക്ഷേമം പാലിയേറ്റീവ് കെയർ

വയോജനക്ഷേമത്തിനായി വയോജന നയങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായ പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാനാണ് മാർഗ്ഗരേഖ നിർദ്ദേശിക്കുന്നത്.

പട്ടിക 6.34

വയോജനക്ഷേമ പ്രോജക്ടുകൾ-വകയിരുത്തിയ തുക

തദ്ദേശഭരണസ്ഥാപനം	ആകെ പ്രോജക്ടുകൾ	വകയിരുത്തിയ തുക
ഗ്രാമപഞ്ചായത്ത്	214	959.22
ബ്ലോക്ക് പഞ്ചായത്ത്	53	436.32
ജില്ലാ പഞ്ചായത്ത്	18	430.32
മുനിസിപ്പാലിറ്റികൾ	20	160.99
കോർപ്പറേഷൻ	12	352.68
ആകെ	**317**	**2339.54**

ജില്ലയിൽ മൊത്തം 317 പ്രോജക്ടുകൾക്കായി 2339.54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാമപഞ്ചായത്തുകൾ 214 പ്രോജക്ടുകൾക്കായി 959.22 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 53 പ്രോജക്ടുകൾക്കായി 436.32 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് 18 പ്രോജക്ടുകൾക്കായി 430.32 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ, മുനിസിപ്പാലിറ്റികൾ 20 പ്രോജക്ടുകൾക്കായി 160.99 ലക്ഷം രൂപയും, കോർപ്പറേഷൻ 12 പ്രോജക്ടുകൾക്കായി 352.68 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ വയോജനങ്ങൾക്ക് കട്ടിൽ, പെയിൻ & പാലിയേറ്റീവ് കെയർ,

റിക്രിയേഷൻ ക്ലബ്, വൃദ്ധപരിചരണ കേന്ദ്രം, വൃദ്ധജനങ്ങൾക്ക് ഉപകരണങ്ങൾ നൽകൽ, പകൽവീട്, വയോജനപാർക്ക്, പോഷകാഹാരം, വിശ്രമകേന്ദ്രത്തിൽ ഫർണിച്ചർ, ടി.വി.വാങ്ങൽ, പി.എച്ച്.സിയിൽ കാത്തിരിപ്പു കെട്ടിടം, വയോജനങ്ങൾക്ക് ഇരിപ്പിടം, മെഡിക്കൽ ക്യാമ്പ് തുടങ്ങിയ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾ വയോജന സൗഹൃദകേന്ദ്രം, വയോജനങ്ങൾക്കായുള്ള ഉപകരണ വിതരണം, സൽക്കാർ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ്, വയോജന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, മൊബൈൽ ജെറിയാട്രിക് പാലിയേറ്റീവ് ക്ലിനിക്, പട്ടികജാതി പട്ടികവർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ, പകൽവീട്, വയോമിത്രം പദ്ധതിക്ക് വിഹിതം നൽകൽ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത് പാലിയേറ്റീവ് കെയർ യൂണിറ്റ് വൃദ്ധസദനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, വയോജന പാർക്ക്, വയോജന പുനരധിവാസ കേന്ദ്രം, പകൽവീട്, വയോജന സേവന കേന്ദ്രം എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

നഗരസഭകൾ വയോജന വിശ്രമകേന്ദ്രത്തിന് അടിസ്ഥാന സൗകര്യം നൽകൽ, ഡയാലിസിസ് കേന്ദ്രത്തിൽ തുക വകയിരുത്തൽ, കട്ടിൽ വിതരണം, പകൽവീട്, സാമൂഹ്യസുരക്ഷാ മിഷന് വിഹിതം നൽകൽ, വൃദ്ധസദനത്തിലേക്ക് ഫർണിച്ചർ, വയോജനങ്ങൾക്ക് അലോപ്പതി മരുന്ന് വാങ്ങൽ, കോഴിക്കോട് കോർപ്പറേഷൻ വയോജന സൗഹൃദമാക്കൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്തിരിക്കുന്നത്.

വയോജനങ്ങളുടെ അറിവും, അനുഭവവും, ശേഷിയും പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് വിലയിരുത്തൽ ഉൾപ്പെടെയുള്ള സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള ശ്രമം തദ്ദേശസ്ഥാപനങ്ങളൊന്നും വിനിയോഗിച്ചതായി കാണുന്നില്ല. കിടപ്പു രോഗിക്കൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്നുവിതരണം, പോഷകാഹാര വിതരണം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ കൂടുതലായി ഏറ്റെടുക്കാവുന്നതാണ്.

ആശാവർക്കർ, ആരോഗ്യവകുപ്പ് ഫീൽഡ് ഉദ്യോഗസ്ഥർ എന്നിവർ കിടപ്പുരോഗികളും അവശരുമായ അഗതികളുടെ വീടു സന്ദർശിച്ച് അവർക്ക് പരിചരണ പ്രവർത്തനങ്ങൾ നടത്തുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതായി കാണുന്നില്ല.

വൃദ്ധജനങ്ങൾക്ക് യോഗപരിശീലനം ആരംഭിക്കുവാൻ മാർഗ്ഗരേഖ നിർദ്ദേശിക്കുന്നെങ്കിലും ജില്ലയിൽ ഒരു തദ്ദേശഭരണസ്ഥാപനവും അത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുത്തതായി കാണുന്നില്ല. വയോജനങ്ങൾ ഉപയോഗിക്കുന്ന കെട്ടിടങ്ങൾ വയോജന സൗഹൃദമാക്കുന്നതിന് റാംബ് നിർമ്മാണം പോലെയുള്ള പ്രോജക്ടുകളും തദ്ദേശഭരണ സ്ഥാപനങ്ങൾ വെച്ചതായി കാണുന്നില്ല.

കുട്ടികൾക്കുള്ള പദ്ധതികൾ

കുട്ടികൾക്കായി കലാ-കായിക- സാംസ്കാരിക-പങ്കാളിത്ത വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കുന്നുണ്ട്.

പട്ടിക 6.35

2017–18 ലെ കുട്ടികളുടെ ക്ഷേമത്തിനും വികസനത്തിനുമായുള്ള പ്രൊജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)
ഗ്രാമ പഞ്ചായത്ത്	284	822.03
ബ്ലോക്ക് പഞ്ചായത്ത്	42	250.65
ജില്ലാ പഞ്ചായത്ത്	14	413.55
മുനിസിപ്പാലിറ്റി	39	221.27
കോർപ്പറേഷൻ	65	760.89
ആകെ	**444**	**2468.39**

കുട്ടികളുടെ വികസനത്തിനായി ജില്ലയിൽ മൊത്തം 2017–18ൽ 444 പ്രോജക്ടുകളിലായി 2468.39 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാമപഞ്ചായത്തുകൾ 284 പ്രോജക്ടുകൾക്കായി 822.03 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 42 പ്രോജക്ടുകൾക്കായി 250.65 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് 14 പ്രോജക്ടുകളിലായി 413.55 ലക്ഷം രൂപയും കൂടാതെ മുനിസിപ്പാലിറ്റികളിൽ 39 പ്രോജക്ടുകൾക്കായി 221.27 ലക്ഷം രൂപയും കോർപ്പറേഷനിൽ 65 പ്രോജക്ടുകൾക്കായി 760.89 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും പ്രധാനമായും വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണം, പഠന മുറി നിർമ്മിക്കൽ, അംഗനവാടി കെട്ടിട നിർമ്മാണം, നീന്തൽ പരിശീലനം, സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ നൽകൽ, യോഗപരിശീലനം, ബഡ്സ് സ്കൂൾ കുട്ടികൾക്ക് യാത്രാബത്ത തുടങ്ങിയ പ്രോജക്ടുകൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്തുകൾ അംഗനവാടി കെട്ടിട നിർമ്മാണം, ലഹരി വിരുദ്ധ ബോധവൽക്കരണം, ചിൽഡ്രൻസ് പാർക്ക്, അംഗപരിമിതരായ കുട്ടികൾക്ക് മൊബൈൽ ഫിസിയോതെറാപ്പി, എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി, എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്തിട്ടുള്ളത്.

ജില്ലാ പഞ്ചായത്ത് കുട്ടികൾക്ക് ചികിത്സാ പദ്ധതി, സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം, ലബോറട്ടറി ഉപകരണം തുടങ്ങിയ പ്രോജക്ടുകൾക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

കോഴിക്കോട് ജില്ല ബാലസൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ പങ്കാളിത്ത വികസനം ലക്ഷ്യമിടുന്നതും അവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ കൂടുതൽ പദ്ധതികൾ വരും വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ബാല പഞ്ചായത്ത് /ബാല സഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും തുക വിനിയോഗിക്കുവാൻ അനുമതിയുണ്ടെങ്കിലും ഇരുപത്തിരണ്ടോളം തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമേ തുക വകയിരുത്തിയതായി കാണുന്നുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദ സ്ഥാപനങ്ങളായി മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഭിന്നശേഷിയുള്ളവർക്കും, ഭിന്നലിംഗക്കാർക്കും വേണ്ടിയുള്ള പദ്ധതികൾ

ഭിന്നശേഷിക്കാർക്കും, ഭിന്നലിംഗക്കാർക്കും വേണ്ടി ക്ഷേമ-വികസന പരിപാടികളും പുനരധിവാസ വികസന പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാമെന്ന് മാർഗ്ഗരേഖയിൽ പറയുന്നു.

പട്ടിക 6.36

ഭിന്നശേഷിക്കാർക്കായുള്ള പ്രോജക്ടുകളുടെ വിശദാംശങ്ങൾ

തദ്ദേശഭരണ സ്ഥാപനം	പ്രോജക്ടുകളുടെ എണ്ണം	തുക (ലക്ഷത്തിൽ)
ഗ്രാമ പഞ്ചായത്ത്	120	539.05
ബ്ലോക്ക് പഞ്ചായത്ത്	25	206.87
ജില്ലാ പഞ്ചായത്ത്	6	75.00
മുനിസിപ്പാലിറ്റി	15	103.53
കോർപ്പറേഷൻ	5	157.97
ആകെ	**171**	**1082.43**

ഭിന്നശേഷിക്കാർക്കായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ 171 പ്രോജക്ടുകളിലായി 1082.43 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാമപഞ്ചായത്തുകൾ 120 പ്രോജക്ടുകൾക്കായി 539.05 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 25 പ്രോജക്ടുകൾക്കായി 206.87 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്ത് 6 പ്രോജക്ടുകളിലായി 75.00 ലക്ഷം രൂപയും കൂടാതെ മുനിസിപ്പാലിറ്റികളിൽ 15 പ്രോജക്ടുകൾക്കായി 103.53 ലക്ഷം രൂപയും കോർപ്പറേഷനിൽ 5 പ്രോജക്ടുകൾക്കായി 157.97 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകളും, നഗരസഭകളും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്റ്റൈപ്പന്റ്, ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ, ബഡ്സ് സ്കൂൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ഭിന്നശ്ശേഷിയുള്ളവർക്ക് സ്വയം തൊഴിൽ പദ്ധതികൾ, ബഡ്സ് സ്കൂളുകളിൽ ഫർണിച്ചർ വിതരണം, മുച്ചക്ര വാഹനം നൽകൽ തുടങ്ങിയ പ്രോജക്ടുകൾക്കായി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾ മുച്ചക്രവാഹന വിതരണം, സ്കോളർഷിപ്പ് വിതരണം തുടങ്ങിയ പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം വിതരണം നൽകുന്നതിനും, സ്കൂട്ടർ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ട് കിട്ടിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിന് റാമ്പുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭിന്നലിംഗക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പിന് മതിയായ തുക വകയിരുത്തിയതായി കാണുന്നില്ല. വരും വർഷങ്ങളിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയോടുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

കോഴിക്കോട് ജില്ലയിൽ 350 ഭിന്നലിംഗക്കാരുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ജില്ലയിൽ ഭിന്നലിംഗക്കാർക്കു വേണ്ടി കോഴിക്കോട് കോർപ്പറേഷൻ ഭിന്നലിംഗക്കാരുടെ സർവ്വേ എന്ന പ്രോജക്ടും, കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഭിന്നലിംഗക്കാർക്ക് തൊഴിൽ പരിശീലനവും തൊഴിൽ നൽകൽ എന്ന പ്രോജക്ടിനുമാണ് തുക വകയിരുത്തിയിട്ടുള്ളത്. മുൻസിപ്പാലിറ്റികൾ ഒന്നുംതന്നെ ഈ വിഭാഗക്കാർക്കുവേണ്ടി തുക വകയിരുത്തിയതായി കാണുന്നില്ല. ഇവർക്ക് സ്ഥിര വരുമാനമുള്ള തൊഴിലുകൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ പഞ്ചായത്ത് നഗരസഭാ തലത്തിൽ ആവിഷ്കരിക്കണം. ഇവരിൽ മിക്കവരും കലാരംഗത്ത് ഏറെ കഴിവുള്ളവരാണ്. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.സി.എഫ്, പുനർജനി തുടങ്ങിയ സംഘടനകളുമായി സഹകരിച്ച് ഇവർക്ക് കലാരംഗത്ത് പ്രോത്സാഹനം നൽകുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

അദ്ധ്യായം 7

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും

കോഴിക്കോട് ജില്ലയിൽ നിലവിൽ 70 ഗ്രാമപഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും, 1 കോർപ്പറേഷനുമാണുള്ളത്. ദ്രുതഗതിയിൽ നഗരവൽകരണം നടക്കുന്ന ജില്ലയിൽ, മൊത്തം ജനസംഖ്യയുടെ 67.5% പേർ നഗരവാസികളും 62% പേർ 18 നും 60 നും മദ്ധ്യേ പ്രായമുള്ളവരുമാണ്. 2014-15 ലെ കണക്കുകൾ പ്രകാരം ജില്ലയുടെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 8.63% പ്രാഥമിക മേഖലയിൽ നിന്നും, 30.4% ദ്വിതീയ മേഖലയിൽ നിന്നും, 60.96% ത്രിതീയ മേഖലയിൽ നിന്നുമാണ് ലഭിക്കുന്നത്. ഭൂമിശാസ്ത്രപരമായി ജില്ലയുടെ വികസനത്തിന്റെ തോത് പരിശോധിക്കുമ്പോൾ കാർഷിക മേഖലയിൽ കൂടുതൽ വ്യാപരിക്കുന്ന ജില്ലയിലെ കിഴക്കൻ പ്രദേശത്ത് (മലയോര പ്രദേശം) ജീവിത ഗുണനിലവാരത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുറവ് കാണുന്നുണ്ട്. ആളോഹരി വരുമാനത്തിലെ കുറവും റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതയും, താരതമ്യേന ഈ പ്രദേശങ്ങളിൽ കൂടുതലായി കാണുന്നു.

പ്രാദേശികപരമായ പരിഗണന കൂടാതെ ജില്ലയിലെ മുഴുവൻ പേർക്കും അന്തസ്സായി ജീവിക്കാനുള്ള അവസരവും ആരോഗ്യകരമായ അവസ്ഥയും ഉറപ്പു വരുത്തുന്നതിന് സമഗ്രവും സന്തുലിതവും സുസ്ഥിരവുമായ വികസനം സാധ്യമാക്കുന്നതിനുള്ള പരിപ്രേക്ഷ്യവും നിർദ്ദേശങ്ങളുമാണ് ഈ രേഖയിലൂടെ മുന്നോട്ട് വെക്കുന്നത്. ജില്ലയുടെ മൊത്തം വിസ്തൃതിയുടെ 63% കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ജില്ലയുടെ കാർഷികോൽപാദനക്ഷമത ആശാവഹമല്ല. കാർഷിക ഭൂവിനിയോഗത്തിലുണ്ടാകുന്ന കുറവ് നികത്തിയും ജലസേചന സൗകര്യങ്ങളുടെ ദക്ഷത വർദ്ധിപ്പിച്ചും കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവിന് പ്രാധാന്യം നൽകികൊണ്ടും കാർഷിക മേഖലയെ പുഷ്ടിപ്പെടുത്തേണ്ടതുണ്ട്. മനുഷ്യ വിഭവശേഷി ഏറെയുള്ള ജില്ലയിൽ പുതിയ തൊഴിൽ സംരഭകത്വ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ജില്ലയുടെ 71 കി.മീ ദൈർഘ്യമുള്ള തീരദേശം ജില്ലയിലെ ദാരിദ്ര്യതുരുത്തുകളിലൊന്നാണ്. ഉയർന്ന ജനസാന്ദ്രതയും ഭൗതിക സാഹചര്യങ്ങളുടെ കുറവും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതകളും ഇവിടെ കൂടുതലാണ്. ജനസംഖ്യയുടെ 60% പേരും കേന്ദ്രീകരിച്ചിരിക്കുന്നത് തീരദേശ മേഖലയിലാണ്. ജില്ലയിലെ ദരിദ്രരിൽ ഭൂരിഭാഗവും ഈ മേഖലയിൽ തന്നെയാണ് താമസിക്കുന്നത്. മലയോര പ്രദേശങ്ങൾ എന്നപോലെ തീര പ്രദേശങ്ങളും തീവ്ര ദുരന്ത സാധ്യതാ പ്രദേശങ്ങളാണ്. ബ്ലൂ ഇക്കണോമി സങ്കേതമുപയോഗിച്ച് തീര പ്രദേശങ്ങളിലെ വികസനരംഗത്ത് ഒരു കുതിച്ചുചാട്ടത്തിനുതകുന്ന പദ്ധതികൾ ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

10000 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ജില്ലയിലെ റോഡ് ശൃംഖലയെ ശാസ്ത്രീയമായി സംയോജിപ്പിച്ചും മെച്ചപ്പെട്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയും ഗതാഗത സൗകര്യത്തിൽ പൂർണ്ണത കൈവരിക്കേണ്ടതുണ്ട്. ജില്ലയുടെ തീരപ്രദേശങ്ങളിലെന്നപോലെ മലയോര

പ്രദേശങ്ങളിലും റോഡ് സൗകര്യങ്ങൾ കുറവാണ്. ജില്ലയിലെ സമഗ്ര ഗതാഗത വികസനത്തിന് ഒരു മലയോര ഹൈവേയും തീരദേശ ഹൈവേയും ഇതുമായി ബന്ധപ്പെട്ട ശാസ്ത്രീയ റോഡ് കണക്ടിവിറ്റിയും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് ജില്ലയുടെ പ്രധാന ഉപജീവന മാർഗ്ഗം കൃഷിയാണ്. ഭൂപരിഷ്ക്കരണം വഴി ഭൂമിയുടെ പുനർ വിതരണം നടന്നുവെങ്കിലും അതിന്റെ തുടർച്ചയായ കാർഷിക പരിഷ്ക്കരണം ദുർബലമായതിന്റെ ദുരന്തം ഇന്നും അനുഭവിക്കുകയാണ്. പ്രധാന ഉൽപാദന മേഖലയാകേണ്ട കാർഷിക രംഗം മുരടിച്ചതു മൂലം ഉൽപന്നങ്ങൾക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. എന്നാൽ ഈയടുത്ത കാലത്ത് ഈ മേഖലയിൽ ഒരു പുനർവിചിന്തനം ഉണ്ടായിട്ടുണ്ടെന്നത് ആശാവഹമാണ്.

പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച ജില്ലയുടെ സാമ്പത്തികാടിത്തറക്ക് വലിയ ആഘാതമാണ് സൃഷ്ടിച്ചത്. ഉൽപാദന മേഖലയിലെ മുരടിപ്പ് മാറ്റിയും സേവന മേഖലയിലെ കാര്യക്ഷമത ഉയർത്തിയും ഈ രണ്ടു മേഖലകളെയും ശക്തിപ്പെടുത്തുന്നതിനുതകുന്ന പശ്ചാത്തല മേഖലയെ പുനഃസംവിധാനം ചെയ്തു കൊണ്ടുള്ള ഒരു വികസന സമീപനമാണ് സ്വീകരിക്കുന്നത്. വിവിധ വികസനത്തുറകളിൽ വളരെയേറെ മുന്നേറ്റമുണ്ടാക്കുന്നതിന് വികേന്ദ്രീകൃത ഭരണവും വികേന്ദ്രീകൃതാസൂത്രണവും, വിവിധ സർക്കാർ പദ്ധതികളും വഴി കഴിഞ്ഞിട്ടുണ്ട്. നേടിയ നേട്ടങ്ങളെ സ്ഥായിയാക്കുന്നതിനും കൂടുതൽ ഉയരത്തിലെത്തിക്കുന്നതിനും പിന്നോക്കാവസ്ഥ പരിഹരിച്ച് നേട്ടങ്ങൾ സ്ഥായിയാക്കുന്നതിനുമുള്ള നയവും പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളുമാണ് ഈ മേഖല വിഭാവനം ചെയ്യുന്നത്.

കോഴിക്കോട് ജില്ലയിൽ നിലവിൽ നിരവധി ദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണസ്ഥാപനങ്ങളുമുണ്ട്. കാർഷിക, വ്യവസായിക, വൈജ്ഞാനിക മേഖലകളെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സ്ഥാപനങ്ങളിലെ ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നത് ജില്ലയുടെ പൊതുവികസനത്തിന് ആക്കം കൂട്ടുന്നതിന് സഹായകരമാകും. ജില്ലയിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളെയും വൈജ്ഞാനിക കേന്ദ്രങ്ങളെയും പരിപോഷിപ്പിക്കുക വഴി ജില്ലയെ ഒരു എഡുക്കേഷണൽ ഹബ്ബായി ഉയർത്താൻ സാധിക്കും.

വിവിധ തട്ടുകളിലും വകുപ്പു തലങ്ങളിലുമുള്ള പ്രവർത്തന പരിപാടികളെ പരമാവധി സംയോജിപ്പിച്ചും ഉദ്ഗ്രഥനവും സാദ്ധ്യമാക്കിയും ജില്ലയുടെ സമഗ്ര വികസനത്തിൽ എത്തിക്കുന്നതിനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഓരോ മേഖലയുടെയും വികസന കാഴ്ചപ്പാടുകളാണ് തുടർന്നു പ്രതിപാദിക്കുന്നത്.

ഉൽപ്പാദന മേഖല

നയസമീപനം

കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം

1. തരിശു കുറക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സമീപനം ഫലപ്രദമായി ഉപയോഗപ്പെടുത്തിയും സബ്സിഡി മാനദണ്ഡങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചും കൃഷിയോഗ്യമായ തരിശുഭൂമി 2862 ഹെക്ടറിൽ നിന്ന് 5 വർഷം കൊണ്ട് 1500 ഹെക്ടറായും തന്നാണ്ട് തരിശ് 1938 ഹെക്ടറിൽ നിന്ന് 1000 ഹെക്ടറായും കുറയ്ക്കൽ. ഇത് തരിശ് രഹിത കോഴിക്കോട് എന്ന ലക്ഷ്യം കൈവരിക്കാൻ ഉപകരിക്കും.
2. ശാസ്ത്രീയമായ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ചും കാര്യക്ഷമമായ ജലസേചന മാർഗ്ഗങ്ങൾ ഉപയോഗിച്ചും നാളികേരത്തിന്റെ ഉൽപ്പാദനം തെങ്ങൊന്നിന് 40ൽ നിന്ന് 5 വർഷം കൊണ്ട് 60 ആയി ഉയർത്തുക.
3. കുറ്റ്യാടി ജലസേചന പദ്ധതി നവീകരിച്ചും, നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിലൂടെയും, കൂടുതൽ ജലസേചന സാധ്യതകൾ ഉപയോഗിച്ചും നെല്ല് കൃഷിയുടെ ഒന്നാം വിള വിസ്തൃതി 58 ഹെക്ടറിൽ നിന്ന് 100 ഹെക്ടറിലേക്കും മൂന്നാം വിള വിസ്തൃതി 432 ഹെക്ടറിൽ നിന്ന് 1000 ഹെക്ടറായും ഉയർത്തൽ.
4. നെല്ലിന്റെ ഉൽപ്പാദനക്ഷമത ഒന്നാം വിളയിൽ 1926 കിലോയിൽ നിന്ന് 2500 കിലോ ആയും രണ്ടാം വിളയിൽ ഉൽപ്പാദനക്ഷമത 1077ൽ നിന്ന് 1500 ആയും ഉയർത്തൽ.
5. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള കുരുമുളക് ഇനങ്ങളുടെ പ്രോത്സാഹനത്തിലൂടെ നിലവിലുള്ള ഉൽപ്പാദനം 1060 ടണ്ണിൽ നിന്ന് 1200 ടണ്ണായി ഉയർത്തൽ.
6. ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് സഹകരണ സംഘങ്ങൾ, കുടുംബശ്രീ, മറ്റ് സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ പച്ചക്കറി ഉൽപ്പാദനം 35000 ടണ്ണിൽ നിന്നും ഒരു ലക്ഷം ടണ്ണായി വർദ്ധിപ്പിക്കൽ.
7. നിലവിലുള്ള സൗകര്യങ്ങളുടെ പ്രയോജന ക്ഷമത വർദ്ധിപ്പിച്ചും പുതിയ സൗകര്യങ്ങൾ നടപ്പിലാക്കിയും തെങ്ങ്, കവുങ്ങ് എന്നിവയുടെ ജലസേചിത വിസ്തൃതി 2500 ഹെക്ടറിൽ നിന്ന് 10000 ഹെക്ടറായി ഉയർത്തൽ.
8. ഉൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നിവ കർഷകരുടെ ക്ലസ്റ്ററുകൾ വഴി ഗ്രാമ, ബ്ലോക്ക് ജില്ലാതലത്തിൽ ഏകോപിപ്പിച്ച് നടപ്പിലാക്കൽ.
9. കരഭൂമി നെൽകൃഷിയും ഇടവിള കൃഷിയും പരമാവധി പ്രോത്സാഹിപ്പിക്കൽ.
10. പരിസ്ഥിതി സൗഹൃദമായ മാർഗ്ഗങ്ങളിലൂടെ മണ്ണൊലിപ്പ് തടയൽ.

മൃഗസംരക്ഷണം - ക്ഷീരവികസനം

1. മാംസം/മുട്ട/പാൽ എന്നിവയിൽ ജില്ലയെ സ്വയംപര്യാപ്തമാക്കൽ.
2. പാലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കൽ.

3. മൃഗസംരക്ഷണ മേഖലയിൽ അത്യുൽപാദന ശേഷിയുള്ള സെമൻ ഉറപ്പുവരുത്തൽ.
4. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും പ്രാദേശികമായ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കൽ.
5. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കൽ.
6. നഗര ഭരണ പ്രദേശങ്ങളിലും നഗരസമാനമായ ഗ്രാമപഞ്ചായത്തുകളിലും മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കൽ.
7. ഇറച്ചി ആവശ്യത്തിനായുള്ള പദ്ധതികൾ (ആട്, മൂരി, പോത്ത്, ഇറച്ചിക്കോഴി, കാട, മുയൽ) പരമാവധി പ്രോത്സാഹിപ്പിക്കൽ.
8. പാലുൽപ്പാദനത്തിന് ഇൻസെന്റീവ് നൽകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കൽ.
9. ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ ധാതുലവണ മിശ്രിതം തുടങ്ങിയവ മൃഗാശുപത്രികളിൽ സുലഭമായി ലഭ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കൽ.
10. ജുവനൈൽ ഹോം, ജയിൽ തുടങ്ങിയ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കൽ.
11. മാലിന്യ നിർമ്മാർജ്ജനത്തിനായി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളിൽ റെണ്ടറിംഗ് പ്ലാന്റ് സ്ഥാപിക്കൽ.
12. പാലിന്റെ ഗുണനിലവാരം അനുസരിച്ച് കർഷകരെ തരംതിരിച്ച് ഉയർന്ന ഗ്രേഡിലുള്ള കർഷകരുടെ പാൽ മിൽക്ക് എ.ടി.എം വഴി പൊതുജനങ്ങളിലേക്ക് എത്തിക്കുവാൻ വേണ്ടുന്ന നടപടികൾ.

മത്സ്യബന്ധനം

1. ഉൾനാടൻ മത്സ്യ സമ്പത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തൽ.
2. മത്സ്യ വിപണനത്തിനും സംസ്കരണത്തിനുമുള്ള ആധുനിക സൗകര്യങ്ങൾ ഒരുക്കൽ.
3. ഞണ്ട്, കക്ക, കല്ലുമ്മക്കായ എന്നിവയുടെ ഉൽപാദനവും സംസ്കരണവും വർദ്ധിപ്പിക്കൽ.

വ്യവസായം

1. ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കൽ.
2. കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരഭങ്ങൾ പ്രോത്സാഹിപ്പിക്കൽ.
3. വ്യാവസായിക ആവശ്യത്തിന് ലഭ്യമായിട്ടുള്ള ഭൂമി ഫലപ്രദമായി ഉപയോഗിക്കൽ.
4. മൃതാവസ്ഥയിലായ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുകയോ പകരം സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുക.
5. ഐടി അധിഷ്ഠിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
6. പ്രവാസികളുടെ നിക്ഷേപം വ്യവസായ സംരംഭങ്ങളിൽ മുതൽ മുടക്കുന്നതിന് അവസരം നൽകൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം.

1. കാർഷികാനുബന്ധ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സാങ്കേതിക വിദ്യയുടെ വികസനവും ഇൻവെസ്റ്റ്മെൻറ് സബ്സിഡി വർദ്ധിപ്പിക്കലും.
2. കാർഷികാടിസ്ഥാന വ്യാവസായിക മേഖലയിൽ നൈപുണ്യ വികസനം വഴി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ശാക്തീകരിക്കൽ.
3. കർഷക കൂട്ടായ്മയിൽ അഗ്രോ ബേസ്ഡ് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുക.
4. കാർഷികാടിസ്ഥാന വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും സാങ്കേതിക വിദ്യയുടെ വ്യാപനത്തിനും സംയോജിത നാളികേര വികസന കോംപ്ലക്സ് (വേങ്ങേരിയിൽ).
5. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽകരണം സൃഷ്ടിക്കുന്നതിനു വേണ്ടി ഗവേഷണ പരിശീലന പഠന കേന്ദ്രങ്ങൾ ജില്ലയിൽ സൃഷ്ടിക്കൽ. കോഴിക്കോട് വേങ്ങേരിയിൽ ഇതിന്റെ സാധ്യത പരിശോധിക്കണം.
6. വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് പോലുള്ള സംവിധാനം ഒരുക്കി മുള്ളൻ പന്നി, കാട്ടുപന്നി, കുരങ്ങ് എന്നിവയുടെ ശല്യത്തിൽ

നിന്നും കർഷകരെ സംരക്ഷിക്കുക.

7. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ നവീകരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ലക്ഷ്യം കൈവരിക്കൽ.

8. ഒരു ബ്ലോക്കിലെ ഒരു ഹയർസെക്കണ്ടറി സ്കൂളിലെ ലാബുകൾ ശക്തിപ്പെടുത്തി മണ്ണ് പരിശോധന/കുടിവെള്ള പരിശോധന എന്നിവ നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

9. സ്കൂൾ തലത്തിൽ പാഠ്യപദ്ധതിയിൽ മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം, കൃഷി എന്നിവ ഉൾപ്പെടുത്തണം.

10. ജില്ലയിലെ നെൽവിത്ത് ഉൽപാദന കേന്ദ്രങ്ങളിൽ ഉൽപാദന ക്ഷമത കൂടിയ ഇനങ്ങൾ ലഭ്യമാക്കി ഇതിലൂടെ സംസ്ഥാനത്തെ നെല്ലിന്റെ ഉൽപാദനക്ഷമത ഏറ്റവും കുറഞ്ഞ ജില്ല എന്ന ദുരവസ്ഥയിൽ നിന്നും മോചിപ്പിക്കൽ.

11. കർഷകരെ നിലനിർത്തുന്നതിനും കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിനും സമഗ്രമായ ഒരു പദ്ധതി രൂപീകരിക്കുക.

മൃഗസംരക്ഷണം - ക്ഷീരവികസനം

1. പുതുപ്പാടിയിലെ റീജ്യണൽ സെമൺ ബാങ്ക് വിപുലീകരിച്ച് ഈ മേഖലയിൽ ആവശ്യമായ അത്യൽപ്പാദന ശേഷിയുള്ള സെമൺ ഉറപ്പു വരുത്തുക.

2. കന്നുകുട്ടി പരിപാലന പദ്ധതിയിൽ മൂരിക്കുട്ടി/പോത്തുകുട്ടി (മാംസ ലഭ്യത വർദ്ധിപ്പിക്കാൻ) എന്നിവ കൂടി ഉൾപ്പെടുത്തുക.

3. കോഴിയിറച്ചി, മുട്ട എന്നിവയിൽ ജില്ലയ്ക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് ചാത്തമംഗലം റീജ്യണൽ പൗൾട്രി ഫാം വിപുലീകരിക്കുക.

മത്സ്യബന്ധനം

1. ബ്ലൂ ഇക്കോണമിയുടെ സങ്കേതങ്ങളുപയോഗിച്ച് തീരദേശ മേഖലയുടെ വികസനത്തിനായി വിശദമായ പ്രോഗ്രാമും പദ്ധതികളും തയ്യാറാക്കുക.

2. ബേപ്പൂർ പോർട്ടിന്റെ വികസനം.

3. ഫിഷിങ് ഹാർബറുകളുടെ നെറ്റ്വർക്ക് ശക്തിപ്പെടുത്തുക.

4. കടൽത്തീരത്തോടനുബന്ധിച്ചുള്ള ടൂറിസം പദ്ധതികൾ രൂപീകരണം.

5. കടൽ ഗതാഗത ശൃംഖലയുടെ രൂപീകരണം.

6. പരമ്പരാഗത ഉരു നിർമ്മാണ വ്യവസായത്തിന്റെ പുനരുദ്ധാരണവും ശക്തിപ്പെടുത്തലും.

7. മാരിടൈം അക്കാദമി സ്ഥാപിക്കൽ.

8. പുതിയാപ്പയിൽ അത്യാധുനിക പ്രകൃതി ദുരന്ത പ്രതികരണ നിർവ്വഹണ കേന്ദ്രം.

9. കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങൾ അതാത് ദിവസം പഞ്ചിംഗ് നടത്താനുള്ള സംവിധാനം നടപ്പിലാക്കുക.

10. ഫിഷർമാൻ സബ് പ്ലാൻ സംസ്ഥാന തലത്തിൽ നടപ്പിലാക്കുക.

11. കൊളാവിപ്പാലം അഴിമുഖത്ത് പുലിമൂട്ട് നിർമ്മിക്കുക.

12. പയ്യോളിയിൽ ഫിഷറീസ് ഹാർബർ നിർമ്മിക്കുക.

13. കോഴിക്കോട് ആസ്ഥാനമാക്കി മത്സ്യപരിശോധന ലാബ് സ്ഥാപിക്കുക.

14. ജില്ലയിൽ മത്സ്യ സംസ്കരണത്തിനും വിപണനത്തിനുമുള്ള ആധുനിക കേന്ദ്രങ്ങൾ സ്ഥാപിക്കുക.

15. ബ്ലൂ ഇക്കണോമിക് പദ്ധതി - മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ ഉപജീവനവും നിലനിൽപ്പും ഉറപ്പുവരുത്തുന്ന പരിപായികളും അവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള പരിപാടികളും ആവിഷ്കരിക്കുക. ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് (ലീഡ് ഏജൻസി), പോർട്ട്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ഫിഷറീസ്.

വ്യവസായം

1. മാവൂർ, ഗ്വാളിയോർ റയോൺസ് ഫാക്ടറി സ്ഥിതി ചെയ്തിരുന്ന 310 ഹെക്ടർ ഭൂമിയിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

2. ജില്ലയിൽ റബ്ബർ കൃഷി വ്യാപകമായിട്ടുള്ളതിനാൽ റബ്ബർ അധിഷ്ഠിതമായ വ്യവസായ സാധ്യത പരിഗണിക്കണം.

3. കുന്നത്തറ ടെക്സ്റ്റൈൽസ് സ്ഥിതി ചെയ്യുന്ന ഭൂമി അനുയോജ്യമായ രീതിയിൽ വ്യവസായ ആവശ്യത്തിന് ഉപയോഗപ്പെടുത്തുക.

4. കോഴിക്കോട് ഫുട്‌വെയർ ഡിസൈൻ & ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

5. കല്ലായ് മരം വ്യവസായ മേഖല പൈതൃക വ്യവസായ കേന്ദ്രമായി പ്രഖ്യാപിച്ച് ഫർണ്ണിച്ചർ ഹബ്ബാക്കി മാറ്റുക.

6. എ.പി.എൽ/ബി.പി.എൽ പരിഗണനയില്ലാതെ പുതിയ വ്യവസായ സംരംഭകർക്ക് സർക്കാരിന്റെ പിന്തുണ സംവിധാനം ഉറപ്പാക്കുക.

7. പ്രവാസികളുടെ സഹകരണത്തോടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുക.

8. അഭ്യസ്ത വിദ്യരായ യുവസംരംഭകർക്ക് സാമ്പത്തിക മാനദണ്ഡങ്ങളോ, മറ്റു പരിഗണനകളോ ഇല്ലാതെ സ്വയം തൊഴിൽ സംരംഭങ്ങളും ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാൻ ഉതകുന്ന രീതിയിൽ നിലവിലെ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്യണം.

9. ജില്ലയിൽ ഫൂട്ട് വെയർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം.

1. പൊതുസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ കാർഷികാവശ്യത്തിനു ഉപയോഗപ്പെടുത്തൽ.

2. തദ്ദേശഭരണ സ്ഥാപന ഏരിയയിലെ തരിശ്/വെള്ളക്കെട്ട് പ്രദേശങ്ങൾ മാപ്പിംഗ് നടത്തി നെൽ/പച്ചക്കറി കൃഷിനിലങ്ങളാക്കി മാറ്റുക.

3. ജില്ലയിൽ ഇപ്പോൾ ആവളപ്പാണ്ടി, വെളിയന്നൂർ ചെല്ലി, ചെരണ്ടത്തൂർ ചിറ, കരുവോട് ചിറ എന്നിവിടങ്ങളിൽ നടക്കുന്ന ശ്രമങ്ങൾ വ്യാപിപ്പിച്ച് തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ.

4. വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ.

5. വീടുകളിൽ സ്വന്തം ആവശ്യത്തിന് പച്ചക്കറിയിനങ്ങൾ ഉണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ ഗ്രോബാഗുകൾക്ക് പകരം ഇടത്തരം മൺചട്ടികളോ കോൺക്രീറ്റ് ചട്ടികളോ സബ്സിഡി നിരക്കിൽ നൽകുക.

6. നാടൻ വിത്ത് ചന്തകൾ പ്രോത്സാഹിപ്പിച്ച് ഇടവിളകൃഷി വ്യാപനം പ്രോത്സാഹിപ്പിക്കുക.

7. നെൽപ്പാടങ്ങളിൽ മൂന്നാം വിള സീസണിൽ ജലസേചന സൗകര്യം കുറഞ്ഞ സ്ഥലങ്ങളിൽ എള്ള്, ചെറുപയർ, ഉഴുന്ന്, മമ്പയർ പോലുള്ള കൃഷികൾക്ക് പ്രോത്സാഹനം നൽകണം.

8. നെൽകൃഷിയോടൊപ്പം മത്സ്യകൃഷിയും ചെയ്യുന്നതിനുള്ള പൈലറ്റ് പ്രോജക്ടുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പിലാക്കുക.

9. ജനപങ്കാളിത്തത്തോടെ ജലസ്രോതസ്സുകളുടെയും ജലാശയങ്ങളുടെയും സംരക്ഷണവും പരിപാലനവും.

10. ജില്ലയിലെ പുഴകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൽ പദ്ധതികൾ നടപ്പിലാക്കുക.

11. എല്ലാ കുളങ്ങളും സംരക്ഷിക്കുകയും വർഷത്തിലൊരിക്കൽ ശുദ്ധിയാക്കി കുടിവെള്ളത്തിനോ ജലസേചനത്തിനോ ഉപയോഗിക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കുക.

12. സാധ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

13. ജലസേചനത്തിന് സോളാർ പമ്പ് സെറ്റുകൾ പ്രോത്സാഹിപ്പിക്കൽ.

14. CWRDM ന്റെ സഹായത്തോടെ ഒരു ബ്ലോക്കിൽ ഒരിടത്തെങ്കിലും മാതൃകാപരമായ ഓരോ വാട്ടർഷെഡ് പ്രോജക്ടുകൾക്ക് രൂപം നൽകുക (അട്ടപ്പാടി മോഡൽ).

15. സംയോജിത നാളികേര വികസന കോംപ്ലക്സിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിൽ (മാവൂർ, കിനാലൂർ, വടകര, കുറ്റ്യാടി) റീജയണൽ അഗ്രോ ഇന്റസ്ട്രീസ് പാർക്ക് സ്ഥാപിക്കുക.

16. ആഴ്ച ചന്തകൾക്കായി വേണ്ട ഭൗതിക സാഹചര്യം ഒരുക്കുക.

17. ജില്ലയിലെ പ്രമുഖ കാർഷികോൽപന്നങ്ങളുടെ

നിശ്ചിത വിപണി ഉറപ്പുവരുത്തുന്നതിനും സഹായകരമായ വിധത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കൽ.

18. ഇളനീർ, ജൈവപച്ചക്കറിയിനങ്ങൾ, കിഴങ്ങുവർഗങ്ങൾ എന്നിവ ഗൾഫ് പോലുള്ള സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ള സംഘം/ ഏജൻസി രൂപീകരിക്കുക.

19. കർഷക തൊഴിലാളികളുടെ സംഘം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും രൂപീകരിച്ച് പ്രവർത്തിക്കുക.

20. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് സ്ഥാപനത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തി സുഗന്ധ വിളകൾ വ്യാപിപ്പിക്കുക.

മൃഗസംരക്ഷണം ക്ഷീരവികസനം

1. മിനി ഡയറി യൂണിറ്റുകൾക്ക് മുൻഗണന നൽകുക.

2. പാലുൽപ്പാദന ഇൻസെന്റീവ് നൽകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കൽ.

3. ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ ധാതുലവണ മിശ്രിതം തുടങ്ങിയവ മൃഗാശുപത്രികളിൽ സുലഭമായി ലഭ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കൽ.

4. ലഭ്യമായ പുറംമ്പോക്ക് സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക.

5. പാലിന്റെ ഗുണനിലവാരം അനുസരിച്ച് കർഷകരെ തരംതിരിച്ച് ഉയർന്ന ഗ്രേഡിലുള്ള കർഷകരുടെ പാൽ മിൽക്ക് എ.ടി.എം വഴി പൊതുജനങ്ങളിലേക്ക് എത്തിക്കുവാൻ വേണ്ടുന്ന നടപടികൾ.

6. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ഏറ്റെടുക്കുക.

7. ജുവനൈൽ ഹോം, ജയിൽ തുടങ്ങിയ സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കൽ.

8. ഇറച്ചി ആവശ്യത്തിനായി (ആട്, മൂരി, പോത്ത്, ഇറച്ചിക്കോഴി, കാട, മുയൽ) എന്നിവ വളർത്തുന്നതിനുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

9. സംഘങ്ങളുടെയും ഗ്രൂപ്പുകളുടെയും നേതൃത്വത്തിലുള്ള ഫാമുകളിലെ ചാണകം, ഗോമൂത്രം, കോഴിവളം എന്നിവ ഫലപ്രദമായി ഉപയോഗിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുക.

10. മാലിന്യ നിർമ്മാർജ്ജനത്തിനായി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ഫാമുകളിൽ റെണ്ടറിംഗ് പ്ലാന്റ് സ്ഥാപിക്കൽ.

മത്സ്യബന്ധനം

1. മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും റിപ്പയറിങ്ങിനും പരിപാലനത്തിനുമുള്ള സംവിധാനം ഒരുക്കൽ.

2. കല്ലാനോട് ഫിഷറി ഹാച്ചറി പ്രവർത്തനം ഫലപ്രദമാക്കി കക്കയം കുറ്റ്യാടി ഡാമുകളിൽ ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കുക.

3. ഉൾനാടൻ ജലസമ്പത്ത് മത്സ്യകൃഷിക്കായി പരമാവധി ഉപയോഗപ്പെടുത്തൽ.

4. സമുദ്രാധിഷ്ഠിത ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കൽ.

5. അലങ്കാര മത്സ്യകൃഷി സാധ്യത പരമാവധി ഉപയോഗപ്പെടുത്തുക.

6. മത്സ്യത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന മാതൃകാ വ്യവസായ യൂണിറ്റും അക്വാഷോപ്പും ജില്ലാതലത്തിൽ സ്ഥാപിക്കുക.

7. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളുടെ പശ്ചാത്തല വികസനം.

വ്യവസായം

1. കാർഷിക, മൃഗ, ക്ഷീര, മത്സ്യ മേഖലകളിലെ ഉൽപന്നങ്ങളിൽ മൂല്യ വർദ്ധിത പദ്ധതികൾ ഏറ്റെടുക്കുക.

2. സംരംഭകത്വ വികസനത്തിന് നൈപുണ്യ വികസനം പ്രത്സാഹിപ്പിക്കുന്ന പ്രവർത്തനം ഏറ്റെടുക്കുക.

3. ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങൾ വ്യവസായാവശ്യത്തിന് വാങ്ങിയ ഭൂമി, വ്യവസായ എസ്റ്റേറ്റുകളായി വികസിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

4. ബാലുശ്ശേരിയിലെ ഫുഡ് പ്രോസ്സസിംഗ്

യൂണിറ്റ് വിപുലപ്പെടുത്തി പാഴായി പോവുന്ന ചക്ക/മാങ്ങ എന്നിവ മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റാനുള്ള നടപടി സ്വീകരിക്കുക.

5. IIHT/NIFT എന്നിവയുമായി ബന്ധപ്പെട്ട കൈത്തറി സംരംഭകർക്ക് ഫാൻസി ഡിസൈനിംഗ് അടക്കമുള്ള മേഖലകളിൽ പരിശീലനം നൽകുക.

ഏകോപന സാധ്യതകൾ (ഉൽപ്പാദന മേഖല)

1. തരിശു രഹിത കോഴിക്കോട് പദ്ധതി - കൃഷി വകുപ്പ് (ലീഡ് ഏജൻസി), തദ്ദേശഭരണ സ്ഥാപനങ്ങൾ.

2. ജില്ലയ്ക്കാവശ്യമായ നടീൽ വസ്തുക്കൾ മുഴുവനും ജില്ലാ ഫാമുകളുടെ നേതൃത്വത്തിൽ ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനും സാധിക്കണം. കൃഷിവകുപ്പ് (ലീഡ് ഏജൻസി), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

3. ഭൂവസ്ത്രം ഉപയോഗിച്ച് കുറ്റ്യാടി ജലസേചന കനാലുകളുടെ സംരക്ഷണം (ജലസേചന വകുപ്പ്, ലീഡ് ഏജൻസി, തദ്ദേശഭരണ സ്ഥാപനങ്ങൾ)

4. ഭൂവസ്ത്രം ഉപയോഗിച്ച് കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള കനാലുകളുടെ നവീകരണവും സംരക്ഷണവും കേരളവാട്ടർ അതോറിറ്റി, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെ ഏറ്റെടുക്കൽ.

5. തോടുകൾ, ചിറകൾ, ചെറുഅരുവികൾ എന്നിവയിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ബ്ലോക്ക്-ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് തടയണയോ അടിയണയോ നിർമ്മിക്കാവുന്നതാണ്.

6. എല്ലാ പുഴകളും (ചെറിയവക്ക് മുൻഗണന) സർവ്വെ നടത്തി ഗ്രാമ/ബ്ലോക്ക്/പഞ്ചായത്തുകളുടെ സഹകരണത്തോടെ ശാസ്ത്രീയമായി ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതാണ്. മണ്ണ് സംരക്ഷണ വകുപ്പ് (ലീഡ് ഏജൻസി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

7. മഴവെള്ളം മണ്ണിലേക്ക് ഇറങ്ങുന്നതിനുള്ള വിവിധ പരിപാടികൾ എല്ലായിടത്തും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള വലിയൊരു ക്യാമ്പയിൻ (മാലിന്യ സംസ്ക്കരണം ഉൾപ്പെടെ) എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഹരിതകേരള മിഷന്റെ സഹായത്തോടുകൂടി നടത്തി ലക്ഷ്യം കൈവരിക്കണം. മണ്ണ് ജല സംരക്ഷണ വകുപ്പ് (ലീഡ് ഏജൻസി), ഇറിഗേഷൻ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

8. ഇന്റഗ്രേറ്റഡ് കോക്കനട്ട് ഡവലപ്മെന്റ് പ്രൊജക്ട്, കൃഷി വകുപ്പ് (ലീഡ് ഏജൻസി), തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

9. മത്സ്യ സമ്പത്തിന്റെ സുസ്ഥിര പരിപോഷണവും പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ ഉപജീവനവും നിലനിൽപ്പും ഉറപ്പുവരുത്തുന്ന പരിപാടികളും അവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള പരിപാടികളും ആവിഷ്കരിക്കുക. ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് (ലീഡ് ഏജൻസി), പോർട്ട്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ് എന്നിവയുടെ ഏകോപനം.

10. കാർഷിക, മത്സ്യ മേഖലകളിൽ സംഭരണ ശാലകൾ, സംസ്ക്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക. കൃഷി വകുപ്പ്, മത്സ്യ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

11. വ്യവസായാവശ്യത്തിന് വാങ്ങിയ ഭൂമി ത്രിതല പഞ്ചായത്തുകളുടെ ഏകോപനത്തോടെ വ്യവസായ എസ്റ്റേറ്റുകളാക്കുക.

12. സഹകരണ സംഘങ്ങളുടെയും കൃഷി വകുപ്പിന്റെയും കീഴിലുള്ള ബ്ലോക്ക് തല കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് കാർഷിക മേഖലയിൽ ഇടപെടൽ ശക്തമാക്കുക. കാർഷികോപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ബ്ലോക്ക് തലത്തിൽ സംവിധാനം ഉണ്ടാക്കണം. കൃഷി വകുപ്പ് (ലീഡ് ഏജൻസി), സഹകരണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

13. ജില്ലയിൽ ഇന്റഗ്രേറ്റഡ് കോക്കനട്ട്

ഡവലപ്മെന്റ് പ്രോജക്ട് സ്ഥാപിക്കൽ. കൃഷി വകുപ്പ് (ലീഡ് ഏജൻസി), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

14. തെളിനീർ പദ്ധതി, ജലാശയങ്ങളുടെ സംരക്ഷണം. ജില്ലാ പഞ്ചായത്ത് (ലീഡ് ഏജൻസി), ജലസേചന വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

15. ബ്ലൂ ഇക്കോണമി പദ്ധതി - കോഴിക്കോട് ജില്ലയെ ബ്ലൂ ഇക്കോണമിയായി വികസിപ്പിക്കൽ. ഫിഷറീസ് വകുപ്പ് (ലീഡ് ഏജൻസി), ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, പോർട്ട് വകുപ്പ്, ടൂറിസം വകുപ്പ്, വ്യവസായ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

16. ഫുട്വെയർ ഡിസൈനിംഗ് & ഡവലപ്മെന്റ് സെന്റർ പദ്ധതി, വ്യവസായ വകുപ്പ് (ലീഡ് ഏജൻസി), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

നൂതന ആശയം

ഡ്രെയിനേജ് ശൃംഖല സംവിധാനത്തിലൂടെ ജല സംരക്ഷണം

നിലവിലുള്ള ഡ്രെയിനേജ് സംവിധാനങ്ങളെ പരസ്പരം ബന്ധിപ്പിച്ച് ഒരു കോമൺ വാട്ടർ പൂളിംഗ് സിസ്റ്റം സ്ഥാപിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി നിലവിലുള്ള ഡ്രെയിനേജുകളെ പരസ്പരം ബന്ധിപ്പിക്കുകയും ഇടയ്ക്കിടയ്ക്ക് ലഭ്യമായ സ്ഥലത്ത് ജല സംഭരണത്തിനായി SUMP കൾ നിർമ്മിക്കുകയും ചെയ്യാവുന്നതാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന ജലം ആവശ്യമെങ്കിൽ ശുദ്ധീകരിച്ച് ഉപയോഗപ്പെടുത്താവുന്നതാണ്.

വെള്ളം കടലിലേക്ക് ഒഴുക്കികളയാതെ റീ സർക്കുലേഷൻ നടത്തുക. വിവിധ SUMPകളിലുള്ള വെള്ളം വേനൽക്കാലത്ത് റീ സർക്കുലേറ്റ് ചെയ്യാനുള്ള സംവിധാനം അവലംബിക്കുകയും വേണം. ഇങ്ങനെ ചെയ്യുമ്പോൾ കിണറുകളിലേയും മറ്റും ജലവിതാനം താഴാതെ നിലനിർത്താൻ കഴിയുന്നതാണ്. വേനൽകാലങ്ങളിൽ ജില്ലയിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് ഇത് ഒരു ഉത്തമ പരിഹാര മാർഗമാണ്. ഇതിനാവശ്യമായ സർവ്വേകളും ഡീറ്റെയിൽഡ് പ്രൊജക്ടുകളും തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്.

സേവനമേഖല

ആരോഗ്യം

വികസന പരിപ്രേക്ഷ്യം

1. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ജില്ലയിലെ പകർച്ചവ്യാധികൾ പൂർണ്ണമായും നിയന്ത്രിക്കുകയും തുടർ വർഷങ്ങളിൽ പകർച്ചവ്യാധികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനുള്ള സംവിധാനങ്ങൾ ഉറപ്പാക്കൽ.
2. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനമായി ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കൽ. എൻ.എച്ച്.എം, ആർദ്രം എന്നീ മിഷൻ പ്രവർത്തനങ്ങളെ കൂടി സംയോജിപ്പിച്ചു കൊണ്ട് ജില്ലയിലെ വിവിധ തലങ്ങളിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആരോഗ്യ സ്ഥാപനങ്ങളെയും വിവിധ ചികിത്സാ രീതികളെയും ഏകോപിപ്പിച്ചു കൊണ്ടുള്ള സമഗ്ര പദ്ധതി.
3. ജില്ലയിലെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ആ മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനമായി വികസിപ്പിക്കൽ.
4. ജില്ലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുണ്ടെന്ന് ഉറപ്പാക്കൽ.
5. സേവന നിലവാരം മെച്ചമാക്കാൻ ആധുനിക വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ.
6. ജില്ലാ താലൂക്കാശുപത്രികൾ എന്നിവ കാര്യക്ഷമമായും ഗുണമേന്മയോടും കൂടി പ്രവർത്തിക്കുന്ന റഫറൽ സംവിധാനങ്ങളായി വികസിപ്പിക്കൽ.
7. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി വ്യാപകമായ ബോധവൽക്കരണ പരിപാടികളും, ചെലവു കുറഞ്ഞ ചികിത്സയും.
8. ഇതര ദേശ തൊഴിലാളികളിലേക്ക് ആരോഗ്യ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ.
9. പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തൽ.
10. ജില്ലയിലെ മുഴുവൻ പേരെയും ഉൾപ്പെടുത്തി ഇ-ഹെൽത്ത് നടപ്പിലാക്കൽ.
11. ജനപങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
12. പാരാമെഡിക്കൽ രംഗത്ത് ഹോം നഴ്സിംഗ് സംവിധാനം വ്യാപിപ്പിക്കൽ.
13. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് താലൂക്കടിസ്ഥാനത്തിൽ ഭക്ഷണ ഗുണമേന്മ പരിശോധനാ സംവിധാനം ഉണ്ടാക്കൽ.
14. പാലിയേറ്റീവ് കെയർ സംവിധാനം ജില്ലയിൽ വ്യാപിപ്പിക്കുക.
15. വ്യാജ ചികിത്സകരേയും പ്രചാരകർക്കെതിരേയും നിയമനടപടി സ്വീകരിക്കൽ.
16. ആരോഗ്യ ബോധവൽക്കരണം ശീലവൽക്കരണത്തിൽ അധിഷ്ഠിതമാക്കൽ.
17. നവമാധ്യമങ്ങളെ ഗുണകരമായി ആരോഗ്യ പ്രവർത്തനങ്ങളിൽ ഇടപെടുവിക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. രോഗനിർണയത്തിൽ ലാബ് പരിശോധന സംവിധാനത്തിന്റെ അനിവാര്യത പരിഗണിച്ച് എല്ലാ പി എച്ച് സി കളിലും ലാബ് ടെക്നീഷ്യൻ തസ്തിക, കെമിക്കൽ മറ്റ് ഉപകരണങ്ങൾ എന്നിവ വേണം.
2. എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ട്രോമ കെയർ യൂണിറ്റ് അനുവദിക്കണം.
3. കോഴിക്കോട് മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകളും ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കി അന്താരാഷ്ട്ര

നിലവാരത്തിലേക്ക് ഉയർത്തൽ.

4. ആയുഷ് സ്ഥാപനങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള അധിക തസ്തിക അനുവദിക്കൽ.

5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് യൂണിറ്റിന്റെ പ്രവർത്തനം ജില്ലയിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്ന രീതിയിൽ ആക്കുക.

6. ജില്ലയിലെ ചർമരോഗാശുപത്രിയുടെ നവീകരണം നടത്തുക.

7. പി.എച്ച്.സികൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാ വുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

8. ജില്ലാ കാൻസർ ഡിറ്റക്ഷൻ സെന്റർ ആരംഭിക്കുക.

9. റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ട റിയുടെ ശാക്തീകരണം.

10. ഗവണ്മെന്റ് ഹെൽത്ത് സെന്ററിൽ കൗൺസി ലിംഗ്, ചികിത്സ, പുനരധിവാസം തുടങ്ങിയവ യ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

11. ജില്ലയിൽ നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത തദ്ദേശഭരണ സ്ഥാപങ്ങളിൽ ഹോമിയോ ഹോസ്പിറ്റൽ അനുവദിക്കുക.

12. ജില്ലയിൽ പ്രവർത്തിക്കുന്ന വന്ധ്യതാ ക്ലിനിക്കിന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുക.

13. താമരശ്ശേരി താലൂക്ക് തലത്തിൽ പുതിയതായി ആശുപത്രികൾ അനുവദിക്കുക

14. ജില്ലയിൽ ആയുഷ് സംവിധാത്തിൽ പ്രവർത്തിക്കുന്ന സീതാലയം, ഇൻഫർട്ടിലിറ്റി, ഡി അഡിക്ഷൻ എന്നിവയിൽ റഫറൽ സംവിധാനം നടപ്പിലാക്കുക.

15. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിലെ തന്നെ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിലൊ ന്നായി വികസിപ്പിക്കൽ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ആർദ്രം മിഷനുമായി ചേർന്ന് ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം ഉയർത്തൽ.

2. സ്നേഹസ്പർശം പദ്ധതി ശക്തിപ്പെടുത്തൽ.

3. സ്നേഹസ്പർശം മാതൃകയിൽ കാൻസർ രോഗികൾക്കായുള്ള പദ്ധതി.

4. തദ്ദേശ ഭരണ സ്ഥാപനങ്ങളും സഹകരണ ആശുപത്രികളും സഹകരിച്ച് ഡയാലിസിസ് സൗകര്യം വിപുലീകരിക്കൽ.

5. കാൻസർ രോഗ സ്ക്രീനിംഗ് ടെസ്റ്റുകൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ വ്യാപക മായി നടത്തൽ.

6. മാതൃശിശു സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകുന്ന ഒരു പ്രോജക്ട് ജില്ലയിൽ നടപ്പിലാക്കൽ.

7. പ്രതിരോധ കുത്തിവെപ്പുകൾക്ക് അനുകൂല മായ ശക്തമായ പ്രചരണം.

8. കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ് കവറേജ് വർധിപ്പിക്കൽ.

9. സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കൽ. (പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, കുട്ടികൾക്ക് ആനുപാതികമായി ടോയ്ലറ്റ്, ഫസ്റ്റ് എയ്ഡ് സൗകര്യം, കുടിവെള്ളം ഉറപ്പ് വരുത്തൽ, സാനിട്ടറി വെൻഡിംഗ് മെഷീൻ, നാപ്കിൻ ഡിസ്ട്രോ യിംഗ് മെഷീൻ തുടങ്ങിയവ).

10. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പ്രത്യേക ഡേ കെയർ സെന്റർ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ആരംഭിക്കൽ.

11. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യ പരിഗണിച്ച് വയോജനക്ഷേമ പ്രോജക്ട് ജില്ലയിൽ നടപ്പിലാക്കൽ. (ഒരു പഞ്ചായത്തിൽ രണ്ടോ അതിലധികമോ വയോജന സൗഹൃദ പകൽവീട് എന്ന ഘടകം ഈ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്).

12. കിടപ്പിലായ രോഗികൾക്ക് സാന്ത്വനം നൽകു ന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളി ത്തത്തോടെ ജില്ലാ തലത്തിലുള്ള പരിപാടി.

13. സാന്ത്വന പരിചരണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ.

14. ലഹരി നിർമാർജനത്തിനായി സർക്കാർ നടപ്പാക്കുന്ന വിമുക്തി പദ്ധതി ശക്തിപ്പെടു ത്തലും ജനകീയമാക്കലും.

15. വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് പൊതു സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള അമിത ലഹരി ഉപയോഗം കുറയ്ക്കാനുള്ള പരിപാടികൾ. (ഐ ടി ഡി പി, എക്സൈസ്, പോലീസ്, ആരോഗ്യവകുപ്പ് മുതലായ വകുപ്പുകളുടെ സേവനം പ്രോജക്ടിൽ പ്രയോജനപ്പെടുത്തണം).

16. നീന്തൽ പരിശീലനം, സൈക്കിൾ പരിശീലനം (കുട്ടികൾക്കും കൗമാരക്കാർക്കും) എന്നിവക്ക് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കൽ.

17. ജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പു വരുത്താനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള പ്രവർത്തനങ്ങൾ.

18. സ്ട്രെസ് മാനേജ് മെന്റ് (ഡിപ്രഷൻ ക്ലിനിക്ക്, കൗൺസിലിംഗ്, വിനോദ സൗകര്യം മുതലായവ) ആവശ്യമായ പ്രായോഗിക പരിപാടികൾ ആവിഷ്ക്കരിക്കൽ.

19. വ്യായാമം ജനജീവിതത്തിന്റെ ശീലമാക്കി മാറ്റാൻ ആവശ്യമായ അവബോധവും ഭൗതിക സംവിധാനങ്ങളും ഒരുക്കൽ. (റസിഡൻസ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വ്യായാമ കേന്ദ്രങ്ങൾ, യോഗ പരിശീലന കേന്ദ്രങ്ങൾ, കളി സ്ഥലങ്ങൾ എന്നിവ ഒരുക്കുകയെന്ന ലക്ഷ്യം).

20. ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ഓരോ പഞ്ചായത്തിനും/നഗര പ്രദേശങ്ങളിലും വ്യായാമ കേന്ദ്രങ്ങൾ ആരംഭിക്കുക.

21. പി.എച്ച്.സി കൾ കേന്ദ്രീകരിച്ച് സഹകരണ ലാബുകൾ മെഡിക്കൽ സ്റ്റോറുകൾ എന്നിവ സ്ഥാപിക്കൽ.

22. ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലും ഭൗതിക സാഹചര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ ഉണ്ടാകുമെന്നുറപ്പാക്കൽ.

23. ആയുഷ് സ്ഥാപനങ്ങൾക്ക് പശ്ചാത്തല മൊരുക്കൽ.

24. ജില്ലാ താലൂക്ക് ആശുപത്രികളിൽ നിലവിലുള്ള ബ്ലഡ് ബാങ്ക് ശക്തിപ്പെടുത്തൽ.

25. ഘട്ടം ഘട്ടമായി പി.എച്ച്.സി കൾക്ക് അക്രഡിറ്റേഷൻ സ്റ്റാൻഡേർഡുകൾ ഉറപ്പ് വരുത്തൽ.

26. തീരദേശ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഉയർന്ന തലത്തിലുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കണം.

27. ജലസുരക്ഷ ഉറപ്പുവരുത്തുന്നതിന് സൗജന്യ മായി ജലം പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.

28. ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനുള്ള 'ഗരിമ' പദ്ധതി.

29. ബസ് സ്റ്റാന്റ്, പൊതു സ്ഥലം, മാർക്കറ്റ് എന്നിവിടങ്ങളിൽ ശുചിമുറികൾ നിർബന്ധ മായി സ്ഥാപിക്കൽ.

30. കാറ്ററിംഗ്, ഹോട്ടൽ, സ്കൂൾ തുടങ്ങിയ ഇടങ്ങളിലെ പാചകക്കാർക്ക് ഹെൽത്ത് കാർഡ് അനുവദിക്കലും ആരോഗ്യ ബോധവൽക്കരണവും.

31. താലൂക്ക്, ജില്ലാ ആശുപത്രികളുടെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ പ്രത്യേക സംവിധാനങ്ങൾ സൃഷ്ടിക്കൽ.

ഏകോപന സാധ്യതകൾ

1. പാലിയേറ്റീവ് കെയർ രംഗത്ത് പരിമിതമായ സേവനമാണ് വകുപ്പ് ഇപ്പോൾ നടത്തി വരുന്നത്. ഭൂരിഭാഗം രോഗികളും പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ആയുർവേദ ഔഷധങ്ങളും തൈലപ്പികളും ഉപയോഗിക്കുന്നുണ്ട്. പാലിയേറ്റീവ് സൊസൈറ്റികളുമായി സംയോജിച്ച് ഈ രോഗികശക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ കഴിയും.

2. സ്നേഹസ്പർശം പദ്ധതി - ജില്ലാ പഞ്ചായത്ത് (ലീഡ് പദ്ധതി), അരോഗ്യ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

3. കാൻസർ രോഗികൾക്കായി കാൻകെയർ പദ്ധതി - ജില്ലാ പഞ്ചായത്ത് (ലീഡ് പദ്ധതി), ആരോഗ്യ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

4. പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ജില്ലയിൽ സമഗ്ര പദ്ധതി.

5. ഐ.സി.ഡി.എസ്, സി.ഡി.എസ് എന്നിവയുമായി ഏകോപിപ്പിച്ച് ആരോഗ്യ ബോധവൽക്കരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കണം.

6. ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഗരിമ പദ്ധതി, ആരോഗ്യ വകുപ്പ് (ലീഡ് ഏജൻസി), തൊഴിൽ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

7. ഔഷധസസ്യ കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന ഔഷധങ്ങൾ വിൽക്കപ്പെടുന്നതിനും, കർഷകർക്ക് ഗുണം ലഭിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ കോഴിക്കോട് ജില്ലയിൽ തന്നെ നിലവിലുണ്ട്. എന്നാൽ ജില്ലയിലൊരിടത്തും വ്യാപകമായ രീതിയിൽ ഔഷധ സസ്യങ്ങൾ കൃഷി ചെയ്യപ്പെടുന്നില്ല. കൃഷി വകുപ്പുമായും ഔഷധ സസ്യ ബോർഡുമായും സഹകരിച്ച് ശരിയായ ബോധവൽക്കരണവും അനുയോജ്യമായ പദ്ധതികളുമുണ്ടെങ്കിൽ കർഷകർക്ക് ഗുണകരമായ രീതിയിൽ ഗുണമൂല്യമുള്ള ഔഷധ സസ്യങ്ങൾ ജില്ലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിലൂടെ ഉൽപാദിപ്പിക്കാൻ സാധിക്കും.

8. ആയുർവേദ ചികിത്സയ്ക്കായി എത്തുന്ന വിദേശികളുടെ കണക്കുവിവരങ്ങൾ ഇപ്പോൾ വകുപ്പിന് ലഭ്യമല്ല. എഫ്. ആർ. ആർ. ഒ. ഓഫീസുമായി സഹകരിച്ച് ഇത് ശേഖരിക്കുകയും അതിനനസൃതമായി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത് ഭാവിയിൽ കൂടുതൽ വിദേശനാണ്യം സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ഉപകരിക്കും.

കുടിവെള്ളം

വികസന പരിപ്രേക്ഷ്യം

1. ജില്ലയിൽ നീർത്തടാധിഷ്ഠിതമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

2. എല്ലാ കുടിവെള്ള പദ്ധതികളും സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കുക.

3. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ജല വിതരണ സംവിധാനങ്ങൾ നവീകരിക്കുക.

4. എല്ലാ ജലസ്രോതസ്സുകളും സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

5. തണ്ണീർത്തട സംരക്ഷണ നിയമം (2008) ലെ നിയമപ്രകാരം ജില്ലയിലെ തണ്ണീർത്തടങ്ങൾ മുഴുവൻ സംരക്ഷിക്കുക.

6. വൻകിട കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ.

7. പ്രാദേശിക കുടിവെള്ള പദ്ധതികൾ പ്രോത്സാഹിപ്പിച്ചു കൊണ്ട് കുടിവെള്ള ലഭ്യത ഉറപ്പാക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണം സമയ ബന്ധിതമായി നടപ്പിലാക്കുക.

2. ഭൂഗർഭ ജലം വിനിയോഗിക്കുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

3. പൊതു റോഡുകളിൽ ജല വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കാൻ സംവിധാനമുണ്ടാക്കുക.

4. ചാലിയാർ പുഴ സ്രോതസ്സായി കോഴിക്കോട് കോർപ്പറേഷനിലേക്ക് പുതിയ ജലവിതരണ പദ്ധതി നടപ്പിലാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പ്രാദേശിക ജല സ്രോതസ്സുകൾ സംരക്ഷിക്കുക.

2. കിണർ റീചാർജ്ജിംഗും മഴവെള്ളസംഭരണ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുക.

3. നിലവിലുള്ള പുഴകളിലും തോടുകളിലും തടയണകൾ നിർമ്മിക്കുക.

4. ജലസാക്ഷരത ബോധവൽകരണ പ്രവർത്തനങ്ങൾ.

5. ശുദ്ധജലത്തിന്റെ ദുരുപയോഗവും ചോർച്ചയും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ.

6. ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പരിധിയിലുള്ള കുടിവെള്ള സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് വാട്ടർ കാർഡ് നൽകാനുള്ള പദ്ധതിക്ക് രൂപം കൊടുക്കേണ്ടതാണ്.

7. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ

പൂർത്തിയാക്കാനുള്ള പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കുക.

8. നിലവിലുള്ള പ്രാദേശിക കുടിവെള്ള വിതരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.

9. തീര പ്രദേശങ്ങളിലെ ഉപ്പുവെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ RO (Reverse Osmosis) പ്ലാന്റുകൾ സ്ഥാപിക്കുക.

10. ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ജലവിതരണത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

11. ഉപയോഗ ശൂന്യമായ ക്വാറികളിൽ വെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ഏകോപന സാധ്യതകൾ

1. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കിണർ റീചാർജ്ജിംഗ് പദ്ധതി MGNREGS പദ്ധതികളുമായി സംയോജിപ്പിച്ചു നടപ്പിലാക്കുക. ജില്ലാ പഞ്ചായത്ത് (ലീഡ് ഏജൻസി), മണ്ണ് ജല സംരക്ഷണ വകുപ്പ്, കോരള വാട്ടർ അതോറിറ്റി, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

2. തെളിനീർ – ജലാശയങ്ങളുടെ സംരക്ഷണം - ജില്ലാ പഞ്ചായത്ത് (ലീഡ് ഏജൻസി), ജലസേചന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

ശുചിത്വം

വികസന പരിപ്രേക്ഷ്യം

1. ഖര ദ്രവ മാലിന്യ സംസ്ക്കരണം ഫലപ്രദമാക്കുന്നതിന് 'സീറോ വേസ്റ്റ് കോഴിക്കോട്' എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കൽ.

2. മാലിന്യ സംസ്ക്കരണം സാംസ്ക്കാരികമായ ഉത്തരവാദിത്തമായി ഏറ്റെടുത്ത് നടത്താൻ വിപുലമായ ജനകീയ ക്യാമ്പയിൻ ആരംഭിക്കൽ.

3. ജില്ലയിലെ മുഴുവൻ വീടുകളിലെയും വ്യാപാര സ്ഥാപനങ്ങളിലെയും മാലിന്യങ്ങൾ ശേഖരിച്ചു സംസ്ക്കരിക്കുന്ന പ്രവർത്തനം ജില്ലയിൽ നടപ്പാക്കൽ.

4. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കൽ.

5. അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ.

6. അപ്പാർട്ട്മെന്റുകൾ, ഹോസ്പിറ്റലുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ വികേന്ദ്രീകൃത ദ്രവമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പാക്കൽ.

7. പാഴ്വസ്തു സംസ്കരണവും പരിശീലനവുമായി ബന്ധപ്പെട്ട് പുത്തൻ സംരംഭക മാതൃകകൾ പ്രോത്സാഹിപ്പിക്കൽ.

8. ബദൽ ഉൽപന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കൽ.

9. ഗ്രീൻ പ്രോട്ടോകോൾ പൂർണ്ണമായും പ്രാവർത്തികമാക്കൽ.

10. ഉപയോഗിക്കുന്ന കുടിവെള്ളം ശുദ്ധജലമാണെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ പരിശോധന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ.

11. കടൽ, പുഴകൾ കനാലുകൾ, തോടുകൾ എന്നിവ മലിനമാക്കുന്നത് തടയുന്നതിനുള്ള നിയമം - വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കൽ.

12. മാലിന്യപരിപാലന നിയമലംഘനങ്ങളുടെ പിഴതുക ഗണ്യമായി വർദ്ധിപ്പിക്കുകയും, എൽ.എസ്.ജി.ഡി, പോലീസ്, ആരോഗ്യ വകുപ്പുകളുടെ ഏകോപനങ്ങളിലൂടെ കർശനമായി നടപ്പിലാക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കിനാലൂരിൽ ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണശാല സ്ഥാപിക്കൽ.

2. ഇലക്ട്രോണിക് വേയ്സ്റ്റ് സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിൽ ആരംഭിക്കൽ.

3. മാലിന്യസംസ്കരണം - ശീലവൽക്കരണം - ശുചിത്വസാക്ഷരത പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

4. ജില്ലയിലെ നഗരങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക.

5. നാപ്കിൻ, പാഡ്, ഡയപ്പർ എന്നിവ നിലവിലുള്ള പ്ലാസ്റ്റിക്ക്, സ്പോഞ്ച് എന്നിവകൊണ്ട് നിർമ്മിച്ചിട്ടുള്ളത് ഒഴിവാക്കു ന്നതിനും, പകരം കോട്ടൺ തുണികൊണ്ട് നിർമ്മിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.

6. എം.ആർ.എഫ് സെന്ററുകൾ സ്ഥാപിക്കുന്ന തിനെതിരെയുള്ള സമരങ്ങൾ അവസാനിപ്പിക്കാൻ വേണ്ട ബോധവൽക്കരണവും പ്രചരണവും പത്രദൃശ്യമാധ്യങ്ങളിലൂടെ നടത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ശാസ്ത്രീയമായ ഖരമാലിന്യ സംസ്കരണത്തിന് 'സീറോ വേസ്റ്റ് കോഴിക്കോട്' പദ്ധതി.

2. ശുചിത്വ സാക്ഷരത പദ്ധതി.

3. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഹരിതകർമ്മസേന രൂപീകരിക്കുക.

4. ഉറവിടങ്ങളിൽ തന്നെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.

5. പൊതു ഇടങ്ങളിലെ മാലിന്യങ്ങൾ തുമ്പൂർമുഴി മോഡൽ എയറോബിക്ക് കമ്പോസ്റ്റുകൾ സ്ഥാപിച്ച് വികേന്ദ്രീകരിച്ച് സംസ്കരിക്കുക.

6. ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു വിധത്തിലും കഴിയാത്തവിടങ്ങളിൽ നിന്ന് യൂസർഫീ വാങ്ങി ഹരിത കർമ്മസേന മാലിന്യങ്ങൾ ശേഖരിക്കുക. സംസ്കരിക്കുന്നതിന് പൊതു സംവിധാനങ്ങൾ ഒരുക്കുക.

7. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സഹകരിപ്പിച്ചു കൊണ്ട് ഗ്രാമപഞ്ചായത്തുകളിൽ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി സെന്ററുകളും നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററും ആരംഭിക്കുക.

8. എം.ആർ.എഫ് സെന്ററുകളിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംങ്ങ് യൂണിറ്റും ബെയലിംഗ് യൂണിറ്റും ആരംഭിക്കുക.

9. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ വേയ്സ്റ്റ് ഓഡിറ്റിംഗ് നടത്തുക.

10. സ്വാപ്പ് ഷോപ്പ് പ്രോത്സാഹിപ്പിക്കുക.

11. കെട്ടിടങ്ങൾക്ക് അനുമതി നൽകുമ്പോൾ സെപ്റ്റിക്ക് ടാങ്കുകളും മലിനജലം സംസ്കരണവും നിർബന്ധമാക്കുക.

12. കക്കൂസുകളിൽ അണു കീടനാശിനികൾ ഉപയോഗിക്കുന്നതിനെതിരെ പ്രചരണം നടത്തുക.

13. പരിസരശുചിത്വം, ശുചിത്വ സാക്ഷരത എന്നിവ സ്കൂൾ തലം മുതൽ, ശീലവൽക്കരണ മാറ്റത്തിന് വേണ്ടി വ്യാപകമായ ക്യാമ്പയിനുകളും പരിശീലനപരിപാടികളും സംഘടിപ്പിക്കുക.

14. ഗ്രീൻപ്രോട്ടോകോൾ പൂർണ്ണമായും നടപ്പിലാക്കുക.

15. ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കുന്നതിനാവശ്യമായ ബദൽ ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനാവശ്യമായ യൂനിറ്റുകൾ ആരംഭിക്കുക.

16. മലിന ജല പരിപാലനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

17. നദികളും കനാലുകളും മാലിന്യമുക്തമാക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.

18. കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ ആരംഭിക്കുക.

19. അറവ് മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം.

20. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ.

21. ആധുനിക അറവുശാലകൾ സ്ഥാപിക്കുക.

22. മണവും പുകയുമില്ലാത്ത അന്തരീക്ഷ മലിനീകരണവുമില്ലാത്ത ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുക.

23. പ്രധാന മാർക്കറ്റുകൾ, ബസ് സ്റ്റാന്റ്, ബസ്സ് സ്റ്റോപ്പ് എന്നിവിടങ്ങളിൽ ടോയ്ലറ്റ് സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

24. എം.ആർ.എഫ് കളിൽ നിന്നും അജൈവ വസ്തുക്കൾ സമയബന്ധിതമായി കൊണ്ടു പോകുന്നതിനും സംസ്കരിക്കുന്നതിനും സമഗ്രമായ പരിപാടികൾ ആവിഷ്കരിക്കുക.

25. ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനും മാംസാവിശിഷ്ടങ്ങളുടെ സംസ്കരണത്തിനും നൂതനപദ്ധതികൾ ആവിഷ്കരിക്കുക.

ഏകോപന സാധ്യതകൾ

1. സീറോ വെയ്സ്റ്റ് കോഴിക്കോട് പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും,

സഹകരണത്തോടെ നടപ്പിലാക്കുക (ശുചിത്വ മിഷൻ, ലീഡ് ഏജൻസി).

2. കമ്പോസ്റ്റ്പിറ്റ്, മലിനജല സംസ്കരണകുഴി എം എൻ ആർ ജി എസ് സംയോജനം.

3. കരിയിലകൾ, കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്നത് ഒഴിവാക്കാൻ നടപ്പിലാക്കുന്ന പൈപ്പ്/മണ്ണിര കമ്പോസ്റ്റിംഗ് തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

4. ശുചിത്വ ബോധവൽക്കരണം, ജൈവ അജൈവ വസ്തുക്കൾ ഉപയോഗിച്ച് സംരംഭം ആരംഭിക്കൽ എന്നിവ കുടുംബശ്രീയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.

5. ജില്ലയിൽ ശുചിത്വ സാക്ഷരതാ പദ്ധതി - (ശുചിത്വ മിഷൻ, ലീഡ് ഏജൻസി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ).

പാർപ്പിടം

പരിപ്രേക്ഷ്യം

1. ജില്ലയിലെ അർഹരായ എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് ഉറപ്പാക്കൽ.

2. ജില്ലയിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ.

3. ഭൂരഹിത ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കൽ.

4. ഭൂമിയുള്ള ഭവനരഹിതർക്ക് പാർപ്പിട സൗകര്യമൊരുക്കൽ.

5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം.

6. ചെലവു കുറഞ്ഞ നിർമ്മാണ രീതിയിൽ പരിശീലനവും നിർമ്മാണ സാമഗ്രികളുടെ ലഭ്യത വർദ്ധിപ്പിക്കലും.

7. ഭൂരഹിത ഭവന രഹിതർക്കും ചേരി നിവാസികൾക്കും പാർപ്പിട പദ്ധതി ആവിഷ്ക്കരിക്കുന്നതിനായി തൃതല പഞ്ചായത്തുകളുടെ സഹകരണത്തോടെ സ്വകാര്യ വ്യക്തികളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സമാഹരിക്കൽ.

8. ചേരികളിൽ പ്രാഥമിക നിർമ്മാർജ്ജന സൗകര്യങ്ങൾ വിപുലീകരിക്കൽ.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭൂരഹിത ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാൻ സംസ്ഥാന ഗവൺമെന്റിൽ നിന്നും സഹായം ലഭ്യമാക്കണം.

2. സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും സർക്കാർ ലീസിന് നൽകിയതുമായ ഭൂമികൾ ഭൂരഹിത ഭവനരഹിതർക്കായി ലഭ്യമാക്കണം.

3. കോഴിക്കോട് മാവൂരിലുള്ള ഗ്വാളിയോർ റയോൺസ് കമ്പനിക്കു നൽകിയ 240 ഏക്കർ കമ്പനി പ്രവർത്തനം നിർത്തി വെച്ചതിനാൽ പ്രയോജന ശൂന്യമായി കിടക്കുന്നുണ്ട്. പ്രസ്തുത ഭൂമിയുടെ വ്യാവസായിക ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയാത്ത ഭാഗം ഭൂരഹിത ഭവന രഹിതർക്കായി നീക്കിവെക്കാനായി സംസ്ഥാന തലത്തിൽ തീരുമാനിക്കണം.

4. പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള 8194 വീടുകൾ പൂർത്തീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും വിഹിതം ലഭ്യമാക്കണം.

5. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഫണ്ട് കണ്ടെത്തുന്നതിനു വേണ്ടി ത്രിതല പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടേയും ആസൂത്രണ ഫണ്ട് സംബന്ധിച്ച വിനിയോഗ മാനദണ്ഡങ്ങൾ സർക്കാർ തലത്തിൽ അനുകൂലമാക്കിയുള്ള മാറ്റം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പൊതു ജനപങ്കാളിത്തത്തോടെ ഭൂരഹിത ഭവനരഹിതർക്ക് ലൈഫ് മിഷനിലൂടെ പാർപ്പിട പദ്ധതി (ഉള്ള്യേരിയിൽ 1000 വീടുകളോട് കൂടിയ പാർപ്പിട സമുച്ചയം - പൈലറ്റ് പദ്ധതി)

2. ലൈഫ് മിഷൻ പ്രവർത്തനങ്ങൾ താഴെ തലങ്ങളിൽ കാര്യക്ഷമമാക്കുന്നതിനുള്ള നേതൃത്വപരമായ പങ്ക് വഹിക്കൽ.

3. പഞ്ചായത്ത് തലത്തിൽ പണം, സാധനങ്ങൾ, സേവനങ്ങൾ എന്നിവ സമാഹരിക്കാനുള്ള ഭവന നിധി പ്രവർത്തനങ്ങൾ നടത്തണം.

4. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ വിഭവം കണ്ടെത്തണം.

5. എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ 31/3/17 ലെ മാസ്റ്റർ സർക്കുലർ നിർദ്ദേശം പ്രാവർത്തികമാക്കാൻ ഭവന നിർമ്മാണം. ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായി ഭവന നിർമ്മാണ സാമഗ്രികൾ (സിമെന്റ് ബ്ലോക്ക്, വാതിൽ, ജനൽ, കട്ടിളകൾ മുതലായവ) നിർമ്മിച്ചു നൽകണം. ഇതിനായി എല്ലാ പഞ്ചായത്തുകളിലും യൂണിറ്റുകൾ തുടങ്ങണം.

6. ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് ഭവന നിർമ്മാണ സാമഗ്രികൾ ഉൽപ്പാദകരിൽ നിന്നും ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുന്നതിനുള്ള സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തൽ.

ഏകോപന സാധ്യതകൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (LIFE) യുടെ ലക്ഷ്യം കൈവരിക്കൽ.

വിദ്യാഭ്യാസം

പരിപ്രേക്ഷ്യം

1. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ബെഞ്ച് മാർക്ക് (Bench Mark) നിശ്ചയിച്ച് എല്ലാ സ്കൂളുകളിലും വികസന സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തൽ.

2. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥി സൗഹൃദവും പ്രകൃതി സൗഹൃദവുമാക്കി മാറ്റുക.

3. പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ.

4. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജില്ലയിലെ 50% വിദ്യാലയങ്ങളെയെങ്കിലും അന്താരാഷ്ട്ര അക്കാഡമിക്ക് നിലവാരത്തിലേക്ക് ഉയർത്തുക.

5. ജില്ലയിലെ മുഴുവൻ സ്കൂളുകളിലേയും ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുക.

6. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കുക.

7. അംഗണവാടികളെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതലമാക്കി മാറ്റുക.

8. വിദ്യാഭ്യാസ മേഖലയിൽ കലാശാലകൾ, കലാലയങ്ങൾ, ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ലഭ്യമായ വൈദഗ്ധ്യത്തെ ഉപയോഗപ്പെടുത്തുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കൽ.

9. വിദ്യാലയങ്ങൾ ആവിഷ്ക്കരിക്കുന്ന അക്കാഡമിക്ക് മാസ്റ്റർ പ്ലാനുകൾ നിർദ്ദേശിക്കുന്ന അക്കാഡമിക്ക് നിലവാരം കൈവരിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.

നൂതന പ്രോജക്ടുകൾ

1. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളെ സംരംഭകത്വ ശേഷി ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

2. വെർച്ച്വൽ ഹോം ക്ലാസ്സ് മുറികൾ സ്ഥാപിക്കുന്ന പദ്ധതി.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പൊതു ഉടമയിൽ മാവൂരിൽ ഒരു നോളജ് സിറ്റി സ്ഥാപിക്കൽ.

2. സംസ്ഥാനതലത്തിൽ പ്രീപ്രൈമറിക്കു വേണ്ടി തയ്യാറാക്കിയ കരിക്കുലം എല്ലാ പ്രീ സ്കൂളുകൾക്കും നിർബന്ധമാക്കുക.

3. പ്രീസ്കൂളുകൾ പാഠ്യപദ്ധതിക്കനുസരിച്ച് അധ്യാപകർക്ക് പ്രത്യേക പരിശീലന/പരിവർത്തന പരിപാടികൾ നടപ്പിലാക്കുക.

4. മാതൃഭാഷയിലധിഷ്ഠിതമായ രീതിയിൽ പ്രീ സ്കൂൾ സംവിധാനം മാറ്റുന്നതിനാവശ്യമായ നിയമനിർമ്മാണം.

5. പ്രൈമറി വിദ്യാലയങ്ങൾ കൂടി ഹൈടെക്ക് വിദ്യാലയ പദ്ധതിയിലുൾപ്പെടുത്തുക.

6. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക (ഹോർട്ടിക്കൾച്ചർ തെറാപ്പി ഗാർഡൻ, ഡിജിറ്റൽ കാർഡുകൾ, അസിസ്റ്റീവ് ടെക്ക്നോളജി സാധ്യതകൾ).

7. ഗവേഷണ സ്ഥാപനങ്ങൾ, ദേശീയതലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയുടെ വൈദഗ്ധ്യം വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസ സമൂഹത്തിനും ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ.

8. അനുരൂപീകരണ സാധ്യതകൾ, സംരംഭകത്വ

സാധ്യതകൾ തുടങ്ങിയവ വികസിപ്പിക്കാനാവശ്യമായ മാതൃകാ കേന്ദ്രങ്ങളാക്കി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളെ മാറ്റിയെടുക്കുക.

9. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിനു പുറമേയുള്ള (പട്ടികജാതി-വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, വൈദ്യുതി വകുപ്പ്) വകുപ്പുകൾ നടത്തുന്ന വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുക.

10. സ്കൂൾ പ്രവേശനത്തിന് അംഗണവാടി പഠനം ഉറപ്പാക്കുന്നത് ബോധ്യപ്പെടുന്ന തരത്തിലുള്ള സർട്ടിഫിക്കേഷൻ സംവിധാനം ആവിഷ്ക്കരിക്കുക.

11. പ്രീസ്കൂൾ മുതൽ സെക്കണ്ടറി തലം വരെ കുട്ടികളുടെ ആരോഗ്യ പോഷക പരിപോഷണത്തിനുള്ള ഭക്ഷണ വിതരണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ.

12. ഭാഷാ വികസനം (മാതൃഭാഷ, ഇംഗ്ലീഷ്, മറ്റ് ഭാഷകൾ) പ്രത്യേക റിസോഴ്സ് സെന്ററുകൾ (ഉദാ: ഇംഗ്ലീഷ് ലാഗ്വേജ് ട്രെയിനിംഗ് സെന്റർ) വിദ്യാഭ്യാസ ജില്ലാ തലങ്ങളിലേക്ക് വ്യാപിപ്പിക്കുക.

13. ജില്ലാതല അധ്യാപക പരിശീലന കേന്ദ്രങ്ങൾ മാറുന്ന വിദ്യാഭ്യാസ മേഖലയെ ഉൾക്കൊള്ളുന്ന വിധം, ഭൗതിക സാഹചര്യങ്ങൾ, മനുഷ്യവിഭവം തുടങ്ങിയവ കൂടി ഉൾപ്പെടുത്തി മെച്ചപ്പെടുത്തുക.

14. കരിക്കുലം ലക്ഷ്യം - സാമൂഹ്യബോധം, ശാസ്ത്രബോധം, പരിസ്ഥിതിബോധം, ലിംഗബോധം എന്നിവ ഉൾപ്പെടുത്തണം.

15. ലോകത്തിലെ ഒരു മികച്ച 14 വയസ്സുകാരനും കേരളത്തിലെ ഒരു 14 വയസ്സുകാരനും അതേ നിലവാരത്തിൽ എത്തിക്കും വിധമുള്ള വിദ്യാഭ്യാസം നൽകാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

16. തീരദേശ മേഖലയിൽ മറൈൻ സ്റ്റഡിക്കായി ആവശ്യമായ വിപുലമായ കോംപ്ലക്സ് സ്ഥാപിക്കണം.

17. അംഗണവാടി, പ്രീപ്രൈമറി എന്നിവയ്ക്ക് ഏക പാഠ്യപദ്ധതി വേണം.

18. ജില്ലയിൽ മികച്ച ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

19. ഒരു വിജ്ഞാന കേന്ദ്രം സയൻസ് & ടെക്നോളജി പാർക്ക് വിഭാവനം ചെയ്ത സംരംഭമാണ്. ഇത് ഉന്നത വിദ്യാഭ്യാസ ഗവേഷണ കേന്ദ്രമാക്കി ഉയർത്തണം.

20. വിദ്യാർത്ഥികൾക്ക് ഗവേഷണം നടത്തുന്നതിനും ശാസ്ത്രവിഷയങ്ങളിൽ ശില്പശാലകൾ നടത്തുന്നതിനും മറ്റും അന്തർദേശീയ തലത്തിലുള്ള ഒരു ഗവേഷണകേന്ദ്രം ജില്ലയിൽ സ്ഥാപിക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾക്ക് സ്വന്തമായ സ്ഥലം കണ്ടെത്തുകയും ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം.

2. അനാദായകരമായ വിദ്യാലയങ്ങൾ ജനകീയ പിന്തുണയോടെ മാതൃകാ വിദ്യാലയങ്ങളായി പരിവർത്തനപ്പെടുത്തുക. അയൽപ്പക്ക വിദ്യാലയം പ്രാദേശിക സമൂഹത്തിന്റെ ഉത്തരവാദിത്വം ഉറപ്പാക്കുക.

3. ഫലപ്രദമായ രക്ഷാകർത്തൃ (ഇഫക്ടീവ് പാരന്റിംഗ്) സംവിധാനം എല്ലാ സ്കൂളുകളിലും നടപ്പാക്കുക.

4. സ്കൂൾ വിദ്യാർത്ഥികൾക്ക് കായികക്ഷമത പരിശീലനം ഉറപ്പാക്കണം.

5. വിജയോത്സവം പദ്ധതി ജില്ലയിലെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് വിദ്യാർത്ഥികൾക്കും പ്രാപ്യമാക്കണം.

6. ആരോഗ്യസംരക്ഷണത്തിനായി എല്ലാ സ്കൂളുകളിലും വൃത്തിയും ആധുനിക സൗകര്യങ്ങളോടു കൂടിയതുമായ അടുക്കള ഉറപ്പാക്കണം.

7. നിലവിലെ ലൈബ്രറികളെ ഡിജിറ്റൽ ലൈബ്രറികളിലേക്ക് മാറ്റണം.

8. അക്കാഡമിക നിലവാരം, ഭൗതിക വികസനം തുടങ്ങിയവയുടെ മാനദണ്ഡം ഓരോ സ്ഥാപനവും തയ്യാറാക്കുന്ന അക്കാഡമിക മാസ്റ്റർ പ്ലാൻ പരിഗണിച്ചാവണം.

9. ഓരോ ക്ലാസ്സിലും ഓരോ വിഷയങ്ങളിലും കുട്ടികൾ നേടേണ്ട അടിസ്ഥാന ശേഷികളും

പഠന നേട്ടങ്ങളും ഉറപ്പാക്കുന്നതിനാവശ്യമായ അക്കാദമിക ഭൗതിക പിന്തുണ.

10. പ്രാദേശിക വിഭവ ഭൂപടം (വൈദഗ്ദ്യം, വിഭവ മേഖല) തയ്യാറാക്കുകയും പ്രയോജനപ്പെടുത്തുന്നിനു വേണ്ട സംവിധാനങ്ങൾ ത്രിതല പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുകയും വേണം.

11. വിദ്യാഭ്യാസ പാഠഭാഗങ്ങൾ സർഗ്ഗാത്മകമാക്കുവാൻ പറ്റാവുന്ന തിയേറ്റർ സമീപനം - നാടകം മുതൽ മാജിക്ക് വരെ ഉൾപ്പെടുത്തണം.

12. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനായി 5 കിലോമീറ്ററിനുള്ളിൽ ഓട്ടിസം പാർക്ക്, സ്കിൽ പാർക്ക്, അംഗനവാടി എന്നിവ ആദിവാസി മേഖലയിലെ കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും കൂടി ഗുണം ചെയ്യുന്ന രീതിയിൽ ആവിഷ്ക്കരിക്കുക.

ഏകോപന സാധ്യതകൾ

1. ശാസ്ത്ര സാങ്കേതിക വകുപ്പ്, പ്ലാനറ്റോറിയം, ഐ.ഐ.എം, എൻ.ഐ.ടി, സി.ഡിറ്റ്, സർവ്വകലാശാല, ജില്ലയിലെ മറ്റു ശാസ്ത്ര സാങ്കേതിക ഗവേഷണ കേന്ദ്രം എന്നിവ ചേർന്ന് ജില്ലയിൽ ശാസ്ത്ര പോഷണ പരിപാടി ആരംഭിക്കുക.

2. ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ വൈദഗ്ധ്യം ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളുമായുള്ള ഏകോപനം.

കായികം

പരിപ്രേക്ഷ്യം

1. ജില്ലയെ കായികക്ഷമതയുള്ള ജില്ലയാക്കി മാറ്റുക. ജില്ലയിലെ ജനങ്ങൾക്ക് പ്രത്യേകിച്ചും യുവജനങ്ങൾക്ക് കായികവും മാനസികവും ശാരീരികവുമായ വളർച്ച ഉറപ്പുവരുത്തൽ.

2. കോഴിക്കോട് ജില്ലയുടെ ഫുട്ബോൾ പാരമ്പര്യം തിരിച്ചു പിടിക്കൽ.

3. കായിക രംഗങ്ങളിലൂടെ ജില്ലയിലെ ജനങ്ങളിൽ മാനസികാരോഗ്യം, സാഹസികത, സൗഹൃദ മനോഭാവം, മാനസികോല്ലാസം എന്നിവ വളർത്തിയെടുക്കൽ.

ഏകോപന സാധ്യതകൾ

1. നവകേരള പദ്ധതിയിൽ ജില്ലയിലെ യുവജനങ്ങളെ നിർമ്മാണാത്മകമായി ഉപയോഗപ്പെടുത്താവുന്നതാണ്.

2. പഞ്ചായത്ത് തലത്തിൽ യൂത്ത് കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യുവജന ക്ലബ്ബുകളുടെ സഹകരണത്തോടെ സന്നദ്ധ പ്രവർത്തനം സാധ്യമാക്കാവുന്നതാണ്.

3. നെഹ്രു യുവകേന്ദ്രയുടേയും യുവജനക്ഷേമ ബോർഡിന്റേയും പ്രവർത്തനങ്ങൾ ഏകോപിക്കുക.

4. സർക്കാരിന്റെ വിമുക്തി പദ്ധതിയുമായി ചേർന്നു കൊണ്ട് മദ്യം, മയക്കുമരുന്ന് വിരുദ്ധ പുനരധിവാസ പദ്ധതി.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. സ്പോർട്സ് ആക്ട് 2000 വിഭാവനം ചെയ്യുന്ന വില്ലേജ്, ബ്ലോക്ക് തല സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുക.

2. അവശത അനുഭവിക്കുന്ന കായിക താരങ്ങൾക്ക് പെൻഷൻ നൽകുക.

3. അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ, നീന്തൽകുളങ്ങൾ എന്നിവ നിർമ്മിക്കുക.

4. സ്പോർട്സ് അക്കാഡമി സ്ഥാപിക്കുക.

5. ദേശീയ അന്തർ ദേശീയ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

6. സ്പോർട്സ് കൗൺസിൽ, സ്പോർട്സ് ഡയരക്ടറേറ്റ് എന്നീ ദ്വിതല സംവിധാനം ഒഴിവാക്കി സ്പോർട്സ് വികസന പ്രവർത്തനം ഏകോപിപ്പിക്കുക.

7. അന്താരാഷ്ട്ര കായിക പ്രതിഭകളുടെ അറിവുകൾ പകരുന്നതിനായി എറുഡൈറ്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുക.

8. കായിക ചരിത്രം, ഗവേഷണം, ഗ്രന്ഥ രചന തുടങ്ങിയവ പ്രോത്സാഹിപ്പിക്കുവാൻ കായിക ഫെലോഷിപ്പ് ഏർപ്പെടുത്തുക.

9. ജില്ലാ/താലൂക്ക് തലങ്ങളിൽ കായിക ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

10. അടിസ്ഥാന സൗകര്യ വികസനം- അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ നിർമ്മി

ക്കണം. ജില്ലയിൽ ഇപ്പോൾ രണ്ട് സിന്തറ്റിക്ക് ട്രാക്കുകളാണ് ഉള്ളത്. മെഡിക്കൽ കോളേജ് ഗ്രൗണ്ടും കിനാലൂർ ഉഷ സ്കൂളും. അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള കളിസ്ഥലങ്ങൾ പുതുതായി തുടങ്ങണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഒരു പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും നിർമ്മിക്കുക.
2. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് മത്സരങ്ങളുടെ പഞ്ചായത്ത് ബ്ലോക്ക് ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുക.
3. സ്കൂൾ വിദ്യാർത്ഥികളുടെ കായികാഭിരുചി കണ്ടെത്തുന്നതിനായി ടാലന്റ് സെർച്ച് നടത്തുക.
4. ഒരു സ്കൂളിൽ ഒരു കായികയിനത്തിന് പ്രത്യേകം ഊന്നൽ നൽകി കൊണ്ടുള്ള പരിശീലനം നൽകുക.
5. കായികാധ്യാപകരും സ്പോർട്സ് സ്ഥാപനങ്ങളും ഒന്നിപ്പിക്കാനായി കായിക ക്ലസ്റ്റർ രൂപീകരിക്കുക.
6. ഭിന്ന ശേഷി - ഭിന്നലിംഗക്കാരുടെ കായിക മേളകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭിന്ന ശേഷി - ഭിന്നലിംഗക്കാരുടെ കായിക മേളകൾ സംഘടിപ്പിക്കണം.
7. ജില്ലയിൽ കയാക്കിംഗ് പരിശീലനം നൽകുന്നതിന് ഒരു പരിശീലന കേന്ദ്രം തുടങ്ങുക.

യുവജന കാര്യം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കേരളോത്സവം ഓണാഘോഷത്തിന്റെ ഭാഗമായി നടത്തുക.
2. സർക്കാറിന്റെ വിമുക്തി പദ്ധിതിയുമായി ചേർന്ന് കൊണ്ട് മദ്യം - മയക്കുമരുന്ന് വിരുദ്ധ പുനരധിവാസ പദ്ധതി.
3. വ്യവസായ സംരഭകത്വം - തൊഴിലന്വേഷകർക്ക് പ്രത്യേക പരിശീലനം നൽകി സംരംഭം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും, സംരംഭം വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക.
4. താലൂക്കടിസ്ഥാനത്തിൽ സിവിൽ സർവ്വീസ് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. യൂത്ത് ക്ലബ്ബുകളെ പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്ത് കലാ-കായിക-സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് യുവജനങ്ങളെ സജ്ജമാക്കുക.
2. തദ്ദേശ ഭരണ സ്ഥാപനതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയെ സജീവമാക്കി യുവജനക്ഷേമ പദ്ധതികൾ നടപ്പിലാക്കുക.
3. യൂത്ത് കോർഡിനേറ്റർ സംവിധാനം തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഉണ്ടാക്കുക.
4. യുവകർമ്മസേന-വിവിധ രക്ഷാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനുള്ള പരിശീലനങ്ങളും, പ്രാഥമിക ശുശ്രൂഷ പരിശീലനവും നൽകാൻ സംവിധാനമുണ്ടാക്കുക.
5. രക്തദാനവും, അവയവ ദാനവും പ്രോത്സാഹിപ്പിക്കുന്നതിന് യുവാക്കൾക്കിടയിൽ ബോധവൽകരണം നടത്തുകയും ബ്ലഡ് ബാങ്ക് രൂപീകരിക്കുകയും ചെയ്യുക.
6. കരിയർ ഗൈഡൻസ്, വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശങ്ങൾ, വിവാഹപൂർവ്വ കൗൺസിലിംഗ്, കുടുംബ ജീവിത പരിശീലനങ്ങൾ, സാമ്പത്തിക സാക്ഷരതാ പരിപാടി, സൗജന്യ പി.എസ്.സി പരിശീലനം തുടങ്ങിയ സേവനങ്ങൾ യുവജനങ്ങൾക്കായി നടപ്പാക്കുക.

ഏകോപന സാധ്യതകൾ

1. നവകേരള പദ്ധതിയിൽ ജില്ലയിലെ യുവജനങ്ങളെ നിർമ്മാണാത്മകമായി ഉപയോഗപ്പെടുത്താവുന്നതാണ്.
2. പഞ്ചായത്ത് തലത്തിൽ യൂത്ത് കോർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യുവജന ക്ലബ്ബുകളുടെ സഹകരണത്തോടെ സന്നദ്ധ പ്രവർത്തനം സാധ്യമാക്കാവുന്നതാണ്.
3. നെഹ്രു യുവകേന്ദ്രയുടേയും യുവജനക്ഷേമ ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിക്കുക.
4. സർക്കാരിന്റെ വിമുക്തി പദ്ധതിയുമായി ചേർന്നു കൊണ്ട് മദ്യം, മയക്കുമരുന്ന് വിരുദ്ധ പുനരധിവാസ പദ്ധതി.

പശ്ചാത്തല മേഖല

ഊർജ്ജം

വികസന പരിപ്രേക്ഷ്യം

I. ആഭ്യന്തര ഉൽപാദനം മെച്ചപ്പെടുത്തുന്നതിനായി:

1. ചെറുകിട ഹൈഡ്രൽ പ്രോജക്ടുകൾ വഴിയുള്ള ഉൽപാദനം വർദ്ധിപ്പിക്കൽ.
2. അടുത്ത സാമ്പത്തിക വർഷം 15 മെഗാവാട്ട് എങ്കിലും ഉൽപാദിപ്പിക്കൽ.
3. പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തീകരിക്കൽ.
4. പ്രാഥമിക പഠനം നടന്ന പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കൽ.
5. ഐഡന്റിഫൈ ചെയ്യപ്പെട്ട (ചുരാന്തോട്, നമ്പികുളം തുടങ്ങി) പ്രോജക്ടുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രത്യേക ഇൻവെസ്റ്റി ഗേറ്റിംഗ് ടീമിനെ വെച്ച് നടത്തൽ.

II. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ ജില്ലയിൽ സൗരോർജ്ജത്തിൽ നിന്ന് പ്രതിവർഷം 45 മെഗാവാട്ടെങ്കിലും ഉൽപാദിപ്പിക്കുന്നതിനായി

1. ബാണാസുരസാഗർ മാതൃകയിൽ പെരുവണ്ണാ മുഴി ഇറിഗേഷൻ പ്ലാന്റിൽ സൗരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
2. ജില്ലയിലെ മുഴുവൻ പൊതുസ്ഥാപനങ്ങളിലും സൗരോർജ്ജ ഉൽപാദനം നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.
3. ഊർജ്ജ വിനിയോഗത്തിലെ ദുർവ്യയം നിരുത്സാഹപ്പെടുത്തൽ.

III. ദീപാലങ്കാരം പരസ്യങ്ങൾ എന്നിവ വഴിയുള്ള ഊർജ്ജ നഷ്ടം പ്രചരണങ്ങൾ വഴിയും നിയന്ത്രണങ്ങൾ വഴിയും പരിഹരിക്കേണ്ടതാണ്.

IV. കുന്നത്തറ ടെക്സറ്റൈയിൽസ് ഭൂമിയിൽ ഒരു സബ്സ്റ്റേഷൻ (400 കേബിൾ) ഉണ്ടാക്കണം.

V. ജില്ലയിലെ എല്ലാ തെരുവ് വിളക്കുകളും ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി എൽ.ഇ.ഡി യാക്കി മാറ്റൽ.

VI. എൽ.ഇ.ഡി തെരുവ് വിളക്കുകളുടെ ഉൽപ്പാദനത്തിനും മെയിന്റനൻസിനും ജില്ലയിൽ ഒരു കേന്ദ്രം ഉണ്ടാക്കണം.

VII. ഊർജ്ജ സംരക്ഷണം സംബന്ധിച്ചു ബോധവൽക്കരണം വ്യാപകമാക്കൽ.

VIII. നിലവിലുള്ള പ്രസരണ വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് ഓപ്റ്റിക് ഫൈബർ കേബിളുകൾ വഴി മെച്ചപ്പെട്ട വിവര വിനിമയ ശൃംഖല രൂപപ്പെടുത്തണം.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഹൈടെൻഷൻ വൈദ്യുതിയുടെ വിതരണം പൂർണ്ണമായും ഭൂഗർഭ കേബിളുകൾ വഴിയാക്കുക.
2. നല്ലളം തെർമൽ സ്റ്റേഷന്റെ പ്രവർത്തനത്തിന് ഗെയ്ൽ വാതക പൈപ്പ് ലൈനിന്റെ സാധ്യത പ്രയോജനപ്പെടുത്തുക.
3. കുന്ദമംഗലം - ചേവായൂർ സബ്സ്റ്റേഷനുകൾ 220 കെ.വി. സബ്സ്റ്റേഷനുകളാക്കി ഉയർത്തുക.
4. ജില്ലയിലെ പവർ ലൈൻ മാപ്പിംഗ് ഒരു വർഷം കൊണ്ട് പൂർത്തിയാക്കണം.
5. പദ്ധതികളുടെ ലാന്റ് അക്വിസിഷൻ കാല താമസം ഒഴിവാക്കാൻ ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പിലാക്കണം (സർക്കാർ തലം).
6. കൽക്കരി, എണ്ണ, പ്രകൃതി വാതകം, ആണവം, ജലം, സൂര്യപ്രകാശം, കാറ്റ്, വിറക്, ജൈവ അവശിഷ്ടങ്ങൾ, വൈദ്യുതി തുടങ്ങിയ ഊർജ്ജ സ്രോതസ്സുകളുടെ വികസനവും, ഊർജ്ജ

സംരക്ഷണവും ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിലും, ജില്ലാ തലങ്ങളിലും ഉള്ള സംവിധാനത്തിന് രൂപം കൊടുക്കുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഈ സംവിധാനത്തിനു സാധിക്കണം (സർക്കാർ തലം).

7. ഏറ്റവും കൂടുതൽ ഊർജ്ജം ഉപയോഗിക്കുന്നത് ഗതാഗത മേഖലയിലാണ്. ഈ മേഖലയിൽ ഊർജ്ജ സംരക്ഷണത്തിനുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കുക, റോഡുകൾ മെച്ചപ്പെടുത്തി ഇന്ധന ഉപയോഗം കുറയ്ക്കുക (ഗതാഗതം).

8. പൊതു യാത്രാ സംവിധാനം മെച്ചപ്പെടുത്തി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക (ഗതാഗതം).

9. ജല ഗതാഗത സംവിധാനങ്ങൾ വർദ്ധിപ്പിക്കുക (ഗതാഗതം).

10. വൈദ്യുതിയിലോടുന്ന വാഹനങ്ങൾ വരുന്നതോടെ ഇവയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് ചാർജ്ജിങ്ങ് സ്റ്റേഷനുകൾ, നികുതി ഇളവുകൾ, സൗജന്യ പാർക്കിങ്ങ് തുടങ്ങിയ സംവിധാനങ്ങൾ കണ്ടെത്തുക (സർക്കാർ തലം, കെ.എസ്.ഇ.ബി).

11. ആഭ്യന്തര പ്രകൃതി വാതകത്തിന്റെയും ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകത്തിന്റെയും സഞ്ചിത വിലയിൽ (പൂൾഡ് കോസ്റ്റ്) പ്രകൃതി വാതകം ലഭ്യമാക്കാൻ കഴിയുമെങ്കിൽ കോഴിക്കോട് ഡീസൽ നിലയം പ്രകൃതി വാതക നിലയമാക്കി മാറ്റുക (കെ.എസ്.ഇ.ബി).

12. ജില്ലയിൽ ചെറുകിട ജലവൈദ്യുതി ഉൽപ്പാദനത്തിനുള്ള സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുക (കെ.എസ്.ഇ.ബി, ഇ.എം.സി).

13. റൂഫ് ടോപ്പ് സോളാർ ഉൽപ്പാദനത്തിന് ഊന്നൽ നൽകുക. 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇത് നിർബന്ധമാക്കുക. എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും, സ്കൂളുകളുടെയും ആശുപത്രികളുടെയും മുകളിൽ റൂഫ് ടോപ്പ് സോളാർ പാനലുകൾ സ്ഥാപിക്കുക (കെ.എസ്.ഇ.ബി, അനർട്ട്, തദ്ദേശസ്വയം ഭരണം).

14. സൗരോർജ്ജ ഉൽപ്പാദനം വർദ്ധിക്കുന്നതോടെ പകൽ സമയത്ത് വൈദ്യുതി ലഭ്യത ഉയരും. സൗരോർജ്ജ വൈദ്യുതിയുടെ ഏറ്റക്കുറച്ചിൽ കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പകൽ സമയത്ത് ജല വൈദ്യുത നിലയങ്ങൾ സ്പിന്നിങ്ങ് റിസർവ് ആയി പ്രവർത്തിക്കുകയും ഏറ്റവും കൂടുതൽ ആവശ്യകതയുള്ള വൈകുന്നേരം 6 മണി മുതൽ 10 മണി വരെയുള്ള സമയത്ത് കൂടുതൽ വൈദ്യുതി ഉൽപ്പാദനത്തിനായി ജല വൈദ്യുതി നിലയങ്ങളുടെ ശേഷി ഉയർത്തുകയും ചെയ്യുക (കെ.എസ്.ഇ.ബി).

15. ജില്ലയിൽ ഒരു വർഷം 5000 ചതുരശ്ര മീറ്റർ കലക്ടർ ഏരിയ എന്ന ലക്ഷ്യമിട്ടു കൊണ്ട് അഞ്ച് വർഷം കൊണ്ട് 25000 ചതുരശ്രമീറ്റർ സോളാർ ഹീറ്റർ സ്ഥാപിക്കുക (അനർട്ട്).

16. വൈദ്യുതി നഷ്ടവും, തകരാറുകളും, അപകടങ്ങളും കുറയ്ക്കുന്നതിനായി ഏരിയൽ ബഞ്ച്ഡ് കേബിളുകൾ കൂടുതലായി ഉപയോഗിക്കുക (കെ.എസ്.ഇ.ബി).

17. വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റിങ്ങ് നടത്തി ഊർജ്ജത്തിന്റെ ഉപയോഗം കാര്യക്ഷമമാക്കുകയും, സ്രോതസ്സുമാറ്റം വഴി ഊർജ്ജം ലാഭിക്കുകയും ചെയ്യുക (വ്യവസായം, ഇ.എം.സി).

18. ഐസ് പ്ലാന്റുകൾ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക (വ്യവസായം ഇ.എം.സി).

19. ജല അതോറിറ്റിയുടെ പമ്പിങ്ങ് സ്റ്റേഷനുകളിലെ പഴയ പമ്പുകൾ മാറ്റി സ്റ്റാർ റേറ്റിങ്ങ് ഉള്ള പമ്പുകൾ സ്ഥാപിക്കുക. ജലം നഷ്ടപ്പെടുന്നത് തടയുന്നതിനുള്ള നടപടികളെടുക്കുക (ജല അതോറിറ്റി)

20. കാർഷിക മേഖലയിൽ സ്റ്റാർ റേറ്റഡ് പമ്പുകൾ നിർബന്ധമാക്കുക. സാധ്യമായ സ്ഥലങ്ങളിലെല്ലാം സോളാർ വാട്ടർ പമ്പുകൾ പ്രോത്സാഹിപ്പിക്കുക (കൃഷി, കെ.എസ്.ഇ.ബി).

21. ഇഷ്ടിക, ഓട് നിർമ്മാണ ശാലകളിൽ വിറകിന്റെ ഉപയോഗം കാര്യക്ഷമമാക്കുക (വ്യവസായം, അനർട്ട്).

22. എനർജി മാനേജ്മെന്റ് സെന്റർ വഴി ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ വിപുലപ്പെടുത്തുക (ഇ.എം.സി).

23. സൗരോർജ്ജ വൈദ്യുതി, വൈദ്യുതിയിലോടുന്ന വാഹനങ്ങൾ, സ്മാർട്ട് ഗ്രിഡ് എന്നീ മേഖലകളിൽ വരും വർഷങ്ങളിൽ ലോകത്ത് വരാൻ പോകുന്ന വിപ്ലവകരമായ മാറ്റങ്ങൾ സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനു വേണ്ട തയ്യാറെടുപ്പുകൾ നടത്തുക (കെ.എസ്.ഇ.ബി, അനർട്ട്).

24. എല്ലാ പദ്ധതി നിർമ്മാണങ്ങൾക്കും ജനകീയമായ ഒരു മോണിറ്ററിങ്ങ് സംവിധാനം എം.എൽ.എയുടെ നേതൃത്വത്തിൽ നടപ്പിലാക്കുകയും മാസാന്ത്യ അവലോകനം നടത്തുകയും ചെയ്യുക

25. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഇ.ബി, അനർട്ട്, ഇ.എം.സി തുടങ്ങിയ സ്ഥാപനങ്ങളുടെ ഓഫീസുകൾ മാതൃകകളാക്കാനുള്ള നടപടികൾ സ്വീകരിക്കുക

26. ഊർജ്ജ മേഖലയിലെ വിവര സമാഹരണം പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ലഭ്യമാക്കുക

27. ഊർജ്ജ സംരക്ഷണം സംബന്ധിച്ച ബോധവൽക്കരണം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

28. സോളാർ എനർജി, മിനിഹൈഡ്രോ ഇലക്ട്രിക് എനർജി എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. റൂഫ് ടോപ്പ് സോളാർ, മലയോര പ്രദേശങ്ങളിൽ ഓരോ വീടുകൾക്കുമായി സ്ഥാപിക്കാൻ കഴിയുന്ന മൈക്രോ ജല വൈദ്യുതി, ഊർജ്ജ സംരക്ഷണം തുടങ്ങിയ മേഖലകളിൽ അനർട്ട്, ഇ.എം.സി തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതികൾക്കു രൂപം കൊടുക്കുക (തദ്ദേശസ്വയം ഭരണം, അനർട്ട്, ഇ.എം.സി).

2. 2.50 മെഗാവാട്ടിൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനം മുഖേന നടപ്പിലാക്കാൻ കെ.എസ്.ഇ.ബോർഡ് ഒരു കൺസൾട്ടൻസി ആയി പ്രവർത്തിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുക.

3. ജൈവ മാലിന്യ സംസ്ക്കരണം വഴി വൈദ്യുതി ഉൽപാദനം കാര്യക്ഷമമാക്കുക.

4. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപിപ്പിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപടി കൈക്കൊള്ളുക. മാലിന്യ സംസ്ക്കരണ പരിപാടിയുമായി ഇത് ബന്ധിപ്പിക്കുക.

5. ദക്ഷതയേറിയ അടുപ്പുകൾ, ചൂടാറപ്പെട്ടി എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക (തദ്ദേശ സ്വയം ഭരണം, അനർട്ട്).

6. ഊർജ്ജ ക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങളുടെ വ്യാപനത്തിനായുള്ള പരിപാടികൾ ഏറ്റെടുക്കുക.

7. പവർ മാപ്പിങ്ങ് പൂർണ്ണമായും നടപ്പിലാക്കുക (കെ.എസ്.ഇ.ബി).

8. എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും എനർജി ഓഡിറ്റിങ്ങിനുള്ള സംവിധാനം ഒരുക്കുക.

9. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ കാർബൺ ന്യൂട്രൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക.

10. തെരുവു വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി.യിലേക്കു മാറ്റുക (തദ്ദേശസ്വയം ഭരണം, കെ.എസ്.ഇ.ബി).

11. തെരുവുവിളക്കുകളുടെ നിയന്ത്രണത്തിന് ആസ്ട്രണോമിക്കൽ ക്ലോക്കും, ലൈറ്റ് സെൻസിങ്ങ് സംവിധാനവുമുള്ള ഓട്ടോമാറ്റിക്ക് സ്വിച്ചിങ്ങ് ഏർപ്പെടുത്തുക (തദ്ദേശസ്വയം ഭരണം, കെ.എസ്.ഇ.ബി) ഒപ്പം ഉൽപാദനത്തിനും പരിപാലനത്തിനും പ്രാദേശിക സംവിധാനം ഉണ്ടാക്കുക.

12. തെരുവു വിളക്കുകൾക്കുള്ള കണക്ഷനുകൾക്ക് മീറ്റർ ഉറപ്പാക്കുക (തദ്ദേശസ്വയം ഭരണം, കെ.എസ്.ഇ.ബി).

നവകേരള മിഷനുമായുള്ള ഏകോപന സാധ്യതകൾ

(i) ഹരിത കേരളം : കൃഷിക്ക് ഏറ്റവും കുറവ് വൈദ്യുതി ഉപയോഗപ്പെടുത്തുന്ന ഒരു സംസ്ഥാനമാണ് കേരളം. വൈദ്യുതിയുടെ, പ്രത്യേകിച്ച് സോളാർ വാട്ടർ പമ്പുകളുടെ ഉപയോഗത്തിലൂടെ ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കണം. മാലിന്യത്തിൽ നിന്നും, ബയോമാസ്സിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നത് താരതമ്യേന ചിലവേറിയതാണ്. എന്നാൽ അനർട്ടും, തദ്ദേശസ്വയം

ഭരണ സ്ഥാപനങ്ങളും ചേർന്ന് മാലിന്യ നിർമ്മാർജ്ജനവും കൂടി ലക്ഷ്യമാക്കിയുള്ള വൈദ്യുതി ഉൽപ്പാദനം നടത്താവുന്നതാണ്.

(ii) ആർദ്രം : ആശുപത്രികളിലെ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടെ വൈദ്യുതി ആവശ്യകതയും ഉയരും. വികസന പദ്ധതികൾക്ക് രൂപം കൊടുക്കുന്നതോടൊപ്പം വൈദ്യുതി ആവശ്യകത സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബിയ്ക്ക് മുൻകൂട്ടി കൈമാറണം. പരമാവധി വൈദ്യുതി ആശുപത്രികളിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി റൂഫ് ടോപ്പ് സോളാർ പദ്ധതികൾക്ക് രൂപം കൊടുക്കണം.

(iii) ലൈഫ് : 2017 മെയ് മാസത്തോടെ കേരളത്തിൽ നിലവിലുള്ള എല്ലാ വീടുകളും വൈദ്യുതീകരിച്ചു കഴിഞ്ഞു. എന്നാൽ ലൈഫ് മിഷന്റെ ഭാഗമായി വരുന്ന പുതിയ വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്. വീടുപണി പൂർത്തിയാകുന്നതോടെ കണക്ഷനു വേണ്ടി അതാതു കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ടാൽ കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. ലൈഫിന്റെ ഭാഗമായി പുതുതായി നിർമ്മിക്കുന്ന പാർപ്പിട സമുച്ചയങ്ങൾക്ക് ജൈവമാലിന്യങ്ങൾ ഉപയോഗിച്ചുള്ള ബയോ എനർജി ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാവുന്നതാണ്.

(iv) പൊതുവിദ്യാഭ്യാസം : വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടെ വൈദ്യുതിയുടെ ആവശ്യകതയും വർദ്ധിക്കുമെന്നതിനാൽ ആവശ്യകത സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബിയ്ക്ക് മുൻകൂട്ടി കൈമാറണം. പരമാവധി വൈദ്യുതി അതതു സ്ഥാപനങ്ങളിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി റൂഫ് ടോപ്പ് സോളാർ പദ്ധതികൾക്ക് രൂപം കൊടുക്കണം. വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിനായി ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കണം.

നൂതന ആശയം

1. ബാണാസുര സാഗർ മാതൃകയിൽ പെരുവണ്ണാമുഴി ഇറിഗേഷൻ ഡാമിൽ സൌരോർജ്ജ വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സംവിധാനം.
2. നല്ലളം തെർമൽ സ്റ്റേഷന്റെ പ്രവർത്തനത്തിന് ഗെയ്ൽ വാതക പൈപ്പ് ലൈനിന്റെ സാധ്യത പ്രയോജനപ്പെടുത്തൽ.

ഗതാഗതം

വികസന പരിപ്രേക്ഷ്യം

1. AMC ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണ രീതി വ്യാപിപ്പിക്കൽ.
2. സ്വകാര്യ വാഹനങ്ങൾ റോഡുകളിലേക്ക് കടക്കുന്നതിന് നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
3. സൈക്ക്ളിംഗ് ട്രാക്കുകൾ/ നടപ്പാത എന്നിവ ഉറപ്പാക്കുക.
4. ജില്ലയിൽ വരുന്ന തുറമുഖങ്ങളെ ബന്ധിപ്പിയ്ക്കുന്ന ഗതാഗത സംവിധാനം മെച്ചപ്പെടുത്തൽ.
5. നഗര കേന്ദ്രങ്ങളും മലയോര മേഖലയുമായി ബന്ധിപ്പിക്കുന്ന റോഡുകൾ എല്ലാം തന്നെ നല്ല രീതിയിൽ വികസിപ്പിയ്ക്കുക.
6. പൊതു ഗതാഗത സംവിധാനത്തെ ശക്തിപ്പെടുത്തൽ.
7. ജില്ലയിലെ പ്രധാന നഗര കേന്ദ്രങ്ങൾ, വിനോദ സഞ്ചാര മേഖലകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിച്ചു കൊണ്ട് നാലുവരി പാതകൾ ഉൾപ്പെടുന്ന മെച്ചപ്പെട്ട ഗതാഗത ശൃംഖല ലഭ്യമാക്കൽ.
8. മാഹി, കനോലി കനാൽ, കടലുണ്ടി, ചാലിയം, കുറ്റ്യാടി മുതലായ പുഴകളെയും ബന്ധിപ്പിക്കുന്ന ജലഗതാഗത സംവിധാനം ഏർപ്പെടുത്തൽ.
9. പരിസ്ഥിതി സൌഹാർദ്ദ നിർമ്മാണ ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക് പ്രാമുഖ്യം നൽകുക.
10. പൊതു ഗതാഗത സംവിധാനങ്ങൾ ഘട്ടം ഘട്ടമായി പരിസ്ഥിതി സൌഹൃദമായ വൈദ്യുതി ഗതാഗതത്തിലേക്ക് മാറ്റണം.
11. ജില്ലയിലെ റോഡുകളുടെ ഉടമസ്ഥാവകാശം കൃത്യമായി നിർണ്ണയിച്ച് നാമകരണം നടത്തി സ്റ്റാന്റേഡ് കോഡിംഗ് സിസ്റ്റം നടപ്പിലാക്കുക. പ്രാദേശിക റോഡുകൾക്കും എസ്.റ്റി.ഡി. കോഡിംഗ് നടപ്പിലാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. നിലവിലെ മാനദണ്ഡ പ്രകാരം പല ഫണ്ടുകളുടെ വിനിയോഗം സമൂഹത്തിന് ഉതകുന്ന രീതിയിൽ പ്രയോജനപ്പെടുത്താൻ മിക്കവാറും കഴിയുന്നില്ല. ഇതു പരിഹരിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് വിവിധ തരം ഫണ്ടുകൾ സംയോജിപ്പിക്കുന്നതിനാവശ്യമായ ഭേദഗതി മാനദണ്ഡങ്ങളിൽ ഏകീകരിക്കേണ്ടതാണ്. (ഉദാ. സി.എഫ്.സി. ഗ്രാന്റ് + വികസന ഫണ്ട്+ എം.ജി ഫണ്ട് + എം.എൻ.സി. മുതലായവ).

2. മലയോര ഹൈവെ/ തീരദേശ ഹൈവെ എന്നിവ സമയ ബന്ധിതമായി പൂർത്തീകരിക്കണം.

3. ഗതാഗത ബാഹുല്യവും പ്രാധാന്യവും അനുസരിച്ച് റോഡിന്റെ തരവും ആയതിന്റെ നിലവാരവും നിശ്ചയിച്ച് റോഡുകൾ സാങ്കേതിക മികവോടെ രൂപകൽപന ചെയ്യുക.

4. വിമാനത്താവളം, തുറമുഖം എന്നിവയിൽ നിന്നുള്ള ചരക്ക് ഗതാഗതത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.

5. ജില്ലയിലെ റെയിൽവേ സ്റ്റേഷനുകളുടെ നവീകരണം ത്വരിതപ്പെടുത്തുന്നതിനും സ്റ്റേഷനുകളെയും ജില്ലയിലെ മറ്റു പ്രധാന കേന്ദ്രങ്ങളെയും ബന്ധപ്പെടുത്തുന്ന ശൃംഖല വികസിപ്പിച്ച് ഫീഡർ ബസ്സ് സൗകര്യങ്ങൾ പോലെയുള്ളവ ഉറപ്പ് വരുത്തുക.

6. മാഹി മുതൽ ബേപ്പൂർ വരെ തീരദേശ ബോട്ടു സർവ്വീസിന് രൂപം കൊടുക്കുക.

7. നിലവിലെ പദ്ധതി പ്രൊപ്പോസലുകൾ ഗ്രാമസഭ മുഖാന്തിരമാണ് തുടങ്ങുന്നത്. മിക്കതിലും അതത് പ്രദേശത്തെ പ്രവൃത്തി മാത്രമാണ് ഉൾപ്പെടുന്നത്. എന്നാൽ പൊതുവായതും വളരെ പ്രയോജനമാകേണ്ടതുമായ ഒട്ടേറെ പ്രധാന പദ്ധതികൾ ഗ്രാമസഭയുടെ പ്രൊപ്പോസലായി വരുന്നില്ല. ഇക്കാര്യം പരിഹരിക്കപ്പെടേണ്ടതാണ്. തദ്ദേശീയമായ പ്രധാനപ്പെട്ട റോഡ് നിർമ്മാണം സ്പെഷ്യൽ പ്ലാനിംഗിന്റെ ഭാഗമായി നടത്തേണ്ടതാണ്.

8. പൂർത്തീകരിച്ച പ്രവൃത്തിയിൽ പിന്നീട് വല്ല അപാകതയും സംഭവിച്ചാൽ നിലവിലുള്ള വ്യവസ്ഥയ്ക്ക് പുറമെ ഫൈനുകൂടി കരാറുകാരിൽ നിന്നു ഈടാക്കേണ്ട വ്യവസ്ഥ കൂടി പുതുതായി കരാറിൽ ഉൾപ്പെടുത്താവുന്നതാണ്.

9. ജില്ലയ്ക്കായി ഡ്രൈയിനേജ് സിസ്റ്റത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഇതിനെ ബന്ധപ്പെടുത്തി മാത്രം പുതിയ നിർമ്മാണം നടത്തുക. വീതി കുറഞ്ഞ റോഡുകൾക്ക് ഡ്രൈയിനേജ് ഉൾക്കൊണ്ട് കൊണ്ട് ഡ്രൈയിനേജ് കം കോൺഗ്രീറ്റ് റോഡുകൾ നിർമ്മിക്കുക.

10. മെയിന്റനൻസ് പ്ലാൻ കാലേക്കൂട്ടി തയ്യാറാക്കുകയും അംഗീകാരം വാങ്ങിക്കുകയും വേണം. തുടർവർഷം ആവശ്യാനുസരണം ആയത് ഉപയോഗപ്പെടുത്തണം. റോഡുകളുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് (AMC) നടപ്പിൽ വരുത്തുക.

11. റോഡ് അടിയന്തിര റിപ്പയറിംഗിനായി മൊബൈൽ യൂണിറ്റ് സ്ഥാപിക്കുക.

12. വാഹന ബാഹുല്യം അനുഭവപ്പെട്ട സിറ്റികളിൽ എലിവേറ്റഡ് ഹൈവെ നിർമ്മാണം നടത്തുക.

13. ജില്ലയിൽ തൊണ്ടയാട് ജംഗ്ഷനോട് ചേർന്ന് മൊബിലിറ്റി ഹംബ് പ്രപ്പോസൽ നടപ്പിലാക്കുക.

14. ഫ്ളൈ ഓവർ/അണ്ടർ പാസ്സ് മലാപ്പറമ്പ് ജംഗ്ഷൻ, എരഞ്ഞിപ്പാലം, മാങ്കാവ്, പന്തീരാങ്കാവ്, വടകര മുതലായ സ്ഥലങ്ങളിൽ നിർമ്മിക്കാവുന്നതാണ്.

15. ബൈപ്പാസ് പേരാമ്പ്ര ടൌൺ, കുന്ദമംഗലം, ബാലുശ്ശേരി, താമരശ്ശേരി, നരിക്കുനി, കൊയിലാണ്ടി, വടകര മുതലായ സ്ഥലങ്ങളിൽ നിർമ്മിക്കാവുന്നതാണ്.

16. ജില്ലയുടെ സമഗ്ര ഗതാഗത വികസനത്തിന് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകൾ ശാസ്ത്രീയമായി പരസ്പരം ബന്ധിപ്പിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തദ്ദേശഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി റോഡുകളുടെ അടിസ്ഥാനമാക്കി മേജർ റോഡുകളായി നിർണ്ണയിക്കൽ.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റോഡ് ശൃംഖലകൾ ഡിജിറ്റലൈസ് ചെയ്ത് ഗൂഗിൾ മാപ്പ് പോലെയുള്ള പ്രത്യേക ഗതാഗത പശ്ചാത്തല സൗകര്യ വിവരണം ഉണ്ടാക്കി നടപ്പിൽ വരുത്തുക.

3. ജില്ലയിലെ റോഡുകളിൽ അപകട സാധ്യത വളരെ കൂടുതൽ ഉള്ള മേഖലകളിൽ (അശോകപുരം ജംഗ്ഷൻ, പെട്രോൾ പമ്പ് - മാങ്കാവ് - മിനി ബൈപ്പാസ്, മീഡിയ - സ്റ്റുഡിയോ, വെള്ളിപറമ്പ് സ്കൂൾ- വെള്ളിപറമ്പ്, കോഴിക്കോട് മാവൂർ റോഡ്, റെയിൽവെ സ്റ്റേഷൻ, സബ് - ട്രഷറി - ഫറോക്ക്, കെ.റ്റി.സി.. പെട്രോൾ പമ്പ്, വാസൻ ഐ കെയർ - അരയിടത്തു പാലം - മിനി ബൈപ്പാസ്, ഒജിൻ ബേക്കറി, റഹ്മാനിയ സ്കൂൾ - മെഡിക്കൽ കോളേജ്, കോഴിക്കോട് മാവൂർ റോഡ്, കാവ് ബസ് സ്റ്റോപ്പ്, വിജിലൻസ് ഓഫീസ് - തൊണ്ടയാട് - കോഴിക്കോട് മാവൂർ റോഡ്, പഞ്ചായത്ത് ഓഫീസ്, പോസ്റ്റ് ഓഫീസ്, കക്കോടി - കോഴിക്കോട് ബാലുശ്ശേരി റോഡ്, പ്രസന്റേഷൻ സ്കൂൾ, ബി.എസ്.എൻ.എൽ, ചേവായൂർ - കോഴിക്കോട് മാവൂർ റോഡ്, റിലയൻസ് സൂപ്പർ മാർക്കറ്റ്, കല്യാൺ സിൽക്ക്സ് - പൊറ്റമ്മൽ - കോഴിക്കോട് മാവൂർ റോഡ്, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ആശീർവാദ്, എരഞ്ഞിപ്പാലം - മിനി ബൈപ്പാസ്) അപകട സാധ്യത കുറയ്ക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നത് ത്വരിതപ്പെടുത്തേണ്ടതാണ്. പ്രസ്തുത പദ്ധതികൾ നഗര സ്വഭാവമാർജ്ജിക്കുന്ന ജില്ലയിലെ മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

4. ജില്ലയിലെ നിലവിലുള്ള റോഡുകളുടെയും നടപ്പാതകളുടെയും ജി.പി.എസ്. സർവ്വെ നടത്തുന്നതിനുള്ള സംയുക്ത പ്രൊജക്ട് വെയ്ക്കുന്നതിന് ആവശ്യമായ പദ്ധതി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടുത്തേണ്ടതാണ്.

5. മേജർ റോഡുകളിലും പ്രധാന ജംഗ്ഷനുകളിലും ക്യാമറ സ്ഥാപിക്കുക.

6. വേഗത കുറഞ്ഞ വാഹനങ്ങളായ മോട്ടോർ സൈക്കിൾ, സൈക്കിൾ എന്നിവയ്ക്ക് റോഡിനോട് ചേർന്ന് പ്രത്യേക ലൈൻ നിർമ്മിക്കുക.

7. സിറ്റിയിലെ വാഹന ബാഹുല്യം കുറയ്ക്കുന്നതിനായി രാമനാട്ടുകര, കുന്ദമംഗലം, എലത്തൂർ എന്നീ സ്ഥലങ്ങളിൽ ബസ്സ് ടെർമിനൽ നിർമ്മിച്ച് സിറ്റികളിൽ മാത്രം സഞ്ചരിക്കുന്നതിനായി പ്രത്യേക വാഹന ഗതാഗതം ഏർപ്പെടുത്തുക.

8. റോഡ് ഗതാഗതം തടസ്സപ്പെടാത്ത രീതിയിൽ മുൻഗണന അടിസ്ഥാനത്തിൽ ബസ്സ് ബേ സ്ഥാപിക്കുക.

9. റോഡിന് ഇരുവശത്തും അപകടകരമല്ലാത്ത മരങ്ങൾ വെച്ചു പിടിപ്പിച്ച് സൗന്ദര്യവൽക്കരണം നടത്തുക.

10. സ്വകാര്യ സ്ഥാപനങ്ങൾ പാർക്കിംഗ് സൌകര്യം ഏർപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തുക.

11. ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ വികേന്ദ്രികൃത പാർക്കിംഗ് സംവിധാനങ്ങളും മിനി പാർക്കിംഗ് പ്ലാസ്സകളും നിർമ്മിക്കാവുന്നതാണ്. (മാനാഞ്ചിറ, കോഴിക്കോട് ബീച്ച്, മെഡിക്കൽ കോളേജ്, രാമനാട്ടുകര, പന്തീരാങ്കാവ്, കുന്ദമംഗലം, കൊടുവള്ളി, മുക്കം, കൊയിലാണ്ടി, വടകര, ബാലുശ്ശേരി, പേരാമ്പ്ര, കുറ്റ്യാടി)

ഏകോപന പദ്ധതികൾ

1. കോഴിക്കോട് സിറ്റിയിലെ ഗതാഗത സൗകര്യവും പാർക്കിംഗ് സൌകര്യവും വർദ്ധിപ്പിക്കുന്നതിന് മലാപറമ്പിൽ മൊബിലിറ്റി ഹബ്ബ് നിർമ്മാണം. നഗര വകുപ്പ് (ലീഡ് ഏജൻസി), പൊതുമരാമത്ത് വകുപ്പ്, കോർപ്പറേഷൻ.

2. സമഗ്രമായ ഗതാഗത ശ്രേണീ ശൃംഖല രൂപീകരണം (പൊതുമരാമത്ത് വകുപ്പ് - ലീഡ് ഏജൻസി, തദ്ദേശ ഭരണ സ്ഥാപനങ്ങൾ).

3. കെ എസ് ഇ ബി, വാട്ടർ അതോറിറ്റി തുടങ്ങിയ ഏജൻസികൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള നിലവിലെ സംവിധാനം കാര്യക്ഷമമായി പ്രവർത്തിപ്പിക്കൽ.

ടൂറിസ വികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പൈതൃക ടൂറിസം വികസനം സ്പൈസ് റൂട്ട് പദ്ധതിയുമായി ബന്ധിപ്പിക്കൽ.
2. ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിന് ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ.
3. ഹോംസ്റ്റേക്കും ഫാം ടൂറിസത്തിനും അഡ്വഞ്ചർ ടൂറിസത്തിനും ഊന്നൽ.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വികസനം.
2. തദ്ദേശവാസികൾക്ക് സുസ്ഥിര വരുമാനം ഉറപ്പ് വരുത്തുന്ന ഉത്തരവാദിത്ത ടൂറിസം.
3. കാർഷിക-കാർഷികേതര മേഖലകളുമായി വിനോദസഞ്ചാരത്തെ ബന്ധിപ്പിക്കൽ.

ഏകോപന പദ്ധതികൾ

1. ഉത്തരവാദിത്ത ടൂറിസം പദ്ധതി

   ടൂറിസം വകുപ്പ് (ലീഡ് ഏജൻസി), തദ്ദേശഭരണ സ്ഥാപനങ്ങൾ.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

പട്ടികജാതി വികസനം

വികസന പരിപ്രേക്ഷ്യം

1. ജില്ലയിലെ പട്ടികജാതി വിഭാഗങ്ങളുടെ സമഗ്രമായ വിവരാടിത്തറ തയ്യാറാക്കൽ.
2. ജീവിത ഗുണനിലവാരം വർദ്ധിപ്പിക്കുക.
3. പട്ടികജാതി കോളനികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ.
4. ഘട്ടംഘട്ടമായി പട്ടികജാതി സങ്കേതങ്ങളെ മാതൃകാ കോളനികളാക്കി മാറ്റുക.
5. സർക്കാർ/സർക്കാരിതര പങ്കാളിത്ത വേദികളിലെ പട്ടികജാതി പങ്കാളിത്തം ഉറപ്പു വരുത്തുക.
6. നൈപുണ്യ വികസനത്തിലൂടെയും സഹകരണ സംഘങ്ങളിലുടെയും വരുമാന വർദ്ധനവ്.
7. പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനം ഉറപ്പ് വരുത്തുക - സമഗ്രമായ ആരോഗ്യ പരിപാലന ശൃംഖല.
8. പരമ്പരാഗത കലകളുടെ സംരക്ഷണവും പരിപോഷണവും സാധ്യമാക്കുക.
9. പട്ടികജാതി വിഭാഗങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ ഗുണനിലവാരം.
10. പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക.

പരിഹാര നിർദ്ദേശങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സബ്സിഡി നിരക്കുകൾ ഏകീകരിക്കൽ.
2. പട്ടികജാതി സഹകരണ സംഘങ്ങൾ ശാക്തീകരിക്കുന്നതിന് പഠനം നടത്തി നിലവിലുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി മാർഗ്ഗനിർദ്ദേശം രൂപപ്പെടുത്തുക.
3. പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയെ ജില്ലാ ആസൂത്രണ സമിതിയുടെ സഹായ സംവിധാനമായി ശക്തിപ്പെടുത്തുക.
4. പട്ടികജാതി വികസന വകുപ്പിന് കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുകയും പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ കീഴിൽ ഉപകേന്ദ്രങ്ങൾ ആരംഭിച്ച് അവയുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി ലഭ്യമാക്കുകയും ചെയ്യുക.
5. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ആൺകുട്ടികളുടെ ഹോസ്റ്റലുകളിൽ അന്തേവാസികളുടെ എണ്ണം വളരെ കുറവാണ്. അന്തേവാസികളുടെ ആവശ്യകതാ പഠനത്തിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അത്തരം ഹോസ്റ്റലുകൾ പെൺകുട്ടികളുടെ ഹോസ്റ്റലുകളാക്കി മാറ്റുകയും കൂടുതൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുകയും ചെയ്യുക.
6. ചക്കിട്ടപ്പാറയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.
7. യുവജന ക്ഷേമ ബോർഡുമായി ചേർന്ന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പട്ടികജാതി യുവതീയുവാക്കൾക്കായി യൂത്ത് ക്ലബുകൾ ആരംഭിക്കുക.

8. പട്ടികജാതി മേഖലയിൽ നിലവിലുള്ള വിവരാടിത്തറ ശക്തിപ്പെടുത്തുന്നതിന് സോഫ്റ്റ് വെയർ തയ്യാറാക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക.

9. വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററിക്ക് പ്രത്യേകം ബാച്ച് കൂടി അനുവദിക്കുക.

10. അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാരുടെ കേസന്വേഷണത്തിലും വിചാരണയിലും നിയമസഹായം നൽകുന്നതിനായി ഒരു സംവിധാനം ജില്ലയിൽ നടപ്പിലാക്കുക.

11. രണ്ടായിരത്തിൽ അധികം എസ്.സി. ജനസംഖ്യയുടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അധിക പട്ടികജാതി പ്രമോട്ടർമാരുടെ സേവനം ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ആസൂത്രണ പ്രക്രിയയിൽ പട്ടികജാതി വിഭാഗക്കാരുടെ പങ്കാളിത്തം മെച്ചപ്പെടുത്തി ഗുണഭോക്താക്കളുടെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2. കേന്ദ്രാവിഷ്കൃത ഭവന പദ്ധതിയും ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച ബ്ലോക്ക്, നഗരസഭാ തലത്തിൽ സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിക്കുക.

3. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

4. ഭൂമി കണ്ടെത്താൻ പ്രയാസമുള്ള നഗരസഭകളിൽ ഭൂരഹിത പട്ടികജാതിക്കാരെ പുനരധിവസിപ്പിക്കാൻ പ്രത്യേക പാർപ്പിട സമുഛയങ്ങൾ നിർമ്മിക്കുക.

5. നിലവിൽ കിലയുടെ നേതൃത്വത്തിൽ ജില്ലയിൽ ശേഖരിച്ച പട്ടികജാതിക്കാരുടെ സമഗ്ര വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് ജില്ലാപഞ്ചായത്തും ജില്ലയിലെ നഗരസഭകളും പദ്ധതികൾ തയ്യാറാക്കുക.

6. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ, സാധ്യതകൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പട്ടികജാതി വികസനനയരേഖ തയ്യാറാക്കുക.

7. സങ്കേതങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ചേർന്ന് സംയുക്ത കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകുക. പതിമൂന്നാം പദ്ധതികാലത്തു തന്നെ എല്ലാ സങ്കേതങ്ങളിലും വർഷം മുഴുവൻ ശുദ്ധ ജലം ലഭ്യമാക്കുക.

8. ഒറ്റപ്പെട്ട വീടുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് / നഗരസഭാ തലത്തിൽ പദ്ധതികൾ തയ്യാറാക്കുക. പതിമൂന്നാം പദ്ധതികാലത്തു തന്നെ മുഴുവൻ വീടുകൾക്കും ശുദ്ധ ജലം ലഭ്യമാക്കുക.

9. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ശുചിത്വ പൂർണ്ണമായ കക്കൂസ് ഉറപ്പ് വരുത്തുക.

10. ആവശ്യമായ സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ടോയ് ലറ്റുകൾ ഏർപ്പെടുത്തുക.

11. എല്ലാ പട്ടികജാതി വിഭാഗക്കാരുടെ വീടുകളിലും മാലിന്യ സംസ്ക്കരണ സംവിധാനം ഉറപ്പു വരുത്തുക (ബയോഗ്യാസ്, കമ്പോസ്റ്റിംഗ്, മണ്ണിര കമ്പോസ്റ്റ്).

12. പട്ടികജാതി വിഭാഗങ്ങളുടെ മുഴുവൻ വീടുകളും വൈദ്യുതീകരിച്ചെന്ന് ഉറപ്പ് വരുത്തുക.

13. പട്ടികജാതി കോളനികൾ ഘട്ടംഘട്ടമായി മാതൃകാ കോളനികളാക്കി മാറ്റുക.

14. സങ്കേതവികസനത്തിനായി ത്രിതല പഞ്ചായത്തുകൾ സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുക.

15. ദുർഘട പ്രദേശങ്ങളിലുള്ളതും ദുർബല വിഭാഗങ്ങൾ താമസിക്കുന്നതുമായ സങ്കേതങ്ങളിൽ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി പ്രത്യേക വികസന പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.

16. പട്ടികജാതിക്കാർക്ക് കാർഷിക മേഖലയിൽ പ്രാവീണ്യമുണ്ടെങ്കിലും കൃഷിഭൂമി ഇല്ലാത്തതിനാൽ ഈ മേഖലയിൽ കാര്യമായി പ്രവർത്തിക്കുവാൻ ആവുന്നില്ല. പാട്ടകൃഷിയിലൂടെയും തരിശ് ഭൂമി ഉപയുക്തമാക്കിയും കാർഷിക പദ്ധതികൾക്ക് രൂപം നൽകുക.

17. പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികളുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികജാതി വിഭാഗക്കാരുടെ ആരോഗ്യസ്ഥിതി ഉറപ്പു വരുത്തുക.

18. സാക്ഷരത മിഷനുമായി ചേർന്ന് ഈ മേഖലയിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനും തുടർ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

19. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം, ഉന്നത പഠനത്തിനുള്ള ധനസഹായം, എൻട്രൻസ് പരിശീലനത്തിനുള്ള ധനസഹായം എന്നിവ നൽകി അക്കാദമിക് ഗുണനിലവാരം ഉയർത്തുവാൻ സഹായിക്കുക.

20. പട്ടികജാതിക്കാരുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് വേണ്ടി മനുഷ്യവിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക.

21. പട്ടികജാതി വിഭാഗങ്ങളിലെ ആളുകൾക്ക് വിദേശ ജോലി ലഭ്യമാവുന്നതിന് തൊഴിൽ കണ്ടെത്തുകയും ധനസഹായം നൽകുകയും ചെയ്യുക.

22. വ്യക്തികൾക്കും സംഘങ്ങൾക്കുമുള്ള സ്വയം തൊഴിൽ പദ്ധതികൾക്കും, വിദേശ തൊഴിൽ പദ്ധതിക്കും ഫണ്ട് വകയിരുത്തുക.

23. ജില്ലാ പഞ്ചായത്തിന്റെ സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിന് കീഴിൽ പട്ടികജാതിക്കാർക്കായി ഒരു കമ്മ്യൂണിറ്റി സ്കിൽ ഡെവലപ്പമെന്റ് സെന്റർ ആരംഭിക്കുകയും അവിടെ നൈപുണ്യ വികസനത്തിനും സംരഭകത്വ വികസനത്തിനുമുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്യുക. പ്രസ്തുത സെന്ററിൽ കാലോചിതമായ പരിശീലന പരിപാടികൾ രൂപം നൽകുകയും ചെയ്യുക.

24. പരമ്പരാഗത മേഖലയുടെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും വഴി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

25. പട്ടികജാതി വനിതകൾക്കായി കുടുംബശ്രീയുമായി സഹകരിച്ച് ഗ്രൂപ്പടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾക്ക് രൂപം നൽകുക.

26. അർഹതയുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും തൊഴിലുറപ്പ് പദ്ധതിയിലെ മുഴുവൻ തൊഴിൽ ദിനങ്ങളും ഉറപ്പു വരുത്തുക.

27. പരമ്പരാഗത വ്യവസായങ്ങൾ സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈവിധ്യവൽക്കരിക്കുകയും മാർക്കറ്റ് കണ്ടെത്തുകയും ചെയ്യുക.

28. വ്യക്തിഗതമായും സംഘങ്ങളുമായുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായവും മറ്റ് പിന്തുണാ സംവിധാനങ്ങളും ഉറപ്പ് വരുത്തുക.

29. അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് പി.എസ്.സി. പോലുള്ള മത്സര പരീക്ഷകൾക്ക് ആവശ്യമായ പരിശീലനം നൽകുക.

30. സ്വകാര്യ മേഖലയിലെ ജോലി സാധ്യതകൾ ഈ വിഭാഗങ്ങളിൽ പെടുന്നവർക്ക് ലഭ്യമാവുന്നതിനാവശ്യമായ പരിശീലനങ്ങളും തൊഴിൽമേളകളും സംഘടിപ്പിക്കുക.

31. നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നവരുടെ വൈദഗ്ദ്ധ്യ പരിശീലനം എൻ.ഐ.ടി യെയും സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിനേയും ഉപയോഗപ്പെടുത്തി നൽകുക.

32. വ്യവസായ വകുപ്പുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് പ്രാദേശികമായി അനുയോജ്യമായ മൈക്രോസംരംഭങ്ങൾ ആരംഭിക്കുക. ഇവർക്കാവശ്യമായ പരിശീലനത്തിനുള്ള പദ്ധതികൾ പട്ടികജാതി വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്രസഹായ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്.

33. പട്ടികജാതിക്കാർ ധാരാളമായി നിർമ്മാണ മേഖലയിൽ തൊഴിൽ എടുക്കുന്നുണ്ട്. ഇവരുടെ പ്രാവീണ്യം പ്രയോജനപ്പെടുത്തി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

34. നാടൻകലകൾക്കും സംഘങ്ങൾക്കും പ്രോത്സാഹനം നൽകുക.

35. തദ്ദേശഭരണ സ്ഥാപനതലത്തിൽ പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമാക്കണം വർക്കിംഗ് ഗ്രൂപ്പുകൾ നിരീക്ഷണ സമിതികളായി പ്രവർത്തിക്കണമെന്ന മാർഗ്ഗനിർദ്ദേശം കർശനമായി ഫലപ്രദമായി പാലിക്കണം.

ഏകോപന സാധ്യതകൾ

1. പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ സങ്കേത വികസന പരിപാടിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ കൂടി വകയിരുത്തി കോളനികളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതി കൾ തയ്യാറാക്കണം.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി

കുടിവെള്ള പദ്ധതി പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ എന്നിവ സംയോജിപ്പിച്ച് സങ്കേതതല കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുക.

3. എം.പി-മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ പട്ടികജാതി വിഹിതം, എം.എൽ.എ ഫണ്ട് എന്നിവ സംസ്ഥാന/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടുമായി സംയോജിപ്പിച്ച് പട്ടികജാതി അധിവാസ കേന്ദ്രങ്ങളുടെ ആസ്തി വികസനത്തിനുമുള്ള പദ്ധതികൾ തയ്യാറാക്കുക.

4. ജില്ലാ പഞ്ചായത്തിന് കീഴിൽ പട്ടികജാതി യുവതീ യുവാക്കളുടെ നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസന ത്തിനുമായി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ഒരു കമ്മ്യൂണിറ്റി സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുകയും വൈദഗ്ധ്യ വികസനം, മത്സര പരീക്ഷകൾക്കുള്ള പരിശീലനം, മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം എന്നിവക്കുള്ള പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.

5. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണുജല സംരക്ഷണം, റോഡ് വികസനം, കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ, കക്കൂസ്, തൊഴുത്ത് നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ ഏറ്റെടുക്കുക.

6. മാതൃകാ കോളനി നിർമ്മാണത്തിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സി.എസ്.ആർ ഫണ്ടുകളുടെയും ഏകോപന സാധ്യതകൾ ഉറപ്പു വരുത്തുക.

7. എൻ.ആർ.എൽ.എം., എൻ.യു.എൽ.എം., ഡി.ഡി.യു.ജി.കെ.വൈ., എം.കെ.എസ്.പി. തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ച് തൊഴിൽ നൈപുണ്യ വികസനവും തൊഴിൽ സംരംഭങ്ങളും ലഭ്യമാക്കുക.

നൂതന ആശയങ്ങൾ

1. സങ്കേതങ്ങളിൽ സോളാർ വൈദ്യുതീകരണം നടപ്പാക്കുകയും കെ.എസ്.ഇ.ബി.യുമായി ഗ്രിഡ് ചെയ്യുകയും ചെയ്യുക.

2. തെരഞ്ഞെടുത്ത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സൗന്ദര്യ വൽക്കരണം നടത്തിയും ആധുനിക രീതി യിലുള്ള മാലിന്യ സംസ്ക്കരണ സംവിധാ നങ്ങൾ നടപ്പില്ലാക്കിയും മാതൃകാ കോളനി കളാക്കി മാറ്റുക.

3. പരമ്പരാഗത കലാരൂപങ്ങളുടെ സംഘങ്ങൾ ഉണ്ടാക്കി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പരിപാടി അവതരിപ്പിക്കുന്നതിനുള്ള പിൻതുണ യും സംവിധാനങ്ങളും ലഭ്യമാക്കുക.

പട്ടികവർഗ്ഗ വികസനം

പരിപ്രേക്ഷ്യം

1. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സമഗ്ര പരിപാടികൾ ആവിഷ്കരിക്കൽ.

2. പട്ടികവർഗ്ഗ സമൂഹത്തിന് സമഗ്ര പാർപ്പിട സംവിധാനം ഉറപ്പാക്കൽ.

3. തൊഴിലും വരുമാനവും ഉറപ്പാക്കി ജീവിത നിലവാരം മെച്ചപ്പെടുത്തൽ.

4. പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രത്യേക കർമ്മ പരിപാടികൾ.

5. നിരക്ഷരതാ നിർമ്മാർജ്ജന പ്രവർത്തനങ്ങളും തുടർവിദ്യാഭ്യാസ പ്രവർത്തികളും ശക്തി പ്പെടുത്തൽ.

6. യാത്രാസൗകര്യങ്ങളുൾപ്പെടെ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

7. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പോഷകാഹാരം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആശ്രയ പദ്ധതി കാര്യക്ഷമമാക്കി അംഗനവാടി തലത്തിൽ പരിപാടികൾ നടപ്പാക്കൽ.

8. ഗോത്രവർഗ്ഗ കലാരൂപങ്ങളും സാംസ്കാരിക പരിപാടികളും സംരക്ഷിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. തികച്ചും പിന്നോക്കാവസ്ഥയിലുള്ള ആദിവാസ ഊരുകളിൽ സോഷ്യൽ എഞ്ചിനീയറിങ്.

2. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവര ശേഖരണ ത്തിനും കാലാകാലങ്ങളിൽ പുതുക്കുന്നതിനും ആവശ്യമായ സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തുക.

3. തെരഞ്ഞെടുത്ത സങ്കേതങ്ങളെ മാതൃകാ സങ്കേതങ്ങളാക്കുകയും തുടർന്ന് എല്ലാ സങ്കേതങ്ങളെയും ആ നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യുക.
4. ആദിവാസി വിഭാഗങ്ങളുടെ ഭവന നിർമ്മാണം, ഭവന പൂർത്തീകരണം, പുതിയ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കുള്ള അധിക സാമ്പത്തിക സഹായങ്ങളും, സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങളും ലഭ്യമാക്കുക.
5. ജില്ലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുക.
6. സമുദായാടിസ്ഥാനത്തിൽ പ്രൊമോട്ടർമാരെ നിയമിക്കുക.
7. വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടികൾക്ക് പ്രത്യേകം അദ്ധ്യാപകരെ നിയോഗിക്കുക.
8. ഭവന നിർമ്മാണങ്ങൾക്കും സങ്കേതങ്ങളുടെ പുനക്രമീകരണത്തിനും സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കുക.
9. പട്ടികവർഗ്ഗക്കാർക്കായി സഞ്ചരിക്കുന്ന ക്ലിനിക്ക് ആരംഭിക്കുക.
10. ആശ്രയ പദ്ധതി പുനക്രമീകരിക്കുകയും ആവശ്യമായ ഭേദഗതിയും സാമ്പത്തിക സഹായവും ലഭ്യമാക്കൽ.
11. പ്രത്യേക സാക്ഷരതാ - തുടർ വിദ്യാഭ്യാസ പ്രവർത്തന പരിപാടികൾക്ക് തുടക്കം കുറിക്കുക.
12. ജില്ലയിൽ താമരശ്ശേരി, വടകര താലൂക്കുകളിൽ നിയമസഹായ സംവിധാനം ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ലൈഫ് മിഷൻ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
2. ഘട്ടം ഘട്ടമായി സങ്കേതങ്ങളുടെ നവീകരണവും മാതൃകാസങ്കേതങ്ങളുടെ രൂപീകരണവും സൗന്ദര്യവൽകരണവും നടത്തുക.
3. ശുചിത്വ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി ടോയ് ലറ്റുകൾ, മാലിന്യ പരിപാലന സംവിധാനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.
4. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണവും, ഉച്ച ഭക്ഷണവും, സായാഹ്ന ലഘുഭക്ഷണവും ലഭ്യമാക്കുക.
5. ആശ്രയ പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണവും മേൽനോട്ടവും ഉറപ്പാക്കുക.
6. ശുദ്ധമായ കുടിവെള്ളവും വൈദ്യുതിയും എല്ലാ വീടുകളിലും ഉറപ്പുവരുത്തുക.
7. ഒറ്റപ്പെട്ടു കഴിയുന്ന കുടുംബങ്ങളെ ഭവനസമുച്ചയത്തിൽ താമസിപ്പിക്കുന്നതിനും, അവരുടെ മാനസിക-ശാരീരിക-ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിനോദത്തിനും പകൽവീടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള ഡയറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ എന്നിവയുടെ സഹകരണത്തോടെ വൈവിധ്യമാർന്ന പരിപാടികൾ നടപ്പിലാക്കുക.
9. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവയിൽ നിന്ന് പൂർണ്ണമോചനം സാധ്യമാക്കുന്നതിന് വിമുക്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
10. ആദിവാസി വിഭാഗങ്ങളുടെ സമഗ്രമായ വിവരശേഖരണം നടത്തുക.
11. സമുദായം, സങ്കേതങ്ങളുടെ സൌകര്യങ്ങൾ, പരമ്പരാഗത രീതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.
12. കുടുംബാധിഷ്ഠിത പ്രോജക്ടുകൾ തയ്യാറാക്കി പ്രശ്നങ്ങൾ പരിഹരിക്കുക.
13. ഭവന സമുച്ചയങ്ങളോടനുബന്ധിച്ച് ഉപജീവന മാർഗ്ഗങ്ങൾ ഉറപ്പാക്കുക.
14. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
15. ഊരുകൂട്ടങ്ങളുടെ ശാക്തീകരണ പരിപാടികൾക്ക് തുടക്കം കുറിക്കുക.
16. കാവുകളെ സംരക്ഷിക്കുക.
17. വന്യമൃഗശല്യത്തിൽ നിന്നുള്ള സംരക്ഷണം ഏർപ്പെടുത്തുക.
18. തൊഴിലുറപ്പ് പദ്ധതിയിൽ അർഹരായ മുഴുവൻ വ്യക്തികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

19. സങ്കേതങ്ങളുടെ അടിസ്ഥാന സൌകര്യ വികസനത്തിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തുക.

20. കുടുംബശ്രീ അയൽകൂട്ടങ്ങളുടെ രൂപീകരണം.

21. വിനോദസഞ്ചാര മേഖലയിൽ ഗോത്രവിഭാഗ കലാരൂപങ്ങളും സാസ്കാരികപരിപാടികളും സംഘടിപ്പിക്കുക.

22. കോളനികളിലേക്ക് ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഏകോപന സംയോജന സാധ്യതകൾ

1. പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമ്മാണം, ഭവനപൂർത്തീകരണം, ഭവന സമുച്ചയങ്ങളുടെ നിർമ്മാണം എന്നിവ വകുപ്പ് തലത്തിലും തദ്ദേശ ഭരണ തലത്തിലും മറ്റ് ഏജൻസികൾ മുഖേനയും ഉള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

2. വിദഗ്ധ തൊഴിൽ പരിശീലനങ്ങളും, തൊഴിൽ യൂണിറ്റുകളും വിപണന സൗകര്യങ്ങളുമായി സംയോജിപ്പിക്കുക.

3. സങ്കേതങ്ങളുടെ സൗന്ദര്യവൽകരണം, വികസനം, പട്ടികവർഗ്ഗ കലാമേളകൾ എന്നിവ തദ്ദേശ ഭരണ സ്ഥാപന തലത്തിലും വകുപ്പുതല ത്തിലും സംയോജിപ്പിക്കുക.

4. പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങളെ കിർത്താഡ്സ് (KIRTADS) പ്രവർത്തന പരിപാടികളുമായി സമന്വയിപ്പിക്കുക.

5. വിനോദസഞ്ചാര മേഖലയിൽ ഗോത്രവിഭാഗ കലാരൂപങ്ങളും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുക.

നൂതന ആശയങ്ങൾ

പട്ടികവർഗ്ഗ വിഭാഗത്തിന്റെ തൊഴിൽ, വരുമാനം, വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വിനോദം എന്നിവക്കായി പരിശീലന കേന്ദ്രം ആരംഭിക്കുക.

വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻറർ എന്നീ വിഭാഗങ്ങളുടെ വികസനം

കുട്ടികൾ

വികസന പരിപ്രേക്ഷ്യം

1. കുട്ടികളുടെ സമഗ്ര വിവരാടിത്തറ തയ്യാറാക്കി അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ മേഖലകളിൽപെടുന്ന ഇവരുടെ അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ട് ജില്ലയെ ബാലസൗഹൃദമാക്കുക.
2. നിലവിലുള്ള പൊതു ഇടങ്ങൾ ശാക്തീകരിച്ചും, ഇല്ലാത്തിടങ്ങളിൽ പുതിയവ നിർമ്മിച്ചും ജില്ലയിൽ ബാല സൗഹൃദ പൊതു ഇടങ്ങൾ ഉറപ്പുവരുത്തൽ.
3. അംഗണവാടികൾ, സ്കൂളുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, ബഡ്സ് സ്കൂൾ തുടങ്ങിയ കുട്ടികൾക്കുള്ള സ്ഥാപനങ്ങൾ ശാക്തീകരിക്കുക.
4. കളിസ്ഥലം, പാർക്ക്, വായനശാല തുടങ്ങിയ ബാലസൗഹൃദ പൊതുഇടങ്ങൾ മെച്ചപ്പെടുത്തുക.
5. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്കായി പരിചരണ പാക്കേജ്.
6. ബാലസഭ, ജാഗ്രതാസമിതി, കുട്ടികളുടെ ഗ്രാമസഭ, കൗമാര ക്ലബുകൾ, സ്കൂൾ ക്ലബുകൾ തുടങ്ങിയ കുട്ടികൾക്കായുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കൽ.
7. കുട്ടികൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുക.
8. കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം ശക്തിപ്പെടുത്തുക.
9. മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ അംഗണവാടികളും സ്കൂളുകളും കുട്ടികളുടെ മാനസികവും വൈകാരികവുമായ വികസനാവശ്യങ്ങൾ മുൻനിർത്തി ശാസ്ത്രീയമായ ആധുനികവൽകരണം.
2. സ്വന്തം കെട്ടിടത്തിന് സ്ഥലമില്ലാത്ത ഇടങ്ങളിൽ സ്കൂളുകളിൽ അംഗനവാടി പ്രവർത്തനം. ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
3. പെൺഭ്രൂണഹത്യയ്ക്കെതിരെ ബോധവൽകരണവും നിയമനടപടികളും സ്വീകരിക്കുക.
4. വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കണം.
5. ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക

(ജൈവ വൈവിധ്യ പാർക്ക്, ചിത്രങ്ങൾ, ശുചിത്വ സ്ഥലങ്ങൾ, പുന്തോട്ടം, കളിസ്ഥലം, കോഴിവളർത്തൽ, ലാബ്, ലൈബ്രറി തുടങ്ങിയവ).

6. കുട്ടികളുടെ യാത്രാ പ്രശ്നം, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പോലീസ്, എക്സൈസ് എന്നിവയുടെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുക.

7. SPC, JRC തുടങ്ങിയ കുട്ടികളുടെ സംവിധാനങ്ങളെ ശക്തിപ്പെടുത്തുക.

8. കുട്ടികളുടെ അവകാശങ്ങൾ, സംരക്ഷണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് അവബോധ ബോർഡുകൾ പ്രധാനപ്പെട്ട സ്ഥലങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

9. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തലും മോണിറ്ററിംഗും

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയെ ബാലസൗഹൃദ ജില്ലയാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

2. പ്രാദേശിക തലത്തിൽ കുട്ടികളുടെ വിവര ശേഖരണം നടത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളും പ്രശ്ന പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി കുട്ടികളുടെ വികസന രേഖ തയ്യാറാക്കുക.

3. 100% ജനന രജിസ്ട്രേഷൻ ഉറപ്പുവരുത്തുക.

4. 100% പ്രതിരോധ ചികിത്സ ഉറപ്പുവരുത്തുക.

5. ശിശു മരണ നിരക്ക് കുറച്ച് കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ.

6. എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ഉറപ്പാക്കണം

7. അംഗനവാടികൾ ശിശുസൗഹൃദമാക്കുക.

8. അംഗനവാടികൾക്ക് പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ നൽകണം.

9. ശുദ്ധജല ലഭ്യത, ശൗചാലയ ശുചിത്വ സംവിധാനങ്ങൾ ഉറപ്പുവരുത്തുക.

10. കുട്ടികളുടെ സമഗ്ര വികസനം ഉറപ്പു വരുത്തുന്നതിന് ആരോഗ്യകരവും അപകട രഹിതവുമായ സ്കൂൾ സംവിധാനങ്ങൾ ഉറപ്പുവരുത്തുക.

11. കുട്ടികളെ കൈകാര്യം ചെയ്യുന്ന രക്ഷിതാക്കൾ, അധ്യാപകർ, അംഗണവാടി വർക്കർമാർ, ഹെൽപ്പർമാർ തുടങ്ങിയവർക്കെല്ലാം ശിശു പരിചരണത്തിൽ പരിശീലനം നൽകുക.

12. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗുണമേന്മയുള്ള സേവനം ഉറപ്പുവരുത്തുക.

13. ആരോഗ്യ സ്ഥാപനങ്ങൾ ബാലസൗഹൃദ മാക്കുക.

14. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ചൈൽഡ് റിസോഴ്സ് സെന്റർ, ചൈൽഡ് ഹെൽപ്പ് ഡെസ്ക്ക് എന്നിവ സ്ഥാപിക്കുക.

15. അപകട സാധ്യത (റിസ്ക്ക് ഫാക്ടർ) നിലനൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി ആവശ്യമായ മുൻകരുതൽ എടുക്കുക.

16. കുട്ടികൾക്കായുള്ള പ്രാദേശിക സുരക്ഷാ പദ്ധതികൾ തയ്യാറാക്കുക (ലോക്കൽ ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ പ്ലാൻ).

17. ചൈൽഡ് പ്രൊട്ടക്ഷൻ പ്ലാൻ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള സംവിധാനം പ്രാദേശിക തലത്തിൽ ഉണ്ടാക്കുക.

18. ജാഗ്രതാസമിതി ശക്തിപ്പെടുത്തുക.

19. വീടുകൾ ശിശുസൌഹൃദമാക്കുന്നതിനെപ്പറ്റി രക്ഷിതാക്കൾക്ക് എഫക്ടീവ് പാരന്റിംഗിൽ പരിശീലനം നൽകുക.

20. വിദ്യാർത്ഥികളുടെ സുരക്ഷിത യാത്ര ഉറപ്പു വരുത്തുക.

21. പെൺകുട്ടികൾക്ക് സ്വയംരക്ഷ മാർഗ്ഗങ്ങളിൽ പരിശീലനം നൽകുക.

22. കുട്ടികളുടെ മാനസികാരോഗ്യം ശക്തി പ്പെടുത്തുക.

23. കുട്ടികളുടെ പോഷണ നിലവാരവും കായിക ക്ഷമതയും ഉറപ്പുവരുത്തുക.

24. ശൈശവ കാല, ബാല്യകാല പരിചരണം ഉറപ്പുവരുത്തുക.

25. കുട്ടികൾക്ക് പരിചരണവും പിന്തുണയും ഉറപ്പുനൽകുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കുക.

26. കുട്ടികളുടെ അവകാശങ്ങൾ നിയമാനുസൃതം

സംരക്ഷിക്കുക.

27. സ്കൂളുകൾക്ക് സമീപം സീറോ സോൺ പ്രഖ്യാപനം.

28. മദ്യം, മയക്കുമരുന്ന്, മൊബൈൽ ദുരുപയോഗം എന്നിവയ്ക്കെതിരെ ബോധവൽക്കരണം.

29. കുട്ടികൾക്കും രക്ഷിതാക്കൾക്കും പഞ്ചായത്തു തലത്തിലും സ്കൂൾതലത്തിലും കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കുക.

30. ബാലഗ്രാമസഭ, ബാലപാർലമെന്റ് എന്നിവ സംഘടിപ്പിക്കുക.

31. ബാലസഭ, കൗമാര ക്ലബുകൾ, സ്കൂൾ ക്ലബുകൾ എന്നിവ ശാക്തീകരിക്കുക.

32. കളി സ്ഥലങ്ങൾ, ലൈബ്രറികൾ, പാർക്കുകൾ എന്നിവ ആവശ്യത്തിന് സ്ഥാപിക്കുക.

33. എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

34. പ്രാദേശിക തലത്തിൽ കുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിക്കുക.

35. കുട്ടികളുടെ തീയേറ്റർ, ക്ലബുകൾ, ഫിലിം ക്ലബുകൾ എന്നിവ രൂപീകരിക്കുക.

36. കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം ചിത്രീകരിക്കുന്ന ലഘുനാടകങ്ങൾ, ഷോർട്ട് ഫിലിമുകൾ എന്നിവ തയ്യാറാക്കുക.

ഏകോപന സംയോജന സാദ്ധ്യതകൾ

1. അമ്മമാരുടെയും കുട്ടികളുടെയും പോഷണ ആരോഗ്യ സംരക്ഷണത്തിനായുള്ള കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുക (ജനനി ശിശു സുരക്ഷാ കാര്യക്രമം, സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് പദ്ധതി (VIP), ICDS, THRS, കണ്ടീഷണൽ മെറ്റേണിറ്റി ബൌണ്ടിംഗ് സ്കീം സാമൂഹ്യസുരക്ഷാ മിഷൻ പദ്ധതികൾ തുടങ്ങിയവ).

2. നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും ഉപയോഗിച്ച് കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും പ്രസ്തുത സംവിധാനങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക. (ജുവൈനൽ ജസ്റ്റീസ് ആക്ട്, pocso, ബാല കൗമാരവേല നിരോധന നിയമം വിദ്യാഭ്യാസ അവകാശനിയമം, PCPNDT ആക്ട് തുടങ്ങിയ നിയമങ്ങൾ, കേരളസംസ്ഥാന ബാലാവകാശ കമ്മീഷൻ, സ്പെഷൽ ജുവൈനൽ പോലീസ് യൂണിറ്റ്, ജുവൈനൽ ജസ്റ്റീസ് ബോർഡ് ചൈൽഡ് വെൽഫയർ കമ്മിറ്റികൾ, ബാല സംരക്ഷണസമിതികൾ, ചൈൽഡ് ലൈൻ പോലീസ് എക്സൈസ് ഐസിഡിഎസ് തുടങ്ങിയ സംവിധാനങ്ങൾ).

3. നവകേരളമിഷന്റെ ഭാഗമായുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് പ്രീസ്ക്കൂളുകൾ, സ്ക്കൂളുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് മികവും മെച്ചപ്പെടുത്തുക.

4. അടിസ്ഥാന സൗകര്യവികസനത്തിന് കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം.എൽ.എ, എം.പി ഫണ്ടുകൾ, എസ്.എസ്.എ സി.എസ്.ആർ ഫണ്ടുകൾ തൊഴിലുറപ്പു പദ്ധതി, പൂർവ്വവിദ്യാർത്ഥികൾ, പി.ടി.എ എന്നിവയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.

5. കുട്ടികൾക്കായുള്ള വിവിധ പദ്ധതികൾ (കേന്ദ്രാവിഷ്കൃത സംസ്ഥാനാവിഷ്കൃത) ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുക (ഏക പെൺകുട്ടി സ്കോളർഷിപ്പ്, ആർ.ബി.എസ്.കെ, താലോലം, കാരുണ്യ ബെനവലന്റ് ഫണ്ട്, ആർ.എസ്.ബി.വൈ, നിരാമയ, സ്നേഹപൂർവ്വം, പുനർജനി, ഐ.സി.ഡി.എസ് തുടങ്ങിയവ).

6. വനിത കമ്മീഷൻ, പോലീസ് എന്നിവയുടെ സഹായത്തോടെ ജാഗ്രത സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ, ബാല വിവാഹം ഇല്ലാതാക്കൽ.

7. പോലീസ്, എക്സൈസ്, കുടുംബശ്രീ, എസ്.പി.സി, ജെ.ആർ.സി തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിച്ച് മദ്യം, മയക്ക് മരുന്ന് എന്നിവക്കെതിരെയുള്ള ക്യാമ്പയിൻ, തുടർ പ്രവർത്തനങ്ങൾ എന്നിവ നടത്തുക. ലഹരിവിമുക്ത മേഖല പ്രഖ്യാപനം.

8. നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയുടെയും എൻ.എച്ച്.എം-ന്റെയും, എം.എൽ.എ, എം.പി ഫണ്ടുകളുടെയും സാധ്യത ഉപയോഗിച്ച് ഹെൽത്ത് സെന്ററുകൾ രോഗീസൗഹൃദവും, കുടുംബാരോഗ്യ കേന്ദ്രങ്ങളുമാക്കി മാറ്റി മാറ്റുക, പി.എച്ച്.സിയിൽ

ബാലസൗഹൃദ സമീപനം ഉറപ്പുവരുത്തുക.

9. എൻ.എച്ച്.എം-ന്റെയും, വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടെ സ്ക്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.

10. ഹരിതകേരളമിഷൻ, ടോട്ടൽസാനിറ്റേഷൻ പ്രോഗ്രാം തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെ മാലിന്യമുക്ത വിദ്യാലയം പദ്ധതി നടപ്പിലാക്കുക. ഇതോടൊപ്പം ജൈവ കൃഷിയിലൂടെ വിഷ രഹിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുക.

11. മോട്ടോർ വെഹിക്കിൾ, പോലീസ് വകുപ്പുകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹായത്തോടെ കുട്ടികളുടെ സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ.

12. സ്പോർട്സ് കൌൺസിൽ, തൊഴിലുറപ്പ് പദ്ധതി എം.എൽ.എ, എം.പി ഫണ്ടുകൾ തുടങ്ങിയവയുടെ കളിസ്ഥലങ്ങൾ നിർമ്മിച്ച് കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കൽ.

ഭിന്നശേഷിക്കാരുടെ വികസനം

വികസന പരിപ്രേക്ഷ്യം

1. ജില്ലയിലെ ഭിന്നശേഷിക്കാരുടെ സമ്പൂർണ്ണ വിവരാടിത്തറ തയ്യാറാക്കുക. സർട്ടിഫിക്കറ്റ് സമയബന്ധിതമായി ലഭ്യമാക്കുക.

2. ഭിന്നശേഷിക്കാർ ഉൾപ്പെടുന്ന ഓരോ കുടുംബത്തിന്റേയും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന DPR (Detailed Project Report) അഗതി ആശ്രയ മോഡലിൽ തയ്യാറാക്കുക.

3. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസ പദ്ധതി തയ്യാറാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ആധുനിക സൗകര്യത്തോട് കൂടിയ മൊബൈൽ വൈദ്യസഹായ ക്ലിനിക്കുകൾ ആരംഭിക്കുക.

2. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണ നിയമം സംബന്ധിച്ച് വിപുലമായ ബോധ വൽകരണ പരിപാടികൾ സംഘടിപ്പിക്കുക.

3. കുടുംബ പിന്തുണയില്ലാത്ത ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുവാൻ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കും സഹായികൾക്കും സൗജന്യ യാത്രാസൗകര്യം ഏർപ്പെടുത്തുക.

5. ഡിസെബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ലഭ്യമാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഭിന്നശേഷി കുടുംബങ്ങളുടെ സമഗ്ര സർവ്വെ നടത്തി ആശ്രയ മോഡൽ DPR തയ്യാറാക്കുക. വൈകല്യത്തിന്റെ തരമനുസരിച്ച് ഡാറ്റാ ബാങ്ക് തയ്യാറാക്കുക.

2. ഭിന്നശേഷി സൗഹൃദ ജില്ലയാക്കൽ.

3. സ്കൂളുകൾ, ആശുപത്രികൾ, ഓഫീസുകൾ തുടങ്ങിയവയെല്ലാം ഭിന്നശേഷി സൗഹൃദ മാക്കുക.

4. പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. ഭക്ഷണം, വസ്ത്രം, ആരോഗ്യം തുടങ്ങിയ പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കുക.

6. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് യഥാസമയം ലഭ്യമാക്കുക.

7. കിടപ്പിലായ ഭിന്നശേഷിക്കാർക്ക് പാലിയേറ്റീവ് കെയർ പരിചരണം ഉറപ്പു വരുത്തുക.

8. ഭിന്നശേഷിക്കാർക്ക് വൈകല്യത്തിന്റെ തരമനുസരിച്ച് ആവശ്യമായ സഹായക ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക.

9. ഭിന്നശേഷിക്കാർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള സ്വയംതൊഴിൽ പരിശീലനം, സംരംഭത്തിന് ധനസഹായം എന്നിവ ലഭ്യമാക്കുക. പരിശീലന കിറ്റുകൾ സൗജന്യമായി നൽകുക. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റ് ഉറപ്പു വരുത്തുക.

10. ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുക. നിലവിലുള്ള ബഡ്സ് സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കുക.

11. ആവശ്യമായ സ്ഥലങ്ങളിൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുക.

12. 18 വയസ്സിന് താഴെയുള്ള മുഴുവൻ ഭിന്നശേഷിക്കാരായ കുട്ടികൾക്കും ആരോഗ്യം,

വിദ്യാഭ്യാസം സുരക്ഷിതത്വം എന്നിവ ഉറപ്പു വരുത്തുക.

13. സ്കൂളിൽ ചേർന്ന് പഠിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് വീടുകളിൽ ചെന്ന് പരിശീലനം നൽകുക.

14. കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗും പരിശീലനവും നൽകുക.

15. ഭിന്നശേഷിക്കാർക്ക് നിലവിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള പരിപൂർണ്ണ സഹായവും പിന്തുണയും നൽകുക.

16. ഭിന്നശേഷിക്കാർക്കായി പകൽ വീടുകൾ ഒരുക്കൽ.

17. കുട്ടികൾക്കുള്ള സഹവാസ ക്യാമ്പുകൾ നടത്തുക.

18. സർഗ്ഗ കൂട്ടായ്മകൾ, പഠനയാത്രകൾ, വിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കുക.

19. ജില്ലയെ ഭിന്നശേഷി സൗഹൃദ ജില്ലയാക്കി മാറ്റുക.

ഏകോപന പദ്ധതികൾ

1. കോഴിക്കോട് ജില്ലയെ ഭിന്നശേഷി സൗഹൃദ ജില്ലയാക്കൽ. സാമൂഹ്യ നീതി വകുപ്പ് (ലീഡ് ഏജൻസി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

ഭിന്നലിംഗക്കാർ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭിന്നലിംഗക്കാർക്ക് തുടർച്ചയായ കൗൺസിലിംഗിലൂടെ ജീവിതത്തിലെ ക്ലേശകരമായ സാഹചര്യങ്ങളെ അതിജീവിക്കാനുള്ള ശേഷി ലഭ്യമാക്കുക.

2. താമസിക്കാൻ സൗജന്യ ഷെൽട്ടറുകൾ സ്ഥാപിക്കുക.

3. തൊഴിൽ ലഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഭിന്നലിംഗക്കാരുടെ വിവരശേഖരണം നടത്തുക.

2. ഭിന്നലിംഗക്കാരെ മുഖ്യധാരയുമായി സമന്വയിപ്പിക്കൽ.

3. ഭിന്ന ലിംഗ സൗഹൃദ ജില്ലയാക്കൽ.

4. ഇവർക്ക് നൈപുണ്യ വികസനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

5. ഇവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക.

6. തുടർ വിദ്യാഭ്യാസത്തിന് സൗകര്യമേർപ്പെടുത്തുക.

7. സമൂഹത്തിനും കുടുംബത്തിനും ബോധവൽകരണവും കൗൺസിലിംഗും നടത്തി ഇവരെ സ്വീകരിക്കാനും അംഗീകരിക്കാനുമുള്ള സാഹചര്യം ഉറപ്പു വരുത്തുക.

8. കലാ-കായിക രംഗത്ത് പരിശീലനം നൽകുകയും ക്ലബുകൾ, തിയേറ്റർ ഗ്രൂപ്പുകൾ, ഫിലിം സൊസൈറ്റി എന്നിവ രൂപീകരിക്കുകയും ചെയ്യുക.

ഏകോപന പദ്ധതികൾ

1. ഭിന്ന ലിംഗ സൗഹൃദ ജില്ലയാക്കൽ - സാമൂഹ്യ നീതി വകുപ്പ്, (ലീഡ് ഏജൻസി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനം.

വനിതക്ഷേമം

വികസന പരിപ്രേക്ഷ്യം

1. കോഴിക്കോട് ജില്ലയെ സ്ത്രീ സൗഹൃദ ജില്ലയാക്കി മാറ്റുക.

2. സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക.

3. വിദ്യാഭ്യാസ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുക.

4. പീഢനം, അതിക്രമം എന്നിവ തടയുക.

5. വിവേചനം തടയുന്നതിനുള്ള പരിപാടികൾ.

6. സ്ത്രീ ശാക്തീകരണത്തിനായുള്ള പരിപാടികൾ.

7. പൊതുയിടങ്ങൾ സ്ത്രീ സൗഹൃദമാക്കൽ.

8. പൊതു വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പക്ഷസമീപനം.

9. സ്ത്രീകൾ നേരിടുന്ന പ്രത്യേക സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക പ്രശ്നങ്ങൾ

കണ്ടെത്തി പരിഹരിക്കുക.

10. സ്ത്രീകളുടെ കല, കായിക, സാഹിത്യ അഭിരുചികൾ പ്രോത്സാഹിപ്പിക്കുക.

11. ജാഗ്രത സമിതി ശക്തിപ്പെടുത്തൽ.

12. കുടുംബശ്രീ സംവിധാന ശാക്തീകരണം.

13. സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക പദവി ഉയർത്തുക.

14. സാമൂഹ്യനീതി ഉറപ്പുവരുത്തുക.

15. സ്ത്രീകളുടെ ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുക.

16. പ്രത്യേക പരിഗണന അർഹിക്കുന്ന സ്ത്രീകളുടെ പുനരധിവാസം (വിധവകൾ, ഭിന്നശേഷിക്കാർ, അഗതികൾ, പീഢനത്തിന് ഇരയായവർ, മാനസിക രോഗികൾ എന്നിവർ).

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിന് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഉറപ്പാക്കുക.

2. ജാഗ്രതാസമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള നിയമ നിർമ്മാണവും വിലയിരുത്തൽ സംവിധാനവും ഉറപ്പാക്കുക.

3. അംഗൻവാടികളെ സ്ത്രീശാക്തീകരണ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.

5. ലിംഗസമത്വത്തിനും സ്ത്രീകളുടെയും, പെൺകുട്ടികളുടെയും ശാക്തീകരണത്തിനും വേണ്ടിയുള്ള നയങ്ങൾ പ്രഖ്യാപിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയെ സ്ത്രീ സൗഹൃദ ജില്ലയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ.

2. പൊതു ഇടങ്ങൾ സ്ത്രീസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.

3. വ്യക്തിഗതമായും ഗ്രൂപ്പായും തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായവും, പിന്തുണയും മാർക്കറ്റിംഗ് സപ്പോർട്ടും നൽകുക.

4. തൊഴിലുറപ്പ് പദ്ധതിയിൽ പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുക.

5. പ്രാദേശികമായി ലഭ്യമാകുന്ന തൊഴിലുകൾ കണ്ടെത്തി വനിതകൾക്ക് ലഭ്യമാക്കുക.

6. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്ലറ്റുകൾ, നാപ്കിൻ വെന്റിംഗ് മെഷീൻ, നാപ്കിൻ ഇൻസിനേറ്റർ എന്നിവ ലഭ്യമാക്കുക.

7. കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരവും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക.

8. പ്രീ-മാരേജ് കൗൺസിലിംഗ് കൗമാര പ്രായക്കാർക്കുള്ള കൗൺസിലിംഗ് എന്നിവ ഒരു സ്ഥിരം സംവിധാനമെന്ന് നിലയിൽ നടത്തി വനിതകളുടെ മാനസികാരോഗ്യം സംരക്ഷിക്കുക.

9. കുടുംബശ്രീ സംഘടന സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നിരന്തര പരിശീലനവും പിന്തുണയും ഉറപ്പുവരുത്തുക. തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും, നിലവിലുള്ളവ മെച്ചപ്പെടുത്തുന്നതിനും സഹായം നൽകുക.

10. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള സാമൂഹ്യ പിന്തുണ ഉറപ്പു വരുത്തുക.

11. ജാഗ്രത സമിതികൾ ശക്തിപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇല്ലാത്ത പ്രദേശമാക്കി മാറ്റുക.

12. ജാഗ്രതാ സമിതിയിൽ എം.എസ്.ഡബ്ല്യു യോഗ്യതയുള്ള ഒരാളെ നിയമിച്ച് കൗൺസിലിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുക.

13. സ്ത്രീ സംരക്ഷണത്തിനായുള്ള നിയമങ്ങൾ സംബന്ധിച്ച് സ്ത്രീകൾക്കും സമൂഹത്തിനും അറിവ് നൽകുക. നിയമ പിന്തുണ ഉറപ്പു വരുത്തുക.

14. ഗാർഹിക പീഢനം ഒഴിവാക്കുന്നതിനുള്ള നിയമ പിന്തുണയും ബോധവൽക്കരണവും നടത്തുക.

15. മദ്യം, മയക്കുമരുന്ന് എന്നിവക്ക് എതിരെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

16. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ബോധ വൽക്കരണവും നിയമസഹായവും നൽകുക.
17. സ്ത്രീധനം, ബാലവിവാഹം എന്നിവ തടയുക.
18. ക്രൈം മാപ്പിംഗ് നടത്തുക.
19. സ്ത്രീപദവികളെ കുറിച്ച് പഠനം നടത്തുക.
20. സ്ത്രീകൾക്കും പെൺകുട്ടികൾക്കും കായിക ക്ഷമത ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
21. കരാട്ടേ, യോഗ, നീന്തൽ, സൈക്കിളിംഗ് തുടങ്ങിയവയിൽ പരിശീലനം കൊടുക്കുക.
22. വിധവകളുടെ പുനരധിവാസം നടത്തുക.
23. യാത്രാവേളകളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നം പരിഹരിക്കുക.
24. മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുക.
25. സ്ത്രീകളുടെ കലാസാംസ്ക്കാരിക പ്രവർത്ത നങ്ങൾ പ്രോത്സാഹിപ്പിക്കുക.

വയോജനക്ഷേമം

വികസന പരിപ്രേക്ഷ്യം

1. ജില്ലയെ വയോജന സൗഹൃദമാക്കി മാറ്റുക.
2. വയോജനങ്ങളെ സംബന്ധിച്ച വിവര ശേഖരണം നടത്തുക.
3. വയോജനങ്ങളുടെ സുരക്ഷിതത്വം ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കുക.

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ആരോഗ്യപരിപാലന സൗകര്യങ്ങൾ വയോജന ങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആരോഗ്യവകുപ്പു മായി സഹകരിച്ച് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുക.
2. വാർദ്ധക്യകാലം സുഖകരമാക്കുന്നതിന് ആരോഗ്യകാലത്തു തന്നെ ഏതെങ്കിലും മെഡിക്കൽ ഇൻഷൂറൻസ് അംഗമാകുന്നത് പ്രോത്സാഹിപ്പിക്കുക.
3. ദീർഘകാല രോഗങ്ങളും മാരക രോഗങ്ങളും പിടിപ്പെട്ട വൃദ്ധരെ ശുശ്രൂഷിക്കുന്നതിനു വേണ്ടി പ്രത്യേക സംരക്ഷണാലയങ്ങൾ സ്ഥാപിക്കുക.
4. സ്ക്കൂൾ കോളേജ് തലത്തിൽ തന്നെ മുതിർന്നവരെ സംരക്ഷിക്കേണ്ട ആവശ്യ കതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയെ വയോജന സൗഹൃദ ജില്ലയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടു ക്കൽ.
2. ആവശ്യമായ സഹായക ഉപകരണങ്ങൾ ലഭ്യമാക്കുക.
3. പരിചരണം ആവശ്യമായവരെ പാലിയേറ്റീവ് കെയർ പോക്കേജിൽ കൊണ്ടുവരിക.
4. വയോജന ഗ്രാമസഭ വിളിച്ചു ചേർക്കുക.
5. ആയുർവേദം, യോഗ, ഹോമിയോ എന്നിവ സംയോജിപ്പിച്ച് ആരോഗ്യ പരിചരണം ഉറപ്പുവരുത്തുക.
6. വയോജനങ്ങളെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക.
7. പകൽവീട് ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.
8. വാർദ്ധക്യകാല പരിചരണത്തിൽ ശാസ്ത്രീയ മായ പരിശീലനം നൽകുക.
9. യുവതലമുറയെ മുതിർന്നവരുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
10. നിരാശ്രയരായ വയോജനങ്ങശക്ക് അംഗനവാടികൾ മുഖേന പോഷകാഹാരം ലഭ്യമാക്കുക.
11. പിഎച്ച്സികളിൽ ജെറിയാട്രിക് ഡോക്ടർമാ രുടെ സേവനം ലഭ്യമാക്കുക. വയോജനങ്ങ ൾക്ക് പ്രത്യേകം സൗകര്യം ഏർപ്പെടുത്തുക.
12. വയോജനങ്ങൾക്കായി ആരോഗ്യ സുരക്ഷ പദ്ധതികൾ നടപ്പിലാക്കുക.
13. വയോജന നയവും കർമ്മപരിപാടിയും രൂപീകരിക്കുക.
14. വയോജനങ്ങൾക്ക് സൗജന്യ നിരക്കിൽ പ്രഷർ, ഷുഗർ എന്നിവ വീടുകളിൽ ചെന്ന് പരിശോധിക്കുന്നതിന് മൊബൈൽ സംവിധാനം ഏർപ്പെടുത്തുക.

15. വയോജന ഹെൽപ്പ് ഡസ്ക്ക് സ്ഥാപിക്കുക.

16. ഒറ്റപ്പെടൽ, മാനസിക സമ്മർദ്ദം അതിജീവിക്കുന്നതിന് കൗൺസിലിംഗ് ഏർപ്പെടുത്തുക.

17. സൗജന്യ നിയമസഹായം ലഭ്യമാക്കുക.

18. സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത സ്കീമുകൾ വഴി വയോജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

19. വയോജനങ്ങളുടെ പരാതി കേൾക്കുക, പരിഹരിക്കാൻ സഹായിക്കുക, തർക്കങ്ങൾ പരിഹരിക്കുക, നിയമസഹായം ലഭ്യമാക്കുക, തുടങ്ങിയ കാര്യങ്ങൾക്കായി വയോജന സഹായസമിതികൾ രൂപീകരിക്കുക.

20. വയോജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും, അവകാശ സംരക്ഷണത്തിനുള്ള നിയമ പരിരക്ഷയും സംബന്ധിച്ച് വിപുലമായ പ്രചരണവും ബോധവൽക്കരണവും നടത്തുക.

21. വയോജന ക്ലബുകൾ രൂപീകരിച്ച് പ്രവർത്തിക്കുക, വയോജന കൂട്ടായ്മകൾ സംഘടിപ്പിക്കുക, കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരം കൊടുക്കുക.

22. വയോജനങ്ങളുടെ സേവനം നാടിന്റെ നന്മക്ക് ഉപയോഗപ്പെടുത്തുന്നതിനായി വിവിധ സംഘടനാ സംവിധാനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

23. വയോജനങ്ങൾക്ക് അവരുടെ ശാരീരികവും മാനസികവുമായ ക്ഷമത അനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

24. സഹായ സമിതികളും മേൽനോട്ട സമിതികളും രൂപീകരിക്കുക.

ജില്ലാ പദ്ധതി കോഴിക്കോട് – 2018

ക്രമ നമ്പർ	ഉപസമിതി	ചെയർമാൻ	കൺവീനർ/ജോ. കൺവീനർമാർ
1.	ആമുഖം	ശ്രീ.ബാബു പറശ്ശേരി ഡി.പി.സി.ചെയർമാൻ	ഡെ.ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്
2.	വിഭവ ലഭ്യത	ശ്രീ.ബാബു പറശ്ശേരി ഡി.പി.സി.ചെയർമാൻ	ജില്ലാ പ്ലാനിംഗ് ഓഫീസർ
3.	വികസനത്തിന്റെ സ്ഥലമാനങ്ങൾ	ശ്രീ.ബാബു പറശ്ശേരി ഡി.പി.സി.ചെയർമാൻ	ടൗൺ പ്ലാനിംഗ് ഓഫീസർ
4.	കൃഷി	ശ്രീ.പി.ജി.ജോർജ്ജ് മാസ്റ്റർ ഡി.പി.സി. മെമ്പർ	പ്രിൻസിപ്പൽ കൃഷി ഓഫീസർ
5.	ജലസേചനം, മണ്ണ് സംരക്ഷണം	ശ്രീമതി.റീന മുണ്ടേങ്കാട്ട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്	എക്സിക്യൂട്ടീവ് എഞ്ചിനിയർ (ഇറിഗേഷൻ ഡിവിഷൻ) ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ
6.	മൃഗസംരക്ഷണം	ശ്രീമതി.മീരദർശക് ഡെപ്യൂട്ടി മേയർ	ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡെ.ഡയറക്ടർ, ക്ഷീരവികസനവകുപ്പ്
7.	മത്സ്യ വികസനം	ശ്രീമതി.എം.പി.അജിത ഡി.പി.സി. മെമ്പർ	ഡെ.ഡയറക്ടർ, ഫിഷറീസ്
8.	പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, വനവികസനം	പ്രൊഫ.പി.ടി.അബ്ദുൾലത്തീഫ് ഡി.പി.സി.ഗവ.നോമിനി	ജില്ലാ ഫോറസ്റ്റ് ഓഫീസർ
9.	വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരഭങ്ങൾ	പ്രൊഫ.പി.ടി.അബ്ദുൾലത്തീഫ് ഡി.പി.സി.ഗവ.നോമിനി	ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം
10.	ആരോഗ്യം	അഡ്വ.കെ.സത്യൻ, ഡി.പി.സി. മെമ്പർ	ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം, ഹോമിയോ, ആയുർവേദം)
11.	കുടിവെള്ളം, ശുചിത്വം	ശ്രീ.ആർ.ബാലറാം ഡി.പി.സി. മെമ്പർ	എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ
12.	പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷതത്വം	ശ്രീ.അഹമ്മദ് പുന്നക്കൽ, ഡി.പി.സി. മെമ്പർ	പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണം
13.	വിദ്യാഭ്യാസം, സംസ്കാരം	ശ്രീ.രാധാകൃഷ്ണൻ മാസ്റ്റർ ഡി.പി.സി. മെമ്പർ	ഡെ.ഡയറക്ടർ, വിദ്യാഭ്യാസം
14.	കായികം, യുവജനകാര്യം	ശ്രീ.രാധാകൃഷ്ണൻ മാസ്റ്റർ ഡി.പി.സി. മെമ്പർ	ജില്ലാ യൂത്ത് വെൽഫെയർ ഓഫീസർ/ സെക്രട്ടറി, സ്പോർട്സ് കൗൺസിൽ
15.	ഊർജ്ജം	ശ്രീമതി.റീന മുണ്ടേങ്ങാട്ട് ഡി.പി.സി മെമ്പർ	ഡെ.ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി
16.	ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം	ശ്രീമതി.സുജാത മനയ്ക്കൽ ഡി.പി.സി. മെമ്പർ	എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്/ ജില്ലാ ടൂറിസം ഓഫീസർ
17.	പട്ടികജാതി	ശ്രീ.എ.എം.വേലായുധൻ ഡി.പി.സി. മെമ്പർ	ജില്ലാ പട്ടികജാതി വികസന ഓഫീസർ
18.	പട്ടികവർഗ്ഗം	ശ്രീമതി.പി.ഭാനുമതി ഡി.പി.സി. മെമ്പർ	ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ
19.	വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെന്റർ വിഭാഗം എന്നിവയുടെ വികസനം	ശ്രീമതി.രജനി തടത്തിൽ ഡി.പി.സി.മെമ്പർ	ജില്ലാ സാമൂഹ്യനീതി ഓഫീസർ

ജില്ലാ പദ്ധതി റിപ്പോർട്ട് ക്രോഡീകരണം

1.	ഡോ.സാബു വർഗ്ഗീസ് (ഡെ.ജില്ലാ പ്ലാനിംഗ് ഓഫീസർ)
2.	ശ്രീ. പ്രസാദൻ.എം (റിസർച്ച് ഓഫീസർ)
3.	ശ്രീമതി. ഷംസീന.ടി.പി (റിസർച്ച് അസിസ്റ്റന്റ്)
4.	ശ്രീമതി. ബിന്ദുലത.സി (റിസർച്ച് അസിസ്റ്റന്റ്)
5.	ശ്രീ. ദിലീപ്കുമാർ.കെ.കെ (റിസർച്ച് അസിസ്റ്റന്റ്)
6	പ്രൊഫ.ടി.പി.കുഞ്ഞിക്കണ്ണൻ
7.	പ്രൊഫ.കെ.ശ്രീധരൻ
8.	ശ്രീ.കെ.ശശീന്ദ്രൻ
9.	അഡ്വ.കെ.കെ.രാജൻ
10.	ശ്രീ.പി.കെ.ബാലകൃഷ്ണൻ
11.	ശ്രീ.എ.കെ.പീതാംബരൻ
12.	ശ്രീ.പി.രാജൻ
13.	ശ്രീ.വി.മോയി
14.	ശ്രീ.കെ.കെ.അരവിന്ദാക്ഷൻ
15.	ശ്രീ.മനോജ് കൊയപ്ര
16.	ശ്രീമതി. സരിത.സി.ടി (ഡാറ്റാ എൻട്രി ഓപ്പറേറ്റർ)

അനുബന്ധം 1.1

സംസ്ഥാനത്തിന്റെയും ജില്ലയിലേയും നഗര - ഗ്രാമ ജനസംഖ്യ

വർഷം		റൂറൽ ജനസംഖ്യ			അർബൻ ജനസംഖ്യ			ആകെ ജനസംഖ്യ			അർബൻ ജനസംഖ്യ(%)
		ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	
1961	കേരളം	14349574	7079168	7270406	2554141	1282759	1271382	16903715	8361927	8541788	15.11
	കോഴിക്കോട്	1023894	507986	515908	379519	191402	188117	1403413	699388	704025	27.04
1971	കേരളം	17880926	8852350	9028576	3466449	1735501	1730948	21347375	10587951	10759524	16.24
	കോഴിക്കോട്	1260164	627482	632682	561570	281555	280015	1821734	909037	912697	30.83
1981	കേരളം	20682405	10167417	10514988	4771275	2360350	2410925	25453680	12527767	12925913	18.74
	കോഴിക്കോട്	1635033	807535	827498	610232	303874	306358	2245265	1111409	1133856	27.18
1991	കേരളം	21418224	10512788	10905436	7680294	3776207	3904087	29098518	14288995	14809523	26.39
	കോഴിക്കോട്	1615444	796383	819061	1004497	496382	508115	2619941	1292765	1327176	38.34
2001	കേരളം	23574449	11451282	12123167	8266925	4017332	4249593	31841374	15468614	16372760	25.96
	കോഴിക്കോട്	1777974	863632	914342	1101157	535726	565431	2879131	1399358	1479773	38.25
2011	കേരളം	17471135	8408054	963081	15934926	7619358	8315568	34406061	16027412	17378649	47.7
	കോഴിക്കോട്	1013721	484784	5258937	2072572	986158	1086414	3086293	1470942	1615351	67.15

സ്രോതസ്സ്: 2011 സെൻസസ് പ്രസിദ്ധീകരണം

അനുബന്ധം 1.2

ജില്ലയിലെ വയസ്സ് അടിസ്ഥാനത്തിലുള്ള ഗ്രാമ- നഗര ജനസംഖ്യ

വയസ്സ്	ആകെ - ജില്ല			റൂറൽ			അർബൻ		
	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ
1	2	3	4	5	6	7	8	9	10
6 വയസ്സിനു താഴെ	286558	145486	141072	97792	49719	48073	188766	95767	92999
6 മുതൽ 15 വയസ്സുവരെ	513463	262526	250937	172866	88432	84434	340597	174094	166503
16 മുതൽ 59 വയസ്സുവരെ	1922433	897633	1024800	626757	293351	333406	1295676	604282	691394
60 വയസ്സിനു മുകളിൽ	360880	163737	197143	115353	52798	62555	245527	110939	134588
വയസ്സ് പറയാത്തവർ	2959	1560	1399	953	484	469	2006	1076	930
ആകെ	**3086293**	**1470942**	**1615351**	**1013721**	**484784**	**528937**	**2072572**	**986158**	**1086414**

സ്രോതസ്സ്: 2011 സെൻസസ്

അനുബന്ധം 1.3

ജില്ലയിലെ പ്രായം അടിസ്ഥാനത്തിലുള്ള ജനസംഖ്യ

പ്രായം	ആകെ-ജില്ല			റൂറൽ			അർബൻ		
	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ
1	2	3	4	5	6	7	8	9	10
0 to 4	236427	119951	116476	80643	40980	39663	155784	78971	76813
5 to 9	247158	125979	121179	83866	42791	41075	163292	83188	80104
10 to 14	266107	136111	129996	89460	45746	43714	176647	90365	86182
15 to 19	245547	125167	120380	82117	42037	40080	163430	83130	80300
20 to 24	246515	116838	129677	81059	38966	42093	165456	77872	87584
25 to 29	245890	109469	136421	80920	36261	44659	164970	73208	91762
30 to 34	234874	104571	130303	76750	34100	42650	158124	70471	87653
35 to 39	242221	106829	135392	78717	34467	44250	163504	72362	91142
40 to 44	222484	102379	120105	71506	32582	38924	150978	69797	81181
45 to 49	210002	98203	111799	67758	31392	36366	142244	66811	75433
50 to 54	170780	82899	87881	54915	27069	27846	115865	55830	60035
55 to 59	154449	77249	77200	49704	25111	24593	104745	52138	52607
60 to 64	127863	63245	64618	39254	19533	19721	88609	43712	44897
65 to 69	86813	39360	47453	27708	12516	15192	59105	26844	32261
70 to 74	60549	27251	33298	19153	8752	10401	41396	18499	22897
75 to 79	41629	17021	24608	13806	5709	8097	27823	11312	16511
80 to 84	23946	9358	14588	8133	3363	4770	15813	5995	9818
85 to 89	13725	5153	8572	4833	1932	2901	8892	3221	5671
90 to 94	4496	1609	2887	1705	687	1018	2791	922	1869
95 to 99	1318	486	832	536	206	330	782	280	502
100 നുമുകളിൽ	541	254	287	225	100	125	316	154	162
വയസ്സ് പറയാത്തവർ	2959	1560	1399	953	484	469	2006	1076	930
ആകെ	**3086293**	**1470942**	**1615351**	**1013721**	**484784**	**528937**	**2072572**	**986158**	**1086414**

അനുബന്ധം 1.4

കോഴിക്കോട് ജില്ലയുടെ പ്രൊജക്ടഡ് പോപ്പുലേഷൻ

ബ്ലോക്ക്/ മുനി/ കോർപ്പറേഷൻ	ജനസംഖ്യ (സെൻസസ്)		പ്രൊജക്ടഡ് പോപ്പുലേഷൻ								
	2001	**2011**	**2015**	**2016**	**2017**	**2018**	**2019**	**2020**	**2021**	**2022**	**2023**
വടകര	123016	131576	135165	136077	136995	137920	138851	139788	140732	141682	142638
തൂണേരി	135116	145884	150428	151586	152752	153928	155113	156307	157510	158723	159944
കുന്നുമ്മൽ	189745	198156	201624	202500	203381	204265	205152	206044	206940	207839	208743
തോടന്നൂർ	127467	136354	140080	141027	141981	142941	143908	144881	145861	146847	147840
മേലടി	80091	84272	86005	86444	86885	87328	87773	88221	88671	89124	89578
പേരാമ്പ്ര	159273	166946	170118	170920	171726	172536	173350	174167	174989	175814	176643
ബാലുശ്ശേരി	231767	245392	251064	252502	253949	255403	256866	258338	259818	261306	262803
പന്തലായനി	104575	110158	112474	113060	113650	114243	114838	115437	116039	116644	117252
കൊടുവള്ളി	219016	242935	253219	255857	258523	261216	263938	266688	269466	272274	275111
ചേളന്നൂർ	167124	187345	196103	198355	200634	202938	205270	207628	210013	212425	214865
കുന്നമംഗലം	296244	341818	361954	367170	372462	377830	383276	388800	394403	400087	405854
കോഴിക്കോട്	94516	110948	118295	120206	122148	124122	126128	128166	130237	132341	134480
പയ്യോളി .മുനി	45917	49470	50967	51348	51732	52119	52509	52902	53298	53697	54098
കൊടുവള്ളി .മുനി	42694	48687	51313	51992	52679	53376	54082	54797	55521	56255	56999
മുക്കും .മുനി	35137	40670	43120	43755	44400	45054	45717	46391	47074	47768	48471
രാമനാട്ടുക്കര.മുനി	30440	35937	38404	39047	39701	40365	41041	41728	42427	43137	43859
ഫറോക്ക്.മുനി	50277	54074	55672	56079	56488	56901	57317	57736	58158	58583	59011
വടകര .മുനി	75847	75295	75075	75021	74966	74911	74856	74802	74747	74692	74638
കൊയിലാണ്ടി.മുനി	68982	71873	73063	73364	73665	73968	74273	74578	74885	75193	75503
കോഴിക്കോട് കോർപ്പറേഷൻ	601887	608503	611170	611838	612507	613177	613848	614520	615192	615865	616538
ആകെ	**2879131**	**3086293**	**3173273**	**3195398**	**3217678**	**3240113**	**3262704**	**3285453**	**3308361**	**3331428**	**3354656**

അനുബന്ധം 1.5

ജില്ലയെ സംബന്ധിച്ച പ്രധാന ജനന മരണ നിരക്കുകൾ

വർഷം	ജനന നിരക്ക്		മരണ നിരക്ക്		ശിശുമരണ നിരക്ക്		നിർജ്ജീവ ജനനനിരക്ക്		മാതൃമരണ നിരക്ക്	
	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം
2009	**18.39**	**16.16**	**7.09**	**7.08**	**18.50**	**8.48**	**9.24**	**6.05**	**0.14**	**0.19**
2010	**18.06**	**15.75**	**7.22**	**6.88**	**18.40**	**7.42**	**8.49**	**5.30**	**0.21**	**0.30**
2011	**19.01**	**16.75**	**7.54**	**7.32**	**17.67**	**7.53**	**8.75**	**4.92**	**0.01**	**0.18**
2012	**18.76**	**16.37**	**7.69**	**7.14**	20.33	**8.02**	**7.90**	**4.50**	**0.03**	**0.20**
2013	**18.61**	**15.88**	**8.14**	**7.70**	**18.22**	**7.22**	**9.56**	**5.15**	**0.09**	**0.36**
2014	**19.09**	**15.75**	**7.75**	**7.31**	**15.22**	**6.45**	**8.59**	**4.73**	**0.21**	**0.28**
2015	**18.60**	**15.13**	**7.87**	**7.40**	**14.49**	**5.91**	**9.65**	**4.75**	**0.12**	**0.17**

അനുബന്ധം 1.6

ജില്ലാവരുമാനം (2011-12 മുതൽ 2014-15 വരെ)

നെറ്റ് വാല്യു ആഡഡ്(അടിസ്ഥാന വിലയിൽ

അടിസ്ഥാന വർഷം : 2011-12 (രൂപ ലക്ഷത്തിൽ, പ്രതിശീർഷ വരുമാനം ഒഴികെ)

	സെക്ടർ	2011-12				2012-13			
		കറണ്ട് പ്രൈസ്		സ്ഥിര വിലയിൽ		കറണ്ട് പ്രൈസ്		സ്ഥിര വിലയിൽ	
		കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം
1	പ്രാഥമിക സെക്ടർ	219776	4266424	219776	4266424	266207	4325071	223809	4104417
2	ദ്വിതീയ സെക്ടർ	768801	8369967	768801	8369967	826869	9192005	771015	8580866
3	ത്രിതീയ സെക്ടർ	1393813	17390244	1393813	17390244	1621262	20518324	1507353	19042424
	ആകെ വാല്യു ആഡഡ്	2382390	30026634	2382390	30026634	2714338	34035399	2502177	31727708
	പ്രതിശീർഷ വരുമാനം (രൂപയിൽ)	76879	89628	76879	89628	86983	101097	80184	94242

	സെക്ടർ	2013-14 (Provisional)				2014-15 (Quick)			
		കറണ്ട് പ്രൈസ്		സ്ഥിര വിലയിൽ		കറണ്ട് പ്രൈസ്		സ്ഥിര വിലയിൽ	
		കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം	കോഴിക്കോട്	കേരളം
1	പ്രാഥമിക സെക്ടർ	308480	4652678	214115	3957035	380384	5028055	223783	3865749
2	ദ്വിതീയ സെക്ടർ	875194	9836365	768219	8658191	936827	10745771	778490	8976933
3	ത്രിതീയ സെക്ടർ	1829030	23662535	1602031	20623511	2072825	27070457	1748172	22584282
	ആകെ വാല്യു ആഡഡ്	3012704	38151578	2584395	33238738	3390037	42844283	2750444	35426964
	പ്രതിശീർഷ വരുമാനം (രൂപയിൽ)	95874	112767	82243	98246	107131	126013	86919	104198

സ്രോതസ്സ്: സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്

അനുബന്ധം 1.7

കോഴിക്കോട് ജില്ലയിലെ പ്രവാസികളുടെ എണ്ണവും താമസിക്കുന്ന രാജ്യങ്ങളും (2013)

ക്രമനം	രാജ്യത്തിന്റെ പേര്	എണ്ണം	ക്രമനം	രാജ്യത്തിന്റെ പേര്	എണ്ണം
1	യു.എസ്.എ	2362	12	ഒമാൻ	10853
2	കാനഡ	262	13	ഖത്തർ	26384
3	യു.കെ	768	14	ബഹ്റിൻ	18764
4	ജർമ്മനി	91	15	ഇറാക്ക്	44
5	മറ്റു യൂറോപ്യൻ രാജ്യങ്ങൾ	272	16	ഇറാൻ	33
6	നൈജീരിയ	51	17	സിങ്കപൂർ	367
7	ലിബിയ	26	18	മലേഷ്യ	301
8	മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾ	431	19	മറ്റ് ഏഷ്യൻ രാജ്യങ്ങൾ	792
9	സൗദ്യ അറേബ്യ	36443	20	ന്യൂസിലൻറ്	83
10	യു.എ.ഇ	49141	21	ഓസ്ട്രേലിയ	556
11	കുവൈറ്റ്	12567	22	മറ്റ് രാജ്യങ്ങൾ	641
				ആകെ	161236

അനുബന്ധം 1.8

ജില്ലയിലെ പ്രവാസികളുടെ ജോലി സംബന്ധിച്ച വിവരങ്ങൾ (2013)

ക്രമനം	തൊഴിൽ	എണ്ണം
1	ഡോക്ടർ	485
2	നഴ്സ്	1204
3	എഞ്ചിനിയർ	3156
4	ബാങ്ക് ജീവനക്കാർ	559
5	ഐ.ടി	2033
6	അദ്ധ്യാപകർ	608
7	മനേജർ	1251
8	ഡ്രൈവർ	20401
9	ബിസിനസ്സ്	10915
10	സെയിൽസ് മാൻ	22170
11	മറ്റുള്ളവർ	85214
	ആകെ	147996

സ്രോതസ്സ്: പ്രവാസി മലയാളി സെൻസസ് 2013

അനുബന്ധം 1.9

ജില്ലയിലെ വില്ലേജുകളുടെ പേരുവിവരങ്ങൾ

കോഴിക്കോട് താലൂക്ക്			
1	കസബ	31	കക്കാട്
2	കച്ചേരി	32	നീലേശ്വരം
3	പന്നിയങ്കര	33	ചാത്തമംഗലം
4	നഗരം	34	പുലക്കോട്
5	ഫറോക്ക്	35	കുരുവട്ടൂർ
6	രാമനാട്ടുകര	36	കൊടിയത്തൂർ
7	കടലുണ്ടി	37	മാവൂർ
8	കരുവൻ തുരുത്തി	38	കുറ്റിക്കാട്ടൂർ
9	ബേപ്പൂർ	39	മടവൂർ
10	പുതിയങ്ങാടി	**താമരശ്ശേരിതാലൂക്ക്**	
11	വളയനാട്	1	കൂടരഞ്ഞി
12	ചെറുവണ്ണൂർ	2	തിരുവമ്പാടി
13	ചേവായൂർ	3	നെല്ലിപ്പോയിൽ
14	നെല്ലിക്കോട്	4	കൊടുവള്ളി
15	ചെലവൂർ	5	പുത്തൂർ
16	എലത്തൂർ	6	കിഴക്കോത്ത്
17	തലകുളത്തൂർ	7	നരിക്കുനി
18	വേങ്ങേരി	8	രാരോത്ത്
19	കക്കോടി	9	കെടവൂർ
20	ഒളവണ്ണ	10	കോടഞ്ചേരി
21	ചേളന്നൂർ	11	പുതുപ്പാടി
22	കോട്ടൂളി	12	കൂടത്തായി
23	പന്തീരങ്കാവ്	13	കാന്തലാട്
24	കുന്നമംഗലം	14	വാവാട്
25	പെരുമണ്ണ	15	ഈങ്ങാപ്പുഴ
26	പെരുവയൽ	16	കിനാലൂർ
27	കുമാരനെല്ലൂർ	17	പനങ്ങാട്
28	താഴെക്കോട്	18	ശിവപുരം
29	കാക്കൂർ	19	ഉണ്ണികുളം
30	നന്മണ്ട	20	കട്ടിപ്പാറ

കൊയിലാണ്ടി താലൂക്ക്		വടകര താലൂക്ക്	
1	ഇരിങ്ങൽ	1	അഴിയൂർ
2	പയ്യോളി	2	ഒഞ്ചിയം
3	തിക്കോടി	3	ചോറോട്
4	മൂടാടി	4	ഏറാമല
5	വിയ്യൂർ	5	വടകര
6	പന്തലായനി	6	വില്ല്യാപ്പള്ളി
7	ചെങ്ങോട്ട്കാവ്	7	ആയഞ്ചേരി
8	ചേമഞ്ചേരി	8	കോട്ടപ്പള്ളി
9	തുറയൂർ	9	തിരുവള്ളൂർ
10	കീഴരിയൂർ	10	മണിയൂർ
11	അരിക്കുളം	11	പാലയാട്
12	കൊഴുക്കല്ലൂർ	12	നടക്കുതാഴെ
13	അത്തോളി	13	വേളം
14	ഉള്ളിയേരി	14	ചെക്യാട്
15	ബാലുശ്ശേരി	15	എടച്ചേരി
16	നടുവണ്ണൂർ	16	തൂണേരി
17	കോട്ടൂർ	17	നാദാപുരം
18	അവിടനല്ലൂർ	18	പുറമേരി
19	കായണ്ണ	19	കുന്നുമ്മൽ
20	കൂരാച്ചുണ്ട്	20	നരിപ്പറ്റ
21	കൂത്താളി	21	കായക്കൊടി
22	മേഞ്ഞാണ്യം	22	കുറ്റ്യാടി
23	എരവട്ടൂർ	23	കാവുലംപാറ
24	നൊച്ചാട്	24	മരുതോങ്കര
25	പാലേരി	25	വളയം
26	ചങ്ങരോത്ത്	26	വാണിമേൽ
27	ചെറുവണ്ണൂർ	27	വിലങ്ങാട്
28	മേപ്പയ്യൂർ	28	തിനൂർ
29	ചക്കിട്ടപാറ		
30	ചെമ്പനോട		
31	പേരാമ്പ്ര		

അനുബന്ധം 1.10

ജില്ലയിലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ വിസ്തൃതി (ച.കി.മി)

ക്രമനമ്പർ	പേര്	വിസ്തൃതി (ച.കി.മി)
ഗ്രാമപഞ്ചായത്ത്		
1	അരിക്കുളം	16.25
2	അത്തോളി	21.06
3	ബാലുശ്ശേരി	22.44
4	ചക്കിട്ടപ്പാറ	142.02
5	ചങ്ങരോത്ത്	30.24
6	ചേമഞ്ചേരി	16.76
7	ചെങ്ങോട്ട്കാവ്	13.6
8	ചെറുവണ്ണൂർ	21.62
9	കായണ്ണ	16.83
10	കീഴരിയൂർ	13.69
11	കൂരാച്ചുണ്ട്	87.98
12	കൂത്താളി	14.13
13	കോട്ടൂർ	28.96
14	മേപ്പയ്യൂർ	23.404
15	മൂടാടി	16.02
16	നടുവണ്ണൂർ	22.33
17	നൊച്ചാട്	23.64
18	പനങ്ങാട്	46.96
19	പേരാമ്പ്ര	26.3
20	തിക്കോടി	14.14
21	തുറയൂർ	10.48
22	ഉള്ളിയേരി	25.60
23	ഉണ്ണികുളം	38.26
24	ആയഞ്ചേരി	20.81
25	അഴിയൂർ	9.784
26	ചെക്യാട്	24.47
27	ചോറോട്	13.41

28	എടച്ചേരി	16.17
29	ഏറാമല	19.06
30	കാവിലുംപാറ	87.67
31	കായക്കൊടി	28.14
32	കുന്നുമ്മൽ	10.58
33	കുറ്റ്യാടി	15.22
34	മണിയൂർ	31.03
35	മരുതോങ്കര	29.68
36	നാദാപുരം	20.44
37	നരിപ്പറ്റ	50.63
38	ഒഞ്ചിയം	8.33
39	പുറമേരി	20.27
40	തിരുവള്ളൂർ	27.58
41	തൂണേരി	15.45
42	വളയം	31.08
43	വാണിമേൽ	36.53
44	വേളം	25.8
45	വില്യാപ്പള്ളി	17.35
46	ചാത്തമംഗലം	40.24
47	ചേളന്നൂർ	23.81
48	കടലുണ്ടി	11.83
49	കാക്കൂർ	20.38
50	കാരശ്ശേരി	28.54
51	കട്ടിപ്പാറ	40.44
52	കിഴക്കോത്ത്	19.84
53	കൂടരഞ്ഞി	98.21
54	കോടഞ്ചേരി	102.58
55	കൊടിയത്തൂർ	29.81
56	കുന്നമംഗലം	27.23
57	കുരുവട്ടൂർ	17.94
58	മടവൂർ	19.391
59	മാവൂർ	20.48
60	നന്മണ്ട	23.08
61	നരിക്കുനി	17.64

62	ഒളവണ്ണ	21.43
63	ഓമശ്ശേരി	25.46
64	പെരുമണ്ണ	13.45
65	പെരുവയൽ	26.39
66	പുതുപ്പാടി	64.75
67	തലക്കളത്തൂർ	21.54
68	താരമശ്ശേരി	27.17
69	തിരുവമ്പാടി	83.96
70	കടലുണ്ടി	11.83
മുനിസിപ്പാലിറ്റി		
1	വടകര	21.34
2	പയ്യോളി	22.34
3	കൊയിലാണ്ടി	29.05
4	മുക്കം	31.28
5	കൊടുവള്ളി	23.85
6	ഫറോക്ക്	13.38
7	രാമനാട്ടുകര	11.72
കോർപ്പറേഷൻ		
1	കോഴിക്കോട്	118.58

അനുബന്ധം 2.1

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ (2011 സെൻസസ്)

ക്രമനം	തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്	വീടുകളുടെ എണ്ണം	ജനസംഖ്യ			പട്ടികജാതി			പട്ടികവർഗ്ഗം			സാക്ഷരർ		
			ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
I	**വടകര**	**28182**	**131576**	**60595**	**70981**	**2602**	**1233**	**1369**	**254**	**114**	**140**	**111811**	**51946**	**59865**
1	ഒഞ്ചിയം	6289	28650	13224	15426	393	179	214	48	21	27	24615	11392	13223
2	ഏറാമല	7722	34658	15858	18800	801	367	434	50	22	28	29263	13606	15657
3	അഴിയൂർ	6082	30023	13595	16428	716	349	367	76	37	39	25466	11567	13899
4	ചോറോട്	8089	38245	17918	20327	692	338	354	80	34	46	32467	15381	17086
II	**തൂണേരി**	**32123**	**145884**	**68097**	**77787**	**2087**	**1048**	**1039**	**1770**	**896**	**874**	**117811**	**56855**	**60956**
1	വാണിമേൽ	5554	25412	12300	13112	135	76	59	1195	616	579	20425	10279	10146
2	വളയം	4136	18374	8799	9575	226	113	113	226	111	115	14936	7467	7469
3	പുറമേരി	6185	27612	12743	14869	530	250	280	43	23	20	22696	10753	11943
4	ചെക്ക്യാട്	5051	24246	11194	13052	303	163	140	220	112	108	18892	9020	9872
5	തൂണേരി	5212	23421	10693	12728	352	179	173	31	13	18	18729	8836	9893
6	എടച്ചേരി	5985	26819	12368	14451	541	267	274	55	21	34	22133	10500	11633
III	**കുന്നുമ്മൽ**	**45521**	**198156**	**93967**	**104189**	**4577**	**2242**	**2335**	**963**	**467**	**496**	**162859**	**79871**	**82988**
